GOVERNMENT OF TAMIL NADU

ഹയർ സെക്കൻഡറി രണ്ടാം വർഷം
HIGHER SECONDARY SECOND YEAR

ചരിത്രം
HISTORY

MALAYALAM MEDIUM

Department of School Education

Untouchability is Inhuman and a Crime

12th History_MAL_Index.indd 1 4/11/2023 3:22:16 PM

Government of Tamil Nadu

First Edition - 2021

Revised Edition - 2022, 2023

Reprint - 2024

(Published under new syllabus)

Content Creation

State Council of Educational
Research and Training

© SCERT 2021

Printing & Publishing

Tamil Nadu Textbook and Educational
Services Corporation

www.textbooksonline.tn.nic.in

എങ്ങനെ പുസ്തകം ഉപയോഗിക്കാം

പഠന ലക്ഷ്യങ്ങൾ — പാഠത്തിത്തിന്റെ വ്യാപ്തി അവതരിപ്പിക്കുന്നു.

ആമുഖം — പാഠത്തിൽ ചർച്ച ചെയ്യേണ്ട വിഷയം അവതരിപ്പിക്കൽ

ZNYP5 — പരീക്ഷണാത്മക പഠനം നേടുന്നതിനായി ആനിമേറ്റഡ് ഓഡിയോ വീഡിയോ എയ്ഡുകളിലേക്ക് വിദ്യാർത്ഥിയെ നയിക്കുന്നു

നിങ്ങൾക്ക് അറിയാമോ? — വിദ്യാർത്ഥിയുടെ ജിജ്ഞാസ ഇളക്കി വിടുന്നതിനായി ബോക്സുകളിൽ വിഷയവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ നൽകുന്നു

വിവരണ ചിത്രം — സങ്കീർണ്ണമായ ലളിതമാക്കാനും വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുള്ള ആശയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാനും ഉദ്ദേശിച്ചുള്ള വിഷ്വൽ പ്രാതിനിധ്യം

പ്രവർത്തനങ്ങൾ — വ്യക്തിഗതമായി അല്ലെങ്കിൽ ഗ്രൂപ്പുകളായി ചെയ്യുന്നതിലൂടെ പഠിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

സംഗ്രഹം — പ്രധാനപ്പെട്ട ആശയങ്ങൾ വിദ്യാർത്ഥികളെ ആകർഷിക്കുന്ന ഒന്നോ രണ്ടോ വരികളിലെ നിറത്തെ അനുസ്മരിപ്പിക്കും

പരിശീലനം — സ്വയം പഠനവും സ്വയം വിലയിരുത്തലും

ഉറവിട ഗ്രന്ഥങ്ങൾ — കൂടുതൽ വായനയ്ക്കായി പാഠ പുസ്തകങ്ങളുടെയും നെറ്റ് സ്രോതസ്സുകളുടെയും പട്ടിക

ഐസിടി കോർണർ — പഠനപ്രവർത്തനങ്ങൾക്കായി സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്, ഇത് വിദ്യാർത്ഥികൾക്ക് അവരുടെ പാഠങ്ങൾക്ക് പ്രസക്തമായ ഡിജിറ്റൽ ഉറവിടങ്ങൾ ആക്സസ് (വഴി) ചെയ്യാൻ പ്രാപ്തമാക്കുന്നു

12th History_MAL_Index.indd 3 4/11/2023 3:22:16 PM

ഉള്ളടക്കം

യൂണിറ്റ്	ഉള്ളടക്കം	പേജ് നമ്പർ	മാസം
1	ഇന്ത്യൻ ദേശീയതയുടെ ഉദയം	1	ജൂൺ
2	തീവ്ര ദേശീയ വാദത്തിന്റെ ഉദയവും സ്വദേശി പ്രസ്ഥാനവും	16	ജൂൺ
3	ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ഒന്നാം ലോക മഹായുദ്ധത്തിന്റെ സ്വാധീനം	31	ജൂൺ
4	ഗാന്ധിജിയുടെ ആഗമനവും ജനങ്ങളുടെ ഏകോപനവും	42	ജൂലൈ
5	സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളിലെ വിപ്ലവദേശീയതയുടെ കാലഘട്ടം	61	ജൂലൈ
6	ദേശീയവാദ രാഷ്ട്രീയത്തിലെ വർഗ്ഗീയത	73	ജൂലൈ
7	ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അവസാനഘട്ടം	84	ആഗസ്റ്റ്
8	കോളനി ആധിപത്യത്തുനു ശേഷം ഇന്ത്യയുടെ പുനർ നിർമ്മാണം	100	ആഗസ്റ്റ്
9	പുതിയ സാമൂഹ്യ സാമ്പത്തിക ക്രമം ആവിഷ്ക്കരിക്കൽ	115	ആഗസ്റ്റ് & സെപ്റ്റംബർ
10	ആധുനിക ലോകം: യുക്തിയുടെ യുഗം	130	ഒക്ടോബർ
11	വിപ്ലവങ്ങളുടെ കാലം	151	ഒക്ടോബർ
12	യൂറോപ്പ് പ്രക്ഷുബ്ദ്ധതയിൽ	176	ഒക്ടേബർ & നവംബർ
13	സാമ്രാജ്യത്വവും അതിന്റെ ആക്രമണവും	195	നവംബർ
14	രണ്ടാം ലോക മഹായുദ്ധവും കോളനിയുടെമേൽ അതിന്റെ സ്വാധീനവും	219	നവംബർ
15	രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ലോകം	244	ഡിസംബർ
	സമയരേഖ	265	

LF29M

ഇ ബുക്ക്

BC7ZE

വിലയിരുത്തൽ

12th History_MAL_Index.indd 4 4/11/2023 3:22:16 PM

യൂണിറ്റ്
1

ഇന്ത്യൻ ദേശീയതയുടെ ഉദയം

പഠന ലക്ഷ്യങ്ങൾ

വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടവ

- കാർഷിക വ്യവസ്ഥകളിലെ മാറ്റങ്ങളും ബ്രിട്ടീഷ് നിർമിത ഇറക്കുമതിയും ഇന്ത്യൻ കരകൗശല കൈതൊഴിൽ വർഗ്ഗത്തെ നശിപ്പിച്ചു
- കാലാകാലങ്ങളിൽ പൊട്ടിപുറപ്പെട്ട ക്ഷാമങ്ങൾ ഭൂരഹിതരായ തൊഴിലാളികളേയും കരകൗശല വിദഗ്ധരേയും കുടിയേറ്റക്കാരാക്കി
- ഇന്ത്യൻ ദേശീയതയുടെ ഉയർച്ചയ്ക്ക് കാരണമായ മറ്റ് ഘടകങ്ങൾ.
- പാശ്ചാത്യ വിദ്യാഭ്യാസം ആമുഖവും ദേശീയ ബോധത്തിന്റെ ഉദയവും നടപ്പിലാക്കിയതും
- ആദ്യകാല ദേശീയവാദികളും അവരുടെ സംഭാവനകളും, പ്രത്യേകിച്ച് നവറോജിയും അദ്ദേഹത്തിന്റെ സാമ്പത്തിക ചൂഷണസിദ്ധാന്തവും (Drain Theory)

ആമുഖം

ഇന്ത്യയെ മുൻപത്തേക്കാളും അധികമായി ചൂഷണം ചെയ്യാനും നിയന്ത്രണത്തിനുമായി ബ്രിട്ടീഷുകാർ നേടിയ ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ കേന്ദ്രീകരണം, അനിവാര്യമായും ദേശീയ ബോധത്തിന്റെ വളർച്ചയ്ക്കും ദേശീയ പ്രസ്ഥാനത്തിന്റെ ഉദയത്തിനും കാരണമായി. ഇന്ത്യയുടെ ദേശീയതയുടെ ചരിത്രം ആരംഭിക്കുന്നത് പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹ്യ പരിഷ്കാരങ്ങൾക്കായുള്ള പ്രചാരണങ്ങളും പോരാട്ടങ്ങളും തുടർന്ന് പാശ്ചാത്യ വിദ്യാഭ്യാസമുള്ള ഇന്ത്യാക്കാരുടെ ആവശ്യങ്ങളും പരാതികളും രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് കാരണമായി. 1915-ൽ ദക്ഷിണ ആഫ്രിക്കയിൽ നിന്ന് മോഹൻദാസ് കരംചന്ദ്ഗാന്ധി തിരിച്ചെത്തിയതോടെ 1919-ൽ ഇദ്ദേഹത്തിന്റെ ഇന്ത്യൻ പ്രസ്ഥാനത്തിന്റെ നേതൃത്വം ദേശീയതയെ ഒരു ബഹുജനഘട്ടത്തിലേക്ക് പ്രവേശിച്ചു.

വിശാലമായി പറഞ്ഞാൽ ദേശീയത എന്നാൽ ഒരു ജനതയോടുള്ള വിശ്വസ്തതയും ഭക്തിയും. ഒരു ജനതയെ മറ്റെല്ലാത്തിനേക്കാളും ഉയർത്തി കാട്ടുന്ന ഒരു ബോധമോ പ്രവണതയോ ആണ്. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് അതിന്റെ സംസ്ക്കാരത്തെയും താൽപര്യങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതാണ്.

ഗാന്ധിക്ക് മുൻപ്, പ്രമുഖ നേതാക്കളായ ദാദാഭായ് നവറോജി, ഗോപാലകൃഷ്ണ ഗോഖലെ, ബിപിൻ ചന്ദ്രപാൽ, ലാലാലജ്പത്റായ്, ബാല ഗംഗാധർതിലക്, തുടങ്ങിയവർ അവരുടെ ദേശീയ സ്വാതന്ത്ര്യത്തെക്കുറിച്ചും കൊളോണിയൽ ചൂഷണത്തക്കുറിച്ചും ഇന്ത്യക്കാരെ ബോധവൽക്കരണത്തിന് പ്രാരംഭശ്രമം നടത്തി. ഈ അധ്യായത്തിൽ, ഇന്ത്യൻ ദേശീയതയുടെ ഉൽഭവവും വളർച്ചയും നോക്കുമ്പോൾ, ആദ്യകാല ദേശീയവാദികൾ എന്നറിയപ്പെടുന്ന ഈ നേതാക്കളുടെ സംഭാവനയിൽ ഞങ്ങൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു.

1.1 സാമൂഹിക-സാമ്പത്തിക പശ്ചാത്തലം

(a) പുതിയ ഭൂവുടമാവകാശത്താൽ ഏർപ്പെട്ട ബാധിപ്പുകൾ

ഇന്ത്യൻ ഭൂമിയുടെ പരമ്പരാഗത അടിത്തറ ബ്രിട്ടീഷുകാർ നശിപ്പിച്ചു. ബ്രിട്ടീഷിന് മുമ്പുള്ള കാലത്ത് യഥാർത്ഥവിള കൃഷിക്കാരുമായി പങ്കിട്ടാണ് നടത്തിയിരുന്നത്. ബ്രിട്ടീഷുകാർ ഭൂവരുമാനം പൂർണ്ണമായി നിശ്ചയിച്ചു. വിളകളുടെ പരാജയം, വിളയിൽ ഉണ്ടായ ഇടിവ്, വരൾച്ച അല്ലെങ്കിൽ

വെള്ളപ്പൊക്കം എന്നിവയാൽ ബാധിപ്പുണ്ടായി. മാത്രമല്ല, കടം തീർക്കുന്നതിന് വിൽപ്പന ചെയ്യുന്ന രീതിയും ഏർപ്പെട്ടു. പലിശയ്ക്ക് കടം കൊടുക്കുന്നവർ ഭൂവുടമകൾക്ക് മുൻപണം കൊടുക്കാൻ പ്രോത്സാഹിപ്പിച്ചു.

ഈസ്റ്റ് ഇന്ത്യാ കമ്പനി നടപ്പിലാക്കിയ പുതിയ ഭൂവുടമ സമ്പ്രദായത്തിൽ രണ്ട് പ്രധാന പ്പെട്ട ബാധിപ്പുകൾ ഉണ്ടായിരുന്നു. ഇന്ത്യയിലെ ഭൂമിയുടെ ചരക്ക് വൽക്കരണവും വാണിജ്യ വൽക്കരണവും അവർ സ്ഥാപനവൽക്കരിച്ചു. നേരത്തെ സൂചിപ്പിച്ചതുപോലെ, ബ്രിട്ടീഷ് കാല ഘട്ടത്തിൽ ഭൂമിയിൽ സ്വകാര്യ സ്വത്തൊന്നും ഉണ്ടായിരുന്നില്ല. നികുതി/ വാടക അടക്കുന്നതിലേ ശാശ്വത സംവിധാനത്തിന് പകരമായി, ഭൂമി വാങ്ങുന്നതിലൂടെയോ വിൽക്കുന്നതിലൂടെയോ അല്ലെങ്കിൽ ഉടമസ്ഥരിൽ നിന്ന് ഭൂമി ഏറ്റെടുക്കു ന്നതിലൂടെയോ കൈമാറ്റം ചെയ്യാവുന്ന ഒരു ചരക്കായി മാറി. അത്തരം കേസുകളിൽ ഏറ്റെടുത്ത ഭൂമി മറ്റൊരു ലേലക്കാരന് ലേലം ചെയ്ത് കൊടുത്തു. ഇത് നഗരങ്ങളിൽ താമസിക്കുന്ന ഭൂവുടമകളുടെ ഒരു പുതിയ വർഗ്ഗം രൂപപ്പെട്ടു. യഥാർത്ഥത്തിൽ താമസിക്കാതെ ഭൂമിയിൽ നിന്ന് വരുമാനം നേടുകയും ചെയ്തു. പരമ്പരാഗത കാർഷിക സജ്ജീകരണത്തിൽ, ഗ്രാമീണർ തങ്ങളുടെ ഉപയോഗത്തിനായി വലിയതോതിൽ ഉല്പാദനം നടത്തി. അതിനുശേഷം പുതിയ ഭൂവുടമകൾക്ക് ഉല്പന്നങ്ങൾ പ്രധാനമായും വിപ ണിയിലായിരുന്നു.

ഭൂമിയുടെ ചരക്കുവൽക്കരണവും കാർഷിക വാണിജ്യവൽക്കരണവും കൃഷിക്കാരുടെ ജീവിത വും അവസ്ഥയും മെച്ചപ്പടുത്തിയില്ല. പകരം, ഇത് കർഷകർക്കിടയിൽ അസംതൃപ്തി സൃഷ്ടിക്കു കയും അവരെ സജീവമാക്കുകയും ചെയ്തു. ഈ കൃഷിക്കാർ പിന്നീട് സാമ്രാജ്യത്വത്തിനും അവരുടെ സഹകാരികൾക്കുമെതിരെ തിരിഞ്ഞു.

(b) നിയന്ത്രണമില്ലാത്ത വാണിജ്യതയും വ്യവസായ നശീകരണവും : ഇന്ത്യൻ കൈത്തൊഴിലിൽ ഉണ്ടായ ആഘാതം

ഇംഗ്ലണ്ടിൽ വ്യാവസായിക വിപ്ലവത്തെ തുട ർന്ന് കമ്പനി പിൻതുടർന്ന നയം എന്നത്, ഇന്ത്യയിൽ വ്യവസായ നശീകരണം ഉണ്ടായി. ഇത് ഒന്നാം ലോകമഹായുദ്ധംപൊട്ടിപുറപ്പെടുന്നതുവരെനീണ്ടു നിന്നു. ബ്രിട്ടീഷ് ഗവൺമെന്റ് നിയന്ത്രണമില്ലാത്ത വാണിജ്യനയം (laissez fire) പിൻതുടർന്നു. പരു ത്തി, ചണം, പട്ട് എന്നീ അസംസ്കൃത സാധനങ്ങൾ ബ്രിട്ടണിൽ കൊണ്ടുപോയി തൊഴിൽ അസംസ് കൃത വസ്തുക്കൾ വാങ്ങാനുള്ള സ്ഥലം എന്ന നിലയിൽ ഇന്ത്യ വ്യാവസായിക വിളകൾ ഏറ്റവും കൂടുതൽ കിട്ടുന്ന ഒന്നായി മാറി. സാങ്കേതികവിദ്യയുടെ സഹായത്തോടെ യു.കെ.യിൽ നിർമിച്ച ഉല്പന്നങ്ങൾ ഇന്ത്യൻ വിപണികളിൽ കുന്നുകൂടി. ഇറക്കുമതി ചെയ്ത തുണിത്തരങ്ങൾ ഇന്ത്യൻ കൈത്തറി തുണിത്തരങ്ങളെക്കാൾ കുറഞ്ഞവിലക്ക് ലഭ്യമായി. ബ്രിട്ടീഷുകാരുടെ വരവിനു മുൻപ് കൈത്തറി തുണിത്തരങ്ങളും കരകൗശല വസ്തുക്കളും ഇന്ത്യയിൽ പ്രശസ്തമായിരുന്നു. ലോകവിപണി യിലും ഇതിന് നല്ല മൂല്യമുണ്ടായിരുന്നു. എന്നിരു ന്നാലും, കോളനിവൽക്കരണത്തിന്റെ ഫലമായി ഇന്ത്യൻ കൈത്തറി, കരകൗശലവസ്തുക്കൾക്ക് ആഭ്യന്തര അന്താരാഷ്ട്ര വിപണികൾ ക്രമേണ നഷ്ടപ്പെട്ടു. പരുത്തി വസ്ത്രങ്ങൾ മരപണിക്കാർ, കൊല്ലപണിക്കാർ, ചെരിപ്പു നിർമ്മാണക്കാർ, കാർഷിക വിളകളായ ഇൻഡിഗോയും (നീലം) പരുത്തിപോലുള്ള നാണ്യവിളകളും ബ്രിട്ടീഷ് തൊഴിൽശാലകൾക്കുവേണ്ടി ജോലി ചെയ്യാൻ നിർബന്ധിതരായി. ഈ മാറ്റം മൂലം നൂറു കണക്കിനു വർഷങ്ങളായി മുഖ്യധാരയായിരുന്ന ഉപജീവനകൃഷി, ഭക്ഷ്യദൗർലഭ്യത്തിന് വഴി യൊരുക്കി.



ഇൻഡിഗോ കൃഷി

ബ്രിട്ടീഷ് ഇന്ത്യൻ കുടിയാന്മാരുടെ അടിച്ചമർത്തൽ നയത്തോടുള്ള ഇന്ത്യൻ കർഷകന്റെ പ്രതികരണങ്ങളിൽ ഒന്നാണ് 1859-60 ലെ ഇൻഡിഗോ കലാപം കൂടുതലും യൂറോപ്യന്മാരായ അവരുടെ തോട്ടക്കാർ ഇൻഡിഗോ വളർത്താൻ നിർബന്ധിതരായി. വസ്ത്രങ്ങൾ ചായം പൂശാൻ ഉപയോഗിച്ചത് ഇൻഡിഗോയ്ക്ക് യൂറോപ്പിൽ നല്ല ആവശ്യക്കാരായിരുന്നു. കുറഞ്ഞതുക മുൻകൂറായി സ്വീകരിച്ച് അന്യായമായ കരാറുകളിൽ ഏർപ്പെടാൻ കർഷകരെ നിർബന്ധിതരാക്കി. ഒരു കർഷകൻ കരാർ അംഗീകരിച്ചു കഴിഞ്ഞാൽ, തന്റെ ഭൂമിയിൽ ഇൻഡിഗോ വളർത്തുകയല്ലാതെമറ്റൊരു മാർഗ്ഗവുമില്ല. ഇൻഡിഗോയ്ക്ക് നൽകിയ വില മാർക്കറ്റ് വിലയെക്കാൾ വളരെ കുറവായിരുന്നു. പലതവണ കൃഷിക്കാർക്ക് അവരുടെ ഭൂമിയുടെ കുടിശിക പോലും നൽകാൻ കഴിഞ്ഞില്ല. അധികാരികൾ തങ്ങളുടെ ആശങ്കകൾ പരിഹരിക്കുമെന്ന് പ്രതീക്ഷിച്ച് കർഷകർ അധികാരികൾക്ക് നിരവധി നിവേദനങ്ങൾ എഴുതി സമാധാനപരമായ പ്രതിഷേധം സംഘടിപ്പിച്ചു. പരിഷ്കരണത്തിനായുള്ള അവരുടെ അപേക്ഷ വെറുതെ ആയപ്പോൾ, കൂടുതൽ മുന്നേറ്റങ്ങൾ സ്വീകരിക്കാനും പുതിയ കരാറുകളിൽ ഏർപ്പെടാനും അവർ വിസമ്മതിച്ചു. 1859-60 ലെ ഇൻഡിഗോ കലാപത്തിലൂടെ കൃഷിക്കാർക്ക് വടക്കൻ ബംഗാളിൽ നിന്ന് പിൻമാറാൻ തോട്ടക്കാരെ നിർബന്ധിക്കാൻ കഴിഞ്ഞു.

(c) ക്ഷാമങ്ങളും ഇന്ത്യക്കാർ കടൽകടന്ന് ബ്രിട്ടീഷുകാരുടെ കോളനികളിൽ കുടിയേറ്റവും

ക്ഷാമങ്ങൾ

ഇന്ത്യ വ്യാവസായികവൽക്കരിക്കപ്പെടുകയും കരകൗശല വസ്തുക്കളിൽ ഏർപ്പെട്ടിരിക്കുന്ന നെയ്ത്തുകാരെയും കരകൗശലത്തൊഴിലാളികളെയും തൊഴിലിൽനിന്ന് പുറത്താക്കുകയുംചെയ്തു. ഇന്ത്യയെന്നനിലയിൽജലസേചനത്തിന്റെഅവഗണനയും ഭൂമിയിൽ അടിച്ചേൽപ്പിച്ച നികുതിയും ആവർത്തിച്ചുള്ളക്ഷാമവുംഉണ്ടായി.ബ്രിട്ടീഷുകാരുടെവരവിനു മുമ്പ്, ഇന്ത്യൻ ഭരണാധികാരികൾ ക്ഷാമകാലത്ത് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ച് നികുതി ഇളവ് നൽകി, ധാന്യവില നിയന്ത്രിക്കുകയും ക്ഷാമം ബാധിച്ച പ്രദേശങ്ങളിൽ നിന്നുള്ള ഭക്ഷ്യവസ്തുക്കൾ കയറ്റുമതി നിരോധിക്കുകയും ചെയ്തു. എന്നാൽ ബ്രിട്ടീഷുകാർ അവരുടെ ഇടപെടൽ (ലെയ്സെസ് ഫെയർ) നയം ക്ഷാമം വരെ നീട്ടി. തൽഫലമായി ദശലക്ഷക്കണക്കിന് ആളുകൾ മരിച്ചു. 1770 നും 1900 നും ഇടയിൽ ഇരുപത്തിഅഞ്ചു ദശലക്ഷം ഇന്ത്യാക്കാർ ക്ഷാമത്തിൽ മരിച്ചുവെന്ന് കണക്കാക്കപ്പെടുന്നു. 1773-1900 കാലഘട്ടത്തിൽ മാത്രം ലോകമെമ്പാടുമുള്ള എല്ലാ യുദ്ധങ്ങളിലും ഏകദേശം 5 ദശലക്ഷം ആളുകൾ മരിച്ചുവെന്ന് മദ്രാസ് ടൈംസ് എഡിറ്റർ വില്യം സിഗ്ബി ചൂണ്ടികാട്ടി എന്നാൽ 1891 1920 നും ഇടയിൽ പത്തുവർഷത്തിൽ 19 ദശലക്ഷം (19 മില്യൺ) ആളുകൾ ഇന്ത്യയിൽ ക്ഷാമം കാരണം മരിച്ചു.



ഇന്ത്യ വ്യാവസായിക വൽക്കരിക്കപ്പെടുകയും നെയ്ത്തുകാരേയും കരകൗശല തൊഴിലാളികളേയും തൊഴിലിൽ നിന്ന് പുറത്താക്കു കയും ചെയ്തപ്പോൾ ജലസേചനത്തിന്റെ അവഗണനയും ഭൂമിയിൽ അടിച്ചമർത്തൽ നികുതിയും കാരണം ആവർത്തിച്ചുള്ള ക്ഷാമവും ഉണ്ടായി. ബ്രിട്ടീഷ് ഇന്ത്യൻ ഭരണാധികാരികളുടെ വരവിനു മുൻപ് നികുതിഇളവുനൽകി, ധാന്യവിലനിയന്ത്രിച്ച്, ക്ഷാമബാധിത പ്രദേശങ്ങളിൽ നിന്നുള്ള ഭക്ഷ്യകയറ്റുമതി നിരോധിച്ചുകൊണ്ട് ക്ഷാമകാലത്ത് ദേശീയവാദിയായ ദാദാഭായ് നവറോജിയെ പ്രേരിപ്പിച്ചു. രണ്ട് സീസണുകളുടെ പരാജയം 1876-78 കാലഘട്ടത്തിൽ മദ്രാസ് പ്രവിശ്യയിൽ കടുത്ത ക്ഷാമത്തിനു കാരണമായി. ഒറീസയിൽ പിൻതുടർന്നതിനു സമാനമായ ഒരു സമീപനമാണ് വൈസ്രോയ് ലിട്ടൺ സ്വീകരിച്ചത്. മദ്രാസ് പ്രവിശ്യയിൽ 3.5 ദശലക്ഷം ആളുകൾ മരിച്ചു.



മദ്രാസ് ക്ഷാമം

കരാർ തൊഴിലാളികൾ

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കോളനികളായ സിലോൺ (ശ്രീലങ്ക), മൗറീഷ്യസ്, ഫിജി, മലയ, കരീബിയൻ ദ്വീപുകൾ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ തോട്ടവിളകളായ കാപ്പി, തേയില, പഞ്ചസാര എന്നിവയ്ക്ക് ധാരാളം തൊഴിലാളികൾ ആവശ്യമായി വന്നു. 1815-ൽ മദ്രാസ് ഗവർണ്ണർക്ക് സിലോൺ ഗവർണ്ണറിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ചിരുന്നു. എന്നാൽ ബ്രിട്ടീഷുകാർ അവരുടെ ഇടപെടൽ (ലെയ്സെസ് ഫെയർ) നയം ക്ഷാമം ഉണ്ടാക്കി. തൽഫലമായി ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് ദശലക്ഷകണക്കിന് ആളുകൾ പട്ടിണി മൂലം മരിച്ചു. 1770 നും 1900 നും ഇടയിൽ 25 ദശലക്ഷം ഇന്ത്യക്കാർ ക്ഷാമത്താൽ മരിച്ചുവെന്ന് കണക്കാക്കപ്പെടുന്നു. 1793-1900 കാലഘട്ടത്തിൽ മാത്രം ലോകമെമ്പാടുമുള്ള എല്ലാ യുദ്ധങ്ങളിലും അഞ്ചു ദശലക്ഷം ആളുകൾ മരിച്ചുവെന്ന് മദ്രാസ് ടൈംസ് എഡിറ്റർ വില്യം ഡിഗ്ബി ചൂണ്ടിക്കാട്ടി. 1891-1900 വർഷങ്ങളിൽ 19 ദശലക്ഷം പേർ ഇന്ത്യയിൽ ക്ഷാമത്താൽ മരണമടഞ്ഞു. ആളുകൾ പട്ടിണിമൂലം മരിക്കുമ്പോൾ ദശലക്ഷ

കണക്കിന് ടൺ ഗോതമ്പ് ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്തു. ഉദാഹരണത്തിന് 1866-ലെ ഒറീസാ ക്ഷാമം ഒരു ദശലക്ഷം ആളുകൾ പട്ടിണികിടന്ന് മരണ മടഞ്ഞപ്പോൾ ബ്രിട്ടീഷുകാർ ഇരുന്നൂറ് ദശലക്ഷം പൗണ്ട് അരി ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്തു. ഇന്ത്യൻ ദാരിദ്ര്യത്തെക്കുറിച്ചുള്ള ആജീവനാന്ത അന്വേഷണം ആരംഭിക്കാൻ ഒറീസാ ക്ഷാമം കാരണമായി. വ്യവസായം അതിവേഗം വികസിക്കുകയും തമിഴ് തൊഴിലാളികളുടെ ആവശ്യം വർദ്ധിക്കുകയും ചെയ്തു. 1846-ൽ ഇതിന്റെ സാന്നിധ്യം 80,000 ആയി കണക്കാക്കുകയും 1855-ൽ 1,28,000 പേർ ആകുകയും ചെയ്തു. ക്ഷാമകാലമായ 1877-ൽ 380,000 തമിഴ് തൊഴിലാളികൾ സിലോണിൽ ഉണ്ടായിരുന്നു.



കരാറടിസ്ഥാനത്തിലുള്ള തൊഴിലാളികൾ

സിലോണിനു പുറമേ കടലിടുക്ക് വാസ സ്ഥലങ്ങൾ ദ്വീപുകളായ കരീബിയൻ ദ്വീപുകൾ ഫിജി, ട്രിനിഡാഡ്, ദക്ഷിണാഫ്രിക്ക തുടങ്ങിയ ബ്രിട്ടീഷ് കോളനികളിലേക്ക് പല ഇന്ത്യക്കാരും കരാർ തൊഴിലാളികളായ കുടിയേറാൻ തീരുമാനിച്ചു. 1843-ൽ 30218 പുരുഷന്മാരും 4307 സ്ത്രീകളും മൗറീഷ്യസിൽ കരാർ തൊഴിലാളികളായി പ്രവേശിച്ചതായി ഔദ്യോഗിക മായിറിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ 500,000 തൊഴിലാളികൾ മൗറീഷ്യസിലേക്ക് പോയി.

കരാർതൊഴിലാളികൾ: ഈ കരാർ നിയമം അനുസരിച്ച് തൊഴിലാളികളെ അഞ്ചുവർഷത്തേക്ക് നിയമിക്കുകയും അവസാനം അനുജ്ഞാപത്രം നൽകി സ്വദേശത്തേക്ക് മടങ്ങുകയും ചെയ്യാം. ധാരാളം ദാരിദ്രരായ കർഷകരും നെയ്ത്തുകാരും കുറച്ചു പണം സമ്പാദിക്കാമെന്ന പ്രതീക്ഷയിൽ പോയി. അത് അടിമപണിയേക്കാൾ മോശമായി മാറി. കൊളോണിയൽ ഭരണകൂടത്തിന്റെ അനുവാദത്തോടെ ഏജന്റുമാർ (കങ്കണികൾ) ഭൂമിയില്ലാത്ത ദരിദ്രരായ തൊഴിലാളികളെ കബിളിപ്പിക്കുകയോ തട്ടികൊണ്ടുപോകുകയോ ചെയ്തിരുന്നു. ഈ കടൽ യാത്രയിൽ കൂലിതൊഴിലാളികൾ അതിഭയങ്കരമായ ദുരിതമനുഭവിക്കുകയും ധാരാളം പേർ വഴിയിൽ വച്ചുതന്നെ മരിക്കുകയും ചെയ്തു. 1856 57 ൽ കൊൽക്കത്തയിൽ നിന്ന് ട്രിനിഡാഡിലേക്ക് പുറപ്പെട്ട കപ്പലിൽ വച്ച് മരിച്ചവരുടെ എണ്ണം താഴെ പറയുന്നു. പുരുഷൻമാരിൽ 12.3% വും, പെൺകുട്ടികളിൽ 36 ശതമാനവും, 55 ശതമാനം ശിശുക്കളും മരിച്ചു.

1.2 പാശ്ചാത്യ വിദ്യാഭ്യാസവും അതിന്റെ സ്വാധീനവും

(a) ബ്രിട്ടീഷുകാർക്ക് മുമ്പുള്ള ഇന്ത്യൻ വിദ്യാഭ്യാസം

ഇന്ത്യയിലെ വിദ്യാഭ്യാസം ബ്രിട്ടീഷുകാർക്ക് മുമ്പ് മതപരവും ജാതിപരവുമായ വിഭാഗങ്ങളാൽ വിഭജിക്കപ്പെട്ടു. ഹിന്ദുക്കളിൽ ഉയർന്ന മത-ദാർശനിക അറിവ് നേടാനുള്ള പ്രത്യേക പദവി ബ്രാഹ്മണർക്ക് ഉണ്ടായിരുന്നു. അവർ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുത്തകാവകാശം നേടി, സമൂഹത്തിൽ പ്രാഥമികമായി പുരോഹിതന്മാരും അധ്യാപകന്മാരും എന്ന നിലയിലായിരുന്നു. വിദ്യാലയം, ചതുസ്പതി തുടങ്ങിയ പ്രത്യേക സെമിനാരികളിൽ അവർ പഠിച്ചു. വിശുദ്ധഭാഷയായി കണക്കാക്കപ്പെട്ടിരുന്ന സംസ്കൃതമായിരുന്നു പ്രബോധന മാധ്യമം. സാങ്കേതിക പരിജ്ഞാനം - പ്രത്യേകിച്ച് വാസ്തുവിദ്യ, ലോകശാസ്ത്രം മുതലായവയുമായി ബന്ധപ്പെട്ട തൊഴിൽ പാരമ്പര്യമായി നിലനിന്നു. ഇത് നവീകരണത്തിന്റെ വഴിയിൽ വന്നു. ഈ സമ്പ്രദായത്തിന്റെ മറ്റൊരു പോരായ്മ സ്ത്രീകളേയും താഴ്ന്ന ജാതിക്കാരേയും മറ്റു പൂർവ്വികരായ ആളുകളേയും വിദ്യാഭ്യാസം നേടുന്നതിൽ നിന്ന് വിലക്കി എന്നതാണ്.

(b) കോളനിക്കാരുടെ സംഭാവന: മെക്കാളെയുടെ വിദ്യാഭ്യാസ സമ്പ്രദായം

ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസം വ്യാപിക്കുന്നതിന് കൊളോണിയൽ സർക്കാർ സഹായിച്ചു. ഇന്ത്യയെ പോലുള്ള ഒരു വലിയ കോളനി ഭരിക്കാൻ ബ്രിട്ടീഷുകാർക്ക് ധാരാളം ഉദ്യോഗസ്ഥർ ആവശ്യമായിരുന്നു. 1835-ൽ കൗൺസിൽ ഓഫ് ഇന്ത്യ പാസാക്കിയ ഇംഗ്ലീഷ് വിദ്യാഭ്യാസ നിയമം ഈ ലക്ഷ്യത്തോടെ ബ്രിട്ടനിൽ നിന്ന് ഇത്രയും വലിയ അളവിൽ ആവശ്യമുള്ള വിദ്യാഭ്യാസം നടപ്പിൽ വരുത്തുക എന്നത് ബ്രിട്ടീഷുകാർക്ക് അസാധ്യമായിരുന്നു. റ്റി.ബി.മെക്കാളെ ഇന്ത്യയിൽ ഈ വിദ്യാഭ്യാസ സമ്പ്രദായം അവതരിപ്പിച്ചു. തൽഫലമായി ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയിൽ സ്കൂളുകൾ, കോളേജുകൾ, യൂണിവേഴ്സിറ്റികൾ, എന്നിവ സ്ഥാപിച്ച് നവീന വിദ്യാഭ്യാസം നൽകി. ബോംബെ, മദ്രാസ്, കൊൽക്കത്ത എന്നിവിടങ്ങളിൽ 1857 വിദ്യാ സമ്പന്നരായ ഇന്ത്യാക്കാരുടെ വിഭാഗം ബ്രിട്ടീഷുകാരോടു വിശ്വസ്തരായിരിക്കുമെന്നും ബ്രിട്ടീഷുകാരുടെ തൂണുകളായി പ്രവർത്തിക്കുമെന്നും കൊളോണിയൽ സർക്കാർ പ്രതീക്ഷിച്ചു.



T.B. മെക്കാളെ

റ്റി.ബി. മെക്കാളെ 1834 മുതൽ 38 വരെ ഗവർണർ ജനറലിന്റെ ആലോചനാ സമിതിയിൽ ആദ്യത്തെ നിയമ അംഗമായി സേവനം അനുഷ്ഠിച്ചു. മെക്കാളെ ഇന്ത്യയിൽ വരുന്നതിനു മുൻപ് 1823-ൽ പൊതു വിദ്യാഭ്യാസ കാര്യത്തിലും പഠന മാധ്യമത്തിലും ഈസ്റ്റ് ഇന്ത്യ കമ്പനിയെ നയിക്കാനുള്ള ഉത്തരവാദിത്വത്തോടും പൊതു നിർദ്ദേശക കമ്മിറ്റി രൂപീകരിച്ചു. സമിതിയെ രണ്ടു ഗ്രൂപ്പുകളായി വിഭജിച്ചു. ഓറിയന്റിലിസ്റ്റ് ഗ്രൂപ്പ് പ്രാദേശിക ഭാഷകളിൽ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. ഇംഗ്ലീഷിൽ പാശ്ചാത്യ വിദ്യാഭ്യാസം നേടിയ ആംഗ്ലിസിസ്റ്റുകൾ മെക്കാളെ പക്ഷത്തായിരുന്നു.

1835-ൽ ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പ്രസിദ്ധമായ മിനിറ്റ് തയ്യാറാക്കി. ഈ മിനിറ്റിൽ അദ്ദേഹം ഇംഗ്ലീഷ് ഭാഷയിൽ പാശ്ചാത്യ വിദ്യാഭ്യാസത്തിനായി വാദിച്ചു. ആംഗ്ലിസിസ്റ്റുകളെ പിൻതുണയ്ക്കുന്നതിന് പിന്നിലെ അദ്ദേഹത്തിന്റെ ഉദ്ദേശ്യം, രക്തത്തിലും നിറത്തിലും ഇന്ത്യാക്കാരനായും, പക്ഷെ അഭിരുചിയും അഭിപ്രായവും ധാർമ്മികതയും ബുദ്ധിയുമുള്ള ഒരു വ്യക്തിയെ ഇന്ത്യയ്ക്കുള്ളിൽ നിന്ന് സൃഷ്ടിക്കാൻ അദ്ദേഹം ആഗ്രഹിച്ചു എന്നതാണ്.

ബ്രിട്ടീഷുകാർ വിദ്യാസമ്പന്നരായ ഒരു ഇന്ത്യൻ വർഗ്ഗത്തെ സ്വന്തം ലക്ഷ്യങ്ങൾക്കായി സൃഷ്ടിച്ചുവെങ്കിലും ബാബുവർഗ്ഗം എന്ന പേരിൽ അതിനെ പരിഹസിച്ചു. എന്നിരുന്നാലും ആവർഗ്ഗം തന്നെ ഇന്ത്യയുടെ പുരോഗമന ബുദ്ധി ജീവികളായി തീർന്നു. രാജ്യത്തിന്റെ വിമോചനത്തിനായി അണിനിരത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു.



മദ്രാസ് സർവ്വകലാശാല

(c) വിദ്യാസമ്പന്നരായ മധ്യവർഗ്ഗത്തിന്റെ പങ്ക്

ഒരുവശത്ത് സാമ്പത്തികവും ഭരണപരവുമായ പരിവർത്തനവും മറുവശത്ത് പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ വളർച്ചയും പുതിയ സാമൂഹിക വിഭാഗങ്ങളുടെ വളർച്ചയ്ക്ക് ഇടം നൽകി. ഈ സാമൂഹിക വിഭാഗങ്ങളിൽ നിന്ന് ഒരു ആധുനിക ഇന്ത്യൻ ബുദ്ധി ജീവികൾ ഉയർന്നു വന്നു. ഇന്ത്യൻ വ്യാപാര, കച്ചവട സമുദായങ്ങൾ, ഭൂവുടമകൾ, അഭിഭാഷകർ, ഡോക്ടർമാർ എന്നിവരടങ്ങുന്ന ബ്രിട്ടീഷ് രാജ് സൃഷ്ടിച്ച നവ-സാമൂഹിക വർഗ്ഗങ്ങൾ തുടക്കത്തിൽ കൊളോണിയൽ ഭരണത്തോട് നല്ല സമീപനം സ്വീകരിച്ചു. എന്നിരുന്നാലും, അവരുടെ താല്പര്യങ്ങൾ സ്വതന്ത്ര ഇന്ത്യയിൽ മാത്രമേ മികച്ച സേവനം ലഭിക്കുകയുള്ളൂവെന്ന് പെട്ടെന്ന് തന്നെ അവർ മനസ്സിലാക്കി. ജനങ്ങൾക്കിടയിൽ ദേശസ്നേഹം വളർത്തുന്നതിൽ ഈ സാമൂഹിക വിഭാഗത്തിലെ ആളുകൾ ഒരു പ്രധാന പങ്കുവഹിക്കാൻ തുടങ്ങി. ഈ വിഭാഗങ്ങളുടെ അവബോധം ഇതിനു മുൻപുള്ള നിരവധി അസോസിയേഷനുകളിൽ ആവിഷ്കരണം കണ്ടെത്തി ദേശീയ തലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിച്ചു.

രാജാറാം മോഹൻറോയ്, ഈശ്വരചന്ദ്ര വിദ്യാസാഗർ, സ്വാമി വിവേകാനന്ദൻ, അരവിന്ദ ഘോഷ്, ഗോപാല കൃഷ്ണ ഗോഖലെ, ദാദാഭായ് നവറോജി, ഫിറോസ് ഷാ മേത്ത, സുരേന്ദ്രനാഥ ബാനർജി തുടങ്ങിയ ആധുനിക ബുദ്ധി ജീവികൾ ഇന്ത്യയിലെ സാമൂഹിക, മത, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം ഏറ്റെടുത്തു. പാശ്ചാത്യ വിദ്യാസമ്പന്നരായ ജോൺലോക്ക്, ജയിംസ് സ്റ്റുവർട്ട് മിൽ, മസ്സിനി, ഗാരിബാൽഡി, റൂസ്സോ, തോമസ് പെയ്ൻ, മാർക്സ് പോലുള്ളവരാലും മറ്റുള്ളവരാലും സൂചിപ്പിച്ച ദേശീയത, ജനാധിപത്യം, സോഷ്യലിസം മുതലായവയുടെ ആശയങ്ങൾ ഇന്ത്യക്കാർ ശ്രദ്ധിച്ചു. ഒരു സ്വതന്ത്ര മാധ്യത്തിന്റെ അവകാശം, അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം, സഹവാസത്തിനുള്ള അവകാശം എന്നിവ അന്തർലീനമായ അവകാശങ്ങളാണ്. വിദ്യാസമ്പന്നരായ ഇന്ത്യാക്കാർ യൂറോപ്പിലെ വിദ്യാസമ്പന്നരെ ഹൃദയത്തിലെ പ്രിയങ്കരരാക്കി, ഇന്ത്യാക്കാരും അവരോടു ചേർന്ന് നിൽക്കാൻ ആഗ്രഹിച്ചു. പലതരത്തിലുള്ള സംഘടനകൾ നിലവിൽ വന്നു. അവിടെ ആളുകൾ അവരുടെ താല്പര്യങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ തുടങ്ങി. ഗതാഗത ശൃംഖല അതിവേഗം വികസിക്കുകയും തപാൽ, ടെലിഗ്രാഫ് എന്നിവ സ്ഥാപിക്കുകയും ചെയ്തതിനാൽ ഇത് ദേശീയ തലത്തിൽ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ സാധിച്ചു.

(d) മിഷണറിമാരുടെ സംഭാവന

ഇന്ത്യക്കാർക്കിടയിൽ ആധുനിക വിദ്യാഭ്യാസം നൽകാനുള്ള ആദ്യകാല സംരംഭങ്ങളിലൊന്ന് ക്രിസ്ത്യൻ മിഷണറിമാരുടെ സംഭാവനയാണ്. മതപരിവർത്തനത്തെ ലക്ഷ്യം ഇട്ടുകൊണ്ട്, അവർ ബഹുദൈവ വിശ്വാസത്തെയും ഹിന്ദുക്കൾക്കിടയിലെ ജാതി അസമത്വങ്ങൾക്കെതിരെയും പ്രവർത്തിച്ചു. ക്രിസ്തുമതം പ്രസംഗിക്കാനുള്ള ഒരു ഉപാധിയായി തിരഞ്ഞെടുത്തത് ആധുനിക മതേതര വിദ്യാഭ്യാസരീതിയൊണ് പരമ്പരാഗത വിദ്യാഭ്യാസ സമ്പ്രദായ പ്രകാരം വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട പിന്നോക്ക വിഭാഗങ്ങൾക്കും പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും അവർ വിദ്യാഭ്യാസം നേടാനുള്ള അവസരങ്ങൾ നൽകി. എന്നിരുന്നാലും വളരെ ചെറിയ വിഭാഗം മാത്രമേ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തുള്ളൂ. എന്നാൽ ക്രിസ്തുമതം ഉന്നയിച്ച വെല്ലുവിളികൾ വിവിധ സാമൂഹിക, മത പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് തുടക്കമിട്ടു.



മിഷൻ സ്കൂൾ

1.3 സാമൂഹികവും മതപരവുമായ പരിഷ്കാരങ്ങൾ

ഏതെങ്കിലും രാഷ്ട്രീയ പരിപാടികളിൽ ആളുകൾ ഇടപെടുന്നതിനു മുമ്പ് സമൂഹത്തെ പരിഷ്കരിക്കേണ്ടതുണ്ടെന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസമുള്ള ബുദ്ധിജീവികൾക്ക് അനുഭവപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ പരിഷ്കരണ പ്രസ്ഥാനങ്ങൾ താഴെ കാണുന്ന രീതിയിൽ വിഭജിച്ചിട്ടുണ്ട്. (1) പരിഷ്കരണവാദ പ്രസ്ഥാനങ്ങൾ eg: ബ്രഹ്മ സമാജ് (രാജാ റാം മോഹൻ റോയ്), പ്രാർത്ഥനാ സമാജ് (ഡോ. ആത്മാറാം പാണ്ഡുരംഗ്), അലിഗർ മൂവ്മെന്റ് (സയ്യിദ് അഹമ്മദ് ഖാൻ)

(2) പുനരുജ്ജീവന പ്രസ്ഥാനങ്ങൾ eg: ആര്യ സമാജ്, രാമകൃഷ്ണ മിഷൻ, ദിയോബന്ദ് പ്രസ്ഥാനം

(3) സാമൂഹിക പ്രസ്ഥാനം (Socil Movements)

eg: പൂനെയിലെ ജ്യോതിബ ഫൂലെ, കേരളത്തിലെ നാരായണ ഗുരു, അയ്യങ്കാളി

തമിഴ്നാട്ടിലെ രാമലിംഗ അടികൾ, വൈകുണ്ഡ സ്വാമികൾ, അയോദ്ധി ദാസ്സർ.

19-ാം നൂറ്റാണ്ടിലെ പരിഷ്കർത്താക്കൾ വിദേശികൾ കൊണ്ടുവന്ന യുക്തിയെ അടിസ്ഥാനമാക്കിയുള്ള പ്രബുദ്ധമായ അറിവ് ഉന്നയിക്കുന്ന പ്രതിസന്ധികളെ കണ്ടെറിഞ്ഞു. ആപരിഷ്കാരങ്ങൾ പുനർവിചിന്തനം ചെയ്തതിന്റെ ഫലമായിട്ടാണ് ഇന്ത്യൻ ദേശീയ ബോധം ഉണർന്നത്.

eg: ബ്രഹ്മസമാജം രാജാ റാം മോഹൻ റോയ് സ്ഥാപിച്ചത് 1828-ലാണ്. പാർത്ഥനാസമാജം (1867), ആര്യസമാജം (1875), റോയിയുടെ സംരംഭം തുടർന്നു കൊണ്ടുപോയവരാണ് കേശവ് ചന്ദ്ര സെൻ, ഈശ്വർ ചന്ദ്ര വിദ്യാസാഗർ. സതി നിർത്തലാക്കുന്നതും, ബാലവിവാഹം നിർത്തലാക്കുക വിധവകളുടെ പുനർ വിവാഹവം എന്നിവ പരിഷ്കർത്താക്കളുടെ പ്രധാനപ്പെട്ട ആശയങ്ങളായി മാറി. അലിഗർ പ്രസ്ഥാനം ഇതിനു സമാനമായ പങ്ക് മുസ്ലീമുകളുടെ ഇടയിൽ വഹിച്ചിട്ടുണ്ട്. പതുക്കെ പതുക്കെ രാഷ്ട്രീയ സംഘടനകളും, അസോസിയേഷനുകളും ജനങ്ങളുടെ ആവലാതികൾ പരിഹരിക്കാൻ ബ്രിട്ടീഷ് ഇന്ത്യയുടെ പലഭാഗത്തുനിന്നും ഉയർന്നുവന്നു.

1.4 ദേശീയത ഉയരുന്നതിനുള്ള മറ്റ് ഘടകങ്ങൾ

(a) 1857 ലെ ഓർമ്മകൾ

1857-ലെ കലാപമാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിനു ജന്മം നൽകിയത്. കലാപം അവസാനിച്ചതിനുശേഷവും ബ്രിട്ടീഷ് സൈന്യം ചെയ്ത അതിക്രമങ്ങൾക്ക് പ്രതികാരം ചെയ്യപ്പെടാതെ തുടർന്നു. കോടതിയിൽ പോലും സൈനിക നിയമമോ ഉപചാരികതയോ പാലിച്ചിരുന്നില്ല. കോടതിയിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ, തടവുകാരെ അവർ കുറ്റവാളികളാണെങ്കിലും അല്ലെങ്കിലും തൂക്കിലേറ്റുമെന്ന് പ്രതിജ്ഞ എടുക്കുകയും ഇതിനെതിരെ ആരെങ്കിലും ശബ്ദമുയർത്തിയാൽ (വിവേചനരഹിതമായ പ്രതികാരത്തിനെതിരെ) കോപാകുലരായ സഹപ്രവർത്തകർ അത്തരക്കാരെ നിശബ്ദരാക്കിയിരുന്നു. വിചാരണയ്ക്കുശേഷം വധശിക്ഷയ്ക്കു വിധിച്ച തടവുകാരെ സൈനികർ പീഡിപ്പിക്കുകയും അതിനെ ഉദ്യോഗസ്ഥർ അംഗീകരിക്കുകയും ചെയ്തിരുന്നു. ബോംബെ പ്രസിഡൻസിയിലെ ഗവർണറായിരുന്ന എൽഫിൻ സ്റ്റോൺ 1864-ലെ വൈസ്രോയി ആയിരുന്ന സർ ജോൺ ലോറൻസിനോട് പറഞ്ഞത് ഓർമ്മിക്കുന്നത് മൂല്യവത്തായ ഒരു കാര്യമാണ്. 1857-ൽ ജൂൺ - സെപ്തംബർ മാസത്തിൽ ഡൽഹിയിൽ ബ്രിട്ടീഷ് നടത്തിയ ലഹളയെക്കുറിച്ചാണ് ഈ വരികളിൽ വിവരിക്കുന്നത്.... ശത്രുവെന്നോ മിത്രമെന്നോ വ്യത്യാസമില്ലാതെയുള്ള ഒരു മുഴുനീള പ്രതികാരം..... കൊള്ളയുടെ കാര്യത്തിൽ നമ്മൾ നാദിർഷായെ മറികടന്നിരിക്കുന്നു.'

(b) വംശീയ വിവേചനം

വംശീയ വിവേചന നയമാണ് ഇംഗ്ലീഷുകാർ പിന്തുടർന്നത്. ഉയർന്ന ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് ഇന്ത്യക്കാരെ വ്യവസ്ഥാപിതമായി ഒഴിവാക്കിയതിനെ ഇന്ത്യൻ വിരുദ്ധ നയ നടപടിയായിട്ടാണ് ഇന്ത്യക്കാർ കണ്ടത്. ഇതിനെ തുടർന്ന്, മേലധികാരികളോട് അതൃപ്തി തോന്നുകയും ബ്രിട്ടീഷുകാർക്ക് എതിരെയുള്ള കലാപത്തിലേക്ക് നയിക്കുകയും ചെയ്തു. സിവിൽ സർവീസ് പരീക്ഷകൾ ആരംഭിച്ചപ്പോൾ പ്രായപരിധി 21 ആയിരുന്നു. എന്നാൽ ഇന്ത്യക്കാർക്ക് സിവിൽ സർവീസിലേക്ക് പ്രവേശനം ലഭിക്കാൻ തുടങ്ങിയപ്പോൾ പ്രായപരിധി 19 ആക്കി. അതുപോലെ, ഇന്ത്യയിലെ വിദ്യാസമ്പന്നരായ മധ്യവർഗത്തിൽ നിന്ന് നിരവധി അഭ്യർത്ഥനകൾ വന്നെങ്കിലും സിവിൽ സർവീസ് പരീക്ഷ ഒരേ സമയം ഇന്ത്യയിൽ നടത്താൻ സർക്കാർ വിസമ്മതിച്ചു.

(c) ഇന്ത്യക്കാർക്കെതിരെയുള്ള അടിച്ചമർത്തലും ചൂഷണ നടപടികളും

അടിച്ചമർത്തൽ നിയന്ത്രണങ്ങളായ:- സെക്ഷൻ 124എ (ഇന്ത്യൻ പീനൽ കോഡ്), *ഗവൺമെന്റിനെതിരെ അസംതൃപ്തി ഉളവാക്കാൻ ശ്രമിക്കുന്നവർക്കുള്ള ശിക്ഷ, * വർണാക്കുലർ പ്രസ്സ് ആക്ട് തുടങ്ങിയവ സമരങ്ങൾക്ക് വഴിതെളിച്ചു. ഇംഗ്ലണ്ടിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പരുത്തിയുടെ കസ്റ്റംസ് തീരുവ നിർത്തലാക്കുകയും ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന പരുത്തിക്ക് എക്സൈസ് തീരുവ വർധിപ്പിച്ചതിനെ തുടർന്ന് രാജ്യവ്യാപകമായി അസംതൃപ്തി ഉളവായി. റിപ്പൺ വൈസ്രോയി ആയിരുന്ന കാലത്ത്, ഇൽബർട്ട് ബിൽ പ്രകാരം ഇന്ത്യൻ ജഡ്ജികൾക്ക് വിദേശികളെ വിധിക്കാൻ അവകാശമുണ്ടായിരുന്നു. എന്നാൽ വിദേശികളിൽ നിന്നുയർന്ന വ്യാപകമായ എതിർപ്പിനെ തുടർന്ന് അവരുടെ ഇഷ്ടാനുസരണം ബില്ലിൽ ഭേദഗതി വരുത്തി

(d) പ്രസ്സിന്റെ പങ്ക്

ഇന്ത്യയിൽ അച്ചടിശാലയുടെ വരവ് വലിയ പ്രാധാന്യമുള്ള ഒരു സംഭവമായിരുന്നു. ഇത് ആധുനിക ആശയങ്ങളായ സ്വയംഭരണം, ജനാധിപത്യം, പൗരാവകാശങ്ങൾ, വ്യവസായവൽക്കരണം എന്നിവയിൽ ജനങ്ങളെ സഹായിച്ചു. മാധ്യമങ്ങൾ രാഷ്ട്രീയത്തിന്റെ വിമർശകരായി. eg:- സംവാദ് കൗമുദി (1821) - രാജ റാം മോഹൻ റോയ് - ബംഗാളി. ഭാഷായിലും മിറത്-ഉൽ-അക്ബർ (1822) പേർഷ്യൻ ഭാഷയിലും എന്നിവ ജനങ്ങളെ ബോധവത്കരിക്കുന്നതിൽ പുരോഗമനപരമായ പങ്ക് വഹിച്ചു. പിന്നീട്, പൊതുജനാഭിപ്രായം വളർത്തുന്നതിനായി നിരവധി ദേശീയ, പ്രാദേശിക ഭാഷാ പത്രങ്ങൾ വന്നു. ഇവ ദേശീയബോധം വളർത്തിയെടുക്കുന്നതിൽ മികച്ച പങ്ക് വഹിച്ചു.

അക്കൂട്ടത്തിൽ അമൃത് ബസാർ പത്രിക, ദി ബോംബെ ക്രോണിക്കിൾ, ദി ട്രിബ്യൂൺ, ദി ഇന്ത്യൻ മിറർ, ദി ഹിന്ദു, സ്വദേശമിത്രൻ എന്നീ പത്രങ്ങൾ പ്രശസ്തി നേടിയിരുന്നു.

(e) ഇന്ത്യയുടെ കഴിഞ്ഞകാലത്തെ മഹത്വത്തെ ഉണർത്തുന്നു

ഓറിയന്റലിസ്റ്റുകളായ വില്യം ജോൺസ്, ചാൾസ് വിൽക്കിൻസും, മാക്സ് മുള്ളറും പര്യവേഷണം നടത്തുകയും മതപരവും ചരിത്രപരവും സാഹിത്യപരവുമായ പാഠങ്ങളെ സംസ്കൃതം, പേർഷ്യൻ, അറബിക് എന്നീ ഭാഷകളിൽ നിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്യുകയും അതുവഴി എല്ലാവർക്കും അത് ലഭ്യമാവുകയും ചെയ്തു. ഇന്ത്യൻ പാരമ്പര്യങ്ങളുടെ സമൃദ്ധിയുടെ സ്വാധീനത്താൽ നിരവധി ദേശീയവാദികൾക്ക് പഴയ ഇന്ത്യയുടെ മഹത്വം പുനരുജ്ജീവിപ്പിക്കാനുള്ള തീവ്രമായ ആഗ്രഹം ഉടലെടുത്തു. അരബിന്ദ ഘോഷ് എഴുതിയ വാക്കുകൾ ഇവിടെ പ്രസക്തമാണ്... നമ്മുടെ കാഴ്ചപ്പാടിൽ ദേശീയതയുടെ ലക്ഷ്യമെന്തെന്ന് പറഞ്ഞാൽ ഇന്ത്യൻ ചിന്ത, ഇന്ത്യൻ സ്വഭാവം, ഇന്ത്യൻ ധാരണകൾ, ഇന്ത്യൻ ഊർജ്ജം, ഇന്ത്യൻ മഹത്വം എന്നിവയെ വീണ്ടെടുക്കാനും ലോകത്തെ ആശയക്കുഴപ്പത്തിലാക്കുന്ന പ്രശ്നങ്ങൾ ഇന്ത്യൻ മനോഭാവത്തോടും കാഴ്ചപ്പാടോടുകൂടെ പരിഹരിക്കാനുമാണ്.

1.5 ഇന്ത്യൻ അസോസിയേഷനുകളുടെ ജനനം

(a) മദ്രാസ് നേറ്റീവ് അസോസിയേഷൻ (എം. എൻ.എ)



ഗജുള ലക്ഷ്മിനരസ്

ബ്രിട്ടീഷുകാർക്കെതിരെ സംഘടിതരാകാനും, പ്രശ്നങ്ങളെ പരിഹരിക്കാനുമായിട്ടുള്ള ആദ്യകാല സംരംഭങ്ങളിലൊന്നാണ് മദ്രാസ് നേറ്റീവ് അസോസിയേഷൻ(എം. എൻ.എ). ഇത് രൂപികരിച്ചത് 1852 ഫെബ്രുവരി 26 നു ആണ്. ഭൂവുടമകളുടെയും, ബിസിനസ് ക്ലാസുകളുടെയും ഒരു അസോസിയേഷൻ; വരുമാനം, വിദ്യാഭ്യാസം, ജുഡീഷ്യൽ മേഖലകളിലെ കമ്പനിക്കെതിരെയുള്ള തങ്ങളുടെ ആവലാതികൾ മദ്രാസ് പ്രസിഡൻസിയിൽ അവർ അഭിപ്രായപ്പെട്ടു. (MN) എം.എൻ.എ യുടെ അടിത്തറയ്ക്ക് പ്രചോദനമായ ഗജുള ലക്ഷ്മിനരസ് മദ്രാസ് നഗരത്തിലെ ഒരു പ്രമുഖ ബിസിനസ്സുകാരനായിരുന്നു.

1853-ലെ ചാർട്ടർ പാസ്സാക്കുന്നതിനു മുമ്പ് ഇന്ത്യയിലെ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഭരണം എപ്രകാരമാണെന്ന് ബ്രിട്ടീഷ് പാർലമെന്റിൽ ചർച്ച ചെയ്യുന്നതിനിടയ്ക്ക് അസോസിയേഷൻ തങ്ങളുടെ പരാതികൾ അവതരിപ്പിച്ചു. 1852 ഡിസംബർ മാസം സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റയോട്ട്വാരി സിസ്റ്റവും, സമിന്ദാരി സിസ്റ്റവും കാർഷിക മേഖലയെ ദുരിതത്തിലാക്കിയതായി ചൂണ്ടിക്കാട്ടി. സമീന്ദാറുകളുടെയും കമ്പനി ഉദ്യോഗസ്ഥരുടെയും അടിച്ചമർത്തലുകളിൽ നിന്ന് കർഷകരെ മോചിപ്പിക്കുന്നതിനുവേണ്ടി പുരാതന ഗ്രാമവ്യവസ്ഥയെ വേഗത്തിൽ തന്നെ പുനരുജ്ജീവിപ്പിക്കണമെന്ന് ചൂണ്ടിക്കാട്ടി. ജുഡിഷ്യൽ സിസ്റ്റം മന്ദഗതിയിലുള്ളതും സങ്കീർണ്ണവും അപൂർണ്ണവുമാണെന്ന് ഈ നിവേദനത്തിലുണ്ടായിരുന്നു. കൂടാതെ അവരുടെ ജുഡീഷ്യൽ അറിവ് വിലയിരുത്താതെയുള്ള ജഡ്ജുമാരുടെ നിയമനത്തെയും പരാമർശിക്കുന്നുണ്ട്. പ്രാദേശിക ഭാഷകൾ തമ്മിലുള്ള മത്സരബുദ്ധി ജുഡീഷ്യറിയുടെ കാര്യക്ഷമതയെ ബാധിച്ചു. ഗ്രാന്റ്-ഇൻ-എയ്ഡ് പ്രകാരം സംസ്ഥാനത്തിന്റെ ഫണ്ട്, മിഷനറി വിദ്യാലയങ്ങൾക്ക് ലഭിക്കുന്നതിനെ ഈ നിവേദനത്തിൽ എതിർത്തിരുന്നു.

1853-ൽ മാർച്ചിൽ എം.എൻ.എ.യുടെ നിവേദനം പാർലമെന്റിൽ ചർച്ച ചെയ്തിരുന്നു. ഇന്ത്യൻ റിഫോം സൊസൈറ്റിയുടെ ചെയർമാനായ എച്ച്. ഡി.സീമോർ 1853-ൽ ഒക്ടോബറിൽ മദ്രാസിലേക്ക് വന്നു. ഗുണ്ടൂർ, കൂടലൂർ, തിരുച്ചിറാപ്പള്ളി, സേലം, തിരുനെൽവേലി എന്നീ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചു. എന്നാൽ 1853 ചാർട്ടർ ആക്ട് പ്രകാരം കമ്പനിയുടെ തുടർഭരണം പാർലമെന്റ് അനുവദിച്ചു. ഇതിനെത്തുടർന്ന് ഇന്ത്യയിൽ ബ്രിട്ടീഷ് പ്രദേശങ്ങൾ കിരീടത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിനു കൈമാറുന്നതിനായി എം.എൻ.എ. ഒരു പ്രക്ഷോഭം സംഘടിപ്പിച്ചു. 14000 പേർ ഒപ്പിട്ട നിവേദനം എം.എൻ.എ. രണ്ടാമതും പാർലമെന്റിനു സമർപ്പിച്ചു. ഇന്ത്യയിലെ കമ്പനി ഭരണം അവസാനിപ്പിക്കണമെന്ന് അപേക്ഷിച്ചു കൊണ്ടായിരുന്നു രണ്ടാമത്തെ നിവേദനവും.

എം.എൻ.എ.യുടെ കാലയളവ് ഹ്രസ്വമായിരുന്നു. 1886-ൽ ലക്ഷ്മിനരസു അന്തരിക്കുകയും, 1881-ആയപ്പോഴേക്കും അസോസിയേഷൻ അവസാനിച്ച നിലയിലായിരുന്നു. എം.എൻ.എ. കൂടുതൽ നേട്ടം കൈവരിച്ചില്ലെങ്കിൽ പോലും, ഇന്ത്യക്കാരുടെ അഭിപ്രായം സംഘടിതമാക്കാനുള്ള പ്രഥമശ്രമമാണെന്ന് പറയാൻ സാധിക്കും. അതിന്റെ ജീവിതകാലത്ത്, മദ്രാസ് പ്രസിഡൻസിയുടെ അതിരുകൾക്കുള്ളിലായിരുന്നു എം.എൻ.എ. പ്രവർത്തിച്ചിരുന്നത്. നിവേദനങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും ഉന്നയിച്ച എം.എൻ.എ. ആവലാതികൾ, വരേണ്യവർഗത്തിൽ നിന്ന് സമാഹരിച്ച കാഴ്ച്ചപ്പാടുകളാണ് പ്രത്യേകമായിട്ട് മദ്രാസ് പ്രസിഡൻസിയിൽ വന്നിറങ്ങിയ വംശജരുടെ അഭിപ്രായമാണ് എല്ലാ വിഭാഗത്തെയും പ്രതിനിധീകരിക്കുന്ന, കൊളോണിയൽ ശക്തിക്കെതിരെ ആവലാതികളും പരാതികളും ഉയർത്തുന്ന ശക്തമായ ഒരു ദേശീയ പ്രസ്ഥാനത്തിന്റെ കുറവുണ്ടായിരുന്നു. ആ കുറവ് നികത്തിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആയിരുന്നു.

(b) മദ്രാസ് മഹാജനസഭ (എം.എം.എസ്.)

എം.എൻ.എ. പ്രവർത്തനരഹിതമായതിനു ശേഷം, മറ്റൊരു സംഘടന മദ്രാസ് പ്രസിഡൻസിയിൽ ഉടലെടുത്തില്ല. പല വിദ്യാസമ്പന്നരായ ഇന്ത്യാക്കാരും ഈ സാഹചര്യത്തെ പരിഭ്രാന്തരായി വീക്ഷിക്കുകയും ഒരു സംഘടനയുടെ ആവശ്യകത മനസ്സിലാക്കുകയും ചെയ്തു. അങ്ങനെ 1884 മെയ്-ൽ മദ്രാസ് മഹാജനസഭ രൂപീകൃതമായി. 16 മെയ് 1884-ൽ നടത്തിയ ഉദ്ഘാടന യോഗത്തിൽ നിരവധി പ്രമുഖർ പങ്കെടുത്തിരുന്നു. ജി.സുബ്രഹ്മണ്യം, വീരരാഘവചാരി, ആനന്ദ ചർലൂ, റംഗിയാ, ബാലാജി റാവോ, സേലം രാമസ്വാമി എം.എം. എസിന്റെ രണ്ടാമത്തെ പ്രവിശ്യാ സമ്മേളനം പൂർത്തിയാക്കിയതിനുശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിതമാവുകയും, എം.എം.എസിന്റെ നേതാക്കൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ (ഐ.എൻ.സി.) ആദ്യത്തെ സെഷൻ (ബോംബെ) യിൽ പങ്കെടുക്കുകയും, എം.എം.എസിനെ കോൺഗ്രസുമായിട്ട് സംയോജിപ്പിക്കുകയും ചെയ്തു.

(c) ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ.എൻ.സി.)



A.O. ഹ്യൂ

കൊളോണിയൽ ഭരണത്തിനെതിരെ പ്രശ്നങ്ങളും പരാതിയും ഉയർത്തുന്ന ഒരു രാഷ്ട്രീയ സംഘടനയുടെ രൂപീകരണം ശൂന്യതയിൽ നിന്നല്ല ആരംഭിച്ചത്. 1875 നും 1885 നും ഇടയ്ക്ക് ബ്രിട്ടീഷ് നയങ്ങൾക്കെതിരെ നിരവധി പ്രക്ഷോഭങ്ങൾ ഉയർന്നിരുന്നു. 1875-ൽ ഇന്ത്യൻ തുണിവ്യവസായം, പരുത്തിയുടെ ഇറക്കുമതി തീരുവ ചുമത്തുന്നതിനെതിരെ ശബ്ദമുയർത്തി. 1877-ൽ സർക്കാർ സേവനങ്ങളുടെ ഇന്ത്യവൽക്കരണമായിരുന്നു പ്രക്ഷോഭങ്ങൾക്ക് കാരണമായത്. 1878-ലെ വെർണാക്കുലർ പ്രസ്സ് ആക്ടിനു എതിരെയും പ്രക്ഷോഭങ്ങൾ ഉയർന്നു. 1883-ൽ ഇൽബർട്ട് ബില്ലിനെ അനുകൂലിച്ചുകൊണ്ട് പ്രക്ഷോഭമുണ്ടായിരുന്നു. എന്നാൽ ഈ പ്രക്ഷോഭങ്ങളും സമരങ്ങളും ഏകോപിച്ചിട്ടില്ലായിരുന്നു. ഈ സമരങ്ങൾ (പ്രതിഷേധം) നയനിർമാതാക്കളെ ബാധിക്കണമെങ്കിൽ ഒരു ദേശീയ രാഷ്ട്രീയ സംഘടനവേണമെന്ന് ശക്തമായ തിരിച്ചറിവുണ്ടായി. ഈ ഒരു തിരിച്ചറിവിന്റെ ഫലമായിട്ടാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപംകൊണ്ടത്. ഇന്ത്യ എന്ന രാജ്യത്തെപറ്റിയും, ദേശീയത എന്ന വികാരത്തെക്കുറിച്ചുള്ള ആശയങ്ങൾ ഉടലെടുത്തത് ഈ സംഘടനയിലൂടെയാണ്.


ഇന്ത്യൻ നേഷണൽ കോൺഗ്രസ്
സമ്മേളനങ്ങൾ 1885–1947
വ
പ
കി
തെ
ലാഹൂർ
1893
1900
1909
1929
അമൃത്സർ
1919
മീരത്
1946
ഡൽഹി
1918
(പ്രത്യേക) 1923
1932
1947
കാൻപൂർ
1925
ലക്നൗ
1899
1916
1936
അലഹബാദ്
1888
1892
1910
ബനാറസ്
1905
പാട്ന
1912
ഗയ
1922
ഹോഗട്ടി
1926
കറാച്ചി
1913
1931
അഹമ്മദാബാദ്
1902
1921
ത്രിപുരി
1939
ഹരിപുര
1938
ഫൈസ്പൂർ
1937
സൂരത്
1907
അമരാവതി
1897
നാഗ്പൂർ
1891
1920
രാംഗാർ
1940
കൽക്കട്ട
1886
1890
1896
1901
1906
1911
1917
1920 (പ്രത്യേക)
1928
1933
ബോംബെ
1885
1889
1904
1915
1918 (പ്രത്യേക)
1934
1942 (പ്രത്യേക)
പുന
1895
ബെൽഹാം
1924
കാകിനാട
1923
മദ്രാസ്
1887
1894
1898
1903
1908
1914
1927
കൃത്യമായ അളവല്ല
സമ്മേളനം ഇല്ല - 1930, 1935, 1941-1945

1884 ഡിസംബർ മാസത്തിൽ, വിരമിച്ച ഇംഗ്ലീഷ് ഐ.സി.എസ്.ഓഫീസറായ അലൻ ഒക്ടോവിയൻ ഹ്യൂം മദ്രാസിലെ തിയോസഫിക്കൽ സൊസൈറ്റിയുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഇന്ത്യയുടെ എല്ലാ കാര്യങ്ങളെയും അടിസ്ഥാനമാക്കിയിട്ടുള്ള ഒരു രാഷ്ട്രീയ സംഘടന രൂപീകരിക്കുന്നതിനുള്ള ആശയം ചർച്ച ചെയ്യപ്പെടുകയും, ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന ആശയം ചർച്ചയ്ക്കൊടുവിൽ രൂപീകൃതമാവുകയും ചെയ്തു. 1885 ഡിസംബർ 28 നു ഇന്ത്യൻ നാഷണൽ കോൺഗ്രസ് ബോംബെയിൽ രൂപീകൃതമായി. എ.ഓ.ഹ്യൂമിനെക്കൂടാതെ മറ്റൊരു പ്രധാനപ്പെട്ട സ്ഥാപകനായ ഡബ്ള്യൂ.സി.ബാനർജിയെ ആദ്യ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഐ.എൻ.സിയുടെ ആദ്യകാല പ്രവർത്തനങ്ങൾ നിവേദനങ്ങളുടെയും മെമ്മോറാണ്ടത്തെയും ചുറ്റിപറ്റിയിട്ടുള്ളതാണെങ്കിലും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരേ ലക്ഷ്യത്തിലേക്ക് കൊണ്ടുവരാൻ അതിന്റെ നേതാക്കൾ പരിശ്രമിച്ചുകൊണ്ടിരുന്നു. ഐ.എൻ.സി. യുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് ഇന്ത്യക്കാരെ ഒരു രാജ്യം എന്ന ബോധ്യത്തിലേക്ക് ഉണർത്തുക എന്നതാണ്. കൊളോണിയേൽ ഭരണത്തിനെതിരെയുള്ള സമരം വിജയിക്കണമെങ്കിൽ ഇന്ത്യക്കാർ എല്ലാവരും ഒരേ രാജ്യത്തിലെ പൗരന്മാർ എന്ന ചിന്ത ഉണർന്നാൽ മാത്രമേ സാധ്യമാകൂ എന്ന ബോധ്യമുണ്ടായി. ഇത് നേടാൻ വേണ്ടി, ഐ.എൻ.സി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചിരുന്ന എല്ലാ പ്രസ്ഥാനങ്ങളെയും ഒരു പൊതു രാഷ്ട്രീയ വേദിയായി പ്രവർത്തിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രാഷ്ട്രീയ പ്രവർത്തകർക്ക് ഒത്തുകൂടാനുള്ള ഇടം ഒരുക്കിയത് ഐ.എൻ.സി.യാണ്. ഈ സംഘടന വളരെ ചെറുതായിരുന്നെങ്കിൽ പോലും (100-ൽ താഴെയായിരുന്നു അംഗങ്ങൾ) അഖിലേന്ത്യാ പ്രതിനിധീകരിക്കുന്ന പ്രതീകമായിരുന്നു ഐ.എൻ.സി. അഖിലേന്ത്യാടിസ്ഥാനത്തിൽ ജനങ്ങളെ അണിനിരത്തുന്നതിന്റെ ആരംഭമായിരുന്നു ഇത്.



W.C. ബാനർജി

ഐ.എൻ.സി.യുടെ പ്രധാന ലക്ഷ്യങ്ങളും ആവശ്യങ്ങളും താഴെ ചേർക്കുന്നു

ഭരണഘടനാപരമായ

സർക്കാർ ഭരണത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരമാണ് ഐ.എൻ.സി.യുടെ പ്രധാന ആവശ്യങ്ങളിലൊന്ന്. ഭരണത്തിൽ ഇന്ത്യൻ പ്രാതിനിധ്യം വേണമെന്നും അവർ ആവശ്യപ്പെട്ടു.

സാമ്പത്തികം

ഭൂമിക്കുള്ള ഉയർന്ന നികുതിയാണ് കൃഷിക്കാരെ അടിച്ചമർത്താനുള്ള പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന്. അതുകൊണ്ടുതന്നെ, ഭൂമിക്കുള്ള ഉയർന്ന നികുതി കുറയ്ക്കാനും ജെമിന്ദാരുകളുടെ ചൂഷണത്തിൽ നിന്ന് കൃഷിക്കാരെ സംരക്ഷിക്കണമെന്നും ഐ.എൻ.സി. ആവശ്യപ്പെട്ടു. സ്വദേശി സാധനങ്ങളുടെ ആനുകൂല്യത്തിനായി ഇറക്കുമതി ചെയ്യുന്ന ചരക്കുകൾക്ക് കനത്ത നികുതി ചുമത്തണമെന്ന് കോൺഗ്രസ് വാദിച്ചു.

അഡ്മിനിസ്ട്രേറ്റീവ്

ഇന്ത്യയിലെ ഭരണത്തിനുത്തരവാദിത്വമുള്ള ഉയർന്നഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തിരുന്നത് ബ്രിട്ടനിൽ നടത്തിയ സിവിൽ സർവീസ് പരീക്ഷകളുടെ അടിസ്ഥാനത്തിൽ ആണ്. തൽഫലമായി, ലണ്ടനിൽ പോകാൻ സാധിക്കാത്ത വിദ്യാസമ്പന്നരായ ഇന്ത്യാക്കാർക്ക് ഉയർന്ന സർക്കാർ ഉദ്യോഗം ലഭിക്കാതെ വന്നു. അതിനാൽ, ഒരേ സമയം സിവിൽ സർവീസ് പരീക്ഷ ഇന്ത്യയിലും ലണ്ടനിലും നടത്തണമെന്നത് കോൺഗ്രസുകാരുടെപ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നായിരുന്നു.

ജുഡീഷ്യൽ

ഇന്ത്യൻ രാഷ്ട്രീയ പ്രവർത്തകരോടുള്ള ഇംഗ്ലീഷ് ജഡ്ജുമാരുടെ വേർതിരിവ് കാരണം, എക്സിക്യൂട്ടീവും ജുഡീഷ്യറിയും തമ്മിൽ പൂർണ്ണമായ വേർതിരിവ് ഉണ്ടാകണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു.

(d) ആദ്യകാല ദേശീയവാദികളുടെ സംഭാവനകൾ (1885-1915)

ഐ.എൻ.സി.യുടെ ആദ്യകാല ദേശീയവാദികൾ വന്നത് സമൂഹത്തിലെ ഉയർന്ന വിഭാഗങ്ങളിൽ നിന്നാണ്. അഭിഭാഷകർ, കോളേജിലെയും, യൂണിവേഴ്സിറ്റിയിലെയും അദ്ധ്യാപകർ, ഡോക്ടർമാർ, പത്രപ്രവർത്തകരും മറ്റുള്ളവരുമാണ് കോൺഗ്രസിനെ പ്രതിനിധീകരിച്ചത്. എന്നിരുന്നാലും, അവർ രാജ്യത്തിന്റെ പല ഭാഗത്തുനിന്ന് വന്നതുകാരണം ഐ.എൻ.സി. യഥാർത്ഥത്തിൽ ഒരു ദേശീയ രാഷ്ട്രീയ സംഘടനയായി മാറി. ഭരണഘടനയെ അംഗീകരിച്ചുകൊണ്ടുള്ള നിവേദനങ്ങൾ, പ്രാർത്ഥനകൾ, മെമ്മാറാണ്ടുങ്ങൾ എന്നിവ അവതരിപ്പിക്കുന്ന രീതികൾ കാരണം ഐ.എൻ.സി. നേതാക്കൾക്ക് ലഭിച്ച നാമധേയമാണ് മോഡറേറ്റ്സ്. ഈ കാലയളവിലാണ് കൊളോണിയലിസത്തെപ്പറ്റിയുള്ള ധാരണയും ഇന്ത്യയിൽ ഉടലെടുത്തത്. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഐ.എൻ.സി. രൂപീകൃതമാകുന്നതുവരെയുള്ള കാലഘട്ടത്തിൽ, കൊളോണിയൽ വിരുദ്ധ ധാരണയെപ്പറ്റി ഒരിടത്തും റെഡിമെയ്ഡ് ആയിട്ടുള്ള ബോധ്യമില്ലായിരുന്നു. ആദ്യകാല ദേശീയവാദികളാണ്, നാം എന്ന ഒറ്റ രാജ്യത്തെപ്പറ്റിയുള്ള ആശയം നിലവിൽ കൊണ്ടുവന്നത്.

ഇതിലൂടെ പ്രാദേശികമായ കൊളോണിയൽ വിരുദ്ധ പ്രത്യയശാസ്ത്രവും തന്ത്രവും ഉടലെടുക്കുകയും അവ ഭാവിയിലെ നേതാക്കളായ എം.കെ. ഗാന്ധിയെ പോലുള്ളവരെ സഹായിക്കുകയും ചെയ്തത്. ഇത് യഥാർത്ഥത്തിൽ ഗാന്ധിജിയെപോലുള്ള ഭാവിതല മുറയ്ക്ക് സഹായകമായി..

1890 മദ്ധ്യത്തിലെത്തിയപ്പോൾ ഇന്ത്യൻ ദേശീയ കോൺഗ്രസ്സിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായി തുടങ്ങി. ബിപിൻ ചന്ദ്രപാൽ, ബാലഗംഗാധര തിലകൻ, ലാല ലജ്പത് റായ് തുടങ്ങിയ നേതാക്കന്മാർ അപേക്ഷ സമർപ്പിക്കൽ, ക്ഷമ യാചിക്കൽ, നിവേദനം നൽകൽ എന്നീ രീതികൾക്ക് പകരമായി തീവ്രമായ നടപടികൾ കൊണ്ടുവന്നു. ഇത്തരത്തിലുള്ള തീരുമാനം കൊണ്ടുവന്നവരെ മിതവാദികൾക്ക് എതിരായിട്ടുള്ള തീവ്രവാദ ദേശീയവാദികൾ എന്നറിയപ്പെട്ടു. 1897-ൽ തിലകൻ സ്വരാജ്യം എന്റെ ജന്മാവകാശം അത് ഞാൻ നേടിയെടുക്കും എന്ന് പ്രഖ്യാപിച്ചപ്പോൾ, അദ്ദേഹത്തിന്റെ ലക്ഷ്യം എന്താണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അപേക്ഷകൾ, ക്ഷമയാചിക്കൽ എന്നിവ വഴി സാമ്പത്തിക അല്ലെങ്കിൽ ഭരണപരിഷ്കാരങ്ങൾ ആഗ്രഹിച്ചിരുന്ന മിതവാദ ദേശീയവാദികൾക്ക് എതിരായി തിലകനും അദ്ദേഹത്തിന്റെ തീവ്രവാദ ശിഷ്യന്മാരും സ്വരാജ്യം അവകാശപ്പെട്ടു.

അവർക്കിടയിൽ പരസ്പര വിമർശനങ്ങൾ ഉണ്ടായിരുന്നാലും, എതിർ ധ്രുവങ്ങളിൽ നിൽക്കുന്നതായി നോക്കി കാണാൻ കഴിഞ്ഞില്ല. മിതവാദികളും, തീവ്രവാദികളും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ വലിയ പങ്കുവഹിച്ചു. യഥാർത്ഥത്തിൽ സ്വദേശവാദം ആരംഭിക്കുന്നതിന് പങ്കുവഹിച്ചവർ അവരാണ്. അടുത്ത പാഠത്തിൽ പഠിക്കാൻ പോകുന്ന, 1905-ൽ ഇംഗ്ലീഷുകാർ ഏർപ്പെടുത്തിയ ബംഗാൾ വിഭജനത്തെ ഇന്ത്യാക്കാർ ആവേശത്തോടെ എതിർക്കുകയാണുണ്ടായത്. 1905-ൽ തുടങ്ങിയ സ്വദേശി പ്രസ്ഥാനം ബ്രിട്ടീഷ് ഭരണത്തെ നേരിട്ട് എതിർക്കുക മാത്രമല്ല, സ്വദേശി തൊഴിലാളികളേയും, ദേശീയ വിദ്യാഭ്യാസം, സ്വയംസേവ, ഇന്ത്യൻ ഭാഷകളെ പ്രയോജനപ്പെടുത്തൽ തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തീവ്രവാദികൾ നടപ്പിൽ വരുത്തിയ ഭൂരിപക്ഷക്കാരെ ഒന്നിച്ചു ചേർക്കുക, ബ്രിട്ടീഷുകാരുടെ വസ്തുക്കക്കളേയും സ്ഥാപനങ്ങളേയും ബഹിഷ്കരിക്കുക തുടങ്ങിയ ലഹള മുറകൾ മിതവാദ ദേശീയവാദികളും ഉൾകൊണ്ടു.

മിദവാദദേശീയ വാദികൾ, തീവ്രവാദ ദേശീയ വാദികൾ എന്ന രണ്ടു വിഭാഗക്കാരും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ മാർഗ്ഗദർശികളായി നിലകൊണ്ടു. പത്രങ്ങൾ തുടങ്ങിയ പല മാർഗ്ഗങ്ങളിലൂടെ ദേശീയ ഉണർവ്വ് ഉണ്ടാക്കി എടുക്കുന്നതിന് അവർ ശ്രമിച്ചു. 1885-ൽ ഇന്ത്യൻ ദേശീയ കോൺഗ്രസ്സ് രൂപീകരിക്കപ്പെട്ടപ്പോൾ അതിലെ അംഗങ്ങളിൽ മൂന്നിൽ ഒരു ഭാഗം പത്രപ്രവർത്തകരായിരുന്നു. ആദ്യകാല ദേശീയവാദികളിൽ പലരും പത്രങ്ങൾ എഴുതുന്നതിൽ പങ്കുവഹിച്ചു. ദാദാബായ് നവറോജി ഇന്ത്യയുടെ ശബ്ദം (Voice of India), റാസ്ത് ഗോപ്തർ എന്നീ രണ്ടു പത്രങ്ങൾ തുടങ്ങി അതിന്റെ പത്രാധിപർ ആയി പ്രവർത്തിച്ചു. സുരേന്ദ്രനാഥ ബാനർജി ബംഗാളി എന്ന ദിനപത്രത്തിന്റെ പത്രാധിപരായി ബാലഗംഗാധര തിലകൻ കേസരി, മറാത്ത തുടങ്ങിയ പത്രങ്ങളുടെ പത്രാധിപരായിരുന്നു. പത്രങ്ങളിലൂടെ കോളനി ആധിപത്യത്തെക്കുറിച്ച് ജനങ്ങൾക്ക് മനസ്സിലാക്കികൊടുത്ത് ദേശീയ ലക്ഷ്യങ്ങളെ പ്രചരിപ്പിച്ചു. ഇന്ത്യൻ ചരിത്രത്തിൽ ആദ്യമായി കോളനി ആധിപത്യനയങ്ങൾക്കും, നിയമങ്ങൾക്കും, അടിച്ചമർത്തൽ നടപടികൾക്കും എതിരായി സാധാരണക്കാരുടെ അഭിപ്രായങ്ങളെ ആരായുന്നതിന് പത്രങ്ങൾ വലിയ പങ്ക് വഹിച്ചു.



സുരേന്ദ്രനാഥ ബാനർജി

ദേശീയ പ്രസ്ഥാനത്തിൽ സാധാരണക്കാർക്കും, വ്യവസായികൾക്കും കരകൗശലകാർക്കും, തൊഴിലാളികൾക്കും വളരെ വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് ബാലഗംഗാധര തിലകൻ ആത്മാർത്ഥമായി വിശ്വസിച്ചു. കോളനി സാമ്രാജ്യത്തിന്റെ അടിച്ചമർത്തൽ നയത്തിനെതിരായി ദേശീയവാദികൾക്കിടയിൽ ഉന്മേഷം ഉണർത്താനായി അദ്ദേഹം പത്രങ്ങളെ പ്രയോജനപ്പെടുത്തി. ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി നാടുമുഴുവനും പ്രക്ഷോപത്തിന് തുടക്കം കുറിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. 1897 ജൂലൈ 27-ൽ തിലകൻ അറസ്റ്റ് ചെയ്യപ്പെട്ട് ഇന്ത്യൻ ശിക്ഷാനിയമ വിഭാഗം 124 (എ) ൽ അടക്കപ്പെട്ടു. തിലകൻ തീവ്രദേശീയ വാദി വിഭാഗത്തിൽ ഉൾപ്പെട്ടവരായിരുന്നിട്ടും മിതവാദ ദേശീയ വാദികളും തീവ്രവാദികളോട് ചേർന്ന് അദ്ദേഹത്തിന്റെ അറസ്റ്റിനെ എതിർത്തു. അഭിപ്രായ സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം എന്നീ രണ്ടു അവകാശങ്ങളും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുഖ്യഅംശങ്ങളായി നിലകൊണ്ടു.



ബാലഗംഗാധർ തിലക്

1.6 നവറോജിയും അദ്ദേഹം കൊണ്ടു വന്ന ചൂഷണ സിദ്ധാന്തവും

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ മഹാപ്രതിഭ എന്നറിയപ്പെടുന്ന ദാദാബായ് നവറോജി ആരംഭകാല ദേശീയ പ്രസ്ഥാനത്തിലെ മുഖ്യനേതാക്കന്മാരിൽ ഒരാളാകുന്നു. 1870-ൽ മുംബൈ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും തെരഞ്ഞെടുക്കപ്പെട്ടു. 1892-ൽ ഇംഗ്ലണ്ടിലെ പാർലമെന്റിൽ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹം ലണ്ടനിൽ ഇന്ത്യൻ സംഘടന (India in Society) 1865 കിഴക്ക് ഇന്ത്യൻ സംഘടന (East Indian Association) 1866 എന്നീ സംഘടനകൾ രൂപീകരിച്ചു. മൂന്നു തവണ ഇന്ത്യൻ ദേശീയ കോൺഗ്രസ്സിന്റെ തലവനായി തെരഞ്ഞെടുക്കപ്പെട്ടു.

അദ്ദേഹം എഴുതിയ ഇന്ത്യൻ ദാരിദ്ര്യവും, ബ്രിട്ടീഷ്കാരുടെ അധപതിച്ച ഭരണവും (Poverty and Un British Rule in India 1901) എന്നഗ്രന്ഥംഇന്ത്യൻസ്വാതന്ത്ര്യ സമരത്തിന് അദ്ദേഹം നൽകിയ മുഖ്യ സംഭവനയാണ്. ഈ ഗ്രന്ഥത്തിൽ സാമ്പത്തിക ചൂഷണം എന്ന തത്വത്തെ മുന്നിൽ വച്ചു. ഏതു നാടായാലും പിരിക്കുന്ന നികുതിയെ ആ നാടിന്റെ ജനങ്ങളുടെ പുരോഗമനത്തിനായി പ്രയോജനപ്പെടുത്തണം. ബ്രിട്ടീഷ് ഇന്ത്യയിൽ ബ്രിട്ടീഷുകാർ പിരിക്കുന്ന നികുതി ഇന്ത്യൻ ജനങ്ങളുടെ നന്മക്കായി ചെലവഴിക്കണം. എന്നാൽ ബ്രിട്ടീഷ് ഇന്ത്യയിൽ ബ്രിട്ടീഷുകാർ പിരിക്കുന്ന നികുതി ഇംഗ്ലണ്ടിന്റെ നന്മയ്ക്കായി ചെലവു ചെയ്യുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. 1835 മുതൽ 1872 വരെയുള്ള ഓരോ വർഷവും ശരാശരി 13 മില്യൺ പൗണ്ട് മതിക്കുന്ന വസ്തുക്കൾ ഇംഗ്ലണ്ടിലേയ്ക്ക് കയറ്റുമതി ചെയ്യപ്പെട്ടതായും എന്നാൽ അതേ അളവ് പണം ഇന്ത്യയിൽ വന്ന് ചേരുന്നില്ല എന്നും അഭിപ്രായപ്പെട്ടു. ലണ്ടനിൽ വസിക്കുന്ന പങ്കു ചന്തക്കാർക്ക് കൊടുക്കേണ്ട ലാഭം. റെയിൽവേ മേഖലയിൽ മുതൽ മുടക്ക് ചെയ്യുന്നവർക്ക് ഉത്തരവാദിത്വം നൽകുന്നതിനായി നൽകുന്ന പലിശ, ഔദ്യോഗിക കാലാവധി പൂർത്തിയാക്കിയ ഉയർന്ന ഉദ്യോഗസ്ഥർക്കും, അധികാരികൾക്കും കൊടുക്കേണ്ട വേതനം, ഇന്ത്യയിലും, വെളിനാടുകളിലും നാടുകളെ കൈയടക്കുന്നതിനുവേണ്ടി നടത്തിയ ആക്രമണങ്ങൾക്കായിഇംഗ്ലണ്ടിലിരുന്ന് എടുത്തകടത്തിന് നൽകേണ്ട പലിശ തുടങ്ങിയതെല്ലാം ഉൾകൊള്ളിച്ചു കൊണ്ടാണ് ഇന്ത്യയിൽ നിന്നും വസ്തുക്കൾ കയറ്റുമതി ചെയ്യുന്നത് എന്ന് അദ്ദേഹം വാദിച്ചു. ഇതെല്ലാംആഭ്യന്തരനികുതി(HomeCharges) എന്നപേരിൽ ഓരോ വർഷവും 30 മില്യൺ പൗണ്ട് നഷ്ടം ഏർപ്പെടുന്നതായിനവറോജി സത്യസന്ധമായി വാദിച്ചു.



ദാദാബായ് നവറോജി

സംഗ്രഹം

- 18-ാം നൂറ്റാണ്ടിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിനിലവിൽകൊണ്ടുവന്ന നില, നികുതിപരിഷ്കാരങ്ങൾ ഇന്ത്യൻ കൃഷി സമ്പ്രദായത്തിൽ മാറ്റത്തെ ഏർപ്പെടുത്തി.
- ഇംഗ്ലണ്ടിൽ ഭീമമായ തൊഴിൽ ശാലകൾ വളർച്ച പ്രാപിച്ചതിനാൽ കമ്പനി ഇന്ത്യയിലിരുന്ന് അസംസ്കൃത പദാർത്ഥങ്ങളെ കയറ്റുമതി ചെയ്ത് സംസ്കൃത വസ്തുക്കളാക്കി (ഉത്പന്നങ്ങളാക്കി) ഇന്ത്യയിൽ ഇറക്കുമതി ചെയ്തു. ഈ പ്രവർത്തി ഇന്ത്യൻ കൈതൊഴിൽ അധഃപതിക്കാൻ കാരണമായി. ഇതിനാൽ കരകൗശലക്കാർ തൊഴിൽ രഹിതരായി.
- ഭൂമി നഷ്ടമായ തൊഴിലാളികളും, തൊഴിൽ നഷ്ടപ്പെട്ട കരകൗശലക്കാരും ദാരിദ്ര്യത്തിലിരുന്ന് രക്ഷ നേടാനായി ഇംഗ്ലീഷ് സാമ്രാജ്യത്തിലെ കോളനികളിൽ വസിക്കാൻ തുടങ്ങി.
- ഇംഗ്ലീഷുകാർ പരിചയപ്പെടുത്തിയ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ഫലമായി സാക്ഷരരായ ഇന്ത്യാക്കാർ എന്ന ഒരു വിഭാഗം രൂപം കൊണ്ട് ഇന്ത്യൻ സമൂഹത്തിന്റെ പരിഷ്കാരത്തിനായി പോരാടി.
- 1857 ലെ കയ്പേറിയ അനുഭവങ്ങളും വർഗ്ഗ വ്യത്യാസവും, അഭിപ്രായ വ്യത്യാസങ്ങൾക്കും എതിരായി കൈകൊണ്ട അടിച്ചമർത്തൽ നടപടികൾ ദേശീയ പ്രസ്ഥാനം വളരുന്നതിന് കാരണമായി.
- പുതിയസാക്ഷരരായവിഭാഗക്കാർ,തങ്ങളുടെഅഭിപ്രായങ്ങളേയും കുറവുകളേയും എടുത്തുകാണിക്കാൻ മദ്രാസ് വാസികളുടെ സംഘം 1852. മദ്രാസ് മഹാജനസഭ(1884) ഇന്ത്യൻ ദേശീയ കോൺഗ്രസ്സ് (1885) തുടങ്ങിയ രാഷ്ട്രീയ സംഘടനകൾ രൂപം കൊണ്ടു.
- നേതാക്കളുടെ പ്രധാന ദൗത്യങ്ങളിലൊന്ന് കൊളോണിയലിസത്തിലെ ചൂഷണത്തെക്കുറിച്ചും അത് ദൈനംദിന ജീവിതത്തിൽ ചെലുത്തുന്ന പങ്കിനെക്കുറിച്ചും മനസ്സിലാക്കി കൊടുക്കുക എന്നതായിരുന്നു. ദാദാബായ് നവറോജി വിശദീകരിച്ച സാമ്പത്തിക ചൂഷണ സിദ്ധാന്തം ഇന്ത്യൻ വിഭവത്തിന്റെ ബ്രിട്ടീഷ് ചൂഷണത്തെ തുറന്നുകാട്ടി.

പരിശീലനം

LO2GA

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. ഗാന്ധിജി തെക്കേആഫ്രിക്കയിൽ നിന്ന് എപ്പോഴാണ് ഇന്ത്യയിലേക്കു മടങ്ങിയത്?
   (a) 1915 (b) 1916 (c) 1917 (d) 1918
2. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിൽ കൊണ്ടുവന്ന വർഷം?
   (a) 1825 (b) 1835 (c) 1845 (d) 1855
3. വ്യത്യസ്തമായ ഒന്ന് തെരഞ്ഞെടുക്കുക.
   (a) വില്യം ജോൺസ് (b) ചാൾസ് വിൽകിൻസ്
   (c) മാർക്സ് മുല്യർ (d) അരവിന്ദഘോഷ്

4. 'സ്വരാജ്യം എന്റെ ജന്മാവകാശം, അതു ഞാൻ നേടി എടുക്കും' എന്ന് അഭിപ്രായപ്പെട്ടത്

(a) ബാലഗംഗാധര തിലകൻ

(b) ദാദാബായ് നവറോജി

(c) സുഭാഷ്ചന്ദ്രബോസ്

(d) ഭാരതിയാർ

5. താഴെപറയുന്നവ ശരിയായ വിധത്തിൽ യോജിപ്പിക്കുക.

(A) ബാലഗംഗാധര തിലകൻ-1. ഇന്ത്യയുടെ ശബ്ദം

(B) ദാദാബായ് നവറോജി - 2. മദ്രാസ്സ് ട്രൈംസ്

(C) മെക്കാലെ - 3. കേസരി

(D) വില്യംഡിഗ്ബി - 4. ഇന്ത്യൻ വിദ്യാഭ്യാസം സംബന്ധിച്ച കുറിപ്പുകൾ

കോഡ്

(a) 2, 4, 1, 3 (b) 3, 1, 4, 2

(c) 1, 3, 2, 4 (d) 4, 2, 3, 1

6. താഴെ തന്നിട്ടുള്ളതിൽ ശരിയായ ഒന്നിനെ യോജിപ്പിക്കുക?

(a) ഇംഗ്ലീഷ് വിദ്യാഭ്യാസ നിയമം - 1843

(b) അടിമസമ്പ്രദായം ഒഴിവാക്കൽ - 1859

(c) ചെന്നൈവാസികളുടെ സംഘം - 1852

(d) ഇൻഡിഗോ കലഹം - 1835

7. താഴെപറയുന്ന പ്രസ്ഥാനങ്ങൾ തുടങ്ങിയ ശരിയായ വർഷത്തെ കാലക്രമമനുസരിച്ച് ക്രമീകരിക്കുക?

(i) കിഴക്ക് ഇന്ത്യൻ പ്രസ്ഥാനം

(ii) മദ്രാസ്സ് മഹാജന സംഘം

(iii) ചെന്നൈ വാസികളുടെ സംഘം

(iv) ഇന്ത്യൻ സമുദായം

ചുവടെ നൽകിയിരിക്കുന്ന കോഡുകളിൽ നിന്ന് ഉത്തരം തെരഞ്ഞെടുക്കുക:

(a) ii, i, iii, iv (b) ii, iii, i, iv

(c) iii, iv, i, ii (d) iii, iv, ii, i

8. ഇന്ത്യൻ ദേശീയ കോൺഗ്രസ്സിനെ രൂപീകരിച്ച ആൾ _____

(a) സുബാഷ് ചന്ദ്രബോസ്

(b) ഗാന്ധിജി

(c) എ.ഒ.ഹ്യൂം

(d) ബാലഗംഗാധര തിലകൻ

9. ഇന്ത്യൻ ദേശീയ കോൺഗ്രസ്സിലെ ആദ്യത്തെ നേതാവ്

(a) സുരേന്ദ്രനാഥ് ബാനർജി

(b) ഭദ്രുദീൻ ത്യാബ്ജി

(c) എ.ഒ.ഹ്യൂം

(d) ഡബ്ള്യൂ.സി.ബാനർജി

10. ഗ്രാൻഡ് ഓൾഡ് മാൻ എന്ന് വിളിക്കുന്നത് ആരെയാണ് ?

(a) ബാലഗംഗാധരതിലകൻ

(b) എം.കെ.ഗാന്ധി

(c) ദാദാബായ് നവറോജി

(d) സുബാഷ്ചന്ദ്രബോസ്

11. ഇന്ത്യൻദാരിദ്ര്യവുംബ്രിട്ടീഷ്ഭരണവും- *'Poverty and Un-British Rule in India'* എന്ന ഗ്രന്ഥം എഴുതിയതാര?

(a) ബാലഗംഗാധരതിലകൻ

(b) ഗോപാലകൃഷ്ണ ഗോഖലെ

(c) ദാദാബായ് നവറോജി

(d) എം.ജി.റാനഡേ

12. **പ്രസ്താവന (A):** ബ്രിട്ടീഷ് ഗവൺമെന്റ് സ്വതന്ത്ര വ്യാപാര നയം പിൻതുടർന്നു (or) സ്വതന്ത്ര വ്യാപാര മേളയുടെ നയം.

കാരണം (R): ഇംഗ്ലണ്ടിന്റെ സ്വതന്ത്ര വ്യാപാര നയത്താൽ ഇന്ത്യയ്ക്ക് നന്മ ഉണ്ടായിരുന്നു.

(a) A ശരിയാണ് എന്നാൽ കാരണം R, A യെക്കുറിച്ച് വിശദീകരിക്കുന്നില്ല.

(b) A ശരിയാണ് കാരണം R, A യെ വിശദീകരിക്കുന്നു.

(c) A ശരിയാണ് കാരണം R തെറ്റാണ്.

(d) A യും R ഉം തെറ്റാണ്.

13. ഒറീസ്സക്ഷാമത്തെക്കുറിച്ച് ഇനിപ്പറയുന്നവയിൽ ഏതാണ് ശരി?

പ്രസ്താവന I: 1866-ൽ ഒറീസ്സയിൽ ക്ഷാമം മൂലം ഒന്നര മില്യൺ ജനങ്ങൾ മരണമടഞ്ഞു.

പ്രസ്താവന II: ക്ഷാമകാലത്ത് 200 മില്യൺ പൗണ്ട് അരി ബ്രിട്ടനിലേക്ക് ഇംഗ്ലീഷുകാർ കയറ്റുമതി ചെയ്തു.

പ്രസ്താവന III: ഒറീസ്സയിലെ ക്ഷാമത്തെക്കുറിച്ച് ആജീവനാന്തം അന്വേഷിക്കാൻ ദാദാബായ് നവറോജി പരിശ്രമിച്ചു.

(a) I & II

(b) I & III

(c) മുകളിൽ പറഞ്ഞവ ഒന്നുമല്ല

(d) മുകളിൽ പറഞ്ഞവ എല്ലാം

II. കുറിപ്പെഴുതുക

1. ദേശീയത എന്നാൽ എന്ത് ?
2. നവീന ഭൂവുടമ സമ്പ്രദായത്താൽ ഏർപ്പെട്ട ബാധിപ്പുകൾ ഏവ?
3. ഇൻഡിഗോ കലഹം കുറിപ്പ് എഴുതുക?
4. ഇൽബർട്ട് ബില്ലിന്റെ പ്രാധാന്യം വ്യക്തമാക്കുക.
5. നവീന വിദ്യാഭ്യാസസത്തിൽ മിഷണറിമാരുടെ സംഭാവന വ്യക്തമാക്കുക.
6. ബ്രിട്ടീഷ് പാർലമെന്റിന് നൽകിയ അപേക്ഷയിൽ മദ്രാസ് നേറ്റീവ് അസോസിയേഷൻ പ്രതിനിധീകരിച്ച പരാതികൾ എന്തൊക്കെയാണ്?
7. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനു മുൻപ് ഇന്ത്യയിൽ രൂപീകരിച്ച സുപ്രധാന രാഷ്ട്രീയ സംഘടനകളുടെ പട്ടിക തയ്യാറാക്കുക.
8. പ്രമുഖ ആദ്യകാല ഇന്ത്യൻ ദേശീയവാദികൾ ആരൊക്കെയാണ്.

III. ചുരുക്കി ഉത്തരമെഴുതുക

1. മെക്കാലേയുടെ ഇന്ത്യൻ വിദ്യാഭ്യാസത്തെ വിശകലനം ചെയ്യുക.
2. 1853-ൽ ഇന്ത്യൻ സമൂഹ പരിഷ്കരണ പ്രസ്ഥാനത്തിലെ ചെയർമാന്റെ മദ്രാസ്സ് സന്ദർശനത്തെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം?
3. ബ്രിട്ടീഷ് ഇന്ത്യയിൽ ദേശീയ ഉണർവ്വ് ഉണ്ടാക്കിയ മാധ്യമങ്ങളെക്കുറിച്ച് വ്യക്തമാക്കുക.
4. ബ്രിട്ടീഷ് ഇന്ത്യയിൽ ഇൻഡെൻറഡ് ലേബർ സംഘടിപ്പിച്ച രീതി വിവരിക്കുക?
5. 1884 മെയ് മാസത്തിൽ നടന്ന മദ്രാസ് മഹാജന സഭയുടെ ഉദ്ഘാടന യോഗത്തിൽ പങ്കെടുത്ത പ്രമുഖരുടെ പേര് എഴുതുക?
6. സിലോണിലേക്കുള്ള ആദ്യകാല തൊഴിൽ കുടിയേറ്റത്തെക്കുറിച്ച് ഒരു ഹ്രസ്വവിവരണം തയ്യാറാക്കുക.
7. ആഭ്യന്തര ചെലവുകൾ (Home Charges) ഉൾക്കൊള്ളുന്ന ഇനങ്ങൾ ഏതാണ്?

IV. വിശദമായി ഉത്തരമെഴുതുക

1. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സ്വാധീനം ചർച്ച ചെയ്യുക. ഇന്ത്യയെ പരിഷ്കരിക്കുന്നതിലും പുനരുജ്ജീവിപ്പിക്കുന്നതിലും അതിന്റെ പ്രധാന പങ്ക് എടുത്ത് കാണിക്കുക.
2. ബ്രിട്ടീഷ് ഇന്ത്യയിൽ ദേശീയ ബോധം ഉണ്ടാക്കാനുള്ള സാമൂഹിക-സാമ്പത്തിക കാരണങ്ങൾ പരിശോധിക്കുക.
3. ഇന്ത്യയിൽ ദേശീയ ബോധം ഉണ്ടാക്കാൻ ബ്രിട്ടീഷുകാരുടെ അടിച്ചമർത്തൽ നയവും വംശീയ പ്രശ്നങ്ങളും എത്രമാത്രം കാരണമായിത്തീർന്നു.
4. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലക്ഷ്യങ്ങളും കൊളോണിയൽ ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാൻ ആരംഭകാല ദേശീയ വാദികൾ വഹിച്ച പങ്കിനെയും വിവരിക്കുക.

V. പ്രവർത്തനം

1. പാശ്ചാത്യ വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നില്ലായിരുന്നുവെങ്കിൽ - എന്ത് സംഭവിക്കുമായിരുന്നു എന്ന് സംവാദം ചെയ്യുക.
2. തമിഴ്നാട്ടിലെ ആരംഭകാല ദേശീയവാദികളുടെ ജീവിതചരിത്രവും മറ്റും അവരുടെ ചിത്രങ്ങളേയും ശേഖരിക്കുക.

VI. മാപ്പ് വർക്ക്

ഇന്ത്യൻ ദേശീയ കോൺഗ്രസ് സമ്മേളിച്ച സ്ഥലങ്ങൾ അടയാളം ചെയ്യുക.

1. മുംബൈ	2. കൊൽക്കത്ത	3. ചെന്നൈ
4. അഹമ്മദാബാദ്	5. ലക്നൗ	6. കാൺപൂർ
7. സൂറത്ത്	8. ലാഹൂർ	9. പൂന
10. അലഹബാദ്		

പരാമർശഗ്രന്ഥങ്ങൾ

- ബിപിൻചന്ദ്രപാൽ സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യയുടെ പങ്ക്, പെൻഗ്വിൻ, ന്യൂഡൽഹി 2016.
- ദേശായ് എ.ആർ. ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം ഇനപ്രിയ പ്രകാശൻ ബോംബെ 6th Edition 2011.
- ആർ.സുന്ദരലിംഗം തെക്കേഇന്ത്യയിലെ രാഷ്ട്രീയ മറ്റും ദേശീയ അവബോധം, 1852-1891, അരിസോണ സർവകലാശാല ടക്സൺ 1974.
- ശശി തരൂർ ഇരുട്ടിന്റെയുഗം : ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യം, അലഫ്, ന്യൂഡൽഹി 2016.

ഇന്റർനെറ്റ് റിസോഴ്സ്

www.brittanica.com

പദപരിചയം

Laissez faire	Non-interference of the government in the economic affairs of individuals and society /Free Trade	അനിയന്ത്രിതമായ വ്യാപാരനയത്തിന്റെ (സ്വതന്ത്ര വ്യാപാരം)
ameliorate	to make better	നിയന്ത്രണം, ചിട്ടപ്പെടുത്തുക
indentured labour	a debt bondage worker on a contract	കരാർ തൊഴിലാളികൾ
Orientalist	someone from the west studying the language, culture and history of countries in eastren Asia	താഴേത്തട്ടിലുള്ള ഭാഷാ സംസ്കാരം, ചരിത്രകാരൻ
Anglicists	an authority on or student of English languages and literature	ഇംഗ്ലീഷ് ഭാഷ വഴി സാഹിത്യം പഠിച്ചവർ
proselytizing	attempting to convert someone from one religion, belief, or opinion to another	മതപരിവർത്തനം ചെയ്യാനുള്ള ശ്രമം
polytheism	the belief in or worship of more than one god	പല ദൈവങ്ങളോടുള്ള വിശ്വാസം
vernacular	language commonly spoken by the people of a particular a region or a particular group	സ്വദേശ ഭാഷ

യൂണിറ്റ്

2

തീവ്ര ദേശീയ വാദത്തിന്റെ ഉദയവും സ്വദേശി പ്രസ്ഥാനവും

5XLSQ

പഠന ലക്ഷ്യങ്ങൾ

- ബംഗാളിലെ സ്വദേശി പ്രസ്ഥാനത്തിന്റെ സ്വഭാവവും പ്രാധാന്യവും മനസ്സിലാക്കാൻ
- ബ്രിട്ടീഷ് ഇന്ത്യാ ഗവൺമെന്റിന്റെ അടിച്ചമർത്തൽ നടപടികൾ അറിയുന്നതിന്
- 1907 സൂറത്ത് വിഭജനത്തിലേക്ക്(ഇന്ത്യൻ നാഷണൽ കോൺഗ്രസ്) നയിച്ച സംഭവങ്ങൾ കണ്ടെത്താൻ
- ബംഗാളിലെ വിപ്ലവകരമായ റാഡിക്കൽ ദേശീയതയുമായുള്ള പരിചയം
- തമിഴ്നാട്ടിലെ സ്വദേശി പോരാട്ടങ്ങളുമായി പരിചയപ്പെടൽ
- വി.ഒ. ചിദംബരം, വി.വി. സുബ്രഹ്മണ്യം, സുബ്രഹ്മണ്യശിവ, സുബ്രഹ്മണ്യ ഭാരതി എന്നിവർ വഹിച്ച പങ്കിനെ അറിയാൻ

ആമുഖം

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുള്ളിൽ മിതമായ രാഷ്ട്രീയത്തിനെതിരെ പ്രകടമായ നീരസം ഉണ്ടായിരുന്നു. ഈ നീരസം ഒടുവിൽ ഒരു പുതിയ പ്രവണതയായി പരിണമിച്ച്, അതിനെ തീവ്രവാദ പ്രവണത എന്നു വിളിക്കുന്നു. തീവ്രവാദ ദേശീയ വാദികളോ പുരോഗമനവാദികളോ, തീവ്രവാദ വിമർശകരോ എന്ന് ഞങ്ങൾ വിളിക്കുന്ന ഈ സംഘം മിതവാദ ദേശീയവാദികളുടെശ്രദ്ധാപൂർവ്വകമായമനോഭാവം, ബ്രിട്ടീഷ്കാരോടു യാചിക്കുന്ന നയങ്ങൾ, നിവേദനം പോലുള്ള വിധേയത്വ നയങ്ങൾ എന്നിവയെ വിമർശിക്കുന്നു. മഹാരാഷ്ട്രയിലെ ബാലഗംഗാധർ തിലക്, ബംഗാളിലെ ബിപിൻ ചന്ദ്രപാൽ, പഞ്ചാബിലെ ലാലാലജ്പത് റായ് എന്നിവരുടെ നേതൃത്വത്തിലാണ് ഈ തീവ്രവാദം വികസിച്ചത്. കോൺഗ്രസിനുള്ളിലെ വിഭാഗങ്ങൾ, മിതവാദ ദേശീയ വാദികളുടെ രാഷ്ട്രീയ പ്രവർത്തനങ്ങൾ മൂലമുണ്ടായ വിഷാദം, ബംഗാൾ വിഭജനത്തെക്കുറിച്ച് കഴ്സൺ പ്രഭുവിനോടുള്ള ദേഷ്യം എന്നിവയാണ് നേട്ടങ്ങളുടെ അടിസ്ഥാന കാരണങ്ങൾ.

1905-ലെബംഗാൾവിഭജനംബ്രിട്ടീഷ്വിഭജന-ഭരണനയത്തിന്റെ ഉദാഹരണം കൊളോണിയൽ വിരുദ്ധ സ്വദേശി ദേശീയതയുടെ വളർച്ചയ്ക്ക് ഉത്തേജകമായി. വിഭജന പദ്ധതിയെ ആദ്യം മിതവാദികൾഎതിർത്തുവെങ്കിലുംപ്രസ്ഥാനംപുരോഗമിക്കുമ്പോൾവ്യത്യസ്തസാങ്കേതിക വിദ്യകൾ സ്വദേശി പ്രചാരണത്തിനായി മെച്ചപ്പെടുത്തി. സ്വദേശി സൃഷ്ടിപരമായ പരിപാടിയിൽ വിദേശ സാധനങ്ങളും സർക്കാർ ഭരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ബഹിഷ്കരിക്കുന്നു. ഗാന്ധിയൻ കാലഘട്ടത്തിലെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെഏറ്റവുംപ്രധാനപ്പെട്ടഘട്ടമാണ് സ്വദേശി പ്രസ്ഥാനം(1905-1911),പ്രസ്ഥാനത്തിനിടെഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ സ്വഭാവം പ്രഖ്യാപിത ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ഗണ്യമായി മാറി, രീതികളും, അതിന്റെ സാമൂഹിക അടിത്തറയും.



സ്വദേശി പ്രസ്ഥാനം

12th_History_MAL_Unit_2 Pixels.indd 16 2/28/2023 1:15:30 PM

ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള വിവിധ സാമൂഹിക ഗ്രൂപ്പുകളുടെ പ്രശ്നങ്ങളും അവരുടെ ജീവിതത്തിലെ പൊതുവായ സാമാന്യതയും തുറന്നുകാട്ടിയതാണ് പ്രസ്ഥാനത്തിന്റെ ബഹുജനഅടിത്തറ വികസിപ്പിച്ചത്. അതാണ് കൊളോണിയൽ ചൂഷണം. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി സ്ത്രീകൾ, തൊഴിലാളികൾ, കൃഷിക്കാർ, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവ ആധുനിക ദേശീയവാദ ആശയങ്ങൾക്കും രാഷ്ട്രീയത്തിനും വിധേയമായി. സാധാരണക്കാരെ അഭിസംബോധന ചെയ്യാൻ വരേണ്യ വർഗ്ഗങ്ങൾ ബോധപൂർവ്വം ശ്രമിക്കുകയും രാഷ്ട്രീയത്തിൽ ചേരാൻ ആഹ്വാനം ചെയ്യുകയും ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്. സ്വദേശി കാലഘട്ടത്തിലെ മറ്റൊരു പ്രധാന വികാസം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക മാധ്യമങ്ങളുടെ (ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകരിച്ച പത്രങ്ങൾ) വളർച്ചയായിരുന്നു. പ്രാദേശിക മാധ്യമങ്ങളുടെ ദേശീയ സ്വരം ഈ സമയത്ത് കൂടുതൽ പ്രകടമായി. തമിഴ്നാട്ടിൽ സ്വദേശമിത്രൻ, മഹാരാഷ്ട്രയിലെ കേസരി, ബംഗാളിലെ യുഗന്തർ എന്നീ പത്രങ്ങൾ വഹിച്ച പങ്ക് ചില ഉദാഹരണങ്ങളാണ്. ഈ പ്രസ്ഥാനം ജനങ്ങൾക്കിടയിൽ മികച്ച സ്വാധീനം ചെലുത്തിയതോടെ, പൊതുയോഗങ്ങൾ (1907), സ്ഫോടക വസ്തുനിയമം (1908), പത്രങ്ങൾ (പ്രലോഭനവും കുറ്റകൃത്യവും 1908), ഇന്ത്യൻ പത്രനിയമം (1910) എന്നീ പല അടിച്ചമർത്തൽ നിയമങ്ങൾ പാസാക്കി. പൊതുയോഗങ്ങളെ നിരീക്ഷിക്കുന്നതും അതാത് ജുഡീഷ്യൽ സൂക്ഷ്മ പരിശോധനയുടെ വിഷയമായി കണക്കാക്കപ്പെട്ടു. (പ്രസംഗങ്ങളെ ശേഖരിക്കുന്നതിനായി ആദ്യമായി പോലീസ് വിഭാഗത്തിന് ചുരുക്കെഴുത്ത് രീതിയെ നടപ്പിലാക്കി) ഈ പാഠത്തിൽ, ബംഗാളിനേയും ദേശീയ സാഹചര്യങ്ങളെയും കുറിച്ച് ചർച്ച ചെയ്യുന്നതിനിടയിൽ തമിഴ്നാട്ടിൽ വി.ഒ. ചിദംബരം, വി.വി. സുബ്രഹ്മണ്യം, സുബ്രഹ്മണ്യ ശിവ, സുബ്രഹ്മണ്യ ഭാരതി എന്നിവർ വഹിച്ച പങ്കിനെക്കുറിച്ച് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു.

2.1 ബംഗാൾ വിഭജനം



കഴ്സൺ പ്രഭു

1899 ജനുവരി 6, കഴ്സൺ പ്രഭുവിനെ ഇന്ത്യയുടെ പുതിയ ഗവർണ്ണർ ജനറലായും വൈസ്രോയിയായും നിയമിച്ചു. ആവർത്തിച്ചുള്ള ക്ഷാമത്തിന്റെയും പ്ലേഗിന്റെയും ആഘാതം മൂലം ബ്രിട്ടീഷ് അപ്രീതി വർദ്ധിച്ചുകൊണ്ടിരുന്ന സമയമാണിത്. വിദ്യാസമ്പന്നരായ ഇന്ത്യൻ വർഗ്ഗത്തിന്റെ അഭിപ്രായം മാറ്റാൻ കഴ്സൺ കാര്യമായൊന്നും ചെയ്തില്ല. ദേശീയവാദ ബുദ്ധിജീവികളുമായി ഇടപഴകുന്നതിനുപകരം അദ്ദേഹം അടിച്ചമർത്തൽ നടപടികളുടെ ഒരു പരമ്പര നടപ്പാക്കി. ഉദാഹരണത്തിന് കൊൽക്കത്ത കോർപ്പറേഷനിൽ (1899) തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ പ്രതിനിധികളുടെ എണ്ണം അദ്ദേഹം കുറച്ചു. 1904-ലെ യൂണിവേഴ്സിറ്റി ആക്ട് കൊൽക്കത്ത സർവ്വകലാശാലയെ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കി. ഇന്ത്യൻ പത്രങ്ങളുടെ ദേശീയ സ്വരം തടയുന്നതിനായി ഔദ്യോഗിക രഹസ്യനിയമം (1904) ഭേദഗതി ചെയ്തു. 1905-ൽ അദ്ദേഹം ബംഗാൾ വിഭജിക്കാൻ ഉത്തരവിട്ടു. വിഭജനം ഇന്ത്യയിൽ ഉടനീളം വ്യാപകമായ പ്രതിഷേധത്തിലേക്ക് നയിച്ചു, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ഒരു പുതിയ ഘട്ടം ആരംഭിച്ചു.



12th_History_MAL_Unit_2 Pixels.indd 17 2/28/2023 1:15:30 PM

ഒരു ഭരണ യൂണിറ്റ് എന്ന നിലയിൽ ബംഗാൾ പ്രസിഡൻസിക്ക് യഥാർത്ഥത്തിൽ നിയന്ത്രിക്കാൻ കഴിയാത്തതായിരുന്നു; വിഭജനത്തിന്റെ ആവശ്യകത 1860 മുതൽ ചർച്ച ചെയ്യപ്പെട്ടു. വിഭജനപദ്ധതി മാർച്ച് 1890-ൽ പുനരുദ്ധരിച്ചു. ആസാമിൽ കഴ്സൺ ഒരു പര്യടനത്തിന് പോയപ്പോൾ യൂറോപ്യൻകരാർതൊഴിലാളികൾ,അദ്ദേഹത്തോട് ഒരുആവശ്യമുന്നയിച്ചു. കൊൽക്കത്തയ്ക്ക് അടുത്ത് തങ്ങൾക്കൊരു കടൽപാത ഏർപ്പെടുത്തിതന്നാൽ അവർഅസം-ബംഗാൾ റെയിൽവേ പാതയെ ആശ്രയിക്കുന്ന് ഒരളവുവരെ ഒഴിവാക്കാൻ കഴിയുമെന്ന് ആവശ്യപ്പെട്ടു. ഇതിനെ തുടർന്ന് 1903 ഡിസംബറിൽ കഴ്സൺ തന്റെ ഇന്ത്യയുടെ പ്രത്യേക പുനർവിതരണത്തിനായി ഒരു പദ്ധതി തയ്യാറാക്കി.പിന്നീട് ഇത് പുതുക്കി റൈസ്ലി പേപ്പറുകൾ ആയിപ്രസിദ്ധീകരിച്ചു. വിഭജനത്തെ അനുകൂലിക്കുന്നരണ്ട് കാരണങ്ങൾ മുന്നോട്ടുവച്ചു. ബംഗാളിന്റെദുരിതാശ്വാസവും ആസാമിന്റെ പുരോഗതിയുംഎന്നിരുന്നാലും, ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെയും യൂറോപ്യൻ കച്ചവടക്കാരുടെയും സൗകര്യാർത്ഥം പദ്ധതി എങ്ങനെ ആവഷ്കരിച്ചു എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ റിപ്പോർട്ട് മറച്ചുവച്ചു.

1903 ഡിസംബർ മുതൽ 1905 വരെ ബംഗാളിൽ നിന്ന് ചില പ്രദേശങ്ങൾ കൈമാറുകയോ പുനഃക്രമീകരിക്കുകയോ ചെയ്യാനുള്ള ഈ പ്രാരംഭ ആശയം ഒരു പൂർണ്ണ വിഭജന പദ്ധതിയിലേക്ക് മാറ്റി. ബംഗാളിനെ രണ്ട് പ്രവിശ്യകളായിവിഭജിച്ചു. പുതിയ കിഴക്കൻ ബംഗാളും അസാമും ചിറ്റഗോംഗ്, ധാക്ക, ടിപ്പേരയിലെ രാജ്ഷാഹി കുന്നുകളുടെ ഭാഗങ്ങൾ, അസാം പ്രവിശ്യ, മാൾഡ എന്നിവ ഉൾക്കൊണ്ടതായിരുന്നു.

ഹിന്ദു മുസ്ലീം വിഭജന ഉദ്ദേശം

ബംഗാളിലെബ്രിട്ടീഷ് ഭരണത്തിനെതിരായ രാഷ്ട്രീയപ്രവർത്തനങ്ങൾഅടിച്ചമർത്തുക,ഹിന്ദു മുസ്ലീം വിഭജനം സൃഷ്ടിക്കുക എന്നിവയായിരുന്നു കഴ്സന്റെഉദ്ദേശം. സിവിൽ സർവ്വീസുകൾ അവതരിപ്പിച്ച ബദൽ നിർദ്ദേശങ്ങൾ സർക്കാർ മനപൂർവ്വം അവഗണിച്ചു. പ്രത്യേകിച്ചും ഭാഷാടിസ്ഥാനത്തിൽ ബംഗാളിനെ വിഭജിക്കുക എന്നതായിരുന്നു. ഇത് ബംഗാളി രാഷ്ട്രീയക്കാരുടെ നിലപാട് കൂടുതൽ ശക്തിപ്പെടുത്തുമെന്നതിനാൽ കഴ്സൺ ഈ നിർദ്ദേശം നിരസിച്ചു. ഭിന്നിച്ച ബംഗാളിൽ വ്യക്തമായി വേർതിരിക്കപ്പെട്ട ഹിന്ദു,മുസ്ലീംജനസംഖ്യ സൃഷ്ടിക്കാൻ കഴ്സൺ ഉറച്ചുനിന്നു. ഭഗീരഥി നദിക്കരയിൽ വ്യക്തമായ ഭൂമിശാസ്ത്രപരമായ ഭിന്നതയുണ്ടെന്ന് അദ്ദേഹത്തിന് മുമ്പുള്ള പലരേയുംപോലെ കഴ്സണും നന്നായി അറിയാമായിരുന്നു. കിഴക്കൻ ബംഗാൾ മുസ്ലീങ്ങൾആധിപത്യംപുലർത്തിയിരുന്നു. പശ്ചിമബംഗാളിൽ ഹിന്ദുക്കളുടെ ആധിപത്യവും മധ്യബംഗാളിൽ,ബംഗാളിലെമുസ്ലീം ജനതയെ ചൂഷണംചെയ്യുന്നതിനുള്ളരണ്ട്സമുദായങ്ങൾശ്രമിച്ചിരുന്നു. മധ്യബംഗാളിൽ, ബംഗാളിലെ മുസ്ലീം ജനതയെ ചൂഷണം ചെയ്യുന്നതിനുള്ള ബ്രിട്ടീഷ് ഭരണകൂടത്തിന്റെ രണ്ടു സമുദായങ്ങളുടെ ശ്രമങ്ങൾ, 1904 ഫെബ്രുവരിയിൽ ധാക്കയിൽ നടത്തിയ പ്രസംഗം, കിഴക്കൻ ബംഗാളിലെ പുതിയ പ്രവിശ്യയിൽ മുസ്ലീങ്ങൾക്ക് ആനുകൂല്യം നൽകാമെന്ന് ഉറപ്പു നൽകി. പഴയമുസ്ലീംഭരണത്തിന്റെകാലംമുതൽ അവർ പരസ്പരം സംതുലിതമായിരുന്നു.

ബോധപൂർവ്വമായ ഐക്യമുണ്ടായിരുന്നു, വിഭജനം,ബംഗാളിജനതയെ മതപരമായഭിന്നതയിൽവിഭജിക്കുന്നതിനുപകരംഅവരെഒന്നിപ്പിച്ചു. ജാതി, വർഗ്ഗ, മത, പ്രാദേശിക തടസ്സങ്ങൾ മറികടക്കുന്ന ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ബംഗാളി സ്വാതന്ത്ര്യത്തെ ബ്രിട്ടീഷ് ഭരണകൂടം കുറച്ചുകണ്ടു. 19-ാംനൂറ്റാണ്ടിന്റെഅവസാനത്തോടെ, സമൂഹത്തിലെ വലിയ വിഭാഗങ്ങൾക്കിടയിൽ ബംഗാളി ഐക്യത്തിന്റെ ശക്തമായ ബോധം ഉണ്ടായി.രവീന്ദ്രനാഥടാഗോറിനൊപ്പംകേന്ദ്രവ്യക്തിത്വമായിബംഗാളിഭാഷസാഹിത്യ പദവിനേടിയിരുന്നു. പ്രാദേശിക ഭാഷാ പത്രങ്ങളുടെ വളർച്ച ഐക്യദാർഢ്യം ഉണ്ടാകുന്നതിൽ ഒരു പങ്കു വഹിച്ചു. അതുപോലെആവർത്തിച്ചുള്ളക്ഷാമം, തൊഴിലില്ലായ്മ,സാമ്പത്തികവളർച്ചയിലെമാന്ദ്യം എന്നിവ കൊളോണിയൽ വിരുദ്ധവികാരം ഉണ്ടായി.

2.2 വിഭജന വിരുദ്ധ പ്രസ്ഥാനം

1903ഡിസംബറിൽബംഗാൾവിഭജനംപ്രഖ്യാപിച്ചതുമുതൽ തീവ്രവാദികളും മിതവാദികളും പ്രശ്നത്തിലായി. എന്നാൽ വിഭജന വിരുദ്ധ പ്രതികരണം സുരേന്ദ്രനാഥ ബാനർജി, കെ.കെ. മിത്ര, പൃഥ്വിചന്ദ്രറേ എന്നിവർ ആവശ്യങ്ങളും അപേക്ഷകളിലും മാത്രം ഒതുങ്ങി. വിഭജനത്തിന് എതിരെ ഇംഗ്ലണ്ടിലെപൊതുജനഅഭിപ്രായത്തെ സ്വാധീനിക്കുകയെന്നതായിരുന്നു ലക്ഷ്യം. എന്നിരുന്നാലും വ്യാപകമായ നീരസം ഉണ്ടായിരുന്നിട്ടും 1905 ജൂലൈ 19 ന് ബംഗാൾ വിഭജനം ഔദ്യോഗികമായി പ്രഖ്യാപിച്ചു..



ബിപിൻ ചന്ദ്രപാൽ



അശ്വിനി കുമാർ ദത്ത

12th_History_MAL_Unit_2 Pixels.indd 18 2/28/2023 1:15:30 PM

ബംഗാൾ വിഭജനം തടയുന്നതിൽ പരാജയപ്പെട്ടതും തീവ്രനേതാക്കളായ ബിപിൻചന്ദ്ര പാൽ, അശ്വിനി കുമാർ ദത്ത, അരവിന്ദഘോഷ് എന്നിവരുടെ സമ്മർദ്ദം മൂലം മിതവാദി നേതാക്കളായ നേതാക്കൾ അവരുടെ തന്ത്രത്തെക്കുറിച്ച് പുനർവിചിന്തനം നടത്താനും പ്രതിഷേധത്തിന്റെ പുതിയ സാങ്കേതിക വിദ്യകൾ തേടാനും നിർബന്ധിതരായി. ബ്രിട്ടീഷ് വസ്തുക്കൾ ബഹിഷ്കരിക്കുന്ന് അത്തരത്തിലുള്ള ഒരുരീതി ആയിരുന്നു, ഇത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മിതമായ നേതൃത്വം വളരെയധികം ചർച്ചകൾക്ക് ശേഷം സ്വീകരിച്ചു. അതിനാൽ ആദ്യമായി മിതവാദികൾ അവരുടെ പരമ്പരാഗത രാഷ്ട്രീയ രീതികൾക്കപ്പുറത്തേക്കു പോയി. 1905 ജൂലൈ 17 ന് കൊൽക്കത്തയിൽ നടന്ന യോഗത്തിൽ പ്രതിഷേധം ജനങ്ങളിലേക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചു. അതേ യോഗത്തിൽ ബ്രിട്ടീഷ് വസ്തുക്കളും സ്ഥാപനങ്ങളും ബഹിഷ്ക്കരിക്കണമെന്ന് സുരേന്ദ്രനാഥ ബാനർജി ആഹ്വാനം ചെയ്തു. ആഗസ്റ്റ് 7 ന് കൊൽക്കത്ത ടൗൺഹാളിൽ നടന്ന മറ്റൊരു യോഗത്തിൽ സ്വദേശി പ്രസ്ഥാനത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായി.

എന്നിരുന്നാലും സ്വദേശിപ്രസ്ഥാനത്തിന്റെ തീരുമാനം വിഭജനം നിർത്തലാക്കുന്നതിന് മാത്രമായി പരിമിതപ്പെടുത്തി. കൂടാതെ ഒരു സമാധാന രീതിയിൽ പ്രതിഷേധം ആരംഭിക്കുന്നതിനും മിതവാദികൾ പൂർണ്ണമായും എതിരായിരുന്നു. മറുവശത്ത് തീവ്രദേശീയ വാദികൾ ഈ പ്രസ്ഥാനത്തെമറ്റുപ്രവിശ്യകളിലേക്കും വ്യാപിപ്പിക്കാനും ബഹുജന പ്രക്ഷോഭം ആക്കാനും ആവശ്യപ്പെട്ടു.



അരവിന്ദഘോഷ്

പ്രസ്ഥാനത്തിന്റെ വ്യാപനം

നേതാക്കളുടെ സംഘടിത ശ്രമങ്ങൾക്കു പുറമേ ബംഗാൾ വിഭജനത്തിനെതിരെ സ്വമേധയ പ്രതികരണങ്ങളും ഉണ്ടായി. വിദ്യാർത്ഥികൾ പ്രത്യേകിച്ചും ധാരാളം ജനങ്ങൾ പുറത്തുവന്നു. വിഭജന വിരുദ്ധ പ്രക്ഷോഭത്തിൽ വിദ്യാർത്ഥികളുടെ വർദ്ധിച്ച പങ്കിനെക്കുറിച്ച് പ്രതികരിക്കുന്ന ബ്രിട്ടീഷ്ഉദ്യോഗസ്ഥർ,വിദ്യാർത്ഥികളുടെസ്കോളർഷിപ്പുകളും ധനസഹായങ്ങളും നിർത്തലാക്കുമെന്നും പറഞ്ഞു. ഇതിനു മറുപടിയായി ഔദ്യോഗിക വിദ്യാഭ്യാസസ്ഥാപനങ്ങളെബഹിഷ്കരിക്കാൻ ഒരു ആഹ്വാനം നൽകി, ദേശീയ സ്കൂളുകൾ ആരംഭിക്കുന്നതിന് നേരിട്ട് നടത്തിയ പരിപാടികളാണ് നല്ലതെന്നു തീരുമാനിച്ചു. ആയിരക്കണക്കിനു പൊതുയോഗങ്ങൾ ബംഗാളിലെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും സംഘടിപ്പിച്ചു. ബഹിഷ്കരണത്തിന്റെ ആശയം പ്രാവർത്തികമാക്കാൻ ദുർഗ്ഗാപൂജകൾ പോലുള്ള മതപരമായ ഉൽസവങ്ങൾ നടത്തി. 1905 ഒക്ടോബർ 16 ന് ബംഗാൾ ഔദ്യോഗികമായി വിഭജിക്കപ്പെട്ട ദിവസം വിലാപ ദിവമായി പ്രഖ്യാപിച്ചു. ആയിരക്കണക്കിനാളുകൾ ഗംഗയിൽ കുളിച്ച് കൊൽക്കത്തയിലെ തെരുവുകളിൽ വന്ദേമാതരം ആലപിച്ചു.

2.3 ബംഗാളിലെ ബഹിഷ്ക്കരണ സ്വദേശി പ്രസ്ഥാനങ്ങൾ (1905–1911)



ജി. സുബ്രഹ്മണ്യം

ആസൂത്രിതവും സ്വതസിദ്ധവുമായ നിരന്തര പോരാട്ടം ബ്രിട്ടീഷുകാർക്കെതിരെ നടത്താൻ തീരുമാനിച്ചു. ബഹിഷ്ക്കരണവും സ്വദേശിയും എല്ലായ്പ്പോഴും ഒന്നിനോടൊന്നു യോജിച്ചതായും ഇന്ത്യയെ സ്വയം പര്യാപ്തമാക്കാനുള്ള വിശാലമായ പദ്ധതിയുടെ ഭാഗമായിരുന്നു. മദ്രാസിൽ നിന്നുള്ള ദേശീയ നേതാവായ ജി. സുബ്രഹ്മണ്യം സ്വദേശി പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തെ സംക്ഷിപ്തമായി അവരുടെ ആശ്രിത അവസ്ഥഅവരുടെദേശീയജീവിതത്തിന്റെഎല്ലാ ശാഖകളെക്കുറിച്ചും വിശദീകരിച്ചു. ഗോപാലകൃഷ്ണഗോഖലെയുടെവാക്കുകളിൽപറഞ്ഞാൽ സ്വദേശീ പ്രസ്ഥാനം എന്നത് നമ്മുടെ വ്യവസായത്തിന്റെ പുരോഗതിക്ക് മാത്രമല്ല, നമ്മുടെ ദേശീയ ജീവിതത്തിന്റെ സമഗ്രമായ മെച്ചപ്പെടുത്തലിനും വേണ്ടിയാണ്. പ്രസ്ഥാനം പുരോഗമിക്കുമ്പോൾ സ്വദേശിയുടെ വ്യത്യസ്ത നിർവചനങ്ങൾ പ്രത്യക്ഷപ്പെട്ടു. എന്നിരുന്നാലും വലിയ ഒരു ഭാഗത്ത്, സ്വദേശിയുടെയും ബഹിഷ്ക്കരണത്തിന്റെയുംപ്രസ്ഥാനംകൊളോണിയൽവിരുദ്ധ രാഷ്ട്രീയ പ്രക്ഷോഭമായിട്ടാണ് നടപ്പാക്കിയത്. ജീവിതത്തിൽ അന്തസ്സും സ്വാതന്ത്ര്യവും കൈവരിക്കാനുള്ള മാർഗ്ഗമായിട്ടല്ല, ഈ നിർവചനം പിന്നീട് മഹാത്മഗാന്ധിയുടെ പ്രവേശനത്തോടെ ഉൾപ്പെടുത്തി.

(a) സൃഷ്ടിപരമായ സ്വദേശി

സൃഷ്ടിപരമായ സ്വദേശി പരിപാടികൾ പ്രധാനമായും സ്വാശ്രയത്തിന് ഊന്നൽ നൽകി. ബ്രിട്ടീഷ് നിയന്ത്രണത്തിൽ നിന്ന് പൂർണ്ണമായും സൗജന്യമായി പ്രവർത്തിക്കുന്ന സ്വയം ബദൽ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. രാഷ്ട്രീയ പ്രക്ഷോഭങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് തന്നെ യോഗ്യനായ ഒരു പൗരനെ സൃഷ്ടിക്കേതിനു മുമ്പ് തന്നെ യോഗ്യനായ ഒരു പൗരനെ സൃഷ്ടിക്കേണ്ടതിന് ജന

12th_History_MAL_Unit_2 Pixels.indd 19 2/28/2023 1:15:30 PM

ങ്ങളെ സ്വയം ശക്തിപ്പെടുത്തലിന്റെ ആവശ്യകത മനസ്സിലാക്കുകയും അതിനു ഊന്നൽ നൽകുകയും ചെയ്തു.



രവീന്ദ്രനാഥ് ടാഗോർ

ഇത്തരം ആശയങ്ങളെ തന്റെ എഴുത്തിലൂടെ ജനപ്രിയമാക്കിയ വ്യക്തികളിലൊരാളാണ് രബീന്ദ്രനാഥ് ടാഗോർ. അദ്ദേഹം ആത്മശക്തിയുടെ (സ്വയം സഹായം) രൂപരേഖ തന്നെ തയ്യാറാക്കി. ടാഗോർ സാമ്പത്തിക വികസനത്തിന് ആഹ്വാനം ചെയ്യുകയും പ്രാദേശിക ഭാഷകളിൽ വിദ്യാഭ്യാസം നൽകണമെന്ന് നിർബന്ധിക്കുകയും ചെയ്തു. ആത്മശക്തിയുടെ സന്ദേശം വ്യാപിക്കുന്നതിനു വേണ്ടി,മേളകളുടെയുംഉത്സവങ്ങളുടെയും സന്ദർഭങ്ങൾവിനിയോഗിക്കണമെന്ന്അദ്ദേഹംആഹ്വാനം ചെയ്തു. ഇത് ബംഗാളിലെ മുഴുവൻ ആളുകളുടെ വിശ്വാസമായി മാറുകയും, തുണിത്തരങ്ങൾ, കൈത്തറി, സോപ്പുകൾ, മൺപാത്രങ്ങൾ, തീപ്പെട്ടികൾ,തുകൽഉൽപ്പന്നങ്ങൾവിൽക്കുന്നസ്വദേശി കടകൾ വ്യാപിക്കുകയും ചെയ്തു.

സ്വദേശി ആശയത്തിന്റെ പരിണാമം

സ്വാതന്ത്ര്യസമരകാലത്ത്, സ്വദേശി പ്രസ്ഥാനം എന്ന ആശയം ആദ്യം സങ്കൽപ്പിക്കപ്പെട്ടത് 1905-ലെ കോൺഗ്രസ് നേതാക്കളുടെ കൂട്ടായ്മയിൽ നിന്നാണ്, അതുകഴിഞ്ഞ് 1920-ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലാണ് പിന്നീട് അത് ഉടലെടുക്കുന്നത്.

സ്വദേശി എന്ന വാക്കിന്റെ അർത്ഥം ഒരാളുടെ സ്വന്തം രാജ്യം എന്നാണ്. ഈ ആശയത്തിന്റെ ഉത്ഭവം 1872-ൽ കണ്ടെത്താൻ സാധിക്കും. മഹാദേവ് ഗോവിന്ദ് റാണഡെയുടെ, പൂനെയിലെ പ്രഭാഷണ പരമ്പരയിൽ നിന്നുമാണ് ഈ ആശയം പ്രചാരത്തിലായത്. റാണഡെയുടെ കാഴ്ചപ്പാട് അനുസരിച്ച്, ഒരു രാജ്യത്ത് ഉൽപാദിപ്പിക്കുന്ന സാധനങ്ങളുടെ ഉപയോഗം തൃപ്തികരമല്ലെങ്കിലും, ആ സാധനങ്ങൾക്ക് സ്വന്തം രാജ്യത്ത് മുൻഗണന നൽകണം.

1920-കളിൽ ഗാന്ധിജി, സ്വദേശി എന്ന ആശയത്തിനു പുതിയ മാനം നൽകി. എല്ലാ ഇന്ത്യാക്കാരും തങ്ങളുടെ ജന്മദേശത്തിനു വേണ്ടി പൂർത്തിയാക്കേണ്ട കടമകളുമായിട്ട് സ്വദേശി എന്ന ആശയത്തെബന്ധിപ്പിച്ചു. ഗാന്ധിക്ക്സ്വദേശി ആശയമെന്നുപറഞ്ഞാൽ സ്വദേശത്ത് ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ മാത്രമേ ഉപയോഗിക്കാവൂ എന്നതിനപ്പുറമായിരുന്നു. ഗാന്ധിജി ഇപ്രകാരമാണ് സ്വദേശി എന്ന ആശയത്തെ വിവരിച്ചത്.

നിർവ്വചിച്ചത്

നിങ്ങൾക്ക് അറിയാമോ

സ്വദേശി പ്രസ്ഥാനത്തിനു വളരെ മുമ്പുതന്നെ പ്രാദേശിക ഭാഷയിൽ വിദ്യാഭ്യാസം നല്കുന്നതിനെപ്പറ്റിയുള്ള പരാമർശം 1902-ൽ സ്ഥാപിതമായ ഡോൺ സൊസൈറ്റിയിൽ നിന്നുമുണ്ടായി.

5 നവംബർ 1905-നു ഡോൺ സൊസൈറ്റി തുടക്കമിട്ടു. നാഷണൽ കൗൺസിൽ ഓഫ് എജ്യുക്കേഷൻ സ്ഥാപിതമായി. 1906-ആഗസ്റ്റിൽ ബംഗാൾ നാഷണൽ കോളേജും സ്കൂളും സ്ഥാപിതമായി. അടിമത്തത്തിന്റെ സ്ഥാപനങ്ങളിൽ നിന്ന് പുറത്തുവരാൻ സതീഷ്ചന്ദ്ര വികാരാധീനനായി വിദ്യാർത്ഥികൾക്ക് അപ്പീൽ നൽകി. എന്നിരുന്നാലും, മങ്ങിയ തൊഴിൽ സാധ്യതകൾ കാരണം അത്തരം ശ്രമങ്ങൾ പരാജയപ്പെട്ടു.

(b) സമിതികൾ

ബഹുജന സമാഹരണത്തിന്റെ വിജയിച്ച മറ്റൊരു വഴിയാണ് സമിതികളുടെ രൂപവത്കരണം. ഈ സമിതീസ് അംഗങ്ങളുടെ ശാരീരിക, ധാർമ്മിക പരിശീലനം, ക്ഷാമകാലത്തും പകർച്ച വ്യാധികൾ ഉള്ളപ്പോഴുമുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഉത്സവവേളകളിൽ സ്വദേശത്തിന്റെ സന്ദേശം, ഒപ്പം തദ്ദേശീയ വ്യവഹാര കോടതികളുടെയും സ്കൂളുകളുടെയും സംഘടന എന്നീ പ്രവർത്തനങ്ങൾ ചെയ്തുപോന്നിരുന്നു. അതിന്റെ അടിസ്ഥാന സ്വഭാവം ബഹിഷ്കരണം എന്ന നിഷ്ക്രിയ പ്രവർത്തനവും അതിന്റെ ലക്ഷ്യം ബ്രിട്ടീഷ് ഭരണകൂടത്തെ നിരസിക്കുക എന്നതാണ്.

മുസ്ലീം കർഷകരിലും, താഴ്ത്തപ്പെട്ട വിഭാഗത്തിനും അവരുടെ അടിത്തറ നീട്ടാൻ കഴിയാത്തതിനാൽ ഈ ബഹുജന സമാഹരണ ശ്രമങ്ങൾ പരാജയപ്പെട്ടു. വിദ്യാസമ്പന്നരായ മധ്യവർഗവും മറ്റ് ഉയർന്ന ഹിന്ദുജാതിക്കാരുമാണ് സമിതിയിൽ ഭൂരിഭാഗവുംഉണ്ടായിരുന്നത്. ഇതുകൂടാതെ,സ്വദേശിപ്രചാരകൻസാമൂഹികവുംശാരീരികവുമായ നിർബന്ധിത രീതികൾ പലപ്പോഴും പ്രയോഗിക്കുന്നു. ഉദാഹരണത്തിന്, വിദേശ സാധനങ്ങൾ വാങ്ങുന്നത് സാമൂഹിക ബഹിഷ്കരണം സാധാരണയായിരുന്നുവെന്നും അവ ഏറ്റെടുത്തു നടത്തിയത് ജാതി അസോസിയേഷനുകളും മറ്റ് ദേശീയ സംഘടനകളുമാണ്.

(c) നിഷ്ക്രിയ പ്രതിരോധം

1906 മുതൽ പാർട്ടീഷൻ റദ്ദാക്കുന്നത് നിർത്തലാക്കിയപ്പോൾ സ്വദേശി പ്രസ്ഥാനം മറ്റൊരു വഴി തിരഞ്ഞെടുത്തു. പല നേതാക്കൾക്കും രാഷ്ട്രീയ സ്വാതന്ത്ര്യം എന്ന ആശയം പ്രചരിപ്പിക്കുന്നതിനും സ്വരാജ് ഇന്ത്യയൊട്ടാകെ വ്യാപിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ പ്രസ്ഥാനത്തെ ഉപയോ

12th_History_MAL_Unit_2 Pixels.indd 20 2/28/2023 1:15:31 PM

ഗിച്ചത്. അരബിന്ദഘോഷ്, ബിപിൻ ചന്ദ്ര പാൽ, മറ്റ് തീവ്രവാദ നേതാക്കളുടെയും കടുത്ത വിമർശനം ഈ സൃഷ്ടിപരമായ പരിപാടികൾക്ക് നേരിടേണ്ടി വന്നു. അവരുടെ പുതിയ നിർദ്ദേശപ്രകാരം, വിദേശ വസ്തുക്കളുടെ ബഹിഷ്കരണം, സർക്കാർ സ്കൂളുകളെയും കോളേജുകളെയും ബഹിഷ്കരണം, കോടതികളെ ബഹിഷ്കരിക്കുക, ഗവൺമെന്റ് തന്ന പദവികളും, സർക്കാർ സേവനങ്ങളും ബഹിഷ്കരിക്കുക, ബ്രിട്ടീഷ് അടിച്ചമർത്തൽ സഹിഷ്ണതയുടെ പരിധി മറികടന്നാൽ സമരം ചെയ്യുക എന്നിങ്ങനെയൊക്കെയാണ് സ്വദേശി അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നത്. ഈ പരിപാടിയുടെ സ്വഭാവമനുസരിച്ച് ബഹുജന സമാഹരണം ആവശ്യമാണ് ഇത്തരം പരിപാടികളുടെ അനിവാര്യ സവിശേഷതകളായി മതവും, മഹത്തായ ഭൂതകാലവും മാറി.

2.4 തീവ്രവാദ ദേശീയത

നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ലാലാ ലജ്പത് റായ്, ബാല ഗംഗാധർ തിലക്, ബിപിൻ ചന്ദ്രപാൽ എന്നിവർ നടത്തിയ സംഘടിതപ്രവർത്തനത്തിലൂടെ മഹാരാഷ്ട്ര, ബംഗാൾ, പഞ്ചാബ് തുടങ്ങിയ സ്ഥലങ്ങൾ സ്വദേശി ഘട്ടത്തിൽ തീവ്ര വാദ ദേശീയതയുടെ പ്രഭവകേന്ദ്രമായി മാറി. ഈ മൂവരെയും ലാൽ-ബാൽ-പാൽ (ത്രിമൂർത്തികൾ) എന്ന് വിളിക്കുന്നു. അരബിന്ദ ഘോഷ് ആണ് തീവ്ര വാദ നേതൃത്വത്തിലെ സ്വാധീനമുള്ള വ്യക്തി. ആദ്യ കാല ദേശീയതയെക്കാൾ ഉറപ്പുള്ളതായിരുന്നു ഈ ഘട്ടത്തിലെ ദേശീയതയ്ക്ക്.



ത്രിമൂർത്തികൾ ലാൽ ബാൽ പാൽ

ബ്രിട്ടീഷ് ഭരണത്തിന്റെ തിന്മകളെക്കുറിച്ചും തെറ്റായ പ്രവൃത്തികളെക്കുറിച്ചും രണ്ട് ഗ്രൂപ്പുകൾക്കും (മിതവാദികളും തീവ്രവാദികളും) നന്നായി അറിയാമായിരുന്നു. എന്നിരുന്നാലും മിതവാദികൾ, പ്രാതിനിധ്യത്തിലൂടെയും നിവേദനത്തിലൂടെയും ബ്രിട്ടീഷ് ഭരണം പരിഷ്കരിക്കാനാകും എന്ന് വിശ്വസിച്ചു. മറുവശത്ത് തീവ്രവാദികളാകട്ടെ കൊളോണിയൽ ഭരണാധികാരികൾ ഒരു സാമ്രാജ്യത്തിൽ നിന്ന് ലഭിക്കുന്ന ഗുണങ്ങൾ ഉപേക്ഷിക്കാൻ ഒരിക്കലും ഇഷ്ടപ്പെടില്ലെന്ന് അവർ വാദിച്ചു..

> ഏകദേശം 1905-ൽ, ഒരു മനുഷ്യൻ അരബിന്ദ ഘോഷിനോട് എങ്ങനെ ഒരു ദേശസ്നേഹിയാകാമെന്ന് ചോദിച്ചു. അതിനു മറുപടിയായി അദ്ദേഹം ചുമരിൽ കിടക്കുന്ന ഇന്ത്യയുടെ ഭൂപടം ചൂണ്ടിക്കാട്ടിക്കൊണ്ട് പറഞ്ഞു, നിങ്ങൾ ഈ ഭൂപടം കാണുന്നുണ്ടോ....? ഇത് ഒരു ഭൂപടമല്ല ഭാരതമാതാവിന്റെ ഛായാചിത്രമാണ്. അതിന്റെ നഗരങ്ങളും, കുന്നുകളും, നദികളും കാടുകളുമെല്ലാം അവളുടെ ഭൗതീക ശരീരത്തെ രൂപപ്പെടുത്തുന്നു. എല്ലാ വലുതും ചെറുതുമായ ഞരമ്പുകൾ അവളുടെ കുട്ടികളാണ് ജീവനുള്ള അമ്മയായി ഭാരതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, ഒൻപത് മടങ്ങ് ശക്തിയോടെ അവളെ ആരാധിക്കുക"

തീവ്രവാദ ദേശീയത മുൻപത്തെ രാഷ്ട്രീയ സമ്മർദ്ദത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തി. (നേരത്തെ വിദ്യാഭ്യാസമുള്ള ഇന്ത്യക്കാരുടെ പൊതുവായ അഭിപ്രായങ്ങൾ പൊതുജനസമാഹരണ വേദികളിൽ പ്രയോഗിച്ചു). ഇത്തരം മാറ്റങ്ങൾ ഉണ്ടായെങ്കിലും തീവ്രവാദ ദേശീയ ഘട്ടം മിതവാദികളുടെ ഘട്ടത്തിന്റെ തുടർച്ചയായിരുന്നു. ഈ തുടർച്ച മറികടന്നിട്ടില്ല എന്നതിന്റെ പ്രകടമായ അടയാളങ്ങളാണ്:- സമാധാനമായ പോരാട്ട രീതിയിൽ നിന്ന് മറികടക്കാൻ കഴിയാത്തതും അഹിംസയുടെ ആശയവുമായി ബന്ധപ്പെട്ട് കിടക്കുന്ന വിവിധ തീവ്രവാദ ദേശീയതയുടെ പ്രദേശങ്ങളും. എന്നിരുന്നാലും മതചിഹ്നങ്ങൾ അവർ ഉപയോഗിച്ച് ജനങ്ങളിലെ ദേശസ്നേഹത്തെ ഉണർത്താൻ അഭ്യർത്ഥിച്ചു.

സ്വരാജ് അഥവാ രാഷ്ട്രീയ സ്വാതന്ത്ര്യം

തീവ്രവാദികളുടെ പൊതുലക്ഷ്യങ്ങളിലൊന്ന് സ്വരാജ് അല്ലെങ്കിൽ സ്വയംഭരണം നേടുക എന്നതാണ്. എന്നിരുന്നാലും സ്വരാജ് എന്ന ആശയത്തിന്റെ അർത്ഥത്തിൽ നേതാക്കൾ പരസ്പരം വ്യത്യാസപ്പെട്ടിരുന്നു. തിലകിനെ സംബന്ധിച്ചിടത്തോളം സ്വരാജ് എന്ന് പറയുന്നത് ഇന്ത്യക്കാർക്ക് ഭരണത്തിൻമേൽ നിയന്ത്രണം അഥവാ സ്വദേശികൾ ഭരിക്കുന്ന അവസ്ഥ. പക്ഷേ സമ്പൂർണ്ണ ബന്ധം ബ്രിട്ടനുമായിട്ട് വേർപെടുത്തുന്നില്ല. അതേസമയം ബിപിൻ ചന്ദ്ര പാലിന്റെ കാഴ്ച്ചപ്പാടിൽ, സ്വരാജ് എന്ന് പറയുന്നത് വിദേശ ഭരണത്തിൽ നിന്നുള്ള പൂർണ്ണ സ്വാതന്ത്ര്യമാണ്.

മിതവാദികളിൽനിന്ന് തീവ്രവാദികൾ വ്യത്യസ്തരാണെന്ന് കാണിക്കുന്ന മറ്റൊരു ഘടകമായിരുന്നു ബംഗാളിലെയും, പഞ്ചാബിലെയും, മഹാരാഷ്ട്രയിലും ഉയർന്നുവരുന്ന / വർദ്ധിച്ചുവരുന്ന തീവ്രവാദം. അശ്രദ്ധമായ വിപ്ലവകാരികളെ മിതവാദികൾ വിമർശിച്ചിരുന്നു എന്നാൽ തീവ്രവാദികൾ അവരെ അനുഭാവത്തോടെ നോക്കികണ്ടു. എന്നിരുന്നാലും രാഷ്ട്രീയ കൊലപാതകങ്ങളും തീവ്രവാദത്തിന്റെ വ്യക്തിഗത പ്രവർത്തനങ്ങളും തീവ്രവാദികൾ അംഗീകരിച്ചില്ല. കൂടാതെ വിപ്ലവകാരികളുമായി സ്വയം സഹവസിക്കുന്നതിൽ അവർ ജാഗ്രത പുലർത്തി.

ഹിന്ദുവിശ്വാസങ്ങൾ മുസ്ലീങ്ങൾക്ക് സ്വീകാര്യമായിരുന്നില്ല എന്ന നിലയിൽ ദേശസ്നേഹം ഒട്ടി

12th_History_MAL_Unit_2 Pixels.indd 21 2/28/2023 1:15:31 PM

പ്പിടിച്ചു. അവരുടെ മുൻഗാമികളെപ്പോലെ തന്നെ സമൂഹത്തിലെ വലിയൊരു വിഭാഗത്തിലേക്ക് നുഴഞ്ഞുകയറുന്നതിൽ സ്വദേശി പ്രസ്ഥാനത്തിന്റെ നേതാക്കൾ പരാജയപ്പെട്ടു. 1908 ആയപ്പോഴേക്കും തീവ്രവാദ ദേശീയത അതിന്റെ അവസാനത്തോടടുത്തു. 1907-ലെ സൂറത്ത് വിഭജനം ഈ ഇടിവിന് കാരണമാകുന്ന മറ്റൊരു ഘടകമായിരുന്നു.

സൂറത്ത് വിഭജനം



സൂറത്തിൽ നടന്ന കോൺഗ്രസ് വിഭജനം

1906-ൽ മിന്റോ പ്രഭു ഇന്ത്യയുടെ പുതിയ വൈസ്രോയി ആയി നിയമിക്കപ്പെട്ട സമയത്തിൽ തീവ്രവാദികളും മിതവാദികളും തമ്മിലുള്ള പിരിമുറുക്കം കൂടുതൽ പ്രകടമായി കാണപ്പെട്ടു. രണ്ട് ഗ്രൂപ്പുകൾക്കിടയിലെ പിരിമുറുക്കം വർധിക്കുന്നതുകൊണ്ട്, ഒരു പിളർപ്പ് അവഗണിക്കാൻ വേണ്ടി 1906 കൽക്കട്ട സെക്ഷനിൽ മിതവാദികളുടെ ആവശ്യങ്ങൾ അംഗീകരിക്കുകയും ദാദാബായ് നവറോജിയെ അതിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്തു. ഫിറോസ്ഷാ മേത്ത നയിച്ച ഭൂരിഭാഗം മിതവാദികളും ഇലക്ഷനിൽ പരാജയപ്പെട്ടു. തീവ്രവാദികൾ സ്വദേശി ബഹിഷ്കരണം, ദേശീയ വിദ്യാഭ്യാസം, സ്വയം ഭരണം എന്നിങ്ങനെ നാല് പ്രമേയങ്ങൾ പാസ്സാക്കി. കോൺഗ്രസ്സിന്റെ അടുത്ത സെഷൻ തീവ്രവാദികളുടെ ശക്തികേന്ദ്രമായ പൂനെയെ കണക്കാക്കിയാണ് ആസൂത്രണം ചെയ്തിരുന്നത്.



ഫേറോഷമേത്ത

കൽക്കട്ട സെക്ഷനിൽ നിന്ന് ആവർത്തിക്കുമോ എന്ന് ഭയപ്പെട്ട മിതവാദികൾ സെഷൻ സൂറത്തിലേക്ക് മാറ്റി. അടുത്ത കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്ത് മിദവാദികൾ രാഷ് ബിഹാരി ഘോഷിനെയും തീവ്രവാദികൾ ലാല ലജ്പത്ത് റായിയുടെയും പേരുകൾ തീരുമാനിച്ചിരുന്നു. വിഭജനത്തെ തടയുന്നതിനുവേണ്ടിയുള്ള അവസരം ലാല ലജ്പത്ത് റായ് നിരസിച്ചു. കാര്യങ്ങൾ വഷളാകുകയും 1906-ൽ കൽക്കട്ട സെഷനിൽ പാസ്സാക്കിയ 4 പ്രമേയങ്ങൾ നിലനിർത്തണോ വേണ്ടയോ എന്ന ചോദ്യത്തിലെത്തി. ഫിറോസ്ഷാ മേത്തയുടെ സംഘം ഈ പ്രമേയങ്ങൾ അജണ്ടയിൽ നിന്ന് നീക്കം ചെയ്യാൻ ശ്രമിച്ചു. മേത്തയെ നേരിടാൻ തീവ്രവാദികൾ തീരുമാനിക്കുകയും റാഷ് ബിഹാരി ഘോഷ് അതിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കുന്നതിനെ എതിർക്കുകയും ചെയ്തു. അവസാനം ആ സെക്ഷൻ കുഴപ്പത്തിൽ അവസാനിച്ചു.

1885 ഡിസംബറിൽ സ്ഥാപിതമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇപ്പോൾ 2 ഗ്രൂപ്പുകളായി വിഭജിക്കപ്പെട്ടു- മിതവാദികളും തീവ്രവാദികളും സൂറത്ത് വിഭജനത്തിൽ നിന്ന് പുറത്തുവന്ന കോൺഗ്രസ് മുമ്പത്തേതിനെക്കാൾ ബ്രിട്ടീഷുകാരോട് കൂടുതൽ വിശ്വസ്തരായിരുന്നു. ഈ പുതിയ കോൺഗ്രസ് (തീവ്രവാദികളില്ലാത്ത കോൺഗ്രസ്) മെഹ്ത്ത കോൺഗ്രസ്സ് എന്നറിയപ്പെടുകയും, 1908-ലെ കോൺഗ്രസ് സെഷനിൽ മിതവാദികൾ മാത്രം പങ്കെടുക്കുകയും രാജിനോടുള്ള വിശ്വസ്തത ആവർത്തിക്കുകയും ചെയ്തു. മറുവശത്ത് തീവ്രവാദികളുടെ രാഷ്ട്രീയം അനുസരിച്ച് പുതിയ ഒരു സംഘടന ഉരുവാക്കാനും കഴിഞ്ഞില്ല. ഇതിന്റെ പ്രാഥമിക കാരണം എന്തെന്നു വെച്ചാൽ എല്ലാ പ്രമുഖ നേതാക്കളെയും സർക്കാർ നടപടികളുടെ ഭാഗമായി അവരെ ജയിലിലടച്ചു.

2.5 വിപ്ലവകരമായ തീവ്രവാദികൾ



ബങ്കിം ചന്ദ്ര ചാറ്റർജി

1908-കളിൽ, തീവ്രവാദികളുടെ തകർച്ച വിപ്ലവകാരികളുടെ ഉയർച്ചയ്ക്ക് വഴിതെളിക്കുകയും അഹിംസ രീതികളിൽ നിന്ന് അക്രമാസക്തമായ പ്രവർത്തനത്തിലേക്ക് മാറ്റം സംഭവിച്ചിരുന്നു. ഇതിന്റെ അർത്ഥം, ബ്രിട്ടീഷ് ഭരണത്തിനെതിരെ പൊതുജന സമാഹരണ പ്രവർത്തനങ്ങളിൽ നിന്ന് വരേണ്യ പ്രതികരണമായി മാറി. ബംഗാളിൽ വിപ്ലവകാരികളുടെ ഭീകരത ഇതിലും നേരത്തെ തന്നെ വികസിച്ചിരുന്നു; അതായത് 1870-കളിൽ വിവിധ സ്ഥലങ്ങളിൽ അഖരസ് അഥവാ ജിംനേഷ്യം സജ്ജമാക്കിയിരുന്നു (ഇതിനെ ദൃഢമായ പേശികളും ഞരമ്പുകളും പോലെയാണെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചിട്ടുണ്ട്). ബങ്കിം ചന്ദ്ര ചാറ്റർജിയുടെ നോവലായ ആനന്ദമഠം കാര്യമായ സ്വാധീനം ചെലുത്തി. ബംഗാളിലെ വിപ്ലവകാരികൾ ഈ നോവൽ വ്യാപകമായി വായിച്ചിരുന്നു. നോവലിന്റെ ഭാഗമായ വന്ദേമാതരം എന്ന ഗാനം സ്വദേശി പ്രസ്ഥാനത്തിന്റെ ദേശീയ ഗാനമായി മാറി.

12th_History_MAL_Unit_2 Pixels.indd 22 2/28/2023 1:15:31 PM

സ്വദേശി പ്രസ്ഥാനത്തിൽ മൂന്ന് ഘടകങ്ങളാണ് വ്യക്തിഗത അക്രമത്തിന്റെ ഉയർച്ചയ്ക്ക് കാരണമായത്.:

- യുവാക്കൾക്കിടയിൽ അരാഷ്ട്രീയ സൃഷ്ടിപരമായ പ്രോഗ്രാമുകൾക്ക് സ്വീകാര്യത കുറവായിരുന്നു, കാരണം വിദേശഭരണ അടിച്ചമർത്തലിനു കീഴിൽ അവർ അക്ഷമരായി വളരുകയായിരുന്നു.
- തീവ്രവാദ ദേശീയവാദികളുടെ പരാജയം നിരവധി യുവജനങ്ങളെ ദീർഘകാല പൊതുജന സമാഹരണ പ്രസ്ഥാനത്തിലേക്ക് നയിക്കുകയും വ്യക്തിഗത പ്രവർത്തനങ്ങളുടെ വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്തു.
- ഇന്ത്യൻ പുരുഷത്വത്തിന്റെ പ്രതീകാത്മകത വീണ്ടെടുക്കലിനുള്ള ശ്രമത്തിന്റെ ഒരു ഭാഗമായിരുന്നു വിപ്ലവകരമായ പ്രവർത്തനം, എന്ന് വിപ്ലവകാരികൾ വിശ്വസിച്ചിരുന്നത് പലപ്പോഴും വെല്ലുവിളിക്കപ്പെടുകയും ബ്രിട്ടീഷുകാർ അതിനെ തരംതാഴ്ത്തി കാണുകയും ചെയ്തു.

എന്നിരുന്നാലും, അത്തരം പ്രവർത്തനങ്ങൾ റഷ്യയിലെപോലെ ഒരു സംഘടിത വിപ്ലവപ്രസ്ഥാനത്തിനും കാരണമായില്ല. വിപ്ലവകരമായ പ്രവർത്തനങ്ങൾ കൂടുതൽ അടിച്ചമർത്തുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ വധിക്കാനുള്ള ശ്രമങ്ങളായിരുന്നു.

(a) അലിപൂർ ബോംബ് കേസ്

1902-ബംഗാളിൽ പല രഹസ്യ സംഘടനകളുടെ രൂപീകരണത്തിലൂടെയാണ് വിപ്ലവകരമായ ഭീകരവാദം ആരംഭിക്കുന്നത്. അതിലെ ഏറ്റവും ശ്രദ്ധേയമായ സംഘടനയാണ് ജതീന്ദ്രനാഥ് ബാനർജിയും അരബിന്ദഘോഷിന്റെ സഹോദരനായ ബരീന്ദർകുമാർ ഘോഷും കൽക്കട്ടയിൽ സ്ഥാപിച്ച അനുശീലൻ സമിതി. അതുപോലെ, 1906-ൽ പുലിൻ ബിഹാരി ദാസ് മുൻകൈ എടുത്ത് ധാക്ക അനുശീലൻ സമിതി സ്ഥാപിച്ചു. ഇതിനേതുടർന്നാണ് വിപ്ലവ വാരികയായ യുഗന്തർ ആരംഭിച്ചത്. കൊൽക്കത്ത അനുശീലൻ സമിതി ഉടൻ തന്നെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ധനസമാഹരണത്തിനുള്ള ആദ്യത്തെ സ്വദേശി കൊള്ള 1906-ൽ ഓഗസ്റ്റിൽ രംഗ്പൂരിൽ സംഘടിപ്പിക്കുകയും ചെയ്തു.

അതേ വർഷത്തിൽ ഹേംചന്ദ്ര കനുങ്കോ പാരിസിൽ സൈനിക പരിശീലനം നേടാനായി പോയി. 1908-ൽ ഇന്ത്യയിൽ തിരിച്ചെത്തിയപ്പോൾ, മാനിക്തോലയിലെ പൂന്തോട്ട വീട്ടിൽ വെച്ച് ഒരു ബോംബ് ഫാക്ടറിയും മതവിദ്യാലയവും ആരംഭിച്ചു. ഇതേ പൂന്തോട്ട വീട്ടിൽ വെച്ചുതന്നെ, ചെറുപ്പക്കാരായ അന്തേവാസികൾ വിവിധ തരത്തിലുള്ള ശാരീരിക പരിശീലനം, ക്ലാസിക് ഹിന്ദു പുസ്തകങ്ങളുടെ വായന, ലോകമെമ്പാടുമുള്ള വിപ്ലവകരമായ സാഹിത്യം വായന എന്നീ പരിശീലനങ്ങൾ വിധേയരായി..



ഖുദിറാം ബോസ്



പ്രഫുല്ല ചക്കി

സ്വദേശി പ്രക്ഷോഭകരോട് വളരെ ക്രൂരമായി പെരുമാറിയിരുന്ന ഡഗ്ലസ് കിംഗ്സ്ഫോർഡിനെ കൊല്ലാൻ അവിടെ ഗൂഡാലോചന നടത്തി. രണ്ട് യുവ വിപ്ലവകാരികളായ - 18 വയസ്സുള്ള ഖുദിറാം ബോസും 19 കാരനായ പ്രഫുല്ല ചക്കിയും ഈ കൊല നിർവഹിക്കാനുള്ള ചുമതല ഏൽപ്പിച്ചിരുന്നു. 1908, ഏപ്രിൽ 30-ാം തിയതി അവർ തെറ്റായ വണ്ടിയിൽ ബോംബ് എറിയുകയും ഡഗ്ലസിനു പകരം 2 ഇംഗ്ലീഷ് വനിതകൾ കൊല്ലപ്പെടുകയും ചെയ്തു. പ്രഫുല്ല ചക്കി ആത്മഹത്യ ചെയ്യുകയും, ഖുദിറാം ബോസിനെ അറസ്റ്റ് ചെയ്യുകയും തൂക്കി കൊല്ലുകയും ചെയ്തു..

അരബിന്ദോ ഘോഷ്-ഉം അദ്ദേഹത്തിന്റെ സഹോദരൻ ബരീന്ദർ കുമാർ ഘോഷിന്റെ കൂടെ മറ്റ് 35 സഖാക്കളെ അറസ്റ്റ് ചെയ്തു. ചിത്തര ജ്ഞൻദാസ് ഇവരുടെ കേസ് ഏറ്റെടുത്തു. ഇതാണ് അലിപ്പൂർ ബോംബ് കേസ് എന്നറിയപ്പെട്ടത്..

ബ്രിട്ടീഷ്ഭരണത്തിനെതിരെയുള്ള ഗൂഡാലോചനയിൽ അരബിന്ദഘോഷിനു പങ്കുള്ളതായി വിധിന്യായത്തിൽ തെളിയിക്കാൻ തെളിവുകളൊന്നുമില്ലാത്തതിനാൽ ഘോഷിനെ കുറ്റവിമുക്തനാക്കി. ബരീന്ദ്രഘോഷിനും ഉല്ലാസ്ക്കർ ദത്തിനും വധശിക്ഷയ്ക്ക് വിധിച്ചു (പിന്നീട് അവരെ പ്രവാസത്തിലേക്ക് അയച്ചു) ബാക്കിയുള്ളവരെ പ്രവാസത്തിലേക്ക് അയയ്ക്കാൻ വിധിക്കുകയും ചെയ്തു. ഒരുവർഷം നീണ്ടുനിന്ന അലിപ്പൂർ ബോംബ് കേസിന്റെ വാദം വലിയൊരു സ്വാധീനം ഉളവാക്കുകയും ദേശീയ വിപ്ലവകാരികളെ നായകൻമാരായി പൊതു ജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കുകയും ചെയ്തു.

വിചാരണയും പരിണിതഫലങ്ങളും

കുറ്റവിമുക്തനായതിനുശേഷം, അരബിന്ദഘോഷ് ആത്മീയ പാതയിലേക്ക് തിരിയുകയും, അദ്ദേഹത്തിന്റെ ആസ്ഥാനം മാറ്റി പോണ്ടിച്ചേരിയാക്കുകയും, 1950-ലെ മരണം വരെ അവിടെ താമസിക്കുകയും ചെയ്തു. അരബിന്ദോഘോഷ് വിഭാവനം ചെയ്ത സായുധരെ വിപ്ലവത്തിലേക്ക് കൊണ്ടുവരാനുള്ള ആശയം ഒരിക്കലും നടപ്പിലായില്ല. സർക്കാരിന്റെ അടിച്ചമർത്തലും ജനങ്ങളിൽ നിന്നുള്ള അനൗവൽക്കരണവും വിപ്ലവകരമായ പ്രവർത്തനങ്ങളുടെ ഇടിവിന് കാരണമായി. ഇതിനുപുറമേ, വിപ്ലവ തീവ്രവാദം

12th_History_MAL_Unit_2 Pixels.indd 23 2/28/2023 1:15:31 PM

അനുഭവിച്ച ചില സാമൂഹിക പരിമിതികളുമുണ്ടായിരുന്നു- ബ്രാഹ്മണർ, കയാസ്ത, വൈശ്യ എന്നീ ഉയർന്ന 3 ജാതിക്കാരിൽ നിന്നാണ് വിപ്ലവകാരികൾ വന്നിരുന്നത്.

(b) ബ്രിട്ടീഷിന്റെ അടിച്ചമർത്തൽ

1908 ഡിസംബറിൽ മോർലി-മിന്റോ ഭരണ ഘടനാ പരിഷ്കാരങ്ങൾ പ്രഖ്യാപിച്ചു. മിതവാദികൾ ഈ പരിഷ്ക്കാരങ്ങൾ സ്വീകരിച്ചു. എന്നാൽ, താമസിയാതെ അവർക്ക് ഭരണ കൈമാറ്റം നടക്കില്ലെന്ന് മനസ്സിലാക്കി. കൂടാതെ മിന്റോ എടുത്ത നടപടികൾ ജനങ്ങളെ വിഭജിക്കുന്നവയായിരുന്നു കാരണം ആ നടപടികൾ സാമുദായിക ഇലക്ടറേറ്റ്സിനെ സ്ഥാപനവൽക്കരിക്കുകയും അതുവഴി ഹിന്ദു-മുസ്ലീം ഭിന്നത ഉണ്ടാക്കുകയും ചെയ്യുന്നു. ഇതിനുപുറമേ കൊളോണിയൽ സർക്കാർ കുറച്ച് അടിച്ചമർത്തൽ നിയമങ്ങൾ പ്രഖ്യാപിച്ചു:

- ദിനപത്രങ്ങൾ (കുറ്റത്തിന് പ്രേരിപ്പിക്കൽ) നിയമം, 1908 ഈ നിയമം ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രസിദ്ധീകരിക്കുന്ന ഏത് ആക്ഷേപകരമായ എഴുത്തുകൾ കണ്ടാലും, അത് പ്രസിദ്ധീകരിച്ച പ്രസ് പ്രോപർട്ടിയെ കണ്ടുകെട്ടാൻ മജിസ്ട്രേറ്റിന് അധികാരം നൽകി.
- ഇന്ത്യൻ പ്രസ് ആക്ട് 1910 ഈ ആക്ട് പ്രസാധകരെയും പ്രിന്റുകളെയും ഒരു സുരക്ഷതുക നിക്ഷേപിക്കാനും, എന്തെങ്കിലും മ്ലേച്ഛമായ മെറ്റീരിയൽ കണ്ടാൽ ആ നിക്ഷേപം പിടിച്ചെടുക്കാനുമായ അധികാരം നൽകി.
- ഇന്ത്യൻ ക്രിമിനൽ ഭേദഗതി നിയമം ഈ നിയമം പൊതു സമാധാനത്തിനു അപകടമാകുന്ന സംഘടനകളെ നിരോധിക്കാനും, വേഗത്തിൽ തന്നെ കോടതി കേസുകളിൽ വിധിപ്രസ്താവന നടത്താനും (വിശദമായ ചോദ്യം ചെയ്യലുകളില്ലാതെ) അനുവാദം നൽകി.

വ്യാപകമായ അടിച്ചമർത്തൽ ഉണ്ടായിരുന്നെങ്കിൽപോലും, വിപ്ലവകരമായ പ്രവർത്തനങ്ങളുടെ ചാരുത ഇന്ത്യയുടെ ദേശീയ പ്രസ്ഥാനത്തിൽ നിന്ന് ഒരിക്കലും മാഞ്ഞുപോകില്ല. പ്രവർത്തന കേന്ദ്രം ബംഗാളിൽ നിന്ന് ഉത്തർപ്രദേശിലേക്കും പഞ്ചാബിലേക്കും മാറി.

2.6 തമിഴ്നാടിലെ സ്വദേശി പ്രചാരണം

തമിഴ്നാട്ടിലെ സ്വദേശി പ്രസ്ഥാനം പ്രത്യേകിച്ച് തിരുനെൽവേലി ജില്ലയിൽ വളരെയധികം ശ്രദ്ധയും പിന്തുണയും നേടി. തമിഴ്നാട്ടിലെ സ്വദേശി പ്രസ്ഥാനത്തിനു അഖിലേന്ത്യാ സ്വദേശി പ്രസ്ഥാനത്തിന്റെ സ്വാദ് ഉണ്ടായിരുന്നെങ്കിലും, ബ്രിട്ടീഷ് ഭരണത്തിനെതിരെ കടുത്ത ദേഷ്യം സാമ്യമായിഉണ്ടായിരുന്നെങ്കിലും അതിനെ അടിവരയിട്ടത് തമിഴ്നാട് എന്ന അഹങ്കാരവും ബോധ്യവുമാണ്. തമിഴ്നാട് കോൺഗ്രസിലെ മിതവാദികളും തീവ്രവാദികളും തമ്മിൽ ആഴത്തിലുള്ള ഭിന്നത നിലനിന്നിരുന്നു.

(a) വെർണാക്കുലർ പ്രസംഗത്തിന്റെ വികസനം

ആരംഭത്തിൽ ബംഗാൾ വിഭജനത്തിനെതിരായി നടത്തിയ പ്രതികരണങ്ങളും യോഗങ്ങളുമായിരുന്നു. യോഗത്തിലെ പ്രാസംഗികൻ സംസാരിച്ചിരുന്നത് പ്രാദേശിക ഭാഷകളിലാണ്. ആ യോഗത്തിലെ പ്രേക്ഷകരിൽ ആ സമയത്തെ വിദ്യാർത്ഥികൾ, അഭിഭാഷകർ, തൊഴിലാളികൾ എന്നിവർ ഉണ്ടായിരുന്നു. ഇംഗ്ലീഷിലെ പ്രസംഗത്തിൽ നിന്ന് പ്രാദേശിക ഭാഷയിലെ പ്രസംഗം സമയത്ത് വലിയൊരു വികസനമായിരുന്നു. കൂടാതെ ആ തമിഴ്നാട്ടിലെ രാഷ്ട്രീയത്തെ വളരെയധികം ബാധിക്കുകയും ചെയ്തു.

മദ്രാസിലെ മരീനാബീച്ചിലെ സ്വദേശി യോഗങ്ങൾ ഒരു പതിവ് കാഴ്ചയായിരുന്നു. മദ്രാസിലെ മൂർ മാർക്കറ്റ് കോംപ്ലക്സ് ആയിരുന്നു ഇത്തരം യോഗങ്ങൾ കൂടിക്കൊണ്ടിരുന്ന മറ്റൊരു സ്ഥലം. 1905-1907 കാലയളവിൽ, വിദ്യാർത്ഥികൾ അപകടകരമെന്നും അവർ ചെയ്യുന്നത് രാജ്യദ്രോഹമെന്നും പറയുന്ന പോലീസ് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. പൊതുസ്ഥലങ്ങളിലെത്തുന്ന വിദേശികളെ വന്ദേ മാതരം എന്ന് അഭിവാദനം ചെയ്തുകൊണ്ടാണ് വിദ്യാർത്ഥികൾ സ്വാഗതം ചെയ്തിരുന്നത്. 1907-ൽ ബിപിൻചന്ദ്രപാൽ മദ്രാസിലെത്തി പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ വൈദ്യുതീതരംഗങ്ങൾ പോലെ ജനങ്ങളിലെത്തിക്കുകയും അവരെ ദേശീയത എന്ന വികാരത്തിനു വേണ്ടി പരിവർത്തനപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ വരവ് തമിഴ്നാടിനു ആഴമേറിയ സ്വാധീനം ചെലുത്തി. തമിഴ് ഭാഷയിലെ പൊതുപ്രസംഗങ്ങൾ കഴിഞ്ഞ കാലത്തെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സന്നിഹിതരല്ലാതിരുന്ന നിരവധി പ്രേക്ഷകരെ സൃഷ്ടിച്ചു.

(b) വി.ഒ.സി ഉം സ്റ്റീം നാവികേഷൻ കമ്പനിയും (SSNC)



വി.ഒ. ചിദംബരം

തമിഴ്നാട്ടിലെ സ്വദേശി പ്രസ്ഥാനം ദേശീയ തലത്തിൽ ശ്രദ്ധപിടിച്ചത് 1906-ൽ വി.ഒ. ചിദംബരം സ്വദേശി ഷിപ്പിങ് സംരംഭം എന്ന ആശയം ബ്രിട്ടീഷുകാരുടെ കുത്തകയായിരുന്ന നാവിഗേഷിനെതിരെ കൊണ്ടുവന്നപ്പോഴാണ്.

1906-ൽ വി.ഒ.സി. സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി എന്ന ജോയിന്റ് സ്റ്റോക്ക് കമ്പനി രജിസ്റ്റർ ചെയ്തത് 10 ലക്ഷം രൂപ മൂലധനത്തോടുകൂടിയും, 25 രൂപവെച്ച് 40,000 ഓഹരികളായി വിഭജിച്ചിട്ടാണ്. ഇതിന്റെ ഓഹരി ഇന്ത്യക്കാർക്കും, സിലോൺകാർക്കും, മറ്റ് ഏഷ്യൻ പൗരന്മാർക്ക് മാത്രമേ

12th_History_MAL_Unit_2 Pixels.indd 24 2/28/2023 1:15:32 PM

തുറന്നുകൊടുത്തുള്ളൂ. എസ്.എസ്. ഗാലിയാ എന്നും എസ്.എസ്. ലാവോയ് എന്നുള്ള 2 സ്റ്റീം കപ്പലുകൾ വി.ഒ.സി. വാങ്ങി. ഇന്ത്യയുടെ ബാക്കി ഭാഗങ്ങളിലാകട്ടെ സ്വദേശിയുടെ പ്രതികരണത്തിന് പ്രതികാത്മക അംഗങ്ങളായ മെഴുകുതിരികളും വളകളുമാണ് ഉണ്ടാക്കിയിരുന്നത്. എന്നാൽ ഒരു സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി രൂപീകരിക്കുന്നതിന് ശരിക്കും ഗംഭീരമായിരുന്നു. വി.ഒ.സി. ആ പ്രദേശത്തെ സമ്പന്നമായ ചരിത്രത്തെയും ഇന്ത്യയുടെ ഭൂതകാലത്തെ സമുദ്ര മഹത്വത്തെ ഉണർത്തുകയും അതുവഴി കടലിലെ സ്വദേശി സംരംഭത്തിനു പൊതുജനാഭിപ്രായം വർദ്ധിപ്പിക്കേണ്ടതിന് ഒരു റഫറൻസ് പോയിന്റായി ഉപയോഗിച്ചു.

വി.ഒ.സി.യുടെ സംരംഭം നിരവധി ദേശീയ നേതാക്കൾ പ്രശംസിച്ചു. സ്വദേശി നാവിഗേഷന്റെ വിജയത്തെപ്പറ്റി ലോകമാന്യ തിലക് തന്റെ പത്രങ്ങളായ കേസരിയിലും മറാട്ടയിലും എഴുതി. അരബിന്ദ ഘോഷ് ഈ പ്രയത്നങ്ങൾ അഭിനന്ദിക്കുകയും, കമ്പനികളുടെ ഓഹരി വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിൽ സഹായിക്കുകയുംചെയ്തു. പ്രധാന ഓഹരി ഉടമകളിൽ പാണ്ഡിതു രൈയും, ഹാജി ഫക്കിർ മുഹമ്മദും ഉണ്ടായിരുന്നു.



വി.ഒ.സി. കപ്പൽ

ബിട്ടീഷുകാരുടെ ഇതിനോടുള്ള പ്രാരംഭപ്രതികരണം; സ്വദേശി കമ്പനികളെ അവഗണിക്കുക എന്നതാണ്. എന്നാൽ സ്വദേശി കമ്പനികൾക്കുള്ള രക്ഷാധികാരം വർദ്ധിച്ചതോടെ നഗ്നമായ പക്ഷപാദവും വംശീയ പക്ഷപാതവും സ്വദേശി സ്റ്റീംഷിപ്പിനെതിരെ യൂറോപ്യൻ ഉദ്യോഗസ്ഥർ പ്രദർശിപ്പിക്കാൻ തുടങ്ങി.

(c) കോറൽമിൽ സമരം

സൂറ്റിലെ കോൺഗ്രസ് സെഷനിൽ നിന്ന് മടങ്ങിവന്നതിനുശേഷം, ഒരു രാഷ്ട്രീയസംഘടന രൂപീകരിക്കാനായി വി.ഒ.സി. തീരുമാനിച്ചു. ഒരു പ്രഭാഷകനെ തിരയുമ്പോൾ ആണ് സ്വദേശി പ്രാസംഗികനായ സുബ്രഹ്മണ്യം ശിവയെ കണ്ടുമുട്ടുന്നത്. 1907 ഫെബ്രുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ മിക്കവാറും എല്ലാ ദിവസവും തൂത്തുക്കുടിയിലെ മീറ്റിംഗുകളിൽ അധ്യക്ഷത വഹിക്കുകയും സ്വദേശിയെപ്പറ്റിയും ബഹിഷ്കരണ പ്രസ്ഥാനത്തെപ്പറ്റിയും ജനങ്ങളെ പഠിപ്പിക്കാൻ തുടങ്ങി. ഈ യോഗങ്ങളിൽ ആയിരക്കണക്കിനു ആളുകൾ പങ്കെടുത്തിരുന്നു. ഈ പൊതുസമ്മേളനങ്ങൾ വളരെ സൂക്ഷ്മമായിതന്നെ അഡിമിനിസ്ട്രേഷൻ നിരീക്ഷിക്കുന്നുണ്ടായിരുന്നു.

1908-ൽ കോറൽമിൽ തൊഴിലാളികളുടെ നിന്ദ്യമായ ജോലിയും ജീവിത സാഹചര്യങ്ങളും വി.ഒ.സി.യുടെയും ശിവയുടെയും ശ്രദ്ധ പിടിച്ചുപറ്റി. അടുത്ത കുറച്ച് ദിവസങ്ങളിൽ നേതാക്കൾ മില്ലിലെ തൊഴിലാളികളെ അഭിസംബോധന ചെയ്തു. 1908-ൽ മാർച്ച് മാസത്തിൽ ഈ അഭിസംബോധനയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സമരം ചെയ്തു. ഇന്ത്യയിലെ ആദ്യകാല സംഘടിതമായ തൊഴിലാളി പ്രക്ഷോഭമായിരുന്നു അത്.

മിൽതൊഴിലാളികളുടെ സമരം ദേശീയവാദ പത്രങ്ങളെല്ലാം അനുകൂലിച്ചു. മിൽഉടമകൾ അവരെ അടിച്ചമർത്തിയില്ലെങ്കിലും സർക്കാർ അവരുടെ സമരത്തെ അടിച്ചമർത്തുന്നതിനെ ഉടമകൾ അനുകൂലിച്ചു. തൊഴിലാളികളിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ടിതൂത്തുക്കുടിയിൽഏതെങ്കിലും യോഗം നടത്തുന്നതിൽ നിന്ന് നേതാക്കളെ വിലക്കി. അവസാനം തൊഴിലാളികളുമായിട്ട് ചർച്ച നടത്താൻ ഉടമകൾ തയ്യാറാകുകയും അവരുടെ ആവശ്യങ്ങൾ അംഗീകരിക്കുകയും ചെയ്തു..

തൊഴിലാളികളുടെ ഈ വിജയത്തെ ബംഗാളിലെ തീവ്രവാദികളിൽ ആവേശം സൃഷ്ടിക്കുകയും ബംഗാളിലെ പത്രങ്ങളിൽ ഇതിനെപ്പറ്റി പ്രശംസിച്ച് എഴുതുകയും ചെയ്തിരുന്നു. ഉദാഹരണത്തിന്, അരബിന്ദഘോഷിന്റെ ബന്ദേ മാതരത്തിൽ ഈ സമരത്തെ പ്രശംസിച്ചുകൊണ്ട് ഉദ്ധരിക്കുന്നുണ്ട് വിദ്യാസമ്പന്നരും സാധാരണക്കാരും തമ്മിലുള്ള ബന്ധം ഉറപ്പിക്കുന്നു അതാണ് സ്വരാജിലേക്കുള്ള ഏറ്റവും ആദ്യത്തെ മഹത്തായ പടി. ഓരോ ഇന്ത്യൻ തൊഴിലാളികളുടെ വിജയവും ഈ രാജ്യത്തിന്റെ വിജയം കൂടി ആണ്

(d) സുബ്രഹ്മണ്യ ഭാരതി: കവിയും നാഷണലിസ്റ്റും



സുബ്രമണിയ ഭാരതി

ഇംഗ്ലീഷിലെയും തമിഴിലെയും പത്രങ്ങൾ തമിഴ്നാട്ടിലെ സ്വദേശി പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉപകാരപ്പെട്ടു. ജി. സുബ്രഹ്മണ്യം പത്രം ഉപയോഗിച്ച് ദേശീയതയും സന്ദേശം വ്യാപിപ്പിക്കുന്ന ആദ്യകാലനേതാക്കളിൽ ഒരാളായിരുന്നു. സുബ്രഹ്മണ്യം ഒപ്പം മറ്റ് 5 പേർ ചേർന്നാണ് ദി ഹിന്ദു(ഇംഗ്ലീഷ്), സ്വദേശമിത്രൻ(തമിഴ്) എന്നീ പത്രങ്ങൾ പ്രസിദ്ധീകരിച്ചത്. 1906-ൽ സുബ്രഹ്മണ്യം ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ആ പുസ്തകത്തിൽ ബർസാലിൻ നടന്ന കോൺഗ്രസ് സമ്മേളനത്തിലുള്ള ബ്രിട്ടീഷ് നടപടിയെ അപലപിക്കുകയാണുണ്ടായത്. സ്വദേശമിത്രൻ

12th_History_MAL_Unit_2 Pixels.indd 25 2/28/2023 1:15:32 PM

ദേശീയ പ്രവർത്തനങ്ങളെപ്പറ്റി വ്യാപകമായി റിപ്പോർട്ട് നൽകി പ്രത്യേകമായി വി.ഒ.സി.യെയും അദ്ദേഹത്തിന്റെ തൂത്തുക്കുടിയിൽ നടത്തിയ പ്രഭാഷണത്തിന്റെയും വാർത്തകൾ.

1904 ൽ സ്വദേശമിത്രന്റെ സഹപത്രാധിപരായി സുബ്രഹ്മണ്യ ഭാരതി ചുമതലയെടുക്കുന്നു. ഈ സമയത്ത് ഇന്ത്യൻ ദേശീയത ഒരു പുതിയ ദിശാബോധത്തിനായി കാത്തിരിക്കുകയായിരുന്നു. ചക്രവർത്തിനി എന്ന തമിഴ് മാസിക ഭാരതിയാണ് എഡിറ്റ് ചെയ്തിരുന്നത് (ചക്രവർത്തിനി സ്ത്രീകൾക്കു വേണ്ടിയുള്ള പ്രതിമാസ വാരിക ആണ്).

രണ്ട് സംഭവങ്ങൾ സുബ്രഹ്മണ്യ ഭാരതിയെ സാരമായി ബാധിച്ചു. 1905 ൽ സിസ്റ്റർ നിവേദിതയുമായിട്ടുള്ള കൂടിക്കാഴ്ച, സിസ്റ്റർ നിവേദിത ഒരു ഐറിഷ് വനിതയും വിവേകാനന്ദന്റെ ശിഷ്യയുമാണ്, വിവേകാനന്ദൻ അവരെ ഗുരുമണി എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഇവരുമായിട്ടുള്ള കൂടിക്കാഴ്ചയിലൂടെ അദ്ദേഹത്തിന്റെ ദേശീയവാദ ആശയങ്ങൾ ഉടലെടുത്തു. ബ്രിട്ടീഷ് ഭരണവുമായി ഇടപഴകുന്നതിന്റെ സ്വഭാവത്തെക്കുറിച്ച് കോൺഗ്രസിനുള്ളിലെ ചൂഷണവും ഒരു പ്രധാന ഘടകമായിരുന്നു. തീവ്രവാദികൾ മിതവാദികളുടെ ഭിക്ഷാടന രീതിയെ പരിഹസിച്ചിരുന്നു. ഭാരതിയുടെ മനസ്സിൽ ഒരു ചെറിയ സംശയം ഉണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണം പുതിയ സമീപനവും രീതികളും വെച്ച് വെല്ലുവിളിക്കുകയും അതിനു തീവ്രവാദ ദേശീയവാദികളുടെ രീതിയോട് കൂടുതൽ സ്വാധീനിക്കുകയും ചെയ്തു. ഉദാഹരണത്തിന് 1907 ലെ കോൺഗ്രസിന്റെ സൂറത്ത് വിഭജനത്തിനുശേഷം ഭാരതിയ്ക്ക് തിലകിനോട് കൂടുതൽ താൽപര്യം തോന്നി. തിലകിന്റെ ടെനറ്റ്സ് ഓഫ് ദി ന്യൂ പാർട്ടി യെയും 1907 ൽ സൂറത്ത് കോൺഗ്രസിലേക്കുള്ള തീവ്രവാദികളുടെ യാത്രയെ വിവരിക്കുന്ന ലഘുലേഖയെ ഭാരതി തമിഴിലേക്ക് തർജ്ജമ ചെയ്തു. കൂടാതെ ഇന്ത്യ എന്ന തമിഴ് വാരികയും അദ്ദേഹം എഡിറ്റ് ചെയ്തിരുന്നു. അത് തീവ്രവാദികളുടെ സ്വരമായി മാറുകയും ചെയ്തിരുന്നു.

(e) വി.ഒ.സി യുടെയും സുബ്രഹ്മണ്യ ശിവയുടെയും അറസ്റ്റും തടവും

1907 മാർച്ച് 9 നു ആറ് മാസത്തെ തടവിനുശേഷം ബിപിൻ ചന്ദ്രപാൽ ജയിലിൽ നിന്ന് മോചിതനായി. അന്നേ ദിവസം തിരുനെൽവേലിയിൽ സ്വദേശി നേതാക്കൾ തീരുമാനിച്ചു. എന്നാൽ ഇതിന് പ്രാദേശിക ഭരണകൂടം അനുവാദം നല്കിയില്ല. വി.ഒ.സി സുബ്രഹ്മണ്യ ശിവ പത്മനാഭ അയ്യങ്കാർ ഈ നിരോധനജ്ഞ നിരസിക്കുകയും മുൻപോട്ട് പോകുകയും ചെയ്തു.


സുബ്രമണ്യശിവ

അങ്ങനെ മാർച്ച് 12 1908 ൽ രാജദ്രോഹ കുറ്റത്തിന് അവരെ അറസ്റ്റ് ചെയ്തു.

തങ്ങളുടെ പ്രിയപ്പെട്ട നേതാക്കളെ അറസ്റ്റിലാക്കിയതറിഞ്ഞ് പൊതുജനം വളരെയധികം പ്രകോപിതരായി. കടകളെല്ലാം അടച്ചു. തിരുനെൽവേലിയിലെ പോലീസ് സ്റ്റേഷനും മുനിസിപ്പാലിറ്റി കെട്ടിടത്തെയും അഗ്നിക്കിരയാക്കി. അതിലും പ്രധാനമായി, മില്ലിലെ തൊഴിലാളികൾ വലിയൊരു ജനകൂട്ടവുമായിവന്ന് നേതാക്കളുടെ അറസ്റ്റിൽ പ്രതിഷേധിച്ചു. പ്രക്ഷോഭത്തോടെ ഇരിക്കുന്ന ജനങ്ങളെ നേരിടാനായി പോലീസ് ജനക്കൂട്ടത്തിൽ ജനങ്ങളെ നേരിടാനായി പോലീസ് ജനക്കൂട്ടത്തിൽ നിറഒഴിക്കുകയും നാല് വ്യക്തികൾ മരിക്കുകയും ചെയ്തു.

1908 ജൂലൈ വി.ഒ.സി. സുബ്രഹ്മണ്യ ശിവയെയും കുറ്റവാളികളായി വിധിക്കുകയും അവർക്ക് എതിരെ രാജ്യദ്രോഹ കുറ്റം ചുമത്തുകയും ചെയ്തു. ശിവപ്രഭാഷണം നടത്തിയതിന്റെ ഫലമായി 10 വർഷത്തേക്കു നാടുകടത്തുകയും വി.ഒ.സിക്ക് 20 വർഷത്തേക്ക് ശിവയെ സഹായിച്ചതിന് ജീവപര്യന്തം ശിക്ഷകിട്ടി. വി.ഒ.സി. മറ്റൊരു പ്രഭാഷണം കാരണം മറ്റൊരു ജീവപര്യന്തം കൂടി കിട്ടിയിരുന്നു. ഈ ക്രൂരമായ വിധി തിരുനെൽവേലിയിലെ പ്രക്ഷോപകരെ ഗവൺമെന്റ് എങ്ങനെ നോക്കി കാണുന്നുണ്ടെന്ന് പറയാൻ സാധിക്കും.

ഈ സംഭവത്തിനു ശേഷം ബ്രിട്ടീഷ് ഭരണം ചില നേതാക്കളുടെ അറസ്റ്റ് കൊണ്ടുമാത്രം ഒതുങ്ങി. സമരങ്ങൾക്ക് വളരെ സജീവമായ രീതിയിൽ പങ്കെടുക്കുന്നവരെ ശിക്ഷിക്കുകയും തിരുനെൽവേലി തുത്തുക്കുടി എന്നീ സ്ഥല

കിംഗ് ചക്രവർത്തിക്കെതിരെയും വി.ഒ.സി ഒപ്പം സുബ്രഹ്മണ്യ ശിവ (4 നവംബർ 1908)ലെ വിധിന്യായത്തിൽ നിന്നുള്ള ഭാഗങ്ങൾ ഏത് സമയത്താണെങ്കിലും രാജ്യദ്രോഹം എന്നു പറയുന്നത് ഗുരുതരമായ കേസാണ്. ഈ പ്രസിഡൻസിയിൽ ഇത് ആദ്യത്തെ കേസാണ് പക്ഷേ നാം മറ്റ് പ്രസിഡൻസികളുടെ വർത്തമാനക്കാലം നിരീക്ഷിച്ചാൽ നമുക്ക് മനസ്സിലാകും ഈ കുറ്റത്തിനു ശിക്ഷയായി കുറച്ചു മാസങ്ങളോ അല്ലെങ്കിൽ ഒന്നോ രണ്ടോ വർഷങ്ങൾ കൊടുക്കുന്നതു ശിക്ഷ ഇളവുപോലെ അനുഭവപ്പെടും ഈ വിധിയുടെ പ്രധാനപ്പെട്ട ലക്ഷ്യം. കുറ്റവാളികളെ തടയാൻ വേണ്ടി മാത്രമല്ല ഇതിനോട് ചായ്വ് തോന്നുന്ന എല്ലാവരേയും തടയാനാണ്. ഇവിടെ നമ്മൾ കൈകാര്യം ചെയ്യേണ്ടത് കലാപത്തിൽ അവസാനിച്ചു. രാജ്യദ്രോഹത്തിനെ അടിസ്ഥാനമാക്കിയുള്ള പ്രശ്നമാണ് ഈ കുറ്റവാളികൾ കാരണം കലാപത്തിലൂടെ ജീവൻ നഷ്ടപ്പെട്ട എല്ലാ ജീവജാലങ്ങൾക്കും വേണ്ടി ധാർമ്മിക ഉത്തരവാദിത്വം ഇവർക്ക് ഉണ്ടായിരിക്കേണ്ടതാണ്

12th_History_MAL_Unit_2 Pixels.indd 26 2/28/2023 1:15:32 PM

ങ്ങളിൽ സമരം ചെയ്തതിനു നികുതി വരെ അടയ്ക്കേണ്ടിവന്നു

(f) ആഷെയുടെ കൊലപാതകം

തൂത്തുക്കുടി സ്വദേശി പ്രശ്നങ്ങളെ അടിച്ച മർത്തുന്നതിനും സ്വദേശി നേതാക്കൻമാരെ അറസ്റ്റു ചെയ്യുന്നതിനും യുവജനങ്ങൾക്കിടയിൽ വലിയ രോഷമുയർന്നു. തിരുനെൽവേലയിൽ നടന്ന സംഭവത്തിനു പ്രതികാരം ചെയ്യാനായി ഒരു പദ്ധതി ആസൂത്രണം ചെയ്തു. അസഹനീയ മായ ബ്രിട്ടീഷ് ഭരണത്തോടുള്ള അസഹിഷ് ണുതകൾ പത്രങ്ങൾ വഴി പ്രചാരത്തിലാവുക യും ജനങ്ങൾ ദേഷ്യം ഉണർത്തുകയും ചെയ്തു.



വാഞ്ചിനാഥൻ

1911 ജൂണിൽ തിരു നെൽവേലിയുടെ കളക്ടറായിരുന്ന റോബർട്ട് ആഷെയെ മണിയാച്ചി റെയിൽവേ സ്റ്റേഷനിൽ വെച്ച് വാഞ്ചിനാഥൻ വെടിവെച്ചു കൊന്നു. 1880-ൽ തിരുവിതാം കൂറിൽ ജനനം, പുന ലൂരിലെ ഫോറസ്റ്റ് ഗാർ ഡായി ജോലിചെയ്യുകയായിരുന്നു അദ്ദേഹം. ഭാരത് മാതാ അസോസിയേഷൻ എന്ന റാഡി ക്കൽ ഗ്രൂപ്പിന്റെ അംഗമായിരുന്നു അദ്ദേഹം. ഈ അസ്സോസിയേഷന്റെ ലക്ഷ്യമനുസരിച്ച് ഓരോ യൂറോപ്യൻ ഉദ്യോഗസ്ഥരെ കൊല്ലുക യും അതുവഴി വിപ്ലവത്തിന് ഇന്ത്യക്കാരെ പ്രചോദിപ്പിക്കുകയും അങ്ങനെ സ്വരാജ് എന്ന സ്വപ്നം നേടാൻ കഴിയുമെന്ന് അവർ വിശ്വസിച്ചു.



വി.വി. സുബ്രമണിയം

മിഷന്റെ ഭാഗമായി റിവോൾവർ ഉപയോ ഗിക്കുന്നതിനാണ് വാഞ്ചിനാഥന് വി.വി. സുബ്രഹ്മണ്യത്തിൽ നിന്ന് പോണ്ടിച്ചേരിയിൽ വെച്ച് പരിശീലനം നട ത്തിയത്. ആഷെയെ കൊന്നതിനുശേഷം വാഞ്ചിനാഥൻ സ്വയം വെടിവച്ചു മരിച്ചു. അദ്ദേഹത്തിന്റെ പോ ക്കറ്റിൽ നിന്ന് ഒരു കത്ത് ലഭിക്കുകയും, ആ കത്തിലൂടെവാഞ്ചിനാഥനെപ്പോലെയുള്ളസ്വാധീ നമുള്ള വിപ്ലവകാരികളുടെ പ്രചോദനത്തിന്റെ സരണികൾ ലഭിച്ചു.

കൊലപാതകത്തിന്റെ അനന്തരഫലങ്ങൾ

വിചാരണവേളയിൽ, വി.വി.എസും പോണ്ടി ച്ചേരിയിലെ മറ്റ് രാഷ്ട്രീയ ഒളി സങ്കേതങ്ങളും തമ്മിൽനല്ലബന്ധമുണ്ടെന്ന്ആഷെയുടെകൊല പാതക ഗൂഡാലോചനയുടെ ഭാഗമായി ബ്രിട്ടീഷ് ഗവൺമെന്റിനുമനസ്സിലാക്കാൻകഴിഞ്ഞു.പോണ്ടി ച്ചേരിയിലെ സംഘടനകൾക്കും അവരുടെപ്രവർ ത്തനങ്ങൾക്കും മുകളിൽ കൊളോണിയേൽ ഭരണകൂടം കൂടുതൽ ജാഗ്രത പുലർത്താൻ തുടങ്ങി ഇത്തരമൊരു അന്തരീക്ഷം ദേശീയ പ്രചാരണത്തിനും പ്രവർത്തനങ്ങൾക്കും വലിയ തടസ്സമായി. കൊളോണിയേൽ സർക്കാരിന്റെ അടിച്ചമർത്തലിന്റെ ഭാഗമായി തമിഴ്നാട്ടിലെ ദേശീയ പ്രസ്ഥാനം മന്ദീഭവിച്ച കാലഘട്ടത്തി ലൂടെ കടന്നുപോയെങ്കിലും 1916-ലെ ഹോം റൂൾ പ്രസ്ഥാനം വഴി പുനരുജ്ജീവനം സംഭവിച്ചു.

സംഗ്രഹം

- ബംഗാൾ വിഭജനത്തിന്റെ പശ്ചാത്തലത്തി ലുള്ള സ്വദേശി പ്രചാരണങ്ങൾ കൊളോ ണിയൽ വിരുദ്ധ പോരാട്ടങ്ങളുടെ ചരിത്ര ത്തിലെ ഒരു പ്രധാന നിമിഷമാണ്.
- രാഷ്ട്രീയ പ്രചാരണത്തിന്റെ പുതിയ സാങ്കേതിക വിദ്യകൾ കെട്ടിപടുക്കുന്നതി നൊപ്പം സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഗാന്ധി യൻ ഘട്ടത്തിൽപ്പോലും നിരന്തരമായ പ്രതി രോധം തുടരാൻ പ്രസ്ഥാനം പ്രചോദനം നൽകി.
- രാഷ്ട്രീയ പ്രചാരണത്തിന്റെ മാധ്യമമായി സ്വദേശിപ്രസ്ഥാനം ഇംഗ്ലീഷിൽ നിന്ന് പ്രാ ദേശിക ഭാഷയിലേക്ക് മാറിയതിനാൽ ഇത് ഒരു ആശയ വിനിമയ വിപ്ലവം കൂടിയായിരുന്നു.
- ഈ സ്വദേശി പ്രസ്ഥാനം അക്രമത്തിലേ യ്ക്ക് നയിക്കാമെന്ന ആശയത്തിൽ ആകൃഷ് ടരായ യുവാക്കളുടെ ആവിർഭാവത്തിനും കാരണമായി.
- പ്രാദേശിക ഭാഷകളിലെ ദേശസ്നേഹത്തേ യും ദേശീയതയേയും കുറിച്ചുള്ള ചരിത്രം, സാഹിത്യം, കവിത എന്നിവയിൽ താല്പ ര്യം പ്രകടിപ്പിക്കാൻ സ്വദേശി അന്തരീക്ഷം സമൃദ്ധമായി സഹായിച്ചു.
- ദേശീയ വാദികൾക്കെതിരെ ബ്രിട്ടീഷുകാർ അക്രമണം അഴിച്ചുവിട്ടതിനാൽ ദേശീയമു ദ്രാവാക്യങ്ങളെ വലിയ സാമ്പത്തിക ആവ ലാതികളും ബഹുജന സമ്പർക്ക പരിപാ ടികളുമായി ബന്ധിപ്പിക്കുന്നതിൽ തീവ്രവാ ദികൾ പരാജയപ്പെട്ടു.
- ഹിന്ദുക്കളെ അണിനിരത്തുന്നതിന് മതവും, മതചിഹ്നങ്ങളും ഉപയോഗിക്കുന്നത് മുസ്ലീ ങ്ങളെ അന്യവത്കരിച്ചു.

12th_History_MAL_Unit_2 Pixels.indd 27 2/28/2023 1:15:32 PM

പ്രവർത്തനം

AT8I0

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കോൺഗ്രസ്സിന്റെ സൂറത്ത് സമ്മേളനത്തിനായി തീവ്രവാദി ദേശീയവാദികൾ ആരുടെ പേരാണ് പ്രസിഡന്റായി നിർദ്ദേശിച്ചത്?

(a) അരവിന്ദഘോഷ് (b) ദാദാബായ് നവറോജി

(c) ഫിറോഷമേത്ത (d) ലാല ലജ്പത് റോയ്

2. താഴെപറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.

(i) 1905-ലെ ബംഗാൾ വിഭജനം ബ്രിട്ടീഷ്കാരുടെ ഭിന്നിപ്പിക്കൽ നയത്തിന് ഉദാഹരണമാണ്.

(ii) കൊൽക്കത്ത യോഗം സുരേന്ദ്രനാഥബാനർജിയെ ബ്രിട്ടീഷ് ചരക്കുകളും, സ്ഥാപനങ്ങളും ബഹിഷ്കരിക്കണമെന്ന് ആഹ്വാനം ചെയ്തു.

(iii) 1905 ആഗസ്റ്റ് 7ന് കൊൽക്കത്തയിലെ ടൗൺ ഹാൾ യോഗത്തിൽ സ്വദേശി പ്രസ്ഥാനത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി.

മുകളിൽ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ ശരിയായിട്ടുള്ള വാക്യം ഏത്??

(a) (i) മാത്രം (b) (i) ഉം (iii) മാത്രം

(c) (i) ഉം (ii) മാത്രം (d) എല്ലാം ശരി.

3. ശരിയായ വിധത്തിൽ യോജിപ്പിക്കുക.

ലിസ്റ്റ് I	ലിസ്റ്റ് II
A. ഇന്ത്യൻപത്ര നിയമം1910	- 1. സ്വയം ഭരണം
B. താഴ്ത്തപ്പെട്ട സമുദായം	- 2. ആശ്രിതഅവസ്ഥയ്ക്ക് എതിരായ പ്രക്ഷോഭം
C. സ്വരാജ്	- 3. ദേശീയ പ്രവർത്തികളെ ശിഥിലമാക്കി
D. സ്വദേശി	- 4. ദേശീയ വിദ്യാഭ്യാസ സഭ

കോഡ്

	A	B	C	D
(a)	3	1	4	2
(b)	1	2	3	4
(c)	3	4	1	2
(d)	1	2	4	3

4. താഴെകൊടുത്തിട്ടുള്ളതിൽ ശരിയായി യോജിപ്പിച്ചത് തെരഞ്ഞെടുക്കുക?

(a) ബങ്കിംചന്ദ്ര ചാറ്റർജി - ആനന്ദമഠം

(b) ജി. സുബ്രഹ്മണ്യം - താഴ്ത്തപ്പെട്ട സമുദായം

(c) മിന്റോപ്രഭു - സർവ്വകലാശാല നിയമം 1904

(d) തീവ്രവാദ ദേശീയതയുടെ പ്രഭവകേന്ദ്രം - മദ്രാസ്സ്

5. കൊൽക്കത്തയിലെ അനുശിലാൻ സമിതിയുടെ സ്ഥാപകൻ ആരാകുന്നു

(a) പൗലിൻ ബഹറിദാസ്

(b) ഹേമചന്ദ്രഖാനുഗോ

(c) ജിതേന്ദ്രനാഥ ബാനർജി മറ്റും ബരീന്ദ്രകുമാർ ഘോഷ്

(d) കുരിതംബോസ് മറ്റും പ്രഭുല്ലചാക്കി

6. പ്രസ്താവന **(A):** 1905 ഒക്ടോബർ 16 വിലാപദിവസമായി ആദരിക്കപ്പെട്ടു.
കാരണം **(R):** അന്നേ ദിവസമാണ് ബംഗാളിലെ ഔദ്യോഗികമായി രണ്ടു പ്രവിശ്യളായി വിഭജിക്കപ്പെട്ടത്.

(a) A യും R ഉം ശരി R, A യ്ക്ക് ഉചിതമായ വിശദീകരണം നൽകുന്നു.

(b) A യും R ഉം ശരിd R, A യ്ക്ക് ഉചിതമായ വിശദീകരണം നൽകുന്നില്ല.

(c) A ശരി R തെറ്റ്.

(d) A തെറ്റ് R ശരി.

7. പ്രസ്താവന **(A):** സ്വദേശി നീരാവികപ്പൽ കമ്പനി വി.ഒ. ചിദംബരം ആരംഭിച്ചു.
കാരണം **(R):** ഇന്ത്യൻ കടലോര പ്രദേശത്ത് ബ്രിട്ടീഷുകാരുടെ മേലാധികൃത്തെ അദ്ദേഹം എതിർത്തു.

(a) A യും R ഉം ശരി R, A യ്ക്ക് ഉചിതമായ വിശദീകരണം നൽകുന്നു

(b) A യും Rഉം ശരി R, A യ്ക്ക് ഉചിതമായ വിശദീകരണം നൽകുന്നില്ല

(c) A ശരി R തെറ്റ്

(d) A തെറ്റ് R ശരി

8. താഴെ പറയുന്നവയിൽ സുബ്രഹ്മണ്യ ഭാരതിയെക്കുറിച്ച് തെറ്റായ വിശദീകരണം ഏത്?

(a) ഭാരതി സ്വദേശിമിത്രൻ എന്ന പത്രത്തിന്റെ പത്രാധിപനാകുന്നു.

(b) അദ്ദേഹം തിലകന്റെ എന്ന പത്രത്തെ തമിഴിലേയ്ക്ക് തർജ്ജിമ ചെയ്തു.

(c) ഭാരതിയുടെ ഗുരുനാഥൻ സ്വാമിവിവേകാനന്ദൻ ആകുന്നു.

(d) ഭാരതി സ്ത്രീകളുടെ ആഴ്ചപ്പതിപ്പായ ചക്രവർത്തിനിയുടെ പത്രാധിപർ ആയിരുന്നു.

12th_History_MAL_Unit_2 Pixels.indd 28 2/28/2023 1:15:32 PM

II. കുറിപ്പെഴുതുക

1. മിതവാദ ദേശീയവാദികളുടെ മികത്വനയം വ്യക്തമാക്കുക?
2. എം.ജി. റാനഡേ സ്വദേശി എന്ന ആശയത്തെ എപ്രകാരം വ്യക്തമാക്കുന്നു?
3. ബ്രിട്ടീഷ് ഇന്ത്യയിലെ തീവ്രവാദ ദേശീയതയുടെ പ്രഭവ കേന്ദ്രങ്ങളെ തിരിച്ചറിയുക
4. 1908 നുശേഷം തീവ്രവാദ ദേശീയത എന്തുകൊണ്ട് അധഃപതിച്ചു?
5. ദേശീയ പ്രസ്ഥാനത്തെ അടിച്ചമർത്താൻ കൊളോണിയൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ ഏവ?

III. ചുരുക്കി ഉത്തരം എഴുതുക

1. കോൺഗ്രസ്സിന്റെ പിളർപ്പിനു കാരണമായ സൂറത്ത് സമ്മേളനത്തിന്റെ നടപടികളെക്കുറിച്ച് വ്യക്തമാക്കുക.
2. സ്വദേശിപ്രസ്ഥാനസമയത്ത്വ്യക്തിഗതആക്രമണങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള കാരണങ്ങൾ.
3. ബഹുജന സമാഹരണത്തിന് സമിതികൾ ഉപയോഗിച്ച രീതികളെ വ്യക്തമാക്കുക.
4. 1908-ലെ കോറൽമിൽ പണിമുടക്കിനെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം?
5. അലിപ്പൂർ ബോബംബ് കേസ്സിന്റെ സാരാംശം എന്ത്
6. വി.ഒ. ചിദംബരത്തിന്റെ സ്വദേശി സംരംഭത്തെ കുറിച്ച് വ്യക്തമാക്കുക.
7. കളക്ടർ ആഷ് വാഞ്ചിനാഥനാൽ കൊല്ലപ്പെടാൻ കാരണമെന്ത്.

IV. വിവരിക്കുക

1. തമിഴ്നാട്ടിലെ സ്വദേശി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ വിശദീകരിക്കുക.
2. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ വി.ഒ. ചിദംബരം പിള്ളയുടെ പങ്കിനെക്കുറിച്ച് വിശദീകരിക്കുക.

V. പ്രവർത്തനം

1. സുബ്രഹ്മണ്യ ഭാരതിയുടെ ദീർഘവീക്ഷണത്തെക്കുറിച്ച് ഒരു പ്രഭാഷണം തയ്യാറാക്കുക.
2. കപ്പലോട്ടിയ തമിഴൻ എന്ന തമിഴ്ചല ചിത്രത്തെ തിരയിൽ കാണിക്കുക.

പരാമർശഗ്രന്ഥങ്ങൾ

1. Bipan Chandra, etal. *India's Struggle for Independence,* Penguin Books, New Delhi, 2016.
2. Sumit Sarkar, *Modern India 1885-1947, Pearson,* New Delhi, 2018.
3. Sekhar Bandopadhyay, *From Plassey to Partition and After: A History of Modern India, Orient BlackSwan,* Hyderabad, 2009.
4. A.R. Venkatachalapathy, 'In Search of Ashe, *'Ecnomic & Political Weekly, 9 Janauary 2009.*

A-Z പദസമുച്ചയം

factionalism	difference of opinion or disagreement between two groups within a political organization.	വിഭാഗീയത
intelligentsia	highly educated or the intellectual elite of a society	ബുദ്ധിജീവികൾ
annulment	invalidation, nullification	റദ്ദാക്കൽ
Swadeshi	made in one's own country	സ്വദേശവസ്തുക്കൾ
Boycott	refusal to take part in an activity or to buy a foreign product	ബഹിഷ്കരണം
triumvirate	a group of three persons dominating or holding control	ദളപതി
seditious	Inciting people to rebel against the authority of a state	രാജ്യദ്രോഹം
punitive tax	a tax intended as punishment	ശിക്ഷാ നികുതി

12th_History_MAL_Unit_2 Pixels.indd 29 2/28/2023 1:15:32 PM

ഐ.സി.റ്റി കോർണർ

തീവ്ര ദേശീയ വാദത്തിന്റെ ഉദയവും സ്വദേശി പ്രസ്ഥാനവും

ഈ പ്രക്രിയയിലൂടെ ഇന്ത്യയുടെ ചരിത്രവും രാഷ്ട്രീയവുമായ ഭൂപടത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കാം



ഘട്ടം - 1 ബ്രൗസർ തുറന്ന് താഴെ കൊടുത്തിരിക്കുന്ന യു.ആർ.എൽ ടൈപ്പ് ചെയ്യുക. അല്ലെങ്കിൽ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക.

ഘട്ടം - 2 ലോക ചരിത്രം എന്ന വിഷയത്തെ ക്ലിക്ക് ചെയ്ത് ഇന്ത്യ എന്ന വിപ്ലവം സൂചകത്തെ തിരഞ്ഞെടുക്കുക

ഘട്ടം - 3 പാഠഭാഗത്തെ ഓരോന്നായി ക്ലിക്ക് ചെയ്യുകയും ഭൂപടങ്ങളെ പ്രദർശിപ്പിക്കുകയും ചെയ്യുക (ഉദാ.1903)



ഘട്ടം 1



ഘട്ടം 2



ഘട്ടം 3

Web URL: https://www.euratlas.net/history/index.html

*ചിത്രങ്ങൾ സൂചനകൾ മാത്രം

*ബ്രൗസറിന് ആവശ്യമെങ്കിൽ ഫ്ളാഷ് പ്ലയർ അല്ലെങ്കിൽ ജാവാസ്ക്രിപ്റ്റ് പേജിലേയ്ക്ക് ശേഖരിയ്ക്കുക

12th_History_MAL_Unit_2 Pixels.indd 30 2/28/2023 1:15:34 PM

യൂണിറ്റ്

3

ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ഒന്നാം ലോക മഹായുദ്ധത്തിന്റെ സ്വാധീനം

പഠന ലക്ഷ്യങ്ങൾ

വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ടവ

- ഒന്നാംലോക മഹായുദ്ധം സൃഷ്ടിച്ച വ്യവസ്ഥകൾ: മിതവാദികളും തീവ്രവാദികളും യോജിച്ച് തിലകന്റെയും ആനിബെസന്റിന്റെയും ഹോംറൂൾ പ്രസ്ഥാനത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരെയുള്ള സംയുക്തസമരം.
- ബ്രിട്ടീഷുകാരുടെ അടിച്ചമർത്തൽ നയം : ഇന്ത്യയുടെ പ്രതിരോധനിയമം നടപ്പിലാക്കുക.
- ഹിന്ദുമുസ്ലീം ഐക്യത്തിന് സൗകര്യം ഒരുക്കുന്ന ലക്നൗ ഉടമ്പടി.
- ജാലിയൻ വാലാബാഗ് കൂട്ടക്കൊലയും ഖിലാഫത്ത് പ്രസ്ഥാനത്തിലെ ഹിന്ദു, മുസ്ലീം ഐക്യദാർഢ്യവും.
- ഒന്നാം ലോക മഹായുദ്ധത്തിന്റെയും റഷ്യൻ വിപ്ലവത്തിന്റെയും സ്വാധീനം ഇന്ത്യൻ തൊഴിലാളി പ്രസ്ഥാനത്തിൽ

ആമുഖം

ഒന്നാംലോക മഹായുദ്ധത്തിനു മുൻപുള്ള നിരവധി സംഭവങ്ങൾ ഇന്ത്യൻ ദേശീയ രാഷ്ട്രീയത്തെ സ്വാധീനിച്ചു 1905 ൽ ജപ്പാൻ റഷ്യയെ പരാജയപ്പെടുത്തി 1908 ൽ യുവതുർക്കികളും 1911 ൽ ചൈനീസ് ദേശീയ വാദികളും പാശ്ചാത്യ രീതികളും ആശയങ്ങളും ഉപയോഗിച്ച് തങ്ങളുടെ സർക്കാരുകളെ അട്ടിമറിച്ചു. ഒന്നാംലോക മഹായുദ്ധത്തോടൊപ്പം 1916 ലും 1920 ലും ഈ സംഭവങ്ങൾ ഇന്ത്യൻ ദേശീയതയുടെ പശ്ചാത്തലം നൽകുന്നു.

യൂറോപ്പ് യുദ്ധത്തിന്റെ പ്രധാന നാടകവേദിയായിരുന്നു. ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും യുദ്ധം നടന്നിരുന്നുവെങ്കിലും യൂറോപ്പ്, ആഫ്രിക്ക, പശ്ചിമേഷ്യാ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിക്കാൻ ബ്രിട്ടീഷുകാർ ഇന്ത്യാക്കാരുടെ ഒരു വലിയ സംഘത്തെ നിയമിച്ചു യുദ്ധാനന്തരം സൈനികർ പുതിയ ആശയങ്ങളുമായി തിരിച്ചു വന്നു. അവർ ഇന്ത്യൻ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തി. നിർബന്ധത്തിലൂടെ ഇന്ത്യയ്ക്ക് ഏകദേശം £ 367 ലക്ഷം ബ്രിട്ടീഷ് പൗണ്ട് നൽകേണ്ടതായിരുന്നു. അതിൽ £ 229 ദശലക്ഷം ബ്രിട്ടീഷ് പൗണ്ട് നേരിട്ടുള്ള പണവും ബാക്കി യുദ്ധ ചെലവു നികത്താൻ വായ്പകളിലൂടെയും ആണ് നൽകിയത്, ഇത് കൂടാതെ £ 250 മില്യൺ ബ്രിട്ടീഷ് പൗണ്ട് മൂല്യമുള്ള യുദ്ധ സാമഗ്രഹികളും ഇന്ത്യ അയച്ചു. ഇത് വളരെ അധികം സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായതിനാൽ ഇത് ഇന്ത്യാക്കാർക്കിടയിൽ അസംതൃപ്തി സൃഷ്ടിച്ചു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മിതവാദികളായും തീവ്രവാദികളായും പിരിഞ്ഞതിനാൽ മുസ്ലീംലീഗ് യുദ്ധത്തിൽ ബ്രിട്ടീഷ് താല്പര്യങ്ങളെ പിൻതുണച്ചിരുന്നു. 1916 തിലകന്റെ നേതൃത്വത്തിലുള്ള തീവ്രവാദികൾ കോൺഗ്രസ്സിന്റെ നിയന്ത്രണത്തിൻ കീഴിലായിരുന്നു. ഇത് ദക്ഷിണേന്ത്യയിലെ ഡോക്ടർ ആനിബെസന്റിയും പശ്ചിമേന്ത്യയിലെ തിലകന്റെയും നേതൃത്വത്തിൽ ഇന്ത്യയിൽ ആഭ്യന്തരഭരണ പ്രസ്ഥാനത്തിന്റെ ഉയർച്ചയ്ക്ക് കാരണമായി യുദ്ധ സമയത്ത് കോൺഗ്രസ്സ് വീണ്ടും ഒന്നിച്ചു. 1916 ൽ ലക്നൗ ഉടമ്പടി എന്നറിയപ്പെടുന്ന ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ ഒപ്പുവെച്ച കരാറിലൂടെ ഇന്ത്യൻ ദേശീയതയുടെ ശക്തിവർദ്ധിച്ചു.

യുദ്ധസമയത്ത് പാശ്ചാത്യ വിപ്ലവ ആശയങ്ങൾ തീവ്രദേശീയ വാദികളെ സ്വാധീനിച്ചതിനാൽ ബ്രിട്ടീഷുകാർ അടിച്ചമർത്തർ പ്രവർത്തനങ്ങൾ നടത്തി ദേശീയ പ്രസ്ഥാനത്തെ അടക്കാൻ ശ്രമിച്ചു. എല്ലാ അടിച്ചമർത്തൽ പ്രവർത്തികളിലും റൗലത്ത് നിയമമായിരുന്നു. ഈ പ്രവർത്തിയെ ഇന്ത്യൻ നേതാക്കൾ ശക്തമായി വിമർശിക്കുകയും അവർ ഈ നിയമത്തിൽ പ്രതിക്ഷേധിച്ച് യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. റഷ്യയിലെ വിപ്ലവം പോലുള്ള അന്താരാഷ്ട്ര സംഭവങ്ങളും ഇന്ത്യയെ സ്വാധീനിച്ചു.

12th_History_MAL_Unit_3 Pixels.indd 31 2/28/2023 1:16:16 PM

ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കിയുടെ പരാജയവും അതിനുശേഷം ഒപ്പുവെച്ച സെവറസ്സ് ഉടമ്പടിയുടെകടുത്തനിബന്ധനകളുംതുടർക്കിയുടെസുൽത്താനായ ഖലീഫയുടെ സ്ഥാനത്തെ ദുർബലപ്പെടുത്തി. ഈ നീരസത്തിൽ നിന്നാണ് ഖിലാഫത്ത് പ്രസ്ഥാനം രൂപം കൊണ്ടത്

ഇന്ത്യയുടെ വിശ്വസ്തയ്ക്ക് ബ്രിട്ടൺ പ്രതിഫലം നൽകുമെന്ന്വിശ്വസിച്ച്ഇന്ത്യയും,ഇന്ത്യാക്കാരുംയുദ്ധത്തിൽ സജ്ജീവമായി പങ്കെടുത്തിരുന്നു എന്നാൽ നിരാശമാത്രമാണ് ഫലം. അങ്ങനെ യുദ്ധം ഇന്ത്യൻ സമൂഹത്തിലും, സമ്പത്ത് വ്യവസ്ഥയിലും രാഷ്ട്രീയത്തിലും ഒന്നിലധികം സ്വാധീനം ചെലുത്തി. ഈ പാഠത്തിൽ ഹോംറൂൾപ്രസ്ഥാനം വഹിച്ച പങ്ക് ലക്നൗ കരാർ ഒപ്പിടുന്നതിലേയ്ക്ക്നയിച്ചകടകങ്ങൾ, അതിന്റെ വ്യവസ്ഥകൾ ബ്രിട്ടീഷുകാരുടെ അടിച്ചമർത്തൽ നടപടികൾ ജാലിയൻ വാലാബാഗ് കൂട്ടക്കൊല, ഖിലാത്ത് പ്രസ്ഥാനം, സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ ഉയർച്ച എന്നിവ ചർച്ചചെയ്യുന്നു.

3.1 അഖിലേന്ത്യാ ഹോം റൂൾപ്രസ്ഥാനം



ആനിബെസന്റ്



ജോർജ് അരുൺടേൽ

എ.ഒഹും ഉൾപ്പെട്ട പല വിദേശികളും നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ആരംഭഘട്ടത്തിൽപ്രധാന പങ്കുവഹിച്ചിരുന്നു. 20 ാം നൂറ്റാണ്ടിന്റെആരംഭത്തിൽ ഡോക്ടർ ആനിബസന്റ് സമാനമായ പങ്ക് വഹിച്ചു. അയർലാന്റ് കാരിയായ ഡോക്ടർആനിബസന്റ് ബ്രിട്ടണിലായിരുന്നപ്പോൾ അയർലാന്റിലെ ഹോംറൂൾ പ്രസ്ഥാനം ഫേബിയൻ സോഷ്യലിസ്റ്റ്, ജനനനിയന്ത്രണ പ്രസ്ഥാനങ്ങൾ എന്നിവയിൽ സജ്ജീവമായ പങ്ക്വഹിച്ചു. ബ്രഹ്മജ്ഞാനസഭയിൽ അംഗമായ ആനിബസെന്റ് 1893 ൽ ഇന്ത്യയിലെത്തി. ബനാറസ്സിൽ ഒരു ഹിന്ദു കോളേജ് ആരംഭിച്ചു. പിന്നീട് (1916 ൽ പണ്ഡിറ്റ് മദൻമോഹൻ മാളവ്യയുടെ സഹായത്തോടെ ഹിന്ദു സർവ്വകലാശാലയായി നവീകരിച്ചു) 1907 ൽ എച്ച്.എസ്. ഓൾകോട്ടിന്റെ മരണത്തോടെ ആനിബസന്റ് തിയോസോഫിക്കൽ സൊസൈറ്റിയുടെ അന്താരാഷ്ട്ര പ്രസിഡന്റായി. ബ്രഹ്മജ്ഞാനസഭയുടെ ആസ്ഥാനമായ ചെന്നൈയിലെ അടയാറിൽ നിന്നും തീയോസോഫിക്കൽ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ വിദ്യാഭ്യാസ വിചക്ഷണരുടെ പ്രശംസയും ആദരവും ആനിബസന്റ് നേടിയെടുത്തു ജുംനാ ദാസ്ദ്വാരക ദാസ്, ജോർജ്ജ് അരുൺ ഡേൽ, ശങ്കർ ലാൽ ബങ്കർ, ഇന്ദുലാൽ യാഗ്നിക്, സി.പി. രാമസ്വാമി, ദീപ്തി വാഡിയ തുടങ്ങിയ വിദ്യാ. സമ്പന്നരായ അനുയായികളുടെ പിൻതുണനേടി.

1914 ൽ ബ്രിട്ടൺ ഒന്നാംലോകമഹായുദ്ധത്തിൽ പ്രവേശനം പ്രഖ്യാപിച്ചപ്പോൾ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി പോരാടുന്നതായി പ്രഖ്യാപിക്കപ്പെട്ടു. ഇന്ത്യൻ നേതാക്കൾ ബ്രിട്ടീഷുകാരുടെ യുദ്ധസ്ഥലങ്ങളെ വിശ്വസിക്കുകയും പിൻതുണയ്ക്കുകയും ചെയ്തു. ഇന്ത്യയോടുള്ള ബ്രിട്ടീഷ് മനോഭാവത്തിൽ മാറ്റമൊന്നും സംഭവിക്കാത്തതിനാൽ താമസിയാതെ അവർ നിരാശരായി. മാത്രമല്ല തീവ്രവാദ, മിതവാദ വിഭാഗങ്ങളായി വിഭജിക്കപ്പെട്ട ഇന്ത്യൻ നേഷണൽ കോൺഗ്രസ്സ് സ്വയം ഭരണത്തിനായുള്ള കൂടുതൽ രാഷ്ട്രീയ പരിഷ്കാരങ്ങൾക്കായി സമ്മർദ്ദം ചെലുത്താൻശക്തമായിരുന്നില്ല. തുർക്കിസുൽത്താൻ കേന്ദ്ര ശക്തികളെ പിൻതുണയ്ച്ച് ഒന്നാംലോക മഹായുദ്ധത്തിൽ പ്രവേശിച്ചതോടെ മുസ്ലീം ലീഗിന് ബ്രിട്ടീഷുകാർ സംശയാസ്പദമായി വീക്ഷിച്ചു.

ഈപഞ്ചാത്തലത്തിലാണ്ആനിബസന്റ് ഇന്ത്യൻ രാഷ്ട്രീയത്തിലേയ്ക്ക് കടന്നു വന്നത്. അവർ 1914 ൽ ദികോമൺവീൽ എന്ന ആഴ്ചപ്പതിപ്പ് ആരംഭിച്ചു. മത സ്വാതന്ത്ര്യം ദേശീയ വിദ്യാഭ്യാസം സാമൂഹിക മറ്റും സാമ്പത്തികപരിഷ്കാരങ്ങൾഎന്നിവയ്ക്ക്ഈആഴ്ചപതിപ്പ് കൂടുതൽ പ്രാധാന്യം നൽകി. 1915 ൽ ഇന്ത്യ എങ്ങനെ സ്വാതന്ത്ര്യമായി പ്രവർത്തിച്ചു എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ഈ പുസ്തകം ദേശീയ ബോധം അതിന്റെ പുരാതന ഭൂതകാലത്തെ ആഴത്തിൽ ഉൾകൊള്ളുന്നു എന്ന് അവർ ഉറപ്പിച്ചു പറഞ്ഞു.

ഇംഗ്ലണ്ടിന്റെ ബുദ്ധിമുട്ടായ അവസ്ഥ ഇന്ത്യയുടെ അവസരത്തിന്റെ സമയമാണ് എന്ന് അവർ പ്രഖ്യാപിച്ചു. പരിഷ്കരണത്തിനായി ഇന്ത്യൻ നേതാക്കൾ സമ്മർദ്ദംചെലുത്തണമെന്ന് അവർ ആഗ്രഹിച്ചു. ഇംഗ്ലണ്ടിൽ പര്യടനം നടത്തിയ അവർ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പ്രസംഗങ്ങൾ നടത്തി. ബ്രിട്ടീഷ് പാർലമെന്റിൽ ഒരു ഇന്ത്യൻ പാർട്ടി രൂപീകരിക്കാനും അവർശ്രമിച്ചു. എന്നിരുന്നാലും അവരുടെസന്ദർശനം ഇന്ത്യയോട് അനുഭാവം ജനിപ്പിച്ചു. ഇന്ത്യയിൽമടങ്ങിയെത്തിയ അവർ 1915 ജൂലൈ 14 ന് ന്യൂഇന്ത്യാ എന്ന ദിനപ്പത്രം ആരംഭിച്ചു. മുംബെയിൽനടത്തിയപ്രസംഗത്തിൽ അവർ സ്വയം ഭരണം എന്നതന്റെ ആശയത്തെ വെളിപ്പെടുത്തി. സ്വയംഭരണം എന്ന (നാട്ടിൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ കൊണ്ട സഭവഴിഉത്തരവാദിത്വമുള്ള ഒരു രാജ്യത്തിന് ഗവൺമെന്റ് ഉണ്ടാകും) ആശയം പ്രചരിപ്പിക്കുന്നതിനായി അവർപൊതുയോഗങ്ങളും സമ്മേളനങ്ങളും സംഘടിപ്പിക്കുകയും യുദ്ധാനന്തരം ബ്രിട്ടീഷ് കോളനികളുടെ മാതൃകയിൽ ഇന്ത്യയ്ക്ക് സ്വയംഭരണം അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു..

അയർലാന്റിൽ സ്ഥാപിച്ചഹോം റൂൾ പ്രസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ഹോം റൂൾ പ്രസ്ഥാനം ആരംഭിക്കാൻ പോകുന്നതായി 1915 സെപ്റ്റംബർ 28 ൽ ആനിബെസന്റ് ഔദ്യോഗിക

12th_History_MAL_Unit_3 Pixels.indd 32 2/28/2023 1:16:16 PM

മായിപ്രഖ്യാപിച്ചു. എന്നാൽമിതവാദികൾക്ക്മറ്റൊരു പ്രസ്ഥാനംആരംഭിക്കുന്നതിന്താല്പര്യപ്പെട്ടില്ല. തന്റെ പ്രസ്ഥാനം വിജയിക്കാൻ കോൺഗ്രസ്സ് പാർട്ടിയുടെ അനുമതി ആവശ്യമാണെന്ന്. അവർ മനസ്സിലാക്കി. 1915 ഡിസംബറിൽ തിലകന്റെയും ആനിബെസന്റെയും ശ്രമഫലമായി കോൺഗ്രസ്സിന്റെ ബോംബെ സമ്മേള നത്തിൽ തീവ്രവാദവിഭാഗത്തിൽ നിന്ന് അംഗങ്ങളെ പ്രവേശിപ്പിക്കുന്നതിനുള്ള കോൺഗ്രസ്സ് പാർട്ടിയുടെ ഭരണഘടനയിൽമാറ്റംവരുത്തി. 1916സെപ്തംബറിന് മുൻപ്കോൺഗ്രസ്സ്ഹോംറൂൾപ്രസ്ഥാനത്തിന്റെപ്രവ ർത്തനംഏറ്റെടുക്കണമെന്ന്ആസമ്മേളനത്തിൽഅവർ നിർബന്ധിച്ചു. അതിൽപരാജയപ്പെട്ടാൽഅവർസ്വയം ഹോംറൂൾ പ്രസ്ഥാനം ആരംഭിക്കുന്നതായി അറിയിച്ചു.

1916ൽഹോംറൂൾപ്രസ്ഥാനംരാജ്യത്ത്തിലകന്റെ കീഴിലുംആനിസെന്റിെകീഴിലുംആരംഭിച്ച്അവരുടെ പ്രവർത്തനമേഖലകൾവേർതിരിച്ചു. ബ്രിട്ടീഷ്സാമ്രാ ജ്യത്തിൽ ഇന്ത്യയ്ക്കായി ഹോംറൂൾ സ്ഥാപിക്കു കയുംഇന്ത്യൻജനതയിൽമാതൃരാജ്യത്തിന്അഭിമാന ബോധം വളർത്തുക എന്നതുമായിരുന്നു ഹോംറൂൾ പ്രസ്ഥാനത്തിന്റെ ഇരട്ട ലക്ഷ്യങ്ങൾ.

(a) തിലകന്റെ ഹോംറൂൾ പ്രസ്ഥാനം

1916 ൽ ഏപ്രിലിൽ ബെൽഗാമിൽ നടന്ന ബോം ബെപ്രവിശ്യകളുടെസമ്മേളനത്തിലാണ്തിലകന്റെ ഹോം റൂൾ പ്രസ്ഥാനം സ്ഥാപിതമായത് മഹാരാഷ്ട്ര (ബോംബാ നാഗരം ഉൾപ്പെടെ കർണ്ണാടക, കേന്ദ്ര പ്രവിശ്യകൾ ബീഹാർ എന്നിവിടങ്ങളിൽ പ്രവർത്തി ക്കാനായിരുന്നു അദ്ദേഹം ഉദ്ദേശിച്ചത്. തിലകലന്റെ പ്രസ്ഥാനം ശാഖളായി സംഘടിപ്പിക്കുകയും ആനിബസന്റിന്റെ പ്രസ്ഥാനത്തിന് ഇന്ത്യയുടെ ബാക്കി ഭാഗങ്ങൾ നൽകുകയും ചെയ്തു.

ഹോംറൂൾ (സ്വയംഭരണം) ഇത് ഒരു സ്വയംഭരണ ത്തെസൂചിപ്പിക്കുന്നു. ഒരുകേന്ദ്രഅല്ലെങ്കിൽപ്രാദേ ശീക ഗവൺമെന്റ് അതിന്റെ ആശ്രിത രാഷ്ട്രീയ പ്രദേശങ്ങളിലുള്ള ജനങ്ങൾ രാഷ്ട്രീയപരമായി വിശ്വാസത്തോടെ ജീവിക്കണമെന്നതാണ് സ്വയം ഭരണം അർത്ഥമാക്കുന്നത്. പുരാതനറോമസാമ്രാ ജ്യത്തിലും ആധുനിക ബ്രിട്ടീഷ് സാമ്രാജ്യത്തി ലും ഇത് ഒരു പൊതു സവിശേഷതയായിരുന്നു 1880 ൽ അയർലാന്റിൽ സ്വയംഭരണം ശക്തി പ്രാപി ച്ചതോടു കൂടി വടക്കൻ അയർലാന്റിലെ 6 രാജ്യ ങ്ങളിൽ, അയർലാന്റ് ഗവൺമെന്റ് ആക്ട് (20) പ്രകാരം, പിന്നീട് ആംഗ്ലോ ഐറിഷ് ഉടമ്പടി (1921) പ്രകാരം ബാക്കിയുള്ള 29 തെക്കൻ രാജ്യ ങ്ങളിലും സ്വയഭരണ പ്രസ്ഥാനം സ്ഥാപിച്ചു.

തിലക് തന്റെ പ്രഭാഷണങ്ങളിലൂടെ സ്വയം ഭരണത്തിന്റെ ആവശ്യം ജനപ്രീയമാക്കി. അദ്ദേഹ ത്തിന്റെ ലീഗിന്റെ പ്രശസ്തി മഹാരാഷ്ട്രയിലും കർണാടകയിലും മാത്രമായി ഒതുങ്ങിയിരുന്നുവെ ങ്കിലും 1917 ഏപ്രിലിൽ 14,000 അംഗങ്ങളിൽ നിന്ന് 1918 ന്റെതുടക്കത്തിൽ32,000അംഗങ്ങളായിഉയർന്നു. 1916 ജൂലൈ 23 ന് തന്റെ 60ാം ജൻമദിനത്തിൽ തിലക് സ്വയംഭരണം എന്ന ആശയം പ്രചരിപ്പിച്ചതിന് അറസ്റ്റിലായി.

(b) ആനിബെസന്റിന്റെ സ്വയംഭരണ പ്രസ്ഥാനം

കോൺഗ്രസ്സിൽ നിന്നും യാതൊരു വിധ അനു കൂല മാർഗ്ഗങ്ങളും വരാത്ത സാഹചര്യത്തിൽ 1916 സെപ്തംബറിൽആനിബെസന്റ് മദ്രാസ്സിൽസ്വയം ഭരണപ്രസ്ഥാനം ആരംഭിച്ചു. കോൺപൂർ, അലഹ ബാദ് ബനാറസ്സ് (വാരണാസി) മഥുര കോഴിക്കോട്, അഹമ്മദ്നഗർ എന്നിവിടങ്ങളിൽ ശാഖകൾ സ്ഥാപി ച്ചു. ഇന്ത്യ മുഴുവനും തീവ്രമായ പ്രചരണം നടത്തി കൊണ്ട് സ്വയംഭരണത്തിന്റെ ലക്ഷ്യത്തെ കുറിച്ച് പ്ര ചരിപ്പിച്ചു. ഇന്ത്യയുടെ വിശ്വസ്തയുടെ വില ഇന്ത്യ യുടെ സ്വാതന്ത്ര്യമാണെന്ന് അവർ പ്രഖ്യാപിച്ചു. കോൺഗ്രസ്സിന്റെ നിഷ്ക്രിയത്വത്തിൽ അതൃപതി യുള്ള മിതവാദികളായ കോൺഗ്രസ്സുകാർ സ്വയംഭരണ പ്രസ്ഥാനത്തിൽചേർന്നു. ജവഹർലാൽനെഹ്റു, മുഹ മ്മദ് അലിജിന്ന ബി. ചക്രവർത്തി, ജിതേന്ദ്രനാഥബാ നർജി, സത്യമൂർത്തി, ഖലിഖുസ്മാൻ എന്നിവർ ലീഗി ലെഅംഗത്വംഏറ്റെടുത്തതിൽനിന്നുംഈപ്രസ്ഥാന ത്തിന്റെ പ്രശസ്തിയെ കുറിച്ച് മനസ്സിലാക്കാം.

ബെസന്റിന്റെ ഹോംറൂൾ പ്രസ്ഥാനം മദ്രാ സ്സിൽവളരെപ്രചാരത്തിലെത്തിയതോടെഇത്അടിച്ച മർത്താൻ മദ്രാസ് സർക്കാർ തീരുമാനിച്ചു. വിദ്യാർ ത്ഥികളെ ഇതിന്റെ സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന തിൽ നിന്നും വിലക്കി. 1917 ജൂണിൽ ആനിബെസന്റും അവരുടെകൂട്ടാളികളായബി. വാഡിയജോർജ്അരുൺ ഡേ എന്നിവർ രാഷ്ട്രീയ കാരണത്താൽ ഉദകമണ്ഡ ലത്തിൽ ചോദ്യം ചെയ്യപ്പെട്ടു. ഗവൺമെന്റിന്റെ ഈ അടിച്ചമർത്തൽ നയം സ്വയംഭരണം ആവശ്യപ്പെട്ട അനുയായികളെ ശക്തിപ്പെടുത്തി. .

ബെസന്റിനെ പിൻതുണക്കുന്നതിനായി ഓഗസ്റ്റ് 20 ന് പുതിയ സ്റ്റേറ്റ് സെക്രട്ടറി മോണ്ടേഗു സ്വയം ഭരണസ്ഥാപനങ്ങളും ഉത്തരവാദിത്വമുള്ള സർക്കാരും, ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ലക്ഷ്യമാണെന്ന് പ്രഖ്യാപിച്ചു. ഈ പ്രസ്താവന ഏതാണ്ട് ഒറ്റ രാത്രി കൊണ്ട് ബെസന്റിന്റെ വിശ്വസ്

12th_History_MAL_Unit_3 Pixels.indd 33 2/28/2023 1:16:17 PM

തനായി മാറി. 1917 സെപ്തംബറിൽ മോചിത നായപ്പോൾ 1917 ൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കൊൽക്കത്താ സമ്മേളനത്തിൽ അവർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

(c) സ്വയംഭരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം

സാന്ധിജിയുടെ സത്യാഗ്രഹപ്രസ്ഥാനത്തിന് തുടക്കം കുറിക്കാൻ സ്വയംഭരണ പ്രസ്ഥാനങ്ങൾ ബഹുജനസമാഹരണത്തിന് വഴി തെളിച്ചു. ആദ്യകാല ഗാന്ധിയൻ സത്യാഗ്രഹികളിൽ പലരും സ്വയംഭരണ പ്രസ്ഥാനങ്ങളിൽ അംഗങ്ങളായിരുന്നു. ഗാന്ധിയൻ പ്രക്ഷോപം പ്രചരിപ്പിക്കാൻ അവർ ലീഗുകൾ സൃഷ്ടിച്ച സംഘടനാ ശൃംഖലകൾ ഉപയോഗിച്ചു. വിഭാഗീയതയെ മറികടന്ന് കോൺഗ്രസ്സ്, മുസ്ലീംലീഗ്, തിയോസോഫിസ്റ്റുകൾ തൊഴിലാളി വിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങളും അടങ്ങിയ ആദ്യത്തെ ഇന്ത്യൻ രാഷ്ട്രീയ പ്രസ്ഥാനമാണ് സ്വയംഭരണ പ്രസ്ഥാനം സർ. എസ്. സുബ്രഹ്മണ്യം അദ്ദേഹത്തിന്റെ നൈറ്റ്ഹുഡ് പദവി ഉപേക്ഷിച്ചു. നേരത്തെ ഈ പ്രസ്ഥാനത്തു നിന്നും വിട്ടുനിന്ന മദൻമോഹൻ മാളവ്യ തുടങ്ങിയ നേതാക്കൾ സ്വയംഭരണ പ്രസ്ഥാനത്തെ പിൻതുണയ്ക്കുന്നതിൽ തങ്ങളെ സ്വയം അർപ്പിച്ചു. 1917 ജൂലൈ 28 ന് വിളിച്ച അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മറ്റി യോഗത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടനേതാക്കളെ വിട്ടയച്ചില്ലെങ്കിൽ നിസ്സഹകരണത്തെ ഉപയോഗിക്കണമെന്ന് തിലകൻ വാദിച്ചു. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം ജംനാദാസ്ദ്വാരകദാസ്, ശങ്കർലാൽബാങ്കറും ചേർന്ന് ആയിരം ഒപ്പുകൾ ശേഖരിച്ച് ബെസന്റും മറ്റു നേതാക്കളും അറസ്റ്റുചെയ്ത നടപടികളെ റദ്ദുചെയ്യാൻ ഇടപെടൽ ഉത്തരവുകൾ ലംഘിച്ച് ബെസന്റിന്റെ തടങ്കലിലേയ്ക്ക്മാർച്ചുനടത്തി. വർദ്ധിച്ചുവന്നഎതിർപ്പിനാൽതടവിൽ വെച്ചിരുന്ന ദേശീയ നേതാക്കളെ മോചിപ്പിച്ചു ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ലക്ഷ്യം സ്വയം ഭരണ സ്ഥാപനങ്ങളും ഉത്തരവാദിത്വമുള്ള സർക്കാരും ആണെന്ന് 1917 ൽ തെളിയുകയുണ്ടായി .

(d) സ്വയംഭരണ പ്രസ്ഥാനത്തിന്റെ അധഃപതനം

ഇന്ത്യൻ അശാന്തിയുടെ രചയിതാവ് ആയ വേലന്റെയിൻ ചിറോളിനെതിരെ ഫയൽ ചെയ്ത അപകീർത്തികരമായ കേസ്സ് പരിഗണിക്കാൻ തിലക് 1918 സെപ്തംബറിൽ ബ്രിട്ടണിലേയ്ക്കു പോയി. ബെസന്റ് നിർദ്ദിഷ്ട മോണ്ടേഗു ചെംസ് ഫോർഡ് പരിഷ്ക്കാരങ്ങൾ സ്വീകരിച്ചതിനുശേഷം സ്വയംഭരണ പ്രസ്ഥാനം നശിച്ചു.

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിൽ ഇന്ത്യാ സ്വയംഭരണം നേടുക അല്ലെങ്കിൽ കാനഡ, ആസ്ട്രേലിയ മാതൃകയിൽ സ്വയംഭരണം നേടുന്നതിനു വേണ്ടി ബ്രിട്ടീഷ് പാർലമെന്റ് അംഗങ്ങളിൽ ആദരവ് നേടിയെടുക്കുന്നതിനുവേണ്ടി ഇന്ത്യാകോമൺ വെൽത്ത് ലീഗ് എന്ന് സ്വയംഭരണ പ്രസ്ഥാനം പുനർനാമകരണം ചെയ്യപ്പെട്ടു. പിന്നീട് 1929 ൽ V.K. കൃഷ്ണമേനോൻ ഇതിനെ ഇന്ത്യാലീഗ് എന്ന് മാറ്റി.

3.2 യുദ്ധത്തിന്റെ ആഘാതം



മിൻറോ

ഒന്നാം ലോകമഹായുദ്ധത്തിന് മുമ്പുള്ള വർഷങ്ങളിൽ ഇന്ത്യയുടെ രാഷ്ട്രീയസ്ഥിതി തകരാറിലായിരുന്നു. തീവ്രവാദികളെ ഒറ്റപ്പെടുത്താനും മിതവാദികളുടെയും മുസ്ലീം ലീഗിന്റെയും ആദരവ് പിടിച്ചുപറ്റാനും 1909 ൽ ബ്രിട്ടീഷുകാർ മിൻറ്റോ മോർലി പരിഷ്കാരങ്ങൾ നിറവേറ്റി. മിതവാദികൾ കാത്തിരിന്ന് കാണാനുള്ള ഒരു നയം പ്രഖ്യാപിച്ചു. മുസ്ലീംലീഗ് പ്രത്യേകനിയോജക മണ്ഡലത്തെ സ്വാഗതം ചെയ്തു. ഈ ലീഗിൽ പുതിയതായി ഒരു കൂട്ടം നേതാക്കൾ ചേർന്നു. ഇതിനു മുൻപ് കോൺഗ്രസ്സ് കമ്മറ്റിയിൽ അംഗമായിരുന്ന മുഹമ്മദലി ജിന്നയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് അദ്ദേഹം മുസ്ലീങ്ങൾക്കായി കൂടുതൽ പരിഷ്കാരങ്ങൾ ആവശ്യപ്പെട്ടു .

ഒന്നാം ലോകമഹായുദ്ധം ഇന്ത്യയിലെ വിപ്ലവകരമായ പ്രവർത്തനങ്ങൾക്ക് വസ്തുനിഷ്ഠമായ വ്യവസ്ഥകൾ നൽകി. വിപ്ലവകാരികൾ യുദ്ധസമയത്ത് ബ്രിട്ടന്റെ ബുദ്ധിമുട്ടുകളെ തങ്ങൾക്ക് അനുകൂലമായി പ്രയോജനപ്പെടുത്താൻ ആഗ്രഹിച്ചു. അതിന്റെ പരിണിതഫലമാണ് ഖദർ പ്രസ്ഥാനം.



മോർലി

ഒന്നാം ലോകമഹായുദ്ധം സ്വാതന്ത്ര്യസമരത്തിന് വലിയൊരു പങ്ക് വഹിച്ചു. ആരംഭത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യൻ പിൻതുണ ആഗ്രഹിച്ചില്ല. പശ്ചിമേഷ്യയിലേയ്ക്കും ആഫ്രിക്കയിലേക്കും യുദ്ധത്തിന്റെ ഗതി മാറിയപ്പോൾ ബ്രിട്ടീഷുകാർക്ക് ഇന്ത്യൻ പിൻതുണ നേടേണ്ടി വന്നു. ഈ സന്ദർഭത്തിൽ പരിഷ്കരണത്തിനായി ബ്രിട്ടീഷ് സർക്കാരിന്റെ സമ്മർദ്ദത്തിലാക്കാൻ ഇന്ത്യൻ നേതാക്കൾ തീരുമാനിച്ചു. 1915 ൽ ബോംബയിൽ വെച്ച് വാർഷിക സമ്മേളനം നടത്തികൊണ്ടിരുന്ന കോൺഗ്രസ്സും മുസ്ലീംലീഗും ഈ അഭിപ്രായത്തെ ഒരേ സ്വരത്തിൽ വാദിച്ചു. 1916 ഒക്ടോബറിൽ സാമ്രാജ്യത്വ നിയമസഭയിലെ ഹിന്ദു മുസ്ലീം അംഗങ്ങൾ യുദ്ധാനന്തര പരിഷ്കാരങ്ങളെ കുറിച്ചുള്ള അപേക്ഷ വൈസ്രോയിക്ക് സമർപ്പിച്ചു. അതിന് ബ്രിട്ടീഷ് ഗവൺമെന്റ് അംഗീകാരം നൽകിയില്ല. കോൺഗ്രസ്സും മുസ്ലീംലീഗും 1916 നവംബർ മാസത്തിൽ കൊൽക്കത്തയിൽ നടന്ന കോൺഗ്രസ്സ് യോഗത്തിൽ ഈ അപേക്ഷയെ കുറിച്ച് വാദിച്ചു. നിയമ നിർമ്മാണ സഭയുടെ ഘടനയും യുദ്ധാനന്തര പരിഷ്കാരങ്ങളിൽ രണ്ടു

12th_History_MAL_Unit_3 Pixels.indd 34 2/28/2023 1:16:17 PM



ലാലാഹർദയാൽ

സോഹൻ സിംഗ് ഭഗ്ന പ്രസിഡന്റായിരുന്ന പസഫിക് പ്രദേശഹിന്ദുസ്ഥാൻ അസോസിയേഷൻ സാൻഫ്രാൻസിസ്കോയിൽ ജീവിച്ചിരുന്ന ലാലാ ഹർദയാൽ 1913 ൽ സ്ഥാപിച്ചു.ഈസംഘടനയെ ഖദർപാർട്ടിഎന്നാണ്വിളിച്ചിരുന്നത്(ഖദർഎന്നാൽ ഉറുദുവിൽ കലാപം എന്നാണ് അർത്ഥം) ഈ പാർട്ടിയിലെ അംഗങ്ങൾ കൂടുതലും അമേരിക്കയിലെയുംകാനഡയിലെയുംകുടിയേറ്റസീഖുകാരായിരുന്നു. ഖദർ എന്ന പത്രവും ഈ പാർട്ടി പ്രസിദ്ധീകരിച്ചു. 1913 നവംബർ ഒന്നിന് സാൻഫ്രാൻസിസ് കോയിൽ നിന്ന് ഇത് ആദ്യമായി പ്രസിദ്ധീകരണംആരംഭിച്ചു.പിന്നീട്ഉറുദു,പഞ്ചാബി,ഹിന്ദി, തുടങ്ങിയ മറ്റ് ഭാഷകളിലും പ്രസിദ്ധീകരിച്ചു.

ഇന്ത്യൻസ്വാതന്ത്ര്യസമരത്തിലെസുപ്രധാന അധ്യായമായിരുന്നു ഖദർപ്രസ്ഥാനം ഇന്ത്യൻ കുടിയേറ്റക്കാർ നിറഞ്ഞ കൊമഗഡമരു എന്ന കപ്പൽകാനഡയിൽനിന്ന്തിരിച്ച്ഇന്ത്യയിലെത്തിയപ്പോൾ ബ്രിട്ടീഷ് പോലീസുമായുള്ള ഏറ്റുകുട്ടലിൽപലയാത്രക്കാരുംകൊല്ലപ്പെടുകയോ അല്ലെങ്കിൽ അറസ്റ്റുചെയ്യപ്പെടുകയോ ചെയ്തു. ഈ സംഭവം ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന് ആഴത്തിൽ മുറിവേൽപിച്ചു.

സമുദായങ്ങൾക്കും അനുവദിക്കേണ്ട പ്രാതിനിത്യത്തിന്റെ എണ്ണവും അംഗീകരിച്ചു..

ഇതിന് സമാന്തരമായി തിലകും ബസന്റും സ്വയംഭരണത്തെ കുറിച്ച് വാദിക്കുകയായിരുന്നു. അവരുടെ ശ്രമങ്ങളെ തുടർന്ന് ബോംബെ സമ്മേളനത്തിൽ തിവ്രവാദ നേതാക്കളെ തിരിച്ചെടുക്കാൻ സമ്മതിക്കുകയും തൽഫലമായി കോൺഗ്രസ്സിന്റെ ഭരണഘടനയിൽ മാറ്റം വരുത്തുകയും ചെയ്തു. കോൺഗ്രസ്സും മുസ്ലീംലീഗും സ്വയംഭരണ പ്രസ്ഥാനവും തങ്ങളുടെ വാർഷിക സമ്മേളനങ്ങൾ ലക്നൗവിൽ നടത്തിയതിനാൽ 1916 ാം ആണ്ട് ഒരു ചരിത്ര വർഷമായി മാറി. കോൺഗ്രസ്സ് നേതാവ്അംബികാചരൺ മജുംദാർ തീവ്രവാദികളെ സ്വാഗതം ചെയ്തു. പത്തുവർഷത്തെ വേദനാജനകമായപിരിയലിനു ശേഷം ഒന്നിച്ചു നിന്നാൽ ഐക്യവും ഭിന്നിച്ചാൽ വീഴ്ചയുമാണെന്ന സത്യം ഇന്ത്യൻ ദേശീയ പാർട്ടി തിരിച്ചറിഞ്ഞു. സഹോദരൻമാർ തങ്ങളുടെ സഹോദരൻമാരെ തിരിച്ചറിഞ്ഞു. തീവ്രദേശീയത ലക്ഷ്യമിട്ടവർ സംഘടനയിലേയ്ക്ക് തിരിച്ചു വന്നത് കോൺഗ്രസ്സിന് തീവ്രത ഉണ്ടാക്കി.



എ.സി. മജുംദാർ

ലക്നൗ ഉടമ്പടി അല്ലെങ്കിൽ കോൺഗ്രസ്സ് ലീഗ് ഉടമ്പടി എന്ന പ്രശസ്തമായ ഉടമ്പടിയുടെ കീഴിൽ കോൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും ഒരുമിച്ചു കൊണ്ടുവരുന്നതിൽ ആനിബസന്റും തിലകനും പ്രധാനപങ്കു വഹിച്ചു. ഈ ഉടമ്പടിയിൽ ജിന്നയുടെ പങ്ക് നിർണ്ണായകമാണ്. 1916 ൽ കൊൽക്കത്തയിൽ അംഗീകരിച്ച ഉടമ്പടികൾ 1916 ഡിസംബറിൽ നടന്ന കോൺഗ്രസ്സിന്റെയുംമുസ്ലീംലീഗിന്റെയുംവാർഷിക സമ്മേളനത്തിൽ സ്ഥിതികരിച്ചു.

3.3 ലക്നൗ ഉടമ്പടിയുടെ വ്യവസ്ഥകൾ

i) ഭരണത്തിലും ധനകാര്യത്തിലും കേന്ദ്ര നിയന്ത്രണത്തിൽ നിന്ന് പ്രവിശ്യകളെ പരമാവധി ഒഴിവാക്കണം.

ii) കേന്ദ്ര പ്രവിശ്യാ നിയമസഭകളിൽ 4/5 അംഗങ്ങളേയും തെരഞ്ഞെടുക്കുകയും 1/5 അംഗങ്ങളെ നാമനിർദ്ദേശം ചെയ്യപ്പെടുകയും വേണം.

iii) പ്രവിശ്യാകേന്ദ്രനിയമസഭകളിൽ4/5അംഗങ്ങൾ പരമാവധി വോട്ടവകാശം മൂലം തെരഞ്ഞെടുക്കപ്പെടേണ്ടവരാണ്.

iv) കേന്ദ്ര നിർവ്വാഹ സഭ ഉൾപ്പെടെ കേന്ദ്ര എക്സിക്യൂട്ടീവ്അംഗങ്ങൾ1/2ഭാഗംഅംഗങ്ങൾ അതാത് കൗൺസിലുകൾ മൂലം തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാർ ആയിരിക്കണം.

v) പ്രവിശ്യാ കൗൺസിൽ തെരഞ്ഞെടുപ്പിൽ മുസ്ലീങ്ങൾക്കായി തനി നിയോജക മണ്ഡലങ്ങൾ നൽകാനുംകോൺഗ്രസ്സ്തീരുമാനിച്ചു.(ജനസംഖ്യ സൂചിപ്പിക്കുന്നഅനുപാതത്തിന്അപ്പുറം)പഞ്ചാബ് മറ്റുംബംഗാൾഒഴികെയുള്ളപ്രവിശ്യകളിൽഹിന്ദുസിക്ക് ന്യൂനപക്ഷങ്ങൾക്ക് മുൻഗണന നൽകാനും കോൺഗ്രസ്സ് സമ്മതിച്ചു ഈ കരാർ ഖിലാഫത്ത് പ്രസ്ഥാനത്തിലും ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിലും ഹിന്ദു മുസ്ലീം സഹകരണത്തിന് വഴിയൊരുക്കി .

vi) നിയമസഭ സമിതികൾ പാസ്സാക്കിയ പ്രമേയങ്ങൾക്ക്അനുസൃതമായിപ്രവർത്തിക്കാൻകേന്ദ്ര പ്രവിശ്യാ സർക്കാരുകൾ ബാദ്ധ്യസ്ഥരായിരിക്കണം. ഗവർണർ ജനറൽ അല്ലെങ്കിൽ ഗവർണർമാർ കൗൺസിൽവിറ്റോഅധികാരംനേടുന്നസന്ദർഭത്തിൽ ഒരു വർഷത്തിൽ കുറയാത്ത ഇടവേളയിൽ ആ തീരുമാനം വീണ്ടും പ്രാബല്യത്തിൽ വരുത്തണം.

vii) ഇന്ത്യൻ സർക്കാരുമായുള്ള സ്റ്റേറ്റ് സെക്രട്ടറിയുടെ ബന്ധം കൊളോണിയൽ സെക്രട്ടറിയു

12th_History_MAL_Unit_3 Pixels.indd 35 2/28/2023 1:16:17 PM

മായി ഡൊമിനിയൻ സർക്കാരുമായുള്ള ബന്ധത്തിന് സമാനമായിരിക്കണം. കൂടാതെ സ്വോച് ഛരാധിപത്യങ്ങളുമായി ബന്ധപ്പെട്ട ഏതുസ്ഥാപനത്തിലും ഇന്ത്യയ്ക്ക് തുല്യമായ പദവി ഉണ്ടായിരിക്കണം.

ലക്നൗ ഉടമ്പടി ഹിന്ദു മുസ്ലീം ഐക്യത്തിന് വഴിയൊരുക്കി ലക്നൗ ഉടമ്പടിയുടെ മുഖ്യ ശില്പിയായ ജിന്നയെ ഹിന്ദു മുസ്ലീം ഐക്യത്തിന്റെ അംബാസിഡർ എന്ന് സരോജിനി നായിഡു പ്രശംസിച്ചു.

കോൺഗ്രസ്സിൽ നിന്നും ലീഗിൽ നിന്നുമുള്ള വിദ്യാസമ്പന്നരായ ജനത ഒരു പൊതു ലക്ഷ്യത്തോടെ ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുമെന്ന് ലക്നൗ ഉടമ്പടി തെളിയിച്ചു. ഈ ഐക്യം ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനങ്ങളിലും അതിന്റെ പാരമ്യത്തിലെത്തി.

3.4 കൊളോണിയൻ ഭരണകൂടത്തിന്റെ അടിച്ചമർത്തൽ നടപടികൾ

കോൺഗ്രസിന് സമാന്തരമായി ബ്രിട്ടീഷ് ഗവൺമെന്റിന്റെ അക്രമരീതികൾ അട്ടിമറിക്കാൻ ശ്രമിച്ച വിപ്ലവ ഗ്രൂപ്പുകൾ ഉയർന്നു വന്നു. വിപ്ലവ സംഘടനകൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. 19 ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആരംഭിച്ച് ഇത് ബംഗാൾ വിഭജനത്തിന്റെ കാലഘട്ടം വരെ അതിന്റെ വേഗത നേടി. വിപ്ലവകാരികളാണ് ആദ്യം സമ്പൂർണ്ണ സ്വാതന്ത്ര്യം ആവശ്യപ്പെട്ടത്. മഹാരാഷ്ട്ര, ബംഗാൾ, പഞ്ചാബ് എന്നിവ വിപ്ലവ പ്രവർത്തനങ്ങളുടെ പ്രധാന കേന്ദ്രങ്ങളായിരുന്നു. കുറച്ചുകാലം മദ്രാസ് പ്രവിശ്യയും വിപ്ലവ പ്രവർത്തനത്തിൽ സജീവമായിരുന്നു.

വളർന്നു വരുന്ന ദേശീയ പ്രസ്ഥാനത്തെ തകർക്കാൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചു. ദേശീയവാദികളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമായി ശേഖരിക്കുന്നതിനായി 1903 ൽ കർസൻ പ്രഭു ക്രിമിനൽ ഇന്റലിജൻസ് വകുപ്പ് (CID) ഉണ്ടാക്കി പത്രനിയമവും (കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കൽ), 1908 സ്ഫോടക വസ്തുക്കളുടെ നിയമം (1908) കൂടാതെ ഇന്ത്യൻ പ്രസ് നിയമവും (1910), രാജ്യദ്രോഹ യോഗങ്ങൾ തടയൽ നിയമവും (1911) പാസാക്കി. ചില ഇന്ത്യൻ ദേശീയ നേതാക്കൾക്ക് വിദേശത്തുള്ള വിപ്ലവകാരികളുമായി ബന്ധമുണ്ടെന്ന് ബ്രിട്ടീഷുകാർ സംശയിച്ചു. 1914 ൽ വിദേശികളുടെ പ്രവേശനം നിയന്ത്രിക്കുന്ന വിദേശി ഓർഡിനൻസ് പ്രഖ്യാപിച്ചു. വിപ്ലവ പ്രസ്ഥാനങ്ങളുടെ അടിത്തറ തകർക്കുന്നതിന് വേണ്ടിയാണ് ഈ നിയമങ്ങളിൽ ഭൂരിഭാഗവും പാസാക്കിയത്, യോഗങ്ങൾ നിരോധിക്കുക, പ്രചരണത്തിനായി രാജ്യദ്രോഹ ലഘുലേഖകൾ അച്ചടിക്കുക പ്രചരിപ്പിക്കുക, സംശയമുള്ളവരെ അറസ്റ്റു ചെയ്യുക എന്നിവയും കൊളോണിയൽ ഭരണകൂടം അവലംബിച്ചു.

3.5 ഇന്ത്യൻ പ്രതിരോധ നിയമം 1915

ഒന്നാം ലോക മഹായുദ്ധ സമയത്ത് ദേശീയവും വിപ്ലവകരവുമായ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ അടിയന്തര ക്രിമിനൽ നിയമമായിരുന്നു ഇത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിയോഗിച്ച മൂന്ന് കമ്മീഷണർമാർ അടങ്ങുന്ന പ്രത്യേക നീതിന്യായ കോടതികൾ പ്രതികളെ വിചാരണ ചെയ്യാൻ ഈ നിയമം അനുവദിച്ചു. ഈ നിയത്തിനു കീഴിൽ രൂപപ്പെടുത്തിയ ചട്ടങ്ങളോ ഉത്തരവുകളോ ലംഘിക്കുന്നവർക്ക് വധശിക്ഷ, ജീവപര്യന്തം, പത്ത് വർഷം വരെ തടവ് എന്നിവ നടപ്പിലാക്കാൻ ട്രൈബ്യൂണലിന് അധികാരം നല്കി. വിചാരണകൾ രഹസ്യമായതിനാൽ അവരുടെ തീരുമാനങ്ങൾ അപ്പിലിന് വിധേയമല്ല. ആദ്യ ലാഹോർ ഗൂഢാലോചന വിചാരണയ്ക്കായി ഈ നിയമം പിന്നീട് പ്രയോഗിച്ചു ഒന്നാം ലോക മഹായുദ്ധം അവസാനിച്ചതിനു ശേഷം ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി റൗലറ്റ് നിയമം രൂപം കൊണ്ടു.

3.6 ഖിലാഫത്ത് പ്രസ്ഥാനം

ഒന്നാം ലോക മഹായുദ്ധത്തിൽ തുർക്കിയിലെ സുൽത്താൻ സഖ്യശക്തികൾക്കെതിരെ ത്രിരാഷ്ട്ര സംഖ്യത്തിന്റെ പക്ഷം ചേർന്ന് റഷ്യയെ ആക്രമിച്ചു. സുൽത്താൻ വലീഫയും ഇസ്ലാമിക പുണ്യസ്ഥലങ്ങളുടെ സൂക്ഷിപ്പുകാരനുമായിരുന്നു. യുദ്ധാനന്തരം തുർക്കിയെ ദുർബലപ്പെടുത്താൻ ബ്രിട്ടൺ തിരുമാനിക്കുകയും ഖാലിഫേറ്റ് അവസാനിപ്പിക്കാൻ തീരുമാനിച്ചു സെർവസ് ഉടമ്പടിയിൽ ഒപ്പ് വെക്കുകയും ചെയ്തു. തുർക്കി സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗങ്ങളായ സിറിയ, ലെബനൻ എന്നിവ ഫ്രാൻസിന്റെ അധീനതയിലും പാലസ്തീനും ജോർദാനും ബ്രിട്ടീഷ് അധിനതയിലുമായിരുന്നു. അങ്ങനെ സംഖ്യശക്തികൾ

12th_History_MAL_Unit_3 Pixels.indd 36 2/28/2023 1:16:17 PM



കിലാഫത് പ്രസ്ഥാനം

ഖലിഫേറ്റ് വിഘടിച്ചത് ഇസ്ലാമിന് തിരിച്ചടിയായി. ലോകമെമ്പാടുമുള്ള മുസ്ലീമുകൾ ഖലീഫയോട് അനുഭാവം പുലർത്തുന്ന ഈ നിയമത്തെ എതിർക്കാൻ തീരുമാനിച്ചു. അലി സഹോദരൻമാരായ മൗലാന മുഹമ്മദ് അലി, മൗലാന ഷൗക്കത്ത് അലി എന്നിവരുടെ നേതൃത്വത്തിൽ ഇന്ത്യയിലെ മുസ്ലീങ്ങൾ വിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചു. ഒട്ടോമാൻ സാമ്രാജ്യത്തെ ആദരിക്കുകയും ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിനെതിരായ പ്രതിഷേധവുമായിരുന്നു ഇവരുടെ ലക്ഷ്യം. നിരവധി മുസ്ലീം നേതാക്കളായ മൗലാന അബ്ദുൾ കലാം ആസാദ്, എം.എ. അൻസാരി, ഷേക് ഷൗക്കത്തലി സിദ്ധിക്, സയദ് അബ്ദുള്ള ഷാ ബുകാരി തുടങ്ങി അനേകം നേതാക്കൾ ഈ പ്രസ്ഥാനത്തിൽ ചേർന്നു.

ദക്ഷിണാഫ്രിക്കയിലെ മാനുഷിക ചൂഷണത്തിന് എതിരായി പ്രവർത്തിച്ചതിനാൽ ഗാന്ധിജിക്ക് കൈസർ ഇ ഹിന്ദ് സ്വർണ്ണമെഡൽ നൽകി, ആദരിച്ചു. 1906 ൽ ഇന്ത്യൻ സന്നദ്ധ സേവ ആംബുലൻസ് കോർപിലെ ഉദ്യോഗസ്ഥനെന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനത്തിനായി ജുലു യുദ്ധ വെള്ളി മെഡലും, 1899 1900 കാലഘട്ടത്തിൽ ബോയർ യുദ്ധ സമയത്ത് സ്ട്രെച്ചർ ബെയർ സംഘടനയുടെ അസിസ്റ്റന്റ് സുപ്രണ്ടായി സേവനമനുഷ്ഠിച്ചതു കൊണ്ട് ബോയർ യുദ്ധ വെള്ളിമെഡലും അദ്ദേഹത്തിന് സമ്മാനിച്ചു. ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ എല്ലാ മെഡലുകളും അദ്ദേഹം തിരിച്ചു നൽകികൊണ്ട് ഇപ്രകാരം പറഞ്ഞു. "കഴിഞ്ഞ ഒരു മാസത്തിനിടെ നടന്ന സംഭവങ്ങൾ ഖിലാഫത്ത് വിഷയത്തിൽ സാമ്രാജ്യത്വ സർക്കാർ സത്യവിരുദ്ധമായും ക്രിമിനലായും അന്യായമായ രീതിയിലും പ്രവർത്തിച്ചിട്ടുണ്ട്. അവരുടെ അധാർമികതയെ സംരക്ഷിക്കുന്നതിനായി തെറ്റിൽ നിന്നും തെറ്റിലേയ്ക്ക് നീങ്ങുകയാണ്. അത്തരമൊരു സർക്കാരിനോട് എനിക്ക് ബഹുമാനമോ സ്നേഹമോ നിലനിർത്താൻ കഴിയില്ല".

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾ 1920 മാർച്ചിൽ പാരിസിലെ നയതന്ത്രജ്ഞർക്ക് മുന്നിൽ മുഹമദ്ദ് അലി അവതരിപ്പിച്ചു. അവ:

1. തുർക്കിയിൽ ഖലിഫയുടെ നിലപാടിനെ ശല്യപ്പെടുത്തരുത്.
2. മുസ്ലീം പുണ്യസ്ഥലങ്ങൾ സുൽത്താന് കൈമാറുകയും അത് നിയന്ത്രിക്കുകയും വേണം.
3. ഇസ്ലാമിക വിശ്വാസത്തെ സംരക്ഷിക്കാൻ സുൽത്താന് മതിയായ പ്രദേശം അനുവദിക്കണം
4. ജസിറത്ത് ഉൽ അറബ് (അറേബ്യ, സിറിയ, ഈറാക്ക് പാലസ്തീൻ) പ്രദേശങ്ങൾ അദ്ദേഹത്തിന്റെ പരമാധികാരത്തിൽ തുടരണം.

ഈ പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾക്ക് ഇന്ത്യയുമായി യാതൊരു ബന്ധവുമില്ല. എന്നാൽ പ്രാദേശിക, ഭാഷാപരമായ വർഗ്ഗ വിഭാഗിയ വിഭാഗങ്ങളിൽ ഭിന്നിച്ച ഇന്ത്യൻ മുസ്ലീം സമുദായത്തെ ഒന്നിപ്പിക്കാൻ ഖിലാഫത്ത് നേതാക്കൾ ഇതിനെ പ്രതീകമായി ഉപയോഗിച്ചു. ഗെയിൽ മിനോർട്ടിന്റെ വാക്കുകളിൽ. പാൻ ഇസ്ലാമിക് ചിഹ്നം ഇന്ത്യൻ ഇസ്ലാമിക രാഷ്ട്രീയ സമാഹരണത്തിനുള്ള വഴി തുറന്നു. ബ്രിട്ടീഷ് വിരുദ്ധതയാണ് മുസ്ലീംങ്ങളെ ഇന്ത്യൻ ദേശീയതയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമത്തിൽ ഗാന്ധിജിയെ പിന്തുണയ്ക്കാൻ പ്രേരിപ്പിച്ചത്. ഹിന്ദു മുസ്ലീം ഐക്യം ശക്തിപ്പെടുത്താനുള്ള അവസരമായാണ് ഗാന്ധിജി ഇതിനെ കണ്ടത്.

ഖിലാഫത്ത് സംഭവം വ്യത്യസ്ത വിഭാഗങ്ങളിൽ വ്യത്യസ്തമായി വ്യാഖ്യാനിക്കപ്പെട്ടു. ഉത്തർ പ്രദേശിലെ താഴ്ത്തപ്പെട്ട മുസ്ലീംങ്ങൾ ഖിലാഫ് (എതിർപ്പ്) എന്ന ഉറുദു പദത്തെ അധികാരത്തിനെതിരായ പൊതു കലാപത്തിന്റെ പ്രതീകമായി ഉപയോഗിക്കുകയും ചെയ്തപ്പോൾ മലബാറിലെ മാപ്പിളക്കാർ അതിനെ ഭൂവുടമ വിരുദ്ധ കലാപത്തിന്റെ പ്രതീകമായി മാറ്റി.



മലബാർ കലാപം

12th_History_MAL_Unit_3 Pixels.indd 37 2/28/2023 1:16:17 PM

3.7 തൊഴിലാളി പ്രസ്ഥാനത്തിന്റെ ഉദയം



എൻ.എം. ലോകൻഡേ

യന്ത്രസാമഗ്രികളുടെ ആമുഖം, പുതിയ ഉത്പാദന രീതികൾ, ചില വലിയ നഗരങ്ങളിലെ തൊഴിൽശാലകളുടെ കേന്ദ്രീകരണം ഫാക്ടറി തൊഴിലാളികൾ എന്ന പുതിയ കൂലിപ്പണിക്കാർക്ക് ജൻമം നല്കി. ഇന്ത്യയിൽ ഗ്രാമങ്ങളിൽ നിന്നുള്ള ഫാക്ടറി തൊഴിലാളികൾ തുടക്കത്തിൽ അവരെ അനുസരിക്കുകയും, സംഘടിക്കാതിരിക്കുകയും ചെയ്തു. വ്യവസായിക തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ബോംബെയിലെ സോറബ്ജിഷബൂർജി, എൻ.എം. ലോകണ്ടേ, ബംഗാളിലെ ശശിപാദ ബാനർജി തുടങ്ങിയ നേതാക്കൾ ശബ്ദമുയർത്തി.

സ്വദേശി പ്രസ്ഥാനത്തിന്റെ (1905) പിൻ ബലത്താൽ ഇന്ത്യൻ വ്യവസായങ്ങൾ അഭിവൃദ്ധിപ്രാപിച്ചു യുദ്ധ സമയത്ത് ബ്രിട്ടീഷുകാർ യുദ്ധസാമഗ്രഹികൾ നിർമ്മിക്കുന്ന ഇന്ത്യൻ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചു. യുദ്ധം പുരോഗമിക്കുമ്പോൾ അവർക്ക് കൂടുതൽ സാധനങ്ങൾ ആവശ്യമായി വന്നതിനാൽ കൂടുതൽ തൊഴിലാളികളെ നിയമിച്ചു. യുദ്ധം അവസാനിച്ചപ്പോൾ തൊഴിലാളികളെ പിരിച്ചു വിടുകയും ഉത്പാദനം വെട്ടികുറയ്ക്കുകയും ചെയ്തു. യുദ്ധാനന്തരം സാധനങ്ങളുടെ വിലകൾ ഗണ്യമായി വർദ്ധിച്ചു. ലോകമെമ്പാടും പടർന്നു പിടിച്ച ഇൻഫ്ളുവൻസ് എന്ന പകർച്ചവ്യാധിയുടെ പിടിയിലായിരുന്നു ഇന്ത്യയും. ഇതിനെതിരായി പോരാടാൻ തൊഴിലാളികൾ സംഘടിക്കാൻ തുടങ്ങി. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ട്രേഡ് യൂണിയനുകൾ രൂപീകരിച്ചു.

1917 ലെ ബോൾഷെവിക് വിപ്ലവത്തിന്റെ വിജയം ഇന്ത്യൻ തൊഴിലാളികൾക്ക് പ്രചോദനം നല്കി. വർഗ്ഗ ബോധത്തിന്റെയും പ്രബുദ്ധതയുടെയും ഒരു തരംഗം ഇന്ത്യൻ തൊഴിലാളികളുടെ ചരിത്രത്തിൽ ഒരു വലിയ മാറ്റത്തെ ഏർപ്പെടുത്തി. യൂറോപ്പിൽ യുദ്ധത്തിൽ പങ്കെടുത്ത ഇന്ത്യൻ സൈനികർ അവിടുത്തെ നല്ല തൊഴിൽസാഹചര്യങ്ങളുടെവാർത്തകൾപ്രചരിപ്പിച്ചു. യുദ്ധത്താൽ സൃഷ്ടിക്കപ്പെട്ട ഗുരുതരമായ സാമ്പത്തിക, പ്രതിസന്ധികളുടെ ഫലമായി ഏർപ്പെട്ട വ്യവസായിക അശാന്തി, യുദ്ധം തൊഴിലുടമകളും ജോലിക്കാരും തമ്മിലുള്ള വ്യാപകമായ വിടവ്, സർവ്വരാഷ്ട്ര സഖ്യത്തിന്റെ ഫലമായിരൂപംകൊണ്ട അന്താരാഷ്ട്ര സംഘടനയുടെ ഉദയം എന്നിവ തൊഴിലാളികൾക്കിടയിൽ കൂട്ടായ ഒരു ഉണർവ് ഏർപ്പെടുത്തി.

ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ മദ്രാസ് ഒരു പ്രധാന പങ്ക് വഹിച്ചു. 1918 ൽ ബി.പി. വാഡിയ മദ്രാസ് ലേബർ യൂണിയൻ എന്ന പേരിൽ ആദ്യത്തെ ട്രേഡ് യൂണിയൻ ആരംഭിച്ചു. ബക്കിംഗ്ഹാം, ബെരംപൂർ കർണാടക മിൽസ് എന്നിവിടങ്ങളിലെ ഇന്ത്യൻ തൊഴിലാളികളോട് മോശമായി പെരുമാറിയതിനാലാണ് പ്രധാനമായും ഈ യൂണിയൻ രൂപീകരിച്ചത് അവിടുത്തെ തൊഴിൽ സാഹചര്യങ്ങൾ വളരെ, മോശമായിരുന്നു. ഉച്ച ഭക്ഷണത്തിനുള്ള ഹ്രസ്വ ഇടവേള , യുറോപ്യൻ അസിസ്റ്റന്റുമാർ തൊഴിലാളികളെ നിരന്തരം ആക്രമിക്കുന്നത്, മിതമായ വേതനം എന്നിവ ഈ യൂണിയൻ രൂപീകരിക്കുന്നതിന് കാരണമായി ഈ യൂണിയൻ കൂട്ടായ വിലപേശൽ സ്വീകരിച്ച് ട്രേഡ് യൂണിയനിസത്തെ വർഗ്ഗ സമരത്തിനുള്ള ആയുധമായി ഉപയോഗിച്ചു.



ശശിപാഥ ബാനർജി

ഈ തരംഗം ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേയ്ക്ക് വ്യാപിച്ചു. അതേ സന്ദർഭത്തിൽ കൊൽക്കത്തയിലേയും ബോംബയിലെയും ഇന്ത്യൻ നാവികസേന സംഘടന, പഞ്ചാബ് പ്രസ്സ് തൊഴിലാളി സംഘടന, ബോംബെയിലെ G.I.P റെയിൽവേ തൊഴിലാളിസംഘടന,M.S.M റെയിൽവേയുവജന സഘംഘടന, ബോംബെയിലെയും കൊൽക്കത്തയിലെയും തപാൽ മറ്റും തുറമുഖതൊഴിലാളിസംഘടന, ജംഷഡ്പൂർ തൊഴിലാളി സംഘടന, ജഹാരിയായിലെ ഇന്ത്യൻ കൽക്കരിചുരങ്ക തൊഴിലാളി സംഘടന, വിവിധ റെയിൽവേ ജീവനക്കാരുടെ സംഘടന തുടങ്ങി അനേകം സംഘടനകൾ രൂപം കൊണ്ടു തൊഴിലാളി പ്രസ്ഥാനങ്ങളെ അടിച്ചമർത്താൻ മുതലാളിമാരുടെ സഹായത്തോടെ സർക്കാർ പല വിധത്തിലും ശ്രമിച്ചു. അവർ സമരത്തിൽ പങ്കെടുത്തവരെ തടവിലാക്കുകയും വീടുകൾ കത്തിക്കുകയും യൂണിയനുകൾക്ക് പിഴ ചുമത്തുകയും ചെയ്തു. എന്നാൽ തൊഴിലാളികൾ അവരുടെ ആവശ്യങ്ങളിൽ ഉറച്ചു നിന്നു.

ദേശീയ നേതാക്കളും ബുദ്ധിജീവികളും തൊഴിലാളികളുടെ ദുരവസ്ഥയെ മനസ്സിലാക്കി അവരെ തൊഴിൽ സംഘടനകൾ മൂലം യോജിപ്പിക്കാൻ ശ്രമിച്ചു. അവരുടെ പരിശ്രമഫലമായി തൊഴിലാളി വർഗത്തെ രാഷ്ട്രീയവൽക്കരിക്കുന്നതിലേക്ക് നയിച്ചു. സ്വാതന്ത്ര്യ സമരത്തിന്റെ കരുത്ത് വർദ്ധിപ്പിക്കാൻ കാരണം മിക്കമില്ലുകളും സർക്കാരിന്റെ പിന്തുണയുള്ള യൂറോപ്യൻമാരുടെഉടമസ്ഥതയിലായിരുന്നു.

1920 ഒക്ടോബർ 30 ന് 1,40,854 അംഗങ്ങളുള്ള 64 ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ ബോംബെയിൽ യോഗം ചേർന്ന് ലാലാലജപത് റോയുടെ അധ്യക്ഷതയിൽ അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് **(AICTU)** സ്ഥാപിച്ചു. ഇന്തയൻ ദേശീയ കോൺഗ്രസ്സ്, നേതാക്കളായ

12th_History_MAL_Unit_3 Pixels.indd 38 2/28/2023 1:16:18 PM

മോത്തിലാൽ നെഹ്രു, ജവഹർലാൽ നെഹ്രു, C.R. ദാസ് തുടങ്ങിയവർ ഇതിനെ പിന്തുണച്ചു.

ട്രേഡ് യൂണിയനുകൾ പതുക്കെ ദേശീയ പ്രസ്ഥാനത്തിൽ പങ്കാളികളായി ജാലിയൻ വാലാ ബാഗ് കൂട്ടക്കൊലയ്ക്കും, ഗാന്ധിജിയുടെ അറസ്റ്റിനും ശേഷം 1919 ഏപ്രിലിൽ അഹമ്മദാബാദിലും ഗുജറാത്തിന്റെ മറ്റ് ഭാഗങ്ങളിലും ജോലി ചെയ്തിരുന്നവർ പണിമുടക്കുകൾ, പ്രക്ഷോഭങ്ങൾ, പ്രകടനങ്ങൾ, എന്നിവ നടത്തി. ട്രേഡ് യൂണിയനുകളെ തുടക്കത്തിൽ മുതലാളിമാരോ, സർക്കാരോ അംഗീകരിച്ചിരുന്നില്ല. എന്നാൽ തൊഴിലാളികളുടെ ഐക്യവും അവരുടെ പ്രസ്ഥാനത്തിന്റെ കരുത്തും ഇരുവരെയും തിരിച്ചറിയാൻ പ്രേരിപ്പിച്ചു. 1919 20 ൽ രജിസ്റ്റർ ചെയ്ത ട്രേഡ് യൂണിയനുകളുടെ എണ്ണം 1946 47 ൽ 107 ൽ നിന്ന് 1833 ആയി ഉയർന്നു.

സംഗ്രഹം

- ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ രണ്ട് ദശകങ്ങളിൽ ഏർപ്പെട്ട ഒന്നാം ലോകമഹായുദ്ധം ഉൾപ്പെടെയുള്ള സംഭവങ്ങൾ ഇന്ത്യൻ ദേശീയ രാഷ്ട്രീയത്തിൽ വലിയ സ്വാധീനം ചെലുത്തി.
- കോൺഗ്രസ്സിലുണ്ടായ പിളർപ്പിന്റെ ഫലമായി ഉണ്ടായ രാഷ്ട്രീയ ശൂന്യത ഡോക്ടർ. ആനിബസന്റിന്റെ നേതൃത്വത്തിൽ സ്വയംഭരണ പ്രസ്ഥാനത്തിന്റെ ഉദയത്തിന് വഴിയൊരുക്കി.
- തിലക്കിന്റെയും ആനിബെസന്റിന്റേയും സ്വയംഭരണ പ്രസ്ഥാനം ഇന്ത്യയ്ക്ക് സ്വയംഭരണ പദവി ആവശ്യപ്പെട്ടു.
- യുദ്ധത്തിന്റെ ശ്രമഫലമായി ഹിന്ദുമുസ്ലീം ഐക്യത്തിന് കാരണമായ ലക്നൗ ഉടമ്പടിയിൽ ഒപ്പ് വയ്ക്കാൻ കോൺഗ്രസ്സിനും മുസ്ലീം ലീഗിനും അവസരം നല്കി.
- ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ഏതൊരു പ്രവർത്തനത്തെയും തടയുക എന്ന ലക്ഷ്യത്തോടെ നിരവധി അടിച്ചമർത്തൽ പ്രവർത്തനങ്ങൾ യുദ്ധ സമയത്ത് ബ്രിട്ടീഷുകാർ കൈകൊണ്ടു.
- തുർക്കിയുടെ തകർന്ന പരാജയവും അപമാനകരമായ സമാധാന ഉടമ്പടിയും ഖിലാഫത്ത് പ്രസ്ഥാനത്തിലേയ്ക്ക് നയിച്ചപ്പോൾ റഷ്യൻ വിപ്ലവം ഇന്ത്യയിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഉയർച്ചയ്ക്ക് വഴിയൊരുക്കി.
- ഒന്നാംലോകമഹായുദ്ധം പരോക്ഷമായിഗാന്ധിജിയുടെ നേതൃത്വത്തിൽ പുതിയ രൂപ പ്രതിഷേധത്തിന് തുടക്കം കുറിച്ചു.

പരിശീലനം

PF39R

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

1. തെക്കെ ഇന്ത്യയിൽ സ്വയംഭരണ പ്രസ്ഥാനം രൂപീകരിച്ചത് ആര്
   (a) തിലക് (b) ആനിബസന്റ്
   (c) B.P. വാഡിയ (d) കേണൽ. H.S. ഓൾകോട്ട്

2. താഴെ പറയുന്നവയിൽ ആനിബസന്റിനെ കുറിച്ചുള്ള ശരിയായ പ്രസ്താവന ഏത്?
   1. കേണൽ. H.S. ഓൾകോട്ടിനു ശേഷം തിയോസഫിക്കൽ സൊസൈറ്റിയുടെ അന്താരാഷ്ട്ര പ്രസിഡന്റായി ആനിബസന്റിനെ തെരഞ്ഞെടുത്തു.
   2. 1914 ൽ അവർ കോമൺവീൽ എന്ന വാരാന്ത്യ പതിപ്പ് ആരംഭിച്ചു.
   3. 1915 ൽ അവർ ഹൗ ഇന്ത്യ റോട്ട് ഫോർ ഫ്രീടം എന്ന പുസ്തകം പ്രകാശനം ചെയ്തു.
   (a) 1, 2 (b) 2, 3
   (c) 1, 3 (d) 1, 2, 3

3. **പ്രസ്താവന:** (A) ജിന്നയെ ഹിന്ദു മുസ്ലീം ഐക്യത്തിന്റെ അംബാസഡർ എന്ന് സരോജിനി അമ്മയാർ വിശേഷിപ്പിച്ചു.
   കാരണം: (R) ലക്നൗ ഉടമ്പടിയുടെ പ്രധാന ശില്പി ജിന്ന ആയിരുന്നു.
   (a) A ശരി R ശരിയായ വിശദീകരണം A നല്കുന്നില്ല.
   (b) A ശരി R, A യുടെ ശരിയായ വിശദീകരണം.
   (c) Aതെറ്റ്, R ശരി.
   (d) A ഉം R ഉം തെറ്റ്

4. ബനാറസ് ഹിന്ദു സർവ്വകലാശാല സ്ഥാപിച്ചത് ആര്?
   (a) മഹാത്മമാ ഗാന്ധി
   (b) തിലക്
   (c) മദൻ മോഹൻ മാളവ്യ
   (d) ബി.പി വാഡിയ

5. 1916 ൽ നടന്ന ലക്നൗ സമ്മേളനത്തിന്റെ പ്രാധാന്യം
   (a) മുസ്ലീം ലീഗിന്റെ ഉദയം
   (b) കോൺഗ്രസ്സിന്റെയും മുസ്ലീംലീഗിന്റെയും താല്ക്കാലിക ലയനം
   (c) ലീഗിന്റെപ്രത്യേകപ്രാതിനിധ്യംഎന്നഅവകാശത്തെ കോൺഗ്രസ്സ് അംഗീകരിച്ചു
   (d) ലീഗിന്റെയുംകോൺഗ്രസ്സിന്റെയും സംയുക്ത സമ്മേളനത്തിൽ ജിന്നയുടെ പരോക്ഷ നിലപാട്

12th_History_MAL_Unit_3 Pixels.indd 39 2/28/2023 1:16:18 PM

6. താഴെ കൊടുത്തിട്ടുള്ള കോഡുകളുടെ അടിസ്ഥാനത്തിൽ യോജിപ്പിക്കുക.

(A) ഖദർ പാർട്ടി	-	(i) 1916
(B) ന്യൂ ഇൻഡ്യ	-	(ii) 1913
(C) സ്വയം ഭരണം	-	(iii) 1909
(D) മിൻറ്റോ മോർളി പരിഷ്കാരം	-	(iv) 1915

(a) ii, iv, i, iii (b) iv, i, ii, iii

(c) i, iv, iii, ii (d) ii, iii, iv, i

7. *Indian Unrest* was എന്ന പുസ്തകത്തിന്റെ രചയിതാവ്

(a) ലാലാ ലജപത് റോയ് (b) വാലന്റയൻ സിറോൾ

(c) തിലക് (d) ആനിബസന്റ്

8. ഖദർ പാർട്ടി രൂപീകരിച്ചത് ആര്

(a) ലാലാ ലജപത് റോയ് (b) A.C. മജുംദാർ

(c) ലാലാഹർദയാൽ (d) ശങ്കർലാൽ ബങ്കർ

9. അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സിന്റെ ആദ്യത്തെ പ്രസിഡന്റ് ആരായിരുന്നു?

(a) B.P. വാഡിയ (b) ജവഹർലാൽ നെഹ്രു

(c) ലാലാലജപത്റോയ് (d) C.R.ദാസ്

II. കുറിപ്പെഴുതുക

1. 1903-1914 കാലഘട്ടത്തിൽ വളർന്നു വരുന്ന ദേശീയ പ്രസ്ഥാനത്തെ തകർക്കാൻ കൊളോണിയൻ സർക്കാർ സ്വീകരിച്ച അടിച്ചമർത്തൽ നടപടികൾ എന്തൊക്കെയാണ്?
2. ഖിലാഫത്ത് പ്രസ്ഥാനം ആരംഭിക്കുന്നതിനുള്ള പശ്ചാത്തലം എന്തായിരുന്നു?
3. ആനിബസന്റ് പ്രസിദ്ധീകരിച്ച പുസ്തകം മറ്റും വാരാന്ത്യ പതിപ്പിന്റെ പേരെഴുതുക.
4. 1915 ലെ ഇന്ത്യൻ പ്രതിരോധ നിയമത്തെ കുറിച്ച് കുറിപ്പെഴുതുക.

III. ചുരുക്കി ഉത്തരം എഴുതുക

1. സ്വയംഭരണ പ്രസ്ഥാനത്തിന്റെ ഇരട്ട ലക്ഷ്യങ്ങൾ ചർച്ച ചെയ്യുക?
2. ഖദർപ്പസ്ഥാനം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു പ്രധാന സംഭവമായി കണക്കാക്കുന്നത് എന്തുകൊണ്ട്?
3. 1920 മാർച്ചിൽ നടന്ന പാരിസ് സമാധാന സമ്മേളനത്തിൽ അവതരിപ്പിച്ച ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾ എന്തായിരുന്നു?
4. മദ്രാസ് തൊഴിലാളി യൂണിയന്റെ സ്വാധീനവും പ്രാധാന്യവും എന്തായിരുന്നു?

IV. വിശദമായി ഉത്തരം എഴുതുക

1. ലക്നൗ ഉടമ്പടിയുടെ സുപ്രധാന വ്യവസ്ഥകളെ കുറിച്ച് വിശദീകരിക്കുക.
2. തിലകിനു കീഴിലും ആനിബസന്റിനു കീഴിലും സ്വയംഭരണ പ്രസ്ഥാനം നടത്തിയ പ്രവൃത്തികളെ കുറിച്ച് വിവരിക്കുക.
3. മലബാറിൽ മാപ്പിള കലാപം പൊട്ടിപുറപ്പെട്ടതിന്റെ കാരണങ്ങളും ഫലങ്ങളും ചർച്ച ചെയ്യുക.

V. പ്രവർത്തനം

1. ഇന്നത്തെ സമൂഹത്തിൽ തൊഴിൽ സംഘടനകൾ പ്രാധാന്യം വഹിക്കുന്നു എന്ന ആശയത്തെ ക്ലാസ്സ്റൂമിൽ ചർച്ച ചെയ്യുക.
2. പ്രധാനപ്പെട്ട അസോസിയേഷനുകളും തൊഴിൽ സംഘടനകളെയും കണ്ടെത്തി അവരുടെ പ്രവർത്തനങ്ങളെ കുറിച്ച് കൂട്ടായി വിശകലനം ചെയ്യുക.

പരാമർശഗ്രന്ഥങ്ങൾ

1. Bipan Chandra, *India's Struggle for Independence*, Penguin, 2016.
2. Sumit Sarkar, *Modern India: 1885–1947,* Pearson, 2014.
3. Sekar Bandyopadhyay, *From Plassey to Partition and After: A History of Modern India,* Orient BlackSwan, 2014.
4. Jaswant Singh, *Jinnah: India, Partition, Independence.* Rupa, 2009.
5. Ramachandra Guha, *Gandhi: The Years that Changed the World, 1914–1948,* Penguin, 2018.

ഇന്റർനെറ്റ് ആധാരങ്ങൾ

www.brittanica.com

12th_History_MAL_Unit_3 Pixels.indd 40 2/28/2023 1:16:19 PM

പദപരിചയം

കഠിനമായ/ കർക്കശമായ	very harsh and severe	ക്രൂരമായ
പട്ടാളവിഭാഗം	a group of police or military personnel	സൈനികവിഭാഗം
ഗൂഢാലോചന	a secret plan by a group of people to do something illegal	ഗൂഢാലോചന
മിതവാദം	avoiding extremes	മിതമായ ദേശീയവാദി
നൈറ്റ്ഹുഡ്	a person given a rank of honour by a British king or queen because of his or her special achievement	പ്രഭുവിന്റെ പദവി
തീവ്രവാദികൾ	a person who holds a radical view in politics or religion.	തീവ്രദേശീയ പദം
ഓർമ്മകുറിപ്പ്	a petition that is presented to a person or committee on a particular issue	ഭാവിലെ ഉപയോഗത്തിനുള്ള കുറിപ്പ്
കുടിയേറ്റക്കാർ	a person who arrives to take up permanent residence in a country	കുടിയേറി പാർക്കുന്ന ആൾ



ഐ സി ടി കോർണർ

ഇന്ത്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ഒന്നാം ലോക മഹായുദ്ധത്തിന്റെ സ്വാധീനം

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഇന്ത്യയുടെ പങ്കിനെക്കുറിച്ച് ഈ പ്രവർത്തനത്തിലൂടെ നിങ്ങൾക്ക് കൂടുതൽ മനസ്സിലാക്കാം



ഘട്ടം - 1 ബ്രൌസർ തുറന്ന് കീഴെ കൊടുത്തിട്ടുള്ള യു.ആർ.എൽ നെ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ ക്യു.ആർ. കോഡ് സ്കാൻ ചെയ്യുക.

ഘട്ടം - 2 പ്രസ്തുത വിഷയത്തിലേക്ക് വന്ന് കാലനിർണ്ണയ രേഖയിൽ ക്ലിക്ക് ചെയ്യുക

ഘട്ടം - 3 കാലനിർണയ രേഖയിൽ സ്പർശിച്ച് ക്ലിക്ക് ചെയ്ത് പ്രധാന സംഭവങ്ങളെ കാണുക

Web URL: http://indiaww1.in/index.aspx

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രം

*ബ്രൗസറിന് ആവശ്യമെങ്കിൽ ഫ്ളാഷ് പ്ലെയർ അല്ലെങ്കിൽ പാവാസ്ക്രിപ്റ്റ് പേജിലേക്ക് ശേഖരിക്കുക

12th_History_MAL_Unit_3 Pixels.indd 41 2/28/2023 1:16:19 PM

യൂണിറ്റ്
4

ഗാന്ധിജിയുടെ ആഗമനവും ജനങ്ങളുടെ ഏകോപനവും

പഠന ലക്ഷ്യങ്ങൾ

വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടവ

- ചമ്പാരൻ പ്രസ്ഥാനവും ഖേദ സത്യാഗ്രഹവും
- മൊണ്ടേഗു ചെംസ്ഫോർഡ് പരിഷ്കാരങ്ങൾ
- ബ്രാഹ്മണേതര പ്രസ്ഥാനവും, നിസ്സഹകരണ പ്രസ്ഥാനവും
- ജാലിയൻ വാലാബാഗ് കൂട്ടക്കൊലയും, സ്വരാജകക്ഷിയും അതിന്റെ പ്രവർത്തനവും
- സൈമൺ കമ്മീഷനും, വട്ടമേശ സമ്മേളനവും
- ഗാന്ധിജി ഇർവിൻ ഉടമ്പടി, അംബേദ്കറും രാഷ്ട്രീയവും

ആമുഖം

മോഹൻദാസ് കരംചന്ദ് ഗാന്ധി പോർബന്തർ എന്ന ഹിൽ സ്റ്റേഷനിലാണ് ജനിച്ചത് 1915 ൽ ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി വംശീയ രാഷ്ട്രമായ ദക്ഷിണാഫ്രിക്ക അടിച്ചേൽപ്പിച്ച അസമത്വ വ്യവസ്ഥകൾക്കെതിരെ നടത്തിയ പോരാട്ടങ്ങൾ ഒരു നാഴികക്കല്ലായിരുന്നു. ഇന്ത്യൻ ദേശീയ ശക്തികളെ സഹായിക്കാൻ ഗാന്ധിജി ദൃഢനിശ്ചയം ചെയ്തു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്ക് പിന്തുണ നൽകിയ സമയത്ത് കോൺഗ്രസ്സ് നേതാക്കളുമായി ഇന്ത്യൻ ദേശീയ ശക്തികളെ സഹായിക്കാൻ ഗാന്ധിജി ദൃഢനിശ്ചയം ചെയ്തു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്ക് പിന്തുണ സമ്മാനിച്ച സമയത്ത് കോൺഗ്രസ്സ് നേതാക്കളുമായി ഗാന്ധിജിക്കുണ്ടായിരുന്ന ബന്ധം അദ്ദേഹത്തിന് ഇന്ത്യൻ നേതാക്കളുമായി സഖ്യം പുലർത്താൻ സഹായിച്ചു. ഗോപാലകൃഷ്ണ ഗോഖലയുടെ പ്രവർത്തനങ്ങളിൽ നിന്നും, നയങ്ങളിൽ നിന്നും പ്രചോദനം ഉൾകൊണ്ട് അദ്ദേഹത്തെ ഗാന്ധിജി തന്റെ രാഷ്ട്രീയ ഗുരുവായി സ്വീകരിച്ചു. ഇരുപത് വർഷമായി ഇന്ത്യയ്ക്ക് പുറത്തായിരുന്ന ഗാന്ധിജി ഗോഖലയുടെ ഉപദേശം സ്വീകരിച്ച് ഒരു വർഷക്കാലം രാജ്യമെമ്പാടും സഞ്ചരിച്ച് രാജ്യത്തെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനായി ഇന്ത്യയിലേക്ക് തിരിച്ചെത്തി. അഹമ്മദാബാദിൽ സബർമതി ആശ്രമം സ്ഥാപിച്ചെങ്കിലും അദ്ദേഹം സ്വയംഭരണ (ഹോം റൂൾ പ്രസ്ഥാനം) ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുത്തില്ല.

ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ആയിരുന്ന സമയത്ത് സത്യത്തിന്റേയും അഹിംസയുടേയും അടിസ്ഥാനത്തിൽ സത്യാഗ്രഹത്തിന് പുതിയൊരു നിർവചനം നൽകി. അതായത് ദക്ഷിണാഫ്രിക്കയിലെ വംശീയ വിവേചനത്തിനെതിരെ സത്യത്തിന്റേയും അഹിംസയുടേയും മാർഗ്ഗത്തിലുള്ള പോരാട്ടം. തിൻമയ്ക്കും അനീതിക്കുമെതിരെ പോരാടുമ്പോഴും ഒരു സത്യാഗ്രഹി തന്റെ മനസ്സിൽ സമാധാനം പുലർത്തുകയും, തെറ്റ് ചെയ്യുന്നവരെ വെറുക്കാതിരിക്കുകയും ചെയ്യണം. ഒരു സത്യാഗ്രഹി എതിർപ്പിന്റെ പാതയിലെ ബുദ്ധിമുട്ടുകൾ സ്വീകരിക്കുകയും, തന്റെ പ്രവർത്തനങ്ങളിൽ വിദ്വേഷങ്ങൾക്ക് സ്ഥാനം കൊടുക്കാതിരിക്കുകയും വേണം. അഹിംസയും, സത്യവും ധീരരുടേയും, നിർഭയരുടേയും ആയുധങ്ങളാണ്; ഭീരുക്കളുടേതല്ല ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ചിന്തയ്ക്കും, ശീലത്തിനും വിശ്വാസത്തിനും, പ്രവർത്തനത്തിനും തമ്മിൽ വ്യത്യാസം ഇല്ലായിരുന്നു.

4.1 ഗാന്ധിജിയുടെ സത്യാഗ്രഹ പരീക്ഷണങ്ങൾ

(a) ചമ്പാരൻ പ്രസ്ഥാനം (1917)

ഗാന്ധിജി ചമ്പാരനിലെ കർഷകരുടെ അഭ്യർത്ഥന സ്വീകരിച്ച് ഇന്ത്യയിലെ ജനങ്ങളെ ഒന്നിപ്പിക്കാനുള്ള ആദ്യശ്രമം നടത്തി. സമരം തുടങ്ങുന്നതിനു മുമ്പ് അദ്ദേഹം സാഹചര്യങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി. ബീഹാറിലെ ചമ്പാരൻ ജില്ലയിലെ ഇൻഡിഗോ കൃഷിക്കാരെ യൂറോപ്യൻ തോട്ടക്കാർ കഠിനമായി ചൂഷണം ചെയ്യുകയും അവർ ഓരോ കർഷകരുടേയും കൃഷിയിടത്തിന്റെ 3/20 ഭാഗം വരെ പാട്ടത്തിനെടുത്ത് ഇൻഡിഗോ നിർബന്ധമായി കൃഷി ചെയ്യാനും, അവർ നിശ്ചയിക്കുന്ന വിലയ്ക്കു വിറ്റഴിക്കാനും കർഷകരെ നിർബന്ധിതരാക്കി.

12th_History_MAL_Unit_4Pixels.indd 42 2/28/2023 1:16:50 PM



ഗാന്ധിജി ചമ്പാരനിൽ

ഈ സമ്പ്രദായം കർഷകരെ ചൂഷണം ചെയ്യുകയും, അവരെ പരിഭ്രാന്തരാക്കുകയും ചെയ്തു. പ്രദേശീക നേതാക്കളായ രാജേന്ദ്ര പ്രസാദ്, മസ്ഹറുൽ ഹുക്ക്, ആചാര്യ കൃപാലനി മഹാദേവ ദേശായി എന്നിവരുമായി ഗാന്ധിജി അന്വേഷണം നടത്തി. ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ഗാന്ധിജിയോട് ജില്ല വിട്ടു പോകാൻ ഉത്തരവിട്ടു. എന്നാൽ അദ്ദേഹംഅതിനെ വിസമ്മതിക്കുകയും ഉത്തരവ് അന്യായമായതിനാൽ അത് ലംഘിക്കുമെന്നും അതിന്റെ അനന്തര ഫലങ്ങൾ നേരിടാൻ തയ്യാറാണെന്നും അറിയിച്ചു.

അനന്തര ഫലമായി ഗാന്ധിജിയേയും അംഗമാക്കിക്കൊണ്ട് ഒരു അന്വേഷണ കമ്മിറ്റി രൂപീകരിച്ചു. പാവപ്പെട്ട കർഷകരുടെ ബുദ്ധിമുട്ടുകൾ കമ്മിറ്റിയെ ബോധ്യപ്പെടുത്താൻ ഗാന്ധിജിക്ക് പ്രയാസമുണ്ടായിരുന്നില്ല. അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട് സ്വീകരിച്ച് നടപ്പിലാക്കുകയും, ചമ്പാരനിൽ നിന്ന് ക്രമേണ പിൻമാറാൻ തീരുമാനിച്ചകർഷകരെ യൂറോപ്യൻ പ്ലാന്റേഴ്സിന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുകയും ചെയ്തു.

(b) ഫാക്ടറിതൊഴിലാളികളുടെ പണിമുടക്കും അഹമ്മദാബാദിലെ ഗാന്ധിജിയുടെ ഉപവാസവും (1918)

ഈ സമരത്തിലൂടെ ഗാന്ധിജിക്ക് തന്റെ ജൻമനാട്ടിൽ ആദ്യവിജയം നേടാൻ സാധിച്ചു. കൂടാതെ കർഷകരുടെ അവസ്ഥയെ അടുത്തറിയാൻ ഈ സമരം അദ്ദേഹത്തെ പ്രാപ്തനാക്കി. ജനങ്ങളെ അണിനിരത്തുന്നതിനുള്ള അടുത്തഘട്ടം നഗര കേന്ദ്രമായ അഹമ്മദാബാദിലെ തൊഴിലാളികളിലൂടെയായിരുന്നു. നെയ്തു തൊഴിലാളികൾക്കും മിൽ ഉടമകൾക്കും ഇടയിൽ തർക്കമുണ്ടായി. ഗാന്ധിജി ഇരു വിഭാഗക്കാരെയും നേരിൽ കാണുകയും, കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ ഉടമകൾ വിസമ്മതിച്ചപ്പോൾ അവരുടെ വേതനത്തിൽ 35 ശതമാനം വർദ്ധനവ് ആവശ്യപ്പെട്ട് നിർദ്ദേശം നൽകി. തൊഴിലാളികളുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിനായി ഗാന്ധിജി ഉപവാസത്തിലേർപ്പെട്ടു. അങ്ങനെ ഗാന്ധിജിയുടെ ഉപവാസവും, തൊഴിലാളികളുടെ പണിമുടക്കും മില്ലുടമകളെ അവരുടെ ആവശ്യങ്ങൾ മാനിക്കാൻ നിർബന്ധിതരാക്കി.

(c) ഖേദ സത്യാഗ്രഹം (1918)

ഖേദ ജില്ലയിലെ കർഷകർ കാലവർഷക്കെടുതി കാരണം ദുരിതത്തിലായിരുന്നു. 1918 ൽ ഭൂനികുതി കുറയ്ക്കലുമായി ബന്ധപ്പെട്ട് അവർ കൊളോണിയൽ അധികാരികളോട് അഭ്യർത്ഥിച്ചിരുന്നു. സർക്കാരിന്റെ ക്ഷാമ കോഡനുസരിച്ച് വിളവിൽ നിന്ന് 25 ശതമാനം മാത്രമാണ് നികുതിയായി അടയ്ക്കേണ്ടിയിരുന്നത്. എന്നാൽ അധികൃതർ അത് നിഷേധിക്കുകയും,വിളവ്പൂർണ്ണമായിആവശ്യപ്പെടുകയുംചെയ്തു. ഖേദ കർഷകർ പ്ലേഗ് പകർച്ചവ്യാധി, ഉയർന്ന വില നിരക്ക്, ക്ഷാമം എന്നിവയാൽ കഷ്ടപ്പെടുകയായിരുന്നു. അതിനാൽ അവർ ഗാന്ധിജിയുമായുള്ള ഇന്ത്യൻ സൊസൈറ്റിയുടെസഹായംതേടി.ഗാന്ധിജിവിത്തൽഭായ് പട്ടേലുമായി ചേർന്ന് പാവപ്പെട്ട കർഷകർക്കുവേണ്ടി ഇടപെടുകയും, മരണം വരെ സമരം നടത്താനായിഅവരെഉപദേശിക്കുകയുംചെയ്തു. യുവഅഭിഭാഷകനായവല്ലഭായ്പട്ടേലുംഇന്ദുലാൽയാഗ്നിക്കും ഗാന്ധിജിയുടെ ഈ പ്രസ്ഥാവനയോട് യോജിക്കുകയും കർഷകരെ അവരുടെ നിലപാടിൽ ഉറച്ചു നിന്ന് സമരം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തു. സമരം ചെയ്ത കർഷകരെ അടിച്ചമർത്താനായി സർക്കാർ അവരുടെ കന്നുകാലികളെയും, സ്വത്തുക്കളെയും ചില സന്ദർഭങ്ങളിൽ ലേലം ചെയ്യുകയും ചെയ്തു.



ഖേദ സത്യാഗ്രഹം

നികുതി അടയ്ക്കാൻ കഴിവുള്ള കർഷകരിൽ നിന്നു മാത്രമേ നികുതി ഈടാക്കുകയുള്ളൂ എന്ന് സർക്കാർ നിർദ്ദേശം പുറത്തുവിട്ടു. ഇതറിഞ്ഞ ഗാന്ധിജി തന്റെ സമരം പിൻവലിച്ചു.

12th_History_MAL_Unit_4Pixels.indd 43 2/28/2023 1:16:50 PM

ഗാന്ധിജിയുടെ മൂന്ന് സമരങ്ങളും ഇന്ത്യയുടെ സ്ഥിതി എന്താണെന്ന് മനസ്സിലാക്കിയ രീതിയിലാ യിരുന്നു. എല്ലാ വർഗ്ഗങ്ങളിലേയും ജാതിയിലേയും പാവപ്പെട്ട കൃഷിക്കാരും തൊഴിലാളികളുമാണ് ഇന്ത്യയുമട മർദ്ധവും മജ്ജയുമായി രൂപപ്പെട്ടത്. അവരുടെ താല്പര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടു ള്ളതായിരുന്നു അദ്ദേഹത്തിന്റെ സമരങ്ങൾ അധിനി വേശ രാജ്യനിവാസികളേയും ഇന്ത്യൻ ചൂഷണ ക്കാരെയും അഭിമുഖീകരിച്ചിരുന്നു. അവരുമായി സംഭാഷണത്തിൽ ഏർപ്പെടുന്നതിലൂടെ അടിച്ചമർ ത്തപ്പെട്ടവരെ അണിനിരത്താനും അതേ സമയം അടിച്ചമർത്തുന്നവരുമായി ചർച്ചനടത്താനും കഴിവു ള്ള നേതാവാണ് താനെന്ന് അദ്ദേഹം തെളിയിച്ചു. ഈ സദ്ഗുണങ്ങൾ അദ്ദേഹത്തെ ജനങ്ങളുടെയിട യിൽ കേന്ദ്ര കഥാപാത്രമാക്കുകയും താമസിയാതെ അദ്ദേഹം മഹാത്മാവായി പ്രശംസയാർജ്ജിക്കുക യും ചെയ്തു.

വിവിധ ജാതി, പ്രദേശങ്ങൾ, മതങ്ങൾ എന്നിവ യിലെ ഇന്ത്യക്കാരെ ക്ഷേമപ്രവർത്തനങ്ങളിൽ ഒന്നിപ്പിക്കാനും പരിശീലിപ്പിക്കാനുമായി 1905 ൽ ഗോപാല കൃഷ്ണ ഗോഖലെ സ്ഥാപിച്ചതാണ് സർവ്വന്റ് സ് ഓഫ് ഇന്ത്യൻ സൊസൈറ്റി നിരാലം ബരായഗ്രാമീണഗോത്രവർഗ്ഗക്കാരുടെഅഭിവൃത്തി ക്കായി സ്വയം സമർപ്പിച്ച രാജ്യത്തെ ആദ്യത്തെ മതേതര സംഘടനയായിരുന്നു ഇത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ, സാക്ഷരത മറ്റ് സാമൂഹിക കാര ണങ്ങൾഎന്നിവയിൽഅംഗങ്ങൾസ്വയംഏർപ്പെട്ടു. അംഗങ്ങൾക്ക് അഞ്ച് വർഷത്തെ പരിശീലന കാല യളവിലൂടെ കടന്നുപോവുകയും മിതമായ ശമ്പള ത്തിൽസേവനംഅനുഷ്ഠിക്കുകയുംവേണം.സംഘ ടനയുടെ ആസ്ഥാനം പൂനൈയിലും (മഹാരാഷ്ട്ര) ചെന്നൈ (മദ്രാസ്) മുംബൈ (ബോംബെ) അലഹ ബാദ്, നാഗ്പൂർ എന്നിവിടങ്ങളിൽ ശ്രദ്ധേയമായ ശാഖകളുമുണ്ട്.

4.2 മോണ്ടേഗു ചെംസ്ഫോർഡ് പരിഷ്കാരം

യഥാക്രമം ഇന്ത്യയുടെ സ്റ്റേറ്റ് സെക്രട്ടറിയും വൈസറോയുമായിരുന്ന എഡ്വിൻമൊൻഡാഗുവും, ചെമ്മ്സ്ഫോഡും ചേർന്ന് ഭരണ ഘടന മാറ്റങ്ങളു ടെപദ്ധതിപ്രഖ്യാപിച്ചു. ഇത് 1919 ലെ ഇന്ത്യൻ കൗൺ സിൽ ആക്റ്റ് എന്ന് അറിയപ്പെടുന്നു. ഈ നിയമ പ്രകാരം പ്രവിശ്യ ലജിസ്ലേറ്റീവ് കൗൺസിലുള്ള വരെ തിരഞ്ഞെടുത്തു. ഭൂരിപക്ഷ പ്രവിശ്യകളിലെ സർക്കാരുകൾക്ക് ഭരണത്തിൽ കൂടുതൽ പങ്ക് നൽകി, ഡയാർക്കിയുടെ കീഴിൽ ക്രമസമാധാനം, ധന കാര്യം എന്നിങ്ങനെയുള്ള എല്ലാ പ്രധാന വിഷയ ങ്ങളും വിദേശികൾക്ക് അനുകൂലമാക്കുകയും നേരിട്ട് ഗവർണർമാരുടെ നിയന്ത്രണത്തിൽ ആക്കുകയും ചെയ്തു. ആരോഗ്യം, വിദ്യാഭ്യാസം, പ്രാദേശിക സ്വയം ഭരണം എന്നിവ തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ പ്രതി നിധികൾക്ക് കൈമാറ്റം ചെയ്തു കൈമാറ്റം ചെയ്യ പ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നത് മന്ത്രിമാരായിരുന്നു നിയമസഭയുടെ ഉത്തരവാദിത്വം എന്നാൽ റിസർവ് വിഷയങ്ങളുടെ ഇൻചാർജ് കൂടു തൽ ഉണ്ടായിരുന്ന പ്രവിശ്യയെ മറികടക്കാൻ ആർക്കുംകഴിയില്ലായിരുന്നു.ഈനിയമത്തിലെകേന്ദ്ര നിയമസഭയുമായി ബന്ധപ്പെട്ട ഭാഗം നിയമസഭ യുടെ ഭാഗമായി മാറി.

കേന്ദ്ര നിയമസഭയിലുള്ള 141 അംഗങ്ങളിൽ 41 അംഗങ്ങളെ നാമനിർദ്ദേശം ചെയ്യപ്പെട്ടവരായിരുന്നു അപ്പർ ഹൗസ് എന്നറിയപ്പെടുന്ന കൗൺസിൽ ഓഫ് സ്റ്റേറ്റിൽ 60 അംഗങ്ങളിൽ 26 പേരും നാമനിർദ്ദേ ശത്തിലൂടെ തിരഞ്ഞെടുത്തവരാണ്. എന്നാൽ ഇരു സഭകൾക്കും ഗവർണർ ജനറലിനെയോ അദ്ദേഹ ത്തിന്റെ എക്സിക്യൂട്ടീവ് കൗൺസിലിനെയോ നിയ ന്ത്രിക്കാൻ കഴിയില്ലായിരുന്നു എന്നാൽ പ്രവിശ്യ സർക്കാരിന്റെ മേൽ കേന്ദ്ര സർക്കാരിന് പൂർണ്ണനിയ ന്ത്രണമുണ്ടായിരുന്നു. തൽഫലമായി അധികാരം യൂറോപ്യൻ/ഇംഗ്ലീഷ് അധികാരികളുടെ കൈകളി ലായി, വോട്ടവകാശം പോലും അവർ പരിമിതപ്പെ ടുത്തി.

ബ്രിട്ടന്റെ യുദ്ധശ്രമങ്ങൾക്ക് നിരുപാധികമായ പിന്തുണ നൽകിയ ഇന്ത്യയിലെ പൊതുജനങ്ങൾ കൂടുതൽപ്രതീക്ഷിച്ചിരുന്നു. എന്നാൽ 1918 ൽപ്രഖ്യാ പിച്ച പദ്ധതി ഇന്ത്യയിലുടനീളം വിമർശിക്കപ്പെട്ടു. 1918 ഓഗസ്റ്റിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ബോംബയിൽ ഒരു പ്രത്യേക സെഷനിൽ പുതിയ പദ്ധതി രൂപീകരിച്ചു. നിരാശജനകവും തൃപ്തികര വുമല്ലാത്തത് എന്നാണ് കോൺഗ്രസ്സ് ആ പദ്ധതിയെ വിശേഷിപ്പിച്ചത്.

കോളോണിയൻ സർക്കാർ കാരറ്റ് ആൻഡ് സ്റ്റീക്ക് നയം പിന്തുടർന്നു പരിഷ്കാരങ്ങൾ പരീ ക്ഷിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന ഒരു കൂട്ടം മിതവാദ/ലിബറൽ രാഷ്ട്രീയ നേതാക്കൾ ഉണ്ടാ യിരുന്നു. സുരേന്ദ്രനാഥ ബാനർജിയുടെ നേതൃത്വ ത്തിൽ അവർ ഭൂരിപക്ഷ അഭിപ്രായത്തെ എതിർത്ത് കോൺഗ്രസ്സിൽനിന്ന് മാറി,ഇന്ത്യൻലിബറൽഫെഡ റേഷൻ എന്ന് വിശേഷിക്കപ്പെടുന്ന സ്വന്തം പാർട്ടി രൂപീകരിച്ചു.

4.3 ബ്രാഹ്മണേതര പ്രസ്ഥാനം

ശ്രേണിപരമായ ഇന്ത്യൻ സമൂഹവും അതിനു ള്ളിലെ വൈരുദ്ധ്യങ്ങളും ഉയർന്ന ജാതികളുടെ ആധിപത്യത്തെ ചോദ്യം ചെയ്യുന്നതിനായി ജാതി അസോസിയേഷനും പ്രസ്ഥാനങ്ങളും രൂപീകരിച്ചു. അതിനാൽ മധ്യവർഗ്ഗക്കാരും താഴ്ന്നജാതിക്കാരും ഉപ

12th_History_MAL_Unit_4Pixels.indd 44 2/28/2023 1:16:50 PM

ജീവനത്തിനായി ഉയർന്ന ജാതിക്കാരെ ആശ്രയിച്ചിരുന്നു. ലിബറലിസവും മാനവികതയും സാമൂഹിക പരിഷ്ക്കരണത്തെ സ്വാധീനിച്ചതിനാൽ പത്തൊൻപതാം നൂറ്റാണ്ടിൽ സമൂഹത്തിൽ ചലനം സൃഷ്ടിച്ചു. ബംഗ്ലാളിലെ നൻമസുദ്ര പ്രസ്ഥാനം വടക്കു പടിഞ്ഞാറൻ ഇന്ത്യയിലെ ആദിധർമ്മ പ്രസ്ഥാനം, പശ്ചിമ ഇന്ത്യയിലെ സത്യശോധക് പ്രസ്ഥാനം, ദക്ഷിണേന്ത്യയിലെ ദ്രാവിഡ പ്രസ്ഥാനം എന്നിവയും നൂറ്റാണ്ടിന്റെ ഉയർച്ചയ്ക്കു കാരണമായി. ഈ പ്രസ്ഥാനങ്ങൾ എല്ലാം തന്നെ ബ്രാഹ്മണേതര നേതാക്കളാണ് നയിച്ചിരുന്നത്, അവർ ബ്രാഹ്മണരുടെയും ശ്രേഷ്ഠജാതിയിലുള്ളവരുടെയും ആധിപത്യത്തെ ചോദ്യം ചെയ്യുകയുണ്ടായി.

1872 ൽ ജ്യോതിബാഫുലേ, "ഗുലാംഗിരി" എന്ന പുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ സംഘടനയായ സത്യശോധക് സമാജ് താഴ്ന്ന ജാതിക്കാരെ ബ്രാഹ്മണ്യത്തിന്റെ അടിമത്വത്തിൽ നിന്നും ചൂഷണാത്മകമായ പിടിവാശികളിൽ നിന്നും മോചിപ്പിക്കാൻ അടിവരയിട്ടു. കോളോണിയൻ ഭരണാധികാരികളും അവർ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും അവരുടെ ഉത്ഭവത്തെ സുഗമമാക്കി. ബ്രാഹ്മണ്യത്തിന്റെ വർദ്ധിച്ചുവരുന്ന സ്വാധീനം കാരണം കൊളോണിയൽ സർക്കാർ തിരുത്തലിനായി സെൻസസ് പ്രസിദ്ധീകരിക്കാൻ തുടങ്ങി. പൊതുജനാഭിപ്രായമായി ഈ പ്രസ്താവനങ്ങളിൽ വർഗ്ഗീകരിച്ചിട്ടില്ലാത്ത സാമൂഹിക മുൻഗണനയുടെ അടിസ്ഥാനത്തിൽ ജാതികളെ തരംതിരിക്കണമെന്ന് സെൻസസ് വ്യക്തമാക്കിയപ്പോൾ ജാതികൾ തമ്മിലുള്ള സംഘർഷങ്ങൾ ഉടലെടുത്തു. ഇതിലൂടെ പുതിയ മതപ്രസ്ഥാനങ്ങൾ രൂപപ്പെട്ടു.

സാമൂഹ്യ അംഗീകാരത്തിനായുള്ള പോരാട്ടങ്ങളിൽ തങ്ങളുടെ ജാതികളെ അണിനിരത്തേണ്ടത് പ്രധാനമാണെന്ന് പ്രമുഖ ജാതിയിലെ അംഗങ്ങൾ മനസ്സിലാക്കി. വർഷങ്ങൾ കടന്നുപോകുന്തോറും തന്റെ ജാതിയിലുള്ളവർക്കായി വിദ്യാഭ്യാസ സഹായവും, യുവജനങ്ങൾക്ക് ജോലിസഹായവും അദ്ദേഹംചെയ്തു. 1880 മുതൽ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ അത്തരം തിരഞ്ഞെടുപ്പ് സംഘടനകൾക്ക് ഒരു ഉത്തേജനം നൽകി. ഇതിന്റെ ഫലമായി ജാതി ബോധത്തിലൂടെയും ജാതി ഐക്യദാർഢ്യത്തിലൂടെയും സാമൂഹിക സാമ്പത്തികത്തിലും പിരിമുറുക്കങ്ങൾ പ്രകടമായി.


ജ്യോതിബ ദുലേ

ബ്രാഹ്മണേതര പ്രസ്ഥാനങ്ങളിൽ നിന്ന് രണ്ട് പ്രവണതകൾ ഉയർന്നുവന്നു. ഒന്ന് താഴ്ന്ന ജാതിക്കാരുടെ സാൻസ്കൃറ്റേഷൻ പ്രക്രിയയെന്നും രണ്ടാമത്തേത് ദരിദ്രർക്ക് അനുകൂലവും പുരോഗമനപരവുമായ കർഷക തൊഴിലാളി പ്രസ്ഥാനങ്ങൾ വടക്ക് കിഴക്ക് ജാതി പ്രസ്ഥാനങ്ങൾ കൂടുതൽ സംസ്കൃതിതമായിരുന്നു എങ്കിലും ദക്ഷിണപടിഞ്ഞാറ് പ്രസ്ഥാനങ്ങൾ വളർന്നു വരുന്ന ദേശീയ ദ്രാവിഡ ഇടതു പക്ഷത്താൽ പിളർന്നു എന്നിരുന്നാലും ഈ പ്രസ്ഥാനങ്ങൾ എല്ലാം ബ്രാഹ്മണാധിപത്യത്തിനെതിരെ വിമർശിക്കുകയും അവയുടെ കുത്തകയെ ആക്രമിക്കുകയും, നീതിയ്ക്കായി അവരുടെ കുത്തകയ്ക്കെതിരായി അസോസിയേഷൻ വഴി സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു. ബോംബയിലും മദ്രാസ്സിലുമുള്ള സർക്കാർ സേവനങ്ങളിൽ പൊതു സാംസ്കാരിക മേഖലയിലുള്ള ബ്രാഹ്മണരുടെ ആധിപത്യമാണ് ബ്രാഹ്മണേതര രാഷ്ട്രീയത്തിന് അടിത്തറപാകിയത്.

തെക്കെ ഇന്ത്യയിലെ പ്രസ്ഥാനത്തിന്റെ സ്ഥിതി ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നു. ബ്രാഹ്മണ കുത്തക വളരെ ശക്തമായിരുന്നു കാരണം ജനസംഖ്യയിൽ 3.2 ശതമാനത്തിൽ 72 ശതമാനവും ബിരുദധാരിയായിരുന്നു. ബ്രാഹ്മണേതര ജാതികളിലെ വിദ്യാസമ്പന്നരായ വ്യാപാരികളായ കമ്മ്യൂണിറ്റി അംഗങ്ങൾ അവരെ വെല്ലുവിളിച്ചു തുടക്കത്തിൽ അവർ വരേണ്യവാദികളായിരുന്നു. 1916 അവസാനത്തോടെ പുറത്തിറങ്ങിയ ബ്രാഹ്മണേതര മാനിഫെസ്റ്റോയാണ്. അവരുടെ വെല്ലുവിളി വ്യക്തമാക്കിയത്. നികുതി ദായകരിൽ ഭൂരിഭാഗമുള്ള ജമിന്ദാർ, ഭൂവുടമകൾ, കൃഷിക്കാർ എന്നിവരുൾപ്പെടെ അവർക്ക് സംസ്ഥാനത്തിൽ നിന്ന് ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല.

കൊളോണിയൽ സർക്കാർ ഇന്ത്യയെ വിഭജിച്ച് ഭരിക്കാൻ ബ്രാഹ്മണരല്ലാത്തവരുടെ പരാതികൾ ഉപയോഗിച്ചു. ബ്രാഹ്മണേത്ര പരിഷത്തും ബോംബയിലെ ജസ്റ്റിസ് പാർട്ടിയും 1930 വരെ നീണ്ടു നിന്നു. ഡോ. അംബേദ്കറുടെ നേതൃത്വത്തിൽ സമൂലമായ ദളിത് ബഹുജൻ പ്രസ്ഥാനവും പെരിയാർ രാമസ്വാമിയുടെ നേതൃത്വത്തിൽ സ്വാശ്രയ പ്രസ്ഥാനവും ഉയർന്നുവന്നു. ഈ രണ്ടു പ്രസ്ഥാനങ്ങൾ തമ്മിൽ സാമ്യതയുമുണ്ട്.


അംബേദ്കറും പെരിയാറും

12th_History_MAL_Unit_4Pixels.indd 45 2/28/2023 1:16:50 PM

ഇന്ത്യൻ സമൂഹത്തിലെ താഴെത്തട്ടിലുള്ള വർക്കിടയിലെ ലിബറൽ ജനാധിപത്യ ഉള്ളടക്കം മനസ്സിലാക്കാൻ ദേശീയവാദികൾക്ക് കഴിഞ്ഞില്ല. ദേശീയ നേതാക്കളിൽ ഒരു വിഭാഗം പ്രക്ഷോഭങ്ങളെ അവഗണിച്ചപ്പോൾ അവരിൽ ഭൂരിഭാഗവും പ്രത്യേകിച്ചും തീവ്രവാദികൾ റാഡിക്കലുകൾ എന്ന് വിളിക്കപ്പെടുന്നവർ പ്രസ്ഥാനത്തെ എതിർക്കുകയും ശത്രുത പുലർത്തുകയും അവരെ ബ്രിട്ടീഷുകാരുടെ നോക്കുകുത്തികളായി മുദ്രകുത്തുകയും ചെയ്തു. ദേശീയവിരുദ്ധർ മുതലായ ബ്രാഹ്മണേതര പ്രസ്ഥാനത്തിന്റെ അക്കാലത്തെ നേതാക്കൾ വാസ്തവത്തിൽ കൊളോണിയൽ സർക്കാരുമായി ഇടപെടുന്നതിനായി ആദ്യകാല ദേശീയ നേതാക്കളുടെ തന്ത്രങ്ങളാണ് ഉപയോഗിച്ചിരുന്നത്.

4.4 നിസ്സഹകരണ പ്രസ്ഥാനം

(a) റൗലറ്റ് ആക്റ്റ്


റൗലത്ത്

മോഡറേറ്റുകളെ അണിനിരത്തി തീവ്രവാദികളെ ഒറ്റപ്പെടുത്തുക എന്ന ബ്രിട്ടീഷ് നയത്തിന്റെ ഭാഗമായാണ് 1919 ൽ ഇന്ത്യൻ കൗൺസിൽ ആക്റ്റും അതേ വർഷം റൗലറ്റ് ആക്റ്റും പ്രഖ്യാപിച്ചു. ലോകമഹായുദ്ധത്തിലൂടെ തീവ്രവാദികൾക്കും വിപ്ലവകാരികൾക്കുമെതിരെ അടിച്ചമർത്തൽ നടപടികൾ തുടരുകയായിരുന്നു. ഇവരിൽ പലരും ദീർഘ കാലത്തേയ്ക്ക് തടവിലാക്കുകയും തൂക്കിക്കൊല്ലുകയും ചെയ്തു. പൊതുവായ മാനസികാവസ്ഥ സജീവമായതിനാൽ അടിച്ചമർത്തലിന് ശക്തി വർദ്ധിപ്പിക്കാനായി സ്വയം ആയുധമെടുക്കാൻ സർക്കാർ തീരുമാനിച്ചു. കേന്ദ്ര നിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട ഓരോ അംഗവും ബില്ലിനെ എതിർത്തെങ്കിലും 1919 മാർച്ചിൽ സർക്കാർ റൗലറ്റ് നിയമം പാസ്സാക്കി. വിചാരണ കൂടാതെ ഏതൊരു വ്യക്തിയെയും തടവിലാക്കാൻ ഈ നിയമം സർക്കാരിനെ അധികാരപ്പെടുത്തി.

ഈ വിവരം അറിഞ്ഞപ്പോൾ ഗാന്ധിജിയും അനുയായികളും ഞെട്ടിപ്പോയി. അദ്ദേഹം സ്ഥാപിച്ച സത്യാഗ്രഹ സഭയാണ് ഈ നിയമത്തെ ആദ്യം അനുസരിക്കില്ലെന്ന് പ്രതിജ്ഞ ചെയ്തത്. പഴയ പ്രക്ഷോഭരീതികളായ മീറ്റിംഗുകൾ, വിദേശ തുണികളും സ്കൂളുകളും ബഹിഷ്കരിക്കുക, കള്ള് കടകൾ പിക്കറ്റിംഗ്, നിവേദനങ്ങൾ പ്രകടങ്ങൾ എന്നിവയ്ക്ക് പകരം അവർ പുതിയ രീതി സ്വീകരിച്ചു. കർഷക വിഭാഗങ്ങളുടെയും കരകൗശല തൊഴിലാളികളുടെയും പങ്കാളിത്തത്തോടെ അദ്ദേഹം സത്യാഗ്രഹത്തെ ആയുധമാക്കി ഖാദി വസ്ത്രവും അദ്ദേഹം പ്രചാരണത്തിൽ കൊണ്ടുവന്നു. താമസിയാതെ അത് ദേശീയവാദികളുടെ വസ്ത്രമായി മാറി. ജനങ്ങൾ രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായപ്പോൾ ഇന്ത്യയുടെ സ്വരാജ് യാഥാർത്ഥ്യമായി 1919 മാർച്ച് ഏപ്രിൽ മാസങ്ങളിൽ ഹർത്താൽ ആചരിക്കാൻ ഗാന്ധിജി ജനങ്ങളോട് ആവശ്യപ്പെടുകയും മിക്കവാറും രാജ്യം മുഴുവൻ ഹിന്ദുക്കളെയും മുസ്ലീമുകളെയും ഒരുമിച്ച് കൊണ്ടുവരുന്ന ഖിലാഫത്ത് വിഷയവുമായി അദ്ദേഹം ഇതിനെ സംയോജിപ്പിക്കുകയും ചെയ്തു.

(b) ജാലിയൻവാലാബാഗ് കൂട്ടക്കൊല

കൊളോണിയൽ സർക്കാർ രാജ്യത്തൊട്ടാകെയുള്ള ബഹുജനങ്ങളുടെ സമരങ്ങളിലും ആവേശങ്ങളിലും പ്രകോപിതരായി 1919 ഏപ്രിൽ 13 ന് അമൃതസർ പട്ടണത്തിൽ ജാലിയൻ വാലയിൽ അവർ ഏറ്റവും ഭീകരമായ കുറ്റകൃത്യം നിരായുധരായ ജനങ്ങളുടെ മേൽ പ്രയോഗിച്ചു. തങ്ങളുടെ നേതാവായ സത്യപാലിനെയും സെയ്ഫുദ്ദീൻ കിച്ച്ലുവിനെയും തടവിലാക്കിയതിൽ പ്രതിഷേധം പ്രകടിപ്പിക്കാനായി രണ്ടായിരത്തിലധികം പേർ അവിടെ കൂടിയിരുന്നു. മൈക്കൽ ഒ ഡയറും പഞ്ചാബിലെ ലഫ്റ്റനന്റ് ഗവർണരും മിലിട്ടറി കമാൻഡറായിരുന്ന ജനറൽ റെജിനാൾഡ് ഡയറും തങ്ങളുടെ ശക്തി പ്രകടിപ്പിക്കാനും സമരം ചെയ്യുന്നവരെ ഒരു പാഠം പഠിപ്പിക്കാനും തീരുമാനിച്ചു. ഒത്തുചേരൽ നടന്ന സ്ഥലത്ത് ഒരു ചെറിയ പ്രവേശന കവാടം മാത്രമേ ഉണ്ടായിരുന്നൊള്ളൂ. വെടിയുണ്ടകൾ തീരും വരെ ജനകൂട്ടത്തിനു നേരെ മെഷീൻഗൺ റൈഫിൽ എന്നിവ ഉപയോഗിച്ച് വെടിവയ്ക്കാൻ ഡയർ ഉത്തരവിട്ടു. മരിച്ചവരുടെ ഔദ്യോഗിക കണക്ക് 379 മാത്രമാണ്. യഥാർത്ഥ കണക്ക് ആയിരത്തിലും അധികമായിരുന്നു. പഞ്ചാബിലൂടനീളം സൈനികനിയമം അടിച്ചേൽപ്പിക്കപ്പെട്ടു. ഈ സംഭവം ഇന്ത്യൻ ജനങ്ങളെ നിരാശയിലാഴ്ത്തി.


ജാലിയൻ വാലാബാഗ് കൂട്ടക്കൊല

12th_History_MAL_Unit_4Pixels.indd 46 2/28/2023 1:16:50 PM

രാജ്യത്തിലെ ജനങ്ങൾ മുഴുവനും പരിഭ്രാന്തരായി. കൊൽക്കത്ത, ബോംബെ, ദില്ലി, ലാഹോർ എന്നിവിടങ്ങളിൽ എല്ലാം റൗലറ്റ് നിയമത്തിന് എതിരെ പ്രതിഷേധം ഉയർന്നു പല പട്ടണങ്ങളിലും ആക്രമണങ്ങളുയർന്നു റൗലറ്റ് ആക്റ്റിനെത്തുടർന്നുള്ള ഈ ക്രൂരതയ്ക്ക് പ്രതിഷേധം അറിയിച്ച് പല പ്രശസ്ത വ്യക്തികളും തന്റെ പദവികൾ ഉപേക്ഷിച്ചു. അതിൽ രവീന്ദ്രനാഥ ടാഗൂറും ഒരാളായിരുന്നു.

> രവീന്ദ്രനാഥ് ടാഗൂർ ജാലിയൻ വാലാബാഗിനു ശേഷം ബ്രിട്ടിഷുകാർ നൽകിയ തന്റെ സർ പദവി ഉപേക്ഷിച്ചു 1919 മെയ് 31 ൽ അദ്ദേഹം വൈസ്രോയ്ക്കെഴുതിയ പ്രതിഷേധ കത്ത് ഇങ്ങനെയായിരുന്നു. ബഹുമാനത്തിന്റെ ബാൾജ് ഈ സമയത്ത് എനിക്ക് അപമാനത്തിന്റെ നിഴൽ ആണ് കാണിക്കുന്നത്, ഞാൻ എല്ലാ പ്രത്യേക പദവികളിൽ നിന്നും വിട്ടുനിൽക്കാൻ ആഗ്രഹിക്കുന്നു. മനുഷ്യനു താങ്ങാനാകാത്ത ദുഃഖങ്ങൾ അനുഭവിച്ച എന്റെ രാജ്യത്തിലെ ജനങ്ങൾക്കു വേണ്ടിയാണ് ഞാൻ ഇത് ചെയ്യുന്നത്."

നിസ്സാഹകരണ പ്രസ്ഥാന രൂപം കൊള്ളാൻ കാരണം തന്നെ ഖിലാഫത്തും പഞ്ചാബ് പ്രശ്നവുമാണ്. ഇസ്ലാമീയ പുണ്യസ്ഥലങ്ങളുടെ സന്ദർശനത്തിനെക്കുറിച്ചുള്ള തുർക്കി രാജാവിന്റെ നിലപാടാണ് ഖിലാഫത്ത് പ്രശ്നത്തിന് കാരണം, എന്നാൽ പഞ്ചാബിലെ പ്രശ്നം ജാലിയൻ വാലാബാഗിലെ കുറ്റവാളികളെ വിമുക്തരാക്കുന്നതിനെത്തുടർന്നാണ്. ബ്രിട്ടീഷ് അധികാരികളുടെ സമ്മതം ഇല്ലാതെ ഇസ്ലാമിക പുണ്യസ്ഥലങ്ങൾ ഇസ്ലാം അല്ലാത്തവരുടെ കീഴിൽ ചെന്നുപെടുകയും ജാലിയൻ വാലാബാഗ് കുറ്റകൃത്യത്തിന് ബ്രിട്ടീഷ്ഭരണാധികാരികളുടെ ഉറപ്പിന് എതിരായി കോടതി റെജിനാൾഡ് ഡയറിനെയും മൈക്കൽ ഒ ഡയറിനെയും കുറ്റവിമുക്തരാക്കി.



അലി സഹോദരൻമാർ



ഉദ്ദം സിംഗ്

ഖൽസാ അനാഥാലയത്തിൽ വളർന്ന ഉദ്ധം സിംങ് എന്ന സിക്ക് യുവാവ് ഈ ക്രൂരതയുടെ ദൃക്സാക്ഷിയായിരുന്ന ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് പ്രതികാരമായി 1940 മാർച്ച് 30 ന് ലണ്ടനിലെ ക്യാസ്റ്റോൺ ഹാളിൽ വച്ച് മൈക്കൽ ഒ ഡയറിനെ അദ്ദേഹം വധിച്ചു. തുടർന്ന് ഉദ്ധം സിംങിനെ ലണ്ടനിലെ പെന്റോൺവിയ ജയിലിൽ തൂക്കിലേറ്റി

ഹിന്ദുമുസ്ലീം ഐക്യത്തിനായി പ്രയത്നിച്ച ഗാന്ധിജിയും അനുയായികളും ബ്രിട്ടീഷ് ഭരണകൂടത്താൽ വഞ്ചിക്കപ്പെട്ട മുസ്ലീമുകളുമായി ചേർന്നു. അലി സഹോദരൻമാരായ മുഹമ്മദ് അലിയും, ഷൗക്കത്ത് അലിയും, മൗലാനാ അബ്ദുൾ കലാം ആസാദ് എന്നിവരാണ് ഇന്ത്യയിലെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രമുഖനേതാക്കൾ.

(c) നിസ്സാഹകരണ പ്രസ്ഥാനത്തിന്റെ സമാരംഭം

1920 ആഗസ്റ്റ് 31 നാണ് ഖിലാഫത്ത് സമ്മേളനത്തിൽ ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സമാരംഭത്തെക്കുറിച്ച് തീരുമാനമെടുത്തത് അഹമദാബാദിൽ വച്ച് നടന്ന എല്ലാ പാർട്ടികളുടെ ചർച്ചയിലാണ് സർക്കാരിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളും കോടതികളും ബഹിഷ്കരിക്കുന്ന തീരുമാനം എടുത്തത്. 1920 ൽ കൊൽക്കത്തയിൽ വച്ച് നടന്ന കോൺഗ്രസ്സിന്റെ പ്രത്യേക സെഷനിലാണ് നിസ്സഹകരണ പ്രസ്ഥാനത്തിന് രൂപം നൽകാൻ ഗാന്ധിജി തീരുമാനിച്ചത്. ഇതിലൂടെ കൊളോണിയൽ ഭരണകൂടത്തിന്റെ പിടിയിൽ നിന്ന് ഖിലാഫത്തിന്റെയും പഞ്ചാബിന്റെയും പ്രശ്നങ്ങൾ പരിഹരിക്കുകയും സ്വയംഭരണം സ്ഥാപിക്കുകയും ചെയ്തു.

ബ്രിട്ടീഷ് സ്കൂളുകൾ, കോളേജുകൾ, കോടതികൾ, സർക്കാർ സ്ഥാപനങ്ങൾ വിദേശ വസ്തുക്കൾ എന്നിവ ബഹിഷ്കരിക്കുക, ബ്രിട്ടീഷുകാരിൽ നിന്ന് ലഭിച്ചബഹുമതികൾമടക്കികൊടുക്കുകഎന്നിവയാണ് നിസ്സഹകരണ പ്രസ്ഥാനത്തിൽ ഉൾപ്പെടുത്തിയിരിന്നത്. പകരത്തിന് ദേശീയ സ്കൂളുകളും, പഞ്ചായത്തുകളും, സ്വദേശത്ത് സാധനങ്ങൾ നിർമ്മിക്കാൻ തുടങ്ങി. നികുതിപ്രചാരണവുംബഹുജന നിസ്സഹരണവുമായിരുന്നു 1920 ൽ നാഗ്പൂർ

12th_History_MAL_Unit_4Pixels.indd 47 2/28/2023 1:16:50 PM

കോൺഗ്രസ്സ് നേരത്തെയുള്ള തീരുമാനങ്ങളെ അംഗീകരിച്ചു. നാഗപൂർ കോൺഗ്രസ്സിന്റെ മറ്റൊരു പ്രമേയം എന്നത് ഭാഷാ അടിസ്ഥാനമാക്കി പ്രദേശിക കോൺഗ്രസ്സ് കമ്മറ്റികൾ രൂപീകരിച്ച് കൂടുതൽ പ്രവർത്തകരെ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരികയെന്നതാണ്. കോൺഗ്രസ്സിന്റെ അടിത്തറ വിപുലീകരിക്കാൻ പ്രവർത്തകർ ഗ്രാമങ്ങളിലേക്ക് പോവുകയും കൂടുതൽ ഗ്രാമീണരെ നാമമാത്രമായ തുകയായ നാലണയ്ക്ക് (25 പൈസ) ചേർക്കുക എന്നതായിരുന്നു. കോൺഗ്രസ്സിന്റെ സ്വഭാവം മൊത്തത്തിൽ മാറ്റങ്ങൾക്ക് വിധേയമായി വലിയ വിഭാഗം മാറ്റത്തിന് വിധേയമാവുകയും ദേശീയതയിലും ദേശീയ സമരത്തിൽ പങ്കെടുക്കുന്നതും തങ്ങളുടെ മനസ്ഥിതിയിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ കുറച്ച് യഥാസ്ഥികതർ കൂടുതൽ ആളുകൾ സമരത്തിൽ പങ്കെടുക്കുന്നതിനെ എതിർക്കുകയും കോൺഗ്രസ്സ് വിടാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസിന്റെ സ്വഭാത്തെ മാറ്റുകയും യഥാർത്ഥ ബോധത്തോടെ ഒരു ബഹുജനപ്രസ്ഥാനമായി തീർക്കുകയും ചെയ്തു.



നിസ്സഹകരണ പ്രസ്ഥാനത്തിൽ ഗാന്ധി

(d) ഗാന്ധിജിയുടെ നേതൃത്വവും അതിന്റെ സ്വാധീനവും

ബ്രിട്ടീഷ് സ്ഥാപനങ്ങൾക്കു പകരമായി ആയിരക്കണക്കിന് സ്കൂളുകളും, നൂറുകണക്കിന് കോളേജുകളും സ്വദേശവാസികൾ നിർമ്മിച്ചു ആയിരക്കണക്കിന് സ്കൂൾ കോളേജു വിദ്യാർത്ഥികൾ ഗവൺമെന്റ് സ്ഥാപനങ്ങൾ ഉപേക്ഷിച്ച് പ്രമുഖരായ അഭിഭാഷകർ തന്റെ ജോലി നിർത്തിവച്ചു. രാജ്യ ദ്രോഹ കുറ്റം ചുമത്തി അലി സഹോദരൻമാരെ ജയിലിൽ അടച്ചു. കോൺഗ്രസ്സ് കമ്മിറ്റി നിയമ ലംഘന പ്രസ്ഥാനം രൂപീകരിച്ചു. സർക്കാർ പതിവുപോലെ അടിച്ചമർത്തൽ തുടങ്ങി. തൊഴിലാളികളെയെല്ലാം തടവിലാക്കി. 1921 ൽ വേൽസ് രാജകുമാരന്റെ ഇന്ത്യ സന്ദർശനം ബഹിഷ്കരിച്ചു. ഇന്ത്യ സന്ദർശനത്തിലൂടെ രാജകുമാരന് ജനതയോട് വിശ്വസ്തവികാരം ഉളവാകും എന്ന കൊളോണിയൽ സർക്കാറിന്റെ ധാരണ തെറ്റാണെന്ന് തെളിയിക്കപ്പെടുകയും ചെയ്തു. തൊഴിലാളികളും കൃഷിക്കാരും രാജ്യമെമ്പാടും സമരം പ്രഖ്യാപിച്ചു. നിസ്സഹരണ പ്രസ്ഥാനത്തിൽ അഹിംസാ രീതിയിൽ പങ്കെടുത്താൽ ഒരു വർഷത്തിനകം സ്വാതന്ത്ര്യം നേടാം എന്ന് ഗാന്ധിജി വാഗ്ദാനം നൽകി.

സമരത്തിൽ ദക്ഷിണേന്ത്യയാണ് മുന്നേറിയത്. ആന്ധ്രയിലെ കർഷക ജന്മികൾക്ക് നികുതി അടയ്ക്കുന്നത് നിർത്തിവച്ചു. ചിരള പേറളയിലെ മുഴുവൻ ജനങ്ങളും നികുതി അടയ്ക്കാൻ വിസമ്മതിയ്ക്കുകയും നഗരം വിട്ടു പോവുകയും ചെയ്തു. നൂറുകണക്കിന് ഗ്രാമപട്ടേലുകളും ശാൻബോഗുകളും തന്റെ ജോലി ഉപേക്ഷിച്ചു. തമിഴ്നാട്ടിൽ നിസ്സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് സി. ഗോപാലാചാര്യരും, എസ്. സത്യമൂർത്തിയും, ഇ.വി. ആർ. പെരിയാറുമാണ്. കേരളത്തിൽ കർഷകർ ജന്മി വിരുദ്ധ സമരങ്ങൾ സംഘടിപ്പിച്ചു.

യു.പി, ബംഗാൾ, ആസ്സാം, ബിഹാർ ഒറീസ എന്നിവിടങ്ങളിലെ പാവപ്പെട്ടവർ ഈ പ്രസ്ഥാനത്താൽ ദുരിതമനുഭവിച്ചു എന്ന് സ്റ്റേറ്റ് സെക്രട്ടറിയ്ക്ക് വൈസ്രോയി കത്തയച്ചു. ആ പ്രസ്ഥാനത്തിൽ പങ്കെടുത്തവരെയെല്ലാം തന്നെ അവർ തടവിലാക്കി. 1922 ഫെബ്രുവരിയിൽ ഗാന്ധിജി ബർഡോളിയിൽ വച്ച് ഏഴു ദിവസത്തിനകം തടവിലാക്കിയവരെ മോചിപ്പിച്ചില്ലെങ്കിൽ വൻ നിസ്സഹകരണ പ്രസ്ഥാനത്തിന് നേതൃത്വം നൽകുമെന്ന് പ്രഖ്യാപിച്ചു.

(e) ചൗരി ചൗരാ സംഭവവും, പ്രസ്ഥാനത്തിന്റെ പിൻവലിയ്ക്കലും

സാധാരണക്കാരും ദേശീയവാദികളും സ്വരാജ് താമസിയാതെ ലഭിക്കും എന്ന് പൂർണ്ണ വിശ്വാസത്തോടെ സമരത്തിൽ സജീവമായി പങ്കെടുത്തു. കാട്ടിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെ എല്ലാവിഭാഗം ആളുകളെയും ഇത് ആകർഷിച്ചിരുന്നു. മലബാറിലും ആന്ധ്രയിലും അക്രമസക്തമായ കലാപങ്ങൾ നടന്നു. തീരദേശ ആന്ധ്രയിരാംപ് പ്രദേശത്ത്, അല്ലൂരിൽ സീതാരാമ രാജുവിന്റെ നേതൃത്വത്തിൽ ആദിവാസികൾ കലാപം നടത്തി. മലബാറിൽ മുസ്ലീം (മാപ്പിള) കർഷകർ സവർണ്ണ ഭൂവുടമകൾക്കും ബ്രിട്ടീഷ് സർക്കാരിനുമെതിരെ സായുധകലാപത്തിൽ ഏർപ്പെട്ടു.

യൂപിയിലെ ഗോരംഖ്പൂർ ജില്ലയിലെ ചൗരി ചൗരാ എന്ന ഗ്രാമത്തിലെ സംഘടിത സന്നദ്ധ സംഘം മദ്യശാലകളിലും പ്രാദേശീക ബസാറുകളിലെ ഉയർന്ന വിലയ്ക്കെതിരെ വിസമ്മതം പ്രകടിപ്പിച്ചു. 1922 ഫെബ്രുവരി 5 ന് 3000 ത്തോളം ആളുകൾ പങ്കെടുത്ത് കോൺഗ്രസ്സ് ഘോഷയാത്രയിൽ പോലീസ് വെടിയുതിർത്തു. വെടിവയ്പ്പിൽ പ്രകോപിതരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് കത്തിച്ചു. 22 പോലീസുകാർക്ക് ജീവൻ നഷ്ടമായി. ഈ സംഭവമാണ് നിസ്സഹകരണ പ്രസ്ഥാനത്തെ താത്കാലികമായി നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്.

12th_History_MAL_Unit_4Pixels.indd 48 2/28/2023 1:16:50 PM

കോൺഗ്രസ്സ് പ്രവർത്തകർ ബാർദോളിയിലെ തീരുമാനത്തെ ദേശീയ പ്രവർത്തകരുടെ നിരാശയായി പ്രഖ്യാപിച്ചു. ചെറുപ്പക്കാരായ തൊഴിലാളികൾ ഈ തീരുമാനത്തോട് നീരസം പ്രകടിപ്പിച്ചപ്പോൾ ഗാന്ധിജിയിൽ വിശ്വാസമുള്ള മറ്റു ചിലർ ഇതിനെ തന്ത്രപരമായ പിൻമാറലായി കണക്കാക്കി. ഗാന്ധിജി, നെഹ്റു, സുഭാഷ്ചന്ദ്രബോസ് എന്നിവരെ അറസ്റ്റ് ചെയ്ത് ആറ് വർഷത്തേയ്ക്ക് ശിക്ഷിച്ചു അങ്ങനെ നിസ്സഹകരണ പ്രസ്ഥാനം അവസാനിച്ചു.

തുർക്കിയിലെജനങ്ങൾമുസ്തഫകമാൽപാഷയുടെ നേതൃത്വത്തിൽ കലാപത്തെ ഏർപ്പെടുത്തുകയും സുൽത്താന്റെ രാഷ്ട്രീയശക്തിയെ ഇല്ലാതാക്കുകയും കാലിഫേറ്റ് നിർത്തലാക്കുകയും മതവും രാഷ്ട്രീയവും ഒരുമിച്ചു പോകാൻ കഴിയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തപ്പോഴാണ് ഖിലാഫത്ത് വിഷയം അനാവശ്യമായത്.

4.5 സ്വരാജ്യ കക്ഷിയും അതിന്റെ പ്രവർത്തനവും

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ നിർത്തിവയ്ക്കലിനെത്തുടർന്ന് ഇനി എന്ത് എന്ന ചോദ്യം ഉയർന്നു. ചിത്തരഞ്ജൻദാസും, മോത്തിലാൽ നെഹ്റുവും പുതിയ പ്രവർത്തനം നിർദ്ദേശിച്ചു. തിരഞ്ഞെടുപ്പ് രാഷ്ട്രീയം ഉൾപ്പെടുന്ന സജീവ രാഷ്ട്രീയത്തിലേക്ക് മടങ്ങാനും പരിഷ്കൃതരുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്താൻ ദേശീയ വാദികൾക്ക് കഴിവുണ്ടെന്ന് തെളിയിക്കാനും അവർ ആഗ്രഹിച്ചു. ഈ സംഘടനയെയാണ് സ്വരാജ്യ കക്ഷി എന്ന് അറിയപ്പെടുന്നത്. തമിഴ്നാട്ടിൽ നിന്ന് സത്യമൂർത്തിയും ഈ സംഘടനയിൽ ചേർന്നു.

എന്നാൽ മറ്റൊരു സംഘടന ഗാന്ധിയൻ നീതിയെ മുൻനിർത്തി കൗൺസിലിന് എതിരായി പ്രവർത്തിച്ചു. രാജഗോപാലാചാരി, വല്ലഭായ് പട്ടേൽ, രാജേന്ദ്ര പ്രസാദ് എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. തിരഞ്ഞെടുപ്പ് രാഷ്ട്രീയം, ബഹുജന സമാഹാരത്തെ പ്രവർത്തനങ്ങളിൽ നിന്നും അവരുടെ പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധതിരിക്കുമെന്ന് അവർ വാദിച്ചു. സ്പിന്നിംഗ് സ്വഭാവം, ഹിന്ദുമുസ്ലീം ഐക്യം തൊട്ടു കൂടായ്മ നീക്കം ചെയ്യുക, ഗ്രാമീണ ജനതയെ അണിനിരത്തുക, പുതിയ ജന ബഹുജന പ്രസ്ഥാനങ്ങൾക്ക് അവരെ സജ്ജമാക്കുക. തുടങ്ങിയവ ഗാന്ധിയൻ സൃഷ്ടിപരമായ പരിപാടികളെ തുടർച്ചയായി അവർ അനുകൂലിച്ചു. കോൺഗ്രസ്സിന്റെ ഭാഗമായാണ് അനുകൂലികൾ സ്വരാജ് പാർട്ടി ആരംഭിച്ചത് ഇരുകൂട്ടരും കോൺഗ്രസ്സ് പരിപാടികളിൽ ഏർപ്പെടുകയും ഗാന്ധിയുടെ നേതൃത്വത്തിൽ അവരുടെ പ്രവർത്തനങ്ങൾ പരസ്പരം പരിപൂർണ്ണമാവുകയും ചെയ്തു. എന്നാൽ ഗാന്ധി വ്യക്തിപരമായി സൃഷ്ടിപരമായ പ്രവർത്തനങ്ങളെ അനുകൂലിച്ചു.


സത്യമൂർത്തി

കേന്ദ്ര സഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ സ്വരാജ്യപാർട്ടി 101 സീറ്റുകളിൽ 42 ലും വിജയിച്ചു. മറ്റ് അംഗങ്ങളുടെ സഹകരണത്തോടെ അവർക്ക് കൊളോണിയൻ ഭരണകൂടത്തിന്റെ നിരവധി ജന വിരുദ്ധ നിയമ നിർമ്മാണങ്ങൾ നിർത്താൻ കഴിഞ്ഞു. 1919 ലെ നിയമത്തിന്റെ അപര്യാപ്ത തുറന്നു കാട്ടുന്നതിൽ അവർ വിജയിച്ചു. പക്ഷെ അവരുടെ ശ്രമങ്ങളും ഉത്സാഹവും കാലം കടന്നുപോകും തോറും ബോധപൂർവ്വം അല്ലെങ്കിൽ അബോധാവസ്ഥയിൽ ഇത് രൂപീകരിച്ച് നിരവധി കമ്മിറ്റികളിലെ അംഗങ്ങളായി സർക്കാർ സഹകരിച്ചു.

ജനങ്ങളുടെ സമരം ദേശീയതലത്തിൽ നടക്കുന്നതിനാൽ വിഭാഗീയത തലയുവർത്താൻ തുടങ്ങി. മതമൂലികവാദ ശക്തികൾ ഇടം പിടിച്ചതോടെ വർഗ്ഗ കലാപം തുടർന്നു. സ്വരാജ് പാർട്ടിയെ പോലും വിഭാഗീയത ബാധിച്ചു ഒരു കൂട്ടം പ്രവർത്തകർ ഹിന്ദു താല്പര്യങ്ങൾ സംരക്ഷിക്കാനായി സർക്കാരുമായി സഹകരിക്കുന്നതായി നടിച്ചു. മുസ്ലീം മതമൗലികവാദികളും ദേശീയപോരാട്ടത്തിൽ സ്ഥാനം പിടിക്കുകയും മതവികാരം പ്രചരിപ്പിക്കുകയും ചെയ്തു. ഇടതുപക്ഷ തീവ്രവാദത്തിന്റെ ഉദയം സംഭവവികാസങ്ങളിൽ ഗാന്ധി വേദനിച്ചു. സാമുദായിക ഭ്രാന്ത് നിയന്ത്രിക്കാനായി അദ്ദേഹം 21 ദിവസത്തെ ഉപവാസം തുടങ്ങി.

ഇടത് പ്രസ്ഥാനം

ഇതിനിടയിൽ സോഷ്യലിസ്റ്റ് ആശയങ്ങളും അതിന്റെ പ്രവർത്തകരും കൃഷിക്കാരും തൊഴിലാളിക്കുമിടയിൽ അവരുടെ പ്രവർത്തനങ്ങളെ ആരംഭിച്ചു. തൊഴിലാളി, കർഷക പ്രസ്ഥാനങ്ങൾ സംഘടിപ്പിച്ചത് ഇടതുപക്ഷക്കാരനാണ്കൊളോ


ചിത്തരഞ്ജൻ ദാസ്


മോത്തിലാൽ നെഹ്റു

12th_History_MAL_Unit_4Pixels.indd 49 2/28/2023 1:16:51 PM

ണിയലിസത്തെയും, മുതലാളിത്തത്തെയും വിമർ ശിക്കാനുള്ള നിലയിൽ മാർക്സിസം വേരൂന്നി ട്രേഡ് യൂണിയനുകൾക്ക് പുറമേ വിദ്യാർത്ഥി കളുടെയും യുവാക്കളുടെയും സംഘടനകളിൽ സ്വാധീനം ചെലുത്തി. ജവഹർലാൽ നെഹ്റുവും സുഭാഷ്ചന്ദ്രബോസും ഇടതുപക്ഷ വ്യാപനത്തിന് സംഭാവനകൾ നൽകി. കൊളോണിയൻ ചൂഷണത്തി നും വളർന്നു വരുന്ന മുതലാളിമാരുടെ ചൂഷണത്തി നും നേരെ പോരാടണമെന്ന് അവർ വാദിച്ചു. ഒരു കൂട്ടം ചെറുപ്പക്കാർക്കൊപ്പം എസ്.എ. ഡാംഗെയും എം.എൻ റോയും മുസ്സാഫർ അഹമ്മദിനൊപ്പം തമിഴ്നാട്ടിൽ നിന്നുള്ള മുതിർന്ന നേതാവായ സിങ്കാരവേലും ചേർന്ന് കർഷകർക്കും തൊഴിലാളി കളും എന്ന സംഘടന രൂപീകരിച്ചു കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റുകൾക്കും വിപ്ലവകാരികൾക്കുമെതിരെ സർക്കാർ നടപടികൾ ശക്തമാക്കി കൺപൂർ മീറ്റ്, കകോരി തുടങ്ങിയ ഗൂഢാലോചന കുറ്റങ്ങ ക്കെതിരെ കേസെടുത്തു.

തുടങ്ങുകയും 1860 ൽ കാൺപൂരിൽ ഒരു സർക്കാർ ലെതർ ഫാക്ടറി ആരംഭിക്കുകയും ചെയ്തു. ആദ്യത്തെ ഇന്ത്യൻ ഉടമസ്ഥതയിലുള്ള ദേശീയ ടാന്നറി 1905 കൊൽക്കത്തയിൽ സ്ഥാപിതമായി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മൈസൂരിൽ കോലാർ ഖനന മേഖലയിൽ സ്വർണ്ണ ഖനനം ആരംഭിച്ചു.

ഉൽപ്പാദന മേഖലകളിൽ വ്യവസായങ്ങളിൽ അന്തർ യുദ്ധകാലത്ത് വളർച്ച രേഖപ്പെടുത്തി വളർച്ച നിരക്ക് ബ്രിട്ടനെക്കാൾ വളരെ മികച്ചതും ലോക ശരാശരിയെക്കാൾ മികച്ചതുമായിരുന്നു എന്നതാണ് ശ്രദ്ധേയം. 1923 24 ൽ ഒരു ചെറിയ സ്ലഗിനു ശേഷം ടെക്സ്റ്റൈൽ വ്യവസായത്തിന്റെ ഉൽപ്പന്നം ആരംഭിച്ചു. യുദ്ധ കാലഘട്ടത്തിൽ തറികളുടേയും, കതിർ മാരുടേയും എണ്ണം ഗണ്യമായി വർദ്ധിച്ചു.

1929 30 ൽ ഇന്ത്യയിൽ ഉപയോഗിക്കുന്ന പരുത്തി കൃഷിയുടെ 44 ശതമാനം പുറത്ത് നിന്നാണ് വന്നതെങ്കിലും 1933 34 ആയപ്പോഴേക്കും മഹാമാന്ദ്യത്തിനു ശേഷം ഈ അനുപാതം 20.5 ശതമാനമായി കുറഞ്ഞു. പഞ്ചസാര, സിമെന്റ് എന്നിവയാണ് മറ്റ് രണ്ട് വ്യവസായങ്ങൾ യുദ്ധം നടന്ന സമയത്ത് പോലും ഷിപ്പിംഗ് വ്യവസായം വളർച്ചയുണ്ടായി. സിന്ധുസ്റ്റീം നാവിഗേഷൻ കമ്പനി ലിമിറ്റഡ് (1919) ആയിരുന്നു മുൻഗാമിയായിട്ടുള്ളത് 1939 ൽ അവർ ബോംബെ സ്റ്റീം നേവിഗേഷൻ കമ്പനി ലിമിറ്റഡ് ഏറ്റെടുത്തു, ബ്രിട്ടീഷുകാരുടെ അനുവാദത്തോടെ എട്ടു ഇന്ത്യൻ സംരംഭകർ കൂടി ഈ മേഖലയിൽ പ്രവർത്തനം തുടങ്ങി. രണ്ടാം ലോകമഹായുദ്ധത്തോടെ ഉൽപ്പാദനത്തിൽ ഒരു പുതിയ ഘട്ടം ആരംഭിച്ചു. ഇത് നിർമ്മാണ വ്യവസായങ്ങൾ, യന്ത്രങ്ങൾ, വിമാനങ്ങൾ ലോക്കോമോട്ടിവുകൾ എന്നിവയിലേക്ക് വ്യാപിക്കുന്നതിലേക്ക് നയിച്ചു.

സാമ്പത്തിക മാന്ദ്യകാലത്ത് തമിഴ്നാട്ടിലെ വ്യവസായിക വികസനം

മദ്രാസ് പ്രസിഡൻസിയിലെ വ്യവസായിക വളർച്ച വർദ്ധിച്ചു. കോയമ്പത്തൂർ സ്റ്റൈയിൻസ് മില്ല് (കോയമ്പത്തൂർ സ്പിന്നിംഗ്, വിവിംഗ് മില്ലുകൾ) 1986 ൽ സ്ഥാപിതമായി, അതിനുശേഷം മറ്റൊരു മില്ലും വരാൻ കഴിഞ്ഞില്ല. ഭൂമിയുടെ വിലയിലുണ്ടായ ഇടിവ്, തൊഴിൽ ചെലവ്, കുറഞ്ഞ പലിശ നിരക്ക് എന്നിവ പോലുള്ള മാന്ദ്യം സൃഷ്ടിച്ച വസ്തു നിഷ്ടമായ അവസ്ഥകൾ കോയമ്പത്തൂരിലെ തുണി വ്യവസായത്തിന്റെ വ്യാപനത്തിലേക്ക് നയിച്ചു. 1929 37 കാല ഘട്ടത്തിൽ കോയമ്പത്തൂർ പ്രദേശത്ത് ഇരുപത്തിയൊമ്പത് മില്ലുകളും, ജിന്നിംഗ് ഫാക്ടറികളും തുടങ്ങി. 1932 ൽ കോയമ്പത്തൂർ



കോയമ്പത്തൂർ സ്റ്റൈയിൻസ്മില്ല്

ജില്ലയിലെ മടുക്കരൈയിൽ ആരംഭിച്ച ഒരു സിമന്റ് ഫാക്ടറി സംസ്ഥാനത്ത് സിമന്റ് വ്യവസായത്തിന് ഉത്തേജനം നൽകി. ഈ പ്രവിശ്യയിലെ പഞ്ചസാര വ്യവസായം 1931 മുതൽ 1936 വരെ രണ്ടിൽ നിന്നും പതിനൊന്നിലേക്ക് ഉയർന്നു. ഈ കാലഘട്ടങ്ങളിൽ അരിമില്ല്, എണ്ണമില്ല്, സിനിമ എന്റർപ്രൈസസ് എന്നിവ വ്യാപിച്ചു.

സംഗ്രഹം

- 1920 മുതൽ 1930 വരെ റാഡിക്കലിസത്തിന്റെ കുതിപ്പുചാട്ടത്തിന് സാക്ഷ്യം വഹിച്ചു. അത് ദേശീയവാദത്തിന്റെ അന്തസത്തതയിൽ നിന്ന് വേറിട്ടു നിന്നു.
- ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കുകയും, കാൻപൂർ ഗൂഢാലോചന കേസ്, മറ്റും മിറ്റ് ഗൂഢാലോചന കേസിനു ശേഷം അതിന്റെ പ്രവർത്തനം നിലച്ചു.
- വിപ്ലവപാതയിൽയുവതികൾപങ്കെടുത്തു.അതിൽ കൽപ്പനദത്തയും മുഖ്യ പങ്ക് വഹിച്ചു.
- പ്രധാന വിപ്ലവകാരികളായ ഭഗത്സിംഗ്, രാജഗുരു, സുഖ്ദേവ്, സൂര്യസെൻ എന്നിവർ സ്വതന്ത്ര്യത്തിനുവേണ്ടി രക്ത സാക്ഷിത്വം വഹിച്ചു.
- 1930 കളിലെ സാമ്പത്തിക മാന്ദ്യം ലോകമെമ്പാടും വ്യാപിച്ചു. ഇന്ത്യ ബ്രിട്ടീഷുകാരുടെ കോളനിയായതു കൊണ്ട് കൂടുതൽ ബാധിച്ചു. ഇന്ത്യയുടെ വ്യാവസായിക വികസനം, അന്തർ യുദ്ധ വർഷങ്ങളുടെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ രാം പകുതിയിൽ ബ്രിട്ടീഷുകാരിൽ നിന്നും പ്രധാനമായും പ്രേരിപ്പിച്ചതിനു കാരണം ഒന്നാം ലോകമഹായുദ്ധവും തുടർന്നുള്ള സാമ്പത്തിക മാന്ദ്യവും.

12th_History_MAL_Unit_5Pixels.indd 70 4/8/2023 12:47:10 PM

പ്രവർത്തനങ്ങൾ

ICEPF

I ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ രൂപീകരിച്ചത്
   (a) 1920 (b) 1925
   (c) 1930 (d) 1935
2. കൽപ്പനദത്തുമായി ബന്ധമുള്ളത്
   (a) ഹിന്ദുസ്ഥാൻസോഷ്യലിസ്റ്റ്അസോസിയേഷൻ
   (b) ബംഗാൾ അസോസിയേഷൻ
   (c) ഇന്ത്യൻ റിപ്പബ്ലിക്കൽ ആർമി
   (d) മേൽപ്പറഞ്ഞവയൊന്നുമില്ല
3. ഇനിപ്പറയുന്നവയുമായി പൊരുത്തപ്പെടുക
   (A) കാൻപൂർഗൂഢാലോചന കേസ് - 1. അടിസ്ഥാന അവകാശങ്ങൾ
   (B) മിറട്ട് ഗൂഢാലോചന കേസ് - 2. സൂര്യസെൻ
   (C) ചിറ്റഗോംഗ് ആയുധശാലറെയിഡ് - 3. 1929
   (D) ഇന്ത്യൻ കറാച്ചിസെക്ഷൻ ദേശീയ കോൺഗ്രസ് - 4. 1924
   (a) 1, 2, 3, 4 (b) 2, 3, 4, 1
   (c) 3, 4, 1, 2 (d) 4, 3, 2, 1
4. 64 ദിവസത്തെ പട്ടിണിക്ക് ശേഷം ജയിലിൽ മരിച്ചത്?
   (a) പുലിൻ ദാസ് (b) സച്ചിൻ സന്യാൽ
   (c) ജതീന്ദ്രനാഥ ദാസ് (d) പ്രീത് വട്ടാഭർ
5. സാമ്പത്തിക മാന്ദ്യത്തെകുറിച്ച് ഇനി പറയുന്നതിൽ ഏതാണ്?
   (i) ഇത് വടക്കേ അമേരിക്കയിൽ ആരംഭിച്ചു
   (ii) വാൾസ്ട്രിറ്റിലെ തകർച്ച സാമ്പത്തിക മാന്ദ്യത്തിന് കാരണമായി
   (iii) മാന്ദ്യം സമ്പന്നരെ മാത്രം ബാധിച്ചു
   (iv) സാമ്പത്തിക മാന്ദ്യത്തിനാൽ വില ഇടിവു കാരണം തൊഴിലാളികൾ മെച്ചപ്പെട്ട ജീവിതം ആസ്വദിച്ചു.
   (a) i, ii (b) i, ii, iii
   (c) i, iv (d) i, iii, iv
6. ബോംബെയിലെ ആദ്യത്തെ കോട്ടൺമില്ല് ആരംഭിച്ചത്
   (a) 1852 (b) 1854
   (c) 1861 (d) 1865
7. ചുവടെ നൽകിയിരിക്കുന്ന കോഡിന്റെ സഹായത്തോടെ ഇനിപറയുന്നവയിൽ ഏതാണ് ശരിയെന്ന് കണ്ടെത്തുക.
   I. ചിറ്റഗോംഗ് ആയുധ പരിശോധന റെയിഡിന്റെ ഓർമ്മപ്പെടുത്തലുകൾ എഴുതിയത് കൽപ്പനദത്ത് ആണ്.
   II. കൽപ്പനദത്ത് ഇന്ത്യയുടെ വിമോചനത്തിനായി തോക്കുകളുമായി പോരാടി.
   III. ബ്രിട്ടീഷ് രാജാവിനെതിരെ യുദ്ധം ചെയ്തതിന് അവർക്കെതിരെ കേസെടുത്തു.
   (a) I (b) I, II
   (c) II, III (d) മുകളിൽ പറഞ്ഞതെല്ലാം
8. ആദ്യത്തെ പാസഞ്ചർ ട്രെയിൻ 1853 ൽ ആരംഭിച്ചത്
   (a) മദ്രാസ് – അരക്കോണം
   (b) ബോംബെ – പൂനെ
   (c) ബോംബെ – താനെ
   (d) കൊൽക്കത്ത – ഹൂഗ്ലി
9. കൊൽക്കത്തയിലെ ആദ്യത്തെ ചണംമില്ല് സ്ഥാപിച്ചത്
   (a) 1855 (b) 1866
   (c) 1877 (d) 1888
10. ഇനിപ്പറയുന്നവയിൽ ആരാണ് കാൻപൂർ ഗൂഢാലോചന കേസിൽ അറസ്റ്റിലായത്?
    (a) എം.എൻ.റോയ് (b) ഭഗത്സിങ്ങ്
    (c) എസ്.കെ. ഡാങ്കേ (d) രാംപ്രസാദ് ബിസ്മിൽ
11. കാൻപൂർ ഗൂഢാലോചന കേസിനെ കുറിച്ച് ഇനിപ്പറയുന്നവയിൽ ഏതാണ് സത്യം?
    (i) ചണം, പരുത്തി, തുണി വ്യവസായങ്ങളിൽ ട്രേഡ് യൂണിയനുകൾ ഉയർന്നു വന്നു.
    (ii) കമ്മ്യൂണിസ്റ്റുകൾക്കും ട്രേഡ് യൂണിയനിസ്റ്റുകൾക്കുമെതിരെ കേസെടുത്തു
    (iii) കേസ് സെഷൻസ് ജഡ്ജി ഹച്ച്ഇ. ഹോംസിനു മുമ്പാകെ വന്നു.
    (iv) വിചാരണയും, ജയിൽ വാസം ഇന്ത്യയിലെ കോൺഗ്രസ് പ്രവർത്തനങ്ങളെ കുറിച്ച് ചില അവബോധത്തിലേക്ക് നയിച്ചു
    കോഡുകൾ
    (a) i, ii, iii (b) i, iii, iv
    (c) ii, iii, iv (d) i, ii, iv

II. ഹ്യസ്വമായ ഉത്തരങ്ങൾ

1. ഇന്ത്യയിൽപാർട്ടികെട്ടിപ്പടുക്കാൻസഹായിക്കുന്നതിനായി കമ്യൂണിസ്റ്റ് പാർട്ടിഓഫ് ഗ്രേറ്റ്ബ്രിട്ടൺ അയച്ച മൂന്ന് ബ്രിട്ടീഷ് കമ്യൂണിസ്റ്റുകളുടെ പേര് നൽകുക.
2. മിറട്ട്ഗൂഢാലോചനകേസിൽപ്രതികളെഹാജാരാക്കിയവരെ തിരിച്ചറിയുക.
3. ഗോരഖ്പൂരിലെ കുപ്രസിദ്ധ ജഡ്ജി ഹച്ച്.ഇ. ഹോംസിനെ കുറിച്ച് നിങ്ങൾക്കെന്തറിയാം?
4. രണ്ടാമത്തെ ലാഹോർ ഗൂഢാലോചന കേസ് എന്നറിയപ്പെടുന്ന സംഭവം ഏത്?
5. എന്തുകൊണ്ട് ജെ.എൻ. റ്റാറ്റയെ ആധുനിക ഇന്ത്യൻ വ്യവസായത്തിന്റെ പിതാവ് എന്ന് വിളിക്കുന്നത്?

12th_History_MAL_Unit_5Pixels.indd 71 4/8/2023 12:47:10 PM

III. ഹ്രസ്വകാല ഉത്തരങ്ങൾ എഴുതുക

1. ചിറ്റഗോംഗ് ആയുധശാല റെയിഡുമായി ബന്ധപ്പെട്ട് സൂര്യസെൻ എങ്ങനെ സ്വാധീനിക്കുന്നുവെന്നത് വിശദീകരിക്കുക.
2. റ്റിസ്കോയെ കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.
3. ദക്ഷിണേന്ത്യയിലെ ട്രേഡ് യൂണിയനിസത്തിന്റെ സിംഗാര വേലരുടെ സംഭാവനയെകുറിച്ച് എഴുതുക.

IV. ഇനിപറയുന്നവയെ കുറിച്ച് വിശദമായ ഉത്തരമെഴുതുക

1. ഭഗത് സിംഗിന്റെ ദേശീയതയുടെ സമൂലമായ തന്ത്രത്തെ കുറിച്ചും അദ്ദേഹത്തെ തൂക്കിലേറ്റാൻ കാരണമായ വിപ്ലവകരമായ പ്രവർത്തനങ്ങളെ കുറിച്ചും ചർച്ച ചെയ്യുക.
2. 1919 1939 കാലഘട്ടത്തിൽ കൊളോണിയൻ ഇന്ത്യയിലെ തൊഴിൽശാല വികസനത്തെ കുറിച്ച് എഴുതുക.
3. മഹാമാന്ദ്യത്തിന്റെ സമർദ്ദത്തിൽ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ അഭിലാഷങ്ങൾ ആവിഷ്കരിക്കുന്നതിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കറാച്ചിസെഷനിന്റെ പ്രാധാന്യം പരിശോധിക്കുക.

V. പ്രവർത്തനം

1. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ സ്ത്രീകൾ വഹിച്ച പങ്കിനെ അന്വേഷിക്കുന്ന ഒരു ഗ്രൂപ്പ് പ്രോജക്ട്.
2. ഗാന്ധിയൻ കാലഘട്ടത്തിൽ തമിഴ്നാട്ടിലെ പ്രമുഖ വതിനാ പ്രവർത്തകർ വഹിച്ച പങ്കിനെ കുറിച്ച് വിശദീകരിക്കാൻ ഓരോ വിദ്യാർത്ഥിക്കും ക്ലാസ്സിൽ അസൈൻമെന്റ് കൊടുക്കുക.

പരാമർശഗ്രന്ഥങ്ങൾ

1. Bipan Chandra, etal., *India's Struggle for Independence*, Penguin Books, New Delhi, 2016.
2. K.A. Manikumar, *A Colonial Economy in the Great Depression: Madras, 1929-37*, Orient Longman, 2002.
3. Irfan Habib, *Indian Economy* 1858-1914, *A People's History of India*, Tulika Books, New Delhi. 2016.
4. Bhagat Singh, *Why I am an Atheist*, National Book Trust, New Delhi, 2006
5. *Cambridge Economic History of India*, Vol-2.
6. Kalpana Dutt, *Chittagong Armoury Raiders Reminiscences*, People's Publishing House Bombay, 1940.
7. *Documents of the Communist Movement in India, vol. II, Meerut conspiracy case* (1929), National Book Agency Calcutta

A-Z പ്രവർത്തനം

Communism	a political and economic system in which there is no private ownership of property or industry and people of all social classes are treated equally.	സ്ഥിതിസമത്വവാദം
Bolshevik	a member of the majority faction of the Russian Communist Party, which seized power in the October Revolution of 1917.	കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തെ അനുകൂലിക്കുന്നവൻ, വിപ്ലവകാരി
fundamental Rights	civil liberties of the people.	മൗലീക അവകാശങ്ങൾ
Great Depression	a deep and prolonged economic crisis.	സാമ്പത്തിക മഹാമാന്ദ്യം
radicalism	social or political movements that aim at fundamental change in the structure of society.	രാഷ്ട്രീയത്തിലും മറ്റും പുരോഗമന വാദികളുടെ വിശ്വാസ പ്രമാണം
draconian	severe.	അതികർശനവും ക്രൂരവുമായ നിയമം
civil liberties	personal freedom which cannot be denied without due process of law.	സിവിൾ അവകാശങ്ങൾ

12th_History_MAL_Unit_5Pixels.indd 72 4/8/2023 12:47:10 PM

യൂണിറ്റ്
6

ദേശീയവാദ രാഷ്ട്രീയത്തിലെ വർഗ്ഗീയത

പഠന ലക്ഷ്യങ്ങൾ

D16AX

വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ

- ഇന്ത്യ സ്വാതന്ത്ര്യത്തിനു മുൻപ് മതപരമായ ദേശീയതയുടെ ആവിർഭാവം
- ബ്രിട്ടീഷുകാരുടെ സാമ്രാജ്യത്വ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഭിന്നിപ്പിച്ചുള്ള ഭരണം
- മുസ്ലീംങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ വേണമെന്ന് ജിന്നയുടെയും ലീഗിന്റേയും ആവശ്യം
- 1935 ലെ ഇന്ത്യൻ ഗവൺമെന്റ് ആക്ട് പ്രകാരം കോൺഗ്രസ് അധികാരമേറ്റത്
- കൊൽക്കത്തയിലെ വർഗ്ഗീയ അക്രമവും കാൾ ഫാർ ഡയറക്റ്റ് ഡെ എന്ന പത്രത്തിന് ജിന്ന നൽകിയ അഹ്വാനവും
- രാജ്യത്തെ ഇന്ത്യയെന്നും പാക്കിസ്ഥാൻ എന്നും രണ്ടായി വിഭജിച്ചത്

ആമുഖം

ബ്രിട്ടീഷ്‌രാജ് സ്ഥാപിക്കുന്നതിനു മുമ്പ് മുഗളൻമാരും അവരുടെ ഏജൻറ്റുമാരും രാജ്യത്തിന്റെ വലിയ ഭാഗങ്ങൾ ഭരിച്ചിരുന്നു. അതിനാൽ മുസ്ലീംകളിൽ വലിയ ഒരു വിഭാഗം ഭരണവർഗ്ഗത്തിന്റെ സഹ മത വിശ്വാസികളായിരിക്കുന്നതിന്റെ ഗുണം ലഭിച്ചു. അവരിൽ പലരും പരമാധികാരികളും ഭൂവുടമകളും ജനറലുകളും ഉദ്യോഗസ്ഥരും ആയിരുന്നു. ഔദ്യോഗിക ഭാഷയും ആസ്താന ഭാഷയും പേർഷ്യൻ ആയിരുന്നു. ബ്രിട്ടീഷുകാർ ക്രമേണ അവരെ മാറ്റി സ്ഥാപിച്ചപ്പോൾ അവർ ഒരു പുതിയ ഭരണസംവിധാനം ഏർപ്പെടുത്തി 19 ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് മുഖ്യത്വം നൽകപ്പെട്ടു. 1857 ലെ കലാപം മുൻഭരണവർഗ്ഗത്തിന്റെ അവസാനമായിരുന്നു. കലാപത്തെ ക്രൂരമായി അടിച്ചമർത്തിയതിനെ തുടർന്ന് മുസ്ലീംങ്ങൾക്ക് എല്ലാം ഭൂമി ജോലി, മറ്റ് അവസരങ്ങൾ എന്നിവ നഷ്ടപ്പെടുകയും പരിതാപകരമായ അവസ്ഥയിലേക്ക് ചുരുങ്ങുകയും ചെയ്തു. ഈ അവസ്ഥയിലേക്ക് എത്തിയതിന് സഹിക്കാൻ പറ്റാതെ അവർ സമൂഹത്തിൽ നിന്ന് ഒതുങ്ങി ജീവിക്കേണ്ടിവന്നു. 1857 നു ശേഷമുള്ള ആദ്യത്തെ കുറച്ചു ബ്രിട്ടീഷ് ഭരണകൂടത്താൽ ഏർപ്പെടുത്തിയ പുതിയ അവസരങ്ങളെ പ്രയോജനപ്പെടുത്തികൊണ്ട് ഹിന്ദുക്കളോട് മൽസരിക്കാൻ തയ്യാറായി. ഇന്ത്യൻ ദേശീയത ഉയർന്നുവന്നതോടെ, പ്രത്യേകിച്ച് വിദ്യാസമ്പന്നരായ ഹിന്ദു സവർണർക്കിടയിൽ ബ്രിട്ടീഷുകാർ മുസ്ലീം മധ്യ വർഗ്ഗത്തിൽ കോൺഗ്രസിനെ തടയാനുള്ള ഒരു ശക്തിയായികണ്ടു. സ്വന്തം താല്പര്യങ്ങൾ ഉന്നയിപ്പിക്കുന്നതിനായി അവർ സാഹചര്യം ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തി. ദേശീയതയുടെ മൽസരിക്കുന്ന മൂന്ന് തലങ്ങളായ ഇന്ത്യൻ ദേശീയത, ഹിന്ദു ദേശീയത, മുസ്ലീം ദേശീയത എന്നിവ ഈ പാഠത്തിൽ വിശദീകരിക്കുന്നു.

6.1 ബ്രിട്ടീഷ് ഇന്ത്യയിൽ വർഗ്ഗീയതയുടെ ഉൽഭവവും വളർച്ചയും

(a) ഹിന്ദു പുനരുജ്ജീവിപ്പിക്കൽ

ഒരു ഹിന്ദു അടിത്തറയിൽ മാത്രമേ ദേശീയത കെട്ടിപടുക്കാൻ കഴിയൂവെന്ന് ആദ്യകാല ദേശീയ വാദികളിൽ ചിലർ വിശ്വാസിച്ചിരിക്കുന്നു. സർവേപള്ളി ഗോപാൽ ചൂണ്ടികാണിച്ചതുപ്പോലെ 1875 ൽ സ്ഥാപിതമായ ആര്യ സമാപത്തിലൂടെ രാഷ്ട്രീയ ഹിന്ദു നവോത്ഥാനത്തിന്റെ ശബ്ദം മുഴങ്ങാൻ തുടങ്ങി. ബസന്റ് അവരുടെ ആശയങ്ങൾ ഇപ്രകാരമാണ് പ്രകടിപ്പിച്ചത്. പുരാതന മതങ്ങളുടെ പുനരു

12th_History_Pixels_Unit_6.indd 73 2/28/2023 1:18:45 PM

ജ്ജീവനവും ശക്തിപ്പെടുത്തലും ഉന്നമനവുമാണ് ഇന്ത്യക്കാരുടെ ശ്രമം ഇത് ഒരു പുതിയ ആത്മാഭിമാനവും ഭൂതകാലത്തിൽ അഭിമാനവും ഭാവിയിലുള്ള വിശ്വാസവും ഒരു അനിവാര്യമായ ഫലം, ദേശ സ്നേഹ ജീവിതത്തിന്റെ ഒരു വലിയ തരംഗം ഒരു ജനതയുടെ പുനർനിർമ്മാണത്തിന്റെ തുടക്കം.

(b) മുസ്ലീം അവബോധത്തിന്റെ ഉദയം

സർവേപള്ളി ഗോപാലനെ വീണ്ടും ഉദ്ധരിക്കുക, അലിഗഡ് പ്രസ്താനത്തിലൂടെ അതിന്റെ ആവിഷ്കാരം സുരക്ഷിതമായിരുന്നു. ബ്രിട്ടീഷ് അലിഗഡ് കോളേജ് കെട്ടിപടുക്കുന്നതിലൂടെയും സയ്യിദ് അഹമ്മദ്ഖാനെ പിൻതുണച്ചുകൊണ്ട് ഒരു മുസ്ലീം ദേശീയ പാർട്ടിയുടെയും മുസ്ലീം രാഷ്ട്രീയ പ്രത്യയ ശാസ്ത്രത്തിന്റെയും ജനനത്തെ സഹായിച്ചു. വാഹാബികൾ ഇസ്ലാമിനെ അതിന്റെ ശുദ്ധമായ വിശുദ്ധിയിലേക്ക് കൊണ്ടുപോകാനും അന്ധവിശ്വാസം അവസാനിപ്പിക്കാനും ആഗ്രഹിച്ചു. മുസ്ലീംങ്ങളെ രാഷ്ട്രീയ വൽക്കരിക്കുന്നതിൽ താഴെതട്ടിലുള്ള ആക്ടിവിസം ഒരു പ്രധാന പങ്കു വഹിച്ചു.

മറ്റു പല കാരണങ്ങളാലും മുസ്ലീംങ്ങൾക്കിടയിൽ അവബോധം വളർന്നു. 1870 കളിൽ ബംഗാൾ സർക്കാരിന്റെ ഉത്തരവുപ്രകാരം കോടതിയിലും ഓഫീസുകളിലും ഉറുദുവിന് പകരം ഹിന്ദിയെ പ്രാബല്യത്തിലാക്കിയതും പേർസോ അറബിക് ലിബിയ്ക്കു പകരം നാഗരി എഴുത്തുരീതി കൊണ്ടുവന്നു, ഇത് മുസ്ലീം പ്രൊഫഷണൽ വിഭാഗത്തിന്റെ മനസ്സിൽ ആശങ്ക സൃഷ്ടിച്ചു.

(c) ബ്രിട്ടീഷുകാരുകട ഭിന്നിപ്പും ഭരണവും

സംയോജിത ഇന്ത്യൻ ഐഡന്റിറ്റിയുടെ വികാസവും ശ്രമങ്ങളും തടയുക, ഇന്ത്യക്കാരെ ഭിന്നിപ്പിക്കുക എന്നിവയായിരുന്നു ബ്രിട്ടീഷ്കാരുടെ ലക്ഷ്യം. ബ്രിട്ടീഷ് സാമ്രാജ്യത്വം വിഭജനത്തിന്റേയും ഭരണത്തിന്റേയും നയമാണ് പിൻ തുടർന്നത്. ബോംബെ ഗവർണർ എൽഫിൻസ്റ്റോൺ പുരാതന റോമാ സാമ്രാജ്യത്തിന്റെ (പിരിച്ചു ഭരിക്കൽ) എന്നത് നമ്മുടെ തായിരിക്കണം എന്ന് എഴുതി. സാമൂദായിക കലാപങ്ങൾ ഉയർന്നുവന്ന ഭരണ വെല്ലുവിളിയെ അവഗണിച്ച് ബ്രിട്ടീഷ് സർക്കാർ സാമുദായിക പ്രത്യായ ശാസ്ത്രത്തിനും രാഷ്ട്രീയത്തിനും നിയമസാധ്യതയും അന്തസ്സും നൽകി.



എൽഫിൻസ്റ്റൺ

(d) കോൺഗ്രസ്സിന്റെ നീക്കങ്ങൾ

ആര്യസമാജം പോലുള്ള ഹിന്ദുസംഘടനകളിൽ ധാരാളം കോൺഗ്രസ്സുകാരുടെ പങ്കാളിത്തം ഉണ്ടായിരുന്നിട്ടും, കോൺഗ്രസ്സിന്റെ നേതൃത്വം മതേതരമായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മൂന്നാമത്തെ സമ്മേളനത്തിൽ ഗോവധത്തെ കുറ്റകരമായി പ്രഖ്യാപിച്ച് തീരുമാനം പാസാക്കണമെന്ന് ചിലകോൺഗ്രസ്സുകാർ ശ്രമം നടത്തിയെങ്കിലും, കോൺഗ്രസ്സ് നേതൃത്വം ആ തീരുമാനത്തെ അംഗീകരിച്ചില്ല. ഒരു പ്രത്യേക വിഭാഗത്തേയോ വംശത്തേയോ ബാധിക്കുന്ന ഒരു പ്രമേയം യോഗത്തിൽ നിർദ്ദേശിക്കപ്പെട്ടപ്പോൾ ആ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ എതിർക്കുന്നത് ന്യൂനപക്ഷമായിരുന്നാലും ആ തീരുമാനത്തെ അംഗീകരിക്കാൻ പാടില്ലായെന്ന് കോൺഗ്രസ്സ് തീരുമാനിച്ചു.

(e) സെയ്യദ് അഹമ്മദ്ഖാന്റെ പങ്ക്



സർ സെയ്യദ് അഹമ്മദ് ഖാൻ

അലിഗഡ് പ്രസ്ഥാനത്തിന്റെ സ്ഥാപകൻ സർ സെയ്യദ് അഹമ്മദ്ഖാൻ തുടക്കത്തിൽ കോൺഗ്രസ്സിനെ പിൻതുണച്ചിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ചിന്ത വേറെ രീതിയിലായി ഹിന്ദുക്കൾ ഭരിക്കുന്ന രാജ്യത്ത് ന്യൂനപക്ഷമായ മുസ്ലീംങ്ങൾക്ക് സഹായം ലഭിക്കില്ലന്നു കരുതി. എന്നിരുന്നാലും, മുംബെയിലെ ഫക്രുദ്ദീൻ ത്യാപ്ജി, റഹ്മദ്ദുള്ള ഡയാനി, ചെന്നൈയിലെ നവാബ്, മുഹമ്മദ് ബഹദൂർ, ബംഗാളിലെ എ.റസൂൽ എന്നിവർ കോൺഗ്രസ്സിന് പിൻതുണ നൽകി. എന്നാൽ ഉത്തേരന്ത്യേയിലെ ബഹുഭൂരിപക്ഷം മുസ്ലീംങ്ങളും സയ്യദ്അഹമ്മദ് ഖാന്റെ മാർഗ്ഗം പിൻതുടർന്ന് ബ്രിട്ടീഷുകാരെ പിൻതുണയ്ക്കാൻ താല്പര്യപ്പെട്ടു. പ്രതിനിധിത്വ സഭകളിൽ ആമുഖം, സർക്കാർ തസ്തികളിൽ ഉയർന്ന മൽസരം മുസ്ലീംങ്ങൾക്കിടയിൽ ആശങ്ക ഉണ്ടാക്കുകയും ചെയ്തതിനാൽ സയ്യദ് മുഹമ്മദ്ഖാനും അദ്ദേഹത്തെ പിൻപറ്റിയവരും സർക്കാരുമായി യോജിച്ച് പ്രവർത്തിക്കാൻ തുടങ്ങി. സർക്കാരുമായി യോജിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലമായി തങ്ങളുടെ സമുദായത്തിന് സർക്കാരിൽ നിന്ന് ഒരു വലിയ പങ്കു ലഭിക്കുമെന്നും പ്രതീക്ഷിച്ചു. അങ്ങനെയല്ലാത്ത പക്ഷം നമ്മുടെ സമുദായം ന്യൂന പക്ഷം എന്നതിനാൽ എണ്ണമടിസ്ഥാനത്തിൽ അല്ലെങ്കിൽ യോഗ്യതാടിസ്ഥാനത്തിൽ നൽകുന്ന കുറഞ്ഞ സർക്കാർ ബഹുമതികളെ ലഭിക്കൂവെന്നും കരുതി.

ഹിന്ദു മുസ്ലീം തർക്കങ്ങളെ കുറിച്ച് എല്ലാ വിഭാഗക്കാരുടേയും യഥാർത്ഥപ്രശ്നങ്ങൾ, ആവശ്യങ്ങളും ബ്രിട്ടീഷ് ഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1885 ൽ ഇന്ത്യൻ നാഷ

12th_History_Pixels_Unit_6.indd 74 2/28/2023 1:18:45 PM

ണൽ കോൺഗ്രസ്സ് രൂപീകരിച്ചു. എന്നാൽ സർ സെയ്യദ് അഹമ്മദ് ഖാൻ ലണ്ടൻ പ്രിവി കൗൺസിലിൽ അംഗമായി തെരഞ്ഞെടുത്ത ആദ്യത്തെ ഇന്ത്യാക്കാരനായ സയ്യദ് അമീർ അലി പോലുള്ള മുസ്ലീം നേതാക്കൾ കോൺഗ്രസ്സിനെ ഹിന്ദുക്കളുടെ മാത്രം പ്രതിനിധി സംഘമായി ഉയർത്തിക്കാട്ടി. കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനത്തിൽ പങ്കെടുത്ത എഴുപത്തിരണ്ടു പ്രതിനിധികളിൽ രണ്ടുപേർ മാത്രമായിരുന്നു മുസ്ലീങ്ങൾ. മുസ്ലീങ്ങളുടെ പങ്കാളിത്തം തങ്ങളുടെ സമുദായത്തിനെതിരെ ഭരണാധികാരികൾക്കിടയിൽ പ്രതികൂലപ്രതികരണം സൃഷ്ടിക്കുമെന്ന് അവസ്ഥയിൽ മുസ്ലീംനേതാക്കൾ കോൺഗ്രസ്സിനെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തു.

(f) തദ്ദേശ തിരഞ്ഞെടുപ്പുകളിൽ വർഗ്ഗീയവാദം

സാമൂദായിക പ്രവണതകളെ വളർത്തിയെടുത്തതിനാൽ ഏർപ്പെട്ട പ്രതീക്ഷിക്കാത്ത ഫലങ്ങൾ ജനാധിപത്യ രാഷ്ട്രിയത്തിൽ നേരിടേണ്ടിവന്നു. 1880 കളിൽ തദ്ദേശ ഭരണവിഭാഗങ്ങളിൽ സാമൂദായിക വിഭാഗങ്ങളുടെ വളർച്ചയ്ക്ക് വഴിയൊരുക്കി. നഗരസഭ അംഗങ്ങൾ ധാരാളം അധികാരങ്ങൾ നേടി തങ്ങളുടെ രാഷ്ട്രീയ അധികാരങ്ങളെ ശക്തിപ്പെടുത്തി. മുൻസിപ്പൽ ബോർഡുകളുടെ നിയന്ത്രണം ഹിന്ദുക്കൾ മുസ്ലീംങ്ങളിൽ നിന്ന് പിടിച്ചെടുക്കുകയും പ്രാദേശീയ രാഷ്ട്രീയത്തിന്റെ വർഗ്ഗീയവൽക്കരണം നടത്തുകയും ചെയ്തു.



ലാൽ ചന്ദ്

പഞ്ചാബ് ഹിന്ദുസഭയുടെ മുഖ്യവക്താവും പിന്നീഷ് ആര്യസമാപത്തിന്റെ നേതാവുമായ ലാൽചന്ദ് ചില മുൻസിപാലിറ്റികൾ സാമുദായിക അടിസ്ഥാനത്തിൽ രൂപീകരിച്ചതിന് എടുത്തുകാട്ടി. കമ്മറ്റി അംഗങ്ങൾ പ്രസിഡന്റു കസേരയ്ക്കു ചുറ്റും രണ്ടുവരികളായി സ്വയം ക്രമീകരിച്ചിരിക്കുന്നു. ഇടത് വശത്ത് ഇസ്ലാം പ്രതിനിധികളും വലതുവശത്ത് ആര്യവർത്തനയിലെ പഴയ ഋഷികളുടെ പിൻഗാമികളുമാണ് ഇരുന്നത്. അവർ കേവലം മുൻസിപ്പിൽ കൗൺസിലർമാരല്ല മറിച്ച് അവർ മുഹമ്മദീയരായും ഹന്ദുക്കളായും ഓർമ്മിച്ചു കൊണ്ടിരുന്നു

(g) കോൺഗ്രസ്സിന്റെ ദുർബലമായനയം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബംഗാളിൽ സ്വദേശി പ്രസ്ഥാനം (1905 1906) ആരംഭിച്ചപ്പോൾ അതിനെ അനുകൂലിച്ച മുസ്ലീംങ്ങൾ കോൺഗ്രസ്സിന്റെ ബ്രോക്കർമാരായി അപലപിച്ചു. ഇത്തരം വാദങ്ങളോട് പ്രതികരിക്കാതെ കോൺഗ്രസ്സ് മൗനം പാലിച്ചതിനാൽ വർഗ്ഗീയ രാഷ്ട്രീയ ശക്തികളെ കൂടുതൽ പ്രകോപിപ്പിച്ചു. അതേ സമയം ദേശീയ മുസ്ലീംങ്ങൾക്ക് അവരുടെ പ്രചോദനവും ആത്മവിശ്വാസവും നഷ്ടപ്പെട്ടു. ഈ കാലഘട്ടത്തിലാണ് ഹിന്ദു വർഗ്ഗീയത ശക്തി പ്രാപിക്കാൻ തുടങ്ങിയത്.

> മധ്യവർഗ്ഗങ്ങൾ തമ്മിലുള്ള സംഘർഷത്തിന്റെ ഫലമാണ് ഹിന്ദുമുസ്ലീം വർഗ്ഗീയത മനസാക്ഷിയുള്ള ഹിന്ദുക്കളും മുസ്ലീങ്ങളും ഇത്തരത്തിലുള്ള വർഗ്ഗീയ വാദങ്ങളിൽ നിന്ന് പൂർണ്ണമായും വിട്ടുനിന്നു. —ജവഹർലാൽ നെഹ്റു

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ രാഷ്ട്രീയ തീവ്രവാദം മതയഥാസ്ഥിതിഗതയുമായി കൈകോർത്തപ്പോൾ സ്ഥിതി മോശമായി. തിലക്, അരവിന്ദഘോഷ്, ലാലലജ്പത്റായ് എന്നിവർ മതചിഹ്നങ്ങൾ ഉത്സവങ്ങൾ വേദികൾ എന്നിവ ഉപയോഗിച്ച കൊളോണിയൽ വിരുദ്ധ ബോധം ധരിപ്പിച്ചു. ഗണപതി ഉൽസവത്തിലൂടെ ഹിന്ദുങ്ങളെ അണിനിരത്താനുള്ള തിലകന്റെ ശ്രമമായിരുന്നു. ഏറ്റവും രൂക്ഷമായ ഘടകം. മുസ്ലീംങ്ങളെ പ്രീണിപ്പിക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയങ്ങളെ ലാൽ ചന്ദ് പ്രതിഷേധിച്ചു.

6.2 അഖിലേന്ത്യ മുസ്ലീം ലീഗിന്റെ രൂപീകരണം

1906 ഒക്ടോബർ 1 ാം തിയതി മുസ്ലീം പ്രഭുക്കൻമാർ, ഭരണവർഗ്ഗങ്ങൾ, നിയമ പണ്ഡിതന്മാർ മറ്റും സമൂഹത്തിലെ ഉയർന്ന വിഭാക്കാർ പ്രത്യേകിച്ചും അലിഗാർ പ്രസ്ഥാനവുമായി ബന്ധമുള്ള പ്രതിനിധികൾ ആഗഖാൻ ന്റെ അധ്യക്ഷതയിൽ സിംലയിൽ ഒത്തുകൂടി അപ്പോഴത്തെ വൈസ്രോയിയായ മിന്റോ പ്രഭുവിനെ തങ്ങളുടെ ആവശ്യങ്ങൾ അറിയിച്ചു. സർക്കാർ ജോലികളിൽ മുസ്ലീംങ്ങളുടെ ആനുപാതിക പ്രാതിനിധ്യം, ഹൈക്കോടതികളിലെ മുസ്ലീം ജഡ്ജിമാരേയും വൈസ്രോയി കൗൺസിലിലെ അംഗങ്ങളെയും നിയമിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. വൈസ്രോയിൽ നിന്ന് ക്രിയാത്മക പ്രതിബന്ധത നേടാൻ മുസ്ലീംങ്ങൾ ശ്രമിച്ചുവെങ്കിലും അഖിലേന്ത്യ മുസ്ലീം ലീഗിന്റെ രൂപീകരണത്തിന് കാരണമായി. 1907 ൽ മുസ്ലീംങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി അഖിലഇന്ത്യൻ മുസ്ലീംലീഗിന് സംരക്ഷണം നൽകി. ഒരു കൂട്ടം സെമീന്ദാർമാരും മുൻ നവാബുകളും മുൻ ബ്യൂറോക്രാറ്റുകളും ഈ പ്രസ്ഥാനത്തിന്റെ സജീവ അംഗങ്ങളായി. ബംഗാൾ വിഭജനത്തെ ലീഗ് പിൻതുണയ്ക്കുകയും മുസ്ലീംങ്ങൾക്ക് പ്രത്യേക വോട്ടവകാശം ആവശ്യപ്പെടുകയും സർക്കാർ സേവനത്തിൽ മുസ്ലീംങ്ങൾക്ക് സുരക്ഷ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

12th_History_Pixels_Unit_6.indd 75 2/28/2023 1:18:45 PM

അഖിലേന്ത്യ മുസ്ലീംലീഗിന്റെ ലക്ഷ്യങ്ങൾ

മുസ്ലീംങ്ങൾക്ക് മാത്രമായി കേന്ദ്രീകൃതമായി സംഘടിപ്പിച്ച ആദ്യത്തെ രാഷ്ട്രീയപാർട്ടിയായ ആൾ ഇന്ത്യ മുസ്ലീംലീഗിന് ഇനിപറയുന്ന ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു:

- ഇന്ത്യൻ മുസ്ലീംങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിനോട് വിശ്വസ്തതയും നന്ദിയും ഉള്ളവരായിരിക്കണമെന്ന് ബോധം ഏർപ്പെടുത്തൽ, മാത്രമല്ല ഈ സംഘടനയിൽ നിന്നും ഗവൺമെന്റിനെതിരേയായി വരുന്ന തെറ്റിദ്ധാരണകളെ അകറ്റുക.
- ഇന്ത്യയിലെ മുസ്ലീംങ്ങളുടെ രാഷ്ട്രീയ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനും മുന്നേറ്റത്തിനും അവരുടെ അവകാശങ്ങളും അഭിലാഷങ്ങളും സർക്കാരിനോട് ബഹുമാനപൂർവ്വം പ്രതിനിധീകരിക്കുക.
- ഇന്ത്യൻ മുസ്ലീംങ്ങൾ മറ്റു സമുദായങ്ങളോട് ഏതു തരത്തിലുള്ള ശത്രുതയോ, പക്ഷപാതമോ, മുൻവിരോധമോ ഉണ്ടാകുന്നത് തടുക്കുക.

തുടക്കത്തിൽ നഗരപ്പുറ ഉന്നത വർഗ്ഗത്തിനായ് ഒരു സംഘടനയായാണ് അഖിലഇന്ത്യ മുസ്ലീംലീഗ് പ്രവർത്തിച്ചത്. എന്നിരുന്നാലും ബ്രിട്ടീഷ് ഗവൺമെന്റിന്റെ പിൻതുണ ലഭിച്ച് മുസ്ലീംങ്ങൾക്കായ് പ്രത്യേക പ്രതിനിധി സംഘടനയായി ഇത് മാറി. അഖിലഇന്ത്യ മുസ്ലീംലീഗ് രൂപീകരിച്ച് മൂന്നു വർഷത്തിനുള്ളിൽ മുസ്ലീംങ്ങൾക്ക് പ്രത്യേക വോട്ടർമാരുടെ പദവി വിജയകരമായി നേടി. അത് മുസ്ലീംങ്ങൾക്ക് ഭരണഘടനാപരമായ പ്രത്യേക പദവിലഭിച്ചു. 1916 ലെ ലകൗനൗ ഉടമ്പടി മുസ്ലീംങ്ങൾക്ക് പ്രത്യേക രാഷ്ട്രീയ അടയാളത്തിനായ മുദ്ര പതിച്ചു.

> പ്രത്യേക നിയോജക മണ്ഡലം അല്ലെങ്കിൽ സാമുദായിക നിയോജകമണ്ഡലം ഈ ക്രമീകരണത്തിൽ മുസ്ലീംങ്ങൾ മാത്രമേ മുസ്ലീം സ്ഥാനാർത്ഥികൾക്ക് വോട്ടുചെയ്യാൻ കഴിയൂ 1909 ലെ മിന്റോ മോർലി പരിഷ്ക്കാരങ്ങൾ ഇംപീരിയൽ ലെജിസ്ലേറ്റീവ് കൗൺസിലിലെ ഇരുപ്പത്തി ഏഴ് അംഗങ്ങളിൽ എട്ട് സിറ്റുകൾ മുസ്ലീംങ്ങൾക്ക് നൽകി. പ്രവിശ്യനിർമ്മാണ സഭകളായ മദ്രാസിൽ നാലും ബോംബെയിൽ നാലും ബംഗാളിൽ അഞ്ചും സീറ്റുകൾ ഒതുക്കി.

പ്രത്യേക സമ്മദിദായകരും വർഗ്ഗീയതയുടെ വ്യാപനവും

വർഗ്ഗീയതയെ വളർത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും ബ്രിട്ടീഷ് ഇന്ത്യാ ഗവൺമെന്റ് സ്ഥീകരിച്ച തത്വ സാങ്കേതികതയാണ് പ്രത്യേക സമ്മതിദായകരുടെ സ്ഥാപനം. ജനങ്ങളെ പ്രത്യേക നിയോജക മണ്ഡലങ്ങളായി വേർതിരിക്കപ്പെട്ടതിനാൽ അവർ സാമൂദായിക അടിസ്ഥാനത്തിലാണ് സമ്മദിദാന വകാശം രേഖപ്പെടുത്തി, സാമുദായിക അടിസ്ഥാനത്തിൽ ചിന്തിക്കുകയും തങ്ങളുടെ സ്ഥാനാൽത്ഥിയെ സാമുദായികാടിസ്ഥാനത്തിൽ തീരുമാനിച്ചു. മാത്രമല്ല തങ്ങളുടെ കുറവുകളെ വർഗ്ഗീയതയുടെ അടിസ്ഥാനത്തിലാണ് പുറപ്പെടുവിച്ചത്.

ബ്രിട്ടീഷ്ഉദ്യോഗസ്ഥരിൽഒരാൾ,ലേഡിമിന്റോയ്ക്ക് അയച്ച കുറിപ്പിൽ റബിട്ടീഷുകാർ ദുഷ്ടലാക്കോടെയാണ് ഇത്തരത്തിലുള്ള പ്രവർത്തികൾ ചെയ്തത് എന്ന് അറിയാൻ സാധിക്കുന്നു. ഇന്ന് ഏറ്റവും വലിയ പ്രവൃത്തി നടന്നിട്ടുണ്ട് എന്ന് ഞാൻ നിങ്ങളുടെദൂരകാഴ്ചയ്ക്ക് അയക്കുന്നു. അത്തരമൊരണ്ടു നയതന്ത്രനീക്കം ഇന്ത്യൻ ചരിത്രത്തിൽദീർഘകാലം സ്വാധീനം ചെലുത്തും. ഇത് 62 മില്യൻ ജനങ്ങൾ തള്ളിവിട്ട എതിർ പക്ഷത്തേക്ക് പോയി ചേരാതെ വലിച്ച് ഇഴച്ച ശ്രമം അല്ലാതെ മറ്റൊന്നും ഇല്ല.

പ്രത്യേക നിയോജകമണ്ഡലം ബ്രിട്ടീഷുകാരുടെ പ്രഖ്യാപനത്തിലൂടെ വിഭജനത്തെക്കുറിച്ച നയത്തിന്റെ സിദ്ധാന്തം ഭരണഘടനയിൽ പ്രവേശിക്കുകയും ഹിന്ദുക്കളേയും മുസ്ലീങ്ങളേയും പൂർണ്ണമായും അകറ്റുകയും ചെയ്തു.

6.3 അഖിലേന്ത്യ ഹിന്ദു മഹാസഭയുടെ ആവിർഭാവം

മുസ്ലീംലീഗ് രൂപീകരിച്ചതും 1909 ലെ ഇന്ത്യാ ഗവൺമെന്റ് നിയമവും പാസാക്കിയതിന്റെ പശ്ചാത്തലത്തിൽ ഒരു ഹിന്ദു സംഘടന ആരംഭിക്കാനുള്ള നീക്കം അന്തരീക്ഷത്തിലുണ്ടായിരുന്നു. അംബാലയിൽ നടന്ന അഞ്ചാമത്തെ പഞ്ചാബ് ഹിന്ദു സമ്മേളനത്തിലും ഫിറോസ്പൂരിലെ ആറാമത്തെ സമ്മേളനത്തിലും പാസാക്കിയ പ്രമേയങ്ങളെ തുടർന്ന് 1915 ൽ ആദ്യത്തെ ഇന്ത്യൻ ഹിന്ദു സമ്മേളനം ഹരിദ്വാറിൽ വിളിച്ചുചേർത്തു. അഖിലേന്ത്യ ഹിന്ദു മഹാസഭ ഡെറാഡൂണിലെ ആസ്ഥാനത്തോടെ ആരംഭിച്ചു. പ്രവിശ്യ ഹിന്ദുസഭകൾ പിന്നീട് യു.പിയിൽ അലഹബാദിലും ബോംബെയിലും ബീഹാറിലും ആരംഭിച്ചു. ബോംബെയിലേയും ബീഹാറിലേയും സഭകൾ സജീവമായിരുന്നില്ലെങ്കിലും മദ്രാസിലും ബംഗാളിലും ഒരളവുവരെ സജീവമായിരുന്നു.

നഗരസ്വഭാവമുള്ള മഹാസഭ കേന്ദ്രീകരിച്ചത് ഉത്തേരേന്ത്യയിലെ വലിയ വ്യാപാര നഗരങ്ങളിലായിരുന്നു. പ്രത്യേകിച്ച് അലഹബാദ്, കാൺപൂർ, ബനാറസ് ലക്നൗ, ലാഹോർ എന്നിവിടങ്ങളിലാണ് യൂണൈറ്റഡ് പ്രവിശ്യയിൽ, ബീഹാർ മഹാസഭയിൽ ഒരു പരിധിവരെ കോൺഗ്രസ്സിലെ പ്രവർത്തകരായ വിദ്യാസമ്പന്നരായ മധ്യവർഗ്ഗനേതാക്കളുടെ സൃഷ്ടിയായിരുന്നു. വർഗ്ഗീയ വാദികളുടെ വിഘടനവാദ രാഷ്ട്രീയത്തിന് ഖിലാഫത്ത് പ്രസ്ഥാനം ഒരളവുവരെ തടസ്സം നിന്നു. തൽഫലമായി 1920 22 നു മിടയിൽ മഹാസഭയുടെ പ്രവർത്തനം നിലച്ചു.

രാഷ്ട്രീയത്തിലേക്ക് ഉലമയുടെ പ്രവേശനം ഹിന്ദുക്കളെ പുനരുജ്ജീവിപ്പിച്ചതും ആക്രമണാത്മകവുമായ ഇസ്ലാമിനെ ഭയപ്പെട്ടു. അലിസഹോദ

12th_History_Pixels_Unit_6.indd 76 2/28/2023 1:18:45 PM

രൻമാരെ പോലുള്ള പ്രധാന മുസ്ലീം നേതാക്കൾ പോലും ആദ്യം ഖിലാഫതിസ്റ്റുകളും രണ്ടാമത്തേത് കോൺഗ്രസ്സുകാരുമായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിൽ മുസ്ലീംങ്ങൾ പ്രകടിപ്പിച്ച മതപരമായ കാരണങ്ങളാൽ അണിനിരക്കാനുള്ള ശക്തി ഹിന്ദു വർഗ്ഗീയവാക്കികളെ അണിനിരത്തുന്നതിൽ അനുകരിക്കാൻ പ്രേരിപ്പിച്ചു. സുദ്ധിപ്രസ്ഥാനം ഒരു പ്രതിഭാഗമായിരുന്നില്ല. എന്നാൽ ഖിലാഫത്തിന് ശേഷമുള്ള കാലഘട്ടത്തിൽ അത് പുതിയ പ്രാധാന്യം നേടി 1921 ൽ വെയിൽസ് രാജകുമാരന്റെ സന്ദർശനത്തെ ബഹിഷ്കരിക്കുന്നതിലേക്ക് ഹിന്ദുക്കളെ ആകർഷിക്കാനുള്ള ശ്രമത്തിൽ സ്വാമി ശ്രദ്ധാനന്ദൻ ഗോ സംരക്ഷണം സംഘടിപ്പിച്ച് മഹാസഭയെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിച്ചു.

ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പ് ഖാലിഫയുടെയും, കാഅബയുടേയും താല്പര്യങ്ങൾ സംരക്ഷിക്കാനായി ഇംഗ്ലണ്ട് സമ്മതിച്ചിരുന്നു. എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കിയുടെ പരാജയത്തിനുശേഷം ആ വാക്ക് പാലിക്കാൻ വിസമ്മതിച്ചു. സ്തംഭിച്ചുപോയ മുസ്ലീം സമൂഹം അതിന്റെ അതൃപ്തി പ്രകടിപ്പിച്ച് മുസ്ലീംങ്ങൾ തുർക്കിയുടെ ഖാലിഫയെ സംരക്ഷിക്കാനും ഖിലാഫത്തുപ്രസ്ഥാനം ആരംഭിച്ചു.

ബ്രിട്ടീഷ്ഭരണാധകാരികൾക്കും ഹിന്ദുഭൂവുടമകൾക്ക് എതിരെ മുസ്ലീം കർഷകരെ ഉപയോഗിച്ച 1921 ലെ രക്തരൂക്ഷിതമായ മലബാർ കലാപം ഹിന്ദുമഹാസഭയുടെ പുതിയ പ്രചാരണത്തിന് മറ്റൊരു കാരണമായി. പൊട്ടിത്തെറി അടിസ്ഥാനപരമായി ഒരു കാർഷിക കലാപമായിരുന്നുവെങ്കിലും സാമുദായിക അഭിനിവേഷം ഉയർന്നു, അതിന്റെ ഫലമായി ഗാന്ധി തന്നെ ഇതിനെ ഒരു ഹിന്ദു മുസ്ലീം പോരാട്ടമായി വീക്ഷിച്ചു. മലബാറിൽ നടന്ന സംഭവങ്ങളിൽ മുസ്ലീം നേതാക്കൾ പരസ്യമായി മാപ്പും പറയണമെന്ന് ഗാന്ധി ആവശ്യപ്പെട്ടു.



മലബാർ കലാപം, 1921

(a) യുണൈറ്റഡ് പ്രാവിശ്യകളിലെ വർഗ്ഗീയത

1922 ൽ നിസ്സഹകരണ പ്രസ്ഥാനം നിറുത്തിവാച്ചതും 1924 ൽ കാലിഫാ പദവി നിർത്തലാക്കിയതും മുസ്ലീംങ്ങളെ നിരാശരാക്കി. നിസ്സഹകരണ പ്രസ്ഥാനത്തിനു ശേഷം ഖിലാഫറ്റിസ്റ്റുകൾക്കും കോൺഗ്രസ്സിനു ഇടയിലുള്ള ബന്ധം തകരാറിലായി. ഹിന്ദുക്കളും മുസ്ലീംങ്ങളും എന്ന നിലയിൽ 1919 ലെ നിയമപ്രകാരം സൃഷ്ടിക്കപ്പെട്ട സ്വയം ഭരണ സ്ഥാപനങ്ങളുടെ പശ്ചാത്തലത്തിൽ, അവരുടെ രാഷ്ട്രീയ അവകാശങ്ങൾ ഉന്നയിക്കാൻ തുടങ്ങി, ഈ പ്രക്രിയയിൽ അധികാരവും സ്ഥാനവും നേടാൻ പരസ്പരം മൽസരിച്ചു. 1923 ആഗസ്റ്റിൽ വാരാണാസിയിൽ നടന്ന ഹിന്ദുമഹാസഭയുടെ ആറാം വാർഷിക സമ്മേളനത്തിൽ 968 പ്രതിനിധികൾ പങ്കെടുത്തു. അവരിൽ 56.7% യുണൈറ്റഡ് പ്രവിശ്യയിൽ നിന്നുള്ളവരായിരുന്നു ഐക്യ യൂണൈറ്റഡ് പ്രവിശ്യ, പഞ്ചാബ്, ദില്ലി, ബീഹാർ എന്നിവ ചേർന്ന് 86.8 ശതമാനം പ്രതിനിധികളെ അയച്ചു. മദ്രാസ്, ബോംബെ ബംഗാൾ എന്നിവിടങ്ങളിൽ നിന്ന് 6.6 ശതമാനം പ്രതിനിധികളെ മാത്രമാണ് അയച്ചത്. 1920 ൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഒരു ശ്രമകരമായ കാലഘട്ടമായിരുന്നു. ഈ സമയത്തിൽ യുണൈറ്റഡ് പ്രാവിശ്യയിലെ സാമുദായിക സംഘർഷം ഹിന്ദു മുസ്ലീം നേതാക്കളുടെ മതപരമായ കാരണം കൊണ്ട് മാത്രമല്ല, എന്നാൽ സ്വരാജ്യ വാദികൾക്കും സ്വതന്ത്രവാദികൾക്കും ഉള്ള പ്രേരിപ്പിക്കൽ കൂടെയായിരുന്നു.



മോത്തിലാൽ നെഹ്റു



എം.എം. മാളവ്യ

അലഹബാദിൽ മോത്തിലാൽ നെഹ്റുവും മദൻ മോഹൻ മാളവിയയും തമ്മിൽ ഏറ്റുമുട്ടി. 1923 ലെ മുൻസിപ്പൽ തെരെഞ്ഞടുപ്പിൽ നെഹ്റുവിന്റെ വിഭാഗം വിജയിച്ചപ്പോൾ, മാളവിയയുടെ വിഭാഗം മതപരമായി അഭിനിവേശങ്ങളെ ചൂഷണം ചെയ്യാൻ തുടങ്ങി. അന്വോഷണം നടത്തിയ ജില്ലാ മജിസ്ട്രേറ്റ് ക്രോസ്തൈറ്റ്ന്റെറിപ്പോർട്ടിൽമാളവിയ കുടുംബം മനപൂർവ്വം ഹിന്ദുക്കളെ ഇളക്കിവിട്ടു ഇത് മുസ്ലീംങ്ങളോട് എതിർക്കേണ്ടിവന്നു

(b) ഹിന്ദുമഹാസഭ

പഞ്ചാബിൽ വർഗ്ഗീയവാദംഒരു ശക്തമായ പ്രസ്ഥാനമായി ആരംഭിച്ചു. 1924 ൽ ലാലാലജ്പത്റോയ് പഞ്ചാബ് ഹിന്ദു മുസ്ലീം പ്രവിശ്യകളായി

12th_History_Pixels_Unit_6.indd 77 2/28/2023 1:18:46 PM

വിഭജിക്കണമെന്ന് പരസ്യമായി വാദിച്ചു. രാഷ്ട്രീയ മണ്ഡലത്തിലെ ഹിന്ദുപുനരുജ്ജീവന ശക്തികളെ പ്രതിനിധീകരിച്ച് ഹിന്ദു മഹാസഭ, മുസ്ലീംങ്ങൾക്ക് പ്രത്യേക വോട്ടർമാർ വേണമെന്ന് മുസ്ലീം ലീഗിന്റെ ആവശ്യത്തിനെതിരെ അഖണ്ഡ ഹിന്ദുസ്ഥാൻ എന്ന മുദ്രാവാക്യം ഉയർത്തി. ഇത് മുസ്ലീംങ്ങളുടെ പ്രത്യേക നിയോജക മണ്ഡലം എന്ന ആവശ്യത്തിന് എതിരായിരുന്നു. ഹിന്ദുമഹാസഭ സ്ഥാപിച്ചതു മുതൽ സ്വാതന്ത്ര്യസമരത്തിൽ അതിന്റെ പങ്ക് വിവാദമായിരുന്നു. ബ്രിട്ടീഷ് ഭരണത്തെ പിൻതുണച്ചിരുന്നില്ലെങ്കിലും മഹാസഭ ദേശീയ പ്രസ്ഥാനത്തിന് പൂർണ്ണ പിൻതുണ നല്കിയില്ല.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വിദേശിയ ആധിപത്യത്തിനെതിരെ എല്ലാ വിഭാഗങ്ങളുടേയും സമുദായങ്ങളുടേയും പിൻതുണ സമാഹരിക്കേണ്ടിവന്നതിനാൽ മതചിന്താഗതിക്കാരായ വിഭാഗങ്ങളുടെ പിൻതുണ നഷ്ടപ്പെടുമോ എന്ന ഭയത്താൽ വിവിധ സമുദായങ്ങളിലെ നേതാക്കൻമാർ മതേതരത്വത്തിന്റെ തത്വത്തിൽ ഉറച്ചു നിന്നില്ല. ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് ഈ കാലയളവിൽ നിരവധി ഐക്യസമ്മേളനങ്ങൾ നടത്തിയെങ്കിലും ഫലമുണ്ടായില്ല.

(c) മുസ്ലീംങ്ങളുടെ ദില്ലിസമ്മേളനവും അവരുടെ നിർദ്ദേശങ്ങളും

ഐക്യത്തിനായുള്ള ശ്രമങ്ങളുടെ ഫലമായി 1927 മാർച്ച് 20 ന് ദില്ലിയിൽ ഒരു യോഗം ചേർന്നു, എന്നിരുന്നാലും നാല് നിർദ്ദേശങ്ങൾ അംഗീകരിക്കാൻ മുന്നോട്ടുവച്ചു. 1. ബോംബെയിൽ നിന്ന് സിന്ധിനെ വേർതിരിക്കുക. 2. ബലൂചിസ്ഥാനേയും അതിന്റെ അതിർത്തിപ്രദേശങ്ങളെയും പരിഷ്കരിക്കുക 3. പഞ്ചാബിലും ബംഗാളിലും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പ്രാതിനിധ്യം 4. കേന്ദ്ര നിയമസഭകളിൽ മുസ്ലീംങ്ങൾക്ക് 33 ശതമാനം സീറ്റുകൾ നൽകുക.

ഡൽഹി മുസ്ലീം സമ്മേളനത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ മോത്തിലാൽ നെഹ്റുവും എസ്. ശ്രീനിവാസനും അഖിലേന്ത്യ കോൺഗ്രസ്സ് കമ്മിറ്റിയോട് ആവശ്യപ്പെട്ടു. എന്നാൽ വർഗ്ഗീയവാദ പ്രവർത്തനങ്ങൾ ആഴത്തിൽ വേരോടിയതിനാൽ ഈ പ്രയത്നങ്ങൾ പരാജയപ്പെട്ടു. ഹിന്ദു മുസ്ലീം പ്രശ്നം മനുഷ്യരുടെ കൈകളിൽ നിന്ന് കടന്നു പോയതായി ഗാന്ധി അഭിപ്രായപ്പെട്ടു. പ്രശ്നം പരിഹരിക്കാനുള്ള അവസരം ഉപയോഗിക്കുന്നതിനുപകരം അത് നീട്ടി കൊണ്ടുപോകാൻ രണ്ടു കമ്മറ്റികളെ കോൺഗ്രസ്സ് നിയമിച്ചു. ഒന്ന് ബോംബയിൽ നിന്ന് സിന്ധിനെ വിഭജിച്ച് സാമ്പത്തികഅടിസ്ഥാനത്തിൽ പ്രവർത്തിക്കുമെന്ന്

> വിഭാഗീയ ദേശീയതയുടെ വസർച്ചയെക്കുറിച്ച് മനോ വിഷയം പ്രകടിപ്പിച്ച് ഗാന്ധിജി എഴുതി, വ്യക്തികളുള്ളത്ര മതങ്ങളുണ്ട്, പക്ഷേ ദേശീയതയുടെ മനോഭാവത്തെ കുറിച്ച് ബോധമുള്ളവർ പരസ്പരം മതത്തിൽ ഇടപ്പെടുന്നില്ല. ഇന്ത്യയിലുള്ള ജനങ്ങൾ എല്ലാപേരും ഹിന്ദുക്കളായിരിക്കണമെന്ന് ഹിന്ദുക്കൾ വിശ്വസിച്ചാൽ അവർ സ്വപ്നഭൂമിയിലാണ് ജീവിക്കുന്നതെന്നാണ് അർത്ഥം. ഹിന്ദുക്കളും സിക്കുകാരും മുഹമ്മദീയരും പാർസികളും ക്രിസ്ത്യാനികളും എല്ലാപേരും രാജ്യത്തിന്റെ സഹജീവികളാണ്. തങ്ങളുടെ നൻമയ്ക്കായി അവർ ഐക്യത്തോടുകൂടി ജീവിക്കേണ്ടതാണ്. രാജ്യത്തിന്റെ ഏതൊരു പ്രദേശത്തും ഒരു ദേശീയതയും ഒരു മതവും ഒന്നുപോലെയുള്ളതായ വാർത്തകൾ ഇല്ല. ഇന്ത്യയിലും അങ്ങനെ ഒരിക്കലും ഇരുന്നതുമില്ല'

കണ്ടറിയാൻ ഒരു കമ്മറ്റിയും മുസ്ലീം ഭൂരിപക്ഷത്തെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗമായി ആനുപാതിക പ്രാതിനിധ്യം പാലിക്കുന്നതിനായി മറ്റൊരു ഗ്രൂപ്പും രൂപീകരിച്ചു. രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള അന്തരം കുറയ്ക്കാൻ ജിന്ന ശ്രമിച്ചിരുന്നു. ഹിന്ദുമുസ്ലീം ഐക്യത്തിന്റെ അംബാസിഡർ സരോജിനി അദ്ദേഹത്തെ പ്രശംസിച്ചു. എന്നാൽ 1928 ൽകൊൽക്കത്തയിൽനടന്ന ഒരു സർവ്വകക്ഷിയോഗത്തിൽ ഹിന്ദുമഹാസഭയിലെ അംഗങ്ങൾ എല്ലാ ഭേദഗതികളും അംഗീകരിക്കാൻ വിസമ്മതിക്കുകയും ഐക്യത്തിനുള്ള എല്ലാ സാധ്യത ഇല്ലാതായി. അതിനു ശേഷം ഭൂരിഭാഗം മുസ്ലീംങ്ങൾക്കു കോൺഗ്രസ്സിൽ നിന്ന് പകരം സർക്കാരിൽ നിന്ന് മെച്ചപ്പെട്ട ആനുകൂല്യം ലഭിക്കുമെന്ന് ബോധ്യപ്പെട്ടു.



സരോജിനി

(d) സാമുദായിക അവാർഡും അതിന്റെ അനന്തര ഫലങ്ങളും

വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്നതിൽ ബ്രിട്ടീഷ് സർക്കാർ സ്ഥിരത പുലർത്തിയിരുന്നു. രണ്ടാമത്തെ വട്ടമേശ സമ്മേളനത്തിനുള്ള പ്രതിനിധികളെ പോലും അവരുടെ സാമുദായിക അടിസ്ഥാനത്തിലാണ് തിരഞ്ഞെടുത്തത്. രണ്ടാം വട്ടമേശ സമ്മേളനത്തിന്റെ പരാജയത്തിനു ശേഷം, ബ്രിട്ടീഷ് പ്രധാനമന്ത്രി റാംസെ മാക് ഡൊണാൾഡ് സമുദായിക അംഗീകാരം പ്രഖ്യാ

12th_History_Pixels_Unit_6.indd 78 2/28/2023 1:18:46 PM

പിച്ചു. ഇത് രാഷ്ട്രീയ കാലാവസ്ഥയെ കൂടുതൽ ശക്തമാക്കി.

1925 ൽ സ്ഥാപിച്ച രാഷ്ട്രീയ സ്വയം സേവക് സംഘം വികസിച്ചു കൊണ്ടിരുന്നത് അതിനെ സന്നദ്ധ പ്രവർത്തകർ 100000 ആയി ഉയർന്നു. കെ.ബി ഹെഡ്ഗേവർ, വി.ഡി സാവർക്കർ എം.എസ് ഗോൾവാൽക്കർ മുതലായവർ ഹിന്ദു രാഷ്ട്ര സങ്കൽപ്പത്തെക്കുറിച്ച് വിശദീകരിക്കാൻ വീണ്ടും ശ്രമങ്ങൾ നടത്തി. ഹിന്ദുസ്ഥാനിലെ ഹിന്ദു ഇതര ജനങ്ങൾ ഹിന്ദു സംസ്ക്കാരവും ഭാഷയും സ്വീകരിക്കണം അവർ വിദേശികളാകുന്നത് അവസാനിപ്പിക്കണം അല്ലെങ്കിൽ പൂർണ്ണമായും രാജ്യത്തിന് കീഴിലായിരിക്കണം. ഹിന്ദു രാഷ്ട്രം ഒന്നും ആവശ്യപ്പെടുന്നില്ല. വി.ഡി. സവാർക്കർ നമ്മൾ ഹിന്ദുക്കൾ ഒരു രാഷ്ട്രമാണ് എന്നു വാദിച്ചു. 1934 മുതൽ കോൺഗ്രസ്സ് അംഗങ്ങൾ മഹാസഭയിലോ ആർ.എസ്.എസ് ലോ ചേരുന്നതിൽ നിന്ന് വിലക്കിയിരുന്നു. എന്നാൽ 1938 ഡിസംബറിൽ കോൺഗ്രസ്സ് പ്രവർത്തന സമിതി ഹിന്ദുമഹാസഭയിൽ അംഗങ്ങളായിരിക്കുന്നവർ കോൺഗ്രസ്സ് പാർട്ടിയിലിരിക്കാൻ യോഗ്യത ഇല്ലെന്ന് പ്രഖ്യാപിച്ചു.



വി.ഡി. സവാർക്കർ

6.4 ആദ്യ കോൺഗ്രസ്സ് മന്ത്രിസഭകൾ

ഇന്ത്യൻ ദേശീയ കോൺഗ്രസ്സിനെ ദേശീയ വാദത്തെ രൂപപ്പെടുത്തിയ മഹാത്മാഗാന്ധി, ആര്യ സമാജം അലിഗാർപ്രസ്ഥാനം എന്നിവ പിൻതുടർന്ന ഇടുങ്ങിയ ദേശീയതയെ നിരാഹരിച്ചു. ഈ കാലഘട്ടത്തിൽ കോൺഗ്രസ്സ് ഒരു വലിയ ശക്തിയായി നിലകൊണ്ടിരുന്നു. 1937 ൽ നടന്ന പതിനൊന്ന് പ്രവിശ്യ തെരഞ്ഞെടുപ്പിൽ ഏഴ് പ്രവിശ്യകളിൽ കോൺഗ്രസ്സ് വൻവിജയം കരസ്ഥമാക്കി. കൂടാതെ മൂന്നു പ്രവിശ്യകളിൽ ഏറ്റവും വലിയ കക്ഷിയായി. ലിഗിന്റെ പ്രകടനം മോശമായിരുന്നു. മൊത്ത വോട്ടുകളിൽ 4.8 ശതമാനമാണ് മുസ്ലീംങ്ങൾ നേടുയത്. കോൺഗ്രസ്സ് ഒരു മതേതര പാർട്ടിയായി ഉയർന്നുവന്നു. എന്നാൽ സർക്കാർ ഇതിനെ ഒരു ഹിന്ദു സംഘടനയായി മുദ്രകുത്തി. മുസ്ലീം ജനതയുടെ യഥാർത്ഥ പ്രതിനിധിയായി ഇത് മുസ്ലീം ലീഗിനെ ഉയർത്തിക്കാട്ടി. മുസ്ലീം ലീഗ് കോൺഗ്രസ്സ് തുല്യമായി പരിഗണിക്കുകയും ചെയ്തു.

6.5 സ്വാതന്ത്ര്യദിനമായി ആചരിക്കൽ

1939 ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപുറപ്പെടുകയും ഇന്ത്യയുടെ വൈസ്രോയി ലിൻലിത്ഗോ ഉടൻതന്നെ ഇന്ത്യയും യുദ്ധത്തിലാണെന്ന് പ്രഖ്യാപിച്ചു. കോൺഗ്രസ്സുമായി യാതൊരു വിധത്തിലുമുള്ള ആലോചനയും നടത്താതെയാണ് പ്രഖ്യാപനം നടത്തിയത്. പ്രവിശ്യകളിലെ എല്ലാ കോൺഗ്രസ്സ് മന്ത്രിമാരും രാജിവയ്ക്കണമെന്ന് കോൺഗ്രസ് പ്രവർത്തകസമിതി തീരുമാനിച്ചു. കോൺഗ്രസ്സ് മന്ത്രിമാരുടെ രാജിക്കുശേഷം പ്രവിശ്യകളിലെ ഗവർണർമാർ നിയമസഭാംഗങ്ങളെ പിരിച്ചുവിട്ട് ഭരണം സ്വയം ഏറ്റെടുക്കുകയും ചെയ്തു.

കോൺഗ്രസ്സ് ഭരണം അവസാനിച്ചതിനെ വീണ്ടെടുക്കൽ ദിനമായി 1939 ഡിസമബർ 22 മുസ്ലീംലീഗ് ആലോഷിച്ചു. മുസ്ലീംങ്ങൾക്കെതിരായ കോൺഗ്രസ്സിന്റെ നടപടികൾക്കെതിരെ അന്നു പലയിടത്തും പ്രമേയങ്ങൾ പാസാക്കി. ദേശീയ മുസ്ലീംങ്ങളുടെ പ്രവർത്തനങ്ങളെ ഇസ്ലാമിക വിരുദ്ധമെന്ന് മുദ്രകുത്തുകയും നിസാരവൽക്കരിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് 1940 മാർച്ച് 26 ന് ലാഗോറിൽ മുസ്ലീംലീഗ് മുസ്ലീംങ്ങൾക്ക് പ്രത്യേക രാജ്യം വേണമെന്ന ആവശ്യം ഉന്നയിച്ചു.

> 1940 ൽ മുസ്ലീംലീഗിന്റെ വേദിയിൽ നിന്നാണ് പാക്കിസ്ഥാൻ എന്ന ആശയം ഉയർന്നുവന്നതെങ്കിലും, പത്തുവർഷങ്ങക്കു മുൻമ്പേ കവിയും പണ്ഡിതനുമായ മുഹമ്മദ് ഇക്ബാൽ ചിന്തിച്ചതായിരുന്നു 1930 ൽ അലഹബാദിൽ നടന്ന മുസ്ലീം ലീഗിന്റെ വാർഷിക സമ്മേളനത്തിൽ ഇക്ബാൽ ഒരു ഏകിത്യത വടക്കുപടിഞ്ഞാറൻ ഇന്ത്യൻ മുസ്ലീം രാഷ്ട്രം കാണാൻ ആഗ്രഹിച്ചു. ഇത് പിന്നീട് കേംബ്രിഡ്ജ് വിദ്യാത്ഥികളിലൊരാളായ റഹ്മത്ത്അലി ശക്തമായി പ്രകടിപ്പിച്ചു. ലീഗിന്റെ അടിസ്ഥാന ആവശ്യം രണ്ട് രാജ്യങ്ങൾ എന്ന നയമാണ്. ഇത് ആദ്യമായി സർവസീർ ഹസൻ എന്ന ആളാണ് 1937 ൽ ബോംബെയിൽ നടന്ന ലീഗ് സമ്മേളനത്തിൽ പരാമർശിച്ചത്. ഈ വിശാല ഭൂഖണ്ഡത്തിൽ താമസിക്കുന്ന ഹിന്ദുക്കളും മുസ്ലീംങ്ങളും രണ്ട് സമുദായങ്ങളായി കണക്കാക്കേണ്ടതില്ല, മറിച്ച് പല വഴികളിൽ രണ്ട് രാജ്യങ്ങളായി കണക്കാക്കണമെന്ന് അദ്ദേഹം പറഞ്ഞു."

ആദ്യം ജിന്നയോ നവാബ് സഫറുല്ല ഖാനോ മുസ്ലീംങ്ങൾക്ക് പ്രത്യേക രാജ്യം സാധ്യമാകുമെന്ന് പ്രതീക്ഷിച്ചില്ല. എന്നിരുന്നാലും 1940 മാർച്ച് 23 ന് മുസ്ലീംലീഗ് ഒരു പ്രമേയം പാസാക്കി. പ്രമേയത്തിന്റെ വാചകം ഇപ്രകാരമാണ്. അിലേന്ത്യ മുസ്ലീം ലീഗിന്റെ ഈ സെക്ഷന്റെ ഏകകണ്ഠമായ വീക്ഷണ

12th_History_Pixels_Unit_6.indd 79 2/28/2023 1:18:46 PM

മാണ് ഭരണ ഘടനാപരമായ മുഹമ്മദ്അലി ജിന്നയുടെ പദ്ധതികൾ. ഈ രാജ്യത്ത് പ്രവർത്തിക്കില്ലെന്നും മുസ്ലീംങ്ങൾക്ക് സ്വീകാര്യമാകില്ലെന്നും ഇത് പരിഗണിച്ചു. അടിസ്ഥാനതത്വങ്ങൾ, അതായത് ഭൂമിശാസ്ത്രപരമായ തുടർച്ചയായി യൂണിറ്റുകൾ ആവശ്യാനുസരണം പുനർക്രമീകരണങ്ങളോട് രൂപീകരിക്കേണ്ട മേഖലകളായി വേർതിരിക്കപ്പെട്ടു. മുസ്ലീംങ്ങൾ എണ്ണത്തിൽ ഭൂരിപക്ഷമുള്ള പ്രദേശത്തെ സ്വതന്ത്ര രാജ്യമാക്കി മാറ്റണം ഇന്ത്യവിടുന്നതിനു മുമ്പ് ബ്രിട്ടീഷുകാർ അത്തരം വിഭജനം ഇന്ത്യൻ യൂണിയനിലെ പാക്കിസ്ഥാനിലേക്ക് വിഭജിക്കുന്നതിനെ പ്രാബല്യത്തിവരുത്തണമെന്ന് തീരുമാനിച്ചു.



മുഹമ്മദലി ജിന്നാ

6.6 നേരിട്ടുള്ള പ്രവർത്തന ദിനം

1940 കളിലെ തുടക്കത്തിൽ ആരംഭിച്ച ഹിന്ദു മറ്റും മുസ്ലീം വർഗ്ഗീയവാദങ്ങൾ ഒന്നിനൊന്ന് ഊട്ടിവളർത്തി. 1942 ൽ നടന്ന ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തെ മുസ്ലീംങ്ങൾ പരസ്യമായി ബഹിഷ്കരിച്ചു. 1946 ൽ ഭരണഘടനാ നിർണയ സഭയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ മുസ്ലീംങ്ങൾക്കായി നീക്കി വച്ചിരുന്ന മുപ്പതു സീറ്റുകളും വിജയിച്ചതോടൊപ്പം മറ്റു പ്രവിശ്യകളിൽ ഒതുക്കപ്പെട്ടമിക്കവാറും മണ്ഡലങ്ങളിലും വിജയം കൈവരിച്ചു. കോൺഗ്രസ് പാർട്ടി പൊതു മണ്ഡലങ്ങളിൽ എല്ലായിടത്തും വിജയിച്ചു. എന്നാൽ ഒട്ടുമൊത്ത ബ്രിട്ടീഷ് ജനങ്ങളുടെയും ശബ്ദമായി സംസാരിക്കുന്ന കക്ഷി കോൺഗ്രസ്സ് മാത്രമാണ് എന്ന ധാരണയെ ഇത് നഷ്ടപ്പെടുത്തി.

1946 ൽ ഇന്ത്യയുടെ സെക്രട്ടറിയായ പെതിക് ലോറൻസിന്റെ നേതൃത്വത്തിൽ മൂന്നംഗങ്ങളെ ഉൾകൊണ്ട കാബിനറ്റ് മിഷൻ കോൺഗ്രസ്സ് മുസ്ലീം ലീഗുകൾക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങളെ മാറ്റി ഉത്തരവാദിത്വത്തെ ഒരു ഇന്ത്യൻഭരണ നിർവഹണത്തിന് കൈമാറ്റം ചെയ്യാമെന്ന വിശ്വാസത്തോടെ ന്യൂഡൽഹിയിൽ വന്നു. മൂന്നംഗങ്ങളിൽ ഒരാളായ ക്രിപ്സ് കാബിനറ്റ് മിഷന്റെ പദ്ധതി തയ്യാറാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു. ഈ പദ്ധതി എന്നത് ഇന്ത്യയ്ക്ക് ഒരു ത്രിതല ഫെഡറേഷൻ പദ്ധതി മുന്നോട്ടുവച്ചു ഇത് വിദേശകാര്യങ്ങൾ, ആശയവിനിമയം, പ്രതിരോധം എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ധനസഹായം എന്നിവയിൽ പരിമിതവും പരിമിതമായ അധികാരങ്ങളും ഇതിന് ഉണ്ടായിരിക്കും. ഉപഭൂഖണ്ഡത്തിലെ പ്രവിശ്യകളെ മൂന്ന് പ്രധാന ഗ്രൂപ്പുകളായി തിരിച്ചിരുന്നു. ഗ്രൂപ്പ് എയിൽ ഹിന്ദു ഭൂരിപക്ഷ പ്രവിശ്യകളായ ബോംബെ, മദ്രാസ്, യുണൈറ്റ് പ്രവിശ്യകൾ എന്നിവ ഉൾപ്പെടുന്നു. മുസ്ലീം ഭൂരിപക്ഷ പ്രവിശ്യകളായ പഞ്ചാബ്, സിന്ധ്, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശം, ബലൂചിസ്ഥാൻ എന്നിവ ഗ്രൂപ്പ് ബിയിൽ ഉൾപ്പെടുത്തിയിരുന്നു. ഗ്രൂപ്പ് സി യിൽ മുസ്ലീം ഭൂരിപക്ഷമുള്ള ബംഗാളും ഹിന്ദു ഭൂരിപക്ഷമുള്ള ആസാമും ഉൾപ്പെടുന്നു. ഈ സർക്കാരുകൾക്ക് കേന്ദ്ര സർക്കാരിനെ നിയോഗിച്ചിട്ടുള്ളവ ഒഴികെ എല്ലാ മേഖലകളിലും സ്വയംഭരണവകാശം ഉണ്ടായിരിക്കും. ഈ ഗ്രൂപ്പിലെ തദ്ദേശീയ സംസ്ഥാനങ്ങളെ അതാത് ഗ്രൂപ്പുകളിലേക്ക് സംയോജിപ്പിച്ച് അവയുടെ അടുത്തുള്ള പ്രവിശ്യകളുമായി ലയിപ്പിക്കാം. പ്രാദേശിക പ്രവിശ്യ സർക്കാരുകൾക്ക് അവരുടെ ഗ്രൂപ്പ് വിടാനുള്ള അവസരം നൽകും പക്ഷേ ആ പ്രവിശ്യാ ഗവൺമെന്റെ ഭൂരിപക്ഷം ജനങ്ങളും ആഗ്രഹിക്കുന്നുവെങ്കിൽ മാത്രമേ അത് സാധ്യമാകൂ.

കോൺഗ്രസ്സ് നേതാക്കളെപ്പോലെ ജിന്നയും ക്യാബിനറ്റ് മിഷന്റെനിർദ്ദേശങ്ങളെ അംഗീകരിച്ചു. എന്നാൽ പല ആഴ്ചകളായി നടന്ന രഹസ്യ സംഭാഷണങ്ങൾക്കുശേഷം 1946 ജൂലൈ 29 ന് മുസ്ലീംലീഗ് ക്യാബിനറ്റ് മിഷന്റെ പദ്ധതികളെ നിരാഹരിക്കുന്നതായി അറിയിച്ചതോടു കൂടി ഇന്ത്യയിലുള്ള എല്ലാ മുസ്ലീംങ്ങളെയും ഇതിന് എതിർപ്പ് രേഖപ്പെടുത്താൻ ആഗസ്റ്റ് 16 ാം തിയതി നേരടി നടപടി ദിനം ആചരിക്കാൻ ഇന്ത്യയിലുള്ള മുസ്ലീംങ്ങളോട് ആഹ്വാനം ചെയ്തതിനുശേഷം ആയിരകണക്കിന് മരണങ്ങൾ ഉണ്ടായി. അതുവരെയും രാജ്യത്തെ വിഭജിക്കുന്നതിന് എതിർപ്പു പ്രകടിപ്പിച്ചുവന്ന ഗാന്ധി മുസ്ലീം ലീഗിന്റെ പാക്കിസ്ഥാൻ ആവശ്യത്തെ അംഗീകരിച്ചു.

വേവലിനുശേഷം വന്ന മൗണ്ട് ബാറ്റൻപ്രഭു വിഭജനപദ്ധതിയും അധികാര കൈമാറ്റം പ്രാബല്യത്തിൽ വരുത്തുന്നതിന് ഇന്ത്യയുടെ വൈസ്രോയിയായി ചുമതലയേറ്റു.

സംഗ്രഹം

- ബ്രിട്ടീഷ് ഇന്ത്യയിൽ പരിഷ്കരണസാമുദായിക പ്രസ്ഥാനങ്ങളായ ആര്യസമാപവും ഹിന്ദു മതത്തെ പ്രതിനിധീകരിക്കുന്ന തിയോസഫിക്കൽ സൊസൈറ്റിയും ഇസ്ലാംമിനെ പ്രതിനിധീകരിക്കുന്ന വഹാബി, ഖിലാഫത്തു പ്രസ്ഥാനങ്ങളുംപതിനിധീകരിച്ചു.
- ഗോ സംരക്ഷണ സംഘടനകളും പശുക്കളെ കൊല്ലുന്നത് തടയാൻ എടുത്ത ശ്രമങ്ങളും കലാപത്തിനും വർഗ്ഗീയവാദം വ്യാപിക്കുന്നതിനും വഴിയൊരുക്കി.

12th_History_Pixels_Unit_6.indd 80 2/28/2023 1:18:46 PM

- രാഷ്ട്രീയത്തിൽ മതത്തിന്റെ ഉപയോഗവും ഉത്തേരേന്ത്യയിൽ ഹിന്ദുക്കളും മുസ്ലീംങ്ങളും തമ്മിലുള്ള അകൽച്ചയും ഉണ്ടായി.
- ജിന്ന തന്റെ ഉറച്ച വാദത്താൽ ക്യാബിനറ്റ് മിഷന്റെ പദ്ധതികളെ അംഗീകരിക്കുന്നതിൽ ഒരു തീരുമാനത്തിൽ എത്തുന്നതിൽ ജിന്ന വിസമ്മതം രേഖപ്പെടുത്തുകയും 1946 ൽ നേരിട്ടുള്ള പ്രവർത്തന ദിനത്തിനുള്ള സാഹചര്യം പോലുള്ള ഒരു ആഭ്യന്തര യുദ്ധത്തിന് കാരണമാവുകയും ചെയ്തു. അവസാനം രാജ്യത്തെ ഇന്ത്യപാക്കിസ്ഥാൻ എന്ന രണ്ടു രാജ്യങ്ങളായി വിഭജിക്കേണ്ട അവസ്ഥയിൽ എത്തി.

പരിശീലനം

V05IJ

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. മുഗൾകാലഘട്ടത്തിൽ ഔദ്യോഗിക ഭാഷയായും, കോടതി ഭാഷയായും ശോഭിച്ചിരുന്നത്

   (a) ഉറുദു (b) ഹിന്ദി (c) മറാത്തി (d) പേർഷ്യൻ

2. പ്രിവികൗൺസിലിൽ പങ്കെടുത്ത ആദ്യത്തെ ഇന്ത്യാക്കാരൻ

   (a) റഹ്മത്തുല്ല സയാനി

   (b) സർസയ്യദ് അഹമ്മദ്

   (c) സയ്യദ്അമീർ അലി

   (d) ബദ്രുദീൻ ത്യാബ്ജി

3. **പ്രസ്താവന:** A 1870 ലെ ബംഗാൾ സർക്കാരിന്റെ ഉത്തരവ് മുസ്ലീംപ്രൊഫഷണൽ ഗ്രൂപ്പുകളുടെ മനസ്സിൽ ആശങ്ക സൃഷ്ടിച്ചു.

   കാരണം: R ഉറുദുഭാഷ, സത്യവാങ്ങിനു പകരം ഹിന്ദിഭാഷ കൊണ്ടു വന്നു മാത്രമല്ല കോടതികളിലും ഓഫീസുകളിലും പേർഷ്യൻ, അറബി എഴുത്തുരീതി.

   (a) A ശരിയാണ് R യെ വിശദീകരിക്കുന്നില്ല A.

   (b) A ശരിയാണ് R യെ വിശദീകരിക്കുന്നു A.

   (c) A തെറ്റാണ് R കാരണം ശരിയാണ്.

   (d) A യും Rയും തെറ്റാണ്

4. ദ്വിരാഷ്ട്രസിദ്ധാന്തം ആദ്യം കൊണ്ടു വന്നത്

   (a) രാജാജി
   (b) റാംസെ മാക് ഡൊണാൾഡ്
   (c) മുഹമ്മദ്ഇക്ബാൽ
   (d) സർ വസീർ ഹസ്സൻ

5. 1937 ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് വിജയിച്ചത്

   (a) 12 പ്രവിശ്യകൾ (b) 7 പ്രവിശ്യകൾ

   (c) 5 പ്രവിശ്യകൾ (d) 8 പ്രവിശ്യകൾ

6. കോൺഗ്രസ്സിന്റെ ഭരണം അവസാനിപ്പിച്ച ദിവസം ആ ദിവസത്തെ മുസ്ലീംലീഗ് മോചന ദിവസമായി ആഘോഷിച്ചു

   (a) 22 ഡിസംബർ 1940

   (b) 5 ഫെബ്രുവരി 1939

   (c) 23 മാർച്ച് 1937

   (d) 22 ഡിസംബർ 1939

7. താഴെ കൊടുത്തിട്ടുള്ളതിനെ ശരിയായ രീതിയിൽ യോജിപ്പിച്ച് ശരിയായതിനെ തെരഞ്ഞെടുത്തെഴുതുക

ലിസ്റ്റ്- I	ലിസ്റ്റ്- II
(A) ആനിബെസന്റ്	- 1. അലിഗാർ പ്രസ്ഥാനം
(B) സർസയ്യദ് അഹമ്മദ് ഖാൻ	- 2. ദയാനന്ദസരസ്വതി
(C) ഖിലാഫത്ത് പ്രസ്ഥാനം	-3. തിയോസോഫിക്കൽ സൊസൈറ്റി
(D) ശുദ്ധിപ്രസ്ഥാനം	- 4. അലിസഹോദരൻമാർ

	A	B	C	D
(a)	3	1	4	2
(b)	1	2	3	4
(c)	4	3	2	1
(d)	2	3	4	1

8. താഴെ തന്നിട്ടുള്ള പ്രസ്താവനകളിൽ ശരിയായതുമാത്രം എടുത്ത് എഴുതുക:

   i) അലിഗാർ പ്രാനത്തെ ആരംഭിച്ച സർസയ്യദ് അഹമ്മദ്ഖാൻ ആരംഭത്തിൽ കോൺഗ്രസ്സിനെ ആദരിച്ചിരുന്നു.

   ii) 1909 ൽ ആരംഭിക്കപ്പെട്ട പഞ്ചാബ് ഹിന്ദുസഭ ഹിന്ദുസാമുദായിക രാഷ്ട്രീയത്തിന് അടിത്തറപാകി.

   (a) പ്രസ്താവന (i) & (ii) ഉം ശരിയാണ്

   (b) പ്രസ്താവന (i) ശരിയാണ് (ii) തെറ്റാണ്

   (c) പ്രസ്താവന (i) തെറ്റാണ് (ii) ശരിയാണ്

   (d) പ്രസ്താവന (i) & (ii) തെറ്റാണ്

9. മുസ്ലീംലീഗ് നേരിട്ടുള്ള നടപടി ദിനം ആചരിക്കുന്നത്

   (a) 25 ഡിസംബർ, 1942

   (b) 16 ആഗസ്റ്റ്, 1946

   (c) 21 മാർച്ച്, 1937

12th_History_Pixels_Unit_6.indd 81 2/28/2023 1:18:46 PM

(d) 22 ഡിസംബർ, 1939

10. വേവൽ പ്രഭുവിനെ തുടർന്ന് അധികാരത്തിൽ വന്നത്

(a) ലിൻലിത്ഗൗ (b) പെഥിക് ലോറൻസ്സ്

(c) മൌണ്ട്ബാറ്റൻ (d) ചെംസ്ഫോർഡ്

11. **പ്രസ്താവന (A):** വർഗ്ഗീയത വളർത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും ബ്രിട്ടീഷ് സർക്കാർ സ്വീകരിച്ചതത്വമാണ് പ്രത്യേക നിയോജക മണ്ഡലം.

കാരണം (R): ജനങ്ങളെ പ്രത്യേക നിയോജക മണ്ഡലങ്ങളായി പിരിച്ചതിനാൽ അവർ സാമുദായികമായി വോട്ടു ചെയ്തു.

(a) A ശരിയാണ് എന്നാൽ, R യെ വിശദീകരിക്കുന്നില്ല A

(b) A ശരി, R തെറ്റ്

(c) A ഉം R ഉം തെറ്റാണ്

(d) A ശരി, R യെ വിശദീകരിക്കുന്നു A

12. താഴെ തന്നിട്ടുള്ളതിനെ യോജിപ്പിച്ച്. ശരിയായതിനെ തെരഞ്ഞെടുക്കുക

(A) ഹിന്ദു നവോത്ഥാനം 1. എം.എസ് ഗോൾക്കർ

(B) ഖലീഫയുടെ പദവി ഇല്ലാതാക്കുക 2. ആര്യസമാജ്

(C) ലാലാലജ്പത്റോയ് 3. 1924

(D) രാഷ്ട്രീയസ്വയം സേവ സംഘം 4. ഹിന്ദു മുസ്ലീം പ്രവിശ്യകളായി പഞ്ചാബിനെ വിഭജിച്ചു

	A	B	C	D
(a)	2	4	3	1
(b)	3	4	1	2
(c)	1	3	2	4
(d)	2	3	4	1

II. കുറിപ്പെഴുതുക

1. സർസയ്യദ് അഹമ്മദ്ഖാൻ ബ്രിട്ടീഷുകാരെ പിൻതുണച്ചത് എന്തുകൊണ്ട്?
2. പ്രത്യേകനിയോജക മണ്ഡലത്തെപ്പറ്റി കുറിപ്പെഴുതുക.
3. ആഖാഖാന്റെ നേതൃത്വത്തിൽ മുസ്ലീംലീഗ് മുന്നോട്ടു വച്ച ആവശ്യങ്ങൾ എന്തെല്ലാം.
4. 1923 വാരാണാസിയൽ നടന്ന വാർഷികഹിന്ദു മഹാസമ്മേളനത്തെക്കുറിച്ച് കുറിപ്പെഴുതുക.

III. ചുരുക്കി ഉത്തരമെഴുതുക

1. 1921 ൽ നടന്ന മലബാർ ലഹളയെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായം എന്തായിരുന്നു.
2. മുസ്ലീംങ്ങളുടെ ആദ്യത്തെ കേന്ദ്ര സംഘടിത രാഷ്ട്രീയ പാർട്ടിയുടെ ലക്ഷ്യങ്ങൾ ഏവ.
3. 1907 ലെ മിൻന്റോ മോർളി പരിഷ്കാരത്തിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുക.
4. 1927 ാം മാണ്ടിലെ ഡൽഹിയിൽ നടന്ന മുസ്ലീം ലീഗ് സമ്മേളനത്തിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാം?

IV. വിശദമായ ഉത്തരം എഴുതുക

1. ബ്രിട്ടീഷ് ഇന്ത്യയിലെ വർഗ്ഗീയവാദത്തിന്റെ ഉത്ഭവത്തേയും പ്രവർത്തനത്തേയും കുറിച്ച് വിശദമാക്കുക.
2. ബ്രിട്ടീഷ്കാരുടെ ഭിന്നിച്ച് ഭരിക്കുക എന്ന തത്വം ഇന്ത്യൻ ദേശീയതയിൽ ഏർപ്പെടുത്തിയ മാറ്റങ്ങൾ ഏവ?
3. ഹിന്ദുദേശീയത, മുസ്ലീം ദേശീയത, ഇന്ത്യൻ ദേശീയത എന്നിവ മൂന്നും ഇന്ത്യൻ വിയഭജനത്തിന് തുല്യ പങ്ക് വഹിച്ചത് എപ്രകാരമാണെന്ന് വിശദീകരിക്കുക?

V. പ്രവർത്തനം

1. 1875 മുതൽ ഇന്ത്യയിൽ ഏർപ്പെട്ട ഹിന്ദു മുസ്ലീം കലഹത്തെക്കുറിച്ച് പട്ടിക തയ്യാറാക്കുക
2. മതം പൊതു സമൂഹത്തിൽ വരാമോ എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.

പരാമർശഗ്രന്ഥങ്ങൾ

1. Anil Seal, *The Emergence of Indian Nationalism*, Cambridge University Press, 1968.
2. S. Gopal, *British Policy in India, 1858-1905*, Cambridge University Press, 1992 (reprint).
3. K.N. Panikkar, *Communalism in India: A Perspective for Intervention* (New Delhi, Tulika, 1991)
4. Richard Gordon, "The Hindu Mahasabha and the Indian National Congress, 1915–1926", *Modern Asian Studies*, vol. 9, no. 2 (1975).
5. Chandini Saxena, "The Partition of India: Contestation, Appeasement and Culmination", *Proceedings of Indian History Congress*, Vol. 76 (2015).

12th_History_Pixels_Unit_6.indd 82 2/28/2023 1:18:46 PM

A-Z പദപരിചയം

communalism	socio-political grouping based on religious or ethnic affiliation.	സാമുദായികവാദം
nationalism	the policy or doctrine of asserting the interests of one's own nation.	ദേശീയത
Divide and Rule	breaking up larger centres of power into small groups.	ഭിന്നിച്ചുഭരിക്കുക
revivalism	a desire to revive a former customs or practice	പുനരുജ്ജീവനവാദം
imperialism	a policy of extending political or economic control by a powerful country over a weaker country.	സാമ്രാജ്യത്വം
jizya	the poll tax formerly paid by religious groups other than Muslims in Islamic empires	മുസ്ലീങ്ങൾ അല്ലാത്തവർ നൽകേണ്ടിവന്നിരുന്ന നികുതി
shariat	Islamic code of law based on Koran and the teachings of the Prophet	ഇസ്ലാം നിയമ സമ്പ്രദായം
communal award	a judgement based on religion	സാമുദായിക അവാർഡ്

12th_History_Pixels_Unit_6.indd 83 2/28/2023 1:18:46 PM

യൂണിറ്റ് 7

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അവസാനഘട്ടം

പഠനത്തിന്റെ ലക്ഷ്യങ്ങൾ

ഇതിലൂടെ സ്വയം പരിചയപ്പെടുത്തുന്നത്;

- ക്രിപ്സ് മിഷനും അതിന്റെ തകർച്ചയും
- ക്വിറ്റ് ഇന്ത്യ പ്രസ്ഥാനവും പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ഗാന്ധിജിയുടെ ആഹ്വാനം
- സുഭാഷ് ചന്ദ്ര ബോസും ഇന്ത്യൻ നാഷണൽ സൈന്യവും (ഐ.എൻ.എ.)
- വേവൽ പ്ലാനും രാജാജിയുടെ വിട്ടുവീഴ്ച നിർദ്ദേശവും
- റോയൽ ഇന്ത്യൻ നേവിയുടെ കലാപം(1946)
- മൗണ്ട് ബാറ്റന്റെ പ്ലാനും വിഭജനവും

ആമുഖം

2-ാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ട സമയത്ത് പ്രവിശ്യകളിലുള്ള കോൺഗ്രസ് മന്ത്രാസഭകളുമായി ആലോചിക്കാതെ ഇന്ത്യയെ യുദ്ധത്തിൽ ഉൾപ്പെടുത്താനുള്ള ബ്രിട്ടന്റെ തീരുമാനം ഇന്ത്യൻ നാഷണൽ കോൺഗ്രസിനെയും ഗാന്ധിജിയെയും ചൊടിപ്പിച്ചു. ഇതിനു പ്രതിഷേധമായി കോൺഗ്രസ് മന്ത്രിമാർ രാജിവെച്ചു. 1940 ഒക്ടോബറിൽ ഗാന്ധിജി കോൺഗ്രസിന്റെ മനോവീര്യം നിലനിർത്താൻവേണ്ടി സത്യാഗ്രഹം ആരംഭിച്ചു. ഈ സമയത്ത് കോൺഗ്രസിന്റെ പ്രസിഡന്റായി സുഭാഷ്ചന്ദ്രബോസിനെ തിരഞ്ഞെടുക്കുകയും അത് ഗാന്ധിജിയെ വിഷമിപ്പിക്കുകയും അത് ബോസിന്റെ രാജിയിലേക്ക് നയിക്കുകയും ചെയ്തു. പിന്നീട് ബോസ് ഫോർവേഡ് ബ്ലോക്ക് പാർട്ടി ആരംഭിച്ചു. ജർമ്മനിലേക്ക് രക്ഷപ്പെട്ടതിനുശേഷം സിംഗപ്പൂരിൽ വെച്ച് ഇന്ത്യൻ നാഷണൽ ആർമിയെ രൂപീകരിക്കുകയും, കോൺഗ്രസ് പ്രസ്ഥാനത്തിൽ നിന്ന് സ്വതന്ത്രമായി വിപ്ലവകരമായ പ്രവർത്തനങ്ങൾ നടത്താൻ തുടങ്ങുകയും ചെയ്തു.

1942 മാർച്ചിൽ ക്രിപ്സ് മിഷൻ ദേശീയവാദികളെ അവരുടെ പക്ഷത്താക്കാൻ വന്നു. എന്നാൽ അവരുടെ നിർദ്ദേശങ്ങൾ ഫലമണിഞ്ഞില്ല. 1942 ആഗസ്റ്റിൽ ഗാന്ധിജി ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം ആരംഭിക്കാൻ തീരുമാനിച്ചു. ബ്രിട്ടീഷ് കോൺഗ്രസിന്റെ എല്ലാ പ്രമുഖനേതാക്കളെയും തടവിലാക്കുകയും, ഈ പ്രസ്ഥാനത്തെ അടിച്ചമർത്തുകയും ചെയ്തു. 1944 മെയ് വരെ ഗാന്ധിജി ജയിലിൽ കഴിഞ്ഞു. അതിനുശേഷം കാബിനറ്റ് മിഷൻ വരുകയും കോൺഗ്രസ് അതിനെ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ജിന്നയും മുസ്ലീം ലീഗും പാക്കിസ്ഥാൻ വേണമെന്ന തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ഡൈറക്ട് ആക്ഷൻ ഡേ പരിപാടി സംഘടിപ്പിക്കുകയും ഇത് കിഴക്ക് ബംഗാളിൽ കലാപങ്ങൾക്ക് വഴിതെളിച്ചു. കലാപങ്ങൾ കൊണ്ട് ക്ഷയിച്ച നവോഖാലിയിലേക്ക് ഗാന്ധി യാത്രപോയി. രാജാജിയുടെ ഫോർമുലയും, വേവൽ പ്ലാനും, സിംല കോൺഫെറൻസും ഈ പ്രതിസന്ധി പരിഹരിക്കാൻ ശ്രമിച്ചെങ്കിലും അതിനു കഴിഞ്ഞില്ല. ഇതിനിടയിൽ റോയൽ ഇന്ത്യൻ നേവി കലാപം നടത്തി. കാരണം ബ്രിട്ടീഷുകാരെ സ്വാതന്ത്ര്യം നൽകുന്ന പ്രക്രിയ വേഗത്തിലാക്കാൻ വേണ്ടി. യായിരുന്നു. ഗവർണർ ജനറലായി മൗണ്ട് ബാറ്റണെ തിരഞ്ഞെടുക്കുകയും ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നല്കുന്നതിനെപ്പറ്റിയും ഇന്ത്യ പാക്കിസ്ഥാൻ വിഭജനത്തെപ്പറ്റി മേൽനോട്ടം വഹിക്കാൻ നിയമിക്കുകയും ചെയ്തു.

വ്യക്തിഗത സത്യാഗ്രഹം

മുൻകാലങ്ങളിൽനിന്ന്വ്യത്യസ്തമായിഗാന്ധിജിയുടെ പ്രചാരണം ഒരു ബഹുജന സ്വഭാവമുള്ളതായി തീർന്നു. ഫാസിസത്തിനെതിരായ യുദ്ധം തടസ്സപ്പെടാത്ത രീതിയിൽ വ്യക്തിഗത സത്യാഗ്രഹം നടത്താൻ ഗാന്ധിജി തീരുമാനിച്ചു. ഗാന്ധി സത്യാഗ്രഹികളെ തിരഞ്ഞെടുക്കുകയും യുദ്ധത്തിൽ

12th_History_MAL_Unit_7 Pixels.indd 84 2/28/2023 1:19:20 PM

പങ്കെടുക്കുന്നതിന് എതിരായി സംസാരിക്കുന്നതിനുള്ള അവരുടെ സ്വാതന്ത്ര്യം നിയന്ത്രിക്കുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട സത്യാഗ്രഹ സമരത്തിന്റെ ദിവസം, സമയം, സ്ഥലം എന്നീ വിവരങ്ങൾ ജില്ലാ മജിസ്ട്രേറ്റിനെ അറിയിക്കണം നിശ്ചിത സമയത്ത് അവിടെ എത്തുകയും, പരസ്യമായി ഇങ്ങനെ പ്രഖ്യാപിക്കുകയും ചെയ്യണം. ബ്രിട്ടീഷുകാരുടെ യുദ്ധത്തിന് പണവും മനുഷ്യരെയും കൊടുത്ത് സഹായിക്കുന്നത് തെറ്റാണ്. എല്ലാ യുദ്ധശ്രമങ്ങളെയും ചെറുക്കുക, അഹിംസാത്മക പ്രതിരോധവും ആഗസ്റ്റ് ഓഫറുമാണ് ഏറ്റവും യോഗ്യമായ ഏകശ്രമം



മഹാരാഷ്ട്രയിലെ പൗനർ ആശ്രമം

മഹാരാഷ്ട്രയിലെ പൗനർ ആശ്രമത്തിൽവെച്ച് വിനോഭഭാവേ സത്യാഗ്രഹം അർപ്പിച്ചതിലൂടെ 17 ഒക്ടോബർ 1940 ലൂടെ ഈ പ്രോഗ്രാം ആരംഭിക്കുകയും ചെയ്തു. 1940 ഡിസംബറിൽ ഗാന്ധിജി ഈ സത്യാഗ്രഹം നിർത്തലാക്കി. ചില മാറ്റങ്ങളോടെ 1941 ജനുവരിയിൽ പുനരുജ്ജീവിപ്പിക്കുകയും 1941 ആഗസ്റ്റിൽ വീണ്ടും പിൻവലിക്കുകയും ചെയ്തു.

ഓഗസ്റ്റ് ഓഫർ



ലോർഡ്‌ലിൻ ലിംഗ്തോ

വൈസ്രോയ് ആയിലിൻലിത്ത്ഗൗ പ്രഭുവിന്റെ ആഗസ്റ്റ് ഓഫറിന്റെ മറുപടിയായിട്ടാണ് വ്യക്തിഗത സത്യാഗ്രഹം കോൺഗ്രസ് ഇറക്കിയത്. 1940 ആഗസ്റ്റ് 8-ൽ ലിൻലിത്ത്ഗൗ ചുവടെയുള്ള വാഗ്ദാനങ്ങൾ നൽകി:- വ്യക്തമാക്കാത്ത ഭാവിയിൽ വരെ ആധിപത്യനില/ ഡൊമിനിയൻ സ്റ്റാറ്റസ് ഇന്ത്യക്കാരെ ഉൾപ്പെടുത്താനായി വൈസ്രോയിയുടെ കൗൺസിലിന്റെ വിപുലീകരണം. ഇന്ത്യാക്കാരെ ഉൾപ്പെടുത്തികൊണ്ട് യുദ്ധ ഉപദേശ സമിതി രൂപീകരിച്ചു. ന്യൂന പക്ഷത്തിന്റെ അവകാശങ്ങൾ അംഗീകരിക്കൽ യുദ്ധത്തിനുശേഷം ഭാവിയിൽ ഏതെങ്കിലും തീയതിയിൽ ഇന്ത്യൻ ജനതയെ ശരിയായഅംഗീകരിക്കുന്ന ഒരു ഭരണഘടന രൂപീകരിക്കുന്നെന്ന വാഗ്ദാനം ചെയ്യുക

ബോസിനെ കോൺഗ്രസിൽ നിന്ന് നീക്കം ചെയ്തു



സുഭാഷ് ചന്ദ്രബോസ്

കോൺഗ്രസിന് ഒരു ഒത്തുതീർപ്പ് ചർച്ച നടത്താൻ പോലും സമയം തരാതെ ആഗസ്റ്റ് ഓഫർ വൈകിയെത്തി. ഈ സമയത്ത് കോൺഗ്രസ് അതിന്റെ പ്രഭാവം നഷ്ടപ്പെടുത്തുകയായിരുന്നു. അതിന്റെ അംഗത്വസംഖ്യ 1938-39-ൽ 4.5 ദശലക്ഷത്തിൽ നിന്ന് 1940-41-ൽ 1.4 ദശലക്ഷത്തിലേക്ക് കുറഞ്ഞു. കോൺഗ്രസിലെ പ്രമുഖ നേതാക്കളെല്ലാം ബോസുമായിട്ട് സഹകരണമില്ലാത്തതിന്റെ പേരിൽ അദ്ദേഹം ഒറ്റപ്പെട്ടുപോയി. ബോസ് രാജിവെയ്ക്കുകയും രാജേന്ദ്രപ്രസാദിനെ പ്രസിഡന്റായി കോൺഗ്രസ് സെക്ഷനിൽ എ.ഐ.സി.സി. തിരഞ്ഞെടുത്തു. കോൺഗ്രസിനുള്ളിൽ നിന്ന് പ്രവർത്തിക്കാൻ ഫോർവേഡ് ബ്ലോക്ക് ബോസ് സ്ഥാപിക്കുകയും ഒടുവിൽ ഓർഗനൈസേഷനിൽ ഉള്ള എല്ലാ സ്ഥാനങ്ങളിൽ നിന്ന് ആഗസ്റ്റ് 1939-ൽ നീക്കം ചെയ്യപ്പെടുകയും ചെയ്തു.

ലാഹോർ പ്രമേയം

കൊളോണിയേൽ സർക്കാർ പ്രകടിപ്പിച്ച അഹങ്കാരവും, ഡൊമിനിയൻ സ്റ്റാറ്റസ് നൽകാമെന്ന് പറഞ്ഞ ഭാവി തിയതിയെപ്പറ്റിയുള്ള അവഗണനയും, യുദ്ധത്തിൽ സഹായിച്ചാൽ യുദ്ധത്തിനു ശേഷം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാമെന്ന വാഗ്ദാനവും മറ്റൊരു വികാസത്തിലേക്ക് നയിച്ചു. മുസ്ലീംലീഗിന് ഒരു പ്രത്യേക രാഷ്ട്രം വേണമെന്ന ആവശ്യമായിരുന്നു അത്. ഇതിൽ ആദ്യപടിയായി 1930 ൽ കിഴക്ക് മറ്റും വടക്ക് പടിഞ്ഞാറൻ ഇന്ത്യയുടെ പ്രത്യേകഭാഗം അല്ലെങ്കിൽ ചില ഭാഗങ്ങൾ എന്ന നിലയിലിരുന്ന് 1940 മാർച്ച് 23 ൽ ലാഹൂറിൽ നിറവേറ്റപ്പെട്ട തീരുമാനം മൂലം ഇത് ഒരു പ്രഥമ ഘട്ടത്തിലെത്തിച്ചേർന്നു

കൊളോണിയേൽ ഭരണാധികാരികളോട് ഇങ്ങനെയൊരു ആവശ്യം മുസ്ലീംലീഗും അതിന്റെ സംബന്ധക്കാരും ഇതിനെപ്പറ്റി സംസാരിക്കുന്നതിനായി ധാരാളം തെളിവുകളുണ്ട്. യുദ്ധശ്രമങ്ങളിൽ അവർ സഹകരണം തേടിയെങ്കിലും ഈ പ്രമേയം കാരണം ഇന്ത്യൻ നാഷണൽ കോൺഗ്രസുമായിട്ടുള്ള ചർച്ച നിരസിക്കാൻ കൊളോണിയേൽ ഭരണാധികാരികൾക്ക് കഴിഞ്ഞു.

പലതരത്തിൽ അക്കാലത്തെ കോൺഗ്രസ് സംഘടനാ അർത്ഥത്തിൽ ദുർബലമായിരുന്നു. അച്ചുതണ്ടുശക്തികളായ ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങളുമായി യുദ്ധത്തിൽ സഹ

12th_History_MAL_Unit_7 Pixels.indd 85 2/28/2023 1:19:20 PM

കരിക്കുന്നതിലൂടെ ജനാധിപത്യം വിട്ടിട്ട് ഫാസിസ്റ്റ് രാജ്യമാകുമോ എന്ന് നേതാക്കൾ വിശ്വസിച്ചിരുന്നു

ബോസ്മാത്രമായിരുന്നുസഖ്യസേനയുമായി നിസ്സഹകരണവും ആക്സിസ് രാജ്യങ്ങളുമായി സജീവമായ സഹകരണവുമുണ്ടായിരുന്ന വ്യക്തി. ഇവയെല്ലാം 1940-ലെ പ്രധാനപ്പെട്ട അടയാളമായിരുന്നു. എന്നാൽ ബ്രിട്ടീഷ് ആർമിയുടെ തകർച്ചയും തെക്കുകിഴക്കൻ ഏഷ്യയിലെ ജപ്പാന്റെ വികസനവും കാര്യങ്ങളൊക്കെ മാറ്റിമറിച്ചു. ഈ സംഭവങ്ങളൊക്കെ യുദ്ധത്തിൽ ബ്രിട്ടീഷുകാർക്ക് ഇന്ത്യയുടെ സഹായം ആവശ്യമായിവന്നു. യുദ്ധ കാബിനറ്റ് നയിക്കുന്ന വിൻസ്റ്റൺ ചർച്ചിൽ, സർ സ്റ്റാഫോർഡ് ക്രിപ്സിനെ കോൺഗ്രസുമായിട്ട് ചർച്ച ചെയ്യാൻ വേണ്ട ഏർപ്പാടു ചെയ്തു.

7.1 ക്രിപ്സ് മിഷൻ

തെക്ക് കിഴക്കൻ ഏഷ്യയിലെ ജപ്പാന്റെ സാന്നിധ്യം

1941 വർഷം സഖ്യസേനയ്ക്ക് മോശമായ സമയമായിരുന്നു. ഫ്രാൻസ്, പോളണ്ട്, ബെൽജിയം, നോർവേ, ഹോളണ്ടും ജർമ്മനിയുടെ മുൻപിൽ പരാജയപ്പെടുകയും അതേ സമയം ഗ്രേറ്റ് ബ്രിട്ടണും നാശത്തെ അഭിമുഖീകരിക്കുമായിരുന്നു. ഇതിൽ ഇന്ത്യയ്ക്ക് സുപ്രധാനമായത് തെക്ക് കിഴക്കൻ ഏഷ്യയിലെ ജപ്പാന്റെ മാർച്ചായിരുന്നു. പേൾഹാർബറിൽ നേരെയുള്ള അക്രമണത്തിനു സമാനമായ സമയത്താണ് ഇതും സംഭവിക്കുന്നത്. 1941 ഡിസംബർ 7 ന് ജപ്പാനിലെ യുദ്ധ വിമാനങ്ങൾ അമേരിക്കയിൽ പേൾ തുറമുഖത്തിൽ ബോംബുകൾ വർഷിച്ചു. യു.എസിന്റെ പ്രസിഡന്റും ചൈനയുടെ പ്രസിഡന്റും ജപ്പാന്റെ മാർച്ചിനെക്കുറിച്ച് ആശങ്കയുണ്ടായി. അങ്ങനെ ഇന്ത്യ അവരുടെ നോട്ടത്തിൽ വരികയും, ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ മേൽ സമ്മർദ്ദം ചെലുത്തി ഇന്ത്യാക്കാരെ യുദ്ധത്തിൽ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

1941 ന്റെ അവസാനത്തോടെ, ജപ്പാന്റെ സൈന്യം, ഫിലിപ്പിൻസ്, ഇൻഡോ ചൈന, ഇൻഡോനേഷ്യ, മലേഷ്യ, ബർമ എന്നീ രാജ്യങ്ങളിലൂടെ കടന്നുപോവുകയും, ഇന്ത്യയുടെ വാതിലിൽ മുട്ടാൻ കാത്തിരിക്കുകയും ചെയ്യുകയായിരുന്നു. സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങൾ കീഴ്പ്പെട്ടതിനെക്കണ്ട് ബ്രിട്ടനും ഇന്ത്യയ്ക്കും ഒരേപോലെ ആശങ്കകൾ ഉണ്ടായി ബ്രിട്ടീഷ് ഇന്ത്യൻ ആർമിയിലെ ഇന്ത്യൻ പട്ടാളക്കാരെ ജപ്പാനിന്റെ സൈന്യത്തിന്റെ കാരുണ്യത്തിനായ് വിട്ടുകൊടുത്തു. ഒരു പ്രതിരോധവുമില്ലാതെ ബ്രിട്ടീഷ് ശക്തികൾ നിലനിന്നു. ഈ അവസ്ഥയിലുള്ള ഇന്ത്യൻ സൈനികരെയാണ് ഇന്ത്യൻ നാഷമൽ ആർമിക്ക്(ഐ.എൻ.എ) ആവശ്യമുണ്ടായിരുന്നത്. കൽക്കട്ടയും മദ്രാസും ജപ്പാൻകാരുടെ കൈയിൽ വീഴുമെന്ന് ചർച്ചിൽ ഭയപ്പെട്ടു. ഇത്തരമൊരു ചിന്ത കോൺഗ്രസിനുണ്ടായിരുന്നു. അതിനാലാണ് അവർ യുദ്ധത്തിൽ സഹകരിക്കാമെന്ന് ചിന്തിച്ചു തുടങ്ങുന്നത്.

ഈ ഒരു സാഹചര്യത്തിൽ 1941 ഡിസംബറിൽ കോൺഗ്രസ് ഒരു പ്രമേയം പാസ്സാക്കി യുദ്ധത്തിൽ ബ്രിട്ടനെ ഇന്ത്യ സഹായിക്കുമെന്നും യുദ്ധത്തിനുശേഷം ഇന്ത്യയ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം ലഭിക്കുമെന്ന് വിവരിക്കുന്നതാണ് ഈ പ്രമേയം

ക്രിപ്സിന്റെ വരവ്

1942 മാർച്ചിൽ സർ സ്റ്റാഫോർഡ് ക്രിപ്സിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ഇന്ത്യയിലെത്തി. ചർച്ചിലിന്റെ കാബിനറ്റിൽ ലേബർ പാർട്ടിയുടെ പ്രതിനിധിയായി ക്രിപ്സിനെയാണ് ഈ സംഘത്തെ നയിക്കുന്നതിനുള്ള വിശ്വാസ്യത നൽകിയത്. ഇന്ത്യയിലേക്ക് പുറപ്പെടുന്നതിന് മുമ്പ് അദ്ദേഹം ഇന്ത്യയിലെ ബ്രിട്ടീഷ് നയം സ്വയം സാക്ഷാത്കരിക്കാൻ കഴിയുന്നത്ര വേഗത്തിൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നല്കുക എന്ന് അദ്ദേഹം വെളിപ്പെടുത്തി. എന്നാൽ അദ്ദേഹത്തിന്റെ ഈ കരട് പ്രഖ്യാപനം സ്വാതന്ത്ര്യത്തിൽ നിന്ന് വളരെ വിദൂരമായ നയമായിരുന്നു.

ക്രിപ്സ് നിർദ്ദേശങ്ങൾ



സർ സ്റ്റാഫോർഡ് ക്രിപ്സ്

യുദ്ധത്തിനു ശേഷം ഡൊമിനിയൻ സ്റ്റാറ്റസും ഭരണഘടന ഉണ്ടാക്കാനുള്ള സംവിധാനവും ചെയ്തുതരാമെന്ന് ക്രിപ്സ് വാഗ്ദാനം ചെയ്തു. ഭരണഘടന രൂപീകരണ സംഘത്തെ തിരഞ്ഞെടുക്കേണ്ടത് പ്രവിശ്യകളിലെ അസംബ്ലീയും പ്രിൻസ്ലി സ്റ്റേറ്റ്സ്-ൽ ഉള്ള തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമാണ്. പാക്കിസ്ഥാന്റെ സാധ്യതയും ഈ ഡ്രാഫ്റ്റ് വ്യക്തമാക്കുന്നു. ഏതെങ്കിലും പ്രവിശ്യ പുതിയ ഭരണഘടനയുമായി ഒത്തുപോകാൻ താൽപര്യമില്ലാത്തവർക്ക് മറ്റൊരു കരാറിൽ പ്രവേശിക്കാനുള്ള അവകാശം ഉള്ളതായി പറയുന്നു. ആ കരാറിൽ പുതിയതായിട്ട് ഒന്നും കണ്ടിട്ടില്ല. നെഹ്റു പിന്നിടൊരിക്കൽ പറഞ്ഞു, ഈ കരാറിൽ പറഞ്ഞ നിർദ്ദേശങ്ങൾ ആദ്യമായി വായിച്ചപ്പോൾ ഞാൻ വിഷാദത്തിലായി.'

12th_History_MAL_Unit_7 Pixels.indd 86 2/28/2023 1:19:20 PM

ക്രിപ്സ് നിർദ്ദേശങ്ങളെ നിരാകരിക്കൽ

ഡൊമിനിയൻ സ്റ്റാറ്റസ് നൽകുമെന്ന വാഗ്ദാനം വളരെ കുറഞ്ഞ പ്രതീക്ഷയുള്ളവയായിരുന്നു. കൂടാതെ ഭരണഘടന രൂപീകരിക്കുന്നതിനെപ്പറ്റിയുള്ള രീതിയെ കോൺഗ്രസ് നിരാകരിക്കുകയും പ്രവിശ്യകളിൽ നടക്കുന്ന തിരഞ്ഞെടുപ്പ് രാജഭരണ സംസ്ഥാനങ്ങളിലും നടക്കണമെന്ന് ആവശ്യപ്പെട്ടു. മുകളിൽ പറഞ്ഞ കാരണങ്ങളെല്ലാംവിഭജനംനടക്കുമെന്നതിന്റെസാധ്യതകളാണ്. ഈ ചർച്ചകളെല്ലാം തകർച്ചയുമായിട്ട് ബന്ധപ്പെട്ടിരിക്കുകയും അത് അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു.

പേൾ ഹാർബർ അറ്റാക്ക് കോൺഗ്രസിനു നൽകിയ ഓപ്ഷനുകൾ

സ്വാതന്ത്ര്യത്തിനായുള്ള ദേശീയ പ്രസ്ഥാനവുംപ്രത്യേകിച്ചുഗാന്ധിയോടുംചർച്ചിലിന്റെമനോഭാവംഅവഹേളനമായിരുന്നുബ്രിട്ടനുയുദ്ധത്തിനു സഹകരണം ആവശ്യമുള്ളപ്പോൾ പോലും ചർച്ചിൽ മാറിയില്ല. എന്നാൽ യു.എസിന്റെയും ചൈനയുടെയും സമ്മർദ്ദം നിമിത്തം വഴങ്ങുകയാണുണ്ടായത്.

അതേസമയം, ഇന്ത്യൻ നാഷണൽ കോൺഗ്രസ് തങ്ങളുടെ പരിമിതികളെ തകർത്തെറിഞ്ഞു. ഇത് സംഭവിക്കാൻ കാരണമായത് രണ്ടു വഴികളിലൂടെയാണ്, ഒരു വശത്ത് സ്വാതന്ത്ര്യം നല്കാതിരിക്കുന്നതിനുവേണ്ടിയുള്ള കൊളോണിയൽ സർക്കാരിന്റെ അചഞ്ചലമായ തീരുമാനം മറുവശത്ത് സുഭാഷ്ചന്ദ്ര ബോസ് ആക്സിസ് ശക്തികളുമായി കൈകോർത്തുകൊള്ളുള്ള സ്വാതന്ത്ര്യ സമരം 1942 മാർച്ചിൽ വെച്ച് ജർമ്മനിയിൽ നിന്നുകൊണ്ട് ആസാദ് ഹിന്ദ് റേഡിയോയിലൂടെ ഇന്ത്യയിലുള്ള ജനങ്ങളെ ബോസ് അഭിസംബോധന ചെയ്തു. ഈ ഒരു പശ്ചാത്തലത്തിലാണ് ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തെപ്പറ്റി ഗാന്ധിജി ചിന്തിച്ചു തുടങ്ങിയത്.

7.2 ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം

1942 മേയിൽ ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ മുഖ്യധാര പ്രവർത്തനത്തിലിറക്കാൻ തീരുമാനിച്ചു. ഈ സമയത്ത് പൊതുജനസമാഹരണ സമരം ആരംഭിക്കാൻ ഇരുന്ന ഗാന്ധിയുടെ കണക്കുകൂട്ടലിനെ സി. രാജാജിയും നെഹ്റുവും എതിർത്തു. ഒരു പ്രക്ഷോഭത്തിന്റെ വ്യവസ്ഥകൾ പാകമായിവന്നു. ആവശ്യസാധനങ്ങളുടെ വില പല മടങ്ങ് വർദ്ധിക്കുകയും ഭക്ഷ്യധാന്യങ്ങൾ കുറയുകയും ചെയ്തു.

വാർധയിൽ കോൺഗ്രസിന്റെ യോഗം

ഈ ഒരു പശ്ചാത്തലത്തിലാണ് 1942 ജൂലൈ 14 നു ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റി വാർധയിൽ കണ്ടുമുട്ടിയത്. ആയോഗം ഒരു ബഹുജന നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കാൻ തീരുമാനിച്ചു. സി. രാജാജിയ്ക്കും ദുലഭായ് ദേശായിയ്ക്കും ഒരു ബഹുജന പ്രസ്ഥാനം ആരംഭിക്കുന്നതിൽ റിസർവേഷൻ ഉായിരുന്നതിനാൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിൽ നിന്ന് രാജിവെച്ചു. നെഹ്റുവിനും ഒരു ബഹുജന പ്രസ്ഥാനത്തിനു താൽപര്യം ഇല്ലായിരുന്നെങ്കിൽ പോലും ഭൂരിപക്ഷക്കാരുടെ അഭിപ്രായത്തോട് ചേർന്നു നിന്നു.

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക

ക്രിപ്സ് മിഷൻ അടയാളപ്പെടുത്തിയ നിരർത്ഥകതഗാന്ധിയെയുംനെഹ്റുവിനെയുംബ്രിട്ടീഷ് ഗവൺമെന്റിനെതിരായ ബന്ധം വളരെ മോശമാക്കി. 1942 മെയ് 16 നു ഗാന്ധി ഇതിനെപ്പറ്റി ഒരു പത്ര അഭിമുഖത്തിൽ പറഞ്ഞു. ഇന്ത്യയെ ദൈവത്തിനു വിട്ടുകൊടുക്കുക. അതു കൂടുതലാണെന്ന് തോന്നിയാൽ അവളെ അരാജകത്വത്തിലേക്ക് വിടുക. ഈ ഉത്തരവിട്ട അച്ചടക്കമുള്ള അരാജകത്വം ഇനി തുടരാൻ പാടില്ല. ഇനി പൂർണ്ണമായ അധർമ്മം ആണെങ്കിൽ പോലും ഞാൻ അപകടത്തിലാക്കാൻ തയ്യാറാണ്. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കു എന്ന് ഗാന്ധിജി ജനങ്ങളെ ആഹ്വാനം ചെയ്യുകയും അദ്ദേഹം സമാരംഭിച്ച പ്രസ്ഥാനമെല്ലാം അവസാനിപ്പിക്കാനുള്ള തർക്കം എന്ന നിലയ്ക്ക് പ്രസ്ഥാനത്തെ നയിക്കുകയും ചെയ്തു


മഹാത്മഗാന്ധി

ഇന്ത്യവിടുക

കൊളോണിയൽ സർക്കാർ കാത്തിരുന്നില്ല. 1942 ആഗസ്റ്റ് 9 ന് അതിരാവിലെ തന്നെ ഇന്ത്യയിൽ നാഷണൽ കോൺഗ്രസിന്റെ ഗാന്ധിജിഉൾപ്പെടെയുള്ള നേതാക്കളെ അറസ്റ്റ് ചെയ്തു. ഇന്ത്യയിലെ ജനങ്ങളും വൈകിയില്ല. അതിരാവിലെ ഉള്ള അറസ്റ്റിനു ഉടനടിയുള്ള പ്രതികരണമായി എല്ലാ പട്ടണങ്ങളിലും ഹർത്താലുകൾ നടത്തുകയും പോലീസുമായി ജനങ്ങൾ അക്രമാസക്തമായി ഏറ്റുമുട്ടുകയും ചെയ്തു. വ്യവസായ തൊഴിലാളികൾ ഇന്ത്യയിലുടനീളം പണിമുടക്കി ആഗസ്റ്റ് 20 ന് ആരംഭിച്ച്, തുടർന്നുള്ള 13 ദിവസങ്ങളിൽ ജംഷദ്പൂരിലെ ടാറ്റ സ്റ്റീൽ പ്ലാന്റ് അടച്ചിട്ടു. അഹമ്മദാബാദിലെ തുണിതൊഴിലാളികൾ 3 മാസത്തിലേറെ പണിമുടക്കി. വ്യാവസായിക പട്ടണങ്ങൾ വിവിധ കാലാവധിയുള്ള പണിമുടക്കിനു സാക്ഷ്യം വഹിച്ചു.

ക്രൂരമായ അടിച്ചമർത്തൽ

ഇതിനു മറുപടിയായി കൊളോണിയേൽ സർക്കാർ ക്രൂരമായി അടിച്ചമർത്തുകയും പോ

12th_History_MAL_Unit_7 Pixels.indd 87 2/28/2023 1:19:20 PM

ലീസ് നിരവധി സ്ഥലങ്ങളിൽ വെടിവെയ്പിൽ ഏർപ്പെടുകയും ചെയ്തു. സമരത്തെ അടിച്ചമർത്താൻ വേണ്ടി സൈന്യത്തെ വിളിപ്പിച്ചു. മൊത്തത്തിൽ 57 ബറ്റാലിയനുകളെ വിളിപ്പിച്ചു എന്ന വസ്തുതയിൽ നിന്ന് ഈ അടിച്ചമർത്തലിന്റെ തീവ്രതയുംക്രൂരതയുംമനസ്സിലാക്കാൻസാധിക്കും. പ്രതിക്ഷേധക്കാരെ തടയാൻ വിമാനം ഉപയോഗിച്ചു. ഇതിന്റെതീവ്രതയുംആവേഗതയുംവിവരിച്ചുകൊണ്ട് ലിൻലിത്ഗൗ ചർച്ചിലിനു സമരത്തെപ്പറ്റി എഴുതിയത് ഇങ്ങനെ.1858 നു ശേഷമുള്ള ഏറ്റവും ഗുരുതരമായ കലാപം. സൈനിക സുരക്ഷയ്ക്കുവേണ്ടി അതിന്റെ അർത്ഥവും വ്യാപ്തിയും ലോകത്തിൽ നിന്ന് മറയ്ക്കപ്പെട്ടിരക്കുകയാണ്.'

സമരത്തിന്റെ ഈ ഘട്ടത്തിൽ പ്രധാനമായും നഗരങ്ങളിൽ വ്യാവസായിക തൊഴിലാളികളെയും, വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്രൂരമായ ബലപ്രയോഗം കൊണ്ടൊന്നു പ്രതിഷേധം അവസാനിച്ചില്ല. അതിന്റെ രണ്ടാമത്തെ ഘട്ടത്തിൽ ഗ്രാമങ്ങളിലേക്കും അത് വ്യാപിച്ചു. 1942 ആഗസ്റ്റിനും ഏപ്രിലിനും ഇടയ്ക്ക് ഭക്ഷ്യധാന്യങ്ങളുടെ വില 60 പോയിന്റ് വർധന ഉണ്ടാവുകയും അത് ജനങ്ങളിൽ നീരസത്തിന്റെ വിത്തുകൾ പാകുകയും ചെയ്തു. ഇതുകൂടാതെ ആഗസ്റ്റ് 9 നു നടന്ന അറസ്റ്റിൽ നിന്ന് രക്ഷപ്പെടാൻ കഴിഞ്ഞ കോൺഗ്രസ് നേതാക്കൾ പ്രത്യേകിച്ച് സോഷ്യലിസ്റ്റുകൾ നാട്ടിൻ പുറങ്ങളിലേക്ക് വ്യാപിക്കുകയും അവിടെ അവർ യുവജനങ്ങളെ ഒളിപ്പോരിനുവേണ്ടി സജ്ജരാക്കുകയും ചെയ്തു.

അക്രമത്തിന്റെ പൊട്ടിത്തെറി

1942 സെപ്റ്റംബറിന്റെ അവസനം ഈ പ്രവണത അക്രമണത്തിന്റെ രീതി സ്വീകരിക്കുകയും ടെലഗ്രാഫ് ലൈൻസ്, റെയിൽവേ സ്റ്റേഷൻസ്, ട്രാക്കുകൾ എന്നിവയുടെ ആശയവിനിമയ സംവിധാനങ്ങളെ തകർക്കുകയും ഗവൺമെന്റ് ഓഫീസുകൾക്ക് തീ കൊടുക്കുകയും ചെയ്തു. ഇത് രാജ്യത്തിലുടനീളം വ്യാപിക്കുകയും, കിഴക്കൻ യുണൈറ്റഡ് പ്രവിശ്യകൾ, ബീഹാർ, മഹാരാഷ്ട്ര, ബംഗാൾ എന്നീ സ്ഥലങ്ങളിൽ കൂടുതൽ തീവ്രതയേറിയതായിരുന്നു. വിമതർ കൊളോണിയൽ സർക്കാരിൽ നിന്ന് വിമുക്തമായി എന്നതിന്റെ അടയാളമായി ദേശീയ സർക്കാരുപോലെ സ്ഥാപിക്കുകയും ചെയ്തു. 1944 സെപ്റ്റംബർ അവസാനം വരെ ബംഗാളിലെ മിഡ്നാപൂർ ജില്ലയിൽ ഉണ്ടായിരുന്ന തംലുക്ക് ജാതിയ സർക്കാർ ഇതിനുദാഹരണമാണ്. സത്താരയിൽ സമാന്താ സർക്കാർ ഉണ്ടായിരുന്നു.

സോഷ്യലിസ്റ്റുകളായജയപ്രകാശ്നാരായൺ, അച്യുത് പട്വർധൻ, അസഫ് അലി, യുസഫ് മെഹ്റൗലി,റാം മനോഹർ ലോഹിയ ഇതിനു നേതൃത്വം നൽകി. 1943 ഫെബ്രുവരി 10 നു ഗാന്ധിജി ജയിലിൽ ആരംഭിച്ച 21 ദിവസത്തെ ഉപവാസ സമരം ഈ ഒരു പ്രസ്ഥാനത്തിന് ഊന്നൽ നൽകി.

പ്രസ്ഥാനത്തിന്റെ വ്യാപനവും തീവ്രതയും

കൊളോണിയൽ ഭരണകൂടം ഈ പ്രസ്ഥാനത്തെ അടിച്ചമർത്താൻഉപയോഗിച്ചബലപ്രയോഗത്തിലൂടെ ഈ പ്രസ്ഥാനത്തിന്റെ വ്യാപനവും തീവ്രതയും മനസ്സിലാക്കാൻ കഴിയും. 1943-ന്റെ അവസാനത്തോടെ, ഇന്ത്യയിൽ നിന്ന് അറസ്റ്റിലായവരുടെ എണ്ണം 91,836 ആണ്. ഈ സമയത്തുതന്നെ 1060 ആളുകളെ പോലീസ് വെടിവച്ചു കൊന്നു. 208 പോലീസ് ഔട്ട്പോസ്റ്റുകൾ, 332 റെയിൽവേ സ്റ്റേഷനുകൾ, 945 പോസ്റ്റ് ഓഫീസുകൾ നശിപ്പിക്കുകയോ വളരെ മോശമായ രീതിയിൽ കേടാക്കുകയോ ചെയ്തിരുന്നു. 205 പോലീസുകാരെങ്കിലും പുറത്താകുകയും വിമതരോട് ചേരുകയും ചെയ്തു. ഈസ്റ്റൺ യുണൈറ്റഡ് പ്രോവിൻസിലെ അസംഗാർഹിലെ ഡിസ്ട്രിക്ട് കളക്ടറായ ആർ.എച്ച്. നിബ്ലറ്റ് നെ വിമതരുമായിസൗമ്യം പുലർത്തിയിരുന്നതിനാൽ സർവീസിൽ നിന്ന് പുറത്താക്കുകയും, അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പിൽ ഇങ്ങനെ എഴുതുകയും ചെയ്തു- ബ്രിട്ടീഷുകാർ വെളുത്ത തീവ്രവാദം അഴിച്ചുവിട്ടു. ഗ്രാമങ്ങളിലുള്ള നിരവധി മൈലുകളിലേക്ക് പോലീസുകാർ ഭീകര സജ്ജമാക്കി. എവിടെയെങ്കിലും പൊതുസ്വത്ത് നശിപ്പിക്കപ്പെട്ടാൽ ആ ഗ്രാമത്തിലെ ജനങ്ങളിൽ നിന്നെല്ലാം കൂട്ടായ പിഴകൾ വാങ്ങിയിരുന്നു.

ക്ലാന്റസ്റ്റീൻ (രഹസ്യ) റേഡിയോ

കിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു വിമതരുടെ റേഡിയോ ഉപയോഗം. പ്രസ്സ് സെൻസർ ചെയ്യപ്പെടുന്നതിനാൽ വിമതർ ഒരു രഹസ്യ റേഡിയോ വിക്ഷേപണ സംവിധാനം ബോംബെയിൽ സജ്ജമാക്കി. അതിന്റെ ട്രാൻസ്മിറ്റർ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തിലേക്ക് മാറ്റുകയും, നഗരത്തിന്റെ പരിസരങ്ങളിലേക്ക് സ്ഥലംമാറ്റം ചെയ്യുകയും ചെയ്തിരുന്നു. ഉഷ മെഹ്ത്തയായിരുന്ന രഹസ്യ റേഡിയോ വിക്ഷേപണത്തിന വിത്തിട്ടത് പ്രവർത്തനങ്ങളുടെ കേന്ദ്രവും അതിന്റെ വിക്ഷേപണം മദ്രാസിൽവരെ കേൾക്കാമായിരുന്നു.

കൊളോണിയൽ ഭരണകൂടത്തിനെതിരായ ഏറ്റവും ശക്തമായ അക്രമണം ആയിരുന്നു കിറ്റ് ഇന്ത്യ പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിൽ കോൺഗ്രസും, സോഷ്യലിസ്റ്റുകളും, ഫോർവേഡ് ബ്ലോക്കും പങ്കെടുത്തിരുന്നു. ഈ പ്രസ്ഥാനം ജനങ്ങൾക്കിടയിലെ അത്ഭുതകരമായ ഐക്യത്തിന് സാക്ഷ്യം വഹിക്കുകയും കൊളോണിയേൽ ഗവൺമെന്റിനു അവഗണിക്കാന കഴിയാത്ത ഒരു പാഠം പഠിപ്പിക്കുകയും ചെയ്തു.

ഗാന്ധിയെ മോചിതനാക്കുന്നു

1944 മെയ് 6 ന് ആരോഗ്യ പ്രശ്നങ്ങളുടെ അടിസ്ഥാ

12th_History_MAL_Unit_7 Pixels.indd 88 2/28/2023 1:19:20 PM

നത്തിൽ ഗാന്ധിജിയെ ജയിലിൽ നിന്ന് മോചിതനാവുകയും കൺസ്ട്രക്റ്റീവ് പരിപാടിയുടെ പുനരുജ്ജീവനത്തിന് സഹായമാവുകയും ചെയ്തു. കോൺഗ്രസ് കമ്മിറ്റികൾ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസിനുണ്ടായിരുന്ന നിരോധനത്തിൽ നിന്ന് അതിജീവിക്കുകയും ചെയ്തു. ചർച്ചകൾക്കുവേണ്ടി കൊളോണിയൽ സ്റ്റേറ്റ് ഒരുപദ്ധതി മുന്നോട്ട് വെച്ചു. 1943 ഒക്ടോബറിൽ വൈസ്രോയ് ആയിരുന്ന ലിൻലിത്ഗൗ-നെ മാറ്റികൊണ്ട് അർച്ചിബാൾഡ് വേവ്വൽ പ്രഭു നിയമിതനായി. അദ്ദേഹം മറ്റൊരു ചർച്ചയ്ക്കുവേണ്ടിയുള്ള പണികൾ ആരംഭിക്കുകയും ചെയ്തു. ഇതിൽ നിന്നുള്ള സന്ദേശം വളരെ വ്യക്തമായിരുന്നു. ബ്രിട്ടീഷുകാർക്ക് ചർച്ചയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല!

7.3 നേതാജി സുഭാഷ് ചന്ദ്രബോസും ഐ.എൻ.എ.യും



ഐ.എൻ.എ യിൽ ബോസ്

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളിൽ വലിയ ഒരു ഇന്ത്യൻ സൈന്യത്തെ നിയമിച്ചു. മലയ, ബർമ എന്നീ സ്ഥലങ്ങളിലാണ് നിയമിച്ചിരുന്നത്. എന്നിരുന്നാലും ഈ ശക്തികൾക്ക് ജാപ്പനിസ് സൈന്യത്തിന്റെ മുൻപിൽ പിടിച്ചുനിൽക്കാനായില്ല. സൗത്ത് ഈസ്റ്റ് ഏഷ്യൻ ഫ്രണ്ടിലെ ബ്രിട്ടീഷ് ഇന്ത്യൻ ആർമിയുടെ കമാന്റർ റാങ്കുകൾ ഉപേക്ഷിച്ച് സൈനീക തടവുകാരെ ഉപേക്ഷിച്ച് ഓടിപ്പോയി.

മലയിലെ ബ്രിട്ടീഷ് ഇന്ത്യൻ ആർമിയിലെ ഉദ്യോഗസ്ഥനായ മോഹൻസിങ് ജാപ്പനിസുകാരുടെ സഹായം ചോദിക്കുകയും അവർ ഇത് ഒരു അവസരമായി കാണുകയും ചെയ്തു. ഇന്ത്യയെക്കാളും ചൈനയെ കോളനിവത്കരിക്കാനായിരുന്നു ജപ്പാൻകാരുടെ താൽപര്യം. ഇന്ത്യൻ സൈന്യം ജാപ്പനീസ് സേനയുടെകൂടെ മോഹൻസിങ്ങിന്റെ കല്പനപ്രകാരം കീഴിൽനിന്നു. ജാപ്പനിസുകാരുടെ മുൻപിൽ സിംഗപ്പൂരിന്റെ പതനം സൈന്യത്തിന്റെ ശക്തിയെ വർധിപ്പിക്കുകയും മോഹൻ സിങ്ങിന്റെ കീഴിൽ 45,000 Pows തയ്യാറായി കഴിയുകയും ചെയ്തിരുന്നു. 1942 അവസാനത്തോടെ മോഹൻസിങ് ഇവരിൽ നിന്ന് 40,000 പേരെ ഇന്ത്യൻ നാഷണൽ ആർമിയിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. ഈ പ്രദേശങ്ങളിലുള്ളവർ ഐ.എൻ.എ. ജപ്പാൻ വിപുലീകരണത്തിനെതിരായ രക്ഷകരായി കണ്ടു, കാരണം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ക്ഷണം കിട്ടിയാൽ മാത്രമേ ഈ സൈന്യം ഇന്ത്യയിലേക്ക് മാർച്ച് ചെയ്യുകയുള്ളൂ.

1943 ജൂലൈ 2 ന് സുഭാഷ്ചന്ദ്രബോസ് സിംഗപ്പൂരിലെത്തി. പിന്നീട് അവിടെനിന്ന് ടോക്കിയിലേക്ക് അദ്ദേഹം പോവുകയും അവിടുത്തെ പ്രധാന മന്ത്രിയായ റ്റോജോയുമായിട്ട് കൂടിക്കാഴ്ചയ്ക്ക് ശേഷം ആ ജാപ്പനീസ് നേതാവ് തന്റെ രാജ്യത്തിന് ഇന്ത്യയിലേക്കുള്ള പ്രവിശ്യാ വ്യാപനത്തിനും ആഗ്രഹിക്കുന്നില്ല എന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. ബോസ് തിരികെ സിംഗപ്പൂരിലേക്ക് എത്തുകയും 1943 ഒക്ടോബർ 21 നു പ്രോവിഷണൽ ഗവൺമെന്റ് ഓഫ് ഫ്രീ ഇന്ത്യ സ്ഥാപിക്കുകയും ചെയ്തു. ഈ താൽക്കാലിക സർക്കാർ ബ്രിട്ടനെതിരെയും അതിന്റെ സഖ്യകക്ഷികൾക്കെതിരെയും യുദ്ധം പ്രഖ്യാപിച്ചു. അക്ഷതണ്ട് ശക്തികൾ ബോസിന്റെ താൽക്കാലിക സർക്കാർ അതിന്റെ സഖ്യകക്ഷിയായി അംഗീകരിച്ചു.

1939 ഓഗസ്റ്റിൽ ബോസിനെതിരെ ഇന്ത്യൻനാഷണൽ കോൺഗ്രസ് പ്രവർത്തിച്ചതിനുശേഷം അദ്ദേഹം പ്രസിഡന്റായിരുന്ന ബംഗാൾ കോൺഗ്രസ് കമ്മിറ്റി ഉൾപ്പെടെയുള്ള എല്ലാ ഓഫീസുകളിൽ നിന്ന് അദ്ദേഹത്തെ പുറത്താക്കി. അദ്ദേഹത്തിന്റെസ്ഥാനം നിലനിൽക്കാൻ വേണ്ടി ഇന്ത്യയിലുടനീളം ഒരു പ്രചാരണ പാത അണിനിരക്കുന്നത് ആരംഭിച്ചു. 1940 ജൂലൈ 3 നു ഡിഫൻസ് ഓഫ് ഇന്ത്യ ആക്ട് പ്രകാരം ബ്രിട്ടീഷുകാരാൽ അറസ്റ്റു ചെയ്യപ്പെടുകയും നിരന്തരമായ നിരീക്ഷണത്തിനു കീഴിലാവുകയും ചെയ്തു. യൂറോപ്പിൽ യുദ്ധം പുരോഗമിക്കവേ ജർമ്മനി ജയിക്കുമെന്ന് ബോസ് കരുതി. അതുകൊണ്ട് ഇന്ത്യ അക്ഷതണ്ട് ശക്തികളുമായി സഖ്യമുണ്ടാക്കിയാൽ ഇന്ത്യക്ക് പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുമെന്ന് ആശയം പരിപോഷിപ്പിക്കാൻ തുടങ്ങി. 1941 ജനുവരി 16-17 നു പാതിരാത്രിയിൽ ബോസ് കൽക്കട്ടയിൽ നിന്ന് കപ്പലേറുകയും ഇറ്റാലിയൻ പാസ്പോർട്ട് ഉപയോഗിച്ച് കാബൂളിലൂടെയും സോവിയേറ്റ് യൂണിയനിലൂടെയും യാത്രചെയ്യുകയും മാർച്ച് അവസാനത്തിൽ ബർലിനിൽ എത്തിച്ചേരുകയും ചെയ്തു. ബോസ് ഹിറ്റലറിനെയും ഗോബേൽസിനെയും ബെർലിനിൽ വെച്ച് കണ്ടുമുട്ടി. രണ്ട് നാസി നേതാക്കന്മാർ വലിയ സഹായമൊന്നും ചെയ്തില്ലെങ്കിലും ആസാദ് ഹിന്ദ് റേഡിയോ സ്ഥാപിക്കാനുള്ള അവകാശം നൽകി. ഹിറ്റ്ലറും അദ്ദേഹത്തിന്റെ സഹായികളുമായിട്ടുള്ള കൂടിക്കാഴ്ചയിൽ നിന്ന് കൂടുതലായിട്ടൊന്നും ലഭിച്ചില്ല. ജർമ്മനി തിരിച്ചടികൾ നേരിട്ട് തുടങ്ങിയപ്പോൾ, ബോസ് 1943 ജൂലൈയിൽ സിംഗപ്പൂരിലേക്ക് യാത്ര തിരിച്ചു.

സുബാഷും ഐ.എൻ.എയും

ബോസ് സിവിലിയൻമാരെയുംഐ.എൻ.എ. യിലേക്ക് ചേർത്തു, അതിലൊരു റെജിമെന്റ്

12th_History_MAL_Unit_7 Pixels.indd 89 2/28/2023 1:19:20 PM

സ്ത്രീകൾക്കുള്ളതായിരുന്നു. ഐ.എൻ.എ.യുടെ റെജിമെന്റായ റാണി ഓഫ് ജാൻസിയെ ആജ്ഞാപിച്ചിരുന്നത് സ്വതന്ത്രസമരസേനാനിയായ അമ്മു സ്വാമിനാഥന്റെ മകളും മദ്രാസിൽ നിന്നുള്ള ഒരു മെഡിക്കൽ ഡോക്ടറായിരുന്ന ഡോ. ലക്ഷ്മി യാണ്. 1944 ജൂലൈ 6 ന് ഗാന്ധിക്ക് റംഗൂണിൽ നിന്ന് ആസാദ് ഹിന്ദ് റേഡിയോ വഴി സന്ദേശം അയച്ചു. ബോസ് ഗാന്ധിയെ രാഷ്ട്രപിതാവ് എന്ന് അഭിസംബോധന ചെയ്യുകയും ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടാനുള്ള അവസാനത്തെ യുദ്ധത്തിനു ഗാന്ധിയുടെ അനുഗ്രഹം അഭ്യർത്ഥിക്കുകയും ചെയ്തു.

INA യുദ്ധത്തിലുള്ള അച്ചുതണ്ട് ശക്തികൾ

ഷാഹ് നവാസ്റ്റെ നേതൃത്വത്തിലുള്ള ഐ.എൻ.എ.യുടെ ബറ്റാലിയൻ ജപ്പാനീസ് ആർമിയുടെ അകമ്പടിയോടെ ഇംഫാലിലേക്ക് മാർച്ച് ചെയ്തു. മോശം കാലഘട്ടത്തിലേക്ക് ജാപ്പനീസ് സൈന്യം ഉൾപ്പെടെയുള്ള ആക്സിസ് ശക്തികൾ 1944 അവസാനത്തോടെ വീണു. ഇംഫാലിലുള്ള പര്യടനം വിജയിച്ചില്ല. 1945 മധ്യത്തിൽ ബ്രിട്ടീഷ്ആജ്ഞാപനത്തിനുമുമ്പ്ജാപ്പനീസ്സൈന്യം അന്തിമമായികീഴടങ്ങുന്നതിന് മുമ്പ് പിൻവാങ്ങി. ഷാഹ് നവാസും ഐ.എൻ.എ. യുടെ സൈന്യത്തെയും തടവുകാരാക്കിയും രാജ്യദ്രോഹകുറ്റം ചുമത്തുകയും ചെയ്തു.

INA ട്രയൽ

ന്യൂഡൽഹിയിലെ ചെങ്കോട്ടയിൽ വെച്ചാണ് ഐ.എൻ.എ.യുടെ ട്രയൽ നടന്നത്. ഐ.എൻ.എ. സൈനികരുടെ പ്രതിരോധത്തിനായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഏറ്റവും മികച്ച അഭിഭാഷകരെ ഇറക്കി. ഗാന്ധിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിന് മറുപടിയായിട്ട് നിയമപരമായി പരിശീലനം ഉപേക്ഷിച്ച നെഹ്റു 1920 കളിലെ ആരംഭത്തിൽ കറുത്ത ഗൗൺ ധരിച്ച് പ്രതിരോധത്തിൽ പ്രത്യക്ഷപ്പെട്ട് ഐ.എൻ.എ. സൈനികപരമായി വളരെയധികം നേട്ടങ്ങൾ കൈവരിച്ചില്ലെങ്കിലും അവർ നടത്തിയ പരീക്ഷണങ്ങൾ ജനങ്ങളെ പ്രചോദിപ്പിക്കുന്നതിൽ വലിയ നേട്ടമുണ്ടാക്കി..


ഷാ നവാസ് ഖാൻ


പി.കെ. സെഹ്വാൾ


ജി.എസ്. ദിലോൻ

കൊളോന്നിയേൽ സർക്കാരിന്റെ അഹങ്കാരം മറ്റൊരു ബഹുജന പ്രസ്ഥാനത്തിനു വഴിയൊരുക്കി. സിംല കോൺഫറൻസ്(ജൂൺ 25 – ജൂലൈ14, 1945) പരാജയപ്പെട്ടതിനുശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ് രാജ്യമൊട്ടാകെയുള്ള പൊതുയോഗങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിച്ചേരാൻ ശ്രമിച്ചു. ഈ മീറ്റിംഗുകളിലെല്ലാം ഐ.എൻ.എ. ഒരു പ്രധാന വിഷയമായി കണക്കാക്കപ്പെടുകയും, തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനുള്ള കോൺഗ്രസിന്റെ ശബ്ദം പോലും അപ്രധാനമായി മാറുകയും ചെയ്തു.

ഈ പശ്ചാത്തലത്തിലാണ് കൊളോണിയേൽ സർക്കാർ ഐ.എൻ.എ.യുടെ പ്രമുഖ നേതാക്കളായ ഷാനവാസ്ഖാൻ, പി.കെ. സെഹ്വാൾ, ജി.എസ്. ദിയോൻ വിചാരണയ്ക്ക് അയയ്ക്കുന്നത്. ഇന്ത്യയിലെ പ്രസ്സ് ഇതിനെപ്പറ്റി സഹാനുഭൂതിയോടെസംസാരിക്കുകയും എഡിറ്റോറിയൽസ് പട്ടാളക്കാരെ വെറുതെ വീട്ടിൽ വിടാൻ ആവശ്യപ്പെടുകയുംചെയ്തു. ഹർത്താലുകൾ, ഘോഷയാത്രകൾ, പൊതുവായവ രാജ്യമൊട്ടാകെ പ്രചരണത്തിലായിരുന്നപ്പോൾ പട്ടാളക്കാരുടെ മോചനത്തെയും നിർബന്ധമാക്കി.

ഈ മൂന്ന് അധികാരികളെയും തെരഞ്ഞെടുത്തതു പ്രകാരം വ്യത്യസ്ത രാഷ്ട്രീയ അഭിപ്രായക്കാർ ഒരേ വിഭാഗമാകാൻ കാരണമായി കുറിച്ച് ഇന്ത്യപ്രസ്ഥാനത്തിൽ നിന്ന് മാറി നിന്ന മുസ്ലീം ലീഗ്, ശിരോമണി അകാലി ഭൽ, ഹിന്ദു മഹാസഭ എന്നിവർ സമരത്തിൽ പങ്കെടുക്കുകയും പ്രതിരോധത്തിനു വേണ്ടിയുള്ള തുക സമാഹരിക്കുകയും ചെയ്തു. രാജ്യദ്രോഹകുറ്റത്തിന് സെഹ്വാൾ, ഭിലോൻ, ഷാഹ് നവാസ് ഖാൻ വിധിക്കപ്പെട്ടെങ്കിലും, അതിനു ഉത്തരവാദിയായ കമാൻഡർ ആ ഉത്തരവ് പിൻവലിക്കുകയും 1946 ജനുവരി 6 നു വെറുതേ വിടുകയും ചെയ്തു. 1946 ഫെബ്രുവരിയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മികച്ച ഘട്ടമായി കണക്കാക്കുന്നു. റോയൽ ഇന്ത്യൻ നേവിയുടെ റേറ്റിംഗുകൾ (ആർ.ഐ.എൻ) കലാപത്തിന്റെ കൊടി ഉയർത്തി.

7.4 റോയൽ ഇന്ത്യയിൽ നേവിയുടെ കലാപം

യുദ്ധത്തിന്റെ സാമ്പത്തിക നഷ്ടങ്ങൾ:- വിലകയറ്റം,ഭക്ഷ്യസാധനങ്ങളുടെക്ഷാമം,യുദ്ധകാല വ്യവസായത്തിന്റെ അടയ്ക്കൽ തൊഴിലില്ലായ്മവർധിപ്പിച്ചു. ഇവയെല്ലാംബ്രിട്ടീഷ്വിരുദ്ധ ലക്ഷ്യമായിത്തീർന്നു. അതിനുദാഹരണമാണ് ഐ.എൻ.എ.യുടെ വിചാരണയ്ക്ക് മറുപടിയായി വന്ന പ്രക്ഷോഭം.

ബി.ഡി.ദത്ത്, എച്ച്.എം.ഐ.എസ്. എന്ന കപ്പലിൽ റേറ്റിംഗ്(റേയൽ ഇന്ത്യൻ നേവിയിൽ ഇന്ത്യൻകപ്പലുകൾക്ക്ഉള്ള പേര്)-ൽകുറ്റ്ഇന്ത്യ എന്ന് കപ്പലിന്റെ പാനലിൽ എഴുതിയതിനു അറസ്റ്റ് ചെയ്യപ്പെട്ടു. ഇത് 1,100 ഷിപ്പിന്റെ റേറ്റിംഗുകളിൽ പ്രതിഷേധത്തിന്റെ അലകൾ അടിച്ചു.

12th_History_MAL_Unit_7 Pixels.indd 90 2/28/2023 1:19:20 PM

ഈ റേറ്റിംഗുകൾ ഇംഗ്ലീഷ് കമാൻഡർഡ് നടത്തുന്ന വർണ്ണ വിവേചനം, അസഭ്യവാക്കുകൾ അവിടെ ഉപയോഗിക്കാത്ത സമയങ്ങളില്ലായിരുന്നു. ദത്തിന്റെ അറസ്റ്റ് 1946 ഫെബ്രുവരി 18 നു ഒരു വലിയ കലാപത്തിനു പുറപ്പെട്ടു. കലാപത്തിനു ശേഷമുള്ള ദിവസത്തിൽ, ഫോർട്ട് ബറാക്ക്സിൽ നിന്നും കാസ്റ്റിൽ നിന്നും റേറ്റിംഗ് കലാപത്തിൽ പങ്കുചേർന്നു. ഇതിൽ ഭൂരിഭാഗം പേർ ബോംബെയ്ക്ക് പോകുകയും, ആജ്ഞാപിച്ച ട്രക്കുകൾ കോൺഗ്രസിന്റെ പതാക വീശികൊണ്ടും ബ്രിട്ടീഷുകാർക്ക് എതിരെ മുദ്രാവാക്യങ്ങൾ വിളിക്കാൻ തുടങ്ങി..



റോയൽ ഇന്ത്യൻ നേവിയുടെ കലാപം

താമസിയാതെ ടെക്സ്റ്റൈൽ മില്ലിലുള്ള തൊഴിലാളികൾ ബോംബെയിലെ സമരത്തിനു പങ്കെടുത്തു. ബോംബെയിലെയും കൽക്കട്ടയിലെയും ട്രേഡ് യൂണിയൻസ് സിംപതി സമരം നിലവിൽ കൊണ്ടുവരികയും ഈ രണ്ട് ജില്ലകൾ യുദ്ധക്കളങ്ങളായി മാറുകയും ചെയ്തു. ബാരിക്കേഡുകൾ എല്ലായിടത്തും സ്ഥാപിക്കുകയും യുദ്ധങ്ങൾ നടത്തുകയും ചെയ്തു. കടയുടമകൾ ഷട്ടറുകൾ താഴ്ത്തുകയും ഹർത്താലുകൾ ദിവസേനയുള്ള ക്രമമായി മാറുകയും ചെയ്തു. ഈ രണ്ട് നഗരത്തിലുള്ള ട്രെയിനുകൾ ജനങ്ങൾ ട്രാക്കിൽ ഇരിക്കുന്നതുവഴി നിർത്തലാക്കുന്നു. കറാച്ചിയിൽ എത്തുന്ന ബോംബെ കലാപത്തെക്കുറിച്ച് വാർത്തകളിൽ നിറഞ്ഞുനിന്നു. എച്ച്.എം.ഐ.എസ്. ഹിന്ദുസ്ഥാൻ റേറ്റിംഗ്സും കറാച്ചിയിലെ നേവൽ എസ്റ്റാബ്ലിഷ്മെന്റ് സും ഫെബ്രുവരി 19 ന് ഒരു മിന്നൽ സമരം നടത്തി. ഈ കലാപം ഏകദേശം എല്ലാ നേവൽ എസ്റ്റാബ്ലിഷ്മെന്റ് സിലും പരക്കുകയും, മിനിമം 20,000 റേറ്റിംഗ്സ് എങ്കിലും 78 ഷിപ്പുകളിൽ നിന്നും 20 കരയിലെ എസ്റ്റാബ്ലിഷ്മെന്റുകളിൽ നിന്നും 1946 ഫെബ്രുവരി 18 നു ശേഷം കലാപത്തിലേർപ്പെട്ടു. കൽക്കട്ട, ജഡ്ഡൂർ, അമ്പാല, പൂനെയിലെയും ബോംബെയിലെയും റോയൽ ഇന്ത്യൻ എയർഫോഴ്സ് ഈ സമരത്തെ റേറ്റിംഗുകളെയും അനുകൂലിച്ചു. ജബൽപൂരിലെ ആർമി കന്റോൺമെന്റ് സ്റ്റേഷനിലെ ഡെപ്പോയികളും സമരത്തിലേർപ്പെട്ടു. റേറ്റിംഗുകൾ പല സ്ഥലത്തും കോൺഗ്രസ്, കമ്മ്യൂണിസ്റ്റ്, മുസ്ലീം ലീഗ് പതാകകൾ ഷിപ്പിന്റെ മാസ്റ്റുകളിൽ കലാപ സമയത്ത് ഉയർത്തി.

ഇതിനു മറുപടിയായത് കൊളോണിയേൽ പ്രതികരണം ക്രൂരമായ അടിച്ചമർത്തലാണ്. ഈ ഒരു കലാപത്തിനു നേതാവില്ലായിരുന്നു. കൂടാതെ റേറ്റിംഗുകളെ സജ്ജീകരമായ ദിശയിലേക്ക് നയിക്കാനും കഴിഞ്ഞില്ലവ. ട്രേഡ് യൂണിയനുകൾ ഈ റേറ്റിംഗുമായി ഐക്യം പ്രഖ്യാപിച്ചുകൊണ്ട് വന്നു. ബോംബെ, കൽക്കട്ട, മദ്രാസ് എന്നിവിടങ്ങളിലുള്ള സമരങ്ങൾ ബ്രിട്ടീഷ് ഭരണത്തെ ശക്തമായി എതിർത്തെങ്കിലും അത് അധികകാലം നിലനിന്നില്ല. റേറ്റിംഗുകൾ ഉടനെതന്നെ ഹാജരാകാനുള്ള സാഹചര്യം ഉണ്ടായി.

ബോംബെയിൽ ഉണ്ടായിരുന്ന സർദാർ വല്ലഭായ് പട്ടേൽ ഈ കലാപത്തിനു അവസാനം നല്കാനായി മുൻകൈയെടുത്തു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ആർ.ഐ.എൻ.ന്റെ കലാപം ഒരു നാഴികകല്ലായിരുന്നു. കൂടാതെ ഈ അവസാന നിമിഷം നടത്തിയ കലാപങ്ങളുടെ വീരകൃത്യങ്ങളുടെ ഫലമായിട്ടായിരിക്കാം സ്വാതന്ത്ര്യം ലഭിച്ചത്.

1940 മാർച്ച് 23-ലെ പ്രമേയം ഇപ്രകാരം പറയുന്നു:- ഭൂമിശാസ്ത്രപരമായി വേർതിരിക്കപ്പെട്ട പ്രദേശങ്ങൾ ഓരോ യൂണിറ്റുകളായി രൂപീകരിക്കാനും, പ്രവിശ്യകളുടെ പുനഃക്രമീകരണങ്ങൾ അത്യാവശ്യമാണെങ്കിൽ ക്രമീകരണം ചെയ്യാനും, ഭൂരിഭാഗം മുസ്ലീംങ്ങൾ ഉള്ള ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ കിഴക്കൻമേഖലകളെ പ്രത്യേക സംസ്ഥാനങ്ങളാക്കാനും അതിന്റെ ഘടക യൂണിറ്റുകൾക്ക് പരമാധികാരവും സ്വയംഭരണാധികാരവുമുണ്ട്. (സ്രോതസ്സ്: സുമിത് സർക്കാർ മോഡേൺ ഇന്ത്യ 1885-1947, പിയേഴ്സൺ, 2018, പേജ് 324)

7.5 രാജാജി നിർദ്ദേശങ്ങളും വേവൽ പ്ലാനും

പ്രത്യേക രാഷ്ട്രത്തിനുവേണ്ടിയുള്ള ആവശ്യം

അതേസമയം, സാമുദായിക വെല്ലുവിളി നിലനില്ക്കുകയും മുസ്ലീം ലീഗ് ഒരു പ്രത്യേക രാഷ്ട്രത്തിനുവേണ്ടി സമ്മർദം ചെലുത്തുകയും ചെയ്തു. 1940 മാർച്ചിൽ മുസ്ലീം ലീഗിന്റെ ലാഹോർ പ്രമേയത്തിൽ മുസ്ലീങ്ങൾക്ക് ഒരു രാഷ്ട്രം സൃഷ്ടിക്കുക വഴി മുസ്ലീം ഒരു ന്യൂനപക്ഷമായിരിക്കില്ല എന്ന് അവകാശപ്പെട്ടു. മുസ്ലീം കമ്മ്യൂണിറ്റിയുടെ ഏക വക്താവ് എന്ന നിലയിൽ മുഹമ്മദ് അലി ജിന്ന ഇത് ഉറപ്പിച്ചുപറയുകയായിരുന്നു.

12th_History_MAL_Unit_7 Pixels.indd 91 2/28/2023 1:19:20 PM

രാജാജിയുടെ നിർദ്ദേശങ്ങൾ



സി. രാജഗോപാലാചാരി

1944 ഏപ്രിലിൽ കോൺഗ്രസ് നേതാക്കൾ ജയിലിലാകുന്നു. അതിനാൽ സി. രാജാജി ഈപ്രശ്നപരിഹാരത്തിനായി ഒരു നിർദേശം മുന്നോട്ട് വെച്ചു. അവയിൽ ഇനിപ്പറയുന്നവ അടങ്ങിയിരിക്കുന്നു.:

- മുസ്ലീമുകൾ ഭൂരിഭാഗമുള്ള തുടർച്ചയായ പ്രദേശങ്ങളും, ഒപ്പംമുതിർന്ന ആളുകളുടെ ഹിതപരിശോധനയിൽപാകിസ്ഥാനെ ഇഷ്ടപ്പെടുന്നവരുള്ള പ്രദേശങ്ങളുടെയും അതിർത്തിനിർണ്ണയിക്കാൻ ഒരു യുദ്ധാനന്തര കമ്മീഷൻ രൂപീകരിക്കുക
- ഒരു വിഭജനമുണ്ടായാൽ, ചില ആവശ്യകാര്യങ്ങളായ പ്രതിരോധം അല്ലെങ്കിൽ ആശയവിനിമയം പോലുള്ള സേവനങ്ങൾ പ്രവർത്തിപ്പിക്കാൻ ഉള്ള കരാർ ഉണ്ടാകണം;
- അതിർത്തി ജില്ലകൾക്ക് രണ്ട് പരമാധികാര രാജ്യങ്ങളിൽ ഒന്നിൽ ചേരാൻ തീരുമാനിക്കാം.
- പൂർണ്ണമായ അധികാരംകൈമാറ്റംചെയ്യുന്നത് വരെ പദ്ധതി നടപ്പിലാക്കാൻ കാത്തിരിക്കുക.

1944 ജൂലൈയിൽ ജയിൽ മോചിതനായതിനുശേഷം, രാജാജിയുടെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ജിന്നയുമായിട്ട് സംസാരിക്കാൻ ഗാന്ധിജി തീരുമാനിച്ചു. എങ്കിലും ചർച്ചകൾ എങ്ങും എത്തപ്പെട്ടില്ല.

വേവ്വൽ പ്ലാൻ



ലോർഡ് വേവൽ

1945 ജൂണിൽ വേവ്വൽ ചർച്ചയ്ക്കായിഒരുങ്ങുകയും ഷിംല സമ്മേളനം വിളിക്കുകയും ചെയ്തു. ഈ സമ്മേളനം വിളിക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ വേണ്ടി ജയിലിൽ കഴിഞ്ഞിരുന്ന ബാക്കി കോൺഗ്രസ് നേതാക്കളായ ജവഹർലാൽ നെഹ്റു, സർദാർ പട്ടേൽ കോൺഗ്രസ് പ്രസിഡന്റായ മൗലാന അബ്ദുൾ കലാം ആസാദ് എന്നിവരെ മോചിതരാക്കി. 1945 മാർച്ചിൽ ഈ പ്രോജക്ടിനുവേണ്ടി വേവ്വൽ ലണ്ടനിലേക്ക് കപ്പലേറി. അവിടെ അദ്ദേഹം, യുദ്ധാനന്തര രാഷ്ട്രീയ പ്രതിസന്ധിയെ കൈകാര്യം ചെയ്യാനുള്ള മാർഗ്ഗമായിട്ട് കോൺഗ്രസ് – മുസ്ലീംലീഗ് സഖ്യ സർക്കാർ അത്യാന്താപേക്ഷിതമാണെന്ന് ചർച്ചിലിനെ ബോധ്യപ്പെടുത്തി.

എല്ലാ രാഷ്ട്രീയ രൂപീകരണങ്ങളുടെ പ്രത്യേകിച്ച് കോൺഗ്രസിന്റെയും മുസ്ലീം ലീഗിന്റെ മുമ്പിൽ വെച്ച് വൈസ്രോയി ചില നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചു. ഒരു എക്സിക്യൂട്ടീവ് കൗൺസിൽ രൂപീകരിക്കുക അതിൽ അദ്ദേഹവും കമാൻഡർ-ഇൻ-ചീഫും ഇന്ത്യാക്കോരോടൊപ്പമുണ്ടാകും, കൗൺസിലിൽ ഹിന്ദുക്കളുടെയും മുസ്ലീമുകളുടെയും പ്രതിനിധികളുടെ എണ്ണം തുല്യമായിരിക്കും, പിന്നോക്ക വിഭാഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം, കൂടാതെ പുതിയ ഭരണഘടനയ്ക്കുള്ള ചർച്ചകളുടെ ആരംഭം.

ഈ നിർദേശം എല്ലാവരെയും അസ്വസ്ഥരാക്കി. 1945 ജൂൺ 25 മുതൽ ജൂലൈ 14 വരെ നടന്ന സിംല സമ്മേളനം ഒരു തീരുമാനമില്ലാതെ അവസാനിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും മുസ്ലീം ലീഗിന്റെയും വൈസ്രോയി കൗൺസിലിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശത്തെക്കുറിച്ചു ചർച്ച ചെയ്തപ്പോഴാണ് കാര്യങ്ങൾ തകർന്നത്.



സിംല സമ്മേളനം (1945)

കൗൺസിലിലേക്കുള്ള മുസ്ലീം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാനുള്ള പ്രത്യേക അവകാശം മുസ്ലീം ലീഗിനു വേണമെന്ന് അവർ നിർബന്ധിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഹിന്ദുക്കളെ മാത്രമേ നാമനിർദേശം ചെയ്യാവൂയെന്നും മുസ്ലീംങ്ങളെയോ മറ്റ് പിന്നോക്കവിഭാഗക്കാരെയോ നോമിനികളാക്കാൻ പാടില്ല എന്നും അവർ ആവശ്യപ്പെട്ടു. ഇതിലൂടെ ഇന്ത്യയെ പ്രതിനിധികരിക്കാനുള്ള കോൺഗ്രസിന്റെ അവകാശം നിരാകരിക്കാനായിരുന്നു അത്. കൂടാതെ സാമുദായിക വിഭജനം സംഭവിക്കുകയുംചെയ്യും. വേവ്വൽപ്രഭു മുസ്ലീം ലീഗ് പ്രാധിനിത്യമില്ലാത്ത കൗൺസിൽ രൂപീകരിക്കാനാവില്ല എന്ന് മനസ്സിലാക്കുകയും സിംല സമ്മേളനം അവസാനിപ്പിക്കുകയും ചെയ്തു.

1940-ലെലാഹോർപ്രമേയവും1945-ലെസിംല സമ്മേളനത്തിനും ഇടയ്ക്കുള്ള വർഷങ്ങൾ ഒരു മുസ്ലീം രാഷ്ട്രസ്വത്വത്തിന്റെ ഏകീകരണം അടയാളപ്പെടുത്തുകയും അതിന്റെഏകവക്താവായിജിന്ന ആവിർഭാവം ചെയ്യുകയും ചെയ്തു. 1946 ഏപ്രിലിൽ ഡൽഹിയിലെ മുസ്ലീം ലീഗ് ലെജിസ്ലേറ്റേഴ്സ് എന്നകൺവെൻഷനിൽവെച്ചാണ്, ആദ്യ

12th_History_MAL_Unit_7 Pixels.indd 92 2/28/2023 1:19:21 PM

മായിട്ട് പാകിസ്ഥാൻ എന്ന സ്വതന്ത്ര പരമാധികാരമുള്ള സംസ്ഥാനമായിട്ട് പരാമർശം ലഭിക്കുന്നത്. ആദ്യമായിട്ട് ലീഗ് അതിന്റെ ഘടന ഭൂമിശാസ്ത്രപരമായി പ്രഖ്യാപിച്ചത് ഇപ്രകാരമാണ് മുസ്ലീം ഭൂരിപക്ഷമുള്ള പ്രധാനപ്പെട്ട പ്രവിശ്യകളായ ബംഗാൾ, വടക്കുകിഴക്കനിലെ ആസ്സാം, പഞ്ചാബ്, വടക്കുപടിഞ്ഞാറിലെ അതിർത്തി പ്രവിശ്യ, സിന്ദ്, വടക്കുപടിഞ്ഞാറിലെ ബലൂചിസ്ഥാൻ എന്നീ പ്രദേശങ്ങൾ ചൂണ്ടി കാണിച്ചു. എന്നാൽ കോൺഗ്രസ് പ്രസിഡന്റായ മൗലാന അബ്ദുൾകലാം ആസാദ് ഈ ആശയത്തെ നിരസിക്കുകയും, ഒരു ഏകീകൃത ഇന്ത്യയ്ക്കു വേണ്ടിയും പൂർണ്ണ സ്വാതന്ത്ര്യത്തിനു വേണ്ടിയാണ് കോൺഗ്രസ് നിലനില്ക്കുന്നതെന്ന് ഉദ്ധരിക്കുകയും ചെയ്തു.

1945 ജൂൺ-ജൂലൈയിൽ നടന്ന സിംല സമ്മേളനത്തിനുശേഷം വന്ന സംഭവവികാസങ്ങളായിരുന്നു ഇതൊക്കെയും. അതിനുശേഷം തിരഞ്ഞെടുപ്പിൽ ചർച്ചിൽ പുറത്താകുകയും പകരം ക്ലമന്റ് അറ്റ്ലി നയിക്കുന്ന ലേബർ പാർട്ടി സർക്കാർ നിലവിൽ വരുകയും ചെയ്തു. സമയം ഗണ്യമായഅർത്ഥത്തിൽമാറിയിരിക്കുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രി അറ്റ്ലി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നല്കുന്നതിനെപ്പറ്റിയും അതു തീരുമാനിക്കാൻ ശേഷിക്കുന്നനിബന്ധനകൾബാക്കിവെച്ചുകൊണ്ട് പ്രഖ്യാപിച്ചു.

7.6 കാബിനറ്റ് മിഷനും മൗണ്ട് ബാറ്റൺ പ്ലാനും

കാബിനറ്റ് മിഷൻ

2-ാം ലോകമഹായുദ്ധത്തിനുശേഷം ആഗോള സാഹചര്യം മാറുന്നതിലൂടെ കാബിനറ്റ് മിഷന്റെ രൂപീകരണത്തിന് വഴിവെച്ചു. 1946 മാർച്ചിൽ ഇന്ത്യയിലെത്തിയ മിഷനെ നയിക്കാൻ അന്നത്തെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് സർസ്റ്റഫോർഡ് ക്രിപ്സും അനുചരന്മാരായ എ.വി. അലക്സാണ്ടറും പെതിക്ക് ലോറൻസും ഉണ്ടായിരുന്നു. ചുരുക്കത്തിൽ തന്നെ അവരുടെ ജോലി ആരംഭിക്കുകയും ചെയ്തു: അധികാരം കൈമാറ്റം ചെയ്യപ്പെടുന്നതിന് മുമ്പ് ഒരു ദേശീയ സർക്കാർ രൂപീകരിക്കുക. ഈ മിഷൻ ഒരു പ്രതിനിധി ബോഡി പ്രവിശ്യകളിലുടനീളവും പ്രിൻസ്ലീ സ്റ്റേറ്റ്സിലൂടെയും തിരഞ്ഞെടുപ്പ് വഴി രൂപീകരിക്കാനും സ്വതന്ത്ര ഇന്ത്യയ്ക്ക് വേണ്ടിയുള്ള ഭരണഘടന രൂപകരിക്കുന്നതിനുള്ള കർത്തവ്യം ഈ ബോഡിയെ ഏൽപ്പിക്കാനും നിർദേശിച്ചു. വിഭജനം എന്ന ആശയത്തെപ്പറ്റി ആരും ഈ കാലയളവിൽ ചിന്തിച്ചിരുന്നില്ല. പകരം, മിഷന്റെ നിർദ്ദേശങ്ങൾ പ്രകാരം മുസ്ലീം ലീഗിനു വടക്കുകിഴക്കൻ പ്രവിശ്യകളിലും വടക്കുപടിഞ്ഞാറൻ പ്രവിശ്യകളിൽ ആധിപത്യം ഉണ്ടാകാനും ബാക്കി പ്രവിശ്യകളിലെല്ലാം കോൺഗ്രസ് അഡ്മിനിസ്റ്റർ ചെയ്യുക വഴി ഒരു അയഞ്ഞ കോൺഫെഡറേഷനു രൂപം നൽകാൻ മിഷൻ തീരുമാനിച്ചു.

1946 ജൂൺ 6-നു ജിന്നാ ഈ ആശയത്തിനു സമ്മതിച്ചു. ഇതേസമയം, കോൺഗ്രസാകട്ടെ കാബിനറ്റ് മിഷന്റെ ഈ പദ്ധതി ഒരു കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലി രൂപീകരിക്കാനുള്ള മാർഗ്ഗമായിട്ടാണ് കണ്ടത്. 1946, ജൂലൈ 7 നു എ.ഐ.സി.സി. യിലൂടെയുള്ള പ്രസംഗത്തിലൂടെ നെഹ്റു ഇത് കോൺഗ്രസ് സമ്മതിച്ചതായിട്ട് പ്രഖ്യാപിച്ചു. എന്നാൽ 1946 ജൂലൈ 29 നു ജിന്നാഹ് ഇതിനെതിരെ പ്രതികരിക്കുകയും ലീഗ് ഈ പദ്ധതിക്കെതിരെ നില്ക്കുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്തു.



നെഹ്റു & ജിന്നാഹ്

വിശദമായ കൂടിയാലോചനകൾക്ക് ശേഷം വൈസ്രോയി 1946 ജൂൺ 15 ന് 14 പേർ ചേർന്ന ഇടക്കാല സർക്കാരിനു ക്ഷണങ്ങൾ നല്കി. ക്ഷണം ലഭിച്ചവർ: ജവഹർലാൽനെഹ്റു, വല്ലഭായ്പട്ടേൽ, രാജേന്ദ്രപ്രസാദ്, രാജാജി, ഹരികൃഷ്ണമഹ്താബ് (ഐ.എൻ.സി.യെ പ്രതിനിധീകരിച്ചു) മുഹമ്മദ് അലി ജിന്നാ, ലിയാക്കത്ത് അലിഖാൻ, മുഹമ്മദ് ഇസ്മായേൽ ഖാൻ, ഖ്വാജ സർ നസിമുദ്ദീൻ, അബ്ദുൾ റബ് നിഷ്ദാർ(മുസ്ലീം ലീഗിൽ നിന്ന്) സർദാർ ബൽദേവ് സിംഗ്(സിക്ക് കമ്മ്യൂണിറ്റിയെ പ്രതിനിധീകരിച്ച്), സർ എൻ.പി. എൻജിനീയർ (പാർസിസ് പ്രതിനിധി, ജഗജീവൻ റാം (പിന്നോക്ക വിഭാഗം പ്രതിനിധി) ജോൺ മത്തായി (ഇന്ത്യൻ ക്രിസ്ത്യാനികളുടെ പ്രതിനിധി) ഇതിനിടയ്ക്ക് കോൺഗ്രസ് സക്കീർ ഹുസ്സൈനെ ഇടക്കാല സർക്കാരിന്റെ കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്തു. ഇത് മുസ്ലീം ലീഗ് എതിർക്കുകയും, 1946 ജൂലൈ 24 നു ജിന്നാ മുസ്ലീം ലീഗ് കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലി രൂപീകരിക്കുന്ന പ്രക്രിയയിൽ പങ്കെടുക്കില്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചു. ഇതിലൂടെ ബ്രിട്ടീഷ് ഭരണാധികാരികളിൽ നിന്ന് ഒരു മൂർച്ചയുള്ള പ്രതികരണം ക്ഷണിച്ചുവരുത്തി..

1946 ആഗസ്റ്റ് 12 നു, കോൺഗ്രസ് പ്രസിഡന്റായ നെഹ്റുവിനെ പ്രവിശ്യകളിലെ സർക്കാർ രൂപീകരിക്കുന്നതിനായി ക്ഷണിച്ചു. നെഹ്റുവുമായുള്ള ചർച്ചയ്ക്ക് ശേഷം, ദേശീയ ഇടക്കാല സർക്കാരിന്റെ 12 അംഗങ്ങളെക്കൂടി 1946 ആഗസ്റ്റ് 25 നു പ്രഖ്യാപിച്ചു. നെഹ്റുവിനെ കൂടാതെയുള്ള അംഗങ്ങളുടെ പേര്: വല്ലഭായ് പട്ടേൽ, രാജേന്ദ്ര പ്രസാദ്, അസഫ് അലി, സി. രാജാജി, സരത്ത് ചന്ദ്ര ബോസ്, ജോൺ മത്തായ്, സർദാർ ബൽദേവ് സിംഗ്, ഷഫാദ് അഹമ്മദ് ഖാൻ, ജഗ്ജിവൻ റാം, സെയ്ദ് അലിസെഹിർ, കൂവർജിഹോർമസ്ജി ബാബ. ഇതിൽ രണ്ട് മുസ്ലീംങ്ങളെ കൂടെ നാമനിർദ്ദേശം ചെയ്യും എന്ന് പ്രസ്താവിച്ചിരുന്നു.

12th_History_MAL_Unit_7 Pixels.indd 93 2/28/2023 1:19:21 PM

5 ഹിന്ദുക്കളും, 3 മുസ്ലീങ്ങളും, പിന്നോക്ക വിഭാഗങ്ങളിൽ നിന്നും, ഇന്ത്യൻ ക്രിസ്ത്യാനികളിൽ നിന്നും, സിക്കുകാരിൽ നിന്നും, പാർസികളിൽ നിന്ന് ഓരോ വ്യക്തികൾ വീതം ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചു. പിന്നീട് ഹരേ കൃഷ്ണ മഹാത്മാവിനു പകരം സരത്ത് ചന്ദ്ര ബോസ് വന്നു. അതുപോലെ പാർസിയുടെ നോമിനിയായ എൻ.പി. എൻജിനീയരെ പകരം കൂവർജി ഹോർമസ്ജി ബാബ വന്നു. ലീഗിന്റെ നോമിനികളുടെ സ്ഥാനത്ത് കോൺഗ്രസ് തങ്ങളുടെ മൂന്ന് ആളുകളുടെ പേരുകൾ ചേർത്തു:- അസഫ് അലി, ഷഫാത്ത് അഹമ്മദ് ഖാൻ, സെയ്യദ് അലി സഹീർ.


ROHTAS

The Sunday Statesman

PUBLISHED SIMULTANEOUSLY FROM CALCUTTA AND DELHI.

Vol. XII, No. 616 REG. No. C193 CALCUTTA, SUNDAY, AUGUST 18, 1946.

OVER 270 KILLED, 1,600 INJURED IN TWO DAYS

Communal Riots in Calcutta

Troops Called Out to Help Police

"Lawlessness Shall Not Prevail"

Governor's Broadcast to Citizens

JINNAH CONDEMNS VIOLENCE

HOOLIGANS MUST BE PUNISHED BY LAW

Latest T... Propos...

Egypt Repo... Dispos...

ഡയറക്ട് ആക്ഷൻ ഡേയിൽ ആക്രമപരമായ ഏറ്റുമുട്ടലുകൾ

1946 ആഗസ്റ്റ് 16-നു ലീഗ് ഡൈറക്റ്റ് ആക്ഷൻ നു ആഹ്വാനം ചെയ്തു. കൽക്കട്ടയിലും ഡൽഹി പോലുള്ള മറ്റ് നിരവധി സ്ഥലങ്ങളിലും രക്ത ചൊരിച്ചിൽ ഉണ്ടായി. ഈ സമയത്താണ് ഗാന്ധിജി സ്വയംകൽക്കട്ടയിലേക്ക്പുറപ്പെടുന്നതുംഏറ്റവും മോശമായി ബാധിക്കപ്പെട്ട ബലിയാഗാട്ടയിലെ ഒരു ഒഴിഞ്ഞ വീട്ടിൽ കുറച്ച് അനുയായികളോട് കൂടെ മാത്രം താമസിക്കാൻ തീരുമാനിച്ചത്. ഡൽഹിയിലെ വീടുകളിൽ നിന്ന് പുറത്താക്കപ്പെട്ട മുസ്ലീങ്ങളെ താല്കാലിക ക്യാമ്പുകളിലാണ് പാർപ്പിച്ചു (പുരാണ കടുല്ലയിലും മറ്റ് സ്ഥലങ്ങളിലും) ഗാന്ധി അവിടെ വന്നതിനുശേഷമാണ്(9 സെപ്റ്റംബർ 1946) മുസ്ലീങ്ങളും ഇന്ത്യയിലെ ജനങ്ങളാണെന്നും അതുകൊണ്ടുതന്നെ ഇന്ത്യൻ ഭരണകൂടം (നെഹ്റുവായിരുന്നു ഇടക്കാല സർക്കാരിന്റെ തലവൻ) സംരക്ഷിക്കണമെന്നും ദില്ലി അധികൃതർ അവർക്കുവേണ്ടി റേഷൻ സംഘടിപ്പിക്കുകയും ശൗചാലയങ്ങൾ നിർമ്മിക്കുകയും ചെയ്തു.

ഈ ഒരു പശ്ചാത്തലത്തിലാണ് ഇടക്കാല സർക്കാരിന്റെ ഭരണഘടന കോൺഗ്രസ് അംഗീകരിക്കുന്നത്. 1946 സെപ്റ്റംബർ 2-നു നെഹ്റു അധികാരമേറ്റു. അധികം വൈകാതെ മറ്റൊരു സാമുദായിക വിപ്ലവം രാജ്യത്തിലുടനീളം പൊട്ടിപുറപ്പെടുകയും ബോംബെ അഹമ്മദാബാദ് എന്നീ സ്ഥലങ്ങളിൽ സ്ഥിതി രൂക്ഷമായിത്തീരുകയും ചെയ്തു. നെഹ്റുവുമായിട്ട് ചർച്ച ചെയ്തതിനുശേഷം ലോഡ് വേവ്വൽ ജിന്നായുമായിട്ട് മറ്റൊരു ചർച്ചയ്ക്കായി പുറപ്പെടുകയും ഇടക്കാല സർക്കാരിൽ ലീഗ് പങ്കെടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. മുസ്ലീം ലീഗ് ഈ നിർദ്ദേശം സ്വീകരിച്ചുവെങ്കിലും ജിന്നാ കാബിനറ്റിലെ ഒരു അംഗമാകാൻ വിസമ്മതിച്ചു.

1946 ഒക്ടോബർ 26-നു ഇടക്കാല മന്ത്രിസഭ പുനർനിർമ്മിച്ചു. ലീഗിന്റെ പ്രതിനിധികളായി ചേർന്നവർ: ലിയാഖത്ത് അലിഖാൻ, ഐ.ഐ. ചുന്ദ്രിഗാർ, എ.ആർ. നിഷ്റ്റാർ, ഗസൻഫാർ അലി ഖാൻ, ജോഗേന്ദ്ര നാഥ് മണ്ഡൽ.

എന്നാൽ കോൺഗ്രസും ലീഗും തമ്മിലുള്ള ശത്രുതയ്ക്ക് വിട്ടുവീഴ്ച ഉണ്ടായില്ല. ഇത് ഇടക്കാലമന്ത്രിമാരുടെകൗൺസിലിന്റെപ്രവർത്തനങ്ങളിൽ നിന്ന് (അവർ പ്രവർത്തിക്കുന്നില്ലായിരുന്നു) മനസ്സിലാക്കാൻ കഴിയും. ഈ സമയത്ത് കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലി രൂപീകരിക്കുന്നതിനോട് ലീഗ് നിസ്സഹകരണ മനോഭാവം പുലർത്തി. മറ്റൊരു നിരയിൽ അഭൂതപൂർവ്വമായ അളവിൽരാജ്യംസാമുദായികകലഹത്തിനുസാക്ഷ്യം വഹിക്കുകയായിരുന്നു. കിഴക്കൻ ബംഗാളിലെ നായ്ക്കോലി സാമുദായിക കലാപം മൂലം തകർന്നു പോയി. ഇടക്കാല സർക്കാരിൽ ലീഗിലെ അംഗങ്ങളായ ചിലർ വൈസ്രോയിയുടെ മുൻപിൽ ഉള്ള ഔപചാരിക യോഗത്തിനുമുമ്പുള്ള അനൗപചാരിക യോഗത്തിൽ പങ്കുചേരാൻ മടിച്ചു. ഇടക്കാല സർക്കാരിനെ നശിപ്പിക്കാൻ വേണ്ടിമാത്രം മുസ്ലീം ലീഗിലെ അംഗങ്ങൾ വർത്തിച്ചതുപോലെ തോന്നാം.



ഗാന്ധി നായ്ക്കോലിയിൽ

1946 ജൂലൈ-ആഗസ്റ്റിൽ നടന്ന തിരഞ്ഞെടുപ്പിൽ 210 ജനറൽ സീറ്റുകളിൽ 199 എണ്ണം നേടിയ കോൺഗ്രസ്സ് ശ്രദ്ധേയമായ വിജയം വരിച്ചു. അതുപോലെ മുസ്ലീം ലീഗും മുസ്ലീമുകൾക്ക് സംവരണ ശേഷിയുള്ള സീറ്റുകളിലും നല്ല വിജയം നേടി. ലീഗിന്റെ അണികൾ 76 ആയിരുന്നു. 76 സീറ്റുകളിൽ ഒരു സീറ്റ് ഒഴികെ ബാക്കിയെല്ലാം വന്നത് മുസ്ലീം സംവരണ മണ്ഡലങ്ങളിൽ

12th_History_MAL_Unit_7 Pixels.indd 94 2/28/2023 1:19:21 PM

നിന്നാണ്. എന്നാൽ കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലിയിൽ പങ്കെടുക്കുന്നതിനു ലീഗ് എതിരായിരുന്നു. അതുകൊണ്ടു തന്നെ 1946 ഡിസംബർ 9-നുള്ള കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലിയുടെ ആദ്യത്തെ സെഷനിൽ വെറും 207 അംഗങ്ങൾ മാത്രമേ പങ്കെടുത്തുള്ളൂ. കോൺഗ്രസും ലീഗും തമ്മിലുള്ള ശത്രുത ദിനംപ്രതി വളരുംതോറും ഇടക്കാല സർക്കാരിന്റെ പ്രവർത്തനം അത്ര സുഗമമല്ലായിരുന്നു. വൈസ്രോയി വരുന്ന ഔപചാരിക യോഗങ്ങളിലെ അഭിപ്രായ വ്യത്യാസങ്ങൾ മുൻപേ തന്നെ ഒത്തുതീർപ്പാക്കാൻ ശ്രമിച്ചിരുന്നതെങ്കിലും ആദ്യം മുതലേ തന്നെ ലീഗിലെ അംഗങ്ങൾ പങ്കെടുത്തില്ല.

1947 മാർച്ചിൽ ലിയാഖത്ത് അലി ഖാൻ മുന്നോട്ട് വെച്ച് ബഡ്ജറ്റ് നിർദ്ദേശങ്ങളായിരുന്നു അവസാനത്തെ പരിധിയായി തീർന്നത്. വ്യവസായത്തിനും വ്യാപാരത്തിനുമായി വിവിധതരം നികുതികൾ ധനകാര്യമന്ത്രി മുമ്പോട്ട് വെയ്ക്കുകയും 150 ഓളം വൻകിട സ്ഥാപനങ്ങളുടെ കാര്യങ്ങളിൽ ഏർപ്പെടാൻ ഒരു കമ്മിഷൻ രൂപീകരിക്കാനും അവർക്കെതിരെയുള്ള നികുതി തട്ടിപ്പ് ആരോപണത്തിനെതിരെ അന്വേഷിക്കാനും നിർദ്ദേശിച്ചു. ഇതിനെ സോഷ്യലിസ്റ്റ് ബഡ്ജറ്റ് എന്നാണ് ഖാൻ വിശേഷിപ്പിച്ചത്. കോൺഗ്രസിന്റെ ഏറ്റവും ശക്തരായ അനുയായികളായ ഈ വൻകിട വ്യവസായികളെ ബാധിക്കാനുള്ള ശ്രമമായിരുന്നു ഇത്. അതിന്റെ ഉദ്ദേശലക്ഷ്യം വ്യക്തമായിരുന്നു:- എത്രയും വേഗം വിഭജനം നടത്തുക അതുപോലെ കോൺഗ്രസും ലീഗും ഒരിക്കലും ഒരുമിച്ച് സ്വാതന്ത്ര്യത്തിനുവേണ്ടി പണിയെടുക്കുന്നില്ല എന്ന് തെളിയിക്കുക. 1947 ഫെബ്രുവരി 20-നു പാർലമെന്റിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി അറ്റ്ലീ പ്രസ്താവിച്ചത്. 1948 ജൂണിൽ തന്നെ ബ്രിട്ടീഷ് ഇന്ത്യ വിടുമെന്ന് അഭിപ്രായത്തിൽ ബ്രിട്ടീഷ് ഉറച്ചുനിന്നു. 1947 മാർച്ച് 22 നു വേവ്വൽ പ്രഭുവിനെ വൈസ്രോയി പദവിയിൽ നിന്ന് മാറ്റുകയും മൗണ്ട്ബാറ്റൺ പ്രഭു വരികയും ചെയ്തു.

മൗണ്ട് ബാറ്റണിന്റെ പദ്ധതി


ലോർഡ് മൗണ്ട്ബാറ്റൺ

വിഭജനത്തിനു വേണ്ടിയുള്ള ഒരു നിശ്ചിത പദ്ധതിയുമായി മൗണ്ട് ബാറ്റൺ പ്രഭു വന്നു. പഞ്ചാബിനെ കിഴക്ക് പടിഞ്ഞാറായിട്ട് വിഭജിക്കാനാവും (പടിഞ്ഞാറൻ ഭാഗം പാക്കിസ്ഥാനു എടുക്കാം) ബംഗാളിനെയും ഇതുപോലെ വിഭജിച്ചിട്ട് പടിഞ്ഞാറൻ ഭാഗങ്ങളെല്ലാം ഇന്ത്യയെടുക്കാനും ഈ പ്ലാനിൽ പറയുന്നുണ്ടായിരുന്നു. 1947 മെയ് 1 നു കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി ഈ ആശയം അംഗീകരിച്ചു. ഉടനെ തന്നെ വൈസ്രോയി തിരികേ ലണ്ടനിലേക്ക് പോകുകയും തിരികെ വന്നപ്പോൾ വിഭജനത്തിന്റെ ബ്ലൂപ്രിന്റ് വെളിപ്പെടുത്തുകയും 1947 ആഗസ്റ്റ് 15-നു ബ്രിട്ടീഷ്കാർ ഇന്ത്യവിടാൻ ആഗ്രഹിക്കുന്നത് അറിയിക്കുകയും ചെയ്തു. വെറും 11 ആഴ്ചകൾ മാത്രമേ സ്വാതന്ത്ര്യദിനത്തിനും അന്നത്തെ ദിവസവും തമ്മിലുണ്ടായിരുന്നത്. 1947 ജൂൺ 15 നു എ.ഐ.സി.സി. പരസ്പരം കണ്ടുമുട്ടി. ഇവിടെ വെച്ചാണ് വിഭജനത്തെ അംഗീകരിച്ചുകൊണ്ടുള്ള ഗോവിന്ദ് ബല്ലാദ് പന്തിന്റെ പ്രമേയം അംഗീകരിക്കുന്നത്. ഈ പ്രമേയത്തെ അംഗീകരിക്കുന്നിനുവേണ്ടി നെഹ്റുവിന്റെയും പട്ടേലിന്റെയും അനുനയിപ്പിക്കുന്ന ശക്തിയും ഗാന്ധിയുടെ ധാർമ്മിക അധികാരവും എ.ഐ.സി.സി.യുടെ ഭൂരിപക്ഷം കിട്ടാൻ ആവശ്യമായ ഘടകങ്ങളായിരുന്നു.

1946 മാർച്ച് മുതൽ 1947 ആഗസ്റ്റ് 15 വരെയുള്ള കാലയളവിൽ നിരവധി പ്രക്ഷുബ്ധ സംഭവങ്ങൾ ഉണ്ടായി. (i) കാബിനറ്റ് മിഷൻ സ്ഥാപിക്കൽ, (ii) ഇടക്കാല സർക്കാരിന്റെ രൂപീകരണം (iii) കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലിയുടെ ജനനം (iv) കോൺഗ്രസ്സും മുസ്ലീം ലീഗും തമ്മിലുള്ള വിള്ളൽ വ്യാപിക്കുകയും അത് വിഭജനത്തിലേക്ക് നയിക്കുകയും ഒടുവിൽ സ്വാതന്ത്ര്യത്തിന്റെ ഉദയം സംഭവിക്കുകയും ചെയ്യുന്നു..

സംഗ്രഹം

- ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ അവസാനഘട്ടം ആരംഭിച്ചത് 1940 നവംബറിൽ യുദ്ധ-വിരുദ്ധ വ്യക്തിഗത സത്യാഗ്രഹം ആരംഭിച്ചപ്പോഴാണ്.
- ബ്രിട്ടീഷ് സാമ്രാജ്യത്തെ പിടിച്ചു കുലുക്കിയ കൊടുങ്കാറ്റായ 1942-ലെ ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിനു മുന്നോടിയായ ശാന്തത മാത്രമായിരുന്നു അത്.
- ക്രൂരമായ അടിച്ചമർത്തൽ നടപടികൾഉണ്ടായിരുന്നെങ്കിലും ബഹുജന ഉയർച്ച മങ്ങിയിരുന്നില്ല. ഐ.എൻ.എ.യുടെ ട്രയലുകളും റിൻ (RIN) ലഹളയും ഇതിനു തെളിവു നല്കുന്നു.
- സ്വാതന്ത്ര്യസമരത്തിന്റെ കറുത്തവശം ആദ്യത്തെ 7 വർഷത്തിൽ തന്നെ പ്രകടമായിരുന്നു -മുസ്ലീംകൾക്ക് വേണ്ടി പ്രത്യേക രാഷ്ട്രത്തിന്റെ ആശയം. ലാഹോർ സെക്ഷനിൽ വെച്ച് അവ്യക്തമായി ഇത് പ്രകടമാകുന്നുണ്ട്..
- ഇത് ഇന്ത്യയുടെ വിഭജനത്തിനും സ്വാതന്ത്ര്യത്തിലും കലാശിക്കുകയും വർഗീയ കലാപങ്ങളിലൂടെ വളരെയധികം മനുഷ്യ ജീവിതം പൊലിഞ്ഞുപോവുകയും ചെയ്തു.
- സ്വതന്ത്ര ഇന്ത്യ പിറന്നത് മതേതരത്വത്തിന്റെ ആശയം എന്ന വെല്ലുവിളിയുമായിട്ടാണ്.

12th_History_MAL_Unit_7 Pixels.indd 95 2/28/2023 1:19:21 PM



സ്വാതന്ത്ര്യത്തിലേക്കുള്ള പാതയിലേക്കുള്ള മാർച്ച്

ഈ വർഷങ്ങളിൽ നടന്ന സംഭവവികാസങ്ങൾ എഴുതുക.



12th_History_MAL_Unit_7 Pixels.indd 96 2/28/2023 1:19:22 PM

പരിശീലനം

FSY87

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. എപ്പോഴാണ് വ്യക്തിഗത സത്യാഗ്രഹം ആരംഭിക്കുന്നത്?

(a) മാർച്ച് 23, 1940 (b) ആഗസ്റ്റ് 8, 1940
(c) 17 ഒക്ടോബർ 1940 (d) ആഗസ്റ്റ് 9, 1942

2. ഇനിപ്പറയുന്നവയുമായി പൊരുത്തപ്പെടുക

A. ഹിന്ദു-മുസ്ലീം കലാപം - 1. മോഹൻസിങ്
B. ആഗസ്റ്റ് ഓഫർ - 2. ഗോവിന്ദ് ബല്ലഭ് പന്ത്
C. വിഭജന പ്രമേയത്തിന്റെ നിർദ്ദേശം - 3. ലിൻലിത്ത്ഗൗ പ്രഭു
D. ഇന്ത്യൻ നാഷണൽ ആർമി - 4. നായ്ക്കോലി

	A	B	C	D
(a)	3	4	2	1
(b)	4	2	1	3
(c)	4	3	2	1
(d)	3	2	4	1

3. ക്രിപ്സ് മിഷൻ ഇന്ത്യയെ സന്ദർശിച്ചത് ആരുടെ ഭരണകാലത്ത്

(a) വേവൽ പ്രഭു (b) ലിൻലിത്ത്ഗൗ പ്രഭു
(c) മൗണ്ട് ബാറ്റൺ പ്രഭു (d) ഇവയൊന്നുമല്ല

4. ഇനിപ്പറയുന്നവയുമായി പൊരുത്തപ്പെടുക

(A) യു.എസ്. പ്രസിഡന്റ് - 1. ടോജോ
(B) ചൈനീസ് പ്രസിഡന്റ് - 2. വിൻസ്റ്റൺ ചർച്ചിൽ
(C) ബ്രിട്ടീഷ് പ്രധാനമന്ത്രി - 3. ചിയാങ് കൈ-ഷേക്ക്
(D) ജപ്പാനീസ് പ്രധാനമന്ത്രി - എഫ്.ഡി. റൂസ്വെൽറ്റ്

	A	B	C	D
(a)	1	4	3	2
(b)	1	3	2	4
(c)	4	3	2	1
(d)	4	2	3	1

5. എപ്പോഴാണ് സുഭാഷ് ചന്ദ്ര ബോസിനെ കോൺഗ്രസിൽ നിന്നും മാറ്റിയത്?

(a) 1938 (b) 1939 (c) 1940 (d) 1942

6. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന് ഗാന്ധിജി ആഹ്വാനം ചെയ്തത് എപ്പോഴാണ്

(a) സിവിൽ ഡിസ്ഒബീഡിയൻസ് പ്രസ്ഥാനം
(b) നിസ്സഹകരണ പ്രസ്ഥാനം
(c) ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം
(d) എല്ലാം

7. ആരാണ് ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിൽ ബോംബെയിൽ ക്ലാന്റസ്റ്റൈൻ റേഡിയോ ഓപ്പറേഷൻ നടത്തിയത്?

(a) ഉഷ മെഹ്ത്ത (b) പ്രീതി വഡഡാർ
(c) അസഫ് അലി (d) ക്യാപ്റ്റൻ ലക്ഷ്മി

8. ആരാണ് ഐ.എൻ.എ.യുടെ പട്ടാളക്കാരുടെ ഭാഗം വാദിക്കാനായി കോടതിയിൽ പ്രത്യക്ഷപ്പെട്ടത്

(a) ജവഹർലാൽ നെഹ്റു
(b) മോത്തിലാൽ നെഹ്റു
(c) രാജാജി
(d) സുഭാഷ് ചന്ദ്ര ബോസ്

9. 1942-ൽ ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം ആരംഭിച്ചപ്പോൾ ആരായിരുന്നു ഇന്ത്യയുടെ വൈസ്രോയി?

(a) വേവൽ പ്രഭു
(b) ലിൻലിത്ത്ഗൗ പ്രഭു
(c) മൗണ്ട് ബാറ്റൺ പ്രഭു
(d) വിൻസ്റ്റൺ ചർച്ചിൽ

10. പ്രസ്താവന **(A):** ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിനു അതിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല.
കാരണം **(R):** അന്നത്തെ സർക്കാർ ക്രൂരമായ അടിച്ചമർത്തൽ നയം സ്വീകരിച്ചു..

(a) Aയും Rയും ശരിയാണ് R, Aയുടെ ശരിയായ വിശദീകരണം.
(b) Aയും Rയും ശരിയാണ് R, Aയുടെ ശരിയായ വിശദീകരണമല്ല.
(c) A ശരിയാണ് R തെറ്റാണ്.
(d) A തെറ്റാണ് R ശരിയാണ്.

11. INA സ്ഥാപിച്ചത് ആരുടെ സഹായത്തോടെ

(a) ജർമ്മനി
(b) ജപ്പാൻ
(c) ഫ്രാൻസ്
(d) യു.എസ്.എ

12th_History_MAL_Unit_7 Pixels.indd 97 2/28/2023 1:19:22 PM

12. ഇന്ത്യൻ നാഷണൽ ആർമിയിൽ സ്ത്രീകൾ മാത്രമുള്ള റെജിമെന്റ്.

(a) സുഭാഷ് റെജിമെന്റ്

(b) കസ്തൂർബാ റെജിമെന്റ്

(c) ക്യാപ്റ്റൻ ലക്ഷ്മി റെജിമെന്റ്

(d) റാണി ഓഫ് ജാൻസി റെജിമെന്റ്

13. എവിടെയാണ് നേതാജി സുഭാഷ് ചന്ദ്ര ബോസ് സ്വതന്ത്ര ഇന്ത്യയുടെ പ്രവിശ്യ സർക്കാർ ആരംഭിച്ചത്?

(a) റംഗൂൺ (b) മലയ

(c) ഇംഫാൽ (d) സിംഗപ്പൂർ

14. INA യുടെ വിചാരണ എവിടെവച്ച് നടന്നു

(a) ചെങ്കോട്ട, ന്യൂഡൽഹി

(b) പെനംഗ്

(c) വിസറാഗൽ ലോഡ്ജ്, ഷിംല

(d) സിംഗപ്പൂർ

15. ഏത് വൈസ്രോയിയാണ് 1945-ൽ ഷിംല സമ്മേളനം വിളിച്ചുകൂട്ടിയത്?

(a) വേവ്വൽ പ്രഭു

(b) ലിൻലിത്ത് ഗൗ പ്രഭു

(c) മൗണ്ട് ബാറ്റൺ പ്രഭു

(d) ക്ലമന്റ് അറ്റ്ലീ

16. 1946-ലെ ഇടക്കാല സർക്കാരിനെ നയിച്ചതാര്

(a) ജവഹർലാൽ നെഹ്റു

(b) മൗലാനാ അബ്ദുൾ കലാം ആസാദ്

(c) രാജേന്ദ്ര പ്രസാദ്

(d) വല്ലഭായ് പട്ടേൽ

17. താഴെ കാണുന്നവ ശരിയായ ക്രമത്തിലാക്കുക

(i) ഇന്ത്യൻ നാഷണൽ ആർമിയുടെ സ്ഥാപനം

(ii) റോയൽ ഇന്ത്യൻ നേവിയുടെ കലാപം

(iii) ഇന്ത്യൻ നാഷണൽ ആർമിയുടെ വിചാരണ

(iv) രാജാജിയുടെ ഫോർമുല

ശരിയായ ഉത്തരം താഴെകൊടുത്തവയിൽ നിന്ന് തിരഞ്ഞെടുക്കൂ

(a) ii, i, iii, iv

(b) i, iv, iii, ii

(c) iii, iv, i, ii

(d) iii, iv, ii, i

18. താഴെ കാണുന്ന സംഭവങ്ങളിൽ ശരിയായ ക്രമം ഏതാണ്?

(i) INA വിചാരണ

(ii) ഡൈറക്ട് ആക്ഷൻ ഡേ

(iii) ആഗസ്റ്റ് ഓഫർ

(iv) വ്യക്തിഗത സത്യാഗ്രഹം

ശരിയായ ഉത്തരം താഴെ നിന്ന് തിരഞ്ഞെടുക്കുക:

(a) i, ii, iii, iv (b) iii, i, ii, iv

(c) iii, iv, i, ii (d) i, iii, iv, ii

19. ഏത് ബ്രിട്ടീഷ് പ്രധാനമന്ത്രിയാണ് ഇന്ത്യൻ കരങ്ങളിലേക്ക് അധികാരം കൈമാറ്റം ചെയ്യപ്പെട്ടതായിട്ട് പ്രഖ്യാപനം ചെയ്തത്?

(a) വിൻസ്റ്റൺ ചർച്ചിൽ

(b) മൗണ്ട് ബാറ്റൺ പ്രഭു

(c) ക്ലമന്റ് അറ്റ്ലീ

(d) F.D. റൂസ്വെൽറ്റ്

20. ബ്രിട്ടീഷിനു ഇന്ത്യയിൽ നിന്ന് പോകണമെന്ന് എപ്പോഴാണ് ആഗ്രഹമുണ്ടായിരുന്നത്

(a) ആഗസ്റ്റ് 15, 1947 (b) ജനുവരി 26, 1950

(c) ജൂൺ 1948 (d) ഡിസംബർ 1949

II. ഹ്രസ്വമായ ഉത്തരങ്ങൾ എഴുതുക

1. ലാഹോർ പ്രമേയത്തിന്റെ പ്രാധാന്യം എന്താണ്?
2. ഓഗസ്റ്റ് ഓഫറിന്റെ പ്രധാന സവിശേഷതകൾ പറയുക.
3. എന്തുകൊണ്ട് കോൺഗ്രസ് ക്രിപ്സ് മിഷനെ നിരോധിച്ചത്?
4. എന്തുകൊണ്ട് സിംല കോൺഫറൻസിലെ ചർച്ചകൾ വിജയിക്കാത്തത്.
5. എങ്ങനെയാണ് ക്യാപ്റ്റൻ മോഹൻസിങ് ഐ.എൻ.എ. യെ സംഘടിപ്പിച്ചത്?

III. ഹ്രസ്വമായ ഉത്തരങ്ങൾ എഴുതുക

1. ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിൽ പങ്കെടുക്കാത്ത സംഘടനകളുടെ പേര് നൽകുക.
2. സർ സ്ട്രാഫോർഡ് ക്രിപ്സിന്റെ നിർദേശങ്ങൾ ചർച്ച ചെയ്യുക.
3. ഐ.എൻ.സി.യിൽ നിന്ന് ബോസിനെ നീക്കം ചെയ്യാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്.
4. 1946-ൽ രൂപീകരിച്ച ഇടക്കാല സർക്കാരിൽ മുസ്ലീം ലീഗിന്റെ പ്രതിനിധികൾ ആരെല്ലാമാണ്?
5. ഏത് സന്ദർഭത്തിലാണ് ഗാന്ധിജി ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തെപ്പറ്റി ചിന്തിച്ചത്?

12th_History_MAL_Unit_7 Pixels.indd 98 2/28/2023 1:19:22 PM

IV. ഇനിപ്പറയുന്നവയ്ക്ക് വിശദമായ ഉത്തരം നല്കുക

1. ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ ഗതി ചർച്ച ചെയ്യുക.
2. എത്രത്തോളമാണ് ഐ.എൻ.എ.യുടെ വിചാരണ സ്വാതന്ത്ര്യസമരത്തെ ശക്തമാക്കാൻ സഹായിച്ചത്?
3. രാജാജിയുടെ പദ്ധതിയെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.
4. എന്തുകൊണ്ടാണ് റോയൽ ഇന്ത്യൻ കലാപം ഇന്ത്യൻദേശീയപ്രസ്ഥാനത്തിന്റെചരിത്രത്തിലെ മഹത്തായഅധ്യായമായികണക്കാക്കപ്പെടുന്നത്?

V. പ്രവർത്തനം

1. തമിഴ്നാട്ടിൽ നിന്നുള്ള ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാക്കളുടെ ചിത്രങ്ങളും വിവരങ്ങളും ശേഖരിക്കുന്ന ഒരു സ്ക്രാപ്പ് പുസ്തകം തയ്യാറാക്കുക.
2. നിങ്ങളുടെ പ്രദേശത്തിൽ നിന്ന് നിങ്ങളുടെ കുടുംബപശ്ചാത്തലമുള്ള ഐ.എൻ.എ.യിൽ സേവനം അനുഷ്ഠിച്ചവരുടെ പട്ടിക തയ്യാറാക്കുക.

പരാമർശഗ്രന്ഥങ്ങൾ

- Bipan Chandra, et. al, *India's Struggle for Independence,* Penguin Books, New Delhi, 2016.
- Sumit Sarkar, *Modern India 1885-1947,* Pearson, New Delhi, 2018.
- Sekhar Bandopadhyay, *From Plassey to Partition and After: A History of Modern India,* Orient BlackSwan, Hyderabad, 2009.

A-Z പദപരിചയം

Dominion Status	ആഭ്യന്തര അല്ലെങ്കിൽ ബാഹ്യകാര്യങ്ങളായ എല്ലാതരത്തിലും തുല്യപദവിയുള്ള ഒരു രാഷ്ട്രീയ സിസ്റ്റത്തിനുള്ളിലെ സ്വയം ഭരണയൂണിറ്റുകൾ	ആധിപത്യ പദവി
Axis powers	ജർമ്മനിയും ഇറ്റലിയും ജപ്പാനും തമ്മിലുള്ള ത്രിബാർട്ടൈറ്റ് കരാർ ഒപ്പിട്ടതിനുശേഷം അവർ ഈ പേര് ഔദ്യോഗികമായി സ്വീകരിച്ചു.	അച്ചുതണ്ടു ശക്തികൾ
Prisoners of War	സായുധ സംഘടന സമയത്ത് ശത്രുസേന പിടിച്ചെടുക്കുന്ന പോരാളികൾ	യുദ്ധത്തിലെ തടവുകാർ
Partition	ഒരു രാജ്യത്തെ രണ്ടോ അതിൽ കൂടുതലായോ വിഭജിക്കുന്ന പ്രക്രിയ.	വിഭജനം

12th_History_MAL_Unit_7 Pixels.indd 99 2/28/2023 1:19:22 PM

യൂണിറ്റ്

8

കോളനി ആധിപത്യത്തുനു ശേഷം ഇന്ത്യയുടെ പുനർ നിർമ്മാണം

പഠന ലക്ഷ്യങ്ങൾ

CXHUQ

വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടവ

- വിഭജനത്തിന്റെ വെല്ലുവിളികൾ
- ഭരണഘടനയുടെ നിർമ്മാണം പ്രക്രിയയും, ആത്മാവും
- നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനുമായി സംയോജിപ്പിക്കുക
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനർ നിർമ്മാണം
- അയൽ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധവും അന്താരാഷ്ട്ര ബന്ധങ്ങളിൽ അതിന്റെ പങ്കും..

ആമുഖം

കോളനി ആധിപത്യത്തിലിരുന്ന് വീണ്ടെടുത്ത സ്വാതന്ത്ര്യത്തിന് വലിയ വിലകൊടുക്കേണ്ടി വന്നു. ഇന്ത്യാ വിഭജനത്തിന്റെ ഫലമായി ബംഗാളിനേയും പഞ്ചാബിനേയും രണ്ടായി വിഭജിക്കേണ്ടി വന്നു. വിഭജന സമയത്ത് ആസൂത്രണം ചെയ്യപ്പെട്ടില്ലെങ്കിലും ഹിന്ദുക്കളെ കിഴക്കൻ ബംഗാളിലിരുന്ന് പശ്ചിമ ബംഗാളിലേയ്ക്കും മാസ്സീംങ്ങൾ ബീഹാർമറ്റും പശ്ചിമബംഗാളിലേക്കും കിഴക്കൻ ബംഗാളിലേയ്ക്കും കുടിയേറാൻ ആരംഭിച്ചു. അതുപോലെ പശ്ചിമപഞ്ചാബിൽനിന്നുള്ള ഹിന്ദുക്കളും സിക്കുകാരും കിഴക്കൻ പഞ്ചാബിലേക്കും കിഴക്കൻ പഞ്ചാബിൽ നിന്നുള്ള മുസ്ലീങ്ങൾ പശ്ചിമ പഞ്ചാബിലേയ്ക്കും കുടിയേറി. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള അതിർത്തി വരമ്പുകൾ നിർണ്ണയിക്കേണ്ടത് ഒരോ ഗ്രാമത്തിലെയും ജനങ്ങളുടെ മതാടിസ്ഥാനമാക്കി യുള്ളതായിരുന്നു. ഭൂരിപക്ഷം മുസ്ലീങ്ങളുള്ള ഗ്രാമ ങ്ങൾ പാകിസ്ഥാനായും ഭൂരിപക്ഷം ഹിന്ദുക്കൾ ഉള്ള ഗ്രാമങ്ങൾ ഇന്ത്യയോടും ചേർന്നു ആ ഗ്രാമങ്ങളിൽ വസിച്ച ന്യൂനപക്ഷത്തെ സംബന്ധിച്ച് അവിടെ തന്നെ ന്യൂനപക്ഷമായി ജീവിക്കേണ്ടിവന്നു. നദികളും, പർവ്വതങ്ങളും റോഡുകളും അതിർത്തികൾ നിർണ്ണയിക്കുന്നതിൽ മുഖ്യ അംശങ്ങളായിത്തീർന്നു. മുസ്ലീങ്ങൾ ഭൂരിപക്ഷമുള്ള എന്നാൽ പാകിസ്ഥാനിലെ പ്രവിശ്യകളോട് തുടർച്ചയല്ലാത്ത ഗ്രാമങ്ങളും, ഹിന്ദുക്കൾ ഭൂരിപക്ഷമുള്ള എന്നാൽ ഇന്ത്യയുടെ പ്രവിശ്യകളോട് യോജിക്കാത്ത ഗ്രാമങ്ങളും ഏതു നാട്ടിലെ പ്രദേശങ്ങളോടാണ് യോജിക്കാൻ സാദ്ധ്യമായത് ആ രാജ്യത്തോട് യോജിക്കാൻ അനുമതി നൽകി. ഈ സമയത്ത് ഒരു പുതിയ സങ്കീർണ്ണത ഉയർന്നുവന്നു. ഇത് പഞ്ചാബിൽ പ്രത്യേക മതവിഭാഗമായ സിക്കുകാരെ സംബന്ധിച്ചതായിരുന്നു. പാകിസ്ഥാന്റെ ഭാഗമാകുന്ന ഗ്രാമങ്ങളിലാണ് സിക്കുകാർ കുടിയേറിയതെങ്കിലും ഇന്ത്യയുമായി തുടരാനാണ് അഗാലിദൾ ആഗ്രഹം പ്രകടിപ്പിച്ചത്.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നല്കുന്ന കാര്യത്തിൽ ബ്രിട്ടൺ എടുത്ത അതിവേഗ നടപടികൾ ഇന്ത്യയുടെ വിഭജനം സങ്കീർണ്ണമായ സാഹചര്യം സൃഷ്ടിച്ചു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന അറ്റ്ലി 1947 ഫെബ്രുവരി 20 ൽ ലണ്ടനിൽ പുറപ്പെടുവിച്ച പ്രഖ്യാപനത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് 1948 ജൂൺ 30 നുള്ളിൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകികൊണ്ട്, ഇന്ത്യയിൽനിന്ന് ഒഴിഞ്ഞുപോകണമെന്ന് അറിയിക്കുകയുണ്ടായി. 1947 മാർച്ച് 22 ൽ വേവലിനു പകരമായി അധികാരത്തിൽ വന്ന വൈസ്രോയി മൌണ്ട് ബാറ്റൻന്റെ നടപടികൾ ഇന്ത്യയുടെ അധികാര കൈമാറ്റത്തെ ദ്രുത ഗതിയിലാക്കി. ഈ സാഹചര്യത്തിൽ മുസ്ലീം ലീഗ് നേതൃത്വം ബഹുഭൂരിപക്ഷം മുസ്ലീം സമുദായത്തിന്റെ ആദരവിനെ തങ്ങളുടെ കീഴിൽ കൊണ്ടു വന്നതിന്റെ ഫലമായി എല്ലാ ഇന്ത്യാക്കാരെയും പ്രതിനിധീകരിക്കണമെന്ന കോൺഗ്രസ്സിന്റെ വാദത്തെ തകർത്തു കളഞ്ഞു. 1947 ജൂൺ3 ാം തിയതി മൌണ്ട് ബാഹൻപ്രഭു അറ്റ്ലിു പ്രഖ്യാപിച്ച ദിവസത്തിനു മുൻപ് 1947 ആഗസ്റ്റ് 15 ാം തീയതി ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. വർഗ്ഗീയ വാദത്തിന്റെയും ദ്വിരാഷ്ട്ര വാദത്തിന്റെയും ഫലമായി ബ്രിട്ടീഷ് ഇന്ത്യയുടെ അധികാരത്തെ ഇന്ത്യാ പാകിസ്ഥാൻ എന്ന രണ്ട് സ്വതന്ത്ര

12th_History_Mal_Unit_8 Folder.indd 100 2/28/2023 1:19:51 PM

രാജ്യങ്ങൾക്കായി അധികാരം കൈമാറമെന്നായി രുന്നു നിർദ്ദേശം. മുൻപ് നിർദ്ദേശിച്ച പോലെ ബംഗാ ളിനെയും പഞ്ചാബിനേയും വിഭജിച്ച് പ ാകിസ്ഥാൻ രൂപീകരിക്കാമെന്ന ഇന്ത്യൻ വിഭജന ത്തെ കോൺഗ്രസ്സ് അനുരജ്ഞനം നടത്തി. 1947 ജൂൺ 14 നും മിറ്റിൽ നടന്ന എ.ഐ. സി.സിയോഗത്തിൽ ഇന്ത്യയുടെ വിഭജനത്തോടൊപ്പം സ്വാതന്ത്ര്യത്തിനായുള്ള മൌണ്ട് ബാറ്റൻ പദ്ധതിയും അംഗീകരിച്ചു.

വിഭജനം എന്ന ആശയത്തെ ആദ്യം ശക്തമായി എതിർത്ത ഗാന്ധിജി ഇപ്പോൾ അതിന്റെ അനിവാര്യ തയെ അംഗീകരിച്ചു. ഗാന്ധിജി ഈ മാറ്റത്തെ വിശദീ കരിക്കുകയും ചെയ്തു. വർഗ്ഗീയ വിരുദ്ധതയെ പ്രതി രോധിക്കാൻ പഞ്ചാബിലും ബംഗാളിലുമുള്ള ജനങ്ങ ളുടെ പ്രക്ഷോപങ്ങളും കോൺഗ്രസ്സിൽ നിന്നുള്ള തന്റെ പിൻമാറ്റവും മാർഗ്ഗത്തെ തടസ്സപ്പെടുത്തിയ തായി അദ്ദേഹം ആരാഞ്ഞു. ദുഃഖകരമെന്ന് പറയട്ടെ കൊളോണിയൽ സഹചാരികൾ രൂപീകരിച്ച വർഗ്ഗീ യവാദവും വിഭജന വ്യവസ്ഥയും പുതുതായി രൂപം കൊണ്ട നവഇന്ത്യയ്ക്ക് ബാധകമായി. 1948 ജനുവരി 30 ന് മഹാത്മ ഗാന്ധിയെ വധിച്ചതോടെയാണ് ഇത് ആരംഭിച്ചത്. പുതുതായി രൂപം കൊണ്ട് നവ ഇന്ത്യ എങ്ങനെയാണ് വെല്ലുവിളികളെ നേരിട്ടത്, വരും വർഷങ്ങളിൽ പ്രശ്നങ്ങൾക്ക് എപ്രകാരം പരിഹാരം കണ്ടു എന്നതിനെ കുറിച്ചും ഇതിൽ നിന്നും മന സ്സിലാക്കാം

1947 ആഗസ്റ്റ് 14 15 അർദ്ധ രാത്രിയിൽ ഭരണ ഘടനാ അസംബ്ലി അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ജവഹർലാൽ നെഹ്റു ഇത് ഉചി തമായി അവതരിപ്പിച്ചു. അതിൽ അദ്ദേഹം സ്വതന്ത്ര ഇന്ത്യയുടെ പദ്ധതികളേയും അതിന്റെ ലക്ഷ്യങ്ങ ളേയും അത്തരം ഒരു മാർഗ്ഗം സ്വീകരിക്കുന്നതിനുള്ള അനിവാര്യതയെ വ്യക്തമാക്കി വളരെ വർഷങ്ങൾക്കു മുൻപ് വിധിയുമായുള്ള കൂടികാഴ്ച നടത്തി ഇപ്പോൾ ഞങ്ങളുടെ പ്രതിജ്ഞ പൂർണ്ണമായോ അ ല്ലെ ങ്കിൽ മറിച്ച് വളരെ ഗണ്യമായി വീണ്ടെടുക്കുന്ന തിന് സമയമായി.... അദ്ധ്യാപകർ ജവഹർലാൽ നെ ഹ്റുവിന്റെ മുഴുവൻ പ്രസംഗവും തിരശ്ശീല യിൽ പ്രദർശിപ്പിച്ച് വിദ്യാർത്ഥികൾക്ക് പ്രചോ ദനം ന ൽകണം

8.1 വിഭജനത്തിന്റെ ഫലങ്ങൾ

സ്വതന്ത്ര ഇന്ത്യയ്ക്ക് മുമ്പുള്ള വെല്ലുവിളികൾ വിഭജനത്തിന്റെ അനന്തര ഫലങ്ങൾ മനസ്സിലാക്കുക സമ്പത്ത് വ്യവസ്ഥ ആസൂത്രണം ചെയ്യുക വിദ്യാ ഭ്യാസ സമ്പ്രദായം പരിഷ്കരിക്കുക (ഇനിപ്പറയുന്ന പാഠത്തിൽ ഇത് വിശദീകരിക്കും) ഒരു ഭരണ ഘടന നിർമ്മിച്ച് അതുമൂലം സ്വാതന്ത്ര്യസമര രാജഭരണ സംസ്ഥാനങ്ങളുടെ ലയനം (അഞ്ഞൂറിലധികം എണ്ണ ത്തിലും വ്യത്യസ്ത വലിപ്പത്തിലും) ദേശരാഷ്ട്രങ്ങ ളുടെ ആവശ്യങ്ങൾക്കായി ജനങ്ങൾ സംസാരിക്കുന്ന ഭാഷയുടെ അടിസ്ഥാനത്തിൽ വൈവിധ്യങ്ങളെ പരി ഹരിക്കുക തുടങ്ങിയ അഭിലാഷങ്ങളെ പ്രതിഫലി പ്പിച്ചു. കൂടാതെ ജനാധിപത്യം, സഹോദര്യം, പരമാധി കാരം എന്നീ ആശയങ്ങളുമായി പൊരുത്തപ്പെടുന്ന ഒരു വിദേശ നയം രൂപീക്കരിക്കേണ്ടതുണ്ട്. മുസ്ലീം ലീഗിന്റെ ലാഹൂർ സമ്മേളനം (മാർച്ച് 1940) ഹിന്ദു മുസ്ലീം തലത്തിൽ ഇന്ത്യാവിഭജനം ആവശ്യകതമായ രീതിയിൽ ആവശ്യപ്പെട്ടിരുന്നു. 1947 ജൂൺ 3 ന് മൌണ്ട് ബാറ്റൻപ്രഭു തന്റെ പദ്ധതിയെ കുറിച്ച് പ്രഖ്യാ പിക്കുകയും അധികാരം കൈമാറുന്ന തീയതി 1947 ആഗസ്റ്റ് ലേയ്ക്ക് തീരുമാനിക്കുകയും ചെയ്തതിന്റെ ഫലമായി ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെയും മൌണ്ട് ബാറ്റ പദ്ധതിയുടെയും അവകാശം വെറും 72 ദിവസ മായി മാറി.


സർ സിറിൽ റാഡ് ക്ലിഫ്

ഇന്ത്യയേയും അതിന്റെ ഭൂമിശാസ്ത്രപ രമായ കിടപ്പിന്റെ യാഥാർത്ഥ്യത്തേയും മന സ്സിലാക്കാതെ ലണ്ടനിൽ നിന്നും അഭിഭാഷകനായ സർ സിറിൽ റാഡ് ക്ലിഫിനെ ഇന്ത്യയുടെ ഭൂപടം വരക്കാൻ പരിശീലനം നൽകി. അദ്ദേഹം സൃഷ്ടിച്ച ഭൂപടത്തിന്റെ അടി സ്ഥാനത്തിൽ അതിർത്തികളെ വിഭജിക്കുന്ന ചുമതല 1947 ആഗസ്റ്റ് 15 നു ശേഷം ഇന്ത്യാ പകിസ്ഥാൻ എന്ന രണ്ടു ഡൊമിനിയൻസർക്കാരുകൾക്ക് നൽകി..

1947 ജൂലൈ 8 നാണ് റാഡ് ക്ലിഫ് ഇന്ത്യയിലെ ത്തിയത് രണ്ട് അതിർത്തി കമ്മീഷനുകളുടെ അദ്ധ്യ ക്ഷത ലഭിക്കേണ്ട ചുമതല അദ്ദേഹത്തിനു ലഭിച്ചു. ഒന്ന് പഞ്ചാബിനും മറ്റൊന്ന് ബംഗാളിനും മുസ്ലീം സമു ദായത്തിൽ നിന്നുള്ള രണ്ട് ജഡ്ജിമാരേയും ഹിന്ദു സമുദായത്തിലുള്ള രണ്ട് ജഡ് ജിമാരേയും അദ്ദേഹം ഉൾപ്പെടുത്തി. 1941 ലെ ജന സംഖ്യാ കണക്കെടുപ്പു പ്രകാരം ഹിന്ദുക്കളും മുസ്ലീ ങ്ങളും ഭൂരിപക്ഷം താമസിച്ചിരുന്ന ഗ്രാമങ്ങൾ തിരിച്ച റിയാൻ ഈ കമ്മീഷന് അഞ്ച് ആഴ്ചത്തെ സമയ പരിധി മാത്രമേ നൽകിയിരുന്നുള്ളൂ. രണ്ടാം ലോക മഹായുദ്ധത്തിനിടയിൽനടത്തിയ1941ലെജനസംഖ്യാ കണക്കെടുപ്പ് പല തെറ്റായ ഫലങ്ങളിലേയ്ക്ക് നയി ച്ചതായി പരക്കെ അംഗീകരിക്കപ്പെട്ടിരുന്നു.

പശ്ചിമബംഗാളിലെആരാധനാലയങ്ങൾസ്ഥിതി ചെയ്യുന്ന ഗ്രാമങ്ങൾ ആ ഗ്രാമങ്ങളിലെ സിക്കുകാരു ടെ ജനസംഖ്യ കണക്കിലെടുക്കാതേയും സിക്കു ഗുരു ദ്വാരക്കാർ സ്ഥിതി ചെയ്യുന്ന ഗ്രാമങ്ങൾ ഇന്ത്യൻ അതി

12th_History_Mal_Unit_8 Folder.indd 101 2/28/2023 1:19:51 PM

ർത്തിക്കുള്ളിൽ കൊണ്ടുവരണമെന്ന് സിക്കു സമുദായത്തിന്റെ ആവശ്യം കമ്മീഷൻ പരിമിതപ്പെടുത്തി. രണ്ടു കമ്മീഷനുകളും 1947 ആഗസ്റ്റ് 9 ന് റിപ്പോർട്ട് സമർപ്പിച്ചു. സ്വാതന്ത്ര്യം വഴങ്ങപ്പെട്ട ശേഷം അതിർത്തി നിർണ്ണയത്തിന്റെ ചുമതലയും അധികാരകൈമാറ്റവും ഇന്ത്യാ, പാകിസ്ഥാൻ അംഗീകരിക്കാമെന്ന് മൌണ്ട് ബാറ്റൻ തീരുമാനിച്ചു. ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം 1947 ആഗസ്റ്റ് 154/15 ന് ഇന്ത്യയേയും, പാകിസ്ഥാനേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി. എന്നിരുന്നാലും 1947 ആഗസ്റ്റ് 14/15 ന് സ്വാതന്ത്ര്യദിനം ആഘോഷിച്ചപ്പോൾ ജനങ്ങമെള പുതിയ ഭൂപടത്തെ കുറിച്ച് അറിയിച്ചിരുന്നില്ല..

റാഡ്ക്ലി ഫ്ന്റെ പ്രഖ്യാപനത്തിൽ പല തരത്തിലുള്ളഅപാകതകൾനിറഞ്ഞിരുന്നു.പശ്ചിമ പഞ്ചാബ് പാകിസ്ഥാനിലേയ്ക്ക് ലയിക്കാമെന്ന് പഞ്ചാബിലെ പ്രവിശ്യംഅസംബ്ലിതീരുമാനിച്ചിരുന്നു.പാകിസ്ഥാനുമായി ഭൂമി ശാസ്ത്രപരമായി സാമ്യമുള്ളതു മറ്റു പ്രവിശ്യകളായ സിന്ദ്, ബലൂചിസ്ഥാൻ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യകൾ എന്നിവ ഇത് പിൻതുടർന്നു. അതുപോലെ ബംഗാൾ അസംബ്ലി അവരുടെ പ്രവിശ്യയുടെ കിഴക്കൻ ഭാഗങ്ങൾ പാകിസ്ഥാനിൽ ലയിക്കുമെന്ന് തീരുമാനിച്ചു.

1947 ആഗസ്റ്റ് 9 ൽ റാഡ് ക്ലി ഫ് നൽകിയ റിപ്പോട്ടിന്റെ അടിസ്ഥാനത്തിൽ അതു വരെ പഞ്ചാബിന്റെ ഭാഗമായിതീർന്നിരുന്ന 62,000 ചതുരശ്ര ഭൂമി പാകിസ്ഥാന് നൽകി. ഈ പ്രദേശത്തെ മൊത്തം ജനസംഖ്യ (1941ലെജനസംഖ്യാകണക്കെടുപ്പുപ്രകാരം) 15,800,000 ആണ്. ഇതിൽ 11,850,000 മുസ്ലീങ്ങളാണ്. ഈ പ്രദേശത്തെ ജനസംഖ്യയുടെ ഏകദേശം 1/4 പശ്ചിമ പഞ്ചാബിൽ മുസ്ലീങ്ങളല്ലാത്തവർ ആയിരുന്നു. റാഡ്. കിഫ് നടപ്പിലാക്കിയ മൌണ്ട് ബാറ്റൻ പദ്ധതി അർത്ഥമാക്കുന്നത് അവർ പാകിസ്ഥാനിൽ ന്യൂനപക്ഷമായി തുടർന്നു എന്നാണ്. അതുവരെ ഇന്ത്യയുടെ ഭാഗമായി സ്ഥിതി ചെയ്തിരുന്ന കിഴക്കൻ പഞ്ചാബിലെ 37,000 ചതുരശ്ര മൈൽ ഭൂപ്രദേശത്തിൽ 12,6000,000 ജനസംഖ്യ ഉള്ളതായി രേഖപ്പെടുത്തി. ഇതിൽ 4,375,000 പേർ മുസ്ലീങ്ങളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കിഴക്കൻ പഞ്ചാബിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് പേർ മുസ്ലീങ്ങളായിരുന്നു.

ബംഗാളിലെഇന്ത്യൻ,പാകിസ്ഥാൻ ഭാഗങ്ങളുടെ ജനസംഖ്യാ അനുപാതം വളരെ സങ്കീർണ്ണമായിരുന്നു 21,200,00 ജനസംഖ്യയുള്ള 28,000 ചതുരശ്ര മൈൽ വിസ്തീർണ്ണമുള്ളപ്പശ്ചിമ ബംഗാളിൽ 5,30,000 പേർ മുസ്ലീങ്ങളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മുൻ ബംഗാൾ പ്രവിശ്യയിലെ ഇന്ത്യൻ ഭാഗത്തിന്റെ ജനസംഖ്യയുടെ നാലിലൊന്ന് മുസ്ലീങ്ങളാണ്. സർ റാഡ് ക്ലിഫിന്റെ കമ്മീഷൻ ബംഗാളിൽ നിന്ന് 49,400 ചതുരശ്ര മൈൽ പ്രദേശം അടയാളപ്പെടുത്തി. 39,100,000 ജനസംഖ്യ ഉൾപ്പെട്ട പ്രദേശത്തെ പാകിസ്ഥാനു നൽകി 1941ലെജനസംഖ്യാകണക്കെടുപ്പുപ്രകാരംഅവിടത്തെ മുസ്ലീം ജനസംഖ്യ 27,200,000 ആയിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജനസംഖ്യയുടെ 29% ഹിന്ദുക്കളാണ്. കിഴക്കൻ പാകിസ്ഥാൻ എന്നത് (1971 ഡിസംബറിൽ ബംഗ്ലാദേശായി മാറി) പിരിക്കപ്പെട്ട ബംഗാളിന്റെ കിഴക്കൻ ഭാഗം ആസ്സാമിലെ സിൽഗറ്റ് ജില്ല അതേ മേഘാലയിലെ ഗുൽനാ ജില്ല, ചിറ്റഗോങ് മലയോര പ്രദേശങ്ങൾ എന്നിവ കൂട്ടിച്ചേർത്താണ് ഗണ്യമായ ഭൂരിപക്ഷം മുസ്ലീം ജനസംഖ്യയുള്ള മൂർഷിതാബാദ്, മാൾട്ട, നാദിയ തുടങ്ങിയ ബംഗാളിലെ ജില്ലകൾ ഇന്ത്യയിൽ തുടങ്ങിയ ബംഗാളിലെ ജില്ലകൾ ഇന്ത്യയിൽ തന്നെ അവശേഷിക്കുന്നു. ഈ പദ്ധതി ശരിയായ രീതിയിൽ അല്ലാത്ത ഒന്നായിരുന്നു എന്നതിന് ഉദാഹരണമാണ്.

കൊളോണിയൻ ഭരണാധികാരികൾഇന്ത്യയുടെ ഭൂപടം വീണ്ടും വരച്ചപ്പോൾ രണ്ട് സ്വതന്ത്ര്യ സർക്കാരുകൾക്ക് അനുമതി നൽകി. കൃത്യമായ അതിർത്തികൾ നിർണ്ണയിക്കാൻ ഇന്ത്യയിലേയും പാകിസ്ഥാനിലേയും സ്വതന്ത്ര്യ സർക്കാരുകൾക്ക് അനുമതി നൽകി. എന്നിരുന്നാലും ഇരു രാജ്യങ്ങളിലേയും മതന്യൂനപക്ഷങ്ങൾ പശ്ചിമ കിഴക്കൻ പാകിസ്ഥാനിലെ ഹിന്ദുക്കളും, ഇന്ത്യയിലെ മുസ്ലീങ്ങളും, കിഴക്കൻ പഞ്ചാബിലും പശ്ചിമ ബംഗാളിലും യൂണറ്റഡ് പ്രവിശ്യകളിലും മറ്റു പ്രദേശങ്ങളിലും അവർ അവരവരുടെ രാജ്യങ്ങളിലെ ന്യൂനപക്ഷ പൌരൻമാരായി തുടരണമെന്നാണ് ധാരണ.

വിഭജനത്തിന് ശേഷം ഇന്ത്യയിൽ 42 ദശലക്ഷം മുസ്ലീങ്ങളും പാകിസ്ഥാനിൽ 20 ദശലക്ഷം മുസ്ലീങ്ങളല്ലാത്തവരും ഉണ്ടായിരുന്നു. ഹിന്ദുക്കൾ, സിന്ദികൾ, സിക്കുകാർ) ഹിന്ദു മുസ്ലീം അക്രമങ്ങൾക്കിടയിലും ഇന്ത്യയിലുണ്ടായവിഭജനംസുഗമമായപരിവർത്തനം അസാദ്ധ്യമാക്കി. ഹിന്ദു മുസ്ലീം ലഹളകൾക്കിടയിൽ ഏർപ്പെട്ട ജീവ ത്യാഗങ്ങളും, അധികാര വിഭജനം പ്രതീക്ഷിച്ച പോലെസുഗമമായിനടപ്പിലാക്കാൻ കഴിഞ്ഞില്ല. ആർ.ഐ.എൻ. (റോയൽ ഇന്ത്യൻ നേവി) കലഹം ഐ.എൻ.എ. വിചാരണതുടങ്ങിയസമയത്ത്ഏർപ്പെട്ട ഹിന്ദു മുസ്ലീം ഐക്യം തകർന്ന് സ്ഫോടനത്തിനായി പുകയുന്ന അഗ്നി പർവ്വതംപോലെ ആയി തീർന്നു ഇന്ത്യയുടെ പല ഭാഗങ്ങളിലും വർഗ്ഗീയ കലാപങ്ങൾ സാധാരണയായി പഞ്ചാബിലും, ബംഗാളിലുമാണ് ഇത് കൂടുതലായി നിലകൊണ്ടത്.

രണ്ടു രാജ്യങ്ങളും രൂപം കൊണ്ടതിനു ശേഷവും പിരിഞ്ഞ രണ്ടു ഭാഗങ്ങളിലെ ന്യൂനപക്ഷക്കാരായ ജനങ്ങളെ ഭയവും സംരക്ഷണമില്ലായ്മയും ബാധിക്കപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് മുൻനിരയിൽ നിന്ന് നേതൃത്വം വഹിച്ചതും, കൊളോണിയൻ ഭരണാധികാരികളാൽ അവഗണിക്കാൻ അസാദ്ധ്യമായ ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യദിനമായ1947 ആഗസ്റ്റ് 15 ന് ഡൽഹിയ്ക്കും വളരെ അകലെയായി ഉപവാസം അനുഷ്ഠിച്ചത് പ്രതീകാത്മകമായിരുന്നു. ഭിന്നതയും അരക്ഷിതാവസ്ഥയും കാരണം ഇരുവശത്തുമുള്ള ന്യൂനപക്ഷങ്ങൾ മറുവശത്തേയ്ക്ക് മാറുന്നതിനെ കുറിച്ച് ചിന്തിക്കാൻ തുടങ്ങിയ ഒരു വ്യവസ്ഥയാണ് വിഭജനം കൊണ്ടു വന്നത്.

അക്രമം വ്യാപിച്ചതോടെ പോലീസ് നിശബ്ദ കാണികളായിതുടർന്നു. ഇത് ഇരു രാജ്യങ്ങളിൽ നിന്നുമുള്ള ന്യൂനപക്ഷങ്ങളുടെ കൂടുതൽ കൂടിയേറ്റത്തിന് കാരണമായി. 1947 ആഗസ്റ്റ് മുതൽ നവംബർ വരെ

12th_History_Mal_Unit_8 Folder.indd 102 2/28/2023 1:19:51 PM

വിഭജനം

അതിർത്തിവേർതിരിക്കാനെത്തിയ റാഡ്ക്ലിഫ്
പക്ഷപാതപരമല്ലാതെയാണെങ്കിലും ആ ദൗത്യത്തിൽ പുതിയ അനുഭവമായിരുന്നു അത്
മതഭ്രാന്തുകൊണ്ട രണ്ടു ഈ വിഭാഗത്തിനിടയിൽ നിന്നും ഐക്യം അകന്നു.
ഇവരുടെ ആഹാര രീതിയിലും ദൈവവിശ്വാസത്തിലും
പൊരുത്തപ്പെടാൻ പറ്റാത്ത വൈവിദ്യം
വിഭജനം നടത്താൻ ലണ്ടൻ വിധിക്കപ്പെട്ട സമയം പരിമിതം
പരസ്പര അനുരജ്ഞനം, യുക്തിസഹജമായ ചർച്ചയ്ക്കും വളരെ താമസം
പ്രശ്ന പരിഹാരം വിഭജനം മാത്രം
വൈസ്രോയിയുടെ കത്തിൽ സൂചിപ്പിച്ചതുപോലെ
കമ്പനിയുടെ അധികാര പരിധിയിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നതാണ് നല്ലത്
അങ്ങനെ ഞങ്ങൾ ഒരു വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുന്നു.
ഹിന്ദുക്കൾ രണ്ട് മുസ്ലീങ്ങൾ രണ്ട് എന്ന് വിധികർത്താക്കൾ നാല്
ഇവർ ചോദ്യത്തിന് തക്കതായ മറുപടി പറയും എന്നാൽ റഡ്. ക്ലിഫിന്റെ തീരുമാനം അന്തിമം
അങ്ങനെ അതിർത്തിരേഖ സാദ്ധ്യമായി തനിയെ താമസിച്ചിരുന്നഗൃഹത്തിന്
രാവുംപകലും പോലീസ് സംരക്ഷണം കൊലയാളികളെ അകറ്റാൻ ഉദ്യാനത്തിൽ
പോലീസുകാർ ഓടി നടന്ന് മേൽ നോട്ടം വഹിക്കുന്നു.
ലക്ഷക്കണക്കിന് ആളുകളുടെ വിധി നിശ്ചയിക്കാൻ ഇറങ്ങിതിരിച്ചു.
കലോചിതമായ ഭൂപടം പരിശോധിക്കാൻ സമയമില്ല അന്നത്തെ ജനംഖ്യാ കണക്കെടുപ്പിനും നേരമില്ല
പ്രദേശങ്ങൾക്കോ മത്സരം കാലാവസ്ഥയോ പ്രതികൂലം പണിയെടുക്കാൻ ആരോഗ്യം അനുവദിക്കുന്നില്ല
എന്നാലും ഏഴ് ആഴ്ചക്കുള്ളിൽ അതിർത്തി തീരുമാനമായി അവിടുന്ന് കപ്പലിൽ ഇംഗ്ലണ്ടിലേയ്ക്ക്
അടുത്തയാത്രഇവിടെ നടന്നത് അതിലേറെ വേഗത്തിൽ മറന്നു പോയി
കഴിഞ്ഞ ജീവിതം മറക്കുക എന്നതാണെത്രേ അഭിഭാഷകന്റെ ഭൗത്യം
നൻമയോ തിൻമയോ ഇന്ത്യാ ഭൂഖണ്ഡം വിഭജിക്കപ്പെട്ടു
ഇംഗ്ലണ്ടിലെത്തി സുഹൃത്തുക്കളോട് മൊഴിഞ്ഞു
വീണ്ടും ഇന്ത്യയിലെത്തിയാൽ താൻ വെടിവെയ്ക്കപ്പെടാം എന്ന്,

— കവിത *W.H.* ആഡൻ

യുള്ള 4 മാസങ്ങളിൽ നാലര ദശലക്ഷം ജനങ്ങൾ പശ്ചിമ പാകിസ്ഥാനിൽ നിന്നും ഇന്ത്യയിലേയ്ക്ക് പ്രത്യേകിച്ചും കിഴക്കൻ പഞ്ചാബിലേയ്ക്കും ഡൽഹിയിലോ കുടിയേറി. അതേസമയം അഞ്ചര ദശലക്ഷം മുസ്ലീങ്ങൾ ഇന്ത്യയിലെ (കിഴക്കൻ പഞ്ചാബ്, യുണൈറ്റഡ് പ്രവി ശ്യകൾ ഡൽഹി) തങ്ങളുടെ ഭവനം ഉപേക്ഷിച്ച് പാകി സ്ഥാനിൽ കുടിയേറി. പുതുതായി രൂപം കൊസ അതിർത്തിയുടെ ഇരുവശത്തും വീടുകൾ ഉപേക്ഷിച്ച വലി യൊരു ഭാഗം ജനങ്ങൾ പ്രശ്നങ്ങൾ മാറിയതിനു ശേഷം തങ്ങളുടെ ജൻമഗൃഹങ്ങളിൽ മടങ്ങിവരാമെന്ന് പ്രതീക്ഷിച്ചു. പക്ഷേ അതൊന്നും നടക്കാതെ പോയി. ബംഗാളിലെ പുതിയ അതിർത്തിയുടെ ഇരുവശവും കുടിയേറ്റങ്ങൾ നടത്തി.

ചരിത്രകാരനായ ജ്ഞാനേന്ദ്രപാണ്ഡേയുടെ അഭിപ്രായത്തിൽ 1947 48 കാലഘട്ടത്തിൽ അഞ്ചു ലക്ഷം മുസ്ലീങ്ങളല്ലാത്തവർ (ഹിന്ദു, സിക്ക്) പഞ്ചാബിലേയ്ക്കും, ഡൽഹിയിലേക്കും ഒഴുകി എത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചെങ്കോട്ടയിലും പുതഞ്ഞ കിലയിലും അഭയാർത്ഥികൂടാരങ്ങളിൽ അഭയം തേടിയ അക്രമാസക്തരായജനക്കൂട്ടം ആയിരക്കണക്കിന് മുസ്ലീങ്ങളെ ഡൽഹിയിലേയും സമീപ പ്രദേശങ്ങളിലെ വീടുകളിൽ നിന്ന് പുറത്താക്കിയതായി പാണ്ഡേ രേഖപ്പെടുത്തുന്നു. അഭയാർത്ഥി കേന്ദ്രങ്ങൾ സ്ഥാപിച്ചെങ്കിലും അവിടെ ശുചിത്വവും ജലവിതരണവു മില്ലായിരുന്നു.

രണ്ടുരാജ്യങ്ങളിലുമായി പാലായനം ചെയ്ത കുടുംബങ്ങളുടെഉപേക്ഷിക്കപ്പെട്ട സ്വത്തുക്കൾകവർച്ച ചെയ്യപ്പെട്ടു. അതിർത്തി കടന്ന് ചെല്ലുന്ന അഭയാർത്ഥികളുടെ നീണ്ടനിരയെ കഫില്ല എന്ന് വിളിച്ചിരുന്നു. നടന്ന് നീങ്ങിയ അഭയാർത്ഥികൾ മറ്റു വിഭാഗത്തെ ചേർന്ന ഗുണ്ടാസംഘങ്ങളുടെ പ്രതികാരത്തിന് ഇരയായി. പഞ്ചാബിലെ പുതിയ അതിർത്തിയുടെ ഇരുവശത്തുമുള്ള ട്രെയിനുള്ളിൽ സഞ്ചരിച്ചിരുവർ കൊള്ളക്കാരുടെ ആക്രമണത്തിന് ഇരയായി. അവരിൽ പലരും ശവശരീരങ്ങളുടെകൂമ്പാരങ്ങളായിട്ടാണ്ലക്ഷ്യസ്ഥാനത്തേയ്ക്ക് എത്തിയത്. ഈ ഭയാനക ആക്രമണങ്ങളിൽ മരണമടവരുടെ എണ്ണം 200000 മുതൽ 500000 വരെയും 15 ദശലക്ഷം ജനങ്ങൾ പാലായനം നടത്തിയതായും പറയപ്പെടുന്നു.



അഭയാർത്ഥികളുടെ പാലായനം

12th_History_Mal_Unit_8 Folder.indd 103 2/28/2023 1:19:51 PM

1950 ഏപ്രിൽ വരെ ഇരു രാജ്യങ്ങളുടെയും രാഷ്ട്രീയനേതൃത്വംസാധാരണനിലയിലേയ്ക്ക്പുനഃസ്ഥാപിക്കണമെന്നും, ഇരുവശത്തും വീടുകൾ ഉപേക്ഷിച്ചവർ വീണ്ടും അവരവരുടെ താമസസ്ഥലത്ത് മടങ്ങിവരാൻ ആഗ്രഹിച്ചു. ഇരു ഭാഗത്തുമുള്ള ന്യൂനപക്ഷങ്ങൾക്കിടയിൽ ആത്മവിശ്വാസം പുനഃസ്ഥാനിക്കുക എന്ന ലക്ഷ്യത്തോടെ 1950 ഏപ്രിൽ 8 ന് നെഹ്റുവും ലിയാഖത്ത് ഡൽഹി ഉടമ്പടിയിൽ ഒപ്പുവെച്ചു. എന്നിരുന്നാലും അടിസ്ഥാന യാഥാർത്ഥ്യങ്ങളെ ഒഴിവാക്കുന്നതിൽ ഇത് പരാജയമടഞ്ഞു. കരാർ ഒപ്പുവച്ചപ്പോഴും പശ്ചിമ പഞ്ചാബിൽ പോയ വരെ ജുനരധിവസിപ്പിക്കാനും തൊഴിൽ നൈപുണ്യവും പരിശീലനവും നൽകാനുമുള്ള നടപടികൾക്കായി ഇന്ത്യാ ഗവൺമെന്റ് ഒരു ഉടമ്പടിഒപ്പുവച്ചു. വിഭജന ആക്രമണംഉണ്ടായചുറ്റുപാടുകൾ പതിറ്റാണ്ടുകൾക്കു ശേഷവും ഭേദമായില്ല. വിഭജനത്തിന്റെ ആഘാതത്തിന് നിരവധി സാഹിത്യകൃതികൾ സാക്ഷ്യം വഹിക്കുന്നു.

ഇസ്ലാമിക് റിപ്പബ്ലിക്കാകാനുള്ള പാകിസ്ഥാന്റെ തീരുമാനത്തിനെതിരായിമതേതരവുംജനാധിപത്യതരവും റിപ്പബ്ലിക്കനുമായ ഒരു ഭരണഘടന തയ്യാറാക്കാൻ നെഹ്റുവിനും ഭരണഘടനാ അസംബ്ലിക്കും മുന്നിൽ വിഭജനം ഒരു വലിയ വെല്ലുവിളി ഉയർത്തി.

8.2 ഭരണഘടനാ നിർമ്മാണം

ഇന്ത്യൻ ഭരണഘടന തയ്യാറാക്കേണ്ടത്ഇന്ത്യൻ ജനതയാണ് മറിച്ച് ബ്രിട്ടീഷ് പാർലമെന്റല്ല എന്ന നിർദ്ദേശത്തെ ഇന്ത്യ ദേശീയ കോൺഗ്രസ്സ് 1934 ൽ ഔദ്യോഗികമായി പ്രഖ്യാപിച്ചു. കൊളോണിയൽ സർക്കാർ പ്രചരിപ്പിച്ച ധവളപത്രത്തെ കോൺഗ്രസ്സ് നിരസിച്ചു. ഇന്ത്യാക്കാർ സ്വന്തമായി ഭരണഘടന നിർമ്മിക്കണമെന്ന അടിസ്ഥാന ആവശ്യത്തെ 1922 ൽ തന്നെ ഗാന്ധിജി ആവിഷ്കരിച്ചിരുന്നു. സ്വയംഭരണം എന്നത ബ്രിട്ടീഷ് പാർലമെന്റ് ഇന്ത്യയ്ക്ക് നൽകുന്ന സമ്മാനമല്ല മറിച്ച് ഇന്ത്യൻ ജനതയുടെ ആഗ്രഹത്തെ പ്രകടിപ്പിക്കുന്ന നേതാക്കളിൽ നിന്നും വേണം അതുണ്ടാകാൻ എന്ന് ഗാന്ധിജി ആഗ്രഹിച്ചിരുന്നു.

1935 ലെ ഇന്ത്യാ ഗവൺമെന്റ് ആക്ട് പ്രകാരം 1946ൽ ആഗസ്റ്റിൽ പ്രവിശ്യകളിലേയ്ക്ക് തെരഞ്ഞെടുപ്പു നടന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ചേർന്ന് കേന്ദ്ര അസംബ്ലിയെ രൂപീകരിച്ചു. അത് ഭരണഘടന നിർമ്മാണ സഭയായി മാറി. 1946 ജൂലൈ ൽ പ്രവിശ്യകളിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ സ്വത്തവകാശം ഉള്ളവർക്കു മാത്രമേ ഓട്ടവകാശം ഉള്ളൂ എന്ന നിലയിലായിരുന്നു. മുതിർന്നവർക്കായുള്ള വോവകാശം എന്ന തത്വം നടപ്പിൽ വന്നിരുന്നില്ല. തെരഞ്ഞെടുപ്പ ഫലം മുസ്ലീം ഭൂരിപക്ഷ നിയോജക മണ്ഡലങ്ങളിൽ മുസ്ലീം ലീഗിനും മറ്റുള്ള സ്ഥലങ്ങളിൽ ഇന്ത്യൻ ദേശീയ കോൺഗ്രസ്സിനും ഉണ്ടായിരുന്ന മുൻതൂക്കം വെളിപ്പെടുത്തി.ഭരണഘടനാനിർമ്മാണപ്രക്രിയയിൽ നിന്ന് വിട്ട്നിൽക്കാൻ ലീഗ്തീരുമാനിക്കുകയുംഒരുപ്രത്യേക രാജ്യത്തിനുവേണ്ടി കഠിനമായി സമ്മർദ്ദം ചെലുത്തുകയുംചെയ്തു. കോൺഗ്രസ്സ്ഭരണഘടനാനിർമ്മാണ സഭയിൽ സ്ഥാനം പിടിക്കുകയും ചെയ്തു.

വിവിധ പ്രവിശ്യാ അസംബ്ലിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കോൺഗ്രസ്സിന്റെ അംഗങ്ങളെ ഭരണഘടനാ അസംബ്ലിയിലേയ്ക്ക് തെരഞ്ഞെടുത്തു. നിലവിൽ വന്ന ഭരണഘടനാ സമിതി (224 സീറ്റുകൾ) കോൺഗ്രസിന്റെ ആധിപത്യം ഉണ്ടെങ്കിലും കമ്മ്യൂണിസ്റ്റുകളും സോഷ്യലിസ്റ്റുകളും കുറഞ്ഞ അംഗങ്ങളോടെസ്ഥാനംനിലനിർത്തി. Dr. B.R. അംബേദ്കരിനെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുക്കാൻ കോൺഗ്രസ്സ് തീരുമാനിച്ചു. നിയമസഭയിലേയ്ക്ക് സ്വന്തം നേതാക്കളെ തിരഞ്ഞെടുക്കുന്നതിനു പുറമേ പ്രമുഖ അഭിഭാഷകരെ ഭരണഘടനാ നിർമ്മാണ സഭയിലേയ്ക്ക് അയക്കാനും കോൺഗ്രസ്സ് നേതൃത്വം സ്ഥാനം വഹിച്ചു..

ഇന്ത്യൻ ദേശീയ കോൺഗ്രസ്സ് അതിന്റെ കറാച്ചി സമ്മേളനത്തിൽ (മാർച്ച്1931) നിറവേറ്റിയ മൗലികാവകാശപ്രമേയത്തിൽ വ്യക്തമാക്കിയ സ്വയംഭരണത്തിന്റെ അർത്ഥത്തേയും സ്വാതന്ത്ര്യ സമരത്തിന്റെയും ആദർശം ഉൾകൊള്ളുന്ന ഒരു ഭരണഘടന ഉണ്ടാക്കുന്നതിനായിരുന്നു ഇത്. പൗരൻമാർക്ക് മൗലികാവകാശങ്ങളും ഗവൺമെന്റിന് മാർഗ്ഗ നിർദ്ദേശം നൽകുന്ന തത്വങ്ങളും ഉൾക്കൊള്ളുന്ന വിശ്വാസമുള്ള ഒരു ആർട്ടിക്കിൾ രൂപീകരിക്കുന്നതിനാണ്. ഭരണഘടന ഉറപ്പു നൽകിയത്. സാർവത്രികമായ മുതിർന്നവർക്കുള്ള ഓട്ടവകാശം സ്വയംഭരണാധികാരമുള്ള ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നീ തത്വങ്ങളിലും ഭരണഘടന പ്രതിജ്ഞാഭദ്ധമാക്കി. ജനങ്ങളുടെ പ്രതിനിധികളുമായി പരമാധികാര നിയമനിർമ്മാണ അധികാരങ്ങൾ ഏർപ്പെടുത്തുന്നതിന് നിയമ നിർമ്മാണത്തിന്റെസ്വാതന്ത്ര്യത്തെ ഭരണഘടന അരക്കിട്ടൊറപ്പിക്കുന്നു.

ഭരണഘടനാ അസംബ്ലിളിയിലെ അംഗങ്ങൾ ലോകമെമ്പാടുമുള്ള ഭരണഘടനകളിൽ നിന്നും സവിശേഷത മനസ്സിലാക്കുന്നതിനും സ്വീകരിക്കുന്നതിനും വിമുഖത കാണിച്ചില്ല. അതേസമയം ലോകമെമ്പാടുമുള്ള വിവിധ ഭരണഘടനകളിലുള്ള വ്യവസ്ഥകൾ പകർത്തുന്നതിനല്ല ഈ അഭ്യാസമെന്ന് അവർക്ക് വ്യക്തമായിരുന്നു..

1946 ഡിസംബർ 13 ന് ഭരണഘടന നിർണ്ണയ സഭയ്ക്കുവേണ്ട തത്വങ്ങളെ ജവഹർലാൽ നെഹ്റു നിയമ നിർമ്മാണസഭയിൽ അവതരിപ്പിച്ചു. നിയമനിർമ്മാണ സഭയുടെ ആദ്യത്തെ സമ്മേളനം 1946 ഡിസം

12th_History_Mal_Unit_8 Folder.indd 104 2/28/2023 1:19:51 PM

ബർ 9 ന് നടന്നു. രാജേന്ദ്ര പ്രസാദ് ഈ സഭയുടെ ചെയർമാനായി തെര ഞ്ഞെടുക്കപ്പെട്ടു.



രാജേന്ദ്രപ്രസാദ്

ഇന്ത്യൻ ഭരണാഘട നയുടെ ആത്മാവിനേയും ഉള്ളടക്കത്തേയും കുറി ച്ചുള്ള ഏറ്റവും സംക്ഷിപ് തമായ ആശയത്തോടു കൂടിയതാണ്ഭരണഘടനയുടെആമുഖം.ഭരണഘടന യുടെ ആമുഖത്തിൽ സംസ്ഥാനനയത്തിന്റെ മൗലിക വകാശങ്ങളും നിർദ്ദേശപരമായ തത്വങ്ങളും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നതും1949നവംബർ26ന്അംഗീ കരിച്ചതും കണ്ടാൽ ഈ പ്രമേയത്തിന്റെ പ്രാധാന്യം മനസ്സിലാക്കാം.



ഭരണഘടനാ നിർമ്മാണ സഭയുടെ സമ്മേളനം

അങ്ങനെ ഇന്ത്യൻ ഭരണഘടനയ്ക്ക് പുതിയ തുടക്കം കുറിക്കുകയും ഇന്ത്യയുടെ ഭൂതകാലവുമാ യുള്ള തുടർച്ചയിലേക്ക് നയിക്കുകയും ചെയ്തു. മൗലി കാവകാശ സഭയുടെ സമ്മേളങ്ങൾ ലക്ഷ്യപ്രമേയ ത്തിന്റെ അഞ്ചാം വകുപ്പിൽ നിന്നും ഇന്ത്യൻ ദേശീയ കോൺഗ്രസ്സിന്റെ കറാച്ചി സമ്മേളന (പാഠം 5 ൽ ചർച്ച ചെയ്ത്) ത്തിന്റെ അവകാശങ്ങൾ വരെ ഉൾകൊ ള്ളുന്നു. സ്വാതന്ത്ര്യസമരത്തിന്റെ അനുഭവത്തിൽ നിന്നാണ് ഭരണ ഘടനയുടെ ചൈതന്യം ലഭിച്ചത്. 1948 ഡിസംബർ 10 ന് ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച ലക്ഷ്യ പ്രമേയത്തിൽ നിന്നും ഏറ്റവും പ്രധാനമായത് മനുഷ്യാവകാശങ്ങ ളുടെ സാർവ്വത്രിക പ്രഖ്യാപന വുമാണ്.

8.3 നാട്ടുരാജ്യങ്ങളുടെ സയോജനം

ഇന്ത്യൻ ഭരണഘടന 1949 നവംബർ 26 ന് സ്വീക രിച്ച സംഭവം പുതുതായി രൂപം കൊണ്ട രാജ്യത്തിന്റെ ധീരമായ പുതിയ പരീക്ഷണത്തിന്റെ തുടക്കം മാത്ര മാണ്. ഇന്ത്യൻ നിയമനിർമ്മാണ സഭരൂപീകരിച്ച് സ്വതന്ത്ര ഇന്ത്യയുടെ ഭരണ ഘടനാ നിർമ്മാണ പ്രവർ ത്തനം തുടങ്ങിയപ്പോൾ തന്നെ രാജ്യവും അതിന്റെ നേതാക്കളും അഭിമുഖീകരിച്ച മറ്റു നിരവധി വെല്ലുവിളികൾക്ക് പരിഹാരം കാണേണ്ടതുണ്ടായിരുന്നു. അവയിൽ ഇന്ത്യൻ സംസ്ഥാനങ്ങളുടെയും രാജഭരണ പ്രദേശങ്ങളുടെയും സംയോജനവുമുണ്ടായിരുന്നു.

ഇന്ത്യൻ യൂണിയനുമായി രാജഭരണ പ്രദേശങ്ങ ളെ സംയോജിപ്പിക്കുന്നതിനുള്ള പണി 1947 ആഗസ്റ്റ് 15 നകം വേഗത്തിൽ പൂർത്തിയാക്കി. കാശ്മീർ, ജൂനാഗ ഡ്, ഹൈദരാബാദ് ഒഴികെ മറ്റെല്ലാപേരും ഇന്ത്യയു മായി സംയോജിത പ്രമാണത്തിൽ ഒപ്പു വെയ്ക്കാൻ സമ്മതിക്കുകയുംവാർത്താവിനിമയംഎന്നിവയ്ക്കുള്ള കേന്ദ്ര അധികാരത്തെ അംഗീകരിക്കുകയും ചെയ്തു.

ഇന്ത്യൻ യൂണിയന്റെ മറ്റുപ്രവിശ്യകളുമായി ഈ സംസ്ഥാനങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള ചുമ തല അനായാസംപൂർത്തിയാക്കി. അഖിലേന്ത്യാ സം സ്ഥാന ജനകീയ സമ്മേളനത്തിൽ (1945 ഡിസംബർ 1947 ഏപ്രിൽ) പാസ്സാക്കിയപ്രമേയത്തിൽഭരണഘടനാ അസംബ്ലിയിൽ ചേരാൻ വിസ്സമ്മതിച്ച രാജ്യങ്ങളെ ശത്രുക്കളായികണക്കാക്കുമെന്ന്അറിയിപ്പിനെഭയന്ന് ഭരണാധികാരികളെ സംയോജിതഅവകാശ പ്രമാണ പത്രത്തിൽ ഒപ്പുവെയ്ക്കാൻ പ്രേരിപ്പിച്ചു. നാട്ടുരാജാക്കൻ മാർക്ക് ഉദാരമായ സംഭാവനകളും വാഗ്ദാനം ചെയ്യ പ്പെട്ടു. ഇന്ത്യയുടെ ധ്രുതഗതിയിലുള്ള ഏകീകരണം സർദാർവല്ലഭായ് പട്ടേൽ ആണ് കൈകാര്യം ചെയ് തത്. ഇടക്കാല മന്ത്രിസഭ യിലെ ആഭ്യന്തരമന്ത്രി എന്ന നിലയിൽ ഇതി നായി സംസ്ഥാനമന്ത്രാ ലയത്തെ ചുമതലപ്പെടു ത്തി. നാട്ടുരാജാക്കൻമാരെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ ജനകീയ പ്രസ്താവനകൾ സമ്മ ർദ്ദം ചെലുത്തി.



സർദാർവല്ലഭായി പട്ടേൽ

തിരുവിതാംകൂർ സംസ്ഥാനത്ത് ഉത്തരവാദിത്വ സർക്കാർ ഏർപ്പെടുത്തുന്നതിനായി അന്നത്തെ ദിവാനായിരുന്ന സർ സി.പി.രാമസ്വാമിയ്ക്കെതിരേ നടത്തപ്പെട്ട പുണപ്ര വയലാർ പ്രക്ഷോഭം പ്രചാമ ണ്ഡൽഎന്ന് വിശേഷിപ്പിക്കുന്ന ഒറീസ്സയിൽനടന്ന ചില ഗോത്രവർഗ്ഗപോരാട്ടങ്ങളും (നീലഗിരി, ദൻ കനാൽ, താൽച്ചർ) ഇന്ത്യൻ ദേശീയ കോൺഗ്രസ്സ് നടത്തിയ മൈസൂർ മഹാരാജാവിനെതിരായ പ്രക്ഷോപവും രാജ ഭരണ സംസ്ഥാനങ്ങളുടെ സംയോജനത്തിൽ പ്രധാന പങ്കു വഹിച്ചു.

എന്നിട്ടും ഇതിനു വഴങ്ങാത്ത ഹൈദരാബാദ് നിസ്സാം തന്റെ രാജ്യം സ്വതന്ത്രമാണെന്ന് പ്രഖ്യാപിച്ചു. ജുനാഗഡിലെ ഭരണാധികാരി അവിടുത്തെ ജനങ്ങ ളുടെ ആഗ്രഹത്തിന് വിപരീതമായി പാകിസ്ഥാനിൽ ചേരാൻ ആഗ്രഹിച്ചു. അതുപോലെ കാശ്മീരിലെ ഹിന്ദു ഭരണാധികാരിയായ മഹാരാജ ഹരിസിങ് കാശ്മീർ സ്വതന്ത്രരാജ്യമായി പിൻതുടരുമെന്ന് അറിയിച്ചപ്പോൾ ആ രാജ്യത്തെ ജനങ്ങൾ ദേശീയ സമ്മേളനത്തിന്റെ നേതൃത്വത്തിൽ മഹാരാജാവി നെതിരെ കാശ്മീർ വിടുക പ്രക്ഷേഭം നടത്തി.

12th_History_Mal_Unit_8 Folder.indd 105 2/28/2023 1:19:51 PM

സംയോജിതപ്രമാണം : ഇന്ത്യാഗവൺമെന്റ് നിയമം 1935 പ്രകാരം രൂപീകരിച്ച ഒരു നിയമ നടപടിയാണ് ഇത്. പിന്നീട് വിഭജനത്തിന്റെ പശ്ചാത്തലത്തില ഇന്ത്യൻ ഭരണാധികാരികൾക്ക് അവരുടെ സംസ്ഥാനത്തെ ഇന്ത്യയിലേക്കോ പാകിസ്ഥാനിലേക്കോ ലയിപ്പിക്കാൻ ഈ നിയമം പ്രാപ്തമാക്കി.

കാശ്മീരിലും മറ്റു രാജ ഭരണ സംസ്ഥാനങ്ങളിലും രൂപം കൊണ്ട പ്രസ്ഥാനങ്ങൾ അവിടെ നിലനിന്നിരുന്ന ജന്മിത്വത്തിന്റെ നിസ്സാംയും സാമൂഹ്യ ബന്ധങ്ങളുടെയും അചപയത്തിന് എതിരായിരുന്നു എന്ന് ഇവിടെ പറയേണ്ടതുണ്ട്.


നിസ്സാം ഹൈദരാബാദ്

ഹൈദരാബാദിലെ നിസ്സാം തന്റെ ലക്ഷ്യം പ്രഖ്യാപിച്ചതോടെ ഇന്ത്യാഗവൺമെന്റ് അടുത്ത 48 മണിക്കൂറിനുള്ളിൽ ഉദ്ദേശിച്ച പോലീസ് നടപടി കൈകൊണ്ടു ഇത് നിസ്സാമിനും അദ്ദേഹത്തിന്റെ സൊക്കൻമാർ എന്ന പ്രക്ഷോപകാരികൾക്കും എതിരേയുള്ള ബഹുജനരോക്ഷമാണ്. ഇത് തെലുങ്കാന ബഹുജന പ്രസ്ഥാനത്തെ കമ്മ്യൂണിസ്റ്റുകാരാൽ നയിക്കപ്പെടുകയും നിയമപരമായ പരിരക്ഷ ലഭിക്കുകയും ചെയ്തു

1946 മുതൽ കാശ്മീർ മഹാരാജാവിനോട് പട്ടേൽ കുടിയാലോചന നടത്തിയെങ്കിലും ആ നിർദ്ദേശത്തെ ഹരിസിങ് എതിർത്തു. എങ്കിലും സ്വാതന്ത്ര്യത്തിന് കുറച്ച് മാസങ്ങൾക്കുശേഷം 1947 ഒക്ടോബർ പാകിസ്ഥാനിൽ നിന്നുള്ള നുഴഞ്ഞുകയറ്റക്കാർ കാശ്മീരിൽ കൊള്ള നടത്തി. ഈ ആക്രമണത്തെ ചെറുക്കാർ രാജാ ഹരിസിങ്ങിന് കഴിഞ്ഞില്ല.കാശ്മീരിലേയ്ക്ക് സുരക്ഷാ സേനയെ അയക്കുന്നതിനു മുൻപ് പട്ടേലിന്റെ സാന്നിദ്ധ്യത്തിൽ സംയോജനപത്രത്തിൽ ഒപ്പുവച്ചു. അങ്ങനെ കാശ്മീരും ഇന്ത്യൻ യൂണിയന്റെ അഭിഭാജ്യ ഘടകമായി മാറി. ഈ പ്രക്രിയയും സ്വതന്ത്ര ഇന്ത്യയുടെ നേതാക്കൻമാരുടെ അർപ്പണ മനോഭാവവും കാശ്മീരി ജനതയുടെ ഉത്കണ്ഠയെ പോക്കുന്നതിനായിനിയമ നിർമ്മാണ സഭ ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 370 പ്രകാരം ജമ്മു കാശ്മീരിന് സ്വയംഭരണാവകാശം ലഭ്യമാക്കി. (ഇപ്പോൾ ഈ നിയമ നിലവിലില്ല).


മഹാരാജാവ് ഹരിസിംഗ്

8.4 ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനഃസംയോജനം

സ്വതന്ത്ര ഇന്ത്യയെ സൃഷ്ടിക്കുന്നതിലെ ഒരു പ്രധാന ആശയം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനഃസംയോജനമായിരുന്നു. കെളോണിയൽ ഭരണാധികാരികൾ ഇന്ത്യാ ഉപഭൂഖണ്ഡത്തെ നിർവ്വാഹ യൂണിറ്റുകളായി അതായത് ഭാഷാ, സംസ്ക്കാരം എന്നിവ ചെലുത്തിയ സ്വാധീനം കണക്കിലെടുക്കാതെ ഭരണ നിർവ്വഹണത്തിന് മാത്രമായി പ്രവിശ്യകളെ വിഭജിച്ചു. സ്വതന്ത്രവും ഭരണഘടനാപരമായ ജനാധിപത്യത്തിന്റെ ആശയത്തിൽ ജനങ്ങൾ പരാമധികാരികൾ ആണെന്നും ഇന്ത്യാ ഒരു ബഹുസാംസ്കാരിക രാഷ്ട്രമാണെന്നും ഫെഡറൽ തത്വങ്ങൾ സമഗ്രമായ യഥാർത്ഥത്തിൽ സ്വീകരിക്കേണ്ടതാണെന്നും ഭരണപരമായ തന്ത്രത്താൽ അല്ലെന്നും അർത്ഥമാക്കുന്നു.

സംസ്ഥാനങ്ങളുടെ ഭാഷാപരമായ പുനഃസംയോജനം 1947 നും 1949 നുമിടയിൽ നിയമനിർമ്മാണ സഭയിൽഉന്നയിക്കുകയുംഅതിനെ കുറിച്ച്വാദിക്കുകയും ചെയ്തു. എന്നിരുന്നാലുംകുറച്ചുകാലത്തേയ്ക്ക്അത് അംഗീകരിക്കാൻ നിയമനിർമ്മാണസഭ വളരെവലുതാണെന്നും വിഭജനത്തിനുശേഷവും അതിനോടൊപ്പമുള്ള അക്രമണത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കാമെന്നതിന്റെ അടിസ്ഥാനത്തിലായിരുന്നുള്ളത്.

ഭരണഘടന പ്രാബല്യത്തിൽ വന്നതിനു ശേഷം ഘട്ടം ഘട്ടമായി ഇത് നടപ്പാക്കാൻ തുടങ്ങി. 1956 ൽ ആന്ധ്രപ്രദേശ് രൂപീകരിക്കുന്നതിൽ തുടങ്ങി പഞ്ചാബി സംസാരിക്കുന്നവരെ ചേർത്ത് പഞ്ചാബ് സംസ്ഥാനവും അതിൽ നിന്ന് പിരിവെടുത്ത ഹരിയാനയും ഹിമാചൽ പ്രദേശിനേയും ഹിമാചൽപ്രദേശ് എന്ന സംസ്ഥാനവും, മൂന്ന് സംസ്ഥാനങ്ങളേയും ചേർത്ത് 1966 ൽ നിലവിലുള്ള പഞ്ചാബ് സംസ്ഥാനം രൂപം കൊണ്ടു.

1920 മുതൽ സംസ്ഥാനങ്ങളുടെ ഭാഷാ പുനഃസംഘടന എന്ന ആശയം ദേശീയ പ്രസ്ഥാനത്തിന്റെ അഭിഭാജ്യഘടകമായിരുന്നു. ഇന്ത്യൻ ദേശീയ കോൺഗ്രസ്സ് അതിന്റെ നാഗ്പൂർ സമ്മേളനത്തിൽ (1920) ഭാഷാടിസ്ഥാനത്തിൽ പ്രവിശ്യാ കോൺഗ്രസ്സ് കമ്മിറ്റികൾ രൂപീകരിക്കുന്നതു മൂലം ഭാഷയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച ദേശീയ അടയാളമായി സംരക്ഷിക്കപ്പെടുമെന്നും ഉറപ്പു നൽകി.

12th_History_Mal_Unit_8 Folder.indd 106 2/28/2023 1:19:52 PM

1928 ലെ നെഹ്റുകമ്മിറ്റിറിപ്പോർട്ടിൽ ഇത് വ്യക്തമായി കുറിപ്പിടുന്നു. നെഹ്റു റിപ്പോർട്ടിന്റെ 86 ാം വകുപ്പ് ഇപ്രകാരം പറയുന്നു. പ്രവിശ്യകളുടെ പുനർ നിർമ്മാണം ഭാഷാപരമായി നടക്കേണ്ടത് ബന്ധപ്പെട്ട പ്രദേശത്തെ ഭൂരിപക്ഷ ജനങ്ങളുടെ ആവശ്യത്തിന് അനുസരിച്ചാണ്. പ്രത്യേകിച്ചും അവിടത്തെ ജനങ്ങളുടെസാമ്പത്തികവുംഭരണപരമായപരിഗണനകൾക്ക് മുൻ തൂക്കം നൽകി കൊണ്ടായിരിക്കണം

1945 ലെ കേന്ദ്രപ്രവിശ്യാ നിയമ സഭകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുള്ള ഇന്ത്യൻ ദേശീയ കോൺഗ്രസ്സിന്റെ പ്രകടനപത്രികയിൽ ഈ ആശയം വ്യക്തമായി പറഞ്ഞിട്ടുണ്ട്. പ്രവിശ്യകളുടെ പുനഃ സംയോജനത്തെ കുറിച്ച് പ്രകടനപത്രിക വ്യക്തമായ പരാമർശം നടത്തി. അത് (കോൺഗ്രസ്സ്) ഓരോ കൂട്ടത്തിന്റെയും സ്വാതന്ത്ര്യത്തിന് സഹായിക്കുന്നതോടൊപ്പം ആ കൂട്ടങ്ങളുടെ തനിപ്പെട്ട ജീവിതത്തിനും, കലാചാരത്തിനും മേൻമ ഉണ്ടാക്കാൻ രാഷ്ട്രത്തിനുള്ളിൽ ഭാഷമറ്റും കലാചാര അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ രൂപീകരിക്കാൻ സഹായം ചെയ്യും എന്നത് അഭിപ്രായപ്പെട്ടു. ഈ ആവശ്യത്തിനായി അത്തരം പ്രദേശങ്ങളും പ്രവിശ്യകളും ഭാഷാപരവും സാംസ്കാരികവുമായ അടിസ്ഥാനത്തിൽ കഴിയുന്നത്രയും രൂപീകരിക്കണമെന്ന് പ്രസ്താവിച്ചു.

1946 ഓഗസ്റ്റ് 31 ന് ഭരണഘടന അസംബ്ളിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്ന് ഒരു മാസത്തിനു ശേഷം പട്ടാഭിസിതാരാമയ്യ ആന്ധ്ര പ്രവിശ്യയുടെ ആവശ്യത്തെ കുറിച്ച് നിയമനിർമ്മാണ സഭയിൽ ഉന്നയിച്ചു. അദ്ദേഹം എഴുതിയ മുഴുവൻ പ്രശ്നവും പരിഹരിക്കപ്പെടേണ്ട ആദ്യത്തെ പ്രശ്നമായ നിയമനിർമ്മാണ സഭകണക്കാക്കണം. 1946 ഡിസംബർ 8 ന് അദ്ദേഹം ഒരു സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചകൊണ്ട് സംസ്ഥാനങ്ങളുടെ ഭാഷാപരമായ പുനഃസംയോജനയ്ക്ക് തത നിയമനിർമ്മാണ സഭ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് ഒരു പ്രമേയം പാസാക്കി 1935 ലെ ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കിയ 1935 ലെ ഇന്ത്യാ ഗവൺമെന്റ് നിയമപ്രകാരം സിന്ധിന്റെയും ഒറീസയുടെയും കാര്യത്തിൽ ചെയ്തതുപോലെ ആന്ധ്രയെ പുതിയ ഭരണഘടനയിൽ പ്രത്യേക യൂണിറ്റായി പരാമർശിക്കാമെന്ന് ഇന്ത്യൻ സർക്കാർ പ്രസ്താവിച്ചു.

എന്നാൽ നിയമ നിർമ്മാണ സഭയുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ആന്ധ്ര പ്രവിശ്യയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ രൂപീകരിക്കുന്നതു വരെ ആന്ധ്രയെ കുറിച്ച് അത്തരമൊരു പരാമർശം സാദ്ധ്യമല്ലെന്ന് കണ്ടെത്തി. അതിനാൽ 1948 ജൂൺ 17 ന് രാജേന്ദ്രപ്രസാദ് ചെയർമാനായി മൂന്നംഗകമീഷൻ രൂപീകരിച്ചു. ഭാഷാ, ശാസ്ത്ര, പ്രവിശ്യാ, കമ്മീഷൻ എന്ന പേരിൽ ആന്ധ്ര, കേരളം, കർണ്ണാടകം മഹാരാഷ്ട്ര എന്നീ നാടുകളെ രൂപീകരിക്കുന്നതിനെക്കുറിച്ച് ഒരു റിപ്പോർട്ട് സമർപ്പിച്ചു. 1948 ഡിസംബർ 10 ന് സമർപ്പിച്ച റിപ്പോർട്ടിൽ ഭാഷാപരമായ പുനഃസംയോജനം എന്ന ആശയത്തിന് എതിരായ കാരണങ്ങൾ പട്ടികപ്പെടുത്തി. ആന്ധ്ര, കർണ്ണാടകം, കേരളം, മഹാരാഷ്ട്ര എന്നീ നാല് നിർദ്ദിഷ്ട സംസ്ഥാനങ്ങളിൽ ഓരോന്നും ഇത് കൈകാര്യം ചെയ്തു.

എന്നിരുന്നാലും സംസ്ഥാനങ്ങളുടെ ഭാഷാപരമായ പുനഃസംയോ ജനത്തിന്റെ ആവശ്യം അംഗീകരിച്ചില്ല. ജയ്പൂർ സമ്മേളനത്തിൽ പട്ടാഭി സീതാരാമയ്യ കോൺഗ്രസ്സ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെ ഈ വിഷയം കൂടുതൽ മുഖ്യത്വം വഹിച്ചു. സർദാർവല്ലഭായ് കൂടുതൽ പട്ടാഭിസീതാരാമയ്യ, ജവഹർലാൽ നെഹ്റു (ജെ.വി.പി. കമ്മിറ്റി) എന്നിവർ ചേർന്ന് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരിണത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിന് ഒരു പ്രമേയം പാസ്സാക്കി..


പട്ടാഭി സീതാരാമയ്യ

ജെ.വി.പി. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ആവശ്യാനുസരണം ഭാഷാ സംസ്ഥാനങ്ങൾ ഇടുങ്ങിയ പ്രവിശ്യാവാദം എന്ന നിലയിൽ രാജ്യത്തിന്റെ വികസനത്തിന് ഭീഷണിയായി മാറാൻ സാദ്ധ്യതയുണ്ട്. ജെ.വി.പി കമ്മിറ്റി ഭാഷാഒരുബന്ധിതശക്തിയാണെങ്കിലും അത് ഒരു വേർതിരിക്കൽ കൂടിയാണെന്നും വിലയിരുത്തി എന്നിരുന്നാലും സാഹചര്യങ്ങൾ കൂടുതൽ സ്ഥിരവും ജനങ്ങളുടെ മനസ്സിന്റെ അവസ്ഥയും ശാന്തമാകുമ്പോൾ ഈ അതിരുകളുടെ ക്രമീകരണം സാദ്ധ്യമാണെന്ന് അത് ഊന്നിപ്പറഞ്ഞു. അല്ലെങ്കിൽ പുതിയ പ്രവിശ്യകളുടെ സൃഷ്ടി ആപേക്ഷികമായും അനായസ്സമായും ബന്ധപ്പെട്ട എല്ലാ പേർക്കും പ്രയോജനത്തോടെ ഏറ്റെടുക്കാൻ കഴിയും.

സംസ്ഥാനങ്ങളുടെ ഭാഷാപരയ പുനഃസംയോജനം എന്ന ആശയം ആരംഭിക്കാൻ പറ്റിയ സമയമല്ലെന്ന് സമിതി പറഞ്ഞു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സംസ്ഥാനങ്ങളുടെ ഭാഷപരമായ പുനഃ സംയോജനം മാറ്റിവെയ്ക്കണമെന്നായിരുന്നു സമവായം. സംസ്ഥാനങ്ങൾ തമ്മിലുള്ള അതിർത്തികൾ പുനർ നിർമ്മിക്കുന്നതിന് നിലവിലുള്ള സംസ്ഥാനങ്ങളുടെ ഭാഗങ്ങളിൽ നിന്ന് പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനും വ്യവസ്ഥ ഉണ്ടായിരുന്നു.

12th_History_Mal_Unit_8 Folder.indd 107 2/28/2023 1:19:52 PM

ഭരണ ഘടനയുടെ നിർമ്മാതാക്കൾ ഭാഷാടി സ്ഥാനത്തിൽ മാത്രം സംസ്ഥാനങ്ങളുടെ പുനഃസം യോജ നത്തിന് യോഗ്യത നേടിയിരുന്നില്ല. എന്നാൽ അത്തരം പുനഃസംയോജനവുമായി ധാരണ ഉള്ളിട ത്തോളം കാലം അത് ദീർഘ വീക്ഷണത്തിലുള്ള തായിരു.


പൊട്ടി ശ്രീരാമുലു

ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിനു ശേഷംഭാഷാസംസ്ഥാന ങ്ങളുടെ ആശയം പുനരു ജ്ജീവിക്കു. പോറ്റി ശ്രീമാ രുലു ആന്ധ്ര ഒരു പ്ര ത്യേക സംസ്ഥാനമാക്ക ണമെന്ന് ആവശ്യപ്പെട്ട് ഒക്ടോബർ 10, 1952 മുതൽ 1952 ഡിസംബർ 15 വരെ നിരാഹാരമനുഷ്ഠിച്ച് മരണമടഞ്ഞു..

ആർട്ടിക്കിൾ 3 ഇനിപ്പറയുന്ന രീതിയിൽ പ്രതിപാദി ക്കുന്നു.പാർലമെന്റ് നിയമപ്രകാരം (മ) ഏതെങ്കിലും സംസ്ഥാനത്തു നിന്ന് പ്രദേശം വേർതിരിക്കുന്നതി ലൂടെയോഅല്ലെങ്കിൽരണ്ട്സംസ്ഥാനങ്ങളെഅല്ലെ ങ്കിൽ സംസ്ഥാനങ്ങളുടെ ഭാഗങ്ങൾ ഒന്നിപ്പിക്കുന്ന തിലൂടെഒരുസംസ്ഥാനത്തെ ഏതെങ്കിലുംസംസ്ഥാ നത്തിന്റെ ഒരു ഭാഗത്തേയ്ക്ക് ഒന്നിപ്പിച്ച് ഒരു പുതിയ സംസ്ഥാനംരൂപീകരിക്കാം (യ) ഏതെങ്കിലും സം സ്ഥാനത്തിന്റെ വിസ്തീർണ്ണം കുറയ്ക്കുക ഏതെ ങ്കിലും സംസ്ഥാനത്തിന്റെ അതിരുകൾ മാറ്റുക

ഇതിന്റെ ഫലമായി ഫസിൽ അലി ചെയർമാ നായും, കെ.എം പിക്കൽ, എച്ച്. എൻ. കുൻസ്രൂ എന്നിവർ അംഗങ്ങളായും സംസ്ഥാന പുനഃസംയോ ജന കമ്മീഷന്റെ ഭരണഘടന തയ്യാറാക്കുന്നതിലേ യ്ക്ക് വഴി തെളിച്ചു. 1955 ഒക്ടോബറിലാണ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. ഇന്ത്യൻ യൂണിയൻ രൂപീകരി ക്കാൻ കമ്മീഷൻ ഇനി പറയുന്ന സംസ്ഥാനങ്ങളെ ശുപാർശ ചെയ്തു. മദ്രാസ്സ്, കേരള, കർണ്ണാടക, ഹൈ ദരാബാദ്, ആന്ധ്ര, ബോംബെ, വിദർബ, മധ്യപ്രദേശ്, രാജാന, പഞ്ചാബ്, പശ്ചിമബംഗാൾ, ആസ്സാം, ഒറീസ്സ, ജമ്മുകാശ്മീർ മറ്റൊരുവിധത്തിൽ പറഞ്ഞാൽ കമ്മീ ഷന്റെ റിപ്പോർട്ടുകൾ ഭരണപരമായ കാര്യങ്ങൾ, ഭാഷാ പരമായ ആശങ്കളും തമ്മിലുള്ള ഒത്തുതീർപ്പായിരുന്നു.

എന്നിരുന്നാലും നെഹ്റു ഭരണകൂടം ഭാഷാടി സ്ഥാനത്തിലുള്ള പുനഃസംയോജന നിയമത്തെ 1956 ലെ ഭാഷാപുനഃസംയോജന നിയമമാക്കി മാറ്റി. അങ്ങ നെ ഹൈദരാബാദ് ഉൾപ്പെടെയുള്ള ആന്ധ്രപ്ര ദേശം രൂപം കൊണ്ടു. തിരുവിതാംകൂർ കൊച്ചി സംസ്ഥാന വും മദ്രാസ്സ് ഉൾപ്പെടുന്ന മലബാർ ജില്ലയും ഉൾപ്പെടെ കേരളം രൂപം കൊണ്ടു മൈസൂർ സംസ്ഥാനം ബോംബെ, മദ്രാസ്സ് സംസ്ഥാനങ്ങളുടെ പകുതി ഉൾപ്പെടെ കർണ്ണാടകം നിലവിൽ വന്നു. ഈ സന്ദർഭങ്ങളിലെല്ലാം ഭാഷാസമത്വമായിരുന്നു പ്രധാന തത്വം.

ഗുജറാത്തി ഭാഷ സംസാരിക്കുന്ന ജനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിനായി 1960 മെയ്മാസത്തിൽ മഹാരാഷ്ട്രയിൽ നിന്നും ഗുജറാത്ത് സംസ്ഥാനം രൂപീകരിച്ചു. പഞ്ചാബി സഭയുടെ ആവശ്യം 1966 വരെ വിഘട വാദമയി വിശേഷിക്കപ്പെട്ടിരുന്നാലും 1966 ൽ പഞ്ചാബ് സംസ്ഥാനം പഞ്ചാബ്, ഹരിയാന, ഹിമാചൽപ്രദേശ് എന്നിങ്ങനെ 3 സംസ്ഥാനങ്ങളായി പിരിക്കപ്പെട്ടു. അതിൻപ്രകാരം 1920 ഇന്ത്യൻ ദേശീയ കോൺഗ്രസ്സ് ആരംഭിച്ച ഭാഷാപരമായ സംസ്ഥാന ങ്ങളുടെ പുനഃസംയോജനം പൂർത്തിയായി..

8.5 ഇന്ത്യയുടെ വിദേശനയം

സ്വതന്ത്ര ഇന്ത്യയുടെ വിദേശ നയത്തിന്റെ അടിസ്ഥാന ആശയങ്ങൾ വാസ്തവത്തിൽ സ്വാത ന്ത്ര്യത്തിനു മൂന്നു ദശാംബ്ദത്തിനു മുമ്പു തന്നെ രൂപീ കരിക്കപ്പെട്ടു. അത് സ്വാതന്ത്ര്യസമരത്തിന്റെ ഗതിക്ക നുസരിച്ച് പരിവർത്തനവുണ്ടായി. സാമ്രാജ്യത്തിനെ തിരായ ആശയം ആധാരമായി. ജവഹർലാൽ നെ ഹ്റു വായിരുന്നു ഇതിന്റെ പ്രധാന ശില്പി.

ഇന്ത്യയുടെ വിദേശനയം ചില അടിസ്ഥാന തത്വ ങ്ങളെ ആധാരമാക്കിയുള്ളതാണ്. അവ സാമ്രാജ്യത്വ ത്തിന് എതിരായത് ഏകാധിപത്യത്തിന് എതിരായത്, വർണ്ണവിവേചനത്തിന് അഥവാ വർഗ്ഗവിവേചനത്തിന് എതിരായത്, വൻശക്തികളോടുള്ള ചേരിചേരാനയം ആഫ്രിക്കൻ ഏഷ്യൻ ഐക്യം അക്രമരാഹിത്യം മറ്റു ള്ളവരുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കു ക, പരസ്പരം പരമാധികാരതേക്തയും പ്രാദേശിക ഐക്യത്തേയും ബഹുമാനിക്കുക. ലോക സമാധാന ത്തിനും സുരക്ഷാ ഉന്നമനത്തിനുമായി പ്രവർത്തിക്കൽ, നാടുകൾക്കിടയിലുള്ള സമാധാനത്തിനുള്ള അവസ രം കളയാതിരിക്കുക. അത് തുല്യരീതിയിൽ ന്യായം ലഭിക്കു ന്നതിൽ അർപ്പണം ചെയ്യുക.

ഏത് സന്ദർഭത്തിലാണോ ഇന്ത്യയുടെ വിദേശ ന യം രൂപീകരിക്കപ്പെട്ടത് അത് വീണ്ടും സങ്കീർണ്ണമായി എന്തെന്നാൽ രണ്ടാം ലോകമഹാ യുദ്ധത്തിനുശേഷം രുവൻശക്തികൾ അമേരിക്കയും റഷ്യയും രണ്ടു പേരികളിലായി അധിപത്യം പുലർ ത്തിയത് കാരണം ഈ സന്ദർഭത്തിൽ ഇന്ത്യ ചേരി ചേര നയം വിദേശ നയമായി സ്വീകരിച്ച് പ്രതികരിച്ചു..

ചേരിചേരാനയത്തിന്റെ വിശാദാംശങ്ങളിലേക്ക് പോകുന്നതിനു മുമ്പ് സ്വാതന്ത്രം ലഭിച്ചതു മുതൽ ഇന്ത്യയ്ക്കും ചൈനക്കും ഇടയിലുണ്ടായിരുന്ന ബന്ധത്തെ കുറിച്ചും മനസ്സിലാക്കുന്നത് ഉചി

12th_History_Mal_Unit_8 Folder.indd 108 2/28/2023 1:19:52 PM



12th_History_Mal_Unit_8 Folder.indd 109 2/28/2023 1:19:52 PM

തമായിരിക്കും. ചൈനയിലെ ജനങ്ങൾ 1949 ജപ്പാൻ സാമ്രാജ്യത്വ വികസന മേധാവിത്വത്തിൽ നിന്ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് രണ്ടു വർഷങ്ങൾക്കു ശേഷം മോചിപ്പിച്ചു. ചൈനയോട് നീണ്ട അതിർത്തി പങ്കുടുന്നതിനാൽ ചൈനയോടുള്ള സൗഹൃദത്തിന് നെഹ്റു വളരെ കൂടുതൽ പ്രാധാന്യം നൽകി..

ചൈനയിലെ വിപ്ലവത്തിനു ശേഷം ന്യൂ റിപ്പബ്ലിക് ഓഫ് ചൈന 1950 ജനുവരി ഒന്നാം തിയതി ആദ്യമായി അംഗീകരിച്ച രാജ്യം ഇന്ത്യയാകുന്നു. സാമ്രാ ജ്യത്വ ശക്തികളുടെ കൈകളിൽ അനുഭവിച്ച ദുരിതങ്ങളും അതിനെ തുടർന്നുള്ള ദാരിദ്രവും തൊഴിലില്ലായ്മയും നെഹ്റുവിന്റെ വീക്ഷണത്തിൽ രണ്ടു രാജ്യങ്ങളുടെയുംകൈകോർക്കലിൽഏഷ്യക്ക്ലോകരാജ്യങ്ങൾക്കിടയിൽ ഒരു മാന്യമായ സ്ഥാനം ലഭിക്കുമെന്ന് പ്രതീക്ഷിച്ചു. ഐക്യരാഷ്ട്ര സഭയിലെ സുരക്ഷാ സമിതികൾ കമ്മ്യൂണിസ്റ്റ് ചൈനയ്ക്കും സ്ഥിരസ്ഥാനം ലഭിക്കുന്നതിന് ഇന്ത്യ സമർദ്ദം ചെലുത്തി. 1950 ൽ ചൈന തിബറ്റിനെ കയ്യടക്കിയത് ഇന്ത്യക്ക് രസിച്ചില്ല. കാരണം ചൈന ഇന്ത്യയെ വിശ്വാസത്തിലെടുത്തില്ല. എന്നതാണ്. 1954 ൽ ഇന്ത്യക്കും ചൈനക്കും ഇടയിൽ ഒരു കരാർ ഏർപ്പെട്ടു. അതിൻ പ്രകാരം തിബറ്റിൽ ചൈനക്കുള്ള അവകാശത്തെ ഇന്ത്യ അംഗീകരിച്ചു. രണ്ടു രാജ്യങ്ങളും ഒരു കൂട്ടം ആദർശങ്ങളിലൂടെ തങ്ങളുടെ ബന്ധം ശക്തമാക്കി. അന്നു മുതൽ ഈ ആദർശങ്ങൾ പഞ്ചശീല തത്വങ്ങൾ എന്ന പേരിൽ വ്യാപകമായി അറിയപ്പെട്ടു.

പഞ്ചശീലം (അഞ്ച് തത്വങ്ങൾ)

1. രണ്ടു രാജ്യങ്ങൾക്കിടയിലുള്ള അതിർത്തിയേയും പരമാധികാരത്തെയും പരസ്പരം ബഹുമാനിക്കുക
2. പരസ്പര അധിനിവേശം (ആക്രമിക്കാതിരിക്കുക)
3. ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം തല ഇടാതിരിക്കുക
4. രണ്ട് രാജ്യങ്ങൾക്കിടയിലെ സമത്വവും സഹകരണവും സമധർമ്മവും ഉറപ്പുവരുത്തുക
5. സമാധാനപരമായ സഹവർത്തിത്വം

അതേ സമയം 1955 ഏപ്രിൽ നടന്ന ബാന്ദൂങ് സമ്മേളനത്തിൽ ചൈനയുടെ നേതാവായ ചൗ ഇൻ ലോയ്യുമായി ഒരു പദ്ധതി രൂപീകരിക്കാൻ നെഹ്റു പ്രത്യേക ശ്രമം നടത്തി. 1959 ൽ ചൈന സർക്കാർ ബുദ്ധമതക്കാരുടെ കാലത്തെ അടിച്ചമർത്തുകയും ബുദ്ധ മതക്കാരുടെ നേതാവായ ദലായ്ലാമ ആയിര കണക്കിന് അഭയാർത്ഥികളോടൊപ്പം തിബത്തിൽ നിന്ന് പാലായനം ചെയ്ത് ഇന്ത്യയിൽ അഭയം തേടി. ദലാ യ്ലാമയ്ക്ക് ഇന്ത്യയിൽ അഭയം നൽകിയത് ചൈനക്കാരെ അസന്തുഷ്ടരാക്കി. താമസിയാതെ 1959 ഒക്ടോബറിൽ ലഡാക്കിലെ കൊങ്ക ചുരത്തിനു സമീപം ഇന്ത്യൻ സൈനീകർക്കു നേരെ ചൈന വെടിയുതിർത്തതിന്റെ ഫലമായി അഞ്ച് ഇന്ത്യൻ പോലീസുകാർ കൊല്ലപ്പെടുകയും ലോയ് ഉൾപ്പെടെ വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നെങ്കിലും കാര്യങ്ങൾക്ക് മുന്നേറ്റം ഉണ്ടായില്ല.



നെഹ്റുവും സചൗ ഇൻ ലോയും

1962 ൽ ഇന്ത്യാ ചൈനാ യുദ്ധം ഏർപ്പെട്ടു. 1962 സെപ്തംബർ 8 ന് ചൈനീസ് സൈന്യം തഗ്ല മല യോരത്തെ ആക്രമിക്കുകയും ഇന്ത്യൻ സൈനീകരെ അവിടെ നിന്നും പുറത്താക്കുകയും ചെയ്തു. ഇതു മൂലംലോകത്ത്ഒരുഏഷ്യൻ കൂട്ടായ്മ ഉണ്ടാക്കാനുള്ള എല്ലാ ശ്രമങ്ങളും നിലച്ചു. ഈ ആത്മാഭിമാനത്തിന്റെ ആഘാതത്തിൽ നിന്ന് കരകയറാൻ ഇന്ത്യാ ഒരുപാട് സമയമെടുത്തു. ഒരുപക്ഷേ അത് ബംഗ്ലാദേശ് യുദ്ധത്തിൽ ചൈന മറ്റും അമേരിക്കയുടെ സഹായത്തോടെ യുദ്ധത്തിൽ ഏർപ്പെട്ട പാകിസ്ഥാനെ തോല്പിച്ച് വിജയം കൈവരിച്ചതിന് ശേഷം മാത്രമാണ് ഇന്ത്യാ അതിന്റെ സ്വയമൂലബോധം പുനസ്ഥാപിച്ചത്.

ലോകത്തിന് ഇന്ത്യ നൽകിയ സംഭാവനകൾ ഇന്ത്യാ ചൈന ബന്ധം മറ്റും പഞ്ചശീല തത്വങ്ങളിൽ മാത്രം ഒതുങ്ങിയിരുന്നില്ല. വൻ ശക്തികളുമായി കൂട്ടു ചേരാതെ ചേരി ചേരനയം ഉടലെടുക്കാൻ ബാന്ദൂങ് സമ്മേളനം കാരണമായി.

1947 മാർച്ചിൽ 20 ലധികം രാജ്യങ്ങൾ പങ്കെടുത്ത ഏഷ്യൻ രാജ്യങ്ങളുടെ സമ്മേളനം നെഹ്റു സംഘടിപ്പിച്ചു. ഏഷ്യൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യവും ലോക വേദിയിലെ അവകാശവാദവുമായിരുന്നു സമ്മേളനത്തിലെ വിഷയം ഇന്തോ നേഷ്യയെ വീണ്ടും കോളനിവത്കരിക്കാനുള്ള ഡച്ചുകാരുടെ ശ്രമത്തിന് മറുപടിയായി 1948 ഡിസംബറിൽ അത്തരമൊരു സമ്മേളനം വീണ്ടും നടന്നു. 1954 ൽ കൊളംബോയിൽ നടന്ന ഏഷ്യൻ നേതാക്കളുടെ സമ്മേളനത്തിൽ കോളനിവത്കരണ സംരംഭം കൂടുതൽ മുന്നോട്ടേയ്ക്ക് നയിച്ചു. ഈ സംരംഭത്തിന്റെ ഫലമായി ഇന്തോനേഷ്യയിലെ ബാന്ദുങ് നഗരത്തിൽ 1955 ൽ ആഫ്രിക്കൻ ഏഷ്യൻ നാടുകളുടെ സമ്മേളനത്തിൽ കലാശിച്ചു. ചില വർഷ



ബാന്ദുങ് സമ്മേളനം

12th_History_Mal_Unit_8 Folder.indd 110 2/28/2023 1:19:52 PM

ങ്ങൾക്ക് ശേഷം ബെൽഗ്രേഡ് നഗരത്തിൽ ഈ നാടുകൾ ആരംഭിച്ച ചേരിചേരാ നയത്തെ രൂപീകരിക്കാനുള്ള അടിസ്ഥാനമിട്ടു ബാന്ദുങ് സമ്മേളനം.

സ്വതന്ത്ര ഇന്ത്യയുടെ വിദേശ നയത്തിന്റെ ശില്പി ജവഹർലാൽ നെഹ്റു ആയിരുന്നു. 1961 ൽ ആണവ നിരായുധീകരണത്തിനും സമാധാനത്തിനും ആഹ്വാനം ചെയ്യുന്നതിനായി ഈജിപ്തിലെ നാസ്സർ, യൂഗോസ്ലേവിയയിലെ ടിറ്റോ എന്നിവരോടൊപ്പം നെഹ്റുവും ചേർന്ന് ലോക സമാധാനത്തിനു വേണ്ടി പ്രയത്നിച്ചു. ചേരിചേരാനയത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ലോക രാഷ്ട്രങ്ങൾക്കിടയിൽ വിശദീകരിക്കുന്നത് ഇപ്രകാരമായിരുന്നു.

ബാൻഡുംഗ് പ്രഖ്യാപനം

ഐക്യരാഷ്ട്ര സഭയുടെ ചാർട്ടറിന്റെ തത്വങ്ങൾ ഉൾപ്പെടുത്തി ലോകസമാധാനവുംസഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള 10 അംശ പ്രഖ്യാപനം ഏക കണ്ഠമായി അംഗീകരിച്ചു:

1. അടിസ്ഥാന മനുഷ്യാവകാശങ്ങൾക്കുംഐക്യ രാഷ്ട്ര സഭയുടെ ചാർട്ടറിന്റെ ഉദ്ദേശങ്ങൾക്കും തത്വങ്ങൾക്കും ബഹുമാനം നൽകുക
2. എല്ലാ രാജ്യങ്ങളുടെയും പരമാധികാരത്തിനും പ്രാദേശിക സമഗ്രതയ്ക്കും വേണ്ടിയുള്ള ബഹുമാനം
3. എല്ലാ വംശങ്ങളുടെയും തുല്യതയും വലുതും ചെറുതുമായ എല്ലാ രാജ്യങ്ങളുടെയും സമത്വവും
4. മറ്റൊരു രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നത് ഒഴിവാക്കുക
5. ഐക്യ രാഷ്ട്ര സഭയുടെ ചാർട്ടറിന് അനുസൃതമായി ഓരോ രാജ്യത്തിനും സ്വയം പ്രതിരോധിക്കാനുള്ള അവകാശം
6. (a) വൻകിട ശക്തികളുടെ പ്രത്യേക താല്പര്യങ്ങൾക്കായി കൂട്ടായ പ്രതിരോധത്തിനുള്ള ക്രമീകരണങ്ങളിൽ നിന്നും വിട്ട് നിൽക്കുക (b) ഏതെങ്കിലും രാജ്യത്ത് നിന്ന് വിട്ടുനിൽക്കൽ മറ്റ് രാജ്യങ്ങളിൽ സമ്മർദ്ദം ചെലുത്തുന്നത് ഏതൊരു സേവനത്തിനും സഹായിക്കുന്നു.
7. ഏതെങ്കിലും രാജ്യത്തിന്റെ പ്രദേശീക സമഗ്രതയ്ക്കോ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനോ എതിരായ പ്രവൃത്തികൾ ബലപ്രയോഗം എന്നിവയിൽ നിന്നുംവിട്ടുനിൽക്കുക
8. ചർച്ചകൾ, അനുരജ്ഞനം, ജുഡീഷ്യൽ സെറ്റിൽമെന്റ് അത്പോലെ മറ്റ് സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ തർക്കങ്ങൾ പരിഹരിക്കുക
9. പരസ്പര സഹകരണ പ്രോത്സാഹിപ്പിക്കുക
10. നീതിക്കും അന്താരാഷ്ട്ര നയങ്ങളേയും ബഹുമാനിക്കുക.

ഫാസിസം, കൊളോണിയലിസ്സം, വംശീയത അല്ലെങ്കിൽ ആണവായുധം, ആക്രമണവും അടിച്ചമർത്തലും തുടങ്ങിയ എല്ലാ ദുഷ്ടശക്തികളേയും സംബന്ധിച്ചിടത്തോളം ഞങ്ങൾ ഏറ്റവും ശക്തമായും, വ്യക്തമായുംഅവർക്കെതിരെപോരാടാൻ പ്രതിജ്ഞാബദ്ധരാണ്, ഏഷ്യയിലേയും, ആഫ്രക്കയിലേയും പുതിയ രാജ്യങ്ങളെ അവരെ ശീതസമരത്തിലേയ്ക്ക് നിർബന്ധിക്കുന്ന ഈനയത്തെ ഞങ്ങൾഎതിർക്കുന്നു. അല്ലെങ്കിൽ ലോകത്തിനോ നമുക്കോ ദോഷകരമണെന്നു കരുതുന്ന യാതൊരു വികസനത്തേയും അപലപിക്കാൻ ഞങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. അതിനുള്ള സന്ദർഭം ഉയർന്നു വരുമ്പോഴെല്ലാം ഞങ്ങൾ ആ സ്വാതന്ത്ര്യം ഓരോ തവണയും പ്രയോഗിക്കും.

സംഗ്രഹം

- ഉപഭൂഖണ്ഡത്തെ ഇന്ത്യ, പാക്കിസ്ഥാൻ എന്ന് രണ്ട് രാജ്യങ്ങളായിവിഭജിച്ചതും, മുമ്പൊരിക്കലുംഇല്ലാത്ത അളവിൽ സാമൂദായിക അക്രമങ്ങൾ പൊട്ടിപുറപ്പെട്ടതും, കഠിനമായി നേടിയ നമ്മുടെ സ്വാതന്ത്ര്യത്തിന് ഗുരുതരമായ ഭീഷണി ഉയർത്തുന്നതും വിശദമായി ചർച്ച ചെയ്യുന്നു..
- നെഹ്റുവും, പട്ടേലും കൈകൊണ്ട ശ്രമങ്ങളേയും മറികടന്നുണ്ടായ നിയമവിരുദ്ധ പ്രശ്നങ്ങളും, സ്വന്തം രാജ്യത്തിൽ തന്നെ അഭയാർത്ഥികളുടെ അവസ്ഥയിലേയ്ക്ക് തള്ളപ്പെട്ട സ്ഥലം മാറിയ ആളുകളെ പുനരധിവാസം ചെയ്യുന്ന പ്രശ്നങ്ങൾ കഴിയുന്നത്ര പരിധി വരെ പരിഹരിച്ചു.
- ഭരണടഘടനയുടെ രൂപീകരണം, തദ്ദേശ ഭരണ സർക്കാരിനെ ഇന്ത്യാ സർക്കാരുമായി സംയോജിപ്പിച്ചു. ശക്തമായതും, ശാസ്ത്രീയവുമായ ചില കിര ണങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെപുനർസംയോനം,രാജ്യത്തിനായിദീഘകാല വെല്ലുവിളികൾ മികച്ച രൂപീകരിക്കൽ തുടങ്ങിയ നിരവധി പ്രശ്നങ്ങളും വെല്ലുവിളികൾ ഉണ്ടായിരുന്നിട്ടുംസമൂഹത്തിലെഎല്ലാവിഭാഗങ്ങളേയുംതൃപ്തിപ്പെടുത്തുന്നതിന് മുൻഗണന നൽകപ്പെട്ടു.
- പല തദ്ദേശീയ സർക്കാരുകൾ പ്രമാണത്തിൽ ഒപ്പു വച്ചു എങ്കിലും പിടിച്ചെടുക്കൽ ലംഘിച്ച തിരുവിതാംകൂർ ഹൈദരാബാദ് കാശ്മീർ എന്നീ നാട്ടുരാജ്യങ്ങൾ കഠിന നടപടികളിൽ കൂടെയോജിപ്പിച്ചു.
- അടിസ്ഥാന തത്വങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യ വിദേശനയം വികസിപ്പിച്ചു. യുദ്ധം തടയുന്നതിനും, ലോക സമാധാനം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ചേരിചേരാ നയം എന്ന ആശയം ഇന്ത്യ വികസിപ്പിച്ചു.

12th_History_Mal_Unit_8 Folder.indd 111 2/28/2023 1:19:52 PM

അഭ്യാസം

J2MPG

I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. ചേരുംപടി ചേർക്കുക.

(A) JVP കമ്മിറ്റി - 1. 1928

(B) സർ സിറിൽറാഡ്ക്ലിഫ് - 2. സംസ്ഥാന പുനഃ സംഘടനാ സമിതി

(C) ഫാസിൽ അലി - 3. 1948

(D) നെഹ്റുവിന്റെ കമ്മിറ്റി റിപ്പോർട്ട - 4. ബൗബാറി കമ്മീഷൻ

	A	B	C	D
(a)	1	2	3	4
(b)	3	4	2	1
(c)	4	3	2	1
(d)	4	2	3	1

2. ശരിയായ രീതിയിൽ ക്രമീകരിക്കുക.

(i) ഇന്ത്യൻ സ്വാതന്ത്ര്യത്തെകുറിച്ചുള്ള അറ്റ്ലി യുടെ പ്രഖ്യാപനം

(ii) നെഹ്റുവിന്റെ കീഴിലുള്ള ഇടക്കാല ഗവൺമെന്റ

(iii) മൗണ്ട് ബാറ്റൺ പ്രഭുവിന്റെ പദ്ധതി

(a) ii, i, iii (b) i, ii, iii

(c) iii, ii, i (d) ii, iii, i

3. ചേരും പടി ചേർക്കുക.

(A) ചൈനയിലെ റിപ്പബ്ലിക് - 1. ബെൽഗ്രെഡ്

(B) ബാന്ദുങ് സമ്മേളനം - 2. മാർച്ച് 1947

(C) ഏഷ്യൻ രാജ്യങ്ങളുടെ സമ്മേളനം - 3. ഏപ്രിൽ 1955

(D) ചേരി ചേരാനയം രൂപീകരിക്കൽ - 4. ജനുവരി 1, 1950

	A	B	C	D
(a)	3	4	2	1
(b)	4	2	3	1
(c)	4	3	2	1
(d)	3	2	4	1

4. ഇനിപറയുന്ന സംഭാവങ്ങളുടെ ശരിയായ ശ്രേണി ഏതാണ്?

(i) ചൈനയിലെ റിപ്പബ്ലിക്

(ii) ഇന്ത്യയും ചൈനയും തമ്മിലുള്ള യുദ്ധം

(iii) നിയമനിർമ്മാണസഭയുടെ സമ്മേളനം

(iv) പഞ്ചശീല തത്വം

(v) നെഹ്റു ലിയാഖത്ത് അലിഖാൻ ഉടമ്പടി

(a) i, ii, iii, iv, v (b) iii, i, v, iv, ii

(c) iii, iv, i, v, ii (d) i, iii, iv, v, ii

5. മഹാത്മഗാന്ധി കൊല്ലപ്പെട്ടത്

(a) ജനുവരി, 30, 1948

(b) ആഗസ്റ്റ് 15, 1947

(c) ജനുവരി, 30, 1949

(d) ഒക്ടോബർ, 2, 1948

6. ആരാണ് ആദ്യമായി ആന്ധ്രാ പ്രദേശം വേണം എന്നാവശ്യപ്പെട്ടത് ?

(a) പോട്ടി ശ്രീരാമുലു

(b) പട്ടാഭി സീതാരാമയ്യ

(c) K.M.പണിക്കർ

(d) T. പണിക്കർ

7. ഭരണഘടനാ അസംബ്ലിക്ക് മുമ്പ് ലക്ഷ്യ പ്രമേയം അവതരിപ്പിച്ചത്

(a) രാജേന്ദ്ര പ്രസാദ്

(b) ജവഹർ ലാൽ നെഹ്റു

(c) വല്ലഭായ് പാട്ടേൽ

(d) മൗലാനാ അബുൽ കലാം അസാദ്

8. ഏത് സീറ്റിൽ നിന്നാണ് അംബേദ്കറുടെ തിരഞ്ഞെടുപ്പ് കോൺഗ്രസ് ഉറപ്പാക്കിയത്

(a) അമേദി (b) ബോംബൈ

(c) നാഗ്പൂർ (d) മൗഹ്

9. **അവകാശവാദം (A):** റാഡ്ക്ലിഫിന്റെ അവാർഡിൽ എല്ലാത്തരം അപാകതകളും അടങ്ങിയിരിക്കുന്നു.

കാരണം (R): അപാകതകൾക്കിടയിലും അവാർഡ് എല്ലാ പങ്കാളികളും സ്വീകരിച്ചു..

(a) A, R എന്നിവ രണ്ടും ശരിയാണ് R, A യുടെ ശരിയായ വിശദീകരണമാണ്.

(b) A, R എന്നിവ രണ്ടും ശരിയാണ് R, A യുടെ ശരിയായ വിശദീകരണമല്ല.

(c) A ശരിയാണ് പക്ഷേ ശരിയാണ് R പക്ഷേ.

(d) A തെറ്റാണ് പക്ഷേ R ശരിയാണ്.

12th_History_Mal_Unit_8 Folder.indd 112 2/28/2023 1:19:53 PM

10. കോൺസ്റ്റിറ്റുവന്റ് ആസംബ്ലി ആദ്യമായി നടന്നത്
    (a) മാർച്ച് 22, 1949
    (b) ജനുവരി 26,1946
    (c) ഡിസംബർ 9, 1946
    (d) ഡിസംബർ 13, 1946

11. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത്
    (a) ജനുവരി 30, 1949
    (b) ആഗസ്റ്റ് 15, 1947
    (c) ജനുവരി 30, 1949
    (d) നവംബർ 26, 1949

12. ഭാഷാ അടിസ്ഥാനത്തിൽ തിരിക്കപ്പെട്ട ആദ്യ സംസ്ഥാനം
    (a) കാശ്മീർ (b) അസാം
    (c) ആന്ധ്ര (d) ഒറീസ

II. ചുരുക്കി ഉത്തരമെഴുതുക

1. സംയോജിത പത്രമെന്നാലെന്ത്?
2. ഭരണ ഘടനാ അസംബ്ലിയുടെ ഘടന വിവരിക്കുക.
3. ഭരണഘടനയുടെ ആർട്ടിക്കിൾ 370 ന്റെ പ്രാധാന്യം എന്താണ്?
4. ഹൈദരാബാദിലെ പോലീസ് നടപടിയുമായി യൂണിയൻ ഓഫ് ഇന്ത്യയുമായി സംയോജിപ്പിക്കുന്നത് എന്ന് ന്യായീകരിച്ചു??
5. JVP കമ്മിറ്റിയുടെ ശുപാർശകളുടെ സാരം എന്തായിരുന്നു?

III. ഹ്രസ്വമായ ഉത്തരങ്ങൾ എഴുതുക

1. സംയോജിത ഉടമ്പടിയിൽ ഒപ്പിടാൻ കാശ്മീരിയ രാജാവ് എങ്ങനെ സമ്മതിച്ചു?
2. ഇന്ത്യൻ ഭരണ ഘടനയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?
3. വിഭജനത്തിന്റെ ദാരുണമായ പ്രത്യാഘാതങ്ങൾ ഉയർത്തിക്കാട്ടുക..
4. പഞ്ചശീല തത്വങ്ങൾ വിവരിക്കുക.

IV. വിവരിച്ച് ഉത്തരമെഴുതുക

1. നാട്ടുരാജ്യങ്ങളെ ഇന്ത്യൻയൂണിയനുമായി ലയിപ്പിക്കുന്നതിലെ പ്രശ്നങ്ങൾ എന്തായിരുന്നു? അവ യെ പട്ടേലും നെഹ്റുവും എങ്ങനെ കൈകാര്യം ചെയ്തു.
2. 1920 മുതൽ 1956 വരെ ഇന്ത്യൻ സംസ്ഥാനങ്ങളുടെ പുനഃ സംഘടനയിലെ വിവിധ ഘട്ടങ്ങൾ കണ്ടെത്തുക.
3. ഇന്ത്യയുടെ വിദേശനയത്തിന്റെ അടിസ്ഥാന തത്വങ്ങൾ എന്തായിരുന്നു? ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളെ ചേരിചേര സംസ്ഥാനമായി സംഘടിപ്പിക്കുന്നതിന് പ്രധാനമന്ത്രി നെഹ്റു എന്ത് പങ്കാണ് വഹിച്ചത്.

V. പ്രവർത്തനം

1. സ്വതന്ത്രാഷ്ട്രീയത്തിന്റെ ഗുണഭോഷങ്ങൾ ചർച്ച ചെയ്യുന്ന പ്രത്യേക മീറ്റിംഗുകൾ നടത്തുക..
2. ഗോവിന്ദ് നിഹലാനിയുടെ ടെലി ഫിലിം തമാസ് എം.എസ് സത്യുവിന്റെ ഫിച്ചർ ഫിലിം ഗരംഗവ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഉപശീർഷകങ്ങൾ നൽകുകയും വിദ്യാർത്ഥികളുമായി ആശയവിനിമയം ആരംഭിക്കുകയും ചെയ്യുക..
3. കുശ്വന്ത്സിങ്ങിന്റെ പാക്കിസ്ഥാനിലേക്കുള്ള ട്രെയിൻ ഈ സന്ദർഭത്തിൽ വായിക്കാനുള്ള മികച്ച പുസ്തകമാണ്..

പരാമർശഗ്രന്ഥങ്ങൾ

1. Bipan Chandra, et. al., *India Since Independence*, Penguin, New Delhi, 2010.
2. Bipan Chandra, et. al., *India's Struggle for Independence,* Penguin Books, New Delhi, 2016 (Revised and Updated).
3. Sekhar Bandopadhyay, *From Plassey to Partition and After*: A *History of Modern India*, Orient BlackSwan, Hyderabad, 2009.

ആധാരങ്ങൾ

1. ച Teachers may expose the students to what led to the UDHR and its content through the following URL https://www.humanrights.com/what-are-human-rights/brief-history/the-united-nations.html

12th_History_Mal_Unit_8 Folder.indd 113 2/28/2023 1:19:53 PM

A-Z പദസമുച്ചയം

constitution	fundamental principles by which a state is governed.	ഭരണഘടന
anomalies	a deviation from the common rule, type, arrangement, or form.	അപാകതകൾ
demographic	of human population	ഡെമോഗ്രാഫിക് (ജനസംഖ്യ കണക്കെടുപ്പ് സംബന്ധിച്ച)
symbolic	serving as a symbol of something.	പ്രതീകാത്മക
constituent assembly	is a body of representatives that is elected to formulate or change their country's Constitution	ഭരണഘടന അസംബ്ലി
autonomous	Self governing; independent.	സ്വയംഭരണാധികാരം
Objectives Resolution	a resolution spelling out the	ലക്ഷ്യങ്ങൾ തീരുമാനങ്ങൾ
Princely states	Indian rulers and their States under British rule	നാട്ടുരാജ്യങ്ങൾ
privy purse	the sum from the public revenues granted to the sovereign as compensation for their loss of kingdom	ഭാഷാടിസ്ഥാനമായത്
linguistic	relating to language.	ശ



ഐ.സി.ടി കോർണർ

കോളനി ആധിപത്യത്തിനുശേഷം ഇന്ത്യയുടെ പുന നിർമ്മാണം

ഈ പേജിലൂടെ നിങ്ങൾ ഇന്ത്യയുടെ ഭരണഘടനാ ഉത്ഭവത്തെ കുറിച്ച് പഠിക്കും



ഘട്ടം- 1 ബ്രൌസർ തുറന്ന് താഴെ പറയുന്ന യു ആർ എൽ ടൈപ്പ് ചെയ്യുക. അല്ലെങ്കിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

ഘട്ടം - 2 താഴേക്ക് വരുക ഭരണഘടനാ നിർമ്മാണ പ്രക്രിയയിൽ ക്ലിക്ക് ചെയ്യുക

ഘട്ടം - 3 വിവിധ ഘട്ടങ്ങൾ തെരഞ്ഞെടുക്കുക ഭരണഘടനാ സമ്മേളനങ്ങളെ കുറിച്ച് പഠനം നടത്തുക.

Web URL: http://cadindia.clpr.org.in/

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രം

*ബ്രൗസറിന് ആവശ്യമെങ്കിൽ ഫ്ളാഷ് പ്ലെയർ അല്ലെങ്കിൽ പാവാസ്ക്രിപ്റ്റ് പേജിലേക്ക് ശേഖരിക്കുക

12th_History_Mal_Unit_8 Folder.indd 114 2/28/2023 1:19:53 PM

യൂണിറ്റ്

9

പുതിയ സാമൂഹ്യ സാമ്പത്തിക ക്രമം ആവിഷ്ക്കരിക്കൽ

പഠന ലക്ഷ്യങ്ങൾ

മനസിലാക്കേണ്ടവ

- സ്വാതന്ത്ര്യനന്തര ഇന്ത്യയിൽ ആദ്യഘട്ടത്തിലെ സാമ്പത്തിക സാഹചര്യം
- ഒരു സോഷ്യലിസ്റ്റ് ജനാധിപത്യ രാഷ്ട്രമെന്ന നിലയിൽ എന്തുനേട്ടം കൈവരിച്ചു
- കാർഷിക മേഖലയെയും ഗ്രാമീണ സമ്പദ് വ്യവസ്ഥയേയും മെച്ചപ്പെടുത്താൻ എടുത്ത നടപടികൾ
  - a) ഭൂപരിഷ്കരണവും അതിന്റെ ഫലപ്രാപ്തിയും വിലയിരുത്തൽ
  - b) ഹരിതവിപ്ലവത്തിലൂടെയുള്ള സാങ്കേതിക വികാസം
  - c) ഗ്രാമീണ വികസന പരിപാടികൾ
  - d) ഗ്രാമീണ തൊഴിലവസര പദ്ധതികൾ
- വ്യവസായിക വളർച്ച
  - a) വൻകിട വ്യവസായത്തിൽ മുതൽ മുടക്കാനുള്ള തന്ത്രവും യുക്തിയും
  - b) സ്വകാര്യ വ്യവസായത്തിലും ഉപഭോഗത്തിലും മേലുള്ള സർക്കാരിന്റെ നിയമപരമായ പങ്ക്
  - c) പൊതുമേഖലയുടെ പങ്ക്
  - d) ഉദാരവൽക്കരണവും അതിനുശേഷവും
- ഇന്ത്യയിലെ പഞ്ചവത്സര പദ്ധതികൾ
- വിദ്യാഭ്യാസം സാക്ഷരതയിലും സ്കൂൾവിദ്യാഭ്യാസത്തിലുമുള്ള പുരോഗതി
- ശാസ്ത്ര സാങ്കേതിക വിദ്യ: ഇന്ത്യയിൽ ശാസ്ത്ര സ്ഥാപനങ്ങളുടേയും ഗവേഷണ സാങ്കേതിക വിദ്യയും

ആമുഖം

1947 ൽ സ്വതന്ത്രാനന്തര ഇന്ത്യയിലെ സമ്പദ് ഘടന വളരെ ശോചനീയവും നിരവധി പ്രതിസന്ധികൾ നേരിടുന്നതുമായിരുന്നു. ദാരിദ്ര്യത്തിന്റെ തോത് വളരെ ഉയർന്നതായിരുന്നു. 80 ശതമാനത്തോളം ജനത ഉപജീവനത്തിന് കൃഷിയെ ആശ്രയിച്ച് ഗ്രാമങ്ങളിലാണ് ജീവിച്ചുപോന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് കരകൗശല മേഖലയിലെ തൊഴിൽ വളരെ പ്രതിസന്ധി നേരിടുന്നതിൽ ധാരാളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടി. തല്ഫലമായി കൃഷിതിങ്ങി നിറഞ്ഞ് കാർഷിക വരുമാനത്തിൽ നിന്നുള്ള പ്രതിശീർഷ വരുമാനത്തിന്റെ അളവ് കുറയുകയും ചെയ്തു. കൃഷി ഭൂവുടമകൾക്കും കൃഷിക്കാർക്കുമിടയിലുള്ള അർദ്ധ ഫ്യൂഡൽവ്യവസ്ഥയിലേക്ക് മാറുകയും ഭൂവുടമ വർഗ്ഗത്തിൽ നിന്ന് കൊടിയ ചൂഷണത്തിന് വിധേയരാവുകയും ചെയ്തു.

വ്യവസായ മേഖല സ്വാതന്ത്ര്യത്തിന്റെ മുൻ ദശകങ്ങളിൽ വളർച്ച നേടിയിരുന്നുവെങ്കിലും അത് വേണ്ടത്ര ആയിരുന്നില്ല, വളരെ ഒരു ചെറിയ അളവായിരുന്നു. വളരെ അറിയപ്പെട്ട വൻകിട വ്യവസായമായിരുന്നു റ്റാറ്റാ ഇരുമ്പ് ഉരുക്ക് വ്യവസായശാല അതോടൊപ്പം പരുത്തി നെയ്ത്ത്, പേപ്പർ, പഞ്ചസാര, ചണം, രാസവസ്തുക്കൾ, സിമെന്റ് എന്നിവയും ഉല്പാദിപ്പി

12th_History_MAL_Unit_9 FolderPixels.indd 115 2/28/2023 1:20:32 PM

ച്ചിരുന്നു. ഈ യൂണിറ്റുകൾക്ക് യന്ത്രങ്ങൾ എഞ്ചീനിയറിംഗ് യൂണിറ്റുകൾ തയ്യാറായി. എന്നിരുന്നാലും ഈ മേഖല താരതമ്യേന ചെറുതും കാർഷിക മേഖലയിൽ നിന്നുള്ള മിച്ചതൊഴിലാളികളെ ഉപയോഗിക്കുന്നതിന് കാര്യമായ സാധ്യതകൾ നല്കിയിരുന്നില്ല. വാസ്തവത്തിൽ 1950 ലെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 13 ശതമാനം മാത്രമേ വ്യാവസായിക മേഖലയിൽ ഉണ്ടായിരുന്നുള്ളൂ. പ്രമുഖ വിദേശ കമ്പിനികളുടെ ഇന്ത്യൻ ഓഫീസുകൾ ചന്തയിലും വില്പനയിലും മാത്രമാണ് ഏർപ്പെട്ടിരുന്നത്, അല്ലാതെ ഉല്പാദനം നടത്തിരുന്നില്ല.

അങ്ങനെ ഇന്ത്യയുടെ പുതിയ ഗവൺമെന്റ് നേരിടേണ്ടിവന്ന മഹത്തായ ലക്ഷ്യം സാമ്പത്തിക പുരോഗതികൈവരിക്കുക, കാർഷികമേഖലയിലെഅവസ്ഥ മെച്ചപ്പെടുത്തുക. ഉല്പാദന മേഖല വിപുലീകരിക്കുക, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, ദാരിദ്ര്യം കുറയ്ക്കുക എന്നിവയായിരുന്നു..

സമൂഹത്തിന്റെ സോഷ്യലിസ്റ്റ് മാതൃക

സാമ്പത്തിക വികസനം പലതരത്തിൽ കൈവരിക്കാൻ കഴിയും. സ്വതന്ത്ര വ്യവസായ സംഘങ്ങൾ, മുതലാളിത്ത പാത പിൻതുടരുക എന്നതാണ് ഒരു സാധ്യത; മറ്റൊന്ന് സോഷ്യലിസ്റ്റ് പാത പിൻതുടരുക എന്നതായിരുന്നു. ഇന്ത്യ രണ്ടാമത്തേത് തെരഞ്ഞെടുത്തു. വാസ്തവത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം തന്നെ വെളിപ്പെടുത്തുന്നത് ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ്, മതേതര ജനാധിപത്യ റിപ്പബ്ലിക് ആയിരിക്കുമെന്ന് വ്യക്തമായി പ്രസ്താവിച്ചു. ഈ സോഷ്യലിസ്റ്റ് വ്യവസ്ഥയിലുള്ള വികസനം ലക്ഷ്യ മാക്കുന്നത് സാമൂഹിക അസമത്വം കുറയ്ക്കുക. ചൂഷണം ഇല്ലാതാക്കുക സമ്പത്തിന്റെ കേന്ദ്രീകരണം തടയുക എന്നിവയാണ്. സാമൂഹിക നീതി ഇത് എല്ലാ പൗരൻമാർക്കും അവകാശപ്പെട്ട വിദ്യാഭ്യാസവും തൊഴിലും ഉറപ്പുവരുത്തുക എന്നതാണ് ഇത് വികസന പ്രക്രിയയിൽ ഗവൺമെന്റിന്റെ സജീവ പങ്കാളിത്തത്തെ ഉൾകൊള്ളുന്നു..


ജവഹർലാൽ നെഹ്റു

കാർഷിക മേഖലയിൽ സാമൂഹിക സാമ്പത്തിക നീതി ഉറപ്പു വരുത്തുന്നതിന് ഭൂപരിഷ്ക്കരണനടപടിയിലൂടെമാത്രം സാധിക്കുകയും അത് ഉല്പാദകർക്ക് ശക്തിപകരുകയും ചെയ്യും. വ്യവസായ മേഖലയിൽ സർക്കാരിന്റെ പങ്ക് മികച്ച താക്കുന്നത് വ്യവസായ ശാലകൾ സർക്കാർ മേഖലയിൽ നിലനിർത്തി കൊണ്ട് നിർവഹിക്കാൻ കഴിയും. ഈ മാതൃക സോവിയറ്റ് യൂണിയന്റെ ദ്രുതഗതിയി ജവഹർലാൽ നെഹ്റു ലുള്ള വളർച്ച കൈവരിക്കുന്നതിലാണ്, അതിനാൽ ഇതിനെ നെഹ്റുവിയൻ സോഷ്യലിസം എന്നു വിളിക്കുന്നു. സോവിയറ്റ് യൂണിയന്റെ പ്രത്യശശാസ്ത്രത്തിന്റെ വിജയത്തിന്റെ വലിയ ആരാധകനായിരുന്നു ജവഹർലാൽ നെഹ്റു.

കാർഷിക നയം

ഇന്ത്യ സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്ത് കാർഷിക മേഖലയിൽ നിരവധി പ്രശ്നങ്ങൾ ഉണ്ടായിരുന്നു പൊതുവായി ഉല്പാദന ക്ഷമത തന്നേ കുറവായിരുന്നു. ആഭ്യന്തര ഭക്ഷ്യ ഉല്പാദനം അപര്യാപ്തമായതിനാൽ നല്ലൊരു പങ്ക് ഭക്ഷ്യ ധാന്യങ്ങളും ഇറക്കുമതി ചെയ്യേണ്ടതായി വന്നു. ജനസംഖ്യയുടെ 80 ശതമാനത്തോളം പേനർ ജീവനോപാതിയായി കൃഷിയെയാണ് ആശ്രയിച്ചിരുന്നത്. സ്വഭാവികമായി ഓരോ വ്യക്തികളുടെയും വരുമാനം വളരെ കുറവായിരുന്നു. ഈ സാഹചര്യത്തെ വേറിട്ട തൊഴിലില്ലായ്മ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്നു. അതായത് നിരവധി ആളുകൾ മറ്റുതൊഴിലുകളിലേക്ക് മാറിയാലും മൊത്ത വരുമാനത്തിന്റെ അളവ് അതേപടി തുടർന്നു. കാരണം ഈ മിച്ച വിഭാഗത്തിന്റെ തൊഴി നില നിർത്താൻ കഴിയാതെ വരുകയും ഫലത്തിൽ തൊഴിൽ ലില്ലാത്തവരായി അവശേഷിക്കുകയും ചെയ്തു. ഗ്രാമീണരിലെ കൊടിയ ദാരിദ്ര്യം അവരിൽ ഭൂരിഭാഗവും പണമിടപാടുകാരുമായി വലിയ ബാധ്യതയിൽ അകപ്പെട്ടിരുന്നു.

കാർഷിക മേഖലയുടെ പിന്നോക്ക അവസ്ഥയ്ക്ക്കാരണംരണ്ടുഘടകങ്ങൾആയിരുന്നു. സ്ഥാപനപരവും സാങ്കേതികപരവും ഇതിൽ സ്ഥാപനപരമെന്നത് ഭൂവുടമ വർഗ്ഗങ്ങളുടേയും ഉല്പാദക വർഗ്ഗങ്ങളുടേയും ഇടയിലെ സാമൂഹികവും സാമ്പത്തികവുമായ ബന്ധത്തെ വെളിപ്പെടുത്തുന്നു. സാങ്കേതിക ഘടകമെന്നത് ഗുണമേൻമയുള്ള വിത്തുകൾ, മെച്ചപ്പെട്ട കൃഷിരീതി രാസവളങ്ങളുടെ ഉപയോഗം, ട്രാക്ടർ ഉപയോഗിച്ചുള്ള കൊയ്ത്ത് തുടങ്ങിയ യന്ത്രങ്ങളുടെ ഉപയോഗം എന്നിവയും ജലസേചനത്തിന്റെ സാധ്യതകളുമായിരുന്നു. ഗവൺമെന്റ് സ്ഥാപനപരമായ പോരായ്മകൾ പരിഹരിക്കാൻ മുൻഗണന നല്കുകയും ഭൂപരിഷ്കരണ നടപടികൾക്ക് ആസൂത്രണം ചെയ്തു. ഇതിന്റെ അടിസ്ഥാനപരമായ അനുമാനം ഉല്പാദക ക്ഷമത വർദ്ദിപ്പിക്കുക എന്നതും കർഷകരുടെ ശാക്തീകരണത്തിനുപരി സാമൂഹിക നീതിപരമായ ഒരു സംവിധാനം സൃഷ്ടിക്കുക എന്നതുമായിരുന്നു.

9.1 ഭൂപരിഷ്ക്കരണവും ഗ്രാമീണ പുനസംഘടനയും

ഭരണഘടനാ പ്രകാരം കൃഷി ഒരു സംസ്ഥാന വിഷയമാണ്, അതായത് ഒരോ സംസ്ഥാനത്തിനും ഭൂപരിഷ്ക്കരണവുമായ ബന്ധപ്പെട്ട നിയമങ്ങൾ വ്യക്തമായി രൂപപ്പെടുത്തേണ്ട തായിട്ടുണ്ട് അങ്ങനെ

12th_History_MAL_Unit_9 FolderPixels.indd 116 2/28/2023 1:20:32 PM

ഭൂപരിഷ് ക്കരണത്തിന്റെ അടിസ്ഥാനം എല്ലാ സംസ്ഥാനങ്ങൾക്കും പൊതുവായതാണ്, എന്നാൽ ഈ നിയമനിർമ്മാണത്തിൽ എല്ലാ സംസ്ഥാനങ്ങളും ഐക്യത കൈകൊണ്ടില്ല.



(a) സമീന്ദാരി നിർത്തലാക്കൽ

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്വാതന്ത്ര്യത്തിനു മുൻമ്പുള്ള പ്രകടപത്രികയിലെ ഒരു വാഗ്ദാനമായിരുന്നു സമീന്ദാരി സമ്പ്രദായം നിർത്തലാക്കുക എന്നത്..

സെമീന്ദാരി എന്നാൽ എന്താണ് ആരായിരുന്നു സമീന്ദാരികൾ? ബ്രിട്ടീഷ് ഭരണകാലത്ത് ഒരു സ്ഥിര ഇടപാടിലൂടെ ഭൂവുടമകളെ സർക്കാരിൽ വരുമാനം ഏൽപ്പിക്കുന്ന ഇടനിലക്കാരായി നിയമിക്കുകയും അവരെ സെമീന്ദാരികളായി വിശേഷിപ്പിക്കുകയും ചെയ്തു. അവർ കൃഷിക്കാരിൽ നിന്ന് വാടകപിരിക്കുകയും നിശ്ചിത തുക ഭൂ നികുതിയായി സർക്കാരിനടക്കാൻ നിർബന്ധിതരാവുകയും ചെയ്തിരുന്നു. ഈ സമ്പ്രദായത്തിൽ പരിധിയില്ലായിരുന്നു. ഇവർ കർഷകരിൽ നിന്ന് ഭീമമായ വാടക ഈടാക്കുകയും അവരെ കടക്കെണിയിൽ ആക്കുകയും ചെയ്തു. പൊതുജനാഭിപ്രായത്തിൽ സെമീന്ദാരികൾ അതിരുകടന്ന അധമൻമാരും അടുത്തവരുടെ അധ്വാനത്തിൽ കഴിഞ്ഞു കൂടുന്നവരും ആയിരുന്നു. അതുകൊണ്ട് തന്നെ അവരുടെ മേധാവിത്വം അവസാനിപ്പിക്കുകയും കൃഷിഭൂമി തിരിച്ച് പിടിച്ച് കൃഷിക്കാർക്ക് നല്കുന്നതും സർക്കാരിന്റെ പ്രധാന കർത്തവ്യം ആയി തീർന്നു.

ബ്രിട്ടീഷ് ഗവൺമെന്റ് മൂന്നു രീതിയിലുള്ള നികുതി പിരിവ് സമ്പ്രദായം ഏർപ്പെടുത്തിയിരുന്നു. ബംഗാളിലും ഉത്തേരേന്ത്യയിലും ഭൂരിഭാഗം പ്രദേശങ്ങളിൽ നികുതി അടക്കുന്നതിനെ സെമിന്ദാരികളിൽ വാടക പിരിവുകൾ എന്ന വിഭാഗത്തിന് ശാശ്വത ഭൂനികുതി സമ്പ്രദായം ഏർപ്പെടുത്തി. തെക്കേന്ത്യയിൽ കൃഷിക്കാർ നേരിട്ട് നികുതി അടയ്ക്കുന്ന റയ്ത്ത്വാരി സമ്പ്രദായം നിലവിൽ വന്നു. (റയത്ത് എന്നാൽ കൃഷിക്കാരൻ). രാജ്യത്തെ വളരെ ചെറിയ മൂന്നാമത്തേത് മഹൽമാരി സമ്പ്രദായം എന്നറിയപ്പെട്ടു. അവിടെ ഭൂമി വരുമാനം നൽകുന്നതിന് ഗ്രാമത്തിന് കൂട്ടായ ഉത്തരവാദിത്വം ഉണ്ടായിരുന്നു.

ഇന്ത്യയിലെ മിക്ക പ്രവിശ്യകളും ഭരണഘടന രൂപീകരിക്കുന്നതിനു മുമ്പുതന്നെ സമിന്ദാരി സമ്പ്രദായം നിർത്തലാക്കുന്ന നിയമങ്ങൾ നടപ്പിലാക്കിയിരുന്നു. 1949 ആയപ്പോഴേക്കും ഉത്തർപ്രദേശ്, മധ്യപ്രദേശ്, ബീഹാർ, ആസാം, ബോംബെ എന്നീ സംസ്ഥാനങ്ങളിൽ നിയമ നിർമ്മാണം നടത്തിയിരുന്നു. ശാശ്വതഭൂനികുതി സമ്പ്രദായംനിലവിൽ വന്ന പശ്ചിമ ബംഗാളിൽ ഈ നിയമം പാസാക്കിയത് 1955 ൽ ആണ്. സെമിന്ദാരികളിൽ നിന്ന് എടുത്ത ഭൂമി കുടിയാൻ മാർക്കിടയിൽ വിതരണം ചെയ്തു. പ്രവിശ്യ നിയമ സഭകൾ സെമീന്ദാരികൾക്ക് നഷ്ടപരിഹാരം നൽകാനും ശുപാർശ ചെയ്തു. പല ഭാഗങ്ങളിലുള്ള സെമീന്ദാരികൾ ഈ നിയമങ്ങളെ എതിർത്ത് കോടതികളിൽ ചോദ്യം ചെയ്തു. ഭരണ ഘടനയിൽ രണ്ടു ഭേദഗതികൾ സർക്കാർ പാസാക്കി, 1951 ലെ ഒന്നാം ഭേദഗതി, 1955 ലെ നാലാം ഭേദഗതി, സെമീന്ദാർക്ക് അവരുടെ ഭൂമി ഏറ്റെടുക്കുന്നതിനെ കുറിച്ചോ നഷ്ടപരിഹാരത്തിന്റെ മൂല്യത്തെ കുറിച്ചോ ചോദ്യം ചെയ്യാനുള്ള അവകാശത്തെ മുൻകൂട്ടി ഒഴിവാക്കി.

അവസാനമായി 1956 ൽ സെമിന്ദാരി സമ്പ്രദായം നിർത്തലാക്കൽ പൂർത്തിയായി ഇത് ഭൂപരിഷ്കരണത്തിന്റെ ഏറ്റവും വിജയകരമായിരുന്നു. 30 ലക്ഷത്തോളം കുടിയാൻമാരും ഓഹരി ഉടമകളും 62 ലക്ഷം ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം നേടി യഥാർത്ഥത്തിൽ ജമീന്ദാർമാർക്ക് നൽകിയ ആകെ നഷ്ടപരിഹാരം 16,420 ലക്ഷം രൂപയാണ് (ഇത് ആകെ നഷ്ടപരിഹാര തുകയുടെ നാലിലൊന്ന് മാത്രമാണ്).

ചുരുക്കത്തിൽ ഭൂപരിഷ്ക്കരണം യഥാർത്ഥ ലക്ഷ്യത്തിന്റെ വളരെ ചെറിയ ഭാഗം മാത്രമേ നേടിയിട്ടുള്ളൂ ഈ ഭൂമി തങ്ങളുടെ സ്വകാര്യ കൃഷിക്കു കീഴിലാണെന്ന് അവകാശപ്പെട്ട് അവരുടെ കുടിയാൻമാരെ കുടിയൊഴിപ്പിക്കാനും അവരുടെ ഭൂമി ഏറ്റെടുക്കാനും സാധിച്ചു. അങ്ങനെ സെമിന്ദാരി സമ്പ്രദായം പൊളിഞ്ഞപ്പോൾ വിശാലമായ ഭൂവുടമകളായി നിലനിൽക്കാൻ കഴിഞ്ഞു.

(b) കുടിയാൻ പരിഷ്ക്കരണം

ഇന്ത്യയിലെ മൊത്ത കൃഷിഭൂമിയിൽ പകുതിയോളം കുടിയാൻ സമ്പ്രദായത്തിൻ കീഴിലായിരുന്നു. എങ്ങനെയെന്നാൽ കൃഷിക്കാർ നിർദിഷ്ട നിബന്ധനകൾക്ക് വിധേയമായി ഭൂവുടമകളിൽ നിന്ന് ഭൂമി പാട്ടത്തിനെടുത്തിരുന്നു. എല്ലാ കുടിയാൻമാരും ഭൂരഹിതരായ കർഷകർ ആയിരുന്നില്ല. അധികഭൂമി കൃഷിചെയ്യാൻ ഗ്രഹിക്കുന്ന നിരവധി ചെറുകിട ഭൂവുടമകൾ മറ്റു ഭൂവുടമകളിൽ നിന്ന് ഭൂമി പാട്ടത്തിനു നൽകി. ചില സമ്പന്നരായ ഭൂവുടമകൾ പാട്ടത്തിനു കൃഷിചെയ്യാൻ അധികഭൂമി എടുത്തു. പൊതുവേ ഭൂമിയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ ഒരു പങ്ക് എന്ന നിലയിൽ വാടക നല്കി.

12th_History_MAL_Unit_9 FolderPixels.indd 117 2/28/2023 1:20:32 PM

പൊതുവായി വലിയ ഭൂവുടമകൾ കുടിയാൻ മാർക്ക് കൃഷിഭൂമി പാട്ടത്തിനു കൊടുത്തത് സ്വഭാവി കമായിരുന്നു. ഈ വാടകസംവിധാനം കാലങ്ങളോളം തുടർന്നു. ഭൂവുടമകൾക്ക് ലഭിക്കുന്ന വാടക സാധാ രണയായി 50 ശതമാനമോ അല്ലെങ്കിൽ അതിലുമധി കമോആയിരുന്നു. ഇത് വളരെ കൂടുതലാണ്. പാട്ടത്തി നെടുക്കുന്നത് ഒരു പതിവു പ്രവർത്തനമായിരുന്നതി നാൽ കരാറുകൾ വളരെ അപൂർവ്വ മായിമാത്രമേ രേഖ പ്പെടുത്തിയിട്ടുള്ളൂ. അങ്ങനെദീർഘകാലപാട്ടക്കാരുടെ അവകാശ പാട്ടം എല്ലാപേർക്കും ഒരിക്കലും നിഷേധിച്ചി ട്ടില്ല. എന്നിരുന്നാലും കുടിയൻ മാർക്ക് എല്ലായ്പ്പോഴും ഒരു പരിധിവരെഅനിശ്ചിതാ വസ്ഥയിലാണ് ജീവിച്ചിരു ന്നത് കാരണം അവരെ ഹ്രസ്വകാലത്തേക്ക് പുറത്താക്കാം.

രണ്ട് ലക്ഷ്യങ്ങളോടെയാണ് പാട്ടപരിഷ്കരണം നടത്തിയത്. ഒന്നാമത്തെ ലക്ഷ്യം കർഷകരെ ഭൂവു ടമകളിൽ നിന്ന് സംരക്ഷിച്ച് ശാക്തീകരിക്കുക, രണ്ടാ മത്തേത് ഭൂമിയുടെ ഉപയോഗ ക്ഷമത മെച്ചപ്പെ ടുത്തുക പാട്ടത്തിന് ഫലപ്രദമല്ലെന്ന ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു. ഭൂമി മെച്ചപ്പെടുത്തുന്ന തിനായി നിക്ഷേപം നടത്താൻ ഭൂവുടകൾക്ക് താല് പര്യം ഇല്ലായിരുന്നു. അവരുടെ ഭൂമിയിൽ നിന്ന് വരു മാനം നേടുന്നതിൽ മാത്രമായിരുന്നു അവർ ശ്രദ്ധ ചെലുത്തിയത് അവകാശികളല്ലാത്ത കുടിയാൻമാർ വളരെ ഉയർന്ന വാടക കൊടുക്കേണ്ടി വരുകയും വീണ്ടും മുതൽ മുടക്കുന്നതിനുള്ള അധിക വരുമാന മോ പ്രോത്സാഹനമോ ലഭിച്ചിരുന്നില്ല.

പാട്ട പരിഷ്കരണ നിയമങ്ങൾ നടപ്പിലാക്കിയത് മൂന്ന് ലക്ഷ്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടായിരുന്നു:

(i) കുത്തകയെ നിയന്ത്രിക്കൽ;;

(ii) വാടകക്കാരന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ;

(iii) ഭൂവുടമകളിൽ നിന്ന് ഭൂമി കൈവശപ്പെടുത്തി അവയടെ ഉടമസ്ഥാവകാശം കുടിയാൻ മാർക്ക് നല്കാൻ.

സംസ്ഥാനങ്ങളിൽ പാട്ടത്തിനെടുക്കൽ നിയ ന്ത്രിക്കുകയും വിളവിന്റെ നാലിൽ ഒന്ന് മൂന്നിലൊ ന്നായി മാറ്റുകയും നിയമങ്ങൾ നടപ്പാക്കുകയും ചെയ്തു. എന്നാൽ ഇത് ഒരിക്കലും വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം മിച്ചമായിരിക്കുമ്പോൾ ഭൂമി പര്യാപ്തമല്ലായിരുന്നു. വിതരണത്തെക്കാൾ ആവശ്യം കൂടുതലുള്ള അന്തരീക്ഷത്തിൽ വില നിയന്ത്രിക്കാ ന ുള്ള നടപടികൾ ഫലപ്രദമായില്ല. മൊത്തത്തിൽ പ ാട്ടതുക ഓഫീസ് രേഖകൾ ഇല്ലാതെ പരോക്ഷ മായി ഉയർത്തിയതായിരുന്നു..

ഭൂപ്രഭുക്കൻമാർക്ക് ഏതുസമയവും നിലങ്ങളെ തിരിച്ചെടുക്കുമെന്നുള്ള അനിശ്ചിതത്വത്തിലായിരു ന്നുപാട്ടക്കാരുടെ ജീവിതം. പാട്ടപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ ഉടൻതന്നെ നിരവധി ഭൂവുടമകൾ ഭൂമി തിരിച്ച്പിടിച്ച് സ്വന്തമായി കൃഷിചെയ്യുന്നതായും കുടിയാൻമാരെ നിലങ്ങളിൽ ജോലിക്കാരായി അറി യിക്കുകയും ചെയ്തിരുന്നു. സമഗ്രവും നടപ്പിൽ വരു ത്താവുന്നതുമായഭൂപരിധിപദ്ധതിയുടെഅഭാവത്തിൽ പാട്ടപരിഷ്കരണ നിയമം ഫലപ്രദമാല്ലാതായി..

കേരളത്തിലേയും പശ്ചിമബംഗാളിലേയും ഭൂപ രിഷ്കരണ പ്രവർത്തനങ്ങൾ കാര്യമായ വിജയം കൈവരിച്ചു. ഫ്യൂഡലിസം (ഭൂപ്രഭുത്വം) നിർത്താക്കി യത് വിജയകരമാണെങ്കിലും കുടിയാൻമാർക്ക് ഉടമ സ്ഥാവകാശം നല്കുന്നത് സമ്മിശ്ര ഫലമായിരുന്നു..

(c) ഭൂപരിധി

നിയമപരമായിഓരോവ്യക്തികൾക്കുംകൈവശം വയ്ക്കാവുന്ന പരമാവധി ഭൂമിയുടെ അളവിനെയാണ് ഭൂപരിധി എന്നു പറയുന്നത്. ഇത് നടപ്പിലാക്കുന്നതിന് 1950 നു ശേഷം നിയമങ്ങൾ പാസാക്കി. തമിഴ്നാട്ടിൽ ആദ്യമായി 1961 ൽ ആണ് നടപ്പിലാക്കിയത്. 1972 വരെ ഈ വ്യക്തിത പരിധി നിലനിന്നിരുന്നു. 1972 നു ശേഷം അടിസ്ഥാന യൂണിറ്റ് എന്നത് ഒരു കുടുംബം എന്നാക്കി മാറ്റി അങ്ങനെ ഓരോ കുടുംബത്തിനും ഒരു നിശ്ചിത അളവ് ഭൂമിക്ക് അവകാശപ്പെട്ടവർ എന്ന് അവകാശം പക്ഷേ അത് നിർദ്ദിഷ്ട പരിധിയേക്കാൾ വളരെ കുറവായിരുന്നു.

ഭൂപരിധി നിയമത്തിൻ കീഴിൽ അളവ് നിശ്ചയി ക്കുന്നത് വളരെ സങ്കീർണ്ണമായ ഒരു നടപടിയായി രുന്നു. കാരണം ഭൂമിയുടെ ഗുണനിലവാരം ഏകീകൃത മല്ലായിരുന്നു. ജലസേചന സൗകര്യം ഉള്ളതും ഇല്ലാത്ത വരണ്ട ഭൂമിയും ഒറ്റവിള ഇരട്ടവിള ഉല്പാദി പ്പിക്കാവുന്ന നിലങ്ങൾ തമ്മിൽ വേർതിരിക്കേണ്ടതു ണ്ടായിരുന്നു. അതേ സമയം കരിമ്പിൻ തോട്ടം ഔഷധ സസ്യതോട്ടങ്ങൾ മേച്ചിൽഭൂമി, ചാരിറ്റബിൾ ട്രസ്റ്റുകളുടെ ഭൂമി എന്നിവയ്ക്ക് നിയമപരിധിയിൽ ഇളവു നൽകിയിരുന്നു. എന്നാൽ ഈ ഇളവുകൾ ദുർവിനിയോഗം ചെയ്ത് വ്യാജരേഖകൾ ഉണ്ടാക്കിയ കേസുകൾ വളരെ പ്രശംസനീയമായ ഈ ഉദ്യമത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

അവസാനം 65 ലക്ഷം ഹെക്ടർ ഭൂമി മാത്രമാണ് മിച്ചഭൂമിയായി ഏറ്റെടുത്തത്. ഏകദേശം 55 ലക്ഷ ത്തോളം കുടിയാൻമാർക്കായി ഇത് വിതരണം ചെയ്യ പ്പെട്ടു. ഒരു പാട്ടക്കാരന് ശരാശരി ഒരു ഹെക്ടറിൽ കൂടുതൽ നൽകി. വ്യക്തമായും, സമ്പന്നൻമാരായ ആദിപത്യ ജാതിക്കാർ അവരുടെ രാഷ്ട്രീയ ശക്തി കൊണ്ട് നിയമനിർമ്മാണത്തെ വീര്യം കുറയ്ക്കാനും, നശിപ്പിക്കാനും കഴിഞ്ഞു.

12th_History_MAL_Unit_9 FolderPixels.indd 118 2/28/2023 1:20:32 PM



വിനോബ ഭാവേ

വിനോബഭാവേ തന്റെ ഭൂമിധാന പ്രസ്ഥാനം മുഖേന വലിയ ഭൂപ്രമുഖൻമാരിൽ നിന്ന് ഉപരിയായിട്ടുള്ള നിലങ്ങളെ സ്വയം മുന്നോട്ടുവന്ന് കൊടുക്കാൻ ആവശ്യപ്പെട്ടതിന്റെ ഫലമായി പൊതുജന ശ്രദ്ധ ആകർഷിച്ചു.

(d) മൊത്തത്തിലുള്ള വിലയിരുത്തൽ

ഭൂപരിഷ്കരണ നിയമ നിർമ്മാണം മൊത്തത്തിൽ വലിയ വിജയമായിരുന്നില്ല. സാമ്പത്തികമായി പറഞ്ഞാൽ കൃഷിക്കാരുടെ ഉടമസ്ഥാവകാശത്തിൻ കീഴിൽ കാർഷിക മേഖലയുടെ അഭിവൃദ്ധിയെന്ന സ്വപ്നം വെറും സ്വപ്നമായി തന്നെ അവശേഷിച്ചു. കാര്യക്ഷമതയിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. അടുത്തകാലത്തായി സാങ്കേതിക വളർച്ചയുടെ പുരോഗതി കാരണം കൃഷിയും മേൻമ കൈവരിച്ചുവെങ്കിലും അത് ദീർഘകാല അടിസ്ഥാനത്തിൽ കാര്യക്ഷമമായി നിലനിർത്തുന്നതിന് ഒരു വിശാലമായ ഭൂവിപണി പ്രവർത്തിക്കുന്നത് സഹായകരമായിരിക്കും..

സാമൂഹിക നീതിയുടെ കാര്യത്തിൽ, സെമീന്ദാരിയുടെ അർത്ഥ ഫ്യൂഡൽ സമ്പ്രദായം നിർത്തലാക്കുന്നത് വളരെ ഫലപ്രദമായിരിക്കും. ഭൂപരിഷ്കരണ നടപടികൾ കർഷകരെ അവരുടെ അവകാശങ്ങളെ കുറിച്ച് കൂടുതൽ രാഷ്ട്രീയമായി ബോധവാൻമാരാക്കുകയും അവരെ ശാക്തീകരിക്കുകയും ചെയ്തു.

9.2 കാർഷിക പുരോഗതി

(a) ഹരിതവിപ്ലവം

1960 കളുടെ മധ്യത്തോടെ ഭക്ഷ്യ ഉല്പാദനവുമായി ബന്ധപ്പെട്ട സാഹചര്യം വളരെ ആശങ്ക ഉളവാക്കുന്നതായിരുന്നു. രാജ്യം ഭക്ഷ്യ ഉല്പന്നങ്ങളുടെ ഇറക്കുമതിക്ക് ഭീമമായ തുക ചെലവഴിക്കേണ്ടിവന്നു. ഭൂപരിഷ്കരണം ഭക്ഷ്യോത്പാദനത്തിൽ യാതൊരു സ്വാധീനവും ചെലുത്തിയില്ല. അതുകൊണ്ട് സർക്കാർ കാർഷിക പുരോഗതിക്ക് മറ്റു സാങ്കേതിക മാർഗ്ഗങ്ങൾ തേടി 1965 ൽ ഉയർന്ന ഉല്പാദന ശേഷിയുള്ള (HYV) നെല്ല്,ഗോതമ്പ് എന്നീ വിത്തുകൾ നല്ല ജലസേചന സൗകര്യമുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് കൃഷിയിറക്കി..

പരമ്പരാഗത കൃഷിയിൽ നിന്ന് വ്യത്യസ്തമായി (HYV) വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് ധാരാളം വെള്ളവും ട്രാക്ടറുകൾ, രാസവളങ്ങൾ,



ഇന്ത്യയിൽ ഹരിത വിപ്ലവം

കീടനാശിനികൾ എന്നിവയും ഉപയോഗിക്കേണ്ടതായി വന്നു. പ്രാരംഭ ഘട്ടത്തിലെ പദ്ധതി വിജയകരമായതിനാൽ രാജ്യം മുഴുവൻ (HYV) വിത്ത് വ്യാപിപിച്ചു. ഭക്ഷ്യോല്പാദനം വർദ്ധിപ്പിച്ച ഈ ശാസ്ത്രീയ കൃഷി രീതിയെ ഹരിതവിപ്ലവം എന്നറിയപ്പെടുന്നു. ഇത് വളത്തിന്റേയും കീടനാശിനിയുടേയും ആവശ്യകത ഉയർത്തുകയും വളരുന്നതിനും ഇടയാക്കി..

അവസാനമായി 20 വർഷങ്ങൾ കൊണ്ട് ഭക്ഷ്യ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചു. 1960-61 ൽ 35 മില്ല്യൺ ടണ്ണായിരുന്ന മൊത്ത അരി ഉല്പാദനം 2011-12 ൽ 194 മില്യൺ ടണ്ണായി ഉയർന്നു. ഗോതമ്പിന്റെ കാര്യത്തിൽ ഇതേകാലയളവിലെ വർദ്ധനവ് മനം കവരുന്ന തരത്തിൽ 11 ദശലക്ഷം ടണ്ണിൽ നിന്ന് 94 ദശലക്ഷം ടണ്ണായി ഉയർന്നിരുന്നു. ഉല്പാദനക്ഷമത കാര്യമായി വർദ്ദിച്ച് കൃഷിക്കാരിൽ നിന്ന് അധികമുള്ള ഉല്പന്നങ്ങൾ ശേഖരിച്ച് സർക്കാർ ഒരു വലിയ കരുതൽ ശേഖരം സൃഷ്ടിച്ചു. ഇതിനെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഇക). ഭക്ഷ്യ കലവറകളിൽ സൂക്ഷിച്ചു. ഇങ്ങനെ സൂക്ഷിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പൊതു വിതരണ സമ്പ്രദായത്തിലൂടെ (ജഉട) ജനങ്ങൾക്ക് ലഭ്യമാക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുകയും ചെയ്തു.

ഗണ്യമായ തോതിലുള്ള പാലിന്റെയും മുട്ടയുടെയും ഉല്പാദനം മറ്റൊരു സവിശേഷതയായിരുന്നു. ഇത് മുഖേന വരുമാന സംഘങ്ങളുടെ ഭക്ഷണരീതി കൂടുതൽ വൈദ്ധ്യവൽക്കരിക്കപ്പെട്ടു.

എങ്ങനെയായാലും ഹരിതവിപ്ലവം ഭക്ഷ്യോൽപദനത്തിന്റെ കാര്യത്തിൽ വൻവിജയമായിരുന്നുവെങ്കിലും ചില വിപരീത ഫലങ്ങളും ഉണ്ടായിരുന്നു. പ്രദേങ്ങളുടെ സാമ്പത്തികക്രമത്തിൽ അസമത്വം വർദ്ധിച്ചു. പതിറ്റാണ്ടുകൾ കൃഷിക്കാർക്കിടയിൽ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്ന പ്രവണത നിലനിന്നിരുന്നതിനാൽ വലിയൊരളവിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായി. ഇപ്പോൾ രാജ്യത്തിന്റെ പല പ്രദേശങ്ങളിലും വീണ്ടും ജൈവ കൃഷിയിലേക്ക് മടങ്ങുന്നതിനുള്ള അവസ്ഥ ഉണ്ടായി.

12th_History_MAL_Unit_9 FolderPixels.indd 119 2/28/2023 1:20:33 PM

ഇതിൽ നിന്ന് ഉൾകൊള്ളേണ്ടതെന്തെന്നാൽ വികസനം ഒരു പരിധിവരെ എത്തിയെന്നുള്ളതാണ്.

(b) ഗ്രാമ വികസന പദ്ധതികൾ

1970 കളിൽ കാർഷിക വ്യാവസായിക വളർച്ചയുടെ സമഗ്ര വികസന വേളകളിലും ദാരിദ്ര്യത്തിന്റെ അളവ് കുറഞ്ഞിരുന്നില്ല. വികസനം ദാരിദ്ര്യ പ്രശ്നത്തിന്പരിഹാരമാകുമെന്ന ധാരണയഥാർത്ഥ്യമായില്ല. മാത്രമല്ല ജനസംഖ്യയുടെ പകുതിയിലേറെപേർ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ് ജീവിക്കുന്നതെന്ന് കണ്ടറിയപ്പെട്ടു. (ഒരു വ്യക്തിയുടെ നിലനിൽപ്പിന് ആവശ്യമായ കലോറി പ്രധാനം ചെയ്യുന്ന ആഹാര സാധനങ്ങൾ വാങ്ങുന്നതിന് ചിലവിനെ ആധാരമാക്കിയാണ് ദാരിദ്ര്യരേഖ നിർവചിക്കപ്പെട്ടിരിക്കുന്നത്) ജനസംഖ്യ വർദ്ധനവിന് അനുസരിച്ച് വ്യക്തികളുടെ ദാരിദ്ര്യശതമാനംകൂടിയില്ലെങ്കിലുംദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന വ്യക്തികളുടെ എണ്ണം കൂടുകയുണ്ടായി..

ഗ്രാമങ്ങളിലും നഗരങ്ങളിലും ദാരിദ്ര്യം നിലനിന്നിരുന്നു. ജനസംഖ്യയുടെ നാലിൽ മൂന്നുഭാഗവും ഗ്രാമങ്ങളിൽ ആയിരുന്നതിനാൽ ഇവിടത്തെ ദാരിദ്ര്യ പ്രശ്നം വളരെവേഗം ശ്രദ്ധചെലുത്തേണ്ട വിധം ഗുരുതരമായിരുന്നു. ചില പ്രത്യേക സമൂഹ സംഘടനകൾ ചെറിയതും അടിസ്ഥാന വ്യവസായികളും, ഭൂരഹിതരും വിഭവങ്ങളുടെ അഭാവമുള്ള പ്രദേശങ്ങളിലേക്ക് ഒതുക്കപ്പെട്ട വിഭാഗക്കാർ, ജലസേചനമില്ലാത്തതും ഗുണമേൻമയില്ലാത്ത പ്രദേശങ്ങളിലേയും ജനങ്ങൾ കൃഷിക്കാർ പോലുള്ള സമൂഹത്തിന്റെ ഇടയിൽ ദാരിദ്ര്യത്തിന്റെ അളവ് വളരെ കൂടുതലായിരുന്നു.

ഗ്രാമീണ ദാരിദ്ര്യം പരിഹരിക്കപ്പെടുന്നതിന് സർവ്വതല സ്പർശിയായ ഒരു ഗ്രാമവികസന പദ്ധതിക്ക് സർക്കാർ രൂപം നൽകി. ഇതിൽ ചെറുകിട നാമമാത്ര കർഷകർ പോലുള്ളവരുടെ വളർച്ച ലക്ഷ്യവെച്ചുള്ള സാമൂഹ്യ വികസന പരിപാടികൾ ഉൽപ്പെടുത്തുകയും പ്രാദേശിക ഭരണകൂടങ്ങൾക്ക് രൂപ നല്കുന്ന പഞ്ചായത്ത് രാജ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. ഗ്രാമീണ ജനതയ്ക്ക് കാർഷിക വരുമാനം വർദ്ധിക്കുംവിധം അദിക വിഭവ വരുമാനം നല്കുന്നതിന് ഊന്നൽ നൽകി. രണ്ട് പ്രധാന പദ്ധതികൾ വിശദമായി ചുവടെ ചേർക്കുന്നു..

സംയോജിത ഗ്രാമവികസന പദ്ധതി (IRDP), 1980–1999

1980 ൽ സംയോജിത ഗ്രാമ വികസന പദ്ധതിയെന്ന പേരിൽ ഒരു ശക്തമായ ഗ്രാമീണ വികസന പദ്ധതി അവതരിപ്പിച്ചു. ഗ്രാമീണ ജനതയ്ക്ക് അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സ്വത്തുക്കൾ നല്കുക എന്നതായിരുന്നു ആവശ്യം അങ്ങനെ അവർക്ക് ദാരിദ്ര്യത്തിൽ നിന്ന് രക്ഷനേടാൻ കഴിയും. ഭൂനിലങ്ങൾ മേൻമപ്പെടുത്തൽ, ക്ഷീരോല്പാദനത്തിനുള്ള പശുക്കൾ, ആടുകൾ എന്നിവയുടെ വിതരണം ചെറുകിട സ്ഥാപനങ്ങളും അനുബന്ധ കച്ചവടങ്ങൾക്കുള്ള സഹായം എന്നിവയായിരുന്നു. ഇതിലുള്ളത്. രാജ്യത്തെ 5011 ബ്ലോക്കുകളിലും ഉൾപ്പെടുത്തി ലക്ഷ്യം വച്ചത് ഓരോ ബ്ലോക്കിലും 600 കുടുംബങ്ങൾ വീതം അഞ്ചു വർഷത്തേക്ക് (1980-85)മൊത്തം 15 ദശലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുക എന്നതായിരുന്നു.

പ്രധാന മൂലധന ചെലവിൽ വായ്പകളും സബ്സിഡികളും (കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ആസ്തിയുടെ മൂലധനചിലവ് വിഭജിച്ചിരിക്കുന്നു) ഉൾപ്പെട്ടിരുന്നു. സഹായം സ്വീകരിക്കുന്ന കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സബ്സിഡിയുടെ അളവ് വ്യത്യാസപ്പെട്ടിരുന്നു. ചെറുകിട കർഷകർക്ക് 25 ശതമാനവും നാമമാത്ര കർഷകർക്കും കാർഷികതൊഴിലാളികൾക്കും33.3ശതമാനവുംആദിവാസികുടുംബങ്ങൾക്ക് 50 ശതമാനവും ആയിരുന്നു സബ്സിഡി നിരക്ക് ആസ്തി തുകയുടെ ബാക്കി തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ബാങ്കുകൾ വായ്കളായി നല്കിയിരുന്നു. 1999 വരെ 53.5 ദശലക്ഷം കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

ക്ഷീരമൃഗങ്ങൾക്ക് 50 ശതമാനം, കാർഷികേതര പ്രവർത്തനങ്ങൾക്ക് 25ശതമാനവും ചെറുകിട ജലസേചന പദ്ധതികൾക്ക് 15 ശതമാനവും എന്നിങ്ങനെയായിരുന്നു. ആസ്തി വിഭജിച്ചിരുന്നത്. ഐ.ആർ.ഡി.പി യുടെ പ്രവർത്തനവുംഫലവും പല സാമ്പത്തിക വിദഗ്ദരും സർക്കാർ സ്ഥാപനങ്ങളും വിലയിരുത്തി. ഈപഠനങ്ങൾ അന്തിമഫലത്തെ കുറിച്ച് നിരവധി ചോദ്യങ്ങൾ ഉയർത്തി..

ഗുണഭോക്താക്കളെതിരിച്ചറിയുന്നതിനുള്ള ശരിയായ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ അഭാവം, ഓരോ വീടിനും വേണ്ടത്ര നിക്ഷേപം, പദ്ധതിയുടെ നടപ്പാക്കൽ ഓഡിറ്റിന്റെ അഭാവം, തിരിച്ചറിഞ്ഞ ഗുണ ഭോക്താക്കളെ ദാരിദ്ര രേഖയ്ക്കു മുകളിലേക്ക് ഉയർത്തുന്നതിലെ പ്രാദേശിക അസമത്വം എന്നിവ ഒരു പ്രധാന പ്രശ്നമായിരുന്നു.

പരിമിതമായ വിജയം കണക്കിലെടുത്ത് ഈ പദ്ധതിയെ 1999 ൽ പുനസംഘടിപ്പിച്ച് ദരിദ്രരായ ഗ്രാമവാസികൾക്ക് സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കും വിധം രൂപമാറ്റം വരുത്തി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2005 (MGNREGA)

ഇന്ത്യയിൽ തുടർച്ചയായി പലവർഷങ്ങളിലായി കൈകൊണ്ട തീവ്ര പരിശ്രമങ്ങളുടെ ഫലമായി, ദാരിദ്ര്യ പരിധിക്ക് താഴെയുള്ള കുടുംബങ്ങളുടെ ശതമാനം ഗണ്യമായി കുറഞ്ഞു. തൊഴിലവസരങ്ങൾ

12th_History_MAL_Unit_9 FolderPixels.indd 120 2/28/2023 1:20:33 PM

സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ മുഖേന ഗ്രാമ പുറങ്ങളിലെ ദാരിദ്ര്യം അകറ്റാൻ കഴിയുമെന്നത് അംഗീ കരിക്കപ്പെട്ടു. കഴിഞ്ഞപല വർഷങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പല പദ്ധതികൾ ആവിഷ്കരിച്ചു. അത്തരത്തിൽ പലതിനേയും തൊഴിലുറപ്പ് പദ്ധതിയിൽ ലയിപ്പിച്ചു, ഇത് ഇപ്പോൾ രാജ്യത്തെ മുന്നിൽ നിൽക്കുന്നത് ഈ പദ്ധതിയാണ്..



ദേശീയ ഗ്രാമീണ തൊഴി ലുറപ്പുനിയമം (പിന്നീട്മഹാ ത്മാ ഗാന്ധി ദേശീയ ഗ്രാമീ ണ തൊഴിലുറപ്പ് നിയമം MGNREGA എന്ന് പുനർ നാമകരണം ചെയ്തു) 2005 ൽ പാസാക്കി. ഇതി ന്റെ ലക്ഷ്യം ഗ്രാമപ്രദേശങ്ങളി ലെ പാവപ്പെട്ട കുടുംബങ്ങ ളുടെ ജീവിത നിലവാര ത്തെ സംരക്ഷിക്കുക എന്ന തായിരുന്നു. ഓരോ കുടും ബത്തിലേയും മുതിർന്ന അംഗങ്ങൾക്ക് നൈ പുണ്യം ഇല്ലാത്ത സ്വമേധയാലുള്ള ജോലികൾ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ഓരോ വർഷവും കുറഞ്ഞത് 100 ദിവസത്തെ വേതന തൊഴിൽ നല്കികൊണ്ടാണ് ഇത്കൈവരിച്ചത്. ഓരോ വർഷവും മൂന്ന് മാസങ്ങൾക്ക് കാർഷിക ജോലികൾ ഇല്ലാത്ത സമയങ്ങളിൽ ഒരു ജോലിയും ലഭിക്കാത്ത പാവ പ്പെട്ട ഗ്രാമീണ കുടുംബ ങ്ങൾക്ക് ഇത് ഒരു ആശ്വാസം ആയിരിക്കും. ഈ പദ്ധതിയുടെ കീഴിൽ നടക്കുന്ന പ്രവ ർത്തനങ്ങൾ ഗ്രാമ പ്രദേശങ്ങളിൽ റോഡുകൾ, കനാ ലുകൾ, ചെറുകിട ജലസേചന ജോലികൾ തുടങ്ങി ദീർ ഘ കാലം പ്രയോജനം തരുന്ന ജോലികൾ സൃഷ്ടിക്കും.

മുൻമ്പു ലക്ഷ്യമിട്ട ഗ്രാമവികസന പദ്ധതികൾ ദാരിദ്ര്യരേഖയ്ക്കു താഴേയുള്ള കുടുംബങ്ങളെ തിരി ച്ചറിയുന്നതിനും യോഗ്യത ഇല്ലാത്ത കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിനും അടിസ്ഥാനമാക്കിയാണ് എന്ന് നിരവധി പരാതികൾ ഉയർന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ബാധകമാണ്. കാരണം ഇത് സ്വയം ലക്ഷ്യമിടുന്ന ഒരു പദ്ധതിയെന്ന തോടൊപ്പം വിദ്യാഭ്യാസമുള്ളവരോ സൗകര്യമുള്ള പശ്ചാത്തലമുള്ളവരോ മിനിമം വേതനത്തിനായി സ്വമേധയാ അധ്വാനിക്കാൻ മുന്നോട്ടുവരില്ല.

മുമ്പത്തെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ ഗ്രാമീണ ദരിദ്രർക്ക് തൊഴിൽ ചോദിക്കാ നുള്ള അവകാശം ഇല്ലായിരുന്നു. ഈ നിയമത്തിന്റെ പ്രധാന സവിശേഷത എന്നത് അവർക്ക് ജോലി ചോദിക്കാനുള്ള അവകാശം നിയമപരമായി ലഭിച്ച താണ്. ഈ പദ്ധതി ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്നു. ജോലി ആവശ്യമുള്ളവർ അപേക്ഷ നൽകണം. അവർക്ക്ജോലിക്കായുള്ളകാർഡ്നൽകും. പതിനഞ്ചു ദിവസത്തിനുള്ളിൽ തദ്ദേശവകുപ്പ് ഉദ്യോ ഗസ്ഥർ അവർക്ക് ജോലി നൽകണം. അല്ലാത്തപക്ഷം അപേക്ഷകന് തൊഴിലില്ലായ്മ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ട്. ജോലി ചെയ്യുന്ന സ്ഥലം എന്നത് അപേക്ഷകന്റെ വീട്ടിൽ നിന്ന് അഞ്ച് കിലോമീറ്റർ ദൂരത്തിനുള്ളിലായിരിക്കണം.

ഈ പദ്ധതികളിൽ കരാറുകാരെ ഉൾപ്പെടുത്തേ ണ്ടതില്ല. ഇടനിലകാർ തങ്ങളുടെ ലാഭത്തെ ജോലി ചെയ്യുന്നവരുടെ ശമ്പളത്തിൽ നിന്നും എടുക്കുന്നതു തടയാനായിരുന്നു ഈ സംവിധാനം. മൂലധന നിക്ഷേ പത്തിലുള്ള വേതനത്തിന്റെ അനുപാതം 60:40 ആയി രുന്നു. ജോലി ചെയ്യുന്ന തൊഴിലാളികളിൽ മൂന്നിൽ ഒരു ഭാഗം സ്ത്രീകളായിരിക്കണം സ്ത്രീകൾക്കും പുരുഷ ൻമാർക്കും ഒരേ രീതിയിലുള്ള വേതനം നൽകണം.

പൊതുജന ക്ഷേമപദ്ധതികൾ ശരിയായി നടപ്പി ലാക്കുന്നതിനെ കുറിച്ച്പഠനങ്ങൾനടത്തുന്നു. തൊഴി ലാളികളുടെ വിലപേശൽ ശേഷി വർദ്ധിച്ചതോടെ കാർ ഷിക ജോലികൾക്കുള്ള വേതനം വർദ്ധിച്ചു. വ്യവസാ യ തൊഴിലുകൾ ഇല്ലാത്ത സമയത്തും വരൾച്ചയുടെ യും കാലഘട്ടത്തിൽ കാർഷിക തൊഴി ലാളികളുടെ ന ഗരങ്ങളിലേക്കുള്ള കുടിയേറ്റം ഇതു കുറച്ചു. ഈ പ്രവർ ത്തനങ്ങളിൽ ധാരാളം സ്ത്രീകൾ പങ്കെടുക്കുന്നു വെന്നും പ്രോഗ്രാം അവരെ ശാക്തികരിച്ചതും ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമാണ്.

തൊഴിലാളികളുടെ വേതനം ബാങ്ക് അക്കൗണ്ട് കളിലോ പോസ്റ്റാഫീസ് അക്കൗണ്ട്കളിലോ നേരിട്ട് അടയ്ക്കുന്നു. സിവിൽ സൊസൈറ്റി ഓർഗനൈ സേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, രാഷ് ട്രീയ പ്രതിനിധികൾ എന്നിവരുടെ ഇടപെടലും സിവിൽ സർവ്വീസുകാരുടെ പ്രതികരണ മനോഭാവവും തമിഴ് നാട്, ആന്ധ്രപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാ നങ്ങളിൽ MGNREGA പ്രവർത്തനം മെച്ചപ്പെടുത്തി, കാര്യക്ഷമത 97 ശതമാനം വരെ വർദ്ധിച്ചു.

2006 മുതൽ 2012 വരെയുള്ള കാലയളവിൽ 110,000 കോടിരൂപ വേതനമായി നേരിട്ട് വിതരണം ചെയ്തു. 1200 കോടി മനുഷ്യ പ്രവൃത്തി ദിവസങ്ങൾ സൃഷ്ടിച്ചു. തിരിച്ചടികൾക്കിടയിലും ഗ്രാമീണദരിദ്രരും സിവിൽ സമൂഹവും തമ്മിലുള്ള ഉയർന്ന അവബോധം കാരണം പദ്ധതിയുടെ നടപ്പാക്കൽ മെച്ചപ്പെട്ടു. ഈ പദ്ധതി വളരെ വലിയ അളവിൽ ചിലവിന്റെ ഫലമായി ഫണ്ടിംഗ് കുറവുണ്ടായതായി ചില വിമർശകർ വിശ്വസി ക്കുന്നുണ്ടെങ്കിലും പദ്ധതി ജനപ്രീയമായി മാറി. എല്ലാ വർഷവും ഗ്രാമീണ ജനസംഖ്യയുടെ നാലിലൊന്ന് കുടുംബം ഈ പദ്ധതിയിൽ പങ്കെടുക്കുന്നു.

12th_History_MAL_Unit_9 FolderPixels.indd 121 2/28/2023 1:20:33 PM

9.3 വ്യവസായ വളർച്ച

സാമ്പത്തിക വികസനത്തിനായി ദ്രുതഗതിയിലുള്ള വ്യാവസായ വളർച്ചയെ പ്രോത്സാഹാപ്പിക്കുക എന്ന ആശയത്തിനെ ഇന്ത്യ പ്രതിജ്ഞാബദ്ധമായിരുന്നു. നിരവധി പാതകളിലൂടെ വികസനം കൈവരിക്കാൻ കഴിയും. ധാരാളം അസംസ്കൃത വസ്തുക്കൾ വളർത്തുന്നതോ ലഭ്യമായതോ ആയ ഒരു വലിയ ജന സംഖ്യയുള്ള ഇന്ത്യയെ പോലുള്ള ഒരു രാജ്യത്ത്, കൂടുതൽ അധ്വാനമുള്ള സംസ്കരണ വ്യവസായങ്ങളും, വ്യാവസായിക വളർച്ചയ്ക്ക് കാരണമായി. മറ്റൊരു വിധത്തിൽ ഗാന്ധിയൻ മാതൃക ഗ്രാമീണ, കുടിൽ വ്യവസായങ്ങളുടെ വളർച്ച കൈവരിക്കാൻ കഴിഞ്ഞു കുടിൽ വ്യവസായങ്ങൾ ഉപഭോകതൃ വസ്തുക്കൾ ഉല്പാദിക്കുകയാണെങ്കിൽ അത് ഗ്രാമീണ ദാരിദ്ര്യവും തൊഴിലില്ലായ്മയും ലഘൂകരിക്കുമെന്ന ആശയം മുൻമ്പോട്ടു വച്ചു.

എന്നാൽ വൈവിധ്യമാർന്ന വ്യവസായങ്ങളുടെ പുരോഗതിക്കായി വലിയ തോതിലുള്ള വൻകിട വ്യവസായങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നെഹ്റുവിന്റെ മാതൃക സർക്കാർ സ്ഥീകരിച്ചു. ഒരു സോഷ്യലിസ്റ്റ് സമൂഹത്തിന്റെ അടിസ്ഥാന തത്വത്തിന്അനുസൃതമായി, സംസ്ഥാനത്തിന്റെപൂർണ്ണ ഉടമസ്ഥതയിലുള്ള യൂണിറ്റുകൾ സ്ഥാപിച്ചതിലൂടെ വ്യാവസായിക മേഖലയെ വികസിപ്പിക്കുന്നതിൽ രാജ്യം ഒരു പ്രധാന പങ്കുവഹിച്ചു. വ്യവസായങ്ങളും വളർച്ചയ്ക്കായ് യന്ത്രങ്ങൾ, രാസവളങ്ങൾ, രാസവസ്തുക്കൾ തുടങ്ങി ഉരുക്ക്, ഇന്റർമീഡിയറ്റ് ഉൽപന്നങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുക. എന്നിവ വൻകിട വ്യവസായത്തിന് ഊന്നൽ നൽകി. ഈ വികസന മാതൃകയിലൂടെ കൈവരിക്കാൻ ആവുന്ന സാമൂഹിക ലക്ഷ്യം സ്വകാര്യ മൂലധനത്തെ ചൂഷണപരമായും അമിതമായി ലാഭം അടിസ്ഥാപമാക്കിയുള്ളതുമായി പരിമിതപ്പെടുത്തുക എന്നതായിരുന്നു, അത് ഒരു ചെറിയ വിഭാഗം മുതലാളിമാർക്ക് പ്രയോജനം ചെയ്തു.

(a) വ്യാവസായിക നയം

ഈ ലക്ഷ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി തുടർച്ചയായ വ്യാവസായിക നയ പ്രസ്താവനകൾ സ്വീകരിച്ചു. ആദ്യത്തെ നയപ്രസ്ഥാവന 1948 ൽ ആണ് നടത്തിയത് ഇത് വ്യവസായങ്ങളെ നാലു വിഭാഗങ്ങളായി തരം തിരിച്ചു:

1. തന്ത്രപരമായ വ്യവസായങ്ങൾ ഗവൺമെന്റിന്റെ കുത്തകാവകാശമായിരിക്കും (അണുശക്തി, റയിൽവേ, സൈനീകതാവളങ്ങൾ);
2. സർക്കാർ നിയന്ത്രണത്തിലുള്ള ദേശീയ പ്രാധാന്യമുള്ള 18 വ്യവസായങ്ങൾ (ഭാരമുള്ള യന്ത്രങ്ങൾ, വളം, വീര്യമുള്ള രാസവസ്തുക്കൾ, യുദ്ധ ഉപകരണങ്ങൾ മുതലായവ);;
3. പൊതുമേഖലകളിലേയും സ്വകാര്യമേഖലകളിലേയും വ്യവസായങ്ങൾ;
4. സ്വകാര്യ മേഖലകളിലെ വ്യാവസായങ്ങൾ.

വ്യവസായങ്ങളെ മൂന്ന് വിഭാഗങ്ങളായി തിരിക്കുന്ന 1956 ലെ വ്യാവസായിക നയ പ്രഖ്യാപനമാണ് ഏറ്റവും കൃത്യമായ നയപ്രഖ്യാപനം പട്ടിക A വ്യവസായങ്ങൾ ഗവൺമെന്റിന്റെ കുത്തകാവകാശമായിരുന്നു. പട്ടിക B യിൽ ഉൾപ്പെട്ട തൊഴിൽശാലകൾ ഗവൺമെന്റ് പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ കഴിയും. എന്നാൽ സ്വകാര്യ മേഖലയ്ക്ക് അവരുടെ യൂണിറ്റുകൾ സ്ഥാപിക്കാനും വിപുലീകരിക്കാനും കഴിയും, പട്ടിക C യിൽ ബാക്കിയുള്ള വ്യവസായ ശാലകൾ അടങ്ങിയിരുന്നു.

1951 ൽ പാസാക്കിയ തൊഴിൽ പുരോഗതിയും നിയന്ത്രിത നിയമം സ്വകാര്യ മേഖലയെ നിയന്ത്രിക്കുന്ന പ്രധാന ഉപകരണമാണ്. പുതിയ വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കാനോ നിലവിലുള്ള യൂണിറ്റുകളുടെ ശേഷി സർക്കാരിന്റെ ലൈസൻസോ പെർമിറ്റോ ഇല്ലാതെ വിപുലീകരിക്കാനോ പടില്ലായെന്ന് ഈ നിയമം അനുശാസിക്കുന്നു..

1973 ൽ പുറപ്പെടുവിച്ച നയ പ്രസ്താവന വികസനത്തിൽ കാണുന്ന പ്രാദേശിക അസന്തുലിതാവസ്ഥ കുറയ്ക്കുന്നതിനുള്ള ഉദ്ദ്യേശത്തോടെ ഗ്രാമീണ, പിന്നോക്ക മേഖലകളിൽ വലിയ വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിച്ചു. ഗ്രാമീണ, ഗ്രാമ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹ്രസ്വകാല ജനതാ സർക്കാർ 1977 ലെ നയ പ്രസ്താവന രൂപപ്പെടുത്തി ഇത് ഗ്രാമീണ, ഗ്രാമ പ്രദേശങ്ങളെ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ചെറുകിട വ്യവസായങ്ങളുടെ വളർച്ചയേയും ലക്ഷ്യ മിട്ടിരിക്കുന്നു.

സമതുലിതമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കോൺഗ്രസ്സ് സർക്കാർ 1980 നയപ്രസ്താവന പ്രഖ്യാപിച്ചു. അല്ലാത്തപക്ഷം ഈ പ്രസ്താവനകളെല്ലാം ശക്തമായ ഒരു പൊതുമേഖലയുടെ പ്രത്യയശാസ്ത്രത്തെ തുടർന്നു. വിപണി സമ്പദ്വ്യവസ്ഥയിലേക്ക് നുഴഞ്ഞു കയറിയ മറ്റു ഇടപെടലുകളും ഉണ്ടായിരുന്നു. ശക്തമായ സർക്കാർ ഉടമസ്ഥതയിലുള്ള പൊതു സ്വകാര്യ മേഖലകളിലും പ്രത്യേകിച്ച് വൻകിട കച്ചവടത്തിലും നിയന്ത്രണം ചെലുത്തി.

വിപണി സമ്പദ്വ്യവസ്ഥയിലേക്ക് നുഴഞ്ഞു കയറിയ മറ്റു ഇടപെടലുകളും ഉണ്ടയിരുന്നു. ഉദാഹരണത്തിന്, സ്വകാര്യ മേഖലയിൽ ഉല്പാദിപ്പിക്കുന്ന സിമന്റു പോലുള്ള ഉല്പന്നങ്ങൾ റേഷൻ സമ്പ്രദായത്തിനു കീഴിൽ കൊണ്ടുവന്നു. വീടുകൾ നിർമ്മിക്കാൻ വ്യക്തികൾ അനുമതി വാങ്ങേണ്ടതുമായിരുന്നു. ലൈസൻസിംഗ് നയപ്രകാരം ഉപഭോക്തൃ വസ്തുക്കളുടെ ഉൽപാദനം കർഷനമായി നിയന്ത്രിച്ചു. സമൂഹത്തിലെ സമ്പന്നരും നിരാലംബരും തമ്മിലുള്ള ഉപഭോഗ അസമത്വം സന്തുലിതമാക്കുന്ന ഒരു പ്രത്യയശാസ്ത്രത്തിന്റെ ആവിഷ്കാരമാണിത്. അതേ സമയം, ദീർഘകാല സാമ്പത്തിക വളർച്ചയ്ക്ക് വശ്യമായ സൈനീക വ്യവസായങ്ങൾക്ക് ഉരുക്ക്, സിമെന്റ് മുതലായ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കാമെന്ന് ഇത് ഉറപ്പു വരുത്തി.

പല പ്രധാന വ്യവസായങ്ങളും സേവനങ്ങളും അടുത്തിടെ ദേശസാൽക്കരിക്കപ്പെട്ടു. കൽക്കരിഖനനം.

12th_History_MAL_Unit_9 FolderPixels.indd 122 2/28/2023 1:20:33 PM

പെട്രോളിയം കമ്പനികൾ, ബാങ്കിംഗ്, ഇൻഷുറൻസ് സേവനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങളിൽ ചിലതിലേക്ക് സ്വകാര്യ പ്രവേശകരെ സമീപ കാലങ്ങളിൽ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

(b) പൊതുമേഖല

1951 ൽ ഇന്ത്യയിൽ അഞ്ച് പൊതുമേഖല സംരംഭങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 2012 ആയപ്പോഴേക്കും ഇത് 225 ആയി ഉയർന്നു. മൂലധന നിക്ഷേപം 1951 ൽ 29 കോടിയിൽ നിന്ന് 2012 ൽ 7.3 ലക്ഷം കോടിയായി ഉയർന്നു. പൊതു മേഖല സംരംഭങ്ങളുടെ സ്ഥാപനം വൻകിട വ്യവസായത്തിൽ രണ്ട് പരിഗണനകൾ നിർദ്ദേശിച്ചു. ഒന്നാമതായി, പ്രത്യയ ശാസ്ത്രത്തിൽ, സമ്പദ്വ്യവസ്ഥയുടെ മേൽ ഭരണകൂടത്തിന്റെ ഉയർന്ന തലത്തിലുള്ള ഒരു സോഷ്യലിസ്റ്റ് വികസന രീതിയിൽ സർക്കാർ പ്രതിജ്ഞാബദ്ധമായിരുന്നു. എന്നാൽ കൂടുതൽ പ്രായോഗിക തലത്തിൽ വൻകിട വ്യാവസായിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം സർക്കാരിന് ഏറ്റെടുക്കേണ്ടിവന്നു, അത് വളരെ ഉയർന്ന നിക്ഷേപം ആവശ്യമാണ്. മാത്രമല്ല ഈ പദ്ധതികൾ ഉല്പാദനം ആരംഭിക്കുന്നതിന് പലവർഷങ്ങൾ ആവശ്യമായി വരും, അതിനാൽ ഇവ നീണ്ട കാല നിർമ്മാണ പദ്ധതികൾ എന്നറിയപ്പെട്ടു.

1950 കളിൽ സ്വകാര്യ മേഖലയ്ക്ക് അത്തരം നിക്ഷേപങ്ങളിലേക്ക് പ്രവേശിക്കാനുള്ള വിഭവങ്ങളോ സന്നദ്ധതയോഉണ്ടായിരുന്നില്ല. ഭിലായ് (ഛത്തീസ്ഗർ), റൂർക്കേല (ഒഡീഷ), ദുർഗാപൂർ (പശ്ചിമബംഗാൾ), ബൊക്കാരോ (ജാർഖണ്ഡ്) മുതലായ സ്ഥലങ്ങളിൽ ഉരുക്ക് തൊഴിൽശാലകളും 1950 കളിൽ ബ്രിട്ടൻ, ജർമ്മനി, റഷ്യ എന്നീ രാജ്യങ്ങളുടെ സഹകരണത്തോടും സാങ്കേതിക സഹായത്തോടുകൂടി ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ യന്ത്ര ഉപകരണങ്ങൾ വിദഗ്ദ്ധ തൊഴിൽ ശാലകളും സ്ഥാപിച്ചു..

വ്യാവസായിക, സാമ്പത്തിക വികസനത്തിലെ പ്രാദേശിക അസമത്വം കുറയ്ക്കുന്നതിനായി അസംസ്കൃത വസ്തു സ്രോതസ്സുകൾക്ക് സമീപം സ്ഥാപിക്കേണ്ടിയില്ലാത്ത സ്ഥാപനങ്ങൾ പിന്നോക്ക പ്രദേശങ്ങളിൽ സ്ഥാപിച്ചു. ആദ്യം ഭോപ്പാലിലും പിന്നീട് തിരിച്ചിറാപ്പള്ളി, ഹൈദ്രാബാദ്, ഹരിദ്വാർ എന്നിവിടങ്ങളിലും സ്ഥാപിച്ചു. ഒറീസ, ബീഹാർ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ താരതമ്യേന പിന്നോക്ക സ്ഥലങ്ങളിലാണ് സ്റ്റീൽ പ്ലാന്റുകൾ സ്ഥാപിച്ചത്. പൊതു മേഖലാ സ്ഥാപനങ്ങളും ദേശീയ ഐക്യനാവിന് സംഭാവന നല്കി, കാരണം അവരുടെ ലാഭം കേന്ദ്ര സർക്കാരിന്റെ ഭാഗമാണ്. അങ്ങനെ പൊതുമേഖലയുടെ വളർച്ച രാജ്യത്ത് വ്യാവസായിക ശേഷി സൃഷ്ടിക്കുന്നതിനൊപ്പം നിരവധി സാമ്പത്തിക സാമൂഹിക ആവശ്യങ്ങളേയും പൂർത്തീകരിച്ചു.



ഉരുക്ക്ശാല ബൊക്കാറോ



ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡ് തിരുച്ചിറാപ്പള്ളി

(c) പൊതുമേഖലാ വ്യാവസായിക മേഖലകളിലെ പ്രതിസന്ധികൾ

1991 ൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഗുരുതരമായപ്രശ്നങ്ങൾഅഭിമുഖീകരിച്ചിരുന്നുവെന്ന്വ്യക്തമാണ്. മൊത്തത്തിൽ അവർ ലാഭം കാണിക്കുമ്പോൾ, ലാഭത്തിന്റെ പകുതിയോളം പെട്രോളിയം കമ്പിനികളാണ് നൽകിയത്. പലതൊഴിൽ ശാലകൾക്കും നഷ്ടം തുടർന്നു. ടൂറിസം, ഹോസ്റ്റലുകൾ, ഉപഭോക്തൃവസ്തുക്കൾ തുടങ്ങിയ സൈനീകേതര മേഖലകളിലേക്ക് പൊതുമേഖല വ്യാപിച്ചതാണ് പ്രശ്നത്തിന്റെ ഒരു ഭാഗം ഉദാഹരണത്തിന് 1970 കളിൽ ടെലിവിഷൻ മാത്രമാണ് പൊതുമേഖലാ കമ്പിനികൾ നിർമ്മിച്ചത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുംവിവിധ ഘടകങ്ങൾകാരണമായി. കമ്പനികൾ എവിടെ സ്ഥാപിക്കണം എന്നതിനെ കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നു. നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കാലതാമസം ചെലവ് വർദ്ധിപ്പിക്കുകയും മൂലധന നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്തു. ഭരണ ചിലവുകൾ എല്ലായ്പ്പോഴും താങ്ങാനായില്ല, പൊതുമേഖലാ കമ്പിനികൾ ഉല്പാദിപ്പിക്കുന്ന ഇന്റർമീഡിയറ്റ് ഉൽപന്നങ്ങൾ സ്വകാര്യ മേഖലകളിലെ ഇൻപുട്ടുകളായി ഉപയോ.ഗിക്കുമ്പോൾ അർത്ഥമില്ല. പൊതുമേഖലാ കമ്പിനികളിൽ ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ആളുകളെ നിയമിച്ചു. വൻകിട തൊഴിൽ സ്ഥാപനങ്ങളുടെ സാങ്കേതിക വിദ്യക്കായി നിരവധി തൊഴിലാളികൾ ആവശ്യമില്ലെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അമിതമായി ജോലി ചെയ്യേണ്ടിവന്നു. ഇത് യൂണിറ്റുകളുടെ പ്രവർത്തന ചിലവ് വർദ്ധിപ്പിക്കുന്നു. ബ്യൂറോക്രാറ്റുകളെ പൊതു സംരംഭങ്ങളുടെ നടത്തിപ്പ് ചുമതലപ്പെടുത്തി. ഇത് മാനേജ്മെന്റിന്റെ കഴിവില്ലായ്മയിലേക്ക് നയിച്ചു.

12th_History_MAL_Unit_9 FolderPixels.indd 123 2/28/2023 1:20:33 PM

ഈ പ്രവർത്തനങ്ങൾ എല്ലാം തിരിച്ചറിഞ്ഞ നഷ്ടമു ണ്ടാക്കുന്നതും തന്ത്രപരമല്ലാത്തതുമായ സ്ഥാപന ങ്ങളുടെ ഓഹരി വിറ്റഴിക്കൽ പദ്ധതി 1991 ൽ സർക്കാർ ആരംഭിച്ചു..

എല്ലാ പോരായ്മകൾക്കിടയിലും വൻകിട വ്യവ സായങ്ങൾ സ്ഥാപിക്കുന്നതിലൂടെ ദീർഘകാല വ്യാവ സായിക ശേഷി വർദ്ദിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീക രിക്കുന്നതിലൂടെയും വ്യവസായ വർക്കരണ തന്ത്രം ഇന്ത്യയെ ആധുനിക, വ്യാവസായിക സാമ്പത്തിക രാജ്യമാക്കി മാറ്റുന്നതിൽ വിജയിച്ചു..

(d) ഉദാരവൽക്കരണം : വ്യവസായ നയപ്ര ഖ്യാപനം 1991

അവസാനമായി 1991 ൽ ഇന്ത്യാ ഗവൺമെന്റ് തൊഴിൽ സിദ്ധാന്തത്തിൽ ഒരു മാറ്റത്തെ പ്രഖ്യാപിച്ചു. അത് അവകാശങ്ങൾ നല്കുന്നതിലുള്ള നിയന്ത്രണ ങ്ങൾ നിർത്തലാക്കുന്നതായും, സമ്പദ്വ്യവസ്ഥയുടെ സ്വകാര്യ വൽക്കരണം, ലൈസൻസിംഗ് നിയന്ത്രണങ്ങ ളുടെ ഉദാരവൽക്കരണം എന്നിവയിലൂടെ പങ്കാളിത്വം കൂടുതൽ കൂടുതൽ പ്രവർത്തന രഹിതമായ നിക്ഷേപ ത്തിലേക്ക് നീങ്ങി. തൊഴിൽശാലകൾ അടച്ചു പൂട്ടുന്ന തിലൂടെയും പിൻവലിക്കൽ നയങ്ങളിലൂടെയും പൊതു മേഖലയുടെ വിഹിതം കുറയ്ക്കാൻ നടപടി സ്ഥീകരി ച്ചു. ഇത് രാജ്യത്തോടുള്ള സമ്പദ്വ്യവസ്ഥയുടെ മനോ ഭാവത്തിൽ വലിയ മാറ്റത്തിനു കാരണമായി, പ്രത്യേകിച്ച് ഉപഭോക്തൃ കാഴ്ചപാടിൽ. ചരക്കുകളു ടേയും സേവനങ്ങളുടേയും ലഭ്യതയോടെ, വളർന്നു വരുന്ന മധ്യവർഗ്ഗം ആഗ്രഹിച്ച ഏറ്റവും ഉയർന്ന ജീവിത നിലവാരം ലഭിക്കുകയും ചെയ്തു. ഇപ്പോൾ കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾക്കും സാധന ങ്ങൾ വാങ്ങാൻ സാധിച്ചു.

ശരിയായ ദിശയിൽ, ഉദാരവൽക്കരണം ഇന്ത്യ യെവിദേശനിക്ഷേപത്തിന്റെഏറ്റവുംആകർഷകമായ സ്ഥലങ്ങളിൽ ഒന്നായി മാറ്റി. ഇവയെല്ലാം സമ്പന്ന മായ ഒരു പൊതു അന്തരീക്ഷം സൃഷ്ടിച്ചു. അതിനാൽ കച്ചവടം ചെയ്യുന്നത് എളുപ്പമാക്കുന്നതിന് നിയന്ത്ര ണങ്ങൾ പരസ്യപ്പെടുത്താൻ സംസ്ഥാന സർക്കാരു കൾ ഉൽസാഹം കാണിച്ചു. മൊത്തത്തിലുള്ള സമ്പദ് വ്യവസ്ഥയുടെ സ്ഥിതി വിവരകണക്കുകളിൽ ഇത് പ്ര തിഫലിക്കുന്നു.

ഉദാരവൽക്കരണവും ആഗോളവൽക്കരണവും വിപരീതദിശയിൽ അധികവേതനം വാങ്ങുന്നവർക്കും കുറഞ്ഞ വേതനം വാങ്ങുന്നവർക്കും ഇടയിലുള്ള ശമ്പള വ്യത്യാസം വർദ്ധിച്ചു. വലിയ സ്ഥാപനങ്ങളിൽ വേതന വർദ്ധനവ് നിർത്തലാക്കിയതിനാൽ ആ സ്ഥാപ നങ്ങളിൽ വേതനം വാങ്ങുന്ന അധികാരികൾക്കും കുറഞ്ഞ വേതനം വാങ്ങുന്നവർക്കുമിടയിലുള്ള ഏറ്റ കുറച്ചിലുകൾ വർദ്ധിച്ചു.

എന്നിരുന്നാലും ഉദാരവൽക്കരണത്തിന്റെ തോത് സ്വതന്ത്ര അനുകൂല സാമ്പത്തിക വിദഗ്ദരേയും ഇടതു പക്ഷ സാമ്പത്തിക വിദഗ്ദരേയും സന്തോഷിപ്പിച്ചില്ല. ഒരു സ്വതന്ത്ര സമ്പദ്വ്യവസ്ഥയുടെ വക്താക്കൾ പുരോ ഗതിയിലേക്കുള്ള പാതയിൽ ഇപ്പോഴും നിലനിൽക്കു ന്ന തടസ്സങ്ങളും അസുന്തുലിതാവസ്ഥയും ഇല്ലാതാ ക്കാൻ വിപണി ശക്തികൾക്ക് കൂടുതൽ സ്വാതന്ത്ര്യം ആവശ്യപ്പെടുന്നു. സ്വകാര്യ മേഖലയ്ക്ക് സ്വാതന്ത്ര്യം നല്കികൊണ്ട് സാമൂഹിക നീതിയോടുള്ള സർക്കാരി ന്റെ ഉത്തരവാദിത്വത്തിൽ അവർ ആശങ്ക പ്രകടിപ്പിച്ചു.

9.4 പഞ്ചവത്സര പദ്ധതികൾ

പഞ്ചവത്സരപദ്ധതികളിലൂടെ വികസനത്തിനായി ആസൂത്രണം ചെയ്യുന്നതിൽ യു.എസ്.എസ്.ആറിന്റെ മാതൃക ഇന്ത്യ പിൻതുടർന്നു. സമ്പദ്വ്യവസ്ഥ വിക സിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന തിനാണ് 1950 ൽ ആസൂത്രണകമ്മീഷൻ രൂപീകരി ച്ചത്. ഒരോ പദ്ധതിയും സമ്പദ്വ്യവസ്ഥയുടെ പ്രകട നത്തേയും ഭാവി വികസനത്തിനായി ലഭ്യമായ വിഭവ ങ്ങളെയും വിലയിരുത്തി. സർക്കാരിന്റെ മുൻഗണന കൾക്ക് അനുസൃതമായാണ് പദ്ധതികൾ നിശ്ചയി ച്ചത്. കൃഷി, വ്യവസായം, വൈദ്യുതി, സാമൂഹികമേഖ ലകൾ, സാങ്കേതിക വിദ്യ തുടങ്ങി വിവിധ മേഖലകളി ലേക്ക് വിഭവങ്ങൾ അനുവദിച്ചു. സമ്പദ്വ്യവസ്ഥയെ മൊത്തത്തിൽ വളർച്ചാലക്ഷ്യവും നിശ്ചയിച്ചിട്ടുണ്ട്. ആസൂത്രണത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിൽ ഒന്ന് സ്വയം പര്യാപ്തമായ സമ്പദ്വ്യവസ്ഥ കെട്ടിപടു ക്കുക എന്നതായിരുന്നു.

ഒന്നാം പഞ്ചവത്സരപദ്ധതികൾ 1951-56 കാല ഘട്ടത്തിലാണ് നടപ്പിലാക്കിയത് 1966 നും 1969 നും ഇടയിൽ മൂന്ന്വർഷത്തെ പദ്ധതികൾക്കു പുറമേ 12 പഞ്ചവത്സര സർ പദ്ധതികൾ ഇതുവരെ നടന്നിട്ടുണ്ട്.

ഒരു പദ്ധതിക്കായ് ഉദ്ദേശിക്കുന്ന വിഹിതം സ്വകാര്യ, പൊതുമേഖല വിഹിതം കണക്കിലെടു ക്കുന്നു. ആദ്യ പദ്ധതിക്കായ് 3870 കോടി രൂപ വകയി രുത്തിപതിനൊന്നാംപദ്ധതിപ്രകാരംഇത്36.44ലക്ഷം കോടികടന്നിരുന്നു, ഇത് 60 വർഷത്തിനുള്ളിൽ ഇന്ത്യാ ക്കാരന്റെവ്യാപ്തിയുടെസൂചനയാണ്.രണ്ടാമത്തെയും ആറാമത്തെയും പദ്ധതികൾക്കിടയില മൊത്തം പദ്ധതി വിഹിതത്തിന്റെ 60 മുതൽ 70 ശതമാനം വരെ പൊതു മേഖലയാണ് എന്നാൽ അതിനു ശേഷം പൊതുമേഖല യുടെ പങ്ക് ക്രമേണ കുറയുകയും സ്വകാര്യമേഖല മൊ ത്തത്തിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. സമ്പദ്വ്യവസ്ഥ വളരുകയും ചെയ്തു.

ഒന്നാം പഞ്ചവത്സര പദ്ധതി 1951-56 കൃഷി വിക സിപ്പിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചു, പ്രത്യേകിച്ച് കാർഷിക, ഉല്പാദനം വർദ്ധിപ്പിക്കുന്നതിലായിരുന്നു. കൃഷിജലസേചനംഎന്നിവയ്ക്കുള്ളവിഹിതം മൊത്തം വിഹിതത്തിന്റെ 31 ശതമാനം മാറ്റിവച്ചു. ഇതിനുശേഷം അത് വ്യവസായത്തിലേക്ക് മാറി, മൊത്തം വിഹിത്തി ൽ കാർഷികവിഹിതം 20 മുതൽ 24 ശതമാനം വരെ ഉയർന്നു.പതിനൊന്നാമതെപദ്ധതി പ്രകാരം ഇരുപത്

12th_History_MAL_Unit_9 FolderPixels.indd 124 2/28/2023 1:20:33 PM



പി.സി. മഹലനോബിസ്

ശതമാനത്തിൽ താഴെയായി. മഹലനോബിസ് പദ്ധതി യെന്ന പൊതുവേ അറിയപ്പെടുന്ന രണ്ടാമത്തെ പദ്ധതി (1956-61) സാമ്പത്തിക വളർച്ച കൈവരിക്കുന്നതിൽ കനത്ത വ്യവസായത്തിന്റെ വികസനത്തെ ഊന്നി പറഞ്ഞു. പദ്ധതി വിഹിതത്തിൽ വ്യവസായത്തിന്റെ പങ്ക് ആദ്യ പദ്ധതിയിൽ ആറു ശതമാനം മാത്രമായിരുന്നു. രണ്ടാംപദ്ധ തിക്കുശേഷം ഇത് ഇരുപത്തിനാല് ശതമാനമായി ഉയർന്നു. എന്നാൽ ആറാം പദ്ധതി മുതൽ വിഹിതം കുറയുകയാണ് ഉണ്ടായത്. ഒരു പക്ഷേ പൊതു മേഖലയിലെ പ്രധാന നിക്ഷേപങ്ങൾ പൂർത്തി ആയതു കൊണ്ടാവാം ആദ്യത്തെ നാലു പദ്ധതികളിൽ വൈദ്യുതി വികസനത്തിനുള്ള വിഹിതം വളരെ കുറവായിരുന്നു. ഇത് രാജ്യത്ത് വലിയ വൈദ്യുതി ക്ഷാമം സൃഷ്ടിച്ചു.

ആദ്യ രണ്ടു പദ്ധതികളും വളർച്ചയുടെ മിത മായ ലക്ഷ്യങ്ങൾഏകദേശംനാലുശതമാനമായിനിശ്ചയിച്ചു, സാമ്പത്തിക വിദഗ്ദ്ധർ ഇതിനെ ഹിന്ദുവളർച്ചാ നിരക്ക് എന്നു വിശേഷിപ്പിച്ചു. ആദ്യത്തെ രണ്ടു പദ്ധതികൾ വിജയകരമാണെന്ന് കരുതപ്പെടുന്ന തരത്തിൽ ഈ വളർച്ചാനിരക്ക് കൈവരിക്കാനായി വിവിധ ഘടകങ്ങൾ കാരണം തുടർന്നുള്ള പദ്ധതികളിലെ ലക്ഷ്യങ്ങൾ കൈവരിക്കാനായില്ല. നാലാം പദ്ധതിയിൽ നിന്ന് (1969-74) ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഊന്നൽ നൽകി. അതിനാൽ ആസൂത്രണ പദ്ധതിയിൽ സാമൂഹികവും ലക്ഷ്യങ്ങളും അവതരിപ്പിക്കപ്പെട്ടു. ആറാം പദ്ധതി മുതൽ ലക്ഷ്യമിട്ട വളർച്ചാ നിരക്ക് എത്തി.

എട്ടാം പഞ്ചവത്സര പദ്ധതിയിൽ (199-297) സമ്പദ് വ്യവസ്ഥ ഉദാരവത്ക്കരിക്കപ്പെട്ടു. അതിനുശേഷം വളർച്ചാ നിരക്ക് ഏഴു ശതമാനമായി ഉയർന്നു (ഒൻപതാം പദ്ധതിയിലെ മാന്ദ്യം ഒഴികെ) നീതിയോടു കൂടിയ വളർച്ചയ്ക്കും സമഗ്രവും സുസ്തിരവുമായ വളർച്ചയ്ക്ക് ഗണ്യമായ ഊന്നൽ നൽകി.

നിങ്ങൾക്ക് അറിയാമോ

1951 നും രണ്ടായിരത്തി പതിനേഴിനുമിടയിൽ പന്ത്രണ്ടുപഞ്ചവത് സര പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി 2012-2017 ലെ അവസാനത്തെ പദ്ധതിയായിരുന്നു. 2015 ൽ ആസൂത്രണ കമ്മീഷനെ നീക്കി ആസ്ഥാനത്ത് ആയോഗ് നിയമിക്കുകയും ചെയ്തു.

ആസൂത്രണത്തിന്റെ പ്രകടനത്തെക്കുറിച്ച് ഗുണ പരവും പ്രതികൂലവുമായ വിലയിരുത്തലുകൾ ഇന്ത്യ യിലുണ്ട്.

നേട്ടങ്ങൾ

1. സമ്പദ്വ്യവസ്ഥയുടെ വികാസം
2. ദേശീയ, പ്രതിശീർഷ (ആളോഹരി) വരുമാനത്തിലെ ഗണ്യമായ വളർച്ച
3. വ്യാവസായിക ഉല്പാദനത്തിലെ വർദ്ധന
4. കാർഷിക മേഖലയിലെ ആധുനിക വിവരണത്തിന്റെ ഉപയോഗം, കാർഷിക ഉല്പാദനത്തിലെ വർദ്ധന
5. കൂടുതൽ വൈവിദ്ധ്യമാർന്ന സമ്പദ്വ്യവസ്ഥ.

9.5 വിദ്യാഭ്യാസം ശാസ്ത്രം, സാങ്കേതിക വിദ്യ

(a) വിദ്യാഭ്യാസം

വിദ്യാഭ്യാസവും ആരോഗ്യവും സാമൂഹിക മേഖലകളാണ്. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും സൂചനകളുടേയും നില ഒരു രാജ്യത്ത് സാമൂഹിക വികസനത്തിന്റെ നിലവാരം വിലയിരുത്തുന്നതിനുള്ള മാനദണ്ഡമാണ് ഇന്ത്യയിൽ സാക്ഷരതാ അളവ് 1951 ൽ 18.3 ശതമാനത്തിൽ നിന്നും 2011 ൽ 74 ശതമാനമായി ഉയർന്നു. സ്ത്രീ സാക്ഷരത ഇപ്പോഴും പുരുഷ സാക്ഷരതാ നിരക്കിനേക്കാൾ 65 ശതമാനം പിന്നിലാണ്. പ്രൈമറി മുതൽ സീനിയർ ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളുടെ എണ്ണത്തിലും ഉന്നത പഠനസ്ഥാപനങ്ങളുടെ വളർച്ചയിലും വലിയ വർദ്ധന ഉണ്ടായി. 2014 15 കളിൽ 12.72 ലക്ഷം പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളും 2.45 ലക്ഷം സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളും 38498 കോളേജുകളും 43 കേന്ദ്ര സർവകലാശാലകളും 316 സംസ്ഥാന സർവകലാശാലകളും 122 ഡീമിഡ് സർവ കലാശാലകളും 181 സംസ്ഥാന സ്വകാര്യ സർവകലാശാലകളും ഉണ്ടായിരുന്നു..

സ്കൂളുകളിൽ നിന്ന് കൊഴിഞ്ഞുപോകുന്ന കുട്ടികളിൽ കൂടുതലും ഗ്രാമീണ നഗര പ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളിൽ ഉള്ളവരാണ് സ്കൂളുകളിൽ നിന്ന് കൊഴിഞ്ഞു പോകുന്നവരുടെ നിരക്ക് പെൺകുട്ടികളിൽ ഉയർന്നതാണ്. കൊഴിഞ്ഞു പോകലിലും എൻറോൾമെന്റ് നിരക്കിലും വലിയ അന്തർപ്രാദേശിക വ്യതിയാനങ്ങൾ ഉണ്ട്. അതി നാൽ പിന്നോക്ക സംസ്ഥാനങ്ങൾക്കും പ്രദേശങ്ങൾക്കും സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് ഏറ്റവും മോശം റെക്കോർഡ് ഉണ്ട്. കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർവ്വ ശിക്ഷാ അഭിയാൻ (SSA) രാഷ്ട്രീയ മദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) അടുത്തിടെ സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതി എന്നിങ്ങനെ വിവിധ സംരംഭങ്ങൾ സർക്കാർ സ്വീകരിച്ചു.

12th_History_MAL_Unit_9 FolderPixels.indd 125 2/28/2023 1:20:33 PM

(b) ശാസ്ത്ര സാങ്കേതിക വിദ്യ

ശാസ്ത്ര സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിൽ ഇന്ത്യ വലിയ പുരോഗതി നേടി സ്വാതന്ത്ര്യത്തിനു മുൻമ്പുള്ള ഇന്ത്യയിലെ ഏക ശാസ്ത്ര ഗവേഷണ സ്ഥാപനം 1909 ൽ റ്റാറ്റയും മൈസൂറിന്റെ രാജാവി ന്റേയും ധനസഹായത്തോടെ ബാംഗ്ലൂരിൽ സ്ഥാപിത മായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISc) മാത്രമാണ്.



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂരു

റ്റാറ്റയുടെ ധനസഹായത്തോടുകൂടി റ്റാറ്റ ഇൻ സിറ്റ്യൂട്ട് ഓഫ് ഫഡമെന്റൽ റിസർച്ച് (TIFR) 1945 ൽ ഹോമി ജെ. ഭാഭയുടെ പ്രയത്നത്താൽ സ്ഥാപിച്ചു. ഗണിതത്തിലും ശുദ്ധമായ ശാസ്ത്രത്തിലും ഗവേഷ ണം പ്രോത്സാഹിപ്പിക്കുകയായിരുന്നു ഇതിന്റെ ഉദ്ദേ ശ്യം. പൂനൈയിലെ നാഷണൽ കെമിക്കൽ ലാബോട്ട റിയും ന്യൂഡൽഹിയിലെ നാഷണൽ ഫിസിക്സ് ലാബോട്ടറിയും സ്വാതന്ത്ര്യകാലത്ത് ഇന്ത്യയിൽ ആരം ഭിച്ച ആദ്യത്തെ സ്ഥാപനങ്ങളാണ്. അതിനു ശേഷം ജോതിശാസ്ത്രം, ജീവശാസ്ത്രം, ജിയോ ഫിസിക്സ്, കോശം, തൻമാത്ര ജീവശാസ്ത്രം മാത്ത മറ്റിക്കൽ സയൻസ് തുടങ്ങി ശുദ്ധമായ ശാസ്ത്രങ്ങളിൽ ഗവേ ഷണം നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ദനവ് ഉണ്ടായി.

ശാസ്ത്രം മറ്റും തൊഴിൽ ഗവേഷണ സ്ഥാപനം ഒരു കുടകീഴിൽ ഒട്ടുമൊത്ത ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. കൗൺസിൽ ഓഫ് സയൻന്റിഫിക് ആന്റഡ് ഇൻഡസ്ട്രിയൽ റിസർച്ച് (CSIR) കൂട്ടായിപ്രവർത്തിക്കുന്നു. യന്ത്രങ്ങൾ, മയക്കുമരുന്ന്, വിമാനങ്ങൾ തുടങ്ങിയ പ്രായാഗീക മേഖലകളിലും ഗവേഷണം നടത്തുന്നു.

ആണവോർജ്ജ കമ്മീഷൻ എന്നത് ആണവ ശാസ്ത്ര വികസനത്തിന്റെ മോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. ആണവോർജ്ജ ഉല്പാദനം ആണ വായുധ ഉല്പാദനം എന്നിവയിൽ ശ്രദ്ധചെലു ത്തുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾക്ക് അണുശക്തി കമ്മീഷൻ ധന സഹായം നൽകി.

ഗവേഷണവും വികസനവും ഉൾപ്പെടുത്തുന്ന തിനായി വിപുലീകരിച്ച മറ്റൊരു മേഖല കാർഷിക മേഖലയാണ്. ഈ മേഖലയിലെ ഗവേഷണങ്ങൾ ഏകോപിപ്പിക്കുന്നതിന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് പ്രവർത്തിക്കുന്നു. (ICAR) ഇതിന്റെഗവേഷണംഅടിസ്ഥാന കാർഷികമേഖലയെ മാത്രമല്ല ഫിഷറീസ്, കാടുകൾ, ക്ഷീരോല്പാദനം, ജനിതക ശാസ്ത്രം, ബയോടെക്നോളജി, നെല്ല്, ഉരുള ക്കിഴങ്ങ്, കിഴങ്ങു വർഗ്ഗങ്ങൾ, പഴങ്ങൾ, കീടനാശിനി കൾ തുടങ്ങിയ വിവിധ വിളകളുടെ നിയന്ത്രണം തുട ങ്ങിയസഹായപ്രവർത്തനങ്ങളിലുംശ്രദ്ധ കേന്ദ്രീകരി ക്കുന്നു. കാർഷിക സർവകലാശാലകൾ അക്കാദമിക് അധ്യാപനത്തിലും കാർഷിക രീതികളെക്കുറിച്ചുള്ള ഗവേഷണത്തിലും സജീവമായി ഏർപ്പെടുന്നു. ഇന്ത്യ യിൽ 67 കാർഷിക സർവകലാശാലകൾ ഉണ്ട് അതിൽ മൂന്ന് സർവ്വകലാശാലകൾ തമിഴ്നാട്ടിലാണ്..



IIT, ചെന്നൈ

ഇന്ത്യൻ ഇൻസിറ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IITs) എഞ്ചിനിയറിംഗിൽ വിവിധ വിഭാഗങ്ങളായി സ്ഥാപിച്ച നല്ല സ്ഥാപനങ്ങളാണ്. ആദ്യത്തെ IIT ഖരഗ്പൂരിലാ യിരുന്നു. അതിനുശേഷംദില്ലി, ബോംബെ, കാൺപൂർ, മദ്രാസ് (ചെന്നൈ) എന്നിവിടങ്ങളിൽ സ്ഥാപിച്ചു. തൽസമയം നമ്മുടെ രാജ്യത്ത് 23 IITs കൾ പ്രവർത്തി ക്കുന്നു. ഇവ കൂടാതെ 31 നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NITs) 23 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും IIITs പ്രവർ ത്തിക്കുന്നു..

പുരോഗമനങ്ങൾക്കിടയിലുംകൂടുതൽവികസിത രാജ്യങ്ങളേയും ചൈനയേയും മനസ്സിലാക്കാൻ ഇന്ത്യ യിലെ ശാസ്ത്ര ഗവേഷണത്തിന് ഇനിയും ഒരുപാട് സഞ്ചരിക്കാൻ ഉണ്ട് എന്നാണ് പൊതുവായ ധാരണ രാജ്യത്ത് ഗവേഷണ സ്ഥാപനങ്ങളുടെ എണ്ണം വക വയ്ക്കാതെ സൈദ്ധാന്തിക മേഖലകളിലെ ഗവേഷണ ഫലം നിരാശജനകമാണ്.

12th_History_MAL_Unit_9 FolderPixels.indd 126 2/28/2023 1:20:35 PM

സംഗ്രഹം

- ഇന്ത്യ സ്വതന്ത്ര്യ സമയത്ത് സാമ്പത്തികമായി അവികസിത രാജ്യമായിരുന്നു. ഭരണഘടന യുടെ ചട്ടകൂടുകൾ രാജ്യത്തെ ഒരു സോഷ്യലിസ്റ്റ് ജനാധിപത്യമായി വികസിപ്പിക്കാൻ തീരുമാനിച്ചു. അതിനാൽ ഗവൺമെന്റ് സാമൂഹിക നീതി ഉറപ്പാക്കേണ്ടതിന് മുഖ്യത്വം കൊടുത്തു.

- ഗവൺമെന്റിന്റെ ആദ്യത്തെ മുൻഗണനകളിൽ ലൊന്ന് കാർഷികമേഖലയിലെ സ്ഥിതി മെച്ച പ്പെടുത്തുക എന്നതായിരുന്നു. സ്ഥാപനപരമായ ബലഹീനതകൾ ഇല്ലാതാക്കുന്നതിനായി ഭൂപ രി ഷ്ക്കരണം ആരംഭിച്ചു. ഭൂവുടമസ്ഥത (സെമി ന്ദാരി) ഇല്ലാതാക്കുക, കുടികിടപ്പു പരിഷ്ക്ക രണം ഭൂമിയുടെ പരിധി ഏർപ്പെടുത്തുക എന്നിവ യിലൂടെ ഇവ ഭാഗികമായി വിജയിച്ചെങ്കിലും കാർഷിക മേഖലയിലെ സ്ഥിതി മെച്ചപ്പെട്ടില്ല.

- 1960 കളോട് ഭക്ഷ്യധാന്യങ്ങളുടെ കുറവ് രൂക്ഷ മായിരുന്നു അതിനാൽ ഉയർന്ന വിളവു ലഭിക്കുന്ന വിത്തുകൾ, രാസവളങ്ങൾ, പ്രധാന ജല സേചനം, രാസകീടനാശിനികൾ എന്നിവയിൽ നിക്ഷേപം നടത്തുന്നതിലൂടെയും കാർഷിക മേഖലയെ മെച്ച പ്പെടുത്തുന്നതിനുള്ള സാങ്കേ തിക ബദലിലേക്ക് സർക്കാർ തിരിഞ്ഞു. ഇത് ഇന്ത്യയിലെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ വിജയിച്ചു. എന്നാ ലിത് പരിസ്ഥിതിയെ ദോശകരമായി ബാധിക്കു കയും ചെയ്തു.

- പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യത്തിൽ കഴിഞ്ഞവരുടെ അനുപാതത്തിൽ കുറവുണ്ടാ യില്ല. ഗ്രാമീണ ദാരിദ്ര്യം പരിഗണിക്കാനുള്ള ശ്രമ മായിരുന്നു IRDP ഗ്രാമീണ ദാരിദ്ര്യത്തിന്റെ തോത് കുറഞ്ഞുവെങ്കിലും ജനസംഖ്യ വർദ്ധി ക്കുന്നതിനാൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയു ള്ളവരുടെ എണ്ണം കുറഞ്ഞില്ല..

- ഗ്രാമീണ കുടുംബങ്ങൾക്ക് ജോലി ആവശ്യ പ്പെടാനുള്ള നിയമപരമായ അവകാശം നല് കുന്ന MGNREGA, എന്നത് പ്രധാന തൊഴിൽ ഉല്പാദന പദ്ധതിയാണ്.

- നെഹ്റു സോഷ്യലിസ്റ്റ് സമൂഹത്തോട് ദൃഢനി ശ്ചയം എടുത്ത്, കനത്ത വ്യാവസായിക വിഭാഗ ങ്ങളിൽ നിക്ഷേപം നടത്തി സംസ്ഥാനം വ്യാവ സായിക വളർച്ചയിൽ എത്തുമെന്നും സ്വകാര്യ വ്യാവസായത്തിന്റെ മേൽ നിയന്ത്രണം ചെലു ത്തുമെന്നുംവളർച്ചയുടെദീർഘകാലലക്ഷ്യങ്ങൾ ഉറപ്പുവരുത്താനും സ്വകാര്യ വാണിജ്യ സ്ഥാപ നങ്ങളും മുതലാളിമാരും ചൂഷണം ചെയ്യുന്നത് തടയുകയും ചെയ്യുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വലിയ മുതൽ മുടക്ക് ആവശ്യമുള്ള ഇരുമ്പ്, ഹെവി എഞ്ചിനി യറിങ്ങ്, യന്ത്രോപകരണങ്ങൾ നിർമ്മിക്കാൻ വ്യവസായങ്ങൾ സൃഷ്ടിക്കുക..

- ഈ തന്ത്രം ഇന്ത്യയെ വ്യാവസായികമായി വിക സിപ്പിച്ച സമ്പദ്വ്യവസ്ഥയിലേക്ക് തള്ളി വിട്ട പ്പോൾ പൊതുമേഖലയെ വളരെയധികം ഉല്പ ന്നങ്ങളിലേക്കും വ്യാപിച്ചത് ആത്യന്തികമായി കനത്ത നഷ്ടത്തിലേക്ക് നയിച്ചു. ഇത് ഒടുവിൽ സർക്കാരിനെ സമ്പദ്വ്യവസ്ഥയെ ഉദാരവൽ ക്കരിക്കാനും ലൈസൻസുകളും നിയന്ത്രണങ്ങ ളും ഇല്ലാതാക്കുകയും സമ്പദ്വ്യവസ്ഥയെ നയി ക്കാൻ സ്വതന്ത്ര കമ്പോള ശക്തികളെ അനുവദി ക്കുകയും ചെയ്തു.

- രാജ്യത്തിന്റെ വിഭവങ്ങൾ വിലയിരുത്തുന്നതി നും സമ്പദ്വ്യവസ്ഥയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കും അതിന്റെ വിവിധ മേഖലകൾക്കും ലക്ഷ്യമിട്ടുള്ള പഞ്ചവത്സരപദ്ധതികൾ ആവി ഷ്കരിക്കുന്നതിനാണ് ആസൂത്രണ കമ്മീഷൻ രൂപീകരിച്ചത്. രാജ്യത്തെ സാക്ഷരതയിലുംസ്കൂ ളുകളുടേയും കോളേജുകളുടെയും സ്ഥാപന ത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായി.

- ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ എണ്ണ ത്തിലും (ശുദ്ധവും പ്രായോഗികവുമായ) ഗണ്യ മായ വർദ്ധനവ് ഉണ്ടായി. അതുപോലെ വിവിധ എഞ്ചിനീയറിങ് വിഭാഗങ്ങളിലെ വിദ്യാഭ്യാസ ത്തിനായി രാജ്യത്തുടനീളം നിരവധി സാങ്കേ തിക സ്ഥാപനങ്ങൾ ആരംഭിച്ചു. കൂടാതെ സ്വകാര്യ എഞ്ചിനീയനിങ്ങിലും ഒരു സ്ഫോ ടന കരമായ വളർച്ച ഉണ്ടായി.

12th_History_MAL_Unit_9 FolderPixels.indd 127 2/28/2023 1:20:35 PM

പരിശീലനങ്ങൾ

KZQHM

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കാലക്രമമനുസരിച്ച് ക്രമീകരിക്കുക.

(i) ജമിന്ദാരി സമ്പ്രദായം നിർത്തലാക്കുന്ന നിയമങ്ങൾ

(ii) അധികഉല്പത്തി ലഭിക്കുന്ന ഉയർന്നതരം വിത്തുകളെ പ്രയോജനപ്പെടുത്തൽ

(iii) തമിഴ്നാട്ടിലെ ആദ്യത്തെ ഭൂപരിതി നിയമം

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:

(a) ii, i, iii (b) i, iii, ii

(c) iii, ii, i (d) ii, iii, i

2. ഇന്ത്യാ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് _____ വികസന രീതിയിൽ.

(a) മുതലാളിത്വം (b) സമധർമ്മം

(c) ദൈവീകത (d) വ്യാവസായിക

3. ഇന്ത്യൻ ഭരണഘടനയിൽ ആദ്യത്തെ ഭേദഗതി വരുത്തിയത് എപ്പോഴാണ്?

(a) 1951 (b) 1952 (c) 1976 (d) 1978

4. ചേരുംപടി ചേർക്കുക.

A. വ്യാവസായിക വികസന പദ്ധതിയുടെ ആസൂത്രണം	1. 1951-56
B. ഇന്ത്യൻ ശാസ്ത്ര സംഘടന	2. രണ്ടാം പഞ്ചവത്സര പദ്ധതി
C. മഹലനോബിസ്	3. 1909
D. ഒന്നാം പഞ്ചവത്സര പദ്ധതി	4. 1956

	A	B	C	D
(a)	1	2	3	4
(b)	3	1	4	2
(c)	4	3	2	1
(d)	4	2	3	1

5. ഭൂപരിതിനിയമം തമിഴ്നാട്ടിൽ രണ്ടാം തവണ നടപ്പിലാക്കിയത് _____

(a) 1961 (b) 1972 (c) 1976 (d) 1978

6. ഭൂമിദാന പ്രസ്ഥാനത്തെ ആരംഭിച്ചവർ _____

(a) റാം മനോഹർ ലോഹ്യം

(b) ജയപ്രകാശ് നാരായണൻ

(c) വിനോബഭാവേ

(d) സുന്ദർ ലാൽ ബാഹു ഗുണാ

7. **പ്രസ്താവന (A):** ജമീന്ദാരി സമ്പ്രദായത്തെ അകറ്റിയത് അതിന്റെ മുഖ്യ ലക്ഷ്യത്തിന്റെ ഒരു ഭാഗം വിജയം കണ്ടെത്തി.

കാരണം (R): ജമീന്ദാൻമാർ കുടിയൻമാരെ ഒഴിപ്പിക്കുകയും അവകാശവാദം ഉന്നയിക്കുകയും ചെയ്തു.

(a) പ്രസ്താവനയും A കാരണവും R ശരിയാണ് R, A യെ ശരിയായി വിശദീകരിക്കുന്നു..

(b) പ്രസ്താവന A യും കാരണം Rഉം ശരിയാണ് R, A യെ ശരിയായി വിശദീകരിക്കുന്നില്ല..

(c) പ്രസ്താവന A ശരിയാണ് എന്നാൽ കാരണം R തെറ്റാണ്.

(d) പ്രസ്താവന A തെറ്റാണ് എന്നാൽ കാരണം R ശരിയാണ്.

8. വ്യാവസായിക വികസന നിയന്ത്രണ നിയമം പാസ്സാക്കിയ വർഷം _____

(a) 1951 (b) 1961 (c) 1971 (d) 1972

9. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് നിയമം പാസാക്കിയ വർഷം _____

(a) 2005 (b) 2006 (c) 2007 (d) 2008

10. ഇന്ത്യൻ പൊതുമേഖല ഏതുവർഷമാണ് വലിയ പ്രതിസന്ധി നേരിട്ടത് _____

(a) 1961 (b) 1991 (c) 2008 (d) 2005

11. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് നിയമം MGNREGA ഒരു വ്യക്തിയ്ക്ക് എത്ര ദിവസങ്ങളാണ് ജോലി സാദ്ധ്യത വാഗ്ദാനം ചെയ്യുന്നത്.

(a) 200 (b) 150 (c) 100 (d) 75

12. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് എപ്പോഴാണ് സ്ഥാപിതമായത്?

(a) 1905 (b) 1921 (c) 1945 (d) 1957

13. 1951 ൽ ഇന്ത്യയിൽ എത്ര പൊതു മേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു?

(a) 5 (b) 7 (c) 6 (d) 225

II. കുറിപ്പെഴുതുക

1. സ്വാതന്ത്ര്യ സമയത്ത് ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയെ കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.
2. ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള പുതിയ സർക്കാരിന് മുന്നിലുള്ള അടിയന്തര ചുമതലകൾ എന്തായിരുന്നു?
3. സമധർമ്മ സമൂഹത്തെപ്പറ്റി നിങ്ങൾക്കെന്തറിയാം?

12th_History_MAL_Unit_9 FolderPixels.indd 128 2/28/2023 1:20:35 PM

4. ഇന്ത്യയുടെ സ്വാതന്ത്ര്യസമയത്ത് പൊതുമേഖലാ സംരംഭങ്ങളുടെപ്രസ്ഥാനംനിർണ്ണയിച്ചരണ്ട്പ്രധാന പരിഗണനകൾ ചൂണ്ടികാണിക്കുക.
5. ഭൂദാൻ പ്രസ്ഥാനത്തെ കുറിച്ച് കുറിപ്പെഴുതുക.

III. ചുരുക്കി ഉത്തരമെഴുതുക

1. കുടിയാൻമാരുടെ പ്രധാന ലക്ഷ്യങ്ങൾ ഏവ?
2. ഹരിത വിപ്ലവത്തിന്റെ ഫലങ്ങൾ ഏവ?
3. 1980 യൂണിയൻ ഗവൺമെന്റ് കൊണ്ടുവന്ന സംയോജിത ഗ്രാമവികസന പരിഷ്കാരങ്ങൾ വ്യക്തമാക്കുക.
4. ഇന്ത്യൻ കാർഷികമേഖല പിന്നോക്കം നിൽക്കാനുള്ള അവസ്ഥയെ വ്യക്തമാക്കുക?
5. പൊതു സംരംഭങ്ങളുടെ മോശം പ്രകടനത്തിന് കാരണമായ കാരണങ്ങൾ ഏവ?

IV. വിശദീകരണം നൽകുക

1. ഗ്രാമങ്ങളുടെ പുനർനിർമ്മാണത്തിനായി ഇന്ത്യാ ഗവൺറ്റമെന്റ് സ്വീകരിച്ച നടപടികൾ എടുത്തു പറയുക.
2. സ്വതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസ പുരോഗതിയെ കുറിച്ച് വിലയിരുത്തുക.
3. ആദ്യത്തെ രണ്ടു പഞ്ചവത്സര പദ്ധതികളുടെ നേട്ടങ്ങൾ വ്യക്തമാക്കുക.
4. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ശാസ്ത്ര ഗവേഷണ സാങ്കേതിക സ്ഥാപനങ്ങളുടെ വികസനം പരിശോധിക്കുക.

V. പ്രവർത്തനം

1. ഉദാരവൽക്കരണം, ആഗോളവൽക്കരണം, സ്വകാര്യവൽക്കരണം എന്നിവയുടെ ഗുണപരവും പ്രതികൂലവുമായ നയത്തിന്റെ സ്വാധീനത്തെ ക്കുറിച്ചുള്ള ചർച്ചകൾ ക്ലാസ്സിൽ നടത്താം.

പരാമർശഗ്രന്ഥങ്ങൾ

1. Gaurav Dutt and Ashwani Mahajan Sundaram, *Indian Economy,* S. Chand and Co., 2015.
2. C.S. Murty, "Agrarian Relations and Policy", in Kanakalatha Mukund (ed.) *Andhra Pradesh Economy in Transition,* (1990), Centre for Economic and Social Studies and Booklinks Corporation, Hyderabad.
3. Official Websites of the Council for Scientific and Industrial Research (CSIR), Indian Council of Agricultural Research (ICAR) and Ministry of Human Resources Development (MHRD).

A-Z പദസമുച്ചയം

socialism	a political and economic theory which advocates that the means of production, distribution and exchange should be owned by the community as a whole.	സമധർമ്മ സിദ്ധാന്തം
reconstruction	the process of rebuilding or creating something again.	പുനർനിർമ്മാണം
zamindari system	a system of landholding and tax collection in British India.	ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്തെ ഒരു നില നികുതി സമ്പ്രദായം
tenancy	occupancy of land, a house, under a lease or on payment of rent	കുത്തക
legislation	the act of making or enacting laws.	നിയമനിർമ്മാണം
land ceiling	quantum of land to be owned by an individual or a family under the prescribed law	നിലപരിമിതി
public sector	economic fields under the control of state	പൊതുമേഖല
literacy	the quality or state of being literate, especially the ability to read and write.	സാക്ഷരത

12th_History_MAL_Unit_9 FolderPixels.indd 129 2/28/2023 1:20:35 PM

യൂണിറ്റ്
10

ആധുനിക ലോകം: യുക്തിയുടെ യുഗം

പഠന ലക്ഷ്യങ്ങൾ

HQ6V5

അറിഞ്ഞിരിക്കേണ്ടവ

- ഇറ്റലിയിലെ നവോത്ഥാനവും പടിഞ്ഞാറൻ യൂറോപ്പിലേക്കുള്ള അതിന്റെ വ്യാപനവും
- പുതിയ ഭൂപ്രദേശങ്ങളുടെയും കടൽമാർഗ്ഗങ്ങളുടെയും കണ്ടുപിടിത്തങ്ങൾ
- വാണിജ്യ വിപ്ലവവും അതിന്റെ സ്വാധീനവും
- പ്രൊട്ടസ്റ്റന്റ് നവീകരണവും കത്തോലിക്ക പ്രതിനവീകരണവും
- പശ്ചിമ യൂറോപ്പിലെ രാജവാഴ്ചയുടെ പുരോഗതിയും ദേശീയ രാഷ്ട്രങ്ങളുടെ ആവിർഭാവവും

ആമുഖം

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ നടന്ന മൂന്ന് മഹത് സംഭവങ്ങളായ നവോത്ഥാനം, ഭൂമി ശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾ, പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഉദയം എന്നിവ മദ്ധ്യകാല ഘട്ടത്തിൽ നിന്ന് ആധുനികതയിലേക്കുള്ള മാറ്റത്തെ കാണിക്കുന്നു. നവോത്ഥാനത്തിന്റെ സാരാംശം മനുഷ്യനും പ്രകൃതിക്കും ഇടയിൽ കേന്ദ്രീകൃതമായിരുന്ന മതത്തെ രണ്ടാംസ്ഥാനത്തേയ്ക്ക് തള്ളപ്പെട്ടു. ആധുനിക ലോകത്തിന്റെ നിർമാണത്തിൽ നവോത്ഥാനം ആഴത്തിൽ സ്വാധീനം ചെലുത്തി. യൂറോപ്പിൽ ഭൂമിശാസ്ത്രപരമായ കണ്ടുപിടിത്തങ്ങൾക്ക് അത് പ്രോത്സാഹനം നൽകി. കൊളംബസ് നേടിയ വിജയം മറ്റു നാടുകളുടെ സംരംഭങ്ങളെ വളരെയധികം പ്രോത്സാഹിപ്പിച്ചു. നവീകരണം, കത്തോലിക്ക സഭയ്ക്ക് എതിരായ കലാപം എന്നിവ മതഭൂപടത്തെ മാറ്റിമറിയ്ക്കുകയും മതത്തോടുള്ള മനോഭാവത്തിൽ ഒരു പ്രധാനവഴിത്തിരിവ് ഉണ്ടാക്കുകയും ചെയ്തു. രാജവാഴ്ചയെ ഏകീകരിക്കാനും അത് സമ്പൂർണ്ണമാക്കാനുമുള്ള ശ്രമങ്ങളുടെ ഫലമായി സ്പെയിൻ, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ ദേശീയ രാഷ്ട്രങ്ങൾ രൂപം കൊള്ളാൻ കാരണമായി.

10.1 ഇറ്റലിയിലെ നവോത്ഥാനവും അത് പശ്ചിമയൂറോപ്പിൽ ഏർപ്പെടുത്തിയ വ്യാപനവും

നവോത്ഥാനത്തിന്റെ പ്രാധാന്യം

ലാറ്റിൻ ഭാഷയിൽ നിന്ന് രൂപം കൊണ്ട നവോത്ഥാനം എന്ന വാക്കിന്റെ അർത്ഥം പുതുപ്പിക്കൽ അല്ലെങ്കിൽ പുനർജന്മം എന്നാണ്. ഗ്രീസിലേയും റോമിലേയും സാഹിത്യ പഠനത്തോടുള്ള താല്പര്യത്തിന്റെ പെട്ടെന്നുള്ള പുനരുജ്ജീവനത്തെ ഇത് സൂചിപ്പിക്കുന്നു. എന്നിരുന്നാലും ഇത് വികസനത്തിന്റെ പേരിൽ നവോത്ഥാനം എന്നത് പഴയകാലത്തെ ഗ്രീക്ക് മറ്റും റോമൻ ക്ലാസ്സിക്കൽ സാഹിത്യങ്ങളെ മനസ്സിലാക്കുക എന്നതു മാത്രമല്ല, അതിനെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു. കല, സാഹിത്യം, ശാസ്ത്രം, തത്വചിന്ത, വിദ്യാഭ്യാസം, മത, രാഷ്ട്രീയം എന്നീ വിഭാഗങ്ങളിൽ പുതിയ ആശയങ്ങൾ ഏർപ്പെടുത്തി നവോത്ഥാനം അവയിൽ ശ്രദ്ധേയമായത് മാനവികത, സംശയം, വ്യക്തിത്വം, മതേതരത്വം എന്നിവയാണ്. മതപ്രബോധകൻമാരും പ്രഭുക്കന്മാരും പങ്ക് വഹിക്കാതെ സാധാരണ ജനങ്ങളാൽ രൂപംകൊണ്ടതായി നവോത്ഥാനം മാറിയത് അതിന്റെ ശ്രേഷ്ഠതയെ കാണിക്കുന്നു.

നവോത്ഥാനത്തിന്റെ കാരണങ്ങൾ

(i) കുരിശുയുദ്ധത്തിന്റെ (മുസ്ലീം ആധികൃത്തിലിരുന്ന് പുണ്യസ്ഥലത്തെ വീണ്ടെടുക്കുന്നതിനായി നടത്തിയ യുദ്ധം) ഫലമായി ഏർപ്പെട്ട പുതിയ അനുഭവങ്ങൾ വെനീസ്, ഫ്ളോറൻസ്, ജനീവ, ലിസ്ബൺ, പാരീസ്, ലണ്ടൻ, ആൻഡ്വെർബ്, ഹാംബർക്ക്, നൂറെംബെർക്ക് തുടങ്ങിയ നിരവധി നഗരങ്ങൾ രൂപപ്പെടാനും, സന്ദർശകർ വന്നു ചേരാനും, പാരീസ് (ഫ്രാൻസ്) ഓക്സ്ഫോർഡ് (ഇംഗ്ലണ്ട്). ബൊലോഗന (ഇറ്റലി) എന്നിവിടങ്ങളിൽ സർവ്വകലാശാലകൾ സ്ഥാപിച്ചത് നവോത്ഥാനത്തിന്റെ ജനനത്തിന് ആവശ്യമായ പ്രാഥമിക വ്യവസ്ഥകൾ നൽകി.

(ii) 11-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുടങ്ങിയ തത്വശാസ്ത്രപരമായ ചർച്ച പല പണ്ഡിതന്മാരേയും സൃഷ്ടിച്ചുകൊണ്ടിരുന്നു. അതിൽ ഏറ്റവും പ്രധാന

12th_History_Mal_Unit_10.indd 130 2/28/2023 1:20:56 PM

പ്പെട്ട വ്യക്തി 13-ാം നൂറ്റാണ്ടിലെ റോജർ ബേക്കൻ ആണ് (1214-1294). ഓക്സ്ഫോർഡിൽ ജീവിച്ചിരുന്ന ഇംഗ്ലീഷ് തത്വശാസ്ത്രജ്ഞനായ ബേക്കൺ ആധുനിക തത്വശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു. മാനവികതയെ ഭരിക്കേണ്ടത് മതത്താലും, അധികാരത്താലും അല്ല മറിച്ച് യുക്തികൊണ്ടായിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചു.



റോജർ ബേക്കൺ

(iii) 1393-ൽ കോൺസ്റ്റാൻഡിനോപ്പിളിലെ പ്രശസ്ത പണ്ഡിതനായ മാനുവേൽ ഗ്രസലോറൻസ് തുർക്കികൾക്കെതിരായ യുദ്ധത്തിൽ പാശ്ചാത്യ രാജ്യങ്ങളുടെ സഹായം ആവശ്യപ്പെടുന്ന ബൈസാൻഡിയൻ ചക്രവർത്തിയുടെ ദൗത്യവുമായി വെനീസിലെത്തി. ഒടുവിൽ ഫ്ളോറൻസ് സർവകലാശാലയിൽ ഗ്രീക്ക് സാഹിത്യം പഠിപ്പിക്കുന്ന പ്രൊഫസറായി ചേരാൻ ഗ്രസലോറൻസ്സിനെ ക്ഷണിച്ചു. 15-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബൈസാന്റൈനിലെ പല പണ്ഡിതന്മാരും ഇറ്റലിയിലേക്ക് കുടിയേറി. ഈ പണ്ഡിതന്മാരുടെ സ്വാധീനം ഇറ്റാലിയൻ പണ്ഡിതന്മാരെ കൈയെഴുത്ത് പ്രതികൾ തേടി കോൺസ്റ്റാന്റിനോപ്പിളിലേക്കും മറ്റു ബൈസാൻഡിയൻ നഗരങ്ങളിലേക്കും യാത്ര ചെയ്യാൻ പ്രേരിപ്പിച്ചു. 1413 നും 1423 നും ഇടയിൽ ജിയോവനി ഔറിസ്പ എന്ന ശാസ്ത്രജ്ഞൻ സോഫോക്ലിസ്, യൂറിപൗഡ്സ്, തുസിഡൈസ് തുടങ്ങിയ പ്രശസ്തരുടെ 250 ഓളം കൈയെഴുത്തു പ്രതികൾ ഇറ്റലിയിലേയ്ക്ക് കൊണ്ടുവന്നു. 1453-ൽ കോൺസ്റ്റാന്റിനോപ്പിളിന്റെ പതനത്തിനുശേഷം പാശ്ചാത്യ യൂറോപ്പിലേയ്ക്ക് സാഹിത്യ പണ്ഡിതന്മാർ പുറപ്പെട്ടത് അവിടത്തെ സാഹിത്യ പഠനത്തിന് ഉത്തേജനം നൽകി.

(iv) ബൈസാൻഡിയൻ സാമ്രാജ്യം ക്രൈസ്തവ സാമ്രാജ്യത്തിന് പണ്ഡിതന്മാരെയും തത്വചിന്തകന്മാരേയും മാത്രമല്ല അവരുടെ സൃഷ്ടിയായ കടലാസും നൽകി. ബി.സി. 2-ാം നൂറ്റാണ്ടിൽ ചൈനയിൽ കടലാസ് കണ്ടുപിടിച്ചെങ്കിലും 14-ാം നൂറ്റാണ്ടിലാണ് ജർമ്മനിയിൽ എത്തിയത്. അതിനുശേഷമാണ് ജോഹന്നാസ് ഗുട്ടൻബർഗ്ഗിന്റെ ചലിപ്പിക്കാൻ കഴിയുന്ന അച്ചടിയന്ത്രം കണ്ടുപിടിക്കപ്പെട്ടത്. അച്ചടിയന്ത്രത്തിന്റെ സഹായത്തോടെയാണ് അറിവിന്റെ വെളിച്ചം ഊർജ്ജസ്വലതയോടെ ലോകമെങ്ങും പരത്തുന്നത്.

നവോത്ഥാനത്തിന്റെ ജന്മനാട് - ഇറ്റലി

ഇറ്റാലിയൻ നഗരങ്ങളിൽ ആരംഭിച്ച നവോത്ഥാനം പിന്നീട് പടിഞ്ഞാറൻ യൂറോപ്പിലേക്ക് വ്യാപിച്ചു. പുരാതന റോമക്കാരുടെ പിൻഗാമികളാണെന്ന വിശ്വാസം ഇറ്റലിക്കാർ സംരക്ഷിച്ചുവന്നു. അവരുടെ പാരമ്പര്യത്തിൽ അവർ അഭിമാനം കൊണ്ടു. ലാറ്റിൻക്രൈസ്തവ ലോകത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ഇറ്റലിയ്ക്ക് കൂടുതൽ മതേതര സംസ്കാരം ഉണ്ടായിരുന്നു. പഴയ ദേവാലയങ്ങളും പെയിന്റിംഗുകളും ഇരുളടഞ്ഞതും അസ്വസ്ഥവുമായി തോന്നി. തങ്ങളുടെ താല്പര്യത്തിനനുസരിച്ച് അന്വേഷണം നടത്തിയതിന്റെ ഫലമായി ലാറ്റിൻ ഭാഷയിൽ എഴുതിയ പുസ്തകങ്ങൾ കണ്ടെത്തി. ലാറ്റിൻ ഭാഷയെ പുരാതന റോമാക്കാരെപോലെ എഴുതാൻ പഠിച്ചു. കൂടാതെ അവർ ഗ്രീക്ക് ഭാഷ പഠിക്കുകയും അതുവഴി പെരിക്ലിസിന്റെ കാലത്തെ ഏതൻസ്കാരുടെ അത്ഭുതകരമായ കൃതികൾ കണ്ടെത്തുകയും ഗ്രീക്ക് റോമൻ സംസ്കാരത്തിന്റെ പുരാതന കാല ഗ്രന്ഥങ്ങളേയും കണ്ടുപിടിക്കപ്പെട്ടു. ഇറ്റാലിയൻ സർവ്വകലാശാലകൾ പ്രാഥമികമായി നിയമവും തത്വചിന്തയും പഠിപ്പിക്കുന്നതിനുവേണ്ടിയാണ് സ്ഥാപിതമായത്.

മെഡിസി കുടുംബം : ഇറ്റലിയിലെ നഗര സംസ്ഥാനങ്ങളിൽ ഒന്നായ ഫ്ളോറൻസ്, മെഡിസ്സി എന്ന ശക്തമായ വ്യാപാര കുടുംബത്തെ സ്വാധീനിച്ചു. 1434 നും 1464 നും ഇടയിൽ ഇറ്റലിയിൽ ഉടനീളം നിരവധി ശാഖകളുമായി ബേങ്കിംഗിൽ ഏർപ്പെട്ടിരുന്ന കോസിമോ ഡി മെഡിസിയ സർക്കാരിന്റെ പ്രവർത്തനത്തിൽ പരോക്ഷമായ നിയന്ത്രണം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിനു ശേഷം ചെറുമകനായ ലോറൻസോ ഭരണം ഏറ്റെടുത്തുകൊണ്ട് സർക്കാരിനെ നിയന്ത്രിച്ചു. ലോറൻസോ അതിശയ മനുഷ്യൻ എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ കാലയളവിൽ മെഡിസി കുടുംബം മൈക്കേൽ ആഞ്ചലോ, ലിയനാർഡോ ഡാവിൻഞ്ചി എന്നിവരുൾപ്പെടെ നിരവധി കലാകാരൻമാരെ പ്രോത്സാഹിപ്പിച്ചു.

മെഡിറ്ററിയൻ കടലിന്റെ മദ്ധ്യത്തിൽ ഇറ്റലി സ്ഥിതി ചെയ്യുന്നതിനാൽ പൗരസ്ത്യ നാടുകളുമായിട്ടുള്ള വ്യാപാരത്തിലെ പ്രധാന ഗുണഭോക്താക്കൾ ഇറ്റാലിയൻ നഗരങ്ങളായിരുന്നു. 14-ാം നൂറ്റാണ്ടോടെ കടൽ വ്യാപാരം നടത്തിയിരുന്ന ഇറ്റാലിയൻ നഗരങ്ങൾ സമ്പന്നമായി. ഫ്ളോറൻസിലെ മെഡിസ്സി കുടുംബവും മിനാലിലെ സ്പോർസ കുടുംബം എന്നീ രണ്ടു സമ്പന്ന കുടുംബങ്ങളാണ് നവോത്ഥാന പ്രസ്ഥാനത്തെ ത്വരിതപ്പെടുത്തിയത്.

ഇറ്റാലിയൻ നവോത്ഥാനകാലത്തിലെ ഏറ്റവും മികച്ച ചിത്രകാരന്മാരെ നിക്കോളസ്സ് V (അഞ്ചാമൻ), പയസ്സ് II, ജൂലിയസ്സ് II, ലിയോ X തുടങ്ങിയവരെ പോപ്പുകൾ ആദരിച്ചു.

12th_History_Mal_Unit_10.indd 131 2/28/2023 1:20:56 PM

നവോത്ഥാനത്തിന്റെ ജന്മനാട് - ഫ്ളോറൻസ്

നവോത്ഥാനം - സാഹിത്യത്തിൽ



ഡാന്റെ



പെട്രാർക്ക്

പതിമൂന്നും പതിനാലാം നൂറ്റാണ്ടുകളിൽ പോലും ഫ്ളോറൻസ് ഇറ്റാലിയൻ ഭാഷയിൽ രണ്ടു മഹാ കവികളായ ഡാന്റെയും(1265-1321) പെട്രാർക്കിനെയും സൃഷ്ടിച്ചു. മദ്ധ്യകാല സംസ്കാരത്തിന്റെ ഒരു സംഗ്ര ഹമാണ് ഡാന്റെയുടെ ഡിവൈൻ കോമഡി. യുക്തി യിലൂടെയും ദിവ്യകൃപയിലൂടെയും മനുഷ്യരാശിയുടെ രക്ഷയാണ് അതിന്റെ പ്രധാന വിഷയം. മനുഷ്യസ്നേ ഹം, രാജ്യസ്നേഹം, പ്രകൃതി പ്രതിഭാസങ്ങളോടുള്ള താല്പര്യം, സ്വതന്ത്രവും ഏകീകൃതവും ഇറ്റാലിയൻ രാഷ്ട്രത്തിനായുള്ള ആഗ്രഹം എന്നിങ്ങനെയുള്ള നിരവധി സന്ദേശങ്ങൾ ഇത് ഉൾക്കൊള്ളുന്നു.

പെട്രാർക്ക് (1304-1374) ലാറ്റിൻ ഇറ്റാലിയൻ ഭാഷ കളിൽ കൃതികൾ നിർമ്മിച്ചു. മനുഷ്യത്വവാദത്തിന്റെ മുൻഗാമിയായ അദ്ദേഹത്തെ നവോത്ഥാന സാഹിത്യ ത്തിന്റെ പിതാവായി കണക്കാക്കപ്പെടുന്നു. പെട്രാർക്കി ന്റെ ഗവേഷണ ചിന്തയും സാഹിത്യകൃതികളോടുള്ള അഭിവാഞ്ചയും അദ്ദേഹത്തെ യാത്രകളിലേയ്ക്ക് നയി ച്ചു. അദ്ദേഹം ഗ്രീക്ക്, മറ്റും റോമൻ കൈയെഴുത്തു പ്രതി കളെ തേടി മത പണ്ഡിതന്മാർ നടത്തിയിരുന്ന വായന ശാലകൾ സന്ദർശിച്ചു. 14-ാം നൂറ്റാണ്ടിലെ ഇറ്റാലിയൻ നവോത്ഥാനത്തിലെ ഒരു പ്രധാന നിമിഷമായിരുന്നു സിസറോയുടെ കത്തുകൾ അദ്ദേഹം വീണ്ടും കണ്ടെ ത്തിയത് എന്ന് വിശ്വസിക്കപ്പെടുന്നു.



ബൊക്കാഷ്യാ

ഫ്ളോറൻസ് നഗര ത്തെ ചേർന്ന ജിയോവനി ബൊക്കാഷിയോ (1313-1375) പ്ലാഗ് എന്ന പകർച്ച വ്യാധിയിലിരുന്ന് രക്ഷനേടുന്നതിനു വേണ്ടി ഫ്ളോറൻസ് നഗരത്തിന് വെളിയിലുള്ള താമസസ്ഥ ലത്ത് ഏഴു യുവതികളും മൂന്ന് ചെറുപ്പക്കാരും വസിച്ചിരുന്നപ്പോൾ എന്ന് എഴുതപ്പെട്ട നൂറ് കഥകളുടെ സമാഹാരത്തെ ഡക്കാമരൻ എന്ന തലക്കെട്ടിൽ ഗ്രന്ഥമാക്കി പുറത്തിറക്കി.

നിക്കോളോ മാക്കിയവല്ലി (1469-1527)

നിക്കോളോ മാക്കിയവല്ലിയുടെ ദിപ്രിൻസ് എന്ന പ്രസിദ്ധീകരണം ഭരണാധികാരികൾക്ക് ഒരു രാഷ്ട്രീയ വഴികാട്ടി എന്ന നിലയിൽ നിലകൊണ്ടു. ഭരണാധികാ രിയുടെ ബാദ്ധ്യത അദ്ദേഹം ഭരിക്കുന്ന നാടിന്റെ അധികാ രവും സുരക്ഷയും നിലനിർ ത്തുക എന്നതായിരുന്നു. നീതിയുടെയോ, കാരുണ്യ ത്തിന്റെയോ, കരാറുകളുടെ യോ പരിഗണന അദ്ദേഹ ത്തിന് തടസ്സം സൃഷ്ടിക്കരുത്. ഓരോ ജനതയും സ്വാർത്ഥത ല്പരരാണെന്നും അതിനാൽ രാഷ്ട്ര തലവന്മാർ തന്റെ പ്രജകളുടെ വിസ്വസ്തതയോ, വാത്സല്യമോ കണക്കി ലെടുക്കേണ്ടത് ഇല്ലെന്നും മാക്കിയവല്ലി അഭിപ്രായപ്പെട്ടു.



മാക്കിയവെയ്ക്ക്

ദി പ്രിൻസ് എന്ന ഗ്രന്ഥത്തിൽ ഒരേ സമയത്ത് മനുഷ്യനായും മൃഗമായും, സിംഹമായും, കുറുക്കനാ യും അഭിനയിക്കേണ്ടിവരുന്നതിനെക്കുറിച്ച് അറിഞ്ഞി രിക്കണമെന്ന് മാക്കിയവല്ലി അഭിപ്രായപ്പെടുന്നു. നമ്മു ടെ പ്രവർത്തികൾ എപ്പോഴാണ് നമുക്കെതിരായി തീരു ന്നത് എന്നത് അറിയാത്തതിനാൽ നമ്മുടെ വാക്കുക ളെ നമുക്ക് സംരക്ഷിക്കാൻ കഴിയാതെ വരുന്നു. സത്യ സന്ധത പുലർത്തുന്നത് എല്ലായ്പ്പോഴും സൗകര്യ പ്രദമായിരിക്കില്ല. എന്നാൽ ഭക്തിയോടും വിശ്വസ്തത യോടും മനുഷ്യത്വത്തോടും ഇരിക്കുന്നതായി ഭാവി ക്കുന്നത് ഫലം ലഭിക്കും എന്ന് അദ്ദേഹം അഭിപ്രായ പ്പെടുന്നു.

നവോത്ഥാനം സാഹിത്യത്തിൽ

ലിയാനാർഡോ ഡാവിൻസി (1452-1519)



ലിയനാഡോ ഡാവിഞ്ചി

ഫ്ളോറൻസ്സിലെ ഒരു കലാകാരൻ താൻ വരച്ച ചിത്രങ്ങളെ ക്കുറിച്ചും അവ പരസ്പരം എങ്ങനെ ബന്ധ പ്പെട്ടിരിക്കുന്നു എന്നതിനെ ക്കുറിച്ചും പൂർണ്ണമായി മന സ്സിലാക്കാൻ ആഗ്രഹിച്ചിരു ന്നു. അദ്ദേഹമാണ് ഒരു തോട്ട തൊഴിലാളിയുടെ മകനായ ലിയനാർഡോ ഡാവിൻസി. അദ്ദേഹം ലാറ്റിനും, ഗണിത വും സ്വയം മനസ്സിലാക്കി. അദ്ദേഹം ഒരു ശില്പിയും, മികച്ച ചിന്തകനും, ശാസ്ത്രജ്ഞനുമായിരുന്നു. മനു ഷ്യ ശരീരങ്ങളെ യാഥാർത്ഥ്യമായി ചിത്രീകരിക്കാൻ മനുഷ്യശരീരത്തെ വിഭജിക്കാനും മനസ്സിലാക്കാനും ശ്മശാനങ്ങളിൽ നിന്നും മൃതദേഹങ്ങൾ പുറത്തെടു ത്ത് പരീക്ഷണം നടത്തി. ശരീരത്തിൽ രക്തചംക്രമണ മുണ്ടെന്ന് ആദ്യമായി മനസ്സിലാക്കിയത് ഇദ്ദേഹമാണ്. അദ്ദേഹത്തിന്റെ ബഹുമുഖ കഴിവുകൾ കണക്കിലെടു ത്തുകൊണ്ട് ഡാവിൻസിയെ നവോത്ഥാനകാല മനു ഷ്യന്റെ മികച്ച ഉദാഹരണമായി കണക്കാക്കപ്പെടുന്നു.

വെർജിൻ ഓഫ് ദി റോക്സ്, അന്ത്യ അത്താഴം, മൊണോലിസ തുടങ്ങിയവ ഡാവിൻസിയുടെ പ്രധാന പ്പെട്ട സൃഷ്ടികളാണ്. വെർജിൻ ഓഫ് റോക്സ് എന്ന

12th_History_Mal_Unit_10.indd 132 2/28/2023 1:20:56 PM



അന്ത്യഅത്താഴം

ചിത്രത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. കന്യാമറിയം ഇരുട്ടിൽ നിന്നും പുറത്തുവരുന്നതും, കൈകുഞ്ഞായ ജോണിനെ പ്രൊട്ടസ്റ്റന്റു ക്രിസ്തുമത ശിശുവായി ഒക്കത്ത് വെച്ചിരിക്കുന്നതുമാണ്. മിലാനിലെ ഡൊമിനിക്കൽ മഠത്തിനായി അദ്ദേഹം അവസാന അത്താഴം ക്രൂശീകരണത്തിന് മുൻപുള്ള ശിഷ്യന്മാരുമൊത്തുള്ള ഭക്ഷണം, എന്ന ചിത്രം വരച്ചു. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഛായാചിത്രമായ മോണോലിസ ഫ്ളോറൻസ്സ് നഗരത്തിൽ നിന്നുള്ള ധനിക വ്യാപാരിയായ ഫ്രാൻസിസ്കോ ഡെൽ ജിയോ കോൺഡോയുടെ ഭാര്യയായ ലിസ് ഗോറണ്ടിനിയുടെ ചിത്രമാണെന്ന് വിശ്വസിക്കപ്പെടുന്നു. ജിയോ കോൺഡാ ഇത് പ്രശസ്തപ്പെടുത്തുകയും ചെയ്തു.



മോണോലിസ

മൈക്കേൽ ആഞ്ചലോ (1475–1564)

1460-കളിൽ ബൈബിളിലെ നായകനായ ഡേവിഡിന്റെ വളരെ യാഥാർത്ഥ്യവും ഗംഭീരവുമായ ഒരു പെയിന്റിംഗ് ആദ്യമായി സൃഷ്ടിച്ച ചിത്രകാരന്മാരിൽ ഒരാളായിരുന്നു ഡാൻഡലോയും. നവോത്ഥാന കാലത്തെ പ്രശസ്തനായ ശില്പി എന്നറിയപ്പെടുന്ന ഡി ലെഡോവിക്കോ ബിനോറോട്ടി സിമോണി മൈക്കേൽ ആഞ്ചലോയെ സ്വാധീനിച്ചു. പോപ്പിനാൽ നിർമ്മിക്കപ്പെട്ട റോമിലെ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിനെ നവീകരിച്ചത് മൈക്കേൽ ആഞ്ചലോയാണ്. സെന്റ് പീറ്റേഴ്സ് ദേവാലയത്തിലെ താഴികക്കുടം ഡേവിഡിന്റെ യഥാർത്ഥ പ്രതിമ സിസ്റ്റെൺ ദേവാലയത്തിലെ ചുമരുകളിൽ വരയ്ക്കപ്പെട്ടിട്ടുള്ള ചിത്രങ്ങൾ എന്നിവ നവോത്ഥാനകാല ചിത്രകലയ്ക്ക് മകുടോദാഹരണമാണ്. പിയറ്റ എന്നറിയപ്പെട്ട കന്യാമറിയത്തിന്റെ ശിലയും അദ്ദേഹം കൊത്തിവെച്ചു. ഇഹലോകവാസം വെടിഞ്ഞ ക്രിസ്തുവിന്റെ അരികിൽ കന്യാമറിയം വേദനയോടെ ഇരിക്കുന്ന രംഗം ഈ ശിലയിൽ കൊത്തിവെച്ചിരിക്കുന്നു. മദ്ധ്യഇറ്റലിയിലെ കെരോരയിൽ നിന്നും കൊണ്ടുവരപ്പെട്ട ഒരൊറ്റ മാർബിൾ കല്ലിൽ നിന്നാണ് ഇത് കൊച്ചിയെടുത്തത്.



മൈക്കൽ ആഞ്ചലോ

റാഫേൽ (1483–1520)

റാഫേലിന്റെ മെഡോണയും കുട്ടിയും എന്ന പ്രശസ്ത ചിത്രരചനയിൽ കന്യാമറിയത്തേയും കുട്ടി യേശുവിനെയുമാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. ജൂലിയസ്സ് II-ാമൻ മാർപാപ്പയുടെ വായനാശാല ചുവരുകൾ വിവിധ മതപരമായ സാരാംശങ്ങളെ ഉൾക്കൊണ്ടു കൊണ്ട് റാഫേൽ വരച്ചു. അത്തരത്തിലുള്ള ഒരു പ്രമേയം നവോത്ഥാന കലയെക്കുറിച്ചുള്ള ക്ലാസ്സിക്കൽ സ്വാധീനം എടുത്തുകാണിക്കുന്ന ഏതൻസിലെ റാഫേൽ സ്കൂളായിരുന്നു. ലിയനാർഡോയുടെയും മൈക്കേആഞ്ചലോയുടെയും ചിത്രങ്ങൾക്കൊപ്പം അദ്ദേഹം തന്റെ ചിത്രങ്ങളും വരച്ചു.



റാഫേൽ

ശാസ്ത്ര സാങ്കേതിക വിദ്യ

പതിനഞ്ചാം നൂറ്റാണ്ടു മുതൽ പതിനേഴാം നൂറ്റാണ്ടു വരെ യുള്ള കാലഘട്ടത്തിൽ ശാസ്ത്രം അതിവേഗം വികസിച്ച് ഒരു ശാസ്ത്ര വിപ്ലവത്തിലേയ്ക്ക് നയിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലെ ശാസ്ത്രജ്ഞന്മാർക്ക് സഭയോട് ശത്രുത പുലർത്തേണ്ടി വന്നു. കാരണം അവിടത്തെ ജനങ്ങൾ ചിന്തിക്കാനും പരീക്ഷിക്കനും ദൈവത്തെ അന്വേഷിക്കാനും തുടങ്ങിയത് സഭ ഇഷ്ടപ്പെട്ടിരുന്നില്ല..



നിക്കോളാസ് കോപ്പർനിക്കസ്

പോളണ്ട് ശാസ്ത്രജ്ഞനായ കോപ്പർ നിക്കസ് (1473–1543) സൂര്യൻ സൗരയൂഥത്തിന്റെ കേന്ദ്രത്തിലാണെന്നും ഭൂമി ഉൾപ്പെടെയുള്ള എല്ലാ ഗ്രഹങ്ങളും സൂര്യനെ ചുറ്റുന്നു (ഹീലിയോസെൻട്രിക്) എന്ന സിദ്ധാന്തം മുന്നോട്ടുവെച്ചു. ഭൂമിയെ കേന്ദ്രീകരിച്ചുള്ള (ജിയോസെൻട്രിക്) കാഴ്ചപ്പാട് പ്രകടിപ്പിച്ച സഭയുടെ വിപരീത വീക്ഷണമായിരുന്നു ഇത്. സഭയുടെ ആശയങ്ങളെ എതിർക്കുന്ന ഏതു വീക്ഷണവും മതവിരുദ്ധമായി കണക്കാക്കപ്പെട്ടിരുന്നു. കോപ്പർ നിക്കസ് തന്റെ ജീവിത അവസാനം വരെ ആകാശഗോളങ്ങളുടെ വിപ്ലവങ്ങളെക്കുറിച്ചുള്ള തന്റെ കൃതികളുടെ പ്രസിദ്ധീകരണം മാറ്റിവെച്ചു. ഭൂമി സൂര്യനെ ചുറ്റിവരുന്നു എന്ന് പ്രഖ്യാപിച്ച ജിയോർഡോണോ ബ്രൂണോ എന്ന ഇറ്റാലിയനെ 1600-ൽ ദേവാലയ സഭയാൽ എരിക്കപ്പെട്ടു.

ഹീലിയോ സെൻട്രിക് സിദ്ധാന്തത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ജ്യോതിശാസ്ത്ര തെളിവുകൾ ജ്യോതി ശാസ്ത്രജ്ഞനായ ഗലീലിയോ ഗലീലി നൽകി

12th_History_Mal_Unit_10.indd 133 2/28/2023 1:20:58 PM

(1564-1642). ദൂരദർശിനി ഉപയോദിച്ച് വ്യാഴത്തിന്റെ ഉപഗ്രഹങ്ങളും ശനിയുടെ വളയങ്ങളും സൂര്യന്റെ പാടുകളും കണ്ടെത്തി. പാദുവ സർവ്വകലാശാലയിലെ മെഡിസ്സി കുടുംബം മെഡിസിന്റെയും മാത്തമറ്റിക്സിന്റെയും പ്രൊഫസറായി അദ്ദേഹത്തെ നിയമിച്ചു. ശാസ്ത്രത്തെ മതത്തിൽ നിന്നും അകറ്റി നിർത്താനുള്ള ശ്രമങ്ങൾ അദ്ദേഹം നടത്തി. സൂര്യകേന്ദ്ര സിദ്ധാന്തം മുന്നോട്ടുവെച്ച കോപ്പർനിക്കസിന്റെ കാഴ്ചപാടുകൾ അദ്ദേഹം സ്വീകരിച്ചു. അദ്ദേഹത്തെ മതവിരുദ്ധതക്കായി പ്രവർത്തിച്ചതിന്റെ പേരിൽ സഭ വിചാരണ ചെയ്യുകയും വീട്ടു തടങ്കലിൽ പാർപ്പിക്കുകയും ചെയ്തു.



ഗലീലിയോ ഗലീലി

16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശാസ്ത്രജ്ഞരിൽ പ്രമുഖരായ വില്യം ഹാർവി (1578-1657) മനുഷ്യശരീരത്തിൽ രക്തചംക്രമണം തെളിയിച്ച ഒരാളാണ്.



വില്യം ഹാർവി

പടിഞ്ഞാറൻ നവോത്ഥാനത്തിന്റെ വ്യാപനം

നവോത്ഥാനം ഇംഗ്ലണ്ടിൽ

ഇറ്റലിയിൽ മാത്രമല്ല ഫ്രാൻസ്, ജർമ്മനി ഉൾപ്പെടെ യൂറോപ്പിന്റെ പല ഭാഗങ്ങളിലും നവോത്ഥാനം അതിന്റെ സ്വാധീനം ചെലുത്തി. ഇത് ഇംഗ്ലണ്ടിൽ ആഴത്തിലുള്ള മുദ്ര പതിപ്പിച്ചു. എലിസബത്ത് I ന്റെ (1558-1603) ഭരണം എലിസബത്തിന്റെ യുഗം എന്നറിയപ്പെട്ടു. ഇംഗ്ലീഷ് നവോത്ഥാനകാലഘട്ടത്തിൽ എലിസബത്തിന്റെ യുഗം നിരവധി പണ്ഡിതന്മാരെ സൃഷ്ടിച്ചു. വില്യം ഷേക്സ്പിയർ, ക്രിസ്റ്റഫർമാർലോ, ഫ്രാൻസിസ് ബേക്കൺ എന്നിവർ അതിൽ ശ്രദ്ധേയരാണ്. ഒരു ഇംഗ്ലീഷ് നാടകകൃത്തായ ക്രിസ്റ്റഫർ മാർലോയുടെ സുപ്രധാനകൃതികളാണ് 'ഡിസോ,' ദികീൻ ഓഫ് കാർത്തേജ്, 'റ്റെബർലെയിൻ ദി ഗ്രാറ്റ്' എന്നിവ.



എലിസബത്ത് I

ഇംഗ്ലണ്ടിലെ ഏറ്റവും മികച്ച എഴുത്തുകാരനായ വില്യം ഷേക്സ്പിയർ സ്റ്റഫോർഡ് എന്നറിയപ്പെടുന്ന അപ്പാൺ നഗരത്തിൽ ജനിച്ച അദ്ദേഹം 38 നാടകങ്ങളും സ്നേഹം, കോപം, ദുഃഖം, അസൂയ, വഞ്ചന തുടങ്ങിയ മനുഷ്യവികാരങ്ങൾ ഉൾക്കൊള്ളുന്ന നിരവധി കവിതകളും എഴുതി. അസ് യൂ ലൈക്ക് ഇറ്റ്. 'ദി റ്റേമിംഗ് ഓഫ് ദി ഷ്രൂ,' 'എ മിസ്ഡ് സമ്മർ നൈറ്റ്സ് ഡ്രീം' എന്നീ ഹാസ്യനാടകങ്ങളും, ഒഥല്ലോ, ഹാംലറ്റ്, കിംഗ് ലിയർ, റോമിയോയും ജൂലിയറ്റ് എന്നിവ ദുരന്ത നാടകങ്ങൾക്ക് ഉദാഹരണങ്ങളാണ്. ലണ്ടനിലെ ഗ്ലോബ് തിയേറ്ററിൽ അവതരിപ്പിച്ച അദ്ദേഹത്തിന്റെ നാടകങ്ങൾ ജനപ്രിയം നേടിയവയായിരുന്നു. ഈ നാടകങ്ങൾ ഇംഗ്ലീഷ് ഭാഷയെ ആഴത്തിൽ സ്വാധീനിച്ചു. വ്യാവസായിക വിപ്ലവത്തിനുശേഷം ബ്രിട്ടൺ ഒരു സാമ്രാജ്യമായി മാറിയപ്പോൾ ഇദ്ദേഹത്തിന്റെ നാടകങ്ങൾ ലോകമെമ്പാടും വ്യാപിച്ചു.

അനുഭവശാസ്ത്രത്തിന്റെ പിതാവായി ഫ്രാൻസിസ് ബേക്കൺ കണക്കാക്കപ്പെടുന്നു. യുക്തിചിന്തയ്ക്ക് വിരൽ ചൂണ്ടുന്ന (യുക്തി സഹജമായ ചിന്തകളിലേക്കുള്ള സമീപനം സാമാന്യവത്കരണത്തെ അടിസ്ഥാനമാക്കിയുള്ള നിർദ്ദിഷ്ട വിശദാംശങ്ങൾ ഉണ്ടാക്കുന്നതും അനുമാനിക്കുന്ന യുക്തിക്ക് വിപരീതവുമാണ്) ശാസ്ത്രീയ അറിവിന്റെ അടിസ്ഥാനമാണെന്ന് അദ്ദേഹം വാദിച്ചു. സ്വാഭാവിക പ്രതിഭാസങ്ങളെ പഠിക്കുന്നതിനും, വ്യാഖ്യാനിക്കുന്നതിനുമുള്ള ഒരു മാർഗ്ഗമായി വസ്തുതകളെ തനതായ രീതിയിൽ നിരീക്ഷിക്കുന്നതിന് ഇത് സഹായിക്കുന്നു..

10.2 കിഴക്കുഭാഗത്തേക്കുള്ള പുതിയ കടൽമാർഗ്ഗങ്ങളുടെ കണ്ടെത്തൽ

തുർക്കിയുടെ ആക്രമണങ്ങളും കോൺസ്റ്റാന്റിനോപ്പിളിന്റെ പതനവും യൂറോപ്യൻ സമുദ്ര രാഷ്ട്രങ്ങൾക്ക് കിഴക്കോട്ടുള്ള ഒരു കടൽമാർഗ്ഗം കണ്ടെത്താൻ ഉത്തേജനം നൽകി. അങ്ങനെ അവർ ഓട്ടോമൻമാരുടെ നിയന്ത്രണത്തിലായിരുന്ന പുതിയ ഭൂഗർഭ പാതകളെ ആശ്രയിക്കേണ്ടി വന്നില്ല. അറ്റ്ലാന്റിക് സമുദ്രത്തിന്റെ മറുവശത്ത് ഒരു പുതിയ ലോകം സ്ഥിതി ചെയ്യുന്നു എന്ന യൂറോപ്യന്മാരുടെ വെളിപ്പെടുത്തൽ മഹത്തായ ഭൂമിശാസ്ത്രപരമായ കണ്ടെത്തലുകൾക്ക് കാരണമായി.

സമുദ്രപര്യവേക്ഷണത്തിന്റെ കാരണങ്ങൾ

(a) കുരിശുയുദ്ധ സമയത്ത് പ്രഭുക്കന്മാർ കിഴക്കിൽ നിന്നും പലതര വസ്തുക്കളുമായി മടങ്ങി. പടിഞ്ഞാറൻ രാജ്യങ്ങളിൽ ഭക്ഷ്യസംരക്ഷണത്തിനായി ഉപയോഗിച്ചിരുന്ന കിഴക്കൻ ഉൽപ്പന്നങ്ങൾ പ്രധാനമായും സുഗന്ധ വ്യജ്ഞനങ്ങൾ എന്നിവ യൂറോപ്യന്മാർക്ക് ഇഷ്ടപ്പെട്ടു. അതുവരെ അറബികൾ ഇന്ത്യയുൾപ്പെടെ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായുള്ള കര സമുദ്ര വ്യാപാരം നിയന്ത്രിച്ചിരുന്നു. ഏഷ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സാധനങ്ങൾ ഇറ്റലിക്കാരുമായി കൈമാറിയതിനെ തുടർന്ന് അവ യൂറോപ്പിൽ

12th_History_Mal_Unit_10.indd 134 2/28/2023 1:20:58 PM

കച്ചവടം ചെയ്തു. യൂറോപ്യൻ ശക്തികൾ പ്രത്യേകിച്ച് പോർച്ചുഗൽ, സ്പെയിൻ എന്നീ ഏഷ്യൻ രാജ്യങ്ങളുമായി നേരിട്ട് വ്യാപാരം നടത്താൻ ആഗ്രഹിച്ചു. അതിനാൽ കൂടുതൽ ലാഭം നേടുന്നതിനായി അവർ പുതിയ മാർഗ്ഗങ്ങളിലൂടെയുള്ള പര്യവേഷണം പ്രോത്സാഹിപ്പിച്ചു. പുതിയ വ്യാപാരമാർഗ്ഗങ്ങൾ കണ്ടെത്താനുള്ള പ്രേരണ നൽകുന്ന നിർണ്ണായക സാമ്പത്തിക ഘടകമാണിത്.

(b) കിഴക്കൻ രാജ്യങ്ങളിൽ നിന്നുള്ള ആവശ്യങ്ങൾ വർദ്ധിച്ചതോടെ യൂറോപ്യൻ രാജ്യങ്ങൾ കൂടുതൽ ലാഭം നേടാനും കടലിൽ നിന്നുള്ള വ്യാപാരം നിയന്ത്രിക്കാനും ആഗ്രഹിച്ചു. അതിനാൽ സമുദ്ര പര്യവേഷണത്തിൽ നിക്ഷേപിക്കാൻ അവർക്ക് താല്പര്യം ഉണ്ടായിരുന്നു.

(c) വിദ്ഢികളെ തെരഞ്ഞെടുത്ത് മത്സരിപ്പിക്കാനും സാഹസീകരെ പര്യവേഷണം ചെയ്യാനും അനുവദിക്കുന്ന യുഗത്തിന്റെ മനോഭാവം പണത്തേയും പ്രശസ്തിയേയും വാഗ്ദാനം ചെയ്യുന്ന പുതിയൊരു ഗതി തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചു.

(d) മതം പ്രചരിപ്പിക്കാനുള്ള (ക്രിസ്തുമതം) പുതിയ ഭൂമി ഭാഗത്തിന്റെ പര്യവേഷണത്തിന് ഒരു പ്രേരണയായി പ്രവർത്തിച്ചു. എന്നിരുന്നാലും ഇത് പ്രാരംഭകാലഘട്ടത്തിൽ ഇതിന് പ്രാധാന്യം നൽകിയിരുന്നില്ല. മതനവീകരണ സമയത്ത് ദൈവവചനം പ്രചരിപ്പിക്കുന്നതിന് പ്രാധാന്യം നൽകി.

(e) നവോത്ഥാനം മൂലം പല മേഖലകളിലും സാങ്കേതിക വിദ്യയുടെ വികസനം ഉണ്ടായി അത്തരമൊരു മേഖല കാർട്ടോഗ്രാഫി അഥവാ മേപ്പ് നിർമ്മാണം ആയിരുന്നു. സാങ്കേതികവിദ്യ ഉപയോഗിച്ച് ക്രിസ്തുവർഷം 1-ാം നൂറ്റാണ്ടിൽ ടോളമിയുടെ ഭൂപടം വീണ്ടും വരച്ചു. ഒരു നവോത്ഥാന ഭൂമിശാസ്ത്രജ്ഞനായ ജെറോഡ്സ് മെർക്കറേറ്റർ അക്ഷാംശ രേഖാംശം ഉപയോഗിച്ച് നാവികന്മാർക്ക് മേപ്പുകൾ വരയ്ക്കാൻ സഹായിച്ചു.

(f) നീണ്ടതും അപകടവുമായ കടൽയാത്രകളിൽ കപ്പലുകളുടെ പുതിയ മെച്ചപ്പെട്ട രൂപകല്പന നിർണ്ണായക പങ്കുവഹിച്ചു. ആഴം കുറഞ്ഞ വെള്ളത്തിൽ വേഗം സഞ്ചരിക്കാവുന്ന ഭാരം കുറഞ്ഞ കപ്പലായ കാരവൽന്റെ നിർമ്മാണം ഒരു പ്രധാന സാങ്കേതിക കണ്ടുപിടിത്തമായിരുന്നു.

(g) തോക്കുകളുടെയും പീരങ്കികളുടെയും ലഭ്യത മൂലം കടൽയാത്രകളുടെ അപകടങ്ങൾ ലഘൂകരിക്കപ്പെട്ടു.

(h) മേരിനസ്സ് ക്യാമ്പസ്സ് (വടക്കുനോക്കിയന്ത്രം) യൂറോപ്പിൽ ലഭ്യമായതിനാലും ശാന്തമായ രാത്രിയും ശോഭയുള്ള നക്ഷത്രങ്ങളും നാവികന്മാർക്ക് അവർ സഞ്ചരിക്കുന്ന ദിശനിർണ്ണയിക്കാൻ കഷ്ടപ്പെടേണ്ടിവന്നില്ല.



മാറിനേസ് കംബാസ്

പോർച്ചുഗല്ലിന്റെ സംരംഭങ്ങൾ



ഹെൻട്രി എന്ന നാവിഗേറ്റർ

യൂറോപ്പിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന പോർച്ചുഗൽ എന്ന ചെറിയ രാജ്യത്തിന്റെ പരിശ്രമത്താൽ കാനറി, മെഡീറ, അസ്സോറസ്സ് എന്നീ ദ്വീപുകളെ ആദ്യപര്യവേഷണത്തിൽ തന്നെ കണ്ടെത്തി ഹെൻട്രി രാജകുമാരൻ അയച്ച നാവികർ 1442-ൽ ആഫ്രിക്കയുടെ ഗിനിയ നദീ തീരത്തെത്തി. പിന്നീട് 1488-ൽ ബർത്തലോമിയ ഡയസ്സ് 1488-ൽ ബർത്തലോമിയ ഡയസ്സ് ശുഭ പ്രതീക്ഷ മുനമ്പ് വളഞ്ഞു.

നാവികനായ ഹെൻട്രി ഒരു പോർച്ചുഗീസ് നാവികനായിരുന്നു. അദ്ദേഹം ഒരിക്കലും കടലിൽ പോയിട്ടില്ലെങ്കിലും പോർച്ചുഗല്ലിലെ സയപ്രസ്സിൽ കടൽയാത്രയെക്കുറിച്ചുള്ള ഒരു വിദ്യാലയം ആരംഭിച്ചു. ആസൂത്രിത യാത്രകൾ നടത്താൻ നാവികരെ സഹായിക്കുന്നതിന് കാർട്ടോഗ്രാഫർമാരേയും, കപ്പൽ നിർമ്മാണക്കാരേയും, ഉപകരണ നിർമ്മാതാക്കളേയും വാടകയ്ക്ക് നിയമിച്ചു.

ക്രിസ്റ്റോഫർ കൊളംബസ് (1451–1506)



കൊളംബസ്

ജനോവയിലെ ഇറ്റലിക്കാരനായ ക്രിസ്റ്റോഫർ കൊളംബസ്സ് സ്പാനിഷ് ഭരണാധികാരികളായ ഫെർഡിനാന്റെ, ഇസബെല്ല ഇവരുടെ സംരക്ഷണം നേടുന്നതിന് മുൻപ് നിരവധി പ്രതിസന്ധികൾ നേരിട്ടു. 1492 ആഗസ്റ്റ് 3 ന് കൊളംബസ് സേഡിസ്സിനടുത്തുള്ള പൗലോസ്സ് തുറമുഖത്തിരുന്ന് മൂന്ന് ചെറിയ കപ്പലുകളുമായി (ശാന്തമറിയ, പിന്റെ, നിന) യാത്ര തിരിച്ചു. 1492-ൽ രണ്ടു മാസവും ഒൻപതു ദിവസവും നടത്തിയ ഒരു യാത്രയ്ക്ക് ശേഷം

12th_History_Mal_Unit_10.indd 135 2/28/2023 1:20:59 PM

അദ്ദേഹം ഇന്ത്യയാണെന്ന് വിശ്വസിക്കുന്ന ഒരു ദേശത്തെത്തി. പക്ഷേ അത് ശരിക്കും ഒരു പുതിയ ഭൂഖണ്ഡമായ അമേരിക്കയായിരുന്നു സ്വർണ്ണം, പരുത്തി, വിചിത്ര മൃഗങ്ങൾ, ക്രിസ്തുമതത്തിൽ ജ്ഞാനസ്നാനം ചെയ്യുന്നതുപോലെ വിടർന്ന കണ്ണുകളോടുകൂടിയ രണ്ട് ഇന്ത്യാക്കാർ എന്നിവരോടൊപ്പമാണ് അദ്ദേഹം സ്പെയിനിലേക്ക് മടങ്ങിയത്. തന്റെ അവസാനം വരെ താൻ കണ്ടുപിടിച്ച ഭൂവിഭാഗം ഇന്ത്യയാണെന്ന് വിശ്വസിച്ചതിനാൽ അദ്ദേഹം അവരെ ഇന്ത്യാക്കാർ എന്ന് വിളിച്ചിരുന്നു.

വാസ്കോഡഗാമ



വാസ്കോഡഗാമ

കൊളംബസ്സിന്റെ വിജയത്തെ തുടർന്ന് വാസ്കോഡ ഗാമ അദ്ദേഹത്തിന്റെ ചരിത്രപരമായ യാത്രയെ (1497) കിഴക്കൻ ഭാഗത്തേയ്ക്ക് നയിച്ചു. ലിസ്ബണിൽ നിന്ന് നാല് കപ്പലുകളുമായി യാത്ര തിരിച്ച അദ്ദേഹം മൊസാംബിക് ദ്വീപിലെത്തി. പിന്നീട് വീണ്ടും തെക്കോട്ടു സഞ്ചരിച്ച് കേരളത്തിലെ കോഴിക്കോടിന് സമീപമുള്ള കാപ്പാട് എന്ന കടൽ തീരത്തെത്തി. ഇന്ത്യയുടെ ഒരു ഭാഗത്ത് എത്തിയതിലൂടെ അദ്ദേഹം ഇന്ത്യയുമായി നേരിട്ട് വ്യാപാരത്തിനുള്ള വഴി തുറന്നു. ഈ യാത്ര ഇന്ത്യയിലെ ഏതാനും പ്രദേശങ്ങളുടെ കോളനിവത്കരണത്തിലേയ്ക്ക് നയിച്ചു. അത്തരം ഒരു പ്രദേശമായിരുന്നു ഗോവ.

പേപ്പൽ ബുൾ (1493)

മാർപാപ്പയുടെ വിളംബരം പോർച്ചുഗൽ രാജ്യക്കാർ കടൽ യാത്രകളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതു കണ്ട സ്പാനിഷ് രാജാക്കന്മാർക്ക് ഭീതി ഉളവാക്കി. അതിനൊരു പരിഹാരം കണ്ടെത്താൻ അവർ അലക്സാണ്ടർ രണ്ടാമൻ മാർപാപ്പയോട് അഭ്യർത്ഥിച്ചു. 1493-ൽ മാർപാപ്പ ഒരു വിളംബരം പുറപ്പെടുവിച്ചു. വെർഡി മുനമ്പ് ദ്വീപുകളിൽ നിന്നും 320 മൈൽ പടിഞ്ഞാറോട്ട് ധ്രുവത്തിൽ നിന്നും ധ്രുവത്തിലേയ്ക്ക് വടക്ക് തെക്കു രേഖ വരയ്ക്കാൻ ഈ വിളംബരം സഹായകമായി. ഈ പ്രകടനം പടിഞ്ഞാറ് ഭാഗത്തേയ്ക്കുള്ള ഏതൊരു കണ്ടുപിടിത്തങ്ങളും സ്പെയിനിന്റെതാണെന്ന് പ്രഖ്യാപിച്ചു. ഈ ക്രമീകരണം പോർച്ചുഗലിന് അതൃപ്തി ഉളവാക്കി. അടുത്തവർഷം 1494 ഡോർടെസില്ലസ് ഉടമ്പടിയിൽ ഒപ്പുവെച്ച് സ്പെയിനുമായി ഒരു കരാർ ഉണ്ടാക്കി. വടക്കുതെക്ക് രേഖയുടെ അതിർത്തി എന്ന ആശയത്തെ ആദരിച്ചെങ്കിലും വെർഡി മുനമ്പ് ദ്വീപുകൾക്ക് പടിഞ്ഞാറ് 1,185 മൈലിലേക്ക് അത് മാറ്റപ്പെട്ടു. കൂടാതെ കിഴക്കുഭാഗത്ത് കണ്ടെത്തിയതെല്ലാം പോർച്ചുഗലിന്റെതാണെന്ന് അംഗീകരിക്കുകയും ചെയ്തു. ആറുവർഷങ്ങൾക്കുശേഷം 1500 ഏപ്രിലിൽ ഇത് പോർച്ചുഗല്ലിന്റെ നേട്ടമായി മാറി. പെട്രോഅൾവേഴ്സ് കോമ്പ്രൻ ബ്രസീലിന്റെ കിഴക്കൻ തീരത്ത് വന്നിറങ്ങിയപ്പോൾ പോർച്ചുഗൽ അതിന് അവകാശവാദം ഉന്നയിച്ചു.

പോർച്ചുഗീസ് നാവികൻ പെട്രോകാമ്പ്രൽ



പെട്രോഡിക കബ്രാൾ

1500-ൽ പെട്രോ കാമ്പ്രൽ പടിഞ്ഞാറോട്ട് സഞ്ചരിച്ച് ബ്രസീലിനെ കണ്ടെത്തി. പെട്രോ കാമ്പ്രൽ ഈ ദ്വീപിനെ ട്രൂ ക്രോസ്സ് ദ്വീപ് എന്ന് നാമകരണം ചെയ്തു. ബ്രസ്സീൽ പോർച്ചുഗല്ലിന്റെ കോളനി ആയിത്തീർന്നു. തുടർന്നുള്ള ചരിത്രം 11-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

വാസ്കോഡഗാമയുടെ പാദ പാത തുടർന്ന് കാമ്പ്രൽ കടൽ മാർഗ്ഗം യാത്ര തിരിച്ച് ഇന്ത്യയിലെ കോഴിക്കോടെത്തി. തുടക്കത്തിൽ അവിടത്തെ ഭരണാധികാരിയായ സാമൂതിരി അവരോട് നന്നായി പെരുമാറുകയും കോട്ടകൾ കെട്ടി വ്യാപാരം തുടങ്ങാൻ കാമ്പ്രലിന് അനുവാദം നൽകി. എന്നിരുന്നാലും അറബ് വ്യാപാരികളുമായി കാബ്രൽ തർക്കത്തിലേർപ്പെടുകയും പോർച്ചുഗീസുകാരുടെ വ്യാപാര സ്ഥലത്തെ അറബികൾ ആക്രമിക്കുകയും നിരവധി പോർച്ചുഗീസ് സൈനികരെ വധിക്കുകയും ചെയ്തു. അദ്ദേഹം പത്ത് അറബികപ്പലുകൾ പിടിച്ചടക്കുകയും അതിലുണ്ടായിരുന്ന നാവികന്മാരെ വധിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം തെക്കോട്ട് പുറപ്പെട്ട് കൊച്ചിയിലെത്തി. അവിടെ അദ്ദേഹത്തെ ഊഷ്മളമായി സ്വീകരിച്ച് വ്യാപാരം ചെയ്യാൻ അനുവദിക്കുകയും ചെയ്തു. കണ്ണനൂരിൽ ഇപ്പോഴത്തെ (കണ്ണൂർ) ഒരു തുറമുഖം സ്ഥാപിച്ച ശേഷം 1501 ജനുവരി 16 ന് സുഗന്ധ വ്യജ്ഞനങ്ങൾ നിറച്ച ആറുകപ്പലുകളുമായി കാമ്പ്രൽ പോർച്ചുഗല്ലിലേക്ക് മടങ്ങി. എന്നിരുന്നാലും യാത്രമദ്ധ്യേ രണ്ടു കപ്പലുകൾ വഴിതെറ്റി പോകുകയും 1501 ജൂൺ 23 ന് ശേഷം നാലു കപ്പലുകളുമായി കാമ്പ്രൽ പോർച്ചുഗലിലെത്തി.

മെഗല്ലന്റെ കടൽയാത്ര



മെഗല്ലർ

ലോകത്തെ പര്യവേക്ഷണം ചെയ്യാൻ പോർച്ചുഗീസുകാരനായ ഫെർഡിനാന്റെ മെഗല്ലന് സ്പാനിഷ് പിൻതുണ ലഭിച്ചു. അഞ്ച് കപ്പലുകളുമായി 1519-ൽ സെവിലിനിൽ നിന്ന് പടിഞ്ഞാറോട്ട് അദ്ദേഹം യാത്ര തിരിച്ചു. തെക്കേ അമേരിക്കയുടെ അഗ്രഭാഗത്ത് ഒരു കടലിടുക്ക് കണ്ടെത്തിയ അദ്ദേഹം അതിനെ മെഗല്ലൻ കടലിടുക്ക് എന്ന് നാമകരണം ചെയ്തു. അവിടെ നിന്നും യാത്ര തിരിച്ച നാവിക സംഘം തെക്കൻ കടൽതീരത്തെത്തി. കടൽശാന്തമായിരുന്നതിനാൽ അദ്ദേഹം അതിനെ ശാന്തസമുദ്രം (പസഫിക് സമുദ്രം) എന്ന് നാമകരണം ചെയ്തു. (പസഫികോ എന്നാൽ സ്പാനിഷിൽ സമാധാനം എന്നാണ്). ഈ യാത്രയിൽ മെഗല്ലന് രണ്ടു കപ്പലുകളും പല നാവികൻമാരും അസുഖം

12th_History_Mal_Unit_10.indd 136 2/28/2023 1:20:59 PM

12th_History_Mal_Unit_10.indd 137 2/28/2023 1:21:00 PM

മൂലം നഷ്ടപ്പെട്ടു. ഫിലിപ്പി ദ്വീപിൽ മെഗല്ലൻ സ്വയം കൊല്ലപ്പെടുകയും ചെയ്തു. അവസാനമായി വിക്ടോറിയ എന്ന ഒരൊറ്റ കപ്പൽ മാത്രം പതിനെട്ട് നാവികൻ മാരോടൊപ്പം 1522-ൽ സെവില്ലി ദ്വീപിൽ തിരിച്ചെത്തി. ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ച കപ്പൽ എന്ന ബഹുമതി വിക്ടോറിയ കപ്പലിന് ലഭിച്ചു.

ഏഷ്യയിലേക്കുള്ള പുതിയ കടൽപാതകളുടെ പ്രാധാന്യം തുർക്കികൾ ഫ്രഞ്ച്, ഇംഗ്ലീഷ്, ജർമ്മൻകാർ എന്നിവർ ഇതുവരെ തിരിച്ചറിഞ്ഞിരുന്നില്ല. അമേരിക്കയുടെ യൂറോപ്യൻ കണ്ടെത്തലിന്റെ രാഷ്ട്രീയ പ്രാധാന്യവും മനസ്സിലാക്കിയിരുന്നു. സ്പാനിഷ് ആക്രമണക്കാരിയായ ഹെർന്നൻ കോർട്ടസ്, വെറും വിരലിലെണ്ണാവുന്ന വീരന്മാരുമായി സ്പെയിനു വേണ്ടി മെക്സിക്കോ സാമ്രാജ്യം കീഴടക്കി. പിസ്സറോ, പനാമയിലെ ഇസ്തുമസ്സ് കടന്ന് (1530) മറ്റൊരു രാജ്യമായ പെറുവിനെ കീഴടക്കുകയും തെക്കേ അമേരിക്കയിലെ ഇൻക സാമ്രാജ്യം നശിപ്പിക്കുകയം ചെയ്തു.

മറ്റു പ്രധാന യൂറോപ്യൻ പര്യവേക്ഷണങ്ങൾ

പോർച്ചുഗീസുകാരുടെയും സ്പാനിഷ് കടൽയാത്രക്കാരുടെയും പാത പിൻതുടർന്ന് മറ്റ് യൂറോപ്യൻ രാജ്യങ്ങൾ ലോക പര്യവേഷണം ചെയ്യാൻ തുടങ്ങി. ഇറ്റാലിയൻ പര്യവേഷകനായ ജോൺ കോൾബർട്ടിനെ ലോകമെമ്പാടുമുള്ള പുതിയ സ്ഥലങ്ങൾ കണ്ടെത്താൻ ഇംഗ്ലണ്ട് ചുമതലപ്പെടുത്തി. തന്റെ യാത്രയിൽ അദ്ദേഹം കാനഡയെ കണ്ടെത്തി അതിനെ ബ്രിട്ടീഷ് കോളനി ആക്കി മാറ്റുകയും ചെയ്തു. മറ്റൊരു ഇറ്റലിക്കാരനായ ജിയോവനി ടാ വെരാസോണ ഫ്രഞ്ചുകാർക്കായി പര്യവേഷണം ചെയ്തു. കിഴക്കൻ കാനഡയെ ഫ്രെഞ്ചുകാർക്കായി അദ്ദേഹം പ്രവിശ്യകളെ കൂട്ടിച്ചേർത്തു. ഹെൻഡ്രി ഹഡ്സൺ എന്ന ഇംഗ്ലീഷ് പര്യവേഷകൻ വടക്കേ അമേരിക്കയിൽ നിന്ന് പസഫിക് സമുദ്രത്തിലേയ്ക്കുള്ള കടൽപാത കണ്ടുപിടിക്കാൻ ആഗ്രഹിച്ചു. തന്റെ സംരംഭത്തിൽ അദ്ദേഹം പരാജയപ്പെട്ടെങ്കിലും ഇപ്പോൾ തന്റെ പേരു വഹിക്കുന്ന പ്രദേശം അതായത് ഹഡ്സൺ നദിയെ അദ്ദേഹം പര്യവേഷണം ചെയ്ത് കണ്ടെത്തി.

സ്പാനിഷ് ആയുധങ്ങളുടെ വിനാശകരമായ ആഘാതം: അസ്റ്റെക്കുകൾക്ക് ആവശ്യത്തിലധികം വീരന്മാരും, മൂർച്ചയേറിയ ആയുധങ്ങളും ഉപയോഗിച്ചിരുന്നെങ്കിലും ഒരേ ഒരു സ്പാനിഷ് വീരന് ഡസൻ കണക്കിന് അല്ലെങ്കിൽ നൂറു കണക്കിന് എതിരാളികളെ ഉൻമൂലനം ചെയ്യാൻ കഴിയും. അവർ പെട്ടെന്നു തന്നെ സംസാരം കൊണ്ട് കീറിമുറിക്കുകയും ചെയ്തു. ഒരു തദ്ദേശീയ ചരിത്രകാരൻ യൂറോപ്യൻ ആയുധങ്ങളുടെ ഭയാനകമായ ആഘാതത്തെക്കുറിച്ച് ഇപ്രകാരം എഴുതി. മറ്റുള്ളവരെ ഒറ്റയടിക്ക് ശിരച്ഛേദം ചെയ്യപ്പെട്ടു. ബാക്കിയുള്ള വീരന്മാർ കൊലകളത്തിൽ നിന്ന് ഓടി ഒളിക്കാൻ ശ്രമിച്ചു. അവരുടെ ആന്തരികഭാഗങ്ങൾ പുറത്തേക്കു വരുകയും മറ്റുള്ളവർ അതിനെ ചവിട്ടിമെതിക്കുകയും ചെയ്തു. വസൂരി എന്ന പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടത് അസ്റ്റെക്കുകളെ ദുർബലപ്പെടുത്തി. ഇത് കാർറ്റെക്സുകളെ വീണ്ടും സംഘടിപ്പിക്കുകയും പോരാട്ടം പുനരാരംഭിച്ചത് വിജയികളായി മാറി.

ഇംഗ്ലണ്ടിൽ നിന്നും വരുന്ന വർദ്ധിച്ച മത്സരം കാരണം സ്പെയിനും ഇംഗ്ലണ്ടും തമ്മിൽ സംഘർഷം ഉണ്ടായി. സ്പെയിനിന്റെ പ്രതിഷേധം അവഗണിച്ച് ഫ്രാൻസിസ് ഡ്രേക്ക് കാലിഫോർണിയ പ്രദേശം ഇംഗ്ലണ്ടുമായി കൂട്ടിച്ചേർത്തു. ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള യുദ്ധത്തിലേക്ക് നയിച്ചു. 1588-ൽ സ്പെയിനിലെ രാജാവായ ഫിലിപ്പ് രണ്ടാമൻ നൂറ്റിമുപ്പത് കപ്പലുകളും മുപ്പത്തി ഒന്നായിരം സൈനിക വീരരുമടങ്ങിയ അർമേട എന്നറിയപ്പെടുന്ന സ്പാനിഷ് കപ്പൽ ഇംഗ്ലണ്ടിനോട് യുദ്ധം ചെയ്യാൻ അയച്ചു. എന്നിരുന്നാലും ഇംഗ്ലീഷുകാർ വളരെ എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന തങ്ങളുടെ കപ്പൽ ഉപയോഗിച്ച് സ്പാനിഷ് അർമേടയെ നശിപ്പിച്ചു. ആധുനിക ലോകത്തിലെ ഒരു പ്രധാന ശക്തിയായി ബ്രിട്ടീഷുകാരുടെ ഉയർച്ചയ്ക്ക് ഇത് കാരണമായി.

10.3 വ്യാവസായിക വിപ്ലവം

നവോത്ഥാനവും, നവീകരണവും അടിസ്ഥാന സാമ്പത്തിക മാറ്റങ്ങളോടൊപ്പം ഉണ്ടായിരുന്നു. സാമ്പത്തിക മാറ്റങ്ങളുടെ പരമ്പര മദ്ധ്യകാലഘട്ടത്തിന്റെ അർദ്ധസ്ഥിതി വിവര കണക്കുകൾ പ്രാദേശികവൽക്കരിച്ച ലാഭേച്ഛയില്ലാത്ത സമ്പദ്വ്യവസ്ഥയിൽ നിന്ന് പതിനാലാം നൂറ്റാണ്ടിലേയും തുടർന്നുള്ള നൂറ്റാണ്ടുകളിലേയും ചലനാത്മകവും ലോകവ്യാപകവുമായ മുതലാളിത്വ ഭരണകൂടത്തിലേക്ക് മാറുന്നത് വാണിജ്യ വിപ്ലവം എന്നറിയപ്പെട്ടു. ഈ വിപ്ലവം ക്രമേണയായി നടന്ന ഒന്നാണ്.

വിപ്ലവം ആരംഭിക്കുന്നതിനുള്ള കാരണങ്ങൾ: a) ഇറ്റാലിയൻ നഗരങ്ങൾ മെഡിറ്ററേനിയൻ വ്യാപാരങ്ങളെ പിടിച്ചെടുത്തു. b) തുടക്കം മുതൽ ഇറ്റാലിയൻ നഗരങ്ങളും വടക്കൻ യൂറോപ്പിലെ വ്യാപാര കേന്ദ്രമായ ഹാൻസിറ്റിക് ലീഗ് (വ്യാപാര സംഘം) ന്റെ വ്യാപാരികളും തമ്മിലുള്ള വ്യാപാരം അഭിവൃദ്ധി പ്രാപിച്ചു. c) വെനീസിലെ ഡ്യൂക്കാ, ഫ്ളോറൻസിലെ ഫ്ളോറിൻ തുടങ്ങിയ നാണയങ്ങളുടെ പ്രചരണം. d) വ്യാപാരം, കപ്പൽഗതാഗതം, ഖനന സംരംഭങ്ങളിൽ നിന്നും നേടിയ ലാഭത്തിന്റെ ശേഖരണം. e) യുദ്ധസാമഗ്രികളുടെ ആവശ്യവും, കൂടുതൽ നികുതി ചുമത്താവുന്ന സ്വത്ത് സൃഷ്ടിക്കുന്നതിന് പുതിയ രാജാക്കന്മാർ നൽകിയ പ്രോത്സാഹനം. ഇറ്റാലിയൻ നിയന്ത്രണത്തിൽ നിന്ന് വിഭിന്നമായി ഓറിയന്റിലേക്കുള്ള ഒരു പുതിയ വഴി കണ്ടെത്തുന്നതിന് പോർച്ചുഗീസ്, സ്പാനിഷ് വ്യാപാരികൾക്ക് സമുദ്രയാത്രകൾ നൽകിയ ഉത്തേജനത്തോടൊപ്പം ഈ ഘടകങ്ങളുടെ സംയോജനവും വാണിജ്യവിപ്ലവത്തിന് വഴിയൊരുക്കി.

12th_History_Mal_Unit_10.indd 138 2/28/2023 1:21:00 PM

വാണിജ്യ വിപ്ലവത്തിന്റെ സുപ്രധാന ഫലങ്ങൾ

വ്യവസായ വിപ്ലവത്തിന്റെ സുപ്രധാന ഘടകം എന്നത് ബേങ്കിംഗിന്റെ വളർച്ചയായിരുന്നു. പലിശ യ്ക്ക് കൊടുക്കുന്നതും ബേങ്കിംഗ് പ്രവർത്തനവും മാന്യമായ ഒരു ബിസിനസ്സ് ആയിരുന്നില്ല എന്ന് മതങ്ങളാൽ അഭിപ്രായപ്പെട്ടു. എന്നാൽ പതിനാലാം നൂറ്റാണ്ടോടെ ലാഭത്തിനായി പണം നൽകുന്നതിന് ഒരു സ്ഥാപിത ബിസിനസ്സ് പരിശീലനമായി മാറി. ബേങ്കിംഗ് സംബന്ധമായ വാണിജ്യസ്ഥാപനങ്ങളെ ഇറ്റാലിയൻ നഗരങ്ങളിലെ ഏറ്റവും മികച്ച വാണിജ്യ സംഘങ്ങളാണ് സ്ഥാപിച്ചത്. പതിനഞ്ചാം നൂറ്റാണ്ടോടെ ബേങ്കിംഗ് ബിസിനസ്സ് തെക്കൻ ജർമ്മനിയിലേക്കും ഫ്രാൻസിലേക്കും വ്യാപിച്ചു. സ്വകാര്യ, ധനകാര്യ സ്ഥാപനങ്ങളുടെ ഉയർച്ചയെ തുടർന്നാണ് സർക്കാർ ബാങ്കുകൾ സ്ഥാപിച്ചത്. 1657-ൽ ബാങ്ക് ഓഫ് സ്വീഡൻ ആദ്യമായി സ്ഥാപിതമായി. 1694-ൽ ബാങ്ക് ഓഫ് ഇംഗ്ലണ്ടും സ്ഥാപിച്ചു.

ചുരങ്കതൊഴിൽ, ഇരുമ്പ്-ഉരുക്കൽ തുടങ്ങിയ പുതിയ തൊഴിലുകളുടെ വളർച്ച സാങ്കേതിക മുന്നേറ്റങ്ങളാൽ വീണ്ടും ഈ സംരംഭങ്ങളെ ഉത്തേജിപ്പിച്ചു. വാണിജ്യസംഘങ്ങളിലും മാറ്റം ഉണ്ടായി. നിയന്ത്രിക കമ്പനികൾ രൂപീകരിച്ചത് വ്യാപാരികളുടെ ഒരു പൊതു സംരംഭത്തിനുള്ള കൂട്ടായ്മയായിരുന്നു. ഇത്തരത്തിലുള്ള സംരംഭത്തിന്റെ പ്രധാന ഉദാഹരണമാണ് നെതർലാൻഡും. ജെർമ്മനിയുമായി വ്യാപാരം നടത്തുന്നതിനായി ആരംഭിച്ച മർച്ചന്റെ അഡ്വൻഞ്ചേഴ്സ് എന്ന ഇംഗ്ലീഷ് കമ്പനി.

പിൽക്കാല മദ്ധ്യകാലഘട്ടത്തിൽ കരകൗശല വസ്തുക്കളാൽ വികസിപ്പിച്ചെടുത്ത നിർമ്മാണ സംവിധാനം പ്രവർത്തന രഹിതമായി. പതിനേഴാം നൂറ്റാണ്ടിൽ ഏർപ്പെടുത്തപ്പെട്ട നിയന്ത്രിത കമ്പനിയെ ജോയിന്റെ സ്റ്റോക്ക് കമ്പനി എന്ന പുതിയകമ്പനി ആക്കി മാറ്റി. പരിമിതമായ ബാദ്ധ്യതയുള്ള ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനി എന്നത് ഒരു ഡച്ച് കണ്ടുപിടിത്തമാണ്. ധാരാളം ജനങ്ങൾക്കിടയിൽ അപകട സാധ്യതകളും ലാഭങ്ങളും പ്രചരിപ്പിച്ചത് വലിയ തോതിൽ നിക്ഷേപം സാധ്യമാക്കി..

പിന്നീടുള്ള ഘട്ടങ്ങളിൽ വാണിജ്യ വിപ്ലവത്തിനൊപ്പം വാണിജ്യവാദം (മെർക്കന്റെലിസം) എന്നറിയപ്പെടുന്ന പുതിയ സിദ്ധാന്തങ്ങളും പ്രയോഗങ്ങളും ഏർപ്പെടുത്തി. ദേശീയ അഭിവൃദ്ധി പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിനുമുള്ള സർക്കാർ ഇടപെടലിന്റെ ഒരു സംവിധാനമാണ് വാണിജ്യവാദം (മെർക്കന്റലിസം). ഉല്പാദനത്തിന്റെയും, വ്യാപാരത്തിന്റെയും വ്യാപ്തി വർദ്ധിപ്പിക്കുക മാത്രമല്ല കൂടുതൽ പണം സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുക എന്നതായിരുന്നു ഈ ഇടപെടലിന്റെ ലക്ഷ്യം.

വാണിജ്യവിപ്ലവത്തിന്റെ മറ്റൊരു സുപ്രധാന ഫലം എന്നത് മധ്യവർഗ്ഗത്തിന്റെ സാമ്പത്തിക ശക്തിയിലേക്കുള്ള ഉയർച്ചയായിരുന്നു. വ്യാപാരികൾ, ബേങ്കർമാർ, കപ്പൽ ഉടമകൾ, പ്രധാന നിക്ഷേപകർ, വ്യാവസായിക സംരംഭകർ എന്നിവർ മദ്ധ്യവർഗ്ഗത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്നു. അവരുടെ അധികാരത്തിലേയ്ക്കുള്ള ഉയർച്ച സമ്പത്ത് വർദ്ധിച്ചതിന്റെയും ഫ്യൂഡൽ പ്രഭുക്കന്മാർക്കെതിരായ രാജാവിനുള്ള പിൻതുണയുടെയും ഫലമായിരുന്നു.

വാണിജ്യവിപ്ലവത്തിന്റെ ഏറ്റവും പ്രതികൂലഫലം അടിമത്വത്തിന്റെ പുനരുജ്ജീവനം ആയിരുന്നു. ഒന്നാം സഹസ്രാബ്ദത്തിന്റെ അവസാനത്തോടെ അടിമത്വം യൂറോപ്യൻ സമൂഹത്തിൽ നിന്ന് ഫലത്തിൽ അപ്രത്യക്ഷമായി എന്നാൽ സ്പാനിഷ്, പോർച്ചുഗീസ്, ഇംഗ്ലീഷ് കോളനിയിലെ ഖനന, തോട്ട കൃഷിയുടെ വികസനം അടിമകളെ ആ വിദഗ്ധ തൊഴിലാളികളായി നിയമിക്കുന്നതിലേയ്ക്ക് നയിച്ചു. തദ്ദേശീയരായ അമേരിക്കകാരെ അടിമകളാക്കാനുള്ള ശ്രമം പരാജയപ്പെട്ടു. കാരണം അവരെ കൈകാര്യം ചെയ്യുക എന്നുള്ളത് വളരെ പ്രയാസമുള്ളതായിരുന്നു. ആഫ്രിക്കക്കാരെ ഇറക്കുമതി ചെയ്താണ് പ്രശ്നം പരിഹരിച്ചത്. ട്രാൻസ് അത്ലാന്റിക് അടിമകച്ചവടം മൂലം പതിനൊന്ന് ദശലക്ഷം ആഫ്രിക്കക്കാരെ അമേരിക്കയിലേക്ക് കയറ്റുമതി ചെയ്ത ഈ സംഭവം ആധുനിക ലോകത്തെ സൃഷ്ടിക്കുന്നതിൽ ലജ്ജാകരമായ പ്രവർത്തിയായി മാറി.

അവസാനമായി വാണിജ്യവിപ്ലവം വ്യാവസായിക വിപ്ലവത്തിന് വഴിതെളിച്ചു. മുതലാളിമാരുടെ ഒരു വിഭാഗം സൃഷ്ടിച്ചതിന്റെ ഫലമായി, വ്യാപാര നയം പിൻതുടരുന്നതിലൂടെയും ഉത്പാദകരുടെ വളർച്ചയ്ക്ക് ഉത്തേജനം നൽകി. വാണിജ്യ വിപ്ലവത്തിന്റെ മികച്ച ഉദാഹരണമാണ് പരുത്തി തുണിത്തരങ്ങളുടെ തൊഴിൽശാലകൾ.

10.4 പ്രൊട്ടസ്റ്റാന്റു നവീകരണവും മതപരിഷ്കരണ പ്രസ്ഥാനവും



പോപ്പ് ലിയോ X

മധ്യകാല യൂറോപ്പിലെ ജനങ്ങൾ പ്രധാനമായും ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ചിരുന്ന ക്രിസ്ത്യാനികളായിരുന്നു. ദൈവഭക്തരായ കത്തോലിക്കകാർ ദേവാലയങ്ങളെ തങ്ങൾക്കും ദൈവത്തിനും ഇടയിൽ മാധ്യമമായി പ്രവർത്തിക്കുകയാണെന്ന് മനസ്സിലാക്കി. ജനനം മുതൽ മരണം വരെയുള്ള സാധാരണക്കാരുടെ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദുവായി സഭ മാറി. കാലക്രമേണ ദേവാലയങ്ങൾ കൈയടക്കിയിരുന്ന അധികാരം, പല

12th_History_Mal_Unit_10.indd 139 2/28/2023 1:21:00 PM

മടങ്ങ് വർദ്ധിച്ചു. എന്നിരുന്നാലും യൂറോപ്പിലെ രാജാക്കന്മാർക്കും ജനങ്ങൾക്കും സഭയുടെ കൈകടത്തൽ അനുഭവപ്പെടാൻ തുടങ്ങി. മാർപാപ്പ അധികാരത്തെ ധിക്കരിക്കുകയും അനുസരണക്കേട് കാണിക്കുകയും ചെയ്ത സംഭവങ്ങൾ ഇടയ്ക്കിടെ ഉണ്ടായി. ഈ പുതിയ മതവിരുദ്ധതയെ ആക്രമണവാഞ്ചയോടെ കൈകാര്യം ചെയ്യുന്നതിനായി വിചാരണ കോടതി രൂപീകരിച്ചു. സഭയുടെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്ത ജനങ്ങളെ മതഭ്രാന്തന്മാർ എന്നും സ്ത്രീകൾ മന്ത്രവാദികൾ എന്നും മുദ്രകുത്തപ്പെട്ടു.

റോമൻ കത്തോലിക്കാസഭയുടെ സ്വേച്ഛാധിപത്യത്തിനെതിരെ പ്രവർത്തിച്ചവരെ പ്രൊട്ടസ്റ്റന്റ് എന്നറിയപ്പെട്ടു. എന്തുകൊണ്ടെന്നാൽ അവർ സഭയുടെ തത്വങ്ങൾക്കെതിരായി പ്രവർത്തിച്ചതിനാലാണ് ഇപ്രകാരം അറിയപ്പെട്ടത്. ഭാവിയിൽ ഇത് മതനവീകരണം എന്നറിയപ്പെട്ടു. അഴിമതിയ്ക്കും സഭയുടെ സ്വേച്ഛാധിപത്യത്തിനും എതിരായ ജനകീയ കലാപമായിരുന്നു. ഇതിനുപകരമായി വിശ്വസ്തരായ റോമൻ സഭയിലെ അംഗങ്ങൾ സഭയെ ദുരുപയോഗം ചെയ്യുന്നതിനെ തടുക്കാൻ ചില ശ്രമങ്ങൾ നടത്തി. പരിഷ്കരണ പ്രസ്ഥാനത്തിന്റെ ഈ ഘട്ടം പ്രതിവാദ നവീകരണം എന്നറിയപ്പെട്ടു. പ്രതിക്ഷേധിച്ചവർക്കെതിരായിവീണ്ടും ശക്തമായി നടപടിയെടുത്തു.

നവീകരണ പ്രസ്ഥാനത്തിനുള്ള കാരണങ്ങൾ

സഭാ അധികാരികളുടെ അഴിമതി

പാപവിമോചനത്തിനായി പണം ചെലവഴിക്കേണ്ടി വന്നതിനാൽ (പാപത്തിൽ നിന്ന് മോചനം നൽകാമെന്ന് പറഞ്ഞ് പോപ്പ് പണം കൈപ്പറ്റിയത്) ദരിദ്രരുടെ നില മോശമായി. അലക്സാണ്ടർ VI-ാമൻ ജൂലിയസ്സ് II ലിയോ X തുടങ്ങിയ സഭാമേലധികാരികൾ മേൽപ്പറഞ്ഞ രീതികളെക്കുറിച്ച് ഭരണാധികാരികളുമായി വഴക്കിട്ടു. മെയിൻസിലെ ആൽബർട്ട് ആർച്ച് ബിഷപ്പായി മാറുന്നതിനുവേണ്ടി ലിയോ X മാർപാപ്പയ്ക്കു പണം നൽകിയ സംഭവവും ഇതിന് ഒരു ഉദാഹരണമാണ്. ഈ പണത്തിന്റെ പകുതി സെന്റ് പീറ്റേഴ്സ് ദേവാലയം കെട്ടുന്നതിനുവേണ്ടി ഉപയോഗിക്കുമെന്ന് പറഞ്ഞ് മാർപാപ്പ ഇത് ശേഖരിച്ചതായി പറയപ്പെടുന്നു.

മെഡിസിപോലുള്ള വലിയ വ്യാപാര കുടുംബങ്ങളിലെ അംഗങ്ങൾ സ്വന്തം സ്വത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും കൂടാതെ തങ്ങളുടെ നിയമവിരുദ്ധന്മാരായ പുത്രന്മാർക്ക് സ്വത്തുക്കൾ കൈമാറുന്നതിനുവേണ്ടിയും അവർ സഭാമേലധികാരികളായിത്തീർന്നു. അനുഭവ പരിചയമില്ലാത്ത യുവാക്കൾ ബിഷപ്പ് പദവിയിലേക്ക് നിയമിക്കപ്പെട്ടു. പുരോഹിതന്മാർക്ക് പല പള്ളികളിൽ നിന്നും വരുമാനം കിട്ടിയിരുന്നുവെങ്കിലും അവർ ഒരു ദേവാലയത്തിലും സേവനം അനുഷ്ഠിച്ചിരുന്നില്ല. കർഷകർ സഭയെ, അടിച്ചമർത്തുന്ന ഭൂഉടമകളായി കണ്ടു. യുവരാജാക്കന്മാർ സഭയുടെ വിശാലമായ സ്വത്തുക്കളിൽ മേൽനോട്ടമിട്ടിരുന്നു.

മതനവീകരണത്തിന് പിന്നിൽ പ്രവർത്തിച്ചവർ



ജോൺ വൈക്ലിഫ്

മതപരിഷ്കരണ പ്രസ്ഥാനം പല മുൻഗാമികളും അടങ്ങിയതായിരുന്നു. പല സഭാ സമ്പ്രദായങ്ങൾക്കും പ്രചരണങ്ങൾക്കും എതിരായി പോരാട്ടം നടത്തിയ വ്യക്തിയായിരുന്നു എറാസ്മസ്സ് അദ്ദേഹത്തിന്റെ പ്രശസ്ത കൃതിയായ ദി പ്രൈസ് ഓഫ് ഫോളി 1511 ദൈവശാസ്ത്രജ്ഞരേയും, ക്രിസ്തുമത സന്യാസിമാരേയും കളിയാക്കുന്ന രീതിയിലായിരുന്നു ജോൺ വൈക്ലിഫ് മറ്റും ജോൺ ഹസ്സ് എന്നിവർ. രണ്ടു നൂറ്റാണ്ടുകൾക്ക് മുമ്പ് ഇതേ രീതിയിൽ പരിഷ്കരണ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചവരായിരുന്നു. ലാറ്റിൻ ഭാഷയ്ക്കു പകരമായി ജനങ്ങളുടെ ഭാഷയിലാണ് അവർ സുവിശേഷം പ്രസംഗിച്ചത്. ജോൺ വൈക്ലിഫ് എന്ന ഇംഗ്ലീഷ് പുരോഹിതൻ ബൈബിളിനെ ഇംഗ്ലീഷിൽ വിവർത്തനം ചെയ്ത ആദ്യത്തെ വിവർത്തകൻ എന്ന നിലയിൽ പ്രശസ്തിയാർജ്ജിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും റോമൻ ദേവാലയ സഭയുടെ കോപത്തിലിരുന്ന് രക്ഷപ്പെടാൻ കഴിഞ്ഞു. എന്നാൽ 1415-ാം വർഷം അദ്ദേഹം മരണമടഞ്ഞ് മുപ്പത്തി ഒന്ന് വർഷങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ശവശരീരം പുറത്തെടുത്ത് അസ്ഥികൾ കത്തിച്ചു കാണിക്കണമെന്ന് ഒരു ചർച്ച് കൗൺസിൽ ഉത്തരവിട്ടു. ഇത് വിശ്വസ്തതയോടെ നടപ്പിലാക്കുകയും ചെയ്തു.

വൈക്ലിഫിന്റെ അസ്ഥികൾ കത്തിച്ചെങ്കിലും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളെ എളുപ്പത്തിൽ അടിച്ചമർത്താൻ കഴിഞ്ഞില്ല. ഈ സംഭവം ബൊഹിമിയയിൽ എത്തുകയും ജോൺ ഹസ്സിനെ സ്വാധീനിക്കുകയും ചെയ്തു. പ്രാഗ് സർവകലാശാലയുടെ തലവനായ ഹസ്സ് തന്റെ കാഴ്ചപ്പാടുകൾ കൊണ്ട് സഭയിൽ നിന്നും മാർപാപ്പയാൽ ഒതുക്കി വയ്ക്കപ്പെട്ടു. തന്റെ നഗരത്തിൽ അദ്ദേഹം പ്രശസ്തനായതിനാൽ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെട്ടു. ചക്രവർത്തിയുടെ സംരക്ഷണയിൽ അദ്ദേഹത്തെ സ്വിറ്റ്സർലാൻഡിലെ കോൺസ്റ്റാൻഡിലേക്ക് ക്ഷണിക്കപ്പെട്ടു. അവിടെ തന്റെ തെറ്റുകളെ ഏറ്റുപറയാൻ അദ്ദേഹത്തിനുമേൽ സമ്മർദ്ദം ചെലുത്തി. അദ്ദേഹം വിസമ്മതിച്ചതിനാൽ സുരക്ഷയെക്കുറിച്ചുള്ള അവരുടെ വാഗ്ദാനത്തെ കാറ്റിൽ പറത്തി അദ്ദേഹത്തെ ജീവനോടെ ചുട്ടുകൊന്നു.

നവീകരണ പ്രസ്ഥാനത്തെ മൂന്ന് വ്യത്യസ്ഥ സ്ഥലങ്ങളിൽ മൂന്ന് പരിഷ്കർത്താക്കൾ ജനപ്രിയമാക്കി. വിറ്റൻബർഗ്ഗിലെ മാർട്ടിൻ ലൂഥർ സ്വീറിച്ചിലെ ഹൾഡ്രിക്ക് സ്വിങ്ലി ജനീവയിലെ ജോൺ കോൾവിൻ എന്നിവരാണ് അവർ.

12th_History_Mal_Unit_10.indd 140 2/28/2023 1:21:00 PM

മാർട്ടിൻ ലൂഥർ 1483 – 1546

മാർട്ടൻ ലൂഥർ എന്ന ക്രിസ്ത്യൻ പുരോഹിതൻ റോമിനെതിരായി ജർമ്മനിയിൽ കലാപം നടത്തി. റോം സന്ദർശനത്തിനുശേഷം അദ്ദേഹത്തിന് സഭയുടെ അഴിമതിയിലും ആഡംബരത്തിലും വേദന ഉളവാക്കി. അദ്ദേഹം റോമൻ സഭയ്ക്കെതിരെ 95 പരാതികൾ എഴുതി അത് 95 സിദ്ധാന്തങ്ങൾ എന്നറിയപ്പെട്ട പ്രബന്ധത്തെ വിറ്റൻബർഗ്ഗ് ചർച്ച് കവാടത്തിൽ ഒട്ടിച്ചുവെച്ചു. സഭയെ പരിഷ്കരിക്കുന്നതിന് അദ്ദേഹം ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അദ്ദേഹത്തിന്റെ ആശയങ്ങൾ വ്യാപകമാക്കുന്നതിൽ അച്ചടിയന്ത്രത്തിന്റെ പങ്ക് വളരെ വലിയ പങ്കുവഹിച്ചു. മാർപാപ്പയും ബിഷപ്പുമാരുമല്ലബൈബിൾമാത്രമാണ് പരമപ്രധാനമെന്ന് അദ്ദേഹം വാദിച്ചു. ജ്ഞാനസ്നാനം, ആദ്യകുർബാന എന്നീ പ്രധാന ആചാരങ്ങൾ മാത്രമാണ് ബൈബിൾ അംഗീകരിക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചു. കർത്താവിലുള്ള ഒരാളുടെ വിശ്വാസത്താൽ മാത്രമേ രക്ഷ ലഭിക്കുകയുള്ളൂ എന്ന് അദ്ദേഹം വാദിത്തു. ഇപ്രകാരം പ്രൊട്ടസ്റ്റന്റുകലാപം ആരംഭിച്ചു. ലൂഥർ ബൈബിളിനെ ജെർമ്മൻ ഭാഷയിൽ വിവർത്തനം ചെയ്തു. ലൂഥറൻ പ്രൊട്ടസ്റ്റന്റുകൾക്ക് ചില നിയമങ്ങളും, നിയന്ത്രണങ്ങും ഏർപ്പെടുത്തി. മാർപാപ്പയുടെ അധികാരം അവർ സ്വീകരിച്ചില്ല. അവർക്ക് സ്വന്തമായി പള്ളികൾ ഉണ്ടായിരുന്നു. ഭരണപരമായി സജ്ജീകരണങ്ങളും ഉണ്ടായിരുന്നു. അവർ ബൈബിളിന്റെ മേധാവിത്വത്തിൽ മാത്രം വിശ്വസിച്ചു. പുരോഹിതന്മാർക്ക് നിയമങ്ങളിൽ ഇളവു വരുത്തി ദാമ്പത്യ ജീവിതം നയിക്കാൻ അനുവദിച്ചു.



മാർട്ടിൻ ലൂഥറും അദ്ദേഹത്തിന്റെ 95 സിദ്ധാന്തങ്ങളും

വോർമ്സ് സഭയിൽ ലൂഥറെ പങ്കെടുപ്പിച്ച് സമാധാന ചർച്ച നടത്താൻ മാർപാപ്പ ശ്രമിച്ചെങ്കിലും അത് പരാജയപ്പെടുകയാണുണ്ടായത്. വോർമ്സ് സഭ അദ്ദേഹത്തിന്റെ പുസ്തകങ്ങളെ നിരാകരിക്കുകയും അവയെ ചുട്ടെരിക്കുകയും ചെയ്തു. വിശുദ്ധ റോമാ സാമ്രാജ്യത്തിൽ നിന്ന് അദ്ദേഹത്തെ പിൻതള്ളപ്പെട്ടതായി ചക്രവർത്തി പ്രഖ്യാപിച്ചു. മാർട്ടിൻ ലൂഥറുടെ സമൂലമായ വീക്ഷണങ്ങൾ പലരേയും സ്വാധീനിച്ചു. അവരിൽ ഒരാളായിരുന്നു വിഭാഗീയ സമൂഹത്തിനു വേണ്ടി പോരാടിയ തോമസ് മുൻസർ ഇതിനെ തുടർന്ന് ജർമ്മനിയുടെ വിവിധ ഭാഗങ്ങളിൽ കർഷക കലാപം ആരംഭിച്ചു. എന്നിരുന്നാലും ഈ പോരാട്ടത്തിൽ ഫ്യൂഡൽ പ്രഭുക്കന്മാരെ ലൂഥർ പിൻതുണയ്ക്കുകയും കർഷക പ്രസ്ഥാനത്തെ അപലപിക്കുകയും ചെയ്തു. പ്രൊട്ടസ്റ്റന്റുകാർ പ്രബലമായതിനെ തുടർന്ന് ജർമ്മനിയിൽ ആഭ്യന്തര കലഹം പൊട്ടിപ്പുറപ്പെട്ടു. ആ യുദ്ധത്തിന്റെ ഫലമായി വടക്കൻ ജർമ്മനി പ്രൊട്ടസ്റ്റന്റു നാടായി മാറി. അതേ സമയം തെക്കൻ ജർമ്മൻ കത്തോലിക്ക നാടായി തുടർന്നു.

സ്വിങ്ളി 1484 – 1531

ഹൽറിച്ച് സ്വിങ്ളി സ്വിറ്റ്സർലാൻഡിൽ ഇതു പോലൊരു പ്രസ്ഥാനം ആരംഭിച്ചു. ഡച്ചു മനുഷ്യത്വവാദിയായ ഇറാസ്മസ് അദ്ദേഹത്തെ സ്വാധീനിച്ചു. ലൂഥറുടെ ചിലവീക്ഷണങ്ങളോട് അദ്ദേഹം യോജിച്ചില്ല. റൊട്ടിയിലും വീഞ്ഞിലുമല്ല ക്രിസ്തുവിശ്വാസിയുടെ ഹൃദയങ്ങളിലാണ് ഇരിക്കുന്നത് എന്ന് സ്വിങ്ളി വിശ്വസിച്ചു. കത്തോലിക്ക സഭയ്ക്ക് എതിരായി പരിഷ്കരണവാദ കാഴ്ചപാടുകളുടെ രൂപരേഖ അദ്ദേഹം 67 ലേഖനങ്ങളായി എഴുതിയിരുന്നു. സന്യാസികളുടെ ബ്രഹ്മചര്യത്തേയും മഠാലയങ്ങൾ നിർമ്മിക്കുന്നത്, ഉപവാസം, തീർത്ഥാടനം എന്നിവയെ സ്വിങ്ളി കർശനമായി എതിർത്തു. സ്വിങ്ളി പ്രൊട്ടസ്റ്റാൻന്റ് പ്രസ്ഥാനത്തെ ശക്തമാക്കാൻ വേണ്ടി ലൂഥറിനേയും സ്വിങ്ലിയേയും ഒരുമിച്ചു കൊണ്ടുവരാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടു.



സ്വിംഗ്ളി

കത്തോലിക്കക്കാർ ദേവാലയത്തിൽ നടത്തുന്ന ഒരു മതപരമായ ചടങ്ങാണ് ആദ്യ കുർബാന (യൂക്കറിസ്റ്റ്) യേശു ചെയ്ത ത്യാഗങ്ങളെ അനുസ്മരിച്ച് കത്തോലിക്ക ക്രിസ്ത്യാനികൾ ആദ്യ കുർബാനയിൽ പങ്കാളികളാകുന്നു. യേശുക്രിസ്തുവിന്റെ ശരീരത്തേയും രക്തത്തേയും പ്രതികരിക്കുന്നു എന്ന് വിശ്വസിക്കപ്പെടുന്ന അപ്പവും വീഞ്ഞും അവർ സ്വീകരിക്കുന്നു

ജോൺ കാൾവിൻ(1509–1564)

പ്രൊട്ടസ്റ്റൻഡു പ്രസ്ഥാനത്തിന്റെ പില്കാല നേതാക്കളിൽ ഒരാളായിരുന്നു കാൾവിൻ ഒരു ഫ്രെഞ്ച് പ്രൊട്ടസ്റ്റാൻഡ് എന്ന നിലയിൽ അദ്ദേഹം സഭയുടെ പ്രവർത്തനങ്ങളെ എതിർത്തു. മാർപാപ്പയെ എതിർത്തതിന്റെ ഫലമായി അദ്ദേഹത്തെ സഭയിൽ നിന്നും പുറത്താക്കി അതിനുശേഷം അദ്ദേഹം സ്വിറ്റ്സർലാൻഡിലെ ജനീവയിൽ താമസമാക്കി. ലാറ്റിൻ ഭാഷയിലെ ഇൻസ്റ്റി



ജോൺ കാൽവിൻ

12th_History_Mal_Unit_10.indd 141 2/28/2023 1:21:01 PM

റ്റ്യൂട്ട് ഓഫ് ദി ക്രിസ്ത്യൻ റിലീജിയൻ എന്ന പുസ്തകത്തിൽ അദ്ദേഹത്തിന്റെ ആശയങ്ങളെ കുറിച്ച് വിശദീകരിക്കുന്നു. കോൾവിൻ ഒരു മികച്ച സംഘാടകനായിരുന്നു. കുറച്ചുകാലം ജനീവയെ തന്റെ നിയന്ത്രണത്തിൽവെച്ചിരുന്നു. ബൈബിൾ പ്രചരിപ്പിക്കുന്നതിനെ അടിസ്ഥാനമാക്കി ഒരു സംഘടിത സമൂഹത്തെ സൃഷ്ടിക്കാൻ അദ്ദേഹം വളരെയധികം ശ്രമിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ കോൾവനിസം പ്രശസ്തമായി. ഇതര ഭാഗങ്ങളിലേയ്ക്ക് വ്യാപിച്ച നിലയിൽ ഫ്രാൻസിലെ ഹ്യൂഗ്നോട്ടുകളായും ഇംഗ്ലണ്ടിലെ പ്യൂരിറ്റൻസുമായും, സ്കോണ്ട്ലാൻഡിലെ പ്രസ്ബൈറ്റീരിയൽസുമായും പ്രചരിപ്പിച്ചു.

ഇംഗ്ലണ്ടിലെ നവീകരണം

ഇംഗ്ലണ്ടിലെ നവീകരണം ആരംഭിച്ചത് ദൈവശാസ്ത്രജ്ഞരല്ല മറിച്ച് രാജാവാണ്. ഹെൻട്രി VIII-ാമൻ ആണ് ഭരണകൂടത്തെ സഭയിൽ നിന്ന് വേർപെടുത്തിയത്. ആദ്യകാലങ്ങളിൽ അദ്ദേഹം കത്തോലിക്ക ഭക്തനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി പ്രൊട്ടസ്റ്റന്റുകാരെ അനുകൂലിച്ചു. (ആൻ ബോളിൻ എന്ന മറ്റൊരു സ്ത്രീയുമായുള്ള പുനർ വിവാഹത്തിനുവേണ്ടി ആദ്യ ഭാര്യയായ അരഗോൺ രാജ്ഞിയായ കാതറിനിൽ നിന്നും വിവാഹ മോചനം നേടി) 1534-ൽ അദ്ദേഹം ആധിപത്യം നിയമം പാസ്സാക്കുകയും റോമുമായുള്ള ഇംഗ്ലണ്ടിന്റെ ബന്ധം വിച്ഛേദിക്കുകയും ചെയ്തു. അദ്ദേഹം ആംഗ്ലിക്കൻ ചർച്ച് സ്ഥാപിക്കുകയും ദേവാലയങ്ങളുടെ സ്വത്തുക്കൾ കണ്ടുകിട്ടാൻ ഉത്തരവിടുകയും ചെയ്തു. ഈ പ്രൊട്ടസ്റ്റൻഡു പ്രസ്ഥാനം ഇംഗ്ലണ്ടിന്റെ വിവിധ ഭാഗങ്ങളിലും അവരുടെ കോളനികളിലും പ്യൂരിറ്റൻ പ്രസ്ഥാനം എന്ന പേരിൽ വ്യാപിച്ചു.

മതനവീകരണത്തിന്റെ ഫലങ്ങൾ

(a) **യൂറോപ്യൻ രാജ്യങ്ങളുടെ ഭിന്നതകൾ:** സഭയിലേർപ്പെട്ട ഭിന്നത ആ രാജ്യത്തെ മതപരമായ ആചാരങ്ങളുടെ വിഭജനത്തിലേയ്ക്ക് നയിച്ചു. വടക്കൻ ജർമ്മനി ലൂഥറൻ സഭയായി മാറിയപ്പോൾ ദക്ഷിണ ജർമ്മനി കത്തോലിക്ക സഭയായി തുടർന്നു. ഇംഗ്ലണ്ട് പ്രൊട്ടസ്റ്റൻഡായപ്പോൾ സ്കോട്ട്ലാൻഡിലേയും ഐയർലാൻഡിനേയും ജനങ്ങൾ തീവ്ര കത്തോലിക്കരായി മാറി.

(b) **സാക്ഷരത:** നവീകരണ പ്രസ്ഥാനത്തിന്റെ മത പ്രബോധനങ്ങളെ പ്രചരിപ്പിക്കാൻ അച്ചടിശാലകൾ പ്രോത്സാഹനം നൽകി. ബൈബിൾ വായിക്കാനും മനസ്സിലാക്കാനും ജനങ്ങൾക്ക് പ്രോത്സാഹനം ഉണ്ടായി. പ്രബോധനങ്ങളിൽ പ്രാദേശിക ഭാഷയുടെ ഉപയോഗവും പ്രാദേശിക ഭാഷയിൽ ബൈബിളിന്റെ വിവർത്തനവും സാധാരണ ജനങ്ങളിലേക്ക് എത്തിച്ചേരാൻ ഒരു വഴി തുറന്നു.

(c) **സ്ത്രീകളുടെ അവസ്ഥ:** ദേവാലയത്തിൽ ബ്രഹ്മചര്യം പിൻതുടരുന്നിന്റെ എതിർപ്പിനെ തുടർന്ന് സഭകളിലെ പ്രൊട്ടസ്റ്റന്റു പാതിരിമാർ വിവാഹിതരായി. അതിനാൽ ഗൃഹത്തിലും ദേവാലയത്തിലും സ്ത്രീകളുടെ നില ശക്തമായി. പ്രൊട്ടസ്റ്റന്റു രീതികളിൽ ബൈബിൾ വായിക്കാനും കുട്ടികളെ വളർത്താനും സ്ത്രീകളെ പ്രോത്സാഹിപ്പിച്ചു. ഇത് സ്ത്രീകളുടെ സാക്ഷരത നിലവാരം ഉയരാൻ കാരണമായി.

(d) **രാജാക്കന്മാരുടെ ശക്തി:** നവീകരണ പ്രസ്ഥാനം ഹെൻട്രി VIII-ാം മനെപ്പോലുള്ള ചില ഭരണാധികാരികൾക്ക് കൂടുതൽ ശക്തിനൽകുകയും അവർ ഭരണകൂടത്തിന്റെയും സഭയുടെയും തലവനായി മാറുകയും ചെയ്തു.

(e) **കോളനികൾക്കായുള്ള മത്സരം:** കത്തോലിക്ക വിഭാഗവും പ്രൊട്ടസ്റ്റന്റുവിഭാഗവും ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നുള്ള ജനങ്ങളെ അവരവരുടെ മതങ്ങളിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിച്ചു. തെക്കേ അമേരിക്കയിൽ സ്പാനിഷ് ആക്രമണത്തെ തുടർന്ന് ജസ്യൂട്ട് പുരോഹിതന്മാർ (കത്തോലിക്ക മതം പ്രചരിപ്പിക്കുന്നതിന്) എന്ന ഒരു പുതിയ വിഭാഗം സൃഷ്ടിക്കപ്പെട്ടു. പ്യൂരിറ്റന്മാർ കത്തോലിക്കകാർ ആൻക്ലിക്കൻകാർ എന്നിവർ അവരുടെ ദേവാലയങ്ങൾ വടക്കേ അമേരിക്കയിലെ 13 ബ്രിട്ടീഷ് കോളനികളിൽ സ്ഥാപിച്ചു.

(f) **ക്രിസ്തുമതത്തിന്റെ വ്യാപനം:** കോളനികളിൽ നിന്ന് സ്വർണ്ണവും, വെള്ളിയും ലഭിച്ചത് യൂറോപ്യൻ രാജ്യങ്ങളെ മിഷണറിമാരുടെ വേഷത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് നാവികന്മാരെ അയക്കാൻ പ്രേരിപ്പിച്ചു. ആദ്യം മിഷനറി പിന്നീട് തോക്ക് വഞ്ചി, അടുത്തതായി ഭൂമി പിടിച്ചെടുക്കൽ എന്നീ സംഭവങ്ങളുടെ തുടർച്ചയായി അടുത്തടുത്ത തലമുറക്കാർ കത്തോലിക്കക്കാരുടെ പരിഷ്കരണ പ്രവർത്തനങ്ങളെ നേരിടേണ്ടി വന്നു.

കത്തോലിക്ക പ്രതിനവീകരണം

യേശു സംഘം


ഇഗ്നേഷ്യസ് ലയോള

പ്രൊട്ടസ്റ്റൻഡു മതത്തിന്റെ വളർച്ചയെ കത്തോലിക്ക സഭ ജാഗ്രതയോടെയും ആശങ്കയോടെയും വീക്ഷിച്ചു. മാർട്ടിൻ ലൂഥർ പ്രശസ്തനായ സമയത്ത് സ്പെയിൻ നാട്ടുകാരനായ ഇഗ്നേഷ്യസ് ലയോള 1534 ഓഗസ്റ്റ് 15 ന് ഫ്രാൻസിലെ പാരീസിൽ ഒരു പുതിയ സഭാ ഉത്തരവ് പുറപ്പെടുവിച്ചു. അദ്ദേഹവും അദ്ദേഹത്തിന്റെ ആറ് സർവ്വകലാശാല വിദ്യാർത്ഥികളും ചേർന്ന് പാതിവ്രത്യം, ദാരിദ്ര്യം, അനുസരണ ജെറുസലേമിലേക്ക് തീർത്ഥാടനം നടത്താമെന്നും പ്രതിജ്ഞയെടുത്തു. വിദ്യാർത്ഥികളിൽ ഒരാളായ ഫ്രാൻസിസ് സേവ്യർ ഇന്ത്യയിലെയും ജപ്പാനിലേയും ക്രിസ്തുമത പ്രചാരകനായി. റോമൻ സഭയ്ക്കും പോപ്പിനും വേണ്ടി സത്യസന്ധമായി പ്രവർത്തിക്കുക എന്നതാണ് ഈ സമൂഹത്തിന്റെ ലക്ഷ്യം. വിദ്യാഭ്യാസം

12th_History_Mal_Unit_10.indd 142 2/28/2023 1:21:01 PM

എന്നത് കത്തോലിക്ക മതത്തെ ബോധിപ്പിക്കാനുള്ള ഒരു ഉപാധിയായി കണ്ടു. കത്തോലിക്ക മതത്തെ പ്രോത്സാഹിപ്പിക്കാനായി അവർ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിച്ചു. സഭയുടെ കാര്യക്ഷമവും, വിശ്വസ്തവുമായ അനുയായികളെ സൃഷ്ടിക്കുന്നതിൽ യേശു സംഘം സ്ഥാപിച്ചു. ജസ്യൂട്ടുകൾ എന്നറിയപ്പെടുന്ന ഈ പുരോഹിതന്മാർ യൂറോപ്പിലെ സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിച്ചു.

പ്രൊട്ടസ്റ്റന്റു കലാപത്തിന്റെ ഭീഷണികാരണം റോമൻ സഭ സ്വീകരിച്ച നടപടികൾ പ്രധാനമായും സഭയുടെ ദുരുപയോഗം നീക്കം ചെയ്യുക. മാർപാപ്പയുടെ അധികാരത്തെ ശക്തിപ്പെടുത്തുക ഏഴു കർമ്മങ്ങളിൽ വിശ്വാസം പുനരുജ്ജീവിപ്പിക്കുക (ജ്ഞാനസ്നാനം, സ്ഥിരീകരണം, ആദ്യകുർബാന, അനുരഞ്ജന കുറ്റസമ്മതം, രോഗികളുടെ സ്ഥൈര്യാഭിഷേകം, പൗരോഹിത്യം, വിവാദം) ഈ പ്രസ്ഥാനത്തെ പ്രതിവാദ നവീകരണം എന്നുവിളിക്കുന്നു. പ്രതിനവീകരണത്തെ അടയാളപ്പെടുത്തുന്ന മൂന്ന് പ്രധാന സംഭവങ്ങൾ ഇവയാണ്. പരിഷ്കരണ സഭ, വിചാരണ സഭ, കത്തോലിക്ക മതത്തെ ജനപ്രിയം ആക്കുന്നതിലേയ്ക്കായി പുതിയ മത വിദ്യാലയങ്ങൾ സ്ഥാപിക്കൽ

പരിഷ്കരണ സഭ (1545–1563)



വിചാരണ സഭ

കത്തോലിക്കസഭയെ പരിഷ്കരിക്കുന്നതിന് പോൾ മൂന്നാമൻ മാർപാപ്പ കർദിനാൾമാരെ നിയമിച്ചു. പരിഷ്കരമ സഭ പതിനെട്ടു വർഷത്തിനിടെ മൂന്നു തവണ യോഗം ചേർന്നു. ബൈബിൾ മേലുള്ള വിശ്വാസത്തെ പ്രചരിപ്പിച്ചു. ദേവാലയത്തിലെ പ്രബോധനങ്ങൾ വിശ്വാസത്തിന് ഊന്നൽ നൽകി. സുരക്ഷയ്ക്കായുള്ള ഏഴ് മാർഗ്ഗങ്ങൾ പാലിക്കുക എന്നതിനെക്കുറിച്ചും വിശ്വാസം ഏർപ്പെടുത്തി. പുരോഹിതന്മാരുടെ ബ്രഹ്മചര്യവും മാർപാപ്പയുടെ മേധാവിത്വവും അംഗീകരിച്ചു. സഭയുടെ ആദരവ് ബിഷപ്പുമാരുടെ സ്വജനപക്ഷപാതം, അസാന്നിദ്ധ്യം (അവരുടെ രൂപതകളെ സന്ദർശിക്കാത്തവർ) പാപമോചന കാർഡുകളുടെ വില്പന എന്നിവയെ സഭ ദുരുപയോഗം ചെയ്തു. ആചാര അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള ഒരു നിർദ്ദേശമായി കാറ്റക്കിസത്തെ കുറിച്ച് പഠിക്കാൻ അത് നിർബന്ധിച്ചു. എല്ലാ സഭകളിലും യേശുവിന്റെയും മറിയയുടെയും പ്രതിമാരാധനയെ ഇത് പിൻതുണച്ചു. പരിഷ്കരണ സഭ കാരണം കത്തോലിക്കസഭ കൂടുതൽ സംഘടിതമായി.

വിചാരണ കോടതി

മതഭ്രാന്തന്മാർക്ക് ശിക്ഷ നൽകുന്നതിനായി പ്രത്യേക വിചാരണ കോടതികൾ സ്ഥാപിച്ചു. ചാട്ടവാറടി, വൈയ്ക്കോൽ പന്തലിൽ കെട്ടിവച്ച് തീക്കിരയാക്കുക, തുടങ്ങിയ പല മാർഗ്ഗങ്ങളും മതഭ്രാന്തന്മാർ കുറ്റസമ്മതം നടത്താൻവേണ്ടി ഉപയോഗിച്ചു. പ്രൊട്ടസ്റ്റൻഡുകാരെ നേരിടാൻ റോമൻ വിചാരണകോടതി ആരംഭിച്ചു. മന്ത്രവാദവേട്ട ഒരു സാധാരണ സംഭവമായി. സാധാരണയായി വിധവയോ അല്ലെങ്കിൽ തനിച്ചു താമസിക്കുന്ന സ്ത്രീകളെ മന്ത്രവാദികൾ എന്നുവിളിക്കുകയും അവർ കാരണമാണ്. വിളനാശങ്ങൾ രോഗങ്ങൾ തുടങ്ങിയവയ്ക്ക് കാരണമാകുന്നു എന്ന് പ്രചരിപ്പിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള സ്ത്രീകളെ കണ്ടുപിടിച്ച് വധിച്ചു. യൂറോപ്യൻ 110,000 പേരെ വിചാരണ ചെയ്യുകയും 60,000 പേർ വിചാരണയിൽ കൊല്ലപ്പെടുകയും ചെയ്തു.

മതനവീകരണത്തിന്റെ ഫലങ്ങൾ

പ്രതിനവീകരണത്തിന്റെ ഫലമായി യൂറോപ്യനെ മതപരമായി വിഭജിച്ചു. രാജ്യങ്ങൾക്കുള്ളിലും വിവിധ വിഭാഗങ്ങളിൽ വിശ്വാസം പ്രകടിപ്പിക്കുന്ന രാജ്യങ്ങളിലും യുദ്ധങ്ങൾ പൊട്ടിപുറപ്പെട്ടു. 1618 നും 1648 നുമിടയിൽ വിശുദ്ധ റോമൻ സാമ്രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടന്ന 30 വർഷത്തെ യുദ്ധം ഈ വിഭജനത്തിന് ഉദാഹരണമാണ്. പ്രൊട്ടസ്റ്റൻഡു ദേവാലയങ്ങൾ കഠിനമായും കത്തോലിക്ക ദേവാലയങ്ങൾ കൂടുതൽ അലങ്കാരവുമായി മാറി. മതപരവും ആത്മീയവുമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമായി രണ്ടു മതവിഭാഗങ്ങളും വിദ്യാഭ്യാസത്തെ ഉപയോഗിച്ചു.

10.5 പുതിയ രാജവാഴ്ചകളുടെ / രാഷ്ട്ര സംസ്ഥാനങ്ങളുടെ ഉയർച്ച

ഫ്യൂഡലിസത്തിന്റെ കാലഘട്ടത്തിൽ ശത്രുക്കളുമായുള്ള യുദ്ധത്തിൽ ആയുധങ്ങളും വെടിക്കോപ്പുകളും നൽകുന്നതിന് രാജാക്കന്മാർ പ്രഭുക്കന്മാരുമായി ധാരണയിലെത്തി. അതിനുപകരമായി രാജാക്കന്മാർ അവർക്ക് പ്രഭുത്വ പദവിയും നികുതി രഹിത ഭൂമിയും വാഗ്ദാനം ചെയ്തു. രാജാക്കന്മാർക്ക് ചെയ്യുന്ന സേവനങ്ങൾക്ക് നികുതി രഹിതമായി പ്രഭുക്കന്മാർക്ക് നൽകിയ ഭൂമിയായിരുന്നു ഫീഫ് ഈ ബന്ധം ഇരു വിഭാഗങ്ങളേയും സഹായിച്ചു. ഇത് ഫ്യൂഡൽ പ്രഭു-കുടിയാൻ ബന്ധം കുറയാൻ തുടങ്ങി. നവോത്ഥാനത്തിന്റെയും നവീകരണത്തിന്റെയും ഈ കാലഘട്ടത്തിൽ പുതിയശക്തമായ രാജവംശങ്ങൾ ഉയർന്നു വന്നു.

12th_History_Mal_Unit_10.indd 143 2/28/2023 1:21:02 PM

കാരണങ്ങൾ

ഫ്യൂഡലിസത്തിന്റെ അധഃപതനം

ഫ്യൂഡൽ സമ്പ്രദായത്തിൽ എപ്പോൾ വേണമെങ്കിലും രാജാവിന്റെ ശത്രുക്കളുമായി ഒത്തുചേരാൻ തയ്യാറായ പ്രഭുക്കന്മാരുടെ കാരുണ്യത്തിലായിരുന്നു മദ്ധ്യകാല രാജാക്കന്മാർ. പ്രഭുക്കന്മാർക്ക് സ്വന്തമായി കുടിയാന്മാരുടെ സഹായവും അവരെ സംരക്ഷിക്കുന്നതിന് സൈന്യവും ഉള്ളതിനാൽ രാജാക്കന്മാർക്ക് ഭൂപ്രദേശങ്ങളിൽ യാതൊരു നിയന്ത്രണവുമില്ലായിരുന്നു. ഇത് രാജാക്കന്മാരുടെ സ്ഥാനവും ശക്തിയും ദുർബലപ്പെടുത്തി. മദ്ധ്യകാലഘട്ടത്തിൽ യൂറോപ്പിനെ ബാധിച്ച പ്ലേഗ് രോഗം പ്രഭുക്കന്മാരെ ദുർബലപ്പെടുത്തി. ആയിരക്കണക്കിന് കർഷകർ മരിച്ചതോടെ പ്രഭുക്കന്മാർക്ക് അവരുടെ തൊഴിൽ ശക്തിയും നികുതിയും നഷ്ടപ്പെട്ടു. കുരിശു യുദ്ധത്തിനിടെ ധാരാളം പ്രഭുക്കന്മാർ മരണമടഞ്ഞു. ഫ്യൂഡലിസത്തിന്റെ തകർച്ച ഉയർന്നുവരുന്ന രാജവാഴ്ച സ്വയം ഉറപ്പിച്ച് പ്രാപ്തമാക്കാൻ നിർണ്ണായക ഘടകമായി തീർന്നു.

വെടിമരുന്ന് ഉപയോഗം പോലുള്ള പുതിയ യുദ്ധ തന്ത്രങ്ങൾ മാറ്റങ്ങൾക്ക് കാരണമായി. മുപ്പത് വർഷത്തെ യുദ്ധത്തിൽ പ്രഭുക്കന്മാരുടെ ദുർബലമായ യുദ്ധതന്ത്രം മുന്നിലെത്തി. ധീരന്മാരായ പ്രഭുക്കന്മാരൊക്കാളും ബ്രിട്ടീഷ്കാരുടെ നീളമേറിയ വില്ലും, വെടിമരുന്നും കൂടുതൽ നാശം വരുത്തി.

സഭയുടെ പ്രശസ്തി നഷ്ടപ്പെടൽ

മദ്ധ്യകാലഘട്ടത്തിൽ സഭയ്ക്കായിരുന്നു പ്രധാന സ്ഥാനം. പല ഭൂപ്രദേശങ്ങളെ സഭ തന്റെ നിയന്ത്രണത്തിൻകീഴ് കൊണ്ടുവന്നിരുന്നു. മഠാലയങ്ങൾ, കോൺവെന്റുകൾ, കെട്ടിടങ്ങൾ തുടങ്ങിയ സഭാ സ്ഥാപനങ്ങൾ ഏറ്റവും കൂടുതൽ ഭൂമി കൈവശപ്പെടുത്തുകയും അവയെ നികുതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. മൊത്ത ഉല്പാദനത്തിന്റെ പത്തു ശതമാനം റ്റിതി എന്ന പേരിൽ സഭ ഈടാക്കിയിരുന്നു. സഭ ഭരണകൂടത്തെക്കാൾ സമ്പന്നമായി. സാമ്പത്തികവും മതപരവുമായ ശക്തിയിലൂടെ സഭ രാജാക്കന്മാർക്ക് കൂടുതൽ പ്രാധാന്യം നൽകി. സഭയ്ക്ക് അതിന്റെതായ നീതിന്യായവ്യവസ്ഥയും ഉണ്ടായിരുന്നു. ബിഷപ്പുമാർ, പുരോഹിതന്മാർ, കന്യാസ്ത്രീകൾ തുടങ്ങിയ സഭാ ഉദ്യോഗസ്ഥർ തെറ്റ് ചെയ്താൽ അവരെ ശിക്ഷിക്കുന്നതിനായി സഭാ കോടതികൾ രൂപീകരിച്ചു. രാജകീയ കോടതികൾക്ക് അവരെ വിചാരണ ചെയ്യാൻ കഴിഞ്ഞില്ല. അതിനാൽ രാജകീയ കോടതികളെക്കാൾ സഭാകോടതികൾക്ക് കൂടുതൽ അധികാരം ഉണ്ടായിരുന്നു. ഇതു രാജാക്കന്മാരുടെ ശക്തിയെ കൂടുതൽ ദുർബലപ്പെടുത്തി. രാജാവിനെ പ്രഭുക്കന്മാരുടെയും പ്രജകളുടെയും മുന്നിൽ അപമാനിക്കാൻ മാർപാപ്പ നടത്തിയ ശക്തമായ ശിക്ഷയായിരുന്നു പുറത്താക്കൽ. ജർമ്മനിയിലെ ഹെൻട്രി IV -ാമനെ ഗ്രിഗറി VII-ാം മാർപാപ്പ തന്റെ ഓർഡിനൻസുകളെ മാനിക്കാത്തതിനാൽ പുറത്താക്കി. ഈ സന്ദർഭത്തിൽ രാജാക്കന്മാർ സഭാ നിർവ്വഹണത്തിന് എതിരായി ഒരു നടപടിയും സ്വീകരിക്കാൻ പറ്റാത്ത നിലപാടിലായി. എന്നാൽ പ്ലേഗ് രോഗത്തിന്റെ കാരണങ്ങൾ വിശദീകരിക്കാൻ കഴിയാത്തതിനാൽ പ്ലേഗ് സഭയുടെ നിലയെ ദുർബലപ്പെടുത്തി മാർപാപ്പയുടെ അധികാരത്തെ ഉന്നതസ്ഥാനങ്ങളിൽ ഇരുന്നവർ ചോദ്യം ചെയ്യാൻ തുടങ്ങി.



പോപ്പ് ഗ്രിഗോറി VII

സ്പെയിൻ ദേശീയ രാഷ്ട്രമായി രൂപീകരിക്കൽ

അറേബ്യൻ ജേതാക്കളുടെ പിൻഗാമികളായ മുസ്ലീം വംശജരായ മൂർസിന്റെ നിയന്ത്രണത്തിലായിരുന്നു സ്പെയിനിന്റെ പ്രധാന ഭാഗങ്ങൾ അരഗൺ, കേസ്റ്റിൽ എന്നീ രണ്ട് പ്രധാന രാജവംശങ്ങൾ ഉണ്ടായിരുന്നു. സ്പെയിനിന്റെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു അരഗൺ രാജാവ് ഫെർഡിനാന്റെ കേസ്റ്റിലെ രാജ്ഞി ഇസബല്ലയെ വിവാഹം ചെയ്തത്. മൂർമാരെ തുരത്താനും സ്പെയിനിനെ ഒന്നിപ്പിക്കാനും അവർ ഒന്നിച്ചു പരിശ്രമിച്ചു. രാജാവും രാജ്ഞിയും തങ്ങളുടെ കൈകളിൽ അധികാരം ഏറ്റെടുത്ത് (1479) പ്രഭുക്കന്മാരെ രാജകീയ സമിതികളിൽ നിന്ന് പുറത്താക്കി അവരെ നിയന്ത്രിച്ചു. അങ്ങനെ സ്പെയിൻ ഒരു ദേശീയ രാഷ്ട്രമായി ഉയർന്നു.

സ്പെയിൻ ഭരിച്ച ഫെർഡിനാന്റും ഇസബെല്ലയും തീവ്ര കത്തോലിക്കക്കാരായിരുന്നു. മൂർ വംശജരുടെ ഭരണകാലത്ത് സ്പെയിനിന്റെ സമ്പദ്വ്യവസ്ഥയെ നിയന്ത്രിച്ച ജൂതന്മാർക്ക് ഗണ്യമായ സ്വാതന്ത്ര്യം ലഭിച്ചു. ഇപ്പോൾ മൂർമാരും ജൂതന്മാരും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ നിർബന്ധിതരായി. രാജാവ് സ്പാനിഷ് വിചാരണയിലൂടെ ജൂതന്മാരും മൂർവംശജരും മതപരിവർത്തനം നടത്തിയവരെ കർശനമായ മേൽനോട്ടത്തിൻ കീഴിൽ കൊണ്ടുവന്നു. അനേകം അവിശ്വാസികളെ വിചാരണ ചെയ്യുകയും പീഡിപ്പിക്കുകയും കത്തിക്കുകയും ചെയ്തു. രാജകീയ ഭരണം സഭയെക്കാൾ ശക്തമായി.

കൊളംബസ് അമേരിക്കയിലേക്കുള്ള മാർഗ്ഗം കണ്ടെത്തിയതും ഇൻക, അസ്റ്റക് സാമ്രാജ്യങ്ങൾ സ്പെയിൻകാർ കീഴടക്കിയതാലും ധാരാളം സമ്പത്ത് നേടാൻ കഴിഞ്ഞു. ഇത് സ്പെയിനിനെ സമ്പന്ന രാഷ്ട്രമാക്കി, യൂറോപ്യൻ രാഷ്ട്രീയത്തിൽ അത് ഒരു പ്രധാനപങ്ക് വഹിക്കാൻ കഴിഞ്ഞു.

ഇംഗ്ലണ്ട് – ദേശീയ രാഷ്ട്രമായി രൂപപ്പെടുന്നു

രാജകീയ സിംഹാസനത്തിനായി ഇംഗ്ലണ്ടിലെ രണ്ട് രാജകുടുംബങ്ങളായ യാർക്ക് കുടുംബത്തിനും ലങ്കാഷയർ കുടുംബത്തിനും ഇടയിൽ തർക്കങ്ങൾ നിലനിന്നു. ഇത് റോസപ്പൂ യുദ്ധത്തിലേക്ക് നയിച്ചു (അവർ യഥാക്രമം വെള്ള റോസിന്റെയും ചുമന്ന റോസിന്റെയും മുദ്രകൾ ധരിച്ചു. അതുകൊണ്ടാണ് ഈ

12th_History_Mal_Unit_10.indd 144 2/28/2023 1:21:02 PM

പേര് വന്നത്) ഈ ആഭ്യന്തര യുദ്ധത്തിൽ ഹെൻട്രി ടൂറ്റർ വിജയം വരിക്കുകയും ഒരു പുതിയ രാജവംശം ആരംഭിക്കുകയുംചെയ്തു. അദ്ദേഹംഹെൻട്രിVII-ാമൻ എന്ന പദവി സ്വീകരിച്ചുകൊണ്ട് യാർക്ക് വംശത്തിലെ എലിസബത്തുമായി വൈവാഹിക സംഖ്യത്തിൽ ഏർപ്പെട്ടു. ഇതിനാൽ ഇംഗ്ലണ്ട് ഒരു ദേശീയ രാഷ്ട്രമായി ഉയർന്നുവന്നു.

ഹെൻട്രി VII-ാമൻ തന്റെ ഭരണകാലത്ത് പ്രഭുക്കന്മാരുടെ ഭീഷണി ഒഴിവാക്കാൻ തീരുമാനിച്ചു. പ്രഭുക്കന്മാർ തങ്ങളുടെ ആവശ്യങ്ങൾക്കായി സ്വകാര്യ സൈന്യങ്ങളെ പരിപാലിച്ചു. ആ സൈന്യങ്ങൾക്ക് പ്രത്യേക മുദ്രകൾ, യൂണിഫോമുകൾ, പരിപാലനം എന്നിവ ഏർപ്പെടുത്തിയിരുന്നു. രാജാവായ ഉടനെ ഹെൻട്രി ഈ പരിഷ്കാരങ്ങളെ നിർത്തലാക്കി. ന്യൂനപക്ഷ പ്രഭുക്കന്മാരുടെ ആദരവോടെ പാർലമെന്റ് നിയമങ്ങൾ പാസ്സാക്കി. വിമത പ്രഭുക്കന്മാരെ വിചാരണ ചെയ്യാൻ അദ്ദേഹം നക്ഷത്ര കോടതി സ്ഥാപിച്ചു. രാജകീയ വരുമാനം വർദ്ധിപ്പിച്ച പ്രഭുക്കന്മാരിൽ നിന്ന് അപരാധമായി പണം പിരിച്ചെടുത്തു. നികുതി പിരിക്കാനുള്ള അവകാശം പാർലമെന്റ് രാജാവിന് നൽകി. ഇതിനിടയിൽ 1485 നും 1509 നുമിടയിൽ ഭരണം നടത്തിയ ഹെൻട്രി VII-ാംമൻ തന്റെ രാജ്യത്തിന്മേൽ കർശന നിയന്ത്രണം ഏർപ്പെടുത്തി.

പ്രഭുക്കന്മാരുടെ അനുയായികൾക്ക് മുദ്രകളോ, യൂണിഫോമോ നൽകുന്ന സംവിധാനമായിരുന്നു ലിവറി. പ്രഭുക്കന്മാർ അനുയായികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന സംവിധാനമായിരുന്നു പരിപാലനം.

പ്രഭുക്കന്മാരുടെ സ്വത്തുമായി ബന്ധപ്പെട്ട കേസുകൾ വിചാരണ ചെയ്യുന്നതിനായി ഹെൻട്രി VII-ാമൻ സൃഷ്ടിച്ച കോടതിയാണ് നക്ഷത്ര കോടതി. കോടതിയുടെ നടപടികൾ നടക്കുന്ന വെസ്റ്റ് മിനിസ്റ്റർ കൊട്ടാരത്തിലെ ഒരു മുറിയുടെ മേൽക്കൂരയിൽ വരയപ്പെട്ട നക്ഷത്രങ്ങളാലാണ് ഇതിന് ഈ പേര് നൽകിയത്.

തന്റെ മൂത്ത മകളെ സ്കോട്ടിഷ് രാജകുമാരനുമായി വിവാഹം കഴിപ്പിച്ചുകൊണ്ട് രാജാവ് സ്കോട്ട്ലാൻഡുമായ ബന്ധം ശക്തിപ്പെടുത്തി. തന്റെ മകനെ സ്പെയിനിലെ രാജകുമാരിയെകൊണ്ട് വിവാഹം കഴിപ്പിച്ചുകൊണ്ട് സ്പെയിനുമായി വിവാഹബന്ധം പുലർത്തി.

ഫ്രാൻസ് ദേശീയ രാഷ്ട്രമായി രൂപീകരിക്കൽ

ഫ്രാൻസിന്റെ കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ശക്തമായ സംസ്ഥാനമാണ് ബർഗണ്ടി. നാമമാത്രമായി ഫ്രാൻസിന്റെ നിയന്ത്രണത്തിൻ കീഴിലായിരുന്ന പ്രക്ഷുബ്ദമായ നാടായ ബർഗണ്ടിയെ ഇംഗ്ലീഷുകാർ ഫ്രാൻസിന് എതിരായി ആക്രമിച്ചു. പടിഞ്ഞാറൻ ഫ്രാൻസിന്റെ നല്ലൊരുഭാഗം വളരെ കാലം ഇംഗ്ലീഷുകാർ കൈവശപ്പെടുത്തിയിരുന്നു. ഫ്രാൻസ് ഭരിച്ചിരുന്ന വലോയിസ് രാജവംശം ഫ്രഞ്ചു പ്രദേശങ്ങളെ ഇംഗ്ലീഷ് നിയന്ത്രണത്തിൽ നിന്നും വീണ്ടെടുക്കാനും നിലനിർത്താനും വേണ്ടി പോരാടി. 14-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ 15-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ ഇംഗ്ലണ്ടിനും ഫ്രാൻസിനും തമ്മിൽ നടന്ന യുദ്ധത്തെ നൂറ്റാണ്ടുയുദ്ധം എന്ന് വിളിക്കപ്പെട്ടു. ഈ യുദ്ധത്തിൽ ഫ്രഞ്ചു രാജാവായ ചാൾസ് VII മനെ സഹായിച്ചത് ജോൺ ഓഫ് ആർക്ക് എന്ന ചെറുപ്പക്കാരിയാണ്. അവൻ ധൈര്യത്തോടെ പോരാടുകയും ഓർലിയാൻസിലെ യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു. അവർക്ക് മെയിഡ് ഓഫ് ഓർലിയാൻസ് എന്ന പദവി നൽകി. എന്നിരുന്നാലും അവരെ ഇംഗ്ലീഷുകാർ പിടികൂടി സ്വർഗീയ ശബ്ദങ്ങളാൽ നയിക്കപ്പെട്ടു എന്ന വാദത്തിൽ കോടതി വിചാരണ ചെയ്തു. 1430-ൽ അവരെ ഒരു മന്ത്രവാദി എന്ന നിലയിൽ അപലപിക്കുകയും ജീവനോടെ വൈക്കോൽ സ്തംഭത്തിൽ കെട്ടിയിട്ട് ചുട്ടുകൊല്ലുകയും ചെയ്തു. (1920-ൽ കത്തോലിക്ക സഭ അവർക്ക് വിശുദ്ധ പദവി സമ്മാനിച്ചു.)



ലൂയി XI

ജോൺ ഓഫ് ആർക്കിന്റെ മരണശേഷം ഫ്രഞ്ചുകാർ നൂറ്റാണ്ടുയുദ്ധം തുടങ്ങുകയും അതിൽ വിജയിക്കുകയും ചെയ്തു. തന്റെ രാജ്യത്തുനിന്ന് ഇംഗ്ലീഷുകാരെ പുറത്താക്കിയതിനുശേഷം ചാൾസ് VII -ാമന്റെ പുത്രനായ ലൂയി XI-ാമൻ ബർഗണ്ടിയിലേക്ക് തിരിച്ചു. 1483-ൽ ബർഗണ്ടി ഫ്രാൻസിന്റെ ഭാഗമായി തീർന്നു. ഫ്രാൻസ് ശക്തമായ കേന്ദ്രീകൃത രാജവാഴ്ചയായി മാറി. ലൂയി XI-മൻ ഫ്രാൻസിനെ ശക്തിപ്പെടുത്തുകയും ഏകീകരിക്കുകയും ചെയ്തു. ഫ്രാൻസിന്റെ ചരിത്രത്തിൽ ആദ്യമായി പ്രഭുക്കന്മാരുടെ പിൻതുണ ആഗ്രഹിക്കാതെ രാജാവിനായി ഒരു സ്ഥിരം സൈന്യം സൃഷ്ടിക്കപ്പെട്ടു. അദ്ദേഹത്തിന്റെ രാജകീയ സഭയിൽ പ്രഭുക്കന്മാരെക്കാൾ കൂടുതൽ അഭിഭാഷകരായിരുന്നു. അങ്ങനെ രാജകീയ കാര്യങ്ങളിൽ പ്രഭുക്കന്മാരുടെ സ്വാധീനം ഇല്ലാതാക്കി.

സംഗ്രഹം

- ഇറ്റലിയുടെ നവോത്ഥാനവും പടിഞ്ഞാറൻ യൂറോപ്പിലേക്കുള്ള അതിന്റെ വ്യാപനവും ചർച്ച ചെയ്യപ്പെട്ടു.
- നവോത്ഥാനകാലത്തെ പ്രമുഖ പണ്ഡിതന്മാരേയും കലാകാരന്മാരേയും ശാസ്ത്രജ്ഞരേയും പ്രത്യേകം പരാമർശിക്കപ്പെടുന്നു..
- പതിനഞ്ചും പതിനാറും നൂറ്റാണ്ടിലെ ഭൂമിശാസ്ത്രജ്ഞപരമായ കണ്ടെത്തലുകൾക്ക് കാരണമായ ഘടകങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നു.
- പോർച്ചുഗല്ലും, സ്പെയിനും നടത്തിയ പ്രധാന പ്രവർത്തികളെ എടുത്തുകാണിക്കുന്നു.
- സമുദ്ര പര്യവേഷണത്തിൽ മറ്റ് യൂറോപ്യൻ രാജ്യങ്ങളുടെ പരിശ്രമങ്ങളെ വിവരിക്കപ്പെടുന്നു.

12th_History_Mal_Unit_10.indd 145 2/28/2023 1:21:03 PM

- വാണിജ്യവിപ്ലവവും അതിന്റെ വീഴ്ചയും വിശദമായി പ്രതിവാദിക്കുന്നു.
- നവീകരണ പ്രസ്ഥാനത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നു.
- ഇംഗ്ലീഷ് നവീകരണത്തിന്റെ തനതായ സ്വഭാവത്തെ കേന്ദ്രീകരിച്ച് മാർട്ടിൻ ലൂഥർ, സിഗ്ളി, കോൾവിൻ എന്നിവരുടെ സംഭാവന വിലയിരുത്തപ്പെടുന്നു.
- കത്തോലിക്ക സഭയുടെ പ്രതിനവീകരണ പ്രസ്ഥാനവും അതിന്റെ സ്വാധീനവും വിശദമായി പ്രതിപാദിക്കപ്പെടുന്നു.
- പടിഞ്ഞാറൻ യൂറോപ്യൻ പുതിയ രാജവാഴ്ചയുടെ ഉയർച്ചയിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ കണ്ടെത്താനാകും.
- സ്പെയിൻ, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നിവ ദേശീയ രാഷ്ട്രങ്ങളായി ഉയർന്നുവരുന്നതിനെപ്പറ്റി വിവരിക്കുന്നു.

പരിശീലനങ്ങൾ

1YVO3

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. താഴെ തന്നിട്ടുള്ളവയിൽ ഏതാണ് സ്വതന്ത്രമല്ലാത്ത വാണിജ്യ നഗരം?
   (a) ന്യൂറംബർഗ്ഗ് (b) ആന്റെവെർബ്
   (c) ജെനോവ (d) സെന്റ് പീറ്റേഴ്സ് ബർഗ്

2. താഴെ തന്നിട്ടുള്ളവയിൽ ഏതാണ് മതത്തെ രണ്ടാം സ്ഥാനത്തേക്ക് മാറ്റിയത്?
   (a) നവോത്ഥാനം
   (b) നവീകരണം
   (c) ഭൂമിശാസ്ത്രപരമായ കണ്ടെത്തൽ
   (d) വാണിജ്യവിപ്ലവം

3. താഴെപറഞ്ഞിരിക്കുന്ന പോപ്പുമാരിൽ ആരാണ് ഇറ്റലിയുടെ നവോത്ഥാനത്തിന് രക്ഷാധികാരി അല്ലാത്തത്?
   (a) നിക്കോളസ് V (b) ജൂലിയസ്സ് II
   (c) പയസ്സ് II (d) പാൽ III

4. ആരുടെ വിജയമാണ് വിദേശ സംരംഭങ്ങളെ വളരെയധികം പ്രോത്സാഹിപ്പിച്ചത്?
   (a) മാർക്കോപോളോ (b) റോജർ ബേക്കൺ
   (c) കൊളംബസ്സ് (d) ബർത്തലോമിയ ഡയസ്സ്

5. **പ്രസ്താവന (A):** ചൈന കടലാസ്സ് കണ്ടുപിടിച്ചത് ബി.സി. രണ്ടാം നൂറ്റാണ്ടിലാണ്.
   കാരണം (R): ചലിക്കുന്ന അച്ചടിശാല ജർമ്മനി കണ്ടുപിടിച്ചു.
   (a) പ്രസ്താവന A യും കാരണവും R ഉം ശരിയാണ്. A യെ R വിശദീകരിക്കുന്നു
   (b) പ്രസ്താവനയും A യും കാരണം R ഉം ശരിയാണ് എന്നാൽ A യെ R വിശദീകരിക്കുന്നില്ല.
   (c) പ്രസ്താവന A ശരിയാണ് കാരണം R തെറ്റാണ്
   (d) പ്രസ്താവന A തെറ്റാണ് എന്നാൽ കാരണം R ശരിയാണ്.

6. ഇനിപ്പറയുന്നവയിൽ ഏതാണ് നവോത്ഥാന കാലഘട്ടത്തിൽ വികസിപ്പിച്ചെടുക്കാത്ത ഒരു ആശയം?
   (a) യുക്തിവാദം (b) സംശയവാദം
   (c) അരാജകത്വം (d) വ്യക്തിവാദം

7. ആധുനിക പരീക്ഷണ ശാസ്ത്രത്തിന്റെ പിതാവെന്ന് വിളിക്കപ്പെടുന്നത്?
   (a) അരിസ്റ്റോട്ടിൽ (b) പ്ലേറ്റോ
   (c) റോജർ ബേക്കൺ (d) ലാൻഡ് സ്റ്റെനർ

8. മനുഷ്യരാശിയെ മതവരമ്പിലൂടെ അല്ലെങ്കിൽ അധികാരം മൂലം ഭരണം നടത്താനെ യുക്തികൊണ്ട് ഭരിക്കണമെന്ന് ആഗ്രഹിച്ചത്?
   (a) ഡാൻന്റേ (b) മാക്കിയവല്ലി
   (c) റോജർ ബേക്കൺ (d) പെട്രാർക്ക്

9. തുർക്കികൾക്ക് എതിരായുള്ള യുദ്ധത്തിൽ പാശ്ചാത്യ നാടുകളുടെ സഹായം തേടി ഇറ്റലിയിലെത്തിയതാര്?
   (a) ജിയോവന്നി ഓറിസ്പ
   (b) മാനുവൽ ക്രിസ ലോറസ്സ്
   (c) റോജർ ബേക്കൺ
   (d) കൊളംബസ്സ്

10. **പ്രസ്താവന (A):** ഗലീലിയോ ഗലീലിയെ മതവിരുദ്ധമായി പ്രവർത്തിച്ചതിനാൽ ക്രിസ്തീയ സഭ വിചാരണ ചെയ്തു.
    കാരണം (R): കോപ്പർ നിക്കസിന്റെ സൗരയൂഥ സിദ്ധാന്തത്തെ അദ്ദേഹം സ്വീകരിച്ചു.
    (a) പ്രസ്താവന A യും കാരണം R ഉം ശരിയാണ്. A യെ R വിശദീകരിക്കുന്നു
    (b) പ്രസ്താവന A, കാരണം R ഉം ശരിയാണ് A യെ R വിശദീകരിക്കുന്നില്ല.
    (c) പ്രസ്താവന A ശരി കാരണം R തെറ്റ്
    (d) പ്രസ്താവന A തെറ്റ് കാരണം R ശരി

12th_History_Mal_Unit_10.indd 146 2/28/2023 1:21:03 PM

11. ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരിയായ പ്രസ്താവന അല്ലെങ്കിൽ പ്രസ്താവനകൾ?

പ്രസ്താവന I: ഇറ്റലിക്കാർ പുരാതന വൈക്കിംഗിന്റെ പിൻഗാമികളാണെന്ന് വിശ്വസിച്ചു

പ്രസ്താവന II: തോക്കുകളും, വെടിമരുന്നും ഉപയോഗിച്ച് കടൽയാത്രയുടെ അപകട സാദ്ധ്യത കുറച്ചു.

പ്രസ്താവന III: ക്രിസ്തുമതം പ്രചരിപ്പിക്കാനുള്ള ഉത്സാഹം പുതിയ ദേശങ്ങളുടെ പര്യവേഷണത്തിന് പ്രേരണയായി.

പ്രസ്താവന IV: ഫെർഡിനാന്റ് മെഗല്ലൻപടിഞ്ഞാറോട്ട് സഞ്ചരിച്ച് ബ്രസീൽ കണ്ടെത്തി

(a) I, II & III (b) II & III

(c) I & III (d) എല്ലാം ശരിയാണ്

12. താഴെപ്പറയുന്നവയിൽ ഏതാണ് ലിയാനാർഡോ ഡാവിഞ്ചിയുടെ സൃഷ്ടി അല്ലാത്തത്?

(a) വെർജിൻ ഓഫ് ദി റോക്സ് (b) അന്ത്യഅത്താഴം

(c) മോണാലിസ (d) മഡോണയും കുട്ടിയും

13. പോപ്പ് നിർമ്മിച്ച റോമിലെ സെന്റ് പീറ്റേഴ്സിന്റെ കത്തീഡ്രൽ പുതുക്കി പണിതതാര് _____

(a) ഡൊണാറ്റല്ലോ (b) റാഫേൽ

(c) ലിയാനാർഡോ ഡാവിഞ്ചി (d) മൈക്കേൽ ആഞ്ചലോ

14. ഇനിപ്പറയുന്നവയിൽ ഏതാണ് ശരിയായി പൊരുത്തപ്പെടാത്തത്?

(a) മാർലോവ് - റ്റിടോ

(b) ഷേക്സ്പിയർ - കിങ്ലിയർ

(c) ഫ്രാൻസിസ് ബേക്കൺ- നോവും ഓർഗനും

(d) റോജർ ബേക്കൺ - ഡെക്കാമരൺ

15. **പ്രസ്താവന (A):** തുർക്കിയുടെ ആക്രമണങ്ങളും കോൺസ്റ്റാന്റിനോപ്പിളിന്റെ പതനവും കിഴക്കോട്ടുള്ള ഒരുകടൽമാർഗ്ഗം കണ്ടെത്താൻ ഉത്തേജനം നൽകി.

കാരണം (R): കിഴക്കൻ രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ ആവശ്യം വർദ്ധിച്ചതോടെ യൂറോപ്യൻ രാജ്യങ്ങൾ കടൽ വ്യാപാരം നിയന്ത്രിക്കാൻ ആഗ്രഹിച്ചു.

(a) പ്രസ്താവന A യും കാരണം R ഉം ശരിയാണ്. R, A യെ വിശദീകരിക്കുന്നു

(b) പ്രസ്താവന A യും കാരണം R ഉം ശരിയാണ്. R, A യെ വിശദീകരിക്കുന്നില്ല.

(c) പ്രസ്താവന A ശരി കാരണം R തെറ്റാണ്.

(d) പ്രസ്താവന A തെറ്റ് കാരണം R ശരിയാണ്

16. മെഗല്ലന്റെ മരണശേഷം മടങ്ങിയെത്തിയ കപ്പൽ _____ ഇനിപ്പറയുന്നവയിൽ ശരിയായത് ഏതാണ്?

(a) ശാന്താമറിയ (b) പിന്റെ

(c) നീന (d) വിക്ടോറിയ

17. സ്പെയിനിനായി മെക്സിക്കോയെ കീഴടക്കിയതാര്?

(a) പെഡ്രോകാബ്രൽ (b) കൊളംബസ

(c) ഹെർണാൽ കോർട്ടസ് (d) ജെയിംസ് കുക്ക്

18. ഇംഗ്ലണ്ടിൽ ഹെൻട്രി VIII-ാമൻ ആധിപത്യ നിയമം പാസ്സാക്കിയത് എപ്പോഴാണ് ?

(a) 1519 (b) 1532 (c) 1533 (d) 1534

19. **പ്രസ്താവന (A):** പ്ലേഗിന്റെ കാരണം വിശദീകരിക്കാൻ കഴിയാത്തതിനാൽ അത് സഭയുടെ നിലയെ ദുർബലപ്പെടുത്തി.

കാരണം (R): മാർപാപ്പയുടെ അധികാരം കൂടുതൽ വെല്ലുവിളിക്കപ്പെട്ടു.

(a) പ്രസ്താവന A യും കാരണം R ഉം ശരിയാണ് A യെ R വിശദീകരിക്കുന്നു

(b) പ്രസ്താവന A യും കാരണം R ഉം ശരിയാണ്. A യെ R വിശദീകരിക്കുന്നില്ല

(c) പ്രസ്താവന A ശരി കാരണം R തെറ്റ്

(d) പ്രസ്താവന A തെറ്റ് കാരണം R ശരി

20. ഗ്രിഗറി ഏഴാമനാൽ കത്തോലിക്ക തിരുസഭയുടെ നടപടിയിലിരുന്ന് പുറത്താക്കപ്പെട്ട ജർമ്മൻ ഭരണാധികാരി ആരാണ്?

(a) ഹെൻട്രി VII (b) ഹെൻട്രി VIII

(c) ഹെൻട്രി II (d) ഹെൻട്രി IV

II. കുറിപ്പെഴുതുക

1. ഇറാസ്മസ് നവീകരണത്തിന് വഴിയൊരുക്കിയത് എങ്ങനെ ?
2. ഫ്ളോറൻസിലെ മെഡിസ്സി കുടുംബത്തെ കുറിച്ച് എഴുതുക.
3. 1493 പേപ്പൽ ബുൾ (പോപ്പിന്റെ ശാസന) നെക്കുറിച്ച് കുറിപ്പെഴുതുക?
4. സ്പാനിഷ് അർമേഡയുടെ പ്രധാന ഫലം?
5. ഓമ്സ് സഭയുടെ ഫലം.
6. നക്ഷത്ര കോടതി എന്ത് ഉദ്ദേശമാണ് നിറവേറ്റിയത്. എന്തുകൊണ്ടാണ് അതിനെ അങ്ങനെ വിളിച്ചത് ?
7. മധ്യകാലത്തിന്റെ അവസാനഘട്ടത്തിൽ ഫ്യൂഡലിസം പരാജയപ്പെട്ടതെന്തുകൊണ്ട്?
8. സ്പെയിനിൽ വിചാരണക്കോടതി ചെയ്തതെന്ത് ?

12th_History_Mal_Unit_10.indd 147 2/28/2023 1:21:03 PM

9. ട്രെൻഡ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ എടുത്തു കാണിക്കുക.
10. ചരിത്രത്തിൽ ജോൺ ഓഫ് ആർക്ക് ഓർമ്മിക്കപ്പെടുന്നതെന്തുകൊണ്ട്?

III. ചുരുക്കി ഉത്തരമെഴുതുക

1. ഇറ്റലി നവോത്ഥാനത്തിന്റെ ജന്മസ്ഥലമായി മാറിയതെന്തുകൊണ്ട്?
2. നവോത്ഥാന കാലഘട്ടത്തിൽ ഇംഗ്ലണ്ടിന്റെ സാഹിത്യ നേട്ടങ്ങൾ എടുത്തു കാണിക്കുക.
3. ഇറ്റാലിയൻ ഇംഗ്ലീഷ് പര്യവേഷകരുടെ നേട്ടങ്ങൾ എന്തായിരുന്നു?
4. വാണിജ്യവിപ്ലവത്തിന്റെ പ്രതികൂലം ഫലം എന്തായിരുന്നു.
5. യൂറോപ്പിലെ പ്രതിനവീകരണ പ്രസ്ഥാനത്തിന് യേശുസഭയുടെ സംഭാവന ചർച്ച ചെയ്യുക.
6. 1492-ൽ കൊളംബസ് നടത്തിയ യാത്രയെക്കുറിച്ച് എഴുതുക.
7. പോർച്ചുഗീസ് നാവികനായ പെട്രോകാൽഗലിന്റെ ഇന്ത്യൻ പര്യവേഷണത്തെക്കുറിച്ച് എഴുതുക.

IV. വിശദമായി ഉത്തരമെഴുതുക

1. ഇറ്റാലിയൻ നവോത്ഥാനത്തിന് ഫ്ളോറൻസിലെ ജനങ്ങൾ നൽകിയ സംഭാവനകൾ വ്യക്തമാക്കുക.
2. ഇംഗ്ലണ്ട്, ഫ്രാൻസ്, സ്പെയിൻ എന്നീ നാടുകൾ ദേശീയ രാഷ്ട്രങ്ങളായി രൂപംകൊണ്ടതിനെക്കുറിച്ച് വ്യക്തമാക്കുക.
3. കിഴക്കോട്ടുള്ള പുതിയ കടൽ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ പോർച്ചുഗലിന്റെയും സ്പെയിനിന്റെയും പരിശ്രമങ്ങളെക്കുറിച്ച് വിവരിച്ച്, ആധുനിക ചരിത്രത്തിൽ ഒരു സുപ്രധാന സംഭവമായി ഇതിനെ കണക്കാക്കുന്നതെന്തുകൊണ്ട്.
4. പ്രൊട്ടസ്റ്റന്റു നവീകരണത്തിന്റെ കാരണങ്ങൾ, മാർട്ടിൻ ലൂഥർ ജർമ്മനിയിൽ ഈ പ്രസ്ഥാനം സംഘടിപ്പിച്ചതെങ്ങനെ?

V. പ്രവർത്തനം

1. യുക്തിയുഗത്തിന്റെ അർത്ഥത്തേയും പ്രാധാന്യത്തെയും കുറിച്ച് അദ്ധ്യാപകർ വിദ്യാർത്ഥികളുമായി ചർച്ച ചെയ്യുക.
2. കൊളംബസ്, വാസ്കോഡഗാമ, മെഗല്ലൻ എന്നിവരുടെ സമുദ്ര പര്യവേഷണത്തെ ലോക ഭൂപടത്തിൽ അടയാളം ചെയ്യുക.
3. നവോത്ഥാനത്തെക്കുറിച്ചുള്ള വീഡിയോകൾ യൂ ട്യൂബിൽ കാണാൻ വിദ്യാർത്ഥികളെ അനുവദിക്കുക.
4. അമേരിക്കൻ തദ്ദേശവാസികൾക്കുമേൽ യൂറോപ്യന്മാരുടെ വംശഹത്യയെക്കുറിച്ചുള്ള സിനിമകളും വീഡിയോകളും വിദ്യാർത്ഥികളെ കാണാൻ അനുവദിക്കുക.

പരാമർശഗ്രന്ഥങ്ങൾ

- Peter Burke. *The Italian Renaissance.* Cambridge: Polity Press, 2010.
- Cameron Euan. *Early Modern Europe.* Oxford: Oxford University Press, 2001.
- E. H. Gombrich. *A Little History of the World.* London: Yale University Press, 2008.
- Stephen J.Lee *Aspects of European History 1494–1789.* London: Routledge, 1978.
- Edward McNall Burns, *Western Civilizations*, Vol. 2, New York: W.W. Norton, 1973.

ഇന്റർനെറ്റ് ആധാരങ്ങൾ

- https://www.history.com/topics/reformation/martin-luther-and-the-95-theses
- http://www.newworldencyclopedia.org/entry/John_Calvin
- http://www.bbc.co.uk/history/british/tudors/english_reformation_01.shtml kids.britannica
- http://www.vcsd.k12.ny.us/cms/lib/NY24000141/Centricity/Domain/941/Impact%20of%20the%20Reformation%202.ppt
- https://www.coreknowledge.org/wp-content/uploads/2017/03/CKHG-G5-U5-about-the-counter-reformation.pdf

12th_History_Mal_Unit_10.indd 148 2/28/2023 1:21:03 PM

A-Z പദസമുച്ചയം

scepticism	doubt about the truth of something, disbelief	മതവിശ്വാസമില്ലായ്മ
irksome	irritating, teasing	ശല്യം ചെയ്യുക, ഉപദ്രവിക്കുക
antagonise	act in opposition to, counteract	വിരോധമുണ്ടാക്കുക
polish	relating to Poland or its people or its language	പോളണ്ടുകാരുടെ
heresy	a belief that rejects the orthodox tenets of a religion	മതവിരോധാശയങ്ങൾ
empiricism	the doctrine that holds that the most reliable source of knowledge is from experience or experimentation	അറിവിനെ അനുഭവത്തിലൂടെ ആർജ്ജിക്കുക
demarcation	dividing line	പരിധി നിർണ്ണയിക്കുക
retaliate	revenge, avenge	പ്രതികാരം ചെയ്യുക
supercede	replace, take the place of	സ്ഥാന ചലനം
lucrative	producing a sizeable profit, money spinning	ലാഭകരമായ
disavow	refuse to acknowledge	സമ്മതിക്കുക
confiscation	seizure of property	തട്ടിപറക്കുക
schism	a division, split	വിഘടന വാദികൾ
reconciliation	restoring friendly relations	അനുരജ്ഞനം
adherence	faithfully following a party or religion	പിൻതുടരുക
diocese	the territorial jurisdiction of a bishop	രൂപത
catechism	religious instruction in question and answer form	മതപരമായ ചോദ്യോത്തര പംക്തി
recantation	withdrawal of an early assertion	തിരികെ വാങ്ങുക
inquisition	interrogation, cross-examination	ന്യായവിചാരണം
ecclesiastical	associated with church	ക്രിസ്തീയസഭ സംബന്ധിച്ച
turbulent	characterised by unrest, troubled	സംഘർഷപരിതമായ

12th_History_Mal_Unit_10.indd 149 2/28/2023 1:21:03 PM

ഐ.സി.ടി കോർണർ

ആധുനിക ലോകം യുക്തിയുടെ യുഗം

ലോക കലാ ചരിത്രത്തിന്റെ പ്രമേയ പരവും, കാലാനുസൃതവും ഭൂമിസാസ്ത്ര പരവുമായ പര്യവേഷണത്തെ കുറിച്ച് ഈ പ്രവർത്തനത്തിലൂടെ നിങ്ങൾ മനസ്സിലാക്കും



ഘട്ടം 1 ബ്രൗസറിനെ തുറന്ന് താഴെ തന്നിട്ടുള്ള യു ആർ എൽ നെ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

ഘട്ടം- 2 ഏതെങ്കിലും ഭൂമിശാസ്ത്രപരമായ പ്രദേശം തെരഞ്ഞെടുക്കുക. (ഉദാ. യൂറോപ്പ്) ഒരു സമയ കാല അളവ് തെരഞ്ഞെടുക്കുക (ഉദാ. 1400-1600 A.D)

ഘട്ടം - 3 താഴേക്ക് സ്ക്രോൾ ചെയ്ത് നവോത്ഥാന ആർട്ട് ഗാലറിയെ നോക്കുക



Step1



Step2



Step3

Web URL: https://www.metmuseum.org/toah/chronology/

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രം

*ബ്രൗസറിന് ആവശ്യമെങ്കിൽ ഫ്ളാഷ് പ്ലെയർ അല്ലെങ്കിൽ പാവാസ്ക്രിപ്റ്റ് പേജിലേക്ക് ശേഖരിക്കുക

12th_History_Mal_Unit_10.indd 150 2/28/2023 1:21:05 PM

യൂണിറ്റ്
11

വിപ്ലവങ്ങളുടെ കാലം

പഠന ലക്ഷ്യങ്ങൾ

നാം അറിഞ്ഞിരിക്കേണ്ടവ

- അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ കാരണങ്ങൾ, ഗതി, ഫലങ്ങൾ എന്നിവ
- ഫ്രഞ്ച് വിപ്ലവം, അതിന്റെ കാരണങ്ങൾ, ഗതിമറ്റും യൂറോപ്പിലും ലോകം മുഴുവനുമുള്ള പ്രതിഫലനങ്ങൾ
- ലാറ്റിൻ അമേരിക്കയിലെ വിപ്ലവം
- ഇംഗ്ലണ്ടിൽ വ്യവസായവിപ്ലവത്തിന്റെ ആരംഭ ശേഷം ജർമ്മനിയും അമേരിക്കൻ ഐക്യനാടുകളിലും

KOIPD

ആമുഖം

ഭൂമിശാസ്ത്ര കണ്ടുപിടിത്തങ്ങളുടേയും, നവോത്ഥാനം, പരിഷ്കരണം രാജാക്കന്മാരുടെ കാലം എന്നിവയാൽ പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രാഷ്ട്രീയം, മതം, സമൂഹ സാമ്പത്തിക സ്ഥിതികളിൽ ലോകം മുഴുവനും മാറ്റങ്ങൾ ആരംഭിച്ചു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം രണ്ടു വിപ്ലവങ്ങൾ ഉണ്ടായി. അവ 1775-1783 യിലെ അമേരിക്കൻ വിപ്ലവം. 1789-1795 വരെയുള്ള ഫ്രഞ്ച് വിപ്ലവം എന്നിവയാകുന്നു. ഈ വിപ്ലവങ്ങൾ രാജഭരണത്തിന് കനത്ത പ്രഹരം ഏല്പിക്കുകയും തുടർന്ന് മാനവികതക്ക് ചരിത്രത്തിൽ നീന്നാൾ ആഘാതം ഉണ്ടാക്കുകയും ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിൽ ആരംഭിച്ച വ്യവസായ വിപ്ലവം ജനങ്ങളുടെ ജീവിതത്തിൽ പല മാറ്റങ്ങളേയും ഉളവാക്കി. പുതുയുഗ ആഗമനം പ്രാഥമികമായി കൃഷിയടിസ്ഥാനമാക്കിയുള്ള സാമ്പത്തിക നിലയിൽ നിന്നും വ്യവസായാടിസ്ഥാനമാക്കിയുള്ള സാമ്പത്തികത്തിലേക്ക് മാറ്റപ്പെട്ടു. ഈ പാഠം മേല്പറഞ്ഞ സംഭവങ്ങളുടെ ആഗോള പ്രാധാന്യത്തെ മനസ്സിലാക്കുവാൻ സഹായിക്കുക.

11.1 അമേരിക്കൻ സ്വാതന്ത്ര്യ സമരം

പുതിയ പ്രദേശ കണ്ടുപിടിത്തങ്ങളുടെ കാലത്ത് സാഹസികരായ നാവികർ രാജാക്കന്മാരുടെ സഹായത്തോടെ അന്വേഷണാർത്ഥം സഞ്ചരിക്കുകയും പുതിയ ലോകം എന്ന് വിളിക്കപ്പെടുന്ന സ്ഥലങ്ങളിലേക്ക് പുതിയ സമുദ്രമാർഗ്ഗം കണ്ടുപിടിക്കുകയും ചെയ്തു. ഈ പ്രവർത്തികൾ നല്ല ബന്ധത്തേയും ലാഭത്തേയും ബലപ്പെടുത്തി. പുതിയ പ്രദേശങ്ങൾ കണ്ടുപിടിക്കുന്നതിലും വ്യാപാര കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലും പിന്നീട് കോളനികൾ സ്ഥാപിക്കുന്നതിലും സ്പെയിനും പോർച്ചുഗലും ആദ്യ രാജ്യങ്ങളിലായിരുന്നെങ്കിലും ബ്രിട്ടൺ ലോകം മുഴുവനും കോളനികൾ സ്ഥാപിക്കുകയും അതിനെ വളരെകാലം വിജയ കരമായി നടത്തിപ്പോരുകയും ചെയ്തു. വടക്കേ അമേരിക്കയിലെ ആദ്യത്തെ കുടിയേറ്റക്കാർ ബ്രിട്ടീഷുകാർ ആണെങ്കിലും ക്രമേണ ജർമ്മനി, സ്വീഡൻ, ഫ്രഞ്ച്, ഇറ്റലി, ഡച്ച് എന്നീ നാട്ടുകാരും അമേരി ക്കയിൽ പോവുകയും കുടിയേറ്റങ്ങളെ സ്ഥാപിക്കുകയും ചെയ്തു. പുതിയ ലോകത്തിലേക്കുള്ള കുടിയേറ്റങ്ങൾ (അധിനിവേശം) യൂറോപ്പിലെ ധ്രുതഗതിയി ലുള്ള സാമ്പത്തിക മുന്നേറ്റത്തിന്റേയും, ജനസംഖ്യാ വളർച്ചയുടെയും കാലഘട്ടത്തിലാണെന്ന് മനസ്സിലാ ക്കാം.

ജെയിംസ് ഒന്നാമൻ ഒരു പര്യവേഷണ സംഘത്തെ വിർജീനിയയിലേക്ക് അയക്കുകയും 1607 അവർ അവിടെ ഒരു കോളനി സ്ഥാപിക്കുകയും ആ സ്ഥലത്തിന് ജെയിംസ് ൦ൗൺ എന്ന് നാമകരണം ചെയ്യുകയും ചെയ്തു. അതിനുശേഷം ബ്രിട്ടണിൽ നിന്നുള്ള തീർത്ഥാടകർ മേ ഫ്ളവർ എന്ന കപ്പലിൽ സഞ്ചരിച്ച പ്ലമൗത്ത്, മാസച്ചുസെറ്റ് എന്നിവിടങ്ങളിൽ കോളനികൾ സ്ഥാപിക്കുകയും ചെയ്തു. സാവധാനത്തിൽ മറ്റു രാജ്യങ്ങളും അമേരിക്കയിൽ തങ്ങളുടെ കുടിയേറ്റങ്ങളെ സ്ഥാപിച്ചു. ഡച്ചുകാർ 1624-ൽ ഹഡ്സൻ നദിയുടെ മുഖദ്വാരത്ത് ഒരു കോളനി സ്ഥാപിക്കുകയും ആ സ്ഥലത്തിന് ന്യൂ ആസംസ്റ്റർ ഡാം എന്ന് പേരിടുകയും ചെയ്തു. പിന്നീട് ബ്രിട്ടൺ ഈ പ്രദേശത്തെ കൈക്കലാക്കുകയും ന്യൂയോർക്ക് എന്ന് പേര് മാറ്റുകയും ചെയ്തു. 1700-ൽ അടിമയാക്കപ്പെട്ട ആഫ്രിക്കക്കാരുടെ ശതമാനം കോളനി ജനത്തൊകയിൽ വർദ്ധിക്കാൻ തുടങ്ങി. 1770 ആയപ്പോഴേക്കും ഏകദേശം 2 മില്ല്യൺ അടിമകൾ ബ്രിട്ടന്റെ 13 കോളനികളിൽ ജോലി ചെയ്യാനും താമസിക്കാനും തുടങ്ങി.

12th_History_MAL_Unit_11.indd 151 2/28/2023 1:21:41 PM

1587-ൽ സർ വാൾട്ടർറാലി വടക്ക് കരോലിനയിലെ റോണക് ദ്വീപിൽ ആദ്യമായി ഒരു കോളനി സ്ഥാപിക്കുകയും വിർജിൻ എലിസബത്ത് രാജ്ഞിയുടെ ഓർമ്മയ്ക്കായി ആ സ്ഥലത്തിന് വിർജീനിയ എന്ന് പേരിടുകയും ചെയ്തു. അവിടെയുള്ള തദ്ദേശ ഇന്ത്യക്കാരുടെ (റെഡ് ഇന്ത്യൻസ്) ശക്തമായ പ്രതിരോധം കാരണം ആദ്യകാല കുടിയേറ്റക്കാർ ഇംഗ്ലണ്ടിലേക്ക് തിരികെ പോന്നു. ചില വർഷങ്ങൾക്കു ശേഷം ബ്രിട്ടീഷ് നാവികർ അവിടെ എത്തിയപ്പോൾ റോണക്ക് ദ്വീപ് നഷ്ടപ്പെട്ട കോളനിയായി കാണപ്പെടുകയും അവിടെ ബ്രിട്ടീഷുകാരുടെ പഴയ ഒരടയാളവും കാണാൻ കഴിഞ്ഞില്ല..



മേയ്ഫ്ളവർ കപ്പൽ

പതിമൂന്ന് കോളനികളിലെ ജീവിതം

ജനങ്ങൾക്ക് ലഭിച്ച കോളനികളിലെ ജീവിതം വ്യത്യസ്ത സ്വഭാവത്തിലും രീതിയിലുമുള്ളതായിരുന്നു. അവർ തെക്കെന്നും വടക്കെന്നും വിഭജിക്കപ്പെട്ടു. തെക്കൻ പ്രദേശം നല്ല വളക്കൂറുള്ളതും കാർഷിക പ്രവർത്തി നിലനില്പിനുള്ള ഉപജീവനമാർഗ്ഗവുമായിരുന്നു. ആഫ്രിക്കയിൽ നിന്നും കൊണ്ടുവരപ്പെട്ട അടിമകൾ അവിടെ തോട്ടങ്ങളിൽ ജോലി ചെയ്തു പോന്നു. അവർ പ്രധാനമായും പരുത്തി, ഗോതമ്പ്, പുകയില എന്നിവ കൃഷിചെയ്തു പോന്നു. എന്നാൽ വടക്കു ഭാഗം കാർഷികവൃത്തിക്ക് യോജിച്ചതായിരുന്നില്ല. അവിടത്തുകാർ മരംവെട്ട്, കപ്പൽ നിർമാണം, ധാന്യ സംസ്കരണം എന്നീ തൊഴിൽശാലകൾ നടത്തി പോന്നു. ഇരുമ്പ് മറ്റും വസ്ത്ര നിർമ്മാണം എന്നിവ ചെയ്തുപോന്നു. തുറമുഖങ്ങൾ സമുദ്ര വ്യാപാരത്തെ പ്രോത്സാഹിപ്പിച്ചു.

അറ്റ്ലാന്റിക് സമുദ്രം കടന്നുള്ള അടിമക്കച്ചവടം മാനവചരിത്രത്തിലെ ഒരു കളങ്കമാണ്. പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർച്ചുഗൽ അടിമകച്ചവടം ആരംഭിച്ചു. ക്രിസ്തീയ യൂറോപ്പിലെ മറ്റു രാജ്യങ്ങളും ഉടനെ തന്നെ ഈ വ്യാപാരത്തെ പിൻതുടർന്നു. അമേരിക്കയിലേക്ക് ആദ്യത്തെ അടിമ 1619 ഡച്ച് കപ്പലിൽ കൊണ്ടു വരപ്പെട്ടു. ഇംഗ്ലണ്ടിലെ ജോൺ ഹാക്കിൻസ് ആദ്യ വിശ്വാസമുള്ള നീഗ്രോ ആഫ്രിക്കയിൽ നിന്നും പിടിച്ച് പുതിയ ലോകത്തിലെ (അമേരിക്ക) തോട്ടങ്ങളിൽ ജോലിക്ക് വിറ്റാൽ ധാരാളം പണം ഉണ്ടാക്കാമെന്ന് മനസ്സിലാക്കി. അദ്ദേഹത്തിന്റെ വിജയകരവും ലാഭകരവുമായ പ്രവർത്തനത്തിന് എലിസബത്ത് രാജ്ഞി അദ്ദേഹത്തിനെ നെറ്റ് പദവി നൽകി. ഏകദേശം 11 മില്യൺ ആഫ്രിക്കാക്കാർ അമേരിക്കയിൽ എത്തിക്കപ്പെട്ടതായി കണക്കാക്കപ്പെടുന്നു.



യൂറോപ്പിലെ അസ്ഥിരമായ ജീവിത ചുറ്റുപാടിൽ വിരസമായി ജീവിച്ച ജനങ്ങൾ കോളനികളിൽ സ്വതന്ത്ര ജീവിതം നയിച്ചും പോന്നു. കൂടാതെ അവർ തങ്ങളുടെ ഇഷ്ടപ്രകാരം മതസ്വാതന്ത്ര്യവും അനുഷ്ഠാനവും പിൻതുടരാൻ ആഗ്രഹിച്ചു (ഉദാഹരണം പ്യൂരിട്ടൻസ്). ഈ കോളനികൾ ബ്രിട്ടീഷ് രാജകുടും ബത്താൽ നിയമിക്കപ്പെട്ട ഗവർണർ എന്ന പ്രതിനിധികളാൽ ഭരിക്കപ്പെട്ടു. ഗവർണർക്ക് പാർലമെന്റ് പോലുള്ള ഒരു നിയമസഭ ഉണ്ടായിരുന്നു. പുരുഷന്മാരിൽ നികുതി ചെലുത്തുന്നവർക്കും ഭൂസ്വത്ത് ഉള്ളവർക്കു മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. ആരംഭ കാലത്തിൽ കോളനിവാസികൾ തദ്ദേശീയരായ അമേരിക്കക്കാരോട് അതായത് അമേരിക്കൻ ഇൻഡ്യൻസ് അഥവാ ആഫ്രിക്കൻ സ്വദേശികൾ (അവഹേതുപരമായി റെഡ് ഇൻഡ്യൻസ് എന്ന് പരാമർശിക്കുന്നവർ). ഹൃദ്യമായ ബന്ധം നൽകിപോന്നു. കാലക്രമേണ തദ്ദേശീയ അമേരിക്കക്കാർക്ക് തങ്ങളുടെ ഭൂസ്വത്തുക്കൾ വിൽക്കപ്പെടേണ്ടിവരികയോ കൈമോശം വരികയോ ചെയ്തു.

12th_History_MAL_Unit_11.indd 152 2/28/2023 1:21:41 PM



സ്വദേശികളുമായി യൂറോപ്യൻമാരുടെ അക്രമണം

1492 ൽ ക്രിസ്റ്റഫർ കൊളംബസ് കരീബിയൻ പ്രദേശത്ത് എത്തുമ്പോഴേക്കും അമേരിക്കൻ പ്രദേശങ്ങളിൽ 10 മില്യൺ പൂർവ്വികരായ തദ്ദേശവാസികളായിരുന്നു. എന്നാൽ 1900 ൽ അവരുടെ എണ്ണം 3,00,000 താഴെയായി. തദ്ദേശവാസികളെ ഉൻമൂലനം ചെയ്യുന്നതിന് യൂറോപ്യൻമാർ പിൻതുടർന്ന തന്ത്രങ്ങളിലൊന്നായിരുന്നു പകർച്ചവ്യാധി പടർത്തുക എന്നത്. 1763 ൽ ഏർപ്പെട്ട വലിയ ലഹള വെൻസിൽ മേനിയയിലെ ബ്രിട്ടീഷ് സൈന്യത്തെ ഭീഷണിപ്പെടുത്തി. ആവശ്യവസ്തുൾ കുറവായതിനാൽ ഏർപ്പെട്ട വേവലാതികളും. തദ്ദേശവാസികളുടെ ലഹളകളാൽ ആശങ്കകുലനായ വടക്കേ അമേരിക്കയിലെ ബ്രിട്ടീഷ് സേനയുടെ ചീഫ് സർജെഫ്രി ആംഹർസ്ട് പെൻസിൽ വേനിയയിലെ പിറ്റ് കോട്ടയിലിരുന്ന് കേണൽഹെൻഡ്രിബോക്കെറ്റിന് എഴുതിഇന്ത്യയിൽ കമ്പിളിമൂലം ചിക്കൻപോക്സ് (വസൂരി) പരുത്തുന്ന തന്ത്രം നന്നായി തുടരാം. മാത്രമല്ല തുടച്ചു മാറ്റേ ഈ വംശത്തെ വേരോടെ പിഴുതു മാറ്റാൻ എല്ലാ രീതികളും പരീക്ഷിക്കുക. ഇതിന്റെ ഫലമായി മുമ്പ് പകർച്ച വ്യാധിക്കാർ ഉപയോഗിച്ച കമ്പിളി പുതപ്പിനെ തദ്ദേശവാസികൾക്ക് വിതരണം ചെയ്യപ്പെട്ടു. അവർക്കിടയിൽ രോഗം പടർന്നു പിടിച്ചു. സ്വർണ്ണം തേടിയെത്തിയ കോളനിക്കാർ (1848) ഗോത്രക്കാരുടെ ഇടയിൽ പതുങ്ങിയിരുന്ന് അവരെ ആക്രമിക്കുകയായി. ഗോത്രക്കാർക്കും അമേരിക്കൻ കുടിയേറ്റക്കാർക്കും തമ്മിൽ നിരവധി യുദ്ധങ്ങൾ പൊട്ടിജപ്പുറപ്പെട്ടു. ഇത് വലിയ തോതിലുള്ള മരണങ്ങൾക്കും, ഭൂമി കൈയേറ്റത്തിനും അടിച്ചമർത്തലിനും വംശീയതയ്ക്കും കാരണമായി.

അമേരിക്കൻ സ്വാതന്ത്ര്യസമരം - കാരണങ്ങൾ

കോളനി ഭരണം - നാവിക നിയമങ്ങൾ

ഇംഗ്ലണ്ട് കോളനികളെ തങ്ങളുടെ രാജ്യത്തിന്റെ ഭാഗമായി കരുതുകയും അവയെ തങ്ങളുടെ നേട്ട ത്തിനായി ഭരിക്കുകയും കോളനികളുടെ താത്പര്യത്തെ അവഗണിക്കുകയും ചെയ്തു. ഇംഗ്ലണ്ട് നാവിക നിയമങ്ങൾ എന്നറിയപ്പെടുന്ന നിയമങ്ങൾ നിർമിച്ചു. ഈ നിയമപ്രകാരം അമേരിക്കൻ കോളനികളിൽ നിർഞ്ഞല്ീഹൗശേീമെിക്കുന്ന ഉല്പന്നങ്ങൾ ഇംഗ്ലീഷ് കപ്പലുകളിൽ മാത്രം കയറ്റി അയക്കണമെന്ന് ശഠിച്ചു. കൂടാതെ ചില നിയമങ്ങൾ കോളനികളിൽ ചില വസ്തുക്കൾവസ്ത്രംപോലുള്ളവ നിർമക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

IYS87

സപ്തസംവത്സര യുദ്ധം (1756–63)

അമേരിക്കയിൽ കോളനികൾ ഇംഗ്ലണ്ടിനെതിരെ വിപ്ലവം ഉണ്ടാകാൻ കാരണം ഏഴുവർഷ യുദ്ധത്തിൽ ഇംഗ്ലണ്ട് ഇടപെട്ടതാണ്. യുദ്ധസമയത്ത് അമേരിക്കൻ കോളനികളിലെ നിയമസഭകൾ മാതൃരാജ്യം പ്രതീ ക്ഷിച്ച രീതിയിൽ സഹകരിച്ചില്ല. അവർ അപര്യാപ് തമായ സാധനവിതരണത്തിനും അമേരിക്കൻ കോള നിക്കാർ ഉപയോഗിച്ചിരുന്ന വസ്തുക്കളുടമേൽ അധിക നികുതി ചുമത്തുന്നതിനുള്ള ഇംഗ്ലണ്ടിന്റെ നീക്കത്തെയും എതിർക്കുകയും ചെയ്തു. ബ്രിട്ടൺ കാനഡയെ ആക്രമിച്ചതും ഫ്രാൻസിൽ നിന്നുള്ള ഭീഷണി ഇല്ലാതായതും ബ്രിട്ടീഷ് സർക്കാർ സുരക്ഷിതമാ ണെന്ന ധരിച്ചു. പകരം കോളനികൾ ബ്രിട്ടീഷ് ഭരണ ത്തെ ഭയപ്പാടോടും അതൃപ്തിയാലും കാണപ്പെട്ടു.

കോളനികൾമേലുള്ള നികുതി

പഞ്ചസാര മറ്റും ശർക്കര ലായിനിയുടെ മേൽ നികുതി

യൂറോപ്പിലുള്ള മറ്റു രാജ്യങ്ങളോട് നിരന്തരം യുദ്ധത്തിൽ ഏർപ്പെട്ടിരുന്നതിനാൽ ഏർപ്പെട്ട സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ബ്രിട്ടൺ കോളനികൾ മേൽ പുതിയ നികുതികൾ ചുമത്തി. ആദ്യമായി 1764-ൽ ശർക്കരക്കും ശർക്കരയുടെ ഉപോ ല്പന്നമായ ശർക്കരപ്പാവിനും നികുതി ചുമത്തി. വടക്കെ അമേരിക്കയിലുള്ള എല്ലാ കോളനികളും ഈ നികുതി ചെലുത്താൻ നിർബന്ധിക്കപ്പെട്ടു. എല്ലാ കുടിയേറ്റക്കാരും ഇതിനെതിരെ പ്രതിഷേധി ക്കുകയും പ്രാതിനിധ്യം ഇല്ലാതെ നികുതിയില്ല എന്ന മുദ്രാവാക്യം മുഴക്കുകയും ചെയ്തു.

സ്റ്റാമ്പ് നിയമം (മുദ്രനിയമം)

1765-ൽ ബ്രിട്ടൺ പുതിയ സ്റ്റാമ്പ് നിയമം കൊണ്ടുവന്നു. ഇതിൻ പ്രകാരം കോളനിവാസികൾ എല്ലാവിധ നിയമ അധികാര കൈമാറ്റങ്ങൾക്കും ഈ സ്റ്റാമ്പുകൾ ഉപയോഗിക്കണമെന്ന് നിർബന്ധിക്കപ്പെടുകയും സ്റ്റാമ്പ് ഉപയോഗത്തിന് നികുതി അടക്കാൻ ബാധ്യസ്ഥരാവുകയും ചെയ്തു. കോളനി നിവാസികൾ സ്റ്റാമ്പുകൾ വാങ്ങാൻ വിസമ്മതിക്കുകയും വ്യാപാരിക ൾ കോളനി സർക്കാരിനോട് പിൻവലിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

ഠൗൺഷെന്റ് നിയമം

1766-ൽ സ്റ്റാമ്പ് നിയമം നിറുത്തലാക്കി എങ്കിലും അടുത്ത വർഷം തന്നെ ഇംഗ്ലണ്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ചില വസ്തുക്കളുടെമേൽ പുതിയ നികുതി

12th_History_MAL_Unit_11.indd 153 2/28/2023 1:21:42 PM

ചുമത്തപ്പെട്ടു. ബ്രിട്ടണിലെ ധനകാര്യമന്ത്രിയായിരുന്ന ഠൗൺഷെന്റ് ഈ നിയമം കൊണ്ടുവരികയും പ്രാബല്യത്തിലാക്കുകയും ചെയ്തതിനാൽ ഈ നിയമം ഠൗൺഷെന്റ് ആക്ട് എന്നറിയപ്പെട്ടു.

ബോസ്റ്റൺ കൂട്ടക്കൊല

1770-ൽ പുതിയ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ലോർഡ് നോർത്ത് തേയില ഒഴികെ മറ്റു വസ്തുക്കളുടെ മേലുണ്ടായിരുന്ന നികുതികൾ റദ്ദാക്കി(എടുത്തുകളഞ്ഞു). ഈ നികുതി നിലനിറുത്തുകയും ബ്രിട്ടീഷ് പാർലമെന്റിന് പ്രത്യക്ഷമായോ പരോക്ഷമായോ കോളനികളിന്മേൽ നികുതി ചുമത്താനുള്ള അധികാരം ഉണ്ടെന്ന്ഊന്നിപറയുകയുംചെയ്തു.ബ്രിട്ടീഷ്സൈന്യം ബോസ്റ്റൺ തെരുവുകളിൽ കവാത്തു നടത്തിയപ്പോൾ കോളനിക്കാർ സൈന്യത്തെ പരിഗണിച്ചു. ഇത് പട്ടാളക്കാരെ പ്രകോപിപ്പിക്കുകയും അവർ ജനങ്ങളുടെ മേൽ നിറയൊഴിക്കുകയും ചെയ്തു. ബോസ്റ്റൺ കൂട്ടക്കൊല ബ്രിട്ടൺ സർക്കാരിന്റെ ഏകാധിപത്യ സർവ്വാധികാര മനോഭാവത്തിലേക്കു വെളിച്ചം വീശി.

ബോസ്റ്റൺ ടീ പാർട്ടി (1773)

ബോസ്റ്റൺ കൂട്ടക്കൊലക്ക് പിന്നാലെ ഏകദേശം 100പ്രവർത്തകർതദ്ദേശഅമേരിക്കക്കാർപോലെവേഷം ധരിച്ചെത്തുകയും ബോക്സൺ നങ്കൂരമിട്ടിരിക്കുന്ന മൂന്നു കപ്പലുകളിലുള്ള 342 തേയില പെട്ടികളെ കടലിലേക്ക് വലിച്ചെറിഞ്ഞു. ഈ സംഭവം ബോസ്റ്റൺ റ്റീ പാർട്ടി എന്നറിയപ്പെടുന്നു.

ബ്രിട്ടീഷ് പാർലമെന്റ് ശക്തമായി പ്രതികരിച്ചു. ജനറൽ ഗേഡ് മാസാച്ചുവെരിവെ ഗവർണ്ണറായി നിയമിക്കപ്പെടുകയും കോളനികളിൽ സൈന്യത്തെ വിന്യസിക്കുകയും കോളനികളെ വിശ്വാസത്തിലെടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.



ബോസ്റ്റൺ ചായസൽക്കാരം

അസഹിഷ്ണുത നിയമങ്ങൾ (1774)

ഒന്നാമതായി ബോസ്റ്റൺ റ്റീ പാർട്ടിയിൽ രോഷാകുലനായ ബ്രിട്ടീഷ് പാർലമെന്റ് ബോസ്റ്റൺ പോർട്ട് ബിൽ എന്ന നിയമം പാസ്സാക്കി. കടലിലെറിഞ്ഞ തേയിലയുടെ വില കോളനിക്കാർ ചെലുത്തുന്നതുവരെ ബോസ്റ്റൺ തുറമുഖം അടച്ചിടപ്പെട്ടു. ബ്രിട്ടീഷ് പാർല മെന്റ് മെസാച്ചുവെറ്റ് ഗവ. നിയമം പാസ്സാക്കി. അതിൻ പ്രകാരം തദ്ദേശ സ്വയംഭരണ സഭകൾ പിരിച്ചുവിടപ്പെടുകയും സൈനിക ഗവർണ്ണറായ ഗേജിന്റെ അധികാരത്തെ വർദ്ധിപ്പിക്കുകയും ചെയ്തു. മൂന്നാമതായി നീതിനിർവ്വഹണ നിയമപ്രകാരം ക്രൂര കുറ്റങ്ങൾ ചെയ്യുന്ന ബ്രിട്ടീഷ് അധികാരികളെ മറ്റു കോളനികളിലോ ബ്രിട്ടണിലോ വിചാരണ ചെയ്യപ്പെടും. മൂന്നാമതായി നിവാസ നിയമം റദ്ദാക്കപ്പെട്ടു.ഈനിയമംബ്രിട്ടീഷ്പട്ടാളക്കാർക്ക്താമസസൗകര്യം ഒരുക്കുകയും അവർക്കുള്ള ചിലവ് കോളനിവഹിക്കുക എന്നുള്ളതായിരുന്നു. അസഹിഷ്ണുതാനിയമങ്ങൾ 1774-ദുർഭരണനിയമങ്ങൾഎന്നറിയപ്പെടുന്നു. ഇത് കോളനിവാസികളെ പ്രകോപിപ്പിക്കുകയും അവരുടെ കോപാഗ്നി അവസാനിക്കാൻ തുടങ്ങി..

ക്യൂബെക് നിയമം

1774-ൽ ബ്രിട്ടീഷ് പാർലമെന്റ് ക്യൂബെറ്റ് നിയമം പാസാക്കി. ഇതിൻപ്രകാരം ഓഹിയോ കൂടാതെ മിസിസിപ്പി നദികൾക്കിടയിലുള്ള പ്രദേശം ക്യൂബെക് പ്രവിശ്യക്ക് വിട്ടുകൊടുത്തു. ന്യൂയോർക്ക്, പെൻസിൽവാനിയ, വിർജിനിയ എന്നീ കോളനി സർക്കാരുകൾ ബ്രിട്ടന്റെ ഏകപക്ഷീയമായ തീരുമാനത്തിൽ കുപിതരായി കാരണം ബ്രിട്ടീഷ് രാജകീയ ശാസനപ്രകാരം ഈപ്രവിശ്യകൾക്ക് നൽകിയതായിരുന്നു. സിവിൾ നിയമത്താലും കത്തോലിക്ക മതപരവും രൂപീകൃത മായ ഒരു പ്രദേശമാണ് ബ്രിട്ടൺ. അങ്ങനെ പ്രൊട്ടസ്റ്റന്റ് കോളനിക്കാരെ പ്രകോപിപ്പിച്ചു.

ആദ്യത്തെ സമ്മേളനം കൂടുന്നതിന് നീതീകരണമായി 1774 അസഹിഷ്ണുതാനിയമങ്ങൾ മാറി. ഈ സമ്മേളനത്തിൽ ജോർജിയ ഒഴികെ മറ്റു കോളനികളിൽ നിന്നും പങ്കെടുത്ത പ്രതിനിധികൾ അസഹിഷ്ണുതാനിയമങ്ങളെ പിൻവലിക്കാൻ ആവശ്യപ്പെട്ടു. നിയമങ്ങൾ പിൻവലിക്കും വരെ ബ്രിട്ടീഷ് വസ്തുക്കളെ ബഹിഷ്കരിക്കാൻ തീരുമാനിച്ചു. അവർ ബ്രിട്ടീഷ് രാജാവായ ജോർജ്ജ് മൂന്നാമന് ഒലിവ്ശാഖയോടെ ഒരു പ്രതിനിധി യെ അയച്ചു (സമാധാന നിർദ്ദേശം) ഇത് ഒലിവ് ശാഖാ നിവേദനം എന്ന് അറിയപ്പെടുന്നു. എന്നാൽ രാജാവ് സമാധാന നിവേദനം വാങ്ങാൻ കൂട്ടാക്കിയില്ല.

യുദ്ധത്തിന്റെ ആരംഭം



തോമസ് ജെഫേർസൺ

അതേസമയം 1775-ൽ മസാച്ചുസെറ്റിലെ ലെക്സിൻടൺലെ കർഷകർ ബ്രിട്ടീഷുകാർക്കെതിരെ പോരാടുകയും ബോസ്റ്റൺ പ്രദേശത്തുള്ള ബങ്കൽ ഹിൽ പ്രദേശത്തേക്ക് പ്രകടനം മാർച്ച് ചെയ്യുകയും ബ്രിട്ടീഷ് കാവൽപട്ടാളക്കാരെഉപരോധിക്കുകയും ചെയ്തു. 1776 ജൂലൈമാസം4-ാംതിയതി13 കോളനികളുംബ്രിട്ടനിൽനിന്നുംസ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. സ്വാതന്ത്ര്യ പ്രഖ്യാപനം തോമസ് ജാഫർ സണ്ണിന്റെ ഒരു സാരവത്തായ പ്രവർത്തനമായിരുന്നു. അത് അമേരിക്കൻ ഐക്യനാടുകൾ എന്ന സ്വതന്ത്ര്യ രാജ്യത്തിന്റെ ചരിത്രത്തിലേക്ക് ആരംഭം കുറിച്ചു.

12th_History_MAL_Unit_11.indd 154 2/28/2023 1:21:42 PM

സ്വാതന്ത്ര്യ പ്രഖ്യാപനം (1776)

റിച്ചാർഡ് ലീ എന്നയാൾ കോളനികൾ സ്വാതന്ത്ര്യ സംസ്ഥാനങ്ങളായിരിക്കണമെന്ന് നിർദ്ദേശിച്ചു. സ്വാതന്ത്ര്യ പ്രഖ്യാപന കരട് നിർമിക്കുന്നതിന് തോമസ് ജാഫർസൺ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ, ജോൺ ആഡംസ് എന്നിവരടങ്ങിയ ഒരു സംഘം രൂപീകരിക്കപ്പെട്ടു..

ബ്രിട്ടീഷ് പട്ടാളത്തെ വില്യം ഹോവ് നയിച്ചു. അമേരിക്കൻ സൈന്യത്തെ ജോർജ് വാഷിംഗ്ടൺ നയിച്ചു. ആരംഭഘട്ടത്തിൽ ഹോവ് ചില ചെറിയ വിജയങ്ങൾ കൈവരിച്ചു. ബ്രൂക്കലിങ് എന്ന സ്ഥലത്തുവച്ച് വാഷിങ്ടണ്ണിനെ തോല്പിച്ചു. എന്നാൽ ന്യൂ യോർക്ക്, ന്യൂ ജെർസി എന്നിവിടങ്ങളിൽ വാഷിംഗ് ടണ്ണിന്റെ ചിട്ടയായ സൈനിക തന്ത്രങ്ങളാൽ ബ്രിട്ടീഷ് സൈന്യത്തെ പരാജയപ്പെടുത്തി അടിച്ചോടിച്ചു. 1777-ലെ സരട്ടോഗാ എന്ന സ്ഥലത്തുവച്ച് നടന്ന യുദ്ധത്തിൽ ബ്രിട്ടീഷ് സൈനിക മേധാവി ബർഗോണി കീഴടങ്ങാൻ നിർബന്ധിതനായി. അവസാനം 1781- യേർക്ക് ഠൗണിൽ ബ്രിട്ടീഷ് സൈന്യം അമേരിക്കൻ സൈന്യത്തിനു മുമ്പിൽ കീഴടങ്ങി. ഈ വിജയത്തോടെ വടക്കെ അമേരിക്കയിലെ കോളനികൾ സ്വതന്ത്രമായി എങ്കിലും യുദ്ധ അവസാനം വരെ ഹോപ് ന്യൂ യോർക്കിനെ തന്റെ നിയന്ത്രണത്തിൽ നിലനിറുത്തി പോന്നു.



അമേരിയ്ക്കൻ സ്വാതന്ത്ര്യ സമരം

കോളനികളോട് യൂറോപ്യൻ ശക്തികളുടെ ഐക്യം

അമേരിക്കൻ സ്വാതന്ത്ര്യസമരകാലത്ത് യൂറോപ്പിൽ ബ്രിട്ടീഷ്കാരോട് സൗഹൃദമല്ലാത്ത രാജ്യങ്ങൾ അമേരിക്കൻ കോളനികൾക്ക് സഹായം നൽകാൻ തീരുമാനിച്ചു. വടക്കൻ യൂറോപ്പിലെ രാജ്യങ്ങളാട പ്രഷ്യ, സ്വീഡൻ, ഡെൻമാർക്ക് എന്നീ രാജ്യങ്ങൾ ബ്രിട്ടനെതിരെ ആയുധ നിഷ്പക്ഷത പുലർത്തി. ബ്രിട്ടൺ ശത്രുക്കളുടെ എതിർപ്പിനേയും നിഷ്പക്ഷ ശക്തിക ളെയും നേരിടുന്നതിൽ വിഷമത്തിലായി.

ഫ്രഞ്ചുകാരും, തുടർന്ന് സ്പെയിൻകാരും ഡച്ചുകാരും അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ കോളനിക്കാരെ സഹായിച്ചു. കാനഡ നഷ്ടപ്പെട്ടിന്റെ വിരോധത്തിൽ ഫ്രാൻസ് അമേരിക്കക്കാരെ സഹായി ച്ചു. ഫ്രാൻസിലെ സന്നദ്ധ സേവകർ അറ്റ്ലാന്റിക് സമുദ്രം കടന്ന് അമേരിക്കൻ കോളനികൾക്കായി യുദ്ധം ചെയ്യുകയും വ്യക്തി സ്വാതന്ത്ര്യം എന്ന ആശയവുമായി തിരികെ പോന്നു. ഇത് ബാർബൺ രാജഭരണത്തിന്റെ നിയന്ത്രണങ്ങളിൽ അസഹിഷ്ണത ഏർപ്പെടാൻ ഇടയാക്കി.

തോമസ്(ടോം) പൈന്റും കോമൺസെൻസ്(സാമാന്യ ബുദ്ധി) തോമസ് പൈൻ എന്ന ഇംഗ്ലീഷുകാരൻ സാമാന്യബുദ്ധി (ബോധം) എന്ന തല ക്കെട്ടിൽ 1776-ൽ ഒരു ലഘുലേഖ എഴുതി. ഈ ലേഖ നത്തിൽ പൈൻകോളനിവാസികളുടെ ആവശ്യം നിരാകരിക്കുന്നിനുവേണ്ടി ചർച്ചകൾ നടത്തണമെന്ന് ആവശ്യപ്പെട്ടു. അദ്ദേഹം ഹോബ്സ്, ലോക്ക് വോൾട്ടയർ, റൂസ്സോ എന്നിവരുടെ സ്വതന്ത്ര ആശയങ്ങൾ സ്വീകരിക്കുകയും അവയെ സാധാരണ ജനങ്ങൾ മനസ്സിലാക്കാൻകഴിയുംവിധത്തിൽസമർപ്പിക്കുകയുംചെയ്തു. ഈ ലേഖനത്തിന്റെ പ്രതികൾ 150,000 അധികം വില്ക്കപ്പെടുകയും അത് ജനങ്ങളിൽ വിസ്മയ കരമായ സ്വാധീനം ചെലുത്തുകയും ചെയ്തു.

സമ്പന്നരായ വ്യാപാരികളും വലിയ ഭൂഉടമകളും ബ്രിട്ടീഷ് രാജഭരണത്തോട് വിശ്വസ്തത പുലർത്തി, പ്രത്യേകിച്ച് ന്യൂയോർക്ക്, പെൻസിൽ വേനിയ എന്നിവിടങ്ങളിലെ വലിയൊരു വിഭാഗം ജനങ്ങൾ അവരെ സ്വാധീനിക്കുകയുംചെയ്തു. കോളനിക്കാർ ഇരുവിഭാഗങ്ങളായി പിരിഞ്ഞു. ദേശസ്നേഹികൾ സ്വാതന്ത്ര്യം ആഗ്രഹിച്ചു. വിശ്വസ്തർ എന്ന വിഭാഗം ബ്രിട്ടീഷ് കാരോട് വിശ്വസ്തത പുലർത്തി. ടോറികൾ എന്നറിയപ്പെട്ട വിശ്വാസികൾ ആഗ്ലിക്കൻ സഭയോട് വിശ്വസ്തത ഉള്ളവരായതിനാൽ റബിട്ടീഷുകാരുടെ ഭരണത്തെ ആഗ്രഹിച്ചു. അങ്ങനെ സ്വതന്ത്ര്യ സമരത്തിനിടയിൽ ഒരു ആഭ്യന്തര വിപ്ലവം അനിവാര്യമായി

പാരിസ് ഉടമ്പടി



ജോർജ് വാഷിംഗ്ടൺ

1783-ൽ ബ്രിട്ടീഷ് പാർലമെനറ് യുദ്ധം നടത്തിക്കൊണ്ടുപോകുന്നത് വെറുതേആണെന്ന്കരുതിലോർഡ് നോർത്ത് തന്റെ പ്രധാന മന്ത്രിമാരുംരാജിവച്ചു. സാധാരണക്കാരുടെ സഭ (ഹൗസ് ഓഫ് കോമൺസ്) ഉള്ള നിയന്ത്രണം നഷ്ടപ്പെടുകയും ചെയ്തു. പുതിയ പ്രധാന മന്ത്രിയായ റോക്കിൻ ഹാം സമാധാന ചർച്ചകൾ ആരംഭിച്ചു. 1783-ൽ പാരിസിൽ വച്ച് ബ്രിട്ടനും അമേരിക്കയും ഇടയിൽ ഒരു സമാധാന ഉടമ്പടി ഒപ്പുവച്ചു.

12th_History_MAL_Unit_11.indd 155 2/28/2023 1:21:42 PM



പാരീസ് ഉടമ്പടി ഒപ്പിടുന്നത്

ജോർജ്ജ് വാഷിംഗ്ടൺ (1732-1799) അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെപ്രസിഡന്റായി. അമേരിക്കയുടെ സ്ഥാപക നേതാക്കളിലൊരാളായ അദ്ദേഹം അമേരിക്കൻസ്വാതന്ത്ര്യ സമരത്തിൽസൈനിക തലവനായി ഒരു പ്രധാന പങ്കുവഹിക്കുകയും ശേഷം ഒരുതന്ത്രശാലിയായഒരു രാഷ്ട്രീയക്കാരനാവുകയും ചെയ്തു

ഉടമ്പടിയിലെ പ്രധാന വ്യവസ്ഥകൾ

- 13 കോളനികളുടെ സ്വാതന്ത്ര്യത്തേയും അമേരിക്കൻഐക്യനാടുകൾഎന്ന് വിളിക്കപ്പെടുന്നപുതുതായി രൂപീകൃതമായ രാജ്യത്തെ അംഗീകരിച്ചു.
- അമേരിക്കയുടെ പടിഞ്ഞാറൻ അതിർത്തി മിസിസിപ്പി നദിക്കും തെക്ക് 31 അക്ഷാംശമായും നിർണ്ണയം ചെയ്തു.
- വെസ്റ്റ് ഇൻഡീസ് ചില ബ്രിട്ടീഷ് പ്രദേശങ്ങളും, ഇൻഡ്യ ആഫ്രിക്ക എന്നിവിടങ്ങളിൽ ഫ്രാൻസിന് ലഭിച്ചു.
- സ്പെയിനിൽ ബ്രിട്ടണിൽ നിന്നും ഫ്ളോറിഡ ലഭിച്ചു
- ഹോളണ്ടും ബ്രിട്ടനും യുദ്ധത്തിനു മുമ്പുായിരുന്ന അതേ അവസ്ഥ തന്നെ തുടർന്നു.

അമേരിക്കൻ വിപ്ലവത്തിന്റെ പ്രാമുഖ്യം

- അമേരിക്കൻ വിപ്ലവം ലോക ചരിത്രത്തിന് പല വീഥികളും തുറന്നുകൊടുത്തു.
- ജനാധിപത്യം, പരമാധികാരം എന്നീ ആശയങ്ങൾ പ്രചരിക്കാൻ തുടങ്ങി.
- ജനാധിപത്യം സമത്വം എന്നീ പഥങ്ങളിലൂടെ രാഷ്ട്രീയ സാമൂഹിക മാറ്റങ്ങൾ ആരംഭിച്ചു.
- അമേരിക്കൻ ഐക്യനാടുകൾ കുടിയേറ്റക്കാർക്ക് സ്വാതന്ത്ര്യം നൽകുകയും അവസരങ്ങളുടെ ലോകമായിതീരുകയും ചെയ്തു.
- വിദ്യാഭ്യാസത്തിന് പ്രഥമസ്ഥാനം ലഭിച്ചു.
- സംയുക്തഭരണം എന്ന ആശയത്തിന് പ്രാമുഖ്യം ലഭിച്ചു.
- അമേരിക്കൻ വിപ്ലവം കോളനിഅധിനിവേശത്തിന് ഒരു തിരിച്ചടി ഏർപ്പെടുത്തി. ലോകം മുഴുവനുമുള്ള കോളനിനിവാസികൾ തങ്ങൾക്ക് ആധിപത്യം വിട്ട്സ്വാതന്ത്ര്യംആവശ്യപ്പെട്ടുകൊണ്ടുള്ളആശയം വ്യാപിക്കാൻ തുടങ്ങി.
- സംസാര സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സമമായ അവസരം എന്നിവ എല്ലാ വ്യക്തികൾക്കും ലഭിക്കുന്നതിനുള്ള സ്വാതന്ത്ര്യം സമൂഹത്തിലേക്ക് വഴിതുറന്നു.

11.2 ഫ്രഞ്ച് വിപ്ലവം

18-ാംനൂറ്റാണ്ടിൽയൂറോപ്പ്വിവിധരാജവംശത്തിൽപ്പെട്ടരാജാക്കന്മാരാൽഭരിച്ചുപോന്നു. അവർക്ക് അളവറ്റ അധികാരമുണ്ടായിരുന്നു. പ്രഭുക്കന്മാരോട് ചേർന്ന് പുരോഹിതന്മാരും പ്രത്യേക ആനുകൂല്യ ങ്ങൾ അനുഭവിച്ചു പോന്നു. ഫ്രാൻസിൽ പ്രഭുക്കന്മാ രും പുരോഹിതരും സാധാരണ ജനങ്ങളെപോലെ നികുതി ചെലുത്തിയിരുന്നില്ല. ഈ സന്ദർഭത്തിൽ ഫ്രഞ്ച് വിപ്ലവം സംഭവിക്കുകയും സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയ്ക്ക് ആദരവ് നൽകി.

പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രാൻസ്

പഴയഭരണ ക്രമം എന്നർത്ഥം വരുന്നതും പ്രാചീന ഭരണം എന്നുവിളിക്കപ്പെടുന്നതുമായഫ്രാൻസിലെരാഷ്ട്രീയ സാമൂഹിക സമ്പ്രദായം ഫ്രഞ്ച് വിപ്ലവം ഏർപ്പെടുന്നതിന് കാരണമായി. ഈ ഭരണ ക്രമത്തിൽഓരോ വ്യക്തിയും രാജ്യത്തിലെ ഓരോ അംഗങ്ങളായി പരിഗണിക്കപ്പെട്ടു. എല്ലാ അവകാശങ്ങളും സ്ഥാനങ്ങളും പുരോഹിതർ, പ്രഭുക്കൾ കൂടാതെ മൂന്നാം തരക്കാർ എന്നിങ്ങനെ മൂന്നു നിലയി ലുള്ളവർ (മൂന്ന് എസ്റ്റേറ്റ്) സമൂഹക്രമം പിൻതുടരപ്പെട്ടു. ഫ്രാൻസ്, ബേർബൻ രാജവംശത്തിലെ യുവരാജാവ് ലൂയിസ് പതിനാറാമനാൽ ഭരിച്ചു പോന്നു. അദ്ദേഹം മേരി അന്റ്നെറ്റ് എന്ന ആസ്ത്രിയൻ രാജകുമാരിയെ വിവാഹം ചെയ്തു. രാജാവിന് അളവറ്റ അധികാരമുണ്ടായിരുന്നു. അദ്ദേ ഹം ആഡംബര ജീവിതം നയിച്ചു. സർക്കാർ പണക്കാ രുടെമേൽ നികുതി ചുമത്താതെ പാവങ്ങളുടെ മേൽ നികുതി ചുമത്തി.



ലൂയിപതിനാലാമനും മേരി അൻറോയിനറ്റും

1789- ജൂലൈ 14-ാം തിയതി മോശമായ കൊയ്ത്തിനാൽ വിശന്ന പാരിസിലെ ജനക്കൂട്ടം അവരെ വേദനിപ്പിച്ചു. രാജാവ്, സർക്കാർ, ജീവിത രീതി എന്നിവയിൽ ഉത്കണ്ഠാകുലരാവുന്നു. ബാസ്റ്റയിൽജയിൽകോട്ടയെ തകർക്കുകയും ചെയ്തു. ബാസ്റ്റയിൽ കോട്ടയുടെ തകർച്ച ലോകചരിത്രത്തിൽ പുതിയ കാലത്തിന്റെ ആരംഭ അടയാളമായി കരുതപ്പെടുന്നു. വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിന് പല കാരണ ങ്ങൾ ഉണ്ട്.

12th_History_MAL_Unit_11.indd 156 2/28/2023 1:21:43 PM



ബാസ്റ്റിൽ ജയിൽ തകർക്കുന്നത്

കർഷകർക്കുള്ള നിബന്ധനകൾ

ഫ്രഞ്ച്ജനതയിൽഭൂരിഭാഗവുംകർഷകരായിരുന്നു. കർഷകർ അടിമകളായിരുന്നു. അവർ ആഴ്ച യിൽ നിശ്ചിത ദിവസങ്ങളിൽ തങ്ങളുടെ യജമാനന്മാർക്കു വേണ്ടി വേതനമില്ലാതെ പണിയെടുക്കേണ്ടതായിരുന്നു. പ്രഭുക്കന്മാരുടെ അനുവാദമില്ലാതെ വിവാഹം കഴിക്കാനോ നിലങ്ങളെ വിൽക്കുന്നതിനോ കഴിയില്ലായിരുന്നു. റൊട്ടി ഉണ്ടാക്കുന്ന അടുപ്പിനും കർഷകർ വളർത്തുന്ന ആടുമാടുകൾക്കും നികുതി ചുമത്തി. ഫ്യൂഡൽ വ്യവസ്ഥിതി പ്രകാരമുള്ള അവകാശം പ്രഭുക്കന്മാർക്ക് ഉണ്ടായിരുന്നു. കർഷകർ തങ്ങളുടെ സമ്പാദ്യത്തിന്റെ 80 ശതമാനവും വിവിധ നികുതി പിരിവുകാർക്ക് കൊടുക്കേണ്ടസ്ഥിതി ഉണ്ടായിരുന്നതായി കരുതപ്പെട്ടു. കർഷകർക്ക് മൂന്നിൽ ഒരു ഭാഗത്തിന് ഒന്നുമുണ്ടായിരുന്നില്ല. വർഷത്തിൽ മൂന്നിൽ ഒരു ഭാഗം കാലത്ത് മൂന്നാംതരം ഉരുളക്കിഴങ്ങ് കഴിച്ചിരുന്നതായി കർലാൽ ലേഖനത്തിൽ എഴുതി

മൂന്നു എസ്റ്റേറ്റ് (മൂന്നു നിലകൾ)

ഫ്രഞ്ച് സമൂഹം മൂന്നു പിരിവുകളായി അഥവാ എസ്റ്റേറ്റുകളായി. പുരോഹിതർ, പ്രഭുക്കൾ (പരമ്പര ഭൂഉടമകൾ) ബാക്കി ഉള്ളവർ സാധാരണക്കാർ (ആനുകൂല്യങ്ങൾ നിരസിക്കപ്പെട്ടവർ) എന്നിങ്ങനെ വിഭജിക്കപ്പെട്ടിരുന്നു. പുരോഹിതരും പ്രഭുക്കളും പ്രത്യേക ആനുകൂല്യങ്ങൾ അനുഭവിച്ചു പോരുന്നതു കൂടാതെ രാജാവിനാൽ ചുമത്തപ്പെട്ട വിവിധ നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ഈ മൂന്നു വിഭാഗങ്ങളിൽ മൂന്നാം നിലയിലുള്ളവർ മാത്രം നികുതി ഭാരത്താൽ തകർന്നു പോയി. മറ്റു രണ്ടു വിഭാഗക്കാർക്ക് പ്രത്യേക ആനുകൂല്യം നികുതി ചെലുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടു. പ്രധാന നികുതികൾ. ചർച്ചുകളിൽ പിരിക്കപ്പെട്ട സാധാരണ നികുതി, റ്റെയ്ലി കർഷകരുടെ നികുതി, ഗാബെല്ലി, ഉപ്പു നികുതി, പുകയില നികുതി എന്നിവയാകുന്നു.

കർഷകർക്ക് അവരുടെ ഫ്യൂഡൽ നിയന്ത്രണങ്ങളാൽ സമരം ചെയ്യാൻ കഴിഞ്ഞിരുന്നു. അവർ മറ്റുള്ളവരുടെ സഹായവും നേതൃത്വവും പ്രതീക്ഷിച്ചു. വളർന്നു വന്ന ബൂർഷ്വാവാദികൾ അവരുടെ രാഷ്ട്രീയ വിപ്ലവങ്ങളുടെ കാലം സാമ്പത്തിക നിലയെ ഉയർത്താൻ ആഗ്രഹിച്ചു. ബൂർഷ്വകർ അവരുടെ ശബ്ദം സർക്കാരിന്റെ ശബ്ദമാകാൻ ആഗ്രഹിച്ചു. ആയതിനാൽ ബൂർഷ്വാക്കൾ വിജയിക്കു കയും ഫ്രഞ്ച് വിപ്ലവം ഏർപ്പെടുന്നതിന് ഒരു ഉപകരണമായിത്തീരുകയും ചെയ്തു.

(ബൂർഷ്വാക്കൾ എന്നത് ഇടത്തരക്കാർ, എഴുത്തുകാർ, ഡോക്ടർമാർ, അദ്ധ്യാപകർ, വക്കീലന്മാർ, ന്യായാധിപന്മാർ കൂടാതെ സർക്കാർ ജീവനക്കാർ എന്നിവർ ചേർന്നതാകുന്നു).

സാമ്പത്തിക പാപ്പരത്വം

ഫ്രാൻസ് അയൽരാജ്യമായ ബ്രിട്ടനോട് നിരന്തരം യുദ്ധത്തിലേർപ്പെട്ടിരുന്നതിനാൽ ഫ്രാൻസിന്റെ ഖജനാവ് കാലിയായി. ബ്രിട്ടൺ പ്രഷ്യ എന്നീ രാജ്യങ്ങളോട് ഏഴാണ്ടുപോരിൽ ഏർപ്പെട്ടിരുന്നതിനാൽ വലിയൊരു അളവ് ധനംചെലവഴിക്കേണ്ടതായിവന്നു. കൂടാതെ അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലുംബ്രിട്ടന് എതിരായിരുന്നു. അമേരിക്കൻ കോളനി കൾക്ക് വലിയ സഹായം ചെയ്തു. അത് ഫ്രാൻസിന് താങ്ങാൻ പറ്റുന്നതിലും അധികമായിരുന്നു. സർക്കാർ വലിയ തുക വായ്പയ്ക്കുള്ളയിനത്തിൽ നൽകേണ്ടതായി വന്നു. ഗഡുക്കളുടെ വീഴ്ച നിവർത്തി ചെയ്യുന്നതിനുവേണ്ടി സർക്കാർ സാധാരണക്കാരുടെ മേൽ കൂടുതൽ നികുതികൾ അടിച്ചേൽപ്പിച്ചു (ചുമത്തി) പ്രഭുക്കന്മാരും പുരോഹിതരും തങ്ങളുടെ നികുതി ആനുകൂല്യങ്ങൾ സ്വമേധയാ വിട്ടുനൽകാനോ രാജ്യത്തെ രക്ഷിക്കാനോ മുന്നോട്ടുവന്നില്ല. സർക്കാരിന്റെ അതിരുകവിഞ്ഞ ചിലവുകളും ലൂയിസ് പതിനാറാമന്റെ കഴിവില്ലായ്മയും പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കി.

ബുദ്ധിജീവികളുടെ പങ്ക്

1789 വിപ്ലവം നടക്കുന്നതിനു വളരെ മുമ്പുതന്നെ ആശയങ്ങളുടെ മേഖലയിൽ ഒരു വിപ്ലവം നടന്നു. പൊതു ജനബുദ്ധിജീവികൾ (ഫ്രഞ്ച് ഭാഷയിൽ ഫിലസോഫെസ് എന്നി വിളിക്കപ്പെട്ടവർ) അറിവിന്റെ എല്ലാ മേഖലകളിലുമുള്ള ആശയങ്ങളിൽ ആകൃഷ്ടരാവുകയും (പരിജ്ഞാനം) അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഫ്രഞ്ച് സമൂഹത്തിൽ വിപ്ലവം ഉണ്ടാകുന്നതിന് പ്രധാന പങ്ക് വഹിക്കുകയുംചെയ്തു. വോൾട്ടയർ, റൂസ്സോ എന്നിവരുടെ ലേഖനങ്ങൾ ഫ്രഞ്ച് വിപ്ലവം ഏർപ്പെടുന്നതിന് ഇതു ശക്തിയായി പ്രവർത്തിച്ചു. മോൺടേസ്ക്യൂ (1689–1755) തന്റെ പുസ്തകമായ സ്പിരിറ്റ് ഓഫ് ലാ എന്ന പുസ്തകത്തിൽ നിയമസഭ, നിർവ്വാഹം, നീതിപീഠം എന്നി വർക്കിടയിലെ അധികാര വിഭജനത്തെക്കുറിച്ചും അധികാരം ഒരു കൈയിൽ ഏകീകരിക്കുന്നിനെക്കുറിച്ചും പ്രതിപാദിക്കുന്നു. വോൾട്ടയർ (1694–1778)

12th_History_MAL_Unit_11.indd 157 2/28/2023 1:21:43 PM

അദ്ദേഹത്തിന്റെ ദി ഏജ് ഓഫ് ലൂയിസ് പതിനാറാമൻ (ലൂയിസ് പതിനാറാമന്റെ കാലം) എന്ന ഗ്രന്ഥത്തിൽഫ്രാൻസിലെ അന്ധവിശ്വാസങ്ങളെ എതിർക്കുകയും രാജാക്കന്മാരുടെ ഭരണത്തെ കളിയാക്കുകയും ചെയ്തു. റൂസ്സോ (1712–1778) അദ്ദേഹത്തിന്റെ സോഷ്യൽ കോൺട്രാക്ട് (സാമൂഹിക ഉടമ്പടി) എന്ന ഗ്രന്ഥത്തിൽ ഭരിക്കുകയും ഭരിക്കപ്പെടുന്നവരും തമ്മിൽ ഒരു ഉടമ്പടിയാൽ ബന്ധിപ്പിക്കപ്പെടണമെന്ന് നിർബന്ധിച്ചു. ഒരു ഭരണാധികാരി നീതിപൂർവ്വം ഭരിക്കുകയാണെങ്കിൽ അദ്ദേഹം ജനങ്ങളാൽ ബഹുമാനിക്കപ്പെടും. ഒരു ഭരണാധികാരി ഉടമ്പടി പ്രകാരമല്ലാതെ ന്യായരഹിതമായ രീതിയിൽ ഭരിക്കുകയാണെങ്കിൽ അദ്ദേഹം ശിക്ഷിക്കപ്പെടണമെന്നും കുറിച്ചുവച്ചു. ഇംഗ്ലീഷ് തത്വചിന്തകൻ ജോൺ ലോക്കി അദ്ദേഹത്തിന്റെ റ്റൂ ട്രീറ്റിസ് ഓഫ് ഗവൺമെന്റ് (സർക്കാരിന്റെ രണ്ട് ഉടമ്പടികൾ) രാജാക്കന്മാരുടെ ദൈവിക പരിവേഷഅവകാശത്തെ എതിർത്തു. ഈ ആശയങ്ങൾ ഡിട്രോട്ട് കൂടാതെ എൻസൈക്ലോ പീഡിസ്റ്റും തങ്ങളുടെ ലേഖനങ്ങളിൽ പ്രതിപാദിക്കുന്നു.

> റൂസ്സോ അദ്ദേഹത്തിന്റെ സാമൂഹിക ഉടമ്പടി (സാമൂഹിക കരാർ) ലെ മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു. എന്നാൽ എല്ലായിടത്തും അവൻ ചങ്ങലകളാൽ നിയന്ത്രിക്കപ്പെടുന്നു. എന്നീ വരികളാൽ പ്രസിദ്ധി നേടി.



റൂസ്സോ വോൾട്ടയർ മാണ്ടസ്ക്യൂ

ഫ്രഞ്ച് വിപ്ലവം

ആരംഭം

ഫ്രഞ്ച് വിപ്ലവം 1789 മേയ് മാസം എസ്റ്റേറ്റ് ജനറൽ എന്ന സഭ സമ്മേളനത്തോടെ ആരംഭമായി. സർക്കാർ നേരിട്ട സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ എസ്റ്റേറ്റ് ജനറൽ വിളിച്ചു കൂട്ടേണ്ടത് അനിവാര്യമായി. ആദ്യത്തെ രണ്ടുനിലയിലുള്ളവർ പുരോഹിതരും പ്രഭുക്കളും 300 പ്രതിനിധികൾ വീതം സമ്മേളന സ്ഥലമായ വെർസെയിൽവിലേക്ക് അയച്ചു. അതേസമയം മൂന്നാം തരത്തിലുള്ള 600 പ്രതിനിധികളും മറ്റു രണ്ടു തരംപ്രതിനിധികളുംപിന്നിൽനിരുത്തപ്പെട്ടു. എപ്രകാരം വോട്ടു ചെയ്യണം എന്ന ചോദ്യം എസ്റ്റേറ്റ് ജനറൽ എന്ന സഭയിൽ ചർച്ചക്കെടുത്തു. നിയമപ്രകാരം ഓരോ തരത്തിനും ഒരു വോട്ട് എന്ന കീഴ്വഴക്കം പിൻതുടരാൻ ലൂയിസ് പതിനാറാമൻ ആവശ്യപ്പെട്ടു. എന്നാൽ ഓരോ അംഗത്തിനും ഒരുവോട്ട് വേണമെന്ന് മൂന്നാംതരക്കാർ ആവശ്യപ്പെട്ടു.

ടെന്നിസ് കളിസ്ഥല സത്യപ്രതിജ്ഞ



ടെന്നിസ് കളിസ്ഥല സത്യപ്രതിജ്ഞ



അബിസിയസ്

മൂന്നാം എസ്റ്റേറ്റ്കാരുടെ ആവശ്യം അംഗീകരിക്കപ്പെട്ടില്ല. അവരുടെ പ്രതിനിധികൾ ദേശീയ സഭ (നാഷമൽ അസംബ്ലി 1789 ജൂൺ 17 ന് രൂപീകരിച്ചു. അതിനു ശേഷം എസ്റ്റേറ്റ് ജനറലിനെ ബഹിഷ്കരി ക്കുകയും 1789 ജൂൺ 20 ന് ടെന്നിസ് കോർട്ടിൽ സമ്മേളിക്കുകയും ചെയ്തു. അവിടെ വച്ച് രാജാവി ന്റെ അധികാരത്തെ നിയന്ത്രിക്കുന്നതിനും പുതിയ ഭരണഘടന അഭിമുഖപ്പെടുത്തുന്നതിനും ടെന്നിസ് കോർട്ട് പ്രതിജ്ഞ എടുത്തു. ഈ പ്രതിഷേധത്തെ പ്രഭുവായ മിറാമ്പൂരും പുരോഹിതനായ അബി സിയെസ് എന്നിവരും നയിച്ചു (നയിക്കപ്പെട്ടു).



ടെന്നിസ് മൈതാന പ്രതിജ്ഞ

ബാസ്റ്റയിൽ ജയിൽ കോട്ട തകർക്കൽ

ബാസ്റ്റയിൽ കോട്ട തകർക്കാൻ മൂന്നാം എസ്റ്റേറ്റിലെപ്രതിനിധികൾ ദേശീയസഭരൂപീകരിക്കുന്നതിരക്കിലായിരുന്നപ്പോൾ സാധാരണക്കാർ ധനികരായ കച്ചവടക്കാർ, ധാന്യങ്ങളെ പൂഴ്ത്തിവയ്ക്കുന്നവർ, എന്നിവരുടെ വിലകയറ്റത്തിൽ ബുദ്ധിമുട്ടി. പ്രതിക്ഷേധക്കാരായ വനിതകൾഅങ്ങാടി പ്രദേശത്തെ തകർക്കാൻ തുടങ്ങി. ഇതുകണ്ട രാജാവ് പട്ടാളക്കാരോട് പാരിസിലെ വീഥികളിലേക്ക് നീങ്ങാൻ ഉത്തരവിട്ടു. പട്ടാളക്കാരുടെ നീക്കത്തിൽ രോഷാകുലരായ ജനങ്ങൾ ബാസ്റ്റയിൽ ജയിൽ കോട്ട തകർത്തു. ഇത് പാരിസ് നഗരത്തിലെ വലിയ ജയിലായിരുന്നു. കോട്ട തകർത്തശേഷം 1789 ജൂലൈ 14 ന് കുറ്റവാളികളെ മോചിതരാക്കി.

12th_History_MAL_Unit_11.indd 158 2/28/2023 1:21:44 PM

ജൂലൈ 14-ാം തിയതി ബാസ്റ്റയിൻ ദിനമായി ആഘോഷിക്കുന്നു. അഥവാ ഫ്രഞ്ച് ദേശീയ ദിനമായി അനുഷ്ഠിക്കുന്നു.

ദേശീയസഭ (നാഷണൽ അസംബ്ലി)

ബാസ്റ്റയിൽ കോട്ടയുടെ വീഴ്ചദേശീയസഭക്കാരെ കൂടുതൽ ശക്തരാക്കി. അവർ രാജ്യത്തിലുണ്ടായിരുന്ന ഫ്യൂഡലിസത്തെ (ജന്മിത്വ സമ്പ്രദായം) നിരോധിച്ചു. ഈ സംഭവങ്ങളിൽ നടുങ്ങിപ്പോയ രാജാവ് ദേശീയസഭ രൂപീകരണത്തെ അംഗീകരിച്ചു. ചർച്ചകളോട് അവരുടെ ആനുകൂല്യങ്ങളെ കൈ വിടാനും റ്റൈനി നികുതിയെ ഇല്ലാതാക്കാനും ആവശ്യപ്പെട്ടു. 1791-ൽ ദേശീയ സഭ ഒരു ഭരണഘടന കരട് നിർമ്മിച്ചു. അതിൻപ്രകാരം രാജാവിന്റെ അധികാരം നിർണ്ണയിക്കപ്പെട്ടു. കൂടാതെ മൂന്നു വ്യത്യസ്ത വിഭാഗങ്ങളായ നിർവ്വാഹം, നിയമസഭ, നീതിന്യായം എന്നിവ നിർദ്ദേശിക്കപ്പെട്ടു. ദേശീയ സഭയിലേക്കുള്ള അംഗങ്ങളെ ഒരു കൂട്ടം സമ്മതി ദായകരാൽ പരോക്ഷമായി തെരഞ്ഞെടുക്കപ്പെട്ടു. അവർ 25 വയസ്സിനു മുകളിലുള്ളവരും നികുതി ദായകരുമായിരുന്നു. ആയതിനാൽ ഭൂരിഭാഗം പൗരന്മാർക്കും വോട്ടവകാശം ലഭിക്കാതായി.

ഭരണഘടന നിർമ്മാണം

ദേശീയ ഭരണഘടനാസഭ ഭരണഘടനയെ തയ്യാറാക്കി. 1789 ആഗസ്റ്റ് 26-ാം തിയതി പൗരന്റെയും മനുഷ്യന്റെയും അവകാശങ്ങളെ ചേർക്കപ്പെട്ടതായി പ്രഖ്യാപനം നടത്തി. രാജഭരണത്തിലെ നിയമവാഴ്ച അധീനതയിലാക്കി കൂടാതെ വ്യക്തിഗത അവകാശങ്ങളും കൂട്ടുത്തരവാദിത്വങ്ങളും നിശ്ചയിക്കപ്പെട്ടു. ഈ കാരണങ്ങൾ

മനുഷ്യന്റെയും പൗരന്റെയും അവകാശങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനത്തിനു ഒരു മുഖവുരയും 17 ഖണ്ഡികയും ഉായിരുന്നു. ആദ്യത്തെ ഖണ്ഡികയിലെ പ്രസ്താവനയിൽ മനുഷ്യർ സ്വതന്ത്രമായി പിറക്കുകയും നിലനിൽക്കുകയും ചെയ്യുന്നു കൂടാതെ സമ അവകാശങ്ങളും അവർക്കുള്ളതാക്കുന്നു. രാഷ്ട്രീയ സംഘടനകളുടെഉദ്ദേശം ഈ അവകാശങ്ങളെ സംരക്ഷിക്കുക വിശാലമായ സ്വാതന്ത്ര്യം, വസ്തുക്കളുടെ സംരക്ഷണം, അധിനിവേശത്തെ ചെറുക്കൽ എന്നിവയാണ്. ഇതുകൂടാതെ പരമാധികാരവും നിയമവും പൊതുജന ആഗ്രഹമനുസരിച്ച് ഉാകണമെന്നും പ്രഖ്യാപിച്ചു. അത് ാര സ്വാതന്ത്ര്യത്തെയും പ്രഖ്യാപിച്ചു. അത് സഞ്ചാര സ്വാതന്ത്ര്യത്തെയും മതസ്വാതന്ത്ര്യത്തെയും സംരക്ഷിക്കുകയും നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരാണെന്ന് ഊന്നിപറയുകയും ചെയ്തു. എല്ലാ ജനങ്ങളും അവരവരുടെ കമിവനുസരിച്ച് നികുതി ചെലുത്തണമെന്ന് നിർബന്ധിച്ചു. ഈ പ്രഖ്യാപനങ്ങൾ 1791 ലെ രണഘടനയ്ക്കും മുഖവുരപോലെ പ്രവർത്തിച്ചു

നിയമങ്ങളാൽ സ്ഥാപിക്കപ്പെട്ടു (ക്ലാസ്-7) കൂടാതെ നികുതി ചുമത്തൽ പൊതുജന സമ്മതത്തോടെ കഴിയണമെന്നും നിർദ്ദേശിച്ചു (ക്ലാസ് 14) തോമസ് ജാഫർസനിന്റെ സ്വാധീനം ക്ലാസ് 1 വ്യക്തമായി തിരിച്ചറിയാവുന്നതാണ്. അത് മനുഷ്യൻ സ്വതന്ത്രമായി ജനിക്കുകയും ജീവിക്കുകയും തുല്യ അവകാശത്തോടെ ജീവിക്കാനും പ്രഖ്യാപനം ചെയ്യുന്നു.

സ്ത്രീകൾ ഫ്രഞ്ച് വിപ്ലവത്തിൽ സുപ്രധാന പങ്കു വഹിച്ചു. പാരീസിലെ മോശമായ പ്രദേശത്തുനിന്നും വെർഡെയിൽവിലേക്ക് ജാഥ നടത്തുകയും ഇരുപതിനായിരം ആയുധധാരികളാൽ സഹായിക്കപ്പെടുകയും ചെയ്തു. അവർ കൊട്ടാരത്തെ തകർക്കുകയും രാജാവ് തങ്ങളുടെ കൂടെ പാരീസിലേക്ക് വരാൻ നിർബന്ധിക്കുകയുംചെയ്തു. അവിടെഅദ്ദേഹത്തെഅവരുടെമേൽനോട്ടത്തിൻ കീഴിൽ പാർപ്പിച്ചു. പല സ്ത്രീകൾ രാഷ്ട്രീയമായി കർമ്മനിരതരായിരുന്നു. ഒളിംബി-ഡി-ഗൗജസ് എന്ന വനിത മനുഷ്യന്റെയും പൗരന്റേയും അവകാശ പ്രഖ്യാപനത്തിൽ സ്ത്രീ കളെ ഒഴിവാക്കിയതിൽ അത്യപ്തയായിരുന്നു. അവർ സ്ത്രീകളുടെയും പൗരന്മാരുടെയും അവകാശങ്ങൾ എന്ന ലേഖനമെഴുതി. അതിൽ സത്രീകളുടെ സമത്വ ത്തിനുവേണ്ടി വാദിച്ചു.



വനിതകളുടെ വെർസയിലേയ്ക്കുള്ള പാലായനം

ആസ്ത്രിയയ്ക്കും പ്രഷ്യക്കും എതിരേയുള്ള യുദ്ധം

ഒരുവശത്ത് രാജാവ് ഭരണഘടനാപരമായ രാജകീയ ഭരണം അംഗീകരിച്ചുവെങ്കിലും മറുവശത്ത് രഹസ്യമായി ആസ്ത്രിയ, പ്രഷ്യ എന്നിവിടങ്ങളിൽ നിന്ന് സഹായം അഭ്യർത്ഥിച്ചു. അയൽരാജ്യങ്ങൾ ഫ്രാൻസിലെ സംഭവവികാസങ്ങളെ ഉത്കണ്ഠയോടെ നിരീക്ഷിച്ചു. അവിടങ്ങളിലെ രാജാക്കന്മാർ സാധാരണ ജനങ്ങളുടെ ഉയർത്തെഴുന്നേൽപ്പ് തങ്ങളുടെ ഭരണത്തിന്റെ അന്ത്യംകുറിക്കുമെന്ന് ഭയപ്പെട്ട തിനാൽ സൈന്യങ്ങളെ ഫ്രാൻസിലേക്ക് അയച്ച് അവിടത്തെ വിപ്ലവത്തെ അമർച്ച ചെയ്യാൻ ശ്രമിച്ചു. അതേ സമയം ദേശീയ സഭ ആസ്ട്രിയ പ്രഷ്യ എന്നീ രാജ്യങ്ങൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഈ വാർത്ത കേട്ട ഫ്രാൻസ് വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾ വിദേശ സൈന്യത്തിനെതിരെ പോരാടാൻ ഒത്തു ചേർന്നു. മാർസെറ്റി എന്ന സ്ഥലത്തെ ഒരു കൂട്ടം ജനങ്ങൾ മാർസെല്ലിസി ഗാനം പാടിക്കൊണ്ട് പാരിസി ലേക്ക് മുന്നേറി.

12th_History_MAL_Unit_11.indd 159 2/28/2023 1:21:44 PM

മാർസെല്ലിസിൽ നിന്നുള്ള പുരുഷാർത്ഥത്തിനു വേണ്ടി 1792-ൽ റോജറ്റ് ഡി-ലിസ്‌ലെ സംവിധാനം ചെയ്ത ഗാനം ലാ മാർസ്പെയിനി എന്നറിയപ്പെടുന്നു. 1795-ൽ ജൂലൈ 14-ാം തിയതി ഒരു ഉത്തരവിനാൽ ഈ ഗാനം ഫ്രാൻസിന്റെ ദേശീയ ഗാനമായി പ്രഖ്യാപിക്കപ്പെട്ടു.

ക്ലബ്ബുകളുടെ രൂപീകരണം

ദേശീയസഭ രൂപീകരിച്ചതിനുശേഷവും സാധാരണ ജനതയുടെ ദുരിതം തുടർന്നുകൊണ്ടിരുന്നു. ഭൂരിഭാഗം ജനങ്ങളും ഈ സഭ പണക്കാർക്കുള്ള സങ്കേതമാണെന്നും സാധാരണക്കാരെ വോട്ട് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുന്നു. മധ്യവർഗ്ഗത്തിൽ നിന്നും ചേർക്കപ്പെട്ട നാഷണൽ ഗാർഡ് എന്ന പുതിയ ആയുധശക്തികളുടെ കൈകളിൽ പാരിസിൽ ചെന്നുചേർന്നു. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ ഫ്രാൻസിന്റെ ഔദ്യോഗിക ഉപദേശകനായിരുന്ന ലിഫായെറ്റായിരുന്നു ഈ സംരക്ഷകരുടെ മുഖ്യൻ. ബിസായിന്റെ വീഴ്ചയുടെ ഒന്നാംവാർഷികം ആഘോഷിക്കുന്ന വേളയിൽ രാജാവ്, പ്രഭുക്കൾ, മധ്യവർഗ്ഗക്കാർ, പാരീസുകാർ എല്ലാപേരും വിമോചനം, എന്ന പൊതുവികാരത്തിലായിരുന്നു. എന്നാൽ ഈ ഐക്യബോധം കൂടുതൽ നാളുകൾ നീങ്ങിയില്ല. അതൃപ്തരായവർ പല സംഘങ്ങൾ രൂപീകരിക്കുകയും അവർ അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യാനും തുടങ്ങി. അത്തരത്തിൽ പ്രശസ്തി നേടിയ ഒരു സംഘമാണ് പാരിസിലെ ജാക്കോബിൻ ക്ലബ്ബ്. ഈ സംഘത്തിലെ അംഗങ്ങൾ സമൂഹത്തിലെ ദരിദ്ര വിഭാഗങ്ങൾ, ചെറുവ്യാപാരികൾ, കരകൗശലക്കാർ, ജീവനക്കാർ, തൊഴിലാളികൾ എന്നിവരായിരുന്നു. ഇവരുടെ നേതാവ് മേക്സ്മിലിയൻ റോബോസ്പിയർ ആയിരുന്നു. ഇവർ നീണ്ട വരയുള്ള നിക്കറുകൾ ധരിച്ചുപോന്നു. ഇത് പ്രഭുക്കൾ സാധാരണ ധരിച്ചിരുന്നു. മുട്ടുവരയുള്ള നിക്കറുകൾക്ക് വിപരീതമായിരുന്നു അവരിൽ നിന്നുള്ള വേർതിരിച്ചറിയാൻ എന്നർത്ഥം വരുന്ന അവർ സ്വമേധയാ മുട്ടുമടക്കാത്തവർ എന്ന് തങ്ങളെ പരിചയപ്പെടുത്തി (സാൻസ് - ക്ലോണസ്) മറ്റൊരു അഭിഭാഷകനായിരുന്ന ഡാന്റൺ കോർഡെലിയൻ ക്ലബ്ബിന്റെ നേതാവായിരുന്നു.



ലഫായറ്റേ റോബോസ്പിയർ ഡാൽറൺ

ജിറോണ്ടിൻസും ജാക്കോബിൻസും

ലാഫെയറ്റിന്റെ ഭരണഘടന രാജഭരണം രണ്ടു വർഷക്കാലം രാഷ്ട്രീയരംഗത്ത് ആധിപത്യം പുലർത്തി. 1791-ൽ രാജാവ് പാരീസ് വിട്ടോടാൻ ശ്രമിച്ചു. അദ്ദേഹം അതിർത്തിയിലുള്ള സംഘടി വിപ്ലവ വിരോധ സൈന്യത്തിന്ഡറെ പേരാണ് ശ്രമിച്ചത് പൗരസേന വിഫലമാക്കി. എന്നിട്ടും ആഹാര ക്ഷാമം, വിലക്കയറ്റം, തൊഴിലില്ലായ്മ എന്നിവ കരകൗശ ലക്കാർ, വ്യാപാരികൾ, തൊഴിലാളികൾ എന്നിവരെ അടിച്ചമർത്തലുകൾക്ക് വിപ്ലവത്തെ തടയാൻ കഴിഞ്ഞില്ല. സർക്കാരിനെ നയിച്ചുകൊണ്ടിരുന്നവർ തമ്മിൽ വഴക്കിടാൻ തുടങ്ങി. ജാക്കോബിൻ ക്ലബ്ബിനകത്ത് ഒരു സംഘം ജിറോണ്ടിൻസ് കൂടാതെ ബ്രിസ്സോറ്റിൻസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന (ബ്രിസോട്ട് എന്ന ഒരു നോതാവിനുശേഷം) ഇവർ ഡാന്റൺ എന്നിവരെക്കാളും കുറഞ്ഞ പരിഷ്കരണവാദികളായിരുന്നു. അവർക്കിടയിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നുവെങ്കിലും റോബോസ്പിയർ ഒഴികെ മറ്റുള്ളവർ വിദേശികളെ എതിർക്കുന്ന അഭിപ്രായക്കാരായിരുന്നു. എന്നാൽ റോബ്രാസ്പിയർ വിദേശ സമരം പ്രതി വിപ്ലവത്തിന് തുണയാകുമെന്ന് വാദിച്ചു. എന്നാൽ രാജാവിനോട് ചേർന്ന് സർക്കാർ രൂപീകരിക്കുന്നിനെ എതിർത്തില്ല. മാത്രമല്ല ആസ്ത്രിയ പ്രഷ്യ എന്നീ രാജ്യങ്ങൾക്കെതിരെ 1792 ലെ യുദ്ധത്തെ അനുകൂലിച്ചു.

ദേശീയ സമ്മേളനം

ജിറോൺസുകളുടെ പദ്ധതികൾ ഒരു അത്യാഹിതത്തിൽ കലാശിച്ചു. രോഷാകുലരായ ജിറോണിൻ അംഗങ്ങൾ റ്റൂലെറിസീലെ ലൂയിസ് പതിനാറാമന്റെ കൊട്ടാരം തകർക്കുകയും അവിടം കൊള്ള യടിക്കുകയും ചെയ്തു. അവർ അവിടത്തെ കാവൽ ക്കാരെ കൊല്ലുകയും രാജാവിനെ കുറ്റവാളിയായി പിടികൂടുകയും ചെയ്തു. ഒരു പുതിയ നിയമസഭ ദേശീയ കൺവെൻഷൻ വോട്ടു ചെയ്യുകയും രാജാവിനെ ജയിലിലിടാനും പുതിയ തെരഞ്ഞെടുപ്പ് നടന്നു. നേതാവിനെ തെരഞ്ഞെടുക്കാനും തീരുമാനിച്ചു. ഈ തെരഞ്ഞെടുപ്പിൽ 21 വയസിനു മുകളിലുള്ള എല്ലാപേർക്കും സമ്പത്തോ നിലയോ വ്യത്യാസമില്ലാതെ വോട്ടുചെയ്യാനുള്ള അവകാശം നൽകി.

സെപ്തംബർ കൂട്ടക്കൊല

രാജഭരണം എടുത്തെറിയപ്പെട്ട ശേഷം, ജയിലുള്ള കുറ്റവാളികൾ പ്രതി വിപ്ലവം നടത്തുന്നതിന് ഗൂഢാലോചന നടത്തുന്നതായി കരുതി. ആയതിനൽ ഒരു കൂട്ടം അതിക്രമിച്ചു കയറുകയും രാജാവിനോട് ആഭിമുഖ്യം പുലർത്തുന്നവർ എന്നു സംശയിക്കുന്ന വരെ വേഗത്തിൽ കൊല്ലുകയും ചെയ്തു. 1702 സെപ്റ്റംബർ 2 അസ്പയിയിൽ ആരംഭിച്ച ദൗത്യം അടുത്ത നാലുദിനങ്ങൾ തുടർന്നു. ഏകദേശം 1200 കുറ്റവാളികൾ കൊല്ലപ്പെട്ട ഈ സംഭവം സെപ് തംബർ കൂട്ടക്കൊല എന്നറിയ

12th_History_MAL_Unit_11.indd 160 2/28/2023 1:21:44 PM

പ്പെടുന്നു. സെപ്തംബർ കൂട്ടക്കൊല വിദേശ രാജ്യത്തിൽ വിപ്ലവത്തിന്റെ ക്രൂരതയുടെ പ്രതീകമായി പ്രസിദ്ധീകരിക്കപ്പെട്ടു. ജിറോസിന്റുകൾ തങ്ങളുടെ എതിരാളികളായ പ്രത്യേകിച്ച് മാറത്ത്, ഡാന്റൺ, റോബസ്പിയർ എന്നിവരെ കുറ്റപ്പെടുത്തി.

ദേശീയ സമ്മേളനത്തിന്റെ പ്രവർത്തനങ്ങൾ

1992 സെപ്റ്റംബർ 20-ാം തിയതി വിപ്ലവസേന ആക്രമണ സൈന്യത്തെ വാൽമി എന്ന സ്ഥലത്ത് തളച്ചു. അടുത്ത ദിവസം പുതിയ ഭരണഘടന രാജഭരണത്തെ റദ്ദാക്കിയും ഫ്രാൻസിനെ ജനാധിപത്യപരമാധികാര രാജ്യമായി പ്രഖ്യാപിക്കുകയും ചെയ്തു.

ലൂയി പതിനാറാമനെ ജനകീയ കോടതിയിൽ ഹാജരാക്കുകയും 1793 ജനുവരി 20-ാം തിയതി ഗില്ലറ്റിൻ എന്ന യന്ത്രത്താൽ കൊല്ലപ്പെടുകയും ചെയ്തു. അദ്ദേഹം വിദേശ ശക്തികളെ സ്വന്തം ജനതക്കെതിരെ പ്രവർത്തിക്കുന്നതിൽ സഹായം ആവശ്യപ്പെട്ടു എന്ന കുറ്റം ചുമത്തപ്പെട്ടു. താമസിയാതെ മേരി ആന്റോനിറ്റേയും ശിരച്ഛേദം ചെയ്യപ്പെട്ടു.



ലൂയിപതിനാറാമന്റെ തൂക്കിലേറ്റുന്നത്

ഗ്രാമങ്ങളിലും നഗരങ്ങളിലും ഒരുപോലെ വിശപ്പിന്റെ വിളികൾ ഉയർന്നുവന്ന പശ്ചാത്തലത്തിൽ പാരിസിലെ ജനങ്ങൾ വില നിയന്ത്രിക്കാനും, ജനങ്ങൾക്കുള്ള ധാന്യവിതരണം സജ്ജീകരിക്കുന്നതിനും കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും കിംവദന്തികൾ പ്രചരിപ്പിക്കുന്നവർക്കുമെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടു. പാരിസുകാരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനു പകരം സമ്മേളനം പൊതുജനങ്ങൾക്കെതിരെ സൈനിക ആക്രമണം നടത്തി. പട്ടാളം പലതുടർപരാജയങ്ങളെ നേരിടുകയും അതിന്റെ തലവൻ സൈന്യപദവിത്യജിക്കുകയും ചെയ്തു. ഫ്രാൻസിലെ പടിഞ്ഞാറുള്ള വേണ്ടി പ്രദേശവാസികളും പ്രതീക്ഷ കൈവെടിഞ്ഞ വ്യവസായികളും കൈകോർത്ത് രാജഭരണത്തിനു വേണ്ടി ശബ്ദിക്കാൻ തുടങ്ങി. അവസാനം മിതവാദികളും രാജസേവകരും 1793 മേയ് 29 തിയതി ഒന്നു ചേർന്ന് ലിയോൺ പ്രദേശം കൈക്കലാക്കി. ഈ പ്രദേശം സിൽക് തൊഴിൽ ശാലകൾ അഭിവൃദ്ധി പ്രാപിക്കുകയും ജർമ്മനി ഇറ്റലി എന്നീ രാജ്യങ്ങളിൽ നിന്നുള്ള ധനികരായ വ്യാപാരികൾ താമസിക്കുന്ന സ്ഥലവുമാകുന്നു.

ജാക്കോബിൻസ് ഭരണം

കഴിഞ്ഞ നാലുവർഷക്കാലത്തിൽഉണ്ടാക്കിയ നേട്ടങ്ങളെ നഷ്ടപ്പെടുത്താൻ റോബോസ്പിയർ ആഗ്രഹിച്ചില്ല. ആയതിനാൽ അദ്ദേഹം തന്റെ സർവ്വാധികാര ഭരണം ആരംഭിച്ചു. ജാക്കോബിൻസ് ജിറോണ്ടിൽ നേതാക്കളെ ഗില്ലറ്റിൽ യന്ത്രത്തിലേക്ക് അയച്ചു. ഗില്ലറ്റിൽ ശിരസ്സ് ഛേദിക്കുന്ന യന്ത്രം ഡാന്റനും ശിരച്ഛേദം ചെയ്യപ്പെട്ടു.

1793 – 1794 എന്നിവ സംവത്സരം സമൂല പരീക്ഷണകാലമായിരുന്നു. ജാക്കോബിസ് ആധിപത്യം പുലർത്തിയിരുന്ന പ്രതിനിധി സഭയിൽ 1794 ഫെബ്രുവരി 4-ാം തിയതി ഫ്രഞ്ച് നിലങ്ങളിൽ നിന്നും അടിമസമ്പ്രദായം നിരോധിച്ചുകൊണ്ട് ഉത്തരവിറക്കി. ജനങ്ങളുടെ ഉയർന്ന വേതനത്തിന്റെ അതിർത്തി നിശ്ചയിച്ചു. ആഹാരസാധനങ്ങളായ റൊട്ടിയും ഇറച്ചിയും ക്രമീകരിച്ചു. കാർഷികഉല്പന്നങ്ങൾക്ക് സർക്കാർ വിലനിശ്ചയിച്ചു. സർ, മേഡംഎന്നീ വാക്കുകളുടെ ഉപയോഗത്തെ മാറ്റി ആൺ പൗരൻപെൺ പൗരൻ എന്നാക്കി മാറ്റി. മതസ്ഥാപനങ്ങളായ ചർച്ചുകൾ പട്ടാളക്കാരുടെ താമസ്ഥലങ്ങളാക്കി മാറ്റി സമൂഹ അടിത്തറയുടെയും സർക്കാരിന്റെ സമൂലപരിവർത്തനവും അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിക്കാരിൽ കോപത്തെഉണ്ടാക്കി. സ്വന്തം പാർട്ടികാർ അദ്ദേഹത്തിനെതിരെ തിരിഞ്ഞു. അദ്ദേഹത്തന്റെ മേൽ കുറ്റം ചുമത്തപ്പെട്ടു. 1794 അദ്ദേഹം ഗില്ലറ്റിനാൽ വധിക്കപ്പെട്ടു.

ഡോ. ജോസഫ് ഇഗിനേഡ ഗില്ലറ്റിൻ എന്ന ഫ്രഞ്ച് ഭിഷഗ്വരൻ തന്റെ സേവനത്തിൽ കുറ്റവാളികളെ വേഗത്തിൽ കൊല്ലുന്നതിന് ഒരു യന്ത്രത്തെക്കുറിച്ച് സൂചിപ്പിച്ചു. അദ്ദേഹം യന്ത്രം കണ്ടുപിടിച്ചെങ്കിലും ആ യന്ത്രത്തിന് അദ്ദേഹത്തിന്റെ പേരിട്ടു. അതിന്റെ കണ്ടുപിടിത്തം അന്റ്റോണി ലൂയിസിന്റെ സംഭാവനയാണ്.

ഡയറക്ട്രി ഭരണം (പ്രതിനിധി ഭരണം)

റോബസ്പിയറിനെ ഇല്ലാതാക്കിയ സഖ്യത്തിന് അധികകാലം അധികാപത്തിൽ തുടരാൻ കഴിഞ്ഞില്ല. വിപ്ലവത്തെ എതിർത്തവർ വീണ്ടും പാരീസിന്റെ വീഥികളിൽ വിലസാൻ തുടങ്ങി. വിപ്ലവ ആശയങ്ങളെ അനുകൂലിക്കുന്നവരെ ആക്രമിക്കാനും തുടങ്ങി. 1795 ഏപ്രിൽ മേയ് മാസങ്ങളിൽ രണ്ടു വിപ്ലവങ്ങൾ ഉണ്ടായി. എന്നാൽ ഇവ പുതിയ രാഷ്ട്രീയ സംഘടന യായ തെർമിഡോറിയസിനാൽ അമർച്ചചെയ്യപ്പെട്ടു. വിദേശ കുടിയേറ്റക്കാർ തിരിച്ചുവരാൻ ആരംഭിച്ചു. രാജഭരണം തിരിച്ച് വരുമെന്ന് ആത്മപ്രശംസ ചെയ്യാൻ തുടങ്ങി.

എമിഗ്രീസ് – രാജകീയ കാരണങ്ങളാൽ സ്വന്തം രാജ്യം ഉപേക്ഷിച്ച് മറ്റു രാജ്യങ്ങളിൽ കുടിയേറിയവർ. ഇവിടെ ഫ്രഞ്ച് വിപ്ലവസമയത്ത് ഫ്രാൻസ് വിട്ടോടിയ ഭൂപ്രഭുക്കന്മാർ എമിഗ്രിസ് എന്ന് വിളിക്കപ്പെടുന്നു.

12th_History_MAL_Unit_11.indd 161 2/28/2023 1:21:44 PM

1795 ഒക്ടോബർ മാസം രാജഭരണ അനുകൂലികൾ പാരിസ് നഗരത്തിൽ സ്വമേധയാ പ്രകടനം നടത്തി. ഒരു കാലത്ത് ജാക്കോബിൻ അംഗവും ഉയർന്നുവരുന്ന പട്ടാള മേധാവിയായ നെപ്പോളിയൻ ബോണപാർട്ട് അവർക്ക് സഹായം നൽകി. ഭയാനകമായ രക്തച്ചൊരിച്ചിൽഉണ്ടായി. തെർമിഡോറിയൻസ് അഞ്ച് അംഗങ്ങൾ ഉള്ള ഡയറക്ടറി അധികാരം ഏകീകരിക്കാൻ സമ്മതിച്ചു. നാലു കൊല്ലത്തിൽ ഒരു പ്രവിശ്യമോ രണ്ടു പ്രാവശ്യമോ തന്റെ സാമർത്ഥ്യത്തിലൂടെ നെപ്പോളിയൻ അധികാരം കൈക്കലാക്കി. 1799-ൽ ഒരു സൈനിക മേധാവിത്വ സംഘത്തെ ഉണ്ടാക്കുകയും അവർ അദ്ദേഹത്തിന് സർവ്വാധികാരവും നൽകുകയും ചെയ്തു. 1804-ൽ നെപ്പോളിയനെ ഫ്രാൻസിന്റെ ചക്രവർത്തിയായി അവരോധിച്ചു. എന്നാൽ വിപ്ലവപൈതൃകം ആധുനിക ലോകത്തെ രൂപപ്പെടുത്തുന്നതിനായി നില നിന്ന് പോരുന്നു.

ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം

- ഫ്രഞ്ച് വിപ്ലവം ഫ്രാൻസിൽ മാത്രമല്ല യൂറോപ്പു മുഴുവനും ആഴത്തിൽ സ്വാധീനം ഉണ്ടാക്കി. മാത്രമല്ല പത്തൊൻപതാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിലും ആദ്യ പകുതിയിലും കോളനി ആധിപത്യത്തിനെതിരെ ബുദ്ധിജീവികൾ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങൾക്കും പ്രചോദനം നൽകി
- ഫ്രഞ്ച് വിപ്ലവം ഫ്രാൻസിൽ ലൂയിസ് പതിനാറാമന്റെ ഭരണത്തിന് അന്ത്യം കുറിച്ചു.
- അസമത്വം ഇല്ലാതായി. ചില വിഭാഗക്കാർക്ക് ജന്മനാലഭിച്ചിരുന്ന ആനുകൂല്യങ്ങൾ കുറക്കപ്പെട്ടു.
- പ്രജാധിപത്യരൂപത്തിലുള്ള വോട്ടവകാശത്തോടുകൂടിയ സർക്കാരിന് രൂപം നൽകി.
- ഫ്യൂഡൽ വ്യവസ്ഥയെ ഇല്ലാതാക്കി
- അടിമസമ്പ്രദായം നീക്കപ്പെട്ടു. എങ്കിലും പരിപൂർണ്ണമായം നിർമ്മാർജ്ജനംചെയ്യുന്നതിന് പലവർഷങ്ങൾ വേണ്ടിവന്നു
- ചർച്ചകളുടെ മേധാവിത്വം നഷ്ടപ്പെട്ടു ചർച്ചകൾ സർക്കാരിന്റെ കീഴിലാക്കപ്പെട്ടു. വിശ്വാസ സ്വാതന്ത്ര്യം മതസഹിഷ്ണുത എന്നിവ വർത്തിക്കാൻ തുടങ്ങി.
- മനുഷ്യന്റെയും പൗരന്റെയും അവകാശ പ്രഖ്യാപനം വ്യക്തികളുടെയും സംഘടിതരുടെയും അവകാശത്തിലേക്ക് വെളിച്ചം വീശി.
- സർക്കാരിന്റെ മൂന്നു വിഭാഗങ്ങളായ (അംശങ്ങൾ, നിയമസഭ, നിർവ്വാഹം, നീതിന്യായം എന്നിവ പ്രാധാന്യമുള്ളതായി. ഇവ പരസ്പരം അധികാരം നിയന്ത്രണം നടത്തി അധികാരം, ഒരു അധികാരിയിൽ കേന്ദ്രീകരിക്കുന്നതിനെ ഇല്ലാതാക്കി.
- സർവ്വാധികാര ഭരണത്തിന് അന്ത്യം കുറിക്കുന്നതിനും സമത്വ സമൂഹം സ്ഥാപിക്കുന്നതിനും യൂറോപ്പു മുഴുവനും ഫ്രഞ്ച് വിപ്ലവം പ്രതീക്ഷ നൽകി.

11.3 ലാറ്റിൻ അമേരിക്കയിലെ വിപ്ലവം

16-ാംനൂറ്റാണ്ടിൽലാറ്റിൻഅമേരിക്കൻപ്രദേശങ്ങളെ സ്പെയിൻ ആക്രമച്ചു കീഴടക്കി. പോർച്ചു ഗീസുകാരും ഫ്രഞ്ചുകാരും തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചിരുന്നു. തെക്കൻ അമേരിക്കൻ രാഷ്ട്രീയ ശക്തികളായിരുന്ന ഇൻകാസ് മറ്റും ആസ്ടെക് പോലുള്ള സംസ്കാരങ്ങളെ ഈ കോളനി ശക്തി കൾ നശിപ്പിച്ചു. ഈ കോളനി അധിനിവേശക്കാർ തദ്ദേശീയ പ്രാചീന മത വിശ്വാസങ്ങൾക്ക് അന്ത്യം കുറിക്കുകയും കത്തോലിക്ക മതത്തെ പരിചയപ്പെടുത്തുകയും ചെയ്തു. ലാറ്റിൻ അമേരിക്കൻ നാടുകളിലെ കോളനി ഭരണം ക്രൂരമായതും വ്യാപകമായ കൂട്ടക്കുരുതിക്ക് പ്രസിദ്ധമായും തദ്ദേശീയരായ ജനസംഖ്യയിൽ നല്ലൊരു ഭാഗം കൊല്ലപ്പെടുന്നതി നും കാരണമായി. തദ്ദേശീയരായ ജനങ്ങൾ അടിമ തൊഴിലാളികളെ പോലെ കോളനി യജമാൻമാരുടെ തോട്ടങ്ങളിലും ഖനികളിലും ജോലി ചെയ്യുന്നതായി വന്നു. ഈ കോളനി ധനികന്മാർ യൂറോപ്പിലേക്ക്, പഞ്ചസാര, കാപ്പി, സ്വർണ്ണം, വെള്ളി എന്നിവ കയറ്റു മതി ചെയ്തു



കോൺക്കിസ്റ്റഡോറൻമാരുടെ ക്രൂരതകൾ

ലാറ്റിൻ അമേരിക്ക എന്നത് ഇപ്പോഴത്തെ മെക്സിക്കോ, ബ്രസീൽ, അർജന്റീന, പെറു, ചിലി, വെനിസ്യൂല മധ്യ അമേരിക്കയിലെ കരീബിയൻ രാജ്യങ്ങൾ തെക്കെ അമേരിക്ക എന്നിവ അടങ്ങിയതാണ്.

12th_History_MAL_Unit_11.indd 162 2/28/2023 1:21:44 PM



ഹെയ്ത്തിലയിലെ വിപ്ലവം

ഹെയ്ത്തി ആദ്യകാലത്തിൽ സെയിന്റ് ഡൊമിൻഗ് (ഫ്രഞ്ചുകാർ അപ്രകാരം വിളിച്ചു) എന്നറിയപ്പെടു. കരീബിയൻ ലിലുള്ള ഫ്രാൻസിന്റെ അതിസമ്പന്നമായ കോളനി (1659–1804) ആയിരുന്നു. അവിടത്തെ തോട്ടങ്ങളിൽ ഉല്പാദിപ്പിച്ച ശർക്കര അമേരിക്കൻ കോളനികൾ, യൂറോപ്പ്, മറ്റു കരീബിയൻ രാജ്യങ്ങളിലുള്ളതിനേക്കാൾ കൂടുതലായിരുന്നു. ഈ ദ്വീപിലുള്ള തദ്ദേശവാസികളായ ജനങ്ങൾ സ്വർണ്ണഖനനത്തിനുവേണ്ടി നിർബന്ധിപ്പിക്കപ്പെട്ടതായും യൂറോപ്പിൽ നിന്നുള്ള രോഗങ്ങളാൽ ഏർപ്പെട്ട അത്യാഹിത ങ്ങളാലും, കഠിനമായ ജോലി സ്ഥിതിയാലും, പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അപ്രത്യക്ഷമായി. പടിഞ്ഞാറൻ ഹിസ്പാനിയോളയിലെ ഭൂഉടമകൾ ആഫ്രിക്കയിൽ നിന്നും അടിമകളെ ഇറക്കുമതി ചെയ്തു. 1789–ലെ കണക്കനുസരിച്ച് 556000 പേരിൽ 50,0000 പേർ ആഫ്രിക്കൻ അടിമകളും 32000 യൂറോപ്യൻ കുടിയേറ്റക്കാരും 24000 പേർ അപ്രാൻസ് അഥവാ മൂലിട്ടോസ് (യൂറോപ്യൻ ആഫ്രിക്കൻ സങ്കരയിനം).

ബാസ്റ്റയിൻ കോട്ട തകർത്ത വാർത്തയെ തുടർന്ന് ഗവർണർ ആയുധപ്രതിരോധം ശക്തമാക്കി. വിൻസെന്റ് ഓസ് എന്ന മൂലാട്ടോസ്, കോളനി പരിഷ്കാരങ്ങൾക്കായി പാരിസ് നിയമസഭയിലെ പ്രതിനിധി, 1790–ൽ ഒരു വിപ്ലവത്തെ നയിച്ചു. എന്നാൽ അദ്ദേഹത്തെ പിടികൂടുകയും വധിക്കുകയും ചെയ്തു. 1791– മേയ് മാസം ഫ്രാൻസിലെ വിപ്ലവ സർക്കാർ മൂലാട്ടോസിലെ ധനികർ അടിമകളുടെ യജമാനൻമാർക്ക് പൗരത്വം നൽകി എന്നാൽ ഹെയ്ത്തിയിലെ യൂറോപ്യന്മാർ ഈ നിയമത്തെ അവഗണിച്ചു. രണ്ടു മാസത്തിനുള്ളിൽ യൂറോപ്യൻ വെള്ളക്കാർക്കും മാർ മാലട്ടോണുകാർക്കും ഇടയിൽ ചില ഒറ്റപ്പെട്ട സംഘട്ടനങ്ങൾ ഉണ്ടായി. കറുത്ത അടിമകൾ അധ്വാനിക്കുകയും, ദുരിതങ്ങൾ അനുഭവിക്കുകയും മരിക്കുകയും ചെയ്തതല്ലാതെ എല്ലാവരും പ്രതീക്ഷിച്ചതു മേലെ ഒന്നും സംഭവിച്ചില്ല. എന്നാൽ എല്ലാവരേയും ആശ്ചര്യപ്പെടുത്തി ക്കൊണ്ട് ഓഗസ്റ്റ് മാസം അടിമകൾ വിപ്ലവത്തിലേർപ്പെട്ടു.



വിൻസെന്റ് ഓജേ

യൂറോപ്പിലെ വെളുത്ത വർഗ്ഗക്കാരെ മൂലാട്ടോസ് വർഗ്ഗക്കാരോട് അടിമകളുടെ വിപ്ലവത്തെ അമർച്ച ചെയ്യുന്നതിന് പ്രീണനം നടത്തി. ഫ്രാൻസിലെ നാഷണൽ അസംബ്ലി 1792 ഏപ്രിലിൽ എല്ലാ മൂലാട്ടോകാർക്കും പൗരത്വം നൽകി. എന്നാൽ രാജ്യം ചില എതിർ വിഭാഗക്കാരാൽ നശിപ്പിക്കപ്പെട്ടു. അവരിൽ ചിലർ സെന്റ് ഡോമിൻഗോയിലെ ഫ്രഞ്ച് കോളനിവാസികളുടെയോ ജമൈക്കായിലെ ബ്രിട്ടീഷ് സൈന്യത്തിന്റേതായ കൈയിലെ കളിപ്പാവ കളായിരുന്നു. 1793–ൽ ഫ്രാൻസിൽ നിന്നു ലെഗർ ഫെലിസിറ്റ് സൺതോനിനെ ക്രമസമാധാനം പാലിക്കുന്നതിനായി അയച്ചു. അദ്ദേഹം പട്ടാളത്തിൽ ചേരുന്ന അടിമകൾക്ക് സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി. ഉടനെതന്നെ അദ്ദേഹം അടിമസമ്പ്രദായം മൊത്തത്തിൽ നിറുത്തലാക്കി. അദ്ദേഹത്തിന്റെ തീരുമാനത്തെ ഫ്രഞ്ച് സർക്കാർ അംഗീകരിച്ചു.

1790 നോട് അടുത്ത് തൗസിയന്റ് എൽ ഔവർ മ്ലർ എന്ന പട്ടാള മേധാവിയും മുമ്പ് അടിമയുമായിരുന്ന ഇദ്ദേഹത്തിന് ചില പ്രദേശങ്ങളുടെ നിയന്ത്രണം ലഭിച്ചു. നെപ്പോളിയൻ 12000 പേർ അടങ്ങിയ ഒരു കപ്പൽപ്പടയെ സെയിന്റ് ഡോമിൻഗ്യൂയിറനപടിച്ചടക്കുന്നതിന് അയച്ചു. തുടർന്ന് ഒരു നീണ്ട യുദ്ധം ഉണ്ടാവുകയും ഭയങ്കര രക്ത ചൊരിച്ചിൽ ഉണ്ടാവുകയും ചെയ്തു. ഒരു സന്ദർഭത്തിൽ ഫ്രഞ്ച് സൈന്യം വിജയിക്കുന്നതു പോലെ തോന്നി. ശത്രു സൈന്യം അദ്ദേഹത്തെ അനുരജ്ഞനം നടത്തുന്നപോലെ തെറ്റിദ്ധരിപ്പിക്കപ്പെട്ടു. തട്ടികൊണ്ടുപോകുകയും വധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഉപസൈന്യമേധാവി ആയിരുന്ന ദശാലിനസ് ഈ സന്ദർഭത്തിൽ മുന്നോട്ടുവരികയും കറുത്ത വർഗ്ഗക്കാരുടെ പ്രതിരോധത്തെ സംഘടിപ്പിക്കുകയും ചെയ്തു. അദ്ദേഹം നെപ്പോളിയന്റെ സൈന്യത്തെ തോൽപ്പിച്ചു. 1804–ൽ സെയിന്റ് ഡോമിൻഗ് ഹെയത്തി എന്ന പേരിൽ കറുത്തവർഗ്ഗക്കാരുടെ സ്വതന്ത്രരാജ്യമായി മാറി.



ടുസയിന്റ് എൽ ഒവർചെർ

12th_History_MAL_Unit_11.indd 163 2/28/2023 1:21:45 PM

വെനിസോലയും പുതിയ ഗ്രാനഡ (ഇപ്പോൾ കൊളംബിയ)

ഹെയ്ത്തിയിലെ വിപ്ലവത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 1790-ൽ വെനിസോലയിലെ അടിമകൾ വിപ്ലവത്തിനായി ശ്രമിക്കാൻ തുടങ്ങി. ക്രിയോലസ് (യൂറോപ്പിന്റെയും കറുപ്പിന്റേയും പിൻമുറക്കാരൻ). തോട്ടുവിളക്ക് സാമ്പത്തികനേട്ടം ലഭിക്കുന്നതിനുള്ള ഒരു വ്യാപാരത്തിന് ആഗ്രഹിച്ചു. അതേസമയം സ്പെയിനിന്റെ നിയന്ത്രണം ഇല്ലാതായാൽ വിപ്ലവം വരികയും അവരുടെ മേൽക്കോയ്മ നഷ്ടപ്പെടുമെന്നും ഭയന്നു. ആയതിനാൽ ന്യൂഗ്രാനഡയിലെ വൈസ്രോയിക്ക് അനുകൂലമായി ഒരു സംഘടനയെ രൂപീകരിച്ചു.

1808 സ്പെയിനിലെ അപ്രാപ്തനായ കഴിവറ്റ രാജാവായ ചാർസ് നാലാമൻ തന്റെ മകനായ ഫെർഡിനാന്റിനുവേണ്ടി സ്ഥാനത്യാഗം ചെയ്ത സമയത്ത് നെപ്പോളിയൻ തന്റെ സഹോദരനായ ജോസഫിനെ സ്പെയിനിന്റെ രാജാവായി അവരോധിച്ചു. നെപ്പോളിയൻ രണ്ടുപേരേയും കാരാഗൃഹത്തിലടച്ചു. ചാർലും ടെർഡിനാന്റും രംഗത്തില്ലാത്തതിനാൽ രാജ്യത്ത് ആറു വർഷക്കാലം സുസ്ഥിര ഭരണമില്ലതായി. സ്പെയിനിലെ രാഷ്ട്രീയ പ്രശ്നങ്ങൾ സ്പെയിനിന്റെ കോളനികളിൽ അവകാശ വാദം ഉന്നയിക്കാൻ സന്ദർഭമൊരുക്കി. ഉടനെ ചില എതിരാളികൾ ഒരു വിപ്ലവ സർക്കാർ രൂപീകരിക്കുകയും 1810-ൽ ചില സമൂഹ സാമ്പത്തികപരിഷ്കാരങ്ങളെ കൊണ്ടുവരികയും ചെയ്തു.



സൈമൺ ബൊളിവർ

തുടർന്നുള്ള വർഷങ്ങളിൽ പേട്രീയാട്ട് എന്ന സംഘടന നയിച്ച സൈമൺ ബൊളീവർ സ്പെയിനിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. 1812-ൽ പോർട്ടിയാടുകൾ ഭൂരിപക്ഷ പ്രദേശത്ത് ഭൂകമ്പം ഏർപ്പെടുത്തിയ നാശം സർക്കാർ അനുകൂലികൾക്ക് പേടിയായി. സൈന്യത്തെ ഉന്മൂലനം ചെയ്യാൻ അവസരമൊരുക്കി. അവർ ബൊദ്ധിവയറെ തുരത്തി മറ്റുള്ളവർ ന്യൂ ഗ്രാനഡയിൽ അഭയം പ്രാപിച്ചു. (വൈസ്രോയിയുടെ പ്രദേശത്ത്).

താമസിയാതെ 1813-ൽ ബൊളിവിയൻ പുതിയ സൈന്യവുമായി വെനിസോലയിലേക്ക് തിരികെ പോന്നു. അദ്ദേഹം ഗൂറാ എ മൂറെറ്റ് മരണത്തിലേക്കുള്ള പോരാട്ടം എന്ന ആശയത്തോടെ പര്യടനം നടത്തി. സർക്കാർ അനുകൂല സൈന്യത്തെ ജോസ് തോമസ് ബോവസ് നയിക്കുകയും സ്വന്തം രാജ്യത്തിൽ നിന്നും ബൊളിവിയറെ ആട്ടിപ്പായിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. 1815 ആയപ്പോഴേക്കും വെനിസോലയിലെ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളും തെക്കെ അമേരിക്കയിലെ സ്പെയിൻ പ്രദേശത്തു മൃതപ്രായമായതുപോലെ ആയി. അതേവർഷം തന്നെ ഫെർഡിനാന്റ് ഏഴാമൻ ഒരു വലിയ സൈന്യത്തെ വെനിസോലയിലേക്ക് അയക്കുകയും വെനിസോലയ്ക്കും ന്യൂഗ്രാനഡയുടെ ഭൂരിഭാഗം പ്രദേശത്തേയും കൈക്കലാക്കി. 1816-ൽ ബൊളിവർ മറ്റൊരു ആക്രമണ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല.

തുടർന്ന് 1817-ൽ വലിയതും പുതുജീവൻ ലഭിച്ചതുമായ സ്വാതന്ത്ര്യസമര പ്രസ്ഥാനം ആവിർ ഭവിച്ചു. ഇവർ പോരാട്ടത്തിൽ വിജയിക്കുകയും ആൻസിൻ ഉയർന്ന പ്രദേശത്ത് വിജയിക്കുകയും ചെയ്തു. ഈ പോരാട്ടത്തിനുശേഷം ബൊളിവർ ഒരു സൈനിക ശക്തിയായും രാഷ്ട്രീയ ശക്തിയായും മാറി. ഈ സന്ദർഭത്തിൽ ഒരു കൂട്ടം llaneros (cow boys) ഒരു സങ്കര വർഗ്ഗം ജോസ് അന്റോനിയ പയസീ നാൽ നയിക്കപ്പെട്ടവർ) ഈ സമരത്തിൽ പങ്കുചേരു കയും പോർട്ടിയാടുകൾക്ക് സമ്പൂർണ്ണ സഹായം നൽകുകയും 1818-1819-ൽ സൈനിക വിജയത്തിന് കാരണമാവുകയും ചെയ്തു. അതിനുശേഷം ബൊളിയവിയർ സൈന്യത്തെ മുന്നോട്ട് നയിക്കുകയും കിഴക്ക് ആൻഡിസിനെ നേരിടുകയും ചെയ്തു. ബോയക്കാ എന്ന സ്ഥലത്തു നടന്ന യുദ്ധത്തിൽ ശത്രുക്കൾക്ക് വമ്പിച്ച തോൽവി സമ്മാനിക്കുകയും ചെയ്തു.



ബോയാക്കാ യുദ്ധം

വടക്കൻ പ്രദേശത്ത് ലഭിച്ച വിജയങ്ങളെ ഏകോപിപ്പിച്ച്വിസ്തൃതപ്പെടുത്താൻപ്രയാസമുള്ളഘട്ടമായി. 1819 ബൊളിവർ ആൻഗോസ്തുറയിൽ ഒരു സമ്മേളനം വിളിച്ചു ചേർത്തു. അതിൽ ബൊളിവർ ഗ്രാൻഡ് കൊളംബി ക്കും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഇന്നു കാണുന്ന പെനിപോലെ, കൊളംബിയ, പനാമ, ഇകവടോർ എന്നിവക്കു സംയുക്തരാഷ്ട്രമായിരുന്നു, എന്നാൽ ചെറിയൊരു വിള്ളൽ അദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് ആ പ്രദേശത്ത് നിലനിന്നു. അവർ അമേരിക്കൻ ഐക്യനാടുകളെപ്പോലെ ലാറ്റിന മേരിക്കൻ ഐക്യനാടുകൾ എന്ന പേരിൽ പഴയ സ്പെയിനിൽ കോളനികളെ ഒരു ഒറ്റ രാഷ്ട്രമാക്കുന്നതിന് അദ്ദേഹത്തെ തടസ്സം നിന്നു. മാത്രമല്ല സ്പെയിൻ ചായ്വുള്ളവർ വെനിസ്വലയുടെ വലിയ പ്രദേശത്തെയും കൊളംബിയയുടെ ഒരു ഭാഗം ഇകവടോർ മുഴുവനും കൈവശം വച്ചിരുന്നു. 1820-ൽ രാജാവിന്റെ പട്ടാള പര്യടനത്തിലേക്ക് കാൻഡിൽ കാത്തിരുന്ന സൈന്യം വിപ്ലവത്തിൽ ഏർപ്പെട്ടതാൽ ഒരു അനുകൂല പരിതസ്ഥിതി ഉണ്ടായി. ക്രമേണ പുതിയ ഗ്രാനഡയും വെനിസോലയും 1821-ൽ സ്വതന്ത്രമായി മാറി. ഇതവേർഷം കൊളംബിയൻ നഗരമായ കുക്രട്ടയിൽ ഒരു സമ്മേളനം നടന്നു.അതിൽബൊളിവറെഏകീകരിച്ചഫ്രാൻകൊളമ്പിയരുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കുകയും ചെയ്തു.

12th_History_MAL_Unit_11.indd 164 2/28/2023 1:21:45 PM

സൈമൺ ബൊളിവർ: ബൊളിവർ കരാക്കസിലെ ക്രിയോലി പ്രഭു കുടുംബത്തിലെ ഒരംഗമായിരു ന്നു. അദ്ദേഹത്തിന് ഈ പ്രസ്ഥാനത്തിൽ അടി സ്ഥാന പ്രാധാന്യമുണ്ട്. അദ്ദേഹം ശക്തമായ ആശയക്കാര നും പട്ടാള മേധാവിയുമായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ജമൈക്കാ ലെറ്റർ (അദ്ദേഹം 1815-ൽ നാടുകടത്തപ്പെട്ട കാലത്ത് എഴു തിയ ഗ്രന്ഥം) എന്ന ഗ്രന്ഥത്തിൽ സ്വാതന്ത്ര്യ ത്തെക്കുറിച്ച് അടിയുറച്ച വിശ്വാസം പ്രകടിപ്പിച്ചു. പോർട്രിയാട്സ് സംഘടന തുടർച്ചയായി പരാജയ പ്പെട്ടു. സ്പെയിനിന്റെ കോളനി ആധിപത്യത്തെ അദ്ദേഹം കുറ്റപ്പെടുത്തി. പഴയ സ്പെയിൻ കോളനി കളെകൊണ്ട് മാത്രമേ സ്വതന്ത്രമായതും കേന്ദ്രീക തപരമാധികാര സർക്കാർ രൂപീകരിക്കാൻ കഴിയൂ എന്ന കാഴ്ചപാടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജനാധിപത്യപരമാധികാരം എന്നത് കൂട്ടു പ്രഭുത്വ ഭരണം എന്നതിനെ അനുകൂലിക്കുന്നതായിരുന്നു. സദാചാരപരമായ ഭരണം എന്നത്, രാജ്യം പലവർഗ്ഗ ങ്ങളാൽ വിഭജിക്കുമ്പോൾ അസാധ്യമാണെന്ന് വിശ്വസിച്ചു. ഇദ്ദേഹം ഒരു ഇടതുപക്ഷ ചിന്തകനായി രുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യംവരെ ലാറ്റിനമേരിക്കൻ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളുടെ ചോദനമായി നിലകൊണ്ടു.

മെക്സിക്കോ വിപ്ലവം

വളരെ താമസിച്ചാണ് മെക്സിക്കോക്ക് സ്വാത ന്ത്ര്യം ലഭിച്ചത്. സിറോലസ്; പെനിൻസുലാർ എന്നീ ശക്തരായ വർഗ്ഗക്കാരുടെ സ്വാധീനം മെക്സിക്കോ യിൽ ഉണ്ടായിരുന്നു. ഇവർ സ്പെയിനിലും പോർച്ചു ഗലിലും ജനിച്ച കോളനി മേധാവികളായിരുന്നു. ഇവർ മെക്സിക്കൻ സമൂഹത്തിലെ ഫ്രഞ്ച് ശക്തികളായി രുന്നു. സ്പെയിനുമായുള്ള അഭിപ്രായ വ്യത്യാസത്താൽ വേർപെട്ട് പരമ്പരാഗത അധികാരം നഷ്ട പ്പെടുത്തി. ഇവർ 1808 മുതൽ 1810 വരെ ഈ പ്രദേശ ത്ത് സ്പെയിനിന്റെ അധികാരത്തെ സംരക്ഷിക്കുവൻ കഠിനമായി പ്രയത്നിച്ചു. രാജാവിന്റെ അഭാവത്തിൽ ആരു ഭരിക്കും എന്ന ചോദ്യം സഭയിൽ അവതരിക്കപ്പെട്ടതിനെ പെനിൻസുലാസ് അവഗണിക്കുകയും ചെയ്തു. മെക്സിക്കൻ നഗരത്തിലുള്ള പെനിൻസു ലാസ് വൈസ്രോയിയെ ഒഴിവാക്കുകയും ക്രിയോലസ് വിഭാഗത്ത് വധിക്കുകയും ചെയ്തു. അങ്ങനെ തങ്ങളുടെ ആധിപത്യത്തെ മനസ്സിലാക്കിയ അശക്തരായ വൈസ്രോയിമാരെ അവർ സ്വാഗതം ചെയ്തു. എന്നാൽ അവരുടെ ശ്രമം വിജയിച്ചതുമില്ല. സ്വാതന്ത്ര്യ സമരം ഉണ്ടാകാതെ തടുക്കാനും കഴിഞ്ഞില്ല.

മെക്സിക്കൻ വിപ്ലവത്തെ നയിച്ചത് മിഗുവെൽ ഹിഡാൽഗോ എന്ന കത്തോലിക്ക പുരോഹിതനായി രുന്നു. ഇദ്ദേഹം പാവപ്പെട്ടവരെ സഹായിച്ചു. തദ്ദേശ അമേരിക്കക്കാരുടെ ജീവിത സ്ഥിതിയിൽ സഹതപിക്കുകയും ചെയ്തു. ഡൊളോറസിൽ ഉള്ള ചർച്ചിൽ നടന്ന വൈകാരിക പ്രസംഗത്തിൽ മെക്സിക്കോയുടെ വിമോചനം ആവശ്യപ്പെട്ടു. അദ്ദേഹം ഒരു മെസ്റ്റീസോസ് അടങ്ങിയ വിപ്ലവ സൈന്യത്തെ സ്പെയിൻ മറ്റും യോലസ് സൈന്യത്തിനെതിരെ നയിച്ചു.



മിഗുവേൽ ഹിദാൽഗോ



ജോസ് മാറിയ മോറിലോസ്

1811 അദ്ദേഹം തോല്പിക്കപ്പെടുകയും കൊല്ലപ്പെടുക യും ചെയ്തു. അതിനുശേഷം ഈ പ്രസ്ഥാനത്തെ ജോസഫ് മരിയ മോറിലോസിനാൽ നയിക്കപ്പെട്ടു. അദ്ദേഹം 1813 സ്പെയിനിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അദ്ദേഹവും 1815-ൽ തോല്പിക്കപ്പെട്ടു.

ക്രിയോലസ് എന്ന ധനികരായ കച്ചവടക്കാർ സ്പെയിനിൽ നടന്ന സംഭവവികാസങ്ങളെ നിരീക്ഷിച്ചുകൊണ്ടിരുന്നു. അവിടെ ഒരു പ്രസ്ഥാനം രാജഭരണ ത്തെ അട്ടിമറിക്കുന്നതിനും പുതിയ ഭരണഘടന തയ്യാറാക്കികൊണ്ടുമിരുന്നു. ഈ സംഭവങ്ങൾ ക്രിയോല സിന്റെ അധികാര സ്വാധീനം കുറുക്കുമെന്ന് കരുതി 1821-ൽ സ്വാതന്ത്ര്യം പ്രാപിച്ചു. ഇതിൽ വളരെ രസകരമായ സംഗതി എന്തെന്നാൽ ഈ പ്രസ്ഥാനത്തെ നയിച്ച വ്യക്തി മരിയാ മോറിലോസിനെ തോല്പിച്ച പട്ടാള മേധാവിയായിരുന്നു. ഇദ്ദേഹം സ്വമേധയാ ചക്രവർത്തിയായി പ്രഖ്യാപനം നടത്തി. അദ്ദേഹത്തിന്റെ ഭീകര ഭരണം അവസാനം തുടച്ചെറിയപ്പെട്ടു. 1824-മെക്സിക്കോ സ്വയമേ ഒരു ജനാധിപത്യ രാജ്യമായി പ്രഖ്യാപിക്കപ്പെട്ടു.

ബ്രസീലിന്റെ സ്വാതന്ത്ര്യം



ഡോം പെട്റോ

ബ്രസീൽ പോർച്ചുഗലിന്റെ ഒരു കോളനി ആയിരുന്നു. 1808-ൽ നെപ്പോളിയൻ പോർച്ചുഗല്ലിനെ ആക്രമിച്ചപ്പോൾ പോർച്ചുഗൽ രാജാവായിരുന്ന ഡാം ജോവോ (ജോൺ ഢക) ബ്രസിലിലേക്ക് പലായനം ചെയ്തു. അദ്ദേഹം ഭൂപരീ ക്ഷരണം, പട്ടാള സ്ഥാപനം, വൈദ്യശാസ്ത്രം തൊഴിൽ വിദ്യാലയങ്ങൾ എന്നിവ സ്ഥാപിച്ച് കോളനികളെ വികസിപ്പിച്ചു. നെപ്പോളിയൻ തോല്പിക്കപ്പെട്ട ശേഷവും പോർച്ചുഗൽ ഭരണാധികാരി ബ്രസിലിൽ തന്നെ നിലകൊണ്ടു. എന്നാൽ അദ്ദേഹത്തിന്റെ അധികാരത്തിനെതിരെ വെല്ലുവിളി ഉയർന്നപ്പോൾ അദ്ദേഹം പോർച്ചുഗൽ വിടുകയും ബ്രസീലിയൻ കോളനികളുടെ അധികാരം തന്റെ മകനായ ഡോം പെർട്രോയുടെ കൈകളിൽ ഏല്പിക്കുകയും ചെയ്തു.

ആഫ്രിക്കൻ അടിമസമ്പ്രദായത്തിന്റെ സഹായത്തോടെ ബ്രസീലിയൻ ഉന്നത കുലജാതർ പോർച്ചുഗല്ലുമായുള്ള ബന്ധം തുടർന്നുകൊണ്ടിരുന്നു. തോട്ട

12th_History_MAL_Unit_11.indd 165 2/28/2023 1:21:45 PM

ഉടമകൾ പോർച്ചുഗൽ നിയന്ത്രണങ്ങൾക്ക് അടിമകച്ച വടത്തെ ആശ്രയിച്ചു. 1800-ൽ അടിമകളുടെ ജന സംഖ്യ ഏകദേശം ബ്രസീലിയൻ ജനതയുടെ പകുതിയോള മായി. ഇതിന്റെ അർത്ഥം എന്തെന്നാൽ ക്രിയോ ലസ് വിഭാഗങ്ങൾക്ക് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സ്വാ ധീനം നഷ്ടപ്പെട്ടു. കൂടാതെ സാമൂഹിക കാര്യങ്ങളിലും നിയന്ത്രണം നഷ്ടപ്പെട്ടു. ആയതിനാൽ പോർച്ചുഗീസ് അധികാരികൾ ബ്രസീലിൽ ജോവോ ആരംഭിച്ചുവച്ച പരീക്ഷണ പ്രവർത്തനങ്ങൾക്ക് അവ സാനം കുറിച്ചു. അവർ ഡോംപെട്രേ പോർച്ചുഗലി ലേക്ക് തിരിച്ചുപോ കാനും ആഗ്രഹിച്ചു. എന്നാൽ പെട്രോ ബ്രസീലിന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും അവിടെതന്നെ തങ്ങു കയും ചെയ്തു. 1822-ൽ ബ്ര സിലിന് പോർച്ചുഗലിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചു. തെക്കെ അമേരിക്കയിൽ ഭരണഘടന രാജഭരണം ഒരേ ഒരു രാജ്യമായി ബ്രസീൽ മാറുകയും പെട്രോം ഒന്നാമൻ ആദ്യത്തെ ബ്രസിലി യൻ ചക്രവർത്തിയാവുകയും ചെയ്തു.

മറ്റു വിപ്ലവങ്ങൾ

അർജന്റീനയുടെ വിമോചകൻ സാൻ മാർ ട്ടിൻ. ചിലിയുടെ വിമോച കൻ ബെർനാഡോ ഹഗ്ഗിൻ. ഇവ രും ചേർന്ന് 1818-ചിലിക്കും തുടർന്ന് 1820-ൽ പെറുവി നും സ്വാതന്ത്യം നേടി. ബൊ ളിവറും സാൻമാർട്ടിനും ഗ്വായാക്വിൽ എന്ന ഇക്വാ ടോർ തുറമുഖത്ത് സന്ധിച്ചു അവിടെ ലാറ്റിൻ അമേരി ക്കൻ നാടുകളുടെ ഏകീകര ണത്തെകുറിച്ചുള്ള ഭാവി പ്രവർത്തനങ്ങളെകുറിച്ചു സംസാരിച്ചു. സാൻമാർട്ടിന്റെ യൂറോപ്യൻ മാതൃക യുള്ള ഭരണഘടനപരമായ രാജാധികാര ഭരണം കോള നികളിൽ ഏർപ്പെടുത്തണമെന്ന് ആഗ്രഹിച്ചു. ബൊളി വർജനാധിപത്യമാതൃകയിലുള്ള സർക്കാർആഗ്രഹിച്ചു. ആയതിനാൽ അവർക്ക് ഒരു ഉടമ്പടിയിൽ ഏർപ്പെടാൻ കഴിഞ്ഞില്ല. സാൻമാർട്ടിൻ പിൻവാങ്ങുകയും ബൊളി വറെ മുഴുവൻ നേതൃത്വവും ഏറ്റെടുക്കാൻ അനുവദിക്കു കയും ചെയ്തു. 1826 നോട് അടുത്ത്തെക്കെ അമേരിക്ക യിലെ മുഴുവൻ കോളനികൾക്കു സ്വാതന്ത്ര്യം ലഭ്യമാ ക്കാൻ ബൊളി വർക്ക് കഴിഞ്ഞു



സാൻ മാർട്ടിൻ

എല്ലാകോളനികൾക്കും സ്വാതന്ത്ര്യം ലഭിച്ചശേഷം എല്ലാ ലാറ്റിൻ അമേരിക്കൻ കോളനികളേയും ഒന്നു ചേർന്ന് ഗ്രാൻകൊളംബിയ എന്ന ഒരു രാജ്യമുണ്ടാക്കാൻ ശ്രമിച്ചു. എന്നാൽ കരടുമുരടായ ഭൂപ്രകൃതിയും കാടു കളും മലകളും അതിന്റെ കൂടെയുള്ള അധികാര പോരാ ട്ടങ്ങളും ആഗ്രഹം സഫലമാക്കാൻ അദ്ദേഹത്തിനു കഴി ഞ്ഞില്ല. ലാറ്റിൻ അമേരിക്കയി ലുള്ള ഭൂരിഭാഗം രാജ്യ ങ്ങളും സ്വമേധയാ ജനാധിപത്യ രാജ്യമാണെന്ന് പ്രഖ്യാ പിച്ച് സ്പെയിനിൽ നിന്നും സ്വാതന്ത്ര്യം നേടി. എങ്കിലും അവയെല്ലാം ഇപ്പോഴും വിദേശ ശക്തികളെ വലിയൊ രളവ് ആശ്രയിച്ച് വരുന്നു.പത്തൊൻപതാം നൂറ്റാണ്ടിൽ അമേരിക്കൻ ഐക്യനാടുകളും ഫ്രാൻസും ചേർന്ന് മെക്സിക്കോയെ ആക്രമിച്ചു. വളരെ നാളുകളായി ബ്രിട്ടൻ തന്റെ സ്വാധീനം അർജ്ജന്റീന ചിലി എന്നിവ യുടെമേൽതുടർന്നുകൊണ്ടിരുന്നു. ഓരോലാറ്റിൻഅമേ രിക്കൻ രാജ്യങ്ങളിലും പ്രഭുസംഘങ്ങളുടെ ഭരണം നടന്നുകൊണ്ടിരിക്കുന്നു. സ്വതന്ത്രവിമതരും യാഥാസ്ഥി തിക രും സമത്വമറ്റ സമൂഹ ഘടനയും വലിയ ഭൂഉടമ കളുടെആനുകൂല്യങ്ങളും സാധാരണജനങ്ങളെദാരിദ്ര്യ ത്തിൽ തളച്ചിടുന്നു.

ഇരുപതാംനൂറ്റാണ്ടിൽ പ്രത്യേകിച്ച് രണ്ടാം ലോക മഹായുദ്ധത്തിനുശേഷംതെക്കൻഅമേരിക്കഒരുപ്രശ്ന ബാധിത ഭൂഖണ്ഡമായിരുന്നു. അമേരിക്കൻ ഐക്യ നാടുകൾ ഈ രാജ്യങ്ങളിലെ വഴങ്ങുന്ന സർവ്വാധികാര സർക്കാരുകളെ തന്റെ നിയന്ത്രണത്തിലായിരിക്കുന്നു. ഇവയെ ബനാനാ റിപ്പബ്ലിക്ക് എന്ന് വിളിക്കുന്നു.

11.4 വ്യവസായ വിപ്ലവം

ഫ്രഞ്ച്വിപ്ലവത്തിനുശേഷംനെപ്പോളിയൻയൂറോ പ്പിനെമുഴുവനും മോചനദ്രവ്യത്തിനായികൈക്കലാക്കി യിരുന്നു. എന്നാൽ മറ്റൊരു വിപ്ലവം ചരിത്രത്തിൽ മനു ഷ്യരാശിയെ ബാധിക്കുന്ന മുൻ നിശ്ച യിച്ചതുപോലെ ഇംഗ്ലണ്ടിൽ ഉണ്ടായി. അത് വ്യവസായ വിപ്ലവമായിരുന്നു. വ്യവസായ വിപ്ലവം സൂചിപ്പിക്കുന്നത് വലിയ തൊഴിൽ ശാലകൾ വളരെയധികം സാധനങ്ങളെ ഉല്പാദിപ്പി ക്കാൻ സ്വീകരിച്ച സമ്പ്രദായമാണ്. പഴയ സമ്പ്രദായ പ്രകാരം കുടിലുകളിലും പണിസ്ഥലങ്ങളിലും കരകൗശല സാധനങ്ങൾ ഉണ്ടാക്കുന്നവർ ഈ വിപ്ലവത്തെ എതിർത്തു.

വിപ്ലവത്തിന്റെആദ്യഘട്ടം ചിലപ്രധാനകണ്ടുപിടി ത്തങ്ങളുടെഉദയമാണ്. അത് പരുത്തിവ്യവസായത്തിൽ വിപ്ലവമുണ്ടാക്കി. നീരാവിയുടെ ഉപയോഗം പഴയ രീതി യിൽ മരക്കരി ഉപയോഗിച്ച് ഇരുമ്പ് ഉരു ക്കുന്നതിനെ കൈവിടാൻ ഉപകരിച്ചു. കൽക്കരിയും ഇരുമ്പുരുക്ക് തൊഴിൽശാലകളും വളരെവേഗം വളർന്നു. വാർത്താ വിനിമയ രംഗത്ത് പുരോഗതി ഉണ്ടായി. തീവണ്ടി എഞ്ചിൻ വന്നതിനാൽ 1830-ൽ ആദ്യത്തെ യാത്രാ ട്രെയിൻ ഉണ്ടായി. നീരാവി കപ്പലുകൾ, 1835 ടെലിഗ്രാ ഫിന്റെ ഉപയോഗം നിലവിൽ വന്നു. ഏക ദേശം 100 വർഷങ്ങളിൽ ഇംഗ്ലണ്ട് പരിപൂർണ്ണമായി മാറി.

രണ്ടാം വ്യവസായ വിപ്ലവം 1870 മുതൽ 1914 വരെ) ഇരുമ്പ്, പെട്രോളിയം, വൈദ്യുതി ഉല്പാദ നത്തിൽ നവീകരണങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഈ കാല ത്ത് യൂറോപ്പ് മുഴുവനും വടക്കൻ അമേരിക്കയും ആദ്യവ്യവസായ വിപ്ലവത്തിന്റെ വൈകാരികത ഉൾക്കൊണ്ടു.

12th_History_MAL_Unit_11.indd 166 2/28/2023 1:21:46 PM

പ്രധാന പ്രത്യേകതകൾ

വ്യവസായ വിപ്ലവത്തിലെ പ്രധാന സവിശേഷതയെന്തെന്നാൽ തൊഴിൽതലങ്ങളിൽ ശാസ്ത്രത്തെ പ്രയോഗിച്ചതാണ്. ഇരുമ്പ് ഉരുക്കിന്റെ ഉപയോഗം, പുതിയ ഊർജ്ജ ഉറവിടം, അഥവാ നീരാവി, ഇരുമ്പ്, പുതിയ യന്ത്രങ്ങൾ ഇവ ഉല്പാദനത്തെ വർദ്ധിപ്പിച്ചു. പുതിയ രീതിയിലുള്ള സംരംഭങ്ങൾ തൊഴിൽശാല സമ്പ്രദായം, എന്നിവ തൊഴിലിനെ വിഭജിച്ചു. പ്രത്യേക വൈദഗ്ധ്യം, ഗതാഗതം വാർത്താവിനിമയത്തിന്റെ പുരോഗതി എന്നിവ നിർമ്മാണ സാമഗ്രികളുടെ വലിയ തോതിലുള്ള ഉല്പാദനത്തെ സാധ്യമാക്കി.

ഇംഗ്ലണ്ടിൽ വ്യവസായ വിപ്ലവം ഉണ്ടാകാനുള്ള കാരണങ്ങൾ

വ്യവസായ വിപ്ലവം ആദ്യമായി ഇംഗ്ലണ്ടിൽ ഉണ്ടാകുന്നതിന് പല കാരണങ്ങൾ ഉണ്ട്.

(a) വ്യാപാര വിപ്ലവത്തിന്റെ ഫലം : വ്യാപാരത്തിലും വാണിജ്യത്തിലും ഉണ്ടായ വിപ്ലവം മുത ലാളികൾ എന്ന വർഗ്ഗത്തെ പ്രാബല്യത്തിൽ കൊണ്ടുവന്നു. അവർ നിരന്തരം തങ്ങളുടെ അധിക സമ്പത്തിനെ നിക്ഷേപിക്കാൻ അവസരം തേടികൊണ്ടിരുന്നു. അതിന്റെ ഫലമായി ധാരാളം മൂലനം ലഭ്യമായി. അത് ഉല്പാദന ത്തെ വികസിപ്പിച്ചു.

(b) വിദേശ കോളനികൾ സ്ഥാപിക്കുന്നതിലുള്ള പന്ത യത്തിൽ ബ്രിട്ടൺ വളരെ താമസിച്ച് പ്രവേശി ച്ചെങ്കിലും ഒരു നിശ്ചിതസമയത്തിനുള്ളിൽ ബ്രിട്ടൺ ആധിപത്യം നേടി. അത് യൂറോപ്യൻ ശക്തികളായ സ്പെയിൻ, പോർച്ചുഗൽ, ഫ്രാ ൻസ് എന്നിവരെ തോല്പിച്ചു. 18-ാംനൂറ്റാണ്ടിന്റെആരംഭത്തിൽലോകത്തിലുള്ള നാലിലൊന്ന് കോളനിക്കാരെയും, ലോകജനസംഖ്യയിൽ 25% ആഫ്രിക്ക, അമേരിക്ക, ഏഷ്യ എന്നിവിടങ്ങളിലെ ജനങ്ങളെ ഭരിച്ചു. ആയതിനാൽ വ്യവസായ ഉല്പന്നങ്ങളുടെ ആവശ്യം ഈ രാജ്യത്തിന്റെ കോളനികളിൽ ഉയർന്നു കൊണ്ടിരുന്നു

യുടെനേതൃത്വത്തിൽ ഏകീക രണം കൈവരിക്കാൻ അദ്ദേഹം നയതന്ത്രവും യുദ്ധവും സംയോജിപ്പിച്ചു. അന്താരാഷ്ട്ര പിന്തുണയില്ലാതെ ഇറ്റാലിയൻ ഏകീക രണം കൈവരിക്കാനാവില്ലെന്ന് കാവൂർ മനസ്സിലാക്കി. ഓസ്ട്രിയയെ ലോംബാർഡിയിൽ നിന്നും വെനീ ഷ്യയിൽ നിന്നും പുറത്താക്കാൻ അദ്ദേഹത്തിന് മറ്റ് മഹത്തായ ശക്തികളുടെ പിന്തുണ ആവശ്യമാണ്. അതിനാൽ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിക്കുന്നതി നും ഇംഗ്ലണ്ടിന്റെയും ഫ്രാൻസിന്റെയും പിന്തുണ നേടു ന്നതിനും അദ്ദേഹം ക്രിമിയൻ യുദ്ധത്തിൽ പീദ്മോണ്ട് സാർഡിനിയയെ ഉൾപ്പെടുത്തി. 1858 ജൂലൈയിൽ ഫ്രാൻസിലെ നെപ്പോളിയൻ മൂന്നാമനുമായി അദ്ദേ ഹം ഒരു കരാറുണ്ടാക്കി, ഓസ്ട്രിയയുമായുള്ള പോരാ ട്ടത്തിൽ പീദ് മോണ്ട് സാർഡിനിയെ പിന്തുണയ്ക്കാൻ അദ്ദേഹം വാഗ്ദാനം നൽകി.

ഓസ്ട്രിയയുമായുള്ള യുദ്ധം, 1859

കവൂർ ഓസ്ട്രിയൻ അതിർത്തിക്ക് സമീപം സൈന്യത്തെ അണിനിരത്തിഓസ്ട്രിയയെ യുദ്ധ ത്തിന് സൈന്യത്തെ പിരിച്ചുവിടാൻ ഓസ്ട്രിയ ഒരു അന്ത്യശാസനം നൽകിയപ്പോൾ അത് കാലഹരണ പ്പെടാൻ അനുവദിച്ചു. അതിന്റെ ഫലമായി ഓസ്ട്രിയ 1859 ഏപ്രിലിൽ പീദ്മോണ്ട് സാൻഡിനി യയെ ആക്രമിച്ചു. പീഡ്മൊണ്ട്സാൻഡിനിയ ഫ്രാൻസ് എന്നീ സംയുക്ത സൈന്യങ്ങൾ ഓസ്ട്രിയൻ സൈ ന്യത്തെ പരാജയപ്പെടുത്തി. സോൽഫെറിനോ യുദ്ധ ത്തിൽ അവർ ഒരു വലിയ വിജയം നേടി. യുദ്ധം തുടരുന്നതിനു പകരം, ഫ്രാൻസിലെ നെപ്പോളിയൻ മൂന്നാമൻ ഓസ്ട്രിയൻ ചക്രവർത്തിയായഫ്രാൻസിസ് ജോസഫ് രണ്ടാമനുമായി 1859 ജൂലൈ 11 ന് വില്ല ഫ്രാങ്കയിൽ സമാധാന കരാർ അവസാനിപ്പിച്ചു. ഓസ്ട്രിയ ലോംബാർഡിയെ കീഴടക്കിയെങ്കിലും വെനീഷ്യയുടെ നിയന്ത്രണം നിലനിർത്തി.

1860 ൽ കാവൂറിനെ വീണ്ടും പ്രധാനമന്ത്രിയായി നിയമിച്ചു. പാർമ, മൊഡെന, ടസ്കാനി എന്നിവരെ പൊതുജനാഭിപ്രായത്തിലൂടെ പീദ്മോണ്ട് സാർഡി നിയുമായി ലയിപ്പിച്ചു. അതുപോലെ സവോയ്, നൈ സ് എന്നിവരെ വിശ്വാസവോട്ടെടുപ്പിന്റെ അടിസ്ഥാന ത്തിൽ ഫ്രാൻസുമായി കൂട്ടിച്ചേർത്തു..

ഗരിബാൽഡിയും തെക്കൻ ഇറ്റലി പിടിച്ചടക്കലും

ഗാരിബാൽഡിയും (1807 1882) ഗറില്ല യുദ്ധം നടത്തി ഇറ്റലിയെ ഏകീകരിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. അദ്ദേഹം മസ്സിനിയുടെ യംഗ് ഇറ്റലിയിൽ ചേരു കയും അദ്ദേഹത്തിന്റെ ആശയങ്ങളാൽ സ്വാധീനി ക്കപ്പെടുകയും ചെയ്തു. പീദ്മോണ്ടിലെ മസ്സിനിയുടെ കലാപത്തിൽ പങ്കെടുത്ത അദ്ദേഹം പിന്നീട് പ്രവാസി യായി തെക്കെ അമേരിക്കയിലേക്ക് പാലായനം നടത്തി. അവിടത്തെ വിപ്ലവ കാരികളുടെ കാരണം ഏറ്റെ ടുക്കുകയും റിയോ ഗ്രാൻഡി നും ഉറുഗ്വേ, അർജന്റീനി യൻ അധിനിവേശത്തിനെതി രെയും പോരാടി. അതിനാൽ അദ്ദേഹത്തെ രണ്ട് ലോകങ്ങ ളുടെ നേതാവ് എന്ന് വിളി ച്ചിരുന്നു. 1843 ൽ അദ്ദേഹം ഇറ്റാലിയൻ ലെജിയൻ ആരംഭിച്ചു. സന്നദ്ധ പ്രവർത്തകരുടെ ഈ ശക്തി റെഡ് ഷർട്ടുകൾ എന്നറിയപ്പെട്ടു.



ഗരിബാൽഡി

തങ്ങളുടെ രാജാവിനെതിരായ കലാപത്തിൽ സിസിലിയിലെ ജനങ്ങളുടെ ക്ഷണം ഗാരിബാൽഡി സ്വീകരിച്ചു. 1000 സന്നദ്ധപ്രവർത്തകരുമായി അദ്ദേ ഹം ജെനോവ തുറമുഖം വിട്ട് സിസിലിയിൽ എത്തി. തീരത്ത് ശ്രദ്ധിക്കപ്പെടാതെ ഇറങ്ങിയ അദ്ദേഹവും സന്നദ്ധപ്രവർത്തകരും 2000 ശക്തമായ നെപ്പോളി യൻ (നേപ്പിൾസ്) സൈനികരെ ഒരു ജീവൻ പോലും നഷ്ടപ്പെടുത്താതെ പരാജയപ്പെടുത്തി. തുടർന്ന് അദ്ദേഹം നേപ്പിൾസിലേക്ക് കടന്ന് നാട്ടുകാരുടെ സഹായത്തോടെ രാജസേനയെ പരാജയപ്പെടുത്തി. എന്നിരുന്നാലും ഗരിബാൽഡിയുടെ വിജയയാത്രയെ സംശയിച്ച കവൂൽ, റോമിൽ അധിനിവേശം നട ത്തുന്നത് തടയാൻ പീദ്മോണ്ടീസ് സേനയെ അയച്ചു. ഗരിബാൽഡി തന്റെ വിജയം വിക്ടർ ഇമ്മാനുവൽ രണ്ടാമൻ രാജാവിന് സമർപ്പിക്കുകയും തന്റെ ജീവി തകാലം മുഴുവൻ കാപ്രെറ ദ്വീപിലെ വീട്ടിൽ താമസി ക്കുകയും ചെയ്തു. സിസിലി, നേപ്പിൾസ് പാപ്പൽ സംസ്ഥാനങ്ങളിൽ നടന്ന പ്ലെബിസ്കെറ്റുകൾ പീഡ് മോണ്ട് സാർഡിനിയുമായി ലയിപ്പിക്കാൻ കാരണ മായി. യുദ്ധാവസാനം ഓസ്ട്രിയ വെനീഷ്യയുടെ മേൽ നിയന്ത്രണം നിലനിർത്തി. ഇറ്റലിയുടെ ബാക്കി ഭാഗങ്ങൾ പീദ്മോണ്ടിന് കീഴിൽ ഏകീക രിച്ചു. 1816 മെയ് മാസത്തിൽ വിക്ടർ ഇമ്മാനുവേൽ രണ്ടാമൻ രാജാവിനെ പാർലമെന്റ് ഇറ്റലിയുടെ ഭര ണാധികാരിയായി പ്രഖ്യാപിച്ചു. 1866 ലെ ഓസ്ട്രോ പ്ര ഷ്യൻ യുദ്ധത്തിൽ ഇറ്റലി പ്രഷ്യയ്ക്കൊപ്പം സഖ്യമു ണ്ടാക്കിയിരുന്നതിനാൽ വെനീഷ്യ പ്രതിഫലമായി ലഭിച്ചു. 1871 ൽ ഇറ്റലി ഫ്രാങ്കോ പ്രഷ്യൻ യുദ്ധം മുതലെടുത്ത് ഫ്രഞ്ച് സൈ ന്യം പിൻമാറിയപ്പോൾ റോ മിനെ കീഴടക്കി. അങ്ങനെ ഇറ്റാലിയൻ ഏകീകരണം പൂർത്തിയായി.



രാജവിക്ടർ ഇമ്മാനുവേൽ II

ജർമ്മനിയുടെ ഏകീകരണം



ജെ.ജി. ഫിഹ്ടെ

ഏകഭാഷയുടെയും മറ്റ് സാമാന്യതയുടെയും അടിസ്ഥാനത്തിൽ ജർമ്മൻ ജനത മറ്റ് പല രാജ്യങ്ങളിൽ നിന്നും മാറിതാമസിച്ചു. ബുദ്ധിജീവികളായ ജോഹാൻ വോൺ ഹെർഡർ (1744 1803) ജർമ്മൻ ഫ്രെഡ്റിച്ച് ഷെൽഗൽ (1772 1829) ജർമ്മൻ രാഷ്ട്രത്തിന്റെ ആശയത്തെ അതിന്റെ ഭൂതകാലത്തെ മഹത്വവൽക്കരിക്കുന്നതിലൂടെ നാഗരികത സാധാരണയാണെന്ന് വിശ്വസിക്കുകയും ഒരു അതുല്യമായ ജർമ്മൻ ആത്മാവായ വോൾക്ക്ജിസ്റ്റ് എന്ന ആശയം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ജെ.ജി. ഫിച്ചെ (1762 1814) ജർമ്മൻ രാഷ്ട്രത്തോടുള്ള വിലാസങ്ങൾ, ജർമ്മൻ ആത്മാവ് അനേകം ആത്മാക്കളി ലൊരാളല്ലെന്നും മറ്റുള്ളവരെക്കാൾ ശ്രേഷ്ഠമാണെ ന്നും അദ്ദേഹം അവകാശപ്പെട്ടു. ഇത് ജർമ്മനിയിൽ ദേശീയത എന്ന ആശയത്തെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

നെപ്പോളിയൻ ജർമ്മനിയില മുന്നൂറ്റി അറുപതോളം പ്രിൻസിപ്പാലിറ്റികൾ ഉൾപ്പെടുത്തുന്നതിന് മുമ്പ് നെപ്പോളിയൻ അറിയാതെ ആദ്യമായി ഒരു കോൺഫെഡറേഷൻ ഓഫ് റൈൻ രൂപീകരിച്ച് ദേശീയതയുടെ ചൈതന്യം പകർന്നു. അത് ജർമ്മിനിക്ക് ഐക്യബോധം നൽകി. എന്നിരുന്നാലും 39 സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്ന ജർമ്മൻ കോൺഫെഡറേഷനായി പരിവർത്തനം ചെയ്ത വിയന്നയിലെ കോൺഗ്രസ് ഓസ്ട്രിയയുടെ നിയന്ത്രണത്തിലായി.

അക്കാലത്ത് ഫിച്ചെ അഭിസംബോധന ചെയ്ത ഓസ്ട്രിയ ജർമ്മൻ രാജ്യങ്ങളുടെ കോൺഫെഡറേഷന്റെ ഏറ്റവും വതുലും ശക്തവുമായ പ്രഷ്യയുടെ പ്രദേശങ്ങൾ കൈവശപ്പെടുത്തിയിരുന്നു. പഴയ മഹത്വം വീണ്ടെടുക്കാനുള്ള അടിയന്തിരാവസ്ഥയെ അത് പുനരുജ്ജീവിപ്പിച്ചു. അങ്ങനെ അത് സൈന്യത്തെ പുനർ നിർമ്മിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. ജോലിസ്ഥലങ്ങൾ മെറിറ്റിനെ അടിസ്ഥാനമാക്കി പ്രവചിക്കപ്പെടുന്നുവെന്ന് പ്രഭുക്കൻമാരുടെ നട്ടെല്ലായതിനാൽ ഉദാരവൽക്കരണമോ ആധുനികതയോ ഉണ്ടായിരുന്നില്ല.

1834 ൽ പ്രഷ്യ സോൾവെറിൻ (കസ്റ്റംസ് യൂണിയൻ) സ്ഥാപിച്ചു. 1840 കളിൽ ഓസ്ട്രിയയുടെ നിയന്ത്രണത്തിലുള്ള രാജ്യങ്ങൾ ഒഴികെയുള്ള മിക്ക ജർമ്മനി സംസ്ഥാനങ്ങളും ഇതിൽ ഉൾപ്പെടുകയും ജർമ്മനി രാജ്യങ്ങൾക്ക് സാമ്പത്തിക ഐക്യം നൽകുകയും ചെയ്തു. 1848 ൽ ജനകീയ സമ്മർദ്ദം തിരഞ്ഞെടുക്കപ്പെടുകയും അതേ വർഷം തന്നെ ഫ്രാങ്ക്ഫർട്ട് അസംബ്ലിയും വിളിച്ചു. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഭൂരിഭാഗവും ലിബറൽ ദേശീയ ജർമ്മൻ രാഷ്ട്രം സൃഷ്ടിക്കാൻ കഴിയുമെന്ന് വിശ്വസിച്ചിരുന്നത് ലിബറലുകളായിരുന്നു. ജർമ്മൻ രാഷ്ട്രം എന്താണെന്ന ചോദ്യത്തിലാണ് അവരെ ഭിന്നിപ്പിച്ചത് ഗ്രേറ്റ് ജർമ്മനി ആവശ്യപ്പെട്ട പ്രതിനിധികൾ ഹംഗറി ഒഴികെയുള്ള ഓസ്ട്രിയ ഉൾപ്പെടെ ജർമ്മൻ ജനതയെ ഉൾപ്പെടുത്തണമെന്നും കിരീടം ഓസ്ട്രിയൻ ചക്രവർത്തിക്ക് നൽകണമെന്നും, ചില പ്രതിനിധികൾ ഓസ്ട്രിയ വാദിച്ച ലിറ്റിൽ ജർമ്മനി എന്ന ആശയം മുന്നോട്ട് വച്ചു. എന്നിട്ട് ജർമ്മൻ ജനതയിൽ നിന്ന് ഒഴിവാക്കുകയും കിരീടം പ്രഷ്യ യിലെ രാജാവിന് നൽകുകയും വേണം എന്ന് പ്രഖ്യാപിച്ചു. ഒടുവിൽ ഓസ്ട്രിയ നിയമസഭയിൽ നിന്ന് പിൻമാറി. ഒരു ഭരണഘടന അസംബ്ലി രൂപീകരിച്ച് ലിറ്റിൽ ജർമ്മൻകാർ പ്രഷ്യയിലെ രാജാവ് ഫ്രെഡ്റിക് വില്യം ഭരണഘടനാപരമായ രാജവാഴ്ച വാഗ്ദാനം ചെയ്തു. എന്നിരുന്നാലും രണ്ടാമത്തെയാൾ തനിക്ക് കിരീടം അർപ്പിക്കുന്ന നിയമസഭയുടെ വിപ്ലവകരമായ ആശയം അംഗീകരിക്കാൻ അദ്ദേഹം ആഗ്രഹിക്കാത്തതിനാൽ അത് നിരസിച്ചു.



ബിസ്മാർക്ക്

ജർമ്മൻ രാജ്യങ്ങളെ അതിന്റെ നേതൃത്വത്തിൽ ഒന്നിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ചാൻസലർ പ്രഷ്യയിലെ ഓട്ടോ വോൺ ബിസ്മാർക്ക് അതിനെ ശക്തമായ ഒരു സംസ്ഥാനമാക്കി മാറ്റി. അദ്ദേഹം ഏകീകരണം നേടുന്നതിനായി രക്ത ഇരുമ്പ് നയം സ്വീകരിച്ചു. ഓസ്ട്രിയയുമായും ഫ്രാൻസുമായും സായുധ സംഘടന നടത്താതെ ജർമ്മനിയുടെ ഏകീകരണം സാധ്യമല്ലെന്ന് അദ്ദേഹം മനസ്സിലാക്കി. നയതന്ത്ര നീക്കങ്ങളിലൂടെ ഓസ്ട്രിയയുമായും ഫ്രാൻസുമായും അദ്ദേഹം കലഹിച്ചു. പ്രഷ്യയും ഓസ്ട്രിയും തമ്മിൽ സംഘർഷമുണ്ടായാൽ ബിസ്മാർക്ക് റഷ്യയുമായി ചർച്ചകൾ ആരംഭിക്കുകയും റഷ്യൻ നിഷ്പക്ഷത ഉറപ്പാക്കുകയും ചെയ്തു. ജർമ്മനിയുടെ ഏകീകരണം കൈവരിക്കാൻ ബിസ് മാർക്കിന് മൂന്ന് യുദ്ധങ്ങൾ ചെയ്യേണ്ടി വന്നു.

ബിസ്മാർക്ക് അഭിപ്രായപ്പെട്ടു ഭൂരിപക്ഷങ്ങളുടെ പ്രസംഗങ്ങളിലൂടെയും പ്രമേയങ്ങളിലൂടെയും യുഗത്തിലെ ശക്തമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല. മറിച്ച് രക്തവും ഇരുമ്പും കൊണ്ട് സാധിക്കും..

ഷ്ലെസ്വിഗ് ഹോൾസ്റ്റീൻ ചോദ്യം

ഡെൻമാർക്കിന്റെ നിയന്ത്രണത്തിലുള്ള ജർമ്മനി സംസ്ഥാനങ്ങളായിരുന്നു ഷ്ലെസ്വിഗും ഹോൾസ്റ്റെയ്നും 1863 ൽ ഡെൻമാർക്ക് രാജാവ് ഈ രണ്ട് ഡച്ചികളെയും തന്റെ രാജ്യത്തിൽ ലയിപ്പിച്ചു. ഡെൻമാർക്കിനെതിരെ സംയുക്ത നടപടി ഓസ്ട്രിയയ്ക്ക് ബിസ്മാർക്ക് നിർദ്ദേശിച്ചു. 1864 ൽ പ്രഷ്യയുടെയും ഓസ്ട്രിയയുടെയുംസംയുക്തസേന ഡെൻമാർക്കിനെ പരാജയപ്പെടുത്തി വിയന്ന ഉടമ്പടി പ്രകാരം ഡെൻമാർക്ക് പ്രഷ്യയ്ക്കും ഓസ്ട്രിയയ്ക്കും മുന്നിൽ ഡച്ചികളെ കീഴടക്കി. ഷ്ലെസ്വിഗിന്റെയും ഹോൾസ്റ്റീന്റെയും ഗതിയിൽ വ്യത്യാസങ്ങൾ ഉടലെടുത്തു. ജർമ്മൻ കോൺഫെഡറേഷന്റെ ഭാഗമാക്കണമെന്ന് ഓസ്ട്രയആഗ്രഹിച്ചപ്പോൾബിസ്മാർക്ക്അവരെപ്രത്യേകം ഭരിക്കാൻ ആഗ്രഹിച്ചു. 1865 ൽ ഗാസ്റ്റീൻ കൺവെൻഷൻ പ്രകാരം ഹോൾസ്റ്റീൻ ഓസ്ട്രീയയുടെയും ഷ്ലെസ്വിഗിന്റെയും നിയന്ത്രണത്തിലായിരിക്കുമെന്നും പ്രഷ്യയുടെ നിയന്ത്രണത്തിലാണെന്നും ധാരണ യായി. ഹോൾസ്റ്റീന് ഒരു വലിയ ജർമ്മൻ ജനസംഖ്യയുണ്ടായിരുന്നു. അത് പ്രഷ്യൻ പ്രദേശത്തിനകത്താണ് സ്ഥിതിചെയ്യുന്നത്. ഓസ്ട്രിയയുടെ ഭരണം ബുദ്ധിമുട്ടാണ്. ജർമ്മൻ കോൺഫെഡറേഷന്റെ ഡയറ്റിലേക്ക് ഇത് പരിഗണിക്കാൻ ഓസ്ട്രിയ തീരുമാനിച്ച പ്പോൾ, അത് ഗാസ്റ്റീൻ കൺവെൻഷൻ ലംഘിച്ചു. ഹോൾസ്റ്റീന്റെ അധിനിവേശത്തിന് പ്രഷ്യൻ സൈനികരോട് ബിസ്മാർക്ക് ഉത്തരവിട്ടു.

ഓസ്ട്രിയ പ്രഷ്യൻ യുദ്ധം 1866



ഓസ്ട്രിയ പ്രഷ്യൻ യുദ്ധം

നയതന്ത്രത്തിലൂടെ ബിസ്മാർക്ക് റഷ്യയുടെയും ഫ്രാൻസിന്റെയും നിഷ്പക്ഷത ഉറപ്പുവരുത്തിയിരുന്നു. ഓസ്ട്രിയയെ വെനീഷ്യയിൽ നിന്ന് പുറത്താക്കാൻ ആഗ്രഹിച്ച പ്ലെഡ്മോണ്ട് സാർഡിനിയയുടെ പിന്തുണയും അദ്ദേഹത്തിന് ലഭിച്ചു. അങ്ങനെ ഒരു വലിയ ശക്തിയിൽ നിന്ന് ഓസ്ട്രിയയ്ക്ക് പിന്തുണ ലഭിക്കില്ലെന്ന് ഉറപ്പുവരുത്തിയ അദ്ദേഹം പ്രഷ്യയെ ആക്രമിക്കാൻഓസ്ട്രിയയെനിർബന്ധിച്ചു.അങ്ങനെഏഴ്ആഴ്ച നടന്ന യുദ്ധം ഓസ്ട്രാ പ്രഷ്യൻ യുദ്ധം എന്ന് അറിയപ്പെടുന്നു. സഡോവ യുദ്ധത്തിൽ അല്ലെങ്കിൽ ബോഹെമിയയിലെ കൊന്നി ഗ്രാറ്റ്സിൽ യുദ്ധത്തിൽ പ്രഷ്യ ഓസ്ട്രിയയെ പരാജയപ്പെടുത്തി. ഓസ്ട്രിയയിലേക്ക് മാർച്ച് ചെയ്ത് വിയന്ന പിടിച്ചെടുക്കാൻ പ്രഷ്യൻ സൈന്യം ആഗ്രഹിച്ചപ്പോൾ ബിസ്മാർക്ക് അതിനെ എതിർത്തു പ്രേഗ് ഉടമ്പടിയോടെ യുദ്ധം അവസാനിപ്പിച്ചു. അവസാനം ഓസ്ട്രിയ മഗർമാൻ കോൺഫെഡറേഷ നിൽ നിന്ന് പിൻമാറി. പ്രഷ്യയുടെ കീഴിലുള്ള വടക്കൻ സംസ്ഥാനങ്ങൾ രൂപീകരിച്ചു. പരാജയപ്പെട്ടെങ്കിലും പ്രഷ്യയെ പിന്തുണച്ചതിന് ഇറ്റലിക്ക് വെനീഷ്യയെ സമ്മാനമായി ലഭിച്ചു. അതുപോലെ നാർത്ത് ജർമ്മൻ കോൺഫെഡറേഷനിൽ മെയിൻ നദിക്ക് വടക്ക് 22 സംസ്ഥാനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. 1867 ജൂലൈ 1 ന് ഒരു പുതിയ ഭരണഘടന നിലവിൽ വന്നു. തെക്കൻ സംസ്ഥാനങ്ങളെ വിജയിപ്പിക്കാനുള്ള ശ്രമത്തിൽ ബിസ്മാർക്ക് സൗഹൃദ പരമായനയമാണ് പിന്തുടർന്നത്.

ഫ്രാങ്കോ പ്രഷ്യൻ യുദ്ധം 1870–71



ഫ്രാങ്കോ പ്രഷ്യൻ യുദ്ധം

ബിസ്മാർക്ക് അടുത്തതായി തെക്കൻ ജർമ്മൻ രാജ്യങ്ങളെ ഒന്നിപ്പിക്കുന്നതിനായി പ്രഷ്യയും ഫ്രാൻസും തമ്മിൽ വിള്ളൽ സൃഷ്ടിച്ചു. സ്പാനിഷ് സിംഹാസനത്തിന്റെ പിഗാമിയെക്കുറിച്ചുള്ള അവസരമാണ് അവസാനം ലഭിച്ചത്. ഇസബെല്ലാ രാജ്ഞിയെ നാടിൽ നിന്ന് പുറത്താക്കിയ സ്പെയിനിലെ ഒരു വിപ്ലവത്തിനുശേഷം പ്രഷ്യയിലെ രാജാവിന്റെ ബന്ധുവായ ലിയോപോൾഡ് രാജകുമാരന് സിംഹാസനം വാഗ്ദാനം ചെയ്തു. ഈ വിഷയത്തിൽ ഫ്രാൻസ് പ്രക്ഷോഭത്തിലായിരുന്നു ലിയോപോൾഡ് രാജകുമാരൻ ഈ വാഗ്ദാനം നിരസിച്ചപ്പോൾ യുദ്ധ ഭീഷണി ഒഴിവാക്കപ്പെട്ടു. ബിസ്മാർക്ക് നിരാശനായി.

എന്നിരുന്നാലും ഫ്രഞ്ച് വിദേശകാര്യ മന്ത്രി ഗ്രാമോണ്ട് എമ്മിൽ പ്രഷ്യയിലെ രാജാവിനെ കണ്ടപ്പോൾ ഒരു പുതിയ അവസരം ലഭിച്ചു. ഭാവിയിൽ സ്പെയിനിന്റെ സിംഹാസനം അവകാശപ്പെടില്ലെന്ന് പ്രഷ്യ വാഗ്ദാനം ചെയ്യണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ചർച്ചയെക്കുറിച്ച് പ്രഷ്യൻ രാജാവ് ബിസ്മാർക്കിലേക്ക് ഒരു ടെലിഗ്രാം അയച്ചു. തങ്ങളുടെ രാജാവിനെ അപമാനിച്ചുവെന്ന് പ്രഷ്യക്കാർ കരുതിയിരിക്കെ, തങ്ങളുടെ സ്ഥാനപതിയെ അപമാനിച്ചുവെന്ന് ഫ്രഞ്ചുകാർ കരുതുന്ന രീതിയിലാണ് അദ്ദേഹം ഇത് എഡിറ്റുചെയ്തത്. എംസ് ടെലിഗ്രാം ഫ്രങ്കോ പ്രഷ്യൻ യുദ്ധത്തിന് തുടക്കമിട്ടു.



പ്രഷ്യയ്ക്കെതിരെ ഫ്രാൻസ് യുദ്ധം പ്രഖ്യാപിച്ചു. സെഡാൻ യുദ്ധത്തിൽ (2 സെപ്റ്റംബർ 1870) ഫ്രാൻസ് പരാജയപ്പെട്ടു. ഫ്രഞ്ച് രാജാവ് നെപ്പോളിയൻ മൂന്നാമൻ കീഴടങ്ങി. ബിസ്മാർക്ക് തുടർന്നു പാരീസിലേക്ക് മാർച്ച് ചെയ്ത് അത് പിടിച്ചെടുത്തു. 1871ലെ ഫ്രാങ്ക്ഫർട്ട് ഉടമ്പടി യിലൂടെ യുദ്ധം അവസാനിച്ചു. ബിസ്മാർക്ക് ഫ്രാൻ സിന് മേൽ കടുത്ത നിബന്ധനകൾ ഏർപ്പെടുത്തി. ഫ്രാൻസ് അൽസേസ് ലോറൈനെ ഒഴിവാക്കി, ഒരു വലിയ യുദ്ധ നഷ്ടപരിഹാരം നൽകാൻ സമ്മതിച്ചു. വെർസൈൽസ് കൊട്ടാരത്തിൽ, പ്രഷ്യയിലെ വില്യം ഒന്നാമൻ രാജാവിനെ ജർമ്മനി ചക്രവർത്തിയായി പ്രഖ്യാപിച്ചു. ഇത്ഉത്തര ജർമ്മൻ കോൺഫെഡറേഷനും തെക്കൻ സംസ്ഥാനങ്ങളും സംയോജിപ്പിച്ചു. അങ്ങനെ ജർമ്മനിയുടെ ഏകീകരണം നേടിയത് നയതന്ത്രവും യുദ്ധവും ചേർന്നതാണ്.



നെപ്പോളിയൽ രാജാവ് മൂന്നാമൻ

ഫ്രാൻസിലെ മൂന്നാമത്തെ റിപ്പബ്ലിക്കിന്റെ സ്ഥാനം

യുദ്ധത്തിനുശേഷം നെപ്പോളിയൻ മൂന്നാമൻ തടവുകാരനായി, പിന്നീട് അദ്ദേഹത്തിന്റെ സർക്കാരിനെ പാരീസിലെ ഒരു കൂട്ടം റിപ്പബ്ലിക്കൻമാർ അട്ടിമറിച്ചു. പുതിയ ഭരണഘടന തയ്യാറാക്കുന്ന തുവരെ രാജ്യം ഭരിക്കാൻ താൽക്കാലിക സർക്കാർ രൂപീകരിച്ചു. 1871 ഫെബ്രുവരിയിൽ ഒരു ദേശീയ ഭരണഘടനാ അസംബ്ലിയിലേക്ക് തിരഞ്ഞെടുപ്പ് നടന്നു. അംഗങ്ങളിൽ ഭൂരിഭാഗവും രാജവാഴ്ചക്കായിരുന്നു. ഫ്രഞ്ച് ജനത ഒരു രാജവാഴ്ചയെ ഇഷ്ടപ്പെട്ടു. എന്നല്ല. മറിച്ച് സമാധാനത്തിനായി അവർ കൊതിച്ചു രാജവാഴ്ചക്കാർ പ്രതീക്ഷകളില്ലാതെ ഭിന്നിച്ചു. അതിനാൽ നാലു വർഷത്തോളം സർക്കാറിന്റെ രൂപത്തെ കുറിച്ച് കൃത്യമായ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ഒടുവിൻ 1875 ജനുവരിയിൽ ദേശീയ അസംബ്ലി ഒരു റിപ്പബ്ലിക്കൻ സ്ഥാപനത്തെ സൂചിപ്പിച്ചു.

പാരീസ് കമ്മ്യൂൺ, 1871

വൻതോതിലുള്ള സാമ്പത്തികവും ഫ്രഞ്ച് അൽസൈസ് ലോറൈനും പ്രഷ്യയിലേക്ക് കൈവശപ്പെടുത്താനുള്ള ശ്രമത്തിൽ പ്രഷ്യൻ സൈന്യം പാരീ സിനെ ഉപരോധിച്ചു. ശൈത്യകാലത്ത് വീടുകൾ ചുറ്റിക്കറങ്ങാൻ പട്ടിണിയും ഇന്ധനവുമില്ലാത്ത ആളുകളുമായി അവിശ്വസനീയമായ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യരിലാണ് പാരീസ് അഞ്ച് മാസത്തെ ഉപരോധം നടത്തിയത്. തൊഴിലാളികൾ, കരകൗശലത്തൊഴിലാളികൾ, അവരുടെ കുടുംബം എന്നിവർ വില കുതിച്ചുയരുന്നതോടെ കഷ്ടപ്പാടുകളുടെ മുഴുവൻ ആഘാതവും സംഭവിച്ചു. ധാരാളം രാജവാഴ്ചക്കാരെ ദേശീയ അസംബ്ലിയിലേക്ക് തിരിച്ചയച്ചപ്പോൾ പാരീസുകൾ കുഴപ്പത്തിലായി. റിപ്പബ്ലിക്കിന്റെ വിശ്വാസവഞ്ചന വന്നു 71 കാരനായ തിയേഴ്സിന്റെ നിയമം പാരീസ് വീണ്ടുംസായുധരായിപ്രഷ്യയുമായുള്ള കരാർ വ്യവസ്ഥകൾ പ്രകാരം സാധാരണ സൈന്യം പിരിച്ചു വിട്ടതിനാൽ പാരീസിലെ ജനങ്ങൾ ആയുധം സൂക്ഷിച്ചു. നാഷണൽ ഗാർഡിനൊപ്പം, ഇപ്പോൾ ഒരു തൊഴിലാളി വർഗ്ഗ സംഘവും, അവർ സൈനികരെ വളഞ്ഞു. ജനറലുകളിലൊരാളായ ലെകോംടെ കാണികൾക്ക് നേരെ മൂന്ന് തവണ വെടിയുതിർക്കാൻ ഉത്തരവിട്ടു. പട്ടാളക്കാർ നിശ്ചലരായി നിന്നു. ജനക്കൂട്ടം പട്ടാളക്കാരുമായി ചേർന്നു നിൽക്കുകയും പണമടയ്ക്കൽ ലെകോംറ്റെയെയും ഉദ്യോഗസ്ഥരെയും അറസ്റ്റ് ചെയ്യുകയും ചെയ്തു. അന്ന് തിയേഴ്സും സർക്കാരും തലസ്ഥാനത്ത് നലന്ന് ഓടിപ്പോയി ലോകത്തിലെ മഹാനഗരങ്ങളിലൊന്ന് സായുധ തൊഴിലാളികളുടെ കൈയിലായിരുന്നു.



പാരിസ് കമ്മ്യൂൺ

കമ്മ്യൂണുകൾ താല്പര്യങ്ങൾക്കനുസൃതമായി ഒട്ടേറെ നിയമങ്ങൾ നിർമ്മിച്ചു ബേക്കറിയിലെ രാത്രി ജോലികൾ നിരോധിച്ചു. വർക്ക്ഷോപ്പുകളും ഫാക്ടറികളും വർക്ക് അസോസിയേഷനുകൾക്ക് കൈമാറിയില്ലെങ്കിൽ അടച്ചുപൂട്ടേണ്ടിവരും വിധവകൾക്ക് പെൻഷൻ അനുവദിക്കുക, എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം നൽകുക, കൂടാതെ പലിശ സഹിതം കടം തിരിച്ചുപടിക്കുന്നത് എന്നിവ നിർത്തലാക്കി. അതിനാൽ ഈ കാലഘട്ടത്തിൽ തന്നെകമ്മ്യൂണുകളെ അടിച്ചമർത്താനായി റിപ്പബ്ലിക്കൽ ഗവൺമെന്റ് ഒരു സൈന്യത്തെ നിയോഗിച്ചു. ഫ്രഞ്ച് യുദ്ധതടവുകാരെ മോചിപ്പിക്കാൻ ബിസ്മാർക്കിനെ പ്രേരിപ്പിക്കുന്നതിൽ ഇത് വിജയിച്ചു. ഇത് അവരെ വെർസൈലിൽ ശേഖരിച്ചു. ഒപ്പം ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള പുതിയ റിക്രൂട്ട്മെന്റുകളും നാഷണൽ ഗാർഡിയെും കമ്മ്യൂണിന്റെയും കേന്ദ്രകമ്മിറ്റി ബ്ലാങ്കി സ്റ്റുകളും പ്രൂഡാനിസ്റ്റുകളും ചേർന്നതാണ്. പാരിസിലെ സംഭവങ്ങളെ സ്വാധീനിക്കാൻ മാർക്സിന് കഴിഞ്ഞില്ല. താമസിയാതെ കമ്മയൂണിന്റെ തോൽവി തിയേഴ്സിന് ലഭിച്ചു. അതിനുശേഷം അക്രമത്തിന്റെ ഒരു സംഘർഷമുണ്ടായി. കമ്മ്യൂണിനായി പോരാടിയ ആരെയും സംക്ഷിപ്തമായി വെടിവച്ചു. സൈന്യം തെരുവുകളിൽ പട്രോളിംഗ്നടത്തിദരിദ്രരെവിചാരണ കൂടാതെ കടവിലാക്കി വധിക്കപ്പെട്ടു. 20,000 മുതൽ 30,000 വരെ പേർ കൊല്ലപ്പെട്ടതായി കണക്കാക്കപ്പെടുന്നു. അറസ്റ്റിലായ 40,000 കമ്മ്യൂണിറ്റുകളിൽ (കമ്മ്യൂണിലെ അംഗങ്ങൾ) 5000 പേരെ നാടുകടത്താനും 8,000 പേരെ ജയിൽ ശിക്ഷയ്ക്കും വിധിച്ചു.

കമ്മ്യൂണിൽ കാറൾ മാർക്സിന് ഇങ്ങനെ പറയാനുണ്ടായിരുന്നു. മൂലധനത്തിന്റെ പുതിയ ലോകം ഇതുവരെ നേരിട്ട ഏറ്റവും വലിയ വെല്ലുവിളിലെയും അതിനെ എതിർത്ത് മൂലധനം സൃഷ്ടിച്ച പുതിയ വർഗ്ഗത്തിന് ഏറ്റവും വലിയ പ്രചോദനത്തെയും ഇത് പ്രതിനിധീകരിച്ചു.

നീണ്ടകാല സാമ്പത്തിക മാന്ദ്യം (1873–1896)

1865 1873 കാലഘട്ടത്തിൽ ലോകം അഭൂതപൂർവമായ സാമ്പത്തിക കുതിപ്പിന് സാക്ഷ്യം വഹിച്ചു. ഈ ഏകീകരണം 1870 നും 1873 നും ഇടയിൽ ജർമ്മനിയിൽ അസാധാരണമായ കുതിച്ചുചാട്ടത്തിന് കാരണമായി. ഈ കാലയളവിൽ 857 പുതിയ കമ്പനികൾ ആരംഭിച്ചു. ജർമ്മനിയുടെ ചരിത്രത്തിൽ സമാനതകളില്ലാത്തതായിരുന്നു അത്. 1865 നും 1875 നും ഇടയിൽ റെയിൽവേ സംവിധാനം ഏകദേശം ഇരട്ടിയായി. പതിനായിരക്കണക്കിന് പർമ്മൻകാർ ആദ്യമായി രാജ്യസ്നേഹവും പുതിയ ജർമ്മൻ സാമ്രാജ്യത്തിന്റെ ഭാവിയിലുള്ള വിശ്വാസവും പ്രകടിപ്പിക്കുന്നതിനായി സ്റ്റോക്കിൽ

നിക്ഷേപിച്ചു.

ആദ്യന്തര യുദ്ധം അവസാനിച്ചതിനുശേഷം അമേരിക്കയും ഒരു സാമ്പത്തിക പരിവർത്തനത്തിന് വിധേയമായി, വൻകിട ബിസിനസ്സ് സ്ഥാപനങ്ങളുടെ വ്യാപനത്താൽ അടയാളപ്പെടുത്തി, ദേശീയ തൊഴിലാളി യൂണിയനുകളുടെ ഉയർച്ചയോടെ കാർഷിക മേഖലയുടെ വിപുലമായ വികസനം പങ്കെടുത്തു. യു.എസ്.എയിൽ 1870 മുതൽ 1900 വരെയുള്ള കാലഘട്ടത്തെ ഗിൽഡസ് യുഗം എന്ന് വിളിച്ചു. വ്യവസായ വൽക്കരണത്തിന്റെ ദ്രുതഗതിയിലുള്ള വികാസം 1860 നും 1890 നും ഇടയിൽ 60% യഥാർത്ഥ വേതന വളർച്ചയിലേക്ക് നയിച്ചു. ഒരു വ്യവസായിക തൊഴിലാളികളികളുടെ ശരാശരി വാർഷിക വേതനം (പുരുഷൻമാർ, സ്ത്രീകൾ, ഉൾപ്പെടെ) (കുട്ടികൾ) 1880 ൽ 380 ഡോളറിൽ നിന്ന്

1890 ൽ 564 ഡോളറായി ഉയർന്നു. എന്നിരുന്നാലും ദാരിദ്ര്യത്തിന്റെയും അസമത്വത്തിന്റെയും കാലഘട്ട മായിരുന്നു. ഗിൽഡസ് യുഗം, കാരണം ദരിദ്ര പ്ര ദേശങ്ങളിൽ നിന്നുള്ള ദശലക്ഷക്കണക്കിന് കുടിയേ റ്റക്കാർ അമേരിക്കയിലേക്ക് ഒഴുകിയെത്തി. കുറച്ച് കൈകളിലെ സമ്പത്തിന്റെ ഉയർന്ന സാന്ദ്രത കൂടുതൽ ദൃശ്യമാകുകയായിരുന്നു.

1873 മെയ് മാസത്തിൽ വിയന്ന സ്റ്റോക്ക് മാർക്ക റ്റിന്റെ തകർച്ചയാണ് ഇത് സൂചിപ്പിച്ചത്. സാമ്പത്തിക മാന്ദ്യം ലോകമെമ്പാടും 1896 വരെ നീണ്ടുനിന്നു ഇതിനെ ലോംഗ് ഡിപ്രഷൻ എന്ന് വിളിക്കുന്നു. ഇത് യൂറോപ്പിനെയും യു.എസി നെയും വളരെയധികം ബാധിച്ചു. അമേരിക്കൻ റെയിൽ പാതകൾ പാപ്പരായി. ജർമ്മൻ ഓഹരികൾ 60 ശതമാനം ഇടിഞ്ഞു. വിലയിൽ ഇടിവായതിനാൽ കൃഷിയെ ഏറ്റവും കൂടുതൽ ബാധിച്ചു മത്സരം തടയുന്നതിന് സംരക്ഷണ താരിഫ് ഏർപ്പെടുത്തിയാണ് പല രാജ്യങ്ങളും പ്രതികരിച്ചത്.



1873 ലെ പരിഭ്രാന്തി

ഗിൽഡഡ് യുഗം തൊഴിലാളിവർഗത്തെ തീവ്ര മായി അണിനിരത്തുന്ന ഒരു യുഗമായിരുന്നു. പല രാജ്യങ്ങളിലും സോഷ്യലിസ്റ്റ്, തൊഴിലാളി പ്രസ്ഥാ നങ്ങൾ ഒരു ബഹുജന പ്രതിഭാസമായി ഉയർന്നു വന്നു. വ്യവസായിക മുതലാളിത്തം യു.എസിൽ ഉച്ച സ്ഥായിയിലെത്തിയപ്പോൾ, ഓരോ വർഷവും ഒരു ലക്ഷത്തോളം തൊഴിലാളികൾ പണിമുടക്കി. ഉദാഹ രണത്തിന്, 1892 ൽ 164,000 തൊഴിലാളികൾ ഉൾപ്പെട്ട 1,298 പണിമുടക്കുകൾ രാജ്യത്തുടനീളം നടന്നു. തൊഴി ലാളികളുടെ വേതനം, തൊഴിൽ സമയം തൊഴിൽ സാഹചര്യങ്ങൾ എന്നിവ സംരക്ഷിക്കുകയെന്ന ലക്ഷ്യ ത്തോടെയുള്ള ട്രേഡ് യൂണിയനുകൾ വർദ്ധിച്ചു കൊണ്ടിരുന്നു.

ട്രേഡ് യൂണിയനുകളുടെ ഉയർച്ചയുമായി പൊരു ത്തപ്പെടാൻ കഴിയാത്ത മുതലാളിമാർ പ്രത്യാക്രമണം നടത്തി. സോഷ്യലിസ്റ്റുകൾ പീഡനത്തിന് ഇരയായി. 1892 ൽ കാർനെഗീ സ്റ്റീൽ കമ്പനിയുടെ ഹോംസ്റ്റേഡ് സ്റ്റീൽ വർക്ക്സിൽ നടന്ന പണി മുടക്ക് അവസാനി ച്ചത് യൂണിയനൈസ്ഡ് തൊഴിലാളികളും കമ്പനി നിയമിച്ച പുരുഷൻമാരും തമ്മിലുള്ള വെടിവയ്പി ലാണ്. കമ്പനി മാനേജ്മെന്റിനെ സംസ്ഥാനം പിൻതു ണച്ചു. അതിന്റെ ഫലമായി സ്റ്റീൽ തൊഴിലാളികൾക്ക് ഒടുവിൽ പണി മുടക്ക് നഷ്ടമായി. അമേരിക്കൻ റെയിൽവേ യൂണിയൻ ഉൾപ്പെടുന്ന ദേശീയ റെയിൽവേ പണിമുടക്ക് 1894 ലെ പുൾമാൻ സ്ട്രൈക്ക് സായുധ പോലീസും പിങ്കേർട്ടൺ സ്വകാര്യ ഡിക്ടറ്റീവുകളും അടിച്ചു തകർത്തു.



പുൽമാൻ സമരം

ജർമ്മനിയിൽ സോഷ്യലിസ്റ്റ് ഡെമോക്രാറ്റിക് പാർട്ടി (എസ്.ഡി.പി) ഒരു ജനപ്രിയ പാർട്ടിയായി ഉയർന്നുവന്നു. എന്നിരുന്നാലും സോഷ്യലിസ ത്തിന്റെ വളർച്ച പരിശോധിക്കുന്നതിനായി ബിസ് മാർക്ക് സോഷ്യലിസ്റ്റ് വിരുദ്ധ നിയമനിർമ്മാണങ്ങൾ അവതരിപ്പിച്ചു. ഈ പിന്തുണ ഉണ്ടായിരുന്നതിനാൽ പാർട്ടിക്ക് പിന്തുണ വർദ്ധിച്ചു. 1890 ന് ശേഷം സോഷ്യലിസ്റ്റ് വിരുദ്ധ നിയമങ്ങൾ റദ്ദാക്കിയതോടെ സോഷ്യലിസ്റ്റ് ട്രേഡ് യൂണിയനുകൾക്ക് പരസ്യ മായി പ്രവർത്തിക്കാൻ കഴിഞ്ഞു. എസ്.ഡി.പിയുടെ റീച്ച്സ്റ്റാഗ് സീറ്റുകളുടെ വിഹിതം 1887 ൽ 3 ശതമാ നത്തിൽ നിന്ന് 1903 ൽ 20 ശതമാനമായി ഉയർന്നു..

ബ്രിട്ടനിൽ 1880 കളിൽ ബ്രയന്റ് മെയ് തീപ്പെട്ടി തൊഴിൽശാല എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളും കൗമാരക്കാരായ പെൺകുട്ടികളും നട ത്തിയ പ്രശസ്ത തീപ്പെട്ടി സമരം എന്നിവ വിജയ



തീപ്പെട്ടി സമരം

ത്തോടെ അവസാനിപ്പിച്ചു. ലണ്ടനിലും ഡോക്ക് സമരം (1889) ൽ ഉണ്ടായിരുന്നു. എന്നാൽ ഡോക്ക് ഉടമകളെ ഇത് ബാധിച്ചു. പക്ഷെ 1890 ൽ ബ്രിട്ടീഷ് തൊഴിലുടമകൾ യു.എസിൽ തങ്ങളുടെ എതിരാളികളുടെ പുതിയ യൂണിയനുകൾ സംഘടിപ്പിക്കുകയും തൊഴിലാളികളെ പട്ടിണിയിലാക്കുകയും സ്വമേധയാ ഫാക്ടറികൾ അടയ്ക്കുകയും ചെയ്തു.

സംഗ്രഹം

- തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളുടെ ഉയർച്ചയിലേക്കും സോഷ്യലിസത്തിന്റെ വരവിലേക്കും നയിക്കുന്ന ജനാധിപത്യത്തിനും വ്യവസായിക വിപ്ലവത്തിനും വേണ്ടി പോരാടുന്നതിന് ലിബറലിസവും ദേശീയതയും കൈകോർക്കുന്നു..
- ആദ്യകാല സോഷ്യലിസ്റ്റുകളും മാർക്സും അവരുടെ സംഭാവനകളും ചർച്ചചെയ്യുന്നു.
- 1830, 1840 ലെ വിപ്ലവങ്ങളും പടിഞ്ഞാറൻ യൂറോപ്പിൽ ലിബറലിസം ഉപേക്ഷിക്കുന്ന ദേശീയതയുടെ വർദ്ധിച്ചു വരുന്ന അക്രമണാത്മസ്വാഭാവവും എടുത്തു കാണിക്കുന്നു.
- ഇറ്റലിയിലേയും ജർമ്മനിയിലേയും ദേശീയതയുടെ ഉയർച്ചയും അവ ദേശീയ രാജ്യങ്ങളായി ഉയർന്നതും വിശദമാക്കുന്നു..
- 1873 1896 ലെ നീണ്ടമാന്ദ്യകാലത്ത് മുതലാളിത്ത വ്യവസ്ഥയുടെ അന്തർനിർമ്മിതമായ ഭരണകൂടമായി സഹകരിച്ച് നിരുപാധികം കൈകാര്യം ചെയ്തു അദ്ധ്വാനത്തിന്റെ വർദ്ധിച്ചുവരുന്ന തീവ്രതയും വിശകലനം ചെയ്യുന്നു.
- 1873 1896 കാലഘട്ടത്തിലെ മുതലാളിത്ത വ്യവസ്ഥയുടെ അന്തർനിർമ്മിതമായ ബലഹീനതയും, ഭരണകൂടവുമായി സഹകരിച്ച് മുതലാളിമാർ നിരുപാധികം കൈകാര്യം ചെയ്ത അദ്ധ്വാനത്തിന്റെ വർദ്ധിച്ചുവരുന്ന തീവ്രതയും വിശകലനം ചെയ്യുന്നു.

അഭ്യാസം

A7QTL

I. ശരിയായ ഉത്തരം എഴുതുക

1. നെപ്പോളിയൻ ആദ്യമായി നാടുകടത്തപ്പെട്ട സ്ഥലം _____
   (a) എൽബ (b) സെന്റ് ഹെലീന
   (c) കോർസിക (d) വാട്ടർലൂ
2. വാട്ടർ ലൂവിൽ ബ്രിട്ടീഷ്, ബെൽപിയൻ, പ്രഷ്യകൾ എന്നിവരുടെ സഖ്യസേന നെപ്പോളിയനെ പരാജയപ്പെടുത്തിയത് എവിടെവച്ചാണ് _____
   (a) ഫ്രാൻസ് (b) ജർമ്മനി
   (c) ബെൽജിയം (d) ഇറ്റലി
3. **പ്രസ്താവന (A):** എവിടെയെല്ലാംഉൽപാദനമാർഗ്ഗങ്ങൾ കൂട്ടുടമസ്ഥതയിൽ ഉണ്ടായിരുന്നുവോ അവിടെയെല്ലാം സാങ്കൽപിക സമത്വവാദികൾ മാതൃക സമൂഹങ്ങളെ നിർദ്ദേശിച്ചു..
   കാരണം (R): ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലാതാകുന്നതിന് ഒരു സോഷ്യലിസ്റ്റ് സമൂഹത്തെ കുറിച്ചുള്ള ദർശനാത്മകാശയത്തെ അവർ പ്രോത്സാഹിപ്പിച്ചു.
   (a) പ്രസ്താവനയും കാരണവും ശരി, കാരണം പ്രസ്താവനയെ വിശദമാക്കുന്നു.
   (b) പ്രസ്താവനയും കാരണവും ശരി. ആർ എയെ വിശദീകരിക്കുന്നില്ല
   (c) എ ശരിയാണ് ആർ തെറ്റാണ്
   (d) എ തെറ്റാണ് ആർ ശരിയാണ്
4. ഇംഗ്ലണ്ടിൽ തൊഴിലാളി സംഘടന നിയമ അംഗീകാരം നൽകിയ ആണ്ട് _____
   (a) 1815 (b) 1822 (c) 1824 (d) 1827
5. താഴെ കൊടുത്തിട്ടുള്ളവയിലെ ശരിയായവ തെരഞ്ഞെടുത്ത് എഴുതുക.

(A) പുതിയ ക്രിസ്തുമതം	1. വില്യം ലോവട്ട്
(B) സമൂഹത്തിന്റെ പുതിയ കാഴ്ച	2. ലൂയി ബ്ലാങ്
(C) റെവ്യൂ ഡു പ്രോഗ്രസ്	3. സെന്റ് സൈമൺ
(D) ഹുജന ശാശനം	4. റോബർട്ട് ഓവൻ

   (a) 2, 3, 4, 1 (b) 3, 4, 2, 1
   (c) 1, 4, 3, 2 (d) 3, 1, 2, 4
6. മാർക്സും ഏംഗൽസും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ച വർഷം _____
   (a) 1842 (b) 1848 (c) 1867 (d) 1871
7. **അവകാശവാദം (A):** ചാർട്ടിസ്റ്റ് പ്രസ്ഥാനം ഒരു കലാപമോ സമരമോ ആയിരുന്നില്ല..
   കാരണം (R): അത് തൊഴിലാളി വർഗ്ഗത്തിന്റെ സംഘടിത പ്രസ്ഥാനമായിരുന്നു.s.
   (a) A, R എന്നിവ ശരിയാണ്, R, A യെ വിശദീകരിക്കുന്നു.
   (b) A, R എന്നിവ ശരിയാണ്, R, A യെ വിശദീകരിക്കുന്നില്ല.
   (c) A ശരിയാണ് R തെറ്റാണ്
   (d) A തെറ്റാണ്, R ശരിയാണ്
8. ചാർട്ടിസ്റ്റിന്റെ പ്രധാന പത്രം _____
   (a) പാവം മനുഷ്യന്റെ രക്ഷാധികാരി
   (b) ചാർട്ടർ

(c) വടക്കൻ നക്ഷത്രം

(d) ഇൽറിസോർജിമെന്റോ

9. നെപ്പോളിയൻ ബോണപാർട്ടിന്റെ അനന്തരവൻ ലൂയി നെപ്പോളിയൻ അലങ്കരിച്ച പദവി _____

(a) നെപ്പോളിയൻ II (b) നെപ്പോളിയൻ III

(c) ഡ്യൂക്ക്ഓഫ്ഓർലിയൻസ്

(d) നെപ്പോളിയൻ IV

10. കോഡ് ഡി ലാ നേച്ചറിന്റെ രചയിതാവ് _____

(a) ചാൾസ് ഫ്യൂറിയർ

(b) എറ്റിയെൻ ഗറബിയേൽ മൊറാലി

(c) സെന്റ് സൈമൺ

(d) ബക്കുനിൽ

11. **അവകാശവാദം (A):** 1848 ാം വർഷം ദേശീയതയുടെ സവിശേഷമായ വിജയങ്ങളിലൊന്നാണ്.

കാരണം (R): സർവ്വാധികാരം മറഞ്ഞതുപോലുള്ള അവസ്ഥ നിലനിന്നു.

(a) A, R ശരിയാണ്. R, A യെ വിശദീകരിക്കുന്നു

(b) A, R ശരിയാണ്. R, A യെ വിശദീകരിക്കുന്നില്ല

(c) A ശരിയാണ് R തെറ്റാണ്

d) A തെറ്റാണ് R ശരിയാണ്

12. രണ്ടാം അന്തർദേശ സമ്മേളനം നടന്നത് എവിടെയാണ് _____

(a) പാരിസ് (b) ബെർലിൻ (c) ലണ്ടൻ (d) റോം

13. യുവ ഇറ്റലി പ്രസ്ഥാനം _____

(a) 1822 (b) 1827 (c) 1831 (d) 1846

14. ബർമ്മ, മെഡോണ പിന്നെ ടസ്ക്കനി എന്നീ രാജ്യങ്ങൾ _____ നുശേഷമാണ് പീഡ്മൗണ്ട് സർഡീനിയ സാമ്രാജ്യത്തോട് കൂടിച്ചേർന്നത്

(a) ഹിത പരിശോധന

(b) ചാൾസ് ആൽബർട്ടിന്റെ ആഗമനം

(c) സോൾഫെറിന ഉടമ്പടി

(d) വില്ല ഫ്രാങ്ക ഉടമ്പടി

15. രണ്ട് ലോകങ്ങളുടെ നായകൻ എന്ന് അറിയപ്പെടുന്നത് ആരാണ്.

(a) ചാൾസ് ആൽബർട്ട് (b) ബിസ്മാർക്ക്

(c) നെപ്പോളിയൻ III (d) ഗാരിബാൽഡി

16. ഏതിനിടയിൽ നിന്നാണ് ഏഴ് ആഴ്ച യുദ്ധം നടന്നത് _____

(a) ടെൻമാർക്കിനും പ്രഷ്യയ്ക്കുമിടയിൽ

(b) പീഡ്മോണ്ട് സാർഡിനിയ

(c) ഫ്രാൻസും പ്രഷ്യയും

(d) ആസ്ട്രിയയും പ്രഷ്യയും

17. ഫ്രാങ്കോ പ്രഷ്യ യുദ്ധം ആരംഭിക്കാൻ കാരണമെന്താണ് _____

(a) ഗാഡ്റ്റൈൻ സമ്മേളനം

(b) ഇം എം എസ് ടെലഗ്രാം

(c) ഫ്രാഗ് ഉടമ്പടി

(d) അൽസേസ് ലൊറൈൻ

18. ജർമ്മൻ രാഷ്ട്രത്തിന് ഒരു പരമ്പര കൈമാറിയത് _____ ആണ്.

(a) ജോഹാൻ വോൺ ഫെർഡർ

(b) ഫ്രെറിച്ച് ഷ്ലീഗൽ

(c) ജെ.ജി. ഫിച്ചെ

(d) ഒട്ടോ വോൺ ബിസ്മാർക്ക്

19. **അവകാശവാദം (A):** ജർമ്മനിയിൽ ദേശീയത എന്ന ആശയം ഫിച്ചെ പ്രോത്സാഹിപ്പിച്ചു..

കാരണം (R): യുവ ഇറ്റലിയുടെ നേതാവായിരുന്നു ഫിച്ചെ.

(a) A, R ശരിയാണ്. R, A യെ വിശദീകരിക്കുന്നു

(b) A, R ശരിയാണ്. R,A യെ വിശദീകരിക്കുന്നില്ല

(c) A ശരിയാണ് R തെറ്റാണ്

(d) A തെറ്റാണ് R ശരിയാണ്

20. താഴെ കൊടുത്തിട്ടുള്ളവയിൽ ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

(A) മെറ്റർനിച്ച്	1. പീഡ്മൗണ്ട് സാർഡിനിയ ഭരണാധികാരി
(B) ചാൾസ് X	2. ഫ്രഞ്ച് വിപ്ലവകാര്യ മന്ത്രി
(C) ഗ്രാമോണ്ട്	3. ഫ്രഞ്ച് രാജാവ്
(D) ചാൾസ് ആൽബർട്ട്	4. ഓസ്ട്രിയ ഹംഗറി ചാൻസലർ

(a) 1, 3, 4, 2 (b) 4, 2, 1, 3

(c) 4, 1, 2, 3 (d) 4, 3, 2, 1

II. കുറിപ്പ് എഴുതുക

1. 1848 ജൂൺ 24 നും 26 നും ഇടയിലുള്ള കാലഘട്ടം രക്തരൂക്ഷിതമായ ജൂൺ ദിവസമായി കണക്കാക്കുന്നത് എന്തുകൊണ്ട്?
2. മെറ്റർനിച്ചിന്റെ കാലഘട്ടത്തിൽ യൂറോപ്പിന്റെ ധാരണ എന്ത് പങ്കുവഹിച്ചു?
3. ഇറ്റലിയെ കേവലം ഭൂമിശാസ്ത്രപരമായ ഒരു പദ പ്രയോഗമായിട്ടാണ് മെറ്റെർനിച്ച് വിശേഷിപ്പിച്ചത് എന്തുകൊണ്ട്?
4. സാധു നിയമങ്ങളെ വിശദമാക്കുക.
5. 1864 ലെ ആദ്യത്തെ അന്താരാഷ്ട്ര വർക്കിംഗ് മെൻസ് അസോസിയേഷന്റെ വിവരണകുറിപ്പ് എഴുതുക.
6. ഇറ്റലിയുടെ ഏകീകരണത്തിന് കർബനാരിയുടെ സംഭാവന എടുത്തു കാണിക്കുക.
7. ഫ്രാങ്കോയിസ് ബാബൂഫ് ആരായിരുന്നു?
8. സോൾവെറീന്റെ പ്രാധാന്യം എന്തായിരുന്നു?
9. ഗിൽഡ് യുഗത്തെക്കുറിച്ച് നിങ്ങൾക്ക് എന്ത് അറിയാം ?
10. അമേരിക്കയുടെ സാമ്പത്തിക ചരിത്രത്തിൽ 1873 ന്റെ പ്രാധാന്യമെന്താണ്?

III. ചുരുക്കി ഉത്തരമെഴുതുക

1. ഫ്രാൻസ് തുമ്മുമ്പോൾ യൂറോപ്പിന് ജലദോഷം പിടിക്കുന്നു. വ്യക്തമാക്കുക.
2. വ്യാവസായിക വിപ്ലവമാണ് സോഷ്യലിസത്തിന്റെ ആശയങ്ങൾ ഉയർന്നുവരുന്നതിനുള്ള അടിസ്ഥാനം സ്ഥിരീകരിക്കുക.
3. റോബർട്ട് ഓവൻ തന്റെ ഫാക്ടറികളിലെ തൊഴിലാളികളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ കണക്കാക്കുക.
4. 1830 ജൂലൈ വിപ്ലവം ഫ്രാൻസിന്റെ മറ്റ് ഭാഗങ്ങളിൽ എങ്ങനെ പ്രത്യാഘാതമുണ്ടാക്കി?
5. പാരീസ് കമ്മ്യൂൺ രൂപീകരിക്കുന്നതിലേക്ക് നയിച്ച സംഭവങ്ങള കണ്ടെത്തുക.
6. ദരിദ്രരുടെയും തൊഴിലാളിവർഗ്ഗത്തിന്റെയും താൽപര്യങ്ങൾക്കായി പാരീസ് കമ്മ്യൂൺ സ്വീകരിച്ച നടപടികളെ ക്കുറിച്ച് ചർച്ച ചെയ്യുക..
7. ബ്രിട്ടനിലും അമേരിക്കയിലും നീണ്ട സാമ്പത്തിക മാന്ദ്യകാലത്ത് തൊഴിലാളിവർഗ സമരങ്ങളുടെ ഒരു വിവരണം നൽകുക.

IV. വിശദമായി ഉത്തരമെഴുതുക

1. പത്തൊൻപതാം നൂറ്റാണ്ടിലെ പ്രധാന കൂട്ടുചിന്ത ഗതിക്കാരെ തിരിച്ചറിയുകയും സോഷ്യലിസത്തിന് അവർ നൽകിയ സംഭാവനകൾ വിശദമാ ക്കുകയും ചെയ്യുക.
2. 1848 യൂറോപ്പിലെ മറ്റ് ഭാഗങ്ങളിൽ ഫ്രഞ്ച് വിപ്ലവങ്ങളുടെ രാഷ്ട്രീയ വീഴ്ചയെക്കുറിച്ച് പ്രതിപാദിക്കുക.
3. ഇറ്റലിയുടെ ഏകീകരണം വിവരിക്കുക?
4. ജർമ്മനിയുടെഏകീകരണത്തിന് യഥാർത്ഥവാസ്തുശില്പിയായി ബിസ്മാർക്കിനെ കണക്കാക്കുന്നത് എന്തുകൊണ്ട?

V. പ്രവർത്തനം

1. വിദ്യാർത്ഥികൾക്ക് നെപ്പോളിയൻ ബോണപാർട്ടിന്റെ യൂറോപ്പിലെ പ്രധാന യുദ്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കാം.
2. 1830 ജൂലൈ വിപ്ലവത്തെ 1848 ഫെബ്രുവരി വിപ്ലവവുമായി താരതമ്യം ചെയ്യാം.
3. ദേശീയ വിരുദ്ധവും വിപ്ലവ വിരുദ്ധവുമായ പ്രത്യയ ശാസ്ത്രമുണ്ടായിട്ടും മൂന്ന് പതിറ്റാണ്ടിലേറെയായി യൂറോപ്പിലുടനീളം ആധിപത്യം പുലർത്താൻ മെറ്റെർനിച്ചിന് കഴിയുമെന്ന് പര്യവേഷണം ചെയ്യും.
4. ഗിൽഡഡ് യുഗത്തിൽ അമേരിക്ക സാമ്പത്തിക കുതിച്ചുചാട്ടം അനുഭവിക്കുമ്പോൾ ധാരാളം ആളുകൾ ദാരിദ്ര്യത്തിൽ കഴിയുന്നത് എന്തുകൊണ്ടാണ് എന്ന് കണ്ടെത്തുക.

പരാമർശഗ്രന്ഥങ്ങൾ

- Edwards Mcnall Burns, ed., *World Civilizations: Their History and their Culture,* vol. II, W.W. Norton & Co., New York, 1991.
- Albert S.Lindemann, *A History of Modern Europe: From 1815 to the Present,* Wiley-Balckwell, West Sussex, UK, 2013.
- B.V. Rao, *History of Modern Europe, A.D. 1789-2013,* Sterling Publishers, New Delhi, 2014.
- Chris Harman, *A People's History of the World, Orient Longman,* 2007.
- *Encyclopaedia Britannica*

A-Z പദസമുച്ചയം

turmoil	confusion, disorder, unrest	കലഹം
fraternity	brotherhood	സാഹോദര്യം
foster	nurture, grow, bring up	വളർത്തൽ
exile	deport or expel from a country	നാടുകടത്തുക
despotically	in a harsh and oppressive manner	സ്വേച്ഛാധിപത്യപരമായി
tenement	dwelling, residence	വാസസ്ഥലം
abominably	in an offensive and hateful manner	വെറുക്കത്തക്ക
unbridled	not controlled	നിയന്ത്രണമില്ലാതെ
unscrupulous	without principles	ആശയരഹിതമായ
physiocrat	one who believes that the inherent natural order governing society is based on land.	പ്രകൃതി ക്രമം വിശ്വസിക്കുന്ന ആൾ
denounce	reject, condemn	നിരസിക്കുക
utopia	ideally perfect state, an imaginary place considered to be perfect	സാങ്കൽപിക ലോകം
dogma	a belief especially political or religious one.	രാഷ്ട്രീയ തത്വ സഹിത
envisage	predict or foresee	പ്രവചിക്കുക
recourse	choice, alternative	അവസരം
antagonism	hostility	വിരോധാദാസം
prophesy	prediction, forecast	പ്രവചനം
suffrage	right to vote, franchise	വോട്ടവകാശം
intimidation	frightening, terrorising	ഭീഷണിപ്പെടുത്തൽ
insurrection	revolt, uprising	കലാപം
abdicate	resign from one's office or step down from the throne; fail to fulfill responsibility	ത്യജിക്കുക
swarmed	moved in	തിങ്ങി നിറഞ്ഞു
retaliate	make an attack in return for a similar attack	പ്രതികാരം ചെയ്യുക
plebiscite	referendum poll	വോട്ടെടുപ്പ്
brunt	full force of a blow or an attack	ശല്യം
proliferation	rapid increase in the number	ദ്രുതഗതിയിലുള്ള അവസ്ഥ

യൂണിറ്റ്
13

സാമ്രാജ്യത്വവും അതിന്റെ ആക്രമണവും

പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടുന്നവ

- കമ്പോളങ്ങളെ കീഴടക്കാൻ കുത്തക വ്യവസായവും ധനകാര്യവും തമ്മിലുള്ള സഖ്യത്തിന്റെ പശ്ചാത്തലത്തിൽ സാമ്രാജ്യത്വത്തിന്റെ ഉയർച്ച
- കോളനികൾക്കുവേണ്ടിയുള്ള മത്സരവും അതിനെ തുടർന്ന് രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം, ഇത് ഒന്നാം ലോകമഹായുദ്ധത്തിലേക്ക് നയിച്ചതിനെക്കുറിച്ച്
- ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങൾ, ഗതി, സാഹചര്യങ്ങൾ
- റഷ്യൻവിപ്ലവവും അതിന്റെ പ്രാധാന്യവും
- 1930 കളിലെ മഹാമാന്ദ്യം
- ഇറ്റലിയിലെയും ജർമ്മനിയിലെയും ഫാസിസ്റ്റ് പ്രത്യാക്രമണം

ആമുഖം

18-ാം നൂറ്റാണ്ടിലുടനീളം തീവ്രമായ വ്യാവസായിക വളർച്ചയും വാണിജ്യ പ്രവർത്തനങ്ങളും നടന്നു. അതിന്റെ ഫലമായി അടുത്ത നൂറ്റാണ്ടിൽ യൂറോപ്പ് വൻശക്തിയായി ഉയർന്ന് വരുകയും ഏഷ്യയെയും ആഫ്രിക്കയെയും കോളനിവത്ക്കരിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്തു. യൂറോപ്പിനുള്ളിൽ മുതലാളിത്തത്തിന്റെ ലോകനേതാവ് എന്ന നിലയിൽ ഇംഗ്ലണ്ട് ഒരു പ്രമുഖസ്ഥാനം വഹിച്ചു. ഗതാഗതത്തിലും ആശയ വിനിമയത്തിലുമുള്ള വിപ്ലവത്തോടെ 1870 നും 1914 നും ഇടയിൽ ഒരു ആഗോള സമ്പദ് വ്യവസ്ഥ വികസിച്ചു. റയിൽവേകൾ ഉൾനാടൻ പ്രദേശങ്ങളെ തുറമുഖങ്ങളുമായി ബന്ധിപ്പിച്ചപ്പോൾ നീരാവികപ്പൽ, ടെലഗ്രാഫ് എന്നിവ ഭൂഖണ്ഡങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു. ലോകമെമ്പാടുമുള്ള സാമ്പത്തിക പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താനായി യൂറോപ്പും യു.എസ്.എ. യും ധനം ധാരാളം ചെലവഴിച്ചു. മുതലാളിത്ത ശക്തികൾക്ക് കമ്പോളങ്ങളുടെയും അസംസ്കൃത സാധനങ്ങളുടെയും ആവശ്യം വർദ്ധിച്ച് വരുകയും ചൂഷണത്തിനായി അവരുടെ സാമ്രാജ്യം വികസിപ്പിക്കുന്നതിനായി മത്സരത്തിൽ ഏർപ്പെട്ടു. വിപണികൾക്കായുള്ള തിരച്ചിൽ, വ്യാപാരത്തിനായുള്ള കടുത്ത മത്സരം കൂടുതൽ കോളനികൾക്കായുള്ള പോരാട്ടം ഇവയെല്ലാം എതിരാളികളായ രാജ്യങ്ങളെ സംഘട്ടനത്തിലേക്ക് തള്ളിവിട്ടു.

ജർമ്മനിക്ക് ശരിയായ സ്ഥാനം മറ്റ് രാഷ്ട്രങ്ങൾ നൽകിയിട്ടില്ലെന്ന തോന്നൽ നിലനിന്നിരുന്നു. ഈ വിട്ടു വീഴ്ചയില്ലാത്ത സമീപനമാണ് മറ്റ് രാജ്യങ്ങളോട് പ്രത്യേകിച്ച് ബ്രിട്ടനോട് കാണിച്ചത്. ഒടുവിൽ പരസ്പര സംശയവും സമ്മർദ്ദാവസ്ഥയും ഒന്നാം ലോക മഹായുദ്ധത്തിലേക്ക് നയിച്ചു. യുദ്ധത്തിൽ ജർമ്മനിയും സഖ്യകക്ഷികളും പരാജയപ്പെട്ടതോടെ സമാധാന അന്തരീക്ഷം ഉണ്ടാക്കുന്നതിനായി വെർസൈൽസിൽ(1919) ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ഭാവിയിൽ ലോകസമാധാനം ഉറപ്പുവരുത്തന്നതിനായി ലീഗ് ഓഫ് നാഷൻസ് രൂപീകരിക്കുക എന്നതായിരുന്നു ഈ ഒത്തുതീർപ്പിന്റെ പ്രധാന സവിശേഷത. യുദ്ധകാലത്തെ പണപ്പെരുപ്പവും ഭക്ഷ്യക്ഷാമവും റഷ്യയെ വിപ്ലവത്തിലേക്ക് നയിച്ചു. മറുവശത്ത് സമാധാന പരിഹാരത്തെക്കുറിച്ചുള്ള അതൃപ്തി, രാഷ്ട്രീയ അസ്ഥിരത, മഹാമാന്ദ്യത്തിന്റെ ആഘാതം എന്നിവയെല്ലാം ഇറ്റലിയിലെയും ജർമ്മനിയിലെയും ഫാസിസ്റ്റ് സർക്കാരുകളുടെ ഉയർച്ചയ്ക്ക് കാരണമായി.

13.1 സാമ്രാജ്യത്വത്തിന്റെ ഉദയം

(a) വ്യാവസായിക മൂലധനത്തിന്റെ ആധിപത്യവും സ്വതന്ത്ര വ്യാപാര ശുപാർശയും

പതിനേഴാം നൂറ്റാണ്ടിൽ ഒരു സംസ്ഥാനത്തിന്റെ മഹത്വം വാണിജ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് വിശ്വസിച്ചിരുന്നു. അതിനാൽ ഭരണകൂടത്തിന്റെയും വ്യവസായികളുടെയും താൽപര്യങ്ങൾ സ്വാഭാവികമായും സമാനമായിരുന്നു. ഈ വാണിജ്യപരമായ കാലഘട്ടം(1600-1700) യൂറോപ്പിലെ വ്യാവസായിക വിപ്ലവത്തെ സമന്വയിപ്പിച്ച മൂലധനശേഖരണത്തിന്റെ

12th_History_Mal_Unit_13.indd 195 19-04-2022 14:01:32

കാലഘട്ടമായിരുന്നു. അക്കാലത്തെ പ്രമുഖ ശക്തികളായ ഹോളണ്ട്, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നിവ വിദേശ വിപണികളിലേക്ക് പ്രവേശനമുള്ള പ്രധാന കൊളോണിയൽ ശക്തികളായി. എന്നിട്ടും വ്യാവസായിക വിപ്ലവം ആദ്യം സംഭവിച്ച ഇംഗ്ലണ്ടാണ് ഏറ്റവും ശക്തമായ രാജ്യമായി ഉയർന്നുവന്നത്. ഇംഗ്ലണ്ടിലേക്കുള്ള കയറ്റുമതി വിപണികൾ തുടക്കത്തിൽ യൂറോപ്പിലായിരുന്നു. എന്നാൽ മറ്റ് രാജ്യങ്ങൾ വ്യവസായവത്കരിക്കാൻ തുടങ്ങിയപ്പോൾ മിച്ച ഉല്പാദനത്തിന്റെ കയറ്റുമതി വിപണി മറ്റെവിടെയെങ്കിലും കണ്ടെത്തേണ്ടിവന്നു.



വ്യാപാരകാലം

തുടക്കം മുതൽ തന്നെ മെർക്കന്റലിസം ആക്രമണത്തിനിരയായി. ഫ്രാൻസിലെ വ്യവസായത്തിന്റെ അമിതമായ നിയന്ത്രണം വ്യവസായത്തെ നിയന്ത്രിക്കരുതെന്ന ആവശ്യത്തിലേക്ക് നയിച്ചു. ഫ്രാൻസിലെ ഫിസിയോക്രാറ്റുകൾ സ്വതന്ത്ര വ്യാപാരത്തിനുവേണ്ടി ശക്തമായി വാദിച്ചു. ഫ്രഞ്ച് ബിസിനസ്സുകാരനായ ഡി ഗൗർണെ മുന്നോട്ടുവച്ച ലെയ് സസ് ഫെയർ എന്ന വാക്ക് എല്ലായിടത്തും മുഴങ്ങി കേട്ടു. സ്കോട്ടിഷ് തത്ത്വചിന്തകനും സാമ്പത്തിക ശാസ്ത്രജ്ഞനുമായ ആദംസ്മിത് തന്റെ സ്വാധീനമുള്ള പുസ്തകമായ രാഷ്ട്രങ്ങളുടെ സമ്പത്തിനുള്ള സ്വഭാവവും കാരണങ്ങളും സംബന്ധിച്ച ഒരു അന്വേഷണം (1776), വ്യാപാരികളുടെ നയത്തെ വിമർശിക്കുകയും സ്വതന്ത്ര വ്യാപാരത്തിനും സ്വതന്ത്ര കമ്പോളത്തിനും വേണ്ടി വാദിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ 'രാഷ്ട്രത്തിന്റെ സമ്പത്ത്' എന്ന ഗ്രന്ഥം അക്കാലത്തെ രാഷ്ട്രീയക്കാരെ ആഴത്തിൽ സ്വാധീനിക്കുകയും പത്തൊൻപതാം നൂറ്റാണ്ടിലെ സ്വതന്ത്ര വ്യാപാരത്തിന് വഴിയൊരുക്കുകയും ചെയ്തു.



ആഡംസ്മിത്ത്

കുത്തകവ്യാപാരത്തിൽ നിന്ന് വലിയ ലാഭം നേടിയശേഷം 1833-ൽ ഇംഗ്ലണ്ട് സ്വതന്ത്ര വ്യാപാര നയം തുടങ്ങാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ഇംഗ്ലണ്ടിനെ പിന്തുടർന്ന രാജ്യങ്ങളാണ് ബെൽജിയം, നെതർലണ്ട്, നോർവെ, പീഡ്മോണ്ട്, പോർട്ടുഗൽ, സ്പെയിൻ, സ്വീഡൻ എന്നിവ. അതിന്റെ അനന്തരഫലമായി കച്ചവടം കുറഞ്ഞു, പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികം ശക്തിപ്രാപിച്ചു. സ്വതന്ത്രമത്സര മുതലാളിത്തം (ഭരണകൂടത്തിന്റെ യാതൊരു നിയന്ത്രണവുമില്ലാതെ സ്വതന്ത്ര വ്യാപാര തത്വത്തിൽ അധിഷ്ഠിതമായത്) പിന്നീട് കുത്തകകളുടെ മുതലാളിത്തമായി മാറി. മത്സര യുദ്ധത്തിൽ, മാർക്സിന്റെ നിരീക്ഷത്തിൽ ചെറിയ ബിസിനസ്സുകളെ വലിയ ബിസിനസ്സുകൾ തകർക്കുകയോ അല്ലെങ്കിൽ ചെറിയ ബിസിനസ്സുകൾ ചേർന്ന് വലിയ ബിസിനസ്സുകൾ ഉണ്ടാകുക യോ ആവാം. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ പങ്കാളിത്തവും സംയുക്ത സ്റ്റോക്ക് കമ്പനി കളും ട്രസ്റ്റുകൾക്ക് വഴിയൊരുക്കി. ഈ ശക്തമായ ട്രസ്റ്റുകളും വ്യാപാര സ്ഥാപനങ്ങളും സർക്കാരുകളെ സ്വാധീനിച്ചു.

ട്രസ്റ്റുകൾ എല്ലാ നിർമ്മാതാക്കളുടെ ചരക്കുകളുടെ വിലയും ഉൽപ്പാദനവും നിയന്ത്രിക്കുന്നതിനായി രൂപീകരിച്ച ഒരു സംയോജന പ്രവർത്തനമാണ് യു.എസ്.എ. യിൽ കനത്ത വ്യവസായം സംഘടിപ്പിച്ചത് ട്രസ്റ്റുകളുടെ കൂട്ടായ്മയിലൂടെയാണ്. ഇത് അസംസ്കൃത വസ്തുക്കൾ വേർതിരിച്ചെടു ക്കുന്നതിൽ നിന്ന് പൂർത്തിയായ ഉൽപ്പന്നങ്ങളുടെവിനിയോഗത്തിലേക്ക് ഉൽപാദനത്തെ നിയന്ത്രിച്ചു. തങ്ങളുടെ ഉൽപ്പന്നങ്ങളുടെ മത്സരം നിയന്ത്രിക്കുകയെന്ന പ്രാഥമിക ഉദ്ദേശ്യത്തിനായി സ്വതന്ത്ര കമ്പനികളുടെ അസ്സോസ്സിയേഷനാണ് കാർട്ടലുകൾ. ജർമ്മൻ നിർമ്മാതാക്കൾക്ക് ലോകവ്യാപാരത്തിൽ മികച്ച നേട്ടമുണ്ടാക്കാൻ കാർട്ടലുകൾ സഹായിച്ചു.

13.2 കോളനികൾക്കായുള്ള പോരാട്ടം എത്തിച്ചത് യുദ്ധത്തിലേക്കുള്ള പാതയിൽ

(a) അസംസ്കൃത വസ്തുക്കൾക്കും ഉല്പാദനം ചെയ്യപ്പെട്ട വസ്തുക്കളെ വിൽക്കാനും നാടുകളുടെ അന്വേഷണം കോളനി ആധിക്യത്തിന് വഴി തെളിച്ചു

പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ധാരാളം രാജ്യങ്ങൾ ഉത്പാദിപ്പിച്ച സാധനങ്ങൾ വിറ്റഴിക്കാൻ പുറത്തുള്ള കമ്പോളങ്ങൾ കണ്ടെത്താൻ തുടങ്ങി. ഈ പ്രശ്നത്തിന്റെ ഉത്തരം കോളനികൾ കൈവശപ്പെടുത്താൻ തുടങ്ങിയ ഇംഗ്ലണ്ടിന്റെ അനുഭവത്തിൽ നിന്ന് വ്യക്തമാണ്. മികച്ച വസ്തുക്കൾ വിറ്റഴിക്കാനുള്ള കമ്പോളങ്ങൾ മാത്രമല്ല കോളനികൾക്ക് മറ്റ് ഉപയോഗപ്രദമായ ഉദ്ദേശ്യങ്ങൾ നിറവേറ്റാനാകും. സാധനങ്ങളുടെ വൻതോതിലുള്ള ഉത്പാദനത്തിന് അസംസ്കൃത സാധനങ്ങളായ ധാന്യങ്ങൾ, പരുത്തി, റബ്ബർ, ക്രൂഡ് ഓയിൽ, ധാതുക്കൾ എന്നിവയുടെ വിതരണം അത്യാവശ്യമാണ്. അസംസ്കൃത സാധനങ്ങളുടെ വിതരണത്തിനായി മറ്റ് രാജ്യങ്ങളെ ആശ്രയിക്കാൻ വ്യവസായികൾ ആഗ്രഹിച്ചില്ല. അവർ ഈ അസംസ്കൃത സാധനങ്ങൾക്ക് മേൽ നേരിട്ടുള്ള നിയന്ത്രണം ആഗ്രഹിച്ചു. കമ്പോളങ്ങളോടുള്ള ആഗ്ര

12th_History_Mal_Unit_13.indd 196 19-04-2022 14:01:33

ഹവും അസംസ്കൃത വസ്തക്കളുടെ ഉറവിടങ്ങളുടെ നിയന്ത്രണവും സാമ്രാജ്യത്വത്തിന്റെ നിർമ്മാണത്തിൽ ഒരു പ്രധാന ഘടകമായിരുന്നു.

1870 കൾക്കുശേഷം മിച്ച ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളങ്ങൾക്കുവേണ്ടി കോളനി സ്ഥാപിക്കാൻ ഇംഗ്ലണ്ടിനോടൊപ്പം വൻശക്തികളായ ഫ്രാൻസ്, ബെൽജിയം, ഇറ്റലി, ജർമ്മനി എന്നീ രാജ്യങ്ങൾ മത്സരത്തിലേർപ്പെട്ടു. 1898-ൽ സ്പെയ്നിനെ പരാജയപ്പെടുത്തി ഫിലിപ്പൈൻസ് പിടിച്ചടക്കിയതോടുകൂടിയാണ് അമേക്കയ്ക്ക് ഒരു വഴിത്തിരിവുണ്ടായത്. പര്യവേക്ഷണം ചെയ്ത രാജ്യങ്ങളായ ഇന്ത്യ, ചൈന, ആഫ്രിക്ക എന്നിവ സംയോജിപ്പിക്കുന്നതിനുള്ള ചുവട് വെയ്പ് നടത്തിയത് സാമ്രാജ്യത്വ ഏജന്റുമാരോ, മിഷണറിമാരോ, കുത്തക വ്യാപാര കമ്പനികളോ ആയിരുന്നു എന്നത് ഓരോ സംഭവങ്ങളിലും താല്പര്യം നിറഞ്ഞതായിരുന്നു. ഇരുപത് വർഷത്തിനുള്ളിൽ മധ്യ ആഫ്രിക്ക മുഴുവനും വിഭജിക്കപ്പെടുകയും ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ബെൽജിയം, പോർട്ടു ഗൽ, ഇറ്റലി എന്നീ സാമ്രാജ്യങ്ങളുമായി കൂട്ടിചേർക്കപ്പെടുകയും ചെയ്തു.

1876-ൽ ആഫ്രിക്കയുടെ 10 ശതമാനം മാത്രമാ ണ് യൂറോപ്യൻ ഭരണത്തിൻ കീഴിലായിരുന്നത്. 1990-1900 പ്രായോഗികമായി ആഫ്രിക്ക പൂർണ്ണമായും കോള നിവത്ക്കരിക്കപ്പെട്ടു. ജർമ്മനിക്കും ഇറ്റലിക്കും കുറ ച്ച് പ്രദേശങ്ങൾ വിട്ടുകൊടുത്തശേഷം ബ്രിട്ടൺ, ഫ്രാൻസ്, ബെൽജിയവും ഈ ഭൂഖണ്ഡത്തെ വിഭജിച്ചെടുത്തു. ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ, ജർമ്മനി എന്നിവ ചൈനയിൽ സ്വാധീന മേഖലകൾ സ്ഥാപിച്ചു. ബ്രിട്ടനും റഷ്യയും ഇറാനെ വിഭജിക്കാൻ സമ്മതിച്ചപ്പോൾ സ്പെയിനിൽ നിന്ന് ഫിലിപ്പൈൻസ് യു.എസ്.ഉം ഇൻഡോ -ചൈന ഫ്രാൻസും ആക്രമിച്ചു.

ആഫ്രിക്കയിൽ കോളനി സ്ഥാപിക്കാനുള്ള ശ്രമത്തിനിടയിൽ മറ്റെവിടെയും സംഭവിക്കുന്നതു പോലെ രക്തരൂക്ഷിത യുദ്ധങ്ങൾ ഉണ്ടാവുകയും തദ്ദേശീയവാസികൾക്ക് നഷ്ടം സംഭവിക്കുകയും ചെയ്തു. പുതിയ ആയുധങ്ങളായ കൈത്തോക്കുകളും യന്ത്രത്തോക്കുകളും യൂറോപ്യൻ സൈന്യത്തിന് മിക്ക യുദ്ധങ്ങളിലും നിർണ്ണായകസ്ഥാനം നൽകി.

(b) കുത്തക മുതലാളിത്തം സമ്പൂർണ്ണ സാമ്രാജ്യത്തിലേക്ക് നയിക്കുന്നു

കുത്തക വ്യവസായം അതിന്റെ ഉടമകൾക്ക് വലിയ ലാഭം ഉണ്ടാക്കികൊടുത്തു. ഇതിന്റെ ഫലം എന്നത് മിച്ചപണം സ്വരൂപിച്ചുകൂട്ടി എന്നതാണ്. വിദേശത്ത് മൂലധനം കയറ്റുമതി ചെയ്യുന്നതിലൂടെ അവർക്ക് കൂടുതൽ ലാഭം നേടാനാകുമെന്ന് മുതലാളിമാർ മനസ്സിലാക്കി. റെയിൽവേ, വൈദ്യുതി, റോഡുകൾ തുടങ്ങിയ ആവശ്യങ്ങൾ കൂടുതലുള്ള കോള നികളിൽ അവർ മിച്ചപണം നിക്ഷേപിക്കാൻ തുടങ്ങി. നേരിട്ടുള്ള നിക്ഷേപത്തിനു പുറമെ മാതൃ രാജ്യത്തിൽ നിന്നും വായ്പയും ഏർപ്പെടുത്തി. റയിൽവേ എഞ്ചിനുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിർമ്മാണത്തിനായി ഇംഗ്ലണ്ട് ഇന്ത്യയ്ക്ക് വായ്പ നൽകിയപ്പോൾ ഇത് വീണ്ടും ഇംഗ്ലീഷ് നിർമ്മാതാക്കൾ ലാഭത്തിൽ വാങ്ങി. അങ്ങനെ നിക്ഷേപകരും നിർമ്മാതാക്കളും കോളനി വ്യവസ്ഥയെ പിന്തുണയ്ക്കാൻ അവരുടെ താല്പര്യങ്ങൾ കണ്ടെത്തി. ചരക്കുകളുടെയും മൂലധനത്തിന്റെയും വിപണിയിൽ ലാഭം തേടുന്ന വ്യവസായത്തിന്റെയും ധനത്തിന്റെയും ഈ സഖ്യം സാമ്രാജ്യത്വത്തിന്റെ അനി വാര്യ സ്വഭാവമായിരുന്നു.

ആഫ്രിക്കയുടെ വിഭജനം : 1876-ൽ ബെൽജിയത്തിലെ ലിയോപോൾസ് രണ്ടാമൻ രാജാവ് തന്റെ ഇന്റർനാഷമൽ ആഫ്രിക്കൻ അസ്സോസ്സിയേഷനിൽ ഒരു വലിയ റബ്ബർ ഉത്പാദനമേഖലയിലൂടെ പര്യവേക്ഷണം നടത്തുന്നതിനും പിടിച്ചെടുക്കുന്നതിനും നേതൃത്വം നൽകി, ഇപ്പോൾ അത് ബെൽജിയൻ കോംഗോ എന്നറിയപ്പെടുന്നു. 1881-ൽ ഒരു ഫ്രഞ്ച് പര്യവേക്ഷണം ടുണീസിനെ കീഴടക്കി, ഇറ്റലിക്കാർ പിടിച്ചെടുക്കാൻ ആഗ്രഹിച്ചിരുന്ന പ്രദേശമായിരുന്നതിനാൽ അവരിൽ അത് അതൃപ്തി ഉണ്ടാക്കി. 1891-ൽ അവർ ഐവറികോസ്റ്റ്, 1892-ൽ ഡഹോമി, 1895-ൽ മഡഗാസ്കർ എന്നിവ പിടിച്ചെടുത്തു. ഗ്രേറ്റ് ബ്രിട്ടൺ ദക്ഷിണാഫ്രിക്കയിലെ നതാൽ, ട്രാൻസ്വാൾ എന്നിവ കീഴടക്കിയതിനു പുറമെ ആഫ്രിക്കയുടെ പല ഭാഗങ്ങളും പിടിച്ചെടുത്തു. 1883-ൽ ഗ്രേറ്റ് ബ്രിട്ടന് ഈജിപ്റ്റിന്റെ നിയന്ത്രണം കൈവശം ആക്കാൻ സാധിച്ചു. ഗോൾഡ് കോസ്റ്റ് കോളനികൾ, ഉഗാണ്ട, സർസിബാർ, റൊഡേഷ്യ എന്നിവ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായി. 1884 നും 1890 നും ഇടയിൽ ജർമ്മനി ടോഗോലാന്റ്, കാമറൂൺ, ജർമ്മൻ തെക്ക്-പടി ഞ്ഞാറ് ആഫ്രിക്ക, ജർമ്മൻ കിഴ്കൻ ആഫ്രിക്ക എന്നിവ കൈവശമാക്കി. മഹത്തായ യൂറോപ്യൻ ശക്തികൾക്കിടയിലെ ഭൂപ്രദേശത്തിനായുള്ള പോരാട്ടത്തിന്റെഫലമായിആഫ്രിക്കയുടെ ഇരുണ്ട ഭൂ ഖണ്ഡം ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ വിഭജിക്കപ്പെട്ടു. ലൈബീരിയ, മൊറോക്കോ, അബിസീ നിയ തുടങ്ങിയ രാജ്യങ്ങൾ മാത്രം കൂട്ടിച്ചേർക്ക പ്പെട്ടിട്ടില്ല.


ജോൺ .എ. ഹോബ്സൺ

ഇംഗ്ലീഷ് സാമ്പത്തിക ശാസ്ത്രത്ഞനായ ജോൺ എ. ഹോബ്സൺ സാമ്രാജ്യത്വത്തെ ഇപ്രകാരം നിർവചിച്ചു. സ്വന്തം രാജ്യത്ത് വിറ്റഴിക്കാൻ സാധിക്കാത്ത ചരക്കുകളും മൂലധനവും വിദേശ കമ്പോളങ്ങളിലും വിദേശ നിക്ഷേപങ്ങളായും മിച്ച സമ്പത്ത് ഒഴുക്കാനുള്ള വഴിവിപുലീകരിച്ച് കൊണ്ട് വ്യവസായത്തെ നിയന്ത്രിക്കുവാനുള്ള പരിശ്രമമാണ്.

12th_History_Mal_Unit_13.indd 197 19-04-2022 14:01:33

(c) സംരക്ഷണവാദവും അതിനെ തുടർന്നുണ്ടായ രാഷ്ട്രീയ സംഘർഷവും

1870 ന്റെ മധ്യത്തിൽ യൂറോപ്പിനെയും അമേരിക്കയെയും സമ്പൂർണ്ണ സാമ്പത്തിക മാന്ദ്യത്തിലേക്ക് നയിച്ചത് രണ്ട് പ്രധാന സാമ്പത്തിക തകർച്ചകൾ, ഒന്ന് വിയന്നയിലും മറ്റൊന്ന് ന്യൂയോർക്കിലും നടന്നതാണ്. ഈ സാമ്പത്തികമാന്ദ്യം ഉൽപാദനത്തെയും വിലയെയും വേതനത്തെയും സാരമായി ബാധിച്ചു. വിലകുറഞ്ഞ ധാന്യം പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളുടെ വിപണികളിൽ എത്തിയത് ആഭ്യന്തര ഉൽപാദകരെ ബാധിച്ചു. സ്വതന്ത്രവ്യാപാര നയങ്ങളുടെ വിവേകത്തെ ജനങ്ങൾ ചോദ്യം ചെയ്യാൻ തുടങ്ങി. ജർമ്മനി അതിന്റെ സംരക്ഷണ നയത്തിലൂടെ ഒരു പ്രതിസന്ധി സൃഷ്ടിച്ചു. 1879-ലെ താരിഫ് നിയമം ഇംപീരിയൽ ജർമ്മനിയുടെ മേൽ വ്യാവസായിക, കാർഷിക ഇറക്കുമതിക്ക് തീരുവ ചുമത്തി. താമസിയാതെ മറ്റ് രാജ്യങ്ങളും ഇത് പിന്തുടർന്നു. കൊളോണിയൽ വ്യാപാരമുൻഗണനാ നയത്തിൽ ബ്രിട്ടൺ പിന്നോട്ട് പോകാൻ സാധ്യതയുള്ളതിനാൽ, 1898-ൽ ഫ്രാൻസും ജർമ്മനിയുമായുള്ള വ്യാപാര ഉടമ്പടികൾ റദ്ദാക്കി. വിവിധ യൂറോപ്യൻ ശക്തികളുടെ താരിഫ് നടപടികളും പ്രത്യാക്രമണങ്ങളും സംരക്ഷണവാദത്തെയും രാഷ്ട്രീയ സംഘർഷത്തെയും വർദ്ധിപ്പിച്ചു. അത്തരം സംഘട്ടനത്തിന്റെ ഫലം തങ്ങളുടെ സായുധസേനയുടെ ശക്തിയെ ആശ്രയിച്ചിരിക്കും എന്ന് സാമ്രാജ്യങ്ങളെ ഭരിച്ച നേതാക്കൾ മനസ്സിലാക്കി. അതിനാൽ അവർ തങ്ങളുടെ ആയുധ ശേഖരം പണിയുന്നതിൽ പരസ്പരം മത്സരിച്ചു, അതുവഴി യുദ്ധത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചു.

13.3 ഒന്നാം ലോകമഹായുദ്ധം

(a) യുദ്ധത്തിനു മുമ്പുള്ള അധികാര രാഷ്ട്രീയം യൂറോപ്പ്

നൂറ്റാണ്ടിന്റെ അവസാനത്തോടെ ജർമ്മനി ഭൂഖണ്ഡത്തിലെ ഏറ്റവും ശക്തമായ രാജ്യമായി ഉയർന്നുവന്നു. അപ്പോഴേക്കും ലോകം പ്രധാനമായും മറ്റ് സാമ്രാജ്യ ത്വശക്തികൾ കൈവശപ്പെടുത്തിയിരുന്നു. കൈസർ വില്യം രണ്ടാമന്റെ കീഴിൽ ജർമ്മനി കോളനി കോളനികൾ തേടി. വടക്കേ ആഫ്രിക്കയുടെ മേൽ നിയന്ത്രണം നേടുക എന്നതായിരുന്നു അതിന്റെ അഭിലാഷം. ജർമ്മൻ മുതലാളിമാരും സാമ്രാജ്യ മോഹികളും കിഴക്കോട്ട് ആധിപത്യം വ്യാപിപ്പിക്കാൻ ആഗ്രഹിച്ചു. ഒട്ടോമൻ സാമ്രാജ്യത്തിന്റെ സാമ്പത്തിക നിയന്ത്രണം സുഗമമാക്കുന്നതിന് ബെർലിനിൽ നിന്ന് ബാഗ്ദാദിലേക്ക് ഒരു റെയിൽപാത നിർമിക്കാൻ സർക്കാർ അവരെ നിർബന്ധിച്ചു.



കൈസർ വില്യം II



ഫ്രാങ്കോ പ്രഷ്യൻ യുദ്ധം

1871-ലെ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധത്തിനു ശേഷം നഷ്ടപ്പെട്ട അൽസയ്സ്-ലൊറൈൻ പ്രദേശത്തെ തിരിച്ചുപിടിക്കുക എന്നതായിരുന്നു ഫ്രാൻസിന്റെ ലക്ഷ്യം. ഫ്രഞ്ച് ജനതയ്ക്ക് ധാതു സമ്പന്നമായ മൊറോക്കോയെ അവരുടെ ആഫ്രിക്കൻ സാമ്രാജ്യത്തിലേക്ക് ചേർക്കാനുള്ള ആഗ്രഹം ഉണ്ടായി. മെഡിറ്ററേനിയൻ പ്രദേശത്തേക്ക് പ്രവേശനം നൽകുകയും ഇസ്താംബൂൾ കൈവശപ്പെടുത്തുകയും ചെയ്യുമെന്ന് പ്രതീക്ഷിച്ചിരുന്നതിനാൽ ബോസ്പറസ്, ഡാർഡനെല്ലസ് (അന്ന് തുർക്കിയുടെ നിയന്ത്രണം) എന്നിവ നേടിയെടുക്കാമെന്ന പ്രതീക്ഷ റഷ്യ ആസ്വദിച്ചു. റഷ്യ ഒരിക്കൽ ബാൽക്കന്മാരെ അവകാശവാദം ഉന്നയിക്കാൻ പദ്ധതിയിട്ടു. യൂറോപ്പിൽ നിന്ന് തുർക്കിയെ പുറത്താക്കി. ഇറ്റാലിയൻ വിദേശനയം ആസ്ട്രിയയുടെയും തുർക്കിയുടെയും അടിസ്ഥാനത്തിലായിരുന്നു. ട്രിസ്റ്റി, ആഡ്രിയാട്ടിക് തീരത്തിന്റെ മറ്റ് ഭാഗങ്ങളിലും ഓസ്ട്രിയയുടെ കടന്നു കയറ്റം വളരെ അപകടകരമായിരുന്നു. വടക്കേ ആഫ്രിക്കയിലെ ട്രിപ്പോളി, മറ്റ് പ്രദേശങ്ങൾ ഏറ്റെടുക്കുന്നത് എന്നിവയിൽ നിന്ന് ഇറ്റലിയെ തുർക്കി തടഞ്ഞു. വിശാലമായ ഒരു സാമ്രാജ്യത്തിന്റെ നിയന്ത്രണത്തിന്, ജർമ്മനിയുമായും അമേരിക്കയുമായും മത്സരിക്കേണ്ടിവന്നു. വളരെ വിലകുറഞ്ഞ ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും ഇംഗ്ലണ്ടിന്റെ വിപണികൾ പിടിച്ചെടുക്കുകയും ചെയ്തു.

ഏഷ്യ

ഏഷ്യയിൽ മെയ്ജി കാലഘട്ടത്തിൽ ജപ്പാൻ ഒരു വലിയ വ്യാവസായിക ശക്തിയായി മാറിയപ്പോൾ ജാപ്പനീസ് ജനത കൂടുതൽ വിദ്യാഭ്യാസമുള്ളവരായി, ആക്രമണാത്മക ദേശീയതയും ലോകശക്തിയാകാനുള്ള ആഗ്രഹവും വളർന്നു. ചൈനയ്ക്കായുള്ള പോരാട്ടത്തിൽ ജപ്പാൻ ചേർന്നു. ജപ്പാൻ കൊറിയയെ ആക്രമിച്ചു. പിന്നീട് ഒരു സ്വതന്ത്രരാജ്യമായി, ചൈനീസ് സൈന്യത്തെ തുരത്തി. തുടർന്നുള്ള ചൈന-ജാപ്പനീസ് യുദ്ധത്തിന്റെ അവസാനം ജപ്പാന് ഫോർമോസ, ആർതർ ദ്വീപ്, ലിയോതുങ് ഉപദ്വീപുകൾ എന്നിവ ലഭിച്ചു (1894-1895)-ൽ ജപ്പാൻ ചൈനയെ പരാജയപ്പെടുത്തിയത് ലോകത്തെ അത്ഭുതപ്പെടുത്തി. ജപ്പാന്റെ ശക്തി പെട്ടെന്ന് വർദ്ധിച്ചതിൽ ഭയന്ന് യൂറോപ്യൻ ശക്തികൾ ലിയോതുങ് പ്രവിശ്യ ഉപേക്ഷിക്കാൻ ജപ്പാനെ നിർബന്ധിച്ചു. ജപ്പാൻ ഈ ട്രിപ്പിൾ

12th_History_Mal_Unit_13.indd 198 19-04-2022 14:01:33

ഇടപെടലിനെ (1985 ൽ ഫ്രാൻസ്, ഇംഗ്ലണ്ട്, റഷ്യ എന്നിവയുടെ ഇടപെടൽ) നീരസപ്പെടുത്തി ഒരു വലിയ ആയുധ പരിപാടി ആരംഭിച്ചു.

ജപ്പാൻ - മഹത്തായ ശക്തികളുടെ ആകർഷകമായ വലയത്തിൽ

ചൈന-ജാപ്പനീസ് യുദ്ധത്തെക്കാൾ കൂടുതൽ പ്രാധാന്യമുള്ളതാണ് 1904-05-ൽ ജപ്പാൻ റഷ്യയെ പരാജയപ്പെടുത്തിയത്. ട്രിപ്പിൾ ഇടപെടലിലൂടെ റഷ്യ തെക്കൻ മഞ്ചൂറിയ പിടിച്ചെടുത്തു. ജപ്പാൻ 1902-ൽ ഇംഗ്ലണ്ടുമായി ഒരു സഖ്യത്തിൽ ഏർപ്പെടുകയും റഷ്യ അവരുടെ സൈന്യത്തെ പിൻ വലിച്ചെന്ന് അറിയിക്കുകയും ചെയ്തു. റഷ്യ ജപ്പാനെ തെറ്റിദ്ധരിച്ചു. 1904-ൽ ഒരു യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഈ റഷ്യ - ജാപ്പനീസ് യുദ്ധത്തിൽ ജപ്പാൻ വിജയം കൈവരിക്കുകയും യു.എസ്.എ. യുടെ മദ്ധ്യസ്ഥതയിൽ പോർട്ട്സ്മൗത്ത് ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ബാക്ക് പോർട്ട് ആർതർ ജപ്പാന് കിട്ടുകയും ചെയ്തു. ഈ യുദ്ധത്തിനു ശേഷം ജപ്പാൻ മഹത്തായ ശക്തികളുടെ ആകർഷകമായ വൃത്തത്തിനുള്ളിൽ പ്രവേശിച്ചു.

1905 നുശേഷം ജപ്പാന്റെ ശക്തമായ നയതന്ത്രം

1910-ൽ ജപ്പാൻ കൊറിയയെ ആക്രമിച്ചതിന് മാപ്പ് നൽകിയത് ഒരു പ്രമുഖ ജാപ്പനീസ് നയതന്ത്രജ്ഞനെ ഒരു കൊറിയൻ വധിച്ചതിനാലാണ്. 1912-ൽ മഞ്ചു രാജവംശത്തിന്റെ പതനത്തെ തുടർന്ന് ചൈനയിലെ ആശയക്കുഴപ്പം ജപ്പാന് കൂടുതൽ വിപുലീകരണത്തിന് അവസരമൊരുക്കി. 1915-ൽ ജപ്പാൻ ഇരുപത്തിയൊന്ന് ആവശ്യങ്ങൾ പുതിയ ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രസിഡന്റായ യുവാൻ-ഷി-കായ്ക്ക് സമർപ്പിച്ചു. ചൈനീസ് തീരപ്രദേശമായ ഷാൻതു ങ്ങിനെ ജർമ്മൻ അവകാശങ്ങൾ ജപ്പാനിലേക്ക് മാറ്റുകയും മഞ്ചൂറിയയുടെ മേലുള്ള ജപ്പാന്റെ അവകാശം അംഗീകരിക്കുകയും ചൈനീസ് സർക്കാരിൽ ജപ്പാന്റെ ഉപദേശകരെ നിയമിക്കാനും ആണിത്. ജപ്പാന്റെ ആവശ്യങ്ങൾ ചൈന പുറം തള്ളുകയാണ് ചെയ്തത്.

(b) യുദ്ധത്തിന്റെ കാരണങ്ങൾ

(i) സഖ്യകക്ഷികളുടെ രൂപീകരണം

സഖ്യകക്ഷികളുടെ രൂപീകരണം 1870 കളിലേക്ക് പോവുകയുണ്ടായി. അൽസയ്സ് - ലൊറൈൻ പ്രദേശം നഷ്ടപ്പെട്ട ഫ്രഞ്ചുകാർ പ്രതികാരയുദ്ധം നടത്തുമെന്ന് സഖ്യകക്ഷികളുടെ യഥാർത്ഥ ശില്പിയായ ബിസ്മാർക്ക് ഭയപ്പെട്ടു. അതിനാൽ ഫ്രാൻസിനെ ഒറ്റപ്പെടുത്താൻ അദ്ദേഹം തീരുമാനിച്ചു. അദ്ദേഹത്തിന്റെ മൂന്ന് ചക്രവർത്തിമാരുടെ ലീഗ് (1873), ജർമ്മനി, ആസ്ട്രിയ, റഷ്യ എന്നിവ ഉൾപ്പെട്ട സഖ്യം പരാജയപ്പെട്ടു. എന്നാൽ ഓസ്ട്രിയയുമായുള്ള ബന്ധം ശക്തമായി തുടരാൻ ഇദ്ദേഹത്തിന് സാധിച്ചു. അതിർത്തിക്കകത്തും പുറത്തുമുള്ള സ്ലാവുകളിൽ നിന്നും പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ജർമ്മനിയുമായി ധാരണ ഉണ്ടാക്കാൻ ഓസ്ട്രിയ ആഗ്രഹിച്ചു. 1882-ൽ ഈ സഖ്യം ഇറ്റലിയെ ഉൾപ്പെടുത്തി കൊണ്ട് ത്രികക്ഷി സഖ്യമായി വിപുലീകരിച്ചു.



ബിസ്മാർക്ക്

ജർമ്മനിയെ എതിർത്തുകൊണ്ട് ഫ്രാൻസ് റഷ്യയുമായി അനുരജ്ഞനത്തിൽ ഏർപ്പെടുത്തുകയും 1894-ൽ രഹസ്യ സൈനിക ഉടമ്പടിയിൽ എത്തിച്ചേരുകയും ചെയ്തു. ഇതനുസരിച്ച് ജർമ്മനിയിൽ നിന്നുള്ള ആക്രമണം ഉണ്ടായാൽ ഓരോരുത്തരും സഹായത്തിനായി വരണം എന്ന് തീരുമാനിച്ചു. ഇതിനിടയിൽ ബ്രിട്ടൻ ഒറ്റപ്പെടൽ ഉപേക്ഷിച്ച് ജപ്പാനുമായി സഖ്യമുണ്ടാക്കി.

ഫ്രാൻസ് റഷ്യയുടെ സഖ്യകക്ഷി ആയതിനാൽ ജപ്പാൻ ബ്രിട്ടനുമായി സഖ്യമുണ്ടാക്കാൻ ഇഷ്ടപ്പെട്ടു (1902). മൊറോക്കോയും ഈജിപ്റ്റും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് ബ്രിട്ടനുമായി സഖ്യമുണ്ടാക്കാൻ ആംഗ്ലോ - ജപ്പാനീസ് സഖ്യം ഫ്രാൻസിനെ പ്രേരിപ്പിച്ചു. ഇതിന്റെ ഫലമായി എന്റന്റി കോർഡിയലിൽ ഒപ്പുവച്ചു (1904). ഈജിപ്തിലെ ബ്രിട്ടീഷ് അധിനിവേശത്തെ ഫ്രാൻസ് അംഗീകരിച്ചപ്പോൾ മൊറോക്കോയിൽ ഫ്രഞ്ച് സ്വാധീനം നിലനിർത്താൻ അനുവദിച്ചു. സ്വാധീന മേഖലകളാക്കി പേർഷ്യയെ വിഭജിക്കുന്നതിനുവേണ്ടി ബ്രിട്ടൺ പിന്നീട് 1907-ൽ റഷ്യയുമായി ഒരു കരാറിലെത്തി. അങ്ങനെ ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ ഉൾപ്പെട്ട ത്രികക്ഷി സൗഹാർദം രൂപീകരിച്ചു.

അങ്ങനെ 1907 ആയപ്പോഴേക്കും യൂറോപ്പിലെ മഹത്തായ ശക്തികളെ രണ്ട് എതിർക്യാമ്പുകളിൽ അണിനിരത്തി. ത്രികക്ഷി സഖ്യം - (ജർമ്മനി, ആസ്ട്രിയ - ഹംഗറി, ഇറ്റലി) ഉം ത്രികക്ഷി സൗഹാർദം - ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ എന്നിവയും.

(ii) 1905 നും 1913-നും ഇടയിൽ നിലനിന്ന അന്തർദേശീയ പ്രതിസന്ധി ഘട്ടങ്ങൾ

മൊറോക്കോ

ഇംഗ്ലണ്ടിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് (എന്റന്റി കോർഡിയൽ, 1904) ഫ്രഞ്ചുകാർ മൊറോക്കോയിലേക്ക് അവരുടെ പദ്ധതിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചു. ഫ്രഞ്ച് പ്രദേശമാണെന്ന പരിഗണനയിൽ 1905-ന്റെ തുടക്കത്തിൽ ഒരു ഫ്രഞ്ച് ദൗത്യം മൊറോക്കോ നഗരമായ ഫെസിലെത്തിജർമ്മനി ഇതിനെ പ്രതിഷേധിച്ചു. യൂറോപ്യൻ കോൺഫറൻസിലേക്ക് ഈ

12th_History_Mal_Unit_13.indd 199 19-04-2022 14:01:33

തർക്കം കൊണ്ടുവരാ മെന്ന് ഫ്രഞ്ച് സമ്മതിച്ചു. നെൽ ജിയേഴ്സിൽ കൂടിയ കോൺഫറൻസിൽ ആരും വന്നില്ല. എന്നിട്ടും ബ്രിട്ടൻ ജർമ്മനിയ്ക്ക് എതിരായിട്ട് ഫ്രാൻസിന്റെ ഭാഗത്തുണ്ടായിരുന്നു എന്നത് വ്യക്ത മാണ്.

അഗാഡിർ, 1911

ഒരു വർഷത്തിനുള്ളിൽ ഫ്രഞ്ചുകാർ വീണ്ടും മൊറോക്കോയിൽ സജീവമായി. ഈ സമയം ജർമ്മൻ കാർ തങ്ങളുടെ തോക്ക്ബോട്ടായ പാന്തറിനെ അവ രുടെ ആധിപത്യത്തിനായി മൊറോക്കൻ തീരത്തെ തുറമുഖമായ അഗാഡിറിലേക്ക് അയച്ചു. ബ്രിട്ടീഷു കാരുടെ ഭീഷണി ജർമ്മനി ശ്രദ്ധയിൽപ്പെടുത്തി. എന്നി രുന്നാലും മൊറോക്കോയിലെ ഫ്രഞ്ച് നേട്ടങ്ങൾ സന്തുലിതമാക്കാൻ ഫ്രാൻസ് പശ്ചിമ ആഫ്രിക്കയിൽ ജർമ്മനിക്ക് ഗണ്യമായ ഇളവുകൾ നൽകി.

ബോസ്നിയൻ പ്രതിസന്ധി

1908-ൽ ഓസ്ട്രിയ-ഹംഗറി ബോസ്നിയയെയും (സെർബിയക്കാർ തിങ്ങിപ്പാർക്കുന്ന) ഹെർസഗോ വിന യെയും പിടിച്ചെടുക്കുന്നതിനായി പ്രഖ്യാപിച്ചപ്പോൾ ഗുരുതരമായ ഒരു പ്രതിസന്ധി സംഭവിച്ചു. അതുവരെ ഇത് ആസ്ട്രിയൻ സംരക്ഷണകേന്ദ്രമായിരുന്നു. ഇത് റഷ്യയുടെ ഭാഗത്തുനിന്നുള്ള തന്ത്രപരമായ നീക്ക മായിരുന്നു ഡാർഡനെല്ലസ്, ബോസ് പോറസ് എന്നിവയിലൂടെ യുദ്ധക്കപ്പലുകൾ മെഡിറ്റ റേനിയനി ലേക്ക് മാറ്റാൻ സ്വാതന്ത്ര്യം നൽകിയത്. തുർക്കികൾ ക്ക് ദേഷ്യം വന്നെങ്കിലും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. സെർബിയ പ്രകോപിതനായി റഷ്യയോട് സഹായം അഭ്യർത്ഥിച്ചു. ജപ്പാനുമായുള്ള യുദ്ധത്തിൽ നിന്നും റഷ്യ പൂർണ്ണമായും കരകയറിയിട്ടില്ല, അതിനാൽ ആസ് ട്രിയ ഹംഗറിയെ പിന്തുണച്ച് ആക്രമണാത്മക ജർമ്മ നിയെ നേരിടേണ്ടി വരുമെന്ന് റഷ്യയ്ക്ക് അറിയാമായി രുന്നതിനാൽ ഇതിൽ ഇടപെട്ടില്ല. അതിനാൽ റഷ്യ യും സെർബിയയും കൂടുതൽ അനുകൂല സമയം വരുന്നതുവരെ കാത്തിരിക്കേണ്ടി വന്നു.

ബാൽക്കൻ യുദ്ധങ്ങൾ

18-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ യൂറോ പ്പിന്റെ തെക്ക് -പടിഞ്ഞാറ് ഭാഗത്തെ ശക്തമായ ഒരു രാജ്യമായിരുന്നു തുർക്കി. ഇതിന്റെ സാമ്രാജ്യം ബാൽ ക്കണിലേക്കും ഹംഗറിയിലുടനീളം പോളണ്ടിലേക്കും വ്യാപിച്ചു. (ബാൽക്കൻ തെക്ക്- കിഴക്കൻ യൂറോപ്പിൽ മെഡിറ്ററേനിയനും കരിങ്കടലിനുമിടയിലാണ്. പതിനെ ട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ തുർക്കി സാമ്രാ ജ്യത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ അസ്ഥി രത മുതലെടുത്തു കൊണ്ട് ഗ്രീസും മറ്റുള്ളവരും തുർ ക്കിയുടെ നിയന്ത്രണത്തിൽ നിന്ന് ഒന്നിനുപുറകെ ഒന്നായി പിരിഞ്ഞു തുടങ്ങി.

ഒന്നാം ബാൽക്കൻ യുദ്ധം

റഷ്യ, ഗ്രീസ്, സെർബിയ, ബൾഗേറിയ പിന്നീട് മോണ്ടിനെഗ്രോ എന്നിവരുടെ ഒത്തുചേരലിലൂടെ 1912 മാർച്ചിൽ മാസിഡോണിയയിൽ സമ്മിശ്ര ജന സംഖ്യയുണ്ടായിരുന്നു. 1912 ഒക്ടോബറിൽ യുദ്ധം ആരംഭിക്കുകയും രണ്ട് മാസത്തിനുള്ളിൽ തുർക്കികളു ടെ പ്രതിരോധം നഷ്ടമാകുകയും ചെയ്തു. യൂറോ പ്യൻ പ്രവിശ്യകളിൽ നിന്ന് തുർക്കികളെ തുര ത്തു കയുണ്ടായി. എന്നാൽ പിടിച്ചടക്കിയ പ്രവിശ്യകൾ വിഭ ജിക്കുന്നതിനിടയിൽ പ്രശ്നം ആരംഭിച്ചു. 1913 മെയിൽ ഒപ്പുവച്ച ലണ്ടൻ ഉടമ്പടി അനുസരിച്ച് അൽബേനിയ എന്ന പുതിയ സംസ്ഥാനം രൂപീകരിക്കുകയും മാസി ഡോണിയ വിഭജിക്കപ്പെടുകയും ചെയ്തു.

രണ്ടാം ബാൽക്കൻ യുദ്ധം

വിജയികൾ മാസിഡോണിയ വിഭജിച്ചതിനെ ച്ചൊല്ലി തർക്കമുണ്ടായി. ബൾഗേറിയക്കാർ അവരുടെ സഖ്യകക്ഷികളായ സെർബിയയെയും ഗ്രീസിനെയും ആക്രമിച്ചെങ്കിലും എളുപ്പത്തിൽ പരാജയപ്പെട്ടു. തങ്ങ ൾക്ക് നഷ്ടപ്പെട്ട ആഡ്രിയാ നോപ്പിളിനെ തിരിച്ചുപി ടിക്കാൻ തുർക്കികൾ അവ സരം ഉപയോഗിച്ചു. 1913 ആഗസ്റ്റിൽ ബുച്ചെറെസ്റ്റ് ഉടമ്പടിയിൽ ഒപ്പുവച്ചതോടെ രണ്ടാം ബാൽക്കൻ യുദ്ധം അവസാനിച്ചു..

ബാൽക്കൻ പ്രതിസന്ധിയിൽ നിന്ന് രണ്ട് കാര്യ ങ്ങൾ ഉയർന്നുവന്നു. ഒന്നാമത്തേത് ബൾഗേറിയ ക്കാർക്ക് പരിക്കേറ്റതായി തോന്നുകയും സെർബിയ യോട് പ്രതികാരം ചെയ്യാൻ അവസരം കാത്തിരിക്കുക യും ചെയ്തു. രണ്ടാമതായി വിജയം കൈവരിച്ചതോടെ സെർബിയക്കാരുടെ അഭിനിവേശം വർദ്ധിച്ചു. ഈ സമയം മുതൽ സെർബിയയിലെ ആസ്ട്രിയൻ വിരുദ്ധ പോരാട്ടവും ബോസ്നിയയുടെ അയൽപ്രവിശ്യയും കൂടുതൽ തീവ്രവാദികളായി.

പെട്ടെന്നുണ്ടായ കാരണങ്ങൾ



ഫ്രാൻസ് ഫെർഡിനാണ്ട്

ബാൽക്കനിൽ പ്രശ് ന ങ്ങൾ നടന്നത് ബോസ്നി യയിലെ സെറജാവോയിൽ 1914 ജൂൺ 28 നാണ്. ഓസ് ട്രിയ-ഹംഗറിയിലെ ചക്രവ ർത്തിയായ ഫ്രാൻസ് ജോ സഫിന്റെ അനന്തരാവ കാ ശിയായിരുന്ന ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിന ാണ്ടിനെസെർബിയക്കാരനാ യ ബോസ്നിയൻ വിദ്യാർത്ഥി പ്രിൻസിപ്പ് കൊലപ്പെ ടുത്തി സെർബിയയുടെ പ്രേരണയാലാണ് ഈ കൊല യാളി പ്രവർത്തിച്ചതെന്ന് ആസ്ട്രിയ വാദിച്ചു. കൊല യാളി കീഴടങ്ങണമെന്നാവശ്യപ്പെട്ട് ബെൽഗ്രേഡിൽ ഒരു മാസത്തിനുശേഷം ഒരു അന്ത്യശാസനം പാസ്സാ ക്കി. സെർബിയൻ വിശദീകരണത്തെയും മദ്ധ്യസ്ഥത

12th_History_Mal_Unit_13.indd 200 19-04-2022 14:01:33

ഒന്നാം ലോകമഹായുദ്ധ കാലത്തെ യൂറോപ്പ്
കിഴക്ക്
പടിഞ്ഞാറ്
കാസ്പിയൻ കടൽ
റഷ്യ
സെന്റ് പീറ്റേർസ് ബർഗ്
മോസ്കോ
ബെസ്റ്റ് ലിറ്റോവിസ്ക്
കരിങ്കടൽ
ഗല്ലിപോളി
ഡാർഡനെല്ലസ്
ബോസ്ഫറസ്
കടൽ
ഫ്രാൻസ്
ആസ്ട്രിയ ഹംഗേറി
സെർബിയ
ഇറ്റലി
ഗ്രീസ്
ഏഡ്രിയാറ്റിക് കടൽ
മെഡിറ്റേറിയൻ കടൽ
ആഫ്രിക്ക
മൊറോക്കോ
അൾജീരിയ
ട്യൂണീഷ്യ
ലിബിയ
ഈജിപ്ത്
സൂയസ് കനാൽ
ചെങ്കടൽ
അറേബ്യൻ മരുഭൂമി
ഏഡൻ
ബ്രിട്ടീഷ് സൊമാലിലാന്റ്
ഇറ്റാലിയൻ സൊമാലിലാന്റ്
ഇത്യോപ്യ
ഇറ്റാലിയൻ സൊമാലിലാന്റ്
ബ്രിട്ടീഷ് സൊമാലിലാന്റ്
ഏഡൻ
ചെങ്കടൽ
ബോർഡിയക്കോട്
ഫ്രഞ്ച് സൊമാലിലാന്റ്
ഇത്യോപ്യ
ഇറ്റലി
ഇറ്റാലിയൻ

വഹിച്ചുകൊണ്ടുള്ള ജർമ്മനിയുടെ ശ്രമത്തെയും ആസ്ട്രിയ തള്ളിക്കളഞ്ഞു. ബ്രിട്ടൺ ഈ യുദ്ധത്തെ പ്രാദേശികവത്ക്ക രിക്കാൻ ശ്രമിച്ചു. ജൂലൈ 28 ന് ആസ്ട്രിയ സെർബിയയ്റെക്കതിരെ യുദ്ധം പ്രഖ്യാപി ക്കുകയും ബെൽഗ്രേഡിൽ ബോംബെറിയുകയും ചെയ് തു. സെർബിയയെ പിന്തുണച്ച് ഇടപെടാൻ റഷ്യ സേന യെ അണിനിരത്തിക്കൊണ്ടിരിക്കുമ്പോഴും ജർമ്മനി ആദ്യം ആക്രമിച്ചു. റഷ്യയ്ക്കെതിരെയും സഖ്യകക്ഷി യായ ഫ്രാൻസിനെതിരെയും ആഗസ്റ്റ് 1 ന് യുദ്ധം പ്ര ഖ്യാപിച്ചു.

യുദ്ധത്തിൽ സ്വയം പങ്കെടുക്കുന്നിൽ ബ്രിട്ടൺ എതിരായിരുന്നു. എന്നാൽ ഓഗസ്റ്റ് 3 ന് ബ്രിട്ടീഷ് സഹായം ആവശ്യപ്പെട്ടുകൊണ്ട് ബെൽജിയം രാജാവ് ഒരു പരാതി അയച്ചു. ബെൽജിയം സഖ്യകക്ഷികളുടെ പക്ഷത്തായിരുന്നില്ല. എന്നിട്ടും ഇതിനെ ജർമ്മനി ആക്രമിച്ചു. ബെൽജിയൻ നിഷ്പക്ഷതയുടെ ജർമ്മൻ ലംഘനം ഗൗരവമായി കാണാൻ കഴിഞ്ഞു. ബെൽജി യൻതീരം തൊട്ടടുത്തുള്ള ഏതെങ്കിലും മഹാശക്തിക ളുടെ കൈയിൽ പാടില്ലെന്ന ബ്രിട്ടന്റെ ദീർഘകാല ന യമായിരുന്നു അത്, ആ തീരങ്ങളെ ആക്രമണത്തി ന്റെ വഴിയായി ഉപയോഗിച്ചേക്കാം. 2-ാം ലോകമഹായുദ്ധ സമയത്തുള്ള യൂറോപ്പ് ദേശീയ സുരക്ഷയുടെ ഈ തത്വം പിന്തുടർന്ന് ബ്രിട്ടൺ ഇപ്പോൾ ജർമ്മനിയ്ക്കെ തിരെ പോരാടാൻ തീരുമാനിച്ചു. ബെൽജിയൻ മണ്ണിൽ നിന്ന് ഇറാൻ പിന്മാറണമെന്ന് ആവശ്യപ്പെട്ട് ഓഗസ്റ്റ് 3 ന് ജർമ്മനിയിൽ ഒരു അന്ത്യശാസനം നൽകി. ആഗസ്റ്റ് 4 ന് ബ്രിട്ടനും ജർമ്മനിയും യുദ്ധത്തിലായിരുന്നു.

(c) യുദ്ധത്തിന്റെ ഗതിയുദ്ധ വ്യാപനം

ബ്രിട്ടൺ യുദ്ധത്തിൽ പ്രവേശിച്ചതിനെ തുടർന്ന് മറ്റ് രാജ്യങ്ങൾ പെട്ടെന്ന് പോരാട്ടത്തിലേക്ക് ആകർഷി ക്കപ്പെട്ടു. ഓഗസ്റ്റ് 7 ന് ഓസ്ട്രിയയ്ക്കെതിരെ യുദ്ധം ചെയ്യാൻ മോണ്ടിഗ്രോ സെർബിയയുമായി ചേർന്നു. വിദൂര കിഴക്കൻ പ്രദേശങ്ങളിലെ ജർമ്മൻ അധീന പ്ര ദേശങ്ങൾ കീഴടക്കുക എന്ന ലക്ഷ്യത്തോടെ രണ്ട് ആഴ്ചയ്ക്കുശേഷം ജപ്പാൻ ജർമ്മനിയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഒക്ടോബറിൽ തുർക്കി കരിങ്കട ലിൽ റഷ്യൻ തുറമുഖങ്ങളിൽ ബോംബാക്രമണം ആരംഭിച്ചു. 1915 മെയ് വരെ ഇറ്റലി നിഷ്പക്ഷത പാലിച്ചു വെങ്കിലും ഓസ്ട്രിയൻ ടർക്കിഷ് പ്രദേശങ്ങളുടെ വാഗ്ദാനത്തോടെ ട്രിപ്പിൾ എന്റന്റി ശക്തികളുടെ ഭാഗ ത്ത് നിന്ന് യുദ്ധത്തിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടു..

കേന്ദ്രശക്തികളും സഖ്യകക്ഷികളും

യുദ്ധത്തിലേർപ്പെട്ട രാജ്യ ങ്ങളെ രണ്ടായി തരം തിരിച്ചിരിക്കു ന്നു. അവ കേന്ദ്രശക്തികളും സഖ്യകക്ഷികളും. കേന്ദ്രശക്തി കളിൽ ജർമ്മനി ആസ്ട്രിയ-ഹം ഗറി, തുർക്കി, ബൾഗേറിയ എന്നി വരാണ്. കേന്ദ്രശക്തികളെ എതിർ ത്ത 9 രാജ്യങ്ങൾ : റഷ്യ, ഫ്രാൻസ്, ബ്രിട്ടൺ, ഇറ്റലി, അമേരിക്ക, ബെൽജിയം, സെർബിയ, റൊമാനിയ, ഗ്രീസ്. ഭൂരിഭാഗം അമേരിക്കക്കാരും ആഗ്രഹിച്ചത് അവരുടെ രാജ്യം നിഷ്പക്ഷമായി നിൽക്കണമെന്നും അതിനാൽ ആദ്യത്തെ 3 വർഷം അമേരിക്ക ധാർമ്മികപരമായ വിലയേറിയ പിന്തുണ ബ്രിട്ടനും ഫ്രാൻസിനും നൽകി.

അതിർത്തികളിലുള്ള പോരാട്ടം പടിഞ്ഞാറൻ സമരമുഖം, 1914

നിഷ്പക്ഷതയെ അവഗണിച്ചുകൊണ്ടുള്ള ജർമ്മ നിയുടെ ആക്രമണത്തെ നേരിടാൻ ചെറിയൊരു പ്രതി ഷേധം അല്ലാതെ ബൽജിയൻകാർക്ക് കൂടുതലാ യൊന്നും ചെയ്യാൻ സാധിച്ചില്ല. അതിനാൽ മുന്നേറു ന്ന ജർമ്മൻ സൈന്യത്തെ തകർക്കാനുള്ള ജോലി ഫ്രഞ്ചുകാരുടെമേൽ ആയി മാറി. അധിനിവേശത്തി ന്റെ അമിതശക്തി തടയാൻ ഫ്രഞ്ചുകാർക്ക് കഴിഞ്ഞി ല്ല. ആദ്യത്തെ ജർമ്മൻ മുന്നേറ്റം പാരീസിലെ ഇരുപത് മൈലിനുള്ളിലായിരുന്നു. പരിഭ്രാന്തിയിലായ ഫ്രഞ്ച് സർക്കാരിന് ബോർഡക്സിലേക്ക് മാറേണ്ടിവന്നു.

കിഴക്കൻ സമരമുഖം, 1914

കിഴക്കൻ സമരമുഖത്തിൽ, റഷ്യൻ സൈന്യം കിഴക്കൻ പ്രഷ്യയിലേക്ക് തുളച്ചുകയറി. ടണ്ണൻബർഗ് യുദ്ധത്തിൽ വോൻ ഹിണ്ടൻബർഗ് നിർണ്ണായക പങ്ക് വഹിച്ചതു കാരണം റഷ്യയ്ക്ക് ഭീമമായ നഷ്ടം സംഭ വിച്ചു. ജർമ്മൻ ജനറൽ ഹിണ്ടൻബെർഗ് പിന്നീട് റഷ്യ ൻ പോളണ്ടിനെ ആക്രമിക്കാൻ തുടങ്ങി. പക്ഷേ ഒരു ഇരട്ട മുന്നണി യുദ്ധത്തിൽ കുടുങ്ങിയ ജർമ്മനിക്ക് കിഴക്കിന്റെ വിജയങ്ങൾ ഏകീകരിക്കാൻ ആവശ്യ മായ വിഭവങ്ങൾ ഉണ്ടായിരുന്നില്ല

കിഴക്കൻ സമരമുഖത്ത് നടന്ന യുദ്ധങ്ങൾ സഖ്യ കക്ഷികൾക്ക് ഒരു ദുരന്തമായി മാറിയെങ്കിലും, ഇത് ശ്രദ്ധ വ്യതിചലിപ്പിക്കുകയും ഫ്രാൻസിന് മേലുള്ള സമ്മർദ്ദം ഒഴിവാക്കാനും സഹായിച്ചു. മാർനെ യു ദ്ധ്തിൽ (1914 സെപ്റ്റംബർ 6-13) ജർമ്മൻ മുന്നേറ്റത്തെ തടയുന്നതിൽ ഫ്രഞ്ചുകാർ വിജയിച്ചു. സെപ്റ്റംബർ 13 ആയപ്പോൾ ജർമ്മനി 50 മൈലുകളോളം പിന്നോട്ട് നീങ്ങി. പാരീസിനെ അങ്ങനെ സംരക്ഷിച്ചു..

ജർമ്മൻ കോളനികളിൽ ആക്രമണം

സമുദ്രങ്ങളിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിച്ച തിന്റെ ഫലമായി ജർമ്മിക്ക് അവരുടെ കോളനികൾക്ക് സഹായം നൽകാൻ കഴിഞ്ഞില്ല എന്നതാണ്. അതു കൊണ്ട് ജർമ്മൻ കിഴക്കൻ ആഫ്രിക്ക ഒഴിച്ച് ബാക്കി പ്രദേശങ്ങൾ യുദ്ധത്തിന്റെ ആദ്യമാസങ്ങളിൽ പിടി ച്ചടക്കി.

പടിഞ്ഞാറൻ സമരമുഖം 1915

ഫ്രാൻസിലേക്കുള്ള ആദ്യ ജർമ്മൻ ശ്രമം പ രാജയപ്പെട്ടതിന് ശേഷം, പടിഞ്ഞാറൻ ഭാഗത്തെ എതിർക്കുന്ന സൈന്യം യുദ്ധമുഖത്ത് തന്നെ തങ്ങാൻ തീരുമാനിച്ചു, ഇംഗ്ലീഷ് ചാനലിൽ നിന്നും സ്വിറ്റ്സർ ലണ്ടനിലേക്ക് 650 കി.മീ. പാത കുഴിച്ചുകൊണ്ടാണിത്. മുള്ളുകമ്പി, യന്ത്രത്തോക്കുകൾ, പീരങ്കികൾ എന്നിവ യ്ക്ക് പിന്നിൽ ഓരോവശത്തും ഉള്ളവർ നാലുവർഷ ത്തോളം പരസ്പരം ഘർഷണത്തിൽ ഏർപ്പെട്ടു.

12th_History_Mal_Unit_13.indd 202 19-04-2022 14:01:37

ട്രഞ്ച് യുദ്ധം: ഒന്നാം ലോകമഹായുദ്ധത്തിന്റെ യുദ്ധ സാഹചര്യങ്ങളിൽ വായുവിലൂടെ പറക്കുന്ന വെടിയുണ്ടകളിൽ നിന്നും ഷെല്ലുകളിൽ നിന്നും അഭയം നേടാനും അതിജീവിക്കാനും സൈനികരെ മണ്ണ് കുഴിച്ച്മാളമുണ്ടാക്കാൻനിർബന്ധിതരാക്കി.സൈനികർ കുഴിച്ച കിടങ്ങുകളും കുഴികളും പൊട്ടിത്തെറിക്കുന്ന പീരങ്കികളിൽ നിന്ന് സ്വയം രക്ഷ നേടാൻ അവരെ പ്രാപ്തരാക്കി. ജർമ്മനി തങ്ങളുടെ കാലാൾപ്പടയെ ആഴത്തിലുള്ളതും നന്നായി നിർമ്മിച്ച കുഴിത്താവളങ്ങളിൽ വൈദ്യുത വെളിച്ചം കത്തിച്ച് കിടക്കകളും നൽകി. ലോഹമഹായുദ്ധത്തിലെ സാധാരണ ട്രെഞ്ച് സമ്പ്രദായം പരസ്പരം സമാന്തരമായി പ്രവർത്തിക്കുന്ന രണ്ട് മുതൽ നാല് വരെ ട്രെഞ്ച് ലൈനുകൾ ഉൾക്കൊള്ളുന്നു. ഓരോ ട്രഞ്ചും ഒരു സിഗ്സാഗ് രീതിയിലാണ് കുഴിച്ചിരുന്നത്, അതിനാൽ ഒരറ്റത്ത് നിൽക്കുന്ന ഒരു ശത്രുവിനും അതിന്റെ നീളത്തിൽ ഏതാനും യാർഡിലധികം വെടിവയ്ക്കാൻ കഴിയില്ല. പ്രധാന കിടങ്ങുകളെ പരസ്പരം ബന്ധിപ്പിച്ച് അതുമായി മറ്റ് കിടങ്ങുകളെയും ബന്ധിപ്പിച്ച് ഭക്ഷണം യുദ്ധോപകരണങ്ങൾ, വെടിമരുന്ന്, പുതിയ സൈനികർ, ഓർഡറുകൾ എന്നിവ വിതരണം ചെയ്തു.

സോം, വെർഡൂൺ യുദ്ധങ്ങൾ, 1916

വലിയതോതിൽ ദീർഘനാൾ നീണ്ടുനിൽക്കുന്ന യുദ്ധം ഫ്രഞ്ച് മനോവീര്യം ഇല്ലാതാക്കുമെന്ന് ജർമ്മ നികരുതി. അതിനാൽ 1916 ഫെബ്രുവരിയ്ക്കും ജൂലൈയ്ക്കും ഇടയിൽ ഫ്രഞ്ചുകാരുടെ പ്രശസ്ത കോട്ടയായ വെർഡൂണിനെ അവർ ആക്രമിച്ചു. ഇരുഭാഗത്തുമുണ്ടായ നഷ്ടം ഭയങ്കരമായിരുന്നു. എന്നിരുന്നാലും ഫ്രാൻസിലെ പ്രചാരണത്തിൽ മുഖ്യപങ്കുവഹിക്കാനുള്ള പ്രധാന ഉത്തരവാദിത്വം ഗ്രേറ്റ് ബ്രിട്ടന്റെ മേൽ ആയി. ജർമ്മനിയ്ക്കെതിരായ ബ്രിട്ടീഷ് ആക്രമണം നടന്നത് സോം നദിക്ക് സമീപത്തായിരുന്നു. സോം യുദ്ധത്തോടൊപ്പം രണ്ട് ദശലക്ഷം ആളുകൾ പങ്കെടുത്ത വെർഡൂൺ യുദ്ധവും എങ്ങനെയായാലും ഭാഗ്യം സഖ്യകക്ഷികൾക്ക് തുണച്ചു..

ജട്ട്‌ലാൻഡ്, 1916

1916 മെയിലാണ് സമുദ്രമാർഗ്ഗമുള്ള പ്രധാന യുദ്ധം നടന്നത്. ജട്ട്‌ലാൻഡ് ഉപദ്വീപായ ഡെൻമാർക്കിലാണ് ഈ യുദ്ധം അനിശ്ചിതത്വത്തിലായത്. ഒന്നാം ലോകമഹായുദ്ധത്തിലെ ഏറ്റവും വലിയ നാവിക യുദ്ധമായി ജട്ട്‌ലാൻഡ് യുദ്ധം ഓർമ്മിക്കപ്പെടുന്നു. സഖ്യസേനാ നാവിക ഉപരോധത്തെ ചെറുക്കാൻ അനിയന്ത്രിതമായ അന്തർവാഹിനി യുദ്ധത്തിന് ജർമ്മനി അംഗീകാരം നൽകിയതോടെ നാവിക യുദ്ധങ്ങൾ അവസാനിച്ചു.

Q കപ്പലുകളും U ബോട്ടുകളും: ഒന്നാം ലോക മഹായുദ്ധ സമയത്ത് ജർമ്മനിയുടെ ഏറ്റഴും ഭയാനകമായ ആയുധം മുങ്ങിക്കപ്പൽ (യു-ബോട്ട്) ആയിരുന്നു. ജർമ്മനി ബ്രിട്ടന്റെ പക്കലുള്ള എല്ലാ കപ്പലുകളും മുക്കിനശിപ്പിക്കാൻ ഒരു തന്ത്രം സ്വീകരിച്ചു. ഒരു മാസത്തിനുള്ളിൽ മാത്രം 880,000 ടൺ കപ്പൽ ചരക്കുകൾ മൊത്തത്തിൽ സമുദ്രത്തിന്റെ അടിയിലേക്ക് പോയി. ക്യൂ ഷിപ്പുകൾ ജർമ്മനിക്കുള്ള ബ്രിട്ടന്റെ ഉത്തരമായിരുന്നു. ചരക്ക് കപ്പൽ എന്ന വ്യാജേന ബോട്ട് ഭീഷണിയ്ക്ക് തിരിച്ചടി എന്ന രീതിയിൽ ബ്രിട്ടീഷുകാർ 200 ലേറെ നീരാവികപ്പൽ, മീൻപിടുത്തവള്ളം, ചരക്ക് വള്ളം എന്നിവ അയയ്ക്കുകയും ബോട്ട് ഭീഷണിയ്ക്കെതിരെ നടപടിയെടുക്കുകയും ചെയ്തു. മറഞ്ഞിരിക്കുന്ന സായുധസേനയെയും ആയുധങ്ങളെയും അഴിച്ചുവിടുന്ന ഈ കപ്പലുകളെ ആക്രമിക്കാൻ യു-ബോട്ടുകളെ ആകർഷിക്കുക എന്നതായിരുന്നു ആശയം.

കിഴക്കൻ സേനാമുഖത്തെ യുദ്ധം, 1917

1917 ഫെബ്രുവരി വിപ്ലവത്തിൽ റഷ്യയുടെ സാറിസ്റ്റ് ഭരണകൂടത്തെ അട്ടിമറിച്ചതോടെ പടിഞ്ഞാറൻ കേന്ദ്രങ്ങളിൽ ജർമ്മനി തന്റെ ശ്രമങ്ങൾ കേന്ദ്രീകരിക്കാൻ തുടങ്ങുകയും കിഴക്കൻ ഭാഗത്ത് കേന്ദ്രശക്തികൾ തകർച്ചയിലേക്ക് പോകുകയും ചെയ്തു. സോവിയറ്റ് റഷ്യ സമാധാനം ആവശ്യപ്പെടുകയും അതിനെതുടർന്ന് ബ്രെസ്റ്റ്-ലിറ്റോസ്ക് ഉടമ്പടി (1918 മാർച്ച്, 3) ജർമ്മനിയുമായി ഒപ്പുവയ്ക്കുകയും ചെയ്തു.

1915–1916 ലെ ഗള്ളിപോളി സംഘടിത പ്രവർത്തനം: ഡാർഡ്നെല്ലസ്കാമ്പയ്ൻ എന്നുംഅറിയപ്പെടുന്നു. യൂറോപ്പിൽ നിന്നും റഷ്യയിലേക്കുള്ള കടൽ മാർഗം നിയന്ത്രിക്കാനുള്ള സഖ്യശക്തികളുടെ പരാജയപ്പെട്ട ശ്രമമാണിത്. മതിയായ ബുദ്ധിയും ഭൂപ്രദേശത്തെകുറിച്ചുള്ള അറിവില്ലായ്മയും തുർക്കിയിലെ കടുത്ത പ്രതിരോധവും ആക്രമണത്തിന്റെ വിജയത്തെ തടസ്സപ്പെടുത്തി. ഒക്ടോബർ പകുതിയോടെ സഖ്യസേനയ്ക്ക് കനത്ത നാശനഷ്ടങ്ങൾ സംഭവിക്കുകയാണ് ചെയ്തത്.

കംബ്രായ് യുദ്ധം: (നവംബർ - ഡിസംബർ 1917) ഫ്രാൻസിലെ കംബ്രായിൽ നടന്ന ഈ യുദ്ധത്തിൽ ബ്രിട്ടീഷുകാർആദ്യമായിവലിയതോതിൽടാങ്കുകൾ (തോക്കുകൾ ഘടിപ്പിച്ച യുദ്ധവാഹനം) ഉപയോഗിച്ചത് വളരെ പ്രാധാന്യമർഹിക്കുന്നു. 340 ടാങ്കുകൾ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടപ്പോൾ ജർമ്മനി പൂർണ്ണമായും ആശ്ചര്യപ്പെട്ടു..

അമേരിക്കയുടെ യുദ്ധത്തിലേക്കുള്ള പ്രവേശനം

രൂക്ഷമായ അന്തർവാഹിനി പ്രചാരണം അമേരിക്കയെ യുദ്ധത്തിലേക്ക് കൊണ്ടുവന്നു. ബ്രിട്ടീഷ് കപ്പലായ ലൂസിറ്റാനിയയെ 1915 മെയിൽ ഒരു ജർമ്മൻ

12th_History_Mal_Unit_13.indd 203 19-04-2022 14:01:37

അന്തർവാഹിനി മുക്കുകയും 128 അമേരിക്കൻ ജീവൻ നഷ്ടപ്പെടുത്തുകയും ചെയ്തു. രണ്ടു വർഷത്തോളം നിഷ്പക്ഷത കാത്തുസൂക്ഷിച്ച പ്രസിഡന്റ് വുഡ്രോ വിൽസൻ ഒടുവിൽ അമേരിക്കയിലെ ജനങ്ങളുടെ സമ്മർദത്തിന് വഴങ്ങി. 1917 ഏപ്രിലിൽ ജർമ്മനിയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. അമേരിക്കയുടെ അതി മഹത്തായ വിഭവങ്ങളുമായുള്ള പ്രവേശനം സഖ്യ സേനയുടെ വിജയത്തെ മുൻകൂട്ടി തീരുമാനിച്ചു.



ലൂസിറ്റാനിയ

സഖ്യകക്ഷികൾ ജർമ്മനി ഉപേക്ഷിക്കുന്നു

1918 നവംബർ 3 ന് ഫ്രാൻസിസ് ജോസഫിനു ശേഷം വന്ന ചാൾസ് ചക്രവർത്തി ഓസ്ട്രിയയെ അധികാരത്തിൽ നിന്ന് പുറത്താക്കിയ ഒരു യുദ്ധ വിരാമ കരാറിൽ ഒപ്പുവച്ചു. എന്നാൽ യുദ്ധത്തിന്റെ അവസാന ആഴ്ചകളിൽ ജർമ്മനിയെ അതിന്റെ എല്ലാ സഖ്യകക്ഷികളും ഉപേക്ഷിച്ചു. ആദ്യമായി കീഴടങ്ങിയത് ബൾഗേറിയയാണ്. തുർക്കികൾ തല്ക്കാലം യുദ്ധം നിർത്താൻ തീരുമാനിച്ചു. സമരം ഒറ്റയ്ക്ക് നടത്തുക എന്ന അസാധ്യമായ ജോലി ജർമ്മനി ഇപ്പോൾ ഏറ്റെടുക്കേണ്ടി വന്നു. ജർമ്മൻ സൈനികരുടെ മനോവീര്യം കുറവായിരുന്നു. സഖ്യകക്ഷികളുടെ ഉപരോധം ജർമ്മനിയിലെ ജനങ്ങളെ വല്ലാതെ വിഷമിപ്പിച്ചു. കൈസർ സിംഹാസനം ഉപേക്ഷിച്ച് ഹോളണ്ടിലേക്ക് പലായനം ചെയ്തു. ഇതിനിടയിൽ ഒരു താല്ക്കാലിക സർക്കാരിനെ നയിക്കുന്ന റീച്ച് സ്റ്റാഗിലെ സോഷ്യലിസ്റ്റുകളുടെ നേതാവായ ഫ്രിഡ് റിച്ച് എബർട്ടിന്റെ നേതൃത്വത്തിൽ യുദ്ധവിരാമത്തിനായി അനുരജ്ഞനത്തിൽ ഏർപ്പെടാൻ നടപടികൾ കൈക്കൊണ്ടു. നവംബർ 11 ന് ജർമ്മനി കീഴടങ്ങാമെന്ന് ഒപ്പുവച്ചു.

(d) പാരീസ് സമാധാന ഉടമ്പടി



പാരിസ് സമാധാന സമ്മേളനം

1919 ജനുവരിയിൽ പാരീസിൽ ഒരു സമാധാന ഉടമ്പടി ആരംഭിച്ചു. ഈ ചർച്ചയിൽ വുഡ്രോ വിൽസൻ (യു.എസ്.എ.), ലോയിഡ് ജോർജ് (ഇംഗ്ലണ്ട് പ്രധാന മന്ത്രി) ജോർജസ് ക്ലെമൻസ്യൂ (ഫ്രാൻസ് പ്രധാന മന്ത്രി) എന്നിവർ പ്രധാന പങ്ക് വഹിച്ചു. വുഡ്രോവിൽസന്റെ പതിനാലിന പരിപാടിയെ അടിസ്ഥാനമാക്കിയായിരുന്നു ഈ സമാധാന ഉടമ്പടി.

പ്രസിഡന്റ് വുഡ്രോ വിൽസന്റെ സമാധാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു: (1) തുറന്ന കരാറുകൾ പരസ്യമായി എത്തി. (2) സമുദ്രങ്ങളുടെ സ്വാതന്ത്ര്യം (3) രാഷ്ട്രങ്ങൾ തമ്മിലുള്ള സാമ്പത്തിക തടസ്സങ്ങൾ നീക്കം ചെയ്യൽ (4) ആയുധങ്ങളുടെ ഉപയോഗം കുറയ്ക്കൽ (5) അതിൽ ഉൾപ്പെട്ടിരിക്കുന്ന ജനങ്ങളുടെ താല്പര്യങ്ങൾ പരിഗണിച്ച് കൊളോണിയൽ അവകാശങ്ങളുടെ നിഷ്പക്ഷമായ തീർപ്പാക്കൽ. (6) റഷ്യയ്ക്ക് ആവശ്യമുള്ള ഏത് സർക്കാരും പ്രവർത്തിക്കാൻ അനുവദിക്കുകയും സർക്കാരിനെ അംഗീകരിക്കുകയും പിന്തുണയ്ക്കുകയും സ്വാഗതം ചെയ്യുകയും വേണം. (7) ബെൽജിയത്തിന്റെ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കുക (8) അൽസൈസും ലൊറൈനും ഫ്രാൻസിന്റെ കൈവശം തന്നെ നിലനിർത്തുക (9) ദേശീയതയുടെ അടിസ്ഥാനത്തിൽ ഇറ്റാലിയൻ അതിർത്തികളുടെ പുനക്രമീകരണം (10) ദേശീയ സ്വയം നിർണ്ണയം (11) സമുദ്രത്തിലേക്ക് പോകാനുള്ള മാർഗ്ഗം സെർബിയ യ്ക്ക് നൽകികൊണ്ട് റൊമാനിയ, സെർബിയ, മൊണ്ടിനെഗ്രോയെ ഇതുമായി പുനസ്ഥാപിക്കുക. (12) കരിങ്കടൽ മുതൽ മെഡിറ്ററേനിയൻ വരെ കടലിടുക്കുകളുള്ള തുർക്കിയിലെ ജനങ്ങൾക്ക് സ്വയം ഭരണ വികസനം ശാശ്വതമായി. (13) ഒരു സ്വതന്ത്ര പോളണ്ട്, തർക്കമില്ലാതെ പോളീഷ് ജനവാസമുള്ളതും കടലിലേക്കുള്ള പ്രവേശനവുമായിരുന്നു (14) ഒരു ലീഗ് ഓഫ് നാഷണൻസ് (സർവ്വരാജ്യസഖ്യം).

പുതിയൊരു യുദ്ധത്തിന്റെ ഭീഷണി നേരിട്ട ജർമ്മൻ സർക്കാർ വ്യവസ്ഥകൾക്ക് വഴങ്ങാൻ നിർബന്ധിതനായി. വേഴ്സയിൽസിലെ മിറേഴ്സ് ഹാളിൽ 1919 ജൂൺ 28 ന് ഒരു സമാധാന ഉടമ്പടിയിൽ ഒപ്പുവച്ചു.

സഖ്യസേനകൾ പ്രത്യേക ഉടമ്പടികൾ ഉണ്ടാക്കുകയും അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ആസ്ട്രിയ (സെന്റ് ജർമ്മൻ ഉടമ്പടി), ഹംഗറി (ട്രിയാനൻ) ബൾഗേറിയ (ന്യൂലി) ടർക്കി (സെർവ്സ്) സുൽത്താൻ ഇത് അംഗീകരിച്ചെങ്കിലും കമാൽപാഷയുടെയും അദ്ദേഹത്തിന്റെ അനുയായികളുടെയും എതിർപ്പ് കാരണം ഇത് പരാജയപ്പെട്ടു..

(e) വേഴ്സയിൽസ് ഉടമ്പടിയിലെ വ്യവസ്ഥകൾ

താഴെപറയുന്നവയാണ് വേഴ്സയ്ൽസ് ഉടമ്പടിയുടെ വ്യവസ്ഥകൾ : അൽസൈയ്സ് - ലൊറൈൻ പ്രദേശം ഫ്രാൻസിന് കീഴടങ്ങണം. സാർ താഴ്വരയിലെ കൽക്കരി ഖനികൾ ഫ്രാൻസിന് വിട്ടുകൊടുക്കണം. 1935 വരെ സർ പ്രദേശം ഭരിച്ചിരുന്നത് ലീഗ് ഓഫ് നാഷൻസ് ആയിരുന്നു. ഒരു പൊതുജനാഭിപ്രായം

12th_History_Mal_Unit_13.indd 204 19-04-2022 14:01:37

നടത്തിയപ്പോൾ ഇത് ലീഗിന് കീഴിൽ തുടരണോ, ജർമ്മനിയ്ക്ക് തിരിച്ച് നൽകണോ, ഫ്രാൻസിന് നൽകണോ എന്ന അഭിപ്രായം ഉണ്ടായി. പോളീഷ് പ്രവിശ്യകളായ റഷ്യ, ഓസ്ട്രിയ, ജർമ്മനി എന്നീ രാജ്യങ്ങൾ ചേർന്നാണ് പോളണ്ടിനെ വിഭജിച്ചത്. ജർമ്മൻ തുറമുഖമായ ഡാൻസിംഗ് ഉൾപ്പെടുന്ന ബാൾട്ടിക് ഇടനാഴിയും ലീഗ് ഓഫ് നാഷൻസിന്റെ രാഷ്ട്രീയ നിയന്ത്രണത്തിലാണ്. സമുദ്രത്തിന് മേലുള്ള എല്ലാ അവകാശങ്ങളും പദവികളും സഖ്യക ക്ഷികൾക്കായി ഉപേക്ഷിക്കാൻ ജർമ്മനി നിർബന്ധിതനായി. സർവ്വരാഷ്ട്ര സഖ്യത്തിന്റെ കീഴിൽ എല്ലാ ജർമ്മൻ കോളനികളും ആജ്ഞാപ്രദേശങ്ങളാക്കി മാറ്റി.

ഫ്രാൻസിനോ, ബെൽജിയത്തിനോ നേരെയുള്ള പുതിയ ആക്രമണം തടയാൻ റൈൻ താഴ്വരയിൽ സൈനികരെ നിലനിർത്തുന്നതിനോ, കോട്ടകൾ കെട്ടുന്നതിനോ ജർമ്മനിയെ വിലക്കി. സഖ്യ കക്ഷികൾ റൈൻ പ്രദേശം കൈവശപ്പെടുത്തി. റൈൻ പ്രദേശത്തിന്റെ കിഴക്കൻ തീരത്ത് സൈന്യത്തെ പിരിച്ചുവിട്ടു. ബ്രെസ്റ്റ്-ലിറ്റോസ്ക് ഉടമ്പടിപ്രകാരം ഫിൻലാൻഡ്, എസ്റ്റോണിയ, ലാറ്റ്വിയ, ലിത്തുവാനിയ എന്നിവ സ്വതന്ത്ര റിപ്പബ്ലിക് ആയി മാറുകയും കിഴക്കൻ യൂറോപ്പിൽ റഷ്യയുടെ പ്രവിശ്യകൾ ജർമ്മനിക്ക് നൽകുകയും ചെയ്തു. ഒരു നൂറ്റാണ്ടോളം നിലവില്ലാത്തതിനാൽ പോളണ്ട് ഒന്നിച്ചാവുകയും പോളീഷ് പ്രവിശ്യകളുമായി ചേരുകയും ചെയ്തു.

ജർമ്മനിയെ നിരായുധീകരിക്കുകയും അതിന്റെ എല്ലാ അന്തർവാഹിനികളും യുദ്ധകപ്പലുകളും പ്രായോഗികമായി ഉപേക്ഷിക്കാൻ നിർബന്ധിതനായി. സൈനികമോ, നാവികമോ ആയ എല്ലാ വിമാനങ്ങളും ജർമ്മനിയിൽ നിരോധിക്കുകയും അതിന്റെ സൈന്യം ഒരു ലക്ഷം ഉദ്യോഗസ്ഥർക്കും പുരുഷന്മാർക്കും മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു. ആസ്ട്രിയയുടെയും ജർമ്മനിയുടെയും ഐക്യത്തെ നിരോധിക്കുകയും ആസ്ട്രിയയുടെ സ്വാതന്ത്ര്യത്തെ ജർമ്മനി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

യുദ്ധസമയത്ത് ഉണ്ടായ നാശനഷ്ടങ്ങൾക്ക് ജർമ്മനിയും അതിന്റെ സഖ്യകക്ഷികളും ഉത്തരവാദികളായിരുന്നു. യുദ്ധത്തിന്റെ നഷ്ടപരിഹാരതുക കൃത്യമായി 33 ബില്യൺ ഡോളർ ആണെന്ന് തീരുമാനിച്ചു.

അന്താരാഷ്ട്ര ധാർമ്മികതയ്ക്കും ഉടമ്പടികളുടെ പവിത്രതയ്ക്കുമെതിരായ പരമോന്നത കുറ്റമാണ് ജർമ്മൻ ചക്രവർത്തിക്കെതിരെ ചുമത്തിയത്. ഇദ്ദേഹത്തെ നീതിന്യായകോടതി കുറ്റവിചാരണ ചെയ്തു. എന്നിരുന്നാലും നെതർലണ്ട് സർക്കാർ ഈ വ്യവസ്ഥയെ എതിർക്കുകയും ജർമ്മൻ ചക്രവർത്തിയെ സഖ്യകക്ഷികൾക്ക് കൈമാറാൻ വിസമ്മതിച്ചു.

13.4 റഷ്യൻ വിപ്ലവവും അതിന്റെ സ്വാധീനവും

മുഖവുര

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫലം റഷ്യൻ വിപ്ലവമായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ റഷ്യയിലെ സാറിസ്റ്റ് സർക്കാരിന് അസഹനീയമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. ജനങ്ങൾ വിശന്നുവലഞ്ഞു. ആവശ്യത്തിന് ഭക്ഷണം നൽകാനും പാർപ്പിക്കാനും കഴിയാതെ തൊഴിലാളികളാൽ നഗരങ്ങളും പട്ടണങ്ങളും നിറഞ്ഞു. 1917 മാർച്ചിൽ ആദ്യവിപ്ലവം (ഫെബ്രുവരി വിപ്ലവം) പെട്രോഗ്രാഡിൽ പണിമുടക്കും പ്രകടനങ്ങളും നടത്തി. ആദ്യവിപ്ലവം റഷ്യയുടെ പ്രശ്നങ്ങളൊന്നും പരിഹരിച്ചില്ല. റഷ്യൻ രാജവാഴ്ച അട്ടിമറിക്കപ്പെട്ടുവെങ്കിലും ഇടക്കാല സർക്കാർ യുദ്ധം നടത്തി. അതിനാൽ നവംബറിൽ (ഒക്ടോബർ വിപ്ലവം) നടത്തി. രണ്ടാമത്തെ വലിയ പ്രക്ഷോഭം ഉണ്ടായി, ഇതിൽ ലെനിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ബോൾഷെവിക്കുകൾ അധികാരം പിടിച്ചെടുക്കുകയും ഒരു കമ്മ്യൂണിസ്റ്റ് സർക്കാർ സ്ഥാപിക്കുകയും ചെയ്തു.



ഫിബ്രവരി വിപ്ലവം

(a) വിപ്ലവത്തിന്റെ കാരണങ്ങൾ സർ ചക്രവർത്തിമാരുടെ സ്വേച്ഛാധിപത്യഭരണം

പത്തൊൻപതാം നൂറ്റാണ്ടിൽ റഷ്യ സ്വേച്ഛാധിപത്യസർ ചക്രവർത്തിമാരുടെ ഭരണത്താൽ ഒരു പിന്നോക്ക രാജ്യമായിരുന്നു. അവർ റഷ്യയെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലാക്കി. സെൽഫുകളെ കൊലപ്പെടുത്തുകയും അവർ വളരെ ദയനീയ ജീവിതം നയിക്കുകയും ചെയ്തിരുന്നു. യഹൂദന്മാരെ ഉപദ്രവിക്കുന്നതും കൂട്ടക്കൊല ചെയ്യുന്നതും യഹൂദ വിരുദ്ധമായി മാറി. ജനാധിപത്യ വിയോജിപ്പിന് സ്ഥാനമില്ലായിരുന്നു. അഭിപ്രായപ്രകടനം നടത്തിയതിന് ബുദ്ധിപീവികൾ, യൂണിവേഴ്സിറ്റി പ്രൊഫസർമാർ, വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞന്മാർ, എഴുത്തുകാർ എന്നിവർക്ക് തടവും പ്രവാസവും അനുഭവിക്കേണ്ടിവന്നു. സർ ചക്രവർത്തിമാരെ സാർ

12th_History_Mal_Unit_13.indd 205 19-04-2022 14:01:37

വ്ളാഡിമർ ഇല്ലിറിച്ച് ലെനിൻ (1870-1924): ലെനിൻ ജനിച്ചത് മദ്ധ്യ വോൾഗയിലാണ്. 1887-ൽ സർ ചക്രവർത്തിമാരുടെ ജീവിതത്തെക്കുറിച്ച് മനസ്സിലാക്കൻ ശ്രമിച്ചതിന് അദ്ദേഹത്തിന്റെ മൂത്ത സഹോദരനെ തൂക്കിലേറ്റി. കാറൽ മാർക്സിന്റെ ആശയങ്ങളിൽ സ്വാധീനം ചെലുത്തിയ ലെനിൻ സ്വാതന്ത്ര്യത്തിനുള്ള മാർഗം ബഹുജന പ്രവർത്തനത്തിലൂടെയാണെന്ന് വിശ്വസിച്ചു. പഠനഗ്രൂപ്പുകൾ രൂപീകരിച്ച് സെന്റ് പീറ്റേഴ്സ് ബർഗിലെ ഫാക്ടറി തൊഴിലാളികൾക്ക് മാർക്സിസത്തെക്കുറിച്ച് ക്ലാസ്സ് എടുക്കാൻ ഇദ്ദേഹം സമയം ചെലവഴിച്ചു. 1895-ൽ അറസ്റ്റ് ചെയ്ത ഇദ്ദേഹത്തെ സൈബീരിയയിൽ പാർപ്പിച്ചു. 1900-ൽ മോചിതനായ ശേഷം അദ്ദേഹം യൂറോപ്പിലെ വലിയ നഗരങ്ങളിലെ വീടുകളിൽ മാറി മാറി താമസിച്ചു. 1903-ൽ ഇടതുപക്ഷത്തിന്റെ മുഖ്യപാർട്ടിയായ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ നാൽപത്തിമൂന്ന് പ്രതിനിധികളുടെ കോൺഗ്രസ്സ് ലണ്ടനിലേക്ക് മാറി. സംഘടനകളുടെയും തന്ത്രങ്ങൾ മെനഞ്ഞതിന്റെയും വിഷയത്തിൽ കോൺഗ്രസ്സ് രണ്ടായി പിളർന്നു. ബോൾഷെവിക്കുകൾ എന്ന റിയപ്പെടുന്ന ചെറിയ ഭൂരിപക്ഷത്തിന്റെ (ബോൾ ഷെവിസ്റ്റോ) പിന്തുണ ലെനിൻ നേടി, അത് ബോൾ ഷെവിക്ക് പാർട്ടി എന്നറിയപ്പെടുന്നു. അദ്ദേഹത്തിന്റെ എതിരാളികളായ ന്യൂനപക്ഷത്തെ (മെൻഷിൻ സ്റ്റോ), മെൻഷ്വിക്കുകൾ എന്ന് വിളിക്കുന്നു.



ലെനിൻ

വത്രികമായി വെറുക്കപ്പെടുകയും അവരുടെ പതനത്തിനായി എല്ലാപേരും കാത്തിരുന്നു.

കർഷകരുടെ അവസ്ഥ

റഷ്യ അടിസ്ഥാനപരമായി ഒരു കർഷക സമൂഹമായിരുന്നു. ജനസംഖ്യയുടെ പകുതിയോളം പേർ സെർഫുകൾ ആയിരുന്നു. ഇവർ ഭൂമിയുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. റഷ്യൻ കർഷകർക്ക് യാതൊരു പ്രതിഫലവുമില്ലാതെ എല്ലാ ആഴ്ചയിലും കുറച്ച് ദിവസം യജമാനൻമാരുടെ ഭൂമിയിൽ അധ്വാനിക്കാൻ നിർബന്ധിതരായിരുന്നു, പ്രഭുക്കന്മാരുടെ സമ്മതമില്ലാതെ ഇവർ വിവാഹം കഴിക്കാൻ പാടില്ല. ചെറിയ തെറ്റുകൾക്ക് പോലും കഠിനമായി ശിക്ഷിക്കപ്പെട്ടു. നിക്കോളാസ് ഒന്നാമന്റെ കാലത്ത് 500 ലധികം സെർഫ് ലഹളകൾ റഷ്യയുടെ വിവിധ ഭാഗങ്ങളിൽ നടന്നുവെങ്കിലും അവയെല്ലാം നിഷ്കരുണം തകർത്തു. അലക്സാണ്ടർ രണ്ടാമൻ 1861-ൽ ഒരു വിമോചന ഉത്തരവ് പുറപ്പെടുവിക്കുകയും സെർഫുകളെ മോചിപ്പിക്കുകയും ചെയ്തു. എന്നാൽ അവരുടെ ഉപജീവനമാർഗ്ഗമായ ഭൂമി നൽകിയില്ല. അതിനാൽ വിപ്ലവത്തിലേക്ക് നയിച്ച ജ്വലനഘടകമായിരുന്നു കർഷകർ..

വ്യാവസായിക പിന്നോക്കാവസ്ഥയും തൊഴിലാളികളും വെറുക്കത്തക്ക ജീവിതാവസ്ഥയും

റഷ്യ വൈകിയാണ് വ്യവസായവത്ക്കരിക്കാൻ തുടങ്ങിയത്. എല്ലാ മഹത്തായ യൂറോപ്യൻ ശക്തികൾക്കും പിന്നിലായിരുന്നു റഷ്യ. റഷ്യൻ തൊഴിലാളികൾ അടിച്ചമർത്തൽ അവസ്ഥയിലൂടെയാണ് തൊഴിൽ ചെയ്തിരുന്നത്. തൊഴിലാളി യൂണിയനുകളും സമരങ്ങളും പൂർണ്ണമായും നിരോധിച്ചു. റഷ്യൻ തൊഴിലാളി വർഗ്ഗം പ്രതിഷേധത്തിന് ഒരു അവസരം കാത്തിരിക്കുകയായിരുന്നു.

നിഹിലിസ്റ്റുകളുടെ പങ്ക്

റഷ്യൻ ഭരണത്തിനെതിരെ ദയയില്ലാതെ യുദ്ധം നടത്തിയ ചെറുപ്പക്കാരായ ബുദ്ധിജീവികളെ നിഹിലിസ്റ്റുകൾ എന്ന് അവരുടെ ശത്രുക്കൾ വിളിച്ചിരുന്നു. സർ നിക്കോളാസ് രണ്ടാമന്റെ കാലത്താണ് ആദ്യത്തെ വിജയം കൈവരിക്കാത്ത ഒരു ശ്രമം നടന്നത്. സംശയാസ്പദമായ ബുദ്ധിജീവികളെ നിഹിലിസ്റ്റുകൾ എന്ന് വിളിക്കുകയും പുരുഷന്മാരെയും സ്ത്രീകളെയും സൈബീരിയയിലേക്ക് അയയ്ക്കുകയും അവരുടെ വിപ്ലവകരമായ പ്രവർത്തനങ്ങൾ റഷ്യയിൽ തുടരുകയും ചെയ്തു. ജൂതന്മാരും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങളും അവരോടൊപ്പം ചേർന്നതോടെ വിപ്ലവശക്തികൾ വളർന്നു.

സ്ഥാപിതമായ സാമൂഹ്യാക്രമണത്തിനെതിരെ ഉയർന്നുവന്ന വിപ്ലവത്തെയാണ് നിഹിലിസം പ്രതിനിധീകരിക്കുന്നത്. ഭരണകൂടവും, സഭയും കുടുംബവും അനുവദിച്ച എല്ലാ അധികാരവും അത് നിരസിച്ചു. ഇതിന്റെ അടിസ്ഥാനം ഒന്നിലും വിശ്വസിക്കാതെ എന്നാൽ ശാസ്ത്രീയ സത്യത്തിൽ മാത്രം ആയിരുന്നു.

മാർക്സിസവും അതിന്റെ സ്വാധീനവും

മധ്യവർഗത്തിൽപ്പെട്ടവർ സാമൂഹ്യവിപ്ലവത്തിന് ആവശ്യഘടകമായി മാറുന്നതുപോലെ തൊഴിലാളി വർഗത്തിന്റെ നിലനിൽപ്പും വേണമെന്ന ആശയക്കാരായിരുന്നു മാർക്സും ഏഞ്ചൽസും. അവർ ഒരിക്കലും ഒരു വിജയകരമായ സാമൂഹ്യവിപ്ലവത്തിന്റെ സാധ്യത പിന്നോക്ക റഷ്യയിൽ പ്രതീക്ഷിച്ചില്ല. എന്നിരുന്നാലും മാർക്സിസ്റ്റ് ആശയങ്ങൾ മറ്റ് സമൂല ആശയങ്ങളായ അരാജകത്വം, വിവിധ തരത്തിലുള്ള സോഷ്യലിസം എന്നിവയിൽ നിന്ന് വ്യത്യസ്തമായി ജീവിത രീതികൾ അടിച്ചമർത്തലിൽ നിന്ന വ്യത്യസ്തത നേടി. എന്നാൽ മാർക്സിസ്റ്റ് ഗ്രൂപ്പുകൾ മുന്നിലായിരുന്നു, അവർ ലെനിനിൽ മികച്ച സംഘടനാ വൈദഗ്ധ്യമുള്ള ഒരു നേതാവിനെ കണ്ടെത്തി.

12th_History_Mal_Unit_13.indd 206 19-04-2022 14:01:37

സർ നിക്കോളാസ് II ന്റെ സ്വേച്ഛാധിപത്യഭരണം



സക്സാർ നിക്കോളസ് II

റൊമനോവ് രാജവംശത്തിലെ സർ നിക്കോളാസ് രണ്ടാമന് ഭരണത്തിൽ പരിചയമില്ലായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ അലക്സാണ്ട്ര പ്രബലമായ വ്യക്തിത്വത്തിനുടമയായിരുന്നു, നിക്കോളാസ് അവരുടെ ശക്തമായ സ്വാധീനത്തിലായിരുന്നു. കൊളോണിയൽ സ്വത്തുക്കൾക്കായുള്ള പോരാട്ടത്തിൽ റഷ്യ പുറത്താക്കരു തെന്ന് തീരുമാനിച്ച നിക്കോളാസ് മഞ്ചൂറിയയിൽ റഷ്യൻ വ്യാപനത്തെ പ്രോത്സാഹിപ്പിക്കുകയും 1904-ൽ ജപ്പാനുമായുള്ള യുദ്ധത്തിന് കാരണമാവുകയും ചെയ്തു. തത്ഫലമായുണ്ടായ റഷ്യൻ പരാജയം പണിമുടക്കിനും കലാപത്തിനും കാരണമായി. സാറിനെതിരായ എതിർപ്പ് വർദ്ധിച്ചു.

1905 ജനുവരി 23 ന് ഫാദർ ഗാപ്പൻ പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു റാലി സംഘടിപ്പിച്ചു. ഒരു ദേശീയ പ്രതിനിധി സമ്മേളനവും കാർഷിക, വ്യാവസായിക പരിഷ്കാരങ്ങളും വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ഘോഷയാത്ര സമാധാനപരമായി നിരായുധരായ ഒരു കൂട്ടം ജനങ്ങൾ സംഘടിപ്പിച്ചു. എന്നാൽ ഘോഷയാത്രയ്ക്ക് നേരെ പോലീസും സൈനികരും വെടിയുതിർത്തു. നൂറുകണക്കിന് പേർ കൊല്ലപ്പെടുകയും ആയിരക്കണക്കിന് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഈ ദിവസത്തെ സംഭവങ്ങൾ (ബ്ലഡി സൺഡേ) എന്നറിയപ്പെടുന്നു. കലാപങ്ങളിലേക്കും, പണിമുടക്കുകളിലേക്കും, അക്രമങ്ങളിലേക്കും നയിക്കുകയും മോസ്കോ ഗവർണ്ണർ ജനറൽ ബോംബേറിൽ കൊല്ലപ്പെടുകയും ചെയ്തു.

ഒരു ഭരണഘടന അനുവദിക്കാനും ഡ്യൂമ എന്ന പാർലമെന്റ് രൂപീകരിക്കാനും നിക്കോളസ് നിർബന്ധിതനായി. സെന്റ് പീറ്റേഴ്സ് ബർഗിൽ തൊഴിലാളി പ്രതിനിധികളുടെ സോവിയറ്റ് (കൗൺസിൽ) രൂപീകരിച്ച ഇടതുപാർട്ടികൾക്ക് ഇത് തൃപ്തികരമായിരുന്നില്ല. സമാനമായ സോവിയറ്റുകൾ മറ്റ് നഗരങ്ങളിലും സ്ഥാപിച്ചു. സർക്കാരിൽ ശബ്ദിക്കാനുള്ള അധികാരം ഡ്യൂമമധ്യവർഗത്തിന് നൽകി. അതിനാൽ മിതവാദികൾ നയത്തെ പിന്തുണയ്ക്കുകയും ഇടതുപക്ഷം എതിർപ്പ് തുടരുകയും ചെയ്തു. സറിന്റെ ഏതെങ്കിലും സംരംഭത്തെ ഡ്യൂമ എതിർത്തപ്പോഴെല്ലാം അത് പിരിച്ചുവിടുകയും പുതിയ തെരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്തു. ഗവൺമെന്റ് നയങ്ങളിൽ മാറ്റമില്ലാതെ തുടരുകയും നാലാം ഡ്യൂമ അവസാനിച്ചത് 1917-ൽ വിപ്ലവത്തോടുകൂടിയാണ്.

സർ ഭരണത്തോടുള്ള എതിർപ്പും ഡ്യൂമ പിരിച്ചുവിടലും

ഫ്രാൻസും ബ്രിട്ടനുമായി റഷ്യ സഖ്യമുണ്ടാക്കിയതിനാൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ ആരംഭം താല്ക്കാലികമായ രാജവാഴ്ച ശക്തിപ്പെടുത്തി. ഒരു കൊട്ടാരവിപ്ലവം ഉണ്ടാകുമെന്ന അഭ്യൂഹം ഉയരുകയും നിക്കോളാസ് തന്നെ തന്റെ സൈന്യത്തിന്റെ കമാൻഡർ-ഇൻ-ചീഫ് ആകുകയും എല്ലാം കുഴപ്പത്തിലാകുകയും ചെയ്തു. 1916 ന്റെ അവസാനത്തോടെ സർ, സറിന എന്നിവയിൽ ആധിപത്യം പുലർത്തിയിരുന്ന റാസ്പുടിൻ കൊട്ടാരത്തിൽ പ്രതിസന്ധി സൃഷ്ടിക്കുകയും കൊലപ്പെടുത്തുകയും ചെയ്തു. സെന്റ് പീറ്റേഴ്സ് ബർഗിലെ സോവിയറ്റിലെ അംഗങ്ങളെ അറസ്റ്റ് ചെയ്തു.

ജനകീയ പ്രക്ഷോഭങ്ങൾ

1917 ഫെബ്രുവരി 23 ന് സോഷ്യലിസ്റ്റുകൾ അന്താരാഷ്ട്ര തൊഴിലാളി വനിതാദിനം ആഘോഷിച്ചപ്പോൾ സർ ചക്രവർത്തിമാരെ വെല്ലുവിളിക്കാനാവില്ലെന്ന് കാണിച്ചു. എന്നാൽ മാർച്ച് 2 ന് രാവിലെ അദ്ദേഹത്തിന് സ്ഥാനമൊഴിയേണ്ടിവന്നു. ആരും പണിമുടക്കിന് ആഹ്വാനം ചെയ്തില്ലെങ്കിലും, വനിതാ തുണിത്തൊഴിലാളികൾക്കിടയിലെ റൊട്ടിക്ഷാമവും സൈന്യത്തിലെ അവരുടെ ഭർത്താക്കന്മാരോടൊപ്പം പണിമുടക്ക് നടത്താനും പെട്രോഗ്രാഡിലെ ഫാക്ടറി പ്രദേശങ്ങളിലൂടെ റാലി നടത്താനും അവരെ നിർബന്ധിച്ചു. തൊഴിലാളികൾക്ക് അപ്പം എന്നാവശ്യപ്പെട്ടുകൊണ്ട് തീവ്രവാദമനോഭാവത്തിൽ വനിതാ തൊഴിലാളികൾ ബഹുഭൂരിപക്ഷവും ഫാക്ടറി തൊഴിലാളികൾക്കുനേരെ ആയുധം ധരിച്ച് പുറത്ത് വരൂ ജോലി നിർത്തുക എന്ന് ആക്രോശിച്ചു. അടുത്ത ദിവസം (ഫെബ്രുവരി 24) നഗരത്തിലെ 400,000 തൊഴിലാളികൾ ഈ പ്രസ്ഥാനത്തിൽ ചേർന്നു..

സർ പദവി ഉപേക്ഷിക്കൽ

സമരം തകർക്കാൻ സർക്കാർ സൈന്യത്തെ ഉപയോഗിച്ചു. എന്നാൽ സമരങ്ങളുടെയും പ്രകടനങ്ങളുടെയും നാലാം ദിവസം പട്ടാളത്താവളങ്ങളിൽ പോലും കലാപങ്ങൾ പൊട്ടി പുറപ്പെട്ടു. സർ സൈനിക നിയമം പ്രഖ്യാപിച്ചു. ഈ ജോലി ചെയ്യാൻ ആരുമില്ലാത്തതിനാൽ അദ്ദേഹത്തിന്റെ പ്രഖ്യാപനം നഗരത്തിൽ പ്രക്ഷേപണം ചെയ്തില്ല. തുടർന്ന് സർ പെട്രോഗ്രാഡിലേക്ക് തിരിച്ചുപോകാൻ ശ്രമിച്ചു. റെയിൽവേ തൊഴിലാളികൾ അവരുടെ ട്രെയിൻ വഴിയിൽ നിർത്തി. ഈ സംഭവവികാസങ്ങളിൽ പരിഭ്രാന്തരായ മുന്നണിയിലെ ജനറലുകളും പെട്രോഗ്രാഡിലെ ചില നേതാക്കളും സർ ചക്രവർത്തിയോട് സ്ഥാനമൊഴിയണമെന്ന് അഭ്യർത്ഥിച്ചു. ജനകീയ പ്രക്ഷോഭത്തിന് ഒരാഴ്ച കഴിഞ്ഞ് മാർച്ച് 15 ന് നിക്കോളാസ് രണ്ടാമൻ രാജിവച്ചു.

താല്ക്കാലിക ഗവൺമെന്റ്

സർക്കാർ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സമാന്തരമായി രണ്ട് സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ഒരെണ്ണം പഴയസംസ്ഥാനമായ ഡ്യൂമയിലെ ബൂർഷ്വാ രാഷ്ട്രീയക്കാരായിരുന്നു. മറുവശത്ത് തൊഴിലാളി പ്രതിനിധി

12th_History_Mal_Unit_13.indd 207 19-04-2022 14:01:38

കൾ ഒരുമിച്ച് ചേർന്ന് രൂപീകരിച്ച തൊഴിലാളി കൗൺസിൽ (സോവിയറ്റ്) ആയിരുന്നു. ഡ്യൂമയിലു ള്ളവർ ഒരു താല്ക്കാലിക സർക്കാർ സോവിയറ്റുകളു ടെ സമ്മതത്തോടെ രൂപീകരിക്കാൻ തീരുമാനിച്ചു. സോവിയറ്റുകളിൽ ആധിപത്യം പുലർത്തിയത് മെൻ ഷവിക്കുകൾ ആയിരുന്നു, ന്യൂനപക്ഷമായ ബോൾ ഷെവിക്കുകൾക്ക് തീരുമാനമെടുക്കാൻ സാധിച്ചില്ല. ലെനിനിന്റെ വരവോടെ സ്ഥിതി മാറി.

താല്ക്കാലിക ഗവൺമെന്റിന്റെ പരാജയം

വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ ലെനിൻ സ്വിറ്റ്സർ ലണ്ടിലായിരുന്നു. ലെനിൻ തുടർച്ചയായ വിപ്ലവം ആഗ്ര ഹിച്ചു. സോവിയറ്റുകൾക്ക് എല്ലാ ശക്തിയും എന്ന മുദ്രാവാക്യം താമസിയാതെ തൊഴിലാളികളുടെ നേതാ ക്കന്മാരെ കീഴടക്കി. യുദ്ധകാലത്ത് ദൗർലഭ്യത്താൽ തകർന്ന ജനങ്ങളെ അപ്പം, സമാധാനം, ഭൂമി എന്ന മുദ്രാവാക്യം ജനങ്ങളെ ആകർഷിച്ചു.

താല്ക്കാലിക ഗവൺമെന്റ് രണ്ട് ഗുരുതരമായ തെറ്റുകൾ വരുത്തി. യുദ്ധം തുടരാൻ തീരുമാനിക്കു ന്നിനു പുറമെ ഭൂമി പുനർവിതരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച തീരുമാനം മാറ്റിവച്ചു. നിരാ ശരായ കർഷക സൈനികർ തങ്ങളുടെ സ്ഥാനങ്ങൾ ഉപേക്ഷിച്ച് ഭൂമി കൈയേറ്റത്തിൽ ഏർപ്പെട്ടവരോടൊ പ്പം ചേർന്നു. ബോൾഷ്വിക്കുകളുടെ നേതൃത്വത്തിൽ പ്രെട്രോഗ്രാഡിൽ ഇത് ശക്തമായി. പ്രവ്ദ പത്രം സർ ക്കാർ നിരോധിക്കുകയും ഫിൻലണ്ടിൽ ഒളിവിൽ കഴി ഞ്ഞിരുന്ന ലെനിൻ ഒഴികെ എല്ലാ ബോൾഷ്വിക്കുക ളെയും അറസ്റ്റ് ചെയ്തു. ലിയോട്രോസ്കേയും അറസ്റ്റു ചെയ്യുകയും ലിബറലുകളുടെയും മിതവാദികളായ സോഷ്യലിസ്റ്റുകളുടെയും പുതിയ സഖ്യത്തിന് നേതൃത്വം നൽകിയ കെറൻസ്കി പ്രധാന മന്ത്രിയായി. ഒരു അട്ടിമറി ശ്രമം നേരിട്ട കെറൻസ്കി സർക്കാരിനെ യും സോവിയറ്റിനെയും പിരിച്ചുവിടാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ ശ്രമങ്ങളെ സോവിയറ്റും പ്രത്യേകിച്ച് ബോൾഷെവിക്കുകളും നിരാശപ്പെടുത്തി.

> "സത്യം" എന്നർത്ഥമുള്ള റഷ്യൻ പദമാണ് "പ്രവ്ദ" 1918 മുതൽ 1991 വരെ സോവിയറ്റ് യൂണിയ നിലെകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗിക പത്രമായിരുന്നു ഇത്.

ലെനിന്റെ നേതൃത്വത്തിൽ ബോൾഷ്വിക് പാർട്ടി ഏറ്റെടുക്കൽ

ഒക്ടോബറിൽ ലെനിൻ ബോൾഷ്വിക് കേന്ദ്ര സമിതിയെ ഉടനടി വിപ്ലവം ആരംഭിക്കാൻ തീരുമാനി ക്കാൻ പ്രേരിപ്പിച്ചു. ട്രോസ്റ്റി വിശദമായ ഒരു പദ്ധതി തയ്യാറാക്കി. നവംബർ 7 ന് വിന്റർ പാലസും പ്രധാന മന്ത്രിയുടെ ആസ്ഥാനവും ഉൾപ്പെടെയുള്ള സർക്കാർ കെട്ടിടങ്ങൾ സായുധ ഫാക്ടറി തൊഴിലാളികളും വിപ്ലവസേനയും പിടിച്ചെടുത്തു. 1917 നവംബർ 8 ന് ഒരു പുതിയ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തി ൽ വന്നു. ഇതിന്റെ തലവൻ ലെനിനായിരുന്നു. ബോ ൾഷെവിക് പാർട്ടിയെ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന് പുനർനാമകരണം ചെയ്തു.

വിപ്ലവത്തിന്റെ ഫലം

താൽക്കാലിക ഗവൺമെന്റിന്റെ പതനത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട വസ്തുത യുദ്ധത്തിൽ നിന്ന് പിൻമാറുന്നതിൽ പരാജയപ്പെട്ടതാണെന്ന് ലെനിൻ കരുതി. അതിനാൽ ലെനിൻ ഉടൻ സമാധാനത്തി ന ായി അഭ്യർത്ഥിച്ചു. കേന്ദ്രശക്തികളുടെ വ്യവസ്ഥ കൾ വകവയ്ക്കാതെ ലെനിൻ യുദ്ധത്തിൽ നിന്ന് പ ിൻ മാറി പുതിയ ഗവൺമന്റ് രൂപീകരിക്കാൻ ശ്രദ്ധ കേന്ദ്രീകരിച്ചു. 1918 മാർച്ചിൽ ബ്രെസ്റ്റ് - ലിറ്റോസ്ക് ഉടമ്പടിയിൽ ഒപ്പുവച്ചു.



ബ്രസ്റ്റ് ലിറ്റോലിസ്ക്ക് ഉടമ്പടി

റഷ്യൻ വിപ്ലവത്തിന്റെ സ്വാധീനം

വിപ്ലവം ലോകമെമ്പാടുമുള്ള ജനങ്ങളുടെ സങ്ക ല്പത്തെ ജ്വലിപ്പിച്ചു. പല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു. സോവിയറ്റ് യൂണിയൻ കോളനി കളെ അവരുടെ സ്വാതന്ത്ര്യത്തിനായി പോരാടാൻ പ്രോത്സാഹിപ്പിക്കുകയും അവർക്ക് പിന്തുണ നൽകു കയും ചെയ്തു. പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള സം വാദങ്ങൾ, സാമൂഹ്യക്ഷേമം, തൊഴിലാളികളുടെ നീതി ലിംഗസമത്വം എന്നിവ ആഗോളപ ശ്ചാത്തലത്തിൽ നടക്കാൻ തുടങ്ങി.

വിപ്ലവത്തിനുശേഷം ദശകങ്ങളിൽ സോവിയറ്റ് യൂണിയൻ കൈവരിച്ച ദ്രുതഗതിയിലുള്ള പുരോഗതി പിന്നോക്ക രാജ്യങ്ങൾക്ക് പ്രചോദനമേകുകയും മുത ലാളിത്തത്തിന് ഒരു ബദൽ നൽകുകയും ചെയ്തു. നിരക്ഷരതയും ദാരിദ്ര്യവും റിക്കോർഡ് സമയത്തി നുള്ളിൽ ഉന്മൂലനം ചെയ്തു. വ്യവസായവും കൃഷിയും വളരെവേഗം വികസിച്ചു. ലോകം മുഴുവനും ബാധിച്ച മഹാമാന്ദ്യം സോവിയറ്റ് യൂണിയനെ ബാധിച്ചില്ല. സ്ത്രീകൾക്ക് തുല്യ അവകാശങ്ങൾ നൽകി.വ്യവസാ യങ്ങളും ബാങ്കുകളും ദേശസാൽക്കരിക്കപ്പെട്ടു. ഭൂമി സാമൂഹിക സ്വത്തായി പ്രഖ്യാപിക്കുകയും പാവപ്പെട്ട കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു.

12th_History_Mal_Unit_13.indd 208 19-04-2022 14:01:38

13.5 സർവ്വരാഷ്ട്ര സഖ്യം

അമേരിക്കൻ പ്രസിഡന്റ് വുഡ്രോ വിൽസന്റെ ബുദ്ധികേന്ദ്രമായിരിക്കുന്നു ലീഗ് ഓഫ് നാഷൻസ് (സർവ്വരാഷ്ട്ര സഖ്യം) സമാധാനം സംരക്ഷിക്കുന്നതിന് ലോക സംസ്ഥാനങ്ങൾ ചേരുകയും സഹകരിക്കുകയും ചെയ്യുന്ന ഒരു ലീഗ് സ്ഥാപിക്കണമെന്നായിരുന്നു വിൽസന്റെ ആഗ്രഹം. പാരീസ് സമാധാന സമ്മേളനത്തിൽ ലീഗിന്റെ ഉടമ്പടി തയ്യാറാക്കി, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഒപ്പുവച്ച എല്ലാ ഉടമ്പടികളും ഉൾപ്പെടുത്തി. ജർമ്മനിയുടെ സൈനികതയെ നിരാകരിക്കുമെന്നാണ് അർത്ഥമാക്കുന്നതെന്നും അതിനാൽ അധികാരത്തി ന്റെ ഫലപ്രദമല്ലാത്ത സന്തുലിതവസ്ഥയേക്കാൾ അന്താരാഷ്ട്ര ബന്ധങ്ങൾ നിയന്ത്രിക്കുന്നതിന് രാഷ്ട്രങ്ങളുടെ ഒരു കൂട്ടായ്മ സംഘടിപ്പിക്കേണ്ടതു ണ്ടെന്നും അദ്ദേഹം വിശ്വസിച്ചു. ഈ ദൗത്യം നിറ വേറ്റിയതായി കാണാൻ വിൽസൺ വ്യക്തിപരമായ താൽപര്യം കാണിച്ചു..



ലീഗ് ഓഫ് നേഷൻ

ഘടനയും രൂപീകരണവും

ഈ സംഘടനയുടെ ഭരണഘടന രൂപപ്പെടുത്തുന്നതിൽ ബ്രിട്ടന്റെയും അമേരിക്കയുടെയും ആശയങ്ങൾ നിലനിന്നിരുന്നു. അസംബ്ലി, കൗൺസിൽ സെക്രട്ടറിയേറ്റ്, അന്താരാഷ്ട്ര നീതിന്യായ കോടതി, അന്താരാഷ്ട്ര തൊഴിലാളി സംഘടന എന്നിങ്ങനെ അഞ്ച് സംഘടനകളാണ് ലീഗിൽ ഉൾപ്പെട്ടിരുന്നത്. ഓരോ അംഗരാജ്യവും നിയമസഭയിൽ പ്രതിനിധീകരിച്ചു. ഇത് പൊതുനയത്തെക്കുറിച്ചും നിയമസഭയിൽ എടുക്കുന്ന ഏതു തീരുമാനവും ഐകകണ്ഠ്യേന ചർച്ച ചെയ്യണം. ലീഗിന്റെഎക്സിക്യൂട്ടീവ്ആയിരുന്നു കൗൺസിൽ. ബ്രിട്ടൺ, ഫ്രാൻസ്, ഇറ്റലി, ജപ്പാൻ, അമേരിക്ക എന്നിവയാണ് ആദ്യം കൗൺസിലിലെ സ്ഥിര അംഗങ്ങളായി പ്രഖ്യാപിക്കപ്പെട്ടത്. ഓരോ അംഗത്തിനും ഓരോ വോട്ട് ഉണ്ടായിരുന്നു. എല്ലാ തീരുമാനങ്ങളും ഏകകണ്ഠമായിരിക്കേണ്ടതിനാൽ, ചെറിയ രാജ്യങ്ങൾക്ക് പോലും വീറ്റോ അവകാശം ഉണ്ടായിരുന്നു.

സെക്രട്ടറിയേറ്റ്

ലീഗ് ഓഫ് നാഷൻസിന്റെ സെക്രട്ടറിയേറ്റിന്റെ ആസ്ഥാനം ജനീവയാണ്. ആദ്യത്തെ സെക്രട്ടറി ജനറൽ ബ്രിട്ടനിൽ നിന്നുള്ള സർ എറിക്ഡ്രമ്മണ്ട് ആണ് അന്താരാഷ്ട്ര നീതിന്യായകോടതിയുടെ ആസ്ഥാനം ഹേഗ് ആണ്. അന്താരാഷ്ട്ര തൊഴിലാളി സംഘടനയിൽ ഒരു സെക്രട്ടറിയേറ്റും ഓരോ രാജ്യത്തുനിന്നും നാല് പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു പൊതു സമ്മേളനവും ഉണ്ട്.

ലീഗിന്റെ ലക്ഷ്യങ്ങൾ

ലീഗിന്റെ ലക്ഷ്യങ്ങൾ യുദ്ധം ഒഴിവാക്കുക, ലോകത്ത് സമാധാനം നിലനിർത്തുക, സാമ്പത്തികവും സാമൂഹികവുമായ കാര്യങ്ങളിൽ അന്താരാഷ്ട്ര സഹകരണം പ്രോത്സാഹിപ്പിക്കുക, എന്നിവയായിരുന്നു. അനുരഞ്ജകനും മദ്ധ്യസ്ഥനുമായി പ്രവർത്തിക്കാനും അതുവഴി അതിന്റെ ആദ്യഘട്ടത്തിൽ ഒരു തർക്കം പരിഹരിക്കാനും ലീഗ് ഉദ്ദേശിച്ചിരുന്നു. വ്യവഹാരമുണ്ടായിട്ടും യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടാൽ അംഗങ്ങൾ ആക്രമണകാരിക്ക് ആദ്യം സാമ്പത്തികവും പിന്നീട് സൈനിക പരസ്യമായ ഉപരോധം ഏർപ്പെടുത്തണം. യു.എസ്.എ. (അംഗമായില്ല), ജർമ്മനി (ഒരു പരാജയപ്പെട്ട രാഷ്ട്രം) റഷ്യ എന്നീ മൂന്ന് മഹാശക്തികളുടെ അഭാവം മൂലം ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടക്കം മുതൽ വർദ്ധിച്ചു. പിന്നീടുള്ള രണ്ട് പേരും 1926 ലും 1934 ലും ചേർന്നു. എന്നാൽ 1933-ൽ ജർമ്മനി രാജിവയ്ക്കുകയും 1939-ൽ റഷ്യയെ പുറത്താക്കുകയും ചെയ്തു..

ലീഗിന്റെ പ്രവർത്തനങ്ങൾ

1920 നും 1925 നും ഇടയിൽ ലീഗിന്റെ നിരവധി തർക്കങ്ങൾ പരിഹരിക്കാൻ ലീഗിനെ വിളിക്കുകയും മൂന്ന് പ്രശ്നങ്ങളിൽ വിജയിക്കുകയും ചെയ്തു. 1920-ൽ ആലാൻഡ് ദ്വീപുകളുടെ പരമാധികാരത്തെച്ചൊല്ലി സ്വീഡനും ഫിൻലാണ്ടും തമ്മിൽ തർക്കം ഉടലെടുത്തു. ദ്വീപുകൾ ഫിൻലണ്ടിലേക്ക് പോകണമെന്ന് ലീഗ് ആവശ്യപ്പെട്ടു. അടുത്തവർഷം പോളണ്ടും ജർമ്മനിയും തമ്മിൽ അപ്പർ സൈലേഷ്യയിലുള്ള അതിർത്തി തർക്കം തീർക്കാൻ ലീഗിനോട് ആവശ്യപ്പെടുകയും വിജയകരമായി പരിഹരിക്കുകയും ചെയ്തു. 1925-ൽ ഗ്രീസും ബൾഗേറിയയും തമ്മിലുള്ളതായിരുന്നു മൂന്നാമത്തേത്. ഗ്രീസ് ബൾഗേറിയ ആക്രമിച്ചു. ലീഗ് വെടിനിർത്തലിന് ഉത്തരവിട്ടു. അന്വേഷണത്തിന് ശേഷം ഗ്രീസ് നഷ്ടപരിഹാരം നൽകണമെന്ന് തീരുമാനിച്ചു..

അന്താരാഷ്ട്ര ഓപിയം ഗതാഗതം കുറച്ചുകൊണ്ടും ദരിദ്ര പിന്നോക്ക രാജ്യങ്ങളെ സഹായിക്കുന്നിലൂടെയും രോഗം പടരുന്നതിനെ നിയന്ത്രിക്കുന്നതിലൂടെയും ലീഗ് അതിന്റെ നിലനിൽപ്പിനെ ന്യായീകരിച്ചു. അതിന്റെ ഏജൻസികൾ ലോകമെമ്പാടുമുള്ള തൊഴിൽ, ബിസിനസ്സ് അവസ്ഥകളെക്കുറിച്ചുള്ള വലിയ വിവരങ്ങൾ ശേഖരിച്ചു. തർക്ക പ്രദേശങ്ങളിൽ പൊതു താൽപര്യ ഹർജി നടത്തുകയും അഭയാർത്ഥികൾക്കായി വീടുകൾ കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്തു. അന്താരാഷ്ട്ര നിയമം ക്രോഡീകരിക്കുന്നതിൽ ഇത് ഒരു തുടക്കം കുറിച്ചു.

12th_History_Mal_Unit_13.indd 209 19-04-2022 14:01:39

ലംഘന സംഭവങ്ങൾ

യൂറോപ്യൻ ശക്തികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം നിരായുധീകരണം എങ്ങനെ നേരിടാം എന്നതാണ്. നിരായുധീകരണ സമ്മേളനം നടത്താൽ 1925-ൽ കൗൺസിൽ ഓഫ് ലീഗ് ഒരു കമ്മിഷൻ രൂപീകരിച്ചു. എന്നാൽ 1932-ൽ മാത്രമാണ് നിർദ്ദിഷ്ട സമ്മേളനം ഫലവത്തായത്. ഈ സമ്മേളനത്തിൽ ഫ്രാൻസുമായി ആയുധ തുല്യത ആവശ്യപ്പെടുന്ന ജർമ്മനിയുടെ ആവശ്യം നിരസിക്കപ്പെട്ടു. കോൺഫറൻസിൽ നിന്നും ലീഗിൽ നിന്നും ജർമ്മനിയെ ഹിറ്റ്ലർ പിൻ വലിച്ചു.

1920-ൽ പോളണ്ട് വിൽന പിടിച്ചെടുത്തതിനെ കുറിച്ച് ലീഗിന് ഒന്നും ചെയ്യാനായില്ല. 1923-ൽ ഇറ്റലിയും ഗ്രീസും തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെടുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ ഇറ്റലിക്കാർ ലീഗിന്റെ മദ്ധ്യസ്ഥതയ്ക്ക് വഴങ്ങാൻ വിസമ്മതിച്ചു. 1931 സെപ്റ്റം ബറിൽ ജപ്പാൻ മഞ്ചൂറിയയെ ആക്രമിക്കുകയും ലീഗ് ജപ്പാനെ കുറ്റപ്പെടുത്തുകയും ചെയ്തു. ജപ്പാൻ ജർമ്മനിയുടെ മാതൃക പിൻതുടർന്ന് രാജിവച്ചു. എത്യോപ്യയ്ക്കെതിരായ ഇറ്റലിയുടെ ആക്രമണത്തിൽ ലീഗ് ഉപരോധം പ്രയോഗിച്ചു. ഉപരോധം പ്രാബല്യത്തിൽ വന്നപ്പോൾ പ്രതിഷേധിച്ച് ഇറ്റലി 1937-ൽ ലീഗിൽ നിന്ന് രാജിവച്ചു.

അതിനുശേഷം റൈൻലാൻഡ്, ഓസ്ട്രിയ, ചെക്കോസ്ലാവാക്യ, പോളണ്ട് എന്നിവയിലെ പ്രതിസന്ധികളിൽ ലീഗ് ഇടപെടാതെ സംഭവങ്ങൾക്ക് നിഷ്ക്രിയ സാക്ഷിയായിരുന്നു. 1939 ഡിസംബറിൽ ഫിൻലണ്ടിനെ ആക്രമിച്ചതിന് റഷ്യയെ പുറത്താക്കിയപ്പോഴായിരുന്നു അവസാനമായി ലീഗ് നിർണ്ണായക നടപടി എടുത്തത്. അസംബ്ലി വീണ്ടും യോഗം ചേർന്നില്ല, ലീഗ് ഓഫ് നാഷൻസ് 1946-ൽ അവസാനമായി പിരിച്ചുവിട്ടു.

പരാജയപ്പെട്ടതിന്റെ കാരണങ്ങൾ

ഒന്നാം ലോകമഹായുദ്ധത്തിലെ വിജയികളുടെ സംഘടനയായ ലീഗ് പ്രത്യക്ഷപ്പെട്ടു. ലോകവ്യാപക മായി അംഗത്വം ഉണ്ടായിരുന്നെങ്കിലും യൂറോപ്യൻ നയ തന്ത്രത്തിന്റെ കേന്ദ്രമായിരുന്നു അത്.

രാഷ്ട്രീയ വിഷയങ്ങളിലെ എല്ലാ തീരുമാനങ്ങൾക്കും അംഗങ്ങളുടെ ഐക്യം ആവശ്യമാണ്. അതിന് സ്വന്തമായി സൈനികശക്തി ഇല്ലാത്തതിനാൽ അതിന് തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ഈ സമാധാന സംഘടനയുടെ സ്ഥാപകൻ ദേശീയതയുടെ സാധ്യതകളെ കുറച്ചു കാണുകയുണ്ടായി. കൂട്ടായ സുരക്ഷ എന്ന തത്വം യഥാർത്ഥ പ്രയോഗത്തിൽ പ്രയോഗിക്കാൻ കഴിഞ്ഞില്ല.

ലീഗ് ഓഫ് നാഷൻസിന് പങ്ക് ഇല്ലെന്ന് കാണിച്ചു. ഇത് എല്ലാ രാജ്യങ്ങളുടെയും നല്ല ഇച്ഛയെയും ക്രിയാത്മക സമീപനത്തെയും ആശ്രയിച്ചിരുന്നു. സ്വേച്ഛാധിപതികളുടെ നേതൃത്വത്തിലുള്ള ഇറ്റലി, ജപ്പാൻ, ജർമ്മനി എന്നിവ ലീഗിന്റെ ഉത്തരവുകൾക്ക് വിധേയരാകാൻ വിസമ്മതിച്ചു. ബ്രിട്ടനും, ഫ്രാൻസും മാത്രമാണ് പ്രവർത്തിക്കാൻ അധികാരമുള്ള പ്രധാന ശക്തികൾ. എന്നാൽ അവർ ലീഗിനെ ഉത്സാഹത്തോടെ പിന്തുണയ്ക്കുന്നവരായിരുന്നില്ല, കാരണം അത് വിൽസന്റെ ബുദ്ധികേന്ദ്രമായിരുന്നു.

13.6 മഹാമാന്ദ്യം

യു.എസ്. ഓഹരിവിപണി തകർച്ചയ്ക്കുശേഷം ആരംഭിച്ചസാമ്പത്തികമാന്ദ്യം അന്തർദേശീയസ്വഭാവമുള്ളതും ലോകസമ്പദ്വ്യവസ്ഥയെ തകർത്തതുമാണ്. ഒന്നാം ലോകമഹായുദ്ധ കാലത്ത് യൂറോപ്പിലെ സംസ്ഥാനങ്ങൾ യുദ്ധഭൂമിയിൽ പോരാടുമ്പോൾ, അമേരിക്കക്കാർ അവരുടെ വിപണികൾ പിടിച്ചെടുക്കുകയും നിക്ഷേപമേഖലകൾ വ്യാപിപ്പിക്കുകയും അതുവഴി സ്വന്തം വ്യവസായവും ശുദ്ധമായ കാർഷികമേഖലയും വികസിപ്പിക്കുകയും ചെയ്തു. യുദ്ധത്തിന്റെ അവസാനത്തോടെ അമേരിക്ക ലോകത്തിലെ സമ്പന്ന രാഷ്ട്രമായി ഉയർന്നു..

എല്ലാ യൂറോപ്യൻ രാജ്യങ്ങളിലും ഭീമമായ കടബാധ്യത യുദ്ധം മൂലം ഉണ്ടായി. യുദ്ധത്തിൽ തകർന്ന യൂറോപ്യൻ രാജ്യങ്ങളിലേക്ക് അമേരിക്ക വളരെയധികം ശ്രദ്ധ ചെലുത്തിയിരുന്നു. അമേരിക്കയിൽ നിന്നുള്ള മൂലധന ഒഴുക്ക് പുതിയ നിക്ഷേപങ്ങളിൽ എത്തി. എന്നാൽ ഈ നിക്ഷേപങ്ങൾ ഒരു കാലയളവിനുശേഷം മാത്രമേ ആവശ്യമുള്ള ഫലം നൽകൂ. അതിനാൽ മാന്ദ്യം കാരണം കയറ്റുമതി ചെയ്ത മൂലധനം പിൻവലിക്കാൻ യു.എസ്. നിർബന്ധിതനായി. അമേരിക്കൻ മൂലധനം പിൻവലിച്ചത് കയറ്റുമതിയുടെ അളവും മൂല്യവും കുറയാൻ കാരണമായി. ഈ വികാസത്തിന്റെ ഫലങ്ങൾ യു.എസ്. വിപണി തകർച്ചയ്ക്ക് കാരണമായി..

യു.എസ്.ന്റെ വിപണി തകർച്ച



സ്റ്റോക്ക് മാർക്കറ്റ് ക്രാഷ്

1929 ഒക്ടോബർ 24 നാണ് ആദ്യത്തെ വലിയ സ്റ്റോക്ക് മാർക്കറ്റ് കൂട്ടിമുട്ടൽ സംഭവിച്ചത്. ഇതിന്റെ ഫലമായി കൂടുതൽ ആളുകൾ അവരുടെ ഓഹരികൾ വിൽക്കുകയും അവരുടെ ഓഹരികൾ വിനിയോഗിക്കുകയും ചെയ്തു. എന്നാൽ വാങ്ങാൻ ആരും ഉണ്ടായിരുന്നില്ല. അമേരിക്കൻ ബാങ്കിന്റെ പരാജയത്തെത്തുടർന്നാണിത്. വിദേശത്ത് നിക്ഷേപിച്ച സ്വന്തം ഫണ്ട് തിരിച്ചെടുക്കാൻ അമേരിക്കൻ പണമിടപാടുകാർ നിർ ബന്ധിതരായി. ജർമ്മിയ്ക്ക് അമേരിക്ക നൽകിയ വായ്പ നിർത്തിയത് രണ്ട് വലിയ ജർമ്മൻ ബാങ്കുകൾ

12th_History_Mal_Unit_13.indd 210 19-04-2022 14:01:39

തകരാൻ കാരണമായി. വിദേശ ബാങ്കുകൾക്ക് ഉദാരമായി വായ്പ നൽകിയ ബാങ്ക് ഓഫ് ഇംഗ്ലണ്ടും പാപ്പരായി.

സാമ്പത്തിക മാന്ദ്യത്തിന്റെ ഫലങ്ങൾ

ചെലവ് ചുരുക്കൽ, നികുതി വർദ്ധിപ്പിക്കൽ തുടങ്ങിയ അടിയന്തര നടപടികൾ ഉണ്ടായിരുന്നിട്ടും ഇംഗ്ലണ്ടിൽ സ്ഥിതി മെച്ചപ്പെട്ടില്ല. ഇതിനെ ചെറുക്കുന്നതിനും ആഭ്യന്തര വിപണികളെ സംരക്ഷിക്കുന്നതിനുമായി, ഓരോ രാജ്യവും സംരക്ഷണവാദത്തിന്റെയും കറൻസിയുടെ മൂല്യതകർച്ച വായ്പ നൽകുന്നത് നിർത്താൻ പണമിടപാടുകാരെ നിർബന്ധിച്ചു. ഇത് ലോകമെമ്പാടുമുള്ള ക്രെഡിറ്റ് സങ്കോചത്തിലേക്ക് നയിച്ചു. ലോകസാമ്പത്തിക പ്രവർത്തനങ്ങളിൽ അഭൂതപൂർവ്വമായ ഇടിവിന് അവർ സ്വീകരിച്ച പ്രതിരോധ നടപടികൾ കാരണമായി. ഇതിന്റെ പ്രഭാവം ആഴമേറിയതും സാമ്പത്തിക വിദഗ്ധരും ചരിത്രകാരന്മാരും ഇതിനെ മഹാമാന്ദ്യം എന്ന് വിളിക്കുന്നു.

രാഷ്ട്രീയത്തിൽ അതിന്റെ പ്രഭാവം

ധാരാളം രാജ്യങ്ങളിൽ ഈ സാമ്പത്തിക മാന്ദ്യം രാഷ്ട്രീയ അവസ്ഥയ്ക്ക് മാറ്റം വരുത്തി. 1931 ലെ ജനറൽ ഇലക്ഷനിൽ ഇംഗ്ലണ്ടിൽ ലേബർ പാർട്ടി പരാജയപ്പെട്ടു. യു.എസ്.എ. യിൽ കുതിച്ചു ചാട്ടത്തിന്റെ ക്രെഡിറ്റ് ഏറ്റെടുത്ത റിപ്പബ്ലിക്കൻ പാർട്ടിയുടെ തകർച്ച പല രാജ്യങ്ങളിലെയും രാഷ്ട്രീയ സാഹചര്യങ്ങളെ മാറ്റിമറിച്ചു. ഇറ്റലിയിലും ജർമ്മനിയിലും ഫാസിസ്റ്റ് പാർട്ടി ഗവൺമെന്റ് പിടിച്ചെടുത്തു. തെക്കേ അമേരിക്കയിലെ അർജന്റീന, ബ്രസീൽ, ചിലി എന്നിവിടങ്ങളിൽ സർക്കാരിൽ മാറ്റം വരുത്തി.

13.7 ഫാസിസത്തിന്റെയും നാസിസത്തിന്റെയും ഉയർച്ച

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഭൂഖണ്ഡാന്തര യൂറോപ്പിന്റെ മിക്ക ഭാഗങ്ങളിലും സർക്കാരും സാമ്പത്തിക വ്യവസ്ഥയും ഫ്യൂഡൽ പ്രഭുക്കന്മാരുടെയോ, വ്യവസായികളുടെയോ, ധനകാര്യ സ്ഥാപനങ്ങളുടെയോ നിയന്ത്രണത്തിൽ തുടരണമോ അതോ എല്ലാവരുടെയും സംയോജനത്തിൽ തുടരണമോ എന്ന വിഷയം വിവാദമായി. എന്നാൽ ഈ വരേണ്യ വിഭാഗങ്ങളൊന്നും പ്രത്യേകിച്ച് കൃഷിക്കാരെയും അധ്വാനത്തെയും ജയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ജനങ്ങൾ തങ്ങളെ അടിച്ചമർത്തുന്നവരെ അട്ടിമറിക്കാനുള്ള അവസരം കണ്ടു. റഷ്യൽ ബൂർഷ്വാവർഗ്ഗം 1917-ൽ സ്വേച്ഛാധിപത്യത്തെ അട്ടിമറിക്കുകയും ബോൾഷെവിക്കുകൾ സ്വയം അട്ടിമറി നടത്തുകയും ചെയ്തു. ബ്രിട്ടണിൽ ലേബർ പാർട്ടി ഒരു ക്ഷേമരാഷ്ട്രം തിരഞ്ഞെടുത്ത് സാഹചര്യം കൈകാര്യം ചെയ്തു. പരാജയപ്പെട്ട രാജ്യങ്ങളായ ഇറ്റലി, ജർമ്മനി എന്നിവ ഫാസിസത്തിലേക്ക് മാറിയെങ്കിലും തുടക്കത്തിൽ ബഹുജനസംഘടനകളുടെ സ്വഭാവ സവിശേഷതകൾ ഉണ്ടായിരുന്നു.

(a) ഇറ്റലിയിലെ ഫാസിസം

പഴയ ഭരണവ്യവസ്ഥയ്ക്കെതിരെ തിരിഞ്ഞ പടിഞ്ഞാറൻ യൂറോപ്പിലെ രാജ്യങ്ങളിൽ ആദ്യത്തേത് ഇറ്റലിയായിരുന്നു. ഒന്നാം ലോകമഹായുദ്ധ സമയത്ത് ഇറ്റലി അഞ്ചര ദശലക്ഷത്തിലധികം പുരുഷന്മാരെ അണിനിരത്തി, അവരിൽ 700,000 പേർ കൊല്ലപ്പെട്ടു. യുദ്ധത്തിൽ പങ്കെടുത്തതിന്റെ സാമ്പത്തിക ചെലവ് വളരെ കൂടുതലായിരുന്നു. ഈ യുദ്ധത്തിൽ രാജ്യത്തിന് കനത്ത നഷ്ടം സംഭവിക്കുകയും സോഷ്യലിസ്റ്റുകളുമായും ഓസ്ട്രിയൻ അനുകൂല കത്തോലിക്കരുമായും ജനപ്രീതി ഇല്ലാതാവുകയും ചെയ്തു. വെർസൈൽ ഉടമ്പടിയിലൂടെ പ്രദേശങ്ങളിൽ ഉണ്ടായ നേരിട നേട്ടത്തിൽ ദേശീയ വാദികൾക്കും അതൃപ്തിയുണ്ടായിരുന്നു. വിലക്കയറ്റം, ഊഹക്കച്ചവടം, ലാഭം എന്നിവയുൾപ്പെടെയുള്ള യുദ്ധത്തിന്റെ ഫലമായി പണപ്പെരുപ്പമുണ്ടായി. നിരന്തരം പ്രതിഷേധവും പണിമുടക്കും ഉണ്ടായിരുന്നു. വെർസൈൽസിലെ അപമാനത്തിന് ഉത്തരവാദികൾ ഇറ്റലിയിലെ ഭരണാധികാരികളായിരുന്നു എന്ന് ജനങ്ങൾ അഭിപ്രായപ്പെട്ടു.

സോഷ്യലിസ്റ്റ് സംഘടനകളുടെ ഉയർച്ച

പ്രയാസങ്ങൾ വർദ്ധിച്ചതോടെ സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചരിക്കാൻ തുടങ്ങി. 1918-ൽ ഇറ്റാലിയൻ സോഷ്യലിസ്റ്റുകൾ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിൽ ചേരാൻ വോട്ട് ചെയ്തു. 1919 നവംബറിലെ തെരഞ്ഞെടുപ്പിൽ അവർ ചേംബർ ഓഫ് ഡെപ്യൂട്ടീസിലെ മൂന്നിലൊന്ന് സീറ്റുകൾ നേടി. റാഡിക്കലിസം (രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ സമൂലപരിഷ്ക്കരണം) ഗ്രാമപ്രദേശങ്ങളിൽ പോലും വ്യാപിച്ചു. വലിയ എസ്റ്റേറ്റുകൾ തകർക്കുന്നതിനും വാടക കുറയ്ക്കാൻ ഭൂവുടമകളെ നിർബന്ധിക്കുന്നതിനുമായി റൈഡ് ലീഗുകൾ സംഘടിപ്പിച്ചു. ഭൂവുടമസ്ഥർക്ക് ഫാസിസം അവരുടെ സ്വന്ത് കണ്ടുകെട്ടലിൽ നിന്ന് രക്ഷിക്കാൻ കഴിയുന്നു. തീവ്രവാദത്തിന്റെ അപകടകരമായ ഒരു രൂപമായിരുന്നു.

മുസ്സോളിനിയുടെ ഉദയം



മുസ്സോളിനി

ബെനിറ്റോ മുസ്സോളിനി (1883-1945) ഒരുഇരുമ്പുപണിക്കാരന്റെ മകനായിരുന്നു. അദ്ദേഹം പ്രാഥമിക വിദ്യാലയ മാസ്റ്ററായി മാറുകയും ഉന്നത പഠനത്തിനായി സ്വിറ്റ്സർലണ്ടിലേക്ക് പോയി. എന്നാൽ സോഷ്യലിസ്റ്റ് വീക്ഷണങ്ങളുള്ള ഒരു പത്ര പ്രവർത്തകനായി മാറി. 1919-ൽ ഫാസിസ്റ്റ് പാർട്ടി സ്ഥാപിതമായപ്പോൾ അദ്ദേഹം അതിൽ ചേർന്നു. അധികാരത്തിനും ശക്തിക്കും അച്ചടക്കത്തിനുമായി ഫാസിസ്റ്റുകൾ നിലകൊണ്ടപ്പോൾ അവർക്ക് പിൻ

12th_History_Mal_Unit_13.indd 211 19-04-2022 14:01:39

തുണയായി വ്യവസായികളും ദേശീ യവാദികളും മുൻസൈനികരും, മദ്ധ്യവർഗ്ഗവും അസം തൃപ്തരായ യുവാക്കളും നിലകൊണ്ടു. ഫാസിസ്റ്റുകൾ സ്വതന്ത്ര മായി അക്രമത്തിൽ ഏർപ്പെടുകയും അവരുടെ എതിരാളികളെ കത്തി, ദണ്ഡ്, തോക്ക് എന്നിവ ഉപ യോഗിച്ച് ആക്രമിക്കുകയും ചെയ്തു.

പാർലമെന്ററി ഗവൺമന്റിന്റെ അധപതനത്തിനു ശേഷം ഉയർന്നുവന്ന ഫാസിസ്റ്റ് സ്വേച്ഛാധിപത്യം യുദ്ധത്തിന്റെ അവസാനത്തെ തകരാറുകൾ നേരിടാൻ കഴിയില്ലെന്ന് തെളിയിച്ചിരുന്നു. സംയോജിപ്പിച്ച് പ്രവർ ത്തിക്കാനുള്ള ജനാധിപത്യ പാർട്ടി നേതാക്കളുടെ കഴി വില്ലായ്മ മുസ്സോളിനിയുടെ വിജയത്തിന് സഹായ കമായി. കമ്മ്യൂണിസ്റ്റുകാരും അവരുടെ എതിരാളിക ളും തമ്മിലുള്ള ആഭ്യന്തര യുദ്ധം കരിങ്കുപ്പായക്കാരായ ഫാസിസ്റ്റുകളുടെ മാർച്ചോടുകൂടി 1922 ഒക്ടോബ റിൽ അവസാനിച്ചു. ഇതിൽ ആകൃഷ്ടനായ രാജാവ് ഇമ്മാനുവൽ മുസ്സോളനിയെ ഒരു ഗവൺമെന്റ് രൂപീ കരിക്കാൻ ക്ഷണിച്ചു.

ഫാസിസം: ലാറ്റിൻ പദമായ ഫാസസ് ൽ നിന്നാണ് ഫാസിസം എന്ന വാക്ക് രൂപം കൊണ്ടത്. ദണ്ഡുകളാൽ ചുറ്റപ്പെട്ട കോടാലി എന്നർത്ഥം വരുന്ന ഈ വാക്ക് റോമൻ ഭരണകൂടത്തിന്റെ അധി കാരത്തെ സൂചിപ്പിക്കുന്നു.

ഫാസിസം എന്നത് സമൂലമായ സ്വേച്ഛാധിപത്യ തീവ്രദേശീയതയുടെ ഒരു രൂപമാണ്. ഇതിന്റെ സവി ശേഷതകളായ സ്വേച്ഛാധിപത്യശക്തി, എതിർപ്പിനെ നിർബന്ധിതമായി അടിച്ചമർത്തൽ, സമൂഹത്തിലും സമ്പദ്വ്യവസ്ഥയിലും ശക്തമായ പട്ടാളച്ചിട്ട അടി ച്ചേൽപ്പിക്കൽ എന്നിവ യൂറോപ്പിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നിലവിൽ വന്നു.

മുസ്സോളിനിയുടെ കീഴിൽ ഫാസിസ്റ്റുകൾ

മുസ്സോളിനിയുടെ കീഴിലുള്ള ഫാസിസ്റ്റുകൾ 1924-ലെ തിരഞ്ഞെടുപ്പിൽ, വോട്ടർമാരെ ഭീഷണിപ്പെ ടുത്തി 65 ശതമാനം വോട്ടുകൾ നേടി. തിരഞ്ഞെടുപ്പിന്റെ സത്യസന്ധതയെ ചോദ്യം ചെയ്ത് സോഷ്യലിസ്റ്റ് നേ താവായ മെറ്റിയോട്ടിയെ കൊലപ്പെടുത്തി. എതിർ പാർ ട്ടികൾ പ്രതിഷേധിച്ച് പാർലമെന്റ് ബഹിഷ്കരിച്ചു. പ്രതിപക്ഷ പാർട്ടികളെ നിരോധിച്ച് മാധ്യമങ്ങളെ സെൻസർ ചെയ്ത് കൊണ്ടാണ് മുസ്സോളിനി പ്രതിക രിച്ചത്. പ്രതിപക്ഷനേതാക്കളെ കൊല്ലുകയോ, ജയിലില ടക്കുകയോ ചെയ്തു.

ഇൻഡ്യൂസ്(നേതാവ്) എന്ന പദവി സ്വീകരിച്ച് 1926-ൽ മുസ്സോളിനി നിയമനിർമ്മാണത്തിന് അധികാര മുള്ള ഏകാധിപതിയായി. പണിമുടക്കും പണിനിർത്ത ലും നിരോധിക്കുന്ന ഒരു നിയമം അദ്ദേഹം പാസ്സാക്കി. വേതനം, തൊഴിൽ സാഹചര്യങ്ങൾ എന്നിവ പരിഹരി ക്കുന്നതിനായി യൂണിയനുകളും തൊഴിലുടമകളും കോർപ്പറേഷനുകളായി സംഘടിപ്പിക്കപ്പെട്ടു. ബാക്കി ജനസംഖ്യയുടെ സിംഹഭാഗവും തൊഴിൽ അനുസ രിച്ച് കോർപ്പറേഷനുകളായി തിരിച്ചു. ഇവ പിന്നീട് ദേശീയ ഫെഡറേഷനുകളായി സംഘടിപ്പിക്കുകയും കോർപ്പറേഷൻ മന്ത്രിയുടെ മേൽനോട്ടത്തിൽ പ്രവർ ത്തിക്കുകയും ചെയ്തു.

1938-ൽ പാർലമെന്റ് നിർത്തലാക്കി പകരം, ഫാസി സ്റ്റ് പാർട്ടിയെയും കോർപ്പറേഷനുകളെയും പ്രതിനി ധീകരിച്ച് ഒരു സംഘടന രൂപീകരിച്ചു. ഈ പുതിയ ക്രമീ കരണം മുസ്സോളിനിയുടെ സ്വേച്ഛാധിപത്യസമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തി, അതോടൊപ്പം ഭരണ കൂടത്തിന്റെയും സായുധ സേനയുടെയും നിയന്ത്രണാ തീതമായ ശക്തികളെ നിയന്ത്രിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. അങ്ങനെ മുസ്സോളനി പാർലമെന്ററി സർക്കാരിനെയും തൊഴിലാളി സംഘടനകളെയും എല്ലാ ജനാധിപത്യ സ്ഥാപനങ്ങളെയും നശിപ്പിച്ചു.

മുസ്സോളിനിയുടെ മാർപ്പാപ്പയുമായുള്ള കരാർ

ഫാസിസ്റ്റ് പാർട്ടിക്ക് ആദരവ് നൽകുന്നതിനായി വത്തിക്കാൻ നഗരത്തെ ഒരു സ്വതന്ത്രരാജ്യമായി അംഗീകരിച്ചുകൊണ്ട് മുസ്സോളിനി റോമൻ കത്തോലി ക്കാസഭയുടെ വിശ്വാസം നേടി. അതിനുപകരമായി സഭ ഇറ്റലി രാജ്യത്തെ അംഗീകരിച്ചു. റോമൻ കത്തോലിക്കാ വിശ്വാസം ഇറ്റലിയിലെ മതത്തെ സ്കൂളിൽ നിർബ ന്ധിത മതപഠനമാക്കി മാറ്റി. മുകളിൽ പറഞ്ഞ വ്യവസ്ഥ കൾ ഉൾക്കൊള്ളുന്ന ലാറ്ററൻ ഉടമ്പടി 1929-ൽ ഒപ്പു വച്ചു.



ലാറ്ററൻ ഉടമ്പടി

മഹത്തായ സാമ്പത്തിക വാണിജ്യമാന്ദ്യം

1929-ൽ അമേരിക്കൻ ഐക്യനാടുകൾ കടുത്ത സാമ്പത്തിക, വാണിജ്യ പ്രതിസന്ധി നേരിട്ടു. ലോക ത്തിന്റെ മറ്റു ഭാഗങ്ങളിൽ ഇതിന്റെ ഫലം ഗുരുതരമായി പ്രതിഫലിച്ചു. 1931-ൽ യൂറോപ്യൻ വ്യാപാകവും ധന കാര്യവും സ്തംഭിച്ചു. ഇറ്റലിയിലെ ഫാസിസ്റ്റ് ഗവ ൺമെന്റിന് വളരെയധികം പ്രചാരത്തിലുള്ള പൊതു മരാമത്ത് പുതിയ പാലങ്ങൾ, റോഡുകൾ, കനാലു കൾ, ഹോസ്പിറ്റൽ, സ്കൂളുകൾ എന്നിവയിൽ അഭിമാനിക്കത്തക്കനേട്ടങ്ങൾഉണ്ടായി. എന്നാൽതൊഴി ലില്ലായ്മ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ല. 1935 ൽ സർവ്വരാജ്യസഖ്യം പൂർണ്ണമായും തകർന്നപ്പോൾ ഇറ്റ ലിയെ സാമ്പത്തിക സാമ്രാജ്യമാക്കി മാറ്റാൻ മുസ്സോ ളിനി എത്യോപ്യ ആക്രമിച്ചു. സാമ്പത്തിക പ്രശ്നങ്ങ ളിൽ നിന്നും ശ്രദ്ധ തിരിക്കുന്നതിന് ഇത് ഉപയോഗപ്രദ മായിരുന്നു. യൂറോപ്പിലെ മറ്റിടങ്ങളിലെ ഭരണവർ ഗ്ഗങ്ങളിൽ നിന്ന് മുസ്സോളിനിയുടെ വിജയം ആരാധന നേടി. അങ്ങനെ ഉയർന്നുവന്ന ദേശീയവാദിയും യഹൂദവർഗ്ഗ വിരോധിയുമായ വ്യക്തിയായിരുന്നു മുനീച്ചിലെ അഡോൾഫ് ഹിറ്റ്ലർ.

12th_History_Mal_Unit_13.indd 212 19-04-2022 14:01:39

(b) യുദ്ധാനന്തര ജർമ്മനി

ജർമ്മനിയിൽ ഫാസിസത്തിനെതിരെ വിജയത്തിലേക്ക് നയിച്ച ഘടകങ്ങൾ പലതാണ്. ഒന്നാമത്തേത് യുദ്ധത്തിൽ പരാജയത്തിലുണ്ടായ അപമാനത്തിന്റെ ബോധമായിരുന്നു. 1871 നും 1914 നും ഇടയിൽ ജർമ്മനി സാമ്പത്തിക, രാഷ്ട്രീയ സാംസ്കാരിക നേട്ടങ്ങൾ കൈവരിച്ചു. ജർമ്മനിയിലെ സർവ്വകലാശാലകളും അവിടത്തെ ശാസ്ത്രം, തത്വചിന്ത, സംഗീതം എന്നിവ ലോകമെമ്പാടും അറിയപ്പെട്ടു. വ്യാവസായിക ഉൽപ്പാദനത്തിന്റെ പല മേഖലകളിലും ജർമ്മനി, ബ്രിട്ടനെയും യു.എസിനെയും മറികടന്നു. പിന്നീട് ഒന്നാം ലോകമഹായുദ്ധത്തിൽ തകർന്നടിഞ്ഞ പരാജയമാണ് ഉണ്ടായത്. ജർമ്മൻ ജനതയ്ക്ക് മനോധൈര്യം നഷ്ടമായി. വെർസെയിൽസ് ഉടമ്പടിയിൽ നൽകേണ്ടിവന്ന നഷ്ടപരിഹാരവും മറ്റ് നടപടികളും കടുത്ത അസംതൃപ്തിക്കും പ്രയാസത്തിനും കാരണമായി. സർക്കാരിനെ സാമൂഹ്യവാദികളും ജൂതന്മാരും ആണ് ജർമ്മനിയുടെ പരാജയത്തിന് കാരണക്കാർ എന്ന ആശയം പ്രചരിപ്പിക്കൻ പിന്തിരിപ്പിക്കാൻ ശക്തികൾ ഉപയോഗപ്പെടുത്തി.

ജർമ്മനി എല്ലായ്പ്പോഴും ഒരു സൈനീക രാഷ്ട്രമായിരുന്നു. സൈന്യം കേവലം സുരക്ഷയുടെ മാത്രമല്ല ദേശീയ മഹത്വത്തിന്റെയും പ്രതീകമായിരുന്നു. അതിനാൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ ഉണ്ടായ ജർമ്മനിയുടെ പരാജയവും അപമാനവും ജർമ്മൻ ജനതയെ വല്ലാതെ ഞെട്ടിച്ചു. മഹാമാന്ദ്യം അവരുടെ നിരാശയെ കൂടുതൽ ആഴത്തിലാക്കുകയും റിപ്പബ്ലിക്കൻ സർക്കാരിനെതിരെ തിരിയാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു.

ജർമ്മനി 1920 കളിൽ

ജർമ്മനി ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം രാഷ്ട്രീയ പാർട്ടികളുടെ സഖ്യത്തിലൂടെ ജനാധിപത്യ സർക്കാർ രൂപീകരിച്ചു. സമത്വവാദിയായ എബർട്ട് 1919-1925 കാലഘട്ടത്തിലും അതിനു ശേഷവും സർക്കാരിനെ നയിച്ചു. ജനാധിപത്യവാദിയായ സ്ട്രെസ്മാൻ 1929 വരെ രാജ്യത്തിന്റെ ഭരണം നടത്തി. 1933-ൽ നാസികളുടെ ഉദയം വരെയുള്ള ഈ കാലഘട്ടത്തെ വെയ്മർ റിപ്പബ്ലിക് എന്ന് വിളിക്കുന്നു..


ഹിറ്റ്ലർ

ഈ കാലഘട്ടത്തിൽ സാധാരണ ജർമ്മൻ പൗരൻ നഷ്ടപരിഹാരത്തിന്റെ ഭാരം വഹിക്കുന്ന ഒരു ദരിദ്ര രാജ്യത്ത് ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങളിൽ മാത്രം ശ്രദ്ധാലുവായിരുന്നു. 1923-ൽ ഫ്രഞ്ചുകാർ റൂർ കൈയടക്കിയത് തൊഴിലാളികളെ പ്രതിഷേധ സമരങ്ങൾ സംഘടിപ്പിക്കാൻ പ്രകോപിപ്പിച്ചു. ചില ഭൂഗർഭ പ്രസ്ഥാനങ്ങളിലേക്കുള്ള അവസരങ്ങൾക്ക് ഇത് വഴിതെളിച്ചു. റിപ്പബ്ലിക്കൻ സർക്കാരിനെതിരെ മുൻ സൈനികരെ സംഘടിപ്പിച്ച ലൂഡൻഡോർഫിന്റെ കീഴിൽ ഇതിനകം ബെർലിനിൽ ഒരാൾ ഉണ്ടായിരുന്നു. മുൻ കോർപ്പറൽ ആയ മറ്റൊരാൾ മുനിച്ചിലുണ്ടായിരുന്നു. നാഷണൽ സോഷ്യലിസ്റ്റ് ജർമ്മൻ തൊഴിലാളി പാർട്ടിയുടെ നേതാവായ അഡോൾഫ് ഹിറ്റ്ലറാണ് അദ്ദേഹം.

ജർമ്മൻ ഫാസിസത്തിന്റെ പരിണാമം

ഒന്നാംലോകമഹായുദ്ധത്തിൽ ഹിറ്റ്ലർ ബവേറിയൻ സൈന്യത്തിലാണ് സേവനം അനുഷ്ഠിച്ചത്. ജൂതന്മാർക്കും മാർക്സിസ്റ്റുകൾക്കുമെതിരെ ഹിറ്റ്ലർ സ്വതസിദ്ധമായ വിദ്വേഷം വളർത്തിയിരുന്നു. ഈ പ്രതിഭാധനനായ പ്രഭാഷകന് പ്രേക്ഷകരുടെ വികാരം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. 1923-ൽ ബവേറിയയിൽ ഹിറ്റ്ലർ അധികാരം പിടിച്ചെടുക്കാൻ ശ്രമിച്ചു. മ്യൂണിക്കിന്റെ പ്രാന്തപ്രദേശത്തെ പകുത പ്രാപിക്കാത്ത ദേശീയവിപ്ലവത്തിന്റെപ്രഖ്യാപനംഇദ്ദേഹത്തെജയിലിലടക്കാൻ വഴിതെളിച്ചു. ജയിലിൽ ആയിരുന്നപ്പോൾ ഇദ്ദേഹം തന്റെ രാഷ്ട്രീയ ആശയങ്ങൾ ഉൾക്കൊള്ളുന്ന ആത്മകഥയായ മെയിൻകാഫ് (എന്റെ പോരാട്ടം) എഴുതുകയുണ്ടായി..

1929-ൽ ജർമ്മൻ സർക്കാരിന്റെ ബലഹീനത തുറന്നു കാട്ടുന്ന രണ്ട് കാര്യങ്ങൾ സംഭവിച്ചു. സ്ട്രെസ്മാൻ മരിക്കുകയും അവിടെ രാഷ്ട്രീയ ശൂന്യത ഉണ്ടാകുകയും ചെയ്തു. ന്യൂയോർക്ക് സ്റ്റോക്ക് മാർക്കറ്റിന്റെ പരാജയം സാമ്പത്തികമാന്ദ്യത്തിന് കാരണമാകുകയും അമേരിക്ക ജർമ്മൻ വായ്പകൾ മുൻകൂട്ടി അടയ്ക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. 1931 ആയപ്പോഴേക്കും ലോകസാമ്പത്തിക മാന്ദ്യം ജർമ്മനിയെ ദുർബലമായി ബാധിച്ചു. 1932-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി 6,000,000 വോട്ടുകൾ നേടി. പരിഭ്രാന്തരായ മുതലാളിമാരും സ്വത്തുടമകളും ഫാസിസത്തെ പിന്തുണക്കുന്നതിലേക്ക് ചാഞ്ഞു. അധികാരം പിടിച്ചെടുക്കാൻ ഹിറ്റ്ലർ ഈ അവസരം പ്രയോജനപ്പെടുത്തി.

തേർഡ് റീച്ച്

സാമൂഹ്യജനാധിപതികളുമായി സഹകരിച്ച് പ്രവർത്തിക്കാൻ കമ്മ്യൂണിസ്റ്റുകാർ വിസമ്മതിച്ചതു കാരണം ജർമ്മനിയിലെ റിപ്പബ്ലിക്കൻ ഗവൺമെന്റ് പരാജയപ്പെട്ടു. അതിനാൽ വ്യവസായികളും ബാങ്കുടമകളും അവർക്ക് ഹിറ്റ്ലറെ നിയന്ത്രിക്കാം എന്ന പ്രതീക്ഷയോടെ പ്രസിഡന്റ് വോൻ ഹിൻഡൻബർഗിനോട് ഹിറ്റ്ലറെ ചാൻസലറായി നിയമിക്കാൻ 1933-ൽ ആവശ്യപ്പെട്ടു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം നിലവിൽ വന്ന പാർലമെന്ററി ജനാധിപത്യത്തിന് അന്ത്യം സംഭവിച്ചത് ഹിറ്റ്ലറുടെ നാസിസ്റ്റേറ്റ് ആയ തേർഡ് റീച്ച് വന്നതോടുകൂടിയാണ്.

ഹിറ്റ്ലർ വെയ്മർ റിപ്പബ്ലിക്കിന്റെ പതാകയ്ക്ക് പകരം ദേശീയ സോഷ്യലിസത്തിന്റെ സ്വസ്തിക ബാനറുകൾ കൊണ്ടുവന്നു. ജർമ്മനി വളരെ കേന്ദ്രീകൃത

12th_History_Mal_Unit_13.indd 213 19-04-2022 14:01:39

സംസ്ഥാനമായി പരിവർത്തനം ചെയ്യപ്പെട്ടു. നാസി പാർട്ടി ഒഴികെയുള്ള എല്ലാ പാർട്ടികളും നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. തവിട്ടു നിറത്തിലുള്ള ഷർട്ടും, ഉയര മുള്ള ബൂട്ടും ധരിച്ച സൈനികരടങ്ങിയ സൈന്യത്തെ വിപുലീകരിച്ചു. ഹിറ്റ്ലർ യൂത്ത്, ലേബർ ഫ്രണ്ട് എന്നിവ രൂപീകരിച്ചു.

തൊഴിലാളി സംഘടനകൾ നിർത്തലാക്കുകയും അവരുടെ നേതാക്കളെ അറസ്റ്റ് ചെയ്യുകയും എല്ലാ തൊഴിലാളികളെയും ജർമ്മൻ ലേബർ ഫ്രണ്ടിൽ ചേരാൻ നിർബന്ധിക്കുകയും ചെയ്തു. പണിമുടക്കുകൾ നിയമവിരുദ്ധമാക്കി, വേതനം സർക്കാർ നിശ്ചയിച്ചു. വ്യവസായത്തെ നിയന്ത്രിക്കാൻ നാസികൾ ലേബർ ഫ്രണ്ടിനെ ഉപയോഗിച്ചു. പ്രസ്സ് തിയേറ്റർ, സിനിമ, റേഡിയോ, വിദ്യാഭ്യാസം എന്നിവയിൽ മൊത്തം സംസ്ഥാന നിയന്ത്രണം വ്യാപിപ്പിച്ചു.

ആസൂത്രിതമായ പ്രചാരണത്തിലൂടെ പൊതുജനാഭിപ്രായം കൈകാര്യം ചെയ്ത ജോസഫ് ഗോബെൽസാണ് നാസി പാർട്ടിയുടെ പ്രചാരണത്തിന് നേതൃത്വം നൽകിയത്. അദ്ദേഹം ഒരിക്കൽ പറഞ്ഞു, പതിവായി ആവർത്തിക്കുന്ന ഏതൊരു നുണയും ആത്യന്തികമായി വിശ്വാസം നേടും. ഗെസ്റ്റപ്പോ അഥവാ രഹസ്യസ്റ്റേറ്റ് പോലീസ് രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നത് ഹിറ്റ്ലറുടെ തിരഞ്ഞെടുത്ത അംഗരക്ഷകനെ നിയന്ത്രിച്ച ഹിംലറാണ്.

ജൂതൻമാരോടുള്ള നാസിനയം

അടിച്ചമർത്തൽ നടപടികളോടൊപ്പം ഹിറ്റ്ലറുടെ സർക്കാർ ജൂത ജനതയെ അടിച്ചമർത്തുന്ന നയവും പിന്തുടർന്നു. യഹൂദന്മാരെ സർക്കാർ സ്ഥാനങ്ങളിൽ നിന്ന് നീക്കം ചെയ്യുകയും സർവ്വകലാശാലകളിൽ നിന്ന് ഒഴിവാക്കുകയും പൗരത്വം ഇല്ലാതാക്കുകയും ചെയ്തു. യഹൂദരുടെ ബിസിനസ്സുകൾ അടച്ചു പൂട്ടുകയും അവരുടെ സ്ഥാപനങ്ങൾ ആക്രമിക്കപ്പെടുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ജൂതന്മാരെ താമസിപ്പിച്ചിരുന്ന തടങ്കൽപ്പാളയങ്ങൾ, പട്ടാളത്താവളങ്ങൾ എന്നിവ വൈദ്യുതീകരിച്ച ചുറ്റുമതിൽ കൊണ്ടും കാവൽ ഗോപുരം കൊണ്ടും ചുറ്റപ്പെടുകയും അവരെ നിർബന്ധിത തൊഴിലാളികളായി ഉപയോഗിക്കുകയും ചെയ്തു. പിന്നീട് അവരെ ഉന്മൂലന താവളങ്ങളിലേക്ക് മാറ്റുകയും ഗ്യാസ് ചേമ്പറുകൾ ഉപയോഗിച്ച് ജൂതന്മാരെ കൊല്ലുകയും ചെയ്തു. നാസികൾ അന്തിമ പരിഹാരം എന്ന് വിശേഷിപ്പിച്ചുകൊണ്ട് യൂറോപ്പിലെ 6 ദശലക്ഷം ജൂതന്മാരെ കൊന്നു. ജൂതന്മാരെ കൂടാതെ, നാസി ഭരണകൂടം ജിപ്സികളെയും അലഞ്ഞുതിരിഞ്ഞുനടന്ന ജനങ്ങൾ, സ്വവർഗ്ഗാനുരാഗികൾ, ഭ്രാന്തന്മാർ എന്നിവയെ ഉന്മൂലനം ചെയ്തു. ഇത് കൂടാതെ ഹിറ്റ്ലറുമായി വിയോജിച്ച ലക്ഷക്കണക്കിന് ജർമ്മൻ ജനതയും കൊല്ലപ്പെട്ടു.

വേഴ്സൈയ്ൽസ് ഉടമ്പടിയുടെ എതിർപ്പ്

1934 ഓഗസ്റ്റിൽ ഹിൻഡൻബെർഗ് മരിച്ചതോടുകൂടി ഹിറ്റ്ലർ ചാൻസലർ എന്നതിലുപരി സൈന്യത്തിന്റെ പ്രസിഡന്റും കമാൻഡർ - ഇൻ-ചീഫുമായി മാറി. 1938-ൽ നാസി പാർട്ടി, സൈന്യത്തിന്റെ നിയന്ത്രണം കർക്കശമാക്കി. ഹിറ്റ്ലർ വിദേശീയ നയത്തിലൂടെ ലക്ഷ്യമിട്ടത് ജർമ്മനിയുടെ സായുധസേന പുനസ്ഥാപിക്കുകയും വേഴ്സയ്ൽസ് ഉടമ്പടിയിലൂടെ ഇല്ലാതായത് തിരിച്ചുപിടിക്കുകയുമാണ്. വെർസൈൽ ഉടമ്പടി ലംഘിക്കാനുള്ള അദ്ദേഹത്തിന്റെ ബോധ പൂർവ്വമായ ശ്രമങ്ങൾ ആണ് (അടുത്ത പാഠത്തിൽ ചർച്ച ചെയ്യുന്നു) രണ്ടാം ലോകമഹായുദ്ധത്തിലേക്ക് നയിച്ചത്.

സംഗ്രഹം

- മെർക്കന്റലിസത്തിൽ നിന്ന് വ്യാവസായിക മുതലാളിത്തത്തിലേക്കും തുടർന്ന് സാമ്പത്തിക മുതലാളിത്തത്തിലേക്കും സാമ്രാജ്യത്വത്തിലേക്കും നയിക്കുന്നത് വിശദീകരിക്കുന്നു..
- മിച്ചമുള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും അസംസ്കൃത സാധനങ്ങൾ നേടുന്നതിനായി കോളനികൾ തിരയുന്ന യൂറോപ്പിലെ വൻശക്തികളുടെ മത്സരങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നു.
- ഏഷ്യയിലെ സാമ്രാജ്യശക്തിയായി മാറിയ ജപ്പാന്റെ ഉയർച്ച വികസന നയങ്ങൾ എന്നിവ സൂചിപ്പിക്കുന്നു.
- യൂറോപ്പ് രണ്ട് ചേരിയായി തിരിഞ്ഞതിന്റെ ഫലമായി സഖ്യങ്ങൾ രൂപം കൊണ്ടു.
- ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ - ജർമ്മനിയുടെ ആക്രമണാത്മകത മനോഭാവം, ഫ്രാൻസിന് ജർമ്മനിയോടുള്ളശത്രുത, അൽസയ്ൽസ്-ലൊറൈൻ പ്രദേശം, ജപ്പാന്റെ വികസനനയം, ബാൽക്കൻ രാഷ്ട്രീയം എന്നിവ വിശദീകരിക്കുന്നു.
- അതിർത്തിയിലെ യുദ്ധത്തിന്റെ സ്വഭാവം, പ്രധാന യുദ്ധങ്ങൾ എന്നിവ.
- റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ, ഗതി, ഫലങ്ങൾ എന്നിവ വിശദീകരിക്കുന്നു.
- അമേരിക്കയുടെ യുദ്ധത്തിലേക്കുള്ള പ്രവേശവും ജർമ്മനിയുടെ മുങ്ങിക്കപ്പലുകളുടെ ഉപയോഗവും യുദ്ധത്തിന്റെ നിർണ്ണായക ഫലങ്ങളും വ്യക്തമാക്കുന്നു.
- പാരീസ് സമാധാന ഉടമ്പടിയും യുദ്ധത്തിന്റെ ഫലങ്ങളും വിശദമാക്കുന്നു
- സർവ്വരാജ്യസഖ്യവും സമാധാനം നിലനിർത്താനുള്ള അതിന്റെ പങ്കും പറയുന്നു.
- ഫാസിസ്റ്റ് സർക്കാരുകളുടെ ഉയർച്ചയും അതിന്റെ തകർച്ചയും വിശദീകരിക്കുന്നു.

12th_History_Mal_Unit_13.indd 214 19-04-2022 14:01:40

പരിശീലനം

I. ശരിയായ ഉത്തരം എടുത്തെഴുതുക

1. മുന്നേറുന്ന ജർമ്മനിയുടെ സൈന്യത്തെ പിന്നോട്ട് തള്ളുന്നതിൽ ഫ്രഞ്ചുകാർ വിജയിച്ച യുദ്ധം ഏതാണ്?
   (a) മാർനെ യുദ്ധം
   (b) ടാനൻബെർഗ് യുദ്ധം
   (c) വെർഡൂൺ യുദ്ധം
   (d) സോം യുദ്ധം

2. ലെസ്സെസ്സ്-ഫെയർ എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് _____.
   (a) ജോൺ എ. ഹോബ്സൺ (b) കാറൽ മാർക്സ്
   (c) ഫിഷർ (d) ഗോർണെ

3. രാഷ്ട്രങ്ങളുടെ സമ്പത്തിന്റെ സ്വഭാവം, കാരണങ്ങൾ എന്നിവയെക്കുറിച്ചുള്ള അന്വേഷണം _____
   (a) ആദംസ്മിത്ത് (b) തോമസ് പെയ്ൻ
   (c) ക്യൂസ്നെ (d) കാറൽ മാർക്സ്

4. സ്വതന്ത്രവ്യാപാരനയം ഇംഗ്ലണ്ട് തീരുമാനിച്ചത്?
   (a) 1833 (b) 1836 (c) 1843 (d) 1858

5. **പ്രസ്താവന (A)**: 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പല രാജ്യങ്ങളും മിച്ച ഉല്പാദനത്തിന്റെ പ്രശ്നം നേരിട്ടു.
   കാരണം (R): മിച്ച ഉല്പാദനം രാജ്യങ്ങളെ പുതിയ കമ്പോളങ്ങൾ കണ്ടെത്താൻ നിർബന്ധിരാക്കി.
   (a) A യും R ഉം ശരി. R എന്ന പ്രസ്താവന A യെ വിശദീകരിക്കുന്നു
   (b) A യും R ഉം ശരി. R എന്ന പ്രസ്താവന A യെ വിശദീകരിക്കുന്നില്ല
   (c) A ശരിയാണ് എന്നാൽ R തെറ്റാണ്
   (d) A തെറ്റാണ് എന്നാൽ R ശരിയാണ്

6. ചുങ്കനിയമം (ടാരിഫ് നിയമം) 1879-ൽ പുനക്രമീകരിച്ചത് _____
   (a) ജർമ്മനി (b) ഫ്രാൻസ്
   (c) ബ്രിട്ടൺ (d) യു.എസ്.എ.

7. ഷിമൊണോസ്കി ഉടമ്പടിയിൽ ഒപ്പുവച്ചത് ഏതിന് ശേഷമാണ് _____
   (a) റൂസ്സോ-ജപ്പാനീസ് യുദ്ധം
   (b) രണ്ടാം കറുപ്പ് യുദ്ധം
   (c) രണ്ടാം ആംഗ്ലോ-ചൈനീസ് യുദ്ധം
   (d) സിനോ-ജപ്പാനീസ് യുദ്ധം

8. പോർട്ട്സ് മൗത്ത് ഉടമ്പടിയിൽ ഒപ്പുവച്ചത് ആരുടെ മധ്യസ്ഥതയിൽ ആണ് _____
   (a) സ്പെയ്ൻ (b) ബ്രിട്ടൺ
   (c) യു.എസ്.എ (d) ഫ്രാൻസ്

9. പുതുതായി സ്ഥാപിച്ച ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രസിഡന്റിന് 21 ആവശ്യങ്ങൾ സമർപ്പിച്ചത് ഏത് രാജ്യമാണ് ?
   (a) ഫ്രാൻസ് (b) റഷ്യ (c) ജപ്പാൻ (d) ബ്രിട്ടൺ

10. ഏതിന്റെ അടിസ്ഥാനത്തിലാണ് പുതിയ സംസ്ഥാനമായ അൽബേനിയ രൂപീകരിച്ചത്
    (a) ബുച്ചെറെസ്റ്റ് ഉടമ്പടി, 1913
    (b) വേഴ്സയ്ൽസ് ഉടമ്പടി, 1919
    (c) ലണ്ടൻ ഉടമ്പടി, 1913
    (d) സെന്റ് ജർമ്മൻ ഉടമ്പടി

11. കേന്ദ്രശക്തികളുടെ ഭാഗമല്ലാത്ത താഴെപറയുന്ന ഒരു രാജ്യമാണ്?
    (a) ബൾഗേറിയ (b) ആസ്ട്രിയ-ഹംഗറി
    (c) ടർക്കി (d) മോണ്ടിനെഗ്രോ

12. പാരിസിലെ ശക്തമായ ആക്രമണത്താൽ ഫ്രഞ്ച് ഗവൺമെന്റ് നീങ്ങിയത് _____
    (a) മാർസെല്ലസ് (b) ബോർഡക്സ്
    (c) വേഴ്സയ്ൽസ് (d) എVersailles

13. വേഴ്സയ്ൽസ് ഉടമ്പടിയുടെ ഭാഗമല്ലാത്തത് താഴെപറയുന്നതിൽ ഏതാണ്?
    (a) അൽസൈയ്സ്-ലൊറൈൻ പ്രദേശം ഫ്രാൻസിന് കീഴടങ്ങാമെന്ന് ജർമ്മനി സമ്മതിച്ചു
    (b) ഫ്രാൻസിന് സാർ താഴ്വര നൽകി
    (c) റൈൻ പ്രദേശം സഖ്യസേനകൾ കൈവശപ്പെടുത്തി
    (d) ഡാൻസിഗ് പോളണ്ടിന്റെ നിയന്ത്രണത്തിൽ ആയി

14. താഴെപറയുന്നതിൽ ചേരുംപടി ചേരാത്തത് ഏത്?
    (a) വിമോചനത്തിന്റെ ശിലാശാസനം - അലക്സാണ്ടർ II
    (b) ബ്ലഡിസൺഡേ - നിക്കോളാസ II
    (c) റഷ്യയിലെ 500 സെർഫ് ലഹളകൾ - നിക്കോളാസ് I
    (d) ബ്രെസ്റ്റ് - ലിറ്റോസ്ക് ഉടമ്പടി - അലക്സാണ്ടർ III

15. **അവകാശവാദം (A)**: ലീഗ് ഓഫ് നാഷൻസ് പല്ലില്ലാത്ത ഒരു സംഘടനയായി കാണപ്പെട്ടു.
    കാരണം (R): യഥാർത്ഥ പ്രയോഗത്തിൽ കൂട്ടായ സംരക്ഷണം എന്ന തത്ത്വം പ്രാബല്യത്തിൽ കൊണ്ടുവരാൻ സാധിച്ചില്ല.
    (a) A യും R യും ശരി. R എന്ന പ്രസ്താവന A വിശദീകരിക്കുന്നു
    (b) A യും R യും ശരി, എന്നാൽ R യെക്കുറിച്ച് വിശദീകരിക്കുന്നില A
    (c) A ശരിയാണ് എന്നാൽ R തെറ്റാണ്
    (d) A തെറ്റാണ് R ശരിയാണ്

12th_History_Mal_Unit_13.indd 215 19-04-2022 14:01:40

16. **അവകാശവാദം (A)**: ലോകം മുഴുവനും ബാധിച്ച സാമ്പത്തിക മഹാമാന്ദ്യം USSR നെ ബാധിച്ചില്ല.

കാരണം (R): ഭൂമിയെ സാമൂഹ്യസ്വത്തായി പ്രഖ്യാപിക്കുകയും പാവപ്പെട്ട കൃഷിക്കാർക്കായി വിതരണം ചെയ്യുകയും ചെയ്തു.

(a) A യും R ഉം ശരി. R എന്ന വസ്തുത A യെ വിശദീകരിക്കുന്നു.

(b) A യും R ഉം ശരി. എന്നാൽ R എന്ന വസ്തുത A യെ വിശദീകരിക്കുന്നില്ല.

(c) A ശരിയാണ് എന്നാൽ R തെറ്റാണ്.

(d) A തെറ്റാണ്. R ശരിയാണ്.

17. ലീഗ് ഓഫ് നാഷൻസിലെ ആദ്യ സെക്രട്ടറി ജനറലായ എറിക് ഡ്രമ്മണ്ടിന്റെ ജന്മസ്ഥലം _____

(a) ഫ്രാൻസ് (b) തെക്കെആഫ്രിക്ക

(c) ബ്രിട്ടൺ (d) യു.എസ്.എ

18. ലീഗ് ഓഫ് നാഷൻസ് പിരിച്ചു വിട്ടവർഷം _____

(a) 1939 (b) 1941 (c) 1945 (d) 1946

19. ജർമ്മനിയുടെ ചാൻസലറായി ഹിറ്റ്ലറെ നാമനിർദ്ദേശം ചെയ്തത്?

(a) ജനറൽ ലുഡൻഡോർഫ്

(b) വോൺ ഹിൻഡെൻബെർഗ്

(c) ജനറൽ സ്മട്ട്സ്

(d) ആൽഫ്രഡ് വോൺ ബെത്മാൻ

20. മുസ്സോളിനി എഡിറ്റുചെയ്ത ജേണലിന്റെ പേരെന്ത്?

(a) അവന്തി (b) പ്രവ്ദ

(c) മാർക്സിസ്റ്റ് (d) മെയിൻകാഫ്

II. കുറിപ്പെഴുതുക

1. ജർമ്മനി ഫ്രാൻസിനെ ഒറ്റപ്പെടുത്തിയതെന്തുകൊണ്ട്?

2. 1904-ൽ ബ്രിട്ടനും ഫ്രാൻസും ഒപ്പിട്ട സൗഹാർദ്ദ സഖ്യത്തിന്റെ പ്രാധാന്യം എന്ത്?

3. നൽക്കൻ ഉപരോധത്തിന്റെ ഫലം എന്താണ്.

4. ട്രിപ്പിൾ ഇടപെടൽ എന്താണ്?

5. ഒന്നാം ലോക മഹായുദ്ധത്തിന്റെ കിഴക്കൻ മുന്നണി പോരാട്ടത്തിൽ വോൻ ഹിണ്ടൻബർഗ് വഹിച്ച പങ്കെന്ത്?

6. ജട്ട്ലാൻഡ് യുദ്ധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എഴുതുക.

7. നിഹിലിസം എന്താണ് ?

8. 1925-ൽ ഗ്രീസുംബൽഗേറിയയും തമ്മിലുള്ള തർക്കം ലീഗ് ഓഫ് നാഷൻസ് പരിഹരിച്ചതെങ്ങനെ?

9. ലാറ്ററൽ ഉടമ്പടി മുസ്സോളനിയുടെ അധികാരത്തെ നിയമാനുസൃതമാക്കിയത് എങ്ങനെ?

10. തേർഡ് റീച്ച് എന്താണ്?

III. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. ആദ്യ മൊറോക്കൻ പ്രതിസന്ധി സംഭവിച്ചതെങ്ങനെ?

2. ട്രെഞ്ച് യുദ്ധമുറ നടന്നതെങ്ങനെ?

3. ഭയാനകമായ U-ബോട്ടുകൾ Q-കപ്പലുകൾ എന്നിവയെക്കുറിച്ച് എന്തറിയാം?

4. അമേരിക്ക യുദ്ധത്തിലേക്ക് പ്രവേശിച്ച ശേഷം തുടർച്ചയായി ഉണ്ടായ സംഭവങ്ങൾ കുറിക്കുക.

5. മഹാമാന്ദ്യത്തിന്റെ സ്വാധീനം രാഷ്ട്രീയത്തിൽ എങ്ങനെ പ്രതിഫലിച്ചു.

6. സർവ്വ രാഷ്ട്രസഖ്യം വിജയകരമായി പൂർത്തിയാക്കിയ പ്രശ്നങ്ങളെ കുറിച്ച് എഴുതുക.

7. സാമ്പത്തിക മാന്ദ്യം രാഷ്ട്രീയത്തിൽ ഏർപ്പെടുത്തിയ മാറ്റങ്ങളെക്കുറിച്ച് പ്രതിപാദിക്കുക?

IV. ഉത്തരം വിശദമായി എഴുതുക

1. ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങളും സാഹചര്യങ്ങളും വിശദീകരിക്കുക..

2. മാർക്സ് ഉണ്ടാക്കിയ തീപ്പൊരി ലെനിൻ കത്തിച്ചു. വിശദമാക്കുക..

3. വേഴ്സയ്ൽസ് ഉടമ്പടിയിലെ വ്യവസ്ഥകൾ കഠിനവും അപമാനപരവുമായിരുന്നു. ഈ നിർവ്വചനത്തെ ന്യായീകരിക്കുക.

4. ഇറ്റലിയിലും ജർമ്മനിയിലും യഥാക്രമം ഫാസിസ്റ്റ് സർക്കാർസ്ഥാപിക്കാൻമുസ്സോളിനിയുംഹിറ്റ്ലറിനെയും നയിച്ച സാഹചര്യങ്ങൾ വിശദമാക്കുക.

V. പ്രവർത്തനങ്ങൾ

1. യുട്യൂബിൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ ധാരാളം വീഡിയോകൾ കുട്ടികൾ പ്രദർശിപ്പിക്കുന്നു.

2. ഒന്നാം ലോകമഹായുദ്ധമുഖങ്ങൾ, രേഖപ്പെടുത്തനും യുദ്ധത്തിന് മുമ്പുള്ള ലോകവും ശേഷമുള്ള ലോകവും താരതമ്യ പഠനത്തിനും അദ്ധ്യാപകർ കുട്ടികളെ സഹായിക്കുന്നു.

3. ലീഗ് ഓഫ് നാഷൻസിന്റെ വിജയങ്ങളും പരാജയങ്ങളെക്കുറിച്ചും കുട്ടികൾ വാദപ്രതിവാദത്തിൽ ഏർപ്പെടുന്നു.

4. ഫാസിസത്തെക്കുറിച്ച് ഗൂഗിളിൽ ഖാൻ അക്കാഡമിയുടെ വീഡിയോകൾ കുട്ടികളും അദ്ധ്യാപകരും പ്രയോജനപ്പെടുത്തുന്നു..

12th_History_Mal_Unit_13.indd 216 19-04-2022 14:01:40

പരാമർശഗ്രന്ഥങ്ങൾ

- R.D. Cornwell, *World History in the Twentieth Century* (London: Longman, 1972).
- Edward McNall Burns, *Western Civilizations,* vol. 2 (New York: W.W. Norton, 1972).
- Richard Overy (ed.) *Complete History of the World* (London: Harper Collins, 2007).
- Chris Harman, *A People's History of the World* (New Delhi: Orient Longman, 2007).
- H.A. Davies, *An Outline History of the World* (Oxford: Oxford University Press, 2006).
- K.A. Manikumar, *A Colonial Economy in the Great Depression: Madras (1929–1937),* (Hyderabad: Orient Longman, 2003).

A-Z പദവിവരണ സഞ്ജയം

onslaught	a sudden and severe onset of trouble	ആക്രമണം
Mercantilism	the theory that trade generates wealth and a government should encourage it by protecting domestic trade from foreign competition.	പണമാണ് ഏകധനം എന്ന പഴയ സിദ്ധാന്തം
ammunition	any nuclear, chemical or biological material that can be used as a weapon of destruction	വെടിമരുന്ന്
trawler	a fishing boat	മത്സ്യബോട്ട്
armistice	a formal agreement to stop fighting for a particular time.	ആയുധശേഖരം
covenant	agreement by legal deed	ഉടമ്പടി
serf	a person who is tied to the land and to its holder, the land lord.	ഭൂപ്രഭുവിന്റെ കീഴിൽ ജോലി ചെയ്യുന്ന ആൾ
abominable	detestable, hateful	മ്ലേച്ഛമായ
proletariat	working class	തൊഴിലാളി വർഗ്ഗം
anarchism	belief in the abolition of state and organisation of society on a voluntary, cooperative basis without recourse to force or compulsion	അരാജകത്വം
abdication	a formal resignation and renunciation of power, stepping down	പദവി ഉപേക്ഷിക്കൽ
confiscation	seizure of property	കണ്ടുകെട്ടൽ
cudgel	a short, thick stick used as a weapon	ആയുധമായി ഉപയോഗിക്കുന്ന കട്ടിയുള്ള വടി
jackboot	a heavy military boot extending above the knee	മുട്ടിന് മുകളിൽ വരെ എത്തുന്ന പാദരക്ഷ
lunatic	a person who is mentally ill	ഭ്രാന്തൻ
annulling	abolishing, invalidating	അസാധുവാക്കൽ

12th_History_Mal_Unit_13.indd 217 19-04-2022 14:01:40

ഐ.സി.റ്റി കോർഷർ

സാമ്രാജ്യത്വവും അതിന്റെ ആക്രമണവും

ഈ പ്രക്രിയയിലൂടെ ഒന്നാം ലോക മഹായുദ്ധത്തിന്റെ പ്രധാന സംഭവങ്ങളെ കാലനിർണ്ണയ രേഖയിലൂടെ നിങ്ങൾക്ക് കൂടുതൽ മനസ്സിലാക്കാം.



ഘട്ടം - 1 ബ്രൌസർ തുറന്ന് കീഴെ തന്നിരിക്കുന്ന യു.ആർ.എൽ നെ ടൈപ്പ് ചെയ്യുക. അല്ലെങ്കിൽ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക.

ഘട്ടം - 2 ഭൂപടം എന്ന വിഷയത്തെ ക്ലിക്ക് ചെയ്ത് ചരിത്ര സംഭവങ്ങൾ നടന്ന സ്ഥലങ്ങളെയും വർഷങ്ങളെയും മനസ്സിലാക്കാൻ സാധിക്കുന്നു

ഘട്ടം - 3 ഭൂപടത്തിലുള്ള ബോക്സ് തിരഞ്ഞെടുത്ത് ഒന്നാം ലോക മഹായുദ്ധം സംഭവങ്ങളെ കുറിച്ച് കൂടുതൽ പഠിക്കാം.



ഘട്ടം1



ഘട്ടം2



ഘട്ടം3

Web URL: https://www.abmc.gov/sites/default/files/interactive/interactive_files/WW1/index.html

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രം

*ബ്രൌസറിന് ആവശ്യമെങ്കിൽ ഫ്ളാഷ് പ്ലെയർ അല്ലെങ്കിൽ പാവാസ്ക്രിപ്റ്റ് പേജിലേക്ക് ശേഖരിക്കുക

12th_History_Mal_Unit_13.indd 218 19-04-2022 14:01:42

യൂണിറ്റ്
14

രണ്ടാം ലോക മഹായുദ്ധവും കോളനിയുടെമേൽ അതിന്റെ സ്വാധീനവും

പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടാൻ

- രണ്ടാം ലോക മഹായുദ്ധത്തിന്റെ ഗതി, കാരണങ്ങൾ, ഫലങ്ങൾ
- ചൈനീസ് വിപ്ലവം
- ഇന്തോനേഷ്യയിലെ ഫിലിപ്പീൻസിലെയും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയ പ്രസ്ഥാനങ്ങളും പോരാട്ടങ്ങളും

6QB7F

ആമുഖം

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഉയർന്നു വന്ന കൂട്ടായ സുരക്ഷയെ അടിസ്ഥാനമാക്കിയുള്ള അന്താരാഷ്ട്രക്രമം എന്ന ആശയം തകർന്നു. 1939 സെപ്തംബറിൽ, യൂറോപ്പ് വീണ്ടും ഭയങ്കരമായ യുദ്ധങ്ങളിൽ മുഴുകി. 1914-18 വരെയുള്ള യുദ്ധത്തിനെക്കാൾ ഭീകരമായിരുന്നു. 1939-45 വരെയുള്ള യുദ്ധം. ഇതിനുള്ള ഒരു കാരണം ജപ്പാൻ യുദ്ധത്തിൽ വഹിച്ച പങ്കാണ്. ഇതിന്റെ അനന്തരഫലങ്ങളായ ജീവൻ പൊലിയുന്നതും നാശനഷ്ടവും യുദ്ധച്ചെലവും വളരെ കൂടുതലായിരുന്നു രണ്ടാം ലോക മഹായുദ്ധത്തിന്റെ അന്ത്യത്തിൽ, അശാന്തിയുടെ തരംഗങ്ങൾ കോളനിയിൽ ഉളവാകുകയും ദേശീയ പ്രക്ഷോഭത്തിന് കൂടുതൽ ശക്തി ലഭിക്കുകയും ചെയ്തു. ഇത് ഏഷ്യയിലും ആഫ്രിക്കയിലും അപകോളനീകരണ പ്രക്രിയ ആരംഭിക്കുകയും ചെയ്തു. തെക്കുകിഴക്കൻ ഏഷ്യയിൽ, ഡച്ചുകൾ ഒരു നീണ്ട വിജയിക്കാത്ത യുദ്ധം ചെയ്തു. എന്നിരുന്നാലും 1949 ൽ മുൻ ഡച്ച് ഈസ്റ്റ് ഇൻഡീസ് ഇന്തോനേഷ്യയ്ക്ക് സ്വാതന്ത്ര്യം നല്കി. ഈ പാഠത്തിൽ ഇന്തോനേഷ്യ, ഡച്ച് കോളനി, ഫിലിപ്പിൻസ്, അമേരിക്കൻ കോളനി എന്നിവയിൽ നടന്ന സംഭവ വികാസങ്ങളെ പര്യവേഷണം ചെയ്യുന്നു. ചൈനയിൽ അഴിമതിക്കാരിൽ നിന്നും കഴിവില്ലാത്ത ദേശീയവാദികളിൽ നിന്നും ആളുകൾ പിന്തിരിഞ്ഞു. ചൈനയിലെ ഒരു അഭ്യന്തര യുദ്ധത്തിന്റെ ഫലമായി മാവോ സേ തുങ്ങിനു കീഴിലുള്ള പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന സ്ഥാപിക്കപ്പെട്ടു.

14.1 രണ്ടാം ലോക മഹായുദ്ധം കാരണങ്ങൾ

യുദ്ധത്തിന്റെ ആരംഭത്തിൽ, ഗ്രേറ്റ് ബ്രിട്ടനും ഫ്രാൻസും ജർമ്മനിയ്ക്ക് എതിരാളികളാകുന്നു. എന്നാൽ യുദ്ധത്തിൽ നിഷ്പക്ഷമായിരുന്ന ഇറ്റലി പിന്നീട് ജർമ്മനിയുടെ കൂടെ ചേർന്നു. രണ്ട് ലോക മഹായുദ്ധങ്ങളിലുംസമാനമായഎതിരാളികായിരുന്നു എന്നാൽ രണ്ടാം ലോ.ക മഹായുദ്ധത്തിൽ പാശ്ചാത്യ ശക്തികൾക്ക് പകരം ജപ്പാൻ ജർമ്മനിയുമായി സഖ്യത്തിലേർപ്പെട്ടു. യുദ്ധം തുടങ്ങി 2 വർഷങ്ങൾക്കു ശേഷമാണ് റഷ്യയും യു.എസ്.എ യും കലഹത്തിൽ ഏർപ്പെട്ടത്. 2 ാം ലോക മഹായുദ്ധത്തിൽ യുദ്ധത്തിന്റെ രീതികൾ പാടെ മാറിയിരുന്നു. ഫ്രഞ്ച് യുദ്ധരീതി വ്യോമാക്രമണത്തിന് വഴിയൊരുക്കി. 2 ാം ലോക മഹായുദ്ധത്തിൽ പോരാളികളെന്നോ സാധാരണക്കാരെന്നോ ഒരു വ്യത്യാസം ഇല്ലാതിരിന്നതിനാൽ ഈ യുദ്ധത്തിന്റെ ആഘാതങ്ങൾ കനത്തിലായിരുന്നു.

യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു നയിച്ച സാഹചര്യങ്ങൾ ആദ്യം നമുക്ക് കണ്ടെത്താം.

(a) സാമാധാന ഉടമ്പടിയുടെ അന്യായമായ സ്വാഭാവം

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽജർമ്മനിയ്ക്ക്ചുമത്തിയനിബന്ധനകൾവളരെ കഠിനമായിരുന്നു. കോളനികളെ ഒഴിവാക്കിയപ്പോൾ ജർമ്മൻ സൈന്യത്തിന്റെ വലുപ്പം ഗണ്യമായി കുറഞ്ഞു. ഫ്രാൻസിനു അൽസെയിൻസും ലോറെനും

12th_History_Mal_Unit_14.indd 219 2/28/2023 1:23:07 PM

കൊടുക്കാനും സാർ വാലിയിൽ ഫ്രഞ്ച് സൈന്യം താല്കാലികമായിതാവളമടിക്കാനുംജർമ്മനിയ്ക്ക്നിർബന്ധിമായി സമ്മതിക്കേണ്ടി വന്നു. സൈലേഷ്യാ എന്ന വ്യാവസായിക പ്രദേശങ്ങളുടെ ഭൂരിഭാഗവും പോളണ്ടിനു കൊടുക്കാൻ ജർമ്മനി നിർബന്ധിതയായി. കൂടാതെ നഷ്ടപരിഹാരമായി ജർമ്മനിയ്ക്ക് ഒരു അസാധ്യസംഖ്യ (66000 ദശലക്ഷം പൗണ്ട്) നൽകേണ്ടതായിരുന്നു. ഈനിബന്ധനകൾജർമ്മനിയോട് അനീതി പ്രവർത്തിക്കുന്നതായി ശക്തമായി അനുഭവപ്പെടുകയും തൽഫലമായി നാസി രാഷ്ട്രീയം വിജയിച്ചു. ഇറ്റാലിയൻ പ്രദേശമായ ഡാൽമാഷിയ പുതിയതായിട്ട് രൂപപ്പെട്ട യുഗോസ്ലാവിയ സംസ്ഥാനത്തോട് യോജിച്ചതിൽ ഇറ്റലിയ്ക്ക് വിഷമം തോന്നി. ഫ്രാൻസിന്ഭീഷണിയാകുമെന്ന്കരുതിഓസ്ട്രിയഒരുചെറിയ റിപ്പബ്ലിക്കിന്റെ നിലയിലേക്ക് കുറയുകയും ജർമ്മനിയുമായുള്ള സംയോജനം തടസപ്പെടുത്തുകയും ചെയ്തു.

(b) ലീഗ്ഓഫ് നേഷൻസിന്റെ പരാജയം

ലീഗ് ഓഫ് നേഷൻ, മറ്റൊരു ലോകമഹായുദ്ധം ഒഴിവാക്കാൻ വേണ്ടി ആരംഭിച്ച അന്താരാഷ്ട്ര സംഘടനയായി പ്രവർത്തിക്കുന്നതിനു പകരം പരാജിതർക്ക് എതിരെ വിജയികളുടെ സഖ്യമായി മാറി. വെർസൈൽസ് ഉടമ്പടി ഒപ്പിട്ടത് മറ്റൊരു ലോകമഹാ യുദ്ധത്തിനു വേണ്ടി വിത്തുപാകുകയായിരുന്നു.

1918 മുതൽ 1933 വരെ യുദ്ധ ഭീഷണികൾ ഇല്ലാതാക്കുന്നതിനു വേണ്ടി ഒരു കൂട്ടം സമ്മേളനങ്ങൾ നടന്നു. 1925 ൽ മുഖ്യ യൂറോപ്യൻ ശക്തികളുടെ പ്രതിനിധികൾസ്വിസ് പട്ടണമായലോകർനോയലിൽകണ്ടുമുട്ടുകയും റൈൻ അതിർത്തികളെ ബഹുമാനിക്കാൻ (വെർറൈൻസ് ഉടമ്പടിയിൽ സ്ഥാപിച്ചതുപോലെ) ജർമ്മനിയും ഫ്രാൻസും തീരുമാനിച്ചു. വ്യാപകമായി വിലമതിക്കപ്പെട്ട മറ്റൊരു കരാറാണ് കെല്ലോഗ് ബ്രിയാൻഡ് കരാർ 1928 യു.എസ്. ലീഗ് മിറ്റിങ്ങിൽ പങ്കെടുത്തത്. ഈ കരാറിന്റെ ഫലമായിരുന്നു. ദേശീയതയുടെ ഒരു ഉപകരണമായ യുദ്ധം ഉപേക്ഷിക്കുക എന്ന നയം എല്ലാ രാജ്യങ്ങളുടെയും പ്രതിജ്ഞയായി മാറി. എന്നാൽ ചില രാജ്യങ്ങൾ അവ ധിക്കരിച്ചപ്പോൾ ഈ കരാറുകൾ നടപ്പിലാക്കാൻ ലീഗ് ഓഫ് നേഷൻസ് ശക്തമായിരുന്നില്ല.



കെല്ലോഗ് ബ്രയാണ്ട് കരാർ

1933 ൽ ഹിറ്റ്ലർ അധികാരത്തിലെത്തിയപ്പോൾ നിരായുധീകരണ സമ്മേളനം സംഘടിപ്പിച്ചു. ഫ്രാൻസിനുസമാനമായിജർമ്മനിയുടെപുനർആയുധപദ്ധതിയായിരുന്ന് ഇവിടുത്തെ പ്രശ്നമായി മാറിയത്. ഫ്രഞ്ച് ഈപദ്ധതിയെവിസമ്മതിക്കുകയുംഎന്നാൽബ്രിട്ടൻ ജർമ്മനിയുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ തയ്യാറാവുകയും ചെയ്തു. ഫ്രഞ്ചിന്റെ വിസമ്മതത്തിനു ഈ കോൺഫറൻസിൽ നിന്നും ലീഗിൽ നിന്നും പിൻവലിക്കുക എന്നതായിരുന്നു ഹിറ്റ്ലറുടെ പ്രതികരണം. ജർമ്മനിയിലെ ഒരു പൊതുതാൽപര്യ ഹർജിയിലൂടെ, ഹിറ്റ്ലറിന്റെ ഈ നടപടിക്ക് വലിയ പിന്തുണ ലഭിച്ചു. ഇതിൽ പ്രചോദിതനായ ഹിറ്റ്ലർ, മാർച്ച് 1935 ലൂടെ അരദശലക്ഷ പേർ അടങ്ങുന്ന സൈന്യത്തെ കെട്ടിപ്പെടുക്കുമെന്ന് പ്രഖ്യാപിച്ചു. വെർസെൽ ഉടമ്പടിയുടെ ആദ്യ ലംഘനമായിരുന്നു അത്. ലീഗ് ഓഫ് നേഷൻസിൽ പങ്കെടുത്ത ബ്രിട്ടനും ഫ്രാൻസും ഇറ്റലിയും ജർമ്മനിയുടെ പ്രവർത്തിയെ അപലപിച്ചെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചില്ല. ഒരു നാവിക കരാറിനെ വ്യാപിപ്പിക്കുന്ന ചർച്ചയ്ക്കുവരെ ബ്രിട്ടൻ പോയി. ഈ കരാർ പ്രകാരം, ജർമ്മനിക്ക് ബ്രിട്ടന്റെ നാവികസേനയുടെ 35 ശതമാനം വരെ വളർച്ച പ്രാപിക്കാൻ കഴിയും.



നിരായുധീകരണ സമ്മേളനം, ജനീവ

ഇറ്റലി 1935 ൽ എത്യോപ്യയെ ക്രമിച്ചു. എത്യോപ്യയിലെ ചക്രവർത്തിയായ ഹെയ്ൽ സെലാസി ലീഗ് ഓഫ് നേഷൻസിനോട് അഭ്യർത്ഥിച്ചെങ്കിലും ഒരു സഹായവും ലഭിച്ചില്ല.

(c) 1930 കളിലെ സാമ്പത്തിക മാന്ദ്യം

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക കാരണം മഹാമാന്ദ്യമായിരുന്നു. (ദി ഗ്രേറ്റ് ഡിപ്രഷൻ) സാമ്പത്തികമാന്ദ്യം ദേശീയ വിഷാദം രൂക്ഷമാക്കി. തൊഴിലില്ലായ്മ ബിസിനസ്സ് സ്തംഭനാവസ്ഥ എന്നിവയാൽ ബാധിച്ചതിനാൽ, ഹോം മാർക്കറ്റ് സംരക്ഷിക്കുന്നതിനും ഗാർഹിക ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനു വേണ്ടി സർക്കാർ ഉയർന്നതാരിഫ് അവലംബിച്ചു.ഇത്ഒരുവിപുലീകരണനയത്തിലേക്ക് നയിക്കുകയും സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി അയൽ പ്രദേ

12th_History_Mal_Unit_14.indd 220 2/28/2023 1:23:07 PM

ശങ്ങൾ പിടിച്ചെടുക്കാനും തുടങ്ങി. ജപ്പാൻ ഇതിനു നേതൃത്വം നല്കി. 1931 ൽ ആഗോള സാമ്പത്തിക പ്രതിസന്ധിയ്ക്കെതിരെ പ്രതികരിച്ചുകൊണ്ട് ചൈനയിലെ വടക്കൻ പ്രദേശമായ മഞ്ചൂറിയൻ പിടിച്ചെടുത്തു. ജപ്പാനീസ് കയറ്റുമതി ചെയ്യുന്ന അസംസ്കൃത സിൽക്ക്, കോട്ടൺ തുണികൾക്ക് നാശനഷ്ടം നേരിടുന്ന കാലത്താണ് മഞ്ചൂറിയാ ഒരു വിപണനകേന്ദ്രമാക്കാം എന്ന ആശയംജപ്പാനീസ്സൈനികർമുന്നോട്ടുവയ്ക്കുന്നത്.

(d) ജർമ്മൻ ബിഗ് ബിസ്നസ്സിന്റെ അഭിലാഷങ്ങളും ജർമ്മൻ ദേശസ്നേഹികളുടെ പരാതികളും

ബ്രിട്ടൺ, ഫ്രാൻസ്, യു.എസ്, യു.എസ്.എസ്.ആർ എന്നിവ ലോകത്തിലെ നിരവധി സ്ഥലങ്ങളെ കോളനികളായി നിയന്ത്രിച്ചിരുന്നു. എന്നാൽ യൂറോപ്പിലെ ഏറ്റവും ശക്തനായ വ്യവസായ രാജ്യമായിരുന്ന ജർമ്മനിക്ക് കോളനികളില്ലായിരുന്നു. ഇത് ജർമ്മൻ ബിഗ് ബിസിനസ്സുകാർക്ക് വെർസൈൽ ഉടമ്പടി ഏർപ്പെടുത്തിയനിയന്ത്രണങ്ങൾതകർക്കാൻ തീവ്രമായിപ്രചോദനം നല്കുകയും അവർ അത് പ്രചാരണം നടത്തുകയും ചെയ്തു. പോളണ്ടിനു നഷ്ടപ്പെട്ട ജർമ്മൻ പ്രദേശവുംജർമ്മൻ സംസാരിക്കുന്ന ആസ്ട്രിയൻ സംസ്ഥാനവും ചെക്ക് അതിർത്തി ഭൂമിയായ സുഡൈറ്റൻലാൻഡും തിരിച്ചുപിടിക്കാൻ ആഗ്രഹിച്ചു. നാസിയുടെ ഭരണത്തിൻ കീഴിൽ വൻകിട ബിസിനസ്സിന്റെ ആവശ്യകതകളും നാസി പ്രത്യയശാസ്ത്രവും തമ്മിൽ ഒത്തുചേർന്നു പോന്നു.

ഗ്രേറ്റ് ബ്രിട്ടൻ, യുണൈറ്റഡ് സ്റ്റേറ്റ്സ്, ഫ്രാൻസ്, റഷ്യ എന്നീ ശക്തികൾ അവയുടെ സാമ്രാജ്യം ഭൂമിയുടെ നാലിലൊരു പങ്കിൽ അധികമായി വികസിപ്പിക്കുകയായിരുന്നു. ഇതിനു കാരണം താരതമ്യം ചെയ്യുമ്പോൾ ജർമ്മനി, ഇറ്റലി, ജപ്പാൻ പിന്നില്ലായിരുന്നു. ഒരു ശരാശരി ജർമ്മൻ പൗരന് 0.004 ചതുരശ്ര മൈൽ സ്ഥലം മാത്രമേ ജീവിക്കാൻ ഉള്ളൂ അതേസമയം ശരാശരി ബ്രിട്ടനിലെ പൗരന് ഏകദേശം മൂന്ന് ചതുരശ്ര മൈൽ സ്ഥലത്ത് സമ്പത്തും സാമ്പത്തിക അവസരങ്ങളും ലഭ്യമാണെന്ന് ജർമ്മൻ ദേശ സ്നേഹികൾ പരസ്യമായി പറഞ്ഞു.

(e) മുസ്സോളിനിയുടെ വിപുലീകരണ നയം

മുസ്സോളിനിയുടെ ഇറ്റലി അതിന്റെ കോളനി സാമ്രാജ്യങ്ങളായ സോമാലിലാന്റ്, എറിട്രിയ, യുഗോസ്ലാവിയിലുള്ള അൽബാനിയെപോലെ എതേടാപ്യയും അതിന്റെ പരിധിയിലാക്കാൻ ശ്രമിച്ചു. യുഗോസ്ലാവിയിലെ അൽബാനിയെ പിടിച്ചെടുക്കാനും അവർ അവസരം പാർത്തിരുന്ന് സൈനിക സംസ്ഥാന മുതലാളിത്തത്തെ അടിസ്ഥാനമാക്കിയുള്ള സമ്പദ്വ്യവസ്ഥസ്ഥാപിച്ചതുവഴി സായുധ വിപുലീകരണത്തിന് പ്രോത്സാഹിപ്പിച്ചു. സൈനിക വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ആവശ്യമായിരുന്നു. അവ നേടാനുള്ള ഒറ്റ വഴി അധിക പ്രദേശങ്ങൾ പിടിച്ചെടുക്കുക എന്നതാണ്.



മുസ്സോളിനിയും ഹിറ്റ്ലറും

മുസ്സോളിനിയുടെ എതോപ്യയിലെ അധിനിവേശത്തെ ബ്രിട്ടനും ഫ്രാൻസും അപലപിച്ചു. ഇത് ഹിറ്റ്ലറെ ഇറ്റലിയുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ സഹായിച്ചു. ഇതായിരുന്നു റോം ബെർലിൻ ആക്സിസിന്റെ തുടക്കം

(f) ജപ്പാനിന്റെ ഇംപീരിയൽ പോളിസി

ജർമ്മന്റെ സമീപനം, കിഴക്കൻ ഏഷ്യയിൽ ജപ്പാൻ അനുകരിച്ചു. അത് ഇതിനകം തന്നെ തായ്വാനെയും കൊറിയയെയും കോളനികളാക്കുകയും മഞ്ചൂറിയായെ നിയന്ത്രിക്കുകയും ചെയ്തു. ജപ്പാനിലെ സൈനിക അട്ടിമറിയ്ക്ക് ശേഷം വന്ന സർക്കാർ (1936) ഡച്ച് ഈസ്റ്റ് ഇൻഡീസ്, മലയായിലും സിംഗപ്പൂരിലുമുള്ള ബ്രിട്ടീഷ് കോളനികൾ, ഇന്തോചൈനിലുള്ള ഫ്രഞ്ച് കോളനികൾ, യു.എസ് നിയന്ത്രണത്തിലുള്ള ഫിലിപ്പൈൻസിന്റെമേലും അവർ അത്യാഗ്രഹം പ്രകടിപ്പിക്കാൻ തുടങ്ങി.

(g) ഹിറ്റ്ലറാണ് യുദ്ധത്തിനുള്ള ഉത്തരവാദി

(i) ജർമ്മനിയോട് സാർ പ്രദേശത്തെ സംയോജിപ്പിച്ചത്

1935 ജനുവരിയിൽ വെർസൈൽസ് ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരം സാറിൽ ഒരു പൊതുതാൽപര്യ ഖർജി നടത്തേണ്ടതായിരുന്നു. ജർമ്മനിയുടെ കൂടെയോ അതോ ഫ്രാൻസിന്റെ കൂടെയോ അതോ ലീഗ്ഓഫ്നേഷൻസിന്റെതണലിൽതന്നെ കഴിയാനോ ജനങ്ങൾക്ക് തീരുമാനിക്കാം 90% വോട്ടുകളും ജർമ്മനിയോട് സഹകരിക്കാൻ ആഗ്രഹിച്ചു. അങ്ങനെ 1935 മാർച്ചിൽ സാർ ജർമ്മനിയുമായിട്ട് സംയോജിച്ചു. ഇത് ഹിറ്റ്ലറിന്റെ മനോവീര്യം വർദ്ധിപ്പിച്ചു.

(ii) റൈൻലാൻഡിനെ കൂട്ടിചേർക്കുക

വെർസൈൽസ് ഉടമ്പടി പ്രകാരം ജർമ്മനി സൈന്യം പിൻവാങ്ങിയ റൈൻലാഡിലേക്ക് 1936 ൽ സമാധാന ഒത്തുതീർപ്പ്ലംഘിച്ചുകൊണ്ട് ഹിറ്റ്ലർസൈന്യത്തെ അയച്ചു. ഫ്രഞ്ചുകാർ എതിർത്തിരുന്നെങ്കിൽ ജർമ്മനി പിൻവാങ്ങുമായിരുന്നു. അക്കാലത്ത് ജർമ്മൻ സൈന്യത്തെക്കാളും ഫ്രഞ്ച് സൈന്യം ശക്തമായിരുന്നു. പക്ഷേ, മഹാമാന്ദ്യം മൂലമുണ്ടായ സാമ്പ

12th_History_Mal_Unit_14.indd 221 2/28/2023 1:23:07 PM

ത്തിക ദുരിതവും രാഷ്ട്രീയ അസ്ഥിരതയും പ്രധാന മന്ത്രിയായ എഡ്വേർഡ് ഡലാഡൈർ രാജിവെയ്ക്കൽ കാരണമായി. അദ്ദേഹത്തിനു ജർമനിയുടെ ലംഘന ത്തെ ചെറുക്കാൻ കഴിവില്ലാത്തവനായതു കൊണ്ടാണ് രാജിവെച്ചത്.



ജർമ്മനിയുടെ അധീനതയിലുള്ള റൈൻലാൻഡ്

(iii) ആസ്ട്രിയയും ജർമ്മനിയും നിർബന്ധിത മായി സംയോജിച്ചു

ജൻമനാആസ്ട്രിയനായ ഹിറ്റ്ലറിനു ആസ്ട്രിയ ജർമ്മനിയുമായിട്ട് സംയോജിപ്പിക്കാൻ ആഗ്രഹിച്ചു. 1938 ഫെബ്രുവരിയിൽ ആസ്ട്രിയൻ ചാൻസിലറു മായ ഷൂഷിഗിനെ ബവാറിയൻ ആൽപ്സിലെ ബെർച്ച് ഗാഡൻ എന്ന പട്ടണത്തിലേക്ക് ചർച്ചയ്ക്കായി ക്ഷണിച്ചു. ഓസ്ട്രിയൽ ചാൻസലറിനു ഒരു ഹോബ സന്റെ തിരഞ്ഞെടുപ്പ് നൽകി നാസിപാർട്ടിയെ നിയമ വിധയമാക്കുക ഓസ്ട്രിയയിൽ സമ്പദ്വ്യവസ്ഥയെ സമന്യയിപ്പിക്കുക അല്ലെങ്കിൽ ജർമ്മൻ അധിനിവേ ശം നടക്കുമെന്ന് അറിയിച്ചു. റോം ബെർലിൻ ആക് സിസിൽ പങ്കാളിയായ ഇറ്റലി ഇവയെ സഹായിക്കാൻ വിസമ്മതിച്ചു. ഷുഷ്നിഗിന് ആദ്യത്തെ ഓപ്ഷൻ തിരഞ്ഞെടുക്കാതെ മറ്റൊരു മാർഗ്ഗവുമില്ലായിരുന്നു. ഓസ്ട്രിയൻ ചാൻസ് അവിടുത്തെ പൊതുജനാഭി പ്രായം നടത്തുകയും ആ പൊതു താൽപര്യ ഹർജി റദ്ദാക്കുകയും നാസി സർക്കാരിനെ അംഗീകരിക്കു കയും ചെയ്തു. അതിനുശേഷം വിയന്നയിലൂടെ ജർ മ്മൻ സൈന്യം ആ രാജ്യത്തിൽ പ്രവേശിക്കുകയും ആ രാജ്യത്തിന്റെ മുഴുവൻ അധികാരം നേടുകയും ചെയ്തു..

(iv) സുഡെറ്റൻ ലാൻഡിന്റെ തൊഴിൽ

പ്രധാന യുറോപ്യൻ ശക്തികളിൽ നിന്നുള്ള പ്രതിരോധത്തിന്റെ അഭാവം ഹീറ്റ്ലറിനെ പ്രോത്സാ ഹിപ്പിക്കുകയും തന്റെ ശ്രദ്ധ ചെക്കോസ്ലോവാക്യയി ലേക്ക് തിരിക്കുകയും ചെയ്തു. 1938 ജൂണിൽ ഹിറ്റ്ലർ സുഡെറ്റർലാൻഡിനെ അക്രമിക്കാനുള്ള നിർദ്ദേശം സൈന്യത്തിനു നൽകി. സുഡെറ്റൻലാൻ ഡിലെ ജർമ്മൻ പ്രജകൾ കഠിനമായ ശിക്ഷാവിധി അനു ഭവിക്കുകയായിരുന്നെന്നുള്ള ചിട്ടയായ നാസിപ്രചാര ണം സമാരംഭിച്ചു. ഫ്രഞ്ചിനെയും ചെക്ക്സിനെയും ചേർന്ന് ചർച്ചയ്ക്കുശേഷം പ്രധാന മന്ത്രിയാ യിരുന്ന നെവിൽ ചാമ്പർലെൻ പകുതിക്കുമേൽ ജർമ്മൻ നിവാ സികളിലുള്ള ജർമ്മൻ പ്രദേശങ്ങളെല്ലാം വിട്ടുനൽകാ മെന്ന് പറഞ്ഞു. പക്ഷേ യുദ്ധകൊതിയനായ ഹിറ്റ്ലറിനു ഈ നിർദ്ദേശം അംഗീകാര്യമായിരുന്നില്ല. അതിനാൽ ഈ വിഷയത്തിൽ പൊതുജനാഭി പ്രായം ഒിവാക്കാൻ അദ്ദേ ഹം ആഗ്രഹിച്ചിരുന്നു. അങ്ങനെ ഒരു ഹിതപരിശോ ധനയ്ക്ക് മുൻപ് തന്നെ സുഡെറ്റൻലാൻഡിനെ പിടി ച്ചെടുക്കാൻ ഹിറ്റ്ലർ സൈന്യത്തെ ആഹ്വാനം ചെയ്തു.

മ്യൂണിച്ച് കരാർ

ലണ്ടനിലെഅവസ്ഥഹിറ്റ്ലറിനെതിരെയുള്ളയുദ്ധ ത്തിനു അനുകൂലമായിരുന്നു. പ്രീണിപ്പിക്കൽ എന്ന നയ പ്രകാരം ചേമ്പർലയിനും അതിന്റെ ഫ്രഞ്ച് പ്രധാന മന്ത്രിയും എന്ത് വിലകൊടുത്തും സമാധാനം കൊണ്ടുവരാൻ തീരുമാനിച്ചു. അങ്ങനെ മ്യൂണിച്ചിൽ വച്ച് ഒരു സമ്മേളനം നടക്കുകയും, ബ്രിട്ടീഷ്, ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ പ്രീമിയൻസ് ഹിറ്റ്ലറിന്റെ ആവശ്യങ്ങളായ ഓക്ടോബർ 1 നു സുഡെറ്റൻലാ ന്റിന്റെ സൈന്യവൽക്കരണവും ചെക്കോസ്ലോവാക്യ യുടെ ഭാഗങ്ങൾ പോളണ്ടിലേക്കും ഹംഗറിയിലേക്കും പോകണമെന്ന അംഗീകരിക്കുകയും ചെയ്തു.



മ്യൂണിച്ച് കരാർ

(v) ചെക്കോസ്ലോവാക്യയ്ക്കെതിരായ ആക്രമണം

ചെക്കുക്കാർക്ക് വഞ്ചന അനുഭവപ്പെട്ടു. ചെക്കോ സ്ലോവാക്കിയയിലെപുതിയഅതിർത്തിക്ക് മ്യൂണിച്ച് സമ്മേളനത്തിലെ4ശക്തികൾഅംഗീകാരംകൊടുത്തു. മറ്റൊരു വലിയ യുറോപ്യൻ യുദ്ധം ഈ ഉടമ്പടിവഴി ഒഴിവാക്കിയതായി ചെംമ്പർലൈൻ അവകാശപ്പെട്ടു. സ്ലോവാക്ക്സും ചെക്ക്സും തമ്മിലുള്ള കലഹത്തിന്റെ കാരണത്തെ ചൂണ്ടികാണിച്ച്, ഹിറ്റ്ലർ ജർമ്മൻ സൈന്യത്തെ സംഘട്ടന മേഖലയിലേക്ക് അയച്ചു.

12th_History_Mal_Unit_14.indd 222 2/28/2023 1:23:07 PM


രണ്ടാം ലോക മഹായുദ്ധ കാലത്തെ ലോകം
വ
പ
കി
തെ
ആർട്ടിക് സമുദ്രം
അലാസ്ക
(യു എസ് എ)
അമേരിക്കൻ
ഐക്യനാടുകൾ
ഹവൈൻ ദ്വീപു
പിയൾ ഹാർബാർ
പസഫിക്
മഹാസമുദ്രം
അറ്റ്ലാന്റിക്
മഹാസമുദ്രം
ഡെൻമാർക്ക്
നെതർലാൻഡ്
ബെൽജിയം
ബ്രിട്ടൺ
ഡൺകിർക്ക്
നോർമണ്ടി
ജർമ്മനി
ഫ്രാൻസ്
നോർവേ
സ്വീഡൻ
ഫിൻലാൻഡ്
ബെർലിൻ
പോലണ്ട്
സുഡെറ്റ്ലാന്റ്
ചെക്കോസ്ലോവിയ
മ്യൂനിസ്
ഇറ്റലി
റോം
കരിങ്കടൽ
മധ്യധരണി കടൽ
സിസിലി
കാസബ്ലാൻക
കാസ്പിയൻകടൽ
ഏൽ അലാമീൻ
ഈജിപ്ത്
ഘ്വിലാ ശ്വൈാ
എത്തോപ്യ
ലെനിൻഗാഡ്
മോസ്കോ
സ്റ്റാലിൻഗ്രാഡ്
സോവിയറ്റ് റഷ്യ
മഞ്ചൂറിയ
ചൈന
കൊറിയ
ജപ്പാൻ
ടോക്കിയോ
ഹിരോഷിമ
നാഗസാക്കി
മിഡ്വേ
ഫോർമോസ
ഇന്ത്യ
ബർമ്മ
ഇന്തോനേഷ്യ
ഫിലിപ്പൈനിൻസ്
മലേഷ്യ
സിംഗപ്പൂർ
ഇന്തൃൻ
മഹാസമുദ്രം
ഗോഡൽ കനാൽ
പെസഫിക്
മഹാസമുദ്രം
അലൈഡ് പവർസ്
ആക്സിസ് പവർസ്
കൃത്യമായ അളവല്ല

നാസി സോവിയറ്റ് കരാർ

ബ്രിട്ടനും ഫ്രാൻസും പോളണ്ടിനു നല്കിയ ഉറപ്പ് റഷ്യയുടെ സഹായമില്ലാതെ ദുർബലമായി കണക്കാക്കിയിരുന്നു. 1939 ലെ വേനൽക്കാലത്തിന്റെ തുടക്കത്തിൽ ബ്രിട്ടനും ഫ്രാൻസും റഷ്യയുമായിട്ട് ചർച്ച നടത്തി. എന്നാൽ, പരസ്പര അവിശ്വസം കാരണവും ജർമ്മനിയ്ക്കെതിരെ യുദ്ധത്തിന് റഷ്യ തയ്യാറാകാത്തതിനാലും ഒരു പുരോഗതിയും ഉണ്ടായില്ല. റഷ്യക്കാർ സമാധാനത്തിനും അവരുടെ പ്രദേശങ്ങൾക്കായുള്ള ഉറപ്പിനും മുൻഗണന നല്കി. ഈ രണ്ട് വാഗ്ദാനങ്ങൾ ലഭിച്ച ജർമ്മനി 1939 ആഗസ്റ്റിൽ നാസി സോവിയറ്റ് (അക്രമണരഹിതം) കരാറിൽ ക്രെംലിനിൽ വെച്ച് ഒപ്പിട്ടു. കരാറിലെ രഹസ്യ ഉപവാക്യങ്ങൾ ഇവ യാണ്. കിഴക്കൻ യൂറോപ്പിനെ ജർമ്മനിലേക്കും റഷ്യൻ സ്വാധീന മേഖലകളിലേക്കും പോളണ്ടിനെയും വിഭജിക്കുക.



നാസി സോവിയറ്റ് കരാർ

(vi) പോളണ്ടിന്റെ അധിനിവേശവും യുദ്ധത്തിന്റെ പൊട്ടിപ്പുറപ്പെടലും



ഹിറ്റ്ലർ

യൂറോപ്പ് മുഴുവൻ കീഴടക്കണമെന്ന ഹിറ്റ്ലറിന്റെ വലിയ പദ്ധതിയുടെ ഭാഗമായി. 1939 സെപ്തംബർ 1 നു ജർമ്മനി പോളണ്ടിനെ അക്രമിച്ചു. പോളണ്ട് അതിന്റെ സഖ്യകക്ഷികളുമായി ചേർന്ന് അതായത് ഗ്രേറ്റ് ബ്രിട്ടനെയും ഫ്രാൻസിനെയും ചേർത്ത് ജർമ്മനിയെ വളയാനും ധ്രുവങ്ങളിലുള്ള വംശീയ ജർമ്മനുകളെ ഉപദ്രവിക്കുകയും ചെയ്തു. എന്നതിനെ അടിസ്ഥാനമാക്കിയാണ് പോളണ്ടിനെ ആക്രമിച്ചത്. രണ്ട്ദിവസത്തിനുള്ളിൽജർമ്മൻസൈന്യംപോളണ്ടിൽ നിന്ന് പിൻമാറിയില്ലെങ്കിൽ ബ്രിട്ടനും ജർമ്മനിയും തമ്മിൽ യുദ്ധം ഉണ്ടാകുമെന്ന് ബ്രിട്ടൻ അന്തിമവാദം നടത്തി. ആ അന്തിമവാദം ജർമ്മൻ അവഗണിക്കുകയും രണ്ടാം ലോക മഹായുദ്ധം ആരംഭിക്കുകയും ചെയ്തു.

യുദ്ധത്തിന്റെ ഘട്ടങ്ങൾ

യൂറോപ്പിലെ യുദ്ധം

യുദ്ധത്തിന്റെ ആദ്യം കുറച്ച് വർഷങ്ങളിൽ ജർമ്മൻ സൈന്യത്തെ തടയാനാവില്ലെന്ന് തോന്നി. 2 ആഴ്ചയ്ക്കകം തന്നെ പോളണ്ടിനെ വളരെ എളുപ്പത്തിൽ പരാജയപ്പെടുത്തുകയും 1939 സെപ്തംബർ മോസ്ക്കോയിൽനടന്നരണ്ടാമത്തെഉടമ്പടിപ്രകാരംപോളണ്ട് ജർമ്മനിയും റഷ്യയും രണ്ടായി വിഭജിച്ചെടുക്കുകയും ചെയ്തു. 1940 ഏപ്രിലിൽ ജർമ്മനി നോർവേയെ പിടിച്ചെടുത്തു. ഈ കൂട്ടിചേർക്കലിലൂടെ ഹിറ്റ്ലർ ജർമ്മനിയുടെ ഇരുമ്പ് അയിര് വിതരണം സംരക്ഷിക്ക പെടുന്നത് ഉറപ്പാക്കുകയും ബ്രിട്ടനെ അക്രമിക്കാൻ വേണ്ടി വ്യോമതാവളങ്ങൾ സ്വീഡനിൽ നിന്ന് ലഭിക്കുകയും ചെയ്തു. 1940 മെയ് 10 നു ജർമ്മനി മിന്നൽ ആക്രമണം നെതർലാൻഡ്ഡിലും, ലക്സംബർഗിലും, ബെൽജിയത്തിലും, ഫ്രാൻസിലും സമാരംഭിക്കുകയും ചെയ്തു.

6 ആഴ്ചയ്ക്കകം തന്നെ എല്ലാവരെയും പരാജയപ്പെടുത്തുകയും യൂറോപ്പിൽ നിന്ന് എല്ലാ ബ്രിട്ടീഷ് സൈന്യത്തെ പുറത്താക്കുകയും ചെയ്തു. ഏകദേശം 198,000 ബ്രിട്ടീഷ് സൈനീകരെയും, 140,000 സഖ്യസേനയും പ്രധാനമായും ഫ്രഞ്ച് സൈന്യത്തെയും ഡൻകിർക്കിലെ ബീച്ചുകളിൽ കൊണ്ടുപോകുകയും ബോട്ടുകളിലും ചെറിയ കപ്പലുകളിലും കയറ്റുകയും അവയെ കനത്ത തീയ്ക്ക് ഇരയാക്കുകയും ചെയ്തു. (മെയ്യ് ജൂൺ 1940) ഡങ്കിർക്കിൻ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട ഫ്രഞ്ച് സൈനികർ ജനറൽ ഡിഗോല്ലയും കീഴിൽ ഫ്രീ ഫ്രഞ്ച് സൈന്യത്തിൽ ചേരുകയും, ഇവർ ഫാസിസ്റ്റുകളെ എതിർക്കാൻ ഫ്രഞ്ച് സർക്കാരിനെ സഹായിക്കുകയും ചെയ്തു. എന്നാൽ ഡൻകിർക്ക് കുടിയൊഴിപ്പിക്കലിൽ വീണ്ടുംഗ്രൂപ്പുചെയ്യുന്നത്ബ്രിട്ടനുബുദ്ധിമുട്ടായി അനുഭവപ്പെട്ടു.



ഡങ്കിർക്ക് കുടിയൊഴിപ്പിക്കൽ

ഹിറ്റ്ലറുടെ വിജയത്തിൽ ധൈര്യപ്പെട്ട ഇറ്റലി, ജർമ്മനിയുമായിട്ട് ചേരുകയും 1940 സെപ്തംബറിൽ ഈജിപ്തിനെയും ജൂണിൽ ഫ്രാൻസിനെയും ആക്രമിച്ചു.ഈസമയത്ത്ജപ്പാൻഅച്ചുതണ്ടുശക്തികളുമായി ചേർന്നു. ഹിറ്റ്ലർ സമാധാനത്തിനായി ബ്രിട്ടൺ കേസെടുക്കുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ ചെമ്പർലൈനിനു പകരക്കാരനായി വന്ന ചർച്ചിൽ വിട്ടുവീഴ്ച ചെയ്യാൻ വിസമ്മതിച്ചു. ജർമ്മൻ വ്യോമസേന, കീഴടങ്ങൽ നിർബന്ധിതരാകാനുള്ള ശ്രമത്തിനിടയിൽ, നിർദ്ദിഷ്ട ടാർഗറ്റുകളായ തുറമുഖങ്ങൾ,

12th_History_Mal_Unit_14.indd 224 2/28/2023 1:23:08 PM

എയർഫിൽഡുകൾ, വ്യാവസായിക എൻസ്സാളേഷനുകൾ എന്നിവയെ അക്രമിക്കാൻ തുടങ്ങി. 1940 സെപ്റ്റംബറിൽ ബ്ലിറ്റ്സ് എന്നറിയപ്പെടുന്നു ഓപ്പറേഷൻ പ്രകാരം ലണ്ടനിൽ ബോംബാക്രമണം നടന്നു. 1940 ഒക്ടോബറിൽ ലനിലും മറ്റ് വ്യാവസായിക നഗരങ്ങളിലും രാത്രിയിലെ ബോംബിഗ് റെയ്ഡുകൾ പതിവായി എന്നാൽ ജർമ്മന്റെ ഈ പദ്ധതി പരാജയമായിരുന്നു. കാരണം പുതുതായിട്ട് കണ്ടുപിടിച്ച റഡാർ സംവിധാനം ഉപയോഗിച്ച് ദൂരെ നിന്നുള്ള റോയൽ എയർ പോട്ടിന്റെ യുദ്ധവിമാനങ്ങൾ കണ്ടുപിടിക്കാൻ കഴിയുകയും ഇത് ജർമ്മനിയിലെ ചാവേറുകൾക്ക് കനത്ത നഷ്ടം സംഭവിക്കുകയും ചെയ്തു. ഹിറ്റ്ലറുടെ ആദ്യ തോൽവി സംഭവിക്കുന്നത് ബ്രിട്ടനുമായിട്ടുള്ള യുദ്ധത്തിലാണ് (1940 ജൂലൈ മുതൽ ഒക്ടോബർ വരെ വ്യോമമാർഗം വഴി) എന്നാൽ യുബോട്ട് യുദ്ധം (ഒരു ജർമ്മൻ അന്തർവാഹിനി) അറ്റ്ലാന്റിക്കിലെ ബ്രിട്ടീഷ് വ്യാപാരത്തെ തടസ്സപ്പെടുത്തുകയായിരുന്നു.



ജർമ്മൻ യു ബോട്ട്

1940 നവംബറിൽ റഷ്യയെ ആക്രമിക്കാനുള്ള ജർമ്മനിയുടെ തീരുമാനം യുഗോസ്ലാവിയ്ക്കെതിരെയും ഗ്രീസിനുമെതിരെയുള്ള ബാൽക്കൻഡിലെ ഏപ്രിൽ പ്രസാരണം നിമിത്തം മാറ്റിവയ്ക്കേണ്ടി വന്നു. 1941 ജൂൺ 22 നു സോവിയറ്റ് യൂണിയനെ ആക്രമിക്കാൻ ശ്രമിച്ചു. വിജയങ്ങളുടെ ഒരു പരമ്പര യ്ക്കുശേഷം ജർമ്മൻ സൈന്യം മോസ്ക്കോയും ലെനിൻഗ്രാഡിനെയും സമീപിച്ചു. 1941 ൽ യൂറോ പ്പിലെ ഹിറ്റ്ലറിന്റെ സാമ്രാജ്യം അതിന്റെ ഉന്നതിയി ലെത്തിയിരുന്നു.

എല്ലായിടത്തുമുള്ള ജർമ്മൻ ഭരണം അടിച്ചമർത്തലും,ക്രൂരതയും, ചൂഷണവുംനിറഞ്ഞതായിരുന്നു. ഫ്രാൻസ് മുതൽ റഷ്യ വരെയുള്ള 7 ദശലക്ഷത്തിലധികം യൂറോപ്യൻമാരെ നിർബന്ധിത തൊഴിലാളികളായി ജർമ്മനിയിലേക്ക് കൊണ്ടുപോയി. നിവേശ യൂറോപ്പിൽ നിന്നുമാണ് ജർമ്മനിയുടെ യുദ്ധചെലവിന്റെ മൂന്നിലൊരു ഭാഗവും കണ്ടെത്തിയിരുന്നത് ജൂതൻമാർക്കും, കമ്മ്യൂണിസ്റ്റുകാർക്കും, കുടിയേറ്റക്കാർക്കുമെതിരായാണ് നാസി വംശീയത പ്രകടിപ്പിച്ചത്. ജൂതൻമാരെ കോൺസൻട്രഷൻ കാമ്പുകളിൽ തടവുകാരാക്കുകയും, ഏകദേശം 6 ദശലക്ഷം ജൂതൻമാരെ സർക്കാർ സ്പോൺസർ ചെയ്ത് വംശഹത്യ വഴിവ്യാവസായികപുറംതള്ളൽരീതികൾപ്രയോഗിച്ച് കൊലാപ്പെടുത്തി. (ഇതിനെ ഹോളോകോസ്റ്റ് എന്നും വിളിക്കപ്പെടുന്നു.

എഷ്യയിലും പസിഫിക്കിലെയും യുദ്ധം

സോവിയറ്റ് യൂണിയനിലെ ജർമ്മൻ വിജയം ജപ്പാനിലെ നേതാക്കൻമാരെ തെക്കുകിഴക്കൻ എഷ്യയിലും പസിഫിക്കിലും അക്രമിക്കാൻ പ്രചോദനമായി. 1941 നവംബറിലാണ് യു.എസ്.യുമായിട്ട് യുദ്ധത്തിലേർപ്പെടാൻ തീരുമാനിക്കുന്നത് ഡിസംബർ 7 നു ജപ്പാനീസ് വിമാനം ഹവായ് ദ്വീപുകളിലെ പേൾ ഹാർ ബറിലെ നാവിക താവളത്തെ അക്രമിക്കുകയും യു.എസ് പസിഡിക്ക് കപ്പലിനു കനത്ത നാശനഷ്ട ങ്ങൾ വരുത്തുകയും ചെയ്തു. ഇംഗ്ലീഷിന്റെ കൊളോണിയൽ പ്രദേശങ്ങളായ ബർഗ്ഗ, മലയ, സിംഗപ്പൂർ എന്നി വിടങ്ങളിൽ ജപ്പാൻ അധിനിവേശം നടത്തി (ബ്രിട്ടീഷു കാർ ലജ്ജാകരമായ രീതിയിൽ പിൻവാങ്ങുകയും ജപ്പാ ൻക്കാരുടെ കരുണയ്ക്കായി ജനങ്ങളെ വിടുക യും ചെയ്തു) ഈസ്റ്റ് ഇൻഡിസിനെ ഡച്ചുകാർ കൈവശ പ്പെടുത്തുകയും ചെയ്തു.

പേൾ ഹാർബർ സംഭവും അതിന്റെ അനന്തരഫലവും

പേൾ ഹാർബറിലെ ജപ്പാൻ കാരുടെ അക്രമം, അമേരിക്കൻ ജനതയുടെമനോവീര്യംതകർക്കുന്നതിനു പകരം അവരെ പ്രവർത്തനക്ഷമമാക്കുകയാണ് ചെയ്തത്. അതുവരെ യുദ്ധത്തിൽ നിന്ന് പിൻമാറി നില്ക്കണമെന്ന അമേരിക്കൻ പൊതു താൽപര്യം മാറുകയും, യു.എസ് ജപ്പാനുമായിട്ട് യുദ്ധംപ്രഖ്യാപിക്കുകയും, അങ്ങനെ അത് ഒരു ലോകയുദ്ധമായി മാറുകയും ചെയ്തു. ബ്രിട്ടനും ചൈനയും യു.എസ്സുമായിട്ട് ചേർന്ന് ലെൻഡ് ലീഡ് സമ്പ്രദായപ്രകാരം പ്രസിഡന്റ് റൂസ് വെൽറ്റ് ഫാസിസത്തിനെതിരായ യു.എസ് സർക്കാർ സഹായിക്കാമെന്ന് വാക്കുനൽകി കാരണം ഇറ്റലിയും ജപ്പാനും ജർമ്മനിയുമായിട്ട് സഖ്യത്തിലായിരുന്നു. യു.എസിന്റെ നേരിടുള്ള പങ്കാളിത്തം സഖ്യകക്ഷികളുടെ വിഭവങ്ങളെ വളരെയധികം വികസിപ്പിച്ചു. കാരണം അമേരിക്ക കൂടുതൽ വാഹനങ്ങൾ സ്വന്തമാക്കിയിരുന്നു, കപ്പലുകളും, വിമാനങ്ങളും മറ്റ് യുദ്ധത്തിലേർപ്പെട്ട രാജ്യങ്ങളുടെ മുഴുവൻ വിഭവങ്ങളെക്കാൾ കൂടുതലായിരുന്നു. 1942 ആഗസ്റ്റിൽ, മാക്ക് ആർതറിന്റെ നേതൃത്വത്തിലുള്ള യു.എസ് സൈന്യം പസിഫിക്കിൽ ഒരു പ്രമുഖ പങ്കവഹിക്കാൻ തുടങ്ങി. അഡ്മിറൽ യമമോത്ത ആസൂത്രണം ചെയ്ത നാവിക യുദ്ധം കനത്ത ജപ്പാനീസ് പരാജയത്തിലേക്ക് നയിച്ചു.



പേൾ ഹാർബർ ആക്രമണം

12th_History_Mal_Unit_14.indd 225 2/28/2023 1:23:08 PM

യു.എസ് നാവികസേന ജപ്പാനീസ് നാവിക സേനയെ മിഡ്‌വേയിലെ യുദ്ധത്തിൽവച്ച് പരാജയ പ്പെടുത്തി. (4,7 ജൂൺ 1942) അത് സഖ്യകക്ഷികൾക്ക് അനുകൂലമായി മാറി. സോളമൻ ദ്വീപുകളിൽ നടന്ന ഗ്യാഡാൽക്കനാൽ യുദ്ധം നാവികസേനയുടെയും സൈന്യത്തിന്റെയും സംയുക്ത അക്രമണമായിരുന്നു. അത് 7 മാസത്തോളം നിലനിന്നു (7 ആഗസ്റ്റ് 1942 9 ഫെബ്രുവരി 1943) ഈ യുദ്ധവും ജപ്പാനീസുകാരും തകർപ്പൻ തോൽവിയിൽ അവസാനിച്ചു. ഇതിനു ശേഷം അമേരിക്കൻ സേനയ്ക്ക് ഫിലിപ്പൻസിനെ വീണ്ടെടുക്കാൻ സാധിക്കുകയും ക്രമേണ ജപ്പാനീ സുകാർ പിടിച്ചെടുത്ത പ്രദേശങ്ങളിൽ നിന്ന് അവർ പുറത്താകുകയുംചെയ്തു. 1944ൽഇന്ത്യയുടെവടക്കു കിഴക്കൻ ഭാഗത്ത് ആക്രമണം നടത്താൻ ശ്രമിച്ച ജപ്പാനീസുകാരെബ്രിട്ടീഷുകാരും ഇന്ത്യൻ സേനയും ഒരുമിച്ച് നിന്നുകൊണ്ട് വിരട്ടിയോടിച്ചു. പിന്നെ ചൈന യോടൊപ്പം ചേർന്ന് ബർമ്മയിൽ നിന്ന് ജപ്പാൻകാരെ പുറത്താക്കുകയും മലയയും സിംഗപ്പൂരിനെയും പിടി ച്ചെടുക്കുകയും ചെയ്തു.

സ്റ്റാലിൻഗ്രാഡ് യുദ്ധം 1942

ആരംഭത്തിൽ ജർമ്മന്റെ മിന്നലാക്രമണം സോ വിയറ്റ് റഷ്യയിൽ വിജയിച്ചു. പക്ഷേ മോസ്ക്കോയിൽ എത്തുന്നതിൽ ജർമ്മൻ സൈന്യം വിജയിച്ചില്ല. സ്റ്റാലിൻഗ്രാഡിൽ വെച്ചാണ് ലോകചരിത്രത്തിലെ ഏറ്റവും രക്തരൂക്ഷിതമായ യുദ്ധം നടന്നത്. സ്റ്റാലിൻ ഗ്രാഡ് ആയുധങ്ങളും ട്രാക്ടറുകളും ഉത്പാദിപ്പി ക്കുന്ന വലിയ വ്യാവസായിക കേന്ദ്രമായതിനാൽ അതിനെ പിടിച്ചെടുക്കുന്നത് വലിയ നേട്ടമുണ്ടാകു മെന്ന് ഹിറ്റ്ലർ കരുതി. കോക്കസസ് ലെ സമ്പന്നമായ എണ്ണപാടങ്ങളെയുംഹിറ്റ്ലർ നോട്ടമിട്ടു. ഇതുകൂടാതെ സോവിയറ്റ് നേതാവായ ജോസഫ് സ്റ്റാലിന്റെ നാമ ത്തിലുള്ള നഗരത്തെ പിടിച്ചെടുക്കിയാൽ അത് ഹിറ്റ് ലറിന്റെ പ്രതിച്ഛായയ്ക്ക് കൂടുതൽ മഹത്വം നൽകു മെന്ന് കരുകി. സ്റ്റാലിൻഗ്രാഡിനെ പിടിച്ചെടുക്കാൻ ജർമ്മൻ സൈന്യത്തിനു കഴിഞ്ഞില്ലെന്ന് വ്യക്തമായി. സ്റ്റാലിൻഗ്രാഡിൽ നിന്നുള്ള തന്ത്രപരമായ പിൻവലി ക്കൻ നാസി അന്തസ്സിനെ വളരെയധികം ബാധിക്കു മെന്ന് ഹിറ്റ്ലർ വിശ്വസിച്ചു. അതുകൊണ്ട് ഹിറ്റ്ലർ തന്റെഏറ്റവുംപ്രഗത്ഭമായസൈന്യത്തെ തണുപ്പിനും പട്ടിണിക്കും മരണത്തിനും വിട്ടുകൊടുക്കാൻ തയ്യാ റായി. ദേശീയതയുടെ മനോഭാവത്താൽ പ്രചോദി തരായ സോവിയറ്റ് സൈന്യം തളരാതെ മുമ്പോട്ടു പോയിട്ടും ജർമ്മൻ സൈന്യത്തെ പിൻവലിക്കാൻ ഹിറ്റ്ലർ തയ്യാറായില്ല. വേനൽക്കാലത്തെ മികച്ച സോവിയറ്റ് പ്രത്യാക്രമണം (1942) സോവിയറ്റ് യൂണി യന് അനുകൂലമാക്കി. ഈ യുദ്ധത്തിന്റെ അന്ത്യവിധി നിർണ്ണയിച്ചത് സ്റ്റാലിൻഡെനാണ് പല സൈനിക ചരിത്രകാരൻമാരും വിശേഷിപ്പിക്കുന്നത് മഹത്തായ ദേശസ്നേഹത്തിന്റെ യുദ്ധത്തിൽ വിജയിച്ച റെഡ് ആർമി ബെർലിനിലേക്ക് ആക്രമിക്കാൻ തയ്യാറായി പോയി. സഖ്യകക്ഷികളായ ബ്രിട്ടൻ, ഫ്രാൻസ്, അമേ രിക്ക എന്നീ സഖ്യകക്ഷികളോടൊപ്പം സോവിയറ്റ് സൈനികർ ജർമ്മൻ സൈന്യത്തെ കീഴ്പ്പെടുത്തി അങ്ങനെ യൂറോപ്പിലെ രണ്ടാം ലോകമഹായുദ്ധം ഫലപ്രദമായി അവസാനിപ്പിച്ചു.



സ്റ്റാലിൻഗ്രാഡിലെ യുദ്ധം

ഒരു കണക്കനുസരിച്ച് മരിച്ച റഷ്യക്കാരുടെ എണ്ണം 20 ദശലക്ഷത്തോളമെത്തി (13 ദശലക്ഷം സൈനികരും 7 ദശലക്ഷം സാധാരണക്കാരും).

മുസ്സോളിനിയുടെ പതനം

1942 ന്റെ അവസാനത്തിൽ ജർമ്മൻ സൈന്യ ത്തിനു വടക്കേ ആഫ്രിക്കയിലെ എൽ അലമൈനിൽ നിന്ന് ആദ്യത്തെ തിരിച്ചടി ലഭിച്ചപ്പോൾ സഖ്യകക്ഷി കളുടെ വിജയം ഉറപ്പായി തെക്കെ ആഫ്രിക്കയിലെ മരുഭൂമിയിൽ വെച്ചാണ് ജർമമൻ ഇറ്റലി സൈന്യവും ബ്രിട്ടീഷ് സൈന്യവും എൽഅലമൈൻ യുദ്ധം നടന്ന തും, 1943 മെയ്യ് മാസത്തിൽ ജർമ്മനി കീഴടങ്ങുകയും ചെയ്തു. അതിനുശേഷം സഖ്യകക്ഷികൾ സിസിലി യെ ആക്രമിച്ചു. മുസ്സോളിനിയ്ക്ക് അധികാരം നല്കിയ അതേ രാജാവായ വിക്ടർ ഇമനുവേൽ രാജാവ്, 1922 ൽ അദ്ദേഹത്തെ മാറ്റികൊണ്ട് ജനറൽ ബഡോഗ്ലീ യയെ നിയമിക്കുകയും സമാധാനത്തിനുവേണ്ടി വാദിക്കുക യും ചെയ്തു. മുസ്സോളിനിയെ വീട്ടുതടങ്കലിൽ വെച്ചി രുന്നു. 1943 സെപ്തംബർ 3 ന് ഇറ്റലിയുടെ ജന റൽ ബഡോഗ്ലിയോ സർക്കാർ ഔദ്യോഗികമായി കീഴട ങ്ങിയതായി സിസിലിയിൽ വെച്ച് ഒപ്പിട്ടു.

1943 ൽ സഖ്യകക്ഷികൾക്കിടയിൽ രണ്ട് ഉന്നത തല യോഗം നടന്നു. ജനുവരിയിൽ ചർച്ചിലും റൂസ വെൽറ്റും കാസബ്ലാങ്കായിൽ വച്ച് കണ്ടുമുട്ടി. ഏകദേശം 4വർഷത്തോളംജർമ്മന്റെഅധീനതയിലിരുന്ന ഫ്രാൻ സിനെപിടിച്ചെടുക്കാനുള്ളതീരുമാനംഅടുത്ത വർഷം വരെ മാറ്റിവെയ്ക്കാൻ അവർ കാസബ്ലാങ്കായിൽ വെച്ച് തീരുമാനിച്ചു. (ഫ്രാൻസിനെ പിടിച്ചെടുക്കിയ ജർമ്മനിക്ക് 60 ആർമി ഡിവിഷനുകളുണ്ടായിരുന്നു) രണ്ടാമത്തെ സമ്മേളനം നടന്നത് പേർഷ്യയിലെ ടെഹ്റനിൽവെച്ചായിരുന്നു. അവിടെ സ്റ്റാലിനുമുണ്ടാ യിരുന്നു. അവർ ആസൂത്രണം ചെയ്ത പദ്ധതിയനു സരിച്ച്, ഫ്രാൻസിലേക്കുള്ള ആംഗ്ലോ അമേരിക്കൻ ആക്രമണം 1944 ജൂൺ 6 നു തീരുമാനിച്ചു. സഖ്യകക്ഷി കളുടെ സൈന്യത്തിന്റെ പ്രധാന കമാൻഡറായി രുന്നു അമേരിക്കൻ ജനറൽ ഐസൻഹോവർ.

12th_History_Mal_Unit_14.indd 226 2/28/2023 1:23:08 PM

ആംഗ്ലോ അമേരിക്കകാരുടെ ആക്രമണവും ഡ്രസ്ഡെനിലെ ബോംബാക്രമണവും

ഫ്രാൻസിലെ നോർമാണ്ടിയെ ജനറൽ ഐസൻ ഹോവറുടെആജ്ഞപ്രകാരംസഖ്യസേന ആക്രമിച്ചു. 1944 ആഗസ്റ്റ് 25 നു നോർമാണ്ടിയിൽ നിന്ന് ജർമ്മൻ സേനയെ പുറത്താക്കുകയും പാരീസ് സ്വതന്ത്രമാവു കയും ചെയ്തു. സെപ്തംബറിന്റെ ആരംഭത്തിൽ, രാജ്യത്തിന്റെ മുഴുനീള അധികാരവും സഖ്യകക്ഷി കൾക്ക് ലഭിക്കുകയും ബെൽജീയത്തെ സ്വന്തമാക്കു കയും ചെയ്തു. ജർമ്മനിയുടെ മേലുള്ള സഖ്യകക്ഷി കളുടെ ബോംബാക്രമണം (ഫെബ്രുവരി 13,15, 1945) ഡ്രസ്ഡെൻ എന്ന ജർമ്മൻ നഗരത്തെ ഏകദേശം മുഴുവനായിട്ട് നശിപ്പിച്ചു. റെയ്ഡുകൾ ജർമ്മനിക്കെ തിരായി തീവ്രവാദ ബോംബുംഗിന്റെ പ്രചാരണത്തി ന്റെ പ്രതീകമായി മാറി. ഈ കാലഘട്ടത്തിലാണ് 6,00,000 ഓളം ജർമ്മൻ പൗരൻമാരെ വധിച്ചു. ക്രമേണ ജർമ്മൻ സൈന്യം തിരികെ പിൻവലിക്കാൻ നിർബ ന്ധിതരായി എന്നാൽ ജർമ്മനി അത് നിഷേധിച്ചതു മൂലം വീണ്ടും യുദ്ധം ഏകദേശം ഒരുവർഷത്തോളം നീണ്ടുനിന്നു.

1945 ൽ ജർമ്മനിയ്ക്കെതിരായ അന്തിമ പോരാ ട്ടത്തിൽ, പാശ്ചാത്യ സൈന്യവും സോവിയറ്റ് സൈ ന്യവുംമധ്യജർമനിയിൽനേർക്കുനേർവന്നു. 1945ഏപ്രിൽ 30 നു മധ്യ ബെർലിനിലെ ഹിറ്റ്ലറുടെ കമാൻഡ് ബാങ്ക റിനടുത്ത് സോവിയറ്റ് സൈന്യം എത്തി. ഹിറ്റ്ലർ ആത്മ ഹത്യ ചെയ്തു. മെയ് 2 നു ബെർലിൽ സോവിയറ്റ് യൂണിയന്റെ കൈകളിൽ വന്നു. കിഴക്കൻ യൂറോപ്പിന്റെ യും പോളണ്ടിന്റെയും ധാരാളം പ്രദേശങ്ങൾ ഇതിനോ ടകം തന്നെ സോവിയറ്റ് സൈന്യം പിടിച്ചെടുത്തിരുന്നു.

അറ്റോമിക് ബോംബുകളുടെ ആക്രമണവും രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനവും



ജപ്പാനിലെ അണുബോംബ് ആക്രമണം

ജർമ്മനി പരാജയപ്പെട്ടെങ്കിലും, ജപ്പാനീസ് ജന റലുകൾകീഴടങ്ങാൻ വിസമ്മതിച്ചു. ഒടുവിൽയു.എസ്. 1945 ആഗസ്റ്റ് 6 നു അണുബോംബ് ഹിരോഷിമയുടെ മുകളിൽ വർഷിക്കുകയും മൂന്ന് ദിവസത്തിനുശേഷം (9 ആഗസ്റ്റിനു) നാഗാസാക്കിയിൽ വർഷിക്കുകയും ചെയ്തു. അണുബോംബ് വികസിപ്പിക്കാനുള്ള ഓട്ട ത്തിൽ യു.എസ് ജർമ്മനിയെ മറികടന്നു. ജപ്പാൻ ഉടമ്പടി കീഴടങ്ങുകയും അതുവഴി 2 ാം ലോകമഹാ യുദ്ധത്തിനു അവസാനം ഉണ്ടാവുകയും ചെയ്തു. 60,000 മുതൽ 80,000 ആളുകൾ ഹിരോഷിമയിൽ ബോംബ് പൊട്ടിത്തെറിച്ച നൽക്ഷണം കൊല്ലപ്പെടുക യും 1,40,000 ആളുകൾ അതിന്റെ അനന്തര ഫലങ്ങൾ കാരണം ആ വർഷത്തിൽ തന്നെ കൊല്ലപ്പെടുകയും ചെയ്തു. തുടർന്നുള്ള ദശകങ്ങളിൽ 2,00,000 ഓളം മരണനിരക്ക് വർധിക്കുകയും, ആളുകൾ ക്യാൻസർ കാരണവും (രക്താർബുദം) അപകടകരമായ വീകീര ണത്തിനു ബന്ധമുള്ള രോഗങ്ങൾ കാരണം മരണ പ്പെട്ടു.

ചരിത്രകാരൻമാർ അവരുടെ യുദ്ധത്തിനെപ്പ റ്റിയ വ്യാഖ്യാനങ്ങളിൽ വ്യത്യാസിപ്പെട്ടിരുന്നു. ചിലർ പറ യുന്നത് വെർസൈൽസിലെ കരാറിന്റെ കാഠിന്യം മൂലമുണ്ടായ പ്രതികാരമാണ്. ആ ഉടമ്പടിയുടെ നിബ ന്ധനകൾ മാറ്റുന്നതിനു വേണ്ടിയുള്ള ജർമ്മനിയുടെ ആഗ്രഹത്തെ ഈചരിത്രകാരൻമാർസാധുകരിക്കുന്നു. ബ്രിട്ടന്റെയും ഫ്രാൻസിന്റെയും പ്രണിപ്പിക്കൽ നയ ത്തെ മറ്റ് ചിലരും വിമർശിക്കുന്നു. സോവിയറ്റ് യൂണിയ നുമായിട്ട് ബ്രിട്ടനും ഫ്രാൻസും എത്തിചേരാനുള്ള പരാജയമെന്നാണ് ഇതിന് കാരണമെന്ന് ചിലർ ചൂണ്ടി ക്കാട്ടുന്നു. അവർ സോവിയറ്റ് യൂണിയനെഅവിശ്വസി ക്കുക മാത്രമല്ല ചെയ്തത് പകരം 1934 മുതൽ ഉള്ള കൂട്ടായ സംരക്ഷണത്തിനുവേണ്ട ചർച്ചകൾ ഒഴിവാക്കു കയും ചെയ്തു. എന്നാൽ ദൂരിഭാഗം ചരിത്രകാരൻ മാരുംഹിറ്റ്ലറിനെയുംജർമ്മനിയെയുംകുറ്റപ്പെടുത്തി. കളങ്കവും, നിഷ്കരുണവും ആക്രമണകാരിയും യുദ്ധ സ്വഭാവമുള്ള ദേശീയതയെ അടിസ്ഥാനമാക്കിയുള്ള നയങ്ങളും, വംശീയ (ആര്യൻ) വിശുദ്ധിയുടെ പ്രത്യ യശാസ്ത്രവും ലോകത്തെ ആറുവർഷത്തെ വിന ാശ കരമായ അവസ്ഥയിലേക്ക് തള്ളിവിട്ട യുദ്ധമെന്ന് അവർ തറപ്പിച്ചു പറഞ്ഞു. രണ്ടാം ലോകമഹായുദ്ധം ഹിറ്റ്ലറിന്റെ യുദ്ധമായിരുന്നു. അദ്ദേഹം അത് ആസൂ ത്രണം ചെയ്തു ആരംഭിച്ചു. അത്യന്തികമായി പരാജ യപ്പെടുകയും ചെയ്തു.

സമാധാനമുണ്ടാക്കൽ

അറ്റ്ലാന്റിക് ചാർട്ടർ എന്ന സമാധാനത്തെ ഊട്ടിയുറ പ്പിക്കാനുള്ള പ്രസ്താവന പ്രസിഡന്റ് റൂസ്വെൽറ്റും പ്രധാനമന്ത്രി ചർച്ചിലും രൂപീകരിച്ചു. അതിന്റെ അടി സ്ഥാന തത്വങ്ങൾ ഇപ്രകാരമായിരുന്നു:

1. ജനങ്ങളുടെ സമ്മതപ്രകാരമല്ലാത്ത പ്രദേശങ്ങ ളുടെ അതിർത്തികൾക്ക് മാറ്റമുണ്ടാകാൻ പാടില്ല.
2. ജനങ്ങൾക്ക് തങ്ങളെ ഭരിക്കാനുള്ള സർക്കാ രിനെ തിരഞ്ഞെടുക്കാനുള്ള അവസരമുണ്ട്.
3. എല്ലാ സംസ്ഥാനങ്ങൾക്കും ലോകത്തിലുള്ള വ്യാപാരത്തിനും അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന്തുല്യമായ വ്യവസ്ഥയുണ്ട്.
4. തടസ്സം കൂടാതെ കടലിൽ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്.
5. എല്ലാ രാജ്യങ്ങളുടെയും ഭീഷണിപ്പെടുത്തുന്ന ആക്രമണത്തിന്റെ നിരായുധീകരണം.

12th_History_Mal_Unit_14.indd 227 2/28/2023 1:23:08 PM



ചർച്ചിൽ - ട്രൂമാൻ - സ്റ്റാലിൻ

അല്ലാതെ സമാധാന സമ്മേളനമൊന്നും ഉണ്ടായിരുന്നില്ല. ഗ്രേറ്റ് ബ്രിട്ടനും, സോവിയറ്റ് യൂണിയനും യു.എസിനെയും പ്രതിനിധീകരിക്കുന്ന ചർച്ചിൽ, ട്രൂമാൻ, സ്റ്റാലിൻ എന്നിവർ പോട്ഡാം മീറ്റിംഗിൽ വച്ച് 5 ശക്തികളുടെ വിദേശകാര്യമന്ത്രികളെ കൊണ്ട് ഒരു കൗൺസിൽ രൂപീകരിക്കാൻ മൂന്ന് വലിയ ശക്തികളും, ചൈനയും, ഫ്രാൻസും സമാധാന ഉടമ്പടിക്കു ആവശ്യമായ തയ്യാറെടുപ്പിനു വേണ്ടിയുള്ള കൗൺസിൽ രൂപീകരിക്കാൻ തീരുമാനിച്ചു യൂറോപ്പിലെ സമാധാനമുണ്ടാക്കാനുള്ള പ്രിൻസിപ്പൽ ഏജൻസിയായി ഈ കൗൺസിൽ മാറി. ഇറ്റലിയും ഹംഗറിയെയും ബെൽജിയവും റുമാനിയും തമ്മിലുള്ള സമാധാന ഉടമ്പടിയ്ക്ക് അന്തിമരൂപം നൽകുന്നതിനു ശേഷം മാത്രം ഇറ്റലിയും ജർമ്മനിയെയും ഉടമ്പടികൾ നടത്താൻ തീരുമാനിച്ചത്. ഗ്രേറ്റ് ബ്രിട്ടനും, യു.എസ്.എയും ഉടമ്പടികൾ നടത്താൻ തീരുമാനിച്ചത്. ഗ്രേറ്റ് ബ്രിട്ടനും, യു.എസ്.എ യും ഫ്രാൻസും, യു.എസ്.എസ്. ആറും ഇറ്റാലിയൻ ഉടമ്പടി തയ്യാറാക്കും വലിയ മൂന്ന് ശക്തികൾ മൂന്ന് ബാൽക്കൻ ഉടമ്പടികൾ തയ്യാറാക്കും ഗ്രേറ്റ് ബ്രിട്ടനും സോവിയറ്റ് യൂണിയനും ചേർന്ന് ഫിൻലാന്റിന്റെ ഉടമ്പടി തയ്യാറാക്കും. പിന്നീട് ഈ കരട് ഉടമ്പടികൾ സമ്മേളനത്തിൽ പൊതുവായി പരിഗണിക്കും.

സമാധാന സമ്മേളനം 1946

21 രാജ്യങ്ങളിൽ നിന്നുള്ള 1500 പ്രതിനിധികൾ പാരിസിലെ ലക്സംബർഗ് പാലസിൽവസ്സ് 1956 ൽ ജൂലൈ 26 മുതൽ ഒക്ടോബർ 15 വരെ സമ്മേളിച്ചു. ഒരുപാട്ചർച്ചകൾക്ക്ശേഷം, സമ്മേളനത്തിന്റെശുപാർശകൾ വിദേശകാര്യ മന്ത്രിമാരുടെ കൗൺസിൽ അവയെ അവലോകനം ചെയ്യുകയും ചെറിയ പരിഷ്കാരങ്ങളോടെ സ്വീകരിക്കുകയും ചെയ്തു.

ഇറ്റാലിയൻ സമാധാന ഉടമ്പടി: വർഷങ്ങളോളം ട്രൈസ്റ്റിയുടെ പ്രശ്നം വലിച്ചിഴച്ചു. ഇറ്റലി ട്രൈസ്റ്റിയെ ആവശ്യപ്പെട്ടു. സോവിയറ്റ് യൂണിയൻ അതിനെ യൂഗോസ്ലാവിയയ്ക്ക് കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അവസാനം 1954 ൽ ട്രൈസ്റ്റിയെ സോൺ എ എന്നും സോൺ ബി എന്നും തിരിച്ചു. സോൺ എ ഇറ്റലിയ്ക്കും സോൺ ബി യുഗോസ്ലാവിയയ്ക്കും സമ്മാനിച്ചു. ഇറ്റലിയുടെ നഷ്ടപരിഹാരമായി നിശ്ചയിച്ചത് $ 260,000,000 ആണ് (ഇതിൽ ഭൂരിഭാഗം പോയത് ഗ്രീസിലേക്കും യുഗോസ്ലാവിയിലേക്കുമാണ്).

റഷ്യയിലേക്കുള്ള നഷ്ടപരിഹാരം: ഹംഗറിയും, ബെൽജിയവും, ഫിൻലാന്റും റഷ്യയ്ക്ക് $ 100,000,000 നഷ്ടപരിഹാരം കൊടുക്കണം. ബൾഗേറിയ $ 25,000,000 യുഗോസ്ലാവിയയ്ക്കും 4,000,000 ഗ്രീസിനും കൊടുക്കണമായിരുന്നു. 1919 പിടിച്ചടുക്കിയ ബെസ്സറാബിയയും ബുക്കോവിനെയും റഷ്യയ്ക്ക് തിരികേനൽകാമെന്ന് റുമാനിയ സമ്മതിച്ചു. ഡാനുബയുടെ സ്വതന്ത്രമായ നാവിഗേഷനു ബെൽജിയം ഉടമ്പടി ഉറപ്പു നൽകി. എന്നാൽ റഷ്യ അതിനെ തടസ്സപ്പെടുത്തി. 1947 സെപ്തംബർ 15 നു കരാറുകൾ പ്രാബല്യത്തിൽ വന്നു. എന്നാൽ ഈ വ്യവസ്ഥകൾ ഒന്നു കിൽ ലംഘിക്കപ്പെട്ടു അല്ലെങ്കിൽ വകവയ്ച്ചില്ല.

ആസ്ട്രിയ: തെക്കെ കരിന്തിയയിലെ ആസ്ട്രിയൻ അതിർത്തിയുടെ ചില പ്രദേശങ്ങളുടെ മേൽ യുഗോസ്ലാവിയ അവകാശം സ്ഥാപിച്ചപ്പോൾ തർക്കങ്ങൾ ഉടലെടുത്തു. യുഗോസ്ലാവിയ നഷ്ടപരിഹാരമായി $ 150,000,000 ആവശ്യപ്പെട്ടു. കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടെങ്കിലും 85 സെഷനുകളിൽ കണ്ടുമുട്ടിയെങ്കിലും ജർമ്മൻ സ്വത്തുക്കൾ നിർവചിക്കാനുള്ള പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ല. റഷ്യയുമായുള്ള നഷ്ടപരിഹാരകേസ്, ആസ്ട്രിയയിലെ എണ്ണയും മറ്റ് ഷിപ്പിംഗിനുള്ള സൗകര്യങ്ങളടക്കം അവകാശങ്ങളേയും വിപുലീകരിക്കുക വഴിയും ആറ് വർഷത്തെ കാലയളവ് കൊണ്ട് $ 150,000,000 ഡോളർ ജർമ്മൻ ആസ് തികളിൽ നിന്ന് നല്കുകവഴിയും ഒത്തുതീർക്കാൻ കഴിഞ്ഞു. ആസ്ട്രിയയെ ഒരു സ്വാതന്ത്ര്യവും പരമാധികാരമുള്ള ജനാധിപത്യരാജ്യമായി പുനഃസ്ഥാപിക്കുകയും 1938 ജർമ്മനിയുമായിട്ടുള്ള നിർബന്ധിത സംയോജനത്തിനു മുമ്പുള്ള അതേ പ്രവിശ്യകളോടുകൂടി സ്ഥാപിക്കപ്പെടുകയും ചെയ്തു. ജർമ്മനിയുമായിട്ട് യാതൊരു രാഷ്ട്രീയ അല്ലെങ്കിൽ സാമ്പത്തിക യൂണിയനു തയ്യാറാകില്ല എന്ന് ആസ്ട്രിയ സമ്മതിച്ചു.

ജർമ്മനി: ബെർലിനടുത്തുള്ള പോട്സ്സ്റ്റാം ൽ വച്ച് സമ്മേളനം നടക്കുകയും, അവ താഴെ കാണുന്ന ഔപചാരിക പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. 1. കിഴക്കൻ പ്രഷ്യയെ രണ്ട് ഭാഗങ്ങളായി വിഭജിക്കണം വടക്കൻ ഭാഗം സോവിയറ്റ് യൂണിയനും, തെക്കെ ഭാഗം പോളണ്ടിനും 2. മുൻ സ്വതന്ത്ര നഗരമായ ഡാൻസിഗിനെ പോളണ്ട് സ്വീകരിച്ചു. ജർമ്മനിയുടെ മുഴുവൻ സൈനിക ശക്തിയെയുമ പൂർണ്ണമായും നശിപ്പിക്കുകയും ജർമ്മനിയെ നാല് തൊഴിൽ മേഖലകളായി വിഭജിക്കുകയും അവയെ നിയന്ത്രിക്കാൻ യു.എസ്.എസ്.ആർ, ഗ്രേറ്റ് ബ്രിട്ടനെയും, യുണൈറ്റെഡ് സ്റ്റേറ്റ്സിനെയും ഫ്രാൻസിനെയും ഏർപ്പെടുത്തുകയും ചെയ്തു. അങ്ങനെ, യുദ്ധത്തിനു മുമ്പുള്ള ജർമ്മനിയുടെ ഗണ്യമായ ഭാഗങ്ങൾ യു.എസ്.എസ്. ആറിനും പോളണ്ടിനും കൊടുത്തു. റഷ്യൻ ഗോളത്തിന്റെ ഹൃദയത്തോടുള്ള ബെർലി നെയും ബാക്കി രാജ്യത്തെയു നാല് സോണുകളായി ഭാഗിച്ചു. 1949 ഏപ്രിലിൽ സോവിയറ്റ് മേഖലയിൽ വെച്ചാണ് നാറ്റോ ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനിയെ അംഗീകരിക്കാൻ തീരുമാനിച്ചു. സെപ്തംബറിൽ ഫെഡറൽ റിപ്പബ്ലിക്ക് ഓഫ് ജർമ്മനിയുടെ പുതിയതായിട്ട് തിരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് ജർമ്മൻ റിപ്പബ്ളിക്കിന്റെ കീഴിൽ വന്നു.

12th_History_Mal_Unit_14.indd 228 2/28/2023 1:23:08 PM

പോളണ്ട്

പോളണ്ട് 200 മൈൽ ദൂരം പടിഞ്ഞാറിലേക്ക് നീങ്ങി,ഏകദേശം 69,000 ചതുരശ്ര മൈൽ ദൂരം സോവിയറ്റ് യൂണിയന്റെ മുമ്പിൽ നഷ്ടമാക്കുകയും ജർമ്മനിയുടെ പടിഞ്ഞാറ് ഭാഗത്തുള്ള ചേറിയ ഭാഗം നേടുകയും ചെയ്തു. പോളണ്ട് അതിന്റെ കീഴിലുള്ള പ്രവശ്യകളെ റഷ്യയ്ക്ക് കീഴടങ്ങുകയും സോവി യറ്റ് സ്ഥാപിച്ച നിലവിലുള്ള സർക്കാരിനെ പോൾസിലുള്ള ജനാധിപത്യ നേതാക്കളെ ഉൾപ്പെടുത്തി കൊണ്ട് പുനഃക്രമീകരിക്കാൻ തീരുമാനിച്ചു.

ജപ്പാൻ

റൂസ്വെൽറ്റ്, ചർച്ചിലും നാഷണലിസ്റ്റ് ചൈനയുടെ ജനറലിസമോ ചിയാങ് കൈഷേക്കും 1943 നവംബറിന്റെ തുടക്കത്തിൽ കൈയ്റോയിൽ വച്ച് കണ്ടുമുട്ടുകയും ജപ്പാനീസ് സാമ്രാജ്യത്തിന്റെ വിധി തീരുമാനിക്കുകയും ചെയ്തു. ചൈനയിൽ നിന്ന് ജപ്പാൻ പിടിച്ചെടുക്കിയ എല്ലാ പ്രദേശങ്ങളും (കൊറിയ ഒഴിച്ച്) ചൈനീസ് റിപ്പബ്ലിക്കിന്കൊടുക്കണമെന്ന് തീരുമാനിച്ച്. കൊറിയ ഒരു സ്വതന്ത്ര രാജ്യമായി മാറി. 1931 മുതൽ ജപ്പാൻ നേടിയെതല്ലാം അത് നഷ്ടപ്പെടുത്തി. പതിറ്റാണ്ടുകൾക്ക് മുൻപ് നേടിയ പസിഫിക്ക് ദ്വീപുകളെയും ഫോർമോസയും (ഇപ്പോഴത്തെ തായ്വാൻ) ഉപേക്ഷിക്കാൻ ബാധ്യസ്ഥമായിരുന്നു.



ചർച്ചിൽ - റൂസ്വെൽറ്റ് - സ്റ്റാലിൻ

ക്രിമിയയിലെ യാൽറ്റയിൽ വെച്ച് (ഫെബ്രുവരി 1945) ഒരു സമ്മേളനത്തിൽ കണ്ടുമുട്ടിയതിനുശേഷം, റൂസ്വെൽറ്റും, ചർച്ചിലും, സ്റ്റാലിനും ജർമ്മനിയുടെ നിരുപാധികമായ കീഴടങ്ങുന്നതിനു വേണ്ട പദ്ധതികൾ, യുദ്ധത്തിനുശേഷം ജർമ്മനിയെയും അതിന്റെ സഖ്യകക്ഷികളെയും നിയന്ത്രിക്കാനുള്ള മാർഗ ങ്ങളും, സമാധാനത്തെ പുനഃസ്ഥാപിക്കാൻ വേണ്ടി യുണൈറ്റഡ് നേഷൻസ് ഓർഗനൈസഷേൻ സ്ഥാപിതമാവുകയും സാമ്പത്തിക സഘടനകളായ ബ്രിട്ടൻ റൂഡ്സ് സിസ്റ്റത്തിന്റെയും വേൾഡ് ബാങ്കിന്റെയും ഇന്റർ നാഷണൽ മോണറ്ററി ഫണ്ടിന്റെ സ്ഥാപനവും യുദ്ധത്തിനു ശേഷം നശിപ്പിക്കപ്പെട്ട സാമ്പത്തിക വ്യവസ്ഥയുടെ പുനഃസ്ഥാപനം സാധ്യമാകാൻ വേണ്ടിയുള്ള വ്യാപാരത്തിന്റെയും താരിഫിന്റെയും പൊതുവായ ഉടമ്പടിയെ കുറിച്ചും പ്രഖ്യാപിച്ചു. ഒന്നാം ലോക മഹായുദ്ധത്തിൽ നിന്ന് വ്യത്യസ്തമായി ലോക സമാധാന സംഘടനയിൽ അമേരിക്കയ്ക്കും ചേരണമെന്ന് റൂഡ്വെൽറ്റ് തീരുമാനിച്ചു.

രണ്ടാം ലോക മഹായുദ്ധത്തിന്റെ ഫലങ്ങൾ

രണ്ടാം ലോക മഹായുദ്ധം അത്ഭുതപൂർവമായ പ്രയാസങ്ങൾ കൊണ്ടുവന്നു. ഏകദേശം 60 ദശലക്ഷം ആളുകൾ മരിക്കുകയും, വാർസോ, കീവ്, ടോക്കിയോ, ബെർലിൻ തുടങ്ങിയ മഹാ നഗരങ്ങളൊ ക്കെ വെറും അവശിഷ്ടങ്ങളായി ചുരുങ്ങി. ഏഷ്യയി ലെയും യൂറോപ്പിലെയും ഭൂരിഭാഗം തുറമുഖങ്ങളും നശിപ്പിക്കപ്പെടുകയോ മോശമായ രീതിയിൽ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തു. പാലങ്ങൾ പൊട്ടിത്തെറിച്ചു റെയിൽവേ ലൊക്കോമോട്ടിവുകളും റോളിങ് സ്റ്റോക്കുകളും അപ്രത്യക്ഷമായി. ദശലക്ഷകണക്കിന് ആളുകളുടെ വീടുകൾ നഷ്ടമായി. ജർമനി ഒരു മഹത്തായ ശക്തി എന്ന പദവി അവസാനിച്ചു. യൂറോപ്പിനു അതിന്റെ പദവിയും അന്തസ്സും നഷ്ടപ്പെട്ടു. സമ്പദ്വ്യവസ്ഥ തകർച്ചയിലായിരുന്നു. ലോകത്തിന്റെ രണ്ട് ആധിപത്യശക്തികളായി യുണൈറ്റഡ് സ്റ്റേറ്റ്സും സോവിയറ്റ് റഷ്യയും മാറികഴിഞ്ഞു. ഈ രണ്ട് ശക്തികളും തമ്മിലുള്ള പ്രത്യയശാസ്ത്രപരമായ ഭിന്നതകൾ യുദ്ധത്തിനുശേഷമുള്ള (യുദ്ധാനന്തര) സഹകരണം അസാധ്യമാക്കിയതായി അടുത്ത പാഠത്തിൽ കാണാൻ സാധിക്കും.

ഗ്രേറ്റ് ബ്രിട്ടൺ വളരെയധികം അന്തസ്സോടെ ഉയന്നുവന്നു പക്ഷേ ഒരു ലോകശക്തിയെന്ന നിലയ്ക്ക് അവളുടെ സ്ഥാനം കുറഞ്ഞ സമ്പത്ത് കാരണവും ചുരുങ്ങിയ സാമ്രാജ്യത്തിന്റെ പേരിലും കുറഞ്ഞുവന്നു. രണ്ടാം ലോകമഹായുദ്ധം പല യൂറോപ്യൻ രാജവാഴ്ചകൾക്കും മാരകമായിരുന്നു. റുമാ നിയ, യുഗോസ്ലാവിയാ, ബൾഗോറിയ, ഇറ്റലി എന്നിവയുടെ രാജ്യം ഇല്ലാതാക്കി. ബ്രിട്ടന് പുറമെ അത് അതിജീവിച്ചത് ഡെൻമാർക്ക്, നോർവേ, സ്വീഡൻ, പോളണ്ട്, ബെൽജിയം എന്നിവിടങ്ങളിലാണ്. ഇവിടെ നിലനിന്നിരുന്നത് ഭരണഘടനാപരമായ രാജവാഴ്ചകൾ മാത്രമായിരുന്നു.

ലോകസമാധാനത്തിനും ഭീഷണിയായിരുന്ന ഫാസിസത്തിനെ പരാജയപ്പെടുത്താനുള്ള ശ്രമത്തിലായിരുന്നു ലോകം. ജനകീയ പിന്തുണയെ അടിസ്ഥാനമാക്കിയുള്ള യുദ്ധശ്രമമായിരുന്നു സഖ്യസേനയുടെ വിജയം ഫാസിസത്തിനെതിരായ പോരാട്ടം സാധാരണക്കാരെ ശാക്തീകരിച്ചു. യുദ്ധകാലത്തെ കഷ്ടപ്പാടുകളും ത്യാഗവും പങ്കിട്ടവർക്ക്, എല്ലാ പൗരൻമാർക്കും അടിസ്ഥാന പരിചരണം നല്കുന്നതിൽ സർക്കാരിനു ഒരു ബാധ്യതയുണ്ടെന്ന ബോധ്യം മിക്ക ജനാധിപത്യ രാജ്യങ്ങളിലും ശക്തിപ്പെട്ടു. ഉദാഹരണത്തിന്, 1945 ൽ ബ്രിട്ടനിൽ ലേബർ സർക്കാർ സ്ഥാപിതമായപ്പോൾ ഒരു ക്ഷേമ രാഷ്ട്രം അതിവേഗം സ്ഥാപിക്കുന്നതിൽ മുൻകൈയെടുത്തു. അപകടത്തിനും, രോഗത്തിനും വാർദ്ധക്യത്തിനും തൊഴിലില്ലായ്മക്കും ഇൻഷുറൻസ് നല്കണമെന്നത് ബ്രിട്ടനിലെ

12th_History_Mal_Unit_14.indd 229 2/28/2023 1:23:08 PM

സർക്കാരിന്റെ ബാധ്യതയായി മാറി. യുദ്ധശ്രമത്തിനുള്ള സംഭാവനയ്ക്കും കഷ്ടതയ്ക്കുമുള്ള പങ്കാളിത്തത്തിനുമുള്ള സ്ത്രീകളുടെ പങ്ക് തിരിച്ചറിയപ്പെടുകയും അവരുടെ അവകാശങ്ങൾക്കായി വലിയ മുന്നേറ്റം നടത്തുകയും ചെയ്തു. റഫാൻസിലെയും ഇറ്റലിയിലുള്ള സ്ത്രീകൾക്ക് ഒടുവിൽ വോട്ടവകാശം ലഭിക്കുകയും ചെയ്തു..

യുദ്ധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫലം കോളനികളിൽ സംഭവിച്ച പരിവർത്തനമായിരുന്നു. ജനാധിപത്യത്തിനായുള്ള പോരാട്ടം ദേശീയശക്തികളെ പ്രോത്സാഹിപ്പിക്കുകയും സ്വതന്ത്ര്യ സമര പോരാട്ടം തീവ്രമാക്കുകയും ചെയ്തു. തെക്കുകിഴക്കൻ ഏഷ്യയിൽ വെച്ച് ജപ്പാൻ കാരണം പാശ്ചാത്യ രാജ്യങ്ങളുടെ സായുധസേനയുടെ പരാജയവും യുദ്ധത്തിൽ വെച്ച്ബ്രിട്ടനുംഫ്രാൻസുംജർമ്മനിയുടെകൈകളിൽ നിന്ന് നേടിയ പരാജയവും വെളുത്ത മനുഷ്യരെയും അവരുടെ സംസ്ഥാനങ്ങളെയും പരാജയപ്പെടുത്താം എന്നതിന്റെ വ്യക്തമായ സൂചനയായിരുന്നു. പഴയ സാമ്രാജ്യങ്ങൾ, സാമ്രാജ്യങ്ങളുടെ യുഗം തീർച്ചയായും അവസാനിക്കുമെന്ന് മനസ്സിലാക്കി. ഉദാഹരണത്തിന് ഡച്ചുകാർ, വലിയ ഇന്തോനേഷ്യ ദ്വീപസമൂഹത്തിൽ മതിയായ സൈനികരെ നിലനിർത്താൻ പ്രയാസകരമാണെന്ന് കണ്ടെത്തി. ഇന്തോ ചൈനയിൽ ഫ്രഞ്ചിന് ബ്രിട്ടീഷുകാരുടെയും യു.എസ്.എവിടെ യും പിന്തുണയുണ്ടായിട്ടും അതിന്റെ സ്വാതന്ത്ര്യം പിന്തിരിപ്പിക്കാനുള്ള തീവ്രശ്രമം നടത്തി. എന്നാൽ ഫ്രഞ്ചുകാർ പരാജയപ്പെടുകയും 1954 ൽ പിൻമാറാൻ നിർബന്ധതരാവുകയും ചെയ്തു. 1956 ലെ സൂയസ് പ്രതിസന്ധിയിൽ വച്ച് ബ്രിട്ടനും ഫ്രാൻസും ആഗോള സാമ്രാജ്യശക്തികളായി സ്വയം ഉറപ്പിക്കാൻ പ്രയത്നിച്ചെങ്കിലും ഫലമണിഞ്ഞില്ല പിന്നീട് വിയറ്റ്നാമിനു എതിരായ യു.എസിന്റെ യുദ്ധം ലജ്ജാകരമായ ഒരു പരാജയമായി മാറി.

14.2 ചൈനീസ് വിപ്ലവം 1949

ചൈനയ്ക്ക് ഒരു നീണ്ട ചരിത്രമുണ്ട്. ചരിത്രപരമായ കാലഘട്ടങ്ങളിൽ യൂറോപ്പിനെക്കാൾ വികസിതരമായിരുന്നു ചൈന. എന്നാൽ 1900 ആയപ്പോഴേക്കും ചൈന മിക്ക മുന്നണികളെക്കാളും പിന്നിലായി. അതിന്റെ പതനത്തിന്റെ ഒരു പ്രത്യേക കാരണം 1650 മുതലുള്ള നീണ്ട അഴിമതി നിറഞ്ഞ മഞ്ചു രാജവംശത്തിന്റെ അയോഗ്യമായ ഭരണമായിരുന്നു. വന്നിറങ്ങിയ ജെൻട്രി മാൻഡാരിൻസ് എന്നറിയപ്പെടുന്ന സ്കോളാർ ഉദ്യോഗസ്ഥമാരെ നിർമ്മിച്ചു. ഇവർ സ്ഥാപിത ക്രമത്തെ പ്രത്യേക പദവിയോടുകൂടി പ്രതിരോധിച്ചു. ജനസംഖ്യയിൽ ഭൂരിഭാഗമായ കൃഷിക്കാർ, ഉയർന്ന വാടക, ഉയർന്ന നികുതി, ഭൂമിയുടെ കുറവ് എന്നിവയാൽ ദുരിതം അനുഭവിച്ചു പോന്നു. കാർഷിക ഉൽപാദനം നിശ്ചലമായിരുന്നു. കൃഷി ചെയ്ത പ്രദേശങ്ങളിൽ ജനസാന്ദ്രത കൂടുതലായിരുന്നു. ഒരു വിള ഭൂമിയുടെ ശരിയായ വലുപ്പം ഒരു ഏക്കറിലും കുറവായിരുന്നു. ചൈനയിൽ കൽക്കരിയും ഇരുമ്പയിരും സമൃദ്ധമായി ഉണ്ടായിരുന്നിട്ടും വ്യാവസായിക വികസനം മന്ദഗതിയിലായിരുന്നു..



തായ്പിംഗ് കലാപം

19 ാം നൂറ്റാണ്ടിൽ ഉണ്ടായ അടിച്ചമർത്തുന്ന രാഷ്ട്രീയ, സാമ്പത്തിക ഏർപ്പാട് നിരവധി കലഹങ്ങൾ ഉയരുന്നതിൽ കാരണമായി അതിൽ ഏറ്റവും ഗുരുതരമായിരുന്ന് ടൈപ്പിംഗ് കലാപം (1850 1864) ഇതിനെ തകർക്കാൻ സർക്കാരിനു 14 വർഷം വേണ്ടിവന്നു എന്നത് സർക്കാരിന്റെ ബലഹീനതയെ സൂചിപ്പിക്കുന്നു. വളർന്നുവരുന്ന യൂറോപ്യൻ സമ്മരദ്ദം, ആദ്യം ബ്രിട്ടീഷുകാർ തുടർന്ന് ഫ്രഞ്ച്, ജർമ്മൻ, റഷ്യ, കൂടാതെ അമേരിക്കയുടെ സമ്മർദ്ദം ചൈനയുടെ വ്യാപാര അവകാശങ്ങൾ ഉപേക്ഷിക്കാൻ നിർന്ധിച്ചു. ചൈനയുമായിട്ട് ബ്രിട്ടീഷുകാർ രുതവണ ചൈനയ്ക്കെതിരെയുദ്ധംചെയ്തു(ഒപ്പിയംയുദ്ധങ്ങൾ) ചൈന തായ്പിംഗ് കലാപത്തിൽ മുഴുകിയിരിക്കുന്നതിനാൽ വിദേശികൾക്ക് ഇത് നല്ല അവസരമായിരുന്നു. യൂറോപ്യന്റെ പരിധിയിലുള്ള പ്രദേശങ്ങൾ ഹോങ്കോങ്ങിൽ നിന്നും പോർട്ട് ആർതറിലേക്ക് വികസിച്ചു. തഴച്ചു വളരുന്ന തുറമുഖമായി ഷാങ്ഹായ് മാറി.

തായ്പിംഗ് (വലിയ സമാധാനം എന്നർത്ഥം) കലാപം ഒരു കർഷക പ്രക്ഷോഭമായിയാണ് ആരംഭിച്ചത്. എന്നാൽ താമസിയാതെ ഒരു കർഷക കുടുംബത്തിൽ നിന്നു വന്ന സ്കൂൾ അദ്ധ്യാപകനായ ഹംഗ് സിയു ചുയാൻ ന്റെ നേതൃത്വത്തിലാണ് അത് ഒരു വിപ്ലവ പ്രസ്ഥാനമായി വികസിച്ചത്. അദ്ദേഹം ആളുകൾക്കിടയിൽ തുല്യത പ്രസംഗിച്ചു, ഭൂമിയുടെ തുല്യവിഭജനത്തെപ്പറ്റി ഊന്നിപ്പറയുകയും പഴയ സാമൂഹിക വ്യത്യാസങ്ങൾക്ക് അറുതി വരുത്തുകയും ചെയ്തു. 1853 ൽ പ്രസ്ഥാനത്തിന്റെ അംഗത്വം 2 ദശലക്ഷമായി ഉയരുകയും നാൻകിങ്ങിനെ ഏറ്റെടുക്കുന്നതിൽ വിജയിക്കുകയും രാജ്യത്തിന്റെ 40 ശതമാനത്തോളം പ്രദേശങ്ങളിൽ സ്വയംഭരണം തടതത്തുകയും ചെയ്തു. എന്നാൽ തായ്പിംഗിന്റെ നേതൃത്വം കർഷകരുടെ അവസ്ഥ ഭേദമാക്കാൻ സഹായിച്ചില്ല. ബ്രിട്ടനിൽ നിന്നും ഫ്രാൻസിൽ നിന്നുമുള്ള ആധുനിക ആയുധങ്ങൾ അടങ്ങിയപുനഃസംഘടിപ്പിച്ച ഇംപീരിയൽ സൈന്യം, ബ്രിട്ടീഷ് സൈന്യമേധാവിയെ മേജർ ഗോർഡന്റെ നേതൃത്വത്തിൽ കലാപത്തെ ശമിപ്പിച്ചു. 1864 ൽ നാൽകിംഗിനെ വീണ്ടെടുത്തു.

12th_History_Mal_Unit_14.indd 230 2/28/2023 1:23:08 PM



ആദ്യത്തെ ഓപിയം യുദ്ധം

ഓപിയം യുദ്ധങ്ങൾ നിയമവിരുദ്ധമായ ഒപ്പിയം വ്യാപാരം തടയുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഫലമായിട്ടാണ് ആദ്യത്തെ ഓപിയം യുദ്ധം നടന്നത്. ചൈനീസ് ആസക്തിയുടെ മനുഷ്യച്ചിലവ് മാരകമായിരുന്നു എന്നതായിരുന്നു കാരണം. ചൈനയിൽ ബ്രിട്ടീഷ് വ്യാപാരികളായിരുന്നു ഓപിയത്തിന്റെ പ്രാഥമിക ഉറവിടം. ആദ്യത്തെ ഒപിയം യുദ്ധത്തിന്റെ (1842) അന്ത്യത്തിൽ നാൻകിംഗ് ഉടമ്പടി ഒപ്പിടുകയും ബ്രിട്ടനിലേക്കുള്ള വാതിലുകൾ തുറക്കപ്പെടുകയും ചെയ്തു. ചൈന ഹോങ്കോങ്ങിനെ വിട്ടുനല്കികൊണ്ട് നഷ്ടനരിഹാരം നൽകി. ബ്രിട്ടീഷ് രജിസ്ട്രേഷൻഉള്ള ആരോയിൽ ചിലചൈനീസ്ഉദ്യോഗസ്ഥൻ കയറുകയും കന്റോണിൽ ഡോക്ക് ചെയ്യുകയും അതിലെ ക്രൂ അംഗങ്ങളെ കടൽക്കൊള്ളാക്കാരെന്ന് അറസ്റ്റ് ചെയ്തപ്പോഴാണ് ആദ്യത്തെ യുദ്ധം പുറപ്പെടുന്നത്. ആ കപ്പലും അതിലെ അംഗങ്ങളും ചൈനക്കാരായിരുന്നു. പക്ഷേ, കപ്പലിൽ ബ്രിട്ടീഷ് പതാകയാണ് ഉയർത്തിയത് കാരണം ഹോങ്കോ ംഗ് സർക്കാരിൽ നിന്ന് അനുമതി ഉണ്ടായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈ അനുമതി കാലഹരണപ്പെട്ടു. എന്നിരുന്നാലും ഒരു യുദ്ധത്തിനു വേണ്ടി കാത്തിരുന്ന ബ്രിട്ടീഷുകാർ ഇതിനു മറു പടിയായി ഒരു യുദ്ധ കപ്പലാണ് അയച്ചത് കാരണം യുദ്ധം ചെയ്യുന്നതിലൂടെ കൂടുതൽ വ്യാപാര ഇളവുകൾ ലഭിക്കുമെന്ന് ബ്രിട്ടീഷുകാർ കരുതി. യുദ്ധം പൊട്ടിപ്പുറപ്പെടുകയും ഒരു ഫ്രഞ്ച് മിഷിണറി (ഫെബ്രുവരി 1856) മരിച്ചതിന്റെ ഒഴികഴിവ് പറഞ്ഞു ഫ്രഞ്ച് ഗ്രേറ്റ് ബ്രിട്ടനുമായിട്ട് ചേർന്ന് യുദ്ധത്തിന് പുറപ്പെട്ടു. പെക്കിങ്ങിലെ സമ്മർ പാലസിനെ ബ്രിട്ടനും ഫ്രാൻസും ചേർന്ന് നിപ്പിച്ചു. അവസാനം 1860ൽ മികച്ച ബ്രിട്ടീഷ് സൈനിക ശക്തിയുടെ മുമ്പിൽ ചൈന കീഴടങ്ങുകയും ബീജിംഗ് കരാറിലെത്തുകയും ചെയ്തു. അത്, ചൈനീസ് തുറമുഖങ്ങളെ വ്യാപാരം നടത്താനായി തുറന്നു. വിദേശ കപ്പലുകൾ യാങ്സേയിൽ വന്നിറങ്ങാനുള്ള അനുമതി ലഭിച്ചു. കൂടാതെ ചൈനയ്ക്കുള്ളിൽ വിദേശ മിഷണറിമാർക്ക് സ്വതന്ത്രമായിഞ്ചരിക്കാനും അവസരം നല്കി. ഏറ്റവും പ്രധാനമായി ഇത് ചൈനയിൽ ബ്രിട്ടീഷുകാരുടെ ഒപിയം വ്യാപാരത്തിനെ ഔദ്യോഗികമാക്കി.

പുതുതായി നവീകരിച്ച ജപ്പാൻ ആക്രമണം 1894 ൽ ആരംഭിച്ചപ്പോൾ ചൈനയുടെ ബലഹീനത വ്യക്തമായി കാണപ്പെട്ടു. 1895 സമാധാന ഉടമ്പടി പ്രകാരം, ഫോർമോസ ജപ്പാനിലേക്കും കൊറിയ സ്വതന്ത്ര രാജ്യമായികണക്കാക്കപ്പെടുകയുംചെയ്തു. ഇതിനുശേഷം ആയിരകണക്കിന് യൂറോപ്യൻ വ്യാപാരികൾ ചൈനയുടെ വ്യാപാരത്തെ ചൂഷണം ചെയ്യാൻ തുടങ്ങി. ക്രിസ്ത്യൻ മിഷണറിമാർ ചൈനയിൽ വന്നിറങ്ങുകയും അവരുടെ വിശ്വാസം ഉൾനാടുകളിൽ പ്രചരിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. യൂറോപ്യൻ പ്രവർത്തനങ്ങളും അവരുടെ പ്രാദേശിക ഭരണത്തിലുള്ള ഇടപെടലുകളും വിദേശികളോട് ചൈനക്കാർക്ക് വിദ്വോഷം ഉണ്ടാകാൻ കാരണമായി 1900 ൽ വിദേശികളുടെ നുഴഞ്ഞുകയറ്റത്തിന്റെ ഫലമായി അസംതൃപ്തിയുടെ കൂടെ തുടർച്ചയായ രണ്ട് വിള വെടുപ്പ് പരാജയങ്ങൾ വരുകയും മഞ്ഞ നദിയിൽ വിനാശകരമായ വെള്ളപ്പൊക്കം ഉണ്ടാവുകയും ചെയ്തു.



ബോക്സർ കലാപം

ബോക്സർ കലാപം (1899–1901): ചൈനക്കാരുടെ രഹസ്യസമൂഹസംഘടനയെയിഹെക്യാൻ (നീതിമാനും ആകർഷണീയവുമായ മുഷ്ടി) നു വിദേശികൾ നല്കിയ പേരാണ് ബോക്സർ. ബോക്സർമാർ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽ നിന്ന് വന്നിരുന്നെങ്കിലും അതിൽ ഭൂരിഭാഗമാളുകൾ വന്നിരുന്നത് ഷാൻഡോങ് പ്രവിശ്യയിലെ കർഷകരായിരുന്നു. ഇവർ പ്രകൃതി ദുരന്തങ്ങൾ കാരണം ദുരിതമനുഭവിച്ചവരാണ്. ബോക്സർമാരുടെ യഥാർത്ഥ ലക്ഷ്യം മഞ്ചു രാജവംശത്തിന്റെ നാശവും ചൈനയിൽ പ്രത്യേക പദവി ലഭിച്ചിരുന്ന വിദേശികളുടെ നാശവുമായിരുന്നു. ബോക്സർമാർ വിദേശവസതികൾ പള്ളികൾ കത്തിക്കുകയും സംശയാസ്പദമായ ചൈനീസ് ക്രിസ്ത്യാനികളെ കൊല്ലുകയും ചെയ്തു. ചക്രവർത്തിനിയും അവളുടെ സഭയും പിരിഞ്ഞുപോയതു കാരണം ഒരു ബഹുരാഷ്ട്ര സേന പെക്കിങ്ങിനെ പിടിച്ചെടുത്തു. ഏകദേശം 1,00,000 ആളുകൾ മരിച്ചു. അതിൽ കൊല്ലപ്പെട്ട ബഹുഭൂരിപക്ഷവും സാധാരണക്കാരായിരുന്ന്, ആയിരകണക്കിന് ചൈനീസ് ക്രിസ്ത്യാനികളും 200 മുതൽ 250 വിദേശ പൗരൻമാരും കൊല്ലപ്പെട്ടു (കൂടുതലും ക്രിസ്ത്യൻ മിഷറിമാരായിതുന്നു).

12th_History_Mal_Unit_14.indd 231 2/28/2023 1:23:09 PM

1901 സെപ്റ്റംബർ 7 നു ബോക്സർ കലാപം ഔദ്യോഗികമായി ബോക്സർ പ്രോട്ടോക്കോൾ ഒപ്പിട്ടതിനുശേഷം അവസാനിച്ചു. ഈ നിബന്ധനകൾ പ്രകാരം, ബീജിങിനെ സംരക്ഷിക്കുന്ന കോട്ടകൾ നശിപ്പിച്ചു. ഈ കലാപത്തിനു കാരണക്കാരായ ബോക്സർമാരും ചൈനയുടെ സർക്കാർ ഉദ്യോഗസ്ഥരും ശിക്ഷിക്കപ്പെട്ടു. ബീജിംഗിൽ പ്രതിരോധത്തിനായി സൈനികരെ നിഗേയാഗിക്കാൻ വിദേശ കോൺസുലേറ്റുകൾ അനുവദിച്ചു. ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്നതിൽ നിന്ന് ചൈനയ്ക്ക് രണ്ട് വർഷത്തേക്ക് വിലക്ക് ലഭിക്കുകയും വിദേശ രാജ്യങ്ങൾക്ക് നഷ്ട പരിഹാരമായി 330 ദശലക്ഷം നല്കാമെന്ന് സമ്മതിക്കുകയും ചെയ്തു.

1911 ഒക്ടോബറിൽ വുചാങ്ങിലെ സൈനികരുടെ ഇടയിൽ ഒരു കലാപം പൊട്ടിപ്പുറപ്പെട്ടു. ഇത് വിപ്ലവത്തിന്റെ ഔപചാരിക തുടക്കമായി കാാക്കപ്പെടുന്നു. കലാപകാരികൾ വുചാങ്ങിലെ പുതിനയും ആയുധ ശേഖരവും പിടിച്ചെടുക്കുകയും ഓരോ നഗരം കഴിയുന്തോറുംമഞ്ചുസിനെതിരെയുദ്ധംപ്രഖ്യാപിച്ചുകൊണ്ട് മുന്നേറുകയും ചെയ്തു. യാങ്സിയുടെ താഴ്വരയിൽ വിപ്ലവം പൊട്ടിപുറപ്പെടുകയും, താമസിയാതെ മധ്യ തെക്കൻ ചൈനയുടെ ഭൂരിഭാഗ പ്രദേശങ്ങളിൽ വ്യാപിക്കുകയും ചെയ്തു. 1912 ൽ പുതുവർഷദിനത്തിൽ കലാപത്തിൽ ഉൾപ്പെട്ട പ്രവിശ്യകൾ നൽകിങിൽ വച്ച് അതിന്റെ മൂലധനവും വെച്ച് ഒരു റിപ്പബ്ലിക്കിനെ പ്രഖ്യാപിച്ചു. പ്രക്ഷോഭത്തിന്റെ വാർത്ത കേട്ടപ്പോൾ, സുൻ യാത്സെൻ ഷാങ്ഹായിൽഉടമ്പടിഎത്തുകയും ന്യൂ ചൈനീസ് റിപ്പബ്ലിക്കിന്റെ പ്രവിശ്യയിലെ പ്രസിഡന്റായി വേഗത്തിൽ തന്നെ തിരഞ്ഞെടുക്കപ്പെടുക യും ചെയ്തു. മഞ്ചു അഡ്മിനിസ്ട്രേഷനിൽ നേരത്തെ മന്ത്രിയായി സേവനമനുഷ്ഠിച്ചിരുന്നു. യുവാൻ ഷിഹ് കായ്നെ റിജന്റ് തിരിച്ചു വിളിച്ചു കാരണം റിജന്റ് തന്റെ കുഞ്ഞുമകനുവേണ്ടി കലാപത്തിൽ പ്രവർത്തിച്ചു. എന്നാൽ ജനങ്ങളുടെ മാനസികാവസ്ഥ അളന്ന യുവാൻ ചക്രവർത്തി രാജിവയ്ക്കാൻ ഉപദേശിച്ചു.

1912 ഫെബ്രുവരി 12 നു സ്ഥാനമൊഴിയാനുള്ള ശാസന പുറത്തിറക്കുകയും മഞ്ചു രാജവംശം (ക്വിംഗ് സർക്കാർ) ചൈനയുടെ രാഷ്ട്രീയ വേദിയിൽ നിന്ന് അപ്രത്യക്ഷമാവുകയും ചെയ്തു. അതിന്റെ അടുത്ത മാസത്തിൽ, ജനങ്ങളുടെ താൽപര്യമനുസരിച്ച് സുൻ യാദ്സെൻ യുവാനു അനുകൂലമായി രാജിവച്ചു. കാരണം യുവാനു സൈന്യത്തിൻമേൽ പൂർണ്ണ അധികാരമുണ്ടായിരുന്നു..

യുവാൻ ഷിഹ് കായുടെ ജനപ്രീതി

അദ്ദേഹത്തിന്റെ ഭരണത്തിൽ 4 വർഷത്തിൽ, യുവാൻ ഷിഹ് കായ് ജനാധിപത്യത്തെയും റിപ്പബ്ലിക്കനിസത്തെയും എതിർത്തിരുന്ന് എന്ന് തെളിയിച്ചു. യുവാൻ നാ.ഷണലിസ്റ്റ് പാർട്ടിയായ കുമിൻടാംഗിനെ നിരോധിക്കുകയും അതിന്റെ നിയന്ത്രണത്തിനു കീഴിലുള്ള പ്രവിശ്യകളെ പിടിച്ചെടുക്കുകയും ചെയ്തു. 1931 ഒക്ടോബർ 10 നു യുവാവിനെ റിപ്പബ്ലിക്കിന്റെ മുഴുവൻ അധികാരമുള്ള പ്രസിഡന്റായി നിയോഗിച്ചു. കൃത്യം മൂന്ന് മാസത്തിനു ശേഷം, അദ്ദേഹം ദേശീയ അസംബ്ലി പിരിച്ചുവിടുകയും അതിനു പകരമായി പൊളിറ്റിക്കൽ കൗൺസിൽ സ്ഥാപിക്കുകയും പ്രസിഡന്റിനു സ്വോച്ഛാധിപത്യം നല്കുന്ന ഭരണഘടനാപരമായ കോംപാക്റ്റ് കൗൺസിൽ ഉപയോഗിച്ച് സ്ഥാപിക്കുകയും ചെയ്തു. യുവാൻ തന്റെ ജീവിതകാലം മുഴുവനും പ്രസിഡന്റായി മാറി. ജപ്പാനീസിന്റെ ആവശ്യങ്ങളായ മഞ്ചൂറിയുടെയും ഷാൻടംഗിന്റെയും മേൽ സാമ്പത്തിക നിയന്ത്രണം അംഗീകരിച്ചപ്പോൾ യുവാന്റെ ജനപ്രീതി കുറഞ്ഞു. 1916 ൽ യുവാൻ മരിച്ചപ്പോൾ മറ്റൊരാളെ പ്രസിഡന്റായി തിരഞ്ഞെടുത്തു. അടുത്ത 12 വർഷത്തേക്ക് കേന്ദ്ര സർക്കാർ എന്ന പേര് മാത്രമേ ഉണ്ടായിരുന്നോള്ളൂ. ആ കാലയളവ് മുഴുവൻ ക്രമക്കേടായിരുന്നു. ഈ ചമയത്താണ് വടക്കേ ചൈനയിൽ മാർക്സിസ്റ്റ് ആശയങ്ങൾക്ക് കൂടുതൽ പിന്തുണ നേടുകയായിരുന്നു. ഇതിനു സമാന്തരമായി ഷാങ്ഹായിയും കാന്റണിന്റെയും ഇടയ്ക്കുള്ള തീരദേശ നഗരങ്ങളിൽ സൺയാറ്റ് സെൻ പ്രവർത്തനങ്ങൾക്കും വലിയ ജനപ്രീതി നേടി.

സുൻ യാറ്റ് സർ (1866–1925)



ഡോ. സുൻ യാറ്റ് സർ, ജനിച്ചത് ഒരു പാവപ്പെട്ട കുടുംബത്തിലാണ് മിഷൻ സ്കൂളിൽ വച്ച് വിദ്യാഭ്യാസം നേടുകയും ഒരു മെഡിക്കൽ ഡോക്ടറാവുകയും ചെയ്തു. രാഷ്ട്രീയത്തിലുള്ള അദ്ദേഹത്തിന്റെ താത്പര്യം 1895 ൽ ക്വിംഗ് സർക്കാരി നെതിരെയുള്ള കലാപത്തിൽ പ്രവർത്തിക്കാൻ സന്നിഹിതനാക്കി. എന്നാൽ ആ കലാപം പരാജയപ്പെടുകയും അടുത്ത 16 വർഷത്തേക്ക് ഒളിവിൽ കഴിയാൻ സുൻ യാറ്റ് സർ പോയി. ഈ സമയത്ത് അദ്ദേഹം ചൈനീസ് വിദ്യാർത്ഥികൾക്കും വിദേശത്ത് താമസിക്കുന്നവർക്കും തന്റെ വിപ്ലവകരമായ ചിന്തകൾ പങ്കുവച്ചു. അങ്ങനെ 1905 ൽ അദ്ദേഹം ടോക്കിയോയിൽ വെച്ച് ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കുകയും അത് നാഷണൽ പിപ്പീൾസ് പാർട്ടി അഥവാ കുമിന്റാങ് ആയി മാറുകയും ചെയ്തു.

സൺയാറ്റ് 3 തത്വങ്ങളിൽ വിജയിച്ചി രുന്നു. ദേശീയ ജനാധിപത്യവും സോഷ്യലിസ്സവും 1894 ൽ സൺയാറ്റ് ചൈന റിവൈവൽ സൊസൈറ്റി സ്ഥാപിക്കുകയും അസമമായ ഉടമ്പ ടികളിൽ നിന്ന് ഒഴിവായി കാരണം 2 ഉടമ്പടികൾ ചൈനക്കാരെ വിദേശികൾ നിർബന്ധിക്കുന്ന നിബ ന്ധനകളായിരുന്നു. ആ സംഘടന വളരുകയും യുവ ജനങ്ങളെ ആകർഷിക്കുകയും ചെയ്തു. 1912 ൽ അതിന്റെ പേര് കുയോ മിൻ ടാംഗ് എന്നായി മാറി. ഈ സംഘടനയുടെ പ്രചോദകമായ സുൻ യാറ്റ് സെൻ ഒരു ഭരണഘടനപരലമായ പുരുഷാധിപത്യമല്ല മറിച്ച് റിപ്പബ്ലിക്കാണ് വേണ്ടതെന്ന് പ്രഖ്യാപിച്ചു.

12th_History_Mal_Unit_14.indd 232 2/28/2023 1:23:09 PM

ചൈനയുടെ കമ്മ്യൂണിസ്റ്റ് പാർട്ടി

ഒന്നാം ലോക മഹായുദ്ധകാലത്ത് യുവാൻ ഷിഖ് കായ് മരണപ്പെടുകയും, ആ രാജ്യത്തുള്ള എതിരാളികളായ ചൈനീസ് ജനറൽമാർ രാജ്യത്തെ വിഭജിച്ചുകൊണ്ട്വിഭിന്ന അധികാരങ്ങൾ എടുത്തു. ബുദ്ധിജീവികളിൽ പലർക്കും ഈ അവസ്ഥ അവസാനിപ്പിക്കാൻ യു.എസ്. ലിബറലിസത്തിനു കൊണ്ട് കഴിയുമെന്ന് വിശ്വാസമുണ്ടായിരുന്നു. പക്ഷേ അവർ പ്രതീക്ഷിച്ചത് ദശലക്ഷകണക്കിന് ആളുകൾ റാലികളിലൂടെയും പ്രകടനങ്ങളിലൂടെയും അഴിച്ചുവിട്ടു. 1917 ലെ റഷ്യൻ വിപ്ലവത്തിനുശേഷം മാർക്സിന്റെയും ലെനിന്റെയും രചനകളും പ്രസംഗങ്ങളും ബുദ്ധിജീവികൾക്കിടയിൽ പ്രചാരത്തിലായി. ചൈനയിലെ വളർന്നു വരുന്ന തൊഴിലാളിവർഗംമാർക്സിസത്തിനോടുള്ള താൽപര്യം വർദ്ധിപ്പിക്കുകയും അവർ അത് സമരങ്ങളിലൂടെയുംബഹിഷ്കരണപ്രവർത്തനങ്ങളിലൂടെയും പ്രവർത്തിക്കുകയും ചെയ്തു. 1918 ൽ മാർക്സിസത്തെക്കുറിച്ച് പഠിക്കാൻഒരു സംഘടന പെക്കിംങ് സർവകലാശാലയിൽവച്ച്സ്ഥാപിക്കുകയുംചെയ്തു. പങ്കെടുത്ത വിദ്യാർത്ഥികളിൽ ഒരു ചെറുപ്പകാരനും ഉണ്ടായിരുന്നു. അസിസ്റ്റന്റ് ലൈബ്രേറിയനായ മാവോ സേ തുംഗ്.

1922ൽ തുടർച്ചയായ പണിമുടക്കുകൾ ചൈനയെ പിടിച്ചുകുലുക്കി. ദാമ്പത്യ നിയമത്തിന്റെ പ്രഖ്യാപനത്തിലൂടെ ഹോങ്കോങ്ങിലെ രണ്ടായിരത്തോളം നാവികർ ധൈര്യത്തോടെ പണിമുടക്കി. അത് 1,20,000 തൊഴിലാളികളുള്ള പൊതു പണിമുടക്കായി വികസിക്കുകയും സമാധാനം തിരഞ്ഞെടുക്കാൻ തൊഴിലാളികൾ തൊഴിലുടമകളെ നിർബന്ധിക്കുകയും ചെയ്തു. ഹാങ്കോങ്ങകിലെ ബ്രിട്ടീഷ് പോലീസും ബ്രിട്ടീഷ് ഉടമസ്ഥതയിലുള്ള ഫാക്ടറി തൊഴിലാളികൾ തമ്മിൽ ഏറ്റുമുട്ടുകയും ഒടുവിൽ ഒരു യുദ്ധപ്രഭു 35 സ്ട്രൈക്കിംഗ് റെയിൽവേ തൊഴിലാളികളെയും യൂണിയൻ യുണിറ്റ് സെക്രട്ടറിയെ വെടിവച്ചുകൊല്ലുകയും ചെയ്തു. അത്തരം അടിച്ചമർത്തൽ നടപടികൾ തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തെ തടഞ്ഞെങ്കിലും ചെറുത്തുനിൽപ്പിന്റെ മനോഭാവത്തെ നശിപ്പിച്ചില്ല. പകരം വർദ്ധിച്ചുവരുന്ന ബോധത്തിന്റെ തലത്തിലേക്കാണ് നയിച്ചത്.

ഇപ്പോൾ സുൻ യാറ്റ് സെർ ഭരണഘടനാപരമായ സർക്കാർ സ്ഥാപിച്ചു. എന്നാൽ അതിന്റെ സ്ഥാനം ദുർബലമായിരുന്നു. അതുകൊണ്ട് അദ്ദേഹം കുമിങ്താങ് പുനഃസംഘടിപ്പിക്കാൻ വേണ്ടി യു.എസ്. എസ് ആറിന്റെ സഹായം തേടി. റു.എസ്.എസ്. മൈക്കിൾ ബോറോഡിനെ ചൈനയ്ക്ക് അയച്ചു. പരിചയ സമ്പന്നനായ കമ്മ്യൂണിസ്റ്റ് എന്ന നിലയ്ക്ക് ബോറോഡിൻ കുമിങ്താങ്നെ ഒരു കേന്ദ്രീകൃത ബഹുജനപാർട്ടിയായി പുനഃസംഘടിപ്പിക്കുകയും ഒരു വിപ്ലവ സൈന്യം കെട്ടിപ്പടുക്കാൻ സഹായിക്കുകയും ചെയ്തു. സോവിയറ്റ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ കാന്റോണിൽ വാംപോവ മിലിട്ടറി അക്കാദമി സ്ഥാപിച്ചു. അതിന്റെ ആദ്യത്തെ ഡയറക്റ്റർ ചിയാങ് കൈ ഷേക് ആയിരുന്നു. രാഷ്ട്രീയ പ്രവർത്തനങ്ങൾക്കു വേണ്ടി ചുമതലയുള്ള അംഗം ചൗ എൻ ലായ് ആയിരുന്നു ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും കുമിങ്താംഗിന്റെയും സഖ്യം രൂപപ്പെട്ടിരുന്നു എന്ന് കാണിക്കാനായിരുന്നു.

കുമിന്റാങ്ങും ചിയാങ് കൈ ഷെക്കും



ചിയാങ് കൈ ഷെക്ക്

1925 ൽ സുൻ യറ്റ് സെനിന്റെ മരണശേഷം കുമിന്റാംഗ് കമ്മ്യൂണിസ്റ്റ് വരികളിലാണ് സംഘടിപ്പിച്ചിരുന്നതെങ്കിലും കമ്മ്യൂണിസ്റ്റ് നയങ്ങളെ സ്വീകരിച്ചിരുന്നില്ല. കുമിങ്താംഗിങ്ങിനെ നയിച്ചത് ചിയാങ് കൈ ഷെക്ക് ഉം കമ്മ്യൂണിസ്റ്റ് പാർട്ടിയെ നയിച്ചത് മാവോ സേ തുടങ്ങും ചൗ എൻ ലായ് ഉം ആയിരുന്നു. തൊഴിലാളികൾക്കിടയിലും കർഷകർക്കിടയിലുംകമ്മ്യൂണിസ്റ്റുകാർഅവയുടെസ്വാധീനം വർദ്ധിപ്പിക്കുകയും നിരവധിപേരെ അവരുടെ സൈന്യത്തിനായി തിരഞ്ഞെടുക്കുകയും ചെയ്തു. അതേ സമയം കുമിങ്താംഗ് മുതലാളിമാരുടെയും ഭൂവുടമകളുടെയും താൽപര്യങ്ങളെ പ്രതിനിധീകരിച്ചു.

കാന്റണിൽ നിന്ന് ചിയാങ് കൈ ഷേക്ക് ദി നോർത്തേൺ എക്സ്പടിഷൻ എന്ന മാർച്ച് ആരംഭിക്കുകയും 1925 ന്റെ അവസാനത്തോടെ ഹാങ്കോയിൽ വെച്ച് പിടിക്കപ്പെടുകയും ചെയ്തു.മാർച്ച് 1927 ൽ ഈ പര്യ വേഷണം ഷാങ്ഹായിൽ എത്തിയപ്പോൾ 600,000 തൊഴിലാളികൾ ഉൾപ്പെടുന്ന ഒരു പൊതു പണിമുടക്ക് പൊട്ടിപുറപ്പെടുകയും നഗരത്തിന്റെ നിയന്ത്രണം യൂണിയനുകൾ ഏറ്റെടുക്കുകയും ചെയ്തു. കാണിലെ തൊഴിലാളി പ്രസ്ഥാനത്തിലെ നിരവധി കമ്മ്യൂണിസ്റ്റ് പ്രവർത്തകരെ അറസ്റ്റ് ചെയ്യുകയും യൂണിയനുകളെ ഉപദ്രവിക്കുകയും ചെയ്യുന്നു എന്ന റിഞ്ഞ ചിയാങ് കൈ ഷെക്ക് ഇതിനകം തകർന്നിരുന്നു. ഷാങ്ഹായിൽ വിജയകരമായ വിമതശക്തികൾ അദ്ദേഹത്തിനു നഗരം കൈമാറാൻ അനുവദിച്ചു സമ്പന്ന ചൈനീസ് വ്യാനാരികളുമായി സഹകരിച്ച്

മാവോ സെ തുംഗ് (1893–1976)

തെക്ക് കിഴക്കൻ ചൈനയിലെ ഹുനാനിലാണ് മാവോ ജനിച്ചത്. പിരാവ് സമ്പന്നനായ ഒരു കർഷകനായിരുന്നു കൂടാതെ മഞ്ചു സാമ്രാജ്യത്തിന്റെ ശക്തമായ പിന്തുണക്കാരനായിരുന്നു. വിപ്ലവത്തിന്റെ വർഷത്തിൽ (1911) ൽ മാവോ ചാങ്ഷയിലെ ജൂനിയർ കോളളേജിൽ പ്രവേശിച്ചു. അവിടെ 1918 വരെയുണ്ടായിരുന്നു. ഭൂരിഭാഗ സമയവും ലൈബ്രറിയിൽ ചിലവഴിച്ചു പോന്നു. തുടർന്ന് അദ്ദേഹം പെക്കിംഗ് യൂണിവേഴ്സിറ്റിയിലേക്ക് പോവുകയും അവിടെ അസിസ്റ്റന്റ് ലൈബ്രേറിയനായി സേവനമനുഷ്ഠിക്കുകയും ചെയ്തു. അടുത്ത വർഷം മുതൽ മാവോ തന്റെ സമ്പൂർണ്ണ രാഷ്ട്രീയ പ്രവർത്തനങ്ങൾ ഹുനാനിലെ സംഘടനയായി ആരംഭിക്കുകയും ഒരു ശക്തനായ കമ്മയൂണിസ്റ്റായി മാറുകയും ചെയ്തു.

12th_History_Mal_Unit_14.indd 233 2/28/2023 1:23:09 PM

ക്രിമിനൽ സംഘങ്ങൾ വഞ്ചനാപരമായി ക്രമീകരിച്ചു കൊണ്ട് വിദേശശക്തികളുടെ പ്രതിനിധികളുടെ ഒത്താശയോടു കൂടി ഇടതുപക്ഷ യൂണിയനുകളുടെ ഓഫീസുകൾക്ക് നേരെ പുലർച്ചെ ആക്രണം നടത്തി. തൊഴിലാളികളുടെ അയവുകളെ നിരായുധരാക്കുക യും നേതാക്കളെ അറസ്റ്റുചെയ്യുകയും ചെയ്തു. പ്രക ടനങ്ങളിൽ യന്ത്രതോക്കുകൾ കൊണ്ട് വെടിവയ്ക്കു കയും, ആയിരകണക്കിനു പ്രവർത്തകർ മരിച്ചുവീഴു കയും ചെയ്തു. ഉദാഹരണത്തിന് സമ്പന്നരായ വ്യാ പാരികളുടെയും ഫിനാൻസിയർമാരെയും, ചിയാങ് കൈ ഷേക്ക് കുമിന്റാങ് പാർടിയിൽ നിന്നുള്ള കമ്മ്യൂ ണിസ്റ്റുകളെയും ശുദ്ധീകരിച്ചു. 1928 ൽ പീക്കിങ് പിടി ച്ചെടുക്കുന്നതിൽ വിജയിച്ചു. ഒരിക്കൽ കൂടി ഒരു കേന്ദ്രീകൃത സർക്കാർ രൂപം കൊണ്ടു. പക്ഷേ അടുത്ത 18 വർഷത്തേക്ക് അഹേത്തിന്റെ സർക്കാർ അഴിമതി യിലും ഗുണ്ടാസംഘത്തിലും കുപ്രസിദ്ധി നേടി.

പട്ടണത്തിൽ കുമിന്റാങ് വളരെ ശക്തമായിരുന്നു എന്ന് മാവോയ്ക്ക് അറിയാമായിരുന്നു. അതുകൊണ്ട് കൃഷികാരെ സംഘടിപ്പിക്കുന്നതിനു വേണ്ടി അദ്ദേഹ ത്തിന്റെ ഊർജ്ജം അദ്ദേഹം കേന്ദ്രീകരിച്ചു. കിയാങ് സിയുടെയും ഹുനാന്റെയുടെയും പ്രവിശ്യകളിലെ അതിർത്തിക്കുള്ളിലെ കാട്ടുപർവതങ്ങളിലേക്ക് അദ്ദേ ഹം പിൻവാങ്ങി. ഇവിടെ മാവോയും സഖാക്കളും അടുത്ത 7 വർഷത്തോളം താമസിച്ചു. മാവോയുടെ സൈന്യം ക്രണേ വളരുന്നതിനാൽ 5 ഉമ്മൂലനാശ പ ത്രങ്ങൾക്കിടയിലും കുമിന്റാങ്ങിന് ഒരിക്കലും പർവ്വ തങ്ങളിൽ തുളച്ചുകയറാനായില്ല. കമ്മ്യൂണിസ്റ്റുകാ രുടെ ഈ പുതിയ അടിത്തറയിൽ അവർക്ക് ചിയാങ് കൈഷേക്കിൽആക്രമണത്തിൽനിന്ന് സംരക്ഷണവും ജപ്പാനിൽ നിന്നുള്ള നിരന്തരമായ ഭീഷണി നേരി ടുന്നതിനുള്ള നേട്ടവും യുദ്ധപ്രഭുകളിൽ നിന്നുള്ള ആക്രമണവും നേരിടാൻ കഴിഞ്ഞു.

ലോംഗ് മാർച്ച് 1934



ലോംഗ് മാർച്ച്

ചിയാങ് കൈ ഷേക്ക് കമ്മ്യൂണിസ്റ്റ് നിലപാടു കൾക്ക് ചുറ്റും ഒരു വളയം നിർമ്മിച്ചതുപോലെ ചുറ്റും ഉറപ്പുള്ള പോസ്റ്റുകൾ നിർമ്മിക്കുകയും, മാവോയ്ക്ക് ഹുറാനിൽ നിന്ന് മാറി കുറച്ചുകൂടി സുരക്ഷിതമായ പ്രദേശത്തേക്ക് മാറാൻ ആഗ്രഹിച്ചു. അതുകൊണ്ട് 1934 ൽ ലോംഗ് മാർച്ച് എന്നറിയപ്പെടുന്ന യാത്ര കമ്മ്യൂ ണിസ്റ്റ് സൈന്യം ആരംഭിച്ചു. എന്നാൽ ഈ മാർച്ചുകൾ കുമിന്റാംഗ് ശക്തികളും പ്രാദേശിക യുദ്ധപ്രഭു ക്കളും, ചങ്ങാത്തമില്ലാത്ത ഗോത്രവർഗക്കാരും നിര ന്തരം ഉപദ്രവിച്ചു. കുമിന്റാംഗ് സംഘത്തിന്റെ മെഷിൻ ഗൺ (യന്ത്രതോക്ക്) കൊണ്ടുള്ള വെടിവയ്പ്പും കാത ടപ്പിക്കുന്ന നദിയുടെ അലർച്ചയും മാർച്ച് ചെയ്യുന്ന വരെ ഭയപ്പെടുത്തി. 1,00,000 പുറപ്പെട്ടെങ്കിലും 20,000 മാത്രമേ വടക്കൻ ഷെനിയിൽ 1935 ന്റെ അവസാന ത്തോടെ എത്തിയുള്ളൂ. അതിനിടയിൽ അവർ ഏക ദേശം 6000 മൈലുകൾ താണ്ടിയിരുന്നു. അവർ താമ സിയാതെ മറ്റ് കമ്മ്യൂണിസ്റ്റ് സൈന്യവുമായി ചേരു കയും 1937 ആയപ്പോൾ മാവോ സേ തുങ് 10 ദശലക്ഷം ആളുകളുടെ ഭരണാധികാരിയാവുകയും ചെയ്തു. മാവോ ഷെൻസിലും കാൻഡൂ ഗ്രാമത്തിൽ തൊഴിലാ ളികളുടെയും കർഷകരുടെയും കൗൺസിൽ രൂപീ കരിക്കുകയും അത്യന്തകമായി കമ്മ്യൂണിസ്റ്റ് ആക്ര മണത്തിന്റെ അടിസ്ഥാനം ചൈനയിൽ സ്ഥാപിത മാവുകയും ചെയ്തു.

ജാപ്പനീസ് ആക്രമണവും അതിന്റെ പരാജയവും

മഞ്ചൂരിയ സൈനിക താവളമാക്കികൊണ്ട് ജപ്പാനീസുകാർ വടക്കേ ചൈനീസ് പ്രവിശ്യകളെ അധിനിവേശം നടത്തുന്നത് തുടർന്നു. ചിയാങ് കൈ ഷേക്ക് കുമിന്റാംഗിനെ ചേർത്തു നിർത്താനും ജപ്പാനിസുകളോട്എതിർക്കാനും ആവശ്യമായിരുന്നു എന്ന് മാവോ വിശ്വസിച്ചു. ഈ പ്രായോഗിക നയ ത്തിന്റെ അനന്തരഫലമായി കമ്മ്യൂണിസ്റ്റുകൾക്കെ തിരെയുള്ള ആക്രമണ വ്യാപിച്ചു. എന്നിരുന്നാലും ജപ്പാനീസ് അധിനിവേശത്തിനെതിരെ ഒരു ശക്തമായ അതിർത്തി ദത്തെടുക്കാൻ കഴിഞ്ഞു. എന്നിട്ടും ചൈ നയുടെ കിഴക്കൽ മേഖല മുഴുവൻ രണ്ടാം ലോക മഹായുദ്ധകാലത്ത് ജപ്പാൻ കീഴടക്കുകയും കുമന്റിം ഗിന്റെ സൈന്യം വേഗത്തിൽ പരാജയപ്പെടുകയും ചെയ്തു. ചിയാങ് കൈഷേക്കിന്റെ തലസ്ഥാനം ചുകിങിലേക്ക് മാറ്റേണ്ടി വന്നു.

കമ്മ്യൂണിസ്റ്റുകാർക്ക് വിജയം

1945 ഹിരോഷിമയിലും നാഗസാക്കിയിലും ബോംബിട്ടതിന്റെ ഫലമായി ജപ്പാനീസുകാർ കീഴട ങ്ങുകയും ചൈനയുടെ രണ്ട് സംഘടനകളും ജപ്പാൻ കീഴടക്കിയ പ്രദേശങ്ങൾ തിരിച്ചുപിടിക്കാൻ ശ്രമിക്കു കയും ചെയ്തു. ഈ ഓട്ടത്തിനിടയിൽ യു.എസ്.എ രണ്ട് സംഘടനകളോടുംസന്ധിയിലെത്താൻ ആവശ്യ പ്പെട്ടു. 1946 ൽ ജനറൽ ജോർജ്ജ് മാർഷൽ രണ്ടു തവണ വെടിനിർത്തൽ ചർച്ച നടത്തിയെങ്കിലും അവ രണ്ടുംപരാജയപ്പെട്ടു. കുമിന്റാംഗ്സർക്കാർഭരണത്തെ നിയന്ത്രിക്കുകയും തുറമുഖ ങ്ങളും ആശയവിനിമയ സിസ്റ്റ വും യു.എസ്.എ. യ്ക്ക് വൻ പുന്തുണ ആണ് നല് കിയത്. പക്ഷേ കൃഷിക്കാ രിൽ നിന്ന് വന്ന കുമന്റിംഗ് പട്ടാളക്കാർ നിരാശരും അ സ ം ത യ പ് തി യ ു മ ാ ണ് മറ്റൊരു വശത്തിൽ മാവോ യ്ക്ക് ഉയർന്ന മനോവീര്യ വും ഉയർന്ന അച്ചട



മാവോ

12th_History_Mal_Unit_14.indd 234 2/28/2023 1:23:09 PM

ക്കവുമുള്ള സൈന്യം ഉണ്ടായിരുന്നു. ആഭ്യന്തരയുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ ചിയാങ് കൈ സെയിക്കിന്റെ സൈന്യം ഇല്ലാതാകുകയും ജനറലുകൾ വശങ്ങൾ മാറുകയും ചെയ്തു. അവസാനത്തിൽ, ചിയാങ് കൈഷേക്ക് തായ്വാനിലെ പ്രധാന ഭൂപ്രദേശത്ത് നിന്ന് ഓടിപ്പോയി. അങ്ങനെ 1949 ൽ ചൈനയിൽ പീപ്പിൾസ് റിപ്പബ്ലിക്ക് സ്ഥാപിതമായി.

14.3 ഇന്ത്യോനോഷ്യയിലും ഫിലിപ്പിൻസിലുമുള്ള വിമോചന സമരങ്ങൾ

മാവോയുടെ വിജയത്തിനുശേഷം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനെ തുടർന്ന് സാമ്രാജ്യത്വം കോളനികളിൽ പരാജയപ്പെടാമെന്ന് സന്ദേശം ലോകമെമ്പാടും അറിഞ്ഞു. പക്ഷേ തെക്കുകിഴക്കൻ ഏഷ്യയിൽ, പ്രത്യേകിച്ച് ദേശീയത അതിന്റെ പ്രാരംഭഘട്ടത്തിലായിരുന്നപ്പോ 20 നൂറ്റാണ്ടിന്റെ ആരംഭം വരെ സ്വയം ഭരണം നേടുന്നതിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായില്ല. മൂന്നര വർഷങ്ങൾക്ക്ശേഷം ജപ്പാനീസുകാരുടെ അധിനിവേശം യൂറോപ്യൻ കോളനികളുടെഅന്തസ്സിനുമങ്ങലേൽക്കുകയും ദേശീയ പ്രസ്ഥാനങ്ങൾ ശക്തമായിഉയർന്നുവരുകയും ചെയ്തു. 1945ൽ ജപ്പാനെ പരാജയപ്പെടുത്തിയതിനുശേഷം വിദേശ ശക്തികൾ അതിന്റെ പ്രദേശങ്ങൾ തിരിച്ചുപിടിക്കാൻ ശ്രമിച്ചു. തുടക്കത്തിൽ അവർ കോളനിയൽ ഭരണാധികാരികളെപ്പോലെ നിയന്ത്രിക്കാൻ ശ്രമിച്ചെങ്കിലും ഹ്രസ്യമായ ഭരണകാലം കൊണ്ട് ഇത് യഥാർത്ഥ്യത്തിനു നിരക്കാത്തതാണെന്ന് കതളിഞ്ഞു. ഇത്ഡച്ചുകാരെയും അമേരിക്കക്കാരെയും സൗഹൃദപരമായി അധികാരം കൈമാറുന്നതിനും 2 ാം ലോകമഹായുദ്ധം അവസാനിപ്പിച്ചതിനുശേഷം കമ്മ്യൂണിസത്തിന്റെ ഉയർച്ചയെ തടയുന്ന മിതവാദ ഭരണകൂടങ്ങൾ ഉയർന്നു വന്നു.

ഈസ്റ്റ് ഇൻഡീസ് (ഇന്തോനേഷ്യ)

1640 മുതൽ ഡച്ച് ജാവയും സുമത്രയും കൈവശപ്പെടുത്തിയിരുന്നു. 19 ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അവർ ഈസ്റ്റ് ഇൻഡ്യയുടെ പുറമേയുള്ള ദ്വീപുകൾ കീഴടക്കി. 19 ാം നൂറ്റാണ്ടായതോടെ ഡച്ചിനു രാഷ്ട്രീയാധികാരത്തെക്കാളും സാമ്പത്തിക മേൻമെയാണ് താൽപര്യമുണ്ടായിരുന്നത്. ജനസംഖ്യയുടെ ഭൂരഭാഗവും മിൻപിടിക്കാനും കൃഷിയിലും ആശ്രയിച്ചിരുന്നു ഭൂരിഭാഗം ആളുകളും യൂറോപ്യൻ പഞ്ചസാര, പുകയില, ചായ, കോഫിതോട്ടങ്ങളിൽജോലിചെയ്യാൻ തുടങ്ങി. ഈ തോട്ടങ്ങളിലേക്കുള്ള കനത്ത നിക്ഷേപവും മറ്റ് ആശങ്കകളും എണ്ണയുടെ കണ്ടെത്തലും (1900) അതിന്റെ ഫലമായി ഉണ്ടായ വളർച്ചയും കയറ്റുമതിയും ഇറക്കുമതിയും എല്ലാ ഈ പ്രദേശത്തെ ഡച്ചുകാർക്ക് അനുയോജ്യമായ കോളനിയാക്കി മാറ്റി.



ഡച്ച് കോളോനിയൽ ഭരണം

ഈസ്റ്റ് ഇൻഡിസിലെ ദേശീയവാദ പ്രസ്ഥാനം ഫിലിപൈൻസിൽ വളരെ പതുക്കെയാണ് ഉടലെടുത്തത്. കാരണം പാശ്ചാത്യ വിദ്യാഭ്യാസം അവതരിപ്പിക്കുന്നതിൽഡച്ചുകാർ മന്ദഗതിയിലാണ്. ഫിലിപ്പിൻസിൽ, യുറേഷ്യക്കാർ തങ്ങളെത്തന്നെ പ്രാദേശിക കാരണങ്ങളാൽതിരിച്ചറിയുകയുംദേശീയവാദപ്രസ്ഥാനത്തിലെ നേതാക്കളായി മാറുകയും ചെയ്തു. നേരെ മറിച്ച് ഡച്ചുകാർ വംശീയ മുൻവിധികളിൽ നിന്ന് മുക്തമായിരുന്നു. അവർ സ്വദേശികളെ വിവാഹം കഴിച്ചു. യുറേഷ്യക്കാരെ തങ്ങളുടെ സമൂഹത്തിലേക്ക് അംഗീകരിക്കുകയും ചെയ്തു. യുറേഷ്യക്കാർ അവരുടെ താൽപര്യങ്ങൾ ഡച്ചിന്റെ താൽപര്യങ്ങളായി കണക്കാക്കി.

ദേശീയതയുടെ ഉദയം

1908 ൽ ഈസ്റ്റ് ഇൻഡീസിൽ ദേശീയതയുടെ ആദ്യത്തെ വ്യക്തമായ പ്രകടനം ആയിരുന്നു ബോഡി ഓട്ടോമാ എന്ന പ്രാദേശിക രാഷ്ട്രീയ സംഘടനയുടെ സ്ഥാപനം ഈ സംഘടന രൂപീകരിച്ചത്, ആദ്യത്തെ ഡച്ച് മെഡിക്കൽ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു. ഇവരുടെ സീനിയറായിരുന്ന വാഹിദിൻ സുദിറോഹു സോട്ടോ യുടെ നിർദ്ദേശത്തിലാണ് ഇത് സ്ഥാപിച്ചത് രാജ്യത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ, സ്വദേശികളായ ബുദ്ധിജീവികൾ വേണം അതിനു നേതൃത്വം നല്കണമെന്ന ആശയത്തിലാണ് സ്ഥാപിക്കപ്പെട്ടത് അത് ഒരു സാംസ്ക്കാരിക സ്ഥാപനമായി മാറുകയും ഈ സംഘടനയിൽ പ്രധാനമായും സിവിൽ സർവീസുകാരും ജാവയിൽ വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്നത്. ബോഡി ഓട്ടോമാ വളരെ വേഗത്തിൽതന്നെ പ്രവർത്തനരഹിതമായിമാറുകയും, ജനപ്രീതി നേടിയ മറ്റൊരു രാഷ്ട്രീയ സംഘടനയായ സരേകത്ത ഇസ്ലാം (മുസ്ലീം യൂണിയൻ) ഉയരുകയും ചെയ്തു.

സരേകത് ഇസ്ലാം രൂപീകരിച്ചത് പ്രധാനമായും ചൈനക്കാരുടെ സാമ്പത്തിക ശക്തിക്കെതിരെ പോരാടാനാണ്. പക്ഷേ, ക്രമേണ അത് ഒരു സോഷ്യലിസ്റ്റും ദേശീയവാദിയുമായ ഒരു സംഘടനയായി മാറി 1916 ൽ സ്വയംഭരണം ആവശ്യപ്പെട്ടു കൊണ്ട് ഒരു പ്രമേയം പാസാക്കി. 2 വർഷത്തിനുള്ളിൽ ഇതിന്റെ അംഗത്വം 350,000 നിന്ന് രണ്ടര ദശലക്ഷത്തിലേക്ക് ഉയർന്നു. 1917 ലെ റഷ്യൻ വിപ്ലവത്തിൽ പ്രചോദിതരായി, സരേകത്ത്

12th_History_Mal_Unit_14.indd 235 2/28/2023 1:23:09 PM

ഇസ്ലാമിലെ കമ്മ്യൂണിസ്റ്റുകൾ പ്രസ്ഥാനത്തിന്റെ നിയന്ത്രണം നേടാൻ ശ്രമിച്ചു. അവർ അതിൽ പരാജയപ്പെടുകയും 1919 ൽ ഇന്തോനേഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുകയും ചെയ്തു.

പാർട്ടി രാഷ്ട്രീയം

പ്രാദേശികൾക്ക് അധികാരം നൽകാനുള്ള ശ്രമങ്ങൾ സർക്കാരുകൾ ഇതിനകം ആരംഭിച്ചിരുന്നു. 1903 ൽ വികേന്ദ്രീകരണ നിയമം പാസ്സാക്കി. അടുത്ത വർഷം തന്നെ പ്രവിശ്യാ കൗൺസിലുകൾ സ്ഥാപിച്ചു. എന്നാൽ ഇന്തോനേഷ്യക്കാർ സർക്കാരിന്റെ ഭാഗമായില്ല. വളരുന്ന ദേശീയ പ്രക്ഷോഭം കാരണം, ഡച്ച് സർക്കാർ ജനങ്ങളുടെ പാർലമെന്റ് സൃഷ്ടിച്ചു. വോൾ ക്ഷ്ട്ടറാഡ് (1918) വെൽട്ടവ്ഡൈനിലും, ബതാവിയ (ജക്കാർത്ത)ജാവ എന്നിവ സ്ഥാപിക്കുകയും 1912 വരെ ഇത് പ്രവർത്തിക്കുകയും ചെയ്തു.

1920 കളിൽ കമൂണിസ്റ്റുകാരും സരേകത്ത് ഇസ്ലാം ഉം ദേശീയ പ്രസ്ഥാനത്തിൽ ജനാധിപത്യം സ്ഥാപിക്കാൻവേണ്ടി പരസ്പരം മത്സരിച്ചു. നേതൃത്വത്തിനു വേണ്ടിയുള്ള ശത്രുതയിൽ കമ്മ്യൂണിസ്റ്റുകാർ വിജയിച്ചു. അവർ പണിമുടക്കുകൾ സംഘടിപ്പിക്കുകയും 1926 27 ൽ പടിഞ്ഞാറ് ജാവയിലും സുമത്രയിലും ഒരു വലിയ പ്രക്ഷോഭത്തിൽ കലാശിക്കുകയും ചെയ്തു. ആയിരകണക്കിനാളുകൾ തടവിലാക്കപ്പെട്ടു. ഇത് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു താൽക്കാലിക തിരിച്ചടിയായി മാറി.

ഈ സമയത്താണ് ഒരു യുവ എഞ്ചിനീയറായ സുകർനോ എന്നയാൾ ഇന്തോനേഷ്യൻ നാഷണ ലിസ്റ്റ് പാർട്ടി സംഘടിപ്പിച്ചത് ഈ മൂന്നാം കക്ഷിയെ രാജ്യത്തിലുള്ള പാശ്ചാത്യവൽക്കരിക്കപ്പെട്ട മതേതര മിഡിൽ ക്ലാസ്സ് ആളുകൾ പിന്തുണച്ചു. എന്നാൽ 1931 ൽ ഈ പാർട്ടിയുടെ ആസ്ഥാനത്ത് യെർഡ് നടത്തുകയും സുകർണോ ജയിലിലടയ്ക്കപ്പെടുകയും അദ്ദേഹം സ്ഥാപിച്ച പാർട്ടി പൊട്ടിപോവുകയും ചെയ്തു.



സുകർണോ

ഡച്ച് അടിച്ചമർത്തലും ജാപ്പനീസ് ആക്രമണവും

1930 കളിൽ സാമ്പത്തിക മാന്ദ്യം ഉണ്ടായ പഞ്ചാത്തലത്തിൽ, തൊഴിലില്ലായ്മ, വേതന വെട്ടികുറയ്ക്കുക, വർദ്ധിച്ച പ്രതിഷേധം, സർക്കാർ അടിച്ചമർത്തൽ നയത്തിലേക്ക് ചുവടുവച്ചത്, ദേശീയത പരിശോധിക്കുന്നതിന് സെൻഷർഷിപ്പ് അമർത്തുക എന്നിവ അനന്തരഫലങ്ങളാണ്. സുകർണ്ണോയും മറ്റ് ദേശീയവാദ നേതാക്കളും 1942 വരെ ജയിലിൽ കഴിയുകയായിരുന്നു. ഡച്ചുകാർ ഈസ്റ്റ് ഇൻഡിസിൽവച്ച് 1942 മാർച്ചിൽ ജപ്പാനീസുകാരുടെ മുൻപിൽ കീഴടങ്ങി ചിലർ ജപ്പാനീസുകാരെയും സംഘടിത രഹസ്യ പ്രതിരോധത്തെയും എതിർത്തു. സുകർണോയും ഹട്ടയും നയിച്ച ചിലർ, ജപ്പാനീസുകാരെ പിന്തുണയ്ക്കുന്നതുവരെ സ്വാതന്ത്ര്യം ലഭിക്കുമെന്ന് വിശ്വസിച്ചു. യുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ സ്വാതന്ത്ര്യത്തിന്റെ നിബന്ധനകളെപ്പറ്റി ജപ്പാൽകാരുമായിട്ട് ചർച്ച ചെയ്യാൻ ഇന്തോനേഷ്യൻ നേതാക്കൾ തീരുമാനിച്ചു.

സ്വാതന്ത്ര്യത്തിന്റെ വരവ്

പക്ഷേ ജപ്പാനീസ് പാലയത്തിനുശേഷം, പോട്സ്ഡാം സമ്മേളനത്തിൽ വച്ച് എടുത്ത തീരുമാനങ്ങൾക്ക് അനുസൃതമായി 1945 സെപ്റ്റംബർ ൽ ഈസ്റ്റ് ഇൻഡീസിൽ റബിട്ടീഷ് സൈന്യം ഇറങ്ങി. അവർ 2,00,000 യുദ്ധതടവുകാരെ പ്രധാനമായും ഡച്ചുകാരെ വിട്ടയച്ചു. സുകർണോ ഭരിക്കുന്ന ജാവയും സുമത്രയും ഒഴികെയുള്ള എല്ലാ ദ്വീപുകളിലും ഡച്ചുകാർ കീഴടക്കിയിരുന്നു. എന്നാൽഡച്ചുകാർ സുകർണോയുടെ ഭരണത്തെ അംഗീകരിക്കാൻ വിസമ്മതിച്ചു. എന്നിട്ടും രാഷ്ട്രപതിയെന്ന സ്ഥാനം ഉപേക്ഷിക്കാൻ അദ്ദേഹം വിസമ്മതിച്ചു. അങ്ങനെ ബ്രിട്ടീഷ് അധിനിവേശ ചർച്ചകൾ ഏർപ്പാടുക്കുകയും ഡച്ച് ഇന്തോനേഷ്യൻ കരാറിൽ എത്തിച്ചേരുകയും ചെയ്തു. ഇത് ജാവയും സുമത്രയും സ്വതന്ത്ര റിപ്പബ്ലിക്കായിട്ട് ഡച്ചുകാർ അംഗീകരിക്കുകയും, ബാക്കിയുള്ള ദ്വീപുകൾ ഒരുമിച്ച് ഒരു ഫെഡറേഷൻ രൂപീകരിക്കുന്നതിനും അത് യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് ഇന്തോനേഷ്യ എന്നറിയപ്പെടുകയും ചെയ്തു. തുടർന്ന് ഡച്ചുകാർ ഇന്തോനേഷ്യയുടെ സമാധാനം തകർക്കാൻ രണ്ടുപ്രാവശ്യം ശ്രമിച്ചു. പക്ഷേ ലോക അഭിപ്രായത്തിന്റെ സമ്മർദ്ദം നിമിത്തം ഇന്തോനേഷ്യയ്ക്ക് അനുകൂലമായി 1949 ൽ ഒരു ഒത്തുതീർപ്പ് ജവഹർലാൽ നെഹ്റുവും യു.എൻ. സുരക്ഷാ സമിതിയുമാണ്. ഹേഗിൽ വെച്ച് ഒരു വട്ടമേശ സമ്മേളനം നടക്കുകയും, സ്വതന്ത്ര്യ ഇന്തോനേഷ്യ സംസ്ഥാനത്തിനു ഒരു ഭരണഘടന അംഗീകരിക്കുകയും ചെയ്തു. 1948 ഡിസംബറിൽ ഇന്തോനേഷ്യ ഒരു സ്വതന്ത്ര്യ രാജ്യമായി മാറി.



സമാധാന ഉടമ്പടി ഒപ്പുവയ്ക്കുന്നു

12th_History_Mal_Unit_14.indd 236 2/28/2023 1:23:10 PM

ഫിലിപ്പീൻസ്

ചാൾസ് അഞ്ചാമൻ രാജാവിന്റെ മകൻ, പ്പാനിഷ് രാജകുമാരൻ ഫിലിപ്പിന്റെ പേരിലുള്ള 7000 ദ്വീപുകൾ ചേർന്നാണ് ഫിലിപ്പീൻസ് രൂപീകരിച്ചത്. ഈസ്റ്റ് ഇൻഡീസിനെപ്പോലെ പതിനാറാം നൂറ്റാണ്ട് മുതൽ ഫിലിപ്പീൻസ് യൂറോപ്യൻ ഭരണം അനുഭവിച്ചിരുന്നു 1565 ഫെബ്രുവരിയിൽ മിഗുവൽ ലോപ്പസ് ഡി ലെഗാസ്പിയുടെ പര്യവേഷണത്തോടെയാണ് സ്പാനിഷ് കോളനിവൽക്കരണം ആരംഭിച്ചത്. ഇതിനെത്തുടർന്ന് സ്പെയിൻ ഫിലിപ്പീൻസിനെ 300 വർഷത്തോളം ഭരിച്ചു, പ്രാദേശിക ജനതയ്ക്ക് അവരുടെ ഭാഷയുഗം സംസ്കാരവും മതവും അടിച്ചേൽപ്പിച്ചു. ഫിലിനോകൾക്കിടയിൽ ദേശീയത മറ്റെവിടെത്തെക്കാളും മുമ്പേ വർദ്ധിച്ചു. ദേശീയവാദ ലക്ഷ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 200 ഫിലിപ്പിനോ സൈനികരും കാവൈറ്റ് ആയുധപ്പുരയിലെ തൊഴിലാളികളും ഉൾപ്പെട്ട കാവൈറ്റ് പ്രക്ഷോപം (1872 ജനുവരി 20) തകർത്തു. നിരവധി ഫിലിപ്പിനോ ബുദ്ധിജീവികളെ അറസ്റ്റ് ചെയ്തു. ഹ്രസ്വമായ വിചാരണയ്ക്ക് ശേഷം മൂന്ന് പുരോഹിതരെ (ജോസ് ബർഗോസ്, ജസീന്തോ സറോമ, മരിയാനോ ഗോമസ്) പരസ്യമായി വധിക്കുകയും രക്തസാക്ഷികളാക്കുകയും ചെയ്തു.



സ്പാനിഷ് അമേരിക്കൻ യുദ്ധം

ക്യൂബയോടുള്ള അമേരിക്കയുടെ താൽപ്പര്യത്തെ തുടർന്ന് അമേരിക്കയും സ്പെയിനും തമ്മിലുള്ള തർക്കം സ്പാനിഷ് അമേരിക്കൻ ത്തിലേക്ക് നീങ്ങി. ആന്തരികമായി വർദ്ധിച്ചുവരുന്ന സമ്മർദ്ദം കണക്കിലെടുത്ത്, ക്യൂബയ്ക്ക് സ്വയംഭരണത്തിന്റെ പരിമിതമായ അധികാരങ്ങൾ നൽകാൻ സ്പെയിൻ നേരത്തെ തന്നെ തീരുമാനിച്ചിരുന്നു. എന്നാൽ സ്പെയിനിലെ സായുധ സേനയെ ദ്വീപിൽ നിന്ന് ഉടൻ പിൻവലിക്കണമെന്ന് യു.എസ് കോൺഗ്രസ് ആവശ്യപ്പെട്ടു. ആ പിൻവലിക്കൽ യു.എസ് കോൺഗ്രസ് ആവശ്യപ്പെട്ടു. ആ പിൻവലിക്കൽ ഉറപ്പാകാൻ ബല പ്രയോഗം നടത്താൻ കോൺഗ്രസ് അധികാരപ്പെടുത്തി. സ്പെയിൻ വഞ്ചിച്ചത് കൊണ്ട് 25 ഏപ്രിൽ 1898 ൽ യു.എസ്. യുദ്ധം പ്രഖ്യാപിച്ചു. അമേരിക്കൻ ഐക്യനാടുകളുടെ ശക്തമായ വിദൂര യുദ്ധത്തിന് സ്പെയിൻ തങ്ങളുടെ സൈന്യ ക്കെയോ നാവിക സേയെയോ തയ്യാറായിരുന്നില്ല, അതിനാൽ ഇത് യു.എസിന് എളുപ്പമുള്ള വിജയമാ യിരുന്നു ഓഫ് പാരീസ് (1898 ഡിസംബർ 10 ന് ഒപ്പിട്ടു) മുഖേന, സ്പെയിൻ ക്യൂബയ്ക്കുള്ള എല്ലാ അവകാശവാദങ്ങളും ഉപേക്ഷിച്ചു.



എമിലി അഗുനാൾഡോ

ഗുവാമിനെയും പ്യൂർട്ടോ റിക്കോയെയും അമേരിക്കയ്ക്ക് വിട്ടുകൊടുത്തു. ഫിലിപ്പൈൻസിൻ മേലുള്ള പരമാധികാരം അമേരിക്കയി ലേക്ക് മാറ്റി. അഗ്യൂണാൾഡോയും മറ്റ് കാവൈറ്റ് വിമതരും സ്പാനിഷ് സൈന്യത്തിനെതിരെ പോരാടുമ്പോൾ 1835 ലെ നിരവധി യുദ്ധങ്ങളിൽ വലിയ വിജയങ്ങൾ നേടി, സ്പാനി ഷിനെ ഓടിച്ചു. 1898 മെയ് 28 ന് അഗ്യൂണാൾഡോ 18,000 സൈനികരെ ശേഖരിച്ചു. സൈന്യം കുവൈ റ്റിലെ ഇമുസിലെ അലാപാനിലെ ഒരു ചെറിയ സ്പാനിഷ് പട്ടാളത്തിനെതിരെ പോരാടി. അലപ്പാനിലെ വിജയത്തിനുശേഷം, അഗ്യുണാൾഡോ ആദ്യമായി ഫിലിപ്പൈൻ പതാക അഴിച്ചുമാറ്റിക്ക ഫിലിപ്പിനോ വിപ്ലവകാരികൾക്കും പിടിച്ചെടുത്ത 300 ലധികം സ്പാനിഷ് സൈനികർക്കും മുന്നിൽ കാവൈറ്റ് ന്യൂവോയിലെ (ഇന്നത്തെ കാവൈറ്റ് സിറ്റി) ടീട്രോ കവിറ്റൊനോയിൽ അത് ഉയർത്തി. മാലോലോസ് ഭരണഘടനയുടെ പ്രഖ്യാപനത്തോടെ എമിലിയോ അഗ്യുണാൾഡോ പുതിയ റിപ്പബ്ലിക്കിന്റെ ആദ്യ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 1901 മാർച്ച് 23 ന് അമേരിക്കൻ സൈന്യം എമിലിയോ അഗ്യൂണാൾ ഡോയെ പിടികൂടുന്നതുവരെ ഫിലിപ്പൈൻ റിപ്പബ്ലിക് സഹിച്ചു. ഇത് ഒന്നാം റിപ്പബ്ലിക്കിന്റെ വിയോഗത്തിന് കാരണമായി.

അമേരിക്കയുടെ പ്രശ്നം ക്യൂബയാണെന്ന് ഫിലിപ്പൈൻസിലെ ദേശീയവാദികൾ കരുതി. എന്നാൽ അവർ ഒരു യജമാനനെ മറ്റൊരാൾക്ക് കൈമാറ്റം ചെയ്തതായി പെട്ടെന്നുതന്നെ മന സ്സിലായി. സ്പാനിഷ് അമേരിക്കൻ യുദ്ധത്തിന്റെ ഫലത്തിൽ നിരാശരായ അവർ ഗറില്ലാ യുദ്ധത്തിൽ ഏർപ്പെട്ടു. അമേരിക്കൻ സർക്കാരിനോടുള്ള ദേശീയവാദ എതിർപ്പിനെ യു.എസിലെ ഒരു ലോബി പ്രോത്സാഹിപ്പിച്ചു. അതിനാൽ ആദ്യകാലത്തു തന്നെ പ്രതിനിധി സ്ഥാപനങ്ങൾ സൃഷ്ടിക്കാൻ സർക്കാർ ബാധ്യസ്ഥനാണെന്ന് തോന്നി. അമേരിക്കൻ ഭരണത്തിന്റെ (1902) പശ്ചാത്തലത്തിൽ, പ്രാഥമിക കൊളോണിയൽ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും സ്ഥാപിതമായി. ഇംഗ്ലീഷ് ഭാഷയെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസ സമ്പ്രദായം ഒരു സിവിൽ സർവീസ്, പ്രവിശ്യ കോടതികളുള്ള ഒരു നീതിന്യായ വ്യവസ്ഥ, തിരഞ്ഞെടുപ്പിനെ അടിസ്ഥാനമാക്കിയുള്ള മുനിസിപ്പൽ, പ്രവിശ്യ സർക്കാരുടെ ഒരു സംവിധാനം, ഒടുവിൽ തിരഞ്ഞെടുക്കപ്പെട്ട ദേശീയ നിയമസഭ. 80 അംഗ നിയമ സഭയിൽ നടന്ന തിരഞ്ഞെടുപ്പിൽ നാഷണലിസ്റ്റ് പാർട്ടി ഭൂരിപക്ഷം നേടി.

12th_History_Mal_Unit_14.indd 237 2/28/2023 1:23:10 PM

നാഷണലിസ്റ്റ് പാർട്ടി, സ്വയംഭരണം തുടരാൻ ആവശ്യപ്പെടുന്നത് പാർട്ടിയുടെ നേതാവ് ക്യൂസോൺ പറഞ്ഞു. സ്വർഗ്ഗത്തിൽ മറ്റുള്ളവർ ഭരിക്കപ്പെടുന്നതിനെക്കാൾ നരകത്തിൽ സ്വയം ഭരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. 1930 കളിൽ മധ്യകാലത്ത് ഇടതുപക്ഷത്തിന്റെ ഗുരുതരമായ തുടർച്ചയുണ്ടായി. 1930 ൽ സ്ഥാപിതമായ പാർടിക്കോ കൊമുനിസ്റ്റ പിലിപ്പിനാസ് യു.എസ് കൊളോണിയൽ അധികാരികൾ നിയമ വിരുദ്ധമായി പ്രഖ്യാപിച്ചു. എന്നിട്ടും കമ്മ്യൂണിസ്റ്റ് സമർദ്ദം ആഭ്യന്തര സ്വയഭരണവകുപ്പ് യോജിക്കാൻ അമേരിക്കൻ സർക്കാരിനെ പ്രേരിപ്പിച്ചു.

പാർടിഡോ കൊമുനിസ്റ്റ എൻപി ഫിലിപ്പിനാസ് (ഫിലിപ്പൈൻസിലെ കമ്യൂണിസ്റ്റ് പാർട്ടി) ഹുക്ക് കലാപം അമേരിക്കൻ സർക്കാർ നിയമ വിരുദ്ധമാണെങ്കിലും പാർടിഡോ കൊമുനിസ്റ്റ എൻജി ഫിലിപ്പിനാസ് പിന്നീട് അതിന്റെ നിയമ സാധുത വീണ്ടെടുത്ത. ജാപ്പനീസ് ആക്രമണത്തിനെതിരായ പീപ്പിൾസ് എർമി ഹുക്ലഹാപ്പിന്റെ ചുക്കാൻ പിടിച്ചു. ഹുക്ലഹാപ്പ് ഒരു ശക്തമായ ഗറില്ലാ സംഘടടയായിരുന്നു. മടങ്ങിയെത്തിയ അമേരിക്കൻ സേന ഫിലിപ്പീൻസ് വീണ്ടും പിടിച്ചടക്കിയതോടെ പി.കെ.പിയും കമ്മ്യൂണിസ്റ്റ് കർഷകരും (ഹുക്സ് എന്നറിയപ്പെടുന്നു) യുദ്ധകാല സഖ്യകക്ഷികളുടെ ആക്രമ ണത്തിന് ഇരയായി സർക്കാർ സേന ഹുക്ക് പ്രദേശങ്ങൾ ബോംബെറിഞ്ഞു. അതിന്റെ ഫലമായി പി.കെ.പി ഗറില്ലാ യുദ്ധത്തിൽ ഏർപ്പെട്ടു. ആദ്യം അവർ അതിനെ ഒരു പ്രതിരോധ നിലപാടായി സ്വീകരിച്ചു. എന്നാൽ 1950 പാർട്ടി അധികാരം പിടിച്ചെടുക്കുന്നതിനുള്ള തന്ത്രം സ്വീകരിച്ചു. എന്നിരുന്നാലും 1950 കളുടെ പകുതിയോടെ യു.എസിന്റെ സഹായത്തോടെ ഫിലിപ്പൈൻ സർക്കാർ ഹുക്ക് കലാപം തകർത്തു

1934 ൽ ടൈഡിംഗ്സ് മക്ഡഫി ആക്റ്റ് (ഫിലിപ്പൈൻസ് ഇൻഡിപെൻഡൻ ആക്റ്റ്) ഫിലിപ്പിനോകൾക്ക് അധികാരം കൈമാറാൻ പത്തുവർഷത്തെ കാലാവധി നൽകി. ഈ കാലയളവിൽ അമേരിക്ക ഫിലിപ്പൈൻസിൽ സൈനിക താവളങ്ങൾ നിലനിർത്തുകയും വിദേശനയം നിയന്ത്രിക്കുകയും ചെയ്യുന്നു. 1935 ൽ ഒരു പൊതുജനാഭിപ്രായമാണ് ഈ നിയമം അംഗീകരിച്ചത്. 1935 മുതൽ 1941 വരെ ക്യൂസോൺ ഫിലിപ്പിൻസ് പ്രസിഡന്റായിരുന്നു. പേൾ ഹാർബർ ആക്രമണത്തിനു ശേഷം ജപ്പാൻ ഫിലിപ്പീൻസ് പിടിച്ചടക്കിയത് അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും വലിയ സൈനിക പരാജയമായി കണക്കാ ക്കപ്പെടുന്നു. 23,000



ക്വസോൻ

ത്തോളം അമേരിക്കൻ സൈനികർ കൊല്ലപ്പെടുകയും അഥവാ പിടിക്കപ്പെടുകയും ചെയ്തു. അതുപോലെ ഒരു ലക്ഷത്തോളം ഫിലിപ്പിനോ സൈനികർ കൊല്ലപ്പെടുകയോ അഥവാ പിടിക്കപ്പെടുകയോ ചെയ്തു.



ഫിലിപ്പൈൻസ് സ്വാതന്ത്ര്യം

ജപ്പാനിലെ ആക്രമണം അവസാനിപ്പിച്ച ശേഷം നിയമത്തിൽ നൽകിയിട്ടുള്ള വാഗ്ദാനത്തെ യു.എസ്. മാനിച്ചു. 1946 ഏപ്രിലിൽ തിരഞ്ഞെടുപ്പ് നടന്നു ജൂലൈ 4 ന് ഫിലിപ്പീൻസ് തിരഞ്ഞെടുപ്പ് സ്വതന്ത്രമായി. യു.എസ്.എ. ഫിലിപ്പീൻസ് വിട്ടുപോയെങ്കിലും 1946 നും 1945 നും ഇടയിൽ ഹുക്സിനെതിരെ സൈനികപരിശീലനവുംസാമ്പത്തികസഹായവുംനൽകി. ഈ കാലയളവിലുടനീളം രാജ്യം യു.എസ്.എ യുടെ ഏറ്റവും വിശ്വസ്ത സഖ്യകക്ഷികളിൽ ഒന്നായിരുന്നു. 1954 ൽ യു.എസ്. ആധിപത്യമുള്ള സൗത്ത് ഈസ്റ്റ് ഏഷ്യൻ ട്രീറ്റി ഓർഗനൈസേഷനിൽ (സിയാറ്റോ) അംഗമായ മൂ ഏഷ്യൻ സംസ്ഥാനങ്ങളിൽ ഒന്നാണ് രാജ്യം.

സംഗ്രഹം

- വെർസൈൻസ് പീസ് ട്രീലിയുടെ അന്യായ സ്വഭാവം ലീഗ് ഓഫ് നേഷൻസിന്റെ പരാജയം, 1930 കളിലെ സാമ്പത്തിക മാന്ദ്യം ഇറ്റലി, ജർമ്മനി, ജപ്പാൻ തുടങ്ങിയ ഫാസിസ്റ്റ് ശക്തികളുടെ വിപുലീകരണ നയങ്ങൾ, രണ്ടാം ലോക മഹായുദ്ധം പൊട്ടിപുറപ്പെടുന്നതിന് കാരണമായവയെല്ലാം ചർച്ച ചെയ്യുന്നു.
- പേൾഹാർബറിനെതിരായ ജപ്പാൻ ആക്രമണം, സ്റ്റാലിൻഗ്രാഡ് യുദ്ധം, ഡ്രെസ്ഡൻ ബോംബാക്രമണം ഹിരോഷ്മയിലും നാഗസാക്കിയിലും അണുബോംബുക പതിച്ചതിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു.

12th_History_Mal_Unit_14.indd 238 2/28/2023 1:23:10 PM

- ആക്സിസ് ശക്തികളുമായും അവരുടെ സഖ്യകക്ഷികളുമായും സമാധാന പരിഹാരം, യു.എൻ.ഒ. സ്ഥാപിക്കൽ, യുദ്ധത്തിന്റെ ആകെ ഫലങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു.
- ചൈനീസ് കർഷകരുടെ ദുരിതങ്ങളും മഞ്ചു ഭരണാധികാരികൾപിന്തുടരുന്ന ഓപ്പൺ ഡോർ നയവും റബിട്ടയെും ഫ്രാൻസിന്റെയും വിദേശശക്തികളുടെ സ്വാധീന മേഖലകളായി ചൈനയെ രൂപപ്പെടുത്തുന്നു.
- ക്രിസ്ത്യാനിയുടെ വ്യാപനവും ചൈനീസ് ഭരണത്തിൽ വിദേശികളുടെ ഇടപെടലും ചൈനീസ് പ്രദേശങ്ങളുടെ ജാപ്പനീസ് ആക്രമണവും ചൈനക്കാരുടെ ദേശീയ വികാരത്തെ ചൂഷണം ചെയ്യുകയും അവരെ കലാപത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു.
- മഞ്ചു വന്യതയ്ക്കെതിരെ ചൈനക്കാരെ അണിനിരത്തുന്നതിലുംജനങ്ങളുടെസർക്കാർസ്ഥാപിക്കുന്നതിലും സൺ യാറ്റ് സെൻ മാവോ സെതുങ് എന്നിവർ വഹിച്ച പങ്ക് വിവരിക്കുന്നു.
- മാവോയുടെ ലോംഗ് മാർച്ചും തുടർന്നുള്ള സംഭവവികാസങ്ങളും ചൈനയിൽ കമ്മയൂണിസ്റ്റ് ഭരണം സ്ഥാപിക്കുന്നതിലേക്ക് നയിച്ചു..
- വിമോചന സമരങ്ങളുടെ ചരിത്രം ഇന്തോനേഷ്യയെയും ഫിലിപ്പൈൻസിനെയും പ്രത്യേകം പരാമർശിക്കുന്നു.
- മൂന്ന് വർഷത്തിലേറെയായി ഈ രണ്ട് പ്രദേശങ്ങളിലും ജാപ്പനീസ് അധിനിവേശവും ഒടുവിൽ ഇന്തോനേഷ്യയിലെയും ഫിലിപ്പൈൻസിലെയും കൊളോണിയൽ ഭരണകൂടങ്ങളെ അട്ടിമറിക്കുന്നതിലേക്ക്നയിക്കുന്ന ദേശീയപ്രസ്ഥാനങ്ങളുടെ ആവിർഭാവവും പര്യവേഷണം ചെയ്യപ്പെടുന്നു.

അഭ്യാസം

QXW0E

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

1. രണ്ടാം ലോകമഹായുദ്ധം പൊട്ടിപുറപ്പെടാനുള്ള കാരണം അല്ലാത്തത് എന്താണ്?
   (a) ജർമ്മനിയോട് സമാധാന നിബന്ധനകളുടെ അന്യായ സ്വഭാവം
   (b) ലീഗ് ഓഫ് നേഷൻസിന്റെ പരാജയം
   (c) 1930 കളിലെ സാമ്പത്തിക മാന്ദ്യം
   (d) കോളനികളിലെ ദേശീയ വിമോചന പ്രസ്ഥാനങ്ങൾ
2. കെല്ലോംഗ് റബിയാൻഡ് കരാർ ഒപ്പിട്ട വർഷം _____
   (a) 1927 (b) 1928 (c) 1929 (d) 1930
3. **അവകാശവാദം (A):** നിരായുധീകരണ സമ്മേളനം ലീഗ് ഓഫ് നേഷൻസ് സംഘടിപ്പിച്ചത് ജനീവയിൽ വെച്ച്.
   കാരണം (R): ജർമ്മനിയുടെ പുനഃക്രമീകരണം റഫാൻസിനു തുല്യമായി ആസൂത്രണം ചെയ്യുക എന്ന കാര്യം ആലോചനയ്ക്കായി വന്നു.
   (a) A, R ഉം ശരി R, A യെ വിശദീകരിക്കുന്നു
   (b) A, R ഉം ശരി R, A യെ വിശദീകരിക്കുന്നില്ല
   (c) A ശരിയാണ് R തെറ്റാണ്
   (d) A തെറ്റാണ് R ശരിയാണ്
4. ഏത് വർഷമാണ് ചൈനയിൽ നിന്നുള്ള മഞ്ചൂറിയയെ ജപ്പാൻ ആക്രമിച്ച് പിടിച്ചെടുത്തത്?
   (a) 1931 (b) 1932 (c) 1933 (d) 1934
5. _____ 19 ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്പിലെ വ്യവസായ രാജ്യങ്ങളിൽ ഏറ്റവും ശക്തനായി ഉയർന്നുവന്നു.
   (a) ഫ്രാൻസ് (b) സ്പെയിൻ
   (c) ജർമ്മനി (d) ഓസ്ട്രീയ
6. വെർസൈൽസ് ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരം 1935 ജനുവരിയിൽ _____ വച്ച് ഒരു ഹിതപരിശോധന നടത്തേണ്ടതായിരുന്നു..
   (a) സുഡെറ്റൻലാൻഡ് (b) റൈൻലാൻഡ്
   (c) ഡാർ (d) അൽസേസ്
7. **അവകാശവാദം (A):** യുദ്ധത്തിന്റെ രീതികൾ രണ്ടാം ലോക മഹായുദ്ധത്തിൽ മാറി.
   കാരണം (R): ട്രെഞ്ച് യുദ്ധം മാറി വ്യോമാക്രമണം ആയി.
   (a) A ഉം ശരി R, A യെ വിശദീകരിക്കുന്നു
   (b) A ഉം ശരി R, A യെ വിശദീകരിക്കുന്നി
   (c) A ശരിയാണ് R തെറ്റാണ്
   (d) A തെറ്റാണ് R ശരിയാണ്
8. 1939 ൽ ജർമ്മനി അധിനിവേശത്തിൽ ഒപ്പിട്ട ഉടമ്പടി ആരോടൊപ്പം _____
   (a) ഓസ്ട്രീയ (b) ഇറ്റലി
   (c) റഷ്യ (d) ബ്രിട്ടൻ

12th_History_Mal_Unit_14.indd 239 2/28/2023 1:23:10 PM

9. പേൾ ഹാർബറിന് നേരെ ജാപ്പനീസ് ആക്രമണം ആസൂത്രണം ചെയ്തത് _____

(a) യമമോട്ടോ (b) ഷുഷ്നിഗ്

(c) കൈസർ വില്യം II (d) ഹിരോഹിറ്റോ

10. പ്രസിഡന്റ് റൂസ്വെൽറ്റ് അവതരിപ്പിച്ച ലെൻഡ് ലീസ് സമ്പ്രദായം _____ സഹായകമായിരുന്നു

(a) ഫാസിസ്റ്റ് ശക്തികളെ പോരാടുന്നതിനു കൂടുതൽ സൈനികരെ രാജ്യത്തിനു നല്കുക

(b) ഹിറ്റ്ലറുടെ സൈന്യത്തിന്റെ കൊലപാതക ആക്രമണത്തിൽ നിന്ന് യഹൂദരെ സംരക്ഷിക്കുക

(c) സഖ്യകക്ഷികളുടെ വിഭവങ്ങൾ വികസിപ്പിക്കുക, ആയുധങ്ങളും വെടികോസ്സുകളും വിതരണം ചെയ്യുന്നു

(d) 2 ാം ലോക മഹായുദ്ധത്തിൽ പരിക്കേറ്റവർക്ക് മെഡിക്കൽ സേവനങ്ങൾ നല്കുക.

11. 1942 ആഗസ്റ്റ് ൽ പസഫിക്കിലെ യു.എസ്. സൈന്യം ആജ്ഞാപിച്ചത് _____

(a) മാക്ക് ആർതർ

(b) ഐസൻഹോവർ

(c) ജനറൽ ഡിഗല്ലെ

(d) ജോർജ്ജ് മാർഷൽ

12. യു.എസ് നാവികസേന ജാപ്പനീസ് നാവിക സേനയെ പരാജയപ്പെടുത്തിയ യുദ്ധം _____

(a) ബ്രിട്ടൻ (b) ഗ്യാഡാൻക്കനൽ

(c) എൽ അലമീൻ (d) മിഡ്വേ

13. ജർമ്മൻ സേനയ്ക്ക് അവരുടെ തിരിച്ചടി ആദ്യമായി നേരിട്ടത് _____

(a) പൊട്സ്ഡാം (b) എൽ അലമീൻ

(c) സ്റ്റാലിൻഗ്രാഡ് (d) മിഡ്വേ

14. ഇനിപ്പറയുന്നവയിൽ ഏതാണ് പോട്സ്ഡാം സമ്മേളനത്തിന്റെ പ്രഖ്യാപനത്തിൽ ഉൾപ്പെടാത്തത്?

(a) കിഴക്കൻ പ്രഷ്യയെ രണ്ടായി വിഭജിക്കുന്നത് വടക്കൻ ഭാഗം സോവിയറ്റ് യൂണിയനും തെക്ക് ഭാഗം പോളണ്ടിനും.

(b) മുൻ സ്വതന്ത്ര നഗരമായഡാൻസിഗിനെ സ്വീകരിക്കാൻ പോളണ്ടിനു നിർദ്ദേശം നല്കി.

(c) ജർമ്മനിയെ നാല് തൊഴിൽ മേലകളായ് വിഭജിക്കണംഅതിനെനിയന്ത്രിക്കുന്നത്യു.എസ്. എസ്.ആർ, ഗ്രേറ്റ് ബ്രിട്ടൻ, യുണൈറ്റഡ് സ്റ്റേറ്റ്സ്, ഫ്രാൻസ്

(d) ട്രൈസ്റ്റെ ഡോൺ എ എന്നും സോൺ ബി എന്നും സോൺ എ ഇറ്റലിയ്ക്കും സോൺ ബി യുഗോസ്ലാവിയയ്ക്കും പോയി.

15. ഇനിപ്പറയുന്നവയിൽ ഏതാണ് രണ്ടാം ലോക മഹായുദ്ധത്തിന്റെ ഫലമല്ലാത്തത്?

(a) 2 ാം ലോക മഹായുദ്ധം യുറോപ്യൻ രാജ വാഴ്ചകൾക്ക് മാരകമായിരുന്നു.

(b) ബ്രിട്ടനിലെ ലേബർ പാർട്ടി സർക്കാർ ക്ഷേമ രാഷ്ട്രം സ്ഥാപിച്ചു.

(c) ഫാസിസത്തിനെതിരായ പോരാട്ടം സാമ്രാജ്യത്തിനെതിരായ വിജയമായി മാറി

(d) യുണൈറ്റഡ് സ്റ്റേറ്റ്സും സോവിയറ്റ് റഷ്യയും ലോകത്തിലെ ഇരട്ടശക്തികളായി ഉയർന്നുവന്നു.

16. ഇനിപ്പറയുന്നവയിൽ ഏതാണ് ശരി?

1) ജനറൽ ഡി ഗല്ലെ - ഫ്രാൻസ്

2) ഹെയ്ൽ സെലാസി - എത്യോപ്യ

3) ജനറൽ ബാഡോഗ്ലിയോ- ജപ്പാൻ

4) അഡ്മിറൽ യമമോട്ടോ - ഇറ്റലി

(a) 1 , 2 (b) 2 , 3

(c) 3 , 4 (d) എല്ലാം ശരിയാണ്

17. രണ്ടാം ഒപ്പിയം യുദ്ധത്തിൽ ഫ്രാൻസ് ചേർന്നത്

(a) യുദ്ധത്തിൽ ബ്രിട്ടനെ സഹായിക്കാൻ

(b) ഫ്രാൻസിലേക്കുള്ള സ്വാധീനത്തിന്റെ ഒരു പ്രത്യേക ഗോളമുണ്ടാക്കാൻ

(c) മതപരമായ പ്രവർത്തനങ്ങൾക്ക് അനുമതി നേടാൻ

(d) ഒപ്പിയം വ്യാപാരത്തിൽ ഇടപഴകാനുള്ള ഫ്രഞ്ച് അവകാശങ്ങൾ സ്ഥിരപ്പെടുത്തുന്നതിന്..

18. മഞ്ചു രാജവംശത്തിന്റെ അന്ത്യം വന്ന വർഷം _____

(a) 1908 (b) 1911 (c) 1912 (d) 1916

19. 1898 ലെ സ്പാനിഷ് അമേരിക്കൻ യുദ്ധംനടക്കാനുണ്ടായ തർക്കം _____

(a) ക്യൂബ (b) ഫലിപ്പീൻസ്

(c) പ്യൂർട്ടോ റിക്കോ (d) ബറ്റേവിയ

20. **അവകാശവാദം (A):** 1946 ജൂലൈ 4 ന് ഫിലിപ്പീൻസ് സ്വതന്ത്രമായി.

കാരണം (R): ഫിലിപ്പീൻസ് യു.എസ് ആധിപത്യമുള്ള സൗത്ത് ഈസ്റ്റ് ഏഷ്യൻ ഉടമ്പടി സംഘടനയിൽ ചേർന്നു..

(a) A ഉം ശരി R, A യെ വിശദീകരിക്കുന്നു

(b) A ഉം ശരി R, A യെ വിശദീകരിക്കുന്നില്ല

(c) A ശരിയാണ് R തെറ്റാണ്

(d) A തെറ്റാണ് R ശരിയാണ്

12th_History_Mal_Unit_14.indd 240 2/28/2023 1:23:10 PM

II. ഹ്രസ്വമായ ഉത്തരങ്ങൾ എഴുതുക

1. കെല്ലോഗ് ബ്രിയാൻഡ് കരാറിന്റെ പ്രധാന്യം വെളിപ്പെടുത്തുക..
2. 1933 ൽ ജർമ്മനി ലീഗ് ഓഫ് നേഷൻസിൽ നിന്ന് പിൻമ്മാറിയത് എന്തുകൊണ്ട?
3. റോം ബെർലിൻ ആക്സിസിന്റെ രൂപീരൈണത്തിന്റെ പഞ്ചാത്തലം എന്തായിരുന്നു??
4. മ്യൂണിച്ച് കരാറിന്റെ സാരം എന്തായിരുന്നു?
5. ഡങ്കിർക്ക് പലായനം സംബന്ധിച്ച് നിങ്ങൾക്ക് എന്തൊക്കെ അറിയാം?
6. പേൾ ഹാർബറിനെതിരായ ജപ്പാൻ ആക്രമണത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുക..
7. അറ്റ്ലാന്റിക് ചാർട്ടറിന്റെ ആവശ്യ തത്വങ്ങൾ വിവരിക്കുക.
8. നാൻകിംഗ് ഉടമ്പടിയുടെ പ്രാധാന്യം പരിശോധിക്കുക.
9. 1902 ൽ ഫിലിപ്പൈൻിൽ സ്ഥാപിതമായ അടിയന്തര അമേരിക്കൻ ഭരണം വിശദീകരിക്കുക.
10. കാവൈറ്റ് പ്രക്ഷോഭത്തിന്റെ പ്രാധാന്യം വിലയിരുത്തുക.

III. ഹ്രസ്വമായ ഉത്തരങ്ങൾ എഴുതുക

1. സ്റ്റാലിൻഗ്രാഡിനെ പിടിച്ചെടുക്കാൻ ഹിറ്റ്ലർ താൽപര്യം കാണിച്ചത് എന്തുകൊണ്ട് അവന്റെ പ്ലാൻ എങ്ങനെയാണ് അദ്ദേഹത്തിന്റെ വാട്ടർലൂ ആയി മാറിയതെന്ന് ചൂണ്ടികാണിക്കുക.
2. ജർമ്മനിയിൽ സഖ്യസേന നടത്തിയ ബോംബാക്രമണം തീവ്രവാദ പ്രചാരണത്തിന്റെ പ്രതീകമായി വ്യക്തമാക്കുക.
3. ഹുക്ക് കലാപത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുക.
4. രണ്ടാം ലോക മഹായുദ്ധത്തിന്റെ പ്രധാന ഫലങ്ങൾ എടുത്തുകാണിക്കുക.
5. ചൈനയിലെ ബോക്സർ കലാപത്തിനെ കുറിച്ച് എഴുതുക.
6. ചൈനയുടെ ദേശീയ രാഷ്ട്രീയത്തിൽ കുമിന്റാങ് പാർട്ടിയുടെ പങ്ക് ചർച്ച ചെയ്യുക.
7. ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യത്തിന് സുകർ നേയുടെ സംഭാവന കണക്കാക്കുക.

IV. വിശദമായി ഉത്തരം നൽകുക

1. രണ്ടാം ലോക മഹായുദ്ധത്തിനുള്ള വിത്തുകൾ ഹെർസൈൽസ് ഉടമ്പടിയിൽ വിതച്ചു, കാരണങ്ങൾ ചർച്ച ചെയ്യുക.
2. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടാൻ ജർമ്മനിയും ഹിറ്റ്ലറും എത്രത്തോളം ഉത്തരവാദികളാണെന്ന് പരിശോധിക്കുക.
3. ചൈനയിൽ കമ്മ്യൂണിസ്റ്റ് സർക്കാർ സ്ഥാപിക്കുന്നതിന് മാവോ സേ തുങ്ങിന്റെ സംഭാവന വിവരിക്കുക..
4. ഇന്തോനേഷ്യയിലെയും ഫിലിപ്പൈൻസിലെയും വിമോചന സമരങ്ങളിലെ പൊതുവായതും വ്യത്യസ്തവുമായ സവിശേഷതകളുടെ താരതമ്യ വിശകലനം നടത്തുക..

V. പ്രവർത്തനം

1. ഫ്രം ഹീയർ റ്റു എറ്റർണിറ്റി എന്ന പേൾ ഹാർബറിനെപ്പറ്റിയുള്ള സിനിമ അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് കാണിച്ചുകൊടുക്കുക.
2. 2 ാം ലോകമഹായുദ്ധത്തിന്റെ ജപ്പാനിൽ അറ്റോമിക് ബോംബുകൾ യു.എസ് ഉപേക്ഷിച്ചതിനെ ന്യായീകരിക്കുന്നോ? സംവാദത്തിനായി വിദ്യാർത്ഥികൾക്ക് വിട്ടു കൊടുക്കുക.
3. ലോക ഭൂപടത്തിന്റെ ഔട്ട്ലൈനിൽ 2 ാം ലോക മഹായുദ്ധംനടന്ന പ്രധാനപ്പെട്ട രാജ്യങ്ങളുംയുദ്ധ സ്ഥലങ്ങളും അടയാളപ്പെടുത്താൻ അദ്ധ്യാപ കർ വിദ്യാർത്ഥികളെ നിർദ്ദേശിക്കുന്നു..
4. പ്രധാനപ്പെട്ട ജനറലുകളുടെ ജീവചരിത്രം യുവാൻഷികൈ, മാക്ക് ആർതർ, ജോർജ്ജ് മാർഷൽ, ജനറൽ ബഡോഗ്ലിയോ, ഇതുകൂടാതെ വിമത ദേശീയ നേതാക്കളായ ഹംഗ്സിയു ചുയാൻ, അഗ്യൂണാൾഡോ എന്നിവരെപ്പറ്റി എഴുതാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നു..

പരാമർശഗ്രന്ഥങ്ങൾ

- H.A. Davies, *An Outline History of the World,* Oxford University Press, 2006.
- Edward McNall Burns, *Western Civilizations*, vol. 2, W.W. Norton, New York, 1972
- R.D. Cornwell, *World History in the Twentieth Century,* Longman, 1972.
- Richard Overy (ed.), *Complete History of the World*, Harper Collins, 2007
- Amry Vandebosch, "Nationalism in Netherlands East Indies," *Pacific Affairs*, vol.4, no. 12, 1931.

12th_History_Mal_Unit_14.indd 241 2/28/2023 1:23:11 PM

GLOSSARY

reparation	payments made by a defeated nation after a war to pay for damages it caused to another nation	ഒരു യുദ്ധത്തിനുശേഷം പരാജയപ്പെട്ട രാജ്യങ്ങൾ അത് മറ്റൊരു രാജ്യത്തിനു വരുത്തിയ നാശനഷ്ടങ്ങൾ നല്കുന്ന നഷ്ട പരിഹാരവും പണവുമാണ് റിപ്പേരേഷൻ
disarmament	reduction of military forces and weapons	നൈിക സേനയുടെയും ആയുധങ്ങളുടെയും കുറവ് (നിരായുധീകരിക്കുക)
breach	go against the treaty, violate	ഉടമ്പടിക്ക് വിരുദ്ധമായി ലംഘിക്കുക
appeasement	conciliation	അനുരഞ്ജനം (പ്രീണിപ്പിക്കൽ)
evacuation	removing a person or persons from a place.	ഒരു സ്ഥലത്ത് നിന്ന് ഒരു വ്യക്തിയോ വ്യക്തികളെയോ നീക്കം ചെയ്യുക
embolden	give the courage to do something	ഏന്തെങ്കിലും ചെയ്യാൻ ധൈര്യം ന ൽകുക (ധൈര്യമായി)
concentration camp	a place where large numbers of people are kept as prisoners in extremely bad condition	വളരെ മോശമായ അവസ്ഥയിൽ ധാരാളം പേരെ ഒരുമിച്ച് തടവുകാരായി സൂക്ഷിക്കുന്ന സ്ഥലം
vindictive	revengeful	പ്രതികാരം
belligerent	one eager to fight; aggressive	യുദ്ധം ചെയ്യാൻ ഉത്സുകനായ ഒരാൾ ആക്രമണാത്മ (യുദ്ധവീരൻ)
unprecedented	never done, never known before	ഒരിക്കലും ചെയ്തിട്ടില്ല, മുമ്പ് അറിഞ്ഞിട്ടില്ല
quell	crush, suppress	തകർക്കുക അടിച്ചമർത്തുക
indemnity	obligation of an individual or a nation to bear the losses of another incurred in a war.	മറ്റൊരാൾക്ക് സംഭവിച്ച നഷ്ടത്തിന് ഒരു വ്യക്തിയോ രാജ്യത്തിന്റെയോ ബാധ്യത വഹിക്കുക
crew	staff who work on board a ship or aircraft	ഒരു കപ്പലിലോ വിമാനത്തിലോ ജോലി ചെയ്യുന്നവർ
treacherously	in a disloyal and faithless manner	അവിശ്വസ്തവും വിശ്വാസരഹിതവുമായ രീതിയിൽ (വഞ്ചനാപരമായി)
manifestation	appearance or demonstration	രൂപം അല്ലെങ്കിൽ പ്രകടനം
languish	to exist in an unpleasant condition	അസുഖകരമായ അവസ്ഥയിൽ നില നിൽക്കാൻ ക്ഷീണിക്കുന്നു
dodge	to trick to evade	ഒഴിവാക്കൽ കബളിപ്പിക്കൽ
persuade	convince someone to do something through reasoning or argument.	എന്തെങ്കിലും ചെയ്യാൻ ന്യായവാദ ത്തിലൂടെയോ വാദത്തിലൂടെയോ ആരെങ്കിലും ബോധ്യപ്പെടുത്തുക
seizure	capture, takeover, annexation	പിടിക്കുക, ഏറ്റെടുക്കുക കൂട്ടിച്ചേർക്കുക

12th_History_Mal_Unit_14.indd 242 2/28/2023 1:23:11 PM

ഐ.സി.ടി കോർണർ

രണ്ടാം ലോകമഹായുദ്ധത്തിന്റെ പൊട്ടിപ്പുറപ്പെടലും കോളനികളിൽ അതിന്റെ സ്വാധീനവും

ഈ പ്രവർത്തനത്തിലൂടെ രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ചുള്ള ചിത്രങ്ങളോട് കൂടിയ കാലനിർണ്ണയ രേഖാ സംഭവങ്ങൾ നിങ്ങൾക്ക് പഠിക്കാം



ഘട്ടം - 1 ബ്രൌസർ തുറന്ന് താഴെ പറയുന്ന യു ആർ എൽ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

ഘട്ടം - 2 പ്രദേശത്ത് സംഭവിച്ച സംഭവങ്ങൾ മനസ്സിലാക്കാൻ മാപ്പ് ക്ലിക്ക് ചെയ്യുകയും താഴത്തെ കാലനിർണ്ണയ രേഖയിൽ നിന്ന് ഏത് വർഷവും തെരഞ്ഞെടുക്കാം (**Ex.1939**)

ഘട്ടം - 3 രണ്ടാം ലോകമഹായുദ്ധ സംഭവങ്ങൾ പഠിക്കാൻ മാപ്പിൽ ബോക്സ് തെരഞ്ഞെടുക്കുക.



ഘട്ടം1



ഘട്ടം2



ഘട്ടം3

Web URL: https://www.abmc.gov/sites/default/files/interactive/interactive_files/WW2/index.html

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രം

*ബ്രൌസറിന് ആവശ്യമെങ്കിൽ ഫ്ളാഷ് പ്ലെയർ അല്ലെങ്കിൽ പാവാസ്ക്രിപ്റ്റ് പേജിലേക്ക് ശേഖരിക്കുക

12th_History_Mal_Unit_14.indd 243 2/28/2023 1:23:12 PM

യൂണിറ്റ്
15

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ലോകം

പഠന ലക്ഷ്യങ്ങൾ

സ്വയം പരിചയപ്പെടാൻ

- രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിൽ ഒരു ദ്വിധ്രുവ ലോകത്തിന്റെ ആവിർഭാവം
- യു.എസിന്റെ ധനസഹായത്തോടെ യൂറോപ്പിന്റെ യുദ്ധാനന്തര പുനർനിർമ്മാണവും ശീതയുദ്ധത്തിന്റെ ആരംഭവും
- സൈനീക കരാറുകൾ പ്രത്യയശാസ്ത്രപരലമായി രണ്ട് വ്യത്യാസ്ത ക്യാമ്പുകൾ രൂപീകരിക്കുന്നതിലേക്ക് നയിച്ചു. യു.എസ്.എ. യുടെ നേതൃത്വത്തിൽ നാറ്റോയും, യു.എസ്.എ യുടെ നേതൃത്വത്തിൽ വാർസോ ഉടമ്പടി രാജ്യങ്ങളും.
- ചേരിചേരാ പ്രസ്ഥാനവും മൂന്നാം ലോകരാജ്യങ്ങളും
- യു.എൻ.ഒ യും ആഗോള തർക്കങ്ങൾ പരിഹരിക്കുന്നതിൽ അതിന്റെ പങ്കും
- യൂറോപ്യൻ യൂണിയന്റെ രൂപീകരണവളം ഏകീകരണവും
- സോവിയറ്റ് യൂണിയന്റെ തകർച്ചയും ശീതയുദ്ധത്തിന്റെ അവസാനവും

ആമുഖം

രണ്ടാം ലോകമഹായുദ്ധം (1939 1945) സഖ്യശക്തികൾക്കും അക്ഷശക്തികക്കും തമ്മിൽ നടന്നു. ബ്രിട്ടനും, ഫ്രാൻസും, റഷ്യയും ചേർന്ന് സഖ്യശക്തി രൂപീകരിച്ചപ്പോൾ, 1941 ലെ പേൾ ഹാർബർ ആക്രമണത്തിനു ശേഷം അമേരിക്കൻ ഐക്യനാടുകൾ ഈ സഖ്യത്തിൽ ചേർന്നു. ജർമ്മനി ഇറ്റലി, ജപ്പാൻ എന്നിവയായിരുന്നു. അച്ചു ശക്തികൾ. സഖ്യശക്തികക്കിടയിൽ പ്രത്യയശാസ്ത്രപരമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നിട്ടും ജർമ്മനിയുടെ ഫാസിസ്റ്റ് യുദ്ധ വിരുദ്ധ മനോഭാവമാണ് അവരെ ഒരുമിച്ച് പ്രവർത്തിക്കാൻ പ്രേരിപ്പിച്ചത്. കമ്മ്യൂണിസ്റ്റ് നാടായ റഷ്യയോട് ചേരാൻ അമേരിക്കയും ബ്രിട്ടനും താല്പര്യം പ്രകടിപ്പിച്ചില്ല.

രണ്ടാം ലോകയുദ്ധ അവസാനത്തോടെ അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി. ആശയപരമായ മേധാവിത്വം നേടാനുള്ള ശ്രമത്തിൽ അവർ പരസ്പരം സംശയവും അവിശ്വാസവും വച്ചു പുലർത്തി ഇരു രാജ്യങ്ങളും തങ്ങളുടെ ആശയത്തെ ബലപ്രയോഗത്തിലൂടെയോ പ്രലോഭനത്തിലൂടെയോപ്രചരിപ്പിക്കാൻ ശ്രമിച്ചു. പുതുതായി ഉയർന്നുവന്ന ദ്വി ധ്രുവ ലോകത്ത് സോവിയറ്റ് യൂണിയനുമായോ സഖ്യമുണ്ടാക്കേണ്ടതായി വന്നു. ഇന്ത്യ ഉൾപ്പെടെയുള്ള ആഫ്രിക്കൻ ഏഷ്യൻ രരാജ്യങ്ങൾ ഒരു ചേരിയിലും യോജിപ്പില്ലാതെ തുടരാൻ തീരുമാനിച്ചു. ഈ രാജ്യങ്ങളുടെ കൂട്ടായ്മയുടെ ഫലമായി രൂപീകരിച്ച പ്രസ്ഥാനമാണ് ചേരിചേരാ പ്രസ്ഥാനം

രണ്ടാം ലോക യുദ്ധം മൂലമുണ്ടായ നാശവും സ്ഥാനദ്രംശവും ഒന്നാം ലോക യുദ്ധത്തേക്കാൾ വളരെ വലുതാണ്. അതിനാൽ ഭാവിയിൽ ഒരു യുദ്ധം തടയാൻ ലോക നേതാക്കൾ ഒരു ലോക സംഘടനയുടെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കി തൽഫലമായി ഐക്യരാഷ്ട്ര സംഘടന (UNO) 1945 ൽ സ്ഥാപിതമായി. അംഗരാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിൽ യു.എൻ.ഒ പ്രധാന പങ്ക് വഹിച്ചു. എന്നാൽ ശീതയുദ്ധ സാഹചര്യം യു.എൻ.ഒ സ്വതന്ത്രമായും ഫലപ്രദമായും പ്രവർത്തിക്കുന്നതിൽ നിന്നും തടഞ്ഞു. യുദ്ധം യൂറോപ്യൻ സമ്പദ്വ്യവസ്ഥയെ നശിപ്പിക്കുകയും പടിഞ്ഞാറൻ യൂറോപ്പിലെ നിരവധി നഗരങ്ങളുടെ തകർച്ചയ്ക്കും കാരണമായി തകർന്ന സമ്പദ്വ്യവസ്ഥയുടെ പുനർ നിർമ്മാണത്തിനായി യൂറോപ്യൻ രാജ്യങ്ങൾക്ക് ഒത്തുചേരേണ്ടത് ആവശ്യ മായി വന്നു. കാലക്രമേണ ശക്തമായ ഒരു കൂട്ടായ്മയ്ക്ക് അത് വഴിയൊരുക്കി.

12th_History_MAL_Unit_15.indd 244 2/28/2023 1:23:52 PM

ഈ അധ്യായത്തിൽ രണ്ട് വൻശക്തികളുടെ ആവിർഭാവം, അവരുടെ സ്വാധീന മേഖലകളെ വിപുലീകരിക്കാൻ അവർ ഉപയോഗിച്ച തന്ത്രങ്ങൾ, ചേരിചേരാ പ്രസ്ഥാനത്തിന്റെ ആവിർഭാവം, തർക്കങ്ങൾ പരിഹരിക്കുന്നതിൽ യു.എൻ.ഒ യുടെ പങ്ക്, യൂറോപ്പിലെ യുദ്ധാനന്തര പുനർ നിർമ്മാണം യൂറോപ്യൻ യൂണിയന്റെ സ്ഥാപനം, അവസാനമായി സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ശീതയുദ്ധത്തിന്റെ അവസാനം എന്നിവയെ കുറിച്ച് വിശകലനം ചെയ്യുന്നു.

15.1 യൂറോപ്പിലെ യുദ്ധാനന്തര അവസ്ഥ

രണ്ടാം ലോകയുദ്ധം ഒന്നാം ലോക യുദ്ധത്തേക്കാൾ വിനാശകരമായിരുന്നു. 60 ദശലക്ഷം പൊതുജനങ്ങൾ കൊല്ലപ്പെട്ടു. ആസൂത്രിതമായ വംശഹത്യയിൽ നാസികൾ 6 ദശലക്ഷം യൂറോപ്യൻ ജൂതൻമാരെ കൊന്നു. ദശലക്ഷകണക്കിന് ആളുകൾ ഭവനരഹിതരും അഭയാർത്ഥികളും ആയി യുദ്ധം തൊഴിൽശാലകളും കൃഷിസ്ഥലങ്ങളും നശിപ്പിച്ചു. വലിയ നഗരങ്ങളായ വാർസ, കീവ്, ടോക്കിയോ, ബെർലിൻ എന്നിവ പൂർണ്ണമായും തകർന്നു. യുദ്ധത്തിനുമുമ്പ് അന്താരാഷ്ട്ര രാഷ്ട്രീയത്തിൽ പ്രശസ്തി നേടിയിരുന്ന ബ്രിട്ടനും ഫ്രാൻസും ദയനീയമായി തകർന്നു. യുദ്ധാനന്തര യൂറോപ്പിൽ ഭക്ഷ്യ അസംസ്കൃത വസ്തുക്കളുടെ കുറവുായി. തൊഴിലില്ലായ്മ നിരക്ക് അധികരിച്ചു.

യുദ്ധാനന്തര ഭൗതികവാദ സാഹചര്യങ്ങൾ മുതലാളിത്ത രാജ്യങ്ങളുടെ വാണിജ്യ പ്രവർത്തനങ്ങളിൽ ഇടപെടാതിരിക്കൽ മനോഭാവത്തെ വെല്ലുവിളിച്ചു. പല യൂറോപ്യൻ രാജ്യങ്ങളും തങ്ങളുടെ പൗരൻമാരുടെ അവസ്ഥമെച്ചപ്പെടുത്തുന്നതിന് പ്രതിബദ്ധരായ സാമൂഹികഅവസ്ഥ മെച്ചപ്പെടുത്തുന്നതിന് പ്രതിജ്ഞാബദ്ധരായ സാമൂഹിക ക്ഷേമ രാജ്യങ്ങളായി മാറി. ഭരണകക്ഷികളുടെ നടപടികളിൽ സംതൃപ്തരല്ലാത്ത ദുരിതത്തിലായ ജനങ്ങൾ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളെ പിന്തുണയ്ക്കാൻ ആരംഭിച്ചു, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സജീവമായിരുന്ന ഗ്രീസിലും തുർക്കിയിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സജീവമായിരുന്ന ഗ്രീസിലും തുർക്കിയിലും ഇടതുപക്ഷ ചായ്വുള്ള പാർട്ടികളെയും പ്രസ്ഥാനങ്ങളേയും സോവിയറ്റ് യൂണിയൻ പിന്തുണച്ചു. 1948 ആയപ്പോഴേക്കും കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിൽ പ്രത്യേകിച്ച് റുമേനിയ ബൾഗേറിയ, ഹംഗാരി എന്നിവിടങ്ങളിൽ സോവിയറ്റുകൾ ഇടതുപക്ഷ സർക്കാരുകൾ സ്ഥാപിച്ചു. യുഗോസ്ലാവിയയിൽ നടന്ന തിരഞ്ഞെടുപ്പ് ടിറ്റോയുടെ കീഴിൽ ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രം രൂപീകരിക്കുന്നതിന് കാരണമായി. കിഴക്കൻ യൂറോപ്പിൽ കമ്മ്യൂണിസം അതിന്റെ പിടിശക്തമാക്കിയപ്പോൾ, പടിഞ്ഞാൻ യൂറോപ്പിൽ സോവിയറ്റ് സ്വാധീനമുള്ള പാർട്ടികൾ വരുന്നതിന്റെ ഭീഷണിയെക്കുറിച്ച് അമേരിക്കക്കാരും ബ്രിട്ടീഷുകാരും ആശങ്കപ്പെടാൻ തുടങ്ങി.

ദ്വിധ്രുവിയ ലോകത്തിന്റെ ആവിർഭാവം

ജർമ്മനിയുടെ പരാജയത്തെ തുടർന്ന് 1945 ജൂലൈയിൽ ജർമ്മനിയുടെ ഭാവിയെക്കുറിച്ച് ചർച്ച ചെയ്യാൻ ആദ്യം സ്റ്റാലിൻ, ട്രൂമാൻ, ചർച്ചിൽ എന്നിവരും പിന്നീട് ചർച്ചിലിനു ശേഷം ക്ലെമന്റ് ആറ്റ്ലി എന്നിവർ ചേർന്ന് ബെർലിനടുത്തുള്ള പോട്സ്ഡാമിൽ വച്ച് ഒരു യോഗം ചേർന്നു. ഈ കൂടിക്കാഴ്ചയിൽ അന്നുബോംബ് കണ്ടുപിടിച്ചതിനെ കുറിച്ച് ട്രുമാൻ ചർച്ചിലിനെ അറിയിച്ചു. സമ്മേളനത്തിന് ഏതാനും ദിവസങ്ങൾക്ക് ശേഷം അമേരിക്ക ജപ്പാനീസ് നഗരങ്ങളായ ഹിരോഷിമ, നാഗസാക്കി എന്നിവിടങ്ങളിൽ അണുബോംബുകൾ പതിച്ചു. ഈ നഗരങ്ങളിലെ ബോംബാക്രമണത്തോടെ ജാപ്പനീസ് ചക്രവർത്തി ഹിരോഹിറ്റോ തന്റെ രാജ്യത്തിന്റെ നിരുപാധികമായ കീഴടങ്ങൽ പ്രഖ്യാപിച്ചു. സോവിയറ്റ് യൂണിയനെ അറിയിക്കാതെ ജപ്പാനിൽ ബോംബാക്രമണം നടത്തിയത് 1949 ൽ സോവിയറ്റ് യൂണിയൻ അണുബോംബ് നിർമ്മിച്ചു.



ജോർജ് കെന്നൽ

അതേസമയം അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിൽ ലോകബാങ്കും അന്താരാഷ്ട്ര നാണയനിധിയും സൃഷ്ടിക്കുന്നതിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉയർന്നുവന്നു. 1946 ഫെബ്രുവരി 22 ന് മോസ് കോയിലെ അമേരിക്കൻ വ്യവഹാരങ്ങളുടെ പ്രതിനിധിയായിരുന്ന ജോർജ് കെന്നൽ 8,000 വാക്കുകൾ കൊണ്ട് ഒരു കമ്പി സന്ദേശം സർക്കാരിന് അയച്ച് കൊടുത്തു ലോങ് ടെലിഗ്രാം എന്നറിയപ്പെടുന്ന ഈ സന്ദേശത്തിൽ സോവിയറ്റ് യൂണിയൻ ദീർഘകാല സമാധാനപരമായ സഹവർത്തിത്വത്തിനുള്ള സാധ്യത കാണുന്നില്ലെന്ന് ഊന്നിപ്പറഞ്ഞു. ലോകത്ത് കമ്മയൂണിസ്റ്റ് വികസനത്തെ പ്രചരിപ്പിക്കുന്നതാണ് ഏറ്റവും നല്ല തന്ത്രമെന്ന് അഭിപ്രായപ്പെട്ടു.

1946 മാർച്ചിൽ മിസോറിയിലെ ഫുൾട്ടണിൽ സംസാരിക്കാൻ ക്ഷണിക്കപ്പെട്ട ചർച്ചിൽ, കിഴക്കൻ യൂറോപ്യൻ മേഖലയിൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ സ്ഥാപിക്കുന്നതിനുള്ള സോവിയറ്റ് നടപടിയെ അപലപിച്ചു. അദ്ദേഹം ബാൾട്ടിക്കിലുള്ള സ്റ്റെറ്റിൻ മുതൽ അഡ്രിയാട്ടിക്കിലെ ട്രസ്റ്റിവരെ ഇരുമ്പിന്റെ തിരശ്ശീല ഭൂഖണ്ഡത്തിലൂടെ നീളം വീശപ്പെട്ടിരിക്കുന്നു. എന്ന് പ്രഖ്യാപിച്ചു. കമ്മ്യൂണിസത്തിനെതിരെ ഉറച്ചു നിൽക്കുന്ന ഒരു പാശ്ചാത്യ സഖ്യത്തിന് അദ്ദേഹം ആഹ്വാനം ചെയ്തു. ചർച്ചിലിന്റെ പ്രസംഗം ശീതയുദ്ധത്തിന്റെ തുടക്കത്തെ സൂചിപ്പിക്കുന്നു. ചർച്ചിലിനെ ഒരു യുദ്ധപ്രേമി എന്ന് സ്റ്റാലിൻ വിമർശിച്ചു. ചർച്ചിലിന്റെ അയൺ കർട്ടർ പ്രസംഗത്തിനു ശേഷം കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾക്കു മേലുള്ള

12th_History_MAL_Unit_15.indd 245 2/28/2023 1:23:52 PM

സോവിയറ്റ് യൂണിയന്റെ കർശനത തുടർന്നു. 1947 ന്റെ അവസാനത്തോടെ ചെക്കോസ്ലോവാക്കിയ ഒഴികെ യുള്ള മറ്റെല്ലാ പ്രദേശങ്ങളും കമ്യൂണിസ്റ്റ് ഭരണത്തി ന്റെ കീഴിൽ കൊണ്ടുവരപ്പെട്ടു.



ചരച്ചിൽ ഫുർട്ടണിൽ

ബെർലിൻ ഉപരോധവും കിഴക്കൻ ജർമ്മനിയുടെയും പശ്ചിമ ജർമ്മനിയുടെയും രൂപീകരണവും

യാൾറ്റ, പോട്സ്ഡാം സമ്മേളന കരാറുകളുടെ അടിസ്ഥാനത്തിൽ തലസ്ഥാന നഗരമായ ബെർലി നുൾപ്പെടെ ജർമ്മനി നാല് മേഖലകളായി വിഭജിക്ക പ്പെട്ടു; അവ അമേരിക്കൻ മേഖല, ബ്രിട്ടൻ മേഖല, ഫ്രഞ്ച് മേഖല, കൂടാതെ സോവിയറ്റ് യൂണിയൻ മേഖല എന്നിവയാണ്.1948 ടെ തുടക്കത്തോടെ മൂന്ന് പടിഞ്ഞാറൻ മേഖലകൾ അതിവേഗ വളർച്ചയും വികാസവും രേഖപ്പെടുത്തി. ഇതിനു പകരമായി പശ്ചി മബെർലിനും പശ്ചിമ ജർമ്മനിയും തമ്മിലുള്ള ആശയ വിനിമയം സോവിയറ്റ് യൂണിയന് സമ്മർദ്ദം ചെലുത്തുന്നതായിരുന്നു. 1948 ജൂണിൽ സോവിയറ്റ് യൂണിയൻ പശ്ചിമ ബെർലിനും പശ്ചിമജർമ്മനിക്കും ഇടയിലുള്ള എല്ലാ റോഡ്, റയിൽ ഗതാഗതവും നിറു ത്തലാക്കി. വിമാനമാർഗ്ഗം ബെർലിനുമായി ബന്ധം നിലനിറുത്താൻ വിമാനമാർഗ്ഗം ബെർലിനുമായി ബന്ധം നിലനിറുത്താൻ പാശ്ചാത്യ ശക്തികൾ തീരുമാനിച്ചു. പതിനൊന്ന് മാസത്തോളം പശ്ചിമ ബെ ർലിന് ആവശ്യമായ ആവശ്യവസ്തുക്കൾ കുറഞ്ഞ ചിലവിൽ വിമാനമാർഗ്ഗം എത്തിച്ചും കൊടുക്കയു ണ്ടായി. 1949 മെയ് മാസത്തിൽ സോവിയറ്റ് യൂണിയൻ റോഡ് ഗതാഗത്തിന് ഏർപ്പെടുത്തിയ വിലക്ക് പിൻ വലിക്കുകയും ചെയ്തതോടെ പ്രതിസന്ധി അവസാ നിക്കുകയും ചെയ്തു. പാശ്ചാത്യ ശക്തികൾ ഈ സ്ഥലം ഒരു പടി മുന്നോട്ട് പോയി 1949 ഓഗസ്റ്റിൽ ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനി അഥവാ പ ാശ്ചാത്യ ജർമ്മനി രൂപീക്രതമായി. 1949 ഒക്ടോബറിൽ ജർമ്മൻ ഡെമോക്രാറ്റിക് റിപ്പബ്ലിക് അഥവാ കിഴക്കൻ ജർ മ്മനി രൂപീകരിച്ചു. ജർമ്മനിയുടെ വിഭജനം ശീതയുദ്ധ ത്തിന് യഥാർത്ഥ തുടക്കം കുറിച്ചതെങ്കിൽ 1990 ൽ ജർമ്മനിയുടെ ഏകീകരണം ശീതയുദ്ധത്തിന്റെ അവസാനത്തെ സൂചിപ്പിക്കുന്നു.



ബെർലിൻ ഉപരോധവും

15.2 ശീതയുദ്ധം

1947 ഏപ്രിൽ 16 ൽ അമേരിക്കൻ പ്രസിഡന്റിന്റെ ഉദ്ദോഷ്ടാവായിരുന്ന ബെർണാഡ് ബറൂച്ച് കൊളം ബിയയിലെ സ്റ്റേറ്റ് ഹൗസിൽ വച്ച് നടത്തിയ പ്രസം ഗത്തിൽ, രണ്ടാം ലോക യുദ്ധത്തിനു ശേഷം അമേരി ക്കക്കും സോവിയറ്റ് യൂണിയനും തമ്മിലുള്ള ബന്ധ ത്തെ ശീതയുദ്ധം (മുമ്പ് ഇംഗ്ലീഷ് എഴുത്തുകാരനും അനിമൽഫാമ എന്ന കൃതിയുടെ രചയിതാവുമായ ജോർജ് ഓർവെൽ ഉപയോഗിച്ചത്) എന്ന പദം കൊണ്ട് വിശേഷിപ്പിച്ചു. ആയുധങ്ങളില്ലാത്ത യുദ്ധമെന്ന് വിശേ ഷിപ്പിക്കുന്ന ശീതയുദ്ധം ആശയവിനിമയ രീതിയി ലുള്ള യുദ്ധമാണ്.

1945 നും 1991 നും ഇടയിൽ വൻ ശക്തികളുടെ വിദേശ നയത്തെ ശീത സമരം നിർവചിച്ചു. ഈ കാല യളവിലരണ്ട് ശക്തികളും നിരന്തരം സൈനിക തയ്യാറെ ടുപ്പിലായിരുന്നു. അമേരിക്ക തങ്ങളുടെ ചര ക്കുകളുടെ തുറന്ന വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുകയും കമ്യൂ ണിസത്തിന്റെ വ്യാപനം തടയാൻ ആഗ്രഹിക്കുകയും ചെയ്തു. മറുവശത്ത് സോവിയറ്റ് യൂണിയൻ കമ്മ്യൂ ണിസം പ്രചരിപ്പിക്കാൻ ആഗ്രഹി ക്കുകയും അതേ മൂല്യ വ്യവസ്ഥകൾ പങ്കിടുന്ന അതിർത്തികളിൽ സൗഹാ ർദ്ദപരമായ സർക്കാരുടെ സ്ഥാപിക്കുകയും ചെയ്തു. തങ്ങളുടെ ലക്ഷ്യം പൂർത്തിയാക്കുന്നതിനു വേണ്ടി രണ്ടു വൻ ശക്തികളും ആറ് പ്രധാന തന്ത്രങ്ങൾ സ്വീക രിച്ചു. അവ സാമ്പത്തിക സഹായം, സൈനിക ഉടമ്പടി കൾ, പ്രചാരണം, ചാരവൃത്തി, യുദ്ധത്തിനടുത്ത് എത്തുക ഒളിഞ്ഞിരുന്ന് യുദ്ധം ചെയ്യുക.

ശീതയുദ്ധ തന്ത്രങ്ങൾ

(a) സാമ്പത്തിക സഹായം

ട്രൂമാൻ പദ്ധതി

1945 ൽ ഗ്രീസിൽ ആഭ്യന്തര യുദ്ധം പൊട്ടി പുറ പ്പെട്ടു. വർഷങ്ങളായി ഗ്രീസിനു സഹായം നല്കി കൊണ്ടിരുന്ന ബ്രിട്ടൺ തന്റെ സ്വന്തം നാടിന്റെ സാമ്പ ത്തിക പ്രശ്നം പരിഹരിക്കാൻ തീരുമാനിച്ചപ്പോൾ ഗ്രീസിനു നല്കി കൊണ്ടിരുന്ന സഹാം നിറുത്ത ലാക്കി. കുറച്ചു കാലങ്ങൾക്കു ശേഷം തുർക്കിയിലും പ്രശ്നങ്ങൾ ആരംഭിച്ചപ്പോൾ ക്യൂണിസ്റ്റുകാർ തങ്ങ

12th_History_MAL_Unit_15.indd 246 2/28/2023 1:23:53 PM

ളുടെ നിയന്ത്രണം അവിടെ ഏർപ്പെടുത്തി. ഗ്രീസിലെയും തുർക്കിയിലെയും കമ്മ്യൂണിസ്റ്റ് കലാപങ്ങൾക്കെതിരെ പോരാടാൻ മേലിൽ തങ്ങൾക്കാവില്ലെന്നും, അതിനാൽ മാർച്ച് 31 വരെ അതിൽ നിന്നും പിൻമാറാൻ പോകുന്നതായും 1947 ൽ ബ്രിട്ടൻ അമേരിക്കയോട് പറഞ്ഞു. ഈ സാഹചര്യത്തിൽ അമേരിക്ക ഇടപെടാൻ തീരുമാനിച്ചു.പ്രസിഡന്റ് ഹാരിഎസ്.ട്രൂമാൻ ഗ്രീസിനെയും തുർക്കിയെയും പിന്തുണയ്ക്കാൻ തീരുമാനിച്ചു. കമ്മ്യൂണിസം വളർന്നു വരുന്ന രാജ്യങ്ങൾക്ക് സാമ്പത്തികവും സൈനികവുമായ സഹായം നല്കാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു. ശീയുദ്ധത്തിന്റെ അവസാനം വരെ ആധിപത്യം പുലർത്തിയിരുന്ന ട്രൂമാൻ സിദ്ധാന്തം എന്നറിയപ്പെടുന്ന കമ്മ്യൂണിസം ഉൾക്കൊള്ളുന്നതിനുള്ള അമേരിക്കൻ നയത്തിന്റെ ചട്ടക്കൂടാണ് ഇത്.



ട്രൂമാനും മാർഷലും

മാർഷൽ പദ്ധതി

ഗ്രീസിലെയും തുർക്കിയിലെയും അനുഭവത്തിന്റെ വെളിച്ചത്തിൽ കമ്മ്യൂണിസത്തെ നിയന്ത്രിക്കുന്നതിൽ അമേരിക്ക ഡോളറിന്റെ മൂല്യം എന്താണെന്ന് അമേരിക്ക മനസ്സിലാക്കി. അതുകൊണ്ട് അതുകൊണ്ട് തന്നെ കമ്മ്യൂണിസത്തെ നിയന്ത്രിക്കാൻ അതേ പാത പിന്തുടരാൻ അമേരിക്ക തീരുമാനിച്ചു. 1947 ജൂണിൽ പ്രസിഡന്റ് ട്രൂമാന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് സെക്രട്ടറി ജോർജ്ജ് സി. മാർഷൽ യുദ്ധം ബാധിച്ച യുറോപ്യൻ രാജ്യങ്ങൾക്കെല്ലാം സാമ്പത്തിക പദ്ധതി തയ്യാറാക്കി. അദ്ദേഹം അതിനെ ഒരു യൂറോപ്യൻ റിക്കവറി പ്രോഗ്രാം എന്ന് വിളിച്ചു. ഞങ്ങളുടെ നയം ഒരു രാജ്യത്തിനോ, സിദ്ധാത്തിനോ എതിരല്ല, വിശപ്പ്, ദാരിദ്ര്യം, നിരാശ, കുഴപ്പങ്ങൾ എന്നിവയ്ക്കെതിരെയാണ് എന്ന് മാർഷൽ പ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ യൂറോപ്യൻ രാജ്യങ്ങൾക്ക് സാമ്പത്തിക സഹായം നല്കി. അടുത്ത നാല് വർഷത്തിനുള്ളിൽ 13,000 ദശ ലക്ഷം ഡോളർ മാർഷൽ പദ്ധതിയുടെ പേരിൽ പടിഞ്ഞാറൻ യൂറോപ്പിന് നൽകി. 1948 ആയപ്പോഴേക്കും പതിനാറ് യൂറോപ്യൻ രാജ്യങ്ങളും ജർമ്മനിയുടെ മൂന്ന് പടിഞ്ഞാറൻ മേഖലകളും ചേർന്ന് യൂറോപ്യൻ സാമ്പത്തിക സഹകരണം (Drganisation for European Economic Cooperation OEEC) എന്ന സംഘടന രൂപീകരിച്ചു. മാർഷൻ പദ്ധതി നാല് വർഷം (1948 52) നീണ്ടു നിന്നു. സോവിയറ്റ് വിദേശ കാര്യ മന്ത്രി മെലോടോവ് മാർഷൽ പദ്ധതിയെ ഡോളർ സാമ്രാജ്യത്വം എന്ന് വിശേഷിപ്പിച്ചു. സോവിയറ്റ് വീക്ഷണത്തിൽ മാർഷൽ പദ്ധതി അമേരിക്കൻ സ്വാധീനം വ്യാപിപ്പിക്കുന്നതിനുള്ള തന്ത്രം മാത്രമായിരുന്നു.

മൊലടോവ് പദ്ധതി

മാർഷൽ പദ്ധതിയ്ക്ക് മറുപടിയായി സോവിയറ്റ് യൂണിയൻ 1947 സെപ്റ്റംബറിൽ കോമിൻഫോം (കമ്മ്യൂണിസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ) സ്ഥാപിച്ചു. എല്ലാ യൂറോപ്പ് കമ്മ്യൂണിസ്റ്റ് പാർട്ടികളെയും പ്രതിനിധീകരിക്കുന്ന ഒരു സംഘടനയാണിത്. കമ്മ്യൂണിസ്റ്റ് ഇതര രാജ്യങ്ങൾ തമ്മിലുള്ള വ്യാപാര ബന്ധത്തെ ഇത് നിരുത്സാഹപ്പെടുത്തുകയും അതിന്റെ അംഗ രാജ്യങ്ങളുമായി ഭൗതിക ശ്രമിക്കുകയും ചെയ്തു 1949 ൽ സോവിയറ്റ് യൂണിയൻ അതിന്റെ സാമ്പത്തികപദ്ധതി മൊലടോവ് പ്ലാൻ എന്ന പേരിൽ പുറത്തിറക്കി. സോവിയറ്റ് യൂണിയന്റെയും അതിന്റെ ഉപഗ്രഹ സംസ്ഥാനങ്ങളുടെയുംസാമ്പത്തികനയങ്ങളെഏകോപിപ്പിക്കുന്നതിനായി കോമ്കൻ എന്നറിയപ്പെടുന്ന മറ്റൊരു സംഘടന രൂപീകരിച്ചു.



ജോസഫ് സ്റ്റാലിനും മൊലാടോവും

(b) സൈനിക ഉടമ്പടികൾ

സൈനിക കരാറുകളിൽ ഒപ്പുവച്ചുകൊണ്ട് തന്ത്രപരമായ സഖ്യങ്ങൾ ഉണ്ടാക്കുകയെന്നത് ഇരു ശക്തികളും തങ്ങളുടെ ക്യാമ്പുകൾ വിപുലീകരിക്കാൻ ഉപയോഗിച്ച മറ്റൊരു പ്രധാന രാഷ്ട്രമായിരുന്നു. ചെക്കോസ്ലോവാക്യ, മുതലാളിത്തചേരിയും സോവിയറ്റ് യൂണിയനും തമ്മിലുള്ള നിഷ്പക്ഷ മേഖലയായിരുന്നു ഇത്. 1948 മെയ് മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വിജയിച്ചു. ഇത് പാശ്ചാത്യ ശക്തികളെ കൂടുതൽ ഭയപ്പെടുത്തി.

നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈ സേഷൻസ് (NATO)

അമേരിക്കയുടെ സൗഹൃദം ഉണ്ടായിരുന്നിട്ടും, പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങൾക്ക് അരക്ഷിതാവസ്ഥ അനുഭവപ്പെട്ടു. ചെക്കോസ്ലോവാക്യയിലെ കമ്മ്യൂണിസ്റ്റ് വിജയം അവരുടെ ഭയം വർദ്ധിപ്പിച്ചു.

12th_History_MAL_Unit_15.indd 247 2/28/2023 1:23:53 PM

1952 നവംബർ 1 ന് അമേരിക്ക ലോകത്തിലെ ആദ്യത്തെ ഹൈഡ്രജൻ ബോംബായ മൈക്ക് പസഫിക് മാർഷൽ ദ്വീപുകളിലെ എലഗ്ലാബ് അറ്റോളിൽ വിജയകരമായി സ്ഫോടനം നടത്തി. മൂന്ന് വർഷങ്ങൾക്കു ശേഷം 1955 നവംബർ 22 ന് സോവിയറ്റ് യൂണിയൻ ആദ്യത്തെ ഹൈഡ്രജൻ ബോംബ് പരീക്ഷിച്ചു.

കൂട്ടായ സുരക്ഷാ പരിഹാരം പരിഗണിക്കാൻ പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങൾ താല്പര്യം പ്രകടിപ്പിച്ചു. ബ്രിട്ടൺ, ഫ്രാൻസ്, ബെൽജിയം, നെതർലാന്റ്സ്, ലക്സംബർഗ്, എന്നീ നാടുകളിലെ പ്രതിനിധികൾ ബ്രസ്സൽസിൽ കൂടിക്കാഴ്ച നടത്തി 1948 മാർച്ചിൽ കരാർ ഒപ്പിട്ടു. ഇത് സൈനിക, രാഷ് ട്രീയ സാമ്പത്തിക സാംസ്കാരിക സഹകരണത്തിന് വഴിതെളിച്ചു. കുറച്ചു കാലത്തിനു ശേഷം അമേരിക്ക, ഇറ്റലി, കാനഡ, നോർവെ, അയർലാൻഡ്, പോർച്ചുഗൽ, ഐസ്ലാന്റ്, തുടങ്ങിയ രാജ്യങ്ങളും മുകളിൽ പറഞ്ഞ അഞ്ച് ബ്രസൽസ്സ് ഉടമ്പടി നാടുകളും ചേർന്ന് നാറ്റോ സഖ്യം രൂപീകരിച്ചു. ഈ സഖ്യത്തിനു കീഴിൽ എല്ലാ അംഗ രാജ്യങ്ങളും കൂട്ടായി നിലകൊള്ളണമെന്നും, ഏതെങ്കിലും അംഗരാജ്യങ്ങൾ ആക്രമിക്കപ്പെട്ടാൽ അത് എല്ലാവർക്കുമുള്ള ആക്രമണമായി കണക്കാക്കുകയും അവരുടെ പ്രതിരോധ സേനയെ ഒരു സംയുക്ത നാറ്റോ കമാൻഡ് ഓർഗനൈസേഷന്റെ കീഴിൽ നിയമിക്കുകയും ചെയ്തു. ഈ കൂട്ടായ പ്രതിരോധ ക്രമീകരണം യൂറോപ്പിലോ വടക്കോ അമേരിക്കയിലോ നടന്ന ആക്രമണങ്ങൾക്ക് മാത്രമേ ബാധകമാകൂ. കൊളോണിയൽ പ്രദേശങ്ങളിലെ സംഘട്ടനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. 1952 ൽ ഗ്രീസിനെയുംതുർക്കിയെയുംനാറ്റോയിൽഅംഗമാക്കുകയും, പശ്ചിമ ജർമ്മനി 1955 ൽ ഇതിൽ അംഗമാവുകയും ചെയ്തു.



നാറ്റോ ഉടമ്പടി 1950

വാർസ ഉടമ്പടി സംഘടന

പശ്ചിമ ജർമ്മനി നാറ്റോയിൽ അംഗമായപ്പോൾ സോവിയറ്റ് യൂണിയൻ ഇത് നേരിടുള്ള ഭീഷണിയായി കാണുകയും ഒരു പ്രതിവാദ ക്രമീകരണം നടത്താൻ തീരുമാനിക്കുകയും ചെയ്തു. 1955 മെയ് മാസത്തിൽ സോവിയറ്റ് യൂണിയനും അതിന്റെ ഏഴ് യൂറോപ്യൻ സഖ്യകക്ഷികളും ചേർന്ന് പരസ്പര സൗഹൃദം, സഹകരണം, പരസ്പര സഹായം എന്നീ ഉടമ്പടികളിൽ ഒപ്പു വച്ചു. പോളണ്ടിന്റെ തലസ്ഥാനമായ വാർസയിൽ വച്ച് ഇത് ഒപ്പുവച്ചതിനാൽ ഇത് വാർസ ഉടമ്പടി എന്ന് അറിയപ്പെടുന്നു. സോവി യറ്റ് യൂണിയൻ, അൽബേനിയ, പോളണ്ട്, റൊമാനിയ, ഹംഗരി, കിഴക്കൻജർമ്മനി, ചെക്കോസ്ലോവാക്യ, ബൾഗേറിയ എന്നീ രാജ്യങ്ങൾ ഇതിൽ അംഗങ്ങളായിരുന്നു. ഏതെങ്കിലും അംഗത്തെ ബാഹ്യശക്തി ക്രമിച്ചാൽ അതിനെ പ്രതിരോധിക്കാൻ ഈ ഉടമ്പടി അംഗരാജ്യങ്ങളോട് ആവശ്യപ്പെട്ടു. സോവിയറ്റ് യൂണിയനിലെ മാർഷൽ ഇവാൻ എസ്. കൊനെവിന്റെ കീഴിൽ ഒരു ഏകീകൃത സൈനീക കമാൻഡും രൂപീകരിച്ചു. സോവിയറ്റ് യൂണിയന്റെ തകർച്ചയുടെ വർഷമായ 1991 വരെ വാർസാ കരാറും നിലനിന്നു.



മധ്യ, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെ സംഗമം

തെക്ക് കിഴക്ക് ഏഷ്യൻ ഉടമ്പടി സംഘടന (SEATO)

1949 ൽ മാവോയുടെ നേതൃത്വത്തിൽ ചൈന കമ്മ്യൂണിസ്റ്റ് രാജ്യമായി മാറി ചൈനയിൽ നിന്ന് കൊറിയയിലേക്ക്കമ്മ്യൂണിസംവ്യാപിക്കുകയുണ്ടായി. ഏഷ്യൻ മേഖലയിൽ കമ്മയൂണിസം വ്യാപിച്ചതിൽ പരിഭ്രാന്തരായി 1951 സെപ്റ്റംബറിൽ അമേരിക്ക, ഓസ്ട്രേലിയ, ന്യൂസിലാന്ഡ് എന്നീ രാജ്യങ്ങൾ ചേർന്ന് ട്രൈപാർട്ടൈറ്റ് സൈനിക സഖ്യം ഒപ്പുവച്ചു. (ഇത് ANZUS ഉടമ്പടി) എന്നറിയപ്പെടുന്നു. 1954 ൽ അമേരിക്ക ദേശീയവാദ ചൈന തായ്വാൻയുമായി പരസ്പര പ്രതിരോധ ഉടമ്പടിയിൽ ഒപ്പുവച്ചു. ഇതിൻ പ്രകാരം തായ്വാൻ കമ്മ്യൂണിസ്റ്റ് ചൈനയാൽ ആക്രമിക്കപ്പെട്ടാൽ അമേരിക്ക തായ്വാന് സഹായം നല്കും.

1954 സെപ്റ്റംബറിൽ അമേരിക്ക, ഫ്രാൻസ്, ഇംഗ്ലണ്ട്, ന്യൂസിലാന്റ്, ഓസ്ട്രേലിയ, ഫിലിപ്പിൻസ്, തായ്ലാൻഡ് എന്നീ രാജ്യങ്ങൾ ചേർന്ന് തെക്കു കിഴക്കൻ ഏഷ്യ ഉടമ്പടി സംഘടന (സിയാറ്റോ) രൂപീകരിച്ചു. നാറ്റോയുടെ ഏഷ്യൻ. പസഫിക് പതിപാപയിട്ടാണ് സിയാറ്റോയെ കാണുന്നത്. എന്നാൽ ഫിലിപ്പൈൻസും തായ്ലാൻഡും ഒഴികെയുള്ള മറ്റ് രാജ്യങ്ങൾ അതിന്റെ ഭാഗമാകാൻ വിസമിച്ചു. എന്നതാണ് ശ്രദ്ധേയം. ഈ സഖ്യത്തിന്റെ ആസ്ഥാനം ബാങ്കോക്കിലായിരുന്നു. കൂടി ആലോചനയ്ക്കായി മാത്രമാണ് സിയാറ്റോ നിലനിന്നിരുന്നത്. ഓരോ രാജ്യത്തെയും ആഭ്യന്തര ഭീഷണികളോട് വ്യക്തിപരമായി പ്രതികരിക്കാൻ ഈ

12th_History_MAL_Unit_15.indd 248 2/28/2023 1:23:53 PM

സംഘടന അനു വദിക്കുന്നു. നാറ്റോയെപ്പോലെ സിയാറ്റോയും ജനപ്രിയമായിരുന്നില്ല. വിയറ്റ്നാം യുദ്ധം അവസാനിച്ച തോടെ 1977 ൽ സിയാറ്റോ പിരിച്ചുവിട്ടു.



മനിലയിലെ സിയാറ്റോ സമ്മേളനം

കേന്ദ്ര ഉടമ്പടി സംഘടന (CENTO)

1955 ഫെബ്രുവരിയിൽ ഇറാഖും തുർക്കിയും ബാഗ്ദാദിൽ പരസ്പര സഹകരണ ഉടമ്പടിയിൽ ഒപ്പു വച്ചു. ഇതിലെ അംഗത്വം മേഖലയിലെ എല്ലാ രാജ്യങ്ങൾക്കും ലഭ്യമാണ്. ഏപ്രിലിൽ ഇംഗ്ലണ്ട് ഈ സംഘടനയിൽ അംഗമായതിനെ തുടർന്ന് പാകിസ്ഥാനും ഇവനും ഇതിൽ അംഗത്വം നേടി. കമ്മ്യൂണിസ്റ്റ് സ്വാധീനം പരിശാധിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. 1958 ൽ മധ്യ കിഴക്കൻ പ്രദേശങ്ങളിൽ തുടർച്ചയായി നടന്ന ചില സംഭവങ്ങൾ അവിടുത്തെ പ്രാദേശിക സ്ഥിരതയ്ക്ക് ഭീഷണിയായി മാറി. അതിൽ പ്രധാനപ്പെട്ടത് ഈജിപ്ത് സിറിയ ഐക്യം, ഇറാഖിലെ വിപ്ലവം, ലെബാനാ നിലെ ആഭ്യന്തര അശാന്തി എന്നിവയാണ്. ഈ സംഭാവ വികാസങ്ങളുടെ ഫലമായി അമേരിക്ക ലെബനോനിൽ ഇടപെട്ടു. ഇറാനൊഴികെ ബാഗ്ദാദ് ഉടമ്പടിയിലെ അംഗങ്ങൾ അമേരിക്കയുടെ ഇടപെടലിന് അംഗീകാരം നൽകി. ഇറാഖ് ഉടമ്പടിയിൽ നിന്നും പിൻമാറി തൽഫലമായി ഉടമ്പടിയിലെ മറ്റ് അംഗങ്ങൾ ചേർന്ന് കേന്ദ്ര ഉടമ്പടി സംഘടന (സെന്റോ) രൂപീകരിച്ചു. ഇതിന്റെ ആസ്ഥാനം തുർക്കിയിലെ അങ്കാറയിലേക്ക് മാറ്റി. ഈ സംഘടനയിൽ അംഗത്വ മാകാതെ സഹപ്രവർത്തകൻ എന്ന നിലയിൽ അമേരിക്ക ഈ സംഘടനയെ പിൻതുണച്ചു കൊണ്ടിരുന്നു. 1979 ൽ നടന്ന ഇറാനിയൻ വിപ്ലവം അവിടുത്തെ ഷാ ഭരണത്തെ അട്ടിമറിക്കുകയും തുടർന്ന് ഇറാൻ സെന്റോയിൽ നിന്ന് പിൻമാറുകയും ചെയ്തു. സംഘടന സജീവമായി പ്രവർത്തിക്കാത്തതിനാൽ ആ വർഷം പാകിസ്ഥാനും പിൻമാറി. 1979 ൽ ഔദ്യോഗികമായി പിരിച്ചുവിട്ടു.

(c) പ്രചരണം

ശീതയുദ്ധകാലത്ത് അമേരിക്കയും സോവിയറ്റ് യൂണിയനും തങ്ങളുടെ പ്രത്യയശാസ്ത്രത്തെ മഹത്വവത്കരിക്കുന്നതിന് ഫലപ്രദമായ ഉപകരണങ്ങളായി പ്രചാരണത്തെ ഉപയോഗിക്കുകയും അതേ സമയം എതിരാളികളുടെ മൂല്യങ്ങളെയും ആദർശങ്ങളെയും വിമർശിക്കുകയും ചെയ്തു. അമേരിക്കൻ അനുകൂല മൂല്യങ്ങൾ, സിനിമ, ദൂരദർശൻ, സംഗീതം, സാഹിത്യം, കല എന്നിവയിലൂടെ പ്രശസ്തിയാൽജിച്ചു. മുതലാളിത്തത്തിന്റെ ആശയ സംഹിതയെ പ്രോത്സാഹിപ്പിക്കുമ്പോൾ കമ്യൂണിസത്തെ ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമായും സാമൂഹിക സാമ്പത്തിക വ്യവസ്ഥയായും അമേരിക്ക അപലപിച്ചു. മറിച്ച് സോഷ്യലിസ്റ്റ് ചട്ടക്കൂടിനുള്ളിലെ കൂട്ടായ പ്രവർത്തനവും കൂട്ടായ നേതൃത്വവും പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് സോ വിയറ്റ് യൂണിയൻ പ്രചാരണം രൂപകൽപ്പന ചെയ്തത്. ചൂഷണപരമായ മുതലാളിത്തത്തെ മായ്ക്കുന്നതിനുള്ള ഒരു മുഖമായായി ജനാധിപത്യത്തെയും കമ്പോള സമ്പദ്വ്യവസ്ഥയെയും വിശേഷിപ്പിച്ചു

(d) ചാരവൃത്തി



സി.ഐ.എ ആസ്ഥാനം

സൈനിക രഹസ്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും സർക്കാർ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി രണ്ട് വൻശക്തികളും ഉപയോഗിച്ചിരുന്ന ഒരു പ്രധാന തന്ത്രമായിരുന്നു ചാരവൃത്തി. ശീതയുദ്ധകാലത്ത് ഈരണ്ട് വൻശക്തികളും ശക്തമായ രഹസ്യാന്വേഷണ ശേഖരണ ഏജൻസികൾ രൂപീകരിച്ചു. അമേരിക്കൻ ഐക്യനാടുകൾ സെൻട്രൽ ഇലിജൻസ് ഏജൻസി (സി.ഐ.എ) 1947 ൽ സ്ഥാപിച്ചു. സോവിയറ്റ് യൂണിയന്റെ കോമിറ്റെറ്റ് ഗോസുദാർസ്റ്റെനോയ് ബെസോ പാസ്റോസ്റ്റി (കെ.ജി.ബി) അഥവാ ദേശീയ സുരക്ഷ കമ്മിറ്റി 195 ൽ രൂപീകരിച്ചു. ചാരവൃത്തി യുദ്ധങ്ങൾ വളരെയധികം സംശയത്തിനും വിദ്വേഷത്തിനും കാരണമായി. നായകൻമാരും വില്ലൻമാരുമായി ചാരൻമാരുള്ള ജനപ്രീയ സിനിമകളും നോവലുകളും ഈ കാലഘട്ടത്തിൽ പ്രചരിപ്പിച്ചു. (ഉദാ: ജെയിംസ് ബോണ്ട് സിനിമകൾ).



KGB ആസ്ഥാനം

12th_History_MAL_Unit_15.indd 249 2/28/2023 1:23:53 PM

(e) ബ്രിങ്ക്മാൻഷിപ്പ്

ശീതയുദ്ധകാലത്ത് ബ്രിങ്ക്മാൻഷിപ്പ് എന്ന പദം നിരന്തരം ഉപയോഗിച്ചിരുന്നു. അമേരിക്കയുടെ സർക്കാർ പ്രതിനിധിയായിരുന്ന ജോൺ ഫോസ്റ്റർ ഡള്ള് 1956 ൽ ലൈഫ് എന്ന വാരികയ്ക്കു നല്കിയ അഭിമുഖത്തിലാണ് ഈ വാക്ക് ആദ്യമായി ഉപയോഗിച്ചത്. ഒരു നയതന്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹം ഇപ്രകാരം അവകാശപ്പെട്ടു. യുദ്ധത്തിന്റെ വക്കിലെത്താൻ നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ നിങ്ങൾക്ക് നിങ്ങളെ നഷ്ടപ്പെടും. ഈ നയത്തിന്റെ ഒരു ഉദാഹരണം 1962 ൽ സോവിയറ്റ് യൂണിയൻ ക്യൂബയിൽ ആണവമിസൈലുകൾ സ്ഥാപിച്ചതാണ്. ഇത് ഏതാണ്ട് ഒരു ആണവയുദ്ധത്തിന് കാരണമായി. ക്യൂബയെ ചുറ്റി ഒരു നാവിക ഉപരോധം ഏരപ്പെടുത്തിയാണ് അമേരിക്ക ഇതിനെതിരെ പ്രതികരിച്ചത്. ഒടുവിൽ വളരെയധികം ചർച്ചകൾക്കു ശേഷം ക്യൂബയിൽ നിന്നും മിസൈലുകൾ നീക്കം ചെയ്തു.

അപകടകരമായ സംഭവങ്ങളെ സജീവമായ സംഘട്ടനത്തിന്റെ വക്കിലെത്തിച്ച് പ്രയോജനകരമായ ഒരു ഫലം നേടാൻ ശ്രമിക്കുന്ന തീതി യാണ് ബ്രിങ്ക് മാൻഷിപ്പ് അന്താരാഷ്ട്ര രാഷ്ട്രീയം, വിദേശ നയം, സൈനിക തന്ത്രം എന്നീ മേഖലകളിൽ ഇത് സംഭവിക്കുന്നു. കൂടാതെ ആണവായുധങ്ങളുടെ ഭീഷണി പോലും ഉൾപ്പെടാവുന്നതാണ്



ക്യൂബൻ മിസൈൻ പ്രതിസന്ധി

(f) സറോഗേറ്റ് യുദ്ധം

അമേരിക്കയും സോവിയറ്റ് യൂണിയനും ശീത യുദ്ധ തന്ത്രത്തിന്റെ ഭാഗമായി സറോഗേറ്റ് യുദ്ധങ്ങളിൽ (മറഞ്ഞിരുന്ന് യുദ്ധം ചെയ്യുക) ഏർപ്പെട്ടിരുന്നു. 1950 53 ലെ കൊറിയൻ യുദ്ധവും 1955 75 ലെ വിയറ്റ്നാം യുദ്ധങ്ങളും ശീതയുദ്ധത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ് ഈ രണ്ട് യുദ്ധങ്ങളിലും സോവിയറ്റ് യൂണിയൻ ഉത്തര കൊറി യയിലും ഉത്തര വിയറ്റ്നാമിലും കമ്മ്യൂണിസ്റ്റ് സർക്കാരിനെ പിന്തുണച്ചു. അമേരിക്ക തെക്കൻ കൊറി യെയും തെക്കൻ വിയറ്റ്നാമിനേയും പിന്തുണച്ചു. ഈ യുദ്ധങ്ങൾ വലിയ തോതിൽ ജീവഹാനിയും, സാമ്പത്തിക നഷ്ടങ്ങൾക്കും കാരണമായികൂടാതെ ആഭ്യന്തര യുദ്ധങ്ങളും പൊട്ടിപുറപ്പെട്ടു. ഈ യുദ്ധങ്ങളിൽ അന്താരാഷ്ട്ര അഭിപ്രായങ്ങൾ ശേഖരിച്ചു. വിയറ്റ്നാം വിരുദ്ധ പ്രതിഷേധം അമേരിക്കയുടെയും പടിഞ്ഞാറൻ യൂറോപ്പിന്റെയും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തി.

15.3 മൂന്നാം ലോകരാജ്യങ്ങളും ചേരിചേരായ്മയും

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഏഷ്യ, ആഫ്രിക്ക ലാറ്റിൻ അമേരിക്ക എന്നിവിളിലെ പല കൊളോണിയൽ രാജ്യങ്ങൾക്കും സാമ്രാജ്യത്വ ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചു. അമേരിക്ക യുടെയും സോവിയറ്റ് യൂണിയന്റെയും ശീതയുദ്ധ തന്ത്രത്തില പുതുതായി രൂപീകരിച്ച സ്വതന്ത്ര രാജ്യങ്ങൾ അസ്വസ്ഥരായി വൻശക്തികളെ സാമ്രാജ്യത്വത്തിന്റെ മറ്റൊരുരൂപമായിട്ടാണ് അവർ കണ്ടത്. അതിനാൽ അതരം രാഷ്ട്രീയത്തിൽ നിന്ന് വിട്ട് നിൽക്കാൻ ഈ രാജ്യങ്ങൾ തീരുമാനിച്ചു. 1952 ൽ ഫ്രഞ്ച് ജനസംഖ്യാശാസ്ത്രജ്ഞനും ചരിത്രകാരനുമായ ആൽഫ്രഡ് സ്വാമി ആവിഷ്കരിച്ച മൂന്നാം ലോക രാജ്യങ്ങൾ എന്ന് സ്വയം വിശേഷിപ്പിച്ച അവർ തങ്ങളുടെ വിദേശ കാര്യങ്ങളിൽ സ്വതന്ത്രവും നിഷ്പക്ഷ വുമായ നയം പിന്തുടരാൻ തീരുമാനിച്ചു.

ചേരിചേരാ പ്രസ്ഥാനം (NAM)



ബന്ദുങ് സമ്മേളനം

1955 ൽ ദ്യത്തെ ആഫ്രിക്കൻ ഏഷ്യൻ സമ്മേളനംഇന്തോനേഷ്യയിലെബന്ദുങ്ങിൽനടന്നു. അവിടെ 29 രാജ്യങ്ങൾ കൂടുതലും പുതുതായി സ്വാതന്ത്ര്യം ലഭിച്ച ഈജിപ്ത്, ഇന്തോനേഷ്യ, ഇന്ത്യ, ഇറാഖ്, ചൈനയിലെ ജനാധിപത്യരാഷ്ട്രം എന്നിവയായിരുന്നു. ഇവർ കോളനി ആധിപത്യത്തെയും വർണ്ണ വിവേചനത്തെയും ശീതയുദ്ധം മൂലം വർദ്ധിച്ചു വരുന്ന പിരിമുറുക്കങ്ങളെയും അപലപിച്ചു. ലോക സമാധാനവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രഖ്യാപനം സമ്മേളനം അംഗീകരിച്ചു.

12th_History_MAL_Unit_15.indd 250 2/28/2023 1:23:54 PM

അതിൽ നെഹറുവിന്റെ പശീലവും ശീതയുദ്ധത്തിൽ നിഷ്പക്ഷത പാലിക്കാനുള്ള കൂട്ടായ പ്രതിജ്ഞയും ഉൾപ്പെടുന്നു. ബങ്കൂങ് സമ്മേളനത്തിൽ ഉടലെടുത്ത പത്ത് തത്വങ്ങളും പിന്നീട് ചേരിചേരാ പ്രസ്ഥാനത്തിന്റെ മാർഗ്ഗനിർദ്ദേശകമായി. 1953 ൽ ഐക്യ രാഷ്ട്രസഭയിൽ വി.കെ.കൃഷ്ണമേനോൻ ചേരി ചേരായ്മ എന്ന പദം ഉപയോഗിച്ചു.

ബങ്കൂങ് സമ്മേളനത്തിലെ പത്ത് തത്വങ്ങളെ അടിസ്ഥാനമാക്കി 1961 ൽ യൂഗോസ്ലാവിയയുടെ തല സ്ഥാനമായ ബെൽഗ്രേഡിൽ ചേരിചേരാ പ്രസ്ഥാനത്തിന്റെ ആദ്യ ഉച്ചകോടി നടന്നു. അതിൽ അഞ്ച് അംഗങ്ങൾ പ്രധാന പങ്കുവഹിച്ചു. ഇന്ത്യയുടെ ജവഹർലാൽ നെഹ്രു, ഇന്തോനേഷ്യയിലെ സുകാർത്തോ, ഈജിപ്തിലെ ഗമാൽ അബ്ദൽ നാസർ, ഘാന യിലെ ക്വാറമ എൻക്രൂമയും യൂഗോസ്ലാവിയയിലെ ജോസിപ്പ് ബ്രോസ് ടിറ്റോയും ലോക രാഷ്ട്രീയത്തിൽ ഒരു സവതന്ത്ര പാത സൃഷ്ടിക്കുക എന്നതാ യിരുന്നു. ഇതിന്റെ ലക്ഷ്യം. ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളായ സാമാജ്യത്വത്തിന്റെയും കോളനി ആധിപത്യത്തിന്റെയും അന്ത്യം, അന്താരാഷ്ട്ര സമാധാനവും സുരക്ഷയും നിരായുധീകരണവും പ്രോത്സാഹിപ്പിക്കുക, വംശീയതയും, വർഗവിവേചനവും അവസാനിപ്പിക്കുക എന്നിവ ഉൾപ്പെടുന്നു. ബെൽ ഗ്രേഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ പ്രസ്താവനയിൽ വൻശക്തികൾ സൈനിക കരാറുകൾ ഒപ്പുവയ്ക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും വൻശക്തികൾ അതിന്റെ പ്രദേശങ്ങളിൽ സൈനിക താവളം കെട്ടിപ്പടുക്കുന്നതിനുള്ള അനുമതിയും നിരുത്തലാക്കി.



ആദ്യ ചേരിചേരാ സമ്മേളനം ബെൽഗ്രേഡ്

1955 ലെ ബങ്കൂ സമ്മേളനത്തിൽ ചേരിചേരാ പ്രസ്ഥാനത്തിന്റെ വക്താക്കൾ താഴെ പറയുന്ന ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും നിശ്ചയിച്ചു::

- മനുഷ്യാവകാശങ്ങളുടെ അടിസ്ഥാനത്തെയും ഐക്യ രാഷ്ട്ര ശാസനത്തിന്റെ ലക്ഷ്യങ്ങളെയും തത്വങ്ങളെയും ബഹുമാനിക്കുക.
- എല്ലാ രാജ്യങ്ങളുടെയും പരമാധികാരത്തിനും പ്രാദേശിക സമഗ്രതയ്ക്കും ബഹുമാനം നല്കുക.
- വലുതും ചെറുതുമായ എല്ലാ രാജ്യങ്ങളിലും, എല്ലാ വംശക്കാരും തുല്യരാണെന്നുള്ള തിരിച്ചറിയൽ.
- മറ്റൊരു രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കുക..
- ഐക്യ രാജ്യത്തിന് ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കുക.
- ഐക്യ രാഷ്ട്ര സഭയുടെ ശാസനവുമായി പൊരുത്തപ്പെട്ടു കൊണ്ട് ഓരോ രാജ്യവും വ്യക്തിപരമായി അല്ലെങ്കിൽ കൂട്ടായി സ്വയം പ്രതിരോധിക്കാനുള്ള അവകാശത്തെ മാനിക്കുക.
- ഏതെങ്കിലും വൻശക്തികളുടെ പ്രത്യേക താല്പര്യങ്ങൾക്ക് പ്രയോജനപ്പെടുന്നതിനായി കൂട്ടായ പ്രതിരോധ കരാറുകൾ ഉപയോഗിക്കാതിരിക്കുക.
- ഏതെങ്കിലും രാജ്യത്തിന്റെ പ്രാദേശിക സമഗ്രതയ്ക്കോ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനോ എതിരായ ആക്രമണ ഭീഷണികളിൽ നിന്നും ബല പ്രയോഗത്തിൽ നിന്നും വിട്ടു നിൽക്കുക. മറ്റ് രാജ്യങ്ങൾക്കെതിരെ ഒരു രാജ്യവും സമ്മർദ്ദം ചെലുത്താതിരിക്കുക.
- ഐക്യരാഷ്ട്ര സഭാ ശാചനത്തിന് അനുസൃതമായി ചർച്ചകൾ, അനുരജ്ഞനം, മധ്യസ്ഥത അഥവാ നിയമപരമായ ഒത്തുതീർപ്പുകൾ, അതുപോലെ തന്നെ കക്ഷികളുടെ ഇഷ്ടപ്രകാരം സമാധാനപരമായ മറ്റ് മാർഗ്ഗങ്ങൾ എന്നിവയിലൂടെ എല്ലാ അന്താരാഷ്ട്ര തർക്കങ്ങളും പരിഹരിക്കുക..
- പരസ്പര താൽപര്യവും സഹകരണവും പ്രോത്സാഹിപ്പിക്കുക.
- നിയമത്തിനും അന്തർദേശീയ ബാദ്യതകൾ ക്കും വേണ്ടിയുള ബഹുമാനം

ശീതയുദ്ധ കാലഘട്ടത്തിൽ വൻ ശക്തികളുടെ രാഷ്ട്രീയത്തിന് ബദലായി ചേരിചേരാപ്രസ്ഥാനം പ്രവർത്തിച്ചു. സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തോടെ ചേരിചേരാപ്രസ്ഥാനം അപ്രസക്തമായി.

നെഹ്രുവിന്റെ പഞ്ചശീല തത്വങ്ങൾ 1. പ്രാദേശിക സമഗ്രതയ്ക്കും പരമാധികാരത്തിനും പരസ്പര ബഹുമാനം 2. പരസ്പര അധിനിവേശം 3. ഗാർഹിക കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കൽ 4. സമത്വവും പരസ്പര ആനുകൂല്യവും 5. സമാധാനപരമായ സഹവർത്തിത്വം.

12th_History_MAL_Unit_15.indd 251 2/28/2023 1:23:54 PM

15.4 ഐക്യരാഷ്ട്ര സംഘടനയും ആഗോളപ്രശ്നങ്ങളും

രണ്ടാം ലോകയുദ്ധം സർവ്വ രാഷ്ട്ര സഖ്യത്തിന്റെ (League of Nations) പരാജയമാണെന്ന് തെളിയിച്ചു. ഇതു പൊലെ മറ്റൊരു യുദ്ധംഉണ്ടാകാതിരിക്കാൻഫല പ്രദമായ ഒരു സംഘടന സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ലോക നേതാക്കൾ മനസ്സിലാക്കി. വാഷിങ്ടണിലെ ജോർജ് ടൗൺ പ്രദേശത്തുള്ള ഡംബർട്ടൺ ഓക്സ് മാളികയിൽ വച്ച് ചൈന, സോവിയറ്റ് യൂണിയൻ അമേരിക്കൻ ഐക്യനാടുകൾ, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിലെ പ്രതിനിധികൾ (ഓഗസ്റ്റ് 21 ഒക്ടോബർ 7, 1944) കൂടിക്കാഴ്ച 1943 ലെ മോസ്കോ പ്രഖ്യാപനം സർവ്വരാഷ്ട്ര സംഘടനയ്ക്ക് പകരമായി ഒരു അന്താ രാഷ്ട്ര സംഘടനയുടെ ആവശ്യകത അംഗീകരിച്ചു. തുടർന്ന് 1945 ഫെബ്രുവരിയിൽ നടന്ന യാൽറ്റ സമ്മേളനത്തിൽ തുരക്ഷാ സമിതിയിലെ വോട്ടിംഗ് സമ്പ്രദായത്തെ കുറിച്ചുള്ള തീരുമാനങ്ങളും മറ്റു ചില പ്രശ്നങ്ങളും ഉയന്നു വന്നു. 1945 ഏപ്രിലിൽ സാൻഫ്രാൻസിസ്കോയിൽ വച്ച് നടന്ന സമ്മേളനത്തിൽ ഇതിനെ കുറിച്ച് ചർച്ചകളും കൂടിയാലോചനകളും നടത്തി ഐക്യരാഷ്ട്ര സഭയുടെ ശാസനം അന്തിമമായി അംഗീകരിച്ചു.



യാൽറ്റാ സമ്മേളനം

1945 ഒക്ടോബർ 24 ന് 51 അംഗങ്ങളുമായി ഐക്യ രാഷ്ട്ര സംഘടന നിലവിൽ വന്നു. ഐക്യ രാഷ്ട്ര സംഘടനയിലെ പ്രധാന സ്ഥാപനങ്ങൾ, പൊതു സമിതി സുരക്ഷാസമിതി സാമ്പത്തിക സമൂഹ്യസമിതി, ഭാരവാഹിത്വ സമിതി, അന്തർദേശീയ നീതിന്യായ കോടതി, ഔദ്യോഗിക കാര്യാലയം എന്നിവയാണ്. നോർവെയിലെ വിദേശകാര്യ മന്ത്രിയായിരുന്ന ട്രിഗ്വൂലി യു. എസിന്റെ ആദ്യത്തെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. പ്രധാന അംഗങ്ങൾക്ക് പുറമേ ഐക്യ രാഷ്ട്ര സംഘടനയ്ക്ക് 15 പ്രത്യേക സമിതികളുണ്ട്. അവ അന്തർദേശീയ തൊഴിൽ ളംഘടന (JLO ജെനീവ), ഭക്ഷ്യകാർഷിക സംഘടന (FAO റോം), അന്തർദേശീയ ധനസയം (JMF വാഷിംഗ്ടൺ ഡിസി), ഐക്യരാഷ്ട്ര വിദ്യാഭ്യാസ ശാസ്ത്ര, സാംസ്കാരിക സംഘടന (UNESCO പാരീസ്), ലോക ആരോഗ്യ സംഘടന (WHO ജെനീവ), ലോകബാഗ് ടൺ (വാഷിംഗ്ടൺ ഡി.സി).



ട്രിഗ്വെ ലീ

ആഗോളപ്രശ്നപരിഹാരത്തിന് UNO യുടെ പങ്ക്

യുദ്ധങ്ങൾ ജനങ്ങളുടെ മനസ്സിൽ നിന്നും ആരംഭിക്കുന്നതിനാൽ സമാധാനത്തിന്റെ പ്രതിരോധം കെട്ടിപടുക്കേണ്ടതും ജനങ്ങളുടെ മനസ്സിലാണ്. (ഡചഛ യുടെ ഭരണഘടനയിലെ ആമുഖം).

ഐക്യരാഷ്ട്രസഭ ആസ്ഥാനം (UNO)



ഐക്യരാഷ്ട്രസംഘടന ആസ്ഥാനം, ന്യൂയോർക്ക്

ഐക്യരാഷ്ട്ര സംഘടനയുടെ ജനനവും ശീത യുദ്ധത്തിന്റെ തുടക്കവും ഒരേ സമയത്തായിരുന്നു. ഈകാലയളവിൽയുദ്ധങ്ങൾതടയുന്നതിൽയു.എൻ.ഒ. ഒരു പ്രധാന പങ്ക് വഹിച്ചു. എന്നാൽ സുരക്ഷാ സമിതിയിലെ സ്ഥിരം അംഗങ്ങൾക്കുള്ളിൽ ഏർപ്പെട്ട തർക്കങ്ങളിൽ യു.എൻ.ഒ ഒരു നിശബ്ദ കാഴ്ചക്കാരനായി യു.എൻ. സമാധാനസേന എന്നറിയപ്പെടുന്ന ഒരു സൈന്യം രൂപീകരിച്ചു. അംഗരാജ്യങ്ങൾ ഈ സേനയിലേക്ക് സൈനീകരെ സംഭാവന ചെയ്തിരുന്നു. യു.എൻ സൈനികർ ഇളം നീല നിറത്തിലുള്ള തലപ്പാവുകൾ അണിതിനാൽ അവരെ ബ്ലൂ ഹെൽമറ്റ് എന്ന് വിളിച്ചു.

പാലസ്തീൻ പ്രശ്നം

രണ്ടാം ലോക യുദ്ധത്തിനു ശേഷം ജൂതൻമാർ പാലസ്തീനയിൽ ഒരു ജൻമദേശം ആവശ്യപ്പെട്ടു. അറബികൾ ഈ ആവശ്യത്തെ എതിർത്തനിതാൽ ഈ പ്രശ്നം യു.എൻ.ഒ യുടെമുന്നിൽ അവതരിപ്പിച്ചു. 1947 മെയ് മാസത്തിൽ പൊതു സമിതി ഒരു പ്രമേയം

12th_History_MAL_Unit_15.indd 252 2/28/2023 1:23:54 PM



അറബ് അഭയാർത്ഥികൾ

പാസാക്കി. ഇതിൽ പാലസ്തീൻ പ്രശ്നത്തെ കുറിച്ച് അന്വേഷിക്കാനും, ശുപാർശകൾ നല്കാനും പാല സ്തിനുവേണ്ടി യു.എൻ പ്രത്യേകസമിതിരൂപീകരിച്ചു. യു.എൻ.എസ്കോപ്പ് റിപ്പോർട്ട് അനുസരിച്ച് 85 ശത മാനംഅറബികളുടെകൈവശവും58ശതമാനംമാത്രം യഹൂദൻമാരുടെ കൈവശവുമായി. ഈ വസ്തുത കൾക്കിടയിലും പാലസ്തീനെ രണ്ട് സംസ്ഥാനങ്ങ ളായി വിഭജിക്കണമെന്നായിരുന്നു യു.എൻ.എസ്കോ പ്പിന്റെ ശുപാർശ. ഭൂരിപക്ഷം അറബികളും തങ്ങളുടെ പുതിയ സംസ്ഥാനത്തിനായിജൂതൻമാർക്ക് ഭൂമി കൈ മാറി. ഈ നിർദ്ദേശപ്രകാരം 45 ശതമാനം ഭൂമി അറബ് രാജ്യത്തിനും 55 ശതമാനം ഭൂമി ജൂത രാജ്യത്തിനുമാ ണെന്ന വാദം ഉയർന്നു വന്നു. 1948 മെയ് 14 ന് ഇസ്രയേ ൽ എന്ന പുതിയ രാഷ്ട്രം രൂപീകരിച്ചു.

ദേശീയ ചൈനയ്ക്കുള്ള അംഗീകാരം



ചിയാങ് കൈഷെക്, റൂസ്വെൽറ്റ്, ചർച്ചിൽ

1949 ൽ മാവോ സെ തുങ് ചൈനയിൽ ഒരു കമ്മ്യൂണിസ്റ്റ് സർക്കാർ രൂപീകരിച്ചതിന്റെ പശ്ചാത്ത ലത്തിൽ ചിയാങ് കൈ ഷെക്ക് ഫോർമോസ ദ്വീപി ലേക്ക് പാലായനം ചെയ്ത് അവിടെ അദ്ദേഹം ദേശീയ വാദ സർക്കാരിന്റെ തലവ നായി. സുരക്ഷാ സമിതി യിൽ ദേശീയ ചൈനയുടെ പ്രതിനിധി മാറ്റപ്പെട്ട് അവിടെ കമ്മയൂണിസ്റ്റ് ചൈനയുടെ പ്രതിനി ധിയെ സ്ഥാപിക്കണമെന്ന് സോവിയറ്റ് യൂണിയൻ നിർദ്ദേശിച്ചു. ഈ നിർദ്ദേശം അംഗീകരിക്കപ്പെടാ ത്തതിനാൽ സോവിയറ്റ് റഷ്യ സുരക്ഷാ സമിതിയെ യും മറ്റ് എല്ലാ യു.എൻ. അംഗങ്ങളെയും ബഹിഷ്കരി ക്കാൻ തീരുമാനിച്ചു. 1971 മുതൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന സുരാ സമിതിയിൽ അംഗമായി.

കൊറിയൻ യുദ്ധം (1950-53)

1910 മുതൽ ജപ്പാൻ ഭരിക്കുന്ന കൊറിയയെ 38 ാം സമാന്തര രേഖയുടെ അടിസ്ഥാനത്തിൽ 1945 ൽ രണ്ട് മണ്ഡലങ്ങളായി വിഭജിച്ചു. ജനസംഖ്യയുടെ മൂന്നി ലൊന്ന് ഭാഗവും ഭൂരിഭാഗം വ്യവസായ ശാരകളുമുള്ള വടക്കൻ മേഖല സോവിയറ്റ് യൂണിയന്റെ കൈവശ മായിരുന്നു. ജന സംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും മിക്ക കാർഷിക മേഖലകളും ഐക്യരാഷ്ട്ര സംഘട നയുടെ മേൽനോട്ടത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ദക്ഷിണ കൊറിയയില സിംഗ്മൻ റീ പ്രസിഡന്റായി. ഉത്തരകൊറിയയിൽ സോവിയറ്റ് യൂണിയൻ കിം സുങിന്റെ നേത,ത്വത്തിൽ പിപ്പിൾസ് ഡെമോക്രാ റ്റിക് റിപ്പബ്ലിക് എന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് രൂപീ കരിച്ചു. താമസിയാതെ റഷ്യക്കാരും അമേരിക്കക്കാ രും തങ്ങളുടെ സൈന്യത്തെ പിൻവലിച്ചു. രാജ്യം മുഴുവൻ ബലമായി ഒന്നിപ്പിക്കാനുള്ള തന്റെ ആഗ്രഹം ദക്ഷിണ കൊറിയൻ പ്രസിഡന്റ് പരസ്യമായി പ്രഖ്യാ പിച്ചു. 1950 ജൂൺ 25 ന് ഉത്തരകൊറിയ ദക്ഷിണകൊറി യയെ ആക്രമിച്ചപ്പോൾ തുറന്നയുദ്ധം ആരംഭിച്ചു.



കൊറിയൻ യുദ്ധം

സുരക്ഷാസമിതിഉടനടിയോഗംചേർന്ന്, സോവി യറ്റ് യൂണിയന്റെ അഭാവത്തിൽ പോരാട്ടം അവസാനി പ്പിക്കണമെന്ന് ആവശ്യപ്പെട്ട് പ്രമേയം പാസാക്കി. യു.എൻ അംഗങ്ങളോട്ഇക്കാര്യത്തിൽസഹായിക്കാൻ ആവശ്യപ്പെട്ടു. പതിനാറ് അംഗങ്ങൾ സേനയെ സംഭാ വന ചെയ്തപ്പോൾ നാൽപത്തിയഞ്ച് രാജ്യങ്ങൾ പല വിധത്തിലുള്ള സഹായങ്ങൾ വാഗ്ദാനം നല്കി. ഐക്യരാഷ്ട്ര സേനയ്ക്ക് അമേരിക്കൻ മേധാവിയായ മക് ആർതർ നേതൃത്വം വഹിച്ചു. 1950 ആഗസ്റ്റിൽ സോവി യറ്റ് യൂണിയൻ സുരക്ഷാ സമിതിയിലേക്ക് മടങ്ങിയെ ത്തിയപ്പോൾ അമേരിക്കയുടെ പരിശ്രമം

12th_History_MAL_Unit_15.indd 253 2/28/2023 1:23:54 PM

കൊണ്ട് പൊതുസഭ സമാധാനത്തിനുള്ള ഏകീകരണം എന്നപ്രമേയംപാസാക്കിസുരക്ഷാസമിതിക്ക് ഒരുപ്രതിസന്ധിയിൽ ഇടപെടാൻ, അല്ലെങ്കിൽ ഒരു കരാറിലെത്താൻ കഴിയുന്നില്ലെങ്കിൽ പൊതുകഭ അടിയന്തിര യോഗം ചേരുകയും ആവശ്യമെങ്കിൽ സായുധ സേനയെ ഉപയോഗിക്കാൻ ശുപാർശ ചെയ്യുകയും വേണം എന്ന് ഇത് വ്യക്തമാക്കുന്നു. സോവിയറ്റ് യൂണിയൻ ഈ പ്രമേയസം നിയമവിരുദ്ധമായി കണക്കാക്കി. 1953 ജൂലൈയിൽ താല്ക്കാലിക യുദ്ധവിരാമം എന്നതിൽ ഒപ്പുവച്ചതോടെ പോരാട്ടം അവസാനിപ്പിച്ചു. ഈ യുദ്ധം പൊതുസഭയുടെ പ്രാധാന്യത്തെ വർദ്ധിപ്പിച്ചു..

സൂയസ് കനാൽ പ്രശ്നം, 1956



സൂയസ് കനാൽ

സൂയസ് കനാൽ ചെങ്കടലിനെ മെഡിറ്ററേറിയൽ കടലുമായി ബന്ധിപ്പിക്കുന്നു. ഈജിപ്ഷ്യൻ പാഷയിൽ നിന്നും അനുമതി വാങ്ങിയ ശേഷം ഫ്രഞ്ചുകാരനായ ഫെർഡിനാന്റ് ഡി ലെസെപ്സ് ആണ് ഇത് നിർമ്മിച്ചത്. താമസിയാതെഉടമസ്ഥാവകാശംബ്രിട്ടീഷുകാർക്ക് കൈമാറി. 1956 ൽ ഈജിപ്ഷ്യൻ പ്രസിഡന്റ് ഗമാൽ അബ്ദുൽ നാസർ സൂയസ് കനാൽ ദേശസാൽക്കരിക്കപ്പെടുന്നതു വരെ ഈ കനാൽ ആംഗ്ലോ ഫ്രഞ്ച് കോർപ്പറേഷന്റെ സ്വകാര്യ ഉടമസ്ഥതയിലായിരുന്നു. ഒക്ടോബർ 29 ന്ഇസ്രായേൽ സൈന്യം സീനായ് ഉപദ്വീപിൽ ആക്രമണം നടത്തി. അടുത്ത ദിവസം ഫ്രഞ്ച് ബ്രിട്ടീഷ് വിമാനങ്ങൾ ഈജിപ്ഷ്യൻ വ്യോമതാവളങ്ങളിൽബോംബെറിഞ്ഞു. 1956നവംബർ 5 ന് ബ്രിട്ടീഷ്, ഫ്രഞ്ച് സൈന്യം ഈജിപ്ഷ്യൻ പട്ടണമായ സെയ്ദ് തുറമുഖത്ത് എത്തി. സുരക്ഷാ സമിതി ഈ വിഷയം ഏറ്റെടുത്തെങ്കിലും ബ്രിട്ടനും ഫ്രാൻസും ഈ പ്രമേയത്തെ വീറ്റോ സോവിയറ്റ് അധിനിവേശത്തെ ഭയന്ന്, അമേരിക്കയുടെ നേതൃത്വത്തിൽ പൊതുസമിതി അടിയന്തിര യോഗം വിളിക്കുകയും ആക്രമണത്തെ അപലപിക്കുകയും ചെയ്തു. ഇസ്രായേലും ഇംഗ്ലണ്ടും ഫ്രാൻസും യുദ്ധം നിറുത്തി ഈജിപ്തിൽനിന്നും തങ്ങളുടെ സൈന്യത്തെ പിൻവലിക്കാൻ തീരുമാനിച്ചു. ഐക്യരാഷ്ട്ര അടിയന്തിരസേന എന്ന സേനയെ സൃഷ്ടിക്കാൻ പൊതുസഭ വോട്ട് ചെയ്തു. ഈ സേന ഒരു പോരാട്ട സേനയല്ല, മറിച്ച് ഇരു വിഭാഗത്തിന്റെയും സമ്മതത്തോടെ അയച്ച സമാധാന സേനയാണ്. ഡിസംബർ 22 ന് യു.എൻ, ബ്രിട്ടീഷ് ഫ്രഞ്ച് സൈനികരെ ഒഴിപ്പിച്ചു. 1957 മാർച്ചിൽ ഇസ്രായേൽ സൈന്യം പിൻമാറി. പാൻ അറബ്, ഈജിപ്ഷ്യൻ ദേശീയതയുടെ പേരിൽ നാസർ വിജയിയും ധീരനുമായി.

ഹംഗേറിയൻ പ്രശ്നം, 1956



ഹംഗറിയൻ റെവല്യൂഷൻ

സ്റ്റാലിന്റെഭരണകാലത്ത്പ്രധാനമന്ത്രിയായിനിയമിതനായ ഹംഗേറിയൻ നേതാവ് റാക്കോസി 1953 ൽ പുറത്താക്കപ്പെട്ടു. ഇതിന്റെ ഫലമായി ഇമ്രേ നാഗിയെ പ്രധാനമന്ത്രിയായി തെരഞ്ഞെടുത്തു. എന്നാൽ നാഗിക്ക് തന്റെ സർക്കാരിൽ നിന്നോ റഷ്യക്കാരിൽ നിന്നോ പിന്തുണ ലഭിച്ചിരുന്നില്ല. റാക്കോസി കമ്മ്യൂ ണിസ്റ്റ് പാർട്ടിയുടെ നിയന്ത്രണം തുടർന്നുകൊണ്ടിരുന്നു. റാക്കോസി രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് എഴുത്തുകാരും ബുദ്ധജീവികളും പ്രതിഷേധത്തിന് നേതൃത്വം നല്കി. 1956 ജൂലൈയിൽ റാക്കോസിയെ അധികാരത്തിൽ നിന്ന് നീക്കിയെങ്കിലും എതിർപ്പ് തുടർന്നുകൊണ്ടേയിരുന്നു. ഒക്ടോബർ 23 ന് ബുധാപെസ്റ്റിൽ ഏതാനും ബുദ്ധിജീവികൾ സംഘടിപ്പിച്ച ഒരു കലാപം ഇത് ആരംഭിച്ചെങ്കിലും താമസിയാതെ സോവിയറ്റ് റഷ്യയ്ക്കും ഹംഗറിയിലെ പാവഭാരണ കൂടത്തിനും എതിരായ ഒരു ദേശീയ പ്രക്ഷോഭമായിമാറി. ഒക്ടോബർ 26 ന് നാഗി വീണ്ടും പ്രധാനമന്ത്രിയാകാൻ റഷ്യക്കാർ സമ്മതിച്ചു. അധികാരമേറ്റശേഷം അദ്ദേഹം ഒരു ബഹുകക്ഷി സംവിധാനം ഏർപ്പെടുത്തുകയും സഖ്യസർക്കാർ രൂപീകരിക്കുകയും ചെയ്തു. ഇതിൽ പ്രകോപിതനായ സോവിയറ്റ് റഷ്യ നവംബർ 4 ന് ഹംഗറിയിലേക്ക് സൈന്യത്തെ അയച്ച് കലാപത്തെ തകർത്തു.

സൂയസ് കനാൽ പ്രശ്നത്തിൽ ഈജിപ്റ്റിനെതിരായ ആംഗ്ലോ റഫഞ്ച് ഇസ്രായേൽ ആക്രമണം നടന്ന അതേ സമയം ഹംഗേറിയൽ ലഹളയും സംഭവിച്ചു. ഈ പ്രശ്നം സുരക്ഷാ സമിതിയിൽ അവതരിപ്പിച്ചപ്പോൾ ഉടൻ തന്നെ റഷ്യൻ സൈന്യംഹംഗേറിയിലെ നിന്ന് പിൻമാറാണമെന്ന് ആവശ്യപ്പെട്ടു. സുരക്ഷാ സമിതിയുടെ പ്രമേയത്തെ റഷ്യക്കാർ വിറ്റോ ചെയ്തു. അതിനാൽ അതേ പ്രമേയം പൊതുസഭയും

12th_History_MAL_Unit_15.indd 254 2/28/2023 1:23:54 PM

പാസാക്കി. എന്നാൽ ഈ പ്രമേയത്തിന് ഫലമൊന്നും കണ്ടില്ല. ഹംഗറിയിലെ സോവിയറ്റ് യൂണിയന്റെ നട പടികളെ നിയന്ത്രിക്കുന്നതിൽ ഐക്യരാഷ്ട്ര സഭയും പരാജയപ്പെട്ടു. യു.എൻ.ഒ യെ ധിക്കരിക്കാൻ ഒരു മഹാ ശക്തി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ യു.എൻ. നിസ്സാഹായ നാണെന്ന് ഈ സംഭവം തെളിയിച്ചു.

ക്രൂഷ്ചേവിന്റെ രഹസ്യപ്രസംഗം പരസ്യമായ തോടെ, ഇത് അന്താരാഷ്ട്ര കമ്യൂണിസ്റ്റ് പ്രസ്ഥാന ത്തിൽ വലിയ സ്വാധീനം ചെലുത്തി. ലോകമെമ്പാടു മുള്ള കമമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നിന്ന് ധാരാളം പേർ (പ്രത്യേകിച്ച് എഴുത്തുകാരും ബുദ്ധിജീവികളും) രാജിവെച്ചു.

അറബ് ഇസ്രായേൽ യുദ്ധം

1947 നവംബറിൽ ഐക്യരാഷ്ട്ര സഭ പാലസ് തിനെ ഒരു ജൂത രാജ്യമായും അറബ് രാജ്യമായും വിഭജിക്കൽ വോട്ടുചെയ്തപ്പോൾ വളരെ പെട്ടെന്ന് പാലസ്തീനിലെ ജൂതൻമാരും അറബികളും, സംഘ ർഷത്തിലേർപ്പെട്ടു. ബ്രിട്ടീഷ് സേന അവിടെ നിന്ന് പിൻമാറുന്നതിനു മുമ്പ് തന്നെ (1948 മെയ് 15) ഇസ്ര യേൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. 1947 48 ലെ യുദ്ധ ത്തിൽ നിന്ന് പാലസ്തീൻ അഭയാർത്ഥികളെ അവരു ടെ മാതൃരാജ്യത്തേക്ക് മടങ്ങാനും അവരുടെ നഷ്ട ത്തിന് ശരിയായ നഷ്ടപരിഹാരം നൽകുന്ന പ്രമേയം അവതരിപ്പിച്ചു കൊണ്ട് യു.എൻപൊതു സഭയുടെ ഇടപെടൽമൂലംയുദ്ധംഅവസാനിച്ചു. അടുത്ത വർഷം ഇസ്രായേൽ യു.എന്നിൽ അംഗമായി ചേർന്നു. ഇസ്രാ യേൽ രൂപം കൊണ്ടതു മുതൽ രാഷ്ട്രീയ തീരുമാന ങ്ങൾ എടുക്കുന്നതിൽ യു.എന്നിന്റെ ഇടപെടൽ കുറ വായിരുന്നു. യു.എൻ സമാധാന സേനാംഗങ്ങൾ ഇസ്രായേൽ ഈജിപ്ഷ്യൻ അതിർത്തിയിൽ നിലയു റപ്പിച്ചിരുന്നു. അഭയാർത്ഥികൾ നാട്ടിലേക്ക് മടങ്ങു ന്നതുവരെ അവർക്ക് സഹായം നല്കുന്നതിനായി യു.എൻ അഭയാർത്ഥികൾക്ക് ഏജൻസി സ്ഥാപിച്ചു.

1966 ആയപ്പോഴെക്കും അമേരിക്ക ഇസ്രയേലിന് പുതിയ തരം യുദ്ധ വിമാനങ്ങളും മിസൈലുകളും ന ല്കിശീതയുദ്ധംമദ്ധ്യകിഴക്കൻ രാജ്യങ്ങളിൽവ്യാപി ച്ചപ്പോൾ ഐക്യരാഷ്ട്രസഭയിൽ നിന്നും പിൻതള്ള പ്പെട്ടു. അടുത്ത ചില മാസങ്ങളിൽ ഇസ്രായേലും ചുറ്റു മുള്ള അറബ് രാജ്യങ്ങളും തമ്മിൽ സംഘർഷങ്ങൾ വർദ്ധിച്ചു. 1967 ഏപ്രിലിൽ ഇസ്രായേലിനും സിറിയയ് ക്കും തമ്മിൽ പീരങ്കി കൈമാറ്റം നടന്നു. സിറിയയുടെ കടൽതീരത്തിനടുത്തായി അമേരിക്കയുടെ ആറാമ ത്തെ കപ്പൽപ്പട നിലയുറപ്പിച്ചു. ഈജിപ്ഷ്യൻ പ്ര സി ഡന്റ് നാസർ പ്രതീകാത്മകമായി യു.എസിനോട് തന്റെ സൈനികരെയും നിരീക്ഷകരെയും ഈജിപ് ഷ്യൻ പ്രദേശത്തിനുൾപ്പെട്ട ഇസ്രായേൽ അതിർത്തി യിലേക്ക് മാറ്റാൻ ആവശ്യപ്പെട്ടു. എന്നാൽ യു.എൻ സൈന്യത്തിന്റെ പിൻമാറ്റത്തെ ചോദ്യം ചെയ്യാൻ ന ാസറിന് അവകാശമില്ല. യു.എൻ നാസറിനോട് പ റഞ്ഞു അതിനാൽ യു.എൻ സൈന്യത്തെ പൂർണ്ണ മായും പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയായി രുന്നു. അദ്ദേഹത്തിെ തീരുമാനമ മെയ് 23 ന് ഇസ്രാ യേൽ കപ്പലുകൾ സഞ്ചരിക്കാതിരിക്കാൻ വേണ്ടി ഈജിപ്റ്റ്റാൻ കടലിടുക്ക് അടച്ചു. ജൂൺമാസത്തിൽ ഇസ്രായേൽ ഈജിപ്റ്റിനെ ആക്രമിക്കുകയും കൈ റോയുടെ വ്യോമസേനയെ പൂർണ്ണമായും നശിപ്പിക്കു കയും ചെയ്തു



അറബ് ഇസ്രായേൽ യുദ്ധം

ആറ് ദിവസത്തെ യുദ്ധത്തിന്റെ അവസാനത്തിൽ പാലസ്തീൻ ബാദി പ്രദേശങ്ങളായ വെസ്റ്റ് ബാങ്ക്, ഗാസാസ്ട്രിപ്പ്, കിഴക്കൻ ജറുസലേം, കൂടാതെ സിറിയ യുടെ ഗോലാൻ കുന്നുകളും ഈജിപ്റ്റിന്റെ സീനായ് പ്രദേശവും ഇസ്രായേൽ കൈവശപ്പെടുത്തി. ഇരുനൂറ്റ മ്പതിനായിരം പാലസ്തീനികളെ നാടുകടത്തേണ്ടി വന്നു. ഒരു ദശലക്ഷത്തിലധികം പേർ ഇസ്രായേൽ സൈനിക അധിനിവേശത്തിൽ ഇപ്പോഴും അവശേ ഷിക്കുന്നു. പാലസ്തീനികളെ അഭയാർത്ഥികളുടെ പശ്ചാത്തലത്തിൽ മാത്രം പരാമർശിക്കുമ്പോൾ അവ രുടെദേശീയഅവകാശങ്ങൾഉടടിയുറപ്പിക്കുന്നതിനു പകരം യു.എൻ. പ്രമേയം എസ്രായേൽ സായുധസേ നയെ അധിനിവേശ പ്രദേശങ്ങളിൽ നിന്ന് പിൻവലി ക്കണമെന്ന് നിസ്സാംശയം ആവശ്യപ്പെട്ടു. സെക്യൂരിറ്റി കൗൺസിലിലെ നാല് അംഗങ്ങൾ ചെർന്നാണ് പ്രധാ നമായും പ്രമേയം തയ്യാറാക്കിയത്. പാലസ്തീൻ അവ കാശങ്ങളെ കുറിച്ചുള്ള പരിമിതമായ പരാമർശം അമേ രിക്കൻ സ്വാധീനത്തിന്റെ പ്രതിഫലനമായിരുന്നു.

1967 ലെ യുദ്ധത്തെ തുടർന്നുള്ള വർഷങ്ങ ളിൽ ഇസ്രായേൽ പാലസ്തീൻ സംഘർഷത്തെ പൂർണ്ണമാ യും പരിഹരിക്കുന്നതിനായി, സംഘർഷത്തിലേർപ്പെട്ട എല്ലാ നാടുകളും ഒത്തുചേർന്ന അന്താരാഷ്ട്ര സമാ ധാന സമ്മേളനത്തിന് (യാസർ അറാഫത്തിന്റെ നേതൃ ത്വത്തിലുള്ള പാലസ്തീൻ ലിബറേഷൻ ഓർഗനൈ സേഷൻ ഉൾപ്പെടെ) യു.എൻ സ്വന്തം ആഭിമുഖ്യത്തിൽ വീണ്ടുംവീണ്ടുംഅനുകൂലമായിവോട്ട്ചെയ്തുഎന്നാൽ അമേരിക്ക എല്ലായ്പ്പോഴും അത് വിറ്റോ ചെയ്തു. ശീതയുദ്ധ പശ്ചാത്തലത്തിൽ മോസ്കോയും വാഷിംഗ് ടണും ഈ മേഖലയിൽ പിരിമുറുക്കം കൂട്ടുന്നതിലും നിയ ന്ത്രിക്കുന്നതിലും വലിയ പങ്കുവഹിച്ചു.

12th_History_MAL_Unit_15.indd 255 2/28/2023 1:23:55 PM



രഹസ്യ ചെറുത്തു നിൽപ്പ് ഗ്രനങ്ങളായി പ്രവർത്തിച്ചിരുന്ന വിവിധ പാലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ രൂപീകരിച്ചു. 1967 ജൂണിലെ അറബ് ഇസ്രായേൽ യുദ്ധത്തിനു ശേഷം ഈ സംഘടന പ്രശസ്തി നേടി 1990 കളിൽ സമാധാന ചർച്ചകളിൽ ഏർപ്പെടുത്തുന്നതിനു മുമ്പ് 1980 കൾ വരെ ഇസ്രായേലിനെതിരെ നീണ്ടു നിൽക്കുന്ന ഗറില്ലാ യുദ്ധങ്ങളിൽ പി.എൻ.ഒ ഏർപ്പെട്ടിരുന്നു. യാസർ അറാഫത്ത് ആയിരുന്നു അതിന്റെ മികച്ച നേതാവ്.

15.5 യൂറോപ്യൻ സമൂഹത്തിന്റെ ഏകീകരണവും വിപുലീകരണവും

നാം മുൻപ് സൂചിപ്പിച്ചതുപോലെ കമ്മ്യൂണിസത്തെ നിയന്ത്രിക്കാനുള്ള തന്റെ നയത്തിന് അനുസൃതമായി അമേരിക്ക ട്രൂമാൻ ഉപദേശവും മാർഷൽ പദ്ധതിയും കൊണ്ടുവന്ന് യുദ്ധത്തിൽ തകർത്ത യൂറോപ്യൻമാരെ അവരുടെ സമ്പദ്‌വ്യവസ്ഥ പുനർ നിർമ്മിക്കുന്നതിന്പിന്തുണനല്കി. യൂറോപയൻ റിക്കവറി പ്രോഗ്രാമിന്റെ ആഭിമുഖ്യത്തിൽ മാർഷല പദ്ധതി വിതരണം ചെയ്യുന്നതിന്റെ മേൽനോട്ടത്തിനായി 1948 ഏപ്രിലിൽ ദഗഗസി (യൂറോപ്യൻ സാമ്പത്തിക സഹകരണ ഘംഘടന) രൂപീകരിച്ചു. ദള്ളസി അതിന്റെ പതിനാറ് അംഗരാജ്യങ്ങൾക്ക് സഷായങ്ങൾ വിതരണം ചെയ്തു. അമേരിക്കൻ കമ്പനികൾക്ക് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിന് ദള്ളസി തങ്ങൾക്ക് തമ്മിലുള്ള റ്റാരിഫ് തടസ്സങ്ങൾ നീക്കണമെന്ന് അമേരിക്ക ആഗ്രഹിച്ചു. കൂടുതൽ ധനസഹായം ലഭിക്കുന്നതിന് ദള്ളസി 1949 ൽ സ്വതന്ത്ര വ്യാപാരം നിർബന്ധിക്കുകയും പിന്തുടരുകയും ചെയ്തു. 1950 ആയപ്പോഴേക്കും. പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങൾ യുദ്ധത്തിനു മുമ്പുള്ള ഉൽപാദന നിലവാരത്തിലേക്ക് മടങ്ങി. ഈ വിജയം അവരെ മുമ്പോട്ട് നയിക്കാൻ പ്രേരിപ്പിച്ചതിനാൽ 1961 ൽ ദള്ളസി സ്വയം ഒഇഇസിഡി (ഓർഗനൈസേഷൻ ഫോർ ഇക്കണോമിക്) കോർപ്പറേഷൻ & ഡെവലപ്മെന്റ് ആയി രൂപാന്തരപ്പെട്ടപ്പോൾ പശ്ചിമ യൂറോപ്യൻ രാജ്യങ്ങളുടെ യഥാർത്ഥ അംഗത്വത്തിലേക്ക് അമേരിക്കയെയും കാനഡയെ യും ചേർത്തു. 1964 ൽ ജപ്പാൻ ഇതിൽ അംഗമായി.



OEEC രേഖ

ഇന്ന് ലോകമെമ്പാടും ഒളസിഡിയിൽ 37 അംഗ രാജ്യങ്ങളുണ്ട്. അവരിൽ ഭൂരിഭാഗവും വികസിത രാജ്യങ്ങളാണ്. സ്വതന്ത്ര കമ്പോള വ്യവസ്ഥ, ജനാധിപത്യം എന്ന ആശയത്തിന് അവരെല്ലാം പ്രതിജ്ഞാബദ്ധരാണ്. ഇതിന്റെ ആസ്ഥാനം പാരിസിലാണ്..

യൂറോപ്യൻ യൂണിയനെ നോക്കി

യൂറോപ്യൻ കൗൺസിൽ

രണ്ടാം ലോകയുദ്ധാന്തര കാലഘട്ടത്തിൽ എടുത്ത തീരുമാനങ്ങളിലൊന്ന് പടിഞ്ഞാറൻ യൂറോപ്പിലെ സംസ്ഥാനങ്ങളെ സമന്വയിപ്പിക്കുക എന്നതായിരുന്നു 1949 മെയ് മാസത്തിൽ പത്ത് രാജ്യങ്ങൾ ലണ്ടനിൽ യോഗം ചേർന്ന് യൂറോപ്യൻ കൗൺസിൽ രൂപീകരിക്കാൻ ഒപ്പുവച്ചു. അംഗരാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുടെ ഒരു സമിതിയും വിദേശ രാജ്യങ്ങളുടെ പാർലമെന്റുകളിൽ നിന്ന് രൂപീകരിച്ച ഒരു കൺസൾട്ടേറ്റീവ് അസംബ്ലിയുമാണ് സ്ട്രാസ്ർ ഗിൽ ആസ്ഥാനമായുള്ള യൂറോപ്പ് കൗൺസിൽ സ്ഥാപിതമായത്.

യൂറോപ്യൻ കൽക്കരി, സ്റ്റീൽ കമ്മ്യൂണിറ്റി (ECSC)



ഷുമാൻ



കൊൻറാഡ്

12th_History_MAL_Unit_15.indd 256 2/28/2023 1:23:55 PM

ഫ്രാൻസും ജർമ്മനിയും തമ്മിലുള്ള അനുജ്ഞനം ഇരുവർക്കും യുദ്ധാന്തര യൂറോപ്പിന്റെ പുനർനിർമ്മാണത്തിനും നല്ലതാണെന്ന് ഫ്രഞ്ച് വിദേശകാര്യമന്ത്രി റോബർട്ട് ഷുമാൻ മനസ്സിലാക്കി. 1950 മെയ് 9 ന് അദ്ദേഹം ഷുമാൻ പ്ലാൻ എന്നറിയപ്പെടുന്ന ഒരു പദ്ധതി അവതരിപ്പിച്ചു. അതനുസരിച്ച് ഇരു രാജ്യ ങ്ങളിലെയും കൽക്കരിയുടെയും ഉരുക്കിന്റെയും സംയുക്ത ഉൽപാദനം ഉയർന്ന അദികാരികളുടെ ശക്തമായ, സുപ്രധാനമായ ഘടനയുടെ ചട്ടകൂടിനുള്ളിൽ സ്ഥാനിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. മേഖലാ സാമ്പത്തിക സമന്വയത്തിനായുള്ള ഈ പദ്ധതി പരസ്പര താല്പര്യങ്ങൾ സൃഷ്ടിക്കുകയും ഇരു രാജ്യങ്ങളെയും യാന്ത്രികമായി ബന്ധിപ്പിക്കുകയും ചെയ്തു. പടിഞ്ഞാറൻ ലോകത്തോട് അടുക്കാനുള്ള പദ്ധതിയെ പശ്ചിമ ജർമ്മനിയുടെ ചാൻസലറായ കൊൻറാഡ് അഡെനവർ സ്വാഗതം ചെയ്തു.



ECSC അംഗങ്ങൾ

യൂറോപ്യൻ കൽക്കരി, ഉരുക്ക് കമ്യൂണിറ്റി (ഇസിഎസ്സി) സ്ഥാപിക്കുന്നതിനായി 1951 ഏപ്രിൽ 18 ന് ഫ്രാൻസ്, ജർമ്മനി, ഇറ്റലി, നെതർലാന്റ് ്, ബെൽജിയം, ലക്സംബർഗ് എന്നീ രാജ്യങ്ങൾ ചേർന്ന് പാരാസിൽ ഒരു കരാർ ഒപ്പിട്ടു. ഈ ആറു രാജ്യ ങ്ങളിലും കൽക്കരി, ഇരുമ്പ്, ഉരുക്ക് എന്നിവയുടെ വ്യാപാരത്തിനുള്ള എല്ലാ തീരുവകളും നിയന്ത്രണങ്ങളും നീക്കം ചെയ്തു. യൂറോപ്യൻ സംയോജനത്തിലേയ്ക്കുള്ള ആദ്യ പടിയായിരുന്നു. ഇസിഎസ്സി. തങ്ങളുടെ വ്യവസായങ്ങളുടെ നിയന്ത്രണം ഒരു ബാഹ്യഅതോറിറ്റിക്ക് കൈമാറണം എന്നതു കൊണ്ട് ബ്രിട്ടൻ ഇസിഎസ്സിയിൽ ചേരാൻ വിസമ്മതിച്ചു. ഇസിഎസ്സിയുടെ ആദ്യ അഞ്ച് വർഷങ്ങളിൽ ഉരുക്ക് ഉല്പാദനം കൂട്ടാൻ ഈ വിഷയം അവരെ പ്രേരിപ്പിച്ചു. എല്ലാ ചുങ്ക തീരുവകളും പങ്കുകളും ക്രമേണ നീക്കം ചെയ്യണമെന്നും അങ്ങനെ സ്വതന്ത്രമായ മത്സരത്തിനും പൊരു കമ്പോളത്തിനും വഴി തെളിക്കുമെന്ന് ബെൽജിയത്തിന്റെ വിദേശകാര്യ മന്ത്രി സ്പാക്ക് ആഗ്രഹിച്ചു. യൂറോപ്യൻ സാമ്പ ത്തിക കമമ്യൂണിറ്റി അല്ലെങ്കിൽ യൂറോപ്യൻ പൊതു കമ്പോളം സ്ഥാപിച്ച റോം ഉടമ്പടിയിൽ ഇസിഎസ് സിയിൽ നിന്നുള്ള ആറ് രാജ്യങ്ങൾ ഒപ്പുവച്ചു. ഇതിന്റെ ആസ്ഥാനം ബ്രസൽസ് ആണ്. ബ്രിട്ടൻ ഇളസിയിൽ ചേർന്നില്ല.

യൂറോപ്യൻ സാമ്പത്തിക കമ്മ്യൂണിറ്റി (EEC)



EEC യോഗം

ചരക്കുകൾ, സേവനങ്ങൾ, മൂലധനം, തൊഴിൽ എന്നിവയുടെ ചലനത്തിനുള്ള തടസ്സങ്ങൾ ഇല്ലാതാക്കാൻ ഇളസി സഹായിച്ചു. വിപണി മാത്സരത്തെ നിയന്ത്രിക്കുന്ന പൊതു നയങ്ങളോ സ്വകാര്യ കരാറുകളോ ഇത്നിരോധിച്ചു. ഒരു പൊതു കാർഷിക നയവും ഒരു പൊതു വ്യാപാര നയവും ആവിഷ്കരിച്ചു. ഇതിനു വിപരീതമായി 1960 ൽ ബ്രിട്ടൻ, ഡെൻമാർക്ക്, നോർവെ, സ്വീഡൽ, സ്വിറ്റ്സർലാൻഡ്, ആസ്ട്രിയ, പോർച്ചുഗൽ എന്നീ രാജ്യങ്ങളെ സംഘടിപ്പിച്ചു കൊണ്ട് യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷൻ എന്ന പുതിയ സംഘടന ബ്രിട്ടൻ രൂപീകരിച്ചു. പൊതുവായ സാമ്പത്തിക നയങ്ങളും സംസ്ഥാനങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ അധികാരവുമില്ലാത്തതിനാൽ തുടക്കം മുതൽ തന്നെ ദുർബ്ബിമായിലുന്നു.

ബ്രിട്ടന്റെ സമ്പദ വ്യവസ്ഥ ദുർബലമായിരുന്നതിനാൽ 1961 ൽ ഇഗളിയിൽ ചേരാനുള്ള ബ്രിട്ടന്റെ തീരുമാനത്തെ ഫ്രഞ്ച് പ്രസിഡന്റ് ചാൾസ് ഡിഗോലെ എതിർത്തു. എന്നാൽ അദ്ദേഹത്തിന്റെ രാജിക്ക് ശേഷം ബ്രിട്ടീഷ് പ്രധാനമന്ത്രി എഡ്വോ ർഡ് ഹിത്ത് തന്റെ നയതന്ത്രത്തിലൂടെ ബ്രിട്ടന്റെ പ്രവേശനത്തിന് വഴിയൊരുക്കി. 1973 ജനുവരി 1 ന് അവർലണ്ടിനും ഡെൻമാർക്കിനുമൊപ്പം ബ്രിട്ടനും ഈ സംഘടനയിൽ അംഗമായി.

ഏകയൂറോപ്യൻ നിയമം (SEA)

1987 ജൂലൈ മുതൽ പ്രാബല്യത്തിൽ വന്ന ഏക യൂറോപ്യൻ നിയമം ഇ.ഇ.സി യുടെ വ്യാപ്തി കൂടുതൽ വിപുലമാക്കി. അംഗരാജ്യങ്ങൾക്കിടയിൽ വിദേശ നയം കൂടുതൽ തീവ്രമായി ഏകോപി പ്പിക്കണമെന്ന് അത് ആവശ്യപ്പെട്ടു. രാജ്യത്തെ ജനസംഖ്യയെ ആശ്രയിച്ച് ഓരോ അംഗത്തിനു ഒന്നിലധികം വോട്ടുകൾ നൽകിയതായി ഏക യൂറോപ്യൻ നിയമം (എസ്.ഇ.എ) പറയുന്നു. നിയമ നിർമ്മാണത്തിന് അംഗീകാരം നൽകുന്നതിന് മൊത്തം അംഗങ്ങളുടെ മുന്നിൽ രണ്ട് വോട്ടുകൾ ആവശ്യമാണ്. പുതിയ നടപടിക്രമം 1952

12th_History_MAL_Unit_15.indd 257 2/28/2023 1:23:55 PM

മുതൽ പ്രവർത്തിച്ചിരുന്ന യൂറോപ്യൻ പാർല മെന്റിന്റെ അധികാരം വർദ്ധിപ്പിച്ചു. പ്രത്യേകിച്ചും പാർ ലമെന്റ് നിരസിച്ച നിയമ നിർമ്മാണ നിർ ദ്ദേശങ്ങൾ മന്ത്രിസഭയ്ക്ക് ഏകകണ്ഠമായ വോട്ടിലൂടെ അംഗീക രിക്കാൻ കഴിയും.

യൂറോപ്യൻ യൂണിയൻ (EU)



യൂറോപ്യൻ യൂണിയൻ പതാക യൂറോ നാണയം

യൂറോപ്യൻ സാമ്പത്തിക സമിതിയിലെ അംഗ ങ്ങൾ ചേർന്ന് 1991 ഡിസംബറിൽ മാസ്ട്രിക്റ്റ് ഉടമ്പടി യിൽ ഒപ്പു വച്ചു. ഇതിന്റെ ഫലമായി 1993 ൽ ഒരൊറ്റ കമ്പാളത്തോടെഷെ യൂറോപ്യൻ യൂണിയൻ നിലവിൽ വന്നു. യൂറോപ്യൻ യൂണിയൻ സ്ഥാപിതമായതോ ടെ അംഗങ്ങൾ വിദേശനയം ആഭ്യന്തര സുരക്ഷ തുട ങ്ങിയമേഖലകളിൽപ്രവർത്തിച്ചു. ഈഉടമ്പടിഒരൊറ്റ യൂറോപ്യൻ നാണയം യൂറോ യുടെ സൃഷ്ടിക്ക് വഴി യൊരുക്കി. 2017 ൽ ബ്രിട്ടൻ യുറോപ്യൻ യൂണിയനിൽ നിന്ന് പുറത്തു കടക്കാൻ വോട്ട് ചെയ്തു. (ബ്രിട്ടന്റെ പുറത്തുകടക്കൽ ബ്രെക്സിറ്റ് എന്നറിയപ്പെടുന്നു) ഇന്ന് യൂറോപ്യൻ യൂണിയന് 28 അംഗരാജ്യങ്ങളുണ്ട്. ഇതിന്റെ ആസ്ഥാനം ബെൽജിയത്തിലെ ബ്രസൽ സിൽ സ്ഥിതി ചെയ്യുന്നു

ശീതയുദ്ധത്തിന്റെ അവസാനം

അമേരിക്കയും സോവിയറ്റ് യൂണിയനും ഇരു ധ്രുവിയ അന്താരാഷ്ട്ര ഘടന സൃഷ്ടിച്ചിരുന്നു. തുടക്കത്തിൽ സോവിയറ്റ് സൈനിക ശേഷി ദുർബ ലമായിരുന്നു. എന്നാൽ 1969 ആയപ്പോഴേക്കും സോ വിയറ്റ് യൂണിയൻ ആണവശേഷിയുടെ കാര്യത്തിൽ അമേരിക്കയ്ക്ക് തുല്യമായി. മ്യൂച്ചൽ അഷ്വേർഡ് ഡിസ്ട്രക്ഷൻ ഭീഷണി രണ്ട് ശക്തികളിലും ഭയം സൃഷ്ടിച്ചും. ആണവ ശേഖരണം ഇരു രാജ്യങ്ങൾ ക്കും കടുത്ത സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചു. പ്രതിരോധത്തിനായി അവരുടെ ബജറ്റിന്റെ വലി യൊരു പങ്ക് നീക്കിവയ്ക്കുന്നത് വിഭവ പ്രതിസ ന്ധിക്ക് കാരണമായി. യൂറോപ്പിലെ ശക്തമായ നിരാ യുധീകരണ മുന്നേറ്റങ്ങൾ ഭരണകക്ഷികളിൽ സമ്മർദ്ദം ചെലുത്തി. ഇത് വൻശക്തികളെ ചർച്ചയുടെ വക്കിലെത്തിച്ചു.

1960 കളുടെ അവസാനം മുതൽ 1970 കളുടെ അവസാനം വരെ കാലഘട്ടത്തെ തടഞ്ഞുവയ്ക്കൽ കാലഘട്ടം (Period of deterte ശത്രുതയുടെ താൽകാലിക നിർത്തലാക്കൽ) എന്ന് വിളിക്കുന്നു. ഈ കാലഘട്ടത്തിൽ അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിലുള്ള വ്യാപാരവും സഹകരണവും വർദ്ധിച്ചു. സമരതന്ത്ര ആയുധപരിധി ചർച്ചകളും (Strategic Arms Limitation talks SACT 19721979) പിന്നീട് സമരതന്ത്ര ആയുധങ്ങൾ കുറയ്ക്കലും (StrategicArms Reduction START 1991) ഉടമ്പടികൾ സഹവർത്തിത്വത്തിന്റെയും സഹകരണത്തിന്റെയും ഒരു കാലഘട്ടത്തെ കുറിച്ചു



അമേരിക്കൻ ഉച്ചകോടിയിൽ ഗോർബച്ചോവും റൊണാൾഡ് റീഗനും

1985 മാർച്ചിൽ മിഖായേൽ ഗോർബച്ചേവിനെ സോവിയറ്റ് യൂണിയന്റെ പ്രസിഡന്റായി തെരഞ്ഞെ ടുത്തതോടെ സോവിയറ്റ് യൂണിയനിൽ അസാധാര ണമായ രാഷ്ട്രീയ സാമൂഹിക മാറ്റങ്ങൾ ഉണ്ടായി. ഗോർബച്ചേവ് പരിഷ്കാരങ്ങളിൽ പ്രതിജ്ഞാബദ്ധ നായിരുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ പുനഃ സംഘടന അല്ലെങ്കിൽ പെരസ്ട്രോയിക്ക കൂടാതെ സുതാര്യതയുടെയും തുറന്ന സമീപനത്തിന്റെയും അഥവാ ഗ്ലാസ്നോസ്റ്റ് ഒരു പുതിയ യുഗത്തിന് 1986 ഫെബ്രുവരിയിൽ അദ്ദേഹം കമ്മയൂണിസ്റ്റ് പാർട്ടി കോൺ ഗ്രസ്സിൽ ആഹ്വാനം ചെയ്തു. പെരസ്ട്രോയിക്ക മൂലം അദ്ദേഹം പല സ്ഥാപനങ്ങളുടെയും കേന്ദ്രീകൃത നിയ ന്ത്രണം പിൻവലിച്ചു. ഏത് ഉത്പ്പന്നങ്ങൾ നിർമ്മിക്ക ണം, എത്ര ഉത്പാദിപ്പിക്കണം അവയ്ക്ക് എന്ത് ഈടാ ക്കണം എന്ന് സ്വയം തീരുമാനിക്കാൻ വ്യാപാരിക ൾക്കും കർഷകർക്കും നിർമ്മാതാക്കൾക്കും അനുവാദം നല്കി.

സോവിയറ്റ് യൂണിയന്റെ ഭരണഘടനയെ ജനാധി പത്യവത്ക്കരിക്കാനുള്ള ഗോർബച്ചേവിന്റെ ശ്രമത്തി ന്റെ ഭാഗമായാണ് ഗ്ലാന്നോസ്റ്റ് സ്ഥാനിതമായത്. സോ വിയറ്റ് യൂണിയന്റെ രാഷ്ട്രീയ ഘടനയിൽ അടിസ്ഥാ നപരമായ മാറ്റങ്ങൾ സംഭവിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി യുടെ അധികാരം കുറയ്ക്കുക, നിയമ സഭാ അംഗത്വ ത്തിനുള്ള ബഹു സ്ഥാനാർത്ഥി തെരഞ്ഞെടുപ്പുകൾ സംഘടിപ്പിക്കുക. സർക്കാർ ഉദ്യോഗസ്ഥരെ വിമർശി ക്കാനും ഗ്ലാസ്നോസ്റ്റ് അനുമതി നൽകി. മാധ്യമങ്ങൾ സ്വതന്ത്രമായി വാർത്തകൾ പ്രചരിപ്പിക്കാനും ആച്ചുക ൾക്ക് അവരുടെ അനു വാദം നല്കി. ഗ്ലാസ്നോസ്റ്റിനൊ പ്പം സോവിയറ്റ് പൗരൻമാർക്ക് ഭരണകൂടത്തിന്റെ നികേഷധാത്മക അഭി പ്രായങ്ങൾ പ്രകടിപ്പിച്ചതിന്

12th_History_MAL_Unit_15.indd 258 2/28/2023 1:23:55 PM

അറസ്റ്റ് ചെയ്യപ്പെടുമെ ന്നോ, നാടുകടത്തപ്പെടുമെന്നോ ഭയപ്പെടേണ്ടതില്ല. ഈ ആശയങ്ങൾ സോവിയറ്റ് യൂണി യനിൽ ഉദാരവ ൽക്കരണത്തിന്റെ വിപ്ലവകരമായ തരംഗം സൃഷ്ടിച്ചു. അതേ സമയം ഇത് ഒടുവിൽ സോ വിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിലേക്ക് നയിച്ചു.



ബോറിസ്യെൽ സിൻ



ജിമ്മികാർട്ടർ

ശീതയുദ്ധകാലഘട്ടത്തിലെ ഒരു നാഴികക്കല്ല് വർഷമായിരുന്നു 1989 പോളണ്ടിൽ സ്വതന്ത്ര തെര ഞ്ഞെടുപ്പ് നടത്തി. പോളിഷ് സോളിഡാരിറ്റി പ്ര സ്ഥാനം കമ്മ്യൂണിസ്റ്റുകളെ ഇരുത്തികൊണ്ട് തെര ഞ്ഞെടുപ്പിൽ വിജയിച്ചു. ജൂലൈയിൽ യൂറോപ്പ് കൗൺ സിലിൽ സംസാരിച്ച ഗോർബച്ചേവ് ബ്രെഷ്നെവ് സിദ്ധാന്തത്തെ തള്ളിക്കളഞ്ഞതായിഅഭിപ്രായപ്പെട്ടു. സൗഹൃദ നാടുകളോ സഖ്യകക്ഷികളുടെയും മറ്റേ തൊരു നാടായാലും ആ നാടുകളുടെ ആഭ്യന്തര കാര്യ ങ്ങളിൽ യാതൊരുവിധ ഇടപെടലും സംസ്ഥാനങ്ങ ളുടെയും പരമാധികാരത്തെ നിയന്ത്രിക്കാനുള്ള ഏതൊരു ശ്രമവും അംഗീകരിക്കില്ല. എന്ന് ഊന്നി പ റഞ്ഞു. ശീതയുദ്ധത്തിന്റെ ഏറ്റവും പ്രശസ്തമായ ചിഹ്നങ്ങളിലൊന്നായ ബെർലിൻ മുതൽ 1989 സവം ബറിൽ ഇടിക്കപ്പെട്ടു. 1989 നവംബറിന്റെ അവസാന ത്തിൽ പശ്ചിമ ജർമ്മൻ ചാൻസലർ ഹെൽമറ്റ് കോൾ, സഖ്യകക്ഷികളോട് ആലോചിക്കാതെ കിഴക്കൻ ജർമ്മനിയിൽ സ്വതന്ത്ര തെരഞ്ഞെടുപ്പ് ആവശ്യ പ്പെടുന്ന പത്ത് അംശപരിപാടി പെട്ടെന്നു പ്രഖ്യാപി ക്കുകയും ഒടുവിൽ ജർമ്മൻ പുഃസംഘടനയ്ക്കു സാക്ഷ്യം വഹിക്കുകയും ചെയ്തു. 1989 അവസാന ത്തോടെ കിഴക്കൻ യൂറോപ്പിൽ ഒരു ജനകീയ പ്ര ക്ഷോ ഭം നടന്നു. ബൾഗേറിയയിലൊഴികെ മറ്റ് മിക്ക നേതാ ക്കളും പദവിയിൽ നിന്നും പുറത്തായി. പ തുക്കെ കിഴക്കൻ യൂറോപ്പ് രാഷ്ട്രങ്ങളും ഇത് ഒരു സൂചന യായി സ്വീകരിച്ചു കൊണ്ട് 1990 പകുതിയോടെ അവരിൽ പലരും സ്വയം സ്വതന്ത്ര രാജ്യങ്ങളായി പ്ര ഖ്യാപിച്ചു. 1991 ഡിസംബർ 8 ന് സോവിയറ്റ് യൂണി യൻ ശിഥിലമായി. ഡിസംബർ 25 ന് ഗോർബച്ചേവ് രാജിവച്ചു. ബോറിസ് യെൽറ്റ്സിൻ റഷ്യൻ റിപ്പബ്ലി ക്കിന്റെ പ്രസിഡന്റായി സോവിയറ്റ് യൂണിയന്റെ ശിഥലീകരണത്തോടെ ശീതയുദ്ധം അവസാനിച്ചു.

ബോറീസ് യെൽറ്റ്സിൽ (1931 2007) 1961 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന യറൽറ്റ്സിൻ 1969 ൽ പാർട്ടിയിൽ ഒരു മുഴുവനായ പ്രവർത്ത കനായി. എഴുപതുകളിൽ അദ്ദേഹം ഒരു ജനപ്രീയ വ്യക്തിയായി ഉയർന്നുവന്ന് പാർട്ടിയിലെ പ്രധാന സ്ഥാനങ്ങളിൽ തുടരാൻ തുടങ്ങി. ഗോർബച്ചേവ് അധികാരത്തിൽ വന്നതിനു ശേഷം മോസ്കോ പാർട്ടി സംഘടനയിലെ അഴിമതി ഇല്ലാതാക്കൻ അദ്ദേഹം യെൽറ്റ്സിനെ (1985) തെരഞ്ഞെടുത്തു. 1986 ൽ യെൽറ്റ്സിൻ പോളിറ്റ് ബ്യൂറോയിലേക്ക് ഉയർത്തപ്പെട്ടു. (സോവിയറ്റ് യൂണിയന്റെ ഏറ്റവും ഉയർന്ന നയരൂപീകരണ സമിതി) താമസിയാതെ അദ്ദേഹത്തെ മോസ്കോ മേയറാക്കി. പാർട്ടി യോഗങ്ങളിൽ പരിഷ്തരണത്തിന്റെ മന്ദഗതിയി ലുള്ള പോക്കിനെ വിമർശിക്കാൻ തുടങ്ങിയപ്പോൾ ഗോർബച്ചേവിനെ റെൽറ്റ്സിൻ എതിർത്തു. ഭരണത്തെ ജനാധിപത്യവൽക്കരിക്കാനും സാമ്പ ത്തിക പരിഷ്കരണത്തിനും വേണ്ടി വാദിച്ചതോ ടെ ജനങ്ങളുമായുള്ള അദ്ദേഹത്തിന്റെ കോൺ ഗ്രസ് ഓഫ് പീപ്പിശള് ഡെപ്യൂട്ടിസിൽ (പുുതിയ സോവിയറ്റ് പാർലമെന്റ്) ഒരു സീറ്റ് നേടുന്നതിൽ അദ്ദേഹം വിജയിച്ചു. 1990 മെയ് 29 ന് ഗോർബച്ചേവി ന്റെ ആഗ്രഹത്തിന് വിരുദ്ധമായി സോവിയറ്റ് പാർ ലമെന്റ് അദ്ദേഹത്തെ റഷ്യൻ റിപ്പബ്ലിക്കിന്റെ പ്ര സി ഡന്റായി തെരഞ്ഞെടുത്തു സോവിയറ്റ് യൂണി യന്റെ തകർച്ചയ്ക്ക് ശേഷം 1991 ൽ അദ്ദേഹം ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട നേതാവായി..

സംഗ്രഹം

- രണ്ടാം ലോകയുദ്ധത്തിനു ശേഷം പടിഞ്ഞാറൻ യൂറോപ്പിന്റെ തകർന്ന സമ്പദ്വ്യവസ്ഥയും അമേരിക്കയും സോവിയറ്റ് യൂണിയനും സൂപ്പർ ശക്തികളായി ഉയർന്നു വരുന്ന ദ്വി ധ്രുവ ലോക ത്തിന്റെ ആവിർഭാവവും വിശദീകരിച്ചു.
- സാമ്പത്തിക സഹായ നടപടികളിലൂടെയും സൈനിക കരാറുകളിലൂടെയും ആധിപത്യം സ്ഥാപിക്കുന്നതിന് മത്സരിക്കുന്ന വൻശക്തി കളുടെ തന്ത്രങ്ങൾ ചർച്ച ചെയ്യുന്നു.
- അമേരിക്കയുടെ മാർഷൽ പദ്ധതിയും അതിനു പകരം സോവിയറ്റ് യൂണിയന്റെ മൊൾട്ടോവ് പദ്ധതിയും, നാറ്റോയുടെ രൂപീകരണവും, സോവി യറ്റ് യൂണിയൻ അതിന്റെ സഖ്യരാജ്യങ്ങളുമായി വാർസാ കരാർ ഒപ്പുവച്ചതും മുൻ ആക്രമണ ത്തെ ചെറുക്കുന്നതിനെ എടുത്തു കാണി ക്കുന്നു.

12th_History_MAL_Unit_15.indd 259 2/28/2023 1:23:56 PM

- മൂന്നാം ലോക രാജ്യങ്ങളും അവരുടെ ചേരി ചേരാ പ്രസ്ഥാനത്തെയും വിശദമായി പ്രതിപാദിക്കുന്നു.
- കൊറിയൻ യുദ്ധം, സൂയസ് പ്രതിസന്ധി, അറബ് ഇസ്രായേൽ യുദ്ധങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആഗോള തർക്കങ്ങൾ പരിഹരിക്കുന്നതിൽ യു.എൻ അതിന്റെ പങ്കും പ്രതിപാദിക്കുന്നു.
- യൂറോപ്യൻ ഐക്യത്തിന്റെ പരിണാമം യൂറോ പ്യൻ യൂണിയനായി രൂപാന്തരപ്പെട്ട യൂറോപ്യൻ സാമ്പത്തിക സമിതി സ്ഥാപിക്കുന്നതിൽ കലാശിച്ചു.
- സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ശീത യുദ്ധം അവസാനിച്ചതിനെ കുറിച്ച് വിശദമാക്കുക.

പരിശീലനം

JNW91

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. 1947 അവസാനത്തോടെ കിഴൻ യൂറോപ്പിലെ സോവിയറ്റ് സ്വാധീനത്തിൽ നിന്ന് വിട്ടുപോയ ഒരേയൊരു രാജ്യം _____
   (a) കിഴക്കൻ ജർമ്മനി (b) ചെക്കോസ്ലോവാക്യ
   (c) ഗ്രീസ് (d) തുർക്കി

2. **പ്രസ്താവന (A):** ചർച്ചിലിനെ ഒരു സന്നദ്ധപ്രവർത്തകനായി സ്റ്റാലിൻ വിമർശിച്ചു.
   കാരണം (R): കമ്മയൂണിസത്തിനെതിരെ പാശ്ചാത്യസഖ്യം വേണമെന്ന് ചർച്ചിൽ നേരത്തെ ആവശ്യപ്പെട്ടിരുന്നു.
   (a) A ഉം R ഉം ശരിയാണ് R, A യെ വിശദീകരിക്കുന്നു
   (b) A ഉം R ഉം ശരിയാണ് R, A യെ വിശദീകരിക്കുന്നില്ല
   (c) A ശരി R തെറ്റ്
   (d) A തെറ്റ് R ശരി

3. ശീതയുദ്ധം എന്ന പദം ആദ്യമായി പ്രയോഗിച്ചത് _____
   (a) ബെർണാഡ് ബറൂച്ച് (b) ജോർജ് ഓർവെൽ
   (c) ജോർജ് കെന്നൽ (d) ചർച്ചിൽ

4. **പ്രസ്താവന (A):** സോവിയറ്റ് വിദേശകാര്യമന്ത്രി മാർഷൽ പദ്ധതിയെ ഡോളർ സാമ്രാജ്യത്വം എന്ന് വിശേഷിപ്പിച്ചു.
   കാരണം (R): സോവിയറ്റ് കാഴ്ചപ്പാടിൽ മാർഷൽ പദ്ധതി അമേരിക്കൻ സ്വാധീനം വ്യാപിപ്പിക്കുന്നതിനുള്ള തന്ത്ര മാത്രമായിരുന്നു.
   (a) A ഉം R ഉം ശരിയാണ് R, A യെ വിശദീകരിക്കുന്നു
   (b) A ഉം R ഉം ശരിയാണ് R, A യെ വിശദീകരിക്കുന്നില്ല
   (c) A ശരി R തെറ്റ്
   (d) A തെറ്റ് R ശരി

5 മാർഷൽ പദ്ധതിയുടെലക്ഷ്യം _____
   (a) യൂറോപ്പിന്റെ സാമ്പത്തിക പുനർ നിർമ്മാണം
   (b) മുതലാളിത്ത സംരംഭങ്ങളുടെ സംരക്ഷണം.
   (c) യൂറോപ്പിൽ അമേരിക്കൻ ആധിപത്യം സ്ഥാപിക്കൽ
   (d) സോവിയറ്റ് റഷ്യക്കെതിരെ ഒരു സൈനിക സഖ്യം രൂപീകരിക്കുക

6. ട്രൂമാൻ സിദ്ധാന്തം പ്രതിപാദിക്കുന്നത് _____
   (a) കമ്മ്യൂണിസത്തിന്റെ വ്യാപനം തടയുന്നതിന് സാമ്പത്തിക സഹായം
   (b) കോളനികളിലെ കലാപകാരികൾക്ക് ആയുധ വിതരണം
   (c) കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടൽ
   (d) അമേരിക്കൻ സൈന്യാധിപന്റെ കീഴിൽ ഐക്യ രാഷ്ട്ര സഭയ്ക്ക് സ്ഥിരമായ സൈന്യം

7. താഴെപ്പറയുന്നവ കാലക്രമത്തിൽ ക്രമീകരിക്കുക
   1) വാർസാ ഉടമ്പടി 2) സെന്റോ
   3) സീറ്റോ 4) നാറ്റോ
   (a) 4, 2, 3, 1 (b) 1, 3, 2, 4
   (c) 4, 3, 2, 1 (d) 1, 2, 3, 4

8. ബാഗ്ദാദ് കരാറിന്റെ ലക്ഷ്യം _____
   (a) മദ്ധ്യ കിഴക്കിലെ ഇംഗ്ലണ്ടിന്റെ നേതൃത്വത്തെ സംരക്ഷിക്കുക എന്നതായിരുന്നു
   (b) മേഖലയിലെ എണ്ണ വിഭവങ്ങൾ ചൂഷണം ചെയ്യുക
   (c) കമ്യൂണിസ്റ്റ് സ്വാധീനം തടയുക
   (d) ഇറാഖിലെ സർക്കാരിനെ അസ്ഥിരമാക്കുക

9. ലെബണലിൽ അമേരിക്കയുടെ ഇടപെടലിനെ എതിർത്തത് _____
   (a) തുർക്കി (b) ഇറാക്ക്
   (c) ഇന്ത്യ (d) പാകിസ്ഥാൻ

12th_History_MAL_Unit_15.indd 260 2/28/2023 1:23:56 PM

10. മൂന്നാം ലോകം എന്ന പദം ആദ്യമായി പ്രയോഗിച്ചത് _____

(a) ആൽഫ്രഡ് സാവെ (b) മാർഷൽ

(c) മെലോടോവ് (d) ഹാരിട്രൂമാൻ

11. പൊരുത്തപ്പെട്ടത് തെരഞ്ഞെടുത്ത് ചുവടെ നല്കിയിരിക്കുന്ന കോഡിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുക്കുക

(A) ഇന്തോനേഷ്യ	1. ജവഹർലാൽ നെഹ്രു
(B) ഈജിപ്റ്റ്	2. ടിറ്റോ
(C) ഘാത	3. കാമെ എൻ ക്രൂമ
(D) യൂഗോസ്ലാവിയ	4. ഗമാൽ അബ്ദുൽ നാസർ
(E) ഇന്ത്യ	5. സുകാർനോ

	A	B	C	D	E
(a)	5	3	4	2	1
(b)	1	3	2	4	5
(c)	5	4	3	2	1
(d)	1	2	3	4	5

12. NAM ന്റെ ആദ്യ ഉച്ചകോടി _____ ൽ നടന്നു

(a) ബെൽഗ്രേഡ് (b) ബീജിംഗ്

(c) ബന്ദുങ് (d) പാലി

13. **പ്രസ്താവന (A):** രണ്ടാം ലോകമഹായുദ്ധം സർവ്വ രാഷ്ട്ര സഖ്യത്തിന്റെ പരാജയമായിരുന്നു.

കാരണം (R): മറ്റൊരു യുദ്ധം തടയുന്നതിന് ഫലപ്രദമായ ഒരു സംഘടന സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ലോക നേതാക്കൾ മനസ്സിലാക്കി.

(a) A ഉം R ഉം ശരിയാണ് R, A യെ വിശദീകരിക്കുന്നു

(b) A ഉം R ഉം ശരിയാണ് R, A യെ വിശദീകരിക്കുന്നില്ല

(c) A ശരി R തെറ്റ്

(d) A തെറ്റ് R ശരി

14. ഐക്യ രാഷ്ട്ര സഭ 1945 ഒക്ടോബർ 24 ന് _____ നിലവിൽ വന്നു

(a) 100 അംഗങ്ങൾ (b) 72 അംഗങ്ങൾ

(c) 51 അംഗങ്ങൾ (d) 126 അംഗങ്ങൾ

15. ഇനിപ്പറയുന്നവയിൽ ഏതാണ് ശരിയായത്?

പ്രസ്താവന I: യു.എൻ.ഒ യുടെ ജനനം ശീത യുദ്ധത്തിന്റെ തുടക്കവുമായി പൊരുത്തപ്പെട്ടു.

പ്രസ്താവന II: ശീതയുദ്ധ കാലഘട്ടത്തിൽ യുദ്ധങ്ങൾ തടയുന്നതിൽ യു.എൻ.ഒ. ഒരു പ്രധാന പങ്ക് വഹിച്ചു.

പ്രസ്താവന III: എന്നാൽ സുരക്ഷാ സമിതിയിലെ സ്ഥിരം അംഗങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ യു.എൻ.ഒ ഒരു നിശബ്ദ കാഴ്ചക്കാരനായിരുന്നു.

(a) I, II (b) II, III

(c) I, III (d) മേൽപ്പറഞ്ഞ എല്ലാം

16. സൂയസ് കനാൽ ചെങ്കടലിനെ _____ ബന്ധിപ്പിക്കുന്നു

(a) ഏഡാൻ ഉൾക്കടൽ (b) കാംബേ ഉൾക്കടൽ

(c) മെഡിറ്ററേറിയൻ കടൽ (d) അറേബ്യൻ കടൽ

17. യു.എൻ.ഒ യുടെ ആദ്യത്തെ സെക്രട്ടറി ജനറലായ ട്രിഗ്വെലി _____ രാജ്യക്കാരനാണ്

(a) ബർമ (b) ജപ്പാൻ

(c) സിംഗപ്പൂർ (d) നോർവെ

18. **പ്രസ്താവന (A):** 2017 ൽ ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ നിന്ന് പുറത്തുകടക്കാൻ വോട്ട് ചെയ്തു.

കാരണം (R): ബ്രിട്ടന്റെ പുറത്താകൽ ബ്രക്സിറ്റ് എന്നറിയപ്പെടുന്നു.

(a) A ഉം R ഉം ശരിയാണ് R, A യെ വിശദീകരിക്കുന്നു

(b) A ഉം R ഉം ശരിയാണ് R, A യെ വിശദീകരിക്കുന്നില്ല

(c) A ശരി R തെറ്റ്

(d) A തെറ്റ് R ശരി

19. ഗ്ലാസ്നോസ്റ്റ് പ്രതിപാദിക്കുന്നത് _____

(a) സുതാര്യതയും തുറന്ന നയവും

(b) സോവിയറ്റ് യൂണിയന്റെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനാധിപത്യവൽക്കരണം

(c) സോവിയറ്റ് ഫെഡറൽ അസംബ്ലിയുടെ പുനഃസംഘടന

(d) കമ്മ്യൂണിസം പുനരുജ്ജീവിപ്പിക്കൽ

20. സോവിയറ്റ് യൂണിയൻ_____ ൽ വിഘടിച്ചു

(a) നവംബർ 17, 1991

(b) ഡിസംബർ 8, 1991

(c) മെയ് 1, 1991

(d) ഒക്ടോബർ 17, 1991

12th_History_MAL_Unit_15.indd 261 2/28/2023 1:23:56 PM

II. കുറിപ്പെഴുതുക

1. അമേരിക്കയുടെയും സോവിയറ്റ് യൂണിയന്റെയും ചാരവൃത്തി ഏജൻസികളെ തിരിച്ചറിയുക..
2. കമ്മ്യൂണിസം ഉൾക്കൊള്ളുന്ന ആശയം വിശദമാക്കുക.
3. യുഎൻ പൊതുസഭ പാസാക്കിയ സമാധാനത്തിനായുള്ള ഏകീകരണം പ്രമേയത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കുക.
4. കോമിൻ ഫോർമിനെ കുറിച്ച് നിങ്ങൾക്കെന്തറിയാം?
5. ശീതയുദ്ധ കാലഘട്ടത്തിലെ സറോഗേറ്റ് യുദ്ധങ്ങളുടെ ഉദാഹരണങ്ങൾ നൽകുക.
6. ഹംഗേറിയൻ പ്രതിസന്ധിയുടെ പശ്ചാത്തലം എന്തായിരുന്നു?
7. ഷൂമാൻ പദ്ധതി എന്നാലെന്ത്?
8. പെരെസ്ട്രോയിക്ക എന്ന ആശയത്തെ വെളിപ്പെടുത്തുക.

III. ചുരുക്കി ഉത്തരം എഴുതുക

1. യു.എസ് നിയന്ത്രിത നാറ്റോയോടുള്ള സോവിയറ്റ് യൂണിയന്റെ പ്രതികരണമായിരുന്നു വാഴ്സാ ഉടമ്പടി വിശദീകരിക്കുക.
2. യു.എൻ ശാസനത്തിന്റെ അന്തിമ തീരുമാനത്തിനുള്ള വിവിധ ഘട്ടങ്ങളെ കുറിച്ച് എഴുതു.
3. NATO രൂപീകരണത്തിന്റെ പശ്ചാത്തലം കണ്ടെത്തുക.
4. സൂയസ് കനാൽ പ്രതിസന്ധിയെ കുറിച്ച് വിവരിക്കുക.
5. എന്തുകൊണ്ടാണ് സിറ്റോ - സിറ്റോ നാറ്റോ യെപ്പോലെ ജനപ്രീയമാകാത്തത്?

IV. വിശദമായി ഉത്തരമെഴുതുക

1. ചേരി ചേരാ പ്രസ്ഥാനത്തിന്റെ ഉദ്ദേശങ്ങളും ലക്ഷ്യ ങ്ങളും ഉയർത്തിക്കാട്ടുക.?
2. അറബ്, ഇസ്രായേൽ സംഘട്ടനത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ചർച്ച ചെയ്യുകയും തുടർന്നുള്ള സംഭവ വികാസങ്ങൾ 1967 ൽ ഇരുവരും തമ്മിൽ ഒരു വലിയ യുദ്ധത്തിന് കാരണമായതെങ്ങനെയെന്ന് വിശകലനം ചെയ്യുക.
3. സുരക്ഷാ സമിതിയിലെ സ്ഥിരം അംഗങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ യു.എൻ.ഒ ഒരു നിശബ്ദ കാഴ്ചക്കാരനായിരുന്നു. ശീതയുദ്ധകാല അനുഭവങ്ങളിൽ നിന്ന് ഈ പ്രസ്താവന വ്യക്തമാക്കുക.
4. സോവിയറ്റ് യൂണിയന്റെ തകർച്ചയിൽ ബോറിസ് യെൻസിന്റെ പങ്ക് കേന്ദ്രീകരിച്ച് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതം രേഖപ്പെടുത്തുക..

V. പ്രവർത്തനം

1. യു.എൻ.ഒ. ദിനത്തിൽ (ഒക്ടോബർ 24) പൊതു സമ്മേളനത്തിന്റെ ഒരു സെക്ഷൻ അനുകരിക്കാനും ഈ പാഠത്തിൽ വിശദമാക്കിയിരിക്കുന്ന ഏതെങ്കിലും തർക്കങ്ങൾ ചർച്ച ചെയ്യാനും വിദ്യാർത്ഥികളോട് ആവശ്യപ്പെടാം.
2. വിദ്യാർത്ഥികളെ മുതലാളിത്വത്തിന് അനുകൂലമായും പ്രതികൂലമായും വാദിക്കുന്ന രണ്ട് ഗ്രൂപ്പുകളായി സംഘടി പ്പിക്കാം.
3. അധ്യാപകരും വിദ്യാർത്ഥികളും 1948 ഡിസംബർ 10 ന് യു.എൻ. അംഗീകരിച്ച സാർവത്രിക മനുഷ്യാവകാശ ശാസനത്തിൽ പര്യവേഷണം നടത്താം.

പരാമർശഗ്രന്ഥങ്ങൾ

- Dan Stone (ed.), *The Oxford Handbook of Post-War European History,* 2012.
- Norman Lowe, *Mastering Modern World History,* Palgrave Master Series, 2013.
- Peter Calvocoressi, *World Politics Since 1945,* Longman, 2008.
- Hans J. Morgenthau, *Politics among Nations: The Struggle for Power and Peace,* McGraw-Hill, 1993.
- Arjun Dev & Indira Arjun Dev, *History of the World,* Orient BlackSwan, 2009.
- *Encyclopaedia Britannica.*

12th_History_MAL_Unit_15.indd 262 2/28/2023 1:23:56 PM

A-Z പദസമുച്ചയം

warmonger	a person who advocates war or aggression towards other countries	യുദ്ധത്തെ ആഗ്രഹിക്കുന്നവൻ
enticement	attraction, temptation	പ്രലോഭനം
devastated	destroyed, ruined	നശിക്കുക
shattered	exhausted, smashed	തകർക്കുക
catastrophic	disastrous, terrible, dreadful	വിനാശകരമായ
genocide	mass slaughter, indiscriminate killing	വംശഹത്യ
bombardment	a continuous attack with bombs, shells or other missiles	ബോംബാക്രമണം
espionage	surveillance; the practice of using spies for close observation of an enemy or enemy country.	ചാരവൃത്തി
brinkmanship	the practice of trying to achieve an advantageous outcome by pushing a dangerous event to the brink of active conflict.	യുദ്ധത്തിൽ ഇടപെടാത്ത രാജതന്ത്രം
surrogate	substitute; represent on behalf of others	പകരക്കാരൻ
insurgency	violent struggle of a group of people who refuse to accept their government's power	അരാജകത്വം
chaos	complete disorder and confusion	കുഴപ്പങ്ങൾ
detonate	explode	പൊട്ടിത്തെറി
tripartite	involving three parties or consisting of three parts	ത്രീരാഷ്ട്രം
ploy	tactic or trick, action intended for turning a situation to one's own advantage	തന്ത്രം
demographer	a person who engages in population studies.	ജനസംഖ്യാ ശാസ്ത്രജ്ഞൻ
reconciliation	the process of making two opposite sides agree	അനുരജ്ഞനം
earmark	keep for a particular purpose	തിരിച്ചറിയാനുള്ള അടയാളം
hegemony	dominance, supremacy	ആധിപത്യം

12th_History_MAL_Unit_15.indd 263 2/28/2023 1:23:56 PM

ഐ.സി.ടി കോർണർ

ലോകം രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം

ശീത സമര ചരിത്രത്തിനെ കാലനിർണ്ണയ സമ്പർക്കത്തിലൂടെ അറിയാൻ സാധിക്കും



ഘട്ടം - 1 ബ്രൌസർ തുറന്ന് കീഴെ കൊടുത്തിട്ടുള്ള യു.ആർ. എൽ നെ ടൈപ്പ് ചെയ്യുക അല്ലെങ്കിൽ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

ഘട്ടം - 2 മെനുവിൽ പോയി മുകളിൽ കാണുന്ന വിഷയത്തിൽ ഭാഷയെ മാറ്റുകയും ബോക്സിൽ പ്രവേശിച്ച് ശീതയുദ്ധം എന്ന വിഷയം തേടുകയും ചെയ്യുക

ഘട്ടം - 3 കീഴെ കൊടുത്തിട്ടുള്ള കാലനിർണ്ണയ രേഖയിൽ സ്പർശി ശീതയുദ്ധത്തിന്റെ പ്രധാനപ്പെട്ട സംഭവങ്ങളെ കാണുക



ഘട്ടം1



ഘട്ടം2



ഘട്ടം3

Web URL: https://www.cvce.eu/en

P4HGS

*ചിത്രങ്ങൾ സൂചകങ്ങൾ മാത്രം

*ബ്രൌസറിന് ആവശ്യമെങ്കിൽ ഫ്ളാഷ് പ്ളെയർ അല്ലെങ്കിൽ പാവാസ്ക്രിപ്റ്റ് പേജിലേക്ക് ശേഖരിക്കുക

12th_History_MAL_Unit_15.indd 264 2/28/2023 1:23:58 PM

സമയരേഖ

1 യൂണിറ്റ് = 10 വർഷങ്ങൾ

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ പ്രധാന സംഭവങ്ങൾ (1900-1950)

1900

1905 - ബംഗാൾ വിഭജനം/ സ്വദേശി പ്രസ്ഥാനം
1906 - മുസ്ലീം ലീഗ്
1907 - സൂറത്ത് വിളർപ്പ്

1909 - മിൻറ്റോ മോർളി പരിഷ്ക്കാരം

1910

1911 - ആഷിന്റെ കൊലപാതകം

1915 - ഹരിദ്വാറിൽ നടന്ന ആദ്യഹിന്ദു മഹാ സഭാ സമ്മേളനം
1916 - ഹോം റൂൾ ലീഗ്/ ലക്നൗ ഉടമ്പടി
1917 - ചമ്പാരൻ പ്രസ്ഥാനം

1919 - മോണ്ടെഗു ചെംസ്ഫോർഡ് പരിഷ്കാരം/റൗലറ്റ് നിയമം/ജാലിയൻ വാലാബാഗ് കൂട്ടക്കൊല

1920

1920 - നിസ്സഹകരണ പ്രസ്ഥാനം
1921 - മലബാർ കലാപം
1922 - ചൗരിചൗരാ സംഭവം

1930

1930 - ദണ്ഡിയാത്ര
1931 - ഗാന്ധി ഇർവിൻ ഉടമ്പടി
1932 - സാമുദായിക അവാർഡ് / പൂനാകരാർ

1937 - പ്രവിശ്യകളിലെ ആദ്യ കോൺഗ്രസ്സ് മന്ത്രിസഭ

1940

1940 - ആഗസ്റ്റ് സമ്മാനം/ ലാഹൂർ പ്രമേയം

1942 - ക്രിപ്സ്മിഷൻ / ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം

1945 -വേവൽ പദ്ധതി / സിംലാ സമ്മേളനം
1946 - ക്യാബിനറ്റ്മിഷൻ / നേരിട്ടുള്ള നടിപടി / ഇടക്കാല സർക്കാർ / RIN കലാപം
1947 - ഇന്ത്യ സ്വാതന്ത്ര്യം

1950

1950 - ഇന്ത്യ റിപ്പബ്ലിക്

12th_History_MAL_Unit_Timeline_NEW.indd 265 20-04-2022 09:47:14

സമയരേഖ

1 യൂണിറ്റ് = 10 വർഷങ്ങൾ

ലോകചരിത്രത്തിലെ പ്രധാന സംഭവങ്ങൾ (1900-1950)

1900

1910

1914 - ഒന്നാം ലോകമഹായുദ്ധം ആരംഭം

1916 - സോംയുദ്ധം / വെർട്ടർയുദ്ധം / ജട്‌ലന്റ് യുദ്ധം
1917 - റഷ്യൻ വിപ്ലവം/ കാമപ്രായ് യുദ്ധം
1918 - ബ്രെസ്റ്റ് ലിറ്റോവ്സ്ക് ഉടമ്പടി / ഒന്നാം ലോകയുദ്ധം അവസാനം
1919 - പാരീസ് സമാധാന ഉടമ്പടി / വെർസയിൽസ് ഉടമ്പടി

1920

1920 - സർവ്വ രാഷ്ട്ര സഖ്യത്തിന്റെ ഉദയം

1928 - കെല്ലാഗ് ബ്രയാന്റ് ഉടമ്പടി
1929 - സാമ്പത്തിക തകർച്ച / ലേട്രൻ ഉടമ്പടി

1930

1933 - നിരായുധീകരണ സമ്മേളനം

1938 - മ്യൂനിച്ച് ഉടമ്പടി
1939 - നാസി സോവിയറ്റ് (അനാക്രമണ സന്ധി) / രണ്ടാം ലോക യുദ്ധം ആരംഭം)

1940

1940 - ഡങ്ക്രിക് പാലായനം
1941 - പേൾ ഹാർബർ സംഭവം
1942 - മിഡ്‌വേയുദ്ധം / സ്റ്റാലിൻ ഗ്രേഡ് യുദ്ധം
1943 - എൽ അലാമെയ്ൻ യുദ്ധം / മുസ്സോളിനിയുടെ അധഃപതനം

1945 - രണ്ടാം ലോകയുദ്ധം അവസാനം / ഐക്യരാഷ്ട്രസംഘടനയുടെ ആരംഭം
1946 - പാരിസ് സമാധാന ഉടമ്പടി

1949 - ചൈനീസ് വിപ്ലവം

1950

12th_History_MAL_Unit_Timeline_NEW.indd 266 20-04-2022 09:47:15

CLASS 12 - HISTORY
MALAYALAM MEDIUM

Academic Coordinator

K. Chandrasekaran,
Lecturer, DIET, Chennai.

Reviewer

A. Vijayan, P.G.T
G.H.S.S., Kollamcode

List of Translators

V. Kumari Sandhiya, P.G.T
PPM H.S.S., Anducode.

S. Kumari Bindhu, P.G.T
Sree Devi H.S.S., Kollemcode.

R. Subi, P.G.T
St. Joseph's H.S.S., Thiruthuvapuram.

C. Mary Rosalind, P.G.T
TCK H.S.S., Padanthalumoodu.

G. Tharsis, P.G.T
PIUS XI H.S.S., Thoothoor.

K. Soman Nair, B.T
G.H.S.S., Arumanai.

N. Sandhya, B.T
G.H.S.S., Munchirai.

R.T. Geetha Kumari, B.T
Arunachalam H.S.S., Thiruvattar.

ICT Coordinator

D. Nagaraj, B.T.,
G.H.S.S, Rappusal, Pudukottai.

EMIS Technology Team

R.M. Satheesh,
State Coordinator Technical,
TN EMIS, Samagra Shiksha.

K.P. Sathya Narayana,
IT Consultant,
TN EMIS, Samagra Shikaha

R. Arun Maruthi Selvan,
Technical Project Consultant,
TN EMIS, Samagra Shiksha

Layout & Illustrations

Ranjith, Pixels Print Media,
Parasale, Kerala.

Wrapper Design

Kathir Arumugam

In-House QC

Rajesh Thangappan

Coordination

Ramesh Munisamy

This book has been printed on 80 G.S.M.
Elegant Maplitho paper.
Printed by offset at:

12th_Author_page_Format.indd 267 20-04-2022 09:51:09

NOTES

12th_Author_page_Format.indd 268 20-04-2022 09:51:09